രാഷ്ട്രമണ്ഡപം.

(ഒരു സ്വാതന്ത്ര്യാഖ്യായിക)

(ഒന്നാം വാല്യം)


ഗ്രന്ഥകർത്താ:

വൈക്കം പി. ചന്ദ്രശേഖരൻ പിള്ള.



രാഷ്ട്രമണ്ഡപം.

(മുഖചിത്രം.)



ലോകത്തിലെ സപ്താത്ഭുതങ്ങളിലൊന്നായ
'താജ്മഹാൽ' എന്ന ശവകുടീരം.

(Copy-right.)

രാഷ്ട്രമണ്ഡലം.

(ഒരു സ്വാതന്ത്ര്യാഖ്യായിക)

(ഒന്നാം ഭാഗം)

ഗ്രന്ഥകർത്താ:

വൈക്കം പി. ചന്ദ്രശേഖരൻ പിള്ള.



Illustrated by

G. K. WARRIER.

പ്രസാധകൻ.

കെ. അയ്യർ കെ. ഉണ്ണ്യാതിരി

(1st Edition. 1100)

Printed AT

THE MANGALODAYAM PRESS,

BELONGING TO

THE YOGAKSHEMAM CO., LTD.,

TRICHUR.

Price Rs. 2) 1105 (വില 2 ക.

Every copy will bear the Signature of the author.



All rights reserved.

P. CHANDRASEKHARAN PILLAI



AT THE
SACRED FEET OF MY
BELOVED
MOTHER
THIS HUMBLE
PRODUCTION
OF MINE IS MOST RESPECTFULLY
DEDICATED.

ശ്രീ.

മുഖവുര.

മലയാളസാഹിത്യത്തിൽ ആഖ്യായികാപ്രസ്ഥാനം, ആവിർഭവിച്ചിട്ടു വളരെക്കാലമായില്ലെങ്കിലും, സാഹിത്യത്തിന്റെ ഈ അംശം അഭിലഷണീയമായ അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. സ്വതന്ത്രാഖ്യായികകളുടെ, എണ്ണം വളരെ ചുരുക്കമാണെങ്കിലും, ഇംഗ്ലീഷ് ഭാഷയിൽനിന്നും മററും തർജ്ജിമ ചെയ്യപ്പെട്ടിട്ടുള്ള അനേകം ഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ ഉണ്ട്. ഇന്ത്യാചരിത്രസംബന്ധമായ ആഖ്യായികകളിൽ മിക്കതും, ബങ്കിമചന്ദ്രചാററർജിയുടേയോ തത്തുല്യന്മാരായ മററു ഗ്രന്ഥകാരന്മാരുടേയോ ഗ്രന്ഥങ്ങൾ തർജ്ജിമചെയ്തു ചേർത്തിട്ടുള്ളവയാകുന്നു. എന്നാൽ ഇന്ത്യാചരിത്രസംബന്ധമായി, നമുക്കും, സ്വതന്ത്രമായി ആഖ്യായികകളെഴുതുവാൻ സാധിക്കുമോ എന്നു നോക്കുവാൻ വേണ്ടിയാണു ഞാൻ 'ബാഷ്പമണ്ഡപം' എഴുതുവാൻ ആരംഭിച്ചതു്.

ഞാൻ തിരുവനന്തപുരം മഹാരാജാസ് കാളേജിലെ വിദ്യാർത്ഥിയായിരുന്നകാലത്തു—1924ൽ,—ആണു്, ആദ്യമായി, മുൻപറഞ്ഞ പരിശ്രമം തുടങ്ങിയതു്. അന്നത്തെ, എന്റെ നിശ്ചയം, ഔറംഗസീബിന്റെ കാലത്തോടു സംഘടിപ്പിച്ചിട്ടുള്ള ഒരു കഥ എഴുതണമെന്നായിരുന്നു. യദുനാഥസർക്കാർ തുടങ്ങിയ പണ്ഡിതന്മാർ എഴുതിയിട്ടുള്ള ചരിത്രങ്ങൾ വായിച്ചു ഞാൻ ചില നോട്ടുകളും തയ്യാറാക്കി. പിറെറക്കൊല്ലം ഞാൻ മദിരാശിയിൽ പോയപ്പോൾ, എന്റെ കുറിപ്പുകളും കൂടി കൊണ്ടുപോകയും അവിടത്തെ എന്റെ താമസത്തിനിടയിൽ 'ജ്ഞാനചന്ദ്രിക' എന്ന പേരിൽ ഒരു ചെറിയ കഥ എഴുതിത്തീർക്കുകയും ചെയ്തു. അതു, ഞാൻതന്നെ വീണ്ടും വായിച്ചുനോക്കിയപ്പോൾ, എന്റെ ഭാഷക്ക അതിന്റെ പ്രസിദ്ധീകരണംകൊണ്ടു യാതൊരുൽക്കർഷവും വരുവാനില്ലെന്നു തോന്നിയതിനാൽ അതു പുറത്തുകാണിക്കയേ വേണ്ട എന്നു ഞാൻ തീർച്ചപ്പെടുത്തി. പക്ഷെ എന്റെ അത്യാശ എന്റെ അശക്തിയെപ്പററി ലേശവും കരുതിയില്ല. വീണ്ടും അതേ ആദർശത്തിൽ മററൊരു കഥ എഴുതണമെന്നു

ഞാൻ ആലോചിച്ചിരുന്നു. വർഷങ്ങളും രണ്ടുമൂന്നു കഴിഞ്ഞു. വിധി വൈപരീത്യത്താൽ സർവകലാശാലാവിദ്യാഭ്യാസം, പൊടുന്നനവെ, നിർത്തേണ്ടിവന്ന ഞാൻ 1927-ൽ ഭാരതത്തിലെ പ്രധാനഭാഗങ്ങളെ സന്ദർശിക്കണമെന്നാഗ്രഹിക്കുകയും, ആ കൂട്ടത്തിൽ ഡില്ലി, ആഗ്രാ എന്നിസ്ഥലങ്ങളിൽ കുറെനാളത്തേക്കു താമസിക്കുകയും ചെയ്തു. ഞാൻ ഡില്ലിയിൽ താമസിക്കുന്ന കാലത്താണു, ബ്രിട്ടീഷ് ഗവൺമെണ്ടിൽനിന്നു, ചില ചരിത്രപ്രശ്നങ്ങളെ പരിശോധിക്കുന്നതിലേക്കുവേണ്ടി ഒരു പ്രത്യേക കമ്മീഷനെ നിയമിച്ചതു്. ആ കമ്മീഷനിൽ അംഗവും, ഇമ്പീരിയൽ സിക്രട്ടേറിയറ്റിലെ ഒരു വലിയ ഉദ്യോഗസ്ഥനുമായ ഒരു മഹാന്റെ പ്രത്യേകാനുകൂല്യങ്ങളോടുകൂടി ഞാൻ Lady of the Harem (അന്തഃപുരത്തിലെ നായിക) എന്ന പേർഷ്യൻ രേഖകളെ പരിശോധിച്ചു ചില കുറിപ്പുകൾ എടുത്തു. 1928 ഒക്ടോബറിൽ, ഞാൻ, എന്റെ സ്വദേശമായ, ഇപ്പോൾ തിരുവനന്തപുരം ലാൻഡ് റവന്യൂ ആഫീസിൽ ഉദ്യോഗസ്ഥനായ ശ്രീമാൻ കെ. കെ. വേലായുധൻപിള്ള അവർകൾ ബി. ഏ. യുമൊരുമിച്ചു കുറച്ചു ദിവസങ്ങളോളം കൊല്ലത്തു താമസിക്കുകയും, അക്കാലത്തു അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചു 'അനാർക്കലി' എന്ന പേരിൽ ഒരു പ്രബന്ധമെഴുതുകയും ചെയ്തു. അതിൽ പിന്നീടു അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളേയും എന്റെ പ്രമാണങ്ങളേയും ഒട്ടു സ്വമേധയാ എന്റെ ഉദ്ദേശങ്ങളെ നിർവ്വഹിക്കത്തക്ക രീതിയിൽ "പഴയ ആഖ്യായികാപണി" ഇടണമെന്നു തീർച്ചപ്പെടുത്തി, "ബാഷ്പകണിക"ത്തിന്റെ നിർമ്മാണം, 1929, ജനുവരിമാസം 1-ാംനു- ആരംഭിച്ചു. പുസ്തകം ഫെബ്രുവരി 27-ാംനു- തീർന്നുവെങ്കിലും, നക്കൽ പകർത്തുന്നതിനും, വീണ്ടും കടലാസ്സിൽ പല ഭേദഗതികളും വരുത്തുന്നതിനും കൂടി രണ്ടുമാസം വേണ്ടിവന്നു. കൈയെഴുത്തുപ്രതി ഏപ്രിൽ മാസത്തിൽത്തന്നെ "യോഗക്ഷേമം" പത്രാധിപരെ ഏൽപ്പിച്ചുവെങ്കിലും മറ്റു ചില അസൗകര്യങ്ങളാൽ ആഗസ്റ്റുമാസത്തിൽ മാത്രമേ അച്ചടി ഇടുവിക്കുവാൻ സാധിച്ചുള്ളൂ.

ഇതൊരു ചരിത്രകഥയാണെന്നു പറഞ്ഞുവല്ലോ. ചരിത്രത്തോടു ബന്ധമുണ്ടെന്നുള്ളതു, ഇതിലെ പല സംഭവങ്ങളും പാത്രങ്ങളും സങ്കല്പോപകല്പിതങ്ങളുമാകുന്നു. അക്ബർ ചക്രവർത്തിയുടെ അന്തിമകാലത്തെപ്പറ്റിയാണു ഇതിൽ പറയുന്നതെങ്കിലും അദ്ദേഹത്തിന്റെ പൌത്രൻ ഷാജിഹാൻ നിർമ്മിപ്പിച്ചിട്ടുള്ള 'താജ്മഹാൽ' ശവകുടീരവുമ

യി ഈ കഥയെ ബന്ധിച്ചുള്ളതും ഒരു പ്രത്യേക സ്വഭാവംകൊണ്ടാകുന്ന "ഹിന്ദുമുസ്ലീം" മൈത്രിയെ കഴിയുന്നത്ര ദൃഢമാക്കുന്നതിനു ഈ ഗ്രന്ഥം ഉപകരിക്കണമെന്നുദ്ദേശിച്ചു, ഞാൻ ചരിത്രത്തിൽനിന്നും, ചില ഭാഗങ്ങളിൽ, കഥയുടെ രസസ്ഫുരത്തിക്കുവേണ്ടി, വ്യതിചലിപ്പിച്ചിട്ടുണ്ടെന്നു സമ്മതിക്കാതെ തരമില്ല.

എനിക്കു പാണ്ഡിത്യമില്ല; ഞാൻ അനുഗ്രഹീതശക്തികളുള്ള ഒരു ഗ്രന്ഥകാരനുമല്ല. എങ്കിലും 'കവിയശഃപ്രാർത്ഥി'കളിൽ എനിക്കു ഒരുത്തമസ്ഥാനമുണ്ടെന്നാണു തോന്നുന്നതു്. അതുകൊണ്ടു ഈ ഗ്രന്ഥത്തിൽ പലയിടങ്ങളിലും പല തെറ്റുകളും വന്നിട്ടുണ്ടാവാം. വ്യാകരണസംബന്ധമായും മറ്റും പദപ്രയോഗങ്ങളിലും വാക്യസംഘടനകളിലും പല തെറ്റുകളും ഉണ്ടായിരിക്കുവാനും വഴിയുണ്ട്. പക്ഷെ എന്റെ ഉദ്ദേശം സാമാന്യജനങ്ങൾക്കു രുചിക്കത്തക്കതും, ഒരു നല്ല ഉപദേശത്തെ ഉദാഹരിക്കുന്നതും ആയ ഒരു ഇന്ത്യാചരിത്രകഥ എഴുതണമെന്നു മാത്രമായിരുന്നു. എന്റെ ഈ ഉദ്ദേശനിർവ്വഹണത്തിന് ഈ ഗ്രന്ഥം ഏതെങ്കിലും രീതിയിൽ ഉപകരിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായിത്തീരുന്നതാണ്. അതു തീർച്ചപ്പെടുത്തേണ്ടതു സഹൃദയന്മാരാണല്ലോ.

ഇതിന്റെ നിർമ്മാണകാലംമുതൽ, കഥയുടെ പ്ലാട്ട്, സംഘടന, പാത്രസൃഷ്ടി എന്നിവകളെപ്പറ്റി നല്ലതുപോലെ ആലോചിച്ചു ചില നിർദ്ദേശങ്ങളും തന്നും, ഇതിന്റെ അച്ചടിയെസ്സംബന്ധിച്ചു മഹാഹിതത്തിൽ പങ്കുകളെടുത്തും എന്നെ സഹായിച്ചിട്ടുള്ള മെസേഴ്സ്. ആയാംകുടി പി. ആർ. ശങ്കരപ്പിള്ളയോടും, കെ. ആർ. കെ. ഉണ്ണിത്തിരി അവർകളോടും മലയിൽ ഗണേശൻപിള്ള അവർകളോടും, ഞാൻ പ്രത്യേകം നന്ദി പറഞ്ഞുകൊള്ളുന്നു.

ഈ ഗ്രന്ഥത്തിന്റെ രണ്ടു വാല്യങ്ങൾക്കും, കഥയുടെ സന്ദർഭങ്ങളെ നല്ലതുപോലെ മനസ്സിലാക്കി, അവസരോചിതങ്ങളായ ചിത്രങ്ങൾ നിർമ്മിച്ചു ബ്ലോക്കുകൾ തയ്യാറാക്കിച്ചു, ആവശ്യത്തിനുപകരിക്കുന്ന രീതിയിൽ നൽകിയ, ചിത്രകലാവിശാരദൻ മി. ജി. കെ. വാര്യരോടു ഞാൻ എത്ര തന്നെ നന്ദിപറഞ്ഞാലും അധികമാകുന്നതല്ല.

ഇവകളെല്ലാം പുറമെ, ഒരു ഭീമമായ സംഖ്യ മുൻകൂട്ടി വ്യയംചെയ്തു ഈ വിപുലഗ്രന്ഥത്തെ ഭംഗിയായും ആകർഷണീയമായും അച്ചടിപ്പിച്ചു മഹാജനങ്ങളെ ഞങ്ങളുടെ കൃത്യനിർവ്വഹണമാത്രംകൊണ്ടു തൃപ്തി

പ്പെടുത്തുവാൻ ശ്രമിച്ചിട്ടുള്ള "യോഗക്ഷേമാ"ധികൃതന്മാരോടും, 'മംഗളോദയം' പ്രസ്സ് പ്രവൎത്തകന്മാരോടും എനിക്കുള്ള നിസ്സീമമായ കൃതജ്ഞതയെയും പ്രകടിപ്പിക്കേണ്ടതു് ഈ സന്ദൎഭത്തിലാണല്ലോ.

വളരെ ശ്രമിച്ചിട്ടും ഈ ഗ്രന്ഥത്തിൽ വന്നുചേൎന്നിട്ടുള്ള അച്ചുപിഴകളെ പ്രത്യേകം ചൂണ്ടിക്കാണിക്കുന്നതിന് ഇതിൽ ഒരു ശുദ്ധിപത്രവും ചേൎത്തിട്ടുണ്ടു.

എന്തായാലും, ഞാനും, ഇതാ! ഒരു കഥാവാളിയായിക്കഴിഞ്ഞു. നിൎമ്മത്സരബുദ്ധികളായ പണ്ഡിതന്മാർ എന്റെ 'അറിവില്ലായ്മ' കൊണ്ടു വന്നുകൂടിയിട്ടുള്ള പിഴകളെ സദയം ക്ഷമിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു എന്റെ ഈ ഗ്രന്ഥത്തെ കേരളമഹാജനങ്ങളുടെ മുമ്പിൽ സവിനയം സമൎപ്പിച്ചുകൊള്ളുന്നു.

കല്ലറ
7-8-1106.

ഗ്രന്ഥകൎത്താ.



ശുദ്ധിപത്രം

ഭാഗം.	വരി.	അശുദ്ധം.	ശുദ്ധം.
2	29	ഇററു	ഏററു
7	9	ത്രപോജ്ജ്വല	ത്ര്യപോജ്ജ്വല
8	11	ഭവനു	വരനു
11	26	അരാണു്	ആരാണു്
30	7	ച്ചെട്ടി	ച്ചെട്ടി
32	31	അവസാനിക്കാറായില്ലെന്നു്	അവസാനിക്കാറായിയെന്നു്
37	19	വാൎദ്ധിക്യം	വാൎദ്ധക്യം
38	11	വിശ്രമിച്ചുള്ളു്	വിശ്രമിക്കയുള്ളു്
41	7	കാവ്യ	കവ്യ
42	22	പത്ര	വസ്ത്ര
,,	29	വരി	വഴി
46	5	തരെത	തരെതാ
,,	20	പ്രാചീശ്യം	പ്രാവശ്യം
50	10	യാതെതാന്നം	യാതൊന്നും
57	9	ഷ്പ്പാനാള്ളു്	ഷ്പ്പാതന്നാള്ളു്
,,	,,	വിശിഷ്ടഴ	വിശിഷ്ടപൂഴ
58	12	അവരുടെ	അയാളുടെ
59	8	ജീവിനെ	ജീവനെ
64	17	ക്ഷണെതി	ക്ഷണതി
66	22	ഇനിക്ക	ഇത്രക്ക
72	17	കുട്ടവനായി	കൂട്ടവാനായി
74	26	ജാതെയാതെവാതി	ജായാതെവാതി
,,	27	സമാ ചതയഃ	സമപ്രതയഃ
,,	29	ജന്മജന്മനി	മമ ജന്മനി
,,	31	സ്വാനാപി	സ്വാമാപി
84	18	ബാലിക	ബാാലിക

വശം.	വരി.	അശുദ്ധം.	ശുദ്ധം.
96	29	സ്ത്രീലോലുപ	സ്ത്രീലോലുപ,
"	31	ക്ഷമിക്കണേ	ക്ഷമിക്കണേ
97	16	തന്റെ	തിന്റെ
101	33	ബന്ധപ്പെട്ട്	ബന്ധപ്പെട്ട്
116	2	വന്നതെന്തിനെ	വന്നതെന്തിനെ?
"	20	ആ	ഒരു
158	42	ആ സ്ത്രീയിൽ	അംഗനയിൽ
"	32	ചൊല്ലി	ചൊല്ലി
163	4	നിവൃത്തി	നിവർത്ത
166	18	വിടഞ്ഞെഴുന്നേറ്റു	പിടഞ്ഞെഴുന്നേറ്റു
179	5	എല്ലാം	എല്ലാ
188	6	ഇത് പറഞ്ഞു	ഇത്രയും പറഞ്ഞു
188	5	അവൾ, എന്നു കഴിഞ്ഞതു. "സത്രത്തിലേക്കുള്ള വഴിയിൽക്കൂടി പാഞ്ഞു" എന്നുകൂടി ചേർക്കണം.	
190	11	തെണ്ടിനടന്ന	തെണ്ടിനടന്നു
"	27	അല്ല ഒരു	അല്ല നീ ഒരു
192	15	സ്വാതന്ത്ര്യ	സ്വാതന്ത്ര്യ
198	1	കൊണ്ടെങ്ങ്	കൊണ്ട്
"	28	സാധിപ്പിച്ചു	സാധിപ്പിച്ചു
200	11	പൂർണ്ണം	ചൂർണ്ണം
202	28	ഭേദം	ഭേദി
208	27	വിട്ടു	വിട്ടു
214	32	[illegible]	[illegible]
216	14	സഹായ	സഹായ
218	26	ഉസ്ലാമിനെ	ഇസ്ലാമിനെ
219	28	അതിന്റെ	അതിന്റെ
240	8	ഉടനെത്തന്നെ	ഉടനെ തന്നെ
253	17	ബാഗ്ദാദിനടയിൽ	ബാഗ്ദാദിനടിയിൽ
257	9	ചാറും	ചാറും
261	30	സൌമ്യ	സൌമ്യ
265	1	എന്റെ	തന്റെ
267	11	ശ്രേയസായി	ശ്രേയസായി

പുറം.	വരി.	അശുദ്ധം.	ശുദ്ധം.
272	7	പൊളിഞ്ഞു	പൊളിച്ചു
273	11	ആശ്വസിപ്പിച്ചു	ആശ്വസിച്ചു
276	8	ഇരിപ്പുണ്ടായിരുന്നവരെന്ന്	ഇരിക്കയാണു്
,,	16	പ്പോന്നതു്	പോന്നതു്
,,	19	മാടിനെ	മാടന്
278	9	വിസ്വസിച്ചു	വിശ്വസിച്ചു
,,	25	പോന്നതു്	പോകുന്നതു്
286	16	കണ്ടാൻ	കണ്ടാൽ
,,	23	അറിഞ്ഞു	അരിഞ്ഞു
289	1	മറക്കാതെ	മറ്റാതെ
291	29	പതിപ്പിക്കവാൻ	പതിക്കവാൻ
296	5	ഉപദേശങ്ങൾ	ഉപദേ ശങ്ങൾ
297	32	അത്ര്യുഋഷി	അത്ര്യൃഷി
299	13	ക്ലേശങ്ങളെന്നും	ക്ലേശമെന്നും
300	14	മനസ്സ്യന്	മനസ്സിന്
,,	26	ശിഷ്യാത്മസമനോടു	ശിഷ്യാത്മസമനോടു
303	6	പ്പോലെതന്നെ	പോലെതന്നെ
,,	26	മുതലായവ	മുതലായവ
,,	29	പാതകൾ	പാതകങ്ങൾ
304	29	കാമനി	കമനി
306	1	നിവൃത്തിയല്ല	നിവൃത്തിയില്ല
321	23	ത്തരോ	തരയോ
,,	24	നട്ടപ്പാതിര	നട്ടപ്പാതിര
334	29	നന്നായില്ലെന്നു്	നന്നായിയെന്നു്
342	4	ഇതട്ടു്	തട്ടു്
343	5	ഇതിൽ എന്തു്	ഇതിൽപരം എന്തു്
348	7	ജാഗ്രതാവസ്ഥ	ജാഗ്രദവസ്ഥ
358	12	അവളുടട	അവളുടെ
372	6	ആറാംപ്പാട്ടുള്ള	ആറാംപാട്ടുള്ള
388	4	അവളെ	അയാളെ
412	25	അശ്രു	അശ്രു
413	15	അലിഞ്ഞു	അഴിഞ്ഞു.

|| ഓം ||

ബാഷ്പമണ്ഡപം.

ഒന്നാം അദ്ധ്യായം.

ആഗ്രാപട്ടണത്തിലെ പിച്ചക്കാരന് ഇനിയും ഉണരുവാൻ നേരമായില്ല. കൊട്ടാരഗോപുരത്തിങ്കൽ ആ പട്ടിണിക്കാരൻ, കാവൽക്കാരെക്കാൾ, ശ്രദ്ധയായ ജാഗ്രതയോടുകൂടി നില്ക്കുന്നു! അയാൾ അവിടെ നില്ക്കട്ടെ; നമ്മൾക്കു മറ്റു പരിതസ്ഥിതികളെന്തെല്ലാമെന്നു നോക്കുക.

“പാർത്തിങ്കൾത്തൊട്ടെടുത്തവ സന്ധ്യാവേശത്തോടെയാണ് പാടൊന്നു പൂശിക്കയാൽ” ആഗ്രാനഗരഗോപുരങ്ങളുടെ ഉത്തമവിഭൂഷണങ്ങളായി പരിലസിക്കുന്ന സൗധശൃംഗങ്ങളും ചക്രവാളവും അതിമനോഹരമായി ചമഞ്ഞുകഴിഞ്ഞു; മൃഗരാജചിഹ്നങ്ങളെ വഹിക്കുന്ന മോഹനപതാകകൾ, രാജസ്ഥാനത്തിന്റെ ഉപരിയുള്ള വിശാലവീഥിയിൽ, പാൽപ്പുഞ്ചിരിയോടെ തെന്നിച്ചിന്നുന്നു; പരിശുദ്ധയായ യമുനാനദിയുടെ പേലവതരംഗങ്ങളെ താലോലിച്ച മാരുതൻ രാജസ്ഥാനത്തിൽ പ്രവേശിച്ച്, ആരാമാങ്കതലത്തിൽ മയങ്ങുന്ന പുഷ്പലതകളെ ആശ്ലേഷിച്ചു താരുണ്യനായി മാറുന്നു; മഹാനായ അക്ബർചക്രവർത്തി പള്ളിനിദ്രകൊള്ളുന്ന മണിമേടയുടെ സ്വച്ഛധവളിതമായ മാർബിൾഭിത്തികളിൽ ശശാങ്കബിംബം പ്രതിബിംബിച്ചു പ്രശോഭിക്കുന്നു; ആ കൊട്ടാരത്തിൽനിന്നും അല്പം അകലെയായി, അതേമതിൽക്കെട്ടിനുള്ളിൽതന്നെ, വിളങ്ങുന്ന ആരാമമണ്ഡപത്തിൽ, സല്ലപിച്ചുകൊണ്ട് സ്ഥിതിചെയ്യുന്ന മഹതികൾ ആരായിരിക്കാം? “ചന്ദ്രിക പൊൻകതിർമാല ചാർത്തി ലസിക്കുന്ന പുഷ്പങ്ങളുടെ” സൌരഭ

ത്രം, അവിടെ തത്തിക്കളിച്ച ഗന്ധവാഹനിൽ അലിഞ്ഞുചേർന്നുകഴിഞ്ഞു. മോഹനമായ ആരാമത്തിൽ — മനോഹരമായ പൂനിലാവിൽ — രമണീയമായ മണിമണ്ഡപത്തിൽ — നാകം ചമച്ചുകൊണ്ടിരിക്കുന്ന പുണ്യാത്മാക്കൾ ആരെല്ലാമാണെന്നു സൂക്ഷിച്ചുനോക്കാം.

അവരിൽ ഒരാൾ അക്ബർസാർവ്വഭൌമന്റെ സീമന്തപുത്രനും, മുഗൾസാമ്രാജ്യത്തിന്റെ അടുത്ത അവകാശിയും, ആയ ജഗജ്ജയി, സെലിംരാജകുമാരനാണ്! മറ്റേ ആൾ ആരാണ്? അദ്ദേഹത്തിന്റെ ധർമ്മപത്നിയായിരിക്കുമോ? അല്ല! സെലിംരാജകുമാരന്റെ പട്ടമഹിഷിയായ ദേവി അംബികാകുമാരിറാണി, ദേഹാസ്വാസ്ഥ്യംമൂലം അന്തഃപുരത്തിനു വെളിയിലിറങ്ങാതെ, അവിടെത്തന്നെ ശുശ്രൂഷകന്മാരോടുകൂടി ശയിക്കുകയാണ്. എന്നാൽ പിന്നെ ഇവൾ ആരായിരിക്കും? പഴയ നൂർജഹാൻ അവിടെ വന്നിരിക്കുമോ? ഇല്ല. അതിനും വഴിയില്ല. നൂർജഹാൻ ഷെയർഖാനോടൊരുമിച്ച് ബംഗാളിൽ താമസിക്കുന്നുവെന്നാണല്ലോ ആഗ്രായിലെല്ലാവരും ധരിച്ചിരിക്കുന്നതു്. പരസ്ത്രീകളെ ദർശിക്കുന്നതുതന്നെയും പാപകരമായി പരിഗണിക്കപ്പെടുന്ന സ്ഥിതിക്ക് സെലിംരാജകുമാരൻ, തന്റെ പട്ടമഹിഷിയല്ലാത്ത ഒരു സ്ത്രീയുമൊരുമിച്ച്, സങ്കേതത്തിൽ, അസമയത്ത്, സല്ലപിച്ചുകൊണ്ടിരിക്കുന്നതു് യുക്തമാണോ? അതെ! അതു യുക്തംതന്നെയാണെന്നാണ് സെലിംരാജകുമാരന്റെ വിശ്വാസം.

“ആരെയാദരവതിനുപൂർത്തമനം..
രാഗത്തിലും വല്ലതുമെന്നയല്ലോ.”

എന്ന പ്രമാണമനുസരിച്ച് അദ്ദേഹത്തിന്റെ പ്രവൃത്തി നീതീകരിക്കത്തക്കതുതന്നെയാണ്. രാജകുമാരനോടൊരുമിച്ച് സല്ലപിച്ചുകൊണ്ടിരിക്കുന്ന ആ തരുണി ആരുമാകട്ടെ; അവൾ അദ്ദേഹത്തിനു അനുരൂപയും അനന്യയോഗ്യയുമാണെന്നതിൽ യാതൊരു സംശയവുമില്ല. തികഞ്ഞതാരുണ്യത്തിലുള്ളതുകൊണ്ട് ഇടതൂർന്ന കവിൾത്തടങ്ങളിൽ പൂനിലാവുപൊഴിയുമ്പോൾ, ആ മനോഹരിയുടെ ദിവ്യചൈതന്യം അപ്രമേയമായിസ്ഥിതിചെയ്യുന്നു. ആ മോഹനാംഗിയുടെ “ചെന്തൊണ്ടിവായ്മലരിൽനിന്നും തൂവുന്ന വാങ്മധു” ഉറഞ്ഞ് കണ്ണും കരളും കുളുർത്ത് സെലിം ഇപ്രകാരം പറഞ്ഞു. “ഇന്നിതാ! ഞാനൊരുത്തമ വസന്തചന്ദ്രനെ ദർശിച്ചിരിക്കുന്നതു്. ദേവി ഒരു പക്ഷേ ആ ദിവസത്തെപ്പറ്റി ഓർമ്മിക്കുന്നില്ലായിരിക്കാം.”

തരുണി—ഉണ്ട്, ഞാൻ അതൊന്നും മറന്നിട്ടില്ല; പക്ഷെ ചക്രവർത്തിയുടെ ശാസനങ്ങൾ ഓർത്തുകൊണ്ട് അല്പം ഭയത്തോടുകൂടിയിരിക്കുന്നവെന്നേയുള്ളു. അദ്ദേഹം, പരമാർത്ഥമറിയാതിരിക്കുന്ന കാലത്തോളം ഇങ്ങിനെതന്നെയിരിക്കാനല്ലേ സാധിക്കുകയുള്ളു.

സെലിം—അതെ! അതുതന്നെയാണ് എന്റെ വിസ്മയം. എന്നോട് അദ്ദേഹം ഇതിനുമുൻപ് വിളിച്ചു ചോദിച്ചപ്പോൾ, ഭവതിയെ ഞാൻ കാണാറില്ലെന്നു പറഞ്ഞു; ഭവതി രാജകൊട്ടാരത്തിലെ ഒരു ദാസിയാണെന്നാണ് ഞാൻ അവിടെ അറിയിച്ചിട്ടുള്ളത്. അതറിഞ്ഞപ്പോഴാണ് അദ്ദേഹം വളരെ കോപിച്ചതും.

തരുണി—അതിൽ ഞാൻ അതിശയിക്കുന്നില്ല. അവിടുന്ന് നിലയും വിലയും ഗണിക്കാതെ ഒരു ദാസിയെ സ്നേഹിച്ചാൽ അതിൽ അവമാനം സ്ഥിതിചെയ്യുന്നുണ്ടെന്ന് അദ്ദേഹത്തിന് അറിവുള്ളതല്ലേ? ആകട്ടെ. ചക്രവർത്തി സംഗതികളുടെ പരമാർത്ഥമറിവാനായി പരിശ്രമിക്കുന്നുണ്ടോ?

സെലിം—ഏകദേശം നാലുസംവത്സരകാലത്തോളമായി അദ്ദേഹത്തിന്റെ സകല ശ്രമങ്ങളും അതിനെ സംബന്ധിച്ചതന്നെയാണ്. കുററവാളികളായി സംശയിക്കപ്പെട്ടിട്ടുള്ളവരിൽ ജയപ്പൂർ രാജ്ഞിയുടെ രണ്ടു പെൺമക്കളും ശിവപ്രസാദ് യോഗിയുമുണ്ടെന്നും അവരെ എവിടെയെങ്കിലുംവെച്ച് കാണുന്നതായാൽ ഉടൻതന്നെ നിഗ്രഹിച്ചുകൊള്ളണമെന്നും അനുചരന്മാരെ അറിയിച്ചിട്ടുണ്ട്. അനുചരന്മാർ ഇത്രയുംനാൾ അന്വേഷിച്ചിട്ടും ഫലമില്ലാതെയാണിരിക്കുന്നതെന്ന് എല്ലാവർക്കും അറിയാം. ഫാത്തിമയെ അവർ കണ്ടുപിടിച്ചേക്കുമോ എന്നാണ് എന്റെ സംശയം. എന്നാൽ എല്ലാം കഴിച്ചുതിലകം.

തരുണി—അതൊരിക്കലും ഉണ്ടാകുവാൻ വഴിയില്ല. അവൾ ഉദ്യാനത്തിലെ ക്രൂരമൃഗങ്ങൾക്ക് ആഹാരമായി തീർന്നിരിക്കണം. അവരെ ആ മഹോത്സവം കാണിക്കാൻവേണ്ടി വിളിച്ചുകൊണ്ടുപോയതല്ലേ. അന്നുതന്നെ മരിച്ചിരിക്കണം. അതിനെപ്പററി സംശയിക്കപോലുംവേണ്ട.

സെലിം—ഭവതി പറഞ്ഞതു ശരിയാണ്. അന്ന് അവൾക്ക് എത്ര വയസ്സു പ്രായമുണ്ടായിരുന്നു. ഒരു പക്ഷെ നിനക്ക് അതൊന്നും നിശ്ചയമില്ലായിരിക്കാം.

തരുണി—അന്നു പത്തുവയസ്സു പ്രായമുണ്ടായിരുന്നു എന്നാണ് എന്റെ അറിവ്.

സെലിം—ഇപ്പോൾ എട്ടുസംവത്സരങ്ങളോളം കഴിഞ്ഞിരിക്കുന്നസ്ഥിതിക്ക് അവൾ ഇവിടെ എവിടെയെങ്കിലും ഉണ്ടായിരുന്നെങ്കിൽ പുറത്തുവരുമായിരുന്നല്ലോ. അവൾ എവിടെയെങ്കിലും ഉണ്ടോ എന്ന് അന്വേഷിക്കേണ്ടതായിരുന്നു. പക്ഷേ ഇനി അന്വേഷിച്ചതുകൊണ്ടും വലിയ ഫലമില്ല.

തരുണി—ആയേഷയെപ്പറ്റി വല്ലതും അറിവുണ്ടോ? അവളും ഇപ്പോൾ മരിച്ചിരിക്കണം.

സെലിം—ഇല്ല. അവളുടെ മാതാവിന്റെ മരണശേഷം ആത്മഹത്യ ചെയ്യുകയുണ്ടായെന്ന് ഒരു കിംവദന്തിയുണ്ട്. പരമാർത്ഥമറിഞ്ഞുകൂടാ.

തരുണി—കുമാരസേനന് സംഗതികൾ അറിയാമെന്ന് അവിടന്ന് ഒരിക്കൽ പറഞ്ഞല്ലോ. അയാൾ അതിനെപ്പറ്റി പിന്നീട് യാതൊന്നും പറഞ്ഞില്ലേ? എന്നെപ്പറ്റി ചിലതെല്ലാം അയാൾക്ക് അറിയാമെന്നു പറഞ്ഞതു് വാസ്തവംതന്നെയാണ്.

സെലിം—ശരിയാണ്. ഞാൻ അയാളോട് വളരെ ഗൗരവമായി പറഞ്ഞിട്ടുണ്ട്. ഭവതിയുടെ യഥാർത്ഥസ്ഥിതിയെപ്പറ്റി പുറത്തറിയിക്കുവാൻ പാടില്ലെന്നും, ചക്രവർത്തി എത്രതന്നെ നിർബ്ബന്ധിച്ചാലും യാതൊന്നും തല്ക്കാലം പറയരുതെന്നും, ഞാൻ അയാളോട് പറഞ്ഞ് സമ്മതിപ്പിച്ചിട്ടുണ്ട്. അയാൾ അതിനു വിപരീതമായിപ്രവർത്തിക്കുകയില്ല. സകല സംഗതികളുടെയും പരമാർത്ഥം അറിവാനായി, ചക്രവർത്തി നിയോഗിച്ചിരിക്കുന്നതു് കുമാരസേനനെയാണ്. അയാളെ അദ്ദേഹം ഒരിക്കലും അവിശ്വസിക്കുകയില്ല. അയാൾ ആയേഷയെ കണ്ടുപിടിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ചരിക്കുകയാണ്. ഇതിനായി പോന്ത്വാർ, ലക്നോ മുതലായ സ്ഥലങ്ങളിൽ അയാൾ താമസിച്ചിരുന്നു. അയാൾ പരമാർത്ഥം മുഴുവനും എന്നോടുതന്നെയും ഇതുവരെ പറഞ്ഞിട്ടില്ല. ഭവതിയുടെ യഥാർത്ഥസംഗതികളെപ്പറ്റി അറിയുന്നതിന് സാധിച്ചാൽ, ചക്രവർത്തി ഉടൻതന്നെ പ്രവർത്തിക്കുന്നതെന്താണെന്ന് നിശ്ചയമില്ല. അതുകൊണ്ട്, യാതൊന്നും അറിയരുതെന്നാണ് ഇന്നത്തെ

പ്രാർത്ഥന. വാസ്തവസംഗതികൾ എങ്ങിനെയായാലും പുറത്തുവ
രാതിരിക്കയില്ല. അതെല്ലാം ഭംഗിയായി കലാശിക്കും.

തരുണി — ആകട്ടെ, അവിടുന്ന് ഇതെല്ലാം അംബികാദേവിയെ ധ
രിപ്പിച്ചിട്ടില്ലേ? അവരുടെ അഭിപ്രായമെന്താണ്? എന്നെ അ
വർ മനസ്സുകൊണ്ടു ശപിക്കാതിരിക്കയില്ല.

സെലിം — നീ കേവലം ശുദ്ധതന്നെയാണ്. ദേവി, വളരെ ഉൽകൃഷ്ട
മനസ്ഥിതിയുള്ളവളാണെന്നു ഞാൻ പറഞ്ഞിട്ടില്ലേ? ഈവക സം
ഗതികളെല്ലാം, രണ്ടുസംവത്സരങ്ങൾക്കുമുമ്പു നാം ഒന്നിച്ച് ആ
ദ്യം ഇവിടെ വന്നപ്പോൾതന്നെ പറഞ്ഞിട്ടുള്ളതാണ്. പരമാർത്ഥ
സ്ഥിതി അറിവാൻ കഴിഞ്ഞതുകൊണ്ടു ദേവിക്കു സന്തോഷമേയു
ള്ളു. മരിക്കുന്നതുവരെ, അവളിൽനിന്നും ഈ രഹസ്യങ്ങളൊന്നും
തന്നെ പുറത്തുവരികയുമില്ല. അതിനെപ്പറ്റി എനിക്കു ദൃഢവി
ശ്വാസമുണ്ട്.

തരുണി — അവിടുന്നു ഇതെല്ലാം പറഞ്ഞപ്പോൾ ദേവി എന്താണ്
പറഞ്ഞത്?

സെലിം — പറയാം. എന്നോടു പറഞ്ഞതിങ്ങിനെയാണ് "അവിടുന്ന്
ആ സ്ത്രീയെ ഗൂഢമായി താമസിപ്പിക്കുന്നതാണ് നല്ലത്. അവർ,
എന്റെ സഹോദരിയായിത്തീരട്ടെ. ഞാനോ വന്ധ്യയായിക്കഴി
ഞ്ഞു. അവിടത്തെ ഉൽകൃഷ്ടഭാഗ്യത്തിന്റെ സമ്പൂർണ്ണതയ്ക്ക് എ
ന്തെങ്കിലും ഒരു കന്യക പാത്രമാകുമെങ്കിൽ, ഞാൻതന്നെയാണ്
അവളുടെ സൌഖ്യംകൊണ്ട് കൂടുതൽ സന്തോഷിക്കുന്നത്. ഈ പാ
പിക്ക് അങ്ങിനെയെങ്കിലും ഒരു ഭാഗ്യം ഉണ്ടാകട്ടെ. ആ വീരയു
വതി അവിടത്തെ പ്രേമത്തിന് അർഹതന്നെയാണ്. സംശയമി
ല്ല. എനിക്ക് ആ സുമുഖിയെ ഒന്നു കാണേണം. എന്നാൽ പിന്നെ
അവർക്കും ആശ്വാസത്തിന് വഴിയുണ്ടല്ലോ." ഇതാണ് ദേവി
പറഞ്ഞത്. ദേവി, എത്രയോ പരിശുദ്ധയാണെന്നു നോക്കുക. ആ
രാദ്ധ്യതന്നെയാണ്. അങ്ങിനെയല്ലേ?

തരുണി — അവിടുന്നു പറഞ്ഞതുകേട്ട് ഞാൻ അതിശയിക്കുന്നു. ദേവി
പുണ്യവതിതന്നെയാണ്. എന്നെ കാണേണമെന്നു പറഞ്ഞിട്ട് എ
ന്തുത്തരമാണ് നൽകിയത്?

സെലിം — ഇതിപ്പോൾ സാദ്ധ്യമല്ലെന്നാണ്. കുറെ നാൾ കഴിഞ്ഞ്
കണ്ടാൽ മതിയാകും. അല്ലാതെ, അന്തഃപുരത്തിൽ ഭവതി ഇറ
ങ്ങി സഞ്ചരിക്കേണ്ട. ഇപ്പോൾ ഇവിടെതന്നെ ഗൂഢമായി താമ

സിക്കുക. ചക്രവർത്തിയുടെ പരിശ്രമങ്ങളെല്ലാംതന്നെ സഫലമായിത്തീരട്ടെ.

തരണി—ദേവി മതഭക്തി വളരെയുള്ള സ്ത്രീയാണെന്നു പറഞ്ഞു കേൾക്കുന്നുണ്ട്.

സലിം—അതിനു കാരണമുണ്ട്. ദേവി വന്ധ്യയായി ഭവിച്ചതു് ഒരു ശാപംമൂലമാണെന്നാണു ധാരണ. അതുകൊണ്ടു് ആ ശാപനിവൃത്തിക്കായി എന്നും, എപ്പോഴും ഈശ്വരഭജനവുമാണ്. ഉഷവേളയിൽതന്നെ നീരാട്ടുകഴിച്ച്, പ്രദോഷംവരെ പൂജയും അർച്ചനയും ദേവി ഒരിക്കലും വിസ്മരിച്ചിട്ടുള്ള കൃത്യങ്ങളല്ല. അതിനെല്ലാം അന്തഃപുരത്തിൽതന്നെ ചക്രവർത്തി പ്രത്യേകസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ചക്രവർത്തി ദേവിയെ വളരെ ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യുന്നു. ദേവിക്കു പിതാവിനോടു വളരെ ഭക്തിയുണ്ട്. പിതാവിനു ദേവിയെ വളരെ വിശ്വാസവുമാണ്.

തരണി—ദേവിയുടെ മതാനുഷ്ഠാനങ്ങളെന്തെല്ലാമാണ്? ദേവി ഹിന്ദുസ്ത്രീയല്ലേ?

സലിം—അതെ. ആ മതത്തിൽനിന്നും ദേവി അണുപോലും വ്യതിചലിക്കുന്നില്ല. ഖുറാനിലെ മതത്തെയും ബഹുമാനമാണ്. മഹമ്മദ്മതമെന്നു പറഞ്ഞാലും മിക്കവാറും ഹിന്ദുമതാനുഷ്ഠാനങ്ങളെ സ്വീകരിച്ചിരിക്കുന്നു. അതുപോലെ ഹിന്ദുമതമെന്നുപറഞ്ഞാലും, അതിൽ മഹമ്മദ്മതാനുഷ്ഠാനങ്ങൾ ചേർന്നിരിക്കുന്നു. ചക്രവർത്തിയുടെ ഉദ്ദേശംതന്നെയും മതങ്ങൾതമ്മിൽ യോജിപ്പിച്ച് ഐക്യം പരിപാലിക്കണമെന്നാണ്. അതിനുവേണ്ടിയാണ് എന്റെ വിവാഹംതന്നെയും ഒരു രാജപുത്രകന്യകയുമായി നടത്തിയിട്ടുള്ളതു.

തരണി—അതെനിക്കറിയാം. എന്റെ മാതാവു് പറഞ്ഞു, ഞാൻ അതെല്ലാം അറിഞ്ഞിട്ടുണ്ട്. ചക്രവർത്തി നയവും തന്ത്രവും വളരെ ഉള്ള ആളാണല്ലോ. അതു സംശയമില്ലാത്ത കാര്യമാണ്. മാതാവുമായിട്ട് ചില സന്ധി ആലോചനകൾ കൊണ്ടുവന്നപ്പോൾ തന്നെ അതെല്ലാം ഞങ്ങൾ അറിഞ്ഞിട്ടുണ്ട്. അതു സമ്മതിക്കാത്തതിന്റെ ഫലമാണിതെല്ലാം.

സലിം—കല്ല്യാണിവസന്തോത്സവത്തിനുമുമ്പ് ഭവതിയെ അദ്ദേഹം ലഭിച്ച വിവരം അദ്ദേഹംതന്നെ കുമാരസേനനോടു പറയുകയുണ്ടായി. ഭ

തിയെപ്പോലെ രൂപോജ്ജ്വലയായിട്ടു ഒരു കന്യകയെ പിതാവു് കണ്ടിട്ടില്ലെന്നും, കേവലം ഒരു ദാസി അല്ലായിരുന്നെങ്കിൽ എന്റെ പ്രണയത്തെ — അല്ല, യുവതിയുടെ പ്രണയത്തെ, അദ്ദേഹം അംഗീകരിക്കുമായിരുന്നുവെന്നും പറഞ്ഞിട്ടുണ്ടു്.” കുമാരൻ ഇത്രയും പറഞ്ഞപ്പോൾ ആ തരുണിയുടെ കവിൾത്തടത്തിൽ — “കാന്തികയത്തിനുടെ പേലവലോലാരുണകമലങ്ങൾ തന്നൊളി പരന്ന കവിൾത്തടത്തിൽ” — ലജ്ജയുടെ ചില പൊൻവരകൾ ചേർന്നുകഴിഞ്ഞു. അവൾ വീണ്ടും പറഞ്ഞു:—

“എന്തിനാണിങ്ങനെ സ്തുതിയെല്ലാം. ദാസി രൂപോജ്ജ്വലയായതിൽ ഞാനും അതിശയിക്കുന്നു. സൌന്ദര്യമുള്ള യുവതികൾ അന്തഃപുരത്തിൽതന്നെ ഉണ്ടല്ലോ. ആ സോഫി ഏതാണ്? അവൾ വലിയ പദവിയുള്ളവളെപ്പോലെ ഭാവിക്കുന്നുവല്ലോ. ഇന്നലെ ഞാൻ മണിമാളികയിൽ നില്ക്കുമ്പോൾ, പൂക്കൾ പറിക്കാനായി അവൾ ആരാമത്തിൽ വരുന്നതു കണ്ടു. അവൾ എന്തെല്ലാം പരിഷ്കാരങ്ങളാണ് കാണിക്കുന്നതു്. അവിടെയുള്ള് അവളോടു വളരെ പ്രതിപത്തി ഉള്ളതുപോലെ തോന്നുന്നു. അവൾ, അതി ചതുരയാണ്. അവൾ ആരാണെന്ന് ഒന്നു പറയണം.

സെലിം — യുവതിക്കു് ജിജ്ഞാസ ഏതാണ്. അവൾ ദേവിയുടെ പരിചാരികയാണ്.

തരുണി — അമ്പോ! ദേവിയുടെ പരിചാരിക ഇങ്ങിനെയാണെങ്കിൽ, ദേവി, ഇനി എങ്ങിനെയിരിക്കണം. ശരി; ദാസി രൂപോജ്ജ്വലയാണെന്ന സമ്മതിച്ചല്ലോ!

സെലിം — എന്തിനാണിതെല്ലാം പറയുന്നതു്. ഞാൻ അവളെ കാര്യമായി ഗണിച്ചിട്ടില്ല.

തരുണി — കാര്യമല്ലാതെ തമാശ ഗണിക്കാമല്ലോ. ദാസിമാർക്ക് നല്ല കാലം തന്നെ.

സെലിം — ഇതെല്ലാം യുവതിയുടെ സംശയങ്ങൾ മാത്രമാണ്. യുവതിയും ഇപ്പോൾ ദാസിയല്ലേ?

തരുണി — ഇനിയും അങ്ങിനെതന്നെ. അവിടുന്നു എത്ര യുദ്ധങ്ങൾക്കു പോയിട്ടുണ്ടു്. എല്ലാ യുദ്ധങ്ങളും ഒരുപോലെയായിരുന്നോ? അതെന്താണറിഞ്ഞാൽകൊള്ളാമെന്നുണ്ടു്.

സെലിം—ഒരു യുദ്ധത്തിനു മാത്രമേ തനിയേ പോയുള്ളു. അതിൽ വി
ജയിയായി കോട്ട പിടിച്ചടക്കിയില്ലേ?

തരുണി—കോട്ട മാത്രമോ? പിന്നെയും പിടിച്ചടക്കപ്പെട്ടിട്ടുള്ള സാമ
ഗ്രികൾ പലതുമുണ്ടല്ലോ?

സെലിം—കോട്ട പിടിച്ചടക്കിയ എന്നെ യുവതി പിടിച്ചടക്കുകയല്ലേ
ചെയ്തിട്ടുള്ളത്?

തരുണി—അപ്പോൾ സമ്മാനത്തിന് ആരാണ് അവകാശി? അവിടു
ന്നോ—ഞാനോ?

സെലിം—എന്താണു സംശയം? യുവതിതന്നെയാണ് ഞാൻ പറഞ്ഞി
തല്ലേ!

തരുണി—എന്നാൽ സമ്മാനം തരണം—എനിക്ക് ഉറക്കംവരുന്നു.
നേരം വളരെയായി.

സെലിം—എന്തു സമ്മാനം വേണം? എന്നെത്തന്നെയും തന്നുകഴി
ഞ്ഞല്ലോ. ഇനി എന്തുവേണം?

തരുണി—അതിനു അവകാശികൾ വേറെ ഉണ്ടാകും. ഞാൻ അതി
നൊന്നും ആളല്ല.

സെലിം—നമുക്ക് പോകാം. ഇന്നു ഞാൻ മണിമാളികയിലേക്ക്
പോരുന്നുണ്ട്."

ഇത്രയുംപറഞ്ഞ് സെലിംരാജകുമാരൻ തന്റെ സഖ്യാസന
ത്തിൽനിന്നും എഴുന്നേറ്റു. രാജകുമാരന്റെ നിഴൽപോലെ, ആ ല
താംഗി തന്റെ പാദപല്ലവങ്ങളെ മന്ദം മന്ദം ആരാമത്തിൽകൂടി ച
ലിപ്പിച്ചു. ഇത് അഭിനവരാധ—ഒരു പക്ഷേ സെലിമിനെ ശ്രീകൃഷ്ണനാ
യിത്തന്നെ ധരിച്ചിരിക്കാം—അഥവാ—ധരിച്ചിരിക്കണം. ആരാമമദ്ധ്യത്തിൽ
വെണ്മപരത്തി ആകാശത്തിൽ പ്രശോഭിച്ച ചന്ദ്രൻ, ആ സുന്ദരി
യുടെ വദനാരവിന്ദംകണ്ട് ലജ്ജിച്ചിട്ടെന്നതുപോലെ മേഘാവലിയാ
യ യവനികക്കുള്ളിൽ മറഞ്ഞു. സെലിംരാജകുമാരൻ തന്റെ അനംഗവ
ശമായ പ്രേമധാരണത്തെയും പേറിക്കൊണ്ട് മണിമാളികയിൽ പ്രവേശി
ച്ചു മറയുകയുംചെയ്തു. അന്നത്തെരാത്രിയിൽ, ആ യുവതിയുവാക്കന്മാ
രുടെ പ്രേമോദയത്തിന്റെ ദ്വിതീയവാർഷികസമ്മേളനം നേരത്തെകൂ
ട്ടി രൂപീകരിക്കപ്പെട്ട കാര്യപരിപാടി അനുസരിച്ചുതന്നെ മംഗളമാ
യി കൊണ്ടാടിയിരിക്കണം.

രണ്ടാം അദ്ധ്യായം

മുഗൾവംശരാജാക്കന്മാരുടെ യശഃപതാക പാറിക്കളിച്ചുകൊണ്ടിരുന്ന രാജസ്ഥാനങ്ങളിൽ വെച്ച് ആഗ്രാപട്ടണം ഏറ്റവും പ്രധാനമായിരുന്നു. അന്നത്തെ ആഗ്രാ എത്രമാത്രം പ്രോജ്ജ്വലമായി പ്രശോഭിച്ചിരുന്നുവെന്ന് ഇന്നു പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. എന്നാൽ, ഉദ്ദേശം മൂന്നു ശതാബ്ദങ്ങളിൽ കൂടുതൽ, കാലഗ്ഗതിയിൽ ആണ്ടുപോയിട്ടും, അനേകം ശത്രുക്കളുടെ ആക്രമണത്തിന് ആ രാജസ്ഥാനം ഏകലക്ഷ്യമായിരുന്നിട്ടും, ഇന്നും അവിടെ അദ്ഭുതമായ ഒരു ചൈതന്യം പരിലസിക്കുന്നുണ്ടെന്നു പറയാതെ കഴികയില്ല.

ആഗ്രയുടെ പടിഞ്ഞാറുവശം, തെക്കോട്ടുമാറി, ഇന്ന് ഒരു വലിയ മണിമാളിക, ഏറ്റവും ഭദ്രമായി സൂക്ഷിക്കപ്പെട്ടുപോരുന്നുണ്ട്. നദീതീരത്തിനടുത്തു പരിലസിക്കുന്ന ഈ മണിമന്ദിരം, മുഗൾവംശരാജാക്കന്മാരുടെ, പ്രസിദ്ധിക്കും പ്രശസ്തിക്കും ഒരു കാലത്ത് അടിസ്ഥാനമായിരുന്ന ദേവാലയമായിരുന്നു. ഇന്ന് അത് ഒരു നല്ല കാഴ്ചബംഗ്ലാവായിട്ടാണിരിക്കുന്നത്.

ആഗ്രാദേവാലയത്തിന്റെ മുൻവശത്ത്, ഏറ്റവും വിസ്താരമേറിയതും, അനേകവിശിഷ്ടവൃക്ഷങ്ങൾ ഇരുപാർശ്വങ്ങളിലും പരിലസിക്കുന്നതും ആയ ഒരു രാജപാത തെക്കുപടിഞ്ഞാറു ദിക്കിനെ ലക്ഷ്യമാക്കി നീണ്ടു കിടക്കുന്നതു കാണാം. ഈ പാത ദില്ലീസാമ്രാജ്യത്തിന്റെ എല്ലാ ഭാഗത്തേക്കും പോകുന്നതിനുപയുക്തമായിട്ടുള്ളതാണ്. ഭാരതത്തിനു പുറത്തു, അറേബ്യാ, പേർഷ്യാ, മുതലായ സ്ഥലങ്ങളിൽ നിന്നും വരുന്നവർ ആഗ്രായിൽ പ്രവേശിക്കുവാനുള്ള ശരിയായ മാർഗ്ഗം ഈ രാജപാതയാകുന്നു.

ക്രിസ്ത്വബ്ദം ൧൬൩൦-ാമാണ്ട് പിറന്നതിന്റെശേഷം അന്ന് ആദ്യത്തെ ഞായറാഴ്ചയായിരുന്നു. ഉദ്ദേശം നാലുമണിനേരമായിട്ടുണ്ട്. മേൽ പറയപ്പെട്ട പള്ളിയുടെ മുൻവശത്തു രാജപാതയ്ക്കരികിലായി, ഒരു വലിയ പേരാലിന്റെ ഛായയിൽ, രണ്ടു സ്ത്രീകൾ ഇരിക്കുന്നുണ്ട്. അവരിൽ ഒന്നാമൾ, അമ്പതുവയസ്സിൽ കൂടുതൽ പ്രായം തോന്നിക്കുന്ന ഒരു വൃദ്ധയും, മറ്റവൾ പതിനഞ്ചു വയസ്സിൽ കൂടുതൽ പ്രായമില്ലാത്ത ഒരു ബാലികയും ആണ്. വൃദ്ധയുടെ മുഖത്ത്, അനേകനാഴിക വഴി നടന്നിട്ടുള്ളതിന്റെ ക്ഷീണം നല്ലതുപോലെ കാണുന്നുണ്ടെങ്കിലും, ബാലികയുടെ നൈസർഗ്ഗികമായ മുഖചൈതന്യം അവളിൽ വല്ലതെ ക്ലേശമുള്ളതായി വെളിപ്പെടുത്തിയില്ല. സുക

മരകളേബന്ധത്തോടു കൂടിയ ഒരു ബാലികയുടെ അളകാവലി മന്ദാനിലന്റെ തലോടൽ കൊണ്ടു മോഹനമായി പാറിപ്പറന്നു.

അവളുടെ ദിവ്യമായ മുഖതേജസ്സ് അവൾ ഒരു കുലീനയാണെന്നു പ്രസ്പഷ്ടമാക്കി. അവർ രണ്ടു പേരും, അന്നു സാധാരണയായി മലയാളിയ സ്ത്രീകളോ, ഹിന്ദുസ്ത്രീകളോ ധരിച്ചിരുന്ന വസ്ത്രങ്ങളല്ലാ ഉപയോഗിച്ചിരുന്നതു്. അവരുടെ വസ്ത്രധാരണരീതി മാത്രം നിരീക്ഷിക്കുന്നതായാൽ അവർ പേർഷ്യായിൽ നിന്നോ മറ്റോ വന്നിട്ടുള്ളവരാണെന്നു് അനുമാനിക്കാൻ കഴിയുമായിരുന്നു. അവർ ആരാണെന്നോ, എവിടെ പോകുന്നവരെന്നോ, എന്തിനായിട്ടു പോകുന്നവരെന്നോ നമ്മൾക്കു് തല്ക്കാലം അറിവാൻ നിവൃത്തിയില്ല. എങ്കിലും അവരുടെ സംഭാഷണം ശ്രദ്ധിക്കുന്നതായാൽ നമ്മൾക്കു അവരെപ്പറ്റി വല്ലതും ഗ്രഹിക്കുവാൻ കഴിയും. അവരിൽ ബാലിക ഇപ്രകാരം പറഞ്ഞുതുടങ്ങി:—ഇനിയും ഇവിടെ നിന്നു വളരെ പോകേണമെന്നു തോന്നുന്നില്ല. നമ്മൾക്കു വേറിട്ടു പോകേണമെങ്കിൽ ഇവിടെ താമസിച്ചാൽ നന്നല്ലേ. അമ്മക്കു ക്ഷീണം വളരെ ഉണ്ടായിരിക്കും. എന്നാൽ വിശ്രമിക്കാം.

വൃദ്ധ—കുമാരീ! എനിക്കു ഇനി ലേശവും നടക്കുവാൻ പാടില്ല. ദേഹം മുഴുവനും വിറക്കുന്നുണ്ടു്. ദാഹവും എനിക്കു വളരെ വർദ്ധിച്ചിരിക്കുന്നു. നമ്മൾ ഇന്നു വളരെ നാഴിക നടന്നതല്ലേ! ഇന്നലെ നടന്നതിന്റെ ഇരട്ടി നടന്നു കഴിഞ്ഞു.

ബാലിക—അയ്യോ! അമ്മേ!! നമ്മൾക്കു എന്തു ചെയ്യാൻ സാധിക്കും. ഞാൻ ഒരു വഴിപോക്കരെ ആരെയെങ്കിലും വിളിക്കാം. അവർ വല്ല സഹായവും നൽകാതിരിക്കയില്ല.

വൃദ്ധ—വരട്ടെ! ഇപ്പോൾ വേണ്ട. ഞാൻ അല്പസമയം വിശ്രമിക്കട്ടെ. ഒരു പക്ഷേ ഉടൻ ആശ്വാസമുണ്ടാകും. കുറെ പരിഭ്രമിക്കേണ്ട. വളരെ നാഴിക നടന്നതുകൊണ്ടുള്ള ക്ഷീണം മാത്രമേ ഇപ്പോൾ എനിക്കുള്ളൂ.

ബാലിക—അപ്രകാരമാണെങ്കിൽ നമ്മൾക്കു ആ കെട്ടിടത്തിനുള്ളിൽ കയറി കിടക്കാം; അതല്ലേ നല്ലതു്?

വൃദ്ധ—മകളേ! എനിക്കു തല്ക്കാലം അതിനു തന്നെയും സാധിക്കുമോ എന്നു് സംശയമാണു്. എന്നാൽ, ഞാൻ നിന്നോടു് ഒരു സംഗതിയെപ്പറ്റി പറയട്ടെ. നീ ആ കാണുന്ന കെട്ടിടത്തിൽ പോയി കാച്ച വെള്ളം വാങ്ങിക്കൊണ്ടുവരണം.

ബാലിക — ആകട്ടെ. ഞാൻ വേഗം വെള്ളം കൊണ്ടുവരാം.

ബാലിക ഇപ്രകാരം പറഞ്ഞതിനശേഷം, ആ പാതയുടെ ഒരു വശത്തുണ്ടായിരുന്ന നടയിൽ കൂടി ദേവാലയത്തിന്റെ അന്തർഭാഗത്തേക്കു, ദ്രുതഗതിയായിട്ടു നടന്നുപോയി. ആസമയം വൃദ്ധ ഇപ്രകാരം പറഞ്ഞു തുടങ്ങി "സർവ്വേശ്വരാ! അനേകം നാഴിക വഴി നടന്നു ക്ഷീണിച്ച ഈ കന്യകയ്ക്ക് ഇനി ആരാണു സഹായം. അവളുടെ മാതാവിനു വേണ്ടി ഞാൻ എന്റെ സകല സുഖങ്ങളും ഉപേക്ഷിച്ച് അവളോടൊന്നിച്ച് ഇവിടംവരെ വന്നു ചേർന്നു. എന്റെ വാർദ്ധക്യം സ്മരിക്കുന്നു. ഞാൻ മരിക്കും. പിന്നീട് അവൾക്കാരാണ് സഹായം. അവളുടെ മാതാവ് പറഞ്ഞിട്ടുള്ളതൊന്നും ഞാൻ അവളോടു പറഞ്ഞിട്ടില്ല. എന്റെ ഉദ്ദേശങ്ങളൊന്നും ഫലിക്കുമെന്നും തോന്നുന്നില്ല. ദൈവം എല്ലാം മറിച്ചാണ് കരുതിയിരിക്കുന്നത്. അല്ലെങ്കിൽ അവർക്ക് ഈ ഗതി വരുത്തിയതെന്തിനാണ്? വല്ല വിധത്തിലും കൊട്ടാരത്തിൽ ചെന്നിരുന്നെങ്കിൽ അവളെ ആരെങ്കിലും രക്ഷിച്ചു കൊള്ളുമായിരുന്നു. ഇപ്പോൾ അതിനും നിവൃത്തി ഇല്ലാതെയായി. അവളുടെ അമ്മ മരിച്ച നാൾ മുതൽ അവളുടെ സകലശ്രേയസ്സിനും വേണ്ടി പ്രവർത്തിച്ചിട്ടുള്ളത് ഞാനാണെന്ന് അവൾക്ക് നല്ലപോലെ അറിയാം. അവൾ എന്നെ അവളുടെ മാതാവിനേക്കാൾ കൂടുതൽ സ്നേഹിക്കുന്നു. ഒരു മാത്ര എങ്കിലും അവൾ എന്നെ കാണാതിരിക്കുന്നില്ല. അവളുടെ പോറ്റമാതാവ് ഞാൻ തന്നെയാണെന്ന് ആ പാവം വിശ്വസിച്ചിരിക്കുന്നു. ഇനി അവളുടെ കുടുംബസ്ഥിതികളൊന്നും തന്നെ പറഞ്ഞു കൊടുക്കേണ്ട കാര്യമില്ല. ഞാൻ അവളുടെ മാതാവാണെന്ന് വിശ്വസിച്ചിരിക്കുന്നതു പോലെ ഇനിയും വിശ്വസിക്കുന്നതു തന്നെയാണ് നല്ലത്. ഹാ! ഭഗവാനേ! ഞാൻ മരിക്കും. പിന്നെ നിന്നെ ആരാണ് ശുശ്രൂഷിക്കുന്നത്? എന്റെ കഥ ഇവിടെ വെച്ചു തന്നെ കഴിയും." ഇപ്രകാരം ആ വൃദ്ധ തനിയെ പുലമ്പിക്കൊണ്ടിരിക്കുമ്പോൾ, ബാലിക, ഒരു ചെറിയ പാത്രത്തിൽ നിറയെ ജലം അവിടെ കൊണ്ടുവന്നു. അത്യാഗ്രഹത്തോടുകൂടി വൃദ്ധ വെള്ളം മുഴുവനും കുടിച്ചു. വീണ്ടും അവൾ ബാലികയോടായിട്ടു പറഞ്ഞുതുടങ്ങി:— "മകളെ! എനിക്കു സുഖക്കേട് അധികമൊന്നുമില്ല. എങ്കിലും അല്പംകൂടി കഴിയാതെ ശമനം ഉണ്ടാകയില്ല. നിന്നോടു ഞാൻ ഒരു പ്രത്യേക സംഗതി പറയട്ടെ. നീ ലേശവും പരിഭ്രമിക്കരുത്. നമ്മൾ പുറപ്പെട്ട സമയം വളരെ ചീത്തയാണ്, സംശയമില്ല. കൊട്ടാരത്തിൽ ചെന്നു ചേർന്നാൽ പിന്നെ കാര്യങ്ങളെല്ലാം വിജയമായി പരിണമിക്കുമായി

തന്നു. പക്ഷേ, അവിടെ ചെന്നു ചേരുവാൻ കൂടി ഇപ്പോൾ പ്രയാസമായിട്ടാണിരിക്കുന്നതു്. എല്ലാം ഈശ്വരേച്ഛപോലെ" ഇത്രയും പറഞ്ഞു് വൃദ്ധ കരഞ്ഞു തുടങ്ങി. വൃദ്ധ തോരാതെ കണ്ണീർ വാർക്കുന്നതുകണ്ടു് ബാലിക സമാധാനരഹിതയായിത്തീർന്നു.

ബാലിക— അമ്മേ! അവിടുന്നു ഇപ്രകാരം കരഞ്ഞാലെങ്ങിനെ? ഞാനും കരയുകയല്ലാതെ മറ്റെന്തു സാദ്ധ്യം? ഞാൻ ആരെയെങ്കിലും ഇങ്ങോട്ടു വിളിച്ചുകൊണ്ടു വരട്ടെ. ഒരു പക്ഷേ ദയവുള്ളവർ ആരെങ്കിലും ഇവിടെ കാണാതിരിക്കുമോ?

വൃദ്ധ— മകളെ! നീ പറഞ്ഞതെല്ലാം എനിക്കു മനസ്സിലായി. എന്നാൽ, ഇപ്പോൾ നീ എന്റെ സഹായത്തിനുവേണ്ടി ആരെയും വിളിക്കേണ്ട. അല്പം കഴിയട്ടെ—

ബാലിക— അമ്മേ! അതെല്ലാം പോകട്ടെ. അമ്മ എന്റെ മടിയിൽ തലവെച്ചു് കുറച്ചു നേരം കിടക്കണം. എന്നിട്ടു് നമ്മൾ ഇന്നലെ പറഞ്ഞു നിർത്തിയ കഥ മുഴുവൻ പറയണം. അമ്മ പതുക്കെ പറഞ്ഞാൽ മതി. ഞാൻ അതു കേൾക്കട്ടെ.

വൃദ്ധ— ആകട്ടെ. ഓമനേ! നീ കഥ കേൾക്കണമെന്നു പറഞ്ഞതുകൊണ്ടു ഞാൻ പതുക്കെ പറയാം. ഇപ്പോൾ ഈ രാജ്യം ഭരിക്കുന്ന ചക്രവർത്തിയുടെ പിതാവായി ഹുമയൂൺ എന്ന പേരോടുകൂടിയ ഒരു ചക്രവർത്തി ഉണ്ടായിരുന്നു. അദ്ദേഹത്തിനെ ശത്രുക്കൾ യുദ്ധത്തിൽ തോല്പിച്ചതിനാൽ പേർസ്യയിൽ പോയി അഭയം പ്രാപിച്ചു. ഈ സംഭവം ഉദ്ദേശം അമ്പത്തെട്ടു സംവത്സരങ്ങൾക്കു മുമ്പു നടന്നതാണു്. ക്രിസ്ത്വബ്ദം ൧൫൫൫-ൽ അദ്ദേഹം പേർസ്യയിൽ വന്നു.

ബാലിക— അമ്മയ്ക്കെത്ര വയസ്സായി?

വൃദ്ധ— എനിക്കു ൭൫ വയസ്സായി.

ബാലിക— പിന്നെ അമ്മയ്ക്കെങ്ങിനെയാണിതൊക്കെ നിശ്ചയമായതു്.

വൃദ്ധ— ഞാൻ കഥ പറയുകയല്ലേ? പറഞ്ഞു കേട്ടിട്ടുള്ളതിനെ പറ്റി പറഞ്ഞുവെന്നേയുള്ളൂ. കേൾക്കുക. അക്കാലത്തു് അവിടെ ഒരു നൃത്തത്തിനായി ചില സ്ത്രീകൾ വന്നു. അവരിൽ ഒരാളോടു ചക്രവർത്തിക്കു പ്രീതിയായി. അവളെ അദ്ദേഹം വിവാഹം ചെയ്തു.

ബാലിക— അദ്ദേഹത്തിനു ഭാര്യ ഉണ്ടായിരുന്നില്ലേ?

വൃദ്ധ — അന്ന് അദ്ദേഹത്തിന്റെ മാതൃ കന്ദഹാർ എന്ന സ്ഥലത്തു തന്റെ രണ്ടു വയസ്സു പ്രായമായ പുത്രനോടു ഒന്നിച്ചു താമസിച്ചിരുന്നു. ആ പുത്രനാണ് ഇന്നത്തെ ചക്രവർത്തി.

ബാലിക — എന്നിട്ട്?

വൃദ്ധ — അദ്ദേഹത്തിന് ആ സ്ത്രീയിൽ ലീലയെന്ന ഒരു പെൺകുട്ടി ജനിച്ചു. അവളും അക്ബർ ചക്രവർത്തിയെക്കാളും മൂന്നു വയസ്സിന് ഇളയതാണ്. ആ ലീലയെ കോഖാൻ എന്നു പറഞ്ഞുവരുന്ന രാജ്യത്തിലെ രാജാവ് വിവാഹം ചെയ്തു. അവർ കുറച്ചുനാൾ അങ്ങിനെ താമസിക്കുമ്പോൾ അക്ബർ ചക്രവർത്തിയുടെ മന്ത്രിയായിരുന്ന ബൈറാംഖാൻ രാജ്യത്തിൽ നിന്നു ബഹിഷ്കൃതനായതു മൂലം ആ രാജ്യത്തിൽ വരികയും, ലീലയെ കണ്ട് അപഹൃതചിത്തനാകുകയും ചെയ്തു.

ബാലിക — അമ്മേ! ഇതെല്ലാം അസംബന്ധമല്ലേ? ഒരാളുടെ ഭാര്യയെ അന്യൻ ആഗ്രഹിച്ചാൽ അതു വലിയ പാപമാണെന്നു അമ്മ പറഞ്ഞിട്ടുണ്ടല്ലോ!

വൃദ്ധ — ശരിയാണ്. പക്ഷെ അവളും അദ്ദേഹത്തെ സ്നേഹിച്ചതു മൂലം ലീലയുടെ ഭർത്താവായ കൊഖേൽഖാനെ ബൈറാംഖാൻ വധിച്ചു ലീലയുടെ ഭർത്താവായി.

ബാലിക — അതു കഠിനപ്രവൃത്തിതന്നെയാണ്. ആ സ്ത്രീക്ക് അന്നു എത്ര വയസ്സുണ്ടായിരുന്നു?

വൃദ്ധ — അന്ന് ഇരുപതു വയസ്സുണ്ടായിരുന്നു. അവളുടെ ഇരുപത്തൊന്നാമത്തെ വയസ്സിൽ ഒരു പെൺകുട്ടി ജനിച്ചു.

ബാലിക — അതെന്താണ്? ബൈറാംഖാൻ മരിച്ചുപോയിയെന്ന് അമ്മ പറഞ്ഞില്ലേ?

വൃദ്ധ — മുംതാസ് എന്നു പേരുള്ള ആ കുട്ടി ജനിച്ചതു് ഫത്തെപ്പൂരിലാണ്. പക്ഷെ ആക്കാലത്തു് — അതായതു് ആ കുട്ടിയുടെ ജനനസമയത്തു് — ഒരു ഫക്കീർ അവളുടെ നാട്ടിൽ വന്നു. ലീലയോടു ചിലതെല്ലാം ചോദിച്ചു. ആ പെൺകുട്ടിയുടെ ജാതകം നിർമ്മിച്ചുകൊടുത്തു. അതിൽ പലതും പറഞ്ഞിരുന്നു.

ബാലിക — അമ്മേ! ജാതകം എന്നു പറഞ്ഞാലെന്താണ്? എനിക്കു ജാതകമുണ്ടോ?

വൃദ്ധ — നിനക്കും ജാതകമുണ്ട്. ജാതകമെന്നു പറഞ്ഞാൽ ഒരാളുടെ ജീവിതത്തിൽ അനുഭവിക്കേണ്ട സുഖദുഃഖങ്ങളെ പറ്റി നേരത്തെ തന്നെ, ജനനസമയത്തു് നക്ഷത്രങ്ങളുടെ സ്ഥിതിഗതികൾ ക

ണനാക്കി, ശിഷ്യന്മാരായവർ അറിയിക്കുന്ന ഭവിഷ്യൽഫലങ്ങളുണ്ട്.

ബാലിക — നക്ഷത്രങ്ങളുടെ സ്ഥിതികൊണ്ട് മനുഷ്യനെപ്പറ്റി അറിയുന്നതെങ്ങിനെ?

വൃദ്ധ — അതെല്ലാം സർവ്വേശ്വരന്റെ ലീലകളാണ്. ഞാൻ കഥ പറയട്ടെ. എന്നിട്ട് ലീല പ്രസവിച്ച ഉടൻ തന്നെ ആ ശിഷ്യൻ അവിടെ വന്ന് പറഞ്ഞതിങ്ങിനെയാണ്. "ഈ പെൺകുട്ടിയുടെ ജനനം അതിന്റെ പിതാവിനും, രാജ്യത്തിനും നാശകരമാണ്. അതുകൊണ്ട് സൂക്ഷിച്ചുകൊള്ളണം."

ബാലിക — ആ പെൺകുട്ടിയുടെ പിതാവെന്നു പറഞ്ഞതു് നാദർഷാനല്ലേ?

വൃദ്ധ — അതെ. ശാസ്ത്രജ്ഞൻ ഇത്രയും പറഞ്ഞതിന്റെ ശേഷം അവിടെ നിന്നും മറഞ്ഞു. [illegible] ജനിച്ചതിന്റെ അടുത്ത വർഷത്തിൽ നാദർഷായെ, മഹമ്മദ് ഖാന്റെ ഒരു അനുചരൻ വെട്ടിക്കൊന്നു. രാജ്യവും നഷ്ടമായി.

ബാലിക — അങ്ങിനെ വേണം. അയാൾ ചെയ്തതിനുള്ള പ്രതിഫലം നല്ലതുപോലെ കിട്ടി. ശിഷ്യൻ പറഞ്ഞതു ശരിയായി. അയാൾക്ക് അതു കിട്ടണം. എനിക്ക് വളരെ സന്തോഷമായി. പാപം ചെയ്താൽ പാപം തന്നെ ഫലം.

വൃദ്ധ — എന്തു ചെയ്യാം. അങ്ങിനെതന്നെയാണ്.

ബാലിക — എന്നിട്ട് ലീല, ശിശുവിനെ എന്തു ചെയ്തു. കൊന്നുകളഞ്ഞിരിക്കാം.

വൃദ്ധ — ഇല്ല. അവൾ പേർസ്യയിലേക്ക് ഓടിപ്പോയി. അവൾ വളരെ സുന്ദരിയും നൃത്തവിദഗ്ദ്ധയും ആയതുകൊണ്ട് പേർസ്യയിലെ ഒരു പ്രഭു വീണ്ടും ലീലയെ വിവാഹം ചെയ്തു.

ബാലിക — എന്റമ്മേ! ഇങ്ങിനെയുള്ള പെണ്ണുങ്ങൾ ലോകത്തിലുണ്ടോ? എത്ര പേരെയാണ് വിവാഹം ചെയ്തു താമസിക്കുന്നതു്? ഇതു് അവളുടെ മൂന്നാമത്തെ വിവാഹമല്ലേ?

വൃദ്ധ — മകളേ. നീ അതിൽ അതിശയിക്കാനില്ല. ഇങ്ങിനെയുള്ള ആണുങ്ങളും കുറവല്ല. സ്ത്രീകളാണ് പിന്നെയും മെച്ചം. പിന്നെ വയറ്റുപിഴപ്പല്ലേ ലോകത്തിൽ വലുതു്? ഇതാ നമ്മൾ തന്നെയും നാടുവിട്ടു പോന്നതെന്തിനാണ്? കൊട്ടാരത്തിൽ പോയി നൃത്തം ചെയ്തു ജീവിക്കാമെന്നു കരുതിയല്ലേ? ഇതുപോലെതന്നെയായിരിക്കണം ലീലയുടെ അന്നത്തെ സ്ഥിതിയും.

ബാലിക — ശരിയാണ്. ദാരിദ്ര്യദുഃഖമാണ സന്മാൎഗ്ഗനിഷ്ഠയുടെ വലിയ ശത്രു. അമ്മ കഥ പറയണം.

വൃദ്ധ — എന്റെ നാവു വരണ്ടുകഴിഞ്ഞു. എങ്കിലും പറയാം. ലില സുഖമായിട്ട പുത്രിയോടും പുതിയ ഭൎത്താവിനോടും ഒന്നിച്ച് ഇരുപതു സംവത്സരത്തോളം അവിടെ പാൎത്തു. പുത്രിക്ക് ഇരുപത്തൊന്നു വയസ്സുമായി. ലിലയുടെ ഈ ഭൎത്താവിന്, അവളുടെ പുത്രിയോട് അത്ര സ്നേഹമായിരുന്നില്ല.

ബാലിക — അതു പിന്നെ അങ്ങിനെ അല്ലാതെ വരുമോ? പിതാവില്ലാത്ത കുട്ടികളെല്ലാം എന്നെപ്പോലെതന്നെ നിൎഭാഗ്യവതികളാണ. എന്റെ സ്ഥിതി ഓൎത്താൽ മതിയല്ലൊ.

വൃദ്ധ — ശരിയാണ്. അങ്ങിനെ ഇരിക്കുമ്പോൾ ഒരു ദിവസം ആ പ്രഭുവിന്റെ കുടുംബത്തിലുൾപ്പെട്ട ഒരു സ്ത്രീ ഭ്രാന്താവേശം നിമിത്തം തുള്ളി. അവൾ ഇങ്ങിനെ പറഞ്ഞു:— "ഇവിടെയുള്ള പിള്ളച്ചെന്തസ്ഥലത്തുവെച്ചു ഇരുപത്തൊന്നു ദിവസത്തെ നൃത്തം കഴിക്കുന്നതിന് ഏതെങ്കിലും കന്യകമാർ ഇറങ്ങാത്തപക്ഷം, സൎവ്വേശ്വരൻ കോപിക്കും. അങ്ങിനെ ചെയ്യില്ലെങ്കിൽ ഇവിടെയുള്ള സ്ത്രീകളെല്ലാം വിരൂപവതികളും വന്ധ്യകളുമായിത്തീരും." ഈ വെളിപാട് അനുസരിച്ച് ആരും നൃത്തത്തിനു പോകാതെയായപ്പോൾ ലീലയുടെ പുത്രിയായ ക്ലോടാസ് അതിന്നായി അവളുടെ വളൎത്തച്ഛന്റെ അനുവാദം ചോദിച്ചു. അയാൾ അതു വിസമ്മതിച്ചു. പക്ഷെ ക്ലോടാസ് അതു വകവെക്കാതെ ഇരുപത്തൊന്നു ദിവസവും അടുപ്പിച്ചു നൃത്തത്തിനു പോയി. ഈ വിവരമറിഞ്ഞു പ്രഭു അവളെ ഗൃഹത്തിൽനിന്നും നൃത്തം തീരുന്നതിനു മുമ്പു തന്നെ ബഹിഷ്കരിച്ചു. ഇരുപത്തിരണ്ടാം ദിവസമായപ്പോൾ, മുൻ പറഞ്ഞ ഫാക്കിർ അവളുടെ അടുക്കൽവന്നു ഇങ്ങിനെ പറഞ്ഞു:— "നീ നിന്റെ പരിശുദ്ധ ജീവിതത്തെ ദൈവത്തിന്നായി അൎപ്പിച്ചതിൽ ദേവി പ്രീതിപ്പെട്ടിരിക്കുന്നു. ഇന്നു അസ്തമനത്തിനുമുമ്പ് ഒരു വീരയോദ്ധാവ് ഇവിടെ വന്നു നിന്നെ വിവാഹം ചെയ്യും. നിന്റെ വളൎത്തച്ഛനെ നിഗ്രഹിച്ച് ഈ സ്ഥലത്തിലെ അധിപനായിത്തീരും."

ബാലിക — അമ്മെ! "ദേവി" എന്നു പറഞ്ഞതാരാണ്? ഇങ്ങിനെ കേട്ടിട്ടില്ലല്ലൊ.

വൃദ്ധ — നമ്മുടെ മതം യവനന്മാരുടെ മതത്തോടും ഹിന്ദുമതത്തോ

ടും ചേൎന്നതാണ്. ഈ രണ്ടു മതങ്ങളിലും പല ദേവതകളേയും ആരാധിച്ചു പ്രീതിപ്പെടുത്താറുണ്ടു. സൌന്ദൎയ്യദേവതയായ "വീനസ്സിനെ"പോലെയുള്ള ഒരു ദേവിയായിരിക്കണം.

ബാലിക – അമ്മയുടെ കഥകളെല്ലാം വളരെ രസകരമായിരിക്കുന്നു. അമ്മ പറയണം.

വൃദ്ധ — എനിക്കു വൎത്തമാനം പറയുവാൻ തീരെ പാടില്ല. എങ്കിലും എളുപ്പം പറഞ്ഞു നിൎത്താം. ആ ഫാക്കീർ പറഞ്ഞതുപോലെ അന്നേദിവസം സായാഹ്നത്തിൽ അതികോമളനായ ഒരു ഹിന്ദുപ്രഭു ഒരു കുതിരപ്പുറത്തു കയറി മംടാസ്സിന്റെ അടുക്കൽ വന്നു. അവർ പരസ്പരം അനുരാഗബദ്ധരായി. മോഹിച്ചു അതിരൂപോജ്ജ്വലയായ ആ കന്യക ആ വീരപുരുഷനെ ഗാന്ധൎവ്വമായി വിവാഹം കഴിച്ചു.

ബാലിക — അതെങ്ങിനെയാണ്? രണ്ടു പേർ തമ്മിൽ കണ്ടാൽ ഉടൻ വിവാഹമാകുമോ?

വൃദ്ധ — കുഞ്ഞേ! നിനക്കതൊന്നും അറിവാൻ പാടില്ല. ഒരു കാലത്തു് അതെല്ലാം നീയും അറിയും. അതുവരെ ക്ഷമിച്ചിരിക്കുക.

ബാലിക — അമ്മേ! എനിക്ക് ഈ ജന്മത്തിൽ വിവാഹമേ വേണ്ട. പിന്നെ, അമ്മ എന്തിനാണു ക്ഷമിച്ചിരിക്കാൻ പറഞ്ഞതു്. എനിക്ക് അതൊന്നും കേൾക്കേണ്ട. ഞാൻ കഥ കേൾക്കട്ടെ. അമ്മ പറയൂ.

വൃദ്ധ — അവർ വിവാഹം കഴിഞ്ഞു മംടാസിന്റെ മാതാവായ ലീലയോടൊന്നിച്ചു ഒരു വൎഷം പേൎഷ്യയിൽ സുഖമായി താമസിച്ചു. പക്ഷെ ആ സുകുമാരനു പല വിരോധികളും ഉണ്ടായിരുന്നു. മംടാസിനെ ഭാൎയ്യയാക്കുവാൻ അയാൾക്കു സാധിച്ചതുകൊണ്ടു് അയാളോടു പേൎഷ്യയിലെ പ്രഭുക്കന്മാരൊക്കെ പിണങ്ങി. പല കലഹങ്ങളുമുണ്ടായി. വിവാഹാനന്തരം ഒരു വൎഷം കഴിഞ്ഞപ്പോൾ മംടാസ് ഒരു പെൺകുട്ടിയെ പ്രസവിച്ചു.

ബാലിക – അമ്മേ! ഇതെന്തു രാഗഭേദമാണ്. അമ്മ പറയുന്നതെല്ലാം പെൺകുട്ടിയെ പ്രസവിച്ചു എന്നാണല്ലോ. ആ ദിക്കിൽ ആണുങ്ങളെ പ്രസവിക്കാറു പതിവില്ലേ?

വൃദ്ധ — പക്ഷെ അവൎക്കു ചില ശാപങ്ങളുണ്ടായിരിക്കാം. എന്തോ അതൊന്നും അറിഞ്ഞുകൂടാ. ആ പെൺകുട്ടിയെ പ്രസവിച്ച അന്നു രാത്രിയിൽ മുൻപറഞ്ഞ ഫാക്കീർ മൂന്നാമതും പ്രത്യക്ഷനായി. അവളുടെ ജാതകം ഗണിച്ചു.

ബാലിക — അദ്ദേഹത്തിന്റെ തൊഴിൽ, സ്ത്രീകളുടെ പ്രസവസമയം കുറിക്കുകയാണോ?

വൃദ്ധ — മകൾ! നീ അങ്ങിനെ പറയരുതു്. അദ്ദേഹം വളരെ ദിവ്യനാണ്. ഞാൻ കണ്ടിട്ടുള്ള ആളാണ്. നീ കഥ കേൾക്കുക. അവളുടെ ജാതകം ഗണിച്ചതിനുശേഷം അദ്ദേഹം വളരെ നേരം മൗനിയായിട്ടിരുന്നു. അദ്ദേഹത്തിനു വളരെ സന്താപമുള്ളതുപോലെ തോന്നി. അദ്ദേഹത്തിന്റെ കൂട്ടത്തിൽ ഉദ്ദേശം 65 വയസ്സു പ്രായം വരുന്ന വേറെ ഒരു ഫക്കീറും ഉണ്ടായിരുന്നു. രണ്ടുപേരും കൂടി എന്തോ സംസാരിച്ചതിനുശേഷം ലീലയെ വിളിച്ചു ഇപ്രകാരം പറഞ്ഞു. ഇപ്പോൾ ജനിച്ച പെൺകുട്ടിയുടെ ജാതകം വളരെ ഭയങ്കരമായിരിക്കുന്നു. അവൾ അതിഭാഗ്യവതിയാണ്. അവളുടെ 2-ാമത്തെ വയസ്സിലും 16-ാമത്തെ വയസ്സിലും വളരെ ഗ്രഹപ്പിഴകൾ ഉണ്ടു്. 2-ാമത്തെ വയസ്സിൽ അവളുടെ മാതാവും പിതാവും യുദ്ധത്തിൽ മരിക്കേണ്ടിവരും. പക്ഷെ അതു കഴിഞ്ഞാൽ പതിമ്മൂന്നു സംവത്സരക്കാലത്തേക്കു വളരെ സുഖമാണ്. അവൾ ഒരു വലിയ യശസ്സിനും ലോകാവസാനംവരെ ശാശ്വതബഹുമതിക്കും, ചക്രവർത്തിനിപദത്തിനും അവകാശിയായിത്തീരും. ഇതെല്ലാം പതിനാറാം വയസ്സിൽതന്നെ നടക്കുമെന്നും ആ വയസ്സിൽ അവൾക്കു നാലു ദുർദ്ദശകളുണ്ടെന്നും, അതിൽ അവസാനത്തെ ദുർദ്ദശയോടുകൂടി അവൾ മരണത്തെ പ്രാപിക്കുമെന്നും അറിയിച്ചു. വൃദ്ധ ഇത്രയും പറഞ്ഞു ഉടൻതന്നെ അവൾ അറിയാതെ കണ്ണിൽനിന്നും അശ്രു ധാരയായി പ്രവഹിച്ചു. ഇതു കണ്ടു ബാലിക ചോദിച്ചു:— "അമ്മക്കു ധൈര്യമില്ലല്ലോ. വല്ലവരേയും പററി കഥകൾ പറയുമ്പോൾ കരഞ്ഞാൽ ചിരിക്കാനേ എനിക്കു തോന്നുകയുള്ളൂ. അമ്മ കഥ പറകയല്ലേ? പിന്നെ കരയുന്നതെന്തിന്?"

വൃദ്ധ — "ശരിയാണു. ഞാൻ കഥയിലുള്ള അനാമവൈമനസ്യംകൊണ്ടു കരഞ്ഞുപോയി. പക്ഷെ അതിൽ നമ്മൾക്കു യാതൊരു കാര്യവും ഇല്ല." ഫക്കീർ ഇത്രയും പറഞ്ഞു് അവിടെനിന്നും എവിടെയോ പോയി മറഞ്ഞു. അദ്ദേഹത്തിന്റെ ശിഷ്യനും പോയി. അദ്ദേഹം പറഞ്ഞതുപോലെതന്നെ മൊരാടോസും ആ ധീരയുവാവും അവരുടെ പുത്രിക്കു രണ്ടു വയസ്സു പ്രായമായപ്പോൾ അഫ്ഗാൻ രാജ്യക്കാരുമായുള്ള യുദ്ധത്തിൽ മരിച്ചു എന്നാണറിയുന്നതു്. അഫ്ഗാൻകാർ രാജ്യം പിടിച്ചടക്കി.

ബാലിക — അയ്യോ! പാവം. ആ സാധു പിന്നീടു എന്തൊക്കെപ്പോലെയായി. പറക്ക എനിക്കു രാജ്യമുണ്ടായിരുന്നില്ല. എനിക്ക് അമ്മയുണ്ടല്ലോ. അവൾക്കതുമില്ലല്ലോ. ഇതിനെ വ്യത്യാസമുണ്ട്. നമ്മളും വലിയ കഷ്ടത്തിലകപ്പെട്ടിരുന്നു ഇല്ലേ?

വൃദ്ധ — ഉവ്വ്. അഫ്ഗാൻകാരുടെ അക്രമംകൊണ്ടാണു നമ്മുടെ ഗ്രാമം നശിച്ചതു.

ബാലിക — എന്നിട്ടു പിന്നെ അവളെന്തു ചെയ്തു? ആ പാവം എങ്ങിനെ ജീവിച്ചു?

വൃദ്ധ — അവൾ അതിൽ പിന്നീടു ലീലയോടൊരുമിച്ചു ഒരു രാജാവിന്റെ അടുക്കൽ ചെന്നു. അവിടെ താമസിച്ചു. കുറെ ക്ലേശങ്ങൾ അനുഭവിച്ചുവെങ്കിലും ആ ദിവ്യൻ പറഞ്ഞതുപോലെ കഷ്ടം സംഭവിച്ചില്ല. അവൾ സുഖമായിട്ടു ഒരു പാവപ്പെട്ടവനെ വിവാഹം ചെയ്തു താമസിക്കയും ചെയ്തു.

ബാലിക — ഞാൻ പറഞ്ഞിട്ടില്ലേ? ഈ ദിവ്യന്മാർ എന്നും പറഞ്ഞു നടക്കുന്നവരെല്ലാംതന്നെ കള്ളന്മാരാണെന്ന്. അയാൾ ഗണിച്ച ജാതകം വെറുതെയായില്ലേ? ആദ്യത്തെ ജാതകംതന്നെ ശരിയായോ എന്നു എനിക്കു സംശയമാണ്.

വൃദ്ധ — മകളേ! അങ്ങിനെ പറയരുതു. ജാതകത്തിൽ ചിലതെല്ലാം ശരിയാകും. നമ്മൾ പറഞ്ഞ കഥയുടെ അവസാനം ഞാൻ അങ്ങിനെയാണു കേട്ടിട്ടുള്ളൂ. അതുകൊണ്ടു മാത്രം ഞാൻ നിന്നോടു പറഞ്ഞുവെന്നേ ഉള്ളൂ. പരമാർത്ഥം ആർക്കും അറിയാൻ പാടില്ല.

ബാലിക — ഞാൻ എന്തായാലും ഈ ദിവ്യന്മാരെ വിശ്വസിക്കുന്നില്ല. അനുഭവപ്പെട്ടാൽ വിശ്വസിക്കാമെന്നല്ലാതെ, ഇവരെപ്പോലെ ലോകജീവിതം സുഖമാക്കാൻവേണ്ടി താടിയുംനീട്ടി, വടിയുംകുത്തിപ്പിടിച്ചു മന്ത്രങ്ങളും ചൊല്ലി നടക്കുന്ന എത്രയോ പാപികളെ നാം കണ്ടുകഴിഞ്ഞു. ഇടക്കു വല്ല യഥാർത്ഥയോഗികളുമുണ്ടെങ്കിൽ അവരെ അനാദരിക്കുന്നതിനുള്ള മാർഗ്ഗംകൂടി ഈ കൂട്ടരല്ലേ കാണിച്ചുകൊടുക്കുന്നതു? ഇപ്രകാരം പല ദിവ്യന്മാർ എന്നും പറഞ്ഞു ലോകരെക്കൂട്ടുക നടക്കുന്നുണ്ട്.

വൃദ്ധ — മകളേ! നിന്റെ അറിവില്ലായ്മകൊണ്ടു അവരെ അധിക്ഷേപിക്കരുതു. ദിവ്യന്മാർ എല്ലാപ്പോഴും ദിവ്യന്മാർതന്നെയാണ്. അവർ നമ്മളെക്കാൾ ജ്ഞാനികളാണ്. ഈ ലോകത്തിൽ നട

ക്കുവാൻ പോകുന്ന സകല സംഗതികളും അവക്കു ദിവ്യചക്ഷുസ്സു കൊണ്ടു അറിവാൻ കഴിയും. നീ അവരെ പരിഹസിക്കുന്നതുതന്നെയും പാപകരമാണു്.

ബാലിക—ആകട്ടെ. അമ്മ കഥ പറഞ്ഞപ്പോൾ പ്രസ്താവിക്കപ്പെട്ട ദിവ്യൻ ജ്ഞാനിയാണെന്നു അമ്മക്കു എന്താണു നിശ്ചയം? എന്നാൽ അയാൾ പറഞ്ഞതുപോലെ സകലതും സംഭവിക്കേണ്ടതല്ലെ? അയാൾ പെരുങ്കള്ളനാണു.

വൃദ്ധ—അങ്ങിനെ ഒരിക്കലുമല്ല. അദ്ദേഹം അതിദിവ്യൻതന്നെയാണു. അദ്ദേഹം ലോകരിൽനിന്നും യാതൊരു പ്രതിഫലവും ആശിക്കുന്നില്ല. ഞാൻ ഒരു ദിവസം അദ്ദേഹത്തെ കണ്ടു. കുറച്ചു പണം കൊടുക്കുവാനായി അനുവാദം ചോദിച്ചപ്പോൾ എന്നോടു പറഞ്ഞതിങ്ങിനെയാണു. "അല്ലയോ ഭാഗ്യവതി! നിന്റെ ധനത്തെയോ നിന്റെ സംഭാവനകളെയോ സ്വീകരിക്കുവാനുള്ള സ്ഥിതിയാണെനിക്കുള്ളതെന്നു നീ ധരിച്ചതു എത്രയോ വൈരസ്യം. എനിക്കു അവയുടെ ആവശ്യം ലേശമെങ്കിലും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല" ഇത്രയും പറഞ്ഞു അദ്ദേഹം എന്നെ അനുഗ്രഹിച്ചു യാത്രയായി.

ബാലിക—ആകട്ടെ. അമ്മ അദ്ദേഹത്തിന്റെ താമസവും നാടും ഊരും എവിടെയാണെന്നു ചോദിച്ചില്ലെ! അദ്ദേഹത്തിന്റെ ആകൃതി എങ്ങിനെയുള്ളതാണു?

വൃദ്ധ—അദ്ദേഹത്തിനു ഇപ്പോൾ എത്ര വയസ്സായി എന്നു നിശ്ചയമില്ല. എങ്കിലും അഞ്ഞൂറു വയസ്സിൽ കുറയുകയില്ലെന്നാണു് എനിക്കു തോന്നുന്നതു.

ബാലിക—അമ്മ, എന്തബദ്ധമാണീ പറയുന്നതു. മനുഷ്യൻ അഞ്ഞൂറു വയസ്സുവരെ ജീവിച്ചിരിക്കുമോ?

വൃദ്ധ—ഉവ്വു്. അതുകൊണ്ടുതന്നെയാണു് അദ്ദേഹം ദിവ്യനാണെന്നു ഞാൻ പറഞ്ഞതു്. കണ്ടാൽതന്നെ അതു തോന്നിക്കും. അദ്ദേഹത്തിന്റെ വസ്ത്രം തൂവെള്ളയാണു. കഴുത്തുമുതൽ കാലിന്റെ കണ്ണുവരെ മൂടിയിട്ടുള്ള ഒരു വെള്ളഉടുപ്പു ധരിച്ചിട്ടുണ്ടു. അദ്ദേഹത്തിന്റെ കൈകൾ കാൽമുട്ടുവരെ നീണ്ടുകിടക്കുന്നവയാണു. മുഖത്തു നരച്ചു വളരെ നീളമുള്ള മീശ നില്പുണ്ടു. അദ്ദേഹത്തിന്റെ പുരികംകൂടിയും വെളുത്തു നീളമുള്ള രോമം നിറഞ്ഞതാണു്. മുഖത്തിൽ രക്തം തുടിച്ചിരിക്കുന്നതായി കാണാം. ആളുടെ നിറം, മഞ്ഞയും ചുവപ്പും ഇടകലർന്ന ഒരു പുതുനിറമാണു.

തലയിൽ ഒരു ചുവപ്പുതലപ്പാവു കെട്ടിയിട്ടുണ്ടു. കൈയ്യിൽ ഒരു സ്വർണ്ണവടിയും ഒരു മാലയും ഉണ്ടു. അദ്ദേഹത്തിന്റെ നയനങ്ങൾ ഏററവും വിശാലവും നാസിക ഉയർന്നും നീണ്ടും, സ്വരം ശാന്തവും മധുരവും ആണു. ഉദ്ദേശം 7 അടിയിൽ കുറയാത്ത പൊക്കവും ആ ദിവ്യനുണ്ടു. വെള്ളിക്കൊരടുകൾകൊണ്ടു അലംകൃതമായ പാദുകകളുടെ ഉപരി പ്രശോഭിച്ച പാദങ്ങൾ ഏററവും ചുവന്നതും നിർമ്മലവുമാണു.

ബാലിക—അമ്മ പറഞ്ഞ സ്വരൂപം എനിക്കു നല്ലതുപോലെ മനസ്സിലായി. അത്തരം സ്വരൂപം എന്റെ നയനങ്ങളുടെ മുമ്പിൽ നില്ക്കുന്നതുപോലെ എനിക്കു തോന്നുന്നു. അദ്ദേഹത്തിന്റെ വീടു എവിടെയാണെന്നാണു അമ്മയെ ധരിപ്പിച്ചിട്ടുള്ളതു?

വൃദ്ധ—അതാണു് അതിലും രസകരം. അദ്ദേഹം സ്ഥിരമായി താമസിക്കുന്നതു് ഈജിപ്ത് രാജ്യത്തിലുള്ള "പിരമിഡ്" എന്ന ഭയങ്കര കെട്ടിടങ്ങളിലാണു. "പിരാമിഡ്" എന്നു പറയപ്പെടുന്നതും ഉദ്ദേശം അയ്യായിരം വർഷങ്ങളുടെ പഴക്കമുള്ളതുമായ ആ കെട്ടിടത്തിൽ അദ്ദേഹം നിഗൂഢമായി താമസിക്കുന്നു. അവിടെ നിന്നും ആണ്ടിൽ ഒരിക്കൽ അദ്ദേഹം മെക്കാ, പേർഷ്യാ മുതലായ സ്ഥലങ്ങളിലേക്കു പോകുക പതിവാണെന്നാണു് എന്റെ അറിവു്.

ബാലിക—അമ്മേ! നമ്മുടെ കഥകൾ എല്ലാം ഇതെല്ലാം അത്ഭുതകരങ്ങളായിത്തോന്നുന്നു; അതുകൊണ്ടാണു് അവയൊന്നും വിശ്വസിക്കാൻ വയ്യാത്തതു്. അദ്ദേഹം ഈജിപ്തിൽനിന്നും ഇങ്ങോട്ടു വരുന്നതെങ്ങിനെ? ഇതുപോലെയുള്ള രാജപാതകൾ ഈജിപ്തിലുണ്ടോ?

വൃദ്ധ—നീ ഇതെല്ലാം വിചാരശൂന്യതയോടെയാണു്. അദ്ദേഹത്തെപ്പോലെയുള്ള ദിവ്യന്മാർ നടക്കുമെന്നാണോ നീ കരുതുന്നതു? അദ്ദേഹം വിചാരിച്ചാൽ ഒരു മാത്രകൊണ്ടു ഈ ലോകത്തിൽ എവിടെയും പോകുവാൻ യാതൊരു പ്രയാസവുമില്ല. അത്രക്കു ദിവ്യനാണു അദ്ദേഹം.

ബാലിക—ശരിയാണു. അപ്രകാരമുള്ളവർ പിരമിഡിനകത്തു താമസമുണ്ടെന്നു ഞാൻ ചില പുസ്തകങ്ങളിൽനിന്നും വായിച്ചറിഞ്ഞിട്ടുണ്ടു. പക്ഷെ എനിക്കു അദ്ദേഹത്തെ ഒന്നു കാണാൻ കഴിഞ്ഞില്ലല്ലോ! അമ്മ പറഞ്ഞതെല്ലാം എനിക്കു സ്വപ്നംപോലെ

തോന്നുന്നു. ലോകത്തിൽ ഗൂഢമായി എത്രയോ അപ്രമേയശക്തി
കൾ വർത്തിക്കുന്നുണ്ടെന്നു ആരറിഞ്ഞു? നമ്മൾ ഇരിക്കുന്നിടത്തും,
കിടക്കുന്നിടത്തും, നടക്കുന്നിടത്തുമെല്ലാം, നമുക്കു ഇപ്പോഴും അജ്ഞാ
തവും അദൃശ്യവും ആയ നിഗൂഢശക്തികൾ വർത്തിക്കുന്നുണ്ടെന്നു
തിൽ യാതൊരു തർക്കവും ഇല്ല. അമ്മ പറഞ്ഞതെല്ലാം പരമാ
ർത്ഥമായിരിക്കാം. പക്ഷെ ഞാൻ അവയെ വിശ്വസിക്കാത്തതു്
എന്റെ ഇന്ദ്രിയങ്ങൾക്കു അവ ഗോചരമാകാത്തതുകൊണ്ടാണു.
എങ്കിലും ദിവ്യന്മാർ ഈ ലോകത്തിൽ ഉണ്ടാകാമെന്ന തർക്കമില്ല. ഈ
ലോകം ഭരിച്ചുകൊണ്ടുപോകുന്ന ആ മഹാചൈതന്യത്തിന്റെ കി
രണങ്ങൾ അവരിൽ വ്യാപിച്ചിരിക്കുന്നതെങ്ങിനെ?

വൃദ്ധ—അതുതന്നെയാണു ഞാൻ നിന്നോടു പറഞ്ഞതു. ഈ ലോ
കത്തിൽ നാം കാണുന്ന പദാർത്ഥങ്ങൾ വളരെ ഇതരങ്ങളാണു. ലോ
കത്തിലുള്ളവയിൽ മുക്കാൽഭാഗവും നമുക്കു അജ്ഞാതമായിരിക്കു
ന്നു. അതുകൊണ്ടു പലതും നമ്മൾക്കു അതിശയകരമായിത്തോ
ന്നും. അതു നമ്മുടെയോ ഈശ്വരന്റെയോ കുറ്റമല്ല. ഇന്ന
ത്തെ ധനികൻ നാളത്തെ യാചകൻ; ഇന്നത്തെ യാചകൻ നാള
ത്തെ ധനികൻ; ഇതാണു നാം എപ്പോഴും ധരിക്കേണ്ടതായിട്ടുള്ള
രഹസ്യം. മകളെ! വർത്തമാനം കൂടുതൽ പറഞ്ഞതുകൊണ്ടു വായു
സ്തംഭിച്ചിരിക്കുന്നു. ക്ഷീണവും ദാഹവും വളരെ വർദ്ധിക്കുന്നു.
എന്റെ കണ്ണും തലയും ചുറ്റുന്നുവല്ലൊ.

ബാലിക—നമ്മൾക്കു സാവധാനത്തിൽ, ആ ദേവാലയത്തിന്റെ
അകത്തേക്കു പോകാം. അവിടെ നല്ല തണുപ്പും കാററും ഉണ്ടു്.
ആരുടെയും ഉപദ്രവം ഉണ്ടാകയുമില്ല. വെള്ളം മുക്കി എടുക്കാൻ
വളരെ സൌകര്യവും ഉണ്ടു.

വൃദ്ധ—നീ പറഞ്ഞതു പരമാർത്ഥമാണു്. എനിക്കു ഒന്നുറങ്ങണം.
ഇത്രയും പറഞ്ഞു വൃദ്ധ വളരെ സാവധാനത്തിൽ ആ പാതയുടെ
അരികിൽ നിന്നും എഴുന്നേററു. ബാലിക വൃദ്ധയുടെ കൈക്കു പി
ടിച്ചുകൊണ്ടു ദേവാലയത്തിന്റെ നടകൾ ഓരോന്നായി കയറിത്തു
ടങ്ങി. അവരിൽ വൃദ്ധയുടെ മുഖം, നാം മുമ്പു കണ്ടതിൽനി
ന്നും ഭാവവ്യത്യാസമുള്ളതായിത്തീന്നു. അവളുടെ മുഖത്തു് ഒരു
ഉഗ്രത പ്രത്യക്ഷപ്പെട്ടു. അവർ രണ്ടുപേരുംകൂടി സാവധാനമായി
ദേവാലയത്തിന്റെ മതിൽക്കെട്ടിനുള്ളിൽ കടന്നു, അവിടെ ഒരു
ഭാഗത്തു ഭംഗിയായി കെട്ടിനിർത്തിയിരുന്ന "മാർബിൾ" താ
യിൽ ഇരുന്നു. വൃദ്ധ അത്യധികമായ ക്ഷീണംകൊണ്ടും മററും ത

ളുന്നു യാതൊരു വൎത്തമാനവും ഉരിയാടാതെ അവിടെത്തന്നെ കിടന്നു. ബാലിക ഏററവും പരിഭ്രമചിത്തയായി, കുറച്ചു വെള്ളം മുക്കിയെടുക്കാൻ തൊട്ടിയുടെ അടുക്കലേക്കു പോയി. ബാലിക വെള്ളം വളരെ വേഗത്തിൽ കൊണ്ടുവന്നു. വൃദ്ധ ദൈവിധ്യത്തിൽ മുക്കിയും മൂളിയും ഇടറിയും ഇപ്രകാരം പറഞ്ഞു.—"എനിക്കു—ദാഹം വളരെ ഉണ്ടു. വെള്ളം വായിൽ ഒഴിക്കുക. നീ ആ ഭാണ്ഡം സൂക്ഷിച്ചുകൊള്ളുക. നീ എന്റെ അടുക്കൽ ഇരിക്കുക. ഞാൻ ഒന്നുറങ്ങട്ടെ" ഇതു കേട്ട ആ സാധുബാലികയാകട്ടെ, താൻ കൊണ്ടുവന്ന വെള്ളം മുഴുവനും വൃദ്ധയുടെ വായിൽ ഒഴിച്ചുകൊടുത്തു. വൃദ്ധ, ആ ജലം മുഴുവനും ഒററ വായിൽതന്നെ കുടിച്ചു. അവർ നയനങ്ങൾ അടച്ചു നിദ്ര ആരംഭിച്ചു. അമ്മയുടെ നിദ്ര യാതൊരു തരത്തിലും ഭഞ്ജിക്കരുതെന്നു കരുതി, ആ മനോഹര ബാലിക തന്റെ കൈയ്യിൽ ഉണ്ടായിരുന്ന ചെറിയ ഭാണ്ഡത്തെ താഴെ വച്ചിട്ടു, അല്പം ദൂരെ മാറി ഇരിപ്പായി.

അവളുടെ മുഖഭാവവും അല്പം വ്യത്യാസപ്പെടാതിരുന്നില്ല. അവളുടെ ഹൃദയത്തിൽ നാനാതരത്തിലുള്ള വിചാരപരമ്പരകൾ ഉദിച്ചുയൎന്നു. അവളുടെ സ്വാതന്ത്ര്യത്തെ തല്ലിത്തകൎത്തുവെങ്കിലും യാതൊന്നും പറയാതെ, യാതൊന്നും കാണാതെ, മൌനം അവലംബിച്ചു മാതാവിന്റെ ജാഗ്രദവസ്ഥയെ മാത്രം പ്രതീക്ഷിച്ചുകൊണ്ടു, ആ പാവനാംഗി വെൺകല്ലിൻതറയിൽ സാലഭഞ്ജികപോലെ നിശ്ചേഷ്ടയായിരുന്നു.

മൂന്നാം അദ്ധ്യായം

ലോകചരിത്രത്തിൽ, പ്രതാപശാലികളായി പ്രശോഭിച്ചിരുന്ന, അനേകം രാജാക്കന്മാരുടെ നാമം ഇന്നു ബഹുമാനപുരസ്സരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, അവരിൽ വളരെ കുറച്ചുപേർ മാത്രമേ 'മഹാൻ' എന്ന ബിരുദം നൽകപ്പെട്ടിട്ടുള്ളുവെന്നു എല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണ്. ഒരു രാജാവിന്റെ വലിപ്പമോ, പ്രതാപമോ, പ്രഭുത്വമോ ക്ഷണികങ്ങളായിരുന്നാലും മഹത്വം ഒരിക്കലും ക്ഷണികമായിരിക്കുന്നില്ല. അലക്സാണ്ടറെപ്പറ്റിയോ, ആൽഫ്രഡ്ഡിനെപ്പറ്റിയോ ഹാനിബാളിനെപ്പറ്റിയോ ഫെഷ്നെപ്പറ്റിയോ, നെപ്പോളിയനെപ്പറ്റിയോ ജൂലിയസ്സ് സീസറെപ്പറ്റിയോ ലോകത്തിന് ഒരുകാലത്തും വിസ്മരിക്കുവാൻ സാധിക്കുന്നില്ല. അവരുടെ എല്ലാം ജീവിതം കേവലം സുഖസമ്പൂർണ്ണമായിരുന്നതായി ചരിത്രം പഠിപ്പിക്കുന്നില്ല. അനേകതരത്തിലുള്ള ക്ലേശങ്ങൾ സഹിച്ചു, ലോകത്തിന്റെയും ലോകരുടെയും ഉൽകർഷത്തിനും ഉന്നതിക്കുംവേണ്ടി, സൌഖ്യത്തിനും സൌഭാഗ്യത്തിനും വേണ്ടി, ശ്രേയസ്സിനും ശ്രേഷ്ഠതക്കും വേണ്ടി, പല വിജയങ്ങളും സമ്പാദിച്ചു ഭാരമേറിയ ലോകശകടത്തെ തനിയെ വഹിച്ചു നവീനപന്ഥാക്കളിൽക്കൂടി നയിച്ചതിന്റെ ലക്ഷ്യമായിട്ടാകുന്നു അവർക്കെല്ലാം ഈലോകം വിലയേറിയ "മഹത്വ"മുദ്രയെ ചരിത്രകാരന്മാർ നൽകിയിട്ടുള്ളത്. യാതൊരു ക്ലേശവും അനുഭവിക്കാതെ സുഖലോലുപന്മാരായി ജന്മം കഴിച്ചുകൂട്ടിയിട്ടുള്ള ഭരണാധികാരികൾ ലോകത്തിൽ അനേകം ഉണ്ടായിരിക്കാം. അവരുടെയെല്ലാം ജീവിതമോ, ജീവിതപ്രവൃത്തികളോ, നാം അനുസ്മരിക്കേണ്ടിവരുന്നില്ല. എന്തുകൊണ്ടെന്നാൽ, ലോകത്തിനു പ്രത്യേകപാഠങ്ങൾ പഠിപ്പിക്കത്തക്ക യാതൊരു പ്രവൃത്തിയും അവരുടെ ഭോഗമയമായ ജീവിതത്തിൽ ചെയ്തുതീർക്കാത്തതിനു, അധികാരപ്രമത്തത മൂലമോ, അഹങ്കാരപ്രാതിനിധ്യംമൂലമോ, അനാവശ്യപ്രതാപംമൂലമോ, അർത്ഥമില്ലാത്ത പ്രഭാവംമൂലമോ, അവർ അപ്രാപ്തന്മാരായിത്തീർന്നതുകൊണ്ടാണ്. നേരെമറിച്ചു ഇന്നു നാം മഹാന്മാർ എന്ന നിലയിൽ അറിയുന്നവരാകട്ടെ, അവരുടെ ഭരണകാലത്തിൽ ഏറിയകൂറും, സന്താപങ്ങളിലും അപകടങ്ങളിലും കൂടി നയിച്ചു, ലോകരുടെ ശാശ്വതബഹുമതിക്കും സ്നേഹത്തിനും,അതിശയത്തിനും പാത്രങ്ങളാകത്തക്ക രീതിയിൽവിജയം സമ്പാദിച്ചിട്ടുള്ളവരായതുകൊണ്ടും ആകുന്നു അപ്രകാരം ലോകചരിത്രത്തിൽ, ശാശ്വതബഹുമാനത്തിനു അടിസ്ഥാനമായി, ഇന്നും —എന്ന

ല്ല — എന്നും പ്രശോഭിക്കുന്ന ഒരു നാമമാകുന്നു ഭാരതത്തെ ക്രിസ്ത്വബ്ദം 16-ാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ, മഹനീയമാംവണ്ണം ഭരിച്ചിരുന്ന അക്ബർ ചക്രവർത്തിയുടേതെന്നു, ഭാരതചരിത്രത്തെപ്പററി കേൾക്കുകയെങ്കിലും ചെയ്തിട്ടുള്ള ഒരുവനോടും പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമില്ല.

മഹാനായ അക്ബർചക്രവർത്തിയുടെ 'മഹത്വം' എന്തിലാണു സ്ഥിതിചെയ്യുന്നതെന്നു വിവരിച്ചു പറയേണ്ടതു ചരിത്രകാരന്റെ ചുമതലയാകുന്നു. അയാൾ ആ കൃത്യം ഏററവും നിഷ്കർഷയോടുകൂടിത്തന്നെ വിസ്മയകരമാംവണ്ണം നിറവേററിയിട്ടുണ്ടെന്നു നമുക്കറിയാവുന്നതുകൊണ്ടു ആഖ്യായികാകർത്താവിനു ആവക ശ്രമഭാരങ്ങൾ വഹിക്കേണ്ടതായിട്ടില്ല. എങ്കിലും കഥയുടെ ചടങ്ങനുസരിച്ചു, ചരിത്രകാരന്റെ സൂക്ഷ്മഗ്രാഹ്യമായ തൂലികത്തുമ്പിൽനിന്നും "ചോർന്നു" പോയിട്ടുള്ള ചില ബിന്ദുക്കളെ ഈ ആഖ്യായികയുടെ പലഭാഗങ്ങളിലായി സംഗ്രഹിക്കേണ്ടിവന്നിട്ടുള്ളതുകൊണ്ടു, ആ ചുമതല ഇവിടെ നിർവഹിച്ചുകൊള്ളട്ടെ.

അക്ബറുടെ മഹാവൈശിഷ്ട്യം അദ്ദേഹത്തിന്റെ മതസ്വാതന്ത്ര്യത്തിലാണു സ്ഥിതിചെയ്യുന്നതെന്ന പരമാർത്ഥം ഒരിക്കലും വിസ്മരിക്കത്തക്കതല്ല. വിഭിന്നജാതികളും, വിഭിന്നമതാവലംബികളുമായ ജനസമൂഹത്തെ — അനേകകാലമായി ഹിന്ദുക്കളെന്നും മഹമ്മദീയരെന്നുമുള്ള സങ്കുചിതമനസ്ഥിതിയിൽനിന്നും ഉദിച്ചുയർന്ന മതവിദ്വേഷമൂലം പല കലാപങ്ങൾക്കും, പരസ്പരശത്രുതയ്ക്കും പാത്രമായ ജനസമൂഹത്തെ — എല്ലാം തന്റെ നയവിശാലതകൊണ്ടു ഏകോപിപ്പിച്ചു, തമ്മിൽതമ്മിൽ യാതൊരു രീതിയിലും കലഹിക്കാതിരിക്കത്തക്കവണ്ണം യോജിപ്പിച്ചു, ഐക്യപരിപാലനം ചെയ്തുപോന്ന ഏക മുഗൾചക്രവർത്തി അക്ബർ ആയിരുന്നുവെന്ന പരമാർത്ഥത്തെപ്പററി ആലോചിക്കുമ്പോൾ അദ്ദേഹത്തിന്റെ മഹത്വം എത്രത്തോളമുണ്ടായിരുന്നുവെന്നു എളുപ്പം ഗ്രഹിക്കാവുന്നതാണ്. ഇതിനുപുറമെ, ഹിന്ദുക്കളും, മഹമ്മദീയരും ആയ തന്റെ ഇരുഭാഗം പ്രജകളിൽ, മതക്കൂട്ടർക്കും കൂടുതൽ പ്രാധാന്യമോ പ്രതാപമോ അനുവദിക്കാതെ, ഇരുകൂട്ടരെയും തമ്മിൽ യോജിപ്പിക്കുന്നതിനുവേണ്ടി പരസ്പരം വിവാഹമാകുന്ന ഒരു ദൃഢമായ ബന്ധത്തിൽ ഏർപ്പെടുത്തിയതും അക്ബറുടെ മററൊരു നയമായിരുന്നു. ആവർത്തിച്ചാവർത്തിച്ചു രാജപുത്രന്മാരെ അക്ബർ പരാജിത[illegible]ാക്കിയെങ്കിലും, അവരുടെ ആശ്രയമായ ചിത്തൂ

ശൌൎയ്യപരാക്രമങ്ങളെപ്പററി ആന്തരമായി അഭിനന്ദിച്ചിരുന്ന ചക്രവൎത്തി, അവരിൽ പല പ്രധാനികളേയും സാമ്രാജ്യത്തിന്റെ പലഭാഗങ്ങളും ഭരിക്കുന്നതിനായി നിയമിക്കയും അവൎക്ക് കൊട്ടാരത്തിലും രാജസ്ഥാനത്തിലും ശരിയായ അധികാരവും പ്രാതിനിധ്യവും നൽകകയും ചെയ്തു.

ഈപ്രകാരമെല്ലാം രാജ്യക്ഷേമത്തിന്നുപകരിക്കുന്ന പല നല്ല ഉപായങ്ങളും സ്വീകരിച്ചു ഭരണക്കൂടത്തെ ഏററവും ഉജ്ജ്വലമാക്കിത്തീൎത്തതിന്നുശേഷം ക്രിസ്ത്വാബ്ദം 1596-ാം വൎഷം ഗ്രീഷ്മകാലത്തോടുകൂടി, വിക്രമനായ അക്ബർ ആഗ്രായിൽ താമസമുറപ്പിച്ചു. തന്റെ പതിന്നാലാമത്തെ വയസ്സിൽ, രാജാധിരാജാധികാരത്തോടുകൂടി 1556-ാമാണ്ടു, സ്വീകരിക്കേണ്ടിവന്ന കരവാളത്തെ നാല്പതുസംവത്സരത്തെ ഭയങ്കരമായ അനേകം പോരാട്ടങ്ങളിൽ പങ്കുകൊണ്ട് രക്തദാഹം ശമിപ്പിച്ചതിന്നു ശേഷം, തൃപ്തനായി ഉറയിൽനിക്ഷേപിച്ചു. അദ്ദേഹത്തിന്റെ ആശയം അടിസ്ഥാനമായിരുന്ന രാജ്യങ്ങളെല്ലാംതന്നെ ഓരോന്നോരോന്നായി പിടിച്ചടക്കുകയും, അവയെല്ലാം ക്ഷേമത്തോടും ശാന്തിയോടുംകൂടി ഭരിക്കുന്നതിന്നായി തന്റെ പ്രീതിക്കും വിശ്വാസത്തിന്നും പാത്രങ്ങളായിരുന്ന ഉദ്യോഗസ്ഥന്മാരെ നിയമിക്കയും ചെയ്തശേഷം വിശ്രമവാസത്തിന്നായിട്ടാണ് അദ്ദേഹം ആഗ്രായിൽ വന്നതു്. എങ്കിലും അദ്ദേഹത്തിന്റെ ഹൃദയാന്തരത്തിൽ എന്തോ ഗൂഢമായിട്ടുള്ള ഒരു അതൃപ്തി —സന്താപലേശം— പലപ്പോഴും വെളിവാകാതിരുന്നില്ല. വസന്തത്തിന്നിടയിലുള്ള വൎഷപാതംപോലെന്നപോലെ സൌഖ്യത്തിന്നിടയിലുണ്ടായിരുന്ന ഈ ഹൃദയശല്യം അദ്ദേഹത്തിൽ പൊടുന്നനവെ ഉൽക്കണ്ഠാകാരണമായിത്തീൎന്നു. ഇതിന്നുള്ള ഹേതുവെന്താണെന്നു അദ്ദേഹത്തോടു് ചോദിക്കുന്നതിന്നു ധൈൎയ്യമുള്ളവരൊ, അതിനെപ്പററി അന്വേഷിച്ച് അറിയുന്നതിന്നു ഉത്സാഹമുള്ളവരൊ, കൊട്ടാരത്തിന്നുള്ളിലോ, പുറത്തോ ഉണ്ടായിരുന്നില്ല; അദ്ദേഹം ആവക സംഗതികളെപ്പററി തന്റെ പ്രേമഭാജനങ്ങളായിരുന്ന അന്തഃപുരവാസികളേയോ, തന്റെ വിശ്വാസപാത്രങ്ങളായിത്തീൎന്നിട്ടുള്ള മന്ത്രിമാരേയോ, തന്റെ വാത്സല്യനിധികളായിരുന്ന പുത്രന്മാരേയോ അറിയിക്കുവാനും ഉദ്ദേശിച്ചിരുന്നില്ല. എങ്കിലും പല ഘട്ടങ്ങളിലും സചിവന്മാരുമായിട്ടുള്ള കാൎയ്യവിചാരണവേളയിലും, പ്രാണപ്രേയസികളുമായിട്ടുള്ള സ്വൈരസല്ലാപാവസരങ്ങളിലും, പുത്രന്മാരുമായിട്ടുള്ള സംഭാഷണാവസരങ്ങളിലും

അദ്ദേഹത്തിന്റെ കൺകളിൽ ജ്വലിച്ചിരുന്ന വിഷാദാഗ്നിയുടെ എരിപൊരികൾ ആ വിശാലമായ നയനങ്ങളിൽ കൂടി പാറിപ്പറന്നുകൊണ്ടിരുന്നു. കലാപബാഹുല്യമായിരുന്ന ഒരു വിസ്തൃതസാമ്രാജ്യത്തെ സമാധാനസമ്പൂർണ്ണമാക്കിത്തീർക്കുവാൻ നിഷ്പ്രയാസം സാധിച്ച ആ മഹാനരാധിപനിൽ കുടികൊണ്ടിരുന്ന സന്താപം ഏതുരീതിയിലുള്ളതായിരുന്നിരിക്കാം;

"വിശിഷ്ടമാം ശോഭമെഴുന്ന മിഴിക്കിൽ
വിഷാദബീജങ്ങളെമുളപ്പിച്ചുദൈവം."

എന്ന് ഒരു കവി പാടിയിട്ടുള്ളത് എത്രയോ പരമാർത്ഥം. അദ്ദേഹത്തിന്റെ വിസ്തൃതവും അനർഘവുമായി പരിലസിക്കുന്ന, സാമ്രാജ്യത്തിൽ ഏതെങ്കിലും ഒരു ഭാഗം നഷ്ടമാകത്തക്ക രീതിയിൽ വല്ല ഗുരുതരകലാപങ്ങളും എവിടെയെങ്കിലും ഉണ്ടായിരിക്കുന്നതായി അദ്ദേഹം അറിഞ്ഞിട്ടുണ്ടോ? അപ്രകാരമാണെങ്കിൽ, ഇതെല്ലാം ധീരനും നയജ്ഞനും ആയ അദ്ദേഹത്തിൽ, ഒരു ശോകപരിഭവമെന്നുള്ള രീതിയിൽ ഒരിക്കലും കുടികൊള്ളുകയില്ലെന്ന്, എത്രയോ കലാപങ്ങൾ ഉണ്ടായിട്ടും അവയെല്ലാം ക്ഷണനേരംകൊണ്ടു കലാശിപ്പിച്ച, ആ യുദ്ധചാതുര്യം വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. ആ സ്ഥിതിക്ക്, അതുകൊണ്ട് അദ്ദേഹം അസ്വസ്ഥനായിരിക്കയില്ല. എന്നാൽ അന്തഃപുരത്തിനുള്ളിൽ അദ്ദേഹത്തിന്റെ നിഷ്കളങ്കപ്രേമത്തിന് അനുസ്യൂതമായി ജീവിക്കുന്ന സുന്ദരികളിൽ ആരെങ്കിലും അദ്ദേഹത്തെ വഞ്ചിക്കയോ, അല്ലാത്തപക്ഷം അവരിൽ ആർക്കെങ്കിലും കഠിനമായ ദുഃഖം വല്ലതും നേരിട്ടിരിക്കയോ ചെയ്തിരിക്കാം. അതൊരിക്കലും ഉണ്ടാകയില്ല. മാതനായകൻ എന്ന നിലയിൽ വിശ്വവിഖ്യാതനായ അക്ബർ സാർവ്വഭൗമനെ വഞ്ചിക്കത്തക്ക മനസ്ഥിതിയോടുകൂടിയ സ്ത്രീകൾ അന്തഃപുരത്തിലൊരിക്കലും ജീവിക്കയില്ല, അഥവാ, അപ്രകാരമുണ്ടെങ്കിൽ, പൌരുഷം മൂർത്തീകരിച്ച ചക്രവർത്തിയുടെ ഒരു നോട്ടം അവളെ ഭസ്മീകരിക്കാതിരിക്കുന്നതെങ്ങിനെ? അതിൽ ഭയപ്പെടത്തക്ക ചാപല്യം മഹാനായ അക്ബർ ചക്രവർത്തിയിൽ ഉണ്ടായിരിക്കാമെന്നു സംശയിപ്പതുതന്നെയും വലിയ മൌഢ്യമാണ്. അന്തഃപുരത്തിലെ ബന്ധുരാംഗികളിലാർക്കെങ്കിലും സന്താപമുണ്ടായിരുന്നാൽത്തന്നെയും അതിനെപ്പറ്റിവേണ്ടതു ചിന്തിച്ച് സാന്ത്വനപ്പെടുത്താറുള്ള ചക്രവർത്തി— അവരെ സമാധാനപ്പെടുത്തുവാനുള്ള ധീരതനിറഞ്ഞുവഴിയുന്ന പൌരുഷമൂർത്തി—തനിയെതന്നെ വ്യാകുലപ്പെടുകയില്ലെന്നതു നിശ്ചയമാ

ണ്ട്. അതുമല്ലെങ്കിൽ കൊട്ടാരത്തിൽനിന്നും ചക്രവർത്തിക്കു ഏററവും
പ്രിയമായിട്ടുള്ള വല്ല സാധനവും മോഷണം പോയതുകൊണ്ടോ മററു
വല്ല രീതിയിലും നഷ്ടമായതുകൊണ്ടോ അദ്ദേഹം ഖേദിക്കുന്നതായിരി
ക്കുമോ? ഒരിക്കലും അപ്രകാരം സംഭവിക്കയില്ല. രാജസിംഹമായ
അക്ബറുടെ കൊട്ടാരത്തിൽനിന്നും—യാതൊരുത്തൻെറ ഭരണകാ
ലത്താണോ, നാട്ടുകാർ ധനത്തെ പെരുവഴിയിൽക്കൂടി സ്വസ്ഥചി
ത്തന്മാരായി നിക്ഷേപിക്കുന്നതിനുള്ള ധൈര്യമുണ്ടായിരുന്നതു് അദ്ദേ
ഹത്തിൻെറ വാസസ്ഥാനത്തിൽനിന്നും—ഒരു സാധനം മോഷണം
പോകുകയെന്നുള്ളതു് അസംഭാവ്യംതന്നെ. അദ്ദേഹത്തിൻെറ കൈ
യിൽനിന്നും നഷ്ടപ്പെടുന്ന ഏതു സാധനത്തേയും ഒററ വാക്കുകൊണ്ടു
പുനഃസ്ഥാപിക്കുവാനുള്ള പ്രതാപം അക്ബറിൽ ഉണ്ടായിരിക്കെ,
അഥവാ, വല്ല നഷ്ടവും നേരിട്ടിരുന്നാൽതന്നെയും അതിനെപ്പററി വി
ചാരിച്ചു് ദുഃഖിക്കുവാൻ അക്ബർ കേവലം വിഡ്ഢനാണെന്നു വരു
ന്നതല്ല. എന്നാൽപിന്നെ എന്തു ദുഃഖമായിരിക്കാം അദ്ദേഹത്തിൽ
ഉണ്ടായിരുന്നതു്.? സർവ്വേശ്വരനും അദ്ദേഹത്തിനും അറിയാമെന്ന
ല്ലാതെ നമുക്കു് വിചാരിക്കുവാൻകൂടി സാദ്ധ്യമല്ല.

ഇതാ! അക്ബർ ആഗ്രയിൽ വാസം ഉറപ്പിച്ചതിനുശേഷം മൂ
ന്നുപ്രാവശ്യം ഗ്രീഷ്മ ഋതു അദ്ദേഹത്തെ സന്ദർശിച്ചുകഴിഞ്ഞു. നാലാ
മത്തെ വർഷവും ആരംഭിച്ചു. ഒരുദിവസം ചക്രവർത്തി തൻെറ സ്വ
കാര്യമുറിയിൽ സിംഹാസനസ്ഥനായിരിക്കയായിരുന്നു. ചക്രവർത്തി
തൻെറ ഭക്ഷണംകഴിഞ്ഞു് രാജ്യകാര്യങ്ങളെപ്പററി ആലോചിക്കാൻ
പതിവുപോലെ അവിടെ വന്നപ്പോൾ മന്ത്രിമാരിൽ ഓരോരുത്തരായി
അദ്ദേഹത്തെ സന്ദർശിച്ചു. എന്നാൽ പെട്ടെന്നു് എന്തോ ചില സം
ഗതികളെപ്പററി ആലോചിച്ചു തീർച്ചപ്പെടുത്തിയതുപോലെ, ചക്രവ
ർത്തി അവരോടെല്ലാം വൈകുന്നേരം വന്നാൽ മതിയെന്നു ആജ്ഞാ
പിച്ചു. അതനുസരിച്ചു സചിവന്മാർ അവിടെനിന്നു യാത്രയായി.
അതുകഴിഞ്ഞു് അദ്ദേഹം "കുമാരസേനൻ" എന്നു രണ്ടുപ്രാവശ്യം
അരുളി. തത്സമയം സുമുഖനും, മുഗൾവംശരാജചിഹ്നങ്ങളെ വഹി
ക്കുന്ന കഞ്ചുകത്തെ ധരിച്ചിട്ടുള്ളവനും, ഉദ്ദേശം മുപ്പതുവയസ്സു പ്രായം
തോന്നിക്കുന്നവനും ആയ ഒരു യുവാവു് ചക്രവർത്തിയുടെ മുമ്പിൽ ഏ
ററവും ആദരവോടുകൂടി പ്രത്യക്ഷനായി. അയാളെ കണ്ടമാത്രയിൽ
ചക്രവർത്തി ചോദിച്ചു:—

"ഇന്നലെ പറഞ്ഞിട്ടുള്ള സംഗതികളെപ്പററി വിവരമായി അ
ന്വേഷിച്ചുവോ? ഉണ്ടെങ്കിൽ പരമാർത്ഥം പറയൂ കേൾക്കട്ടെ."

കുമാര — അവിടുന്നു കല്പിച്ചതുപോലെ അടിയൻപോയി. ഗൂഢമാൎഗ്ഗങ്ങളും എല്ലാംതന്നെ നല്ലതുപോലെ തിരഞ്ഞു. എന്നാൽ വാസ്തവസംഗതിയെപ്പററി അടിയനു യാതൊന്നും അറിവാൻ കഴിഞ്ഞില്ല. ഇനിയും പല മാൎഗ്ഗങ്ങളിൽകൂടി പോയി അന്വേഷിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ചക്രു — അപ്രകാരമാണൊ? നീ എവിടെയാണ് അന്വേഷിച്ചതു്? ഞാൻ പറഞ്ഞിരുന്ന സ്ഥലങ്ങളിൽകൂടി നീ പോയില്ലേ? നൂർമഹാൾ എന്നാണു് ഇവിടെനിന്നും അദൃശ്യയായതു്. അവളെ സലിതന്നെ അകററിനിൎത്തിയിരിക്കയല്ലേ?

കുമാര — തിരുമേനി! അടിയൻ അറിഞ്ഞിട്ടുള്ളതു ഉണൎത്തിക്കാം. നൂർമഹാൾ അന്തഃപുരത്തിൽനിന്നും അദൃശ്യയായതു് ഉദ്ദേശം അഞ്ചു സംവത്സരങ്ങൾക്കുമുമ്പാണു്. കുമാരിയായി ഒരു സ്ത്രീകണ്ടായിരുന്ന അനൎഘസൗന്ദൎയ്യത്തെ അവിടുന്നു പരിഗ്രഹിക്കുവാനായി ഇനിയുന്നുണ്ടെന്നും ഷീയർഖാനെക്കൊണ്ടു് അവളെ വിവാഹം ചെയ്യിക്കാനായി പരിശ്രമിക്കുന്നുണ്ടെന്നും ഞാനതുതന്നെ ഇവിടെ അറിഞ്ഞിട്ടുണ്ടു്. ഷീയർഖാൻ അവളെ വിവാഹം ചെയ്ത ആ ദിവസംതന്നെ അയാൾ വധിക്കപ്പെട്ടുവെന്നാണറിയുന്നതു്.

ചക്രു — അതെ ഷീയർഖാനെ വധിച്ചുവെന്നു നിനക്കു നിശ്ചയമുണ്ടോ.

കുമാര — ഇല്ല. അന്വേഷണത്തിൽ അയാൾ നൂർമഹാൾ ഒരുമിച്ചു ബങ്കാളത്തു താമസിക്കുന്നതായിട്ടാണു് ഞാൻ ആദ്യം കേട്ടിട്ടുള്ളതു്.

ചക്രു — നൂർമഹാളെപ്പററി നിനക്കെന്തെല്ലാം അറിവാൻ കഴിഞ്ഞിട്ടുണ്ടു്.

കുമാര — അവളുടെ മാതാപിതാക്കന്മാർ അവളെ കന്ദഹാറിൽവെച്ചു് ചെറുപ്പത്തിൽതന്നെ ഉപേക്ഷിച്ചു. അവൾ ചെറുപ്പകാലം മുതല്ക്കുതന്നെ ആഗ്രായിലെ അന്തഃപുരത്തിലാണ് താമസിച്ചിരുന്നതു്.

ചക്രു — ശരി. ഞാൻ വിവരങ്ങൾ പറയാം. അവൾ ഇവിടെ വന്നതു് അവളുടെ പത്താമത്തെ വയസ്സിലാണു്. ഇപ്പോൾ അവൾക്കു് ഇരുപത്തുവയസ്സു പ്രായം ഉണ്ടായിരിക്കണം. ആ സ്ഥിതിക്കു അവൾ അദൃശ്യയായി തീൎന്നതു പതിനഞ്ചാമത്തെ വയസ്സിലായിരിക്കണമല്ലൊ. നാം ഷീയർഖാനെക്കൊണ്ടു് വിവാഹം ചെയ്യിച്ചതിനുശേഷം ആ രാത്രിതന്നെ അവരെ ബങ്കാളത്തേക്കു് അയക്കുകയാണു ചെയ്തിട്ടുള്ളതു്. നീ ആദ്യമായി അന്വേഷിക്കേണ്ടതു് അവർ ഒന്നുപോലും ബങ്കാളിൽതന്നെ താമസം ഉണ്ടോയെന്നാണ്. വിവരം ഉടൻ അറിയിച്ചുകൊള്ളണം. ഷീയർഖാനെ വധിച്ചു

വെന്നു പറയുന്നതു ശരിയല്ല. ഷീയർഖാന്റെ കൂടെ നൂർജഹാൻ ഇല്ലാത്തപക്ഷം സെലിം അവളെ എവിടെ എങ്കിലും പാർപ്പിച്ചിരിക്കുമെന്നതു നിശ്ചയമാണ്. അതും ഉടൻ അന്വേഷിക്കുക. ഇനി ഇന്നലെ പറഞ്ഞ സംഗതികളെപ്പററിയാണ്. നീ ആ ഗൂഢപാതകളിൽക്കൂടി തന്നെയല്ലെ പോയതു്.

കുമാര — അതെ. അവിടെ ആരേയും കണ്ടില്ല.

ചക്ര — സെലിം ഇപ്പോൾ അനുരക്തനായിത്തീർന്നിരിക്കുന്നവൾ രൂപവതിയാണോ? അവളുടെ രാജ്യമേതാണ്? അവളുടെ പേരെന്താണ്?

കുമാര — നൂർജഹാൻ ഇവിടെനിന്നും പോയതിനുശേഷമാണ് ഇവൾ ഇവിടെ വന്നിട്ടുള്ളതു്. ഉദ്ദേശം രണ്ടു സംവത്സരത്തോളം ആയിരിക്കണം. അവൾ ജയപ്പൂർ രാജ്യത്തിലെ ഒരു പരിചാരികയാണ്. മെഹർ എന്നാണു നാമധേയം.

ചക്ര — സെലിം ഈ പരിചാരികയെ എന്നാണ് കൊണ്ടുവന്നിട്ടുള്ളതു്?

കുമാര — ജയപ്പൂർ രാജ്യത്തെ പിടിച്ചടക്കാനായി രണ്ടു സംവത്സരം മുമ്പു് പോയിരുന്നു. അപ്പോൾ അവിടെനിന്നും കൊണ്ടുവന്നിട്ടുള്ള പരിചാരികയാണ്.

ചക്ര — അവൾ രൂപലാവണ്യവതിയാണെന്നു എനിക്കു മനസ്സിലായി. സെലിമിനു നൂർജഹാനെക്കാൾ ഈ മെഹറിനെയാണു വളരെ താല്പര്യമെന്നും മനസ്സിലായി. രണ്ടുപേരും പരിചാരികമാരാണെന്നല്ലെ അറിയുന്നതു. നൂർജഹാൻ ഒരു പരിചാരികയാണെന്ന് അറിഞ്ഞതുകൊണ്ടാണ് നാം അയാളുടെ പ്രണയവേഴ്ചയെ വിരോധിച്ചതു്. പക്ഷെ അതുകൊണ്ട് എന്തുഫലം? ഇതാ അവൻ മററൊരു പരിചാരികയെ കൊണ്ടുവന്നിരിക്കുന്നു. അതും നമുക്ക് അനുവദിക്കത്തക്കതല്ല. പക്ഷെ സാധുക്കളായ സ്ത്രീകളെ ആ ദുഷ്ടന്റെ ചാപല്യത്തിനു ഇരയാക്കുന്നതിനുപകരം ശിക്ഷിക്കുകതന്നെയാണു നല്ലതു. നീ അവളുടെ താമസം എവിടെയാണെന്നറിഞ്ഞില്ലെ? അന്തഃപുരത്തിൽത്തന്നെ പരിചാരികയായിട്ടു നില്ക്കുകയാണോ? ഇന്നാൾ അവർ രണ്ടുപേരുംകൂടി സംസാരിച്ച വിവരം നാം നിന്നോടു പറയുകയുണ്ടായില്ലെ. പിന്നെ നീ എന്തുകൊണ്ടു അന്വേഷിച്ചില്ല?

കുമാര — അടിയൻ അന്വേഷിച്ചു; പക്ഷെ അവർ അന്തഃപുരത്തിലെ

വിടടയോ ഉണ്ടെന്നാണറിഞ്ഞതു്. ഒന്നുപോലുംകൂടി തെളിച്ചി രിക്കുന്നതു കാണ്മാൻ കഴിഞ്ഞിട്ടില്ല.

ചക്രു — ഒരുപക്ഷെ അവർ അവിടെനിന്നും പോയിരിക്കാം.

കുമാര — അടിയൻ ഇനിയും പോയി അന്വേഷിക്കാം; പക്ഷെ കേട്ട കഥയിലത്രയും പരമാർത്ഥമുണ്ടോയെന്നാണ സംശയം.

ചക്രു — പരമാർത്ഥസ്ഥിതികൾ നാം അറിഞ്ഞുകൊള്ളാം. സ്വർണ്ണപ്പെട്ടിയെപ്പറ്റി നീ അന്വേഷിച്ചുവോ.

കുമാര — ഉവ്വ്. അതു ജയപ്പൂർ രാജ്യത്തിലുണ്ടെന്നാണറിഞ്ഞതു്. അതിനെപ്പറ്റി മറ്റൊരു വിധത്തിൽ കേൾവിയുണ്ട്. ജയപ്പൂർ രാജ്ഞിയുടെ മകളായി സൌന്ദര്യയെന്ന് ഒരു സ്ത്രീയുണ്ടെന്നും അവളുടെ കൈവശം പെട്ടിയിരിക്കുന്നുവെന്നും അറിഞ്ഞു. അയേഷയുടെ കൈവശമുണ്ടെന്ന വേറെ കേൾവിയും ഉണ്ട്.

ചക്രു — ശരി. ഏതാണ് ഈ അയേഷ.

കുമാര — അവൾ ബാദംഷാവിന്റെ സേനാനായകനായ ഖ്വാജയുടെ പുത്രിയാണ്. അവളുടെ മാതാവായ റസിനാണ ജയപ്പൂർ രാജ്യത്തെ പിടിച്ചടക്കാനായി നമ്മൾക്ക ഗൂഢമാർഗ്ഗങ്ങൾ ഉപദേശിച്ചുതന്നിട്ടുള്ളതു്. ജയപ്പൂർ രാജ്ഞിയും മകളും കൂടി വിദ്യാപതിയോഗിയെ ഹനിച്ചുവെന്ന വിവരം പെഷ്‌വാറിൽ സേനയെ നയിച്ചുകൊണ്ടിരുന്നപ്പോൾ എന്നെ അറിയിച്ചിട്ടുള്ളതു്, ഈ അയേഷയാണ്.

ചക്രു — ശരി. ആ സ്ഥിതിക്ക് അയേഷ നമ്മളെ സഹായിക്കയല്ല ചെയ്തിട്ടുള്ളതു്?

കുമാര — അതെ. അവളെ ജയപ്പൂർ രാണിയായിരുന്ന ആർ സപുത്രിയായ സൌന്ദര്യയും കണ്ടുപിടിച്ചു നിഗ്രഹിച്ചുവെന്നാണ ഇന്നത്തെ അറിവു.

ചക്രു — എല്ലാം പരസ്പരവിരുദ്ധമായിരിക്കുന്നു. ആകട്ടെ. നീ അതിനെപ്പറ്റിയും അന്വേഷിക്കണം. നമ്മുടെ ഗുരുവിനെ ഹനിച്ചതിൽ പിന്നിട്ട് ഇതു നാലാമത്തെ സംവത്സരമാണ്. ഇനിയും കാരണക്കാരെ കണ്ടുകിട്ടിയില്ലെന്നു പറയുന്നതു അപൌരുഷമാണെന്നു നീ കരുതുന്നുണ്ടോ?

കുമാര — ഞാൻ അതിൽ ചിലതെല്ലാം അറിഞ്ഞു. വിദ്യാപതി മരിക്കുമ്പോൾ അദ്ദേഹത്തിനു 95 വയസ്സു പ്രായമുണ്ടായിരുന്നു. അദ്ദേഹത്തെ കൊന്നതു 1596-ലാണ്. അദ്ദേഹത്തിനെ അഗ്നിക്കിരയാക്കിയതു് വിമലാദേവിയുടെ പുത്രിയായ ജയപ്പൂർ രാജ്യത്തെ

വാണിരുന്ന നൂർ എന്ന രാജ്ഞിയാണ്. ആ കൂട്ടത്തിൽ നൂറിന്റെ രണ്ടു പുത്രിമാരും ഉൾപ്പെട്ടിട്ടുണ്ട്. അതിൽ ജ്യേഷ്ഠപുത്രിയുടെ പേർ സൌമ്യയെന്നാണ്. അവിടത്തെ പുത്രനായ രാജകുമാരൻ കോട്ട പിടിച്ചടക്കിയപ്പോൾ നൂറിനെ നിഗ്രഹിച്ചു. തത്സമയം സൌമ്യ എവിടെയോ പോയി ഒളിച്ചു

ചക്ര— അങ്ങിനെയാണെങ്കിൽ അവളെയും, അവളുടെ അനുജത്തിയെയും എവിടെയെങ്കിലും കാണണമല്ലോ. ഞങ്ങളെ ശിവപ്രസാദ് അതിൽ ഉൾപ്പെട്ടിട്ടില്ലെ?

കുമാര— ഉവ്വ്. ശിവപ്രസാദ് വിശ്വാപതിയുടെ പുത്രനാണ്. അദ്ദേഹത്തിനു ഇപ്പോൾ 76 വയസ്സ പ്രായമുണ്ട്. അദ്ദേഹവും പിതാവിനെ ഹനിക്കുന്നതിൽ ഉത്സാഹിച്ചുവെന്നാണറിയുന്നത്.

ചക്ര— കൊള്ളാം. അയേഷായുടെ മാതാവായ റസീൻ ജീവിച്ചിരിപ്പുണ്ടോ?

കുമാര— ഇല്ല. അയേഷായുടെ മാതാവും പിതാവായ ഷുജയും മരിച്ചു.

ചക്ര— വിമലാദേവിയുടെ പുത്രിയായ നൂറിനെ ആരാണ വിവാഹം ചെയ്തിരുന്നത്.

കുമാര— ഷുജ തന്നെയാണ്. ബാദംഖാന്റെ അനുജനാണ് ഷുജ.

ചക്ര— ഷുജക്കു എത്ര പുത്രിമാരുണ്ട്?

കുമാര— ജയപ്പൂർ രാജ്ഞിയായിരുന്ന നൂറിൽ രണ്ടും, ആദ്യഭാര്യയായ റസീനിൽ ഒന്നും, ഇങ്ങിനെ മൂന്നു പുത്രിമാരുണ്ടായിരുന്നു. അതുകൊണ്ടാണ രാജ്യാവകാശത്തിൽ തർക്കം വന്നത്. ഷുജ റസീനെ വീണ്ടും സ്വീകരിച്ചു അയേഷയെ രാജ്ഞിയായി വാഴിക്കണമെന്നു ഉദ്ദേശിച്ചിരുന്നു. ഇതിനു നൂറും, പുത്രിമാരും വിരോധികളായിരുന്നു. സംഗതിപ്പെട്ടി ജയപ്പൂരിൽ ചെന്നുചേർന്നതു ബാദംഖാൻ മുഖാന്തിരവുമാണ്.

ചക്ര— അതെങ്ങിനെ?

കുമാരൻ— വിമലാദേവിയെ അവരുടെ ഭർത്താവായിരുന്ന മനോസിംഹരാജാവിന്റെ മരണശേഷം ബാദംഖാൻ വിവാഹംചെയ്തു. ഇതു 1660-ൽ ആണ്. ആയാൾക്കു വിമലയിൽ ഉണ്ടായ പുത്രിയാകുന്നു നൂർ എന്ന പേരോടുകൂടി നാടുവാണിരുന്നത്. അവളാകുന്നു സൌമ്യയുടെ മാതാവ്.

ചക്ര— ശരി. നിന്നോടു നാം പറയുന്നതിനെ നീ ശ്രദ്ധിച്ചുകേൾക്കു

ണം. നാം രാജ്യഭാരം നിർത്തി സെലീമിനെ ചക്രവർത്തിയായി വാഴിക്കണമെന്നാഗ്രഹിക്കയാണ്. എന്നാൽ അതിനു പ്രതിബന്ധമായി തീർന്നിട്ടുള്ളത് എന്തെല്ലാമാണെന്നു നിനക്കറിയാമല്ലൊ. നീ ഇനിമുതൽ താഴെപ്പറയുന്ന സംഗതികൾ അന്വേഷിച്ചു അറിയണം. ഒന്നാമതു നൂർ-മഹാൾ ഷിയർഖാനോടൊന്നിച്ചു താമസിക്കുന്നുണ്ടോ എന്നും അയാളെ വധിച്ചിട്ടുണ്ടോയെന്നും, നൂർമഹാളെ എന്നാണ് സെലീം ഷിയർഖാൻ്റെ അടുക്കൽനിന്നും അകറ്റിയിട്ടുള്ളതെന്നും അറിയണം. രണ്ടാമതു ഉദ്ദേശം രണ്ടു സംവത്സരങ്ങൾക്കു മുൻപു നമ്മുടെ കൊട്ടാരത്തിൽ നിന്നും പോയിട്ടുള്ള സ്വർണ്ണപ്പെട്ടി ആരുടെ കൈവശം ഉണ്ടെന്നു അന്വേഷിക്കയും പെട്ടി അതിനെ സൂക്ഷിക്കുന്ന ആളോടൊന്നിച്ചു ഇവിടെ ഹാജരാക്കുകയും വേണം. മൂന്നാമതു നമ്മുടെ ഗുരുവിനെ നിഗ്രഹിച്ച പാതകികളായ ജയപ്പൂർ രാജ്ഞിയുടെ—നൂറിൻ്റെ—രണ്ടു പെൺമക്കളേയും, ആ പിതൃഹന്താവായ ശിവപ്രസാദിനേയും അയാളുടെ ശിഷ്യഗണങ്ങളേയും ബന്ധിച്ചു ഇരുകിലടക്കണം. അവരെ കൂടാതെ അയേഷയേയും നമ്മുടെ അടുക്കൽ കൊണ്ടുവരണം. നാലാമതു ഇപ്പോൾ സെലീം വച്ചുകൊണ്ടിരിക്കുന്ന പരിചാരികയായ മെഹറിനെ അയാൾ നമ്മുടെ ആജ്ഞയെ ലംഘിച്ചു കാണാറുണ്ടോയെന്നറികയും, അപ്രകാരം ചെയ്യുന്നതായി അറിഞ്ഞാൽ ഉടൻതന്നെ ആ പരിചാരികയെ ഇരുകിലടക്കുകയും ചെയ്യണം. ഇവയിലെല്ലാം ഏറ്റവും ഗൗരവമായിട്ടുള്ളതു ഗുരുവിനെ നിഗ്രഹിച്ചവരെപ്പറ്റി അന്വേഷിക്കേണ്ടതാണെന്നു നാം ഒന്നുകൂടി പറയുന്നു. നിൻ്റെ ചിലവിലേക്കുള്ള പണം നാം തരുന്നതാണ്. ഈ വത്സരത്തിൻ്റെ അവസാനത്തിനു മുമ്പു ഇതെല്ലാം അറിഞ്ഞില്ലെങ്കിൽ പിന്നെ അക്ബറുടെ വിധം മാറുമെന്നു നല്ല ഓർമ്മ വേണം. ഉദ്ദേശം നാലു വർഷങ്ങളോളമായി നാം ഇത്ര ശ്രമിച്ചിട്ടും നമ്മുടെ ഗുരുവിനെ ഹനിച്ച പാപികളെ തേടിപ്പിടിക്കുവാൻ അക്ബർക്കു കഴിഞ്ഞില്ലെങ്കിൽ പിന്നെ ഇതിൽ കൂടുതൽ അപമാനം എന്താണ് നമുക്കു വരേണ്ടതു്? അതിസമർത്ഥനെന്നു ഭാവിക്കുന്ന നീ ഉടൻ സംഗതികൾ ധരിപ്പിക്കാത്തപക്ഷം നിൻ്റെ ജീവിതകാലം അവസാനിക്കാറായില്ലെന്നു നീ കരുതിക്കൊള്ളുക. ഒരിക്കൽ പറഞ്ഞതെല്ലാം വെളിവാകും' വാസ്തവസംഗതികളെ എന്നന്നേക്കുമായി മറച്ചുവക്കുന്നതിനു സർവ്വേശ്വരൻകൂടി അപ്രാപ്തനാ

ണ്ട്. ആ സ്ഥിതിക്കു ഇതെല്ലാം എന്റെ കണ്ണിന്റെ മുമ്പിൽ വ
രാതിരിക്കയില്ല. ഇതാ എനിക്കു ഇപ്പോൾ അൻപത്തെട്ടു വയസ്സു
പ്രായമായി. നാല്പത്തിനാലു സംവത്സരകാലമായി പൌരുഷ
ത്തോടുകൂടിത്തന്നെ ഭരിച്ച ഈ സാമ്രാജ്യത്തെ ഇനി പൌരുഷഹീ
നനായി ഭരിക്കുവാൻ തയ്യാറില്ല. നമുക്കു ഇനി അധികകാലം ജീ
വിതവും ഉണ്ടാകയില്ല. പക്ഷേ ഈ സാമ്രാജ്യത്തെ നശിപ്പിക്കാ
തെ നാം മരിക്കണമെങ്കിൽ നിന്നോടു പറഞ്ഞിട്ടുള്ള സംഗതി
കൾ ഉടൻ നീ അറിയണം. നമ്മുടെ ഗുരുവിനോടു നമുക്കു ഉ
ണ്ടായിരുന്ന അളവറ്റ ഭക്തിയെ പ്രദർശിപ്പിക്കാൻ അദ്ദേഹത്തെ നി
ഗ്രഹിച്ചവരോടുള്ള പ്രതികാരം മാത്രമേ ശരണമാകയുള്ളു. എ
ന്നാൽ ഇനി നിനക്കു പോകാം. സെലിമിനെ നീ പ്രത്യേകം സൂ
ക്ഷിക്കണം. നീ പോയി ഉടൻതന്നെ സെലിമിനെ ഇങ്ങോട്ടു പ
റഞ്ഞയക്കുക. എല്ലാ സംഗതികളും ഗൂഢമായിരിക്കട്ടെ. അനേകം ചാ
രന്മാരെ നാം നാനാദിക്കിലേക്കും അയക്കേണ്ടതുണ്ട്. നീ സെലിമിനെ
പറഞ്ഞയക്കുക.

കുമാരസേനൻ—കല്പനപോലെ.

ചക്രവർത്തിയുടെ ആജ്ഞ അനുസരിച്ചു സെലിംരാജകുമാരന്റെ
അന്തഃപുരത്തിൽ ചെന്ന കുമാരസേനൻ അദ്ദേഹത്തെ വിവരം ധരി
പ്പിച്ചു. കുമാരസേനൻ ദൃഷ്ടിപഥത്തിൽനിന്നും മറഞ്ഞ ഉടൻതന്നെ
ചക്രവർത്തി സഭാശാലയിൽനിന്നും പുറത്തു വന്നു. കൊട്ടാരത്തിന്റെ
ഒരു ഭാഗത്തു വിചിത്രതരമായി നിർമ്മിക്കപ്പെട്ടിരുന്ന ഒരു രഹസ്യമ
ന്ദിരത്തിലേക്കാണ് അദ്ദേഹം പോയതു്. ചക്രവർത്തി സാധാരണ
യായി തന്റെ പുത്രനുമായി വർത്തമാനം പറയാറുള്ളതു് ഈ കമനീയ
മന്ദിരത്തിൽവെച്ചാണ്. അവിടെ അനേകം വിശിഷ്ടപദാർത്ഥങ്ങൾ
ശേഖരിക്കപ്പെട്ടിരുന്നു. സാധാരണയായി പുത്രന്മാരുമായുള്ള കൂടി
ക്കാഴ്ചയായി. ചക്രവർത്തി അവിടെ എഴുന്നള്ളുന്ന സമയം, അവിടെ
നില്ക്കുന്ന ഭടൻ ആചാരോപചാരങ്ങൾക്കുശേഷം അവിടെനിന്നും
പോയി പുറത്തെ വാതുക്കൽ കാവൽ നില്ക്കുകയാണ് പതിവ്. അ
ന്നും ചക്രവർത്തിയെക്കണ്ട ഉടൻതന്നെ ഭടൻ അവിടെനിന്നും മാറി
നിന്നു. അദ്ദേഹം അവിടെ പരിലസിച്ചിരുന്ന സിംഹാസനത്തിൽ
ഇരുന്നു. അല്പം കഴിഞ്ഞപ്പോൾ, ഏറ്റവും സുന്ദരമായ മുഖഭാവത്തോ
ടും സ്വർണ്ണരത്നഖചിതമായ കഞ്ചുകത്തോടും കൂടി ഉദ്ദേശം മുപ്പതു
വയസ്സു പ്രായം തോന്നിക്കുന്ന ഒരു കോമളയുവാവ്, തന്റെ രത്നാ
ലംകൃതമായ കിരീടത്തെ കൈക്കുള്ളിൽ വെച്ചുകൊണ്ടു സാവധാന

ത്തിൽ അകത്തു പ്രവേശിച്ചു ചക്രവർത്തിയെ അഭിവാദനം ചെയ്തു. തന്റെ വാത്സല്യപാത്രമായ പുത്രനെക്കണ്ട മാത്രയിൽ ഉല്ലാസം ഉൾക്കൊണ്ടവനായ ചക്രവർത്തി കുമാരനോടു്, ഇരിക്കുവാൻ ആജ്ഞാപിച്ചശേഷം ഇപ്രകാരം പറഞ്ഞു. "സെലിം! നാം ഇന്നു നിന്നെ അന്വേഷിച്ചതിന്റെ രഹസ്യം നിനക്കു മനസ്സിലായിരിക്കാമെന്നു വിശ്വസിക്കുന്നു. കുമാരസേനൻ യാതൊന്നും പറഞ്ഞില്ലേ?"

സെലിം — അവിടുന്നു അന്വേഷിക്കുന്നുവെന്നല്ലാതെ യാതൊന്നും അടിയനെ അറിയിച്ചിട്ടില്ല.

ചക്ര — എന്നാൽ പറയാം. നാം ഇതിനു മുമ്പു പലപ്പോഴും നിന്റെ കാര്യങ്ങളെപ്പറ്റി ഇവിടെവെച്ചുതന്നെ പറഞ്ഞിട്ടില്ലേ? കഠിനമായി ശാസിച്ചിട്ടില്ലേ?

സെലിം — അതെല്ലാം അടിസ്ഥാനരഹിതങ്ങളായ സംഗതികളെ വെച്ചുകൊണ്ടു അരുളിയിട്ടുള്ളതാണ്.

ചക്ര — നീ എന്നെ ബുദ്ധിഹീനനാക്കുന്നുവൊ? നൂർ മഹാൽ ഇപ്പോൾ എവിടെ താമസിക്കുന്നു. ഷീയർഖാൻ മൃതനായിയെന്നു അറിഞ്ഞതു പരമാർത്ഥമാണോ?

സെലിം — അഞ്ചു സംവത്സരങ്ങൾക്കുമുമ്പ് അവൾ ഇവിടെനിന്നും പോയതിൽ പിന്നെ എനിക്കു യാതൊന്നും അറിഞ്ഞുകൂടാ. അവർ ബംഗാളിൽ താമസിച്ചുകൊണ്ടിരുന്നു. ഷീയർഖാനെ വധിച്ചിട്ടുണ്ടെങ്കിൽ തന്നെയും എനിക്കു യാതൊന്നും അതിനെപ്പറ്റി അറിഞ്ഞുകൂടാ. പിതാവ് അവരെ രണ്ടു പേരെയുംകൂടി ഇവിടെനിന്നും അയച്ചതിനുശേഷം ഞാൻ ഒന്നുംതന്നെ അന്വേഷിച്ചിട്ടില്ല. ഞാൻ അവളെ സ്നേഹിച്ചിരുന്നെങ്കിലും അവിടത്തെ ആജ്ഞയെ ലംഘിക്കാതിരിക്കാനായി കരുണയോടുകൂടി ഉപേക്ഷിച്ചു.

ചക്ര — ശരി. ഒരു നർത്തകസന്താനമെന്നു നൂർ മഹാളുമായുള്ള നിന്റെ പ്രേമത്തെ നാം വിരോധിച്ചതു എന്തുകൊണ്ടാണെന്നു നീ അറിയുന്നുണ്ടോ?

സെലിം — ഉണ്ട്. അവൾ ദരിദ്രാവസ്ഥയിലുള്ള ഒരു പരിചാരികയാണെന്നും, തന്മൂലം എനിക്കു അവളോടുള്ള വേഴ്ച രാജസ്ഥാനത്തെ അപമാനത്തിൽ ആമഗ്നം ചെയ്യിക്കുമെന്നും, അവിടുന്നു തന്നെ കല്പിച്ചരുളിയിട്ടുള്ളതു ഞാൻ ഇന്നും ഓർക്കുന്നുണ്ട്.

ചക്ര — അതെ. അതുതന്നെയാണ്. ആ സ്ഥിതിക്കു നീ ഇപ്പോൾ മറ്റൊരു പരിചാരികയിൽ പ്രേമമുള്ളവനായതു യോഗ്യമാണോ? ഒരുത്തിയെ ഉപേക്ഷിച്ചതു വേറൊരുത്തിയെ സ്വീകരിക്കാനായി

ട്ടാണെങ്കിൽ ഉപേക്ഷിച്ചതുകൊണ്ടു് എന്തു ഫലം? നീ കാരവാ
ളിതന്നെ. ഒരുകാൎയ്യത്തിൽനിന്നും ഒഴിഞ്ഞതു മറെറാരു കാൎയ്യംചെ
യ്യാനാണെങ്കിൽ ഇരട്ടി ശിക്ഷക്കു നീ പാത്രമാകണം. നമുക്കു
ലോകസ്വഭാവം അറിവാൻ കഴികയില്ലെന്നാണോ നീ ധരിച്ചിട്ടു
ള്ളതു്? എനിക്കു നിന്റെ മൌഢ്യത്തെപ്പററി അറിവാൻ കഴിക
യില്ലെന്നാണോ നിന്റെ വിചാരം?

സെലിം—അവിടുന്നു അപ്രകാരമാണെന്നു അടിയൻ കരുതുന്നില്ല.
കേൾക്കുന്നതിൽ മുഴുവനും പരമാൎത്ഥം ഇല്ലെന്നു മാത്രമേ ഉണ
ൎത്തിച്ചുള്ളു.

ചക്ര—ഓഹോ! നീ അതൊന്നും നമ്മോടു പറയേണ്ട. ഞാൻ ഇ
ത്രയും നിന്നോടു ഒരിക്കൽകൂടി പറയണമെന്നു വിചാരിക്കുന്നു.

സെലിം—അവിടുന്നു ആജ്ഞാപിക്കുന്നതുപോലെ നടക്കാൻ അടി
യൻ എല്ലായ്പോഴും തയ്യാറാണ്. സംശയമില്ല.

ചക്ര—എന്നാൽ നീ ഈ വാക്കുകൾ ശ്രദ്ധിച്ചുകേൾക്കുക. നീ ശ
രിയായ സമാധാനം പറയുക.

സെലിം—കല്പനപോലെ.

ചക്ര—മെഹർ എന്നു പറയുന്ന ആ യുവതിയേതാണ്? അവൾ ജയ
പ്പൂർ രാജ്യത്തിലെ പരിചാരികയായിരുന്നുവെന്നല്ലേ നീ നമ്മെ ധ
രിപ്പിച്ചിട്ടുള്ളതു്? അവളെ നീ ഒരിക്കലും ആഗ്രാപട്ടണത്തിലേക്കയക്ക
രുതെന്നു നാം ശാസിച്ചിട്ടില്ലേ? അവളെ കാണാൻ പാടില്ലെന്നു
കൂടി ഞാൻ വിരോധിച്ചിട്ടില്ലേ? നീ നമ്മുടെ ശാസനയേയും ആ
ജ്ഞയെയും ഗണിക്കാതെ, പണ്ടു് നൂർ-മഹാലുമായു പെരുമാറിയതു
പോലെ മറെറാരു പരിചാരികയായ ഇവളെ, എന്നും എന്നും കാ
ണാറില്ലേ? ഇപ്രകാരം പരിചാരികമാൎക്കെല്ലാം ചക്രവൎത്തിനീപ
ദം കൊടുക്കുവാൻവേണ്ടിയല്ല, ഇതെല്ലാം പ്രയാസപ്പെട്ടു് നാം ഈ
സാമ്രാജ്യത്തെ അടക്കി ഭരിക്കുന്നതെന്നു് നീ അറിയില്ലേ?

സെലിം—മെഹർ പരിചാരികതന്നെയാണ്. ഒരു സംവത്സരത്തിനു
മുമ്പു് ഞാൻ ജയപ്പൂർ പിടിപ്പെടുക്കുവാൻ പോയസമയം അവ
ളെ ഇങ്ങോട്ടു കൊണ്ടുപോന്നതാണ്. പക്ഷെ അവിടുന്നു എന്നോ
തൊരിയിച്ചു.

ചക്ര—നിന്നോടു ഞാൻ പറയട്ടെ. നമ്മുടെ സാമ്രാജ്യത്തിന്റെ യശ
സ്സും, പ്രാപ്തിയും, ഐശ്വൎയ്യവും എല്ലാം നമ്മുടെ പൂൎവികന്മാരുടെ
യും, നമ്മുടെയും പൌരുഷത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളവ
യാകുന്നു് സെലിം വിശ്വസിക്കുന്നുണ്ടോ?

സെലിം—ഉവ്വ്.

ചക്ര—പൌരുഷം എന്നു പറയുന്നതു കേവലം കാമോദ്ദീപകങ്ങളായ നീചവിചാരങ്ങൾക്കു സ്വാധീനനായ ഒരുവനിൽ കാണുകയില്ലെന്നു അനുഭവംകൊണ്ടു നിനക്കു മനസ്സിലായിട്ടില്ലേ?

സെലിം—അടിയൻ പൌരുഷരഹിതനായി പ്രവൃത്തിച്ചിട്ടില്ല.

ചക്ര—അങ്ങിനെ മാത്രമേ നീ പ്രവൃത്തിച്ചിട്ടുള്ളു. നിന്റെ നീചസ്വഭാവത്തെ പറയിക്കാതെ ഉടൻ കടിഞ്ഞാണിടണം. നാം നമ്മുടെ സാമ്രാജ്യത്തിന്റെ യശസ്സിനെയാണ് ലോകത്തിൽവെച്ച് ഏററവും പ്രധാനമായി കരുതുന്നതു്. അതു നശിക്കുമെന്നറിഞ്ഞാൽ പിന്നെ ആ സാമ്രാജ്യത്തെ നശിപ്പിക്കയാണ് അക്ബറുടെ ധർമ്മമെന്നു നീ അറിയുന്നുണ്ടോ?

സെലിം—ഉണ്ട്. അവിടത്തെ ദൃഢനിശ്ചയത്തെപ്പററി അടിയനു നല്ലതുപോലെ അറിയാം.

ചക്ര—മുഗൾവംശത്തിലെ സ്ഥിതിയെ അറിയാത്തവനെന്നാണ് നിന്റെ വിചാരം? ഈ സാമ്രാജ്യം ഇന്നു നീ കാണുന്ന രീതിയിൽ ശാന്തമായി സമാധാനപരമായി ഇതു് എന്നെന്നും ഭരിക്കപ്പെട്ടിരുന്നുവെന്ന് നീ കരുതുന്നുണ്ടെങ്കിൽ അതു വലിയ മൌഢ്യമാണ്. ഞാൻ സിംഹാസനസ്ഥനായ അവസരത്തിൽ—അതേ ഇപ്പോൾ നിനക്കുള്ള വയസ്സിന്റെ പകുതിപോലും അന്ന് എനിക്കു പ്രായമുണ്ടായിരുന്നില്ല—ആകാലത്തു് ഇവിടെ നടന്നിട്ടുള്ള കലാപങ്ങൾ എത്രത്തോളംരീതിയിൽ ഉള്ളവയായിരുന്നുവെന്ന് അറിഞ്ഞിരുന്നെങ്കിൽ ഇന്നു നീ എത്രയോ ഔദാര്യമുള്ള ഒരു പുത്രനാകുമായിരുന്നു.

സെലിം—അവിടുന്നു കല്പിക്കുന്നതെല്ലാം കേട്ടു. ഈ സാമ്രാജ്യത്തിന്റെ യശസ്സിനു കാരണം അവിടത്തെ മഹത്വമാണെന്ന പരമാർത്ഥം എല്ലാവർക്കും അറിയാം.

ചക്ര—ഞാൻ ഈ സാമ്രാജ്യം ഇപ്പോൾ ഭരിക്കുന്നതു് കേവലം ഖഡ്ഗംകൊണ്ടാണെന്നു നീ വിചാരിക്കുന്നുണ്ടോ?

സെലിം—ഇല്ല. അവിടത്തെ നയംകൊണ്ടു തന്നെയാണ്.

ചക്ര—നിന്റെ വിവാഹംതന്നെയും നാം നടത്തിയിട്ടുള്ളതു് രാജപുത്രന്മാരെ കൈവശത്തിലാക്കുവാനും രാജ്യത്തിൽ സമാധാനം പരിപാലിക്കുവാനും വേണ്ടിയാണെന്ന് നിനക്കു അറിവുള്ളതല്ലേ?

സെലിം—അതെ. അവിടുന്നു വിവാഹത്തെപ്പററി പറഞ്ഞപ്പോൾ

അടിയൻ ഉടൻതന്നെ സമ്മതിയ്ക്കയാണു ചെയ്തിട്ടുള്ളതു്. രാജ്യക്ഷേ
മത്തിന് അതു ഉപകരിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു.

ചക്ര — ശരിയാണ്. പക്ഷെ നിന്റെ പ്രവൃത്തി നിന്റെ ആശയ
ത്തെ വ്യക്തമാക്കുന്നില്ല. വിവാഹിതനായ ഒരു പുരുഷൻ തന്റെ
ഭാര്യയെ സങ്കടപ്പെടുത്തുന്നതു വലിയ പാതകമല്ലേ? അന്തഃപുര
വാസത്തെയും നിന്നെയും നാം ആഗ്രഹിക്കുന്നതും അതു
കൊണ്ടുതന്നെയല്ലേ?

സെലിം — നമ്മുടെ മതപ്രകാരം അന്തഃപുരവാസം കുറ്റകരമല്ലല്ലൊ.
ഒരു പുരുഷനു നാലു ഭാര്യമാരെ വെച്ചുകൊണ്ടിരിക്കാൻ അവകാശ
മുണ്ടല്ലൊ.

ചക്ര — നിന്നെപ്പോലുള്ള അധമന്മാർ ലോകത്തിലുണ്ടാകുമെന്നറി
ഞ്ഞിരുന്നെങ്കിൽ പരിശുദ്ധനായ നബി ആ നിയമത്തെ നിർമ്മിക്കയി
ല്ലായിരുന്നു. നാലു ഭാര്യമാർ ഒരു പുരുഷനു നിർബ്ബന്ധമായിട്ടുണ്ടാ
യിരിക്കണമെന്നു നിയമമുണ്ടോ? ഞാൻ അതിനുദ്ദേശിക്കുന്നില്ല.
നീ ഈ സാമ്രാജ്യത്തെ ഭരിക്കുന്നകാലം നിന്റെ ആഗ്രഹംപോ
ലെ നടന്നുകൊള്ളട്ടെ. ഇന്നു എന്റെ ആജ്ഞയും ആഗ്രഹവും
പോലെ സകല സംഗതികളും നടക്കണം. അതിനു പ്രതിബന്ധ
മായി വരുന്ന ശക്തികളെ നിശ്ശേഷം നശിപ്പിക്കുന്നതിനുള്ള പൌ
രുഷം വാർദ്ധക്യംകൊണ്ടു നശിക്കയല്ലാതെ ചാഞ്ഞിട്ടില്ല.

സെലിം — ഞാൻ അവിടത്തെ ആജ്ഞയെ ലംഘിക്കയില്ല. അവിട
ത്തെ ആഗ്രഹംപോലെ പ്രവൃത്തിക്കേണ്ടതു് എന്റെ കടമയാണ്.
അതു ഞാൻ നല്ലതുപോലെ അറിയുന്നുണ്ടു്.

ചക്ര — നീ പല പ്രാവശ്യവും ഈ പല്ലവി ആവിടെവെച്ചുതന്നെ പാ
ടിയിട്ടുണ്ടു്. നിന്നെക്കൊണ്ടു നിന്റെ ആഗ്രഹം പറയിക്കേണ്ട ചു
മതല എനിക്കില്ലെന്നു നീ നല്ലതുപോലെ അറിയണം.

സെലിം — ഞാൻ അവിടെ പല പ്രാവശ്യവും പറഞ്ഞിട്ടുള്ളതിനു വി
പരീതമായി യാതൊന്നും ചെയ്തിട്ടില്ലെന്നതു് പരമാർത്ഥമാണ്.
ഞാൻ മെഹറിനെ കാണാറില്ല.

ചക്ര — നീ കള്ളം പറയേണ്ട. മെഹറിനെ നീ ദിവസവും കാണുന്നു
ണ്ടെന്നു എനിക്കറിയാം. ഇന്നുമുതൽ അവളെ അന്തഃപുരത്തിൽ
നിന്നും നാം ബഹിഷ്കരിക്കാൻ ആജ്ഞാപിച്ചുകഴിഞ്ഞു. അവൾ
എവിടെ എങ്കിലുംപോയി ജീവിച്ചുകൊള്ളട്ടെ. നീ അവളെ ഇനി
മുതൽ കാണുവാൻ ആഗ്രഹിച്ചാൽ അതു നിന്റെ അധഃപതന
ത്തിനു കാരണമാകുമെന്നു അറിയിക്കാനാണു നാം ഇന്നു വിളിച്ചു്

ഇത്രയും പറഞ്ഞിട്ടുള്ളു. ഇന്നാപിതാവിന്റെ ശാസനയാണെന്ന നീ കരുതേണ്ട; ഇന്ന് രാജശാസനയാണ്. ഇതിന്ന വിപരീതമായി പ്രവൎത്തിച്ചാൽ ഫലമെന്താണെന്ന നിനക്ക് തന്നെ ഊഹിക്കുവാൻ കഴിയും.

സെലിം — അവിടുന്ന വല്ല ഏഷണിക്കാരുടെയും വാക്കുകൾകേട്ടുകൊണ്ട് എന്നെ തെറ്റിദ്ധരിക്കുന്നതാണ്.

ചക്രു — എന്ത്! അക്ബർ ചക്രവൎത്തിയുടെ അടുക്കൽ ഏഷണി പറയുകയോ? സിംഹത്തിന്റെ കുന്നത്തിൽ മന്ത്രിക്കാൻ മാൎജ്ജാരൻ പ്രവേശിച്ചുവെന്നാണോ നീ പറയുന്നത്.

സെലിം — ഞാൻ വാസ്തവത്തിൽ കാറാപള്ളിയല്ല. ഞാൻ എന്നും ദേവിയുടെ മണിയറയിലാണ വിശ്രമിച്ചത്.

ചക്രു — ദേവി വളരെ ശുദ്ധയും സൌമ്യയുമാണെന്ന് എനിക്കറിയാം. അക്ബൎക്ക് ആളുകളെ ഉള്ളതിന്നപ്പുറം അറിവാൻ കഴിയുമെന്ന നീ അറിയുക.

സെലിം — ഞാൻ ഇതിൽ തെറ്റൊന്നും കാണുകയില്ല.

ചക്രു — ഞാൻ ഏറ്റവും ഗൌരവമായി ശാസിക്കുന്നതും ഏറ്റവും വാത്സല്യത്തോടുകൂടി ആജ്ഞാപിക്കുന്നതും അതുതന്നെയാണ്. ഇതിന്ന മറ്റൊരു കാരണംപറഞ്ഞ അക്ബറുടെ നിശ്ചയങ്ങൾ മാറുമെന്ന നിന്നെ ഞാൻ ഓൎമ്മപ്പെടുത്തുന്നു.

സെലിം — അവിടുത്തെ കോപത്തിന്ന ഞാൻ പാത്രമായതിനെപ്പറ്റി ഖേദിക്കുന്നു.

ചക്രു — നിന്നെ ശിക്ഷിക്കണമെന്ന് എനിക്ക് ആഗ്രഹമില്ല. ഈ വിപുലമായ സാമ്രാജ്യത്തിന്റെ അവകാശിയായി, ഇതുപോലെ ഭാഗ്യത്തോടുകൂടി ഭാവിയിൽ ഇതിനെ ഭരിച്ചുകൊണ്ടു പോകേണ്ടവനായ നീ പ്രജകളുടെ വാത്സല്യത്തിന്നും ബഹുമാനത്തിന്നും പാത്രമാകാതെയിരുന്നാൽ നിന്റെ സൌഭാഗ്യവും ക്ഷേമവും എല്ലാം നിന്നെ വിട്ടുപിരിയുമെന്ന ദീൎഘദൎശിത്വം കൊണ്ട് നേരത്തെ അറിഞ്ഞതിനാലാണ് ഉഗ്രമായി ഇത്രയും പറയേണ്ടിവന്നത്. ഒരു യഥാൎത്ഥപിതാവെന്ന നിലയിലും പ്രജകളെ സ്നേഹിക്കുന്ന രാജാവെന്ന നിലയിലും ഇത്രയും പറയേണ്ടത് എന്റെ ചുമതലയാണ്.

സെലിം — അവിടുത്തെ ആജ്ഞകൾ അടിയൻ ശിരസാ വഹിക്കുന്നു.

ചക്രു — ശരി നീ നിന്റെ സ്വഭാവശുദ്ധ്യമറിയുന്നവനോ?

സെലിം—ഇല്ല.

ചക്ര—അതു ഞാൻ പറഞ്ഞുതരാം. നിന്റെ സ്വഭാവത്തെപ്പററി ഇപ്പോഴത്തെ മന്ത്രിമാർക്കും രാജ്യത്തിലെ പൌരന്മാർക്കും പലവിധ ആശങ്കകളുണ്ട്. അപ്രകാരമുള്ള ആശങ്കകൾ നാട്ടുകാരാൽ വർദ്ധിക്കുവാനാണെളുപ്പം. നമ്മുടെ നിലക്കും വിലക്കും അനുയോജ്യകളല്ലാത്ത സ്ത്രീകളെ—കേവലം സൌന്ദര്യത്തെ മാത്രം നിനച്ച്—അധഃപതിതകളെന്നപോലെ അപ്പിച്ചുകൊണ്ടിരുന്നാൽ അതു ജനസംശയത്തെ ദൃഢമാക്കുകയാണു ചെയ്യുന്നത്. സന്മാർഗ്ഗനിഷ്ഠ ഒരു രാജാവിന് എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. അപ്രകാരമില്ലാത്തപക്ഷം ഉണ്ടാകുന്ന വൈഷമ്യം ഇന്നൊന്നും വ്യക്തമാകുന്നവയല്ല. അത് അറിഞ്ഞതായി ആരും ഭാവിക്കയില്ലെങ്കിലും ഇതെല്ലാം ഏററവും പരസ്യങ്ങളായ സംഗതികളാണ്. രാജാവിലുള്ള ദോഷങ്ങളെല്ലാം അങ്ങാടിയിൽ പരസ്യങ്ങളാണെന്നുള്ള പഴമൊഴി എത്രയോ പരമാർത്ഥമെന്നു നീ ആലോചിക്കുന്നുണ്ടോ?

സെലിം—ഉണ്ട്.

ചക്ര—ആ സ്ഥിതിക്കു നാം എത്രയും ജാഗരൂകരായും സൂക്ഷിച്ചും ഓരോ പ്രവൃത്തിയും ചെയ്യേണ്ടതാണ്. അല്ലെങ്കിൽ ഉണ്ടാകുന്ന വൈഷമ്യം നമ്മളിലല്ലാ നമ്മുടെ സാമ്രാജ്യത്തിലാണു വ്യക്തമാകുന്നത്.

സെലിം—സാമ്രാജ്യത്തെ അധഃപതിപ്പിക്കത്തക്ക യാതൊരു പ്രവൃത്തിയും ഇനി മുതൽ എന്നിൽ നിന്നും വരുന്നതല്ല. അവിടുത്തെ വിലയേറിയ ഉപദേശങ്ങളെല്ലാം അടിയൻ സ്വീകരിച്ച് അവയനുസരിച്ചു തന്നെ നടന്നുകൊള്ളാം.

ചക്ര—വളരെ സന്തോഷം. ആകട്ടെ. അന്തഃപുരത്തിലെ സംഗതികളെല്ലാം ശരിയായി നിർവ്വഹിക്കപ്പെടുന്നുണ്ടല്ലോ.

സെലിം—അവിടുത്തെ കല്പനപോലെ സകലതും ശരിയായി നടക്കുന്നുണ്ട്. ഞാൻ ഒരു പ്രത്യേകസംഗതിയെപ്പററി ഇവിടെ അറിയിക്കണമെന്നു കരുതിയിരുന്നു.

ചക്ര—എന്താണു നിനക്കു നമ്മെ അറിയിക്കാനുള്ളത്. നേരേ പറയുക.

സെലിം—നമ്മുടെ വക രാജപുത്രസ്ത്രീകൾക്കു പാർക്കുവാനായി ഒരു പ്രത്യേകപാളയം നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ആ സ്ഥലം ഒന്നു പരിശോധിക്കണമെന്നു സേനാനി നമ്മളോടു പറയുകയുണ്ടായി. അതിന് അവിടുത്തെ അനുവാദം ലഭിച്ചാൽ നന്നായിരുന്നു.

ചക്രു — നമ്മുടെ ദേവാലയത്തിന്റെ മുൻവശത്തു നിൎമ്മിക്കപ്പെട്ടിട്ടു
ള്ള സ്ഥലമല്ലേ അതു്. കൊള്ളാം. നീ അതു പോയി പരിശോധി
ക്കുന്നതു നല്ലതുതന്നെയാണ്. നമുക്കു വളരെ സന്തോഷമാണ്.
അതിനുള്ള അനുവാദം നാം തന്നിരിക്കുന്നു.

സെലിം — ഞാൻ അപ്രകാരം പോയി സ്ഥലം നോക്കി വിവരം തി
രുമനസ്സറിയിച്ചുകൊള്ളാം.

ചക്രു — എന്നാൽ പോകാം. ഞാൻ പറഞ്ഞിട്ടുള്ള സംഗതി
കൾ എല്ലാററും ഓൎമ്മയിരിക്കട്ടെ. യാതൊരു കാരണവശാലും അ
വയിൽ നിന്നു നീ വ്യതിചലിക്കാതെ സൂക്ഷിക്കേണ്ടതു നിന്റെ
കടമയാണ്. അല്ലാത്ത പക്ഷം വരുന്ന വൈഷമ്യങ്ങൾ സഹിക്കാ
നും തടുക്കാനും നീ പ്രാപ്തനായിത്തീരുന്നതല്ല.

ഇത്രയും പറഞ്ഞു ചക്രവൎത്തി സെലിംരാജകുമാരനെ യാത്ര
യാക്കിയശേഷം, തന്റെ ഡയറി എടുത്തു് അന്നു നടന്ന സംഭാഷ
ണത്തെപ്പററി വിവരമായി കുറിച്ചു. രാജകുമാരൻ ചക്രവൎത്തിയുടെ
സന്നിധാനത്തിൽ നിന്നും പുറത്തേക്കിറങ്ങിയതു് ഏററവും വൎദ്ധിച്ച
കുപിതഭാവത്തോടുകൂടിയാണ്. ഇതോടെ ഗംഭീരവും, ധീരവും ആയ
ചക്രവൎത്തിയുടെ സംഭാഷണത്തിൽ ഓരോ പദവും അസ്ത്രംപോലെ
മൂർച്ചയുള്ളതായിരുന്നു. അവയിൽ ഓരോന്നും കുമാരന്റെ ഹൃദയ
ത്തെ വല്ലാതെ വ്രണപ്പെടുത്തിയിരുന്നു. തന്റെ സകല പ്രേമാരാധ
നകൾക്കും പാത്രമായി, തന്റെ അച്ഛനു ലക്ഷ്യമായി പരിലസി
ച്ചിരുന്ന ആ സൌന്ദൎയ്യദേവതയെപ്പററി വിചാരിക്കുന്ന മാത്രയിൽ
രാജകുമാരൻ ചക്രവൎത്തിയുടെ ഉഗ്രശാസനകളെല്ലാം നിസ്സാരങ്ങളെ
ന്നു കരുതിപ്പോന്നു. ഹാ! യഥാൎത്ഥപ്രേമത്തിന്റെ മുൻപിൽ കരുണ
യററ കൃപാണം കേവലം പുഷ്പമാല്യം തന്നെയാകുന്നു എന്നു സെലിം
വിശ്വസിച്ചു. ചക്രവൎത്തിയുടെ ഉഗ്രശാസനയിൽ ഓരോ ഭീകരസ്വഭാ
വും തന്റെ കണ്ഠത്തിൽ സ്ഥാപിതമായിരിക്കൊള്ളുന്നതാണെന്നു് അ
ദ്ദേഹത്തിനു തോന്നി. എങ്കിലും തന്റെ പ്രേമദേവതയുടെ വീണാനാ
ദം — ആ കളസ്വനം — ചക്രവൎത്തിയുടെ ശാസനാധ്വനിയേയും ജയി
ച്ചു് അളവററ ആനന്ദത്തെ പുളകാങ്കുരമാക്കി കുമാരന്റെ ദേഹമാ
സകലം വ്യാപിപ്പിച്ചു. പിതാവിന്റെ വാത്സല്യശാസനയല്ലാ താൻ
അന്നു ശ്രവിച്ചതു്, രാജശാസനതന്നെയാകുന്നു എന്നു സെലിമിനു നിശ്ച
യമുണ്ടായിരുന്നെങ്കിലും, പിതാവിന്റെ ആജ്ഞയെ ലംഘിച്ചു് താൻ
വീണ്ടും പ്രവൃത്തിക്കുന്നപക്ഷം അതിന്റെ അനന്തരഫലം തുറുങ്കറയിലേ
ലോ ബഹിഷ്കരണത്തിലോ ആണു സ്ഥിതിചെയ്യുന്നതെന്നു ദൃഢനി

40334

ശയം അദ്ദേഹത്തിനുണ്ടായിരുന്നെങ്കിലും, ആ വിശിഷ്ടപ്രേമത്തി-
ആ പ്രേമശാലിയെ- കാണാതിരിക്കുവാനോ, അവരോടു സല്ലപി
ക്കാതിരിക്കുവാനോ സെലിം രാജകുമാരൻ തീരെ അപ്രാപ്തൻ തന്നെ
യാണെന്നു് അദ്ദേഹത്തിന്റെ ഹൃൽചാപല്യം പ്രസ്പഷ്ടമാക്കി. ഏ
തായാലും പെട്ടെന്നു, താൻ ആജ്ഞകളെ ലംഘിക്കുന്നതു വളരെ
ആലോചിച്ചു മാത്രം വേണ്ടതാണെന്നും, അദ്ദേഹം ഓർക്കാതിരുന്നി
ല്ല. താൻ വളരെ രഹസ്യമായി പ്രവൎത്തിക്കുന്ന കാൎയ്യങ്ങളെല്ലാംത
ന്നെ ചക്രവൎത്തി ഇത്ര സൂക്ഷ്മമായി അറിഞ്ഞതു് എങ്ങിനെയായിരു
ന്നുവെന്നതു മാത്രമേ അദ്ദേഹത്തിന്നു് അതിശയകരമായി തോന്നിയു
ള്ളു. അതെല്ലാം ചക്രവൎത്തിയുടെ ചില പ്രത്യേക ചാരന്മാരുടെ പ്ര
വൃത്തിയാണെന്നും അദ്ദേഹത്തിനു ഊഹിച്ചറിവാൻ കഴിഞ്ഞു. എ
ന്നാൽ ഇനിമുതൽ ചാരന്മാരുടെ ദൃഷ്ടിയിൽനിന്നും തന്റെ പ്രേമഭാ
ജനത്തെ മാററണമെന്നും അദ്ദേഹം തീൎച്ചപ്പെടുത്തി കൊട്ടാരത്തി
ന്റെ അന്തർഭാഗത്തുണ്ടായിരുന്നതും യാതൊരുത്തൎക്കും അറിവില്ലാതി
രുന്നതുമായ ഒരു മണിയറയിലേക്കു തന്റെ സങ്കേതസ്ഥാനം മാററ
ണമെന്നുദ്ദേശിച്ചു സെലിം നേരത്തെതന്നെ വേണ്ട ഏൎപ്പാടുകൾ ചെ
യ്തു. തന്റെ ഏററവും വിശ്വസ്തനായ ഒരു പരിചാരകനെ വിളിച്ചു്
അദ്ദേഹം വേണ്ട സംഗതികൾ ഉടൻതന്നെ ആജ്ഞാപിച്ചു. ആ മ
ണിയറയിൽ വിശേഷവിധിയായി യാതൊന്നും ഒരുക്കേണ്ട ആവശ്യ
മുണ്ടായിരുന്നില്ല. രാജകുമാരന്റെ ശയനഗൃഹത്തിന്നു് അടുക്കൽ ഒ
രു പ്രത്യേക ഭാഗത്തു നിൎമ്മിക്കപ്പെട്ടിരുന്നതും, അദ്ദേഹത്തിന്റെ
ശൈശവകാലത്തെ ഉപയോഗത്തിൽ ഒരു ശരിയായ ഭാഗത്തിനു ഉത്ത
രവാദിയായിരുന്നതും ആയ ആ മുറി വളരെ വിശാലവും, കൃത്രിമരീ
തിയിൽ പണിയിച്ചിട്ടുള്ളതുമായിരുന്നു. ആ മുറിയുടെ ഇരുഭാഗങ്ങ
ളിലായി ചില ഇരുട്ടുമുറികളും കല്ലറകളും പ്രത്യേകമായി സൂക്ഷിക്ക
പ്പെട്ടിരുന്നു. എന്നാൽ മററുള്ള മുറികളിൽനിന്നും അതിലേക്കു പ്ര
വേശിക്കുവാൻ യാതൊരു മാൎഗ്ഗവും ഉണ്ടായിരുന്നില്ല. കൊട്ടാരത്തി
ന്റെ പുറകുവശത്തുള്ള ആരാമത്തിൽനിന്നും ഒരു ഗൂഢപാത, കൊ
ട്ടാരത്തിന്റെ അന്തർഭാഗത്തേക്കു പ്രവേശിച്ചിരുന്നു. ഭൂമിയുടെ അടി
വശത്തു വളരെ രഹസ്യമായി നിൎമ്മിക്കപ്പെട്ടിരുന്ന ഈ പാതയുടെ അ
വസാനം, കൊട്ടാരത്തിന്റെ രണ്ടാംനിലയിലുണ്ടായിരുന്ന ഗോവ
ണി വാതുക്കലേക്കാണു്. അവിടെനിന്നും കീഴ്പ്പോട്ടു മറെറാരു ഗോ
വണിയിൽകൂടി പ്രവേശിച്ചാൽ മാത്രമേ ഈ മുറിയിൽ കയറുവാൻ
സാധിക്കയുള്ളു.

ഇപ്രകാരമേററവും ഗൂഢമായി സൂക്ഷിക്കപ്പെട്ടപോരുന്ന ആ മ
ണിയറയിലേക്കു തന്റെ പ്രണയനിധിയായ മെഹറിനെ മാററിത്താ
മസിപ്പിക്കുവാൻ വേണ്ട ഏൎപ്പാടുകൾ ചെയ്തശേഷം സെലിം രാജകുമാ
രൻ തന്റെ പട്ടമഹിഷിയായ അംബികാകുമാരിദേവിയെ കാണു
വാൻ അന്തഃപുരത്തിലേക്കു യാത്രയായി.

നാലാം അദ്ധ്യായം.

സെലിം രാജകുമാരന്റെ എഴുന്നെള്ളത്തു സംബന്ധിച്ചു ആഗ്രായിലെ തെരുവീഥികളും രാജപാതകളും വിസ്മയകരമാംവണ്ണം അലങ്കരിക്കപ്പെട്ടിരിക്കുന്നു. ചക്രവൎത്തിയുടെ സീമന്തപുത്രനെന്ന നിലയിലും മുഗൾസാമ്രാജ്യത്തിന്റെ ഒരു ഭാഗം ഭരിക്കുന്ന ഭരണാധികാരിയെന്ന നിലയിലും അദ്ദേഹത്തെ യഥോചിതം സ്വീകരിക്കുന്നതിനു പൌരന്മാർ അങ്ങിങ്ങ് അത്യുത്സാഹത്തോടുകൂടി കാത്തുനില്ക്കുന്നു. ഞായറാഴ്ചയാകയാൽ അന്നു വൈകുന്നേരം അഞ്ച് മണിയോടുകൂടി മാത്രമേ എഴുന്നെള്ളത്തുണ്ടാകയുള്ളുവെന്നു ഭടന്മാർ പലരുടേയും ചെവിയിൽ രഹസ്യമായിപ്പറയുന്നുണ്ട്. തെരുവുകൾ തോരണമാലികകളാലും പുഷ്പമാല്യങ്ങളാലും വിരാജമാനമായി പ്രശോഭിക്കുന്നു. ഓരോ ഗൃഹവാതുക്കലും ചക്രവൎത്തിയുടേയും രാജകുമാരന്റെയും ഛായാപടങ്ങൾ വച്ചു അലങ്കരിച്ചിട്ടുണ്ട്. ഏറെക്കാലമായി നാട്ടിൽ സവാരി ചെയ്യാതിരുന്ന ഭാവിചക്രവൎത്തിയോടു തങ്ങൾക്കുള്ള നിസ്സീമമായ ഭക്ത്യാദരങ്ങളെ ഏതുപ്രകാരമാണു യഥാൎത്ഥരീതിയിൽ പ്രദൎശിപ്പിക്കേണ്ടതെന്നു ഓരോരുത്തരും "അഹമഹമികയാ" ശ്രമിക്കുന്നു. അതിനിടക്കു സമാധാനപാലകന്മാരായ രാജഭൃത്യന്മാരും ഭടന്മാരും ഏററവും ജാഗ്രതയോടുകൂടെ തങ്ങളുടെ കൃത്യങ്ങളെ നിൎവ്വഹിക്കുന്നു. രാജകുമാരന്റെ എഴുന്നെള്ളത്തു സംബന്ധിച്ചു തെരുവീഥികളിൽനിന്നും വാഹനങ്ങളുടെയും വഴിയാത്രക്കാരുടേയും ഗതിയെക്കൂടി തടഞ്ഞുകഴിഞ്ഞിരിക്കുന്നു. രാജകുമാരന്റെ എഴുന്നെള്ളത്തു കാണുവാനുള്ള അത്യുത്സാഹത്തോടുകൂടി പൌരനാരികൾ തെരുവിന്റെ ഓരങ്ങളിൽ ഒഴിഞ്ഞുനില്ക്കുന്നു. വഴിയിൽ കീറിയ പത്രങ്ങളുമായി അലഞ്ഞുതിരിയുന്ന ഭിക്ഷക്കാരെക്കൂടി നിൎദ്ദയം മൎദ്ദിക്കുന്നതിനും ആട്ടിഓടിക്കുന്നതിനും രാജകിങ്കരന്മാരുടെ മികച്ച രാജഭക്തി അനുവദിക്കാതിരിക്കുന്നില്ല. ആഗ്രാദേവാലയത്തിന്റെ മുമ്പിൽകൂടിയാണു രാജകുമാരൻ എഴുന്നെള്ളുന്നതെന്നും, അദ്ദേഹം അന്നേദിവസം ദേവാലയത്തിന്റെ അടുക്കലുള്ള പട്ടാളപാളയത്തെ സന്ദൎശിക്കുന്നതാണെന്നും അറിവുള്ളതുകൊണ്ട് അവിടെ ഏതൊരുത്തനോ ഒരു ജന്തുവും നില്ക്കുന്നതിനു ഭടന്മാർ അനുവദിക്കുന്നില്ല. പാവപ്പെട്ടവർ വഴിയരികിൽ നില്ക്കുന്നതു രാജകുമാരന്റെ എഴുന്നെള്ളത്തിനു പ്രതിബന്ധമായേക്കുമോ എന്നു ഭയപ്പെടുന്ന ഉദ്യോഗസ്ഥന്മാർ കൂടെ പരിഭ്രമകോല

ത്തിൽ കൂടി ഏററവും സാധാരണയായി പ്രത്യക്ഷപ്പെടുന്ന സ്ഥിതി ക്ക് അക്കാലത്തു സലിം രാജകുമാരന്റെ എഴുന്നള്ളത്തു പ്രമാണിച്ചു തെരുവീഥികളിൽ നിന്നിരുന്നവരെ മർദ്ദിച്ചു ശാഹ്യവാൻ "പട്ടാളക്കാര ത്തിപത്സരായണന്മാരും" നടന്നതിൽ അതിശയിക്കാനില്ല. അനന്ത രവായ പൊന്നുതമ്പുരാൻ-ഡില്ലിയിലെ ഭാവിചക്രവർത്തി-എഴുന്ന ള്ളുമ്പോഴും, അദ്ദേഹത്തെ ഒരു നോക്കു കണ്ടു ജന്മസാഫല്യമണയു വാൻ ഏതൊരു പൌരനും ആഗ്രഹിക്കുന്നതു ന്യായാവകാശമാണ്. അ പ്രകാരമുള്ള ജിജ്ഞാസയെ-യഥാർത്ഥ രാജഭക്തിയെ-പാടെ വിപാടനം ചെയ്യാമെന്നു തീർച്ചപ്പെടുത്തി സാധുക്കളെ ഉപദ്രവിക്കുന്ന ആജ്ഞാ കരന്മാർ വാസ്തവത്തിൽ രാജദ്രോഹികളായിട്ടാണു പ്രത്യക്ഷപ്പെടുന്ന തു. രാജഭക്തി എന്ന മഹൽഗുണം പ്രേരണകൊണ്ടോ ഉപദേശം കൊണ്ടോ ഉണ്ടാകുന്നതല്ല. ശാസനകൊണ്ടു രാജഭക്തിയെ വളർപ്പി ക്കാമെന്നുദ്ദേശിക്കുന്നതു അടിസ്ഥാനരഹിതമായ ഒരു ആഗ്രഹമാകു ന്നു. എന്നാൽ രാജഭക്തി മററുള്ള വിശിഷ്ടഗുണങ്ങളെപ്പോലെതന്നെ സ്വയമേവ മനസ്സിൽ ഉദിച്ചുയരേണ്ടതാകുന്നു. അതു സാധാരണയാ യി ദരിദ്രന്മാരിലും പാവപ്പെട്ടവരിലും അധികം പ്രസ്പഷ്ടമാകാറുള്ളതെ ന്നു പറഞ്ഞാൽ അപ്രകാരമല്ലാത്തവരിൽ രാജഭക്തി ഇല്ലെന്നു അ ർത്ഥമില്ല.

ഭടന്മാർ മേൽപറയപ്പെട്ടപ്രകാരം എഴുന്നള്ളത്തിന് വേണ്ട ഒ രുക്കങ്ങൾ ചെയ്തുകൊണ്ട് തെരുവീഥിയിൽക്കൂടി, കൂട്ടംകൂട്ടമായി ചരി ക്കുമ്പോൾ അവരിൽ ഒരു കൂട്ടർ ദേവാലയത്തിന്റെ വാതുക്കൽ എത്തി. അപ്പോൾ ദേവാലയത്തിന്റെ മുൻവശത്തുള്ള "മാർബിൾ"കെട്ടി ന്റെ ഉപരി ഒരു വൃദ്ധ ശയിക്കുന്നതായും അരികെ ഒരു ബാലിക ഇരി ക്കുന്നതായും കണ്ടു. ഇവർ രണ്ടുപേരും, രണ്ടാം അദ്ധ്യായത്തിൽ വിവ രിച്ചതുപോലെ വൃദ്ധയും മകളുമാണെന്നു വായനക്കാർ ഓർക്കുന്നുണ്ടായി രിക്കാം. വൃദ്ധ ഉറങ്ങുകയാണെന്നുള്ള ധാരണയോടുകൂടി അടുക്കൽ ഇരിക്കുന്ന ബാലിക യാതൊരു ചേഷ്ടയും പ്രദർശിപ്പിക്കുന്നില്ല. അ വൾ ശാന്തയായിരിക്കുന്നു. ദേവാലയത്തിന്റെ പുറത്തു നടക്കുന്ന കോ ലാഹലങ്ങൾ അവൾ കാണുന്നുണ്ടെങ്കിലും അവയിലൊന്നിലും അവ ളുടെ ഹൃദയം പതിയുന്നില്ല. അവളുടെ മുഗ്ദ്ധമായ ഇരിപ്പുകണ്ടും, അ വളോടു തങ്ങളുടെ "അധികാരം ചെലുത്തുവാനു"ള്ള അവസരം ല ബ്ധമായിയെന്നു ആഹ്ളാദിച്ചുകൊണ്ടു ആ ഭടന്മാർ ദേവാലയത്തിൽ പ്രവേശിച്ചു. ഭടന്മാർ വന്നതുകണ്ടിട്ടും യാതൊരു ഭാവഭേദവും അ

വല്ലിലോ വൃദ്ധയിലോ ഉണരാകാതിരുന്നതുകണ്ട് വർദ്ധിച്ച ഉദ്വേഗത്തോടുകൂടി അവരിൽ ഒരാൾ ഇപ്രകാരം പറഞ്ഞുതുടങ്ങി.

"ഏടീ മൂഢേ! ഈ ഭൂദേവിയെ ഇവിടെ കിടത്തിക്കൊണ്ട് നീ സിംഹാസനത്തിൽ കയറിയിരിക്കയാണോ? ഇങ്ങോട്ട് ഇറങ്ങ്! അതാണ് നല്ലതു."

ഇപ്രകാരം പറയുന്നതുകേട്ടിട്ടും ആ ബാലിക ലേശവും ഇളകിയില്ല. ഉടനെ വേറൊരാൾ അവളുടെ അടുക്കൽചെന്നു പൃച്ഛിച്ചു:

"ഏടീ, മരപ്പാവപോലെ ഇവിടെ ഇരിക്കുന്നതെന്തിന്? ഈ കിടക്കുന്നതു നിന്റെ ആരാണ്? ഈ സ്ഥലം നിനക്കു വിശ്രമിക്കാനുള്ളതോ? നിന്റെ ക്രീഡാസങ്കേതമൊ? വേഗം മാറിയില്ലെങ്കിൽ നിന്നെ—" അയാൾ ഇത്രയും പറഞ്ഞതിനുശേഷം വൃദ്ധയുടെ അടുക്കൽചെന്ന് അവളുടെ ദേഹത്തെ പിടിച്ചുകുലുക്കി. ആ തടി അനങ്ങിയില്ല. ഉടനെതന്നെ അയാൾ ഇപ്രകാരം പറഞ്ഞു. "ഇതാ! എന്തനർത്ഥമാണ്! ഇതു ശവംതന്നെയാണ്. ഇവളെ ഉടൻ പിടിച്ച് ചക്രവർത്തിയുടെ മുമ്പിൽ കൊണ്ടുപോകണം. ഈ വൃദ്ധയെ ഇവൾ കൊന്നതായിരിക്കണം. കണ്ടില്ലേ, ഇരുമ്പുപോലെയിരിക്കുന്നതു്? എന്തായാലും വിവരങ്ങൾ ഇവളോടു ചോദിക്കാം" ഭടന്മാരിൽ വേറെ ഒരാൾ സാവധാനത്തിൽ അനുകമ്പയോടുകൂടി ചോദിച്ചു.

"കുഞ്ഞേ! ഞങ്ങൾ ഒരു കാര്യം ചോദിക്കട്ടെ? നീ എന്തിനാണ് ഇവിടെ വന്നിരിക്കുന്നതു്? ഈ കിടക്കുന്നതു നിന്റെ ആരാണ്? ഇവൾ ചത്തിട്ടും നീ തടിപോലെ ഇരിക്കുന്നതെന്താണ്?

ബാലിക—നിങ്ങൾ എന്നെ ആക്ഷേപിക്കയുമൊന്നും വേണ്ട. എന്റെ അമ്മ വഴിനടന്ന ക്ഷീണംകൊണ്ട് ഉറങ്ങുകയാണ്. നിങ്ങൾ ഉപദ്രവിക്കരുതു്.

ഭടൻ—അതെ! അതെ! ഉറങ്ങിക്കൊള്ളട്ടെ. അവിടുന്ന് ഇപ്പോൾ എഴുന്നേൽക്കണം! സമാചാരങ്ങളൊക്കെ പിന്നീടു പറയാം. "ഇപ്പോൾ അതിനൊന്നും അവസരമില്ല. ഇവൾ ചത്തതെങ്ങിനെയാണെന്നു ഉടൻ പറയണം. അല്ലെങ്കിൽ—"

ബാലിക—ചത്തോ? നിങ്ങൾ എന്തു് അസംബന്ധമാണിപ്പറയുന്നതു്. എന്റെ അമ്മ ഉറങ്ങട്ടെ. നിങ്ങൾ ഉപദ്രവിക്കരുതെ!

ഭടൻ—നീ വേഗം കാര്യംപറഞ്ഞില്ലെങ്കിൽ ഈ ദയയെല്ലാം പോകും. ഞങ്ങൾക്കു വേറെ ജോലിയുണ്ട്. നിന്റെ മറാപരാതമല്ല ഇന്ന് ഇങ്ങോട്ടുവരുന്നത്. പൊന്നുതമ്പുരാനോടാണ് എഴുന്നള്ളുന്നതു്. ഇവൾ എങ്ങിനെ ചത്തുവെന്ന് പറയെടീ വേഗം!

ബാലിക — നിങ്ങൾ അസംബന്ധം പറഞ്ഞു എന്നെ ഭയപ്പെടുത്തുകയും മറ്റും വേണ്ട. ഞങ്ങൾ കൊട്ടാരത്തിൽ നൃത്തത്തിന് പോകയാണ്. അമ്മ ഉറക്കം കഴിഞ്ഞുണർന്നാൽ ഉടൻ ഞങ്ങൾ രണ്ടുപേരും ഒരുമിച്ചു പോകും.

ഭടൻ — നൃത്തത്തിനു പോകുന്നുപോലും! കൊള്ളാം! നിന്റെ അമ്മ നൃത്തത്തിനു നേരത്തെ പോയിക്കഴിഞ്ഞു. താമസിയാതെ നിന്നേയും ഞങ്ങൾ അയക്കാം" ഇത്രയുംഅവളോടു നേരിട്ടുപറഞ്ഞതിനു ശേഷം ഭടന്മാരിൽ രണ്ടുപേർ ഒരുവശത്തേക്ക് മാറിനിന്നു പറഞ്ഞു തുടങ്ങി.

ഒന്നാമൻ — കൊള്ളാം. അവൾ ഒരു സുന്ദരിയാണ് — തരക്കേടില്ല — ഇളംപ്രായം — വേണമെങ്കിൽ —

രണ്ടാമൻ — എന്തൊരു മട്ടും ഉടുപ്പും! ഇവിടെ എങ്ങും കണ്ടിട്ടില്ലാത്ത ഒരു ജാതിയാണ്; സംശയമില്ല. നല്ല രൂപസൗന്ദര്യമുണ്ട്. നൃത്തത്തിനുപോകയാണെന്നല്ലെ പറഞ്ഞതു്; ഒരുപക്ഷെ പരമാർത്ഥം ആയിരിക്കാം.

ഒന്നാ — വാസ്തവമാണ്. അവളെ കണ്ടാൽ നല്ല ചൈതന്യമുണ്ടല്ലൊ. ആ വൃദ്ധ ഇവിടെ വന്നതിനുശേഷം മരിച്ചതായിരിക്കുമോ? അല്ലെങ്കിൽ ഇനിയും മരിച്ചില്ലായിരിക്കുമൊ?

രണ്ടാമൻ — മരിച്ചില്ലെന്നൊ? എനിക്കു മരിച്ചവരെ കണ്ടാൽ അറിയാൻപാടില്ലെന്നാണൊ താൻ പറയുന്നതു്? ഞാൻ അവളെ പിടിച്ചുനോക്കിയതല്ലെ? മരംപോലെ കിടക്കുന്നു. ലേശംപോലും ശ്വാസം ഇല്ല.

ഒന്നാമൻ — എന്നാൽ നമ്മൾക്ക് അവളെ പിടിച്ചുമാറ്റി വല്ല കുഴിയിലും കൊണ്ടെയിട്ടതിനുശേഷം മറ്റവളെ പാളയത്തിലേക്ക വലിച്ചുകൊണ്ടുപോകാം. അപ്പോൾ —

രണ്ടാമൻ — അവൾ സമ്മതിക്കയില്ല. — അതാ എഴുന്നള്ളത്തു് വരുന്നുണ്ടെന്നു തോന്നുന്നു. എല്ലാം തകരാറായി — വേഗം പോകാം —

ഇത്രയും പറഞ്ഞുകൊണ്ടു് പട്ടാളക്കാർ വീണ്ടും ബാലികയുടെ അടുക്കലെത്തി അവളെ ഭീഷണിപ്പെടുത്തിത്തുടങ്ങി. അതിലൊന്നും ലേശവും ചാഞ്ചല്യമില്ലാതെ അവൾ അവിടെത്തന്നെ വീണ്ടും ഇരുന്നു. ഉടനെ ഭടന്മാർ അവളുടെ കയ്യിൽ പിടിച്ചുവലിച്ചു. ഈ സമയത്തിൽ രാജകുമാരന്റെ കുതിര ദേവാലയത്തിന്റെ നടയിൽ എത്തിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ കൂടെ മറ്റൊരു കുതിരപ്പുറത്തു് വേറെ ഒരു

സൂര്യോദയം ഉണ്ടായിരുന്നു. ദേവാലയത്തിന്റെ നടയിൽ വന്നഉടൻ തന്നെ അവർ രണ്ടുപേരും കുതിരപ്പുറത്തുനിന്നു ഇറങ്ങി അകത്തേക്ക് ചെല്ലുന്നതായിക്കണ്ട ഉടൻതന്നെ ജനങ്ങൾ വളരെ മര്യാദക്കാരായി വണങ്ങിനിന്നു. അവരിൽ ഒരാൾ രാജകുമാരന്റെ അനുചരനായിരുന്ന കുമാരസേനനോട് "ദേവാലയത്തിൽ ഒരു സ്ത്രീ മരിച്ചുകിടക്കുന്നു" എന്നറിയിക്കയും, ഈ വിവരം അറിഞ്ഞ് രാജകുമാരൻ അകത്തേക്കു നോക്കിയപ്പോൾ ഒരു ബാലിക ഏറ്റവും ഖേദത്തോടുകൂടി അവിടെ നില്ക്കുന്നതായി കാണുകയും ചെയ്തു. രാജകുമാരൻ ഉടൻതന്നെ അവളുടെ അടുക്കൽചെന്ന് മൃദുസ്വരത്തിൽ പറഞ്ഞുതുടങ്ങി.

"ബാലികേ! നീ എന്താണ് ഇപ്രകാരം തനിയെ ഇവിടെയിരിക്കുന്നത്! ഈ കിടക്കുന്നതു നിന്റെ ആരാണ്?

ബാലിക — പൊന്നുതിരുമേനി! ഈ കിടക്കുന്നതു എന്റെ അമ്മയാണ്. ഞങ്ങൾ പേർസ്യയിൽനിന്നു ആഗ്രായിലേക്കു പോന്നു. അമ്മ ഡില്ലിക്ക് പോകും വഴിക്കിടന്നു ക്ഷീണംകൊണ്ട് ഉറങ്ങിപ്പോയി. അമ്മക്കു തലചുറ്റലുണ്ടായിരുന്നു. വിശ്രമിക്കയാണ്.

സലിം — നിന്റെ അമ്മ ഉറങ്ങുകയാണോ? എന്നാൽ വിളിച്ചുണർത്തൂ! ഞാൻ കാണട്ടെ.

രാജകുമാരൻ ഇപ്രകാരം ആജ്ഞാപിച്ച ഉടനെ ബാലിക അത്യന്തം പരിഭ്രമത്തോടുകൂടികുനിഞ്ഞ് വൃദ്ധയെപിടിച്ചു കുലുക്കികൊണ്ട് "അമ്മേ! അമ്മേ!!" എന്നു പലപ്രാവിശ്യവും വിളിച്ചു. എന്നാൽ ആ സ്ത്രീ വളരെ നേരത്തെതന്നെ നിശ്ചേതയായിരുന്നതിനാൽ യാതൊരു ചേഷ്ടയുമില്ലാതെ അവിടെത്തന്നെ അനങ്ങാതെകിടന്നതേയുള്ളു. രാജകുമാരൻ ചെന്നു നോക്കിയപ്പോൾ അദ്ദേഹത്തിനു പരമാർത്ഥം ഗ്രഹിക്കുവാൻ കഴിഞ്ഞു. അദ്ദേഹം, വീണ്ടും ബാലികയോട് പറഞ്ഞു, "ബാലികേ! നിന്റെ അമ്മ വളരെ നേരത്തെ മരിച്ചിരിക്കുന്നു. അതിനാൽ അവരെ വിളിച്ചുണർത്തുവാനുള്ള നിന്റെ ശ്രമം നിഷ്ഫലമാണ്. നീ ഉറക്കെ നിലവിളിച്ചതുകൊണ്ട് യാതൊരു ഫലവുമില്ല" കുമാരൻ ഇത്രയും പറഞ്ഞുതീരുന്നതിനുമുമ്പ് ബാലിക ഉറക്കെകരഞ്ഞുതുടങ്ങി. അവളുടെ കരച്ചിൽ ആ "പ്രപഞ്ചപ്പെട്ട തൊണ്ടിനെ" തല്ലിത്തുടങ്ങി. അവളുടെ ഏകാവലംബമായിരുന്ന മാതാവു നിര്യാണം പ്രാപിച്ചുവെന്ന കാര്യം മനസ്സിലാക്കിയ ഉടനെ അവൾക്കുണ്ടായിരുന്ന ദുഃഖം അതിരുകടന്നു അശ്രുരൂപത്തിൽ പ്രവഹിച്ചു. അവളുടെ അത്യധികമായ വ്യസനത്തിൽ അനുതാപംതോന്നി രാജകുമാരൻ അവളുടെ അടുക്കൽചെന്ന് ഇപ്രകാരം പറഞ്ഞു. "ബാലികേ!

നിന്റെ വിവരങ്ങളെല്ലാം അറിഞ്ഞിരിക്കുന്നു ഞാൻ നിനക്കുവേണ്ടി തല്ക്കാലം ചില സഹായങ്ങൾ ചെയ്യുവാനായി ആജ്ഞാപിക്കാം. നീ ഇവിടെതന്നെ താമസിക്കുക. ഈ ദേവാലയത്തിലെ പുരോഹിതൻ നിന്നെ വേണ്ടതുപോലെ സഹായിക്കും. എന്നുമാത്രമല്ല, ഈ ഭൂതശരീരത്തെ സംസ്കരിക്കുന്നതിന്നു അയാൾ ഏർപ്പാടുചെയ്തുകൊള്ളുകയും ചെയ്യും.'' രാജകുമാരന്റെ ഈ സാന്ത്വനങ്ങൾ ശ്രവിച്ചതുകൊണ്ട് അവളുടെ ദുഃഖം വർദ്ധിച്ചതേയുള്ളു. അവൾ തേങ്ങിത്തേങ്ങിക്കരഞ്ഞു. അവളുടെ ആശകളെല്ലാം അസ്തമിച്ചതുപോലെ തോന്നി. അവളുടെ നയനങ്ങളിൽനിന്നും ബാഷ്പം ധാരധാരയായി പ്രവഹിച്ചു. ലോകം മുഴുവനും തിരിയുന്നതുപോലെയും അവളുടെ മുമ്പിൽ നില്ക്കുന്ന ജനങ്ങളെല്ലാം കേവലം പിശാചുക്കളെന്നപോലെയും അവളുടെ ദൃഷ്ടിയിൽ പ്രത്യക്ഷപ്പെട്ടു. അല്പനേരം മുമ്പുവരെ ചില കഥകളുംപറഞ്ഞു അവളെ രസിപ്പിച്ചുകൊണ്ടിരുന്ന മാതാവിന്റെ നിര്യാണം — അവളുടെ ശേഷിച്ച ഏകബന്ധുവും സഹായിയും ആയിരുന്ന പ്രിയപ്പെട്ട അമ്മയുടെ മരണം — ലൌകികജീവിതത്തിൽ ''ഇടച്ചൊട്ടു'' യാതൊരു ''മേട്ടം മൊഴിയും'' മനസ്സിലാക്കിയിട്ടില്ലാത്ത ഒരു ചെറുബാലികക്കു എത്രമാത്രം സന്താപജനകമായിരുന്നുവെന്നു പറയുന്നതിനേക്കാൾ ഊഹിക്കുന്നതാണെളുപ്പം. വഴിയാത്രകൊണ്ട് സംഭവിച്ച ക്ഷീണത്താൽ അമ്മ സുഖനിദ്ര കൊള്ളുകയാണെന്നു മാത്രം വിചാരിച്ചു ശാന്തയായിരുന്ന സുകുമാരി, പരമാർത്ഥമറിഞ്ഞപ്പോൾ പരിഭ്രമിക്കയും പരിതപിക്കയും ചെയ്തതിൽ അത്ഭുതത്തിന്നു വകയില്ല. ഏതൊരു ധീമചിത്തരോടുകൂടിയും ഈവക സന്ദർഭങ്ങൾ അഥവാ ദുർന്നിമിത്തങ്ങൾ വ്യാകലപ്പെടുത്തുവാൻ ശക്തമായിരിക്കെ, കേവലം ഒരു ബാലികയുടെ സ്ഥിതി എത്രമാത്രം ദയനീയവും പരിതാപകരവും ആയിരിക്കണം! അവളുടെ ഹൃദയത്തിൽ ആളിപ്പടർന്ന തീയ്യ് പെട്ടെന്നു, അവളുടെ ദേഹത്തെ എരിച്ച് ചാമ്പലാക്കുന്നതുപോലെ അവൾക്കു തോന്നി. അത്യധികമായ സന്താപംനിമിത്തം ഒരു വാക്കുപോലും ഉച്ചരിക്കുവാൻ ശക്തയാകാതെ അവൾ സ്തബ്ധയായിനിന്നു. രാജകുമാരൻ പിന്നിട്ടു പറഞ്ഞതൊന്നുംതന്നെ അവൾ കേട്ടില്ല. അവളുടെ മുഖഭാവം പകർന്നു. അവൾ സഹിച്ചിരുന്ന ദുഃഖം ഏററവും അമേയമായിരുന്നുവെന്നു കാണികൾക്കു തോന്നി. അവിടെ കൂടിയിരുന്നവർ അവളെ പല വിധത്തിലും ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു. പക്ഷെ അതുകൊണ്ടൊന്നും അവളുടെ ഹൃദയം അതിന്നു നഷ്ടമായി വെച്ച പ്രശാന്തതയെയോ സമാധാനത്തെയോ പ്രാപിച്ചില്ല. ഒടുവിൽ സെലിംരാജകുമാരൻ

ആ ദേവാലയത്തിലെ ഒരു പ്രധാനപുരോഹിതനെ വിളിച്ചു കല്പിച്ചു:-
"നിസ്സഹായയായിത്തീൎന്ന ഈ ബാലികയെ ഇവിടെത്തന്നെ തല്ക്കാ
ലം പാൎപ്പിച്ചു അവളുടെ ദുഃഖത്തിനു ശമനംവരുത്തണം. അവൾ
ഇവിടെ ഒരു പരിചാരികയായി താമസിക്കട്ടെ. ആ മൃതശരീരത്തെ
ഉടൻ അടക്കംചെയ്യട്ടെ". ആജ്ഞ കേട്ടുകഴിഞ്ഞ ഉടൻ തന്നെ പു
രോഹിതൻ സകലതും സമ്മതിച്ചു മൃതശരീരത്തെ സംസ്കരിക്കാനു
ള്ള ഏൎപ്പാടുചെയ്തു. രാജകുമാരൻ അനുചരനായ കുമാരസേനനുമൊ
രുമിച്ചു കുതിരപ്പുറത്തുകയറി യാത്രതുടൎന്നു.

പുരോഹിതൻെറ ആജ്ഞപ്രകാരം മൃതശരീരത്തെ ചടങ്ങുകൾ
അനുസരിച്ച് തന്നെ സംസ്കരിച്ചു. എന്നാൽ ബാലികയാകട്ടെ ആ
സമയം മോഹിതയായി കിടക്കുകയായിരുന്നു. അവളും മാതാവി
ൻെറ ദീൎഘനിദ്രയെ പിന്തുടൎന്നേക്കുമോ എന്നുള്ള ഭയം മിക്ക പേൎക്കും
ഉണ്ടായിരുന്നെങ്കിലും ഈശ്വരകാരുണ്യത്താൽ അവൾ ആലസ്യം
തീൎന്നുണൎന്നപ്പോൾ മൃതശരീരം അവിടെ എങ്ങുംതന്നെ ഉണ്ടാ
യിരുന്നില്ല. കരുണാസമ്പൂൎണമായ പുരോഹിതൻെറ സാന്ത്വനമൊ
ഴികൾ അവളെ വളരെ ആശ്വസിപ്പിച്ചുവെന്നുതന്നെ പറയാം. എ
ങ്കിലും അവളുടെ ഹൃദയാന്തൎഭാഗത്തു നിഗൂഢം കെടാതെ താപ
ക്കൊടുന്തീയുടെ ചില പൊരികൾ എരിപൊരികൊണ്ടിരുന്നു. പു
രോഹിതൻ ഏററവും ദയവോടുകൂടി അവളുടെ അടുക്കൽ ചെന്ന് എ
ന്നും എന്നും അവളെ പല സമാധാനങ്ങൾ പറഞ്ഞ് സന്തോഷിപ്പി
ച്ചു വന്നു. ലൌകികജീവിതത്തിൻെറ മിഥ്യയെപ്പററിയും മററും അ
യാൾ പറഞ്ഞു ആശ്വസിപ്പിക്കുമ്പോൾ, അവളുടെ അമ്മ പറഞ്ഞിട്ടു
ള്ള ഓരോ വാക്കിൻെറയും പ്രതിധ്വനി അവൾ കേൾക്കുകയാണോ
എന്നും അവൾക്കു തോന്നാതിരുന്നില്ല. "ഐശ്വൎയ്യാധികമായ ആനന്ദ
ത്തിൻെറ അത്യുച്ചശിഖരത്തിൽ നിന്നും മനുഷ്യൻ അധഃപതിക്കുന്ന
തു അത്യഗാധമായ ദുരിതസാഗരത്തിൻെറ അടിത്തട്ടിലേക്കാണ്.
നീതിജ്ഞനായ നിയതിയുടെ നിയോഗത്തെ നിരാകരിക്കാനോ നി
വാരണം ചെയ്യാനോ ആൎക്കും സാദ്ധ്യമല്ല" ഈ പരമാൎത്ഥങ്ങൾ എ
ല്ലാം ആ ബാലിക അല്പസമയംകൊണ്ടു പഠിച്ചു കഴിഞ്ഞു. കുല
ശ്രേഷ്ഠതകൊണ്ടും ധനപുഷ്ടികൊണ്ടും ഏററവും ഉയൎന്ന ഒരു കുടുംബ
ത്തിലെ വാത്സല്യഭാജനമായിരുന്ന കോമളബാലിക ഇന്നിതാ നി
സ്സഹായയായി വലയുന്നു! ഈ കഷ്ടത ഒരു പക്ഷെ അവൾ അനുഭ
വിച്ചു കഴിഞ്ഞതോ, അനുഭവിക്കാനിരിക്കുന്നതോ ആയ സുഖത്തി
ൻെറ പൂൎവ്വരൂപമാണെന്ന് സമാധാനിയ്ക്കുകയാണുത്തമം. ലോകത്തിൽ ആ

ക്ഷിപ്രസമാധാനങ്ങൾ എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കും. പരമകാരുണികനായ ജഗദീശ്വരന്റെ തീരുമാനങ്ങൾ എന്തെല്ലാമാണെന്നു ആൎക്കും അറിവാൻ കഴികയില്ല. രഹസ്യവൃത്തികളായ അനേകം ശക്തികൾ ലോകത്തിൽ സൎവ്വദാ നിഗൂഢമായി സ്ഥിതി ചെയ്യുന്നു. അവയെപ്പററി ആരായുന്നതിനോ അനുഭവത്താൽതന്നെ അറിയുന്നതിനോ മനുഷ്യൻ പ്രാപ്തനാകുന്നില്ല. മനുഷ്യന്റെ ശക്തി എത്രയോ തുച്ഛം!!

പുരോഹിതന്റെ കൂടെ അവർ താമസിച്ചതിൽവെച്ചു അവൾക്കു് അനല്പമായ ചാരിതാൎത്ഥ്യത്തിനവകാശമുണ്ടായിരുന്നു. മനുഷ്യന്റെ സങ്കടങ്ങളെല്ലാം തന്നെ പോക്കുവാൻ ഈശ്വരസന്നിധി ഏററവും ശക്തമാണെന്നു ലോകം വളരെ കാലം മുതല്ക്കു അറിയുന്ന ഒരു പരമാൎത്ഥമാണ്. 'മതം' എന്നുള്ള സംജ്ഞകൊണ്ടു യഥാൎത്ഥത്തിൽ നാം വിവക്ഷിക്കുന്ന അൎത്ഥം "ഈശ്വരോപാസനം" എന്നു മാത്രമാണ്. ഏതു മതത്തിൽ ഉൾപ്പെട്ടവനായാലും മനുഷ്യൻ ലൌകികവ്യാപാരങ്ങളിൽ ഉൾപ്പെട്ടു ക്ലേശങ്ങൾ അനുഭവിച്ചു പരിതപ്തചിത്തനായിത്തീരുമ്പോൾ അനുഗ്രഹിക്കുന്നുള്ള മതത്തിനോട്ടു ചേരുവാനും അതിൽ തന്നെ ലയിക്കുവാനും ആകുന്നു. ക്ലേശങ്ങളുടെ എല്ലാം ദിവ്യമായ പരിഹാരമാൎഗ്ഗം അവിടെ ഉണ്ടെന്നു മനുഷ്യൻ ദൃഢമായി വിശ്വസിക്കുന്നു. എന്നാൽ ഏററവും വിസ്തൃതമായ മനുഷ്യസമുദായത്തിലെ ഭൂരിഭാഗത്തിനും ഈ ആനന്ദം ലഭിക്കുന്നില്ല. അദൃശ്യമായ ഒരു ശക്തി അവരെ അതിൽ നിന്നും അകററി നിൎത്തുന്നു. എന്നാൽ ഈ ബാലികയാകട്ടെ ആ നിത്യാനന്ദത്തിലേക്കുള്ള മാൎഗ്ഗം അനായാസേന പ്രാപിച്ചുകഴിഞ്ഞു. ഇനി അവൾക്കതിനെ തുടരേണ്ട ഭാരം മാത്രമേയുള്ളൂ. തന്റെ ഏകപുത്രിയെപ്പോലെ നിൎവ്യാജമായി അവളെ സ്നേഹിക്കുന്ന പുരോഹിതൻ എന്നും അവളെ വിളിച്ചു മതത്തിന്റെ വൈശിഷ്ട്യത്തെപ്പററിയും ഈശ്വരമഹിമയെപ്പററിയും വ്യക്തമായും സരസമായും പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു. ആ സാധുബാലികയാകട്ടെ ഇതെല്ലാം കേട്ടു് ആശ്വസിച്ചുവന്നു. എല്ലാ സുഖങ്ങളും ക്ഷണികങ്ങളെന്നു് അവൾക്കു ബോദ്ധ്യമായി. പക്ഷെ അവളുടെ അമ്മ നിൎയ്യാതയായപ്പോൾ അവൾക്കുണ്ടായിരുന്ന ദുഃഖം ഓരോ മാത്രയിലും വൎദ്ധിച്ചുവന്നതല്ലാതെ അതിനെ കെടുത്തുവാൻ ആ പരമാനന്ദ സങ്കേതത്തിനും കഴിവുണ്ടായിരുന്നില്ല. എല്ലാ ദിവസവും വൈകുന്നേരം അവൾ ആ ശവക്കുഴിയുടെ ഉപരി ഉണ്ടായിരുന്ന കല്ലിന്മേൽ വന്നിരുന്നു് ഏ-

ററവും നിഷ്കളമായ ബാഷ്പധാരയെ ഒഴുക്കി ആ സ്ഥലത്തെ തണു
പ്പിച്ചില്ല.

പതിവുപോലെ നേരം സന്ധ്യയായി. അന്തിയുടെ ബന്ധുര
മായ കാന്തികന്ദളങ്ങളാൽ ദേവാലയവും പരിസരപ്രദേശവും സ്വ
ർണ്ണമയമായി ചമഞ്ഞു. അവിടെ എങ്ങുംതന്നെ പാവനമായ പ്രശാ
ന്തത വ്യാപിച്ചിരുന്നു. ദീർഘനിദ്രയിൽ വിശ്രമമെടുക്കുന്ന എത്രയോ
പേർ ആ സങ്കേതത്തിൽ ശയിക്കുന്നുണ്ട്! അവരുടെ ശൈത്യവാസ
ത്തിന് വിഘാതം ഉണ്ടാകേണ്ടായെന്നു കരുതിയായിരിക്കാം കളകള
സ്വനത്തോടുകൂടി നീഡങ്ങളെ പ്രാപിക്കാറുള്ള പറവകൾ, ആ സ്ഥ
ലത്തിനപ്പുറം, വായുമണ്ഡലത്തിൽക്കൂടി യാതൊന്നും ശബ്ദിക്കാതെ
ചലിച്ചിരുന്നത്! ഗംഭീരമായ ശാന്തത സർവ്വദാ മനുഷ്യാത്മാവി
ന്റെ അഗാധതയിൽ വർത്തിക്കുന്ന ഒരു ഗുണമാകയാൽ, നമ്മുടെ
ബാലികക്ക് അവിടെ വ്യാപിച്ചിരുന്ന ശാന്തത ഭീകരമായി തോന്നി
യിരുന്നില്ല. ലോകജീവിതത്തിൽത്തങ്ങൾക്കുണ്ടായിരുന്ന നിമ്നോന്നത
ഭേദം എത്രയോ വൈയർത്ഥ്യം എന്നുള്ള പരമാർത്ഥത്തെ ഉദാഹരിക്കുന്ന
രീതിയിൽ ഒരേ നിരപ്പിൽ ശവസ്ഥലത്ത് അടുത്തടുത്ത് കിടക്കു
ന്ന ശവക്കുഴികളെ എന്നും എന്നും കാണുവാനും, കണ്ടു കഴിഞ്ഞാൽ
തന്നെ അതിനെപ്പററി ചിന്തിക്കാനും ഒരുവനു കഴിഞ്ഞാൽ അവ
ന്റെ പ്രവൃത്തികളിൽ ഒരു ശരിയായ ഭാഗം പാപമില്ലാത്തതായി
തീരുന്നതാണ്. അവിടെ അമേയമായ ഒരു ദിവ്യത്വം നിറഞ്ഞു വ
ഴിയുന്നുണ്ടായിരുന്നു. എന്നാൽ കേവലം മാംസചക്ഷുസ്സുകൾക്ക് അ
റിവാൻ കഴിയാത്ത അത്തരം ദിവ്യത്വം വികസിതചിത്തന്മാർക്ക് മാ
ത്രമേ അനുഭവിക്കാൻ സാധിക്കയുള്ളു. അവൾക്കവിടെ കൂട്ടുകാരാരു
മില്ലായിരുന്നുവെന്ന് ഒരു പക്ഷേ കാണികൾക്ക് തോന്നിയിരിക്കാം.
എന്നാൽ പരമാർത്ഥം അങ്ങിനെ ആയിരുന്നില്ല. അദൃശ്യരായ പല
രും അവളോട് വർത്തമാനം പറഞ്ഞു രസിക്കുന്നുണ്ടായിരുന്നു. ഒരു പ
ക്ഷേ അവൾ തന്നെയും അതറിഞ്ഞിരിക്കയില്ല. ഏകാകിനിയായി
ആ സ്ഥലത്ത്—നാം ശൂന്യമെന്ന് വിവക്ഷിക്കപ്പെടാവുന്ന ശവക്കോ
ട്ടയിൽ—ആനന്ദമരന്ദം ആസ്വദിച്ചുമേവുന്ന ആ ബാലികയുടെ ഇ
പ്പോഴത്തെ സ്ഥിതിയെന്ത്? അവൾ അവളുടെ ജീവിതഗ്രന്ഥത്തി
ൽ വിരചിതമായിരിക്കുന്ന അദ്ധ്യായങ്ങളെ ഓരോന്നായി മറിച്ചു നോ
ക്കിക്കൊണ്ടിരിക്കയാണ്! ആദ്യം മുതൽ മറിച്ചു നോക്കീട്ടും അവൾ
രസമല്ലാത്ത ഒരു ഭാഗവും കണ്ടില്ല. എന്നാൽ അവസാനത്തിൽ
അപൂർണ്ണങ്ങളായി സ്ഥിതിചെയ്തിരുന്ന അദ്ധ്യായങ്ങളെല്ലാംതന്നെ

കരുത്തിരുന്നുവയായിരുന്നു. അവളുടെ കണ്ണീർകൊണ്ട് അവയിൽ ചില ഇടങ്ങൾ മഷി ഇളകിയും തെളിഞ്ഞും മാഞ്ഞും പ്രത്യക്ഷപ്പെട്ടിരുന്നു. ഏകദേശം ഒരു നാഴികയോളം അവിടെ വിശ്രമിച്ചശേഷം നിത്യകർമ്മം കഴിക്കുവാനായി അവൾ അവിടെനിന്നും എഴുന്നേറ്റു. അപ്പോൾ ആരോ അവളെ ഇലോലം മധുരമായരീതിയിൽ "നളിനേ, നളിനേ"! എന്നു വിളിക്കുന്നതുപോലെ അവൾക്കു തോന്നി. അവൾ നാലുവശങ്ങളിലേക്കും ആശ്ചര്യത്തോടെ പിന്തിരിഞ്ഞു നോക്കി. അവിടെ ആരെയും കണ്ടില്ല. പുരോഹിതന്റെ സ്വരമായിരിക്കുമോ അതെന്ന് അവൾ സംശയിച്ചു. പക്ഷെ അദ്ദേഹത്തിന്റെ അടുക്കൽ അവൾ ഇത്രയും ദിവസം പെരുമാറിയിട്ടും അവളെ പേരു പറഞ്ഞു ഒരിക്കലെങ്കിലും വിളിച്ചിട്ടുള്ളതായി അവൾ ഓർത്തില്ല. എന്നുമാത്രമല്ല അദ്ദേഹത്തിന്റെ ശബ്ദവും അത്രമാത്രം മധുരമായിരുന്നില്ലായെന്നു അവൾക്കറിയാമായിരുന്നു.

"പിന്നെ ആരാണ് എന്നെ വിളിച്ചതെന്ന്" അവൾ സ്വയംപ്രശ്നം ചെയ്തു. പുരോഹിതനും വേറെ രണ്ടു പരിചാരികമാരുമല്ലാതെ ആ ദേവാലയത്തിൽ വിശേഷിച്ചു മറ്റാരുമുണ്ടായിരുന്നില്ല. ആ സ്ഥിതിക്കു ആ ശബ്ദം ആരുടേതായിരുന്നു? ഒരുപക്ഷേ ആ കൽക്കെട്ടിന്റെ അന്തർഭാഗത്തു ശൈത്യവും ദീർഘവുമായ നിദ്രയിൽ നിമഗ്നയായി കിടക്കുന്ന അവളുടെ പ്രിയപ്പെട്ട മാതാവു തന്നെ അപ്രകാരം വിളിച്ചതായിരിക്കാമോ എന്നും അവൾ ശങ്കിച്ചു.

അപ്രകാരമുള്ള ശങ്ക അടിസ്ഥാനരഹിതമാണെന്നും അവൾക്കു തോന്നി. ഒരുപക്ഷേ ഹൃദയത്തിലെ വികാരപരമ്പരകളുടെ സമ്മർദ്ദനംകൊണ്ടു അപ്രകാരം വിളിച്ചതായി തോന്നിയിരിക്കാമെന്നും അവൾ ഉദ്ദേശിച്ചു അതിനും കാരണമില്ല. അവൾ ഏറ്റവും ശാന്തയായിരുന്നു. ശബ്ദത്തിന്റെ കാരണം എന്തായിരിക്കാമെന്നു ഏറ്റവും നിഷ്കർഷയോടുകൂടി അവൾ ആലോചിച്ചു. യാതൊരു വിധത്തിലും സമാധാനത്തിനു വഴിയില്ലാതിരുന്നതിനാൽ മടങ്ങുകതന്നെയാണു നല്ലതെന്നു തീർച്ചപ്പെടുത്തി അവൾ അവിടെനിന്നും എഴുന്നേറ്റു. അസമയം രാജപാതയിലേക്കു അവൾ നോക്കുകയും ഒരു ഭിക്ഷക്കാരൻ അതിലെകൂടി എന്തോപിറുപിറുത്തുകൊണ്ടു പോകുന്നതായും അവൾ കണ്ടു. പാവപ്പെട്ട ആ യാചകനെ ഇതിനുമുമ്പ് പലപ്പോഴും അവൾ കണ്ടിട്ടുണ്ടു. അവൾ ആദ്യം ആഗ്രായിൽ വന്നപ്പോഴും അയാൾ അതേ സ്ഥലത്തുകൂടി ഒരു ഭാണ്ഡവും പേറിക്കൊണ്ടു പോകുന്നതായിരുന്നു. അതിൽ പിന്നീടു രണ്ടാമതു പ്രാവശ്യം ദേവാലയത്തിൽവ

ഭിക്കയും ഭിക്ഷ വാങ്ങുകയും ചില ഗോഷ്ടികൾ കാണിച്ചും കൊണ്ടു പോകയും ചെയ്തിട്ടുള്ള ആ യാചകനു തൻറെ പേർ പറഞ്ഞു വിളിക്കാൻ ധൈര്യമുണ്ടായിരിക്കയില്ലെന്നും, അവനു പേർ അറിവാൻ പാടില്ലെന്നും, ദൃഢവിശ്വാസമുണ്ടായിരുന്നതിനാൽ അയാളാണ് തന്നെ വിളിച്ചതെന്നും വിശ്വസിക്കുവാൻ ന്യായം കണ്ടില്ല. പിച്ചക്കാരൻ തൻറെ ദൃഷ്ടിപഥത്തിൽ നിന്നും മറഞ്ഞതോടുകൂടി നസീം ദേവാലയത്തിൻറെ അകത്തേക്ക പ്രവേശിച്ചു. തത്സമയം പുരോഹിതൻ അവിടെ ഇരിപ്പുണ്ടായിരുന്നു. അവൾ പതിവുപോലെ ആ വൃദ്ധനെ അഭിവാദനം ചെയ്തു. ഉടനെ അയാൾ ഇപ്രകാരം പറഞ്ഞു.

"ബാലികേ! നീ ഇപ്പോൾ ശാന്തയും പാവനയുമാണെന്ന് എനിക്ക് മനസ്സിലായി. നിൻറെ ദുഃഖങ്ങളെല്ലാം കളയുക. ഞാൻ നിനക്ക് ഏതൊരുപകാരമാണ ചെയ്യേണ്ടതെന്ന് ആലോചിച്ചുകൊണ്ടിരിക്കയാണ."

നസീം — പ്രഭോ! അവിടത്തെ കാരുണ്യത്താലാണ് ഈ സാധു ജീവിച്ചതെന്നും ജീവിക്കുന്നതെന്നും ഞാൻ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. എല്ലാററിനും സാക്ഷിയായ ദൈവംതന്നെ സകലവും അറിയട്ടെ.

പുരോ — നീ യാതൊരുവിധത്തിലും സങ്കടപ്പെടരുതെന്നാണ് എനിക്കുള്ള ആഗ്രഹം. നിനക്ക് ഇവിടെ ശരിയായ സുഖമില്ലെന്നും എനിക്കറിയാം. ഇപ്പോൾ ഈ സ്ഥലത്തിന് നീ അർഹയല്ല. ഒരു പക്ഷെ നീ ഇവിടെത്തന്നെ പുനഃ ചേരുവാൻ വഴിയുണ്ട്.

നസീം — അവിടുന്ന പറഞ്ഞത് ഇവൾക്ക മനസ്സിലായില്ല. ഞാൻ ഏതെങ്കിലും രീതിയിൽ അവിടത്തെ ആജ്ഞയെയോ ആഗ്രഹത്തെയോ ലംഘിച്ചു പ്രവൃത്തിച്ചിട്ടുണ്ടെങ്കിൽ അവിടുന്ന് അതെല്ലാം സദയം ക്ഷമിച്ച് ഈ നിസ്സഹായയായ എന്നെ രക്ഷിക്കണേ! ഞാൻ അഗതിയാണെന്ന് അവിടെ അറിയാമല്ലോ.

പുരോ — നീ യാതൊരു തരത്തിലും സങ്കടപ്പെടരുതെന്നു കരുതി മാത്രമാണ ഞാൻ അപ്രകാരം പറഞ്ഞത്. നീ കരയരുത്. ഞാൻ പറഞ്ഞതിൻറെ സാരം മറ്റൊന്നുമല്ല. നീ കുറച്ചുനാൾ ഇവിടെ നിന്നും മാറിത്താമസിക്കുന്നപക്ഷം നിൻറെ ദുഃഖങ്ങൾക്ക ശമനമുണ്ടാകുമെന്ന് എനിക്കറിയാം. എന്തുകൊണ്ടെന്നാൽ, ഇപ്പോൾ നിൻറെ ഹൃദയം, നിൻറെ മാതാവിൻറെ ശവക്കല്ലറയിൽ അവളോടൊന്നിച്ച് ഇരിക്കുന്നതുകൊണ്ടു നിനക്ക് സ്വൈരമുണ്ടാകുന്നില്ല. നിൻറെ ദൃഷ്ടിയിൽ, ആ സ്ഥലം എല്ലായ്പോഴും പരിലസിക്ക

ന്നതുകൊണ്ടു നീ ഒരിക്കലും സന്തുഷ്ടയായി ഭവിക്കുന്നില്ല. അതു കൊണ്ട് നീ കുറച്ചുനാൾ ലോകത്തിലിറങ്ങി സഞ്ചരിക്കുന്നതു നന്നായിരിക്കും.

നസീറ — ഗുരോ! അവിടുന്ന് അവിടത്തെ ദാസിയായ ഞാൻ പോകണമെന്നാണോ പറയുന്നതു്? പുറത്തു പോയാൽ പിന്നെ എന്നെപ്പററി അന്വേഷിക്കുവാനാരാണുള്ളതു്? അയ്യോ! എന്നെ എല്ലാവരുംകൂടി കൊല്ലും.

പുരോ — നീ ദുഃഖിക്കേണ്ട. നിനക്കു വേണ്ട സഹായങ്ങൾ നൽകുവാൻ ഞാൻ ഏർപ്പാടുചെയ്തിട്ടുണ്ട്.

നസീറ — അവിടുന്ന് ഈ ദാസിയെ പോകാൻ പറയരുതേ. എനിക്കു ഇവിടെ താമസിക്കുന്നതിനാണ് അധികം ഇഷ്ടം. എന്റെ അമ്മയുടെ ശവക്കല്ലറയിൽത്തന്നെ ഞാൻ താമസിച്ചുകൊള്ളാം. അവിടെത്തന്നെ എന്റെ ജീവിതം അവസാനിപ്പിച്ചുകൊള്ളാം. അവിടുന്ന് എന്നെ ഉപേക്ഷിക്കരുതേ!

പുരോ — പൊലിക! നീ സങ്കടപ്പെടേണ്ട. നിന്നെ ഞാൻ ക്രൂരന്മാരുടെ അടുക്കൽ ഏല്പിക്കുമെന്നു നീ ഒരിക്കലും ശങ്കിക്കേണ്ട. നീ എന്റെ കൂടെത്തന്നെ താമസിക്കുന്നതായി വിചാരിച്ചുകൊള്ളുക. നിനക്കു യാതൊരു തരത്തിലും ദുഃഖമുണ്ടാകരുതെന്നാണ് എന്റെ ആഗ്രഹം. ഞാൻ, നിന്റെ ആപൽസ്ഥിതി മെച്ചപ്പെട്ടുകാണുവാനാണാഗ്രഹിക്കുന്നതു്. അതിനായിട്ടു മാത്രമാണ് നീ താമസം മാററണമെന്ന് ഞാൻ പറഞ്ഞതു്.

നസീറ — അവിടത്തെ ആഗ്രഹംപോലെ പ്രവർത്തിക്കേണ്ടതു് ഈ ദാസിയുടെ കടമയാണല്ലോ. അവിടുന്നു നിയോഗിക്കുന്നതുപോലെതന്നെ ആകട്ടെ.

പുരോഹിതനും നസീറയുംതമ്മിൽ ഏകദേശം ഒരു മണിക്കൂർനേരത്തോളം സംസാരിച്ചുകൊണ്ടിരുന്നു. സംഭാഷണത്തിനുശേഷം രണ്ടുപേരും അവരവരുടെ പ്രത്യേകസ്ഥലങ്ങളിലേക്കു പ്രാർത്ഥനയ്ക്കായി തിരിച്ചു. പ്രാർത്ഥന കഴിഞ്ഞതിനുശേഷം നസീറ അവളുടെ ശയനമുറിയിൽ വന്നു. ആ ശയനമുറിയിൽ അവളുടെ സഖിയും, അവൾ ദേവാലയത്തിൽ ആഗതയായ സമയം അവിടെ ഉണ്ടായിരുന്ന പരിചാരികയും ആയ ഫാത്തിമ ഇരിപ്പുണ്ടായിരുന്നു. നസീറ പതിവിനു വിപരീതമായി ഒന്നു മൌനം അവലംബിച്ചിരുന്നതു കൂടാതെ തന്റെ സഖിയുടെ സന്തോഷങ്ങളെപ്പററി അന്വേഷിക്കാത്തരീതിയിൽ ഇരിക്കുന്നതു കണ്ട് ഫാത്തിമ ഇപ്രകാരം ചോദിച്ചു.

"സഖീ! നസീറെ! നീ ഇന്ന വളരെ സങ്കടപ്പെട്ടിരിക്കുന്നുവല്ലൊ. എന്നോട വല്ല ദ്വേഷ്യവും ഉണ്ടൊ? ഞാൻ എന്തെങ്കിലും വിപരീതമായി പ്രവൃത്തിച്ചിട്ടുള്ളതായി ഓൎക്കുന്നില്ലല്ലൊ.

നസീറ. ഫാത്തിമെ! നീ വെറുതെ സംശയിക്കുകയാണ്. നാം തമ്മിൽ ഒരിക്കലും വിരോധമാകയില്ല. എന്റെ അമ്മ മരിച്ചതിൽവെച്ച എനിക്ക ഉണ്ടായിരുന്ന ദുഃഖത്തെ ഇല്ലാതെയാക്കിയത് നീ ഒരുവളാണെന്ന് എനിക്കറിയാം. ഞാൻ അതിന്ന പ്രതിഫലമായിട്ട നിനക്ക് എന്തുതന്നെ നൽകിയാൽ മതിയാകും. നിന്റെ കരുണ ഇല്ലായിരുന്നെങ്കിൽ ഈയുള്ളവളുടെ സ്ഥിതിയെന്തായിരിക്കും?

ഫാത്തിമ—അതെല്ലാം പോകട്ടെ. ഇപ്പോൾ നീ ദുഃഖിക്കുന്നതിന് ഞാൻ വല്ലതും പ്രവൃത്തിച്ചിട്ടുണ്ടൊ?

നസീറ—ഒരിക്കലും ഇല്ല. അപ്രകാരം ഒരിക്കലും ഉണ്ടാകയില്ലെന്ന് എനിക്ക വളരെ നിശ്ചയമുണ്ട്. എന്നാൽ ഇന്ന ഞാൻ ദുഃഖിക്കുന്നതു നിന്നെ ഓൎത്തുതന്നെയാണ്.

ഫാത്തിമ—എന്ത്? എന്നെ ഉദ്ദേശിച്ചുവെന്നൊ? ഞാൻ മഹാപാപിയായതെങ്ങിനെ? നിന്നെപ്പോലുള്ള സാധുക്കളെ ദുഃഖിപ്പിച്ചാൽ പിന്നെ എന്റെ സ്ഥിതിയെന്ത്"?

നസീറ—നീ തെറ്റിദ്ധരിച്ചു. ഞാൻ താമസിയാതെ ഇവിടെനിന്നും പോകും. ഇന്ന പുരോഹിതൻ എന്നെ വിളിച്ച പറയുക ഉണ്ടായി. എനിക്ക് അതു കേട്ടതുമുതൽ മനസ്സിന്ന തീരെ സന്തോഷമില്ല. മനോവേദനകൊണ്ട് ഒരു സ്ഥലത്ത് ഇരിക്കുന്നതിനൊ കിടക്കുന്നതിനൊ ഒരാളോട വൎത്തമാനം പറയുന്നതിനൊ അപ്രാപ്തയായിത്തീൎന്നു. അയ്യൊ! സഖീ! ഞാൻ നിന്നെ ഏതുവിധത്തിൽ ഉപേക്ഷിക്കും.

ഫാത്തിമ—അതു സാരമില്ല. നിനക്ക കൂടുതൽ സന്തോഷം ഉണ്ടാകാതിരിക്കയില്ല. പക്ഷെ എന്റെ കാൎയ്യമാണ് കഷ്ടം! എനിക്ക പിന്നിട യാതൊരു ആഹ്ളാദത്തിന്നും വകയില്ല. പക്ഷെ നിന്റെ ആഹ്ളാദത്തെപ്പറ്റി അറിഞ്ഞാൽതന്നെയും എനിക്ക ആശ്വാസത്തിന്ന വഴിയുണ്ട്.

നസീറ—ഞാൻ എങ്ങോട്ടാണു പോകുന്നതെന്ന് എനിക്ക നിശ്ചയമില്ല. അദ്ദേഹം എങ്ങോട്ടെല്ലാം വിളിക്കുന്നുവൊ അങ്ങോട്ടെല്ലാം പോകേണ്ടത് എന്റെ ചുമതലയല്ലേ?

ഫ്ാത്തിമ—സഖീ! നീ ലേശവും ദുഃഖിക്കേണ്ട. അദ്ദേഹം നിന്നെ വളരെ തൃപ്തിയാംവണ്ണം. പാലിക്കും. നിന്നിൽ അദ്ദേഹത്തിന് അളവററ സ്നേഹമുണ്ടെന്നു മാത്രമല്ല, നിന്നെപ്പററി വളരെ കാര്യമാണെന്നുള്ളതിൽ തർക്കവുമില്ല.

നസീറ—വൃദ്ധനും, ഈശ്വരഭക്തനും, നിർമ്മലചിത്തനുമായ അദ്ദേഹത്തിന്റെ അനുഗ്രഹം ഈശ്വരന്റെ അനുഗ്രഹംപോലെതന്നെ ദിവ്യമാണ്. അദ്ദേഹത്തെപ്പോലുള്ള മഹത്തുക്കളുടെ അനുഗ്രഹം ലഭിക്കുകയെന്നതിൽ കൂടുതൽ മറെറന്തു പുണ്യമാണു കൈവരേണ്ടതു്?

ഫ്ാത്തിമ—നീ പറഞ്ഞതു ശരിയാണ്. ഞാൻ അദ്ദേഹത്തെ കഴിഞ്ഞ എട്ടുസംവത്സരങ്ങളായിട്ടറിയുന്നതാണ്. അദ്ദേഹം ദിവ്യൻതന്നെയാണെന്നുള്ളതിനു സംശയമില്ല. എങ്കിലും നീ പോയിക്കഴിഞ്ഞാൽപ്പിന്നെ നമ്മൾ തമ്മിൽ കാണുന്നതെങ്ങിനെ? എനിക്കു നിന്നെ എപ്പോഴും കണ്ടുകൊണ്ടിരുന്നാൽമതി.

നസീറ—അപ്രകാരംതന്നെയാണല്ലോ എന്റെ കഥയും. എങ്കിലും ഞാൻ ഇവിടെ അടുക്കൽ വല്ല സ്ഥലത്തും പാർക്കുന്നതാണെങ്കിൽ നിശ്ചയമായും മിക്കപ്പോഴും നിന്നെയും ഒരു ശങ്കകൂടാതെയും ഞാൻ കാണാതിരിക്കയില്ല.

ഫ്ാത്തിമ—അതെല്ലാം ഇപ്പോഴത്തെ പറയും. ലോകജീവിതത്തിലെ സുഖാനുഭവങ്ങളിൽ മനസ്സു നിമഗ്നമായിക്കഴിഞ്ഞാൽപ്പിന്നെ ഈ കഥ വല്ലതും നീ ഓർക്കുമോ എന്നാണ് എനിക്കു സംശയം. എന്തെന്നാൽ എന്റെ ജീവിതം എന്നും ഇങ്ങിനെയൊക്കെത്തന്നെ ആയിരിക്കയേ ഉള്ളൂ. നേരെമറിച്ചു നീയോ വളരെ ഭാഗ്യവതിയാണ്.

നസീറ—സോദരീ! നീ എന്തിനാണ് ഈ അർത്ഥമില്ലാത്ത വാക്കുകൾ പറയുന്നതു്? ഞാൻ ഒരിക്കലും ഭാഗ്യവതിയാണെന്നു വിചാരിക്കുന്നില്ല. എന്റെ ഭാഗ്യങ്ങളെല്ലാം അതാ! ഒരു മണ്ണിനടിയിൽ കിടക്കുന്നു. ഇനി എത്രയെല്ലാമുണ്ടായിരുന്നാലും ഭാഗ്യമായാലും ഞാൻ തന്നെ നിന്നെ വിസ്മരിക്കുവാൻ കഴികയില്ല.

നസീറയും ഫ്ാത്തിമയുംതമ്മിൽ ഇപ്രകാരം കുറച്ചുനേരം സംഭാഷണം പറഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ നസീറ ചോദിച്ചു "സഖീ! ഞാൻ പോയാലും നീ എന്നെപ്പററി ഓർക്കണേ. നീ എന്നെ കാണുമോ?" ഈ ചോദ്യത്തിനു ശരിയായ ഉത്തരം പറയുവാൻ, സാധാരണ

ദർശിച്ചിരുന്ന ആ സാധുവിനു സാധിച്ചില്ല. അവൾ അശ്രുപൂരം കൊണ്ടു് അവളുടെ സമാധാനം വ്യക്തമാക്കി. അതിനുശേഷം ഉണ്ണി നാളികേട്ടു് ആഹാരം കഴിക്കുന്നതിനായി അവർ ഇരുപേരും അവിടെനിന്നും എഴുന്നേററുപോയി. നളിനിയുടെ ഹൃദയത്തിലുണ്ടായിരുന്ന സന്താപബാഹുല്യത്തിന്റെ യഥാർത്ഥസ്വരൂപം എന്താണെന്നു് അവളുടെ വദനമുകുരത്തിൽ നിഴലിച്ചിരുന്ന ദീനത പ്രത്യക്ഷപ്പെടുത്തി. അന്നത്തെ രാത്രിയും അവൾ ഏററവും വ്യാകുലതയോടുകൂടി കഴിച്ചുകൂട്ടി. ജാഗ്രത്തിനും സുഷുപ്തിക്കും മദ്ധ്യേയുള്ള സ്വപ്നവീഥിയിൽക്കൂടി അവളുടെ ആത്മാവു് — ലോകജീവിതത്തിൽ ഇരുണ്ട ചായം പുരണ്ടിട്ടില്ലാത്ത ആ ആത്മാവു് — പ്രശാന്തമായി സഞ്ചരിച്ചു!



അഞ്ചാം അദ്ധ്യായം.

ആഗ്രായിലെ പ്രധാനകൊട്ടാരത്തിന്റെ മുൻവശമുള്ള തെരുവിൽ ഒരു ഭാഗത്തു വിശിഷ്ടങ്ങളായ പല കസ്തൂരികളും വിക്രയംചെയ്തു് ഒരു കച്ചവടക്കാരൻ താമസിച്ചിരുന്നു. ചക്രവർത്തിയുടേയും അന്തഃപുരത്തിലെയും ആവശ്യത്തിനുള്ള ഫലങ്ങളും പുഷ്പങ്ങളും ഈ വർത്തകനാണു സംഭരിച്ചുകൊടുത്തിരുന്നതു്. അയാൾ ആഗ്രയിൽവന്ന കാലത്തു വളരെ ദരിദ്രനും സാധുവുമായിരുന്നെങ്കിലും, സത്യസന്ധതകൊണ്ടും, നീതിവിചാരംകൊണ്ടും അയാൾ ഇപ്പോൾ കാലക്ഷേപത്തിനു വൈഷമ്യമില്ലാത്ത രീതിയിലാണു് തന്റെ എളിയകുടുംബത്തെ പുലർത്തിപ്പോന്നതു്. ചക്രവർത്തിയുടെ അനുഗ്രഹം അനുസരിച്ചുള്ളവിശിഷ്ടങ്ങൾ എത്ര രാജ്യത്തിൽ പോയെങ്കിലും, എന്തെല്ലാം വൈഷമ്യങ്ങൾ സഹിച്ചെങ്കിലും അയാൾ സംഭരിക്കാതിരിക്കയില്ല. ഈ വിവരം കുശാഗ്രബുദ്ധിയായ ചക്രവർത്തിക്കു പലപ്പോഴും മനസ്സിലായിട്ടുള്ളതുകൊണ്ടു അദ്ദേഹം അയാളുടെ കുടുംബത്തിൽനിന്നും ക്ലേശങ്ങളെ നിവാരണംചെയ്യുന്നതിനു വേണ്ട പരോക്ഷശ്രമങ്ങൾ ചെയ്തുകൊണ്ടിരുന്നു. അയാൾ കച്ചവടത്തിൽ സമർത്ഥനും, അന്തസ്സുള്ളവനും ആയിരുന്നുവെങ്കിലും, സാധുത്വം അയാളിൽ നല്ലതുപോലെ കളിയാടിക്കൊണ്ടിരുന്നു. അയാളുടെ കുടുംബമെന്നു പറയുന്നതു അയാളും അയാളുടെ ഭാര്യാപദത്തിൽ വർത്തിച്ചുകൊണ്ടിരുന്ന ഒരു സ്ത്രീയും മാത്രമായിരുന്നുവെങ്കിലും അയാളുടെ കുടുംബത്തിൽ സമാധാനം ഒരിക്കലും ഉണ്ടായിരുന്നില്ല. ഇതിനു പല കാരണങ്ങളുമുണ്ടായിരുന്നു.

അയാളുടെ ഭാര്യ അതിസുന്ദരിയായിരുന്നുവെന്നതാണു അതിൽ ഏറ്റവും പ്രധാനമായ കാരണം. ഭാര്യയുടെ രൂപവൈശിഷ്ട്യത്തെപ്പറ്റി അയാളും അയാളുടെ അടുക്കൽ വന്നിരുന്നവരും അഭിമാനിക്കയും അനുമോദിക്കയും ചെയ്തിരുന്നതിനുപുറമെ, താൻ ത്രിലോകസുന്ദരിയാണെന്നു് ഒരു ബോധം അവളിൽ എപ്പോഴും ഉണ്ടായിരുന്നതുകൊണ്ടു് അവൾ ഏറ്റവും ഗർവ്വിഷ്ഠയായും തീർന്നു. എന്നുമാത്രമല്ല, തന്റെ രൂപസൗന്ദര്യം തന്റെ ദാരിദ്ര്യത്തിൽനിന്നും ഉല്പന്നമാകുന്ന ദോഷങ്ങളെ ഇല്ലായ്മചെയ്തുകൊള്ളുമെന്നും അവൾ ദൃഢമായി വിശ്വസിച്ചു. ഇക്കാരണത്താൽ, തന്റെ ഭർത്താവുമായി കലഹിക്കുന്നതിനുള്ള ഒരു സന്ദർഭവും അവൾ പാഴാക്കിക്കളഞ്ഞതില്ല. പാവപ്പെട്ട കച്ചവടക്കാരൻ വളരെ പരിശ്രമംചെയ്തു നേടിയിരുന്ന ധനത്തെയും ശുദ്ധമായ അഭിമാനത്തെയും സംതൃപ്തിയേയും അവൾ ന

ശിപ്പിച്ചുവന്നു. ഇതിലേക്കു ഒരു പ്രത്യേകസഹായം ലഭിച്ചു. അവൾ കൊട്ടാരത്തിലുൾപ്പെട്ട അന്തഃപുരത്തിലെ ഒരു പരിചാരികയായിരുന്നു. കൊട്ടാരത്തിലെ പരിചാരികാത്വം തന്റെ ഗൃഹത്തിലെ സ്വാച്ഛന്ദ്യതയാണെന്നു അവൾ നിശ്ചയിച്ചു. അവളുടെ ആജ്ഞയും അവളുടെ അനുഗ്രഹവും അനുസരിച്ചല്ലാതെ അവിടെ യാതൊരു സംഗതിയും നടക്കുവാൻ പാടില്ലെന്നു അവൾ പല കാര്യവും കഠിനമായി ശഠിച്ചു. ആഡംബരങ്ങളിലും അലങ്കാരങ്ങളിലും അവൾ അതിവ്യയം ചെയ്തുവന്നു. എന്നുമാത്രമല്ല, അവളുടെ രൂപസൗന്ദര്യം ഏണിപ്പുവരുത്തിയ കാമുകന്മാരെ പ്രസാദിപ്പിക്കുന്നതിനു, അവൾ പ്രത്യക്ഷത്തിൽത്തന്നെയും പ്രതിപത്തിയുള്ളവളായിരുന്നു. ഈ രീതിയിലും, ആ ശുദ്ധനായ വൃദ്ധന് ഒരു സ്വൈരവും ഉണ്ടായിരുന്നില്ലെന്നുതന്നെ പറയാം. അവളുടെ ഔദ്ധത്യം—അവളുടെ വിജയമായിത്തന്നെ പരിണമിച്ചു. സ്ത്രീകൾ സ്വാതന്ത്ര്യത്തിനെ ദുർവിനിയോഗിച്ചാൽ അത് എത്രമാത്രം ദുഷിച്ചുപോകുമെന്നുള്ളതിന് അവളുടെ സ്വഭാവം ശരിയായ ഉദാഹരണമായിരുന്നു. വല്ലപ്പോഴും കച്ചവടക്കാരൻ ദേഷ്യം ഭാവിക്കയോ മറ്റോ ചെയ്താൽ പിന്നെ അവിടത്തെ കഥ ഒന്നും പറയേണ്ട. ഒരുകാലത്തും ഘാതകന്മാരും തമ്മിൽ നടന്നിട്ടുണ്ടെന്നു വിശ്വസിക്കപ്പെട്ടുപോരുന്ന പോരാട്ടത്തിന്റെ ഒരു സമമായ ഭാഗം അവിടെ പ്രത്യക്ഷപ്പെടാതിരിക്കയില്ല. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും നിന്ദിക്കുവാനും ഭർത്സിക്കുവാനുമവൾക്കുണ്ടായിരുന്ന സാമർത്ഥ്യം അവളുടെ സൗന്ദര്യംപോലെത്തന്നെ അമിതമായിരുന്നു. വിശേഷിച്ചും അവൾ തെറ്റുകാരിയായിരുന്ന സന്ദർഭങ്ങളിലെല്ലാം (അപ്രകാരമല്ലാതെ ഒരു സന്ദർഭവും ഉണ്ടായിരുന്നില്ല.) അവൾ നേരത്തെതന്നെ അയാളെ അധിക്ഷേപിക്കയോ ഭയപ്പെടുത്തുകയോ ചെയ്തുപോന്നു. അവസാനമായി അവൾ പലപ്പോഴും യാത്രപറഞ്ഞ് പിരിയുന്ന ഭാവത്തിൽ അവിടെനിന്നും പുറപ്പെടുകയും ചെയ്യും. അപ്പോഴെല്ലാം തന്റെ "കനകക്കട്ട" പൊയ്പ്പോയെങ്കിലോയെന്നു കരുതി ആ സാധു അവളുടെ പാദത്തിൽ പതിച്ചു ക്ഷമായാചനം ചെയ്ക പതിവായിരുന്നു. അനേകം പ്രാവശ്യം ഇപ്രകാരം പ്രവർത്തിച്ചതിനുശേഷം കച്ചവടക്കാരൻ യാതൊന്നും പറയാതെയായി. അവളുടെ സ്വഭാവവൈകൃതത്തെപ്പറ്റി അയാൾക്കു നല്ലതുപോലെ അറിയാമായിരുന്നു. എന്നാൽ പല കാരണങ്ങൾകൊണ്ടും അതിനെപ്പറ്റി പ്രസ്താവിക്കാൻ ആ പാവം ഭയപ്പെട്ടിരുന്നു. കൊട്ടാരത്തിലുള്ള അവളുടെ സേവ സെലിംരാജകുമാരന്റെ സൗഖ്യത്തിനും കാരണമായിരുന്നതി

നാൽ അയാൾക്ക തന്റെ ഭർത്തൃത്വം അടിമത്വത്തിന്റെ പര്യായമാ
യിത്തന്നെ പരിഗണിക്കപ്പെടേണ്ടതാണെന്നു തോന്നി. ഇപ്രകാരം
മാധ്വിയുടെ ഭർത്താവായിക്കഴിയേണ്ടിവന്നതിൽ അത്യധികമായ ഖേദം
അയാൾക്കുണ്ടായിരുന്നുവെങ്കിലും ജീവിതാന്തം അഭിമാനത്തെ ഭയപ്പെ
ടുന്നതല്ലെന്ന് അയാൾക്ക ബോദ്ധ്യമായി. താൻ അവളെ കഠിനമാ
യി ശിക്ഷിക്കയോ, ശരിയായി ശാസിക്കയോ ചെയ്താൽ അതു വല്ല
രീതിയിലും സെലിം അറിയുമെന്നും അതു തന്റെ ജീവിതമാർഗ്ഗത്തെ
യോ—അഥവാ ജീവിതത്തെത്തന്നെയോ നശിപ്പിക്കുമെന്നും അയാൾ
ഭയപ്പെട്ടിരുന്നു. "ഇതെല്ലാം എന്റെ കർമ്മമാണ്; വിധിയാണ്" എ
ന്നെല്ലാം അയാൾ ഓരോ മാത്രയും സമാധാനപ്പെട്ടു. തന്റെ പ്രേ
മഭാജനമായ മാധ്വി അന്യന്മാരുമായി അതിരറ്റ സ്വാതന്ത്ര്യമൊ അ
ധികാരമൊ നടിക്കുമ്പോൾതന്നെ അതിൽ നിശ്ചയമായും മാലിന്യം
നിഗൂഢമായി സ്ഥിതിചെയ്യുന്നുണ്ടെന്ന് അറിവാൻ കഴിയാത്തവർ—
അറിഞ്ഞാൽതന്നെയും അതിനെ നിറുത്തുവാൻ കഴിയാത്തവർ—എ
ത്രയോ അസഹനീയമായ ക്ലേശമാണ് അനുഭവിക്കുന്നതു്. അവരു
ടെ ഹൃദയത്തിൽ ഒരിക്കലും സമാധാനമുണ്ടാകുന്നില്ല. അവർക്ക മറ്റെ
ല്ലാ സൌഖ്യങ്ങളും ഉണ്ടായിരുന്നാലും ഹൃദയത്തിൽ യഥാർത്ഥമായ
ആനന്ദം ഒരിക്കലും ഉണ്ടാകുകയും ഇല്ല. എങ്കിലും അതിരുകടന്ന ക്ഷ
മയോ, ദുർബ്ബലതയോ ഉണ്ടെങ്കിൽ മാത്രമെ ആ വക സന്ദർഭങ്ങളിൽ ക
ലാപങ്ങളും, ഘോരപ്രവൃത്തികളും ഒരുവനു നീക്കിനിറുത്തുവാൻ സാ
ധിക്കുന്നുള്ളു. സ്ത്രീഹൃദയം എല്ലായ്പോഴും ദൌർബ്ബല്യമുള്ളതാണെന്നു
കരുതുന്നതു് അബദ്ധമാകുന്നു. പ്രകൃത്യാ തന്നെ അബലമാരെന്ന് അ
ധിക്ഷേപിക്കപ്പെടാറുണ്ടെങ്കിലും അവരുടെ ഹൃദയത്തിൽ പതിയുന്ന
ഓരോ സംഗതിയിലും ഒരു പുരുഷന്റെ മനശ്ശക്തിയെ അതിശയി
ക്കുന്ന ദൃഢത സ്ത്രീകൾക്ക പ്രദർശിപ്പിക്കുവാൻകഴിയും. ചാരിത്രശുദ്ധി
നിശ്ചയമായും വേണമെന്ന് ഒരു സ്ത്രീ ഉദ്ദേശിച്ചാൽ അവളുടെ വ്രത
ത്തെ ഭഞ്ജിക്കുവാൻ "കൈലാസപർവ്വതംകൊണ്ടു പന്താടിയ കൈക
ൾക്കുപോലും" കഴികയില്ലെന്നു പ്രത്യക്ഷപ്പെട്ടിട്ടുള്ളതാണല്ലോ.
ഈ വക സംഭവങ്ങളിലേക്ക നമ്മുടെ മനസ്സിനെ പൌരാണികകാ
ലങ്ങളിലെ ചരിത്രം മാത്രമല്ലാ ആനയിപ്പിക്കുന്നതു്. ഇന്നും, ഇനി
യും, എന്നും ലോകത്തിന്റെ രീതി അപ്രകാരംതന്നെയാണ്. ഇതു
പോലെതന്നെയാണു സ്ത്രീസ്വഭാവം ദുഷിച്ചാലുമെന്ന് എല്ലാവർക്കും
അറിയാവുന്നതാണ്. ഒരു സ്ത്രീ നന്നായാൽ അതിൽക്കൂടുതൽ സൌ
ഭാഗ്യം അവൾക്കോ നാട്ടിനൊ ഉണ്ടാകേണ്ടതില്ല. ഒരു സ്ത്രീ ചീത്തയാ

യാൽ അതുപോലെ നിർഭാഗ്യവും വേറെയില്ലെന്നുള്ളതു് തീർച്ചതന്നെയാ
ണ്. ഇതുകൊണ്ടുതന്നെ സ്ത്രീഹൃദയത്തിന്റെ അപ്രമേയവും അനി
വാര്യവും ആയ ശക്തി എത്രമാത്രമുണ്ടെന്നു തെളിയുന്നുണ്ടല്ലൊ. എ
ന്നാൽ പുണ്യകർമ്മങ്ങളിൽ പ്രായേണ വിമുഖന്മാരായ മനുഷ്യരെ അ
ധഃപതിപ്പിക്കുന്നതിനു ദൈവം കണ്ടിട്ടുള്ള ഉപായം ദുഷ്കർമ്മങ്ങളിലേ
ക്കു മനുഷ്യരെ ആസക്തിയുള്ളവരാക്കിത്തീർക്കുകയാകുന്നു. അപ്രകാരമു
ള്ള ആസക്തി സ്ത്രീയിലും പുരുഷനിലും ഒരുപോലെതന്നെ ആണെ
ങ്കിലും ശരീരത്തിൽ ഉള്ള വൈപരീത്യംപോലെ മനസ്സിനും അ
രീതിഭേദം ഉണ്ടായിരിക്കും. അപ്രകാരമുള്ള വൈപരീത്യം മാത്രമാകു
ന്നു സ്ത്രീകൾക്കു "അബല"യെന്നുള്ള ആക്ഷേപനാമത്തെ സമ്പാദി
ച്ചുകൊടുത്തിട്ടുള്ളതു്. ആ ആക്ഷേപത്തെ ഇന്നത്തെ സ്ത്രീകൾ മിക്ക
വാറും ഇല്ലാതെയാക്കിയിട്ടുണ്ടെങ്കിലും സോഫി — കച്ചവടക്കാരന്റെ ഭാ
ര്യ — അതിനു നല്ല ദൃഷ്ടാന്തമായിരുന്നുവെന്നു പറയാതെ കഴികയില്ല.

ഒരു ദിവസം പതിവുപോലെ സോഫി കൊട്ടാരത്തിൽനിന്നും
ഗൃഹത്തിൽ വന്ന അപ്പോൾ കാസിം (എന്നായിരുന്നു കച്ചവടക്കാര
ന്റെ പേർ) താൻ അന്നു വാങ്ങിയിട്ടുള്ള ചില വിശിഷ്ടകനികൾ കൊ
ട്ടാരത്തിലേക്കു കൊടുത്തയക്കാൻവേണ്ട ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരി
ക്കയായിരുന്നു. സോഫിയുടെ വരവു് അന്നേയും ഉജ്ജ്വലമായ രീതിയി
ലായിരുന്നതിനാൽ കാസിമിന്റെ ഹൃദയം ഒന്നു ചലിക്കാതിരുന്നില്ല.
പതിവിൽ വളരെ നേരത്തെതന്നെ സോഫി ഗൃഹത്തിൽ വന്നതു ക
ണ്ടു സന്തോഷിച്ചു് കാസിം ഇപ്രകാരം ചോദിച്ചു:— "ഇന്നു വളരെ
നേരത്തെ വന്നല്ലൊ. കൊട്ടാരത്തിൽ വിശേഷിച്ചു ജോലി ഒന്നും ഇ
ല്ലായിരിക്കാം."

സോഫി. എന്നോടു വല്ലതും പറഞ്ഞാലുണ്ടല്ലൊ? ഇതെന്തു നാശ
മാണ്. കൊട്ടാരത്തിലെ ജോലി ഞാനല്ലേ നോക്കുന്നതു്. നിങ്ങൾ
ക്കു് അതിലെന്തു കാര്യമാണുള്ളതു്.

കാസിം — ഞാൻ ചോദിച്ചതു വേറൊന്നുമല്ല. ഇന്നു വളരെ നേരത്തെ
വന്നതുകൊണ്ടു സന്തോഷമേ എനിക്കുള്ളു.

സോഫി — സന്തോഷിച്ചില്ലെങ്കിൽ എനിക്കു വളരെ തരക്കേടാണ്!
നിങ്ങൾ നിങ്ങളുടെ ജോലി നോക്കിക്കൊള്ളണം. ഇല്ലെങ്കിൽ നാ
നാഭാവം വേറെയാണ്. ഓർമ്മിച്ചിരുന്നുകൊള്ളണം. ഇന്നലെ തന്നെ
ഞാൻ നിശ്ചയിച്ചതാണ്.

കാസിം — ഞാൻ യാതൊന്നും പറഞ്ഞില്ലല്ലൊ. ഈ പാടുപെട്ടതിനും

പുറമെ ഞാനൊന്നും ചീത്ത കേൾക്കയുംവേണം. ഇതെല്ലാം എന്റെ വിധിയാണ്. കൎമ്മമാണ്.

സോഫി — ഞാൻ പറഞ്ഞില്ലെ, ചീത്ത കേൾക്കേണ്ടെങ്കിൽ ഇവിടെ നിന്നും ഉടനെ പൊയ്ക്കൊള്ളണമെന്ന്. എനിക്ക നിങ്ങളെക്കൊണ്ടൊന്നും വേണ്ട. അല്ലാതെതന്നെ എന്റെ കാൎയ്യങ്ങൾ ഭംഗിയായി നടക്കും.

കാസിം — ഞാൻ അതൊന്നും പറഞ്ഞില്ലല്ലൊ. വെറുതെ അനാവശ്യവൎത്തമാനങ്ങൾ നാം എന്തിനാണ് പറയുന്നത്. ഇതെല്ലാം എന്റെ തലയിലെഴുത്താണ്. വിധിയാണ്.

സോഫി — അനാവശ്യം പറഞ്ഞാൽ എന്റെ വായ് മൂടിക്കെട്ടിക്കളയുമൊ? നിങ്ങൾക്ക കേൾക്കാൻ മനസ്സില്ലെങ്കിൽ വേണ്ട. ഞാൻ ആവശ്യക്കാരെ കേൾപ്പിച്ചുകൊള്ളാം.

കാസിം — അതെനിക്കറിയാം. ആവശ്യക്കാരുണ്ട്.

സോഫി — നിങ്ങൾ എന്താണ് പറഞ്ഞത്? നിങ്ങൾക്കറിയാമൊ. ഉം. ഇതുക്കാരെയൊ? എവിടെയോ കുറ്റക്കെത്തി കിടന്നതിനെ എടുത്തുകൊണ്ടുവന്ന ഞാൻ കൊട്ടാരത്തിലും അവിടെയും ഇവിടെയും ഒക്കെ തെണ്ടി ശുശ്രൂഷിച്ച് വളൎത്തിയതിനു പ്രതിഫലം നല്ലതുതന്നെ. ഇപ്പോൾ ഇത്രേട്ടു കയറ്റുതുടങ്ങി. ഇതിനുപകരം ഞാൻ പെണ്ണായിട്ടിരിക്കയാണെങ്കിൽ ചോദിച്ചുകൊള്ളാം.

കാസിം — എന്നെ എന്തിനാണ ഇങ്ങിനെയൊക്കെ പറയുന്നത്. ഇതൊന്നും നിങ്ങളുടെ കുറ്റമല്ല. എന്റെ കൊള്ളരുതായ്മതന്നെയാണ്.

സോഫി — ദ്രോഹി! ഇനിയും അധികം പറഞ്ഞാൽ ഇന്നത്തോടെകൊണ്ടു സകലതും നിൎത്തും. എന്നെ നല്ലപോലെ അറിയുകയില്ല.

കാസിം — ഞാൻ വല്ലതും പറഞ്ഞൊ? ഇന്നു നേരത്തെ വന്നല്ലൊ എന്നു മാത്രമല്ലെ ഞാൻ പറഞ്ഞുള്ളൂ. ഇതെല്ലാം എന്റെ കൎമ്മമാണ്.

സോഫി — ഞാൻ പിന്നെ നേരത്തെ വരാതെ, താൻ അവിടെ വല്ലവരെയും നിൎത്തിയിരുന്നുവൊ? അധികമൊന്നും എന്നോട പറയരുതെന്ന് ഞാൻ പറഞ്ഞിട്ടില്ലെ?

കാസിം — എന്തുപറഞ്ഞാലും ഈ രീതിയിലായാൽ ഞാൻ വിഷമിക്കും. നാലുവൎഷങ്ങളായി ഈ രീതിയിൽ ജീവിച്ചുതുടങ്ങിയിട്ട്. എന്റെ തലയിലെഴുത്തുതന്നെയാണ്!

സോഫി — അതെ നാലുകൊല്ലമായി എനിക്ക ആപത്തു തുടങ്ങിയിട്ട്. ഇനി ഇതു മുടിഞ്ഞുപോയെങ്കിലല്ലാതെ എനിക്ക സ്വൈരമില്ല.

അത്ര ഈ തയിടെ ഉണ്ടായിരിക്കൊള്ളും. അധികമൊന്നും കയറേണ്ട.

കാസിം—ദൈവമെ! എന്റെ സ്ഥിതി ഇപ്രകാരമായല്ലൊ. ഞാൻ എന്തു പ്രവൃത്തിക്കണമെന്നു് പറഞ്ഞാൽ അപ്രകാരംതന്നെ ചെയ്യാം. എന്റെ വിധിയാണ്.

സോഫി—താൻ കഴവിന്മേൽ കയറിയാൽ മതി. അല്ലാതെ ഒന്നും പ്രവർത്തിക്കേണ്ട. ബാക്കി എല്ലാം ഞാൻതന്നെ പ്രവർത്തിച്ചുകൊള്ളാം.

കാസിം—അതിനും ശ്രമിക്കുന്നുണ്ടെങ്കിൽ ഞാൻ കയറിക്കൊള്ളാം. ഈ തല തെറിക്കുന്നില്ലല്ലൊ ഈശ്വരാ!

സോഫി—താനെന്തുപറഞ്ഞു? അതിനും ശ്രമിക്കുന്നുണ്ടെന്നോ? ഞാൻ ഇവിടെനിന്നും അങ്ങോട്ടു വന്നാലുണ്ടല്ലൊ. ഇന്നാളത്തെ കാൎയ്യമൊ. തല തെറിക്കണമെന്നോ.

കാസിം—അതെ എന്റെ തല തെറിക്കുന്നില്ലല്ലൊ എന്നാണ് പറഞ്ഞതു്.

കാസിം ഇത്രയുംപറയുന്നതുകേട്ടു സോഫി വളരെ വേഗത്തിൽ അയാളുടെ അടുക്കൽചെന്നു അവിടെ പ്രത്യേകം എടുത്തുവെച്ചിരുന്ന പഴങ്ങളെല്ലാം ചവുട്ടിത്തെറുക്കുകയും കരം എടുത്തു് തെരുവിന്റെ മുൻവശത്തേക്ക എറിഞ്ഞുകളയുകയും ചെയ്തു. ചക്രവർത്തിയുടെ ആവശ്യത്തിലേക്ക് തൽസമയംതന്നെ കൊട്ടാരത്തിൽ കൊണ്ടുചെന്നു എത്തിക്കേണ്ട പഴങ്ങളെല്ലാം ഇപ്രകാരം നശിപ്പിച്ചതായിക്കണ്ടപ്പോൾ പാവപ്പെട്ട കച്ചവടക്കാരൻ വളരെ പരിഭ്രമിച്ചു ആ തരത്തിലുള്ള പഴങ്ങൾ ഉടൻതന്നെ വേറെ സമ്പാദിക്കുവാൻ സാധ്യമല്ലാതിരുന്നതുകൊണ്ടും, സമയത്തിനു് കൊട്ടാരത്തിൽ സാധനം എത്തിക്കാതിരുന്നാൽ സംഭവിക്കാവുന്ന അനർത്ഥങ്ങൾ എല്ലാം ഗുരുതരങ്ങളാണെന്നു അയാൾക്കു് നിശ്ചയമുണ്ടായിരുന്നതുകൊണ്ടും പാവം വാവിട്ടു നിലവിളിച്ചുതുടങ്ങി. കച്ചവടക്കാരന്റെ കരച്ചിൽകേട്ടു ഉടൻതന്നെ "ഇവിടെ വന്നുകേറി; നായ് മോങ്ങിത്തുടങ്ങി ഇറങ്ങി പൊയ്ക്കൊള്ളുമോ" എന്നുപറഞ്ഞു് സോഫി അവിടെനിന്നും ഇറങ്ങിപ്പോകയുംചെയ്തു. സോഫി തന്റെ അടുക്കൽനിന്നും പിണങ്ങിപ്പോകുന്നതായി കണ്ടപ്പോൾ കാസിമിന്റെ ദുഃഖമെല്ലാം വേറൊരുവഴിയിൽക്കൂടി പാഞ്ഞുതുടങ്ങി. അയാൾ അവളെ ഏറ്റവും ദയനീയമായ സ്വരത്തിൽ വിളിച്ചുതുടങ്ങി. ആരുകേൾക്കാനാണ്? അവൾ തെരുവിന്റെ മറുഭാഗത്തെത്തിക്കഴിഞ്ഞു. ഇപ്രകാരം അസമാധാനചിത്തനായി, എന്താണ് ചെയ്യേണ്ടതെന്നു അറിയാതെ പരിഭ്രമിച്ചു നില്ക്കുമ്പോൾ കൊട്ടാര

ത്തിൽനിന്നു ഒരു ഭൃത്യൻവശം സാമാനങ്ങൾ ഉടൻ എത്തിക്കണമെന്നും ചക്രവർത്തി ലഘുഭക്ഷണത്തിനു ഉടൻ എഴുന്നള്ളുന്നതാണെന്നും അറിയിച്ചു. പാവപ്പെട്ട ആ വൃദ്ധന്റെ ജീവിതം നശിക്കാറായിയെന്നു അയാൾക്കു തോന്നി. അയാൾ അവിടെ ഉണ്ടായിരുന്ന കുറച്ചു പഴങ്ങൾ വീണ്ടും തയ്യാറാക്കി. അവയാകട്ടെ, ശരിയായി പഴുക്കാത്തവയും, സ്വാദില്ലാത്തവയുമായിരുന്നു. എങ്കിലും വല്ല വിധത്തിലും തല്ക്കാലം ആവശ്യം നിവർത്തിക്കാമെന്നു കരുതി അവയെല്ലാം കൊട്ടാരത്തിൽ എത്തിച്ചു. പാചകശാലാവിചാരിപ്പുകാരനായ കമലാസ്വാമി, കാസിം എത്തിച്ചതിനെയെല്ലാം തിരുമുമ്പിൽ ഹാജരാക്കി. ചക്രവർത്തി അത്താഴത്തിനു വന്നപ്പോൾ തലേദിവസം പഴുത്തു ചുട്ടുകെട്ടിയിരുന്നതുപോലെ നല്ല പഴങ്ങൾ ഒന്നുംതന്നെ അവിടെ കണ്ടില്ല. അസന്തൃപ്തനായി ഉടൻതന്നെ പാചകശാലാവിചാരിപ്പുകാരനെ വിളിച്ചു ഇപ്രകാരം ആജ്ഞാപിച്ചു.

"ഇന്നത്തെ പഴങ്ങളെല്ലാം വളരെ മോശിച്ചിരിക്കുന്നു; എന്നു മാത്രമല്ല, അവയിൽ മണ്ണും ചെളിയുംകൂടി ഉണ്ടെന്നാണു തോന്നുന്നതു്. താൻ ആ പഴങ്ങളെല്ലാം മണ്ണിൽ കഴച്ചു ഇവിടെനിന്നു ഉടൻ തിന്നുതീർക്കണം. കാൽനാഴികകൊണ്ടു ഇതെല്ലാം തിന്നില്ലെങ്കിൽ നിന്റെ കഴുത്തു വെട്ടുന്നതാണ്—

ആരവിടെ? ആ കച്ചവടക്കാരനെ ഇവിടെ ഹാജരാക്കട്ടെ" എന്നും ഉഗ്രതരമായ ആജ്ഞയെ വഹിച്ചുകൊണ്ടു രണ്ടു പട്ടാളക്കാർ ചെന്നു് കച്ചവടക്കാരനെ ഭീഷണിപ്പെടുത്തി തിരുമുമ്പിൽ ഹാജരാക്കി. അദ്ദേഹത്തിന്റെ മുമ്പിൽ ആഗതനായപ്പോൾതന്നെ കാസിമിന്റെ പകുതിപ്രാണനും പരലോകത്തെത്തിയിരുന്നു.
അയാൾ കരഞ്ഞുകൊണ്ടു ഇപ്രകാരം പറഞ്ഞു:—

"പൊന്നുതിരുമേനി അടിയനെ രക്ഷിക്കണം"

ചക്ര—നിന്നെ വേണ്ടതുപോലെ കൊട്ടാരത്തിൽനിന്നും സഹായിച്ചതുകൊണ്ടാണു് നീ ഇപ്പോൾ ഗർവ്വിഷ്ഠനായതു്. നീ എന്തുകൊണ്ടു് പഴങ്ങൾ എത്തിച്ചില്ല? എന്റെ ആവശ്യത്തിനുള്ളതാണെന്നു് നിനക്കു അറിഞ്ഞുകൂടെ?

കാസിം.—"തിരുമേനി—അടിയൻ—പഴങ്ങൾ—." എന്നു പറഞ്ഞു് വീണ്ടും കരഞ്ഞുതുടങ്ങി.

ചക്ര—കരഞ്ഞാൽ നിന്നെ ഇന്നുതന്നെ കൊല്ലുന്നതാണ്. പഴങ്ങൾ എവിടെപ്പോയി? വല്ലവരും മോഷ്ടിച്ചുവോ?

ചക്രവർത്തി ഇത്രയും ചോദിച്ചപ്പോഴേക്കും സെലിം രാജകുമാരൻ അവിടെ ആഗതനായി. കാസിമിനു പററിയ അബദ്ധങ്ങളെന്തെല്ലാമാണെന്ന് സോഫി സെലിമിനെ ധരിപ്പിക്കയും, ചക്രവർത്തി കോപാന്ധനായി കാസിമിനെ ശാസിക്കുന്നതാണെന്ന അവൾ മനസ്സിലാക്കുകയും ചെയ്തു. എന്നാൽ കാസിമിനെ ചക്രവർത്തി വിളിച്ചുചോദിക്കുമ്പോൾ അയാൾ സ്വാമിനിയെ ഉദ്ദേശിച്ച്, പഴങ്ങളെല്ലാം സോഫി നശിപ്പിച്ചു കളഞ്ഞുവെന്ന പരമാർത്ഥം വെളിപ്പെടുത്തിയാൽ സോഫിയെ കൊട്ടാരത്തിൽനിന്നും ബഹിഷ്കരിച്ചേക്കുമെന്ന ഭയം അവൾക്കു നല്ലതുപോലെ ഉണ്ടായിരുന്നതുകൊണ്ട് രാജകുമാരനോട് അവളേയും കാസിമിനേയും വല്ല രീതിയിലും രക്ഷിക്കണമെന്ന് അവൾ അപേക്ഷിച്ചിരുന്നു. നയജ്ഞനായ സെലിം ഉടൻതന്നെ ചക്രവർത്തിയുടെ അടുക്കൽ വന്നപ്പോൾ കാണുവാൻ സാധിച്ച കാഴ്ച ഏററവും ഭയങ്കരമായിരുന്നു. ഒരു സ്ഥലത്തു വികൃതരൂപമായ കുംഭോദരസ്വാമി മണ്ണും ചളിയും ചേർത്തുകുഴച്ച് ഉരുളകൾ ഓരോന്നോരോന്നായി, കിണററിനുള്ളിലേക്കു പാറക്കഷണങ്ങളെന്നപോലെ പെരുമ്പി വസ്ത്രത്തിനകത്തേക്കു എറിയുന്നുണ്ടായിരുന്നു. മററൊരു സ്ഥലത്തു ചെവണിക്കോലപോലെ ചുരുണ്ടുകൂടിയ ആകൃതിയിൽ കാസിം കരഞ്ഞുകൊണ്ടു നില്ക്കുന്നു. ചക്രവർത്തി ദേഷ്യഭാവത്തോടുകൂടി ആസനസ്ഥനായിരിക്കുന്നു. സെലിം കയറിവന്ന ഉടൻ ചക്രവർത്തി അരുളി.

"കണ്ടില്ലേ ഇവൻ്റെ ധിക്കാരം! ഇവൻ ഇന്നു നല്ല പഴങ്ങൾ ഏൽപിച്ചില്ല"

സെലിം:—തിരുമേനി! അതിൽ അടിയനാണ് തെററുകാരൻ. അയാളുടെ പക്കൽനിന്നും ഞാൻ ഇന്നു രാവിലെതന്നെ കുറെ വിശിഷ്ട പഴങ്ങൾ വാങ്ങിയിരുന്നു. സമയത്തിനു പഴം ലഭിക്കുമെന്നു ഞാൻ ആശിച്ചതുകൊണ്ടു പററിയ അബദ്ധമാണിത്. അവിടുന്നു സദയം ക്ഷമിക്കണം" തൻ്റെ വാത്സല്യനിധിയായ പുത്രൻ്റെ മൊഴികേട്ട ചക്രവർത്തി സന്തുഷ്ടനായി. എന്നു മാത്രമല്ല കച്ചവടക്കാരൻ്റെ ഉള്ളിൽ കെട്ടിനിന്ന വായു ആശ്വാസദ്യോതകമായ ദീർഘനിശ്വാസമായി പുറത്തേക്കു പോകയും അയാളുടെ വളവുകളിൽ കുറെയൊക്കെ നിവരുകയും ചെയ്തു. കാവൽക്കാരൻ്റെ വായും അല്പനേരത്തേക്കു വിശ്രമം പ്രാപിച്ചു. ഉടൻതന്നെ ചക്രവർത്തി വീണ്ടും ഇപ്രകാരം അരുളി. "ഈ വിവരം ഇവൻ നേരത്തെ പറയാതിരുന്നതെന്തുകൊണ്ട്.? ആകട്ടെ കാസിം പോയി ഉടൻ ഏററവും വിശി

പ്പുങ്ങളായ പഴങ്ങൾ ഏൽപിക്കപ്പെട്ട വിചാരിപ്പുകാരന്റെ തെററു ഏതായാലും ക്ഷന്തവ്യമല്ല. ഭക്ഷിപ്പു സാധനങ്ങൾ പാചകശാലയിൽ ഏൽപിച്ചാൽ അതുനോക്കി നല്ലതല്ലെന്നറിഞ്ഞാൽ പിന്നെ ഇവിടെ കൊണ്ടുവരുന്നതു് ധിക്കാരം കൊണ്ടാണ്. അതുകൊണ്ടു പാചകശാലയിൽ നിപ്പുകാരോടുകൂടി പെരുമാററിയതിനു് അയാൾ അതെല്ലാം തിന്നതിക്കട്ടെ'' ചക്രവർത്തിയുടെ സന്നിധാനത്തിൽനിന്നും അനന്തരം ഭയപ്പെട്ട കച്ചവടക്കാരന്റെ പ്രാണൻ തിരികെവീണു. അയാൾ ഉത്സാഹിച്ചുകൊണ്ടു വീണ്ടും പഴങ്ങൾ വാങ്ങുവാനായി യാത്രയായി. അതുസമയം രണ്ടു അതിഥികൾ അവിടെ വന്നു. അവരിൽ ഒരാൾ വൃദ്ധനായ ഒരു പുരോഹിതനും, മററെ ആൾ താരുണ്യാരംഭം പൊടിച്ചു തുടങ്ങിയിട്ടുള്ള ഒരു ബാലികയുമായിരുന്നു. അവരെ കണ്ട ഉടൻ വിനീതനായ കാസിം എഴുന്നേററു അഭിവാദനം ചെയ്തു. അപ്പോൾ പുരോഹിതൻ ഇപ്രകാരം പറഞ്ഞു.

“നിങ്ങളെയും കാണണമെന്നാഗ്രഹിച്ചാണിങ്ങോട്ടിറങ്ങിയതു്. ഇതെന്താണു് ക്ലേശത്തോടുകൂടിയിരിക്കുന്നതു്. വല്ല അബദ്ധവും പിണഞ്ഞുവോ?

കാസിം:— അവിടുന്നു ക്ഷമിക്കണം. അള്ളാവിന്റെ കൃപയുണ്ടായിട്ടു യാതൊന്നും പിണഞ്ഞിട്ടില്ലായെന്നേയുള്ളൂ. തിരുമനസ്സിൽനിന്നും ഇന്നു എന്നെ കൊന്നുകളയുമായിരുന്നു. എല്ലാം എന്റെ വിധിയാണു്.

പുരോ— എന്തു്– എന്തായതു്. ഇങ്ങിനെ വലിയ കുററമെന്താണു നിങ്ങൾ ചെയ്തതു്?

കാസിം— ഒന്നും പറയേണ്ടു. ഇന്നു് അത്താഴത്തിനു എഴുന്നള്ളിക്കാൻ നല്ല പഴങ്ങൾ കിട്ടിയിട്ടില്ല. ഉടൻ കുറെ പഴങ്ങൾക്കായി ഞാൻ പോകയാണു്. എല്ലാം എന്റെ കർമ്മദോഷം.

പുരോ... ഇതേ ഉള്ളൂ കാര്യം! ഇതാ ഈ പെൺകുട്ടി കുറെ നല്ല പഴങ്ങൾ കൊണ്ടുവന്നിട്ടുണ്ടു്. അതു് ഇവിടെ എഴുന്നള്ളിക്കാനായിട്ടല്ലാ കൊണ്ടുവന്നിട്ടുള്ളതെങ്കിലും നിങ്ങൾ കുറെ എടുത്തുകൊള്ളണം. തിരുമനസ്സിലേക്കു പഴങ്ങളോടു പ്രത്യേകം അഭിരുചി ഉണ്ടെന്നു് അറിഞ്ഞിരുന്നതുകൊണ്ടു തിരുമുൽകാഴ്ചക്കായി കൊണ്ടുവന്നതാണു്. ഇവളെ തിരുമുമ്പിൽ ഹാജരാക്കി ഒരു ജോലി കൊടുപ്പിക്കണമെന്നുണ്ടു്

കാസിം — കൊള്ളാം. അള്ളാവിന്റെ കല്പനതന്നെയാണു സംശയമില്ല. ഞാൻ എങ്ങോട്ടു പോകേണ്ടുവെന്നു വിചാരിച്ചു വിഷമിച്ചു് ഇരിക്കയായിരുന്നു. തിരുമേനി! ഈ കഥയെന്താണ്? സാധുവാണല്ലൊ. എല്ലാം തലയിലെഴുത്തുപോലെയാണ്.

പുരോ — ഇവൾ പേർഷ്യാക്കാരിയാണ്. അന്നൊരുദിവസം ദേവാലയത്തിൽവെച്ചു് ഒരു വൃദ്ധ മരിച്ചുപോയിയെന്നു കേട്ടില്ലേ? അവളുടെ മകൾ നിസ്സഹായയായി അവിടെതന്നെ ഉണ്ടായിരുന്നു. രാജകുമാരന്റെ ആജ്ഞ അനുസരിച്ചു് ഇത്രയും നാൾ ഞാൻ അവളെ സഹായിച്ചു. അവൾക്കു് അവിടത്തെ താമസം അത്രസുഖപ്രദമല്ല. അതുകൊണ്ടു കൊട്ടാരത്തിൽ കൊണ്ടുചെന്നാൽ ഒരു പരിചാരികയായിട്ടു് ഒരുപക്ഷേ ചക്രവർത്തി നിയമിച്ചേക്കുമെന്നുകരുതി ഞങ്ങൾ അങ്ങോട്ടു പോകാൻ വന്നതാണ്. എന്നാൽ നിങ്ങളുടെ ഭാര്യയോടു ചോദിച്ചാൽ അവിടത്തെ വിവരങ്ങൾ അറിയാമല്ലൊ എന്നു കരുതി ഇവിടെ വന്നു.

കാസിം — കൊട്ടാരത്തിലേക്കു് ഇപ്പോൾ പോകേണ്ട. ഞാൻ അതിന്നു് ഒരു ഉപായം കണ്ടിട്ടുണ്ട്. സോഫി ഇവിടെ വരട്ടെ — അല്ലെങ്കിൽ ഞാൻ ഒരു കാര്യം പറയട്ടെ — അവിടേക്കു സമ്മതമുണ്ടെങ്കിൽ ഈ കുഞ്ഞു കുറച്ചുനാൾ ഇവിടെത്തന്നെ നില്ക്കട്ടെ. ഞാൻ എന്റെ പുത്രിയെപ്പോലെ നോക്കിക്കൊള്ളാം. ഇതൊക്കെ വിധിയല്ലാതെ യെന്താണ്?

പുരോ — (കുറച്ചുനേരം ആലോചിച്ചിട്ടു്) ശരി. എനിക്കു് അതു വളരെ സന്തോഷമാണു. ഇവിടെ സോഫിയും ഒരുമിച്ചു കുറച്ചുനാൾ താമസിച്ചാൽ കൊട്ടാരത്തിൽ പ്രവേശിക്കാനും അവിടെ ഒരു ജോലി ലഭിക്കാനും നിഷ്പ്രയാസം സാധിക്കും. അതെനിക്കു വളരെ സമ്മതംതന്നെയാണ്.

കാസിം — അതുതന്നെയാണു ഞാനും പറയുന്നതു്. ഇവിടെ എനിക്കു മക്കളൊന്നും ഇല്ലെന്നു് അറിയാമല്ലൊ. സോഫിക്കും എനിക്കും ഒരു വലിയ സഹായമായിരിക്കയും ചെയ്യും. എന്നും രാവിലെ അന്തഃപുരത്തിൽ ചെന്നു്, ദേവിക്കു പൂക്കൾ പറിച്ചുകൊടുക്കുവാനും മറ്റുമായി അവിടെ പോകയും ചെയ്യാം. വളരെ സാധുവായിരുന്നാൽ ദേവി നിശ്ചയമായും പ്രീതിപ്പെടുകയും ചെയ്യും. വിധി ആരറിഞ്ഞു?

പുരോ — ഞാൻ അവളോടു ചോദിക്കട്ടെ!

ഇത്രയും പറഞ്ഞു പുരോഹിതൻ നദീറയെ അടുക്കൽവിളിച്ചു പറഞ്ഞു: “നദീറെ! ഇപ്പോൾ പറഞ്ഞതെല്ലാം നീ കേട്ടിരിക്കുമല്ലൊ. ഞാൻ ആലോചിച്ചതിൽ ആ വിദ്യ വളരെ നല്ലതായിട്ടാണ് എനിക്കു തോന്നിയിട്ടുള്ളതു്. എന്നുമാത്രമല്ല, സോഫിയോടു വളരെ ഇഷ്ടവും അനുസരണയും ഉള്ളവളായിരുന്നാൽ എല്ലാ സംഗതികളും വളരെ ഭംഗിയായിക്കലാശിക്കും. നിനക്ക് എന്റെ രക്ഷ എപ്പോഴും ഉണ്ടെന്നു നീ ദൃഢമായി വിശ്വസിച്ചുകൊള്ളുക. എന്നു മാത്രമല്ല, ആ കച്ചവടക്കാരൻ ഒരു സാധുവും വളരെ നല്ലവനുമാണ്. നീ അയാളെ പ്രീതിപ്പെടുത്തിയാൽ നിന്നെ ഒരു പുത്രിയെപ്പോലെ സംരക്ഷിച്ചുകൊള്ളും. അപ്രകാരം തീരുമാനിക്കുന്നതിൽ വിഷമമുണ്ടോ?

നദീറ—എല്ലാം അവിടത്തെ ആജ്ഞപോലെയല്ലാതെ ഈ ദാസിക്കു മറെറന്താണു പ്രവർത്തിക്കാനുള്ളതു്. എന്റെ പിതാവായതും മാതാവായതുമെല്ലാം അവിടുന്നുതന്നെ ആണല്ലൊ. അവിടത്തെ ഇഷ്ടംപോലെതന്നെ ആകട്ടെ.

ഇത്രയും പറഞ്ഞതിനുശേഷം നദീറയും പുരോഹിതനുംകൂടി വീണ്ടും കാസിമിന്റെ അടുക്കൽ ചെന്നു. അവർ അല്പനേരംകൂടി അവിടെ വർത്തമാനം പറഞ്ഞുകൊണ്ടിരുന്നപ്പോൾ സോഫി അവിടെ വന്നുചേർന്നു. ഇത്തവണ അവളുടെ മുഖത്തു അല്പം ശാന്തതയും ആകർഷണീയമായ സൌമ്യതയും പ്രസരിച്ചിരുന്നു. അവൾ അവിടെ വന്നപ്പോൾതന്നെ പുരോഹിതനോടു ചോദിച്ചു. “പതിവില്ലാത്തതുപോലെ അവിടുന്നു വന്നതിന്റെ കാര്യം എന്തായിരിക്കുമോ?”

പുരോ—ഇതാ ഈ പെൺകുട്ടിയെ നിങ്ങളുടെ പക്കൽ ഏല്പിക്കാനായി വന്നതാണ്. അവൾ നിങ്ങളുടെ ഒരു സഹോദരിയെപ്പോലെയോ വിശ്വസ്തയായ ഒരു ദാസിയെപ്പോലെയോ പെരുമാറിക്കൊള്ളും.

സോഫി—വളരെ സന്തോഷം തന്നെയായി. പക്ഷെ ഇവിടെ നിന്നാൽ ഞാൻ പറയുന്നതുപോലെ കേൾക്കണം. ഇവിടെ യാതൊരു വിധത്തിലും ചീത്തയായിട്ടു നടക്കാൻ ഞാൻ അനുവദിക്കയില്ല.

പുരോ—അതൊരിക്കലും ഉണ്ടാകയില്ലെന്ന് എനിക്കു നല്ല നിശ്ചയമുണ്ട്. നിങ്ങളുടെ ആജ്ഞപോലെ അവൾ പ്രവർത്തിച്ചുകൊള്ളും.

സോഫി—എന്നാൽ എനിക്കു വളരെ സഹായമായി. അപ്രകാരമാണെങ്കിൽ അവൾ ഇവിടെതന്നെ നിന്നുകൊള്ളട്ടെ. ഇവിടെ വേറെ ആരുടെയും സമ്മതം നോക്കേണ്ട കാര്യമില്ല.

ഇത്രയും പറഞ്ഞതിനുശേഷം സോഫി ഗ്രഹത്തിന്റെ അന്തർഭാഗത്തേക്കു പോയി. പിന്നാലെതന്നെ വിശിഷ്ടങ്ങളായ പഴങ്ങളെടുത്തുകൊണ്ട് നളീന അവളുടെ അടുക്കലെത്തി അവയെല്ലാം അവളുടെ പാദത്തിങ്കൽ അർപ്പിച്ചു. ഏററവും ഉചിതമായ ഈ കൃത്യംകൊണ്ട് തന്റെ സാധുശീലതയും സാക്ഷാൽകരിച്ചതായും സംബന്ധമായതായും സ്വയം തെളിയിച്ച് സോഫി സന്തോഷിച്ചു. താൻ കൊട്ടാരത്തിൽ പെരുമാറുന്നതുപോലെ തന്റെ അടുക്കലും കോമളയായ ആ ബാലിക പെരുമാറുവാൻ ഇടയായതിൽവെച്ച് അവളുടെ പദവി ഏററവും ഉയർന്നതായും അവൾ കരുതാതിരുന്നില്ല.

സോഫി സന്തോഷത്തോടുകൂടിത്തന്നെ നളീനയെ സ്വീകരിക്കയെന്ന കാര്യം ഒരിക്കലും മറന്നിരുന്നില്ല. പക്ഷെ അപ്രകാരം പ്രവർത്തിച്ചതുകൊണ്ട് ഇതുവരെ സന്തുഷ്ടനായി കാസിം പുരോഹിതനെ യാത്രയാക്കി. പോകുന്ന അവസരത്തിൽ നളീന പുരോഹിതനെ സാഷ്ടാംഗം പ്രണാമംചെയ്തു. അപ്പോൾ ആ വിശിഷ്ടൻ പറഞ്ഞു "കുഞ്ഞേ! ലോകജീവിതം വളരെ വിഷമമുള്ളതാണ്. നീ അതിലേക്ക് ഇറങ്ങുവാൻ പോകുന്നതേയുള്ളൂ. വിശേഷിച്ചും നീ രാജകൊട്ടാരത്തിൽ പെരുമാറുവാൻ പോകുകയാണെന്ന് നല്ല ഓർമ്മവേണം. പട്ടും പട്ടും ആവിടെ കിട്ടും. പലപ്പോഴും സുഖവും പറഞ്ഞതു കിട്ടുവാനാണെളുപ്പം. എന്നു മാത്രമല്ല; ഈ ലോകം വഞ്ചനയും കാപട്യത്തിന്റെയും അസൂയയുടെയും ദുർമ്മാർഗ്ഗത്തിന്റെയും വിളനിലമാണ്. അറിയാതെതന്നെയും അപരാധങ്ങൾ വന്നുചേരുന്നതായി വരും. എവിടെ നോക്കിയാലും ശത്രുക്കളെ മാത്രമേ കാണുകയുള്ളൂ. ധർമ്മത്തിനും സത്യത്തിനും ഇടം ഈ ലോകമല്ല. അവയുടെ സ്ഥാനം സ്വർഗ്ഗമാണ്. ഇവിടെ ക്ലേശങ്ങൾ സഹിച്ച് അവയെ പരിപാലിച്ചാൽ അവിടെ മതിന് വിലയുണ്ടാകും. ഇവിടെ അവയെ നിരാകരിച്ചാൽ അവിടെ ദുഃഖമുണ്ടാകും. ഈ തത്വം നീ നല്ലതുപോലെ അറിയണം. യാതൊരു തരത്തിലും വഞ്ചിക്കയില്ലെന്നും, അധർമ്മം പ്രവർത്തിക്കയില്ലെന്നും നിശ്ചയിച്ചാൽ മതി. എന്നാൽ ഇനി ഞാൻ പോകുന്നു" ഇത്രയും പറഞ്ഞ് പുരോഹിതൻ ആ ഗ്രഹത്തിൽനിന്നും അനല്പമായ ദുഃഖത്തോടുകൂടി പുറത്തേക്കുപോയി. പക്ഷെ ആ ദുഃഖം സുഖത്തിന് കാരണമാണെന്നും അദ്ദേഹം ആലോചിച്ചിരിക്കാം.

പുരോഹിതൻ തന്റെ മുമ്പിൽനിന്നും അപ്രത്യക്ഷമായ ആ മാത്രയിൽ തന്നെ തന്റെ ഹൃദയത്തിൽ ഏതോ അത്യധികമായ ഒര

മനോബാധ ഉണ്ടായതായി നദീറക്ക തോന്നി. കുറച്ചു ദിവസങ്ങളോ
ളം തന്റെ സകല സുഖങ്ങൾക്കും അടിസ്ഥാനമായിരുന്ന ശാന്തതയും,
തന്റെ അത്യധികമായ ആതുരാവസ്ഥയിൽ നിന്നും പരിരക്ഷിച്ചാ
ശ്വസിപ്പിച്ച ദിവ്യനും ആയ ആ മഹാന്റെ സഹായം—സഹവാ
സം—തനിക്ക് ആ ദിവസം മുതൽ നഷ്ടമായല്ലോ എന്നോർത്ത് അവ
ൾ തേങ്ങിത്തേങ്ങി കരഞ്ഞു. ഒരു പിതാവിനെപ്പോലെ തന്നെ വാ
ത്സല്യപുരസ്സരം ശാസിക്കയും ഒരു മാതാവിനെപ്പോലെ പ്രേമപുരസ്സരം
ഉപദേശിക്കയുംചെയ്തു ആ ദിവ്യൻ യാത്രാവസരത്തിൽ പറഞ്ഞ ഓ
രോ വാക്കും അവളുടെ ഹൃദയത്തിൽ ഏററവും ശക്തിയോടുകൂടി പ്ര
ശോഭിച്ചു. അവയുടെ സ്വരം അവളുടെ ചെവികൾക്കുള്ളിൽ നിന്നും
ഒരു കാലത്തും പതറിപ്പോകത്തക്കതല്ലെന്നും അവൾക്ക തോന്നി. എ
ന്നാൽ അദ്ദേഹത്തിന്റെ സഹായം എപ്പോഴും തനിക്ക് ലഭിക്കുമെ
ന്ന് നിശ്ചയിച്ചുകൊണ്ടു അവൾ വീണ്ടും സോഫിയുടെ അടുക്കലെ
ത്തി. ഒരു രാജ്ഞിയുടെ പദവിയിൽ ഏററവും പ്രൌഢയായും ഗർവ്വി
ഷ്ഠയായും ഇരുന്ന സോഫിയുടെ അടുക്കൽ അവളുടെ പരിചാരിക
യായി വന്നുചേർന്നിട്ടുള്ള നദീറയെ കണ്ട ഉടനെതന്നെ അവൾ ഇപ്ര
കാരം പറഞ്ഞു. "നിനക്ക് ഇവിടെയുള്ള ജോലി എന്താണെന്നു ഞാ
ൻ പറയാം. ആ ഇരിക്കുന്ന സ്വർണ്ണത്തളികയിൽ, നീ എന്നും രാവി
ലെയും അന്തിക്കും, കൊട്ടാരത്തിലുള്ള പൂന്തോട്ടത്തിൽ നിന്നും പൂക്ക
ൾ പറിച്ച് അന്തഃപുരത്തിൽ കൊണ്ടു ചെല്ലണം. ഞാൻ ഇന്നു
വൈകുന്നേരം തന്നെ സ്ഥലങ്ങളെല്ലാം നിന്നെ കാണിച്ചുതരാം.
നീ എന്താണെന്ന് ആരെങ്കിലും ചോദിച്ചാൽ ഉടനെ "സോഫിയുടെ
ദാസി"യാണെന്നു പറയണം. നിനക്ക ഞാൻ നല്ല വസ്ത്രങ്ങൾ ത
രാം" ഇത്രയും പറഞ്ഞു സോഫി അവൾക്കായിട്ടു വിശേഷപ്പെട്ട ചി
ല വസ്ത്രങ്ങൾ കൊടുത്തു. കാസിം ഇതെല്ലാം കണ്ട് വളരെ ആഹ്
ളാദിച്ചു. ഇപ്പോൾ എടുത്ത് തലയിൽ കയറ്റുന്നതു് പൊടുന്നനവെ
താഴെയിട്ട് ചവിട്ടാനാണെന്നും അയാൾ കരുതാതിരുന്നില്ല. എങ്കി
ലും ചക്രവർത്തിക്ക് അന്നേദിവസം വിശിഷ്ടപഴങ്ങൾ കൊടുക്കുവാൻ
നിഷ്പ്രയാസം സാധിച്ചതിനെപ്പററി അയാൾ ദൈവത്തെയും പു
രോഹിതനേയും നദീറയെയും സ്തുതിച്ചപ്പോൾ അയാളുടെ ഹൃദയം
രാഹിലെ വന്നുചേന്ന അരുളിയെപ്പററി ഓർത്ത് സോഫിയെ കഠിന
മായി ശപിക്കാതെയും ഇരുന്നില്ല.

ആറാം അദ്ധ്യായം.

ഏററവും പ്രാചീനകാലം മുതല്ക്കു ഭാരതത്തിൽ പ്രദ്യോതിച്ചിരുന്ന സാഹിത്യവൈശിഷ്ട്യം ഇന്നും അനേകം മഹാത്മാക്കളുടെ ആരാധനയ്ക്കും അനേകം രാജ്യക്കാരുടെ അസൂയയ്ക്കും പാത്രമായിട്ടാണു പരിലസിക്കുന്നതു്. മാനസികമായും ആത്മികമായും ഭാരതത്തിനുണ്ടായിട്ടുള്ള പരിഷ്കാരത്തിനോടൊ പരിശുദ്ധിയോടൊ പോരാടുവാൻതക്കവണ്ണം യാതൊരു വൈശിഷ്ട്യവും ഇന്നും ഒരു രാജ്യക്കാരും നേടിയിട്ടില്ലെന്നുള്ളതു് ഏതൊരു ഭാരതീയനും അഭിമാനജനകമായ ഒരു പരമാർത്ഥമാകുന്നു. ഇന്നു് പല സാഹിത്യങ്ങളിലും വിശിഷ്ടങ്ങളായി സ്ഥിതിചെയ്യുന്ന ഗ്രന്ഥങ്ങൾക്കെല്ലാം യഥാർത്ഥമാതൃകയെ പ്രദാനംചെയ്തിട്ടുള്ളതു ഭാരതമാകുന്നുവെന്നതിൽ യാതൊരു തർക്കവും ഇല്ല. ഇതിനു പ്രധാനമായി രണ്ടുമൂന്നു കാരണങ്ങളുണ്ടു്. ഒന്നാമതായി ഭാരതത്തിൽ പല സാമ്രാജ്യങ്ങളും രാജവംശങ്ങളും പല കാലങ്ങളിലായി സ്ഥാപിതങ്ങളായിട്ടുണ്ടെങ്കിലും രാഷ്ട്രീയമായിട്ടുണ്ടായിരുന്ന ഔന്നത്യനിലതന്നെ സാഹിത്യത്തിനും ഉണ്ടായിരുന്നുവെന്നു നാം പല പ്രാചീനഗ്രന്ഥങ്ങളിൽനിന്നും അറിയുന്നതു്. സാഹിത്യത്തെ വിഗണിച്ചു് രാജ്യം ഭരിച്ചിരുന്ന രാജാക്കന്മാർ ഭാരതത്തിൽ അധികമുണ്ടായിരുന്നതായി ചരിത്രം പഠിപ്പിക്കുന്നില്ല. കലകളെല്ലാംതന്നെ പരിരക്ഷിച്ചും പരിപോഷിപ്പിച്ചുംകൊണ്ടു് രാജാക്കന്മാരിൽ പലരും രാജ്യപരിപാലനം നിർവ്വഹിച്ചിരുന്നതെന്നും നാം പല ഗ്രന്ഥങ്ങളിൽനിന്നു് പുളകിതഗാത്രന്മാരായി മനസ്സിലാക്കുന്നു. രാജസ്ഥാനങ്ങളിൽ സാഹിത്യസഭകളും സാഹിത്യശാലകളും, മന്ത്രിമണ്ഡപങ്ങളെപ്പോലെതന്നെ പ്രധാനങ്ങളായി ഗണിച്ചു് അവയെ പരിരക്ഷിക്കുന്നതിനു ഏതൊരു രാജാവും ആഗ്രഹിച്ചിരുന്നു. ഇതിനുദാഹരണമായി ഭോജൻ എന്ന അപരാഭിധാനത്താൽ പ്രസിദ്ധനായിത്തീർന്ന വിക്രമാദിത്യന്റെ ഭരണം ഏററവും വിശിഷ്ടമായി ചരിത്രത്തിലും സംസ്കൃതസാഹിത്യത്തിലും വിളങ്ങുന്നുണ്ടു്. കവികളേയും, മററു കലാശാലികളേയും അപരരാജ്യങ്ങളിൽനിന്നുകൂടി വരുത്തി രാജധാനികളിൽ താമസിപ്പിക്കയും ഓരോ പ്രത്യേകാവസരത്തിലും അവരെല്ലാവരുംകൂടി രാജാവിന്റെ ആധ്യക്ഷ്യത്തിൽ സാഹിത്യസമിതികൾ നിർമ്മിക്കയും ചെയ്തിരുന്നു. അരസികന്മാരോ, അനഭിജ്ഞന്മാരോ ആയ വല്ല രാജാക്കന്മാരും ഉണ്ടായിരുന്നാൽതന്നെയും സാഹിത്യത്തിനു ക്രമപ്രവൃദ്ധമായുണ്ടായിരുന്ന

വൎദ്ധിച്ചതോ, അനിവാൎയ്യമായിട്ടുണ്ടായിരുന്ന പ്രാധാന്യമോ, അപ്രമേയമായിട്ടുണ്ടായിരുന്ന വൈശിഷ്ട്യമോ ഒരു കാലത്തും അധഃപതിക്കയോ നശിക്കയോ ചെയ്തിട്ടില്ല. നേരെമറിച്ച്, ഉൽകൃഷ്ടാശയന്മാരായ നാടുവാഴികൾ ആവിർഭവിക്കുമ്പോൾ വീണ്ടും സാഹിത്യത്തെ വേണ്ടതിൻവണ്ണം പരിപാലിക്കയും, ഭാരതത്തിന്റെ മഹത്വം അതിൽതന്നെയാണു സ്ഥിതിചെയ്യുന്നതെന്ന് അവൎക്കു ദൃഢബോദ്ധ്യമുണ്ടായിരുന്നതുകൊണ്ടു കവികളേയും മറ്റും കൊട്ടാരങ്ങളിൽതന്നെ താമസിപ്പിച്ചു ഭരണഭാരംകൊണ്ടു രാജാവിനുണ്ടായിട്ടുള്ള ക്ലേശങ്ങളെ ദിവ്യമായ സാഹിത്യവിഹാരംകൊണ്ടു കുറയ്ക്കുകയും ചെയ്തുവന്നു. ഇന്നും ഭാരതത്തിലുള്ള നാട്ടുരാജ്യങ്ങളിൽ എത്രയോ വിപുലവും അനൎഘവും ആയ സാഹിത്യഭണ്ഡാഗാരങ്ങൾ സ്ഥിതിചെയ്യുന്നുണ്ട്. കേവലം ഇന്നോ ഇന്നലെയോ ഉണ്ടായിട്ടുള്ളതല്ലാത്ത—പ്രത്യുത അനേകായിരം വൎഷങ്ങൾക്കുമുമ്പ് ക്രമപ്രവൃദ്ധമായിട്ടുള്ള—ഈ വൈശിഷ്ട്യം ലോകാവസാനംവരെ സൎവ്വലോകത്തിനും മാതൃകയായും ആശ്ചൎയ്യകരമായും സ്ഥിതിചെയ്യാതിരിക്കയില്ല. ശ്രീഹൎഷനും വിക്രമാദിത്യനും എന്നും ഭാരതത്തിൽ സജീവമായി പ്രശോഭിക്കുന്ന നാമങ്ങൾതന്നെയാണ്. എന്തെന്നാൽ അവരുടെ വൈശിഷ്ട്യം ഖഡ്ഗംകൊണ്ടു നേടിയിരുന്ന ഭൗതികസാമ്രാജ്യത്തിൽമാത്രം സ്ഥാപിതമായിരുന്നതല്ല; എന്നാൽ തൂലികകൊണ്ടു നേടിയിരുന്ന ആത്മികസാമ്രാജ്യത്തിൽ സ്ഥാപിക്കപ്പെട്ടിരുന്നതാണ്. ഇക്കാരണം അതിനു നാശം ആത്മാവ് അദൃശ്യമാകുന്ന കാലത്തല്ലാതെ ഉണ്ടാകുന്നതല്ല. ആത്മാവു അദൃശ്യമാകുന്നതു—എന്നാണെന്നു ആൎക്കറിയാം?

മേൽപറയപ്പെട്ടപ്രകാരം സാഹിത്യസാമ്രാജ്യത്തെയും വിശിഷ്ടമായ രീതിയിൽ കീഴടക്കി ഭരണം നിൎവ്വഹിച്ചിരുന്ന ചക്രവൎത്തിമാരിൽ അക്ബൎഷായിരുന്ന സ്ഥാനം പ്രഥമമല്ലെങ്കിലും അധമമായിരുന്നില്ല. അദ്ദേഹം സാഹിത്യാരാമത്തിൽ പലപ്പോഴും വിശ്രമം കൈക്കൊണ്ടിരുന്നു. യുദ്ധത്തിനു സന്നദ്ധനായിരുന്നാലും, കാൎയ്യവിചാരണകളിൽ വ്യാപൃതനായിരുന്നാലും, അദ്ദേഹം സാഹിത്യത്തെ യഥാൎത്ഥസന്തോഷത്തിനു കാരണമായിത്തന്നെ കരുതിയിരുന്നു. ആദ്യകാലങ്ങളിൽ അദ്ദേഹം വിദ്യാവിഹീനനാണെന്നു വിശ്വസിക്കപ്പെട്ടിരുന്നെങ്കിലും, ആചാൎയ്യന്മാരുടെ സഹായത്തോടുകൂടി അദ്ദേഹം ഭാഷാസാഹിത്യങ്ങളിലും നൈപുണ്യം നേടിയിരുന്നു എന്നു മാത്രമല്ല പല ഭാഷകളിലുമുള്ള ഗ്രന്ഥങ്ങൾ ശേഖരിച്ച് സമൎത്ഥന്മാരായ പരിഭാഷകന്മാരെക്കൊണ്ട് അവയെല്ലാം തൎജ്ജമചെയ്തു മനസ്സിലാക്കുന്നതിനും അഭിരുചി പ്രകടിപ്പിച്ചു. ഉറുദു, സംസ്കൃതം എന്നീ രണ്ട് പ്ര

ധനസാഹിത്യങ്ങളിൽ ഉൾപ്പെട്ട സകലവിധഗ്രന്ഥങ്ങളും അദ്ദേഹം ഭദ്രമായി സൂക്ഷിച്ചിരുന്നതിനുപുറമേ ആ വക സാഹിത്യങ്ങളിൽ പ്രാവീണ്യം നേടിയിരുന്ന വിശിഷ്ടന്മാരെ ക്ഷണിച്ചുവരുത്തി കവിസമാജങ്ങളും മററും കൂട്ടുക പതിവായിരുന്നു. എന്നു മാത്രമല്ല, മതങ്ങൾ തമ്മിൽ യോജിപ്പിക്കുന്നതിനും സാഹിത്യസംകലനം ഒരു നല്ല ഉപായമാണെന്ന് അദ്ദേഹം ദൃഢമായി വിശ്വസിച്ചു. കൊട്ടാരത്തിൽ വിശ്രമം കൈക്കൊണ്ടു ചക്രവർത്തി പാർത്തിരുന്ന കാലങ്ങളിലെല്ലാം സാഹിത്യകാരന്മാരെക്കൊണ്ടു വിശിഷ്ടഗ്രന്ഥങ്ങൾ എഴുതിക്കുകയും സമയമുള്ളപ്പോൾ താൻതന്നെ അവയെല്ലാം വായിച്ചു കേൾക്കയും നല്ല നല്ല കൃതികൾ വിരചിച്ചിട്ടുള്ളവർക്ക് സമ്മാനമോ പ്രതിഫലമോ നൽകുകയും പതിവായിരുന്നു. ഇക്കാരണങ്ങളാൽ സാഹിത്യത്തിനു അത്ഭുതകരമായ അഭിവൃദ്ധി ഉണ്ടാകുകയും അക്ബറുടെ യശസ്സിനോടൊപ്പം സാഹിത്യവും സമുദ്രങ്ങൾ തരണംചെയ്തു ദിഗന്തരങ്ങളിൽ കൂടി പ്രചരിക്കുകയും ചെയ്തു.

ചക്രവർത്തി വിശ്രമാർത്ഥം ആഗ്രായിൽ താമസമാക്കിയനാൾമുതൽ സാഹിത്യത്തിൽ പ്രത്യേകം നിഷ്കർഷ പ്രകടിപ്പിച്ചിരുന്നു. സാഹിത്യസമാജങ്ങൾ കൂട്ടുവാനായി അദ്ദേഹം പ്രത്യേകം ഹർമ്മ്യങ്ങൾ നിർമ്മിക്കുകയും അവയുടെ അന്തർഭാഗങ്ങളെല്ലാം ഭംഗിയായി അലങ്കരിക്കുകയും വിസ്തൃതവും മനോഹരവുമായ ആരാമങ്ങൾ കൊണ്ട് ഹർമ്മ്യങ്ങളുടെ നാലുവശങ്ങളും മോഹനമാക്കുകയും ചെയ്തു. ഒരു ദിവസം സായാഹ്നത്തിൽ അദ്ദേഹം പതിവുപോലെ ഹൃദ്യമായ മണിമന്ദിരത്തിൽ കവികളോടൊരുമിച്ച് സാഹിത്യവിഹാരത്താൽ ആഹ്ളാദമനുഭവിച്ചു കൊണ്ടിരുന്നു. ചക്രവർത്തിയുടെ യുദ്ധവിജയങ്ങളെ ആസ്പദമാക്കി പല നൂതനകൃതികളും കവിവരന്മാർ വിരചിച്ചിരുന്നവയെ ആസമയം അവിടെ വായിക്കയും ചക്രവർത്തി തന്റെ അഭിപ്രായത്തെ പ്രകടിപ്പിക്കയും ചെയ്തു. വിശിഷ്ടമായ ആ ഹർമ്മ്യത്തിൽ, മന്ദം മന്ദം വീശുന്ന വിശുദ്ധ മാരുതൻ തത്തിക്കളിച്ചു. പുഷ്പങ്ങളിൽ പലതും വിടർന്നു നില്ക്കുകയും ചെടികളെല്ലാം തഴച്ചു നില്ക്കുകയും, അന്തിച്ചോപ്പുകൊണ്ട് ആരാമത്തിൽ കനകാഭിഷേകം ചെയ്യുന്ന അസ്തമയസൂര്യന്റെ കിരണകന്ദളം അവിടെ എങ്ങും കാഞ്ചനവല്ലരിയെ പടർത്തുകയും തങ്കത്തോരണം ചാർത്തുകയും ചെയ്യുന്ന കാഴ്ച ആ ഗംഭീരസിംഹത്തിന്റെ ഹൃദയത്തെ — അക്ബർ ചക്രവർത്തിയുടെ അചഞ്ചലമായ മനസ്സിനെ ഒരുമാത്രകൊണ്ടു ആവർജ്ജിച്ചു. അദ്ദേഹം പ്രകൃതിദേവിയുടെ നിസർഗ്ഗമനോഹരത്വത്തെ കണ്ട് കുതൂഹലചിത്തനായി ഇപ്രകാരം പ്രസ്താവിച്ചു.

"ഇന്നത്തെ സായാഹ്നം എനിക്ക് അത്യധികമായ ആനന്ദത്തെ നൽകുന്നുണ്ട്. നോക്കുക! ആ പുഷ്പവാടി എത്രയോ അഭിരാമമായിരിക്കുന്നു. വെറുതെ പലകഥകളും കെട്ടി ഉണ്ടാക്കുന്ന കവികൾ പ്രകൃതിദേവിയെ യഥാർത്ഥത്തിൽ അറിയുന്നില്ലെന്ന് നിശ്ചയമായും പറയാവുന്നതാണ്. ഒരു രാജാവിന്റെ വിക്രമങ്ങളെ പററി വർണ്ണിക്കുന്നതിൽ എത്രയോ പരിശ്രമവും വൈഷമ്യമേറിയതും ആയ ഒരു പ്രവൃത്തിയാണ് പ്രകൃതിമനോഹരങ്ങളായ കവിതകളെ രചിക്കുന്ന കവികൾ നിസ്സാരന്മാരെന്നു നാം ധരിച്ചുപോകുന്നു. എന്നാൽ അപ്രകാരമുള്ള കവിതകൾ രചിക്കാൻ വളരെ പ്രയാസമാണ്. കാളിദാസന്റെയോ ഭവഭൂതിയുടെയോ വൈശിഷ്ട്യം സ്ഥിതിചെയ്യുന്നത് പ്രകൃതി നിരീക്ഷണത്തിൽ അവർക്കുണ്ടായിരുന്ന സാമർത്ഥ്യത്തിലല്ലേ എന്നു ഞാൻ നിങ്ങളോടു ചോദിക്കുന്നു. അതിനും പുറമെ, നമ്മുടെ ആചാര്യനായിരുന്ന വിദ്യാപതി മഹാകവി നമ്മോടു പറഞ്ഞിട്ടുള്ളതുപോലെ, ഹിന്ദുക്കളുടെ ഗ്രന്ഥങ്ങളിൽ ഏററവും വിശുദ്ധമായി സ്ഥിതിചെയ്യുന്ന വാല്മീകിരാമായണത്തിൽ തന്നെയും ഞാൻ അത്ഭുതത്തോടുകൂടി കാണാറുള്ളത് അതിലെ മനോഹരമായ പ്രകൃതിവർണ്ണനയാകുന്നു. നോക്കുക! സുന്ദരകാണ്ഡത്തിൽ മഹേന്ദ്രഗിരിയെ പററിയും മററും വാല്മീകി വർണ്ണിച്ചിരിക്കുന്ന ഭാഗങ്ങളും രാവണന്റെ അന്തഃപുരത്തെയും പരിസരപ്രദേശങ്ങളെയും പററി സരസമായി വിവരിച്ചിരിക്കുന്ന ഭാഗങ്ങളും ഏതൊരു മനുഷ്യനെയാണ് പുളകോൽഗമകനാക്കി തീർക്കാത്തത്! സുന്ദരകാണ്ഡത്തിന് അപ്രകാരമായ പ്രാധാന്യം തന്നെയും ഉണ്ടായിട്ടുള്ളത് അകൃത്രിമമായ പ്രകൃതി വർണ്ണനയുടെ നിസ്തുലസൌകുമാര്യം കൊണ്ടാണെന്ന് നമ്മുടെ ഒരു പണ്ഡിതനായ ആചാര്യൻ പറഞ്ഞു തന്നിട്ടുണ്ട്. ഇതുപോലെയുള്ള സാഹിത്യങ്ങൾ ലോകത്തിൽ വളരെയുണ്ടോ എന്ന് പ്രബലമായി ഞാൻ സംശയിക്കുന്നു. ആയതുകൊണ്ട് ഞാൻ നിങ്ങളോടു ഇന്ന് അഭ്യർത്ഥിക്കുന്നത് നിങ്ങൾ എന്റെ വിജയങ്ങളെപ്പററിയും പരാക്രമങ്ങളെപ്പററിയും പുകഴ്ത്തുന്നതിനേക്കാൾ എനിക്കു പ്രിയകരം ഈ സായാഹ്നത്തെയോ ഈ ആരാമത്തെയോ പററി വർണ്ണിക്കുന്നതാണ്. അതുകൊണ്ട്—ഞാൻ നിങ്ങളിലാരുടെയെങ്കിലും അഭിപ്രായത്തെ കേൾക്കുവാൻ ആഗ്രഹിക്കട്ടെയോ?" ഇതുകേട്ട ഉടൻതന്നെ ആ സമാജത്തിൽ ഹാജരായിരുന്ന ഒരു സംസ്കൃത കവിയും ഗായകനുമായിരുന്ന വാമനഭട്ടൻ എന്നൊരാചാര്യൻ ഇപ്രകാരം പറഞ്ഞു:—

"മഹാരാജാവേ! അവിടുന്നു സർവ്വാൽക്കർഷേണ വിജയിച്ചാലും!

ഉത്തമനായ ഒരു സാഹിത്യനിരൂപകൻ എന്ന നിലയിൽ വെളിയാക്കെ ശ്പരിശുദ്ധി അസ്മാദൃശന്മാരായ അനഭിജ്ഞന്മാരുടെ സംവീക്ഷണത്തിനംഗൽബോധനത്തിനും ഉപരി പരമോൽകൃഷ്ടമായി സ്ഥിതി ചെയ്യുന്നതിനാൽ ബഹിർമുഖങ്ങളായിരിക്കുന്ന സർവ്വേന്ദ്രിയങ്ങളെ അതിക്രമിച്ച് അന്തർമുഖമായിരിക്കുന്ന ആത്മബോധത്തിന്റെ, അംശകതിമൂലം, പരിപോഷിപ്പിക്കേണ്ടിയെന്നു മാത്രമല്ല ഈ മാംസകഞ്ചുകത്തിൽതന്നെ ആത്മീയജീവിതത്തെ സാക്ഷാൽകരിച്ചിട്ടുള്ള ഉയർന്ന പരിപ്ലവമായ പദവിയിൽ ഏതെങ്കിലും സമൂഹസംബന്ധമില്ലാത്ത അവസ്ഥാപ്പിക്കായി സ്വാതന്ത്ര്യത്തോടും അകളങ്കതയോടും അന്യസഹായമില്ലാതെ പ്രഥമതഃ സത്യത്തെപ്രവഹിപ്പിക്കുന്നവരാണല്ലോ പ്രവർത്തിക്കുന്നവരെങ്കിലും "യഃ സർവ്വത്ര സുഖം വാ ദുഃഖം യദിവാ ആത്മൗപമ്യേന സമം പശ്യതി സഃ യോഗീ പരമഃ മതഃ"യെന്നും "അഹം സർവ്വ ഭൂതേഷു സമഃ ഭവതി ദ്വേഷ്യഃ ന, അസ്തി പ്രിയഃ ന, അസ്തി, യേ, തു മാം ഭക്ത്യാ ഭജന്തി തേ മയി വർത്തന്തേ അഹം തേഷു ച വർത്തേ അപി"യെന്നും ഗീതയും അംഗീകരിച്ചിട്ടുള്ള അർപ്പിതമായ കല്പ്പഖണ്ഡത്തിൽ അഗ്നി അതിശയേന പ്രകാശിപ്പിച്ചാലും ഗ്രന്ഥിലമായ ആർദ്രേന്ദ്രഖണ്ഡത്തിൽ പ്രകാശിക്കാതെയും ആതപത്തിൽ വ്യാകീർണ്ണങ്ങളായി ശയിക്കുന്ന തൃണാദിപദാർത്ഥങ്ങളിൽ ആതപോഷ്മാവ് അഭേദമായി പ്രവർത്തിച്ച് ആ പരമ പ്രഭാവത്താൽ ആപ്ലിക്കപ്പെട്ടിരുന്ന അഖിലാചാരവികാരവിചാരങ്ങളോട് കൂടിയവരായി വ്യാകലരാഗദ്വേഷങ്ങളെയത്താൽ സമാഹിതമായേന വിലീനചിത്തരായി നിർവ്വൃതമായ പരമാനന്ദപ്രവാഹത്തിൽ ലയിച്ച നിവൃത്തികളായി അനന്യഭാവസന്തുഷ്ടരായി അഹംഭാവരഹിതരായി വർത്തിക്കുന്ന അവരിൽ തൽഭാവഭാവിതേന്ദ്രിയ നിരാമയമായ സച്ചിദാനന്ദപ്രകാശസ്ഥൂലിംഗങ്ങളെ സ്ഫാടികമുകുരത്തിൽ ദിവസനാഥന്റെ കിരണാവലി അതികൃഷ്ടിതങ്ങളായി ഭവിക്കുന്നു എന്നും 'തസ്യൈകസ്യ ഭാവദ്യോതനായോ ഭവന്തി നൈകസ്യ ഭാവഃ സമാചരതഃ' എന്ന് ഐതരേയം. 'ഭോഗദേവഷാണ്യൂനി പ്രാപ്യവ്യവഹാരാൻ ഭവതി യോഗഭ്രഷ്ടഃ പുമാൻ' എന്ന് കൌടില്യൻ. 'അഷ്ടൈശ്വര്യഹിലഷ്ഠാനിഭ്യന്നേന്നിഗദ്യതേ' എന്ന വാഗ്ഭടി. 'ത്രിണിവർഷാണ്യൃതീക്ഷേത കുമാരീ ഋതുമതീ സതി; ഊർദ്ധ്വം തു കാലാദേതസ്മാദ്വിന്ദേത സദൃശം പതിം' എന്ന മനു. 'അഭിവാദ്യാഭിവാദ്യാം ബന്ധുവുംഭ്യമാനസ്തിഷ്ഠേ; ശൈശിരേകൈത്; സർവ്വർത്തുഭിസഹിതാനാമേ" എന്നീ കാരണങ്ങളാൽ നാലിടത്ത് പറഞ്ഞിട്ടുള്ള സ്വാത്മം ആചാര്യരുടെ ഈ പ്രസംഗകോലാഹലം കണ്ടും കേട്ടും അക

ബർ ഉറക്കെ ചിരിച്ചുപോയി. യാതൊരർത്ഥവും ഇല്ലാതെ പ്രസംഗിക്കു ന്നതിനു ലോകത്തിൽ ആചാർയ്യർക്കു മാത്രമേ സാധിക്കയുള്ളുവെന്നും നിരർത്ഥകമായ വിധത്തിൽ സംസ്കൃതപദങ്ങളും ശ്ലോകങ്ങളും കുത്തിച്ചെലുത്തുവാൻ അദ്ദേഹം സമർത്ഥൻ തന്നേയെന്നും അക്ബർ അറിഞ്ഞു കഴിഞ്ഞു. അദ്ദേഹത്തിന്ന് അനല്പമായ നീരസവും ഉണ്ടാകാതിരുന്നില്ല. അദ്ദേഹം പറഞ്ഞു. "നമ്മുടെ ആചാർയ്യന്റെ പ്രസംഗം എത്ര മാത്രം നന്നായിരുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. നാം ഇവിടെ പ്രസ്താവിച്ച വിഷയത്തെപ്പറ്റിയാണ് അദ്ദേഹം പ്രസംഗിച്ചതെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അതു് അദ്ദേഹത്തിനു ചാരിതാർത്ഥ്യജനകമാണ്. ആചാർയ്യന്റെ പാണ്ഡിത്യം അസഹനീയം തന്നെ. ആകട്ടെ നാം പറഞ്ഞതിനെപ്പറ്റി പറയാനറിയാമെങ്കിൽ ആചാർയ്യനൊഴിച്ച് ആരെങ്കിലും പറയട്ടെ." ഇതുകേട്ട് ആ സദസ്സിലുണ്ടായിരുന്നതിൽ വെച്ച് ഒരാൾ ആചാര്യോപചാരങ്ങൾക്കു ശേഷം ഇങ്ങനെ. "തിരുമനസ്സിൽ നിന്നും കല്പിച്ചതെന്താണെന്ന് കേൾക്കാത്തതിട്ടോ, കേട്ടിട്ടും മനസ്സിലാകാത്തതിട്ടോ, ആചാര്യൻ പറഞ്ഞതെല്ലാം വേറൊന്നും മററുമാണ്. എന്നാൽ തിരുമനസ്സിലെ വിലയേറിയ അഭിപ്രായത്തിന്റെ മഹിമയെപ്പററി അറിയാവുന്നവർ അവിടത്തോടു യോജിക്കാതിരിക്കയില്ലെന്നതു നിശ്ചയമാണ്. പ്രകൃതിനിരീക്ഷണത്തിൽ ഭാരതീയർ അദ്വിതീയന്മാരാണെന്നുള്ളതിൽ സംശയമില്ല. വാല്മീകി രാമായണവും ഉത്തരരാമചരിതവും മറ്റും ഒരു കാലത്തും നശിക്കാത്തകൃതികളല്ലായെന്നതു നിർവ്വിവാദമാണ്. എന്നാൽ മഹത്തുക്കളുടെ മഹിമയെപ്പററി കീർത്തിക്കേണ്ടതും ഏതൊരു കവിയുടേയും കടമയാകുന്നു. നാം കേവലം മഹത്തുക്കളെ വർണ്ണിച്ചുമാത്രമല്ല ചെയ്യുന്നതു്. മറ്റുള്ള ലോകർക്ക് ഒരു ദൃഷ്ടാന്തമാകത്തക്ക രീതിയിൽ വിശിഷ്ടന്മാരുടെ വീരപ്രവൃത്തികളെപ്പററി കീർത്തിക്കേണ്ടതു് ഏതൊരു സാഹിത്യകാരന്റെയും ചുമതലയാകുന്നു. വൈഷമ്യം പ്രകൃതി വർണ്ണനയിലും ഒരു പോലെ തന്നെയാകുന്നു. പ്രകൃതിയെപ്പററി വർണ്ണിക്കാൻ വാസനാകവികൾക്കു മാത്രമേ സാധിക്കയുള്ളു" ഇത്രയും കേട്ടതിനു ശേഷം ചക്രവർത്തി വീണ്ടും പറഞ്ഞു. "പണ്ഡിതൻ പറഞ്ഞതു പരമാർത്ഥം തന്നെയെന്നു നാം സമ്മതിക്കാം. പക്ഷെ നാം പറയുന്നതു വിവർണ്ണനയിൽ പലരും അതിശയോക്തികൾ പ്രയോഗിക്കുന്നുവെന്നാണ്. ഒരു യുദ്ധം ജയിക്കുന്നതിനെപ്പററി വർണ്ണിച്ചാൽ പലപ്പോഴും എനിക്കു തമാശയും അത്ഭുതം തോന്നിയിട്ടുണ്ട്. യുദ്ധം നിസ്സാരമെന്നു കരുതി വിജയം പ്രാപിച്ചു വരുമ്പോഴും പരാജയപ്പെട്ടു

വരുമ്പോഴും എന്നെ തേൻപോലെ പുകഴ്ത്തുന്നു. അതിലും വിശേഷിച്ചു നമ്മുടെ ആചാര്യൻ ഏഴെട്ടുശ്ലോകം പദ്യത്തിലാണു് എഴുതുന്നതു്. തികഞ്ഞ യാഥാസ്ഥിതികനായ ആചാര്യൻ സംസ്കൃത സാഹിത്യമല്ലാതെ മറ്റൊന്നും കണ്ടിട്ടില്ല. പാശ്ചാത്യരാജ്യങ്ങളിലുള്ള വിദ്വാന്മാരുടെ ആശയങ്ങളെ അപഹരിച്ചു് വലുതാക്കുവാൻ ആചാര്യനു പ്രത്യേകം സാമർത്ഥ്യമുണ്ടു്. ആചാര്യന്റെ മഹാകാവ്യങ്ങളെല്ലാം വായിക്കേണ്ടി വന്ന നിർഭാഗ്യം എന്റെ സഹൃദയത്വത്തിലേക്കു തന്നെ ഉണ്ടാകരുതെന്നാണു് എന്റെ ഹൃദയംഗമമായ പ്രാർത്ഥന. കവിത്വമില്ലാത്തവർ കവിതയെഴുതാനിറങ്ങിയാൽ വളരെ ദോഷമാണു്. അപ്രകാരമുള്ളവരുടെ കവിത വായിച്ചു രസിക്കാനൊരുങ്ങേണ്ടിയവർ സ്ത്രീരൂപം വരഞ്ഞ പടത്തെ കണ്ടു് സ്ത്രീസുഖം അനുഭവിക്കാനാഗ്രഹിക്കുകയാണു ചെയ്യുന്നതു്. അതുകൊണ്ടു— ഇന്നു ഞാൻ നിങ്ങളോടു് ഒരു പ്രത്യേക സംഗതി പറയണമെന്നു വിചാരിക്കുന്നു. ഞാൻ ഒരു സമസ്യ നിർമ്മിച്ചിട്ടുണ്ടു്. നിങ്ങൾ അതിനെ പൂരിപ്പിച്ചു കേൾപ്പിക്കണം. ഞാനും എന്നാൽ ഒരു കണ്ണുപോലെ ഉറങ്ങാം.

പണ്ഡിതൻ— അവിടുത്തെ കല്പനപ്രകാരം അടിയങ്ങൾ പ്രവർത്തിക്കാം.

അക്ബർ— എന്നാൽ കേൾക്കുക.

“താരാജാലവുമിന്ദുവും വിലസിടും
താരാപഥം പോലെയോ”

ഈ സമസ്യ കഴിയുന്നത്ര എളുപ്പം പൂരിപ്പിച്ചു കേൾക്കണമെന്നാണു് എനിക്കാഗ്രഹമുള്ളതു്.

പണ്ഡിതൻ— അവിടുത്തെ കല്പനപോലെ

ചക്രവർത്തി തിരുമനസ്സിലെ ആജ്ഞ അനുസരിച്ചു അവിടെ കൂടിയിരുന്ന കവികളെല്ലാവരും സമസ്യാപൂരണത്തിനുവേണ്ടി സഭയിൽ ആലോചിച്ചുതുടങ്ങി. അവരിൽ ചിലർ തല ചൊറിയുകയും, മറ്റു ചിലർ മേല്പോട്ടു നോക്കിക്കൊണ്ടു് ആലോചിക്കയും വേറെ ചിലർ കൈകൊണ്ടും കാലുകൊണ്ടും പലതരം ഗോഷ്ടികൾ കാണിക്കയും ചെയ്തു. കവിതാവാസന ലേശംപോലും ഇല്ലാതിരുന്ന പണ്ഡിതന്മാരുടെ പാരവശ്യം ചക്രവർത്തിക്കു് ഒരൊന്നാന്തരം വിനോദമായി തോന്നി. ചിലരിൽ സമസ്യ മനസ്സിലാകായ്കയുടെ പരാക്രമങ്ങളെ പ്രസ്പഷ്ടമാക്കി; മറ്റു ചിലരിൽ, ഏതോ ഭയങ്കരമായ ഉദരരോഗത്തെപ്പോലെ സമസ്യാപൂരണസംരംഭം പല ഗോഷ്ടികൾക്കും കാരണമായി കലാശിച്ചു; ചിലർ ഇടക്കിടക്കു് എഴുതി കഴിഞ്ഞതു ഒന്നുരണ്ടു വരി

കൾ ഉറക്കെ ചൊല്ലി നോക്കി രസിക്കാൻ തുടങ്ങി; ചിലർ
വൈദ്യുതശക്തി ദേഹത്തിൽ വ്യാപിച്ചതുപോലെ നിശ്ചേഷ്ടരായി സ
മാധിയിൽ ഇരുന്നു. ചിലർ ശിരം കുലുക്കിത്തുടങ്ങി; മറ്റുചിലർ താടി
നീട്ടിത്തുടങ്ങി; ചിലർ ദീർഘശ്വാസങ്ങൾ വലിച്ചുവിട്ടു. ഇവരുടെ എ
ല്ലാം മുഖഭാവം ചക്രവർത്തി പ്രത്യേകം പ്രത്യേകം നിരീക്ഷിക്കയും ഉ
ള്ളുകൊണ്ടു ചിരിക്കയും ചെയ്തു. ഏകദേശം ഒരു നാഴികയോളം കഴി
ഞ്ഞിട്ടും സഭയിൽ ആരുംതന്നെ സമസ്യ പൂരിപ്പിച്ചുകൊണ്ടു വന്നി
ല്ല. പലതരം ഭാവങ്ങൾ ഏറ്റവും ഉയർന്ന സഭയിൽ വായിക്കുവാൻ ഉ
ത്സാഹിപ്പിച്ചിട്ടും, ചക്രവർത്തി അറിയാതെതന്നെ ഉടനടൻ
നടിപ്പിക്കയും ചെയ്തു. എന്നാൽ ഇവരും ബുദ്ധിമാനും, രസികനും
വശീകരിക്കപ്പെടാത്ത സ്വഭാവമായ ചക്രവർത്തിയാകട്ടെ ഓരോരുത്തരുടെ
പ്രവൃത്തിയും കണ്ടറിയാതിരുന്നില്ല. താൻ നിർമ്മിച്ച സമസ്യ ഇങ്ങനെ വി
ഷമമുള്ളതാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു നല്ല നിശ്ചയമുള്ളതാ
യിരുന്നു. കേവലം ഒരു ഭാവത്തെ മാത്രമല്ല അദ്ദേഹം ആവശ്യപ്പെട്ടി
രുന്നത്. താൻ ചൊല്ലിയ ഉദാഹരണങ്ങൾ ശരിയായ ഉപമേയ
ങ്ങളും സ്പഷ്ടമാക്കാത്തത് കവിയുടെ ചതുരതയായിട്ടാണ് കല്പിച്ചത്.
ഉപമേയവാക്യങ്ങൾ എന്തെല്ലാമാണെന്ന് ആർക്കും നിശ്ചയവുമുണ്ടാ
യിരുന്നില്ല. "ആരാമോദ്യാനം, ഇന്ദു, താമരപ്പൂവും" എവിടെ ഉ
ണ്ടായിരുന്ന പ്രത്യേകപദാർത്ഥങ്ങൾ ആണ്. ഇവയോടു ഇവ
പ്പെടുത്തിയിട്ടുള്ള മറ്റു പദാർത്ഥങ്ങൾ കണ്ടുപിടിക്കാതെ സമസ്യ പൂ
ർണ്ണമാകയില്ല. സമാഗതന്മാരായ കവികൾ ചിന്തിച്ചതിൽ ചക്രവ
ർത്തി അത്ഭുതപ്പെട്ടില്ല. അദ്ദേഹംതന്നെയും സമസ്യാപൂരണത്തിൽ
വളരെ സങ്കടപ്പെട്ടു. എന്നാൽ ഇപ്രകാരം ഗാഢമായ ആലോച
നയിൽ അന്തഃകരണം മുഴുകിയിരുന്നപ്പോൾ അ
ദ്ദേഹത്തിന്റെ ഉജ്ജ്വലമായ നയനങ്ങൾ സഭാവാതിലിന്റെ വഴിക്കൽ
കൂടി പുറത്തു പ്രവേശിച്ചിരുന്ന ആരാമത്തിലേക്ക ചലിച്ചു. അസമ
യം അദ്ദേഹം ഒരു കാഴ്ചകണ്ടു. സൌന്ദര്യസമ്പൂർണ്ണമായ ഒരു മുഖം
ആരാമത്തിലെ പൂക്കളുടേയും തഴച്ചുനില്ക്കുന്ന പത്രാവലികളുടേയും
ഇടയിൽ ഏറ്റവും ശോഭനമായി പ്രകാശിച്ചു. രാജകന്യകയു
ടെ വിളയാട്ടം തുടങ്ങുക മാത്രം ചെയ്തിട്ടുള്ള ഒരു ബാലിക ആരാമ
ത്തിലെ ചെറുപാതയിൽകൂടി മന്ദം മന്ദം നടന്നു പുഷ്പങ്ങൾ ഇറുത്തു
അവളുടെ കൈകളിലുണ്ടായിരുന്ന തളികയിൽ ശേഖരിക്കുന്നുണ്ടായിരു
ന്നു. കനിഞ്ഞുവീണുകൊണ്ടു പുഷ്പങ്ങൾ അറുക്കുന്ന ആ സുകുമാരിയു
ടെ മുഖം പുഷ്പങ്ങളുടേയും ഇലകളുടേയും നടുക്ക ഉജ്ജ്വലമായി പ്ര

ശോധിച്ചു. ഈ കാൎയ്യം കണ്ടു ഏററവും ആനന്ദഭരിതനായ ചക്രവൎത്തി ആലോചിച്ചു. അദ്ദേഹത്തിൻെറ ഹൃദയത്തിൽ ഏതോ ഒരു നവീനാശയം ഉദിച്ചുവന്നു. അല്പനേരം അചഞ്ചലനായിരുന്ന ശേഷം അദ്ദേഹം സമസ്യ പൂരിപ്പിച്ചു കൈയ്യിൽവെച്ചു. തദനന്തരം ഇപ്രകാരം ചോദിച്ചു:—

“ആകട്ടെ. നേരം വളരെയായിട്ടും നിങ്ങളാരും സമസ്യ പൂരിപ്പിച്ചില്ലെന്നു നാം വിചാരിക്കുന്നു. നമ്മുടെ കവികളുടെ വൈഭവം ഞാൻ അറിയുന്നതാണ്. എങ്കിലും ആരെങ്കിലും പൂരിപ്പിച്ചിട്ടുണ്ടോ?”

പണ്ഡിതൻ—തിരുമേനി വിജയിച്ചാലും! ഏററവും ബുദ്ധിശാലിയായ അവിടുന്നു നിയോഗിച്ചപ്രകാരം സമസ്യപൂരണം നിവൎത്തിക്കുവാൻ വളരെ വിഷമമായി തോന്നിയതു് അവിടുന്നു സദയം ക്ഷമിക്കണം. ഞാൻ രണ്ടു വരി മാത്രമേ എഴുതിയുള്ളു.

രണ്ടാമൻ—സമസ്യയുടെ യഥാൎത്ഥരീതി മനസ്സിലാക്കാതെ അടിയനൊരു ശ്ലോകമെഴുതി. എന്നാൽ ഒടുവിൽ വായിച്ചു നോക്കിയപ്പോഴാണ് അതിലെ ആശയം പ്രസ്പഷ്ടമായിട്ടില്ലെന്നു് എനിക്കു മനസ്സിലായതു്. അതുമൂലം ഞാൻ എഴുതിയതു നശിപ്പിച്ചു കളഞ്ഞു.

മൂന്നാമൻ—തിരുമേനി വിജയിച്ചാലും! അടിയനും അപ്രകാരം അബദ്ധം പിണഞ്ഞു. അവിടത്തെ സമസ്യ എത്രയോ അൎത്ഥവത്താണെന്നാണ് അടിയൻ അത്ഭുതപ്പെടുന്നതു്.

നാലാമൻ—അടിയൻ ഒരു വരിമാത്രമേ എഴുതിയുള്ളു. അതുതന്നെയും പ്രാസമുപേക്ഷിച്ചാണ്. സമുദ്രത്തെ ഉദ്ദേശിച്ചാണ് സമസ്യയുടെ ബാക്കിഭാഗം വരേണ്ടതെന്നു് കരുതി.

അഞ്ചാമൻ—അടിയൻ കരുതിയതു് അപ്രകാരമല്ല. ഒരു സ്ത്രീയുടെ തലമുടിക്കെട്ടിൽ തിരുകിയിരിക്കുന്ന പുഷ്പങ്ങളെയും മററും ഉദ്ദേശിച്ചായിരിക്കാമെന്നാണ്. പക്ഷേ ശ്ലോകമെഴുതുവാൻ മാത്രം സാധിച്ചില്ല.

ആറാമൻ—അടിയനും അപ്രകാരം തന്നെയാണ്. അവിടുന്നു എന്തുദ്ദേശിച്ചാണ് സമസ്യ ചൊല്ലിയതെന്നു് ഈയുള്ള മൂഢന്മാൎക്കു മനസ്സിലായില്ല!

ഇപ്രകാരം അവിടെ കൂടിയിരുന്ന കവീശ്വരന്മാരുടെയും പരിതാപകരമായ സമാധാനം കേട്ടു പൊട്ടിച്ചിരിച്ചുകൊണ്ടു ചക്രവൎത്തി അരുളി:—“നിങ്ങളുടെ സമാധാനങ്ങളെല്ലാം ഞാൻ സ്വീകരിക്കുന്നു. ഇതിൽ നിങ്ങൾ അപ്രാപ്തന്മാരെന്നോ, അയോഗ്യന്മാരെന്നോ, അസമൎത്ഥന്മാരെന്നോ അനഭിജ്ഞന്മാരെന്നോ നാം ലേശംപോലും ക

ങ്ങുന്നില്ല. നമുക്കുതന്നെ നിങ്ങളുടെ വൈദഗ്ദ്ധ്യത്തെപ്പററി നല്ലതു പോലെ മനസ്സിലായി. ആലോചിച്ചപ്പോഴാണ് അതിന്റെ പല വിഷമഘട്ടങ്ങളും എന്റെ ബുദ്ധിയിൽ തോന്നിയിട്ടുള്ളതു. എന്നാൽ ഞാൻ അതു് ഒരുവിധത്തിൽ പൂരിപ്പിച്ചിട്ടുണ്ടു്. അതു ലേശവും നന്നായിട്ടില്ലെന്നുതന്നെയാണ നമ്മുടെ അഭിപ്രായം. പണ്ഡിതവര്യന്മാരായ നിങ്ങളെ ഇതു ചൊല്ലിക്കേൾപ്പിക്കുന്നതു തന്നെയും ലജ്ജാവഹമാണ്. കവിതയുമായി യാതൊരു ചാർച്ചയും വേഴ്ചയുമില്ലാത്ത എന്റെ സാഹസം അക്ഷന്തവ്യമായ ഒരപരാധമായിത്തന്നെ കലാശിക്കുമായിരിക്കാം. എന്തായാലും നിങ്ങളെ ചൊല്ലി കേൾപ്പിക്കേണ്ടതു് എന്റെ കടമയാണെന്നു കരുതി ഞാൻ ചൊല്ലാം:—

ശ്രീരാജിച്ചിടതിങ്ങിടുന്നിലകളും
 നൽപ്പൂക്കളും ചേർന്നതാ-
യാരാമത്തിൽ നിരയായിനൽച്ചെടിയതാം
 മരം നട്ടീടവേ
ഒരുനാൾ സുന്ദരമായ് ചമഞ്ഞകുസുമാ-
 രാമം ലസിക്കുന്നിതാ
“താരാജാലവുമിന്ദുവും വിലസിടും
 അംബരപഥം പോലവെ”.

ചക്രവർത്തി ശ്ലോകം ചൊല്ലിക്കഴിഞ്ഞ ഉടൻതന്നെ സദസ്യരിൽ പലരും അതു് അനേകം ആവർത്തി കേൾക്കുന്നതിനാഗ്രഹിച്ചു. അവരിൽ കാരണവന്മാരും ശ്ലോകത്തിന്റെ നാനാഗുണങ്ങളേയും ചക്രവർത്തിയുടെ ബുദ്ധിസാമർത്ഥ്യത്തേയും പററി വളരെ പ്രശംസിച്ചു പ്രസ്താവിച്ചു. അവരിൽ പലരും ചക്രവർത്തിയിൽ ഉണ്ടായിരുന്നതും ഇല്ലാതിരുന്നതുമായ കവിതാശക്തിയെപ്പററി പുകഴ്ത്തി; ചിലർ അവർക്കുണ്ടായ വൈദഗ്ദ്ധ്യത്തെപ്പററി അറിയാതെതന്നെ ഹസിക്കയും ചെയ്തു. പ്രകൃതിയെ അടിസ്ഥാനപ്പെടുത്തി കവിത എഴുതുവാൻ വളരെ വിഷമമുണ്ടെന്നു ചക്രവർത്തി ആദ്യംതന്നെ അഭിപ്രായപ്പെട്ടതു പരമാർത്ഥമാണെന്നു എല്ലാവരും സശിരഃകമ്പം സമ്മതിക്കുകയും ചെയ്തു. ചക്രവർത്തിയുടെ ശ്ലോകം ശ്രവിച്ചു അത്യഗാധമായ ആനന്ദസിന്ധുവിൽ നിമഗ്നനായിത്തീർന്ന പണ്ഡിതനായിരുന്നു. അദ്ദേഹം ഇപ്രകാരം പറഞ്ഞു. “തിരുമേനി! അവിടത്തെ വിജയത്തിനായി അടിയങ്ങൾ പ്രാർത്ഥിക്കുന്നു. അവിടന്നു സകല കലകളിലും പ്രാവീണ്യം നേടിക്കഴിഞ്ഞു എന്നുള്ളതിലേക്കു ഇന്നത്തെ ശ്ലോകംതന്നെ ഉദാഹര

ണമാണ്. യുദ്ധത്തിൽ എന്നപോലെതന്നെ സാഹിത്യത്തിലും അ
വിടേയ്ക്കുള്ള നൈപുണ്യം മഹാകവിയെ ലജ്ജിപ്പിക്കുന്ന അവിടേയ്ക്ക് അ
നന്യോജ്യമായി തന്നെ സ്ഥിതിചെയ്യുന്നു. ജീവിതത്തിലെ സാരമാ
യ ഭാഗം മുഴുവനും സാഹിത്യപരിശീലനത്തിൽ തന്നെ വ്യയം ചെയ്തി
ട്ടും അവിടത്തെ സമസ്യ പൂരിപ്പിക്കുന്നതിന് ... കേവലം മൂന്നുവരി
കൾ മാത്രം രചിക്കുന്നതിന് ... അടിയങ്ങളെല്ലാവരും അപ്രാപ്തന്മാ
രായിരിക്കെ, പല്ലവിപ്പാട്ടും മറ്റും ഉണ്ടാക്കുക ഇത്യാദികളിൽ ഇടപെടുന്ന
അവിടേയ്ക്കു അല്പം വിശ്രമാവസരം ലഭിച്ചതിൽ അവിടത്തെ മഹത്വം
എത്രതന്നെ വാഴ്ത്തപ്പെടുവാൻ അർഹമല്ല?”

തന്നെ ഇപ്രകാരം സ്തുതിക്കുന്ന സ്തുതികളൊക്കെ കേട്ട സന്തുഷ്ടി
യും സംതൃപ്തിയും കൊണ്ടെന്നപോലെ തെളിഞ്ഞ ചക്രവർത്തിയുടെ ഹൃദയം
അല്പനേരത്തേക്കു മൗനമായിരുന്നു. ശേഷം തിരുവാക്കുകളെ അരുളി
ച്ചെയ്തതു ഇപ്രകാരമായിരുന്നു:

“ലോകത്തിൽ പാണ്ഡിത്യമുള്ള കവിശ്രേഷ്ഠന്മാരെ നാം സ്വീകരിക്കു
ന്നു. വിദ്വാന്മാരെ, സാഹിത്യസംഘങ്ങളിൽ, ഇപ്പോഴും അപ്രാപ്യ
നായ എന്റെ പ്രതാപത്തെ വിജയം വാസ്തവത്തിൽ എന്റെ സാമ
ർത്ഥ്യം കൊണ്ടുണ്ടായിട്ടുള്ളതല്ല. എന്റെ സമസ്യ പൂരിപ്പിച്ചുള്ള
ഞാൻ അനവധാനത്തിലും ഈ വിജയത്തിൽ ഏറെക്കുറെ ഭാഗ
മാക്കായിരിക്കുന്ന ശേഷം ഓർക്കുന്നു. ഹാ! രാജ്യഭാരത്തിൽ പ്രക്ഷോ
ഭിപ്പിക്കുന്ന വിഷമങ്ങളായ വിഷയങ്ങളുടെ പ്രസംഗങ്ങൾ അ
ധികമായി ഭവിക്കുന്നു. സമസ്യാപൂരണത്തിനായി ഞാൻ വളരെ
ക്ലേശിപ്പിക്കുമ്പോൾ അവരുടെ സാമർത്ഥ്യം മുഖാന്തിരമായ രാജ്യ
ത്തിലെ സ്വന്തക്കാരുടെ ഇടയിൽ പ്രശംസനീയമായി ഞാൻ കാണു
ന്നു. ഇതു കൂടാതെ സമസ്യാപൂരണത്തിന് ആവശ്യമുള്ള ഗുണങ്ങൾ
എന്നിൽ ഉൽപ്പാദിപ്പിക്കുകയും ചെയ്തു. ഇത്രയെല്ലാമായ വിഷയത്തി
ന്റെ രഹസ്യം വിദ്വാന്മാർ മനസ്സിലാക്കിയും അനുസരിച്ചും അവരെല്ലാം കണ്ടി
രുന്നെങ്കിൽ എന്റെ വിഷയം സംശയരഹിതമായിത്തീരുന്നു.” ഇ
പ്രകാരം പറഞ്ഞതിനുശേഷം ചക്രവർത്തി എഴുന്നേറ്റ് വിളിച്ച് ആരാമ
ത്തിൽ നിന്നിരുന്ന ബാലികയെ അടുത്തുവിളിച്ച് രാജ്യഭാരം എല്ലാം അ
വരെ ഏൽപ്പിച്ചു. അതിനുശേഷം സമ്മാനം കൊടുത്ത്, പ്രകാരം അവരുടെ
കൈകളിൽ നിന്നു ബാലികയെ അവളുടെ കൈകളാൽ ഉയർത്തിയിരുന്ന പ്രക
ടനങ്ങളിൽ ചക്രവർത്തിയുടെ മുമ്പിൽ വരികയായി. ഏറ്റവും നിർമ്മ
ലവും സുകുമാരിയുമായിരുന്ന ബാലികയെ സദസ്യരെല്ലാവരും ന

ത്ത്യാഗ്മുഖത്തോടുകൂടി അവലോകനം ചെയ്തു. അവളുടെ വദനപ
ങ്കജത്തിൽ നിഴലിച്ചിരുന്ന മനോനൈൎമ്മല്യം ചക്രവൎത്തിയെ എത്ര
മാത്രം സന്തോഷിപ്പിച്ചുവെന്നു പറയേണ്ടതില്ല. അവളുടെ വിശാല
മായ നയനങ്ങളിൽ കളിയാടിക്കൊണ്ടിരുന്ന ദിവ്യചൈതന്യം ആ
സദസ്സിൽ ഉണ്ടായിരുന്നവരെയെല്ലാം, ഏതോ ഒരു നൈസൎഗ്ഗികല
ക്ഷ്മിയുടെ പൂനിഴലാട്ടത്തിൽ ഭാഗഭാക്കുകളാക്കിത്തീൎത്തു. വിശേഷപ്പെട്ട
യാതൊരു വേഷഭൂഷാദ്യാഡംബരങ്ങളൊന്നുംകൂടാതെ തന്നെ, യഥാ
ൎത്ഥ സൌകുമാൎയ്യത്തെയും നൈൎമ്മല്യത്തെയും പ്രസ്പഷ്ടമാക്കിയിരുന്ന
അവളുടെ അപൂൎണ്ണവളൎച്ചമാത്രം സിദ്ധിച്ചിരുന്ന അംഗങ്ങളിൽ ഓ
രോന്നും സൎവ്വശരീരസൃഷ്ടിവൈചിത്ര്യത്തിന്റെ പാരമ്യത്തെ പ്രദൎശി
പ്പിച്ചു എന്നു അവിടെ കൂടിയിരുന്നവൎക്കു തോന്നി. വിശേഷിച്ചും ആ
ബാലികയുടെ മുഖത്തിൽ അന്യാദൃശമായ ഒരു രാജചൈതന്യവും, പൂ
ങ്കവിളിൽ നിഴലിച്ചിരുന്ന നീലതാമ്പിന്റെ നിറത്തിനോടൊത്തു
വിളങ്ങിയിരുന്നതായി അവൎക്കു തോന്നാതിരുന്നില്ല. ചീകി മിനുക്കുക
യോ വിശേഷസുമമാല്യങ്ങൾകൊണ്ടു അലങ്കരിക്കപ്പെടുകയോ ചെ
യ്തിട്ടില്ലാത്ത കേശഭാരം അവളുടെ ജന്മസിദ്ധമായിട്ടുണ്ടായിരുന്ന അകൃ
ത്രിമസൌന്ദൎയ്യത്തെയാണ് പ്രദൎശിപ്പിച്ചതു്. ഫാലത്തിനുപരി കളിയാ
ടിക്കൊണ്ടിരുന്ന അളകാവലി ചുരുണ്ടു്, വള്ളിപ്പുള്ളികളോടുകൂടിയ അ
ക്ഷരമാലപോലെ അവളുടെ വൈശിഷ്ട്യത്തെ വിവരിച്ചു വെളിപ്പെ
ടുത്തി. കുങ്കുമംകൊണ്ടോ മറ്റു തിലകസാമഗ്രികൾകൊണ്ടോ യാ
തൊരു രേഖപോലും ഒടിച്ചിട്ടില്ലാത്ത അവളുടെ ലലാടം ഏറ്റവും
ശോഭനമായിരുന്നു. കവികളുടെ അതിശയോക്തികൾക്കുകൂടിയും അധീന
മാക്കുവാൻ കഴിയാത്തവയും, നീണ്ടു്, നിബിഡമായ നീലിമചേൎന്നു,
വിശാലവും സജീവവും ആൎദ്രവും ആയ നേത്രങ്ങളിൽ തുള്ളിക്കളി
ച്ച കൃഷ്ണമണികൾ അവളുടെ പാവനമായ ഹൃദയസൌന്ദൎയ്യത്തെ വി
ളിച്ചുചൊല്ലി. നീണ്ടു നീലിമയാൎന്ന പുരികക്കൊടികളും, അന്നത്തെ
നാടൻസമ്പ്രദായത്തിൽ ഉൾപ്പെടാത്തതരം കൎണ്ണഭൂഷകൾ ചേൎന്നി
ട്ടുള്ള ചെവികളും, മൃദുവും തുടുത്തതും ആരക്തിമ കലൎന്നതുമായ ക
വിൾത്തടങ്ങളും, നാസാമണിചേൎന്നു ജ്വലിക്കുന്ന നാസികയും, പ
ലവാരങ്ങളെ ചേൎന്ന അധരപുടങ്ങളും, "താരുണ്യസമ്പത്തു് ഉയൎന്നു"
വരുവാൻ ഭാവിക്കുകമാത്രം ചെയ്യുന്നതും നീലിമചേൎന്ന പട്ടുകഞ്ചുക
ത്താൽ ആവൃതമായതുമായ മാൎത്തടം, ലോലവും എന്നാൽ കൊഴു
ത്തതും ഉരുണ്ടതുമായ കൈത്തണ്ടുകളും, യാതൊരാഭരണവുമില്ലെ
ങ്കിലും അനേകം അംഗുലീയങ്ങളുടെ ശോഭയെ വഹിക്കുന്ന രേഖ

കളോടുകൂടിയ നീണ്ട വിരലുകളും, ചുവന്ന മഞ്ഞനിറം ഇടകലർന്ന പാദങ്ങളും—എല്ലാം ആ വിശിഷ്ടബാലികയുടെ രാജോചിതമായ അംഗലാവണ്യത്തെയും ദേവോചിതമായ നൈസർഗ്ഗികത്തെയും പ്രസ്പഷ്ടമാക്കിയിരുന്നു. തങ്കത്തളികയിൽ നിറച്ച പനിനീർപ്പൂക്കളോടുകൂടി തന്റെ മുൻവശത്തു നില്ക്കുന്ന ആ സാധു ബാലികയെക്കണ്ട ഉടൻ തന്നെ പുത്രീനിർവ്വിശേഷമായ വാത്സല്യത്തോടുകൂടി അക്ബർചക്രവർത്തി ചോദിച്ചു.

“എല്ലായോ! ഓമനബാലികേ! നീ അതിഭാഗ്യവതിതന്നെയാണെന്നാണ് ഞാൻ വിചാരിക്കുന്നതു. നീ ഈ കൊട്ടാരത്തിൽ എപ്രകാരം വന്നു എന്നു അറിവാൻ എനിക്കു വളരെ ആഗ്രഹമുണ്ട്.”

ചക്രവർത്തിയുടെ വാത്സല്യസമ്പൂർണ്ണമായ ഈ കരുണാവചനത്തിൽ അത്യത്ഭുതചിത്തന്മാരായിത്തീർന്ന സദസ്യർ ഏറ്റവും ഉൽക്കണ്ഠയോടുകൂടി അവളുടെ പ്രത്യുത്തരത്തെ പ്രതീക്ഷിച്ചു. ഇമ്പവും മൃദുവും ശാന്തവും വിനയമധുരിമ ചേർന്നതുമായ സ്വരത്തിൽ അവൾ ഇപ്രകാരം പറഞ്ഞു.

“തിരുമേനി! അടിയൻ നിരാശ്രയയായ ഒരു ബാലികയാണ്. അടിയനിൽ കരുണയുണ്ടാകണേ! അടിയന്റെ രാജ്യം പേർസ്യയാണ്. ഞാനും എന്റെ മാതാവുംകൂടി കൊട്ടാരത്തിൽ നൃത്തത്തിനായി വരുംവഴി അമ്മ ഇവിടെ അടുത്തുള്ള ദേവാലയത്തിൽവെച്ചു—” ഇത്രയുംപറഞ്ഞു അവൾ അത്യാകുലതയിൽ വിറച്ചു. അവളുടെ മനോഹരനയനങ്ങൾ അശ്രുപൂർണ്ണങ്ങളായി. അവളുടെ വാക്കുകളെ ഏതോ ഒരു അദൃശ്യശക്തി തടഞ്ഞതുപോലെ സദസ്യർക്കു തോന്നി. കവിൾത്തടം തുടുത്തുചുവന്നു. ഈ ഭാവഭേദംകണ്ടു ചക്രവർത്തി സദയം ചോദിച്ചു.

“ബാലികേ! നീ ദുഃഖിക്കേണ്ട. സംഗതികൾ വിശദമായി പറയുക. നിന്റെ നാമധേയം എന്താണ്.” ഇതുകേട്ടു അവൾ കണ്ണീർതുടച്ചു വീണ്ടുംപറഞ്ഞു. “അടിയന്റെ പേർ നസീറ എന്നാണ്. എന്റെ അമ്മ ദേവാലയത്തിൽവെച്ചു മരിച്ചു. ഞാൻ അവിടത്തെ ഒരു പുരോഹിതന്റെ അടുക്കൽ താമസിച്ചു. എന്റെ പിതാവിനെപ്പോലെതന്നെ എന്നെ കരുതിയ അദ്ദേഹം കഴിഞ്ഞദിവസങ്ങൾക്കുമുമ്പ് എന്നെ ഇവിടത്തെ പഴക്കച്ചവടക്കാരന്റെ അടുക്കൽ ഏല്പിച്ചു. അവിടത്തെ കൊച്ചമ്മ എന്നെ പൂക്കൾവില്ക്കാനായി ഇങ്ങോട്ടയച്ചതാണ്.”

ചക്രവർത്തി — ശരി. ഇപ്പോൾ സോഫിയുടെ പരിചാരികയാണ് അല്ലേ?

ബാലിക — അതെ! അവൾ എന്നെ വളരെ സ്നേഹമായി കരുതുന്നുണ്ട്.

ചക്ര — നോക്കുക. ഇവളുടെ ദാസിയായിരിക്കേണ്ടവളാണൊ ആശവം!

ബാലിക — അവിടുന്നു ഇപ്രകാരം കല്പിക്കരുതെ. അവരുടെ ദയവു കൊണ്ടാണു അടിയനു ഇവിടെ പ്രവേശനം കിട്ടിയതു്.

ചക്രവർത്തി നജീറയെവിളിച്ചു എന്നുംമറ്റുമുള്ള വർത്തമാനം ഉടൻതന്നെ സോഫിയുടെ ചെവിയിൽ എത്താതിരുന്നില്ല. അന്ന്യന്മാരുടെ അഭ്യുദയത്തിൽ വളരെ അസൂയയുള്ളവളായിരുന്ന സോഫി ഉടൻതന്നെ സംഗതി അറിയണമെന്നുദ്ദേശിച്ചു ആരുമറിയാതെ സഭാശാലയുടെ പുറകുവശത്തുണ്ടായിരുന്ന ഒരു ഗൂഢമുറിയിൽകയറി ഇരുപ്പായി. ചക്രവർത്തിയും നജീറയുംതമ്മിൽ നടന്ന സംഭാഷണം അവൾ സമഗ്രം കേൾക്കുന്നുണ്ടായിരുന്നു. അക്ബർ അവളെപ്പറ്റി പ്രസ്താവിച്ച നിന്ദാസൂചകമായ സംബോധനയും അവൾ കേൾക്കാതിരുന്നില്ല. അവയിൽ ഓരോന്നും കേൾക്കുന്തോറും അവൾക്കുണ്ടായിരുന്ന പാരവശ്യവും അസഹ്യതയും എത്രമാത്രം ഭയങ്കരമായിരുന്നു എന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. അവൾ ഇടക്കിടക്കു പല്ലുറുമ്മുകയും ചുണ്ടുകടിക്കയും തന്റെ അസഹ്യതയെ പ്രസ്പഷ്ടമാക്കത്തക്ക മറ്റു പല ഗോഷ്ഠികൾ കാണിക്കയും ചെയ്തിരുന്നു. എങ്കിലും അവയെല്ലാം കേൾക്കുന്നതിനല്ലാതെ അവൾക്കു ഗത്യന്തരമുണ്ടായില്ല. നജീറാ തന്റെ കൊച്ചമ്മയോടുള്ള ഭക്തിയെ നല്ലതിൻവണ്ണം വെളിവാക്കിയിരുന്നെങ്കിലും ചക്രവർത്തിക്കവളിലുണ്ടായിരുന്ന കാരുണ്യം സോഫിയെ വളരെ ശുണ്ഠിപ്പിച്ചു. അവൾ ഇതെല്ലാം കേൾക്കുന്തോറും "ഞാൻ അവളെ നല്ലപാഠം പഠിപ്പിച്ചേക്കാം" എന്നു ആ നിരപരാധിനിയായ ബാലികയോടുള്ള പ്രതികാരബുദ്ധി അവളുടെ മനസ്സിൽ ദൃഢപ്രതിജ്ഞ ചെയ്തു.

ചക്രവർത്തി കുറച്ചുനേരം ആലോചനയിൽ ഇരുന്നശേഷം ഇപ്രകാരം പറഞ്ഞു "നജീറാ! നിന്റെ നിരാശ്രയത്വം വെളിപ്പെട്ടതിൽ നാം സന്തോഷിക്കുന്നു. എന്നുമാത്രമല്ല ഇന്നത്തെ സമാജത്തിൽ നീ എനിക്കു പരോക്ഷമായിട്ടെങ്കിലും അഭിമാനജനകമായ ഒരു വിജയത്തെ പ്രദാനംചെയ്തതിൽ നാം നിന്നോടു കൃതജ്ഞതയുള്ളവനായിരിക്കുന്നു. അതിന്റെ സൂചനക്കായി നാം ഇന്നത്തെ ഈ വിശേഷസദസ്സിൽവെച്ചു നിനക്കായി ഒരു വിശിഷ്ടബിരുദം സമ്മാനിക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. നിന്റെ രൂപവൈശിഷ്ട്യത്തി

ൻെറയും സൽസ്വഭാവത്തിൻെറയും ദിവ്യത്വത്തിൻെറയും ലക്ഷ്യമായി ഇനിമുതൽ നിന്നെ എല്ലാവരും നാം ഇന്നു സമ്മാനിക്കുന്ന] ബിരുദത്താൽ അറിയുമാറാകട്ടെ.

അനാർക്കലി. എന്ന ഈ വിശിഷ്ടബിരുദം നമ്മുടെ സാഹിത്യത്തിലുള്ള പദങ്ങളിൽ ഏററവും പരിശുദ്ധമാണ്. നിനക്കു ഈ ബിരുദം ഒരു ഭൂഷണമായിരിക്കുന്നതിൽ നാം വളരെ കൃതാർത്ഥനായിത്തീൎന്നു. ഇതിനുപുറമെ ഇനിമുതൽ ഈ നമ്മുടെ അന്തഃപുരത്തിലെ ഒരു പരിചാരികയായി നീ താമസിച്ചുകൊള്ളുന്നതിനും നാം അനുവദിച്ചിരിക്കുന്നു. കൊട്ടാരത്തിലെ ഒരു രത്നമായിരിക്കുന്നതിന്നു പലപ്രകാരത്തിലും അർഹയായ നിന്നെ പുറത്തു വല്ല ചേററിലും വീഴ്ത്തുവാൻ നമുക്കു വളരെ സന്താപമുണ്ട്.

ലോകൈകകവീന്ദ്രനായ ചക്രവർത്തിയുടെ പരമസന്തോഷത്തിനു പാത്രീഭൂതയായ ആ ബാലികയുടെ സൌഭാഗ്യത്തെപ്പററിപ്പുകഴ്ത്താത്തവർ ആരുംതന്നെ ആ സദസ്സിലുണ്ടായിരുന്നില്ല. ഓരോരുത്തരും അവളുടെനേൎക്കു തങ്ങളുടെ അനുമോദനത്തെ പ്രത്യക്ഷപ്പെടുത്തി. അവൾ ചക്രവർത്തിയുടെ പാദത്തിങ്കൽ സാഷ്ടാംഗം പ്രണാമംചെയ്തു. "അവിടത്തെ ആയുരാരോഗ്യങ്ങൾക്കായി പ്രാൎത്ഥിക്കുന്നു." എന്നു സവിനയം പറഞ്ഞു. വളരെ വാത്സല്യവും വിനയവും ഉണ്ടായിരുന്ന അവളെ തലോടിക്കൊണ്ടു അക്ബർചക്രവർത്തി ഇപ്രകാരം പറഞ്ഞു.

"ബാലികേ! എന്നാൽ ഇനിമുതൽ നീ ഇവിടെതന്നെ താമസിച്ചുകൊള്ളുക. പക്ഷെ അന്തഃപുരത്തിൻെറയും കൊട്ടാരത്തിൻെറയും നിലയും വിലയും അറിഞ്ഞു പ്രവൃത്തിച്ചുകൊള്ളണം. നിൻെറ സൌശീല്യം നിൻെറ സൌഭാഗ്യത്തെ തെളിയിക്കട്ടെ."

ഇത്രയും അരുളിയശേഷം ചക്രവർത്തി ആസ്ഥാനമണ്ഡപത്തിൽനിന്നും എഴുന്നേററു. അവിടെ ഉണ്ടായിരുന്ന സഭ്യർ ആഹ്ലാദസൂചകമായി "അള്ളാ-ഹു-അക്ബർ" എന്നു ആൎത്തുവിളിച്ചു. നാദിറ തങ്കത്തളികയും എടുത്തുകൊണ്ടു അന്തഃപുരത്തിലേക്കു പോയി. അന്നത്തെ കവിസമാജം ഒരു മഹത്സമ്മേളനമായി പൎയ്യവസാനിച്ചു.

ഏഴാം അദ്ധ്യായം.

കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള സംഭവങ്ങൾ നടന്നിട്ടുള്ള ആ സായാഹ്നത്തിൽ സെലിം രാജകുമാരനും, അക്ബർ ചക്രവർത്തിയുടെ വിശ്വസ്തസേനാനായ കുമാരസേനനും തമ്മിൽ ഏററവും രഹസ്യമായ ഒരു കൂടിക്കാഴ്ച നടന്നു. യമുനാതീരത്തിലുള്ള ഒരു ഗൂഢമന്ദിരത്തിൽവെച്ചാണ് അവർ സംഭാഷണം നടത്തിയിട്ടുള്ളതെന്ന പരമാർത്ഥം, അവരുടെ കൂടിക്കാഴ്ച ഉലോം രഹസ്യമായിരുന്നുവെന്നതിനെ വ്യക്തമാക്കി. സംഭാഷണമദ്ധ്യത്തിൽ സെലിം ചോദിച്ചു. "കുമാരസേനാ! നീതന്നെയാണ തല്ക്കാലം ഞങ്ങളെ രണ്ടു പേരെയും രക്ഷിക്കേണ്ടതു്. ചക്രവർത്തി വളരെ നിഷ്കർഷയോടുകൂടി ആജ്ഞാപിച്ചിട്ടുള്ളതെല്ലാം മനസ്സിലായി. പേർഷ്യായിലെ സംഗതികളെല്ലാം നിന്നോടു പറഞ്ഞിട്ടുള്ളതായാണോ?"

കുമാര — അതു ഞാൻ രഹസ്യമായിട്ടു് അറിഞ്ഞതാണ്. പേർഷ്യാക്കാരനായ ഒരു യാചകൻ ആഗ്രയിൽ താമസമുണ്ടു്. അയാൾ ഒരു പഴമക്കാരനാണ്. പല കഥകളും പറഞ്ഞ കൂട്ടത്തിൽ ഹുമയൂൺ ചക്രവർത്തി പേർഷ്യയിൽ താമസിച്ച സംഗതിയും മററും പറഞ്ഞു. അക്കൂട്ടത്തിൽ പ്രഭാകരസിംഹന്റെ കാര്യവും പറകയുണ്ടായി.

സെലിം — എന്തു്! അയാളെ പിതാവു് ബഹിഷ്കരിച്ചതല്ലേ? അയാളെ അഫ്ഘാൻകാർ യുദ്ധത്തിൽ വധിച്ചതല്ലേ?

കുമാര — എന്നാണ് ഞാൻ വിശ്വസിച്ചതു്. പക്ഷെ ഒരു കാര്യവും ഇപ്പോൾ അറിവാൻ പാടില്ലാതെയായി. ഒക്കെ കുഴപ്പത്തിൽതന്നെ കലാശിക്കയേയുള്ളൂ. യോഗീശ്വരൻ എവിടെ താമസിക്കുന്നു എന്നു് ആർക്കും നിശ്ചയമില്ല. എല്ലാ സംഗതികളും ഈ വർഷാവസാനത്തിനു മുമ്പു തെളിയിക്കണമെന്നു് എന്നോടു പറഞ്ഞിട്ടുണ്ടു്. അനുചരന്മാർ പോയിട്ടുമുണ്ടു്. പക്ഷെ അറിഞ്ഞതൊന്നും ഞാൻ പറഞ്ഞിട്ടില്ല.

സെലിം — നീ യാതൊന്നും പറയരുതു്. ഷീയർഖാനെ ഞാൻതന്നെ തടവിൽ പാർപ്പിച്ചിരിക്കയാണ്. താമസിയാതെതന്നെ വധിക്കയും ചെയ്യും. നീ ഇതൊന്നും പറയരുതു്.

കുമാര — സംഗതികൾ ഒട്ടുക്ക ഞാൻ അറിഞ്ഞിട്ടുണ്ടെങ്കിലും അറിയിക്കാതിരിക്കുന്നതു് അവിടത്തെ ഗുണത്തെ ഉദ്ദേശിച്ചു മാത്രമാണ്. ആ പുരോഹിതനെ ഒന്നു കാണേണം.

സെലിം — ശിവപ്രസാദിനെ കണ്ടുപിടിച്ചാൽ മതി. അയാൾക്കു പരമാർത്ഥമറിയാം.

കുമാര — ചക്രവർത്തി അദ്ദേഹത്തെ ബന്ധിച്ചു തിരുമുമ്പിൽ ഹാജരാക്കണമെന്നു പറഞ്ഞിട്ടുണ്ട്. അന്വേഷിച്ചിട്ടു യാതൊന്നും അറിയുന്നില്ല. അദ്ദേഹം കുറ്റക്കാരനല്ലെന്ന് എനിക്കറിയാം. എനിക്കു വേറെയും ചില സംശയങ്ങളുണ്ട്. അതെല്ലാം വളരെ രഹസ്യങ്ങളാണ്. ഒരിക്കൽ പറഞ്ഞുകൊള്ളാം. എന്നെപ്പറ്റിയും ചില രഹസ്യങ്ങൾ കേൾക്കുന്നുണ്ട്. എന്നു മാത്രമല്ല, അയേഷയാണ് കുറ്റക്കാരിയെന്ന് ഒരിക്കൽ അദ്ദേഹം എന്നോടു പറഞ്ഞിട്ടുമുണ്ട്. അതു പരമാർത്ഥമാണെന്താനും. ഞാൻ ഒരു കാലത്തും അദ്ദേഹത്തെ കുറ്റക്കാരനായി ബന്ധനത്തിൽ വയ്ക്കയില്ല. അതിനു കാരണങ്ങൾ പലതുമുണ്ട്.

സെലിം — ഇതെല്ലാം യാചകനറിയാമോ? എന്താണ് അയാളുടെ പേര്?

കുമാര — പേർ എന്താണെന്ന് എനിക്കു നല്ല നിശ്ചയമില്ല. പക്ഷേ അയാൾക്കു മറ്റു സംഗതികളെല്ലാംതന്നെ അറിഞ്ഞുകൂട.

സെലിം — നീ അയേഷയെ കുറ്റക്കാരിയാണെന്നു തെളിയിച്ചു ഹാജരാക്കാതെ നമുക്കു രക്ഷയില്ല. നൂർമഹാളെപ്പറ്റി വല്ലതും ചോദിച്ചോ?

കുമാര — ഉണ്ട്. അവൾ എവിടെ ജീവിച്ചിരിക്കുന്നു എന്നു അന്വേഷിക്കാൻ പറഞ്ഞിട്ടുണ്ട്.

സെലിം — അയേഷ മരിച്ചുപോയി എന്നു പറയുന്നുവല്ലോ!

കുമാര — എന്നും അറിയുന്നുണ്ട്. ഞാൻ പെഷ്വാറിലും മറ്റും അന്വേഷിച്ചു. പക്ഷേ യാതൊരു ഫലവും ഉണ്ടായില്ല. ഒരു പക്ഷേ മരിച്ചുപോയിരിക്കാം. യോഗീശ്വരന്റെ കയ്യിൽ ഒരു കത്തിരിപ്പുണ്ട്. ആ കത്തിൽ പല രഹസ്യങ്ങളും പറഞ്ഞിട്ടുണ്ട്. അതു അയേഷ സ്വയമെഴുതിയിട്ടുള്ളതാണ്. ആ കത്ത് അദ്ദേഹത്തിന്റെ കൈവശമുണ്ടെന്നു എനിക്കു മനസ്സിലായി. എന്നു മാത്രമല്ല ചക്രവർത്തിയുടെ സ്വർണ്ണപ്പെട്ടി അയേഷയുടെ പക്കൽതന്നെ ഉണ്ടെന്നാണല്ലോ അവിടുന്നു തെളിഞ്ഞിട്ടുള്ളതു. അതും തിരുമുമ്പിൽ ഹാജരാക്കാതെ നിവൃത്തിയില്ല. അവൾ മരിച്ചുപോയിട്ടില്ലെന്നാണു യോഗീശ്വരന്റെ അഭിപ്രായം.

സെലിം — നീ യോഗീശ്വരനെ കാണാറുണ്ടോ?

കുമാര — ഒന്നുരണ്ടു പ്രാവശ്യം അദ്ദേഹം ഗൂഢമായി ആഗ്രായിൽ വന്നിട്ടുണ്ട്. ഞാൻ ആ വിവരം ചക്രവർത്തിയെ ധരിപ്പിച്ചിട്ടില്ല. അദ്ദേഹം എന്റെ ഉദ്യമത്തെ സഫലമാക്കി തരാമെന്നു വാഗ്ദത്തം ചെയ്തിട്ടുണ്ട്. അദ്ദേഹം പല സംഗതികളും എന്നോടു പറയുവാൻ ആഗ്രഹിച്ചു. പിന്നീടായിക്കൊള്ളാമെന്നു കരുതി യാതൊന്നും പറഞ്ഞില്ല.

സെലിം — അയാൾ പറഞ്ഞതെല്ലാം വിശ്വസിക്കുന്നതെന്തിനായാണ്? ഒരുപക്ഷെ അയാൾതന്നെ വിദ്യാപതിയെ ഹനിച്ചിരിക്കയില്ലേ? ഷെയിക്ക് അയാളെ കണ്ടാൽ കൊള്ളാമെന്നു മോഹമുണ്ട്.

കുമാര — അതിന്നു ന്യായമുണ്ട്. ഞാൻ അദ്ദേഹത്തിന്റെ പരമാർത്ഥസ്ഥിതി അറിയുവാനായി ചില ചാരന്മാരെ നിയോഗിച്ചിട്ടുണ്ട്.

സെലിം — എന്നാൽ ശരി. അല്ലാതെ നീയൊന്നും വിശ്വസിക്കരുത്. പക്ഷെ നൂറിന്റെ പുത്രികളുമായി രണ്ടു പേരുണ്ടെന്നു നീ അറിയുന്നില്ലേ?

കുമാര — ഉവ്വ്. ഞാൻ അതിനെപ്പറ്റിയും അന്വേഷിച്ചു. അതിൽ ഒരുവൾ എവിടെയോ ഉണ്ടെന്നു ഊഹമുണ്ട്. അതു സാദ്ധ്യമല്ല.

സെലിം — ശരി. നീ അതിനെപ്പറ്റിയും പ്രത്യേകം അന്വേഷിക്കണം.

കുമാര — അന്വേഷണങ്ങൾ വളരെ ഗൂഢമായിതന്നെ നടക്കുന്നുണ്ട്.

സെലിം — നീ മറ്റു സംഗതികൾ ഒരിക്കലും പുറത്തു പറയരുത്. എന്നാൽ പിന്നെ ഉണ്ടാകുവാൻ പോകുന്ന അനർത്ഥങ്ങൾ പറഞ്ഞറിയിക്കത്തക്കതല്ല. നിന്നെ വിളിച്ചു ചോദിച്ചാലും നീ ഇതൊന്നും തന്നെ പറയരുത്. നമുക്കു സകല സംഗതികളും ഒരുപോലെ അന്വേഷിച്ചറിയാൻ കഴിയും. അദ്ദേഹം തെളിവുകൾ ശേഖരിച്ചുകഴിഞ്ഞാൽ മാത്രമേ നാം പറഞ്ഞതിനെ വകവെയ്ക്കുകയുള്ളു. അല്ലാത്തപക്ഷം നിരപരാധികളെല്ലാം നിഗ്രഹിക്കപ്പെടും.

കുമാര — അതെനിക്കു നല്ലതുപോലെ അറിയാം. ഞാൻ ഇതുകൊണ്ടു തന്നെയാണ് എനിക്കു അറിയാവുന്ന രഹസ്യങ്ങൾകൂടിയും തിരുമുമ്പിൽ ഉണർത്തിക്കാതിരുന്നിട്ടുള്ളത്.

സെലിം — എന്നാൽ സകലവും ഗൂഢമായിരിക്കട്ടെ. [illegible] വൈകി. നമുക്കു പോകാം.

കുമാര — കല്പനപോലെ. അവിടുന്നും സകലതും ഗൂഢമായിതന്നെ പ്രവർത്തിച്ചുകൊള്ളണം.

രാജകുമാരനും കുമാരസേനനും ഇപ്രകാരം വൎത്തമാനം പറഞ്ഞുകൊണ്ടു് അല്പനേരംകൂടി അവിടെതന്നെ ഇരുന്നു. അവർ രണ്ടു പേരും തമ്മിൽ പറഞ്ഞിട്ടുള്ളതെല്ലാം ഏതോ ഗൌരവമേറിയ ചില സംഗതികളെപ്പററിയാണെന്നല്ലാതെ മറെറാന്നും തന്നെ ഗ്രഹിക്കുവാൻ സാധ്യമല്ല. ചക്രവൎത്തി കുമാരസേനനോടു് ഏതോ ചില സംഗതികൾ ആജ്ഞാപിച്ചിട്ടുണ്ടെന്നും, അയാൾ അവയുടെ അന്വേഷണാൎത്ഥം പരിശ്രമിക്കുന്നുണ്ടെന്നും സെലിം രാജകുമാരനും അവയെപ്പററി ചിലതെല്ലാം അറിയാമെന്നും മാത്രം ഗ്രഹിക്കുവാനേ ഇപ്പോൾ നിവൃത്തിയുള്ളൂ. ഇനി ഒരു അവസരത്തിൽ നമുക്കു് അവയെപ്പററി ശരിയായി അറിവാൻ കഴിയുന്നതാണു്.


കേരള സാഹിത്യ അക്കാദമി

എട്ടാം അദ്ധ്യായം.

മനുഷ്യസമുദായത്തിന്റെ ശരിയായ ഉൽകൎഷത്തിന്നു പ്രതിബന്ധമായി സ്ഥിതിചെയ്യുന്ന അനേക ദുൎഗ്ഗുണങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു് അസൂയയാകുന്നുവെന്നു പറയാവുന്നതാണു്. പൌരാണിക കാലങ്ങളിൽകൂടി അസൂയക്കു് ഒരു പ്രധാന സ്ഥാനമാണു നല്കപ്പെട്ടിരുന്നതെന്നു നമ്മുടെ സാൎവ്വത്രികമായ വിളയാട്ടം പ്രസ്പഷ്ടമാക്കുന്നു. ഇന്നും ഈ ദോഷം—അഥവാ ദുൎഗ്ഗുണം—അന്നത്തെപ്പോലെതന്നെ സ്ഥിതിചെയ്യുന്നു. ഗുണദോഷങ്ങളെല്ലാംതന്നെ സ്ത്രീപുരുഷന്മാരുടെ ഒരുപോലെയുള്ള സ്ഥിതിഗതികളെ അനുസരിച്ചിരിക്കുന്നതിനാൽ ഇരുകൂട്ടരും ഒരുപോലെ അവയ്ക്കു് സമാവകാശികളും ഭാഗഭാക്കുകളുമാകുന്നു. പക്ഷെ ചില ദോഷങ്ങൾ സ്ത്രീകളിൽ വന്നുചേൎന്നാൽ അവ മനുഷ്യവൎഗ്ഗത്തിന്റെ അധഃപതനത്തിനുകൂടി കാരണമാകുന്നതായിട്ടാണറിയുന്നതു്. ഇതിന്നൊരുദാഹരണമായി ചാരിത്രശുദ്ധിയെ പററി തന്നെ ആലോചിക്കാം. ചാരിത്രം സ്ത്രീയിലെന്നതുപോലെതന്നെ പുരുഷനിലും അനുപേക്ഷണീയവും, അപ്രമേയവും ആയ ഒരു ഗുണമാണു്. സ്ത്രീയിൽ മാത്രം ചാരിത്രം ഇല്ലാതിരുന്നാൽ ദോഷവും, പുരുഷനിൽ അതില്ലാതിരുന്നാൽ ഗുണവുമാണെന്നു കരുതുന്നവർ ഈ കാലത്തു ധാരാളം ഉണ്ടായിരിക്കാമെങ്കിലും ആ ഗുണം സ്ത്രീക്കും പുരുഷനും ഒരുപോലെ ആവശ്യമാകുന്നു. എന്നാൽ ഇതിൽ നാം ഒരു വ്യത്യാസം കാണുന്നുണ്ടു്. ഒരു സ്ത്രീയുടെ ചാരിത്രം ദുഷിച്ചാൽ അതിനെ ലോകത്തിൽ ഭയങ്കരമായ പല അപവാദങ്ങൾക്കും ആക്ഷേപത്തിന്നും കാരണമായി കരുതുന്നു. പുരുഷൻ ആകട്ടെ ഒരു വീഥിതോറും നടന്നു തന്റെ ദുൎന്നടത്ത ലോകമൊട്ടുക്കു് പരത്തിയാലും അയാളെ ക്രൂരമായ രീതിയിൽ ആരും ആധിക്ഷേപിക്കുന്നില്ല. ഇതുപോലെ മററനേകമുദാഹരണങ്ങളുമുണ്ടു്. അസൂയക്കും ഇതുപോലെതന്നെ ഒരു സ്ഥാനമുണ്ടെന്നതിൽ തൎക്കമില്ല. സ്ത്രീകളിൽ കാണാവുന്ന അസൂയ അവരുടെ അന്തഃസാരവിഹീനതയിൽനിന്നും ഉണ്ടാകുന്നതാണെന്നു പറഞ്ഞാൽ പുരുഷനിലങ്ങിനെയല്ലെന്നൎത്ഥമില്ല. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരും മനഃപരിഷ്കാരമുണ്ടെന്നു ഭാവിക്കുന്നവരുമായ പല മാന്യസ്ത്രീകളും അസൂയകൊണ്ടു് മനശ്ശല്യം ഉള്ളവരായും സമാധാനരഹിതകളായും ഭവിച്ചിട്ടുണ്ടു്. സ്ത്രീകളുടെ അസൂയക്കു് പാത്രമായിത്തീരുന്നതു സ്ത്രീകൾതന്നെയാണെന്നുള്ളതാണു് മറെറാരു

രസികത്വം. അന്യസ്ത്രീകളുടെ ജീവിതരീതിയെപ്പററിയും സ്വഭാവത്തെപ്പററിയും മററും ചർച്ചചെയ്യുന്നതിനും വിമർശിക്കുന്നതിനും സ്ത്രീസമുദായത്തിലുൾപ്പെട്ട ചില അംഗങ്ങളും ജന്മനാതന്നെ വിദഗ്ദ്ധകളും ഉത്സുകരുമായിട്ടാണ് പ്രത്യക്ഷപ്പെടുന്നതെന്നു പറഞ്ഞാൽ മഹാത്മാക്കളായിട്ടുള്ളവർ സ്ത്രീസമുദായത്തിൽ ഇല്ലെന്നും വിവക്ഷയില്ല. അപ്രകാരം വിദഗ്ദ്ധകളായ സ്ത്രീകളിൽ ശ്രേഷ്ഠകളായിരുന്ന സ്ഥാനം പ്രഥമം തന്നെയായിരുന്നു എന്നു വെളിപ്പെടുത്തിയാൽ ഗ്രന്ഥകാരൻ ഒരു ഉപനായികയെ അപമാനിച്ചു എന്ന കുററത്തിനു ഉത്തരവാദിയാകേണ്ടിവരികയില്ലതന്നെ. അവളിൽ ഉണ്ടായിരുന്ന മററനേകഗുണങ്ങളുടെ ഇടയിൽ മങ്ങിപ്പോകാതെയിരിക്കത്തക്കവണ്ണം പ്രത്യുത സ്പഷ്ടമാകത്തക്കവണ്ണം അസൂയയും പ്രധാന സ്ഥാനത്തിന് അവകാശിയായി ഭവിച്ചു. തന്റെ മോടിക്കോ പകിട്ടിനോ ഉടവുവരത്തക്ക രീതിയിൽ മററാരും ഒന്നും പ്രവർത്തിച്ചില്ലെങ്കിലും അന്യന്മാരുടെ മോടിയും പകിട്ടും അവൾക്ക് ഒരിക്കലും രസകരമായി തോന്നിയിരുന്നില്ല. അന്തഃപുരത്തിൽ ജീവിച്ചിരുന്ന രാജപത്നിമാർ തന്നെയും അവളുടെ അസൂയക്ക് ആഹാരമായിത്തീർന്നിട്ടില്ലെങ്കിൽ അത് അവളുടെ പരിചാരികാത്വത്തെപ്പററി വല്ലപ്പോഴെങ്കിലുംഅവൾക്ക് ഓർമ്മയുണ്ടായിരുന്നതുകൊണ്ടായിരിക്കണം. ആ സ്ഥിതിക്ക് അവളുടെ സഖികളായിട്ടുണ്ടായിരുന്ന മററു പരിചാരികമാരുടെ അഭ്യുദയത്തിൽ അവൾക്ക് എത്രമാത്രം "ബോധക്ഷയം" ഉണ്ടായിരുന്നുവെന്ന് ഊഹിക്കയാണുത്തമം. രൂപലാവണ്യത്തിൽ ഇപ്പോൾ അവൾ അദ്വിതീയയല്ലാതിരുന്നെങ്കിലും അവൾ ആ കാര്യത്തിൽ മററുള്ളവരെക്കാൾ അനുഗൃഹീതയായിരുന്നു എന്നതിൽ തർക്കമില്ല. സാധാരണയായി ഒരു പരിചാരികയ്ക്കുള്ളതിൽ എത്രയോ വർദ്ധിച്ച സൗകുമാര്യം അവളിൽ കളിയാടിക്കൊണ്ടിരുന്നുവെന്ന് അവൾ തന്നെയും അതിശയിച്ചിട്ടുണ്ട്. തന്മൂലം അവളുടെ സൌന്ദര്യം മാനവന്മാരേയും ദാനവന്മാരേയും ഒരുപോലെ മയക്കത്തക്കതായിരുന്നുവെന്ന് അവൾ വിചാരിച്ചു. വിശേഷിച്ചും ബാലരാജകുമാരന്റെ പ്രീതി അവളുടെ അഹങ്കാരത്തിന്റെ പരമകാഷ്ഠയെ പ്രാപിപ്പിച്ചു. വേഷത്തിലും ഭാഷയിലും ഭൂഷണങ്ങളിലും അവൾ ഒരിക്കലും കുറച്ചിട്ടില്ല. കൊട്ടാരത്തിൽ ആഗതയാകുമ്പോഴെല്ലാം അവളുടെ മുഖഭാവം ഒരു റാണിയുടെ മുഖഭാവത്തെക്കാൾ ഏററവും ഉദ്ധതമായിരുന്നു. അതിലും വിശേഷിച്ചു അന്തഃപുരത്തിലെ സ്ത്രീകളോടും പരിചാരികമാരോടും അവൾ പെരുമാറിവന്ന രീതി ഏററവും നിന്ദാസ്പദമായിരുന്നു. ഈ

വാസ്തവം അവിടെത്തന്നെ പലക്കും അറിയാമായിരുന്നെങ്കിലും സെ ലിമിനോട്ട് അവൎക്കുണ്ടായിരുന്ന അത്യന്തബഹുമാനം അവരുടെ ഇച്ഛ കളെ ബന്ധനം ചെയ്തിരുന്നതിനാൽ സ്വതം തന്നെ അവളെപ്പററി യാതൊന്നും പറഞ്ഞില്ല. ആ രീതിയിലും സോഫിയുടെ സൌഖ്യ ത്തിനു ഭംഗം ഉണ്ടായിരുന്നതുമില്ല. എങ്കിലും കുറച്ചു ദിവസങ്ങളായി അവൾക്ക് എന്തോ ഒരു വലിയ മനഃക്ലേശം ഉണ്ടായിട്ടുണ്ട്. അസൂ യകൊണ്ടു കുടിലമായ മനസ്സ് അപരന്മാരുടെ സൌഖ്യവും ഐശ്വൎയ വും സൎവ്വദാ ക്ലേശകാരണങ്ങളായിത്തന്നെ കരുതുന്നു. ആ സ്ഥിതി ക്കു സോഫിയെ ബാധിച്ചിരുന്ന മനഃക്ലേശം നസീറയ്ക്കുണ്ടായിട്ടുള്ള ഉൽ കൎഷത്തിൽനിന്നും ഉദിച്ചുയൎന്നിട്ടുള്ളതായിരിക്കണം. അതിന്റെ പ രമാൎത്ഥം അറിവാൻ അല്പം കൂടി താമസിച്ചാൽ മതി. ഇനി മുതൽ അവളുടെ പെരുമാററത്തെപ്പററി സൂക്ഷിച്ചാൽ അവളുടെ മനഃക്ലേശ ങ്ങളെപ്പററി പൂൎണ്ണമായി ഗ്രഹിക്കാൻ കഴിയുന്നതാണ്.

ചക്രവൎത്തി തിരുമനസ്സിൽനിന്നും നസീറയ്ക്കു കല്പിച്ചുകൊടുത്ത ബഹുമതിയും സമ്മാനങ്ങളുമെല്ലാം ഒരു ദൃക്‌സാക്ഷിയെപ്പോലെ സോഫി കണ്ടറിയുകയാണു ചെയ്തിട്ടുള്ളതു്. ആ ദിവസം വൈകു ന്നേരംതന്നെ നസീറ തന്റെ യജമാനനായ കാസിമിന്റെ ഗൃഹ ത്തിൽ ചെന്നു. തത്സമയം സോഫി അവിടെ ഉണ്ടായിരുന്നില്ല. കാസിമിനെ കണ്ട ഉടൻ തന്നെ നസീറ അന്നു കൊട്ടാരത്തിൽ നടന്ന സകല സംഗതികളും വിശദമായി പറഞ്ഞു കേൾപ്പിച്ചു. അയാൾക്ക് അവളുടെ പേരിൽ ഉണ്ടായിരുന്ന തൃപ്തിയും പ്രീതിയും പതിന്മടങ്ങ് വൎദ്ധിച്ചു. അയാൾ പറഞ്ഞു:—

“പൈതലേ! നീ ഇതുവരെ എന്റെ പുത്രിയാണെന്നായിട്ടല്ലാ തെ ഞാൻ ഒരിക്കലും വിചാരിച്ചിട്ടില്ല. ഇന്നിതാ ഭാഗ്യാതിരേകം കൊണ്ട് നീ അക്ബർ ചക്രവൎത്തിയുടെ വാത്സല്യഭാജനമായിക്കഴി ഞ്ഞു. ഇതെല്ലാം തലയിലെഴുത്തുപോലെയാണ്. ഇതിൽ കൂടുതൽ ഒരു സൌഭാഗ്യം ലോകത്തിൽ ആൎക്കും തന്നെ ഉണ്ടാകുമെന്നു നീ കരു തേണ്ട. നീ തന്നെയാണു വാസ്തവത്തിൽ ഭാഗ്യവതി. നിന്റെ ഭാ ഗ്യം എന്റെ ഭാഗ്യമെന്നുമാത്രമാണു ഞാൻ കരുതുന്നതു്. നിന്നെ ഇവിടെ ഏല്പിച്ച ആ ദിവ്യനും ഇന്നത്തെ വൎത്തമാനം എത്രയോ ആ ഹ്ലാദപ്രദമാണ്. അതിലും എനിക്ക് അത്യധികമായ ചാരിതാ ൎത്ഥ്യമാണുള്ളതു്.

നസീറ:—അവിടുന്നു എന്റെ സകല സൌഭാഗ്യങ്ങൾക്കും ഹേതുഭൂത നാണെന്നു എനിക്ക് എപ്പോഴും ഓൎമ്മയുണ്ട്. അവിടത്തെ അനു

ഗ്രഹംകൊണ്ടു തന്നെയാണു് എനിക്കു ഈ ഭാഗ്യമുണ്ടായിട്ടുള്ളതു്. വിശേഷിച്ചും ഞാൻ കൊച്ചമ്മയോടു എത്രയോ കടപ്പെട്ടിരിക്കുന്നു വെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണു്. ആ ഭാഗ്യവതിയെ പ്പററി ഞാൻ എപ്പോഴും അനുസ്മരിക്കണമെന്നായിട്ടാണിരിക്കുന്നതു്. ഞാൻ വല്ല തെററുകളും അറിഞ്ഞോ അറിയാതെയോ പ്രവൎത്തി ച്ചിട്ടുണ്ടെങ്കിൽ അവിടുന്നു എനിക്കു മാപ്പുതരണം. അവിടുന്നല്ലാ തെ എനിക്കു മററാരും സഹായമില്ല.

കാസിം:— ഹാ! ഭാഗ്യവതി. നിന്റെ വിനീതഭാവം വിസ്മയാവഹം തന്നെ. നിന്റെ ഇപ്പോഴത്തെ നില എത്രയോ ഉൽകൃഷ്ടമാ ണെന്നു നീ അറിയുന്നില്ലല്ലോ. നീ എന്റെ മാപ്പു ചോദിക്കുന്ന തെന്തിനാണു്. നീ ഒരപരാധവും ചെയ്തിട്ടില്ലെന്നു എനിക്കു നിശ്ചയമുണ്ടു്. ഇതെല്ലാം വിധിയാണു്. നിനക്കു സൎവ്വശ്രേ യസ്സും ഉണ്ടാകട്ടെ എന്നു ഞാൻ പ്രാൎത്ഥിക്കുന്നു.

നഷീറാ:— എനിക്കു ഇപ്പോൾ ലഭ്യമായിട്ടുള്ള ഈ സ്ഥാനം യഥാ ൎത്ഥസൌഭാഗ്യത്തിന്നു കാരണമാണെന്നു ഞാൻ ലേശവും ഉദ്ദേശിക്കു ന്നില്ല. എനിക്കു എന്റെ താഴ്ന്ന നിലയിൽതന്നെ ഈ ജീവി തം തുടരണമെന്നാണാഗ്രഹം. എന്നാൽ തിരുമനസ്സിലെ ആജ്ഞ നിരസിക്കുന്നതല്ലല്ലോ. അതുകൊണ്ടുമാത്രം ഞാൻ കൊട്ടാര ത്തിലേക്കു പോകുന്നതാണു്. അല്ലാതെ എനിക്കു ഇതിൽ കൂടുതൽ സ്ഥാനം അവിടെ കിട്ടുമെന്നായിട്ടു ലേശവും ആശയില്ല. അതി ലൊന്നും വലിയ കാൎയ്യങ്ങളില്ലെന്നും എനിക്കറിയാം. അതുകൊ ണ്ടു് അവിടേക്കു ബന്ധം തീൎന്നുപോയതായി വിചാരിക്കരുതേ"

നഷീറയുടെ ഏററവും നിൎമ്മലമായ ഈ മധുരവാക്കുകൾ കേട്ടു വലി യ സന്തുഷ്ടചിത്തനായ കാസിം അവളെ വളരെ സമാശ്വസിപ്പി ച്ചു. അവർ അപ്രകാരം ഓരോ വൎത്തമാനം പറഞ്ഞുകൊണ്ടിരു ന്നപ്പോൾ സെയ്ഫി അവിടെ ആഗതയായി. അവളുടെ മുഖഭാ വം ആകപ്പാടെ മാറിയിരുന്നു. എങ്കിലും മനോഭാവത്തെ മറ പ്പെടുത്തി മുഖപ്രസന്നത പ്രദൎശിപ്പിക്കുവാൻ വൈദഗ്ദ്ധ്യമുണ്ടായി രുന്ന ആ സ്ത്രീ ഒരു പുഞ്ചിരിയോടുകൂടി ഇപ്രകാരം ചോദിച്ചു.

"എന്തെല്ലാമാണു കൊച്ചമ്മേ! കൊട്ടാരത്തിൽ പട്ടമഹിഷിസ്ഥാ നം കിട്ടിയല്ലോ. ഇനി എന്തു വേണം. ഇതൊക്കെയെല്ലാം എ ന്തിനാണു പോന്നതു്. ഇപ്പോൾക്കു കുട്ടിക്കാനിനി ഒക്കുകയി ല്ല." ഇതു കേട്ടു നഷീറ ഏററവും ആശ്ചൎയ്യത്തോടും സന്താപ ത്തോടും കൂടി ഇപ്രകാരം ചോദിച്ചു.

"അവിടുന്നു ഈ അഗതിയെ ഇപ്രകാരം അധിക്ഷേപിക്കരുതേ! ഞാൻ യാതൊരപരാധവും പ്രവൎത്തിച്ചിട്ടില്ലല്ലൊ. എനിക്ക യാതൊരു കൊച്ചമ്മസ്ഥാനവും ലഭിച്ചിട്ടില്ലെന്നു അവിടുന്നു അറിഞ്ഞിട്ടുണ്ടല്ലൊ!"

സോഫി — നീ കൂടുതൽ വൎത്തമാനം പറഞ്ഞാൽ നാക്കിനെ ഞാൻ പിഴുതുകളയും. കൊട്ടാരത്തിൽ ചക്രവൎത്തിയുടെ അട്ടിപ്പേറാണെന്നും മറ്റും ഞാൻ കരുതുകയില്ല. സോഫിയുടെ സ്വഭാവം നീ അറിയുന്നില്ല.

സോഫി ഇത്രയും പറഞ്ഞതു കേട്ടു ഉടൻതന്നെ നദീറ പൊട്ടിക്കരഞ്ഞു. ഇതുകണ്ടു മനസ്സലിഞ്ഞ കപ്പവടക്കാരൻ നദീറയെ സമാധാനപ്പെടുത്തുവാൻ ഒരുങ്ങവെ, കോപിഷ്ഠയായിട്ട് സോഫി ഇപ്രകാരം പറഞ്ഞുതുടങ്ങി:—

"തന്റെ കൊഞ്ചലും കൊഴച്ചിലുമാണ് ഈ അനൎത്ഥങ്ങളെ ഒക്കെ വലിച്ചുവെച്ചത്. തന്നെക്കൊണ്ടു ഞാൻ വിഷമിച്ചു. കണ്ടില്ലേ എന്നെ—"

കാസിം — നീ എന്തിനാണു വെറുതെ കോപിക്കുന്നതു? അവളെ നീ ഇന്നലെവരെ കൊച്ചമ്മയെപ്പോലെ കരുതിയിട്ട് ഇന്നു ശത്രുവാണെന്നു വിചാരിക്കുന്നതത്ഭുതം! ഇതെല്ലാം വിധിയാണ്. അല്ലാതെ എന്തു പറയാൻ കഴിയും.

സോഫി — തന്റെ പുന്നാരമൊന്നും വേണ്ട. അധികം പറഞ്ഞാൽ ഇതൊന്നുമല്ലാത്ത അനുഭവം അറിയാമോ? എന്തൊക്കെയാണു ഒന്നും പ്രവൎത്തിപ്പിക്കണ്ട. എനിക്ക നാണമില്ലാതെയായല്ലൊ. അല്ലെങ്കിൽ ഇങ്ങനെ പെണ്ണുങ്ങളെക്കൂട്ടുവാൻ നാണമുണ്ടാകുന്നതെങ്ങിനെ?

കാസിം — നിന്നോടു പറഞ്ഞതെല്ലാം ക്ഷമിക്കണം. ഞാൻ ഒന്നും പറയുന്നില്ല.

സോഫി — പിന്നെ, തന്നെ ഞാൻ ക്ഷമിക്കേണമോ? ഇതെന്തൊരു നാശം! എടി പെണ്ണേ! നീ നിന്റെ പാട്ടിനു പൊയ്ക്കൊള്ളണം. വേഗം പോ! അവിടെ ചക്രവൎത്തി ഘോഷം വെച്ചിരിക്കുന്നു. തരക്കേടില്ല പൊയ്ക്കോടീ! പോടീ!!!

നദീറ — അമ്മേ! എന്നോടു അവിടുന്നു അനുഗ്രഹിക്കണേ! ഞാൻ അവിടേക്കു അപ്രീതി വരത്തക്കവിധത്തിൽ യാതൊന്നും പ്രവൎത്തിച്ചിട്ടില്ലല്ലൊ. അവിടുന്നു എനിക്ക മാപ്പു തരണേ."

സാധുവായ ബാലികയുടെ ആൎത്തനാദത്തോടുകൂടിയ അപേക്ഷ കേട്ടിട്ടും ആ വജ്രഹൃദയത്തിൽ യാതൊരു കുലുക്കവും ഉണ്ടായില്ല. ഏ

ട്ടതൽ കേൾക്കാൻ കഴിയാഞ്ഞിട്ടോ, പറയാൻ പ്രയാസമായിട്ടോ, വിചാരിക്കാൻ വിഷമമായിട്ടോ, ആ സ്ത്രീ കോപിഷ്ഠയായി ഭൂമി ഇടിച്ചു പിളൎക്കമാറുള്ള കോലാഹലത്തോടുകൂടി അവിടെനിന്നും എഴുന്നേററു അന്തൎദ്ധാനം ചെയ്തു. അല്പനേരം കഴിഞ്ഞതിനുശേഷം തെല്ലൊരാശ്വാസത്തോടുകൂടി നദീറ കാസിമിനെ നമസ്കരിച്ചു അനുഗ്രഹം വാങ്ങിക്കൊണ്ടു അന്തഃപുരത്തിലേക്കു യാത്രയായി. യാത്രാസമയത്തിൽ കാസിം ഇപ്രകാരം ഓൎമ്മപ്പെടുത്തി.

“മകളെ! നിന്നോടു എനിക്കുള്ള വാത്സല്യത്തെപ്പററി പറഞ്ഞറിയിക്കുവാൻ പ്രയാസമാണു. കൊട്ടാരത്തിൽ നീ വളരെ സൂക്ഷിച്ചു താമസിക്കണം. അവിടെ നിനക്കു വളരെ ശത്രുക്കൾ ഉണ്ടായേക്കും. അവിടെ അസുഖമാണെന്നു തോന്നിയാൽ ഉടൻതന്നെ ഇങ്ങോട്ടു പോരുവാൻ മടിക്കേണ്ട. ഞാൻ നിന്നെ എന്നും ഒരു പുത്രിയെപ്പോലെതന്നെ കരുതുമെന്നതിൽ തൎക്കമില്ല.” കാസിമിന്റെ ഹൃദയംഗമമായ അനുഗ്രഹത്തെ സ്വീകരിച്ചുകൊണ്ട് ആ ബാലിക മന്ദംമന്ദം കൊട്ടാരത്തിലേക്കു കണ്വാശ്രമത്തിൽനിന്നും ശകുന്തള എന്നപോലെ “മനസ്സില്ലാമനസ്സോടെ” യാത്രയായി. തത്സമയം “ശോകമീവിധമരണ്യവാസിമുനിയാമെനിക്കുമിന്നോളം —” എന്ന നിലയിൽ കാസിം ഏററവും ഔത്സുക്യഭാവത്തോടുകൂടി മൌനിയായിരുന്നു. നദീറ കൊട്ടാരത്തിലേക്കു യാത്രയായതിന്റെ ശേഷം കാസിമിനു ഉണ്ടായിട്ടുള്ള ദുഃഖം എത്ര രീതിയിലായിരുന്നുവെന്നു അയാൾക്കുതന്നെയും നിശ്ചയമുണ്ടായിരുന്നില്ല. അല്പനേരം കഴിഞ്ഞപ്പോൾ സോഫി വീണ്ടും അവിടെ വന്നുചേൎന്നു. അവളുടെ മുഖത്ത് അത്യധികമായ ക്ഷോഭവും ദ്യോതിച്ചിരുന്നു. അസൂയാഗ്നിയുടെ കൊടുമ്പുക അവളുടെ മുഖത്തിനെ ആസകലം കറുപ്പിച്ചു. അവളെ കണ്ട ഉടൻതന്നെ തന്റെ അപരാധങ്ങൾ സകലവും ക്ഷമിക്കണമെന്നു വിനീതസ്വരത്തിൽ അപേക്ഷിച്ചുകൊണ്ടു കാസിം അവളുടെ അടുക്കലെത്തി. പ്രൌഢയായ ആ സ്ത്രീ അയാളെ ചവുട്ടിത്തുക്കുന്നതിനുള്ള അവസരം ഇതുതന്നെയാണെന്നു തീൎച്ചപ്പെടുത്തി പറഞ്ഞുതുടങ്ങി. “കൊഞ്ചിച്ചു കൊഞ്ചിച്ചു സിംഹാസനത്തിൽ കയററിവെച്ചില്ലേ? ഇനി അധികം പറഞ്ഞതുകൊണ്ടു എന്തുഫലം. വന്നതെല്ലാം വന്നില്ലേ? അന്നുതന്നെ ആ താടിക്കാരൻ ഇവിടെ വന്നപ്പോൾ ആ ദ്രോഹിയെ എവിടെയെങ്കിലും പറഞ്ഞയക്കേണ്ടതിനു പകരം വിളിച്ചു തലയിൽ കയററിയതു എത്ര നാശകരമായി!

കാസിം — ആകട്ടെ. നീ ബുദ്ധിയുള്ളവളാണല്ലോ. പിന്നെ എന്തിനാണ് ഇങ്ങിനെ ശോചിക്കുന്നതു്? എല്ലാം വിധിപോലെ അല്ലാതെ വരുമൊ?

സോഫി — എൻെറ ബുദ്ധിയില്ലായ്മകൊണ്ടല്ല ഇങ്ങിനെയൊക്കെ സംഭവിച്ചതു്. എല്ലാം വിധിയാണെന്നും പറഞ്ഞുകൊണ്ടു കണ്ണുമിഴിച്ചു വായും തുറന്നു് ഇരുന്നുകൊള്ളണം. അനുഭവമെല്ലാം ഇങ്ങിനെ വരും.

കാസിം — എങ്കിലും കൊട്ടാരത്തിൽ നിനക്കു പ്രാധാന്യമില്ലാതെ വരികയില്ലല്ലൊ. അവൾ ഇങ്ങിനെയൊക്കെ സമർത്ഥയായതെങ്ങിനെയാണ്?

സോഫി — എന്തിനാണ് അതെല്ലാം പറയുന്നതു്. കണ്ടില്ലേ എന്നോടുകൂടി ചക്രവർത്തി ചീത്തപറഞ്ഞതു്. ഒരു സമയത്തു്, അവളെ ഞാൻ കണ്ടിരുന്നെങ്കിൽ കാണിച്ചു കൊടുക്കുമായിരുന്നു.

കാസിം — അതെന്താണ്? കേൾക്കട്ടെ. നിന്നെപ്പററി അവൾ വല്ലതും പറഞ്ഞുവോ?

സോഫി — പിന്നെയില്ലേ. അവളല്ലേ എന്നെ ചീത്തയാക്കിയതു്? ആ ദ്രോഹിയെ കൊട്ടാരത്തിൽ കയററിയതുതന്നെ അബദ്ധമായില്ലേ? കന്നിനേകയം കാണിച്ചു കണക്കായില്ലേ കാര്യം!

കാസിം — അവൾ പാവമാണെന്നാണല്ലോ ഞാൻ വിചാരിച്ചതു്. എല്ലാം വിധിതന്നെയാണ്.

സോഫി — നല്ല ഭാവം! ഞാൻ പെണ്ണായിട്ടു ജീവിച്ചിരിക്കയാണെങ്കിൽ കാണിച്ചുകൊടുത്തുകൊള്ളാം.

കാസിം — നീ ഇങ്ങിനെ ഒന്നും പറയരുതു്. അവൾ നിന്നെ ഒരിക്കലും ദോഷിക്കയില്ല. അവൾ സാധുവാണെന്നാണ് എനിക്കു തോന്നുന്നതു്.

സോഫി — ഇതാണ് ഞാൻ ചീത്തയാകുന്നതു്. അന്നൊരു ഞാൻ പറഞ്ഞിട്ടുണ്ടു് എന്നോടു യാതൊന്നും എതിർത്തു പറയരുതെന്ന്. കൊണ്ടാലും അറിയാത്തതു വലിയ കഷ്ടംതന്നെയാണ്. മണ്ടക്കഴുതകളെയൊക്കെ വലിച്ചു കയററിയാൽ ഒരു നേരമെങ്കിലും സ്വൈരമില്ലാത്തതിൽ അതിശയിപ്പാനുണ്ടൊ? നമ്മുടെ കർമ്മവും തന്റെ വിധിയും—"

ഇത്രയും പറഞ്ഞു സോഫി അവരുടെ ഗൃഹത്തിൽനിന്നും പുറത്തിറങ്ങിപ്പോയി. കാസിം ഒരക്ഷരംപോലും ഉച്ചരിക്കാതെ അവി

ടെത്തന്നെ ഇതന്നെയുള്ളു. ഭാര്യയുടെ ശാസന എല്ലാം അശ്രുത ധാരിപ്പോലെ കാസിം സ്വീകരിച്ചു. ആ പാവത്തിന്റെ ജീവിതം എത്രയോ നികൃഷ്ടമാണെന്ന് അയാൾ കരുതുന്നില്ല. അല്ലെങ്കിൽ കരുതിയാലെന്തു്? ഇല്ലെങ്കിലെന്തു്? ഉത്തരം "പെണ്ണാക്കഴുതകൾ" — അതെ. സ്വപ്രേയസിയാൽ കാസിമിനു ലഭിച്ച ബിരുദത്തെത്തന്നെ സ്വീകരിക്കുന്നതാണല്ലോ ഉത്തമം — ലോകത്തിൽ അപൂർവ്വമല്ല. വിദ്യാഭ്യാസവും മനശ്ശക്തിയും പൌരുഷവും മറ്റും ഉണ്ടെന്ന് അഭിമാനിക്കുന്ന പലരും ദാമ്പത്യജീവിതത്തിൽ "പെണ്ണാക്കഴുതകൾ" തന്നെയായിത്തീർന്നിട്ടുണ്ട്. ഭാര്യമാരെ സ്നേഹിക്കുന്നവരും ശാസിക്കുന്നവരും വളരെ ഉണ്ടെങ്കിൽ ഭർത്താക്കന്മാരെ അതിൽകൂടുതൽ സ്നേഹിക്കുന്നവരും ശാസിക്കുന്നവരും ധാരാളമുണ്ട്. എന്നാൽ ഭാര്യമാരുടെ ശാസനയ്ക്കു — അധിക്ഷേപത്തിന് — നിന്ദയ്ക്കു് എപ്പോഴും പാത്രങ്ങളായിട്ടുള്ള ഭർത്താക്കന്മാർ കാസിമിനെപ്പോലെ അധികമുണ്ടെന്നു തോന്നുന്നില്ല. വിദ്യാഭ്യാസത്തിന്റെ കണികപോലും ഇല്ലാത്ത പല സ്ത്രീകളും ലോകത്തിൽ വളരെ നിർമ്മലകളായും ഭർത്തൃഭക്തിയുള്ളവരായും പതിവ്രതകളായും ജീവിക്കുന്നുണ്ടെന്നുള്ള പരമാർത്ഥം എല്ലാവർക്കും അറിയാവുന്നതാണ്. പലപ്പോഴും ഇന്നത്തെ പരിഷ്കാരമനുസരിച്ച് വിദ്യാവിഹീനകളായവർ വിദ്യാവിഭൂഷണത്തോടുകൂടിയവരെക്കാൾ യഥാർത്ഥസ്ത്രീത്വമുള്ളവരായി ജീവിക്കുന്നതായും അറിവുണ്ട്. സ്ത്രീസ്വാതന്ത്ര്യം നാൾക്കുനാൾ അഭിലഷണീയമായ വിധത്തിൽ വർദ്ധിച്ചുവരുന്ന ഇക്കാലത്ത് സ്ത്രീകളുടെ കുറ്റത്തെപ്പറ്റി പറയുന്നതു് ഒരുപക്ഷേ വലിയ ബഹളങ്ങൾക്കു കാരണമായിത്തീർന്നാലും സോഫിയെപ്പോലുള്ള "അധമവനിതകളെ" "നിഗ്രഹകരണം" മൂലമോ "സത്യാഗ്രഹം" മൂലമോ ലോകത്തിൽ നിന്നു അകററി നിർത്തേണ്ടതു് മനുഷ്യസമുദായത്തിന്റെ ശാന്തസുഖത്തിനും ഉൽക്കർഷത്തിനും ഉത്തമോപായമാകുന്നു. എന്നാൽ അതിലും കഷ്ടമാണ് കാസിമിനെപ്പോലുള്ള "ഇരുകാലിമൃഗങ്ങളുടെ" ജീവിതമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അവരെക്കൊണ്ടു ലോകത്തിനു വളരെ വൈഷമ്യങ്ങളുണ്ടാകുന്നുണ്ടെന്ന് അവർ അറിയുന്നില്ല. കേവലം സ്ത്രീലോലുപന്മാരായി, മിഥ്യാസുഖമായ വിഷയസുഖത്തെ മാത്രമുദ്ദേശിച്ചു പൌരുഷത്തെ പണയപ്പെടുത്തുന്ന — തീറെഴുതുന്ന — പുരുഷന്മാർ (ക്ഷമിക്കണേ! ഈ ഉൽകൃഷ്ടപദം അസ്ഥാനത്തുപയോഗിച്ചതാണ്) മനുഷ്യസമുദായത്തെ ഒരുകാലം അധഃപാതഗർത്തത്തിൽ തള്ളിക്കളയുകയാണു ചെയ്യുന്നതു. ഭാര്യാദാസ്യം മനുഷ്യ

കളെ കണ്ട് ക്ഷമിക്കുവാൻ ഒരുപക്ഷെ ദൈവനാം സാധിച്ചുവെങ്കിൽ അത് ദിവ്യമായ പ്രേമത്തിന്റെ 'ശക്തികൊണ്ടാണെന്ന്' വേണമെങ്കിൽ വിചാരിക്കാം. എന്നാൽ കേവലം അടിമത്വചങ്ങലകൊണ്ടു നികൃഷ്ടമായ രീതിയിൽ, ഭർത്തൃബന്ധത്തെ — ശാശ്വതമായബന്ധത്തെ — പുലർത്തിക്കൊണ്ടു പോകുന്നതിനു ഉത്സുകരായ സ്ത്രീകൾ എത്ര നരകത്തിലാണ് പതിക്കുന്നതെന്നു ആർക്കും നിശ്ചയമില്ല. ഭർത്താവിനെ ഈശ്വരനെപ്പോലെ സ്നേഹിക്കണമെന്നും മറ്റും "ശ്രേഷ്ഠഗീതങ്ങൾ" മുതൽ "അങ്ങാടിപ്പാട്ടു"വരെ ഉൽഘോഷിക്കുന്നുണ്ടെങ്കിലും സമത്വനിലയിലെങ്കിലും പരസ്പരം വിചാരിക്കുവാനുള്ള ബോധം സ്ത്രീകളിലും പുരുഷന്മാരിലും ഉണ്ടായിരുന്നാൽ മതി. എന്നാൽ പുരാതനന്മാരും ഈ സംഗതിയെപ്പറ്റി സഗൌരവം ആലോചിക്കേണ്ടതായിട്ടാണിരിക്കുന്നതു. ഏറെക്കാലമായി പുരുഷന്മാരുടെ അധികാരപ്രമത്തതയിൽ, നിരാലംബരായി ഏറിപ്പോയിക്കൊണ്ട് അടിമകളുടെ നികൃഷ്ടാവസ്ഥയിൽ, ജീവിച്ചിരുന്ന അബലാജനങ്ങളെ ബഹുമാനിക്കേണ്ടതും സ്നേഹിക്കേണ്ടതും പുരുഷന്റെ ഗൌരവമേറിയ ചുമതലയാകുന്നു! എന്നാൽ അനേകം വർഷങ്ങളായി സ്ത്രീ സമുദായത്തെ അപമാനിച്ചു പോന്നിട്ടുള്ള തന്റെ പ്രതികാരമെല്ലാംതന്നെ കാസിമിനോടുള്ള സോഫിയുടെ പെരുമാറ്റംകൊണ്ട് പ്രകടിപ്പിച്ചു കഴിഞ്ഞു. ഇക്കാര്യത്തിൽ സ്ത്രീകൾ സോഫിയോട് വളരെ കടപ്പെട്ടിട്ടുണ്ടെന്ന് വിചാരിക്കുന്നുണ്ടെങ്കിൽ അതു് അവളുടെ ജീവാവസാനത്തിൽ ഒരു നല്ല കീർത്തിക്കോ ദുഷ്കീർത്തിക്കോ ശാശ്വതമായ സ്ഥാനം നൽകുന്നതാണ്. ഒരു രാജാവിനോ രാജ്ഞിക്കോ ചെയ്യാവുന്ന ദ്രോഹത്തെയോ ശിക്ഷയെയോ നൽകുവാൻ സോഫിക്ക് സാധിച്ചിരുന്നു. ഈ സങ്കടങ്ങളെല്ലാം "ആരു മറ്റു കഴുത" അനുഭവിച്ചാലും "ഓരോ ചുമക്കേണ്ട ചുമതലയല്ലേ" എന്നിങ്ങളുവെന്ന് അറിയാം സമാധാനപ്പെട്ടു.

നദീറ കൊട്ടാരത്തിൽ ചെന്നു ഉടൻതന്നെ അന്തഃപുരത്തിൽ പോയി മുഖം കാണിക്കുവാനാണ് തിരിച്ചുപ്പെട്ടതിയതു്. ഈഗ്രായിൽ വന്നതിനു ശേഷം ഇന്നുമാത്രമാണ് അവളുടെ ഹൃദയത്തിൽ യഥാർത്ഥമായ ആനന്ദമുണ്ടായിരുന്നതെങ്കിലും, ഇടക്കിടക്ക അവൾ സമാധാനരഹിതയായി ഭവിച്ചു. നേരം കുറച്ചു വൈകിയിരുന്നെങ്കിലും അവൾ രാജകുമാരന്റെ പട്ടമഹിഷിയായ അംബികാകുമാരിയുടെ മണിയറയിൽ വേണ്ടതുകളെല്ലാംക്ഷണനേരംകൊണ്ട് ഭംഗിയായി നിവ്വഹിച്ചു. എന്നാൽ ദേവി അന്നേദിവസം സായാഹ്നത്തിൽ നദീസ്നാനത്തിനായി പുറത്തെഴുന്നള്ളിയിരിക്കയായിരുന്നു. ഈ വിവരം

മനസ്സിലാക്കിയ ഉടൻതന്നെ ആ ബാലിക പുഷ്പം പറിച്ചു ശേഖരിച്ചുകൊണ്ട് കോട്ടക്കു പുറത്തിറങ്ങി നദീതീരത്തിലേക്കു തിരിച്ചു. വളരെ വേഗത്തിൽ നടന്ന് അവൾ നദീതീരത്തിലെത്തി. അവിടെ രാജകുമാരിയുടെ ആവശ്യത്തിലേക്കായി നിർമ്മിക്കപ്പെട്ടിരുന്ന സ്നാനമണ്ഡപത്തിന്റെ വാതുക്കലെത്തി. അപ്പോൾ, ദേവി സ്നാനംകഴിഞ്ഞ് തലമുടി വിടുർത്തിക്കൊണ്ട് ഉലാത്തുന്നുണ്ടായിരുന്നു. മണ്ഡപത്തിന്റെ പുറത്തു രത്നഖചിതമായ സ്വർണ്ണപ്പല്ലക്കും അതിനരികിൽ അനേകം ദാസിമാരും നില്ക്കുന്നതുകണ്ട് നളിന അവിടെത്തന്നെ നിന്നതേയുള്ളു. ദേവി തിരിച്ചെഴുന്നള്ളുവാനായി പല്ലക്കിന്റെ അടുക്കൽ വന്നപ്പോൾ പൂക്കളും കൈയ്യിൽ പിടിച്ചുകൊണ്ട് വിനീതയായി നില്ക്കുന്ന ബാലികയെ കണ്ട് വളരെ സന്തോഷിച്ച് ഇപ്രകാരം ചോദിച്ചു:—

"നളിനേ! നീ എന്താണ് ഇത്ര ബദ്ധപ്പെട്ട് ഇവിടെ വന്നു നില്ക്കുന്നതു."

നളിന — തിരുമനസ്സിൽനിന്നു എഴുന്നള്ളി എന്നറിഞ്ഞ് പൂക്കളും കൊണ്ടു വരികയാണ് ചെയ്തതു്. അവിടത്തെ തേവാരം കഴിഞ്ഞാൽ ഉപയോഗിക്കാനുള്ള പുഷ്പങ്ങൾ ഏൽപിക്കേണ്ടതു് അടിയന്റെ ചുമതലയാണല്ലോ.

അംബിക — ശരി. നീ ഇത്ര പരിഭ്രമപ്പെടേണ്ടതുണ്ടോ? ഞാൻ ഇന്നു ഇങ്ങോട്ടു സ്നാനത്തിനായി പോന്നതേയുള്ളൂ. നിന്നെ ഞാൻ അന്വേഷിച്ചില്ല.

നളിന — ദേവി! അവിടുന്നു ക്ഷമിക്കണം. ഇതു അടിയന്റെ ചുമതലയാണല്ലോ.

അംബിക — ആകട്ടെ വളരെ സന്തോഷം! നീ നടന്നു വിഷമിച്ചതല്ലേ? ഈ പല്ലക്കിൽ താനും കയറിക്കൊള്ളുക.

ദേവി മന്ദസ്മിതത്തോടുകൂടി പുഷ്പങ്ങൾ നളിനയുടെ കൈയിൽനിന്നു വാങ്ങി, സ്വർണ്ണപ്പല്ലക്കിൽ ഉപവേശിച്ചു. നളിന ആ പല്ലക്കിന്റെ അകത്തു് ഒതുങ്ങി നിന്നതേയുള്ളൂ. ഇതു കണ്ടു റാണി അവളെ ഇരിക്കുവാനായി നിർബ്ബന്ധിച്ചിട്ടും അവൾ അവിടെ ഇരുന്നില്ല. ഉടൻ ദേവി പറഞ്ഞു.

"നളിനേ! പറഞ്ഞാൽ കേൾക്കുകില്ലെങ്കിൽ പ്രയാസമല്ലേ? പല്ലക്കിൽനിന്നാൽ നീ താഴെ വീണുപോകും. ഇരിക്കുന്നതാണു നിനക്കിഷ്ടം!"

ഇത്രയും പറഞ്ഞ ഉടനെ നളിന പല്ലക്കിന്റെ ഒരു കോണിൽ വളരെ അസ്വാതന്ത്ര്യത്തോടുകൂടി ഇരുന്നു. ദേവി തുടർന്നു.

"ചക്രവർത്തി തിരുമനസ്സിൽനിന്നും നിനക്കു കല്പിച്ചു ദാനം ചെയ്തിട്ടുള്ള ബിരുദമെന്താണു്?

നദീറ—"അനാർക്കലി" എന്നാണു്.

ദേവി—നീ ഭാഗ്യവതിതന്നെയാണു; സംശയമില്ല. സിംഹത്തിന്റെ അടുക്കൽനിന്നും നിഷ്പ്രയാസം മണി വാങ്ങിയ നീ ധീരവനിത തന്നെ. ആകട്ടെ നിന്നോടു് എവിടെ പാർക്കുവാനാണു കല്പിച്ചിട്ടുള്ളതു്.?

നദീറ—അന്തഃപുരത്തിൽ.

ദേവി—ശരി. എനിക്കു വളരെ സന്തോഷമായി. നിന്നെപ്പോലെയുള്ള ഉൽകൃഷ്ടകളെ പരിചാരികമാരായി നിയമിക്കയെന്നതു വളരെ സങ്കടകരമായ ഒരു പ്രവൃത്തിയാണു; സംശയമില്ല.

നദീറ—ദേവി! അവിടത്തെ കരുണയല്ലാതെ ഈ അഗതിക്കു മററൊന്നും ആശ്രയമായിട്ടില്ല.

ദേവി—അനാർക്കലീ! നിന്റെ നാമം വളരെ മധുരമായിരിക്കുന്നു. നീ എപ്പോഴും എന്റെ അടുക്കൽ ഉണ്ടായിരിക്കണം. എനിക്കു് അതു വളരെ സന്തോഷപ്രദമാണു്. നീ കേവലം ഒരു ബാലികയല്ല. നിന്റെ ജന്മം വളരെ ഉൽകൃഷ്ടമാണു്. മണിയറയിലും അന്തഃപുരത്തിലും സമയം ചോദിക്കാതെതന്നെ പ്രവേശിക്കുന്നതിനുള്ള അനുവാദം നാം നിനക്കു നൽകിയിരിക്കുന്നു. നീ നമ്മുടെ പ്രീതിക്കു പാത്രംതന്നെ. ആകട്ടെ നിന്റെ രാജ്യമെവിടെയാണു്? നിന്റെ പിതാവു് ആരായിരുന്നു? നിനക്കതെല്ലാം അറിയാമെങ്കിൽ പറയുക.

നദീറ—ദേവി! ഞാൻ പേർഷ്യാക്കാരിയാണു്. എന്റെ പിതാവിനെ ഒരു കൂട്ടം ശത്രുക്കൾ പിടിച്ചു തുറുങ്കിലടച്ചു. അവിടെ കിടന്നു മരിച്ചുപോയിയെന്നു മാത്രമേ എനിക്കറിഞ്ഞുകൂടു. വേറെ ഒരു സംഗതിയും എനിക്കറിഞ്ഞുകൂടാ. അടിയൻ വല്ല തെററുകളും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അവിടുന്നു ക്ഷമിക്കണം. എല്ലാം അവിടത്തെ ആജ്ഞപോലെ നിർവഹിച്ചുകൊള്ളാം."

പല്ലക്കു് അന്തഃപുരത്തിൽ ചെല്ലുന്നതുവരെ അംബികാകുമാരിയും നദീറയും തമ്മിൽ കേവലം സഖിമാരെപ്പോലെയോ സഹോദരികളെപ്പോലെയോ വർത്തമാനം പറഞ്ഞു രസിച്ചുകൊണ്ടിരുന്നു. അന്തഃപുരത്തിൽ എത്തിക്കഴിഞ്ഞപ്പോൾ നേരം വളരെ വൈകിയിരുന്നെങ്കിലും ദേവിയുടെ പൂജക്കു വേണ്ട ഒരുക്കങ്ങളെല്ലാം യാതൊരു

വിഘ്നവും കൂടാതെതന്നെ നടത്തിയിരുന്നു. ദേവിയും നളിനിയും ഒരു മിച്ചു പല്ലക്കിൽനിന്നും ഇറങ്ങിയതു് അന്തഃപുരത്തിന്റെ ഒരു ഭാഗത്തു മുമ്പെവന്നായായി ഇരുന്ന സോഫി കാണാതിരുന്നില്ല. അസൂയയുടെ ദൃഷ്ടി എപ്പോഴും സൂക്ഷ്മവും തീക്ഷ്ണവുമാണല്ലോ. അവൾക്കു് അപ്പോൾ ഉണ്ടായ സങ്കടത്തിനൊ കോപത്തിനൊ യാതൊരു അതിരുമുണ്ടായിരുന്നില്ല. എങ്കിലും അതെല്ലാം മനസ്സിലടക്കിക്കൊണ്ടു അവൾ ദേവിയുടെ അടുക്കൽ ആഗതയായി നിന്നു. അവളെ കണ്ട ഉടൻതന്നെ ദേവി ഇപ്രകാരം ചോദിച്ചു.

"എന്താ! സോഫിയുടെ മുഖം വല്ലാതെയിരിക്കുന്നുവല്ലോ." —

സോഫി — തിരുമനസ്സിൽനിന്നും സന്തോഷത്തോടുകൂടി വന്നിച്ചുവല്ലോ! അവിടേക്കു് എപ്പോഴും സുഖമുണ്ടാകട്ടെ എന്നാണു് അടിയന്റെ പ്രാർത്ഥന.

ദേവി — നളിനിയെ വിട്ടുപിരിഞ്ഞതിലുള്ള ദുഃഖമായിരിക്കും ഇല്ലേ?.

സോഫി — അവളെപ്പറ്റി വിചാരിച്ചിട്ടുതന്നെയാണു് എനിക്കിപ്പോൾ ദുഃഖമുള്ളതു്! ഇങ്ങിനെ എല്ലാം സംഭവിച്ചില്ലെങ്കിൽ പിന്നെ അവളുടെ സ്ഥിതിയെന്താണു്?

ദേവി — അവൾ വളരെ നല്ല സ്വഭാവികയാണ. പരിശുദ്ധഹൃദയയാണു്.

സോഫി — അതെ! അതെ! പക്ഷെ ഉള്ളാരു കണ്ടു? എല്ലാം കണ്ടുതന്നെ അറിയണം. വഴിയെ വരുന്നതുകേട്ടതിനെ വിശ്വസിക്കാൻ പാടില്ല

ദേവി — മകളേ! നീ അതൊന്നും കരുതേണ്ട. അവൾ കണ്ടാലും സുകുമാരിതന്നെയല്ലേ? എനിക്കവളെ കണ്ടുവരാൻകൂടി തോന്നിപ്പോയി.

സോഫി — അതെ! അതെ! സുകുമാരി ആയതുകൊണ്ടു സൂക്ഷിക്കണം. അതിലാണു നാശമെല്ലാം കയറിയിരിക്കുന്നതു! അവിടത്തെ അഭിപ്രായം മാറാതിരിക്കട്ടെ.

ദേവി — അതു ഞാൻ കാണിച്ചുതരാം. അവൾ വളരെ നിർമ്മലയാണു്.

സോഫി — അതെ! അതെ! വളരെ നിർമ്മലയാണു്. എന്നാൽ അവിടുന്നു മലത്തിലേക്കു് അധികം ദൂരമില്ല. പക്ഷെ അവിടുന്നു പറഞ്ഞതു ശരിയായിരിക്കാം.

ഇത്രയും പറഞ്ഞ ശേഷം ദേവി അന്തഃപുരത്തിനകത്തേക്കും, സോഫി കൊട്ടാരത്തിന്റെ പുറത്തേക്കും യാത്രയായി. സോഫിയുടെ അസൂയാസമുദ്രത്തിന്റെ — അഥവാ നളിനിയുടെ ഭാഗ്യസമുദ്രത്തിന്റെ അടിസ്ഥാനം ഒരു സംഭാഷണത്തിൽതന്നെ ദൃഢമായി സ്ഥാപിച്ചുകഴിഞ്ഞു.

ഒമ്പതാം അദ്ധ്യായം.

പ്രേമം ലോകാരംഭം മുതല്ക്കു അദൃശ്യവും അപ്രതിഹതവും അപ്രമേയവും ആയ ഒരു ശക്തിയായിട്ടാണ വൎത്തിച്ചുവരുന്നതു്. ഇന്നും അതു് അപ്രകാരംതന്നെ സ്ഥിതിചെയ്യുന്നു. ബ്രഹ്മചാരിയിലും, ഗൃഹസ്ഥനിലും വാനപ്രസ്ഥാശ്രമിയിലും സന്യാസിയിലും വിവിധരൂപത്തിൽ പ്രതിഫലിക്കുന്ന ആ ദിവ്യശക്തിയെപ്പററി ആരാണു് അറിയുന്നതിനു പലരും പലവുരു പരിശ്രമിച്ചിട്ടും ഇന്നും അതു് അന്നത്തെപ്പോലെ "എത്തും പിടിയു"മില്ലാത്ത നിലയിൽതന്നെ സ്ഥിതിചെയ്യുന്നു. സ്ഥലകാലഭേദമോ, അവസ്ഥാന്തരവ്യത്യാസമോ ഇല്ലാതെ ഒരേ നിലയിൽ ആ ശക്തി എവിടെയും പ്രതിഫലിച്ചു പ്രകാശിക്കുന്നു. തങ്കച്ചാറിൽ എന്നുമെന്നും ആറാടുന്ന പള്ളിമേടയിലും പാഴ്ച്ചേറിൽ എന്നുമെന്നും നീരാടുന്ന പുല്ക്കുടിലിലും അതിന്റെ കരുണാമസൃണമായ കിരണകന്ദളങ്ങൾ ന്യൂനാധിക്യവ്യത്യാസം കൂടാതെ പതിക്കുന്നു. യഥാൎത്ഥപ്രേമം, കവിയുടെ തൂവല്ത്തുമ്പിലും, ചിത്രകാരന്റെ ഛായക്കൂൎച്ചിലിലും, ഗായകന്റെ വീണാപ്രകമ്പനത്തിലും, നൎത്തകിയുടെ നയനാന്തങ്ങളിലും, യോഗികളുടെ ഹൃൽകമലത്തിലും സ്ഥിതി ചെയ്യുന്നതായിട്ടാണ് ഇന്നു നാം അറിയുന്നതു്. പ്രഹ്ലാദന ശ്രീനാരായണനിലുണ്ടായിരുന്നതോ, സാവിത്രിക്കു സത്യവാനിലുണ്ടായിരുന്നതോ സീതക്കു രാമനിൽ ഉണ്ടായിരുന്നതോ, ദുഷ്ഷന്തനു കണ്വാശ്രമത്തിലെ ശകുന്തളയിൽ ഉണ്ടായിരുന്നതോ, അനിരുദ്ധനിൽ ഉഷക്കുണ്ടായിരുന്നതോ ആയ പ്രേമം പുരാണത്തിന്റെ ഏടുകളിൽ മാത്രം സ്ഥിതിചെയ്യുന്നു. വിശ്വവിശ്രുതയായ പത്മിനിയുടെയോ, ധീരവനിതയായിരുന്ന [illegible]യുടെയോ പ്രേമചരിത്രത്തിൽ സ്വൎണ്ണലിപികളാൽ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ പ്രകാശിക്കുന്നതു്. എന്നാൽ ആ പ്രേമത്തിന്റെ ഉപാംശമെങ്കിലും നാം ഇന്നത്തെ ലോകത്തിൽ സൂക്ഷ്മദൃഷ്ടിയോടെ സൂക്ഷിച്ചു വീക്ഷിച്ചാൽ കൂടി ഹിമാലയമഹാഗിരിയുടെ അത്യുച്ചശിഖരത്തിന്റെ അന്തരംഗത്തിലല്ലാതെ മറെറങ്ങും കാണുവാൻ കഴിയുമോ എന്നു [illegible] സംശയിക്കുന്നുണ്ടാവാം. പക്ഷേ അതിലേക്കായി ഹിമാലയത്തിലും [illegible]ത്തിലും, ഗംഗാതീരത്തിലും, നന്ദനോദ്യാനത്തിലും, വൃന്ദാവനത്തിലും, [illegible]കുലത്തിലും, മററും ബന്ധപ്പെട്ട നിലയങ്ങളിലും നാം ഉഴറേണ്ട ആവശ്യമില്ല. ഇന്നും, അന്നത്തെപ്പോലെ, ആ വിശിഷ്ടഗുണം ലോകത്തിലെവിടെയും സ്ഥിതിചെയ്യുന്നു. നിരാ

ശ്രേയന്മാരെന്നും നിർഭാഗ്യന്മാരെന്നും നാം അപവദിക്കുന്നുള്ള പലരി
ലും ഈ മഹൽഗുണം പ്രത്യക്ഷമാകുന്നതായി ലോകപരിചയം സിദ്ധി
ച്ചിട്ടുള്ളവർക്ക് അറിവാൻ കഴിയുന്നതാണ്. ഉഷയുടെ പ്രേമത്തിന്റെ
ഉഷഃകാലം ഭാരതത്തിൽനിന്നും ഇനിയും തിരോധാനം ചെയ്തിട്ടില്ല.
പ്രേമത്തെ സംബന്ധിച്ച പല മഹാത്മാക്കളിൽനിന്നും ലഭിച്ചിട്ടുള്ള
ഉപദേശങ്ങൾ ഇന്നും സജീവങ്ങളായി സ്ഥിതിചെയ്യുന്നു. ശ്രീയേശു
ക്രിസ്തുവിനോ, മഹമ്മദ് നബിക്കോ, ശ്രീകൃഷ്ണനോ ലോകത്തിനോട് ഉ
ണ്ടായിരുന്ന പ്രേമം അവരുടെ ഉപദേശങ്ങളോടൊന്നിച്ച് ലോകാവ
സാനംവരെ പ്രോജ്ജ്വലമായി സ്ഥിതിചെയ്യുകയില്ലെന്നു വിശ്വസിക്കു
ന്ന വിദ്വാന്മാരുണ്ടെങ്കിൽ അവരോട് നമസ്കാരം പറയുകയേ നിവൃ
ത്തിയുള്ളൂ. ധന്യന്മാരിലും, പ്രതാപശാലികളിലും കാണുവാൻ കഴി
യാത്ത ഉൽകൃഷ്ടഗുണങ്ങൾ പാവപ്പെട്ടവരിൽ ധാരാളം കാണ്മാൻ ക
ഴിയുമെന്നു എല്ലാവർക്കും അറിയാവുന്ന ഒരു പരമാർത്ഥമാണ്. പക്ഷേ
അവരുടെ പ്രേമം — അഥവാ അവരിലുള്ള പ്രേമം — ലൗകികജീവിത
ത്തിനപ്പുറം ദിവ്യമായിത്തന്നെ സ്ഥിതി ചെയ്യുന്നതിനാൽ അതിനെ
പ്പറ്റി ശരിയായി ഗ്രഹിക്കുവാൻ സാധാരണക്കാർ പ്രാപ്തന്മാരാകുന്നി
ല്ല. അല്ലെങ്കിൽ അങ്ങിനെയും പ്രേമം മനുഷ്യലോകത്തിലെ ഒരു ശക്തി
യല്ലാത്തതിനാൽ അതിനു ലോകത്തിലുള്ള സ്ഥാനം സാധാരണക്കാ
ർക്ക് ഗോചരമാകുന്നില്ല. എന്നു മാത്രമല്ല അവരുടെ ജീവിതം പല
ത്തിലുള്ള വിഷമങ്ങളും കടന്നു വിജയത്തെ പ്രാപിക്കുമ്പോൾ മാ
ത്രമേ അതിനെപ്പറ്റി മനസ്സിലാക്കുവാനോ, അഭിനന്ദിക്കുവാനോ ഈ
ലോകം പ്രാപ്തമായിത്തീരുന്നുള്ളൂ. പ്രേമത്തിന്റെ പ്രഭാവത്തെപ്പറ്റി
എത്രയോ കാലമായി പല കഥകളും കേട്ടിട്ടും ഇന്നും അതിന്റെ മ
ഹത്വം അത്ര വെളിവായിട്ടില്ലാത്തതേയുള്ളൂ. പ്രേമസമ്പൂർണ്ണനായ ജ
ഗദീശ്വരന്റെ കരുണാകടാക്ഷം നിറഞ്ഞു വഴിയുന്ന സന്ദർഭത്തിൽ മാ
ത്രമേ ആ ദിവ്യഗുണം മനുഷ്യഹൃദയത്തിൽ പ്രതിഫലിക്കുന്നുള്ളൂ. എ
ന്നാൽ ഈശ്വരാനുകമ്പ സാധുക്കളിലാണ് ആ കരുണാവർഷം ചെ
യ്യാറുള്ളത്. ഈ പ്രകാരമാണെങ്കിൽ മാത്രമേ ആ ലോകത്തിന് ഉ
ത്തമഭാഗ്യവാന്മാരായിത്തീരുകയുള്ളൂ എന്നു സർവ്വാന്തര്യാമിയായ ജഗൽപി
താവ് എത്രയോ പ്രാവശ്യം തെളിയിച്ചിട്ടുള്ളതാണ്.

നളിനിക്ക് ചെറുപ്പത്തിൽ ലഭിച്ചിരുന്ന സ്ഥാനം കേവലം പ
രിചാരികയുടേതായിരുന്നില്ല. ആ ബാലികയെ, അംബികാദേവി
സ്വന്തം പുത്രിയെപ്പോലെയോ സഹോദരിയെപ്പോലെയോ കരുതി

യിരുന്നു. അവളുടെ ആരോഗ്യത്തിനോ സൌഖ്യത്തിനോ ഹാനിക രമായേക്കുന്ന യാതൊരു പ്രവൃത്തിയും ഏല്പിക്കാതെ അവരെ ശുശ്രൂഷിച്ചു വന്നു. എന്നാൽ റാണിയുടെ ഈ അതിര കടന്ന വാത്സല്യം മറ്റുള്ള പരിചാരികമാരിൽ അസൂയയേയും ഈർഷ്യയേയും അപവാദത്തേയും ഉളവാക്കാതിരുന്നില്ല. ഉദയകാലംപോലെ പാവനമായ ആ ബാലികയുടെ രൂപലാവണ്യം അവളെ ദീപ്തിപൂർണ്ണത്തിലേക്ക് ആനയിപ്പിച്ചു; തൽക്കാലം അവൾ ഒരു രാജ്ഞിയുടെ മാനസസന്തോഷം അനുഭവിച്ചു; അവളുടെ ഹൃദയശൈഥില്യവും ക്രമേണ കാലത്താൽ എവിടെയോ പോയി മറഞ്ഞു. സ്വയം രാജകുമാരന്റെ പട്ടമഹിഷിയുടെ പരിചാരികാസ്ഥാനം നളിനിയെ മഹത്വത്തിലേക്ക് ഉയർത്തിയതേ ഉള്ളു. കൊട്ടാരത്തിൽ താമസം തുടങ്ങിയതിനുശേഷം ഒരു സംവത്സരത്തോളം കാലയവനികക്കുള്ളിൽ മറഞ്ഞുകഴിഞ്ഞു. നളിനിയുടെ ബാല്യം അതിന്റെ അവസാനിപ്പിക്കുന്ന വിധി അധികം കഴിയുന്നതിനു മുമ്പേ താരുണ്യലക്ഷ്മിയുടെ താണ്ഡവകേളി ആരംഭിക്കുന്നതിനുള്ള ഉഷഃപ്രകാശം അവളിൽ കളിയാടിത്തുടങ്ങി. ആ സുകുമാരിയുടെ രൂപസൌന്ദര്യം കൊട്ടാരത്തിലെ യശസ്സുപോലെ നാനാദിക്കിലും പ്രസരിച്ചു. പക്ഷേ അതിനുടമക്കാരായിരിക്കാം?

ലൌകികജീവിതത്തിൽ ഇതുപര്യന്തം വിശപ്പ്, ദാഹം, ക്ഷീണം, മയക്കം, ഉറക്കം, ഭയം, ക്രോധം, വാത്സല്യം, അനുകമ്പ, ആനന്ദം സന്തോഷം എന്നിത്യാദിയായ മനോവൃത്തികൾമാത്രം അറിഞ്ഞിട്ടുള്ള ആ സാധു ബാലികയിൽ (ക്ഷമിക്കണം ബാല്യകാലം അവളിൽ നിന്നും പിരിഞ്ഞിട്ട് ഒരു സംവത്സരം കഴിഞ്ഞു) അവളറിയാതെ കടന്നുകൂടിയ മറ്റൊരു മനോവൃത്തി എന്തായിരിക്കാം? അതിൽ അവൾ കുറ്റക്കാരിയാണോ? ഒരിക്കലുമല്ല. സൂര്യനുദിക്കുമ്പോൾ ചെന്താമര വികസിക്കുന്നതോ, പനിനീർപ്പൂവ് വികസിക്കുമ്പോൾ സൌരഭ്യം പരക്കുന്നതോ, ആസവസമ്പൂർണ്ണമായ പൂക്കളെ ചുററി വലംവെച്ചു ഭ്രമരങ്ങൾ പറക്കുന്നതോ, മഴക്കാർ കാണുമ്പോൾ മയിൽപ്പേട പീലി പരത്തി നൃത്തം തുടങ്ങുന്നതോ,—ഒന്നും തന്നെ അവയുടെ സാമർത്ഥ്യം കൊണ്ടോ കുററംകൊണ്ടോ അല്ല. അവയെല്ലാം പ്രകൃതിയുടെ കൃതിയോ വികൃതിയോ ആയിക്കൊള്ളട്ടെ. ഏതായാലും നളിനിയുടെ ഹൃദയത്തിൽ ഏതോ ഒരു നവീനചൈതന്യം അല്പാല്പമായി പ്രസരിച്ചു തുടങ്ങിയെന്ന് ഉഷാഗമനത്തിൽ പൂർവ്വദിങ്മുഖത്തിലെ നീലശൈലപംക്തികൾക്കു പരിപ്രശോഭമേകുന്ന അരുണരശ്മി

ണ്ണപോലെ പുഷ്പനിരകളിൽ അവളുടെ ഗന്ധഫലകം വ്യക്തമാക്കി. കണ്ണുകളുടേയും ചില്ലിക്കൊടികളുടേയും മദ്ധ്യകീഴ്പോട്ട്, കവിൾത്തടങ്ങളിൽ നിന്നും ഒഴുകി, ചുണ്ട്, ചെവികളുടെ മദ്ധ്യഭാഗങ്ങളെ നേർപ്പെടെ പരിലസിപ്പിക്കുന്ന, നിമിഷപ്രതി പൂർണ്ണകുന്തളങ്ങളിൽനിന്നുള്ള അതിശീഘ്രത്തായ ചൈതന്യം പ്രകാശിപ്പിക്കുന്നുള്ള കാമലിഖിതയിടയിൽ പൂർണ്ണചന്ദ്രനെപ്പോലെ നൈസർഗ്ഗികമായ കാന്തികന്ദളയെ വർണ്ണിക്കണം ചെയ്യു. സ്ത്രീസഹജമായ ലജ്ജയും പ്രസന്നതയും അവളുടെ കാലോചിതങ്ങളിലായി മാറി മാറി കളിയാടിക്കൊണ്ടിരുന്നെങ്കിലും, അവയിൽനിന്നും വിഭിന്നമായ ഒരു ശക്തി, സ്വന്തുടെ നേത്രങ്ങളിലെ കൃഷ്ണമണികളാകുന്ന ഇരുകരുകളെയും തെരുതെരെ ഇടത്തുഭാഗത്തുനിന്നും വലത്തുഭാഗത്തേക്കും വലത്തുഭാഗത്തുനിന്നും ഇടത്തുഭാഗത്തേക്കും ഓടിച്ചാടിക്കൊണ്ടിരുന്നതുപോലെ കാണപ്പെട്ടു! അഹോ! അവളുടെ മുഖത്തു ഒരു നവീനഭാവം പ്രതിഫലിച്ചു. അവളുടെ ഹൃദയത്തിൽ ആരാണ് അനേകബന്ധത്തെ ഉജ്ജ്വലിപ്പിച്ചത്? ആരാണ് ആ പരിശുദ്ധഹൃദയത്തിൽ കടന്നു നാടകമിട്ടിരിക്കുന്നത്? അഥവാ മൃത്യുഭയം — ആവേഗം — അല്ല, മോഹം — അവനി എത്ര ഹിതയിൽ ഉള്ളതായിരിക്കാം! യാതൊരു വിധത്തിലും മനസ്സിലാക്കുവാൻ കഴിയാത്ത ആ സ്വാഭാവികങ്ങളിലുള്ള വിചാരമോ ഇല്ലാതിരുന്ന ആ ബാലികയിൽ എത്ര ക്രൂരശക്തിയാണ കടന്നുകൂടി പ്രവർത്തിക്കുവാൻ തുടങ്ങിയിരിക്കുന്നത്? അഥവാ അത് അറിയേണ്ടതല്ലേ? പ്രേമം — രാജാവിനെയും ഭടനെയുമോ ഒരുപോലെ ബാധിക്കുന്ന ഈ നവീനവികാരം അസംതൃപ്തിയോടുകൂടി നിർവൃതി പ്രാപിക്കുമായിരുന്നു. അല്ലെങ്കിൽ നിർവൃതി എപ്പോഴും സംതൃപ്തിയുള്ളതാണല്ലോ; അതിനുള്ള കാലം കഴിഞ്ഞിട്ടുമില്ല.

ഒരു സായാഹ്നത്തിൽ, റാണി ആരാമത്തിലുള്ള മണ്ഡപത്തിൽ ഏകാകിനിയായി വിശ്രമിക്കുകയായിരുന്നു. കൊട്ടാരത്തിൽ വന്നതിനുശേഷം, ചക്രവർത്തി-ആരാമവും ആരാമവും തമ്മിലുള്ള ബന്ധത്തെ അടുപ്പിച്ച് എന്ന ബിരുദത്താൽ ഉദ്ഘാടിപ്പിച്ചതിനുശേഷം — റാണി എന്നും എന്നും ഈ മണ്ഡപത്തിൽ വന്നിരുന്ന് ആനന്ദിച്ചു അനുഭവിച്ചുവന്നു. വിശേഷിച്ചും ഷേഖ് അന്തഃപുരത്തിൽ നിന്നും ആരാമത്തിലേക്ക് എഴുന്നള്ളുമ്പോഴെല്ലാം റാണിയുടെ ഉണ്ടായിരിക്കണമെന്ന നിർബ്ബന്ധം അവിടേക്ക് ഉണ്ടായിരുന്നതിനാൽ ആ സന്ദർഭങ്ങളിലെല്ലാം ആ സുന്ദരിയുടെ കരലാളനം ആരാമത്തിന്റെ ഒരു ഭാഗത്തു പ്രകാശിപ്പിച്ചിരുന്നു

അന്നും പതിവുപോലെ അവൾ ആരാമത്തിൽ വന്നു. ദേവി അന്നേദിവസം ദേഹാസ്വാസ്ഥ്യം മൂലം അവിടെ എഴുന്നള്ളിയിരുന്നില്ല. അവൾ ഏകാകിനിയായി ഒരു സങ്കേതത്തിൽ ഇരിക്കവെ, അവളുടെ ഹൃദയവും നയനങ്ങളും നിസ്സീമമായ പ്രകൃതി സൌന്ദര്യത്തെ ആസ്വദിക്കയും അവിടെ പ്രകാശിതങ്ങളായിരുന്ന പ്രകൃതിയുടെ ഭാഗങ്ങളെ അത്യാശയോടുകൂടി ആശ്ലേഷിക്കയും ചെയ്തു. തത്സമയം അവൾ ഇരുന്ന മണ്ഡപത്തിനെതിരെ, അന്തഃപുരത്തിന്റെ ഒരുവശത്തുണ്ടായിരുന്നതും സെലിം രാജകുമാരന്റെ പ്രത്യേകാവശ്യത്തിലേക്കായി അദ്ദേഹത്തിന്റെ വിശ്രമ മന്ദിരത്തോടു അടുത്തുതന്നെ പരിലസിച്ചിരുന്നതുമായ മനോഹരാരാമത്തിൽ സെലിം രാജകുമാരൻ സാവധാനത്തിൽ ഉലാത്തുന്നുണ്ടായിരുന്നു. ഇളം മൃദുവായ കാശ്മീരാംബരത്താൽ ആവൃതമായിരുന്ന ആ ദീർഘകായന്റെ ഉടൽ അന്തിരവിയുടെ കനകകാന്തി പതിഞ്ഞ് കോമളമായി ചമഞ്ഞിരുന്നു. നീല നീരാളം വിരിച്ചിരുന്ന ആരാമപാതയിൽകൂടി, നീണ്ട് ഉരുണ്ട തന്റെ കൈത്തണ്ടുകൾ പുറകിൽ പിണച്ചുകൊണ്ട് മന്ദം മന്ദം നടന്നിരുന്ന ആ യുവരാജാവിന്റെ സുന്ദരമായ മുഖം ഏറ്റവും പ്രസന്നമായിരുന്നു. പരസ്പരയോജിപ്പോടുകൂടിയ അദ്ദേഹത്തിന്റെ ഓരോ അവയവത്തിലും കൂടി ഒഴുകിയിരുന്ന രക്തം അദ്ദേഹത്തിന്റെ രാജത്വത്തെ പ്രസ്പഷ്ടമാക്കത്തക്കവണ്ണം തുള്ളി തുളുമ്പുന്നുണ്ടായിരുന്നുവെന്നു അനന്യസാധാരണമായി പ്രശോഭിച്ച മുഖകാന്തി വ്യക്തമാക്കി. രാജകുമാരനു നദീറയെ കാണുവാൻ കഴിഞ്ഞിരുന്നില്ലെങ്കിലും നദീറക്ക് അദ്ദേഹത്തെ നല്ലതുപോലെ കാണുവാൻ സാധിച്ചു. കുമാരനെ വളരെ ദൂരെക്കണ്ട ഉടൻതന്നെ അവൾ മണ്ഡപത്തിൽ നിന്നും എഴുന്നേൽക്കുകയും അവിടെ ഉണ്ടായിരുന്ന പാതയിൽകൂടി പതുക്കെ നടന്ന് പോകുവാൻ ഭാവിക്കുകയും ചെയ്തു. താൻ നടക്കുന്നതായാൽ ഒരു പക്ഷെ സെലിം തന്നെക്കണ്ടെങ്കിലോ എന്ന് സംശയിച്ച് അവൾ വീണ്ടും മണ്ഡപത്തിൽ വന്നിരുന്നു. അവളെ വീണ്ടും ആ മണ്ഡപത്തിലേക്ക് പിന്തിരിപ്പിച്ച് അവിടെ അമർത്തിയിരുത്തിയതു് ആരായിരുന്നു? അതു് ഔൽകണ്ഠ്യമായിരുന്നു. അഥവാ ഐന്ദ്രജാലികനായ പ്രേമമായിരുന്നിരിക്കാം! അവൾ ഇപ്രകാരം വിചാരിച്ചു "കഷ്ടം!— ഞാൻ ബുദ്ധിശൂന്യതന്നെയാണ്. ഞാനെന്തു അധികാരിയായിട്ടാണിരിക്കുന്നതു? എന്റെ മൌഢ്യം അക്ഷന്തവ്യം തന്നെ. എന്തോ പൂർവ്വപുണ്യഫലംകൊണ്ടു കൊട്ടാരത്തിലെ പരിചാരികാസ്ഥാനം കിട്ടിയെന്നല്ലാതെ അപ്രാപ്യങ്ങളായ അത്യുച്ചശിഖരങ്ങളിലേക്ക കുതിച്ചുചാടു

വാൻ ഉദ്ദേശിച്ചാൽ പിടഞ്ഞു വീഴുകയല്ലേ നിവൃത്തിയുള്ളൂ. അല്ലെ
ങ്കിൽ, ഞാൻ എന്തിനാണു പശ്ചാത്തപിക്കുന്നതു. ഇതെന്റെ അ
വകാശം തന്നെയാകണമല്ലോ. വിശിഷ്ടവസ്തുക്കളുടെ ഉടമസ്ഥാവ
കാശം ആരിൽ സ്ഥിതിചെയ്യുന്നതായാലും അവയുടെ ഔൽകൃഷ്ട്യത്തെ
പററി അഭിനന്ദിക്കുവാൻ ഏതു ഹൃദയത്തിനും അവകാശമുണ്ടു്. ഞാൻ
അദ്ദേഹത്തിന്റെ ഗുണപൂർണ്ണങ്ങളെപ്പററി അഭിനന്ദിക്കുന്നതിൽ
അദ്ദേഹത്തിനുതന്നെയും എന്നോടു വിരോധിക്കുവാൻ എന്തു ന്യായ
മാണുള്ളതു? ഹാ! ഞാനെന്തുവിചാരിച്ചുപോയി. ചക്രവർത്തിതിരുമ
നസ്സിലെ വാത്സല്യപാത്രമായ സീമന്തപുത്രൻ — ലോകപ്രശസ്തി സ
മ്പാദിച്ച സേലിംരാജകുമാരൻ — അന്തഃപുരവാസികളുടെ ഏകദൈ
വവിഗ്രഹം — എന്റെ — ഈ ഏഴപ്പെണ്ണിന്റെ അനുരാഗത്തിനു
പാത്രമാണോ? എന്തു ധൈര്യം! എന്റെ ഉദ്വേഗം അതികഠിന
മത്രെ. അദ്ദേഹത്തെ ഇതിനുമുൻപു ഞാൻ ഇവിടെവെച്ചുതന്നെ
എത്രയോ പ്രാവശ്യം കണ്ടിട്ടുണ്ടു്. എന്നാൽ ആ പുണ്യപുരുഷൻ
ശ്രദ്ധപ്പെട്ടിട്ടെങ്കിലും ഒരു വാക്കു പറയുകയോ, യാതൊരു ഉദ്ദേശവും
കൂടാതെയെങ്കിലും ഒരു നോക്കു എന്നെ കാണുകയോ ചെയ്തിട്ടില്ല
ല്ലോ. അഥവാ അംബികാദേവിയുടെ, സൌന്ദര്യത്തിന്റെ നിധിയാ
യ ആ മനോഹരിയുടെ പ്രാണനാഥനു് — ഈയുള്ളവളിൽ — കേവലം
പരിചാരികയിൽ — അനുരാഗത്തിന്റെ ആവശ്യമെന്തു്? പക്ഷേ
സോഫിയിലുംമററും അദ്ദേഹം കരുണയുള്ള ആളാണെന്നല്ലേ ഞാൻ
അറിഞ്ഞതു്! അല്ലെങ്കിൽതന്നെയും അവൾ സൌഭാഗ്യവതിയാ
ണല്ലോ. ഞാനോ പാപഗർത്തത്തിൽ ആമഗ്നംചെയ്ത മുഗ്ദ്ധ — ഹാ!
ഇതാ എന്റെ കണ്ണുകൾ കാണുന്നകാഴ്ച, എത്രമനോഹരം! കുമാരൻ —
അതാ ഒരു പനിനീർപ്പൂവിനെ അതിന്റെ തണ്ടിൽനിന്നും പറിച്ചെടു
ത്തു ആ കോമളമായ മുഖകമലത്തിൽ ചേർക്കുന്നു; പേലവമായ അധ
രപുടങ്ങളിൽ ചേർത്തുവെച്ചു അതിനെ ചുംബിക്കുന്നു. ഹാ! നിസർഗ്ഗകു
സുമമേ! നിന്റെ ജന്മം സഫലമായി. നിന്റെ സൌന്ദര്യത്തിനും
സൌരഭ്യത്തിനും ലഭിക്കേണ്ട പ്രതിഫലം ലഭിച്ചു. നീ ജീവനില്ലാ
ത്ത ഒരു വസ്തുവല്ല നിശ്ചയം. അഥവാ അപ്രകാരമായിരുന്നെങ്കിൽ
ഇപ്പോൾ നിനക്കു ജീവനുണ്ടു്. കുമാരന്റെ കരാംഗുലിയുടെ സ്പർശനം
ഏററ മാത്രയിൽതന്നെ നീ ദേവി അംബികാകുമാരിയുടെ പദവിയെ
പ്രാപിച്ചുവല്ലോ. ഈ നില്ക്കുന്ന മുഗ്ദ്ധ നിന്നിൽനിന്നും എത്രയോ
താഴ്ന്നവൾ! അഞ്ചാറുമാസത്തിനുമുൻപുവരെ ഞാൻ നിന്നെക്കാൾ
ഭാഗ്യവതിയായിരുന്നു. ഇപ്പോൾ ഞാൻ നിന്നെക്കാൾ നികൃഷ്ടസ്ഥി

തിയിലായി. ആതാ അദ്ദേഹത്തിന്റെ നീലകഞ്ചുകത്തിൻപുറത്തു പരിലസിക്കുന്ന തങ്കമുദ്രക്ക ആ മുഖത്തിന്റെ നിറത്തെ അതിശയിപ്പാൻ കഴിയുന്നില്ലല്ലൊ. ആ വിശാലമായ നയനങ്ങൾകൊണ്ടു് ഒന്നു നോക്കിയാൽ—അവിചാരിതമായെങ്കിലും അതിൽനിന്നും ഒരു കടാക്ഷശകലം പൊഴിഞ്ഞാൽ—ഈയുള്ളവളുടെ ജന്മവും സഫലമാകുമായിരുന്നു. ആതാ! അദ്ദേഹം വീണ്ടും ഒരു പൂവിനെക്കൂടി പറിക്കുന്നു! ആ പൊൻകൈവിരലിൽ വല്ല മുള്ളും കൊള്ളുന്നപക്ഷം നിന്നെ ഞാൻ പിഴുതുകളയും. നിശ്ചയം. എന്റെ അസൂയ അതിരുകടന്നുപോയി! കുമാരന്റെ കിരീടം ഇന്നു കൊണ്ടുവന്നിട്ടില്ലാത്തതു വളരെ നന്നായി എന്നുതന്നെ പറയാം. ആ ശിരസ്സിൽ കയറുവാനുള്ള ഭാഗ്യം ഈ പാവപ്പെട്ട പൂക്കൾക്കു സിദ്ധിച്ചുവല്ലൊ. അടുത്തജന്മം ഈ തോട്ടത്തിൽ ഒരു പനിനീർപ്പൂവായി ജനിച്ചാലും മതിയായിരുന്നു. ഹാ! ദൈവമേ എന്റെ വിചാരത്തിനു എന്തു അവസാനം! ആവശ്യമില്ലാത്തതിനെപ്പററി എല്ലാം വിചാരിച്ചിട്ടെന്തുഫലം! "സൂര്യനെത്തൊടുവാൻ കൈനീട്ടിടപ്പോയ നിശീഥിനി" പരിഹാസയോഗ്യതന്നെ. സംശയമില്ല. പക്ഷെ എനിക്കു ഈവിധത്തിലെങ്കിലും അദ്ദേഹത്തെ കാണ്മാൻ ഭാഗ്യമുണ്ടായല്ലൊ! അതുതന്നെ എത്രയോ മഹത്തരമായ സംഗതിയാണു്! ഇതുപോലെയെങ്കിലും ജീവാവസാനംവരെ കഴിഞ്ഞുകൂടിയാൽ മതിയായിരുന്നു. അല്ലാതെ ഞാൻ മറെറാന്നും ആശിക്കുന്നില്ല. അദ്ദേഹത്തെ കുളിപ്പിക്കുന്ന മാരുതനും, അദ്ദേഹം സ്നാനംചെയ്യുന്ന സരസ്സും, അദ്ദേഹത്തിന്റെ പാദസ്പർശനം ഏല്ക്കുന്ന ഈ പൂന്തോട്ടവും എന്നെ വളരെ ആശ്വസിപ്പിക്കുന്നുണ്ടല്ലൊ. ഈ ജന്മമുഴുവനും അദ്ദേഹം എന്നെപ്പററിയോ, എനിക്കു അദ്ദേഹത്തിനോടുള്ള അനുരാഗത്തെപ്പററിയോ അറിയാതിരുന്നാലും അദ്ദേഹം എന്റെ ഹൃദയത്തിൽ അധിവസിക്കുന്ന ഒരു ചൈതന്യമായിക്കഴിയട്ടെ. ബാഹ്യമായ ഭാവപ്രദർശനങ്ങൾക്കൊ, വിലാസഭംഗികൾക്കൊ, ശൃംഗാരമാധുര്യങ്ങൾക്കൊ യഥാർത്ഥപ്രേമം അധീനമാണോ? അഥവാ അപ്രകാരമുള്ളവയിൽ യഥാർത്ഥപ്രേമം അധിവസിക്കുമോ? എന്തോ! ആശ്ചര്യം! പ്രേമം എന്നുവെച്ചാൽതന്നെ എന്താണു്? അതിനു കണ്ണില്ലെന്നല്ലെ പറയുന്നതു്? അതു എത്രയോ അബദ്ധം! അതിന്റെ കണ്ണുപോലെ സൂക്ഷ്മമായകണ്ണു ദൂരദർശിനിക്കുകൂടിയില്ല. അത്ഭുതം! സർവ്വേശ്വരാ! ഈ ജഗതിയിൽ നിന്റെ ദിവ്യഗുണത്തെ നിരൂപിച്ചുകൊണ്ടു എന്തുഫലം! എനിക്കു ആ തിരുമേനിയോടുള്ള ഈ വേഴ്ച—ഈ ജന്മാന്തരപുണ്യബന്ധം—ആ ദേവിയിലായിരുന്നെങ്കിൽ

അദ്ദേഹം എത്രയോ ഭാഗ്യവാനാകുമായിരുന്നു. അപ്രകാരം ചെയ്യാതെ കേവലം ഒരു പരിചാരികയായ എന്നിൽ ഈ മഹൽഗുണം ഒരു തീരാവ്യാധിയായിട്ടും ദൗർബ്ബല്യമായിട്ടുമല്ലേ പരിണമിച്ചതു? ആവശ്യമുള്ളിടങ്ങളിൽ വേണ്ട സാധനങ്ങൾ നല്കാതെ കളിപ്പിക്കുന്ന ഭരണൗചിത്യം സൎവ്വേശ്വരന്റെ പ്രവൃത്തികളിൽ ധാരാളമായി കാണാറുള്ളതാണല്ലോ? അല്ലെങ്കിൽപിന്നെ അദ്ദേഹം എന്തിനു ഇവരെ ഇപ്രകാരം വലച്ചു! അന്നു ആ ദേവാലയത്തിൽ മറിച്ചുകിടന്നപ്പോൾ അദ്ദേഹം എന്തെല്ലാം വർത്തമാനമാണു പറഞ്ഞതു്? ആ കഥ എല്ലാം അദ്ദേഹം മറന്നിരിക്കും. അല്ലെങ്കിൽ ഞാൻ ഇവിടെ ഉണ്ടെന്നു് അദ്ദേഹത്തിനറിയാമായിരിക്കെ എന്നെ കാണ്മാൻ അദ്ദേഹം അനുഗ്രഹിക്കാതിരിക്കയില്ല. കഷ്ടം! അദ്ദേഹം എന്നെ എന്നന്നേക്കും ആയി മറന്നിരിക്കും. സംശയമില്ല ഞാൻ അന്നു—അതെ കുറച്ചുദിവസങ്ങൾക്കുമുമ്പു ദേവിയുടെ അരമനയിൽ ഇരിക്കുന്നസമയം—ഞാൻ ദേവിയുടെ തലമുടിക്കെട്ടിൽ പുഷ്പമാല്യംവെച്ചു അലങ്കരിക്കുന്നസമയം—കുമാരൻ പെട്ടെന്നു കയറിവരുന്നതായി തോന്നി. ഞാൻ മണിയറയിൽനിന്നും പുറത്തിറങ്ങി ഗൂഢമായി നോക്കിക്കൊണ്ടു നില്ക്കുമ്പോൾ അദ്ദേഹം ദേവിയുടെ കഴുത്തിൽ കരങ്ങൾകൊണ്ടു കെട്ടിപ്പിടിച്ചു മുഖത്തു ഒരു ചുംബനംവെയ്ക്കുകയും പുളകാങ്കിതയായ ദേവി തടുത്തുകൊണ്ടു ലജ്ജയെ പ്രകടിപ്പിച്ചപ്പോൾ, "ഭാമിനീ ഇന്നു തലമുടി കെട്ടിയ ദാസി വളരെ ചതുരതന്നെ സംശയമില്ല, വളരെ ഭംഗിയായിരിക്കുന്നു; ഞാൻ ആ ചികുരഭാരത്തിനെ ഒന്നു തലോടട്ടെ" എന്നുപറഞ്ഞു നിറുകയിൽ വീണ്ടും ചുംബിക്കയും ചെയ്തതായി ഞാൻ ഇന്നും ഓർക്കുന്നുണ്ടു്, അന്നത്തെ ആ ചുംബനം എനിക്കു അവകാശപ്പെട്ടതായിരുന്നുവെന്നു ഞാൻ കരുതി. പക്ഷെ കുമാരൻ അതു കരുതിയിരിക്കയില്ല! ഇനിയും അധികം വിചാരിക്കുന്നതെന്തിനു? ഇതാ അദ്ദേഹം കൊട്ടാരത്തിലേക്കു മടങ്ങുന്നു. അതാ എന്റെ ആത്മ—എന്റെ ഹൃദയമേ! നീ എന്തു അസത്താണു്!—നിന്റെ ആത്മ—നാഥനെന്നോ നീ പറയുവാൻ ഭാവിച്ചതു്? എന്തു ഭയങ്കരം!—ഹാ!! ഇവിടെ എല്ലാം ഇരുട്ടായിക്കഴിഞ്ഞല്ലോ! ദൈവമേ! നാളെ രാവിലെവരെ എനിക്കു അദ്ദേഹത്തെ കാണ്മാൻ കഴികയില്ലല്ലോ. ഇതെന്തതിശയം! അന്നുതന്നെ ആ ദേവാലയത്തിൽ പാർക്കയായിരുന്നു ഉത്തമം. എന്നെപ്പോലെതന്നെയാണല്ലോ ആ പാതിരിയും. അവർക്കെന്നെപ്പോലെ ആശ്രയവസ്ഥയില്ല—സന്തോഷവും ഇല്ല—അതാ സൂര്യൻ അസ്തമിച്ചുകഴിഞ്ഞു."

ഇപ്രകാരമുള്ള ചിന്തകളോടുകൂടി നളിനി ആരാമത്തിൽനിന്നു എഴുന്നേററു അന്തഃപുരത്തിലേക്കു പോയി. ആ സാധുസ്ത്രീയെ ബാധിച്ചിരുന്ന രോഗം ഏതു രീതിയിലുള്ളതായിരുന്നുവെന്നു യുവതീയുവാക്കന്മാരായിരുന്നവരും ആകുന്നവരും ആയ എന്റെ മാന്യവായനക്കാർ ഇപ്പോഴെങ്കിലും അറിഞ്ഞിരിക്കുമെന്നു തീർച്ചയാണ്. ഈത്തരം ഘട്ടങ്ങൾ ലോകജീവിതത്തിൽ തരണംചെയ്യാത്തവരായി അധികം ആളുകൾ കാണുകയില്ലെന്നു ഉദ്ദേശിക്കുന്നതിൽ അബദ്ധമില്ല. സാധാരണയായി പ്രേമത്തിനുള്ള ഗുണം അതു ആരെയും മയപ്പെടുത്തില്ലെന്നുള്ളതാണ്. തന്മൂലം നളിനിയുടെ ഹൃദയത്തിൽ ഉദിച്ചുയന്ന ദിവ്യശക്തി കൊട്ടാരത്തെയോ അന്തഃപുരത്തെയോ, അതിന്റെ ശരിയായ വളർച്ചക്കു പ്രതിബന്ധങ്ങളായിക്കരുതിയിരുന്നില്ല. പക്ഷെ അവളുടെ ഈ നവീനമനോഭാവം അവളെ അസ്വസ്ഥയാക്കി; അവളുടെ ജാഗ്രതാവസ്ഥയെ ഇല്ലാതെയാക്കി; സുഷുപ്തിയെ നശിപ്പിച്ചു; സ്വപ്നപരമ്പരകളിൽക്കൂടി രാവും പകലും ഒരുപോലെ അവളെ നയിപ്പിച്ചു; അവളുടെ കൃത്യങ്ങളെ എപ്പോഴും മുടക്കി; അവളുടെ ഉത്സാഹത്തെയും പ്രസരിപ്പിനെയും അവളിൽനിന്നു മറച്ചു— ആ സാധ്വിയെ ആസകലം പരിതപിപ്പിച്ചു. പക്ഷെ ഈ താപത്തിലും അവൾ അമേയമായ ആനന്ദശീതം അനുഭവിച്ചിരുന്നു. ആ ആനന്ദത്തിന്റെ പരിധി കണ്ടറിഞ്ഞവരോ, പരിണാമം അറിഞ്ഞവരോ ലോകത്തിൽ ആരുംതന്നെയില്ല. അവളുടെ ഹൃദയദൌർബല്യത്തിന്നിടക്കു അവൾ അനുഭവിച്ചിരുന്ന ആനന്ദം അപ്രമേയമാണെന്നു അവൾ വിചാരിച്ചിരുന്നിരിക്കാം. കാർമ്മേഘങ്ങളുടെ ഇടയിൽ ശോഭിക്കുന്ന ചന്ദ്രൻ വളരെ പ്രകാശം കാണുമെന്നതു എത്രയോ പരമാർത്ഥമെന്നു അവൾ ആശ്വസിച്ചിരുന്നിരിക്കാം. എന്നാൽ ലോകരംഗത്തിൽ ഇറങ്ങി യാതൊരു അടവും പരിശീലിച്ചിട്ടില്ലാത്ത ആ ദിവ്യകന്യകയിൽ മദനൻ നാടകമാടുന്നുണ്ടായിരുന്നെങ്കിലും അവളുടെ മുഖഭാവംകൊണ്ടോ മററു രീതികൾകൊണ്ടോ, വാത്സ്യായനാദിശാസ്ത്രപടുക്കൾക്കുകൂടിയും യാതൊരു വികാരാവേശങ്ങളും അവളിൽ ഉണ്ടായിരുന്നതായി അറിവാൻ സാധിക്കയില്ല. അവളുടെ പ്രശാന്തരമ്യമായ മുഖം പ്രകാശിപ്പിച്ചിരുന്ന മന്ദസ്മിതത്തിൽ യാതൊരു പുതുനിറവുമിടകലർന്നില്ല; അവളുടെ മധുരമായ വാണിയിൽ കാമൻ യാതൊരു മായപ്പകിട്ടും കൂട്ടിയിട്ടുള്ളതായി ആരും ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. ദുഷ്ഷന്തനെ കണ്ടതിനുശേഷം ശകുന്തളക്കുണ്ടായ മനോഭാവങ്ങളെല്ലാം — ഒരുപക്ഷെ അതിൽ കൂടുതലും നളിനിയിൽ ഉണ്ടായിരുന്നി

മിക്കാറെങ്കിലും, താലവൃന്തത്തിൻെറയോ, താമരയിലയുടെയോ തളിർക്കൂട്ടത്തിൻെറയോ ആവശ്യം അവൾക്ക ലേശമുണ്ടായിരുന്നില്ല. അവളുടെ പ്രേമത്തിൻെറ പ്രായോഗശൂന്യതയെപ്പററിയുള്ള ദൃഢവിശ്വാസം പ്രേമത്തോടൊന്നിച്ചുതന്നെ അവളുടെ ഹൃദയത്തിൽ ഉദിച്ചുയന്നിട്ടുണ്ടായിരുന്നു. തന്മൂലം അവൾക്ക അല്പമായ ആശ്വാസവും ഉണ്ടാകാതിരുന്നില്ല. അവളുടെ സ്ഥിതി കേവലം ഒരു പരിചാരികയുടേതു മാത്രമായിരുന്നുവെന്നും, തൽക്കാരണത്താൽ രാജകുമാരനുമായി യാതൊരു തരത്തിലും ബന്ധിക്കുവാൻ സാദ്ധ്യമല്ലെന്നും അവൾ വിശ്വസിച്ചു. എന്നാൽ പരിചാരികാസ്ഥാനത്തിൽനിന്നും രാജ്ഞീസ്ഥാനത്തിലേക്ക്, ആരുമേതുമറിയാതെ അനേകം സ്ത്രീകൾ പണ്ടും ഇന്നും ഉയർത്തപ്പെട്ടിട്ടുണ്ടെന്ന് ആ ബാലികക്ക് അറിവുണ്ടായിരുന്നില്ല. ഈ ലോകത്തിലെ കള്ളങ്ങളും നാട്യകളും എല്ലാം അപരിചിതമായിത്തന്നെ സ്ഥിതിചെയ്യുന്ന ആ ബാലിക ഇതെല്ലാം അറിയുന്നതുമെങ്ങിനെ?

ആരാമത്തിൽനിന്നും അന്തഃപുരത്തിൽ ചെന്നു അവിടെ മണിയറയിൽ വേണ്ട കൃത്യങ്ങളെല്ലാം ചെയ്തു ശേഷം നളിന ഭോജനശാലയിൽ വന്നു ആഹാരം കഴിഞ്ഞതിനുശേഷം പതിവുപോലെ അവൾ നിദ്രക്കായി സ്വന്തം ശയനമുറിയിൽ പ്രവേശിച്ചു. എന്നാൽ എന്തോ മനശ്ചാഞ്ചല്യംകൊണ്ടു കുറച്ചു നേരംകൂടി ആരാമത്തിൽ പോയിരിക്കാമെന്നു തീർച്ചപ്പെടുത്തി, അവളുടെ ശയനമുറിയിൽനിന്നും പുറത്തേക്കിറങ്ങി. അവിടെനിന്നും ആരാമത്തിൽ പ്രവേശിക്കുന്നതിനു അന്തഃപുരത്തിൻെറ ഉത്തരഭാഗത്തായി സെലിമിൻെറ മണിമന്ദിരത്തിനടുത്തുണ്ടായിരുന്ന ഗൂഢമാർഗ്ഗത്തിൽകൂടിയല്ലാതെ വേറെ മാർഗ്ഗമുണ്ടായിരുന്നില്ല. ഈ ഗൂഢമാർഗ്ഗം—മൂന്നാമദ്ധ്യായത്തിൻെറ അവസാനത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നതും മെഹറിനെ മാററി പാർപ്പിക്കുവാനായി സെലിം കണ്ടുപിടിച്ചിട്ടുള്ളതുമായ മണിയറയിലേക്ക കയറുവാനുള്ള കവാടത്തിലേക്കുള്ളതായിരുന്നു. അവിടെ അപ്രകാരം ഒരു മുറിയുണ്ടെന്നോ, ആ മുറിയിൽ ആരെങ്കിലും താമസമുണ്ടെന്നോ നളിനക്ക അറിവുണ്ടായിരുന്നില്ല. സാധാരണയായി ആരാമത്തിൽ പ്രവേശിക്കുന്നതിനു അന്തഃപുരത്തിൽ കൂടി കയറിയാണ അവൾ പോകാറുള്ളതെങ്കിലും അന്നു അന്തഃപുരത്തിൻെറ ഗോപുരവാതിലുകൾ ബന്ധിച്ചിരുന്നതുകൊണ്ടാണ അവൾ നൂതനമായ ഈ പന്ഥാവിൽക്കൂടിത്തന്നെ പോകാമെന്നു തീർച്ചപ്പെടുത്തിയതു്. എന്നാൽ അ

വൾ ആ ഗൂഢമാർഗ്ഗത്തിൽ പ്രവേശിച്ച ഉടനെതന്നെ മുകളിൽ ഉണ്ടാ
യിരുന്ന ഗോവണിയിൽനിന്നു ഇറങ്ങി ആരോ ദ്രുതഗതിയായി താഴ
ത്തേക്കു വരുന്ന ശബ്ദം കേട്ടു അവൾ ഒരു വശത്തേക്കു ഒതുങ്ങി മാറി
നിന്നു. അവളുടെ ദൃഷ്ടികൾക്കു ലക്ഷ്യമായതു സെലിം രാജകുമാര
നല്ലാതെ മറ്റാരുമായിരുന്നില്ല. ആ ഗൂഢമാർഗ്ഗത്തിൽ ഇരുട്ടു ബാധി
ച്ചിരുന്നെങ്കിലും കുമാരൻെറ കണ്ഠത്തിൽ ശോഭിച്ച രത്നമാല്യങ്ങളുടെ
പ്രകാശം നമീറക്കു നല്ലതിൻവണ്ണം കാണാൻ കഴിഞ്ഞിരുന്നതിനാൽ
അവളുടെ ഉദ്ദേശം ലേശവും തെററിയില്ല. കുമാരനെ കണ്ട ഉടൻ
തന്നെ അവൾ അടുത്തുണ്ടായിരുന്ന വാതിലിൻെറ പുറകിൽ മറഞ്ഞു
നിന്നു. ആ ഗൂഢമാർഗ്ഗത്തിൻെറ അവസാനത്തിൽ ഒരു സ്ഫടികക്ക
വാടം ഉള്ളതായി അവൾ മനസ്സിലാക്കിയതപ്പോഴാണ്. ദ്രുതഗതി
യായി ഗോവണിയിൽനിന്നു ഇറങ്ങിയ കുമാരൻ യാതൊന്നും സംശ
യിച്ചു നില്ക്കാതെ ആ ഗൂഢമാർഗ്ഗത്തിൽകൂടി ഗതിയെ പിന്തുടർന്നു അ
ദ്ദേഹം പോകുന്നവഴി അവൾക്കു നിശ്ചയമില്ലാതിരുന്നെങ്കിലും ആ
സ്ഥലത്തേക്കു അവൾ സൂക്ഷിച്ചു നോക്കിക്കൊണ്ടുനിന്നു. അദ്ദേഹം,
മുൻപറഞ്ഞ സ്ഫടികവാതിൽ തുറന്നു വീണ്ടും ദ്രുതഗതിയായി നടന്ന
പ്പോൾ അദ്ദേഹത്തിൻെറ കഴുത്തിൽനിന്നു ഒരു മാല താഴത്തു വീണ
തുപോലെ അദ്ദേഹത്തെത്തന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടുനിന്ന നമീറ
ക്കു തോന്നി. ഈ വിവരം അറിയാതെ കുമാരൻ അദ്ദേഹത്തിൻെറ
ഗതിയെ തുടർന്നതേയുള്ളു. താഴെ വീണുപോയതു കുമാരൻെറ രത്ന
മാല്യമാണെന്നു പ്രകാശംകൊണ്ടു മനസ്സിലാക്കിയ നമീറ തൽക്ഷണം
ആ വാതുക്കൽ ഓടിച്ചെന്നു അതിനെ കൈയ്യിൽ എടുത്തു. അതി
ലുണ്ടായിരുന്ന ഒരു സ്വർണ്ണക്കൊളുത്തു വിട്ടുപോയതിനാലാണു അതു
താഴെ വീണതെന്നു അവൾക്കു മനസ്സിലായി. മാല കൈയ്യിൽ ഗ്ര
ഹിച്ച നിമിഷം മുതൽ അവളുടെ ദേഹമാസകലം വിറച്ചു. അവളു
ടെ കൈകളും മുഴുവനും വിയർക്കുന്നതായി അവൾക്കു തോന്നി. ഇപ്ര
കാരം അവൾ തനിയെ പറഞ്ഞു. "ഈ മാല ഞാനെങ്ങിനെ സൂ
ക്ഷിക്കും. അല്ലയോ രത്നമേ! നിൻെറ ഭാഗ്യത്തിനോടു എനിക്കു വ
ളരെ അസൂയ ഉണ്ടെന്നു ഞാൻ നേരെ പറഞ്ഞേക്കാം" ഇങ്ങിനെ
പുലമ്പിക്കൊണ്ടു അവൾ ആ മാല്യത്തെ മാറോടണച്ചു പുൽകി.
"ഹാ! നീ എവിടെ ഇരിക്കേണ്ടതാണ്? എവിടെ ഇരുന്നതാണ്?"
എന്നു അവൾ വീണ്ടും പറഞ്ഞുതുടങ്ങി. അല്പനേരത്തേക്കു അവൾ
അത്യധികമായ ആനന്ദം അനുഭവിച്ചതുപോലെ തൃപ്തിപ്പെട്ടു. എ

ന്നാൽ അതു പുഷ്പകംപോലെ ക്ഷണികമായിരുന്നു. അവളുടെ അതിരുകടന്ന ആനന്ദം അവൾ അറിയാതെതന്നെ നശിച്ചപ്പോൾ അവളിൽ ശേഷിച്ചിരുന്നതു ഭയങ്കരമായ ചില ആശങ്കകളായിരുന്നു. അവളുടെ കൈയ്യിൽ ഇരിക്കുന്ന രത്നമാല്യം ഒരിക്കലും രാജകുമാരന്റെ കണ്ഠാഭരണമായിരുന്നുവെന്ന് അവൾക്കറിയാം. ആ സ്ഥിതിക്ക് അതു അവളുടെ കൈവശം വെച്ചുകൊണ്ടിരിക്കുന്നതു വിവിധാപായങ്ങൾക്കു കാരണമായേക്കുമെന്നും അവൾ അറിയാതിരുന്നില്ല. എന്തായാലും ആ മാലയെ ഉടൻ കുമാരന്റെ കൈയ്യിൽതന്നെ തിരിച്ചേല്പിക്കണമെന്നു തീൎച്ചപ്പെടുത്തി അവൾ അദ്ദേഹം പോയ വഴിയെ പിന്തുടൎന്നു. പക്ഷെ അതിനും അവൾക്കു ശരിയായ ധൈൎയ്യമുണ്ടായിരുന്നില്ല. ഈ നിമിഷം വരെ അവൾ അദ്ദേഹത്തോട് അടുത്തു പെരുമാറിയിട്ടില്ല. കൊട്ടാരത്തിൽ വന്നതിനു ശേഷം അവൾ അദ്ദേഹത്തോടു സംസാരിച്ചിട്ടില്ല. അദ്ദേഹത്തിന്റെ അറിവോടുകൂടി അവൾ കൊട്ടാരത്തിൽ വരുന്നതിനുമുമ്പു ദേവാലയത്തിൽവെച്ച് ഒരിക്കലല്ലാതെ അദ്ദേഹത്തെ ദൎശിച്ചിട്ടില്ല. അതിലും വിശേഷിച്ച് ഏകാകിനിയായി അവിടെ നില്ക്കുവാനൊ, അദ്ദേഹത്തെ സമീപിക്കുവാനൊ അവളുടെ പരിശുദ്ധ മനഃസ്ഥിതി അവളെ അനുവദിച്ചില്ല. എന്നാൽ ഇതിനെല്ലാം വിപരീതമായി മറെറാരു മനഃസ്ഥിതിയും അവളിൽ പൊടുന്നനവെ ഉദിച്ചുയൎന്നു. അവൾ വളരെ ദിവസങ്ങളായി ഏതൊരു പുണ്യവാന്റെ സുകുമാരശരീരത്തെ സ്വപ്നവേളയിലെങ്കിലും ദൎശിക്കുന്നെങ്കിൽ സ്പൎശിക്കുവാനും ആഗ്രഹിച്ചിരുന്നു; ഏതൊരു മഹാന്റെ കോമളവിഗ്രഹമാണ് “കടാക്ഷശരമേല്പിച്ചു നേടാതെ” അവളുടെ വിടൎന്ന കണ്ണുകൾ ഏററവും ഉൽക്കണ്ഠയോടെ കാണുവാൻ പ്രതീക്ഷിച്ചിരുന്നു; എന്നുമാത്രമല്ല, അപ്രകാരം സാധിച്ചാൽ അവളുടെ സാഫല്യം സിദ്ധിച്ചതായി സംതൃപ്തിപ്പെട്ടുകൊള്ളാമെന്നുകൂടി അവൾ നിശ്ചയിച്ചിരുന്നു; ഏതൊരു കോമളന്റെ സുന്ദരമായ മുഖചന്ദ്രബിംബത്തിൽനിന്നും ഉയൎന്ന മന്ദഹാസാങ്കുരത്തെ ഏററ് അവളുടെ ഹൃദയനദം കല്ലോലത്തെ തള്ളിതകൎക്കുവാൻ ആഗ്രഹിച്ചിരുന്നു; ഏതൊരു ദിവ്യന്റെ പാദപല്ലവങ്ങൾ മുദ്ര പതിച്ചിട്ടുള്ള തറയിൽ സാഷ്ടാംഗപ്രണാമം ചെയ്തു തന്റെ ദിവ്യാശയത്തെ നിറവേററുവാൻ അവൾ ഇപ്പോഴും ആഗ്രഹിക്കുന്നു; ഏതൊരു സുകുമാരന്റെ രോമാഞ്ചിതമായ കഞ്ചുകത്തെ ദൎശിക്കുന്നമാത്രയിൽതന്നെ അവളുടെ കോമളവിഗ്രഹം പുളകകഞ്ചുകത്തെ സ്വയം നിൎമ്മിച്ചു ധരി

ക്കുന്നു; ഹാ! എത്രയോ ഐശ്വൎയ്യസൌഭാഗ്യത്തിലേക്കാണു് അത്യാദര
വോടെ ആ നിൎമ്മലബാലികയുടെ ഹൃദയം കുതിച്ചു ചാടുവാൻ കൊ
തിച്ചിരുന്നതു്; എത്രയോ യുവാവിന്റെ പാണിപല്ലവത്തെ — ഭാര
തസാമ്രാജ്യത്തിന്റെ ഭാവി സൌഭാഗ്യത്തിനെ തകൎക്കുന്ന നായകത്വത്തെ
പ്രദൎശിപ്പിക്കുന്ന തങ്കച്ചെങ്കോൽ വഹിക്കേണ്ട എത്രയോ കരപല്ലവ
ത്തെയാണു നിരാശ്രയയായി, നിൎദ്ധനയായി, നിരാലംബയായി ക
ഴിച്ചുകൂട്ടുന്ന ആ ഇളം തളിർമേനിയാളുടെ — ആ ലതാംഗിയുടെ ക
ളൎമാത്തട്ടു ഒന്നു തക്കപ്പുളകക്കുടംകൊണ്ടു സന്തോഷിപ്പിക്കുവാൻ
ആശിച്ചിരുന്നതു; അല്ല; ആശിക്കുന്നതു്; അതേ! ആ യുവാവു് —
ആ രാജകുമാരൻ — അനേകം സുന്ദരികളാൽ അൎച്ചിതനായി, ആശ്ലേ
ഷിതനായിരിക്കുന്ന ആ സെലിം രാജകുമാരൻ പോയവഴിയെ ചെ
ന്നു തന്റെ കൈയിൽ ഉണ്ടായിരുന്ന മാല്യത്തെ ഏല്പിക്കുവാൻ,
അവൾക്കു് എന്തോ ഒരു അവകാശം ഉള്ളതായി അവൾ അഭിമാനി
ച്ചു. സാധു! അവളുടെ അഭിമാനം — അവളുടെ അവകാശം അ
സ്ഥാനത്തിലാണെന്നു ആ അല്പപ്രായബാലിക അറിയുന്നതേയില്ല. മ
ണൽക്കാട്ടുകളെ മഹാരണ്യങ്ങളായും, യാചകനെ ഭൂപാലനായും, അ
ജ്ഞനെ ജ്ഞാനിയായും, വിഷത്തെ അമൃതായും, കാരസ്കരത്തെ ക
ല്പവൃക്ഷമായും, മലത്തെ കസ്തൂരിയായും ക്ഷണമാത്രംകൊണ്ടു മാറ്റുന്ന
ദിവ്യപ്രേമമേ! നിന്റെ ശക്തി അപ്രമേയം; നിന്റെ പ്രഭാവം അ
ത്ഭുതകരം; നിന്റെ മഹത്വം അനന്തം തന്നെയാണു; സംശയമില്ല.
ദേവേന്ദ്രനേയും കൽക്കഷണത്തെയും തമ്മിൽ ഐക്യമായി ബന്ധി
ക്കാൻ നിന്റെ ചാപല്യത്തിനു സാധിക്കുന്നുവല്ലോ! അഥവാ അ
ന്ധമായി വൎത്തിക്കുന്ന നീ ബാഹ്യോപാധികളെപ്പററി വിചാരിക്കുന്ന
തേയില്ല, എന്നതു് എത്രയോ പരമാൎത്ഥം! അതാ! നോക്കുക സെ
ലിം രാജകുമാരൻ പോയ വഴിയിൽക്കൂടി നസീറ പോകുന്നു. പാദ
ങ്ങൾ പതുക്കെ പതുക്കെ വെച്ചുകൊണ്ടു് അവൾ നടക്കുന്നതു്. അവളു
ടെ പ്രേമം അവളെ മുമ്പോട്ടു നയിപ്പിക്കുമ്പോൾ അവളുടെ പരിചാ
രികാത്വം അവളെ പുറകോട്ടു വിടുന്നതേയുള്ളൂ. നസീറ സാവധാന
ത്തിൽ നടന്നു ഉദ്യാനത്തിന്റെ അവസാനഭാഗത്തെത്തി. പ
ക്ഷേ അവിടെ, ചെന്നപ്പോൾ അവൾ കണ്ട കാഴ്ച അവളെ ഏററ
വും നിരാശപ്പെടുത്തി. ആ പാതയുടെ അവസാനത്തിൽ, അല്പമു
മ്പു തുറന്നിട്ടിരുന്ന കവാടം അടച്ചിരുന്നു. വാതിലിന്റെ ഉള്ളിൽ പ്ര
വേശിക്കുവാൻ നിവൃത്തിയുണ്ടായിരുന്നില്ല. വാതിൽ ദൃഢമായി ബ

ന്ധിക്കപ്പെട്ടിരുന്നു. ആ വാതലിന്റെ മേലെ ഭാഗത്തുണ്ടായിരുന്ന ഒരു ചെറിയ ജാലകം സ്ഫടികാവേഷ്ടിതമായിരുന്നു. നരീം ആ ജാലകത്തിന്റെ പഴുതിൽകൂടി അകത്തേക്കു സൂക്ഷിച്ചുനോക്കി. അഞ്ഞോട്ട് അത്യുൽക്കണ്ഠയോടെ തന്റെ നയനങ്ങളെ തുറിപ്പിച്ചപ്പോൾ കണ്ട കാഴ്ചയാണു അവയെ വിടർപ്പിക്കയും അതേ സമയത്തു തന്നെ തപിപ്പിക്കയുംചെയ്തതു്. അവളുടെ ഹൃദയത്തിൽ അജ്ഞാതമായി സ്ഥിതിചെയ്തിരുന്ന പ്രേമാങ്കുരത്തിന്റെ തഴച്ചുവളർന്ന പ്രതിമയാണ് ആ മനോഹരമായ മണിയറയിൽ അവൾ കണ്ടതു്. ഇപ്പോൾ അസ്പഷ്ടമായി അവളിൽ സ്ഥിതിചെയ്യുന്ന അത്യാശ അവിടെ പരിപൂർണ്ണമായി പ്രകാശിക്കുന്നതുപോലെ അവൾക്കു തോന്നി. അഥവാ അവിടെ കണ്ടതു് അവളുടെ രൂപംതന്നെ ആയിരിക്കുമോ?

മനോഹരങ്ങളായ സചിത്രവസ്ത്രങ്ങൾകൊണ്ടു അലങ്കരിക്കപ്പെട്ടിരുന്ന ആ മണിയറയുടെ നാലു ഭിത്തികളും നിലക്കണ്ണാടികൾകൊണ്ടും നീലക്കണ്ണാടികൾകൊണ്ടും ക്രമമായ രീതിയിൽ നിറഞ്ഞു ശോഭിച്ചിരുന്നു. സ്വർണ്ണദീപത്തിന്റെ ദീപ്തിപൂരത്താൽ ജാജ്വല്യമാനങ്ങളും, രത്നങ്ങൾകൊണ്ടും, തങ്കത്തകിടുകൾകൊണ്ടും ഖചിതങ്ങളുമായ രണ്ടു 'ഹംസതൂലികാതല്പസൽപല്യങ്കങ്ങൾ' ഭാസുരങ്ങളായ ഹംസതൂലശയ്യകളാൽ ഉല്ലസിച്ചിരുന്നു. പല്യങ്കങ്ങളുടെ പ്രതിബിംബം പതിഞ്ഞ സ്ഫടികഭിത്തികളിലെല്ലാം അനേകം പല്യങ്കങ്ങൾ പരിലസിക്കുന്നതുപോലെ നരീക്കു തോന്നി. പല്യങ്കങ്ങളിൽ ഒന്നിന്മേൽ—ഇടത്തുവശം ചരിഞ്ഞു കൊട്ടത്തെകുത്തി ഇടതുകരാംബുജത്താൽ ചികുരഭരം താങ്ങി, സർവ്വാഭരണവിഭൂഷിതഗാത്രിയായി നീലനീരാളപ്പട്ടുകൊണ്ടു ഉടലും മാറും മറച്ചു, ഉദ്ദേശം ഇരുപതുവയസ്സ് പ്രായം തോന്നിക്കുന്ന ഒരു തരുണി ശയിക്കുന്നതു്. ഉത്തുംഗമായ സ്തനങ്ങൾ, കൊട്ടത്തെയ്യുംകുത്തി ചരിഞ്ഞു കിടക്കുന്ന അവളുടെ മാറത്തിൽ പ്രശോഭിക്കുന്ന കഞ്ചുകത്തിന്റെ മുൻഭാഗത്തുണ്ടായിരുന്ന കസവുകരയെ അധരത്തിനോടൊപ്പം ഉയർത്തിയിരുന്നു. ശോഭാസൗന്ദര്യത്തിലും ചലനം നേടിയിരുന്ന കചഭാരത്തിനുമേൽ അവളുടെ വലത്തുകൈത്തലം പതിഞ്ഞു് അതിലെ വിരലുകളിൽ പ്രശോഭിച്ചിരുന്ന രത്നാംഗുലീയങ്ങളുടെ നിഴലിനെ കഞ്ചുകത്തിലെ ഉജ്ജ്വലമായ ഇഴകളിൽ വീശി നീണ്ടുചുവന്ന അംഗുലികളിൽ ഭൂഷണമായി അണിഞ്ഞിരുന്ന മോതിരങ്ങളുടെ ദീപ്തി, ദീപങ്ങളുടെ പ്രകാശത്തിൽ ഉജ്ജ്വലതരമായി ചമഞ്ഞു. സീമന്തരേഖയെ വ്യക്തമാക്കിയും അളകാവലിയുടെ ചില ഭാഗങ്ങൾ—മുന്നുനാലു് ഇഴകൾ മാത്രം—ഫാലത്തിൽ വക്ക ങ്ങാ

ത്തിയും കഴുത്തിടതിങ്ങിയ ചികുരഭാരത്തെ കമനീയമായി കെട്ടിവെച്ചിരുന്നതു് അതിനെ താങ്ങിയിരുന്ന ഇടതുകൈപ്പടത്തിൽ താമരത്തണ്ടിലെ വിടൎന്ന കമലപുഷ്പത്തിനോടു കൂടിയ കരിംപായൽപോലെ, കളങ്കമറ്റ പലഭാഗങ്ങളും ചിതറിയും, മോഹനമായി വിലസിച്ചു. ഉജ്ജ്വലവും പ്രസന്നവുമായ വദനപങ്കജം സൎവ്വത്ര പരിപാവനമെന്നു നസീറക്കു തോന്നി. വെൺകളിൎക്കല്ലുകൊണ്ടു കടഞ്ഞുവാൎത്തു ചുവപ്പുനിറം കലൎത്തിയമാതിരി പ്രശോഭിച്ചു ചെറുനാസികയും മിനുസമാൎന്ന കവിൾത്തടങ്ങളും കഴുത്തും കണ്ടിട്ടുംകണ്ടിട്ടും നസീറക്കു തൃപ്തിവന്നതേയില്ല. നാസികാഗ്രത്തിലെ നാസാമണി അധരപുടത്തെ ആശ്ലേഷിച്ചില്ലെങ്കിലും ആരക്തിമ പ്രതിഫലിച്ച് അതിന്റെ വെൺമ പോയി അരുണാഭ കലൎന്നുജ്ജ്വലിച്ചു. നീലാംബരത്താൽ പാദപങ്കജംവരെ മൂടിയിരുന്ന അവളുടെ കിടപ്പിന്റെ രീതി — ഹാ! എത്ര കേമം — എന്നു മാത്രമേ ആ അനലംകൃതയായ നസീറക്കു വിചാരിക്കുവാൻ കഴിഞ്ഞുള്ളു. ചരിഞ്ഞു കിടന്നിരുന്നതുകൊണ്ടു് ഇടത്തെ തുടയിൽ പതിഞ്ഞു ഉപരിയായി താമരക്കോൽപോലെ ഇരുന്ന വലത്തു കാലിന്റെ ജാനുകൎമ്മാത്രം അല്പം മുമ്പോട്ടു ചാച്ചുവെച്ചിരുന്നതിനാൽ പാദങ്ങളിൽ ഉണ്ടായിരുന്ന ആഭരണങ്ങളെ ശരിയായി കാണുവാൻ നസീറക്കു കഴിഞ്ഞിരുന്നില്ല. എങ്കിലും ഇടക്ക് ആ സുന്ദരി കണങ്കാൽ വിറപ്പിച്ചിരുന്നതിനാൽ ആഭരണങ്ങളുടെ ശിഞ്ജിതം മണിയറയുടെ പ്രശാന്തതയെ ഭഞ്ജിച്ചിരുന്നു. നസീറ ഇപ്രകാരമുള്ള ആ ദിവ്യരൂപത്തെക്കണ്ടു ആ സൌന്ദൎയ്യത്തിനെ മനസ്സുകൊണ്ടു് അഭിനന്ദിക്കയും ആരാധിക്കയും ചെയ്തു.

രാജകുമാരനെ കാണണമെന്നുള്ള ആശയോടുകൂടിയാണു് അവൾ അകത്തേക്കു നോക്കിയതെങ്കിലും, കണ്ടതു ഒരു സൌന്ദൎയ്യദേവതയെ മാത്രമായിരുന്നു. സെലിമിനെ അവിടെ എങ്ങുംതന്നെ കണ്ടില്ല. അവൾ ഇപ്രകാരം വിചാരിച്ചു "ഹോ! ഇവൾ — ഈ അഭിനവദേവത ആരായിരിക്കാം. ഈ കൊട്ടാരത്തിൽ ഇപ്രകാരമൊരു ദേവിയുണ്ടെന്നു ഇന്നുവരെ ഞാൻ അറിഞ്ഞിരുന്നില്ല. ഇതെന്റെ ഭാഗ്യമാണ്. സംശയമില്ല. ഈ ദേവി ഏതാണോ? ഈ സുന്ദരി ഇപ്രകാരം ഏകാന്തയായി താമസിക്കുന്നതെന്താണ്? ഈ മോഹനാംഗി മനുഷ്യസ്ത്രീയല്ല. നിശ്ചയം. ഏതോ ദിവ്യനാരിയാണു. അഥവാ ഞാൻ കാണുന്നതെല്ലാം സ്വപ്നമായിരിക്കാമോ? കുമാരനെ കാണുന്നില്ലല്ലോ. ഞാൻ സ്വപ്നംകാണുകയാണോ! ഹോ! അതെന്തിനാ? ഞാൻ ഇതാ ഇവിടെ നില്ക്കുകയല്ലേ? ഈ കാണുന്നതു ജനാലയാണ്.

ഇതു ഞാൻ വന്നിട്ടുള്ള വഴിയാണ്. പക്ഷെ കുമാരൻ എവിടെപ്പോയി? ഈ ദേവി ഈ ഗൂഢമാർഗ്ഗത്തിൽ വന്നതെന്തിനോ? വല്ല രാജകുമാരിയുമായിരിക്കുമോ? എന്നാൽ അവർ അന്തഃപുരത്തിൽ താമസിക്കേണ്ടതല്ലേ? ഇപ്രകാരം തനിയെ കിടക്കുന്നതെന്തിനു? ഇവർ ആരെയോ പ്രതീക്ഷിക്കുന്നുണ്ട്. സംശയമില്ല. കുമാരനെത്തന്നെയാണ്. അതാ! ആ ഭിത്തിയിൽ കുമാരന്റെ ഛായാപടം ഇരിക്കുന്നു. ഇവരുടെ കണ്ണുകൾ ആ ഛായാപടത്തിൽതന്നെ പതിഞ്ഞിരിക്കുന്നുവല്ലോ. അവൾ വേറെയൊന്നും നോക്കുന്നതേയില്ല. ഹാ! ഹൃദയമേ! നോക്കുക! നീ പ്രീതിപ്പെട്ടുകൊള്ളുക. നിന്റെ ഉടമസ്ഥയായ ഈ അംഗനക്കു ആശ്വസിക്കുവാനുള്ള മാർഗ്ഗമാണ് ആ കാണുന്നതു."

അവൾ ഇപ്രകാരം മനസ്സിൽ വിചാരിച്ച് അവിടെ നില്ക്കുമ്പോൾ ആ മുറിയുടെ മറ്റൊരു വാതിൽ ആരോ തുറക്കുന്ന ശബ്ദംകേട്ടു. ആ വാതിൽ ഏതു വശത്തുള്ളതാണെന്ന് അവൾ കണ്ടില്ല. പക്ഷെ വാതിൽതുറന്നശബ്ദവും കിടക്കയിൽനിന്നു ആ ദിവ്യസുന്ദരി ധൃതിയിൽ എഴുന്നേറ്റപ്പോൾ ആഭരണങ്ങളുടെ സങ്കലനം കൊണ്ടുണ്ടായ ശിഞ്ജിതവും ഒരേ സമയത്തുതന്നെ ആ മുറിയിൽ പൊന്തിക്കഴിഞ്ഞു. ആ മനോഹരി ശയ്യയിൽനിന്നു എഴുന്നേൽക്കവേ!—ഹാ! ഒരു തങ്കവിഗ്രഹം, അതേ! സെലിം തന്റെ ഭുജാമൃണാലങ്ങൾകൊണ്ട് ആ കൊച്ചുബാലികയെ എന്നപോലെ അവളെ താങ്ങിയെടുത്തു മടിയിൽ ഇരുത്തി അദ്ദേഹം ആ പര്യങ്കത്തിങ്കൽ ഉപവേശിച്ചു. പര്യങ്കത്തിന്റെ ഒരു വശത്തു തന്റെ കാലുകൾ കീഴ്പ്പോട്ടു തൂക്കിയിട്ടുകൊണ്ടു തന്റെ ഇടത്തു ഭുജാമൃണാലത്തിൽ പുറകുവശം ചാച്ചു മടിയിൽ കിടത്തിയിരിക്കുന്ന ആ മനോഹരിയുടെ വദനബിംബത്തിൽ അങ്കുരിച്ച മന്ദഹാസം—പരമാനന്ദലക്ഷ്യമായ കള്ളപ്പുഞ്ചിരി—കണ്ണാടിഭിത്തികളും കരിങ്കൽകെട്ടുകളും കടന്നു പുറത്തുവന്ന നാരിയുടെ മുഖത്തിൽ പ്രതിഫലിച്ച വെള്ള വീശിയതുപോലെ അവളുമൊന്നു പുഞ്ചിരിക്കൊണ്ടു! അവൾ പറഞ്ഞു:—"ഹാ! ഹാ! ദൈവമേ! എന്തൊരാനന്ദം! എനിക്ക് ഇത്രയും സന്തോഷം മതി. ഞാൻ ഇതിനു അത്രയും അർഹയല്ല. ആ ദേവിയുടെ ആനന്ദം എനിക്കുകൂടിയും സ്വർഗ്ഗസൌഖ്യത്തെ പ്രദാനം ചെയ്യുന്നുവല്ലോ. അതാ! നോക്കുക! കണ്ണേ!! നിനക്കു തൃപ്തിവരട്ടെ. നിന്റെ ആശ അതാ അവിടെ സഫലമാകുന്നു. അതുകൊണ്ടു നീ തൃപ്തിപ്പെടുക." ആ സുമംഗിയുടെ പുഞ്ചിരികൊണ്ട് അഞ്ചിതമായ അധരം, അന്തിച്ചോപ്പിൽ പൂർണ്ണചന്ദ്രനു നിലാ

വ്വ വിശാൻ കഴിയുമെങ്കിൽ ഉണ്ടാകാവുന്ന പ്രേമപരവശതയെ വഹിച്ചിരുന്നു. തന്റെ മുഖബിംബത്തെ അല്പമൊന്നു കുനിച്ചു തങ്കക്കതിരിന്റെ അധരപുടത്തിൽ സെലിം രാജകുമാരൻ ഒരു ചുടുചുംബനമുദ്ര കൊത്തി. ഹാ! ആ കവിൾത്തടങ്ങളിൽ — കണ്ഠത്തിൽ — മാറ്ത്തട്ടിൽ — നെറ്റിത്തടത്തിൽ — കൈപ്പുടത്തിൽ — വീണ്ടും അധരപുടത്തിൽ എന്നിങ്ങനെ പൌനരുക്ത്യദോഷം വകവെയ്ക്കാതെ അദ്ദേഹം ആവൎത്തിച്ചാവൎത്തിച്ചു പതിച്ച ചുംബനമുദ്രകൾ കണ്ടു നളിനസ്മിതന്നേയും തൃപ്തിയും ലജ്ജയും വന്നതായി തോന്നി. എന്നിട്ടും അവൾ സന്തോഷിച്ചു. നിൎമ്മലമായ സന്തോഷം അവളിൽ കുടികൊണ്ടു. വാസ്തവത്തിൽ നളിനയാണു പരമാത്മസുഖം അനുഭവിച്ചതെന്നു ആ സാധ്വ സ്വയം അഭിമാനിച്ചുവെന്നതിൽ തൎക്കമില്ല. ഇപ്രകാരം അവൾ കൌതുകത്തോടെ ഏകാഗ്രചിത്തയായി ആ പ്രേമോത്സവത്തിന്റെ ധ്വജപ്രതിഷ്ഠകണ്ടു ആനന്ദിച്ചുകൊണ്ടു നില്ക്കുമ്പോൾ, പാടിക്കൊണ്ടിരിക്കുന്ന വീണയുടെ ഒരു കമ്പി പെട്ടെന്നു പൊട്ടിയപ്പോഴുണ്ടാകുന്ന ഒരു ശബ്ദം അവിടെ വ്യാപിച്ചു:— "പ്രാണനാഥാ! ഇന്നു വരാൻ താമസിച്ചുവല്ലോ. ഞാൻ ഉറങ്ങിപ്പോകുമായിരുന്നു. അവിടുന്നു അന്തഃപുരത്തിൽ പോയില്ലേ? അല്ലെങ്കിൽ അവിടെത്തന്നെ ആയിരുന്നിരിക്കാം.

സെലിം — ഓമനേ! ഞാൻ ഇന്നു വന്നതു വേറെ വഴിയിൽക്കൂടിയാണ്. ഒരുപക്ഷേ കുമാരസേനാനിമാരോ കണ്ടേക്കുമെന്നു ഞാൻ ഭയപ്പെട്ടു. ഞാൻ മെഹറിനെ കാണരുതെന്നു പിതാവു വളരെ കൎശനമായി ശാസിച്ചിരിക്കുന്നു. ഹാ! നിന്നെ വിട്ടുപിരിഞ്ഞിട്ടു എനിക്കു ഡില്ലിസാമ്രാജ്യം വേണ്ട.

മെഹർ — അവിടുന്നു ഇപ്രകാരമരുളരുതു. ഞാൻ പാപിയാണു. പക്ഷേ ഭാഗ്യവതിയുമാണ്. കുമാരസേനാനി സംഗതികൾ എല്ലാം തന്നെ അറിയാമല്ലോ. പിന്നെ അയാളെ ഭയപ്പെടുന്നതെന്തിനാണു? നൂർ-മഹാളെപ്പറ്റി ചക്രവൎത്തി അന്വേഷിക്കുന്നില്ലേ?

സെലിം — അനുചരന്മാരെ എങ്ങും അയച്ചിട്ടുണ്ട്. ഷീയർചാരന്റെ തടവിൽ പാൎപ്പിച്ചിരിക്കുന്ന വിവരം പിതാവിനു അറിഞ്ഞുകൂട. നൂർ-മഹാൾ അവിടെത്തന്നെ ഉണ്ടെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. എല്ലാം നാശമായി. എന്തെല്ലാം കുഴപ്പങ്ങളാണുണ്ടാകാൻ പോകുന്നതെന്നു നിശ്ചയമില്ല. ആയിഷയെ കണ്ടിരുന്നെങ്കിൽ മതിയായിരുന്നു.

മെഹർ — അന്തഃപുരത്തിൽ ദേവി ഇതെല്ലാം അറിഞ്ഞിട്ടില്ലേ? യുദ്ധകാലത്തു ദേവി എന്നോടു പരിഭവിച്ചിരുന്നിരിക്കാം.

സെലിം — ദേവി വളരെ സാധുവാണെന്നു ഞാൻ ഇതിനുമുമ്പു ഒരു രാഗമണ്ഡപത്തിൽവെച്ചുതന്നെ പറഞ്ഞിട്ടുള്ളതല്ലേ? അന്നു നീ വേഷപ്രച്ഛന്നയായി യുദ്ധംചെയ്ത വിവരം ഞാൻ ദേവിയോടു പറഞ്ഞപ്പോഴും ദേവി അതിശയിക്കയാണു ചെയ്തതു. ദേവി കോപിക്കയില്ല. പിതാവിന്റെ ശാസനയാണു കഷ്ടം!

മെഹർ — അവിടത്തെ വന്ദ്യപിതാവിനു അതൃപ്തിവരത്തക്ക വിധത്തിൽ യാതൊന്നും പ്രവർത്തിക്കരുതു. എനിക്കു അപ്രകാരം ചെയ്യാൻ അധികാരമുണ്ടു്. പിന്നെ രാജ്യക്കാരും ജയപ്പൂർരാജ്യക്കാരും മുകിലന്മാരുടെ, ഇന്നത്തെപ്പോലെ എന്നും ശത്രുക്കൾതന്നെയാണു. ചന്ദബീബിയുടെ അനുഗ്രഹംകൊണ്ടു മാത്രമല്ലേ അഹമ്മദ്നഗരം കിട്ടിയതു്? അല്ലെങ്കിൽ അവരും അപ്രകാരംതന്നെ. അതെല്ലാം പോകട്ടെ, അവിടുന്നു ഇന്നുമുതൽ മനസ്സാലെ എന്നെ ഉപേക്ഷിക്കുന്നപക്ഷം ഞാൻ എവിടെയെങ്കിലുംപോയി ജീവിതം നശിപ്പിച്ചുകളയാം. എന്നാൽപിന്നെ ഭയം വേണ്ടല്ലോ.

സെലിം — എന്നാൽ അന്നു സെലിം മൃതനായിത്തീരും. എനിക്കു മെഹർമാത്രം മതി. സാമ്രാജ്യംവേണ്ട. ഓമനേ! സൌന്ദര്യസാഗരമായ നിന്നിൽ പ്രകാശിക്കുന്ന രത്നങ്ങളെക്കാൾ, ഞാൻ സാമ്രാജ്യത്തിലെ രത്നങ്ങളെ വിലയുള്ളതായി ഗണിക്കുന്നില്ല. ഇതാ! ഇന്നു ഞാൻ നിനക്കു മൂന്നു പനിനീർപ്പുഷ്പങ്ങൾ കൊണ്ടുവന്നിട്ടുണ്ടു്.

മെഹർ — എനിക്കു കൊണ്ടുവന്നുവോ?

സെലിം — പോരാ, സൌന്ദര്യത്തിനും, നൂർ-മഹാളിനും, മെഹറിനും ഓരോന്നുവീതം മൂന്നുപുഷ്പങ്ങൾ നിനക്കു തരുവാൻ ഞാൻ നിശ്ചയിച്ചിട്ടുണ്ടു്.

കുമാരൻ ഇത്രയുംപറഞ്ഞു് തന്റെ കൈയ്യിൽ ഇരുന്ന മൂന്നു പുഷ്പങ്ങളെ ആ സുന്ദരിയുടെ കൈയ്യിൽകൊടുത്തു. നാലാമതൊരു പുഷ്പമുണ്ടായിരുന്നെങ്കിൽ അതു നദീറയ്ക്കുവേണ്ടിയാണെന്നു പറയുവാൻ, ഇതെല്ലാംകണ്ടുകൊണ്ടുനിന്ന നദീറ ആഗ്രഹിക്കാതിരുന്നില്ല. മെഹർ പുഷ്പം വാങ്ങി ചുംബിച്ചു. ഉടനെ കുമാരൻ വീണ്ടും പറഞ്ഞു. "ഞാൻ ഈ പുഷ്പം ഉടൻ നശിപ്പിക്കും, എന്റെ പ്രേമത്തിനെ ആശ്ലേഷിക്കുവാനുള്ള ഭാഗ്യം ഈ പുഷ്പങ്ങൾക്കുണ്ടായതിൽ ഞാൻ അസൂയപ്പെടുന്നു" ഇത്രയുംപറഞ്ഞു് അദ്ദേഹം പുഷ്പം വാങ്ങുവാൻ കൈനീട്ടി. എന്നാൽ ആ സുന്ദരി അവയെ കൊടുത്തില്ല. അവർ രണ്ടുപേരുംതമ്മിൽ പിടിയും വലിയുമായി. അവസാനം പുഷ്പം കൈയ്യിൽ ചതച്ചുപിടിച്ചു. സെലിം തന്റെ കൈകൊണ്ടു അവളുടെ കരം

ഫുലികളെ നിവൎത്താൻ വളരെ ഉത്സാഹിച്ചു. പക്ഷെ അതിൽ സെലിം പരാജിതനായതേയുള്ളു. ഉടനെ സെലിം പറഞ്ഞു:— "ഇന്നാളെത്തെപ്പോലെ ഞാൻ തോറ്റുവെന്നു സമ്മതിച്ചേക്കാം. ഇനി പൂ എന്റെ കൈയ്യിൽ തരികയില്ലേ?

മെഹർ— അവിടുന്നു എനിക്കു എന്തു പ്രതിഫലം തരും?

സെലിം.— ഞാൻ ചക്രവൎത്തി ആകുമ്പോൾ നിന്നെ ഞാൻ ചക്രവൎത്തിനി ആക്കി സാമ്രാജ്യം മുഴുവനും തരും.

മെഹർ— അതിനു ഭാഗ്യവതികൾ വേറെ ഉണ്ടാകും. എനിക്കു അതൊന്നും വേണ്ട.

സെലിം— എന്നാൽപിന്നെ എന്തുവേണം?

മെഹർ— ഈ പൂക്കളിലെല്ലാംകൂടി എത്ര ദലങ്ങളുണ്ടോ അത്രയും ചും... ... ...ൾ സമ്മാനിച്ചാൽ പൂക്കൾ തരാം.

സെലിം— അങ്ങിനെതന്നെയാകട്ടെ

സെലിം ഈ കരാറനുസരിച്ചു പൂക്കൾവാങ്ങുവാനുള്ള ശ്രമമായി. മണിയറയുടെ പുറത്തു ഈ സംഭാഷണത്തെയും സംരംഭത്തെയും സകൌതുകം മനസ്സിലാക്കികൊണ്ടുനിന്ന നാരിയുടെ നയനങ്ങൾ അവൾ അറിയാതെതന്നെ അവളുടെ കൈപ്പടങ്ങൾകൊണ്ടു ക്ഷണനേരത്തേക്കു പൊത്തിക്കളഞ്ഞു. അവൾ അല്പനേരംകഴിഞ്ഞു ആ മുറിയിലേക്കു നോക്കിയപ്പോൾ അവിടെയുണ്ടായിരുന്ന ദീപങ്ങളുടെ ദീപ്തി മങ്ങിയതായും, അവരുടെ സംഭാഷണത്തിന്റെ സ്വരം ശാന്തവും മൃദുലവും ആയി കാണുന്നതായും മനസ്സിലാക്കി. ഇനി ഇവിടെ നില്ക്കുന്നതു തനിക്കുതന്നെയും ഹ്രീളോദ്ദീപകമാണെന്നു ഉദ്ദേശിച്ചു ആ സാധ്വി ആ മദനോത്സവസങ്കേതത്തിൽ നിന്നും പതുക്കെ പതുക്കെ തിരിഞ്ഞുനടന്നു. തന്റെ കൈയ്യിലുണ്ടായിരുന്ന ഹാരമാല്യത്തെ വീണ്ടും മാറോടണച്ചുകൊണ്ടു അവൾ ഇപ്രകാരം പറഞ്ഞു:—"ഭാഗ്യസങ്കേതമായ ഹാരമാല്യമേ! നിന്നെ ഞാൻ സ്പൎശിച്ചതിൽ വെച്ചു നിനക്കു മാലിന്യം ഉണ്ടാകാതെയിരിക്കയില്ല. ഞാൻ മലിനയും അഗതിയുമാണ്. ആ സ്ഥിതിക്കു തിരുമനസ്സിലെ തിരുനെഞ്ചിനു ദിവ്യാഭരണമായി പ്രശോഭിച്ചു നിന്നെ, ഞാൻ ഏതുപ്രകാരമാണു ഇനി നിന്റെ ആവാസസ്ഥാനത്തു എത്തിക്കേണ്ടതു്? ഹാ! നിന്നെയും ഞാൻ നിൎഭാഗ്യവസ്തുവെന്നേ പറയും. ആ മോഹനാംഗിയുടെ ഭാഗ്യമല്ലേ ആരാധനീയം! ഹാ! അവൾ എത്രയോ ഭാഗ്യവതി. ആ മനോഹരി പുണ്യസങ്കേതമാണ്. തിരുമേനിയുടെ പട്ടമഹിഷിയായ അംബികാദേവി

യുടെ സൌന്ദര്യത്തെക്കൂടി അതിശയിക്കുന്ന രൂപലാവണ്യം ആ മഹതിയിൽ കളിയാടുന്നുണ്ടെന്നു നിസ്സംശയം പറയാം. പക്ഷെ ഇതുവരെ ഞാൻ അവരെ കണ്ടില്ലല്ലൊ. ഇവർ ഗൂഢമായി ഇവിടെ താമസിക്കുന്നതെന്തുകൊണ്ടാണ്? അല്ല, അദ്ദേഹംതന്നെ ദേവിയോടുപറഞ്ഞതെന്താണ്? ചക്രവർത്തിതിരുമനസ്സിൽനിന്നും അദ്ദേഹത്തിന്റെ ഈ പ്രേമനിർഝരിയുടെ പ്രവാഹത്തെ പ്രതിരോധിക്കുന്നുവെന്നല്ലേ പറഞ്ഞതു? ആ സ്ഥിതിക്കു ഇവരുടെ താമസം വളരെ രഹസ്യമായിരിക്കണം. ചക്രവർത്തി ചാരന്മാരെയും നിയോഗിച്ചിട്ടുണ്ടെന്നല്ലേ അദ്ദേഹം അരുളിയതു? ഹാ! ദൈവമേ! നീ എന്റെ ഈ ചാപല്യത്തെ സഫലമാക്കിത്തീർക്കേണമെന്നു എനിക്കു ലേശവും അനുമതിയില്ല. എന്നാൽ ആ നൈസർഗ്ഗികലക്ഷ്മിയുടെ മനസ്സിനു നീ യാതൊരുതരത്തിലും സന്താപം നല്കരുതെ! അവർ അദ്ദേഹത്തെ ഏതുരീതിയിൽ സ്നേഹിക്കുന്നുവെന്നു ഞാൻ കണ്ടതല്ലേ? പ്രേമത്തിനു ഈ തരത്തിൽ സജീവങ്ങളായ ചിത്രങ്ങൾ രചിക്കാൻ കഴിയുമെന്നറിഞ്ഞതു ഇന്നാണ്. ഹാ! എന്റെ പ്രേമം എത്രയോ ദുർബ്ബലം! എത്രയോ തുച്ഛം!! ആ മനോഹരിയുടെ പാദങ്ങളെ ക്ഷാളനംചെയ്യുവാൻകൂടി ഈയുള്ളവൾ അയോഗ്യതന്നെയാണ്. പിന്നെയെന്തിനാണു ഞാൻ ഈവക അത്യാഗ്രഹങ്ങളിലേക്കു കുതിച്ചുചാടുന്നത്? അതു എന്റെ മൌഢ്യംതന്നെയാണ്. അവരുടെ സംഭാഷണത്തിൽ പല കാര്യങ്ങളും ഉണ്ടല്ലൊ. ഏതാണ് ഈ സൌധം? ഏതാണ് നൂർ-മഹാൾ — ആശ്ചര്യം. ദേവലോകത്തിലെ സ്ത്രീകളെ എല്ലാം ഇദ്ദേഹം ഇവിടെ എവിടെയോ പാർപ്പിച്ചിരിക്കയാണ്. അതിൽ ഒന്നിനെ മാത്രമല്ലേ ഞാൻ കണ്ടുള്ളു? ഇതുപോലെ ഇനി എത്രയോ ഉണ്ട്. പക്ഷെ ഇതിൽ കൂടുതൽ സൌന്ദര്യം സ്ത്രീവർഗ്ഗത്തിൽ ആർക്കും കാണുകയില്ല. ഛെ! അതും മൌഢ്യംതന്നെയാണ്. ദേവിയെ ആദ്യംകണ്ടപ്പോൾ ഞാൻ ഇങ്ങിനെ തന്നെ കരുതിയതല്ലേ? ഇവർ രണ്ടുപേരും സുഖമായി ജീവിക്കട്ടെ. എന്റെ രക്ഷകകുമാരനും — എന്റെ രാജ്ഞിയും? — അവർ ഇങ്ങിനെതന്നെ താമസിക്കട്ടെ. എനിക്കു എന്നും ഇതുപോലെ കണ്ടുരസിക്കാമല്ലോ. അംബികാദേവി ഈ വിവരങ്ങളെല്ലാം അറിഞ്ഞിട്ടുണ്ടെന്നല്ലേ അദ്ദേഹം പറഞ്ഞതു? ആ സ്ഥിതിക്കു ആ ദേവിയുടെ നിലയെന്തു? അവർ ആരാധനീയതന്നെയാണ്. ഈതരത്തിൽ ക്ഷമയും [illegible] ആ ഭാവനയിൽ ഉണ്ടാകാതെ തരമില്ല. അല്ലയോ മനോചാപല്യമേ! നീയും ഞാനും അപഥത്തിലായി. നമ്മൾ രണ്ടുപേരും ഒരുപോലെ അധഃപതിച്ചു. നിന്നെ ഞാൻ ഈ രാത്രി എവിടെയാണേല്പിക്കേണ്ടതു?

എന്തായാലും ഇന്നുരാത്രി നീ എന്റെ മാറിൽത്തന്നെ ശയിക്കുക. ഞാനും തൃപ്തിയടയട്ടെ. നാളെ ഞാൻനിന്നെ എത്രവിധേനയെങ്കിലും കുമാരന്റെ അടുക്കൽ എത്തിച്ചുകൊള്ളാം. അതാ നേരം പാതിരാകഴിഞ്ഞല്ലോ" ഏവംവിധങ്ങളായ ചിന്തകളോടും സന്താപസങ്കോചങ്ങളോടുംകൂടി അവൾ ആ നിർഗ്ഗമപാതയിൽനിന്നും തിരിച്ചു അവളുടെ ശയനമുറിയിൽ പ്രവേശിച്ചു. ആ ഭഗ്നമാല്യത്തെ മാറോടണച്ചു, ചേർത്തുവെച്ചുകൊണ്ട് ആ പാവനാംഗി സ്വർഗ്ഗപുരത്തിലെ സ്വപ്നവീഥിയിൽക്കൂടി സസന്തോഷം സഞ്ചരിച്ചു. ആ മനോഹരിയായ ശർവ്വരി, ഒരു പുതിയ ചിത്രത്തെ നിർമ്മിക്കുവാനായി—പ്രേമരൂപത്തെ രചിക്കുവാനായി, അംബരാങ്കണത്തിലെ വെൺമേഘമായ ഫലകത്തിൽ, ഉദിച്ചുയരാൻ തുടങ്ങുന്ന ചന്ദ്രകലയുടെ ശ്രീപ്പരത്തെ വിതറി, തേച്ചുമിനുക്കിത്തുടങ്ങി. നടിയുടെ മാറിൽ ഇളകുന്ന മാലപോലെ നക്ഷത്രമാലകൊണ്ട് മോഹനമായ ശർവ്വരിയുടെ തിരുനെറ്റി ആ ചന്ദ്രകലയാൽ ഉജ്ജ്വലതരമായി പ്രശോഭിച്ചു.



പത്താം അദ്ധ്യായം.

നമ്മുടെ കഥ ആരംഭിക്കുന്നതിന് ഉദ്ദേശം ഇരുപതു സംവത്സരങ്ങൾക്കുമുമ്പ് നടന്നിട്ടുള്ള ഒരു സംഭവമാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുവാൻ പോകുന്നത്. ക്രിസ്ത്വബ്ദം ൧൫൮൬-ാം വൎഷം അക്ബറുടെ ഭരണകാലത്തിൽ ഏററവും വൈശിഷ്ട്യത്തോടുകൂടിയ ഒരു ഘട്ടമായിരുന്നു. കാശ്മീർ, സിന്ധ് എന്നീ രണ്ടു രാജ്യങ്ങളെ പിടിച്ചടക്കുന്നതിനായി ആഗ്രായിൽനിന്നും പതിനായിരത്തിൽ കൂടുതൽ ഭടന്മാരുമൊന്നിച്ചു പുറപ്പെട്ടു. ഏകദേശം അഞ്ചു സംവത്സരക്കാലത്തോളം അക്ബർ പലപ്പോഴായി യുദ്ധംചെയ്തിട്ടാണ് അവ രണ്ടും പിടിച്ചടക്കി സാമ്രാജ്യത്തോടു ചേൎത്തിട്ടുള്ളത്. ആ വൎഷാരംഭത്തിൽതന്നെ അക്ബർ കാശ്മീരത്തിലേക്കു പുറപ്പെട്ടു. അദ്ദേഹം ആഗ്രായിൽനിന്നും പോയതിനുശേഷം ഒരു പ്രഭാതത്തിൽ അദ്ദേഹത്തിന്റെ സ്നേഹഭാജനവും മാനപാത്രവുമായിരുന്ന വിദ്യാപതിയെന്ന ബ്രാഹ്മണൻ ചക്രവൎത്തിയെ കാണണമെന്നുദ്ദേശിച്ചു ആഗ്രായിൽ വന്നു. അദ്ദേഹത്തിന്റെകൂടെ അദ്ദേഹത്തിന്റെ പ്രിയപുത്രനായ ശിവപ്രസാദും ഉണ്ടായിരുന്നു. അവർ ആഗ്രായിലേക്കു വരുംവഴി ഏററവും വിസ്മയകരമായ ഒരു കാഴ്ചകണ്ടു. ആഗ്രായിൽനിന്നു ഉദ്ദേശം ഏഴുപതു നാഴിക വടക്ക്, രാജപാതക്കരികിലായി, ഒരു പേരാലിന്റെ ചുവട്ടിൽ അതികോമളമായ ഒരു ശിശു ശയിക്കുന്നുണ്ടായിരുന്നു. ഏകദേശം ഒന്നു വയസ്സിൽ കൂടുതൽ പ്രായമില്ലാതിരുന്ന ആ ശിശുവിനെ ചുററി ഒരു സൎപ്പം അതിന്റെ ഫണം വിടൎത്തു പൊക്കി ആട്ടിക്കൊണ്ടിരുന്നു. അനേകം ചെറു പുള്ളികളും പുറത്തു പൊൻവൎണ്ണം ചേൎത്തിട്ടുള്ളതുമായ ആ ഫണിരാജൻ ശിശുവിന്റെ മുഖത്തിനുമേലേ ഫണം വിടൎത്തു നിന്നുണ്ടായിരുന്നെങ്കിലും ശിശുവിനെ യാതൊരു വിധത്തിലും ഉപദ്രവിക്കാതിരിക്കുന്നതുകണ്ട് ദിവ്യന്മാരായ ആ രണ്ട് ബ്രാഹ്മണരും അത്ഭുതചിത്തന്മാരായി ചമഞ്ഞു. കുറച്ചുനേരം അവർ ആ സൎപ്പത്തിന്റെ ലീല കണ്ടുകൊണ്ടവിടെത്തന്നെ നിന്നു. ഒടുവിൽ വിദ്യാപതി പുത്രനോടായിട്ടു പറഞ്ഞു:—

"ഉണ്ണീ! നോക്കുക ഈ ശിശു സൌഭാഗ്യസൂചകം തന്നെയാണ്. ഈ ഫണി അതിനെ ഉപദ്രവിക്കാതിരിക്കുന്നതുതന്നെയും ശിശുവിന്റെ നൈസൎഗ്ഗികമായ സൌന്ദൎയ്യം അതിന്റെ ഹൃദയത്തെ ആവൎജ്ജിച്ചു പോയതിനാലാണ്. അതാ ആ ഫണം വിടൎത്തു ആടുന്നതു കണ്ടില്ലേ? അതിന്റെ അതിരുകടന്ന സന്തോഷത്തെയാണ് പ്രകടി

പ്പിക്കുന്നതു്. അതു ഒരു സ്ത്രീ പ്രജയാണു്. അനേയമായ സൌന്ദര്യത്തിനു് പൂർണ്ണേന്ദുക്കളുടെ ഹൃദയത്തെക്കൂടി ദ്രവിപ്പിക്കാൻ കഴിയുമെന്നുള്ളതിന്റെ ദൃഷ്ടാന്തം ഇതല്ലാതെ മറ്റൊന്നില്ല. നമുക്കു് ആ ശിശുവിനെ ഗ്രഹിക്കണം.

ശിവപ്രസാദ് — അവിടുന്നു പറഞ്ഞതു ശരിയാണു്. പക്ഷേ നാം ശിശുവിനെ ഗ്രഹിക്കാനായി അടുക്കുമ്പോൾ ഉടൻതന്നെ അതു ശിശുവിനെ ഉപദ്രവിച്ചേക്കും. സർപ്പത്തിനെ മാറ്റാതെ ശിശുവിനെ ഗ്രഹിക്കുന്നതെങ്ങിനെ?

വിദ്യാപതി — അതിനു് ഞാൻ വഴി കണ്ടിട്ടുണ്ടു്. ഞാൻ ഒരു ദിവ്യമന്ത്രം ജപിച്ചു ഒരു പാറക്കഷണത്തെ കുറച്ചു ദൂരത്തേക്കെറിയാം. മന്ത്രശക്തികൊണ്ടു് പാറക്കഷണം സർപ്പത്തെ അതോട്ടാകർഷിക്കുമ്പോൾ ശൗര്യത്തോടുകൂടി സർപ്പം അവിടെനിന്നും കുതിച്ചു പാറ കിടക്കുന്നിടത്തേക്കു ചാടും. തത്സമയം നീ ശിശുവിനെ എടുത്തുകൊണ്ടു് ഓടിക്കൊള്ളണം. പാറയിൽ കടിച്ചാൽ ഒരുപക്ഷേ അതു മരണം പ്രാപിച്ചേക്കും. അങ്ങിനെയാണെങ്കിൽ ഞാൻ വീണ്ടും അതിനെ ജീവിപ്പിച്ചുകൊള്ളാം.

വിദ്യാപതി ഇത്രയും പറഞ്ഞു് ഒരു പാറക്കഷണമെടുത്തു ദിവ്യമായ ഒരു മന്ത്രം ജപിച്ചു് അതിനെ ഒരു സൂക്ഷ്മക്കല്ലാക്കി പൊന്തലിന്റെ ചുവട്ടിൽനിന്നും അല്പം ദൂരെ എറിഞ്ഞു. ആടിക്കൊണ്ടിരുന്ന ഫണി തൽക്ഷണംതന്നെ കുതിച്ചുചാടി ആ കല്ലിന്റെ അടുക്കലേക്കു് പായുകയും, ശിവപ്രസാദ് ഉടൻതന്നെ ശിശുവിനെയും ഗ്രഹിച്ചുകൊണ്ടു് ഓടിപ്പോകയും ഒന്നിച്ചു കഴിഞ്ഞു. പാറക്കഷണത്തിൽ കോപത്തോടുകൂടി കടിച്ച സർപ്പം തന്റെ ഫണത്തെ നിലത്തുതല്ലി ബോധംകെട്ടു് അവിടെത്തന്നെ കിടന്നു. അതിന്റെ വക്ത്രത്തിൽനിന്നും ഉജ്ജ്വലമായ ഒരു രത്നം താഴെ പതിച്ചതായിക്കണ്ടു് വിദ്യാപതി അടുക്കൽ ചെന്നു അതിനെ കരസ്ഥമാക്കി. അദ്ദേഹം വീണ്ടും ഒരു പാറക്കഷണം ജപിച്ചു സർപ്പത്തിന്റെ ദേഹത്തിലേക്കെറിഞ്ഞു. ഉത്സാഹവും ഉന്മേഷവും കോപവും നശിച്ചു് ആ ഫണി പതുക്കെ പതുക്കെ ഇഴഞ്ഞു പൊന്തലിന്റെ ചുവട്ടിലേക്കുപോയി. വിദ്യാപതി നോട്ടംകൊണ്ടു് അതിന്റെ ഗതിയെ പിന്തുടർന്നു. അദ്ദേഹം ശിവപ്രസാദിന്റെ അടുക്കൽചെന്നു ഉടൻതന്നെ ശിശുവിനെ കൈയിൽവാങ്ങി ഇപ്രകാരം പറഞ്ഞു. "ഇത്ര കോമളയായ ശിശുവിനെ ഞാൻ ഇതിനുമുമ്പു് കണ്ടിട്ടില്ല. അതു ചിരിക്കുന്നതു നോക്കുക. ഈ ശിശു എങ്ങി

നെയാണ് അവിടെ വന്നതെന്ന് അന്വേഷിക്കണം. ഇതിൻെറ മുഖ
ത്തു ഒരു ചക്രവർത്തിനിയോഗം കാണുന്നുണ്ട്. ഇതു ഒരു ഉൽകൃഷ്ടകു
ടുംബത്തിൽ ജനിച്ചിട്ടുള്ളതാണ്. അതിൻെറ യോഗശക്തികൊണ്ടാ
ണ് പാണി ഉപദ്രവിക്കാതിരുന്നിട്ടുള്ളത്. ഇതിനെ എവിടെയാണ്
ഏല്പിക്കേണ്ടത്. നാം വളർത്തുന്നതു ശരിയല്ല. നമുക്കു തല്ക്കാലം
അതിനൊന്നും നിവൃത്തിയുമില്ല. ഏതായാലും ഈ താവളത്തോടൊന്നി
ച്ച കൊട്ടാരത്തിൽ ചക്രവർത്തിക്ക് തിരുമുൽക്കാഴ്ചയായി നിക്ഷേപി
ക്കാം" ഇപ്രകാരം തീർച്ചപ്പെടുത്തി അവർ ഇരുപേരും ആഗ്രായിലേ
ക്കു തിരിച്ചു. ആഗ്രായിൽ വന്ന ഉടൻതന്നെ, ചക്രവർത്തി കാശ്മീര
ത്തിലേക്കു സൈന്യസമേതം യാത്രയായിയെന്ന മനസ്സിലാക്കിയ വി
ദ്യാപതി പുത്രനോട് ഇപ്രകാരം പറഞ്ഞു. "ചക്രവർത്തി യുദ്ധം കഴി
ഞ്ഞു തിരിച്ചു വരുന്നതെന്നാണെന്ന നിശ്ചയമില്ല. അതുവരെ ഈ ശി
ശുവിനെ രക്ഷിക്കുവാൻ പ്രയാസമാണ്. അതിനു മുലപ്പാൽ കൊ
ടുക്കാതിരുന്നാൽ ക്ഷീണിക്കയും ചെയ്യും. ഏതായാലും ശിശുവിനെ
എനിക്കു വിശ്വാസമുള്ള ഒരാളെ ഏല്പിക്കാം. അയാൾ ചക്രവർത്തിയു
ടെ ഒരു വിശ്വസ്തദാസനാണ്. തല്ക്കാലം അയാൾതന്നെ വളർത്തട്ടെ.
ഒന്നാം പിന്നീട ചക്രവർത്തിയെ ഏല്പിച്ചുകൊള്ളാം. അതു തന്നെയാ
ണ് നല്ലത്." വിദ്യാപതി പറഞ്ഞതെല്ലാം പുത്രൻ കേട്ടു. അദ്ദേഹം
പറഞ്ഞു. "എനിക്ക് ഈ ശിശുവിനെ വിട്ടു പിരിയുവാൻ വളരെ വി
ഷമമുണ്ട്. എനിക്കു ചില ഊഹങ്ങളും തോന്നുന്നുണ്ട്. നമ്മൾ പേ
ർഷ്യയിൽ ആയിരുന്നതുകൊണ്ട് ഇവിടെ നടന്നിട്ടുള്ള സംഭവങ്ങൾ
ഒന്നുംതന്നെ അറിഞ്ഞിട്ടില്ല. ഞാൻ ചിലതെല്ലാം കേട്ടിട്ടുണ്ട്. ഇ
പ്പോൾ അതെല്ലാം പരമാർത്ഥമായിയെന്ന തോന്നുന്നു. ആ സ്ഥിതി
ക്ക് ഈ ശിശു ഗൂഢമായി വളരുന്നതു നല്ലതുതന്നെയാണ്." അവർ
ഇപ്രകാരം തീരുമാനിച്ചു ആ ശിശുവിനെ ആഗ്രായിൽതന്നെ ഒരു ഗൃ
ഹത്തിൽ കൊണ്ടുചെന്നു. അവിടത്തെ ഗൃഹാധിപൻ യോഗീശ്വര
നെ കണ്ടമാത്രയിൽതന്നെ സാഷ്ടാംഗപ്രണാമം ചെയ്തു വണങ്ങി നി
ന്നു. ഉടനെ വിദ്യാപതി പറഞ്ഞു. "ജയരാജാ! ഞാൻ ഇന്നു നിന
ക്കായി ഒരു വിശിഷ്ടസമ്മാനം തരുന്നുണ്ട്. നീ ഈ ഓമനയായ ശിശു
വിനെ ഏറ്റവും ഭദ്രമായും ഗൂഢമായും രക്ഷിച്ചു പുത്രിയെപ്പോലെ
കരുതി വളർത്തണം. ഞാൻ വരുന്നതുവരെ അവൾ ഇവിടെത്തന്നെ
വളരട്ടെ. ഇതു ചക്രവർത്തിയെ ഏല്പിക്കാനുള്ളതാണ്. ഞാൻ തിരിച്ചു
പേർഷ്യയിലേക്കു പോകയാണ്. ഒരുപക്ഷെ കാശ്മീരത്തിൽപോയി ച
ക്രവർത്തിയെ കാണും." വിദ്യാപതിയുടെ അനുഗ്രഹത്തോടുകൂടി ജയ

രാജൻ ആ ശിശുവിനെ സസന്തോഷം വാങ്ങി. യോഗീശ്വരന്മാർ ആഗ്രായിൽനിന്നും തിരിച്ചു പേർഷ്യയിലേക്ക് പോകയുംചെയ്തു.

അക്ബർ യുദ്ധങ്ങളെല്ലാം കഴിഞ്ഞു സ്വസ്ഥാനത്തിനായി 1596-ൽ ആഗ്രായിൽ വന്നു താമസം തുടങ്ങിയെന്ന് ഇതിനുമുമ്പ് മേലിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹം ആഗ്രായിൽ വരുന്നതിനു മുമ്പുതന്നെ കാശ്മീരത്തുവെച്ചു വിദ്യാപതിയെ കാണുകയും, അദ്ദേഹത്തിൽനിന്നും വിവരങ്ങൾ ഗ്രഹിക്കയും ചെയ്തിരുന്നു. വിദ്യാപതി സർപ്പത്തിന്റെ അടുക്കൽനിന്നും ഗ്രഹിച്ച രത്നത്തെ അക്ബർക്ക് കൊടുക്കയും അക്ബർ അതിനെ തന്റെ ഏററവും പ്രിയപ്പെട്ട സ്വർണ്ണപ്പെട്ടിയുടെ അടപ്പിന്മേൽ മകുടമായി അതിനോടു ചേർത്തു പതിച്ചു സൂക്ഷിക്കയും ചെയ്തു. അന്നത്തെ ആ ശിശുവിനു പന്ത്രണ്ടു വയസ്സു പ്രായമുള്ളപ്പോൾ വിദ്യാപതി ഒരു ദിവസം ചക്രവർത്തിയുടെ അടുക്കൽ വരികയും ചക്രവർത്തി ജയരാജനെ വിളിച്ച് ആ ബാലികയെ തിരുമുമ്പിൽ ഹാജരാക്കുവാൻ കല്പിക്കയും ചെയ്തു. ജയരാജൻ അപ്രകാരം പ്രവർത്തിച്ചു. വിദ്യാപതിയുടെ അനുഗ്രഹമനുസരിച്ച് അന്നുമുതൽ ആ ബാലികയെ കൊട്ടാരത്തിലെ ഒരു ദാസിയായി പാർത്തുകൊള്ളുവാൻ അക്ബർ അനുവദിച്ചു. അന്ന് അക്ബറുടെ താമസം ഡില്ലിയിലായിരുന്നു. ഉദ്ദേശം ഒരു സംവത്സരം കഴിഞ്ഞപ്പോൾ ജയരാജൻ ഒരു യുദ്ധത്തിൽ മരിച്ചു. വിദ്യാപതി വീണ്ടും പേർഷ്യക്കു പോകയും അക്ബർ ഡില്ലിയിൽനിന്നും താമസം ആഗ്രായിലേക്കു മാറ്റുകയുംചെയ്തു. ക്രിസ്ത്വാബ്ദം 1595-ൽ വിദ്യാപതി പേർഷ്യയിൽനിന്നും പുത്രനോടൊന്നിച്ചു ജയ്പ്പൂരിൽ താമസമാക്കി. ഇതിന്റെ അടുത്ത വർഷത്തിലാണ് അക്ബർ ആഗ്രായിൽ വന്നത്. ആയിടക്കാണ് വിദ്യാപതി തന്റെ തൊണ്ണൂറിനുമേലുള്ള വയസ്സിൽ അസ്വസ്ഥനായി, യശശ്ശരീരനായി തീർന്നത്. തന്റെ ഗുരുവിന്റെ നിര്യാണം അക്ബറെ വളരെ വേദനിപ്പിക്കയും അദ്ദേഹം ഘാതകന്മാരെപ്പററി ഗൂഢമായി അന്വേഷിക്കാൻ തീർച്ചപ്പെടുത്തുകയും ചെയ്തു. വിദ്യാപതി മരിക്കുമ്പോൾ ആ ബാലികക്കു പതിനാറു വയസ്സു കഴിഞ്ഞിട്ടുണ്ടായിരുന്നു. "നൂർ-മഹാൾ" എന്ന പേരോടുകൂടിയ ആ കന്യക ആഗ്രായിൽ ദാസിയായി താമസിച്ചിരുന്നകാലത്ത് അവളുടെ അസാധാരണസൗന്ദര്യത്താൽ ആ പൂർത്തചിത്തനായ സെലിം അവളെ പരസ്യമായിത്തന്നെ സ്നേഹിച്ചുവന്നു. പരസ്പരാനുരാഗത്താൽ ബദ്ധചിത്തരായിത്തീർന്ന ഈ യുവതീയുവാക്കന്മാരുടെ വേഴ്ച ചക്രവർത്തിക്കു വിരോധമായ്‌ഭവിക്കയും അദ്ദേഹം സാമ്രാജ്യത്തിനവകാശിയായ തന്റെ പുത്രൻ ഒരു പരിചാരികയിൽ അനുരക്തനായിത്തീരുന്നതിനെ ഏതുവിധത്തിലും നീതിപൂർവ്വം അവരുടെ പ്രേമത്തെ ധ്വംസിക്കണമെന്നു തീർച്ചപ്പെടുത്തുകയുംചെയ്തു. പല

പ്പോഴും അദ്ദേഹം സെലിമിനെ വിളിച്ചു ഗുണദോഷിച്ചു. എന്നാൽ സെലിം തന്റെ പിതാവിന്റെ ശാസന തന്റെ പ്രേമത്തെ ഉദ്ദീപിക്കുകയാണ് ചെയ്യുന്നതെന്ന് അനുഭവിച്ചുവന്നു. ഗത്യന്തരമില്ലാതെ ചക്രവർത്തി അവസാനത്തിൽ ഒരു പ്രത്യേക തീർച്ചചെയ്തു. അദ്ദേഹം ആഗ്രായിൽ വന്നഉടൻതന്നെ തന്റെ ഒരു വിശ്വസ്തസേനാനിയായി ഷിയർഖാനെക്കൊണ്ടു നൂർ_മഹാളെ വിവാഹംചെയ്യിക്കാൻ തീർച്ചപ്പെടുത്തി. ഈ വിവരം സെലിം അറിയാതിരുന്നില്ല. ചക്രവർത്തി അദ്ദേഹത്തിന്റെ ഉദ്ദേശംപോലെ ആഗ്രായിൽ വന്ന ഉടനെതന്നെ ഒരു രാത്രി പെട്ടെന്നു ഷിയർഖാനെ വരുത്തി നൂർ_മഹാളെ വിവാഹം ചെയ്തുകൊടുത്തു. ആ രാത്രിതന്നെ രാജശാസനക്കു കീഴടങ്ങേണ്ടിവന്ന നൂർ_മഹാളെ ഷിയർഖാനോടൊന്നിച്ചു ബംഗാളത്തേക്കു പൊയ്ക്കൊള്ളുവാൻ ചക്രവർത്തി ആജ്ഞാപിച്ചു. പിതാവിന്റെ ഈ ഉദ്ദേശം സെലിമിനു മനസ്സിലായിരുന്നെങ്കിലും പെട്ടെന്നു യാതൊന്നും പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഈ സംഭവങ്ങൾ നടന്നതു ക്രിസ്ത്വബ്ദം 1596_ലാണ്. ഈ വത്സരത്തിൽതന്നെ ചിറ്റൂർ രാജ്യം പിടിച്ചടക്കണമെന്നും, ജയപ്പൂർ രാജ്യം നശിപ്പിക്കണമെന്നും തീരുമാനിച്ച് അക്ബർ സെലിമിനെ യുദ്ധസന്നാഹങ്ങളോടുകൂടി യാത്രയാക്കി. വിദ്യാപതിയുടെ അപകടകരണത്തിനു തെളിവായി അജ്മീർ ജയപ്പൂർരാജ്ഞിയാണെന്നു മനസ്സിലാക്കിയ ചക്രവർത്തി സെലിമിനെ ആദ്യം അങ്ങോട്ടുതന്നെയാണ് അയച്ചത്. അദ്ദേഹം അവിടെ ചെന്ന ഉടൻതന്നെ ഭയങ്കരങ്ങളായ യുദ്ധസന്നാഹങ്ങളോടുകൂടി ജയപ്പൂർരാജ്ഞി മുഗൾസൈന്യത്തോട് എതിർത്തു. തന്മൂലം സെലിം തിരിച്ചുപോരേണ്ടിവന്നു. ജയപ്പൂരിൽനിന്നും സെലിം നേരെ പോയതു ബംഗാളത്തേക്കായിരുന്നു. അദ്ദേഹത്തിന് ഇതിൽ പ്രത്യേകം ഉദ്ദേശങ്ങളുണ്ടായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. നൂർ_മഹാളെ വിവാഹംചെയ്തുകൊണ്ടുപോയിരുന്ന ഷിയർഖാനെ വധിച്ച് അവളെ വീണ്ടെടുക്കണമെന്നായിരുന്നു സെലിമിന്റെ നിശ്ചയം. ഈ ഉദ്ദേശത്തോടുകൂടി അദ്ദേഹം 1597_ൽ ബംഗാളിൽ ചെന്നു. പക്ഷെ അവിടെ ചെന്നപ്പോഴാണ് അദ്ദേഹത്തിന് അതിശയവും അതിയായ നിരാശയുമാണുണ്ടായത്. ഷിയർഖാനുമായുള്ള വിവാഹം കഴിഞ്ഞ് അവർ രണ്ടുപേരുംകൂടി ബംഗാളിൽ വന്നുചേർന്ന ആ രാത്രിതന്നെ നൂർ_മഹാൾ അയാളുടെ അടുക്കൽനിന്നും എവിടെയോ ഒളിച്ചോടിപ്പോയി. ഷിയർഖാൻ പലസ്ഥലങ്ങളിലും അന്വേഷിച്ചിട്ടും യാതൊരു ഫലവും ഉണ്ടായില്ല. അവസാനം ആത്മഹത്യചെയ്തിരിക്കാമെന്നു തീർച്ചപ്പെടുത്തി ഷിയർഖാൻ താമസിക്കുമ്പോഴാണു സെലിം അവിടെ ആഗതനായത്. നൂർ_മഹാൾ അവിടെ ഇല്ലെന്നു മനസ്സി

ലാക്കിന്ന സെലിം, നൂർ-മഹാളിൻെറ മരണം ഷിയർഖാൻമുഖാന്തിരം ഉണ്ടായിട്ടുള്ളതാണെന്നു തീച്ചപ്പെടുത്തി അയാളെ ബന്ധിച്ചു ബങ്കാളിൽതന്നെ ഗൂഢമായി തടവിൽ പാപ്പിച്ചു. അയാളെ വധിക്കുന്ന പക്ഷം അക്ബർ അതിനെപ്പററി അറിയുമെന്നും അതു തനിക്കുതന്നെയും നാശകരമായി പരിണമിക്കുമെന്നും തീച്ചപ്പെടുത്തിയാണു ഗൂഢമായി അയാളെ കാരാഗൃഹത്തിൽ പാപ്പിച്ചതു്. ഇതിനുശേഷം നിരാശയോടുകൂടി സെലിം വീണ്ടും ജയപ്പൂർരാജ്യത്തിലേക്കു സൈന്യങ്ങളുമായി മടങ്ങി. സെലിം അവിചാരിതമായി യുദ്ധസന്നാഹങ്ങളോടുകൂടി രാജ്യം ആക്രമിച്ചതിനെപ്പററി അറിഞ്ഞപ്പോഠം നാടുവാണിരുന്ന റാണി വളരെ പരിഭ്രമിച്ചുവെങ്കിലും ഗത്യന്തരമില്ലെന്നു നിശ്ചയിച്ചു് ഉദ്ദേശം പതിനെട്ടുവയസ്സു പ്രായംവരുന്ന തൻെറ ഏകപുത്രിയോടൊരുമിച്ചു് സ്വസേനയെ നയിച്ചു് സെലിമിനോടു സധീരം പോരാടി. ഈ യുദ്ധം നടന്നതു 1598-ലെ വസന്താരംഭത്തിലാണു്. യുദ്ധത്തിനെ സംബന്ധിച്ചു വിവരങ്ങളും അനന്തരഫലങ്ങളും പിന്നീടൊരവസരത്തിൽ അറിയാവുന്നതാണു്.

ഷിയർഖാനേയും നൂർ-മഹാളിനേയും ബങ്കാളിൽ കാണ്മാനില്ലെന്നു ചക്രവത്തിയുടെ ചാരന്മാർ അക്കാലത്തുതന്നെ ധരിപ്പിച്ചിരുന്നു. ആഗ്രായിൽ താമസമുറപ്പിച്ചതിനുശേഷം ഇന്നുവരെ അദ്ദേഹത്തെ അസഹ്യപ്പെടുത്തിയിരുന്ന ഗൌരവകാര്യങ്ങളിൽ ഈ വത്തമാനംകൂടി ഉൾപ്പെട്ടിരുന്നുവെന്നും, ചക്രവത്തി അവരെപ്പററി ഗ്രഹിക്കുന്നതിനു നമ്മുടെ കഥ നടക്കുന്നകാലത്തുകൂടിയും പല അനുചരന്മാരെയും നിയോഗിച്ചിരുന്നുവെന്നും ഇതിനുമുമ്പ് അക്ബറും കുമാരസേനനും തമ്മിൽ നടന്നിട്ടുള്ള സംഭാഷണത്തിൽനിന്നും മനസ്സിലാക്കാവുന്നതാണു്. ഏകദേശം അഞ്ചു സംവത്സരങ്ങളോളം കഴിഞ്ഞിട്ടും ഇന്നും അദ്ദേഹത്തിൻെറ അന്വേഷണങ്ങഠം ഫലപ്രദമാകാതെതന്നെ സ്ഥിതിചെയ്യുകയാണു്. പക്ഷെ രഹസ്യങ്ങളെല്ലാംതന്നെ അറിയാവുന്നവരും ആഗ്രായിൽതന്നെ താമസമുണ്ടായിരുന്നുവെന്നു ചക്രവത്തി വിശ്വസിച്ചു. അദ്ദേഹം, നല്ല തണ്ടാമാല്യം കണ്ടെടുത്ത ഒരു രാത്രിയിൽ — കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ള രാത്രിയിൽ — കുമാരസേനനെ വിളിച്ചു് ഏറെനേരം ഗൂഢമായി സംസാരിക്കയുണ്ടായി. ചക്രവത്തിയുടെ നിദ്ദേശം അനുസരിച്ചു കുമാരസേനൻ അന്നുതന്നെ അശ്വാരൂഢനായി ഷില്ലിക്കു യാത്രയാകുകയും ചെയ്തു. അയാഠം എന്തിനാണു ഷില്ലിക്കു പോയതെന്നും, ചക്രവത്തി അയാളോടെന്താണു് അരുളിയിട്ടുള്ളതെന്നും നമ്മഠംക്കു് ഇപ്പോഠം അറിയാൻ നിവൃത്തിയില്ല.

പതിനൊന്നാം അദ്ധ്യായം

സോഫി— ഞാൻ അന്നേ പറഞ്ഞിട്ടുള്ളതല്ലേ, അവർ അകപ്പെട്ടു മെന്ന്? എന്റെ ദൈവമേ! ഒക്കെ ശരിയായി. നിനക്കിപ്പോഴും ബോദ്ധ്യമായില്ലേ പ്രാണനാഥാ?

കാസിം— എന്താണ്? അവരെപ്പറ്റി എന്തുകേൾക്കുന്നു? നീ പറഞ്ഞതൊന്നും എനിക്കു മനസ്സിലായില്ല. എല്ലാം വിധിപോലെയാണ്.

സോഫി— അതെ! അതു ഞാൻ പറയാം. ഇന്നു നേരം പത്തുനാഴിക പുലർന്നിട്ടും ആ കൊച്ചമ്മ ഉണർന്നില്ല. പോത്തുപോലെ അവിടെ കിടന്നുറങ്ങുന്നുണ്ടായിരുന്നു. ഛീ— കണ്ടില്ലേ ധിക്കാരം! ഇവിടെ ആയിരുന്നപ്പോഴും ഇതേ കാലത്തുതന്നെ എഴുന്നേൽക്കും. കൊട്ടാരത്തിലായപ്പോഴും അങ്ങിനെകാരമേയുള്ളു? മാസിയായില്ലേ? പിന്നെ എന്തുചെയ്യും? ഉറങ്ങാനും വിധിയല്ല. കൊതിയാണ്.

കാസിം— എന്നിട്ട്? അവിടെ നടന്ന കഥ പറയുക. അവർക്കു പറ്റിയ അബദ്ധമെന്താണ്?

സോഫി— എന്നിട്ടോ? ആ മൂധേവി അവിടെ കിടന്നുറങ്ങുന്നുണ്ടായിരുന്നു. കൊച്ചുതിരുമേനി രാവിലെ ആസ്ഥാനത്തിൽ എഴുന്നള്ളുന്ന സമയം കഴിഞ്ഞിട്ടും കിടന്ന മെത്തമേൽ കണ്ടില്ല. ഉടനെതന്നെ തവണക്കാരും പട്ടാളക്കാരും വിവരമറിഞ്ഞു. അതു കൊട്ടാരത്തിലെവിടെയും അന്വേഷിച്ചു തുടങ്ങി. എവിടെ കാണാനാണ്? കണ്ട പുള്ളിപ്പിഷാരകളെയൊക്കെ വിളിച്ചു മടിയിൽ കയറിവെച്ച് ലാളിച്ചാൽ ഇപ്രകാരമെല്ലാം കൊട്ടാരത്തെ കട്ടുമുടിക്കുമെന്ന ഞാൻ എന്നോ പറഞ്ഞിട്ടുള്ളതാണ്? ഇത്രയുമായപ്പോഴും അവളുടെ മുഖത്തുനിന്നും ഒരു കിട്ടിപോലും! എനിക്ക് ഇത്രയും മാത്രമേ അറിവാൻ കഴിഞ്ഞുള്ളു. ഞാൻ നടന്നോട്ടു പോയി നോക്കട്ടെ."

ഇത്രയും പറഞ്ഞ് സോഫി അവളുടെ ഗൃഹത്തിൽ നിന്നും സന്തോഷത്തോടുകൂടി പുറത്തേക്കിറങ്ങി. അവൾ വേഗം അന്തഃപുരത്തിൽ വന്നു. അന്തഃപുരത്തിന്റെ പുറത്തുള്ള ആരാമമണ്ഡപത്തിൽ നബീറ ദുഃഖിതയായി നില്പുണ്ടായിരുന്നു. അവളുടെ അടുക്കൽ ഒരു ഭടൻ നില്ക്കുന്നതു കണ്ട് സോഫി അവരുടെ അടുക്കൽ ചെന്നു. സോഫി ശബ്ദമൊതുക്കിയിട്ടു പറഞ്ഞുതുടങ്ങി: "എന്താ കഥ! ഇങ്ങിനെയൊക്കെ തന്നെ വേണം. ഈ കൊട്ടാരത്തിൽനിന്നും ഇത്രയും

കാലമായിട്ട ലക്ഷംപേർ കൂടി വച്ചാൽ ഇതുമ്പുകൂടികൊണ്ടുപോയിട്ടില്ല. ഈ സ്ഥിതിക്ക് തിരുമനസ്സിലെ സ്വർണ്ണപ്പെട്ടി മോഷ്ടിച്ചതും ഈ വാത്തരത്തിലുള്ള പരിഷകളാണ്. അന്വേഷണയാണ കൊണ്ടുപോയതെന്ന് പറയുന്നതെല്ലാം വെറുതെയാണ. അവർ എവിടെയോ പോയി ജീവിക്കുന്നു. കണ്ടോ! നിനക്കിനിയും സ്വർഗ്ഗം കിട്ടും. വേഗം ചെല്ലണം. ചക്രവർത്തി ഒണ്ടുസ്വാകം വെച്ചുകൊണ്ടു നില്ക്കുന്നു— എടീ ദ്രോഹി ഇങ്ങിനെ മോഷ്ടിക്കേണ്ടായിരുന്നു." സോഫിയുടെ ഈ പരുഷവചനങ്ങൾ കേട്ടപ്പോൾ ആ സാധുബാലികക്കുണ്ടായ മനോവേദന അവൾ ബാഷ്പധാരയാൽ പ്രദർശിപ്പിച്ചു. അവൾക്ക ഒരക്ഷരം പോലും ഉച്ചരിക്കുവാൻ ശക്തി ഉണ്ടായിരുന്നില്ല. നബീറയുടെ വിനീതമായ നില്പ് കണ്ടപ്പോൾ അല്പംകൂടി ഗൌരവം ഭാവിച്ചുകൊണ്ട് സോഫി വീണ്ടും പറഞ്ഞു. "തേടിപോലെ നില്ക്കുന്നതു കണ്ടില്ലേ? എടീ കള്ളി! ബുദ്ധിമാനായ ചക്രവർത്തി നിനക്ക തന്ന പേര ഏറ്റവും നല്ലതുതന്നെ. എന്താണെന്നു "ആനാകള്ളി" എന്നോ? കൊള്ളാം. നീ ഇനി ആനയെ മോഷ്ടിക്കും. എടീ ദ്രോഹി! നീ എന്തിനാണിതു മോഷ്ടിച്ചതു്?" നബീറയോടു ഇത്രയും പറഞ്ഞശേഷം സോഫി അവിടെ നിന്ന ഭടനോടായിട്ട പറഞ്ഞു. "താനെന്താ? ഈ പെട്ടപെണ്ണിനെക്കണ്ട് മോഹിച്ചു നില്ക്കുകയാണോ? ഉടനെ പിടിച്ച് കോട്ടാരത്തിൽ ഏല്പിക്കേണ്ടതല്ലേ?

ഭടൻ—അവൾ സാധുവാണ്. അവൾ മോഷ്ടിച്ചില്ലെന്നാണ് പറയുന്നതു്.

സോഫി—അല്ലല്ലാ, രാജകുമാരൻ അവൾക്ക തിരുമുൽക്കാഴ്ച വെച്ചതാണ്. മാല അങ്ങിനെ കൈയ്യിൽ കിട്ടിയതാണ് അല്ലേ തമ്പുരാട്ടി!"

ഇപ്രകാരം സോഫിയുടെ വാക്കുകൾ അതിരുകടന്ന് അവളെ സങ്കടപ്പെടുത്തുന്നതാണെന്ന് നബീറക്ക് തോന്നാതിരുന്നില്ല. അവൾ അല്പനേരം മൌനം ഭാവിച്ചു നിന്നെങ്കിലും പിന്നീട ധൈര്യമവലംബിച്ചു പറഞ്ഞു. "നിങ്ങൾ എന്നെ ശാസിക്കയും മറ്റും വേണ്ട. ഞാൻ പറയേണ്ട സ്ഥലത്തു് ഇതിന്റെ സംഗതികൾ പറഞ്ഞുകൊള്ളാം"

സോഫി—അയ്യോ! എന്റെ ദേവി_അവിടുന്ന കോപിക്കല്ലേ? എനിക്ക എന്റെ ദോഷമെല്ലാം ബോധിച്ചു!—എടികള്ളി. നിന്റെ "നിങ്ങളുമായ" ഞാൻ—തിന്ന ചോറിന്റെ സ്വാദ് നിന്റെ നാക്കിൽനിന്നും പോകുന്നതിനു മുൻപ് നീ ഇങ്ങിനെ പറയുമെന്ന ഞാൻ കരുതിയില്ല.

നജീറ — നിങ്ങളുടെ കേല്പ് ചോദിയ്ക്കുന്നെങ്കിൽ കളിക്കാതെയിരിക്കാം. നിങ്ങൾ എനിക്കു ചോറു തന്നെങ്കിൽ ഞാൻ നല്ലതു പോലെ വേല ചെയ്യിട്ടുണ്ട്.

സോഫി — കൂടുതൽ പറഞ്ഞാൽ അനുഭവമെന്താണെന്നറിയാമോ? നിന്റെ യോഗ്യതയൊന്നും ഇനി പ്രയോഗിക്കേണ്ട. ഞാനിനി ഇതിന്റെ അനുഭവം കാണിച്ചു തന്നിട്ടേ കാര്യമുള്ളു."

ഇത്രയും ഗൌരവസ്വരത്തിൽ ഗർജ്ജിച്ചുകൊണ്ട് കോപാന്ധയായി സോഫി അവിടെ നിന്നും അന്തഃപുരത്തിലേക്കു പോയി. സോഫിപോയ ഉടനെ ഭടൻ നജീറയോടു ഇപ്രകാരം ചോദിച്ചു. "നിങ്ങളുടെ പക്കൽനിന്നും ഈ മാല കണ്ടു പിടിച്ചതാരാണ്?"

നജീറ — ഞാൻ ഈ മാല കൊട്ടാരത്തിന്റെ പടിഞ്ഞാറുവശമുള്ള പാതയിൽനിന്നും ഇന്നലെ രാത്രി കണ്ടെടുത്തതാണ്. അപ്പോൾ തന്നെ രാജകുമാരനെ അന്വേഷിച്ചെങ്കിലും അദ്ദേഹത്തെ കണ്ട് ഇതു തിരിച്ചേല്പിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടു ഞാൻ ഇതിനെ ശയനമുറിയിൽകൊണ്ടുപോയി സൂക്ഷിച്ചു. രാത്രിയിൽ വളരെ നേരം ഉറക്കമിളച്ചതുകൊണ്ടു രാവിലെ എഴുന്നേല്ക്കുവാൻ താമസിച്ചു. താഴെ വച്ചാൽ പൊയ്പ്പോയെങ്കിലോ എന്നു കരുതി ഞാൻ എന്റെ കയ്യിൽ തന്നെ ഭദ്രമായി സൂക്ഷിച്ചിരുന്നു. പ്രഭാതമായതിന്റെ ശേഷം രണ്ടു ഭടന്മാർ എന്റെ ശയനമുറിയിൽ കയറിവന്നു. തത്സമയം മാലയുടെ ചില മണികൾ എന്റെ കൈപ്പടത്തിന്റെ പുറത്തു കിടക്കുന്നതായി കണ്ട് അവർ എന്നെ ഉറക്കെ ശബ്ദപ്പെട്ടു വിളിച്ചു. ഞാൻ പെട്ടെന്നു ഉണർന്നെണീറ്റപ്പോൾ അവർ ഇപ്രകാരം പറഞ്ഞു "നിനക്ക് ഈ മാല എവിടെനിന്നും കിട്ടിയതാണ്? വേഗം തൂക്കിൽ കയറിക്കൊള്ളുക". ഇതു കേട്ടു ഞാൻ അവരോടു പരമാർത്ഥമെല്ലാം പറഞ്ഞെങ്കിലും അവർ എന്നെ പിടിച്ചുകൊണ്ടുവന്നു നിങ്ങളെ ഏല്പിച്ചു. ചക്രവർത്തി തിരുമനസ്സിൽനിന്നും രാജകുമാരനുമായിട്ടുള്ള കൂടിക്കാഴ്ച കഴിഞ്ഞാൽ ഉടൻ എന്നെ കൊട്ടാരത്തിൽ ഏല്പിക്കണമെന്നു പറഞ്ഞിരിക്കയാണ്. ഇതാണു പരമാർത്ഥം." സാധാരണ ഭടന്മാരുടെ പരുഷത ലേശവും ഇല്ലാതിരുന്നതിനാൽ ആ ഭടൻ, നജീറയുടെ മൊഴി വാസ്തവമെന്നു വിശ്വസിക്കയും തന്മൂലം അവളെ ഉപദ്രവിക്കാതിരിക്കയും ചെയ്തു. അയാൾ പറഞ്ഞു "കൊച്ചുതിരുമേനി മാലപോയ വിവരം ചക്രവർത്തിയെ ധരിപ്പിക്കാൻ പോയിരിക്കയാണ്. ഒരു നാഴിക കഴിഞ്ഞാൽ കൂടിക്കാഴ്ച അവസാനിക്കും.

നമ്പി:— അതെ. എനിക്കു ലേശവും പരിഭ്രമിക്കേണ്ട കാൎയ്യമില്ല. ഞാൻ ഈ പരമാൎത്ഥമെല്ലാം അവിടെ അറിയിക്കാം. എന്നാൽ പിന്നെ തിരുമനസ്സിൽനിന്നും എന്നെ വിശ്വസിക്കാതിരിക്കയില്ല.

മടൻ:— എന്തായാലും തല്ക്കാലം ഇവിടെ നില്ക്കുവാനല്ലേ നിവൃത്തിയുള്ളു.

സോഫി അന്തഃപുരത്തിൽ ചെന്നപ്പോഴേക്കുംതന്നെ മാല പോയ വൎത്തമാനം കാട്ടുതീ പോലെ അവിടെ എങ്ങുംതന്നെ പടൎന്നിരുന്നു. അംബികാദേവി ഈ വൎത്തമാനം കേട്ടു വളരെ അദ്ഭുതപ്പെട്ടു. സോഫി കയറിച്ചെന്നു് ഉടൻതന്നെ ഇപ്രകാരം പറഞ്ഞുതുടങ്ങി.

“ദേവി! ഞാൻ അന്നു പറഞ്ഞില്ലേ? ഈ പെണ്കള്ളിയുടെ ഉള്ളാരം തന്നെ കണ്ടിട്ടില്ലെന്നു്! ദ്രോഹി മോഷ്ടിച്ചതു നല്ല സാധനമായിപ്പോയി. തിരുമേനിയുടെ കഴുത്തു്......”

ദേവി:— ഛേ! അസത്തേ! നീ അസംബന്ധം പറയുന്നോ? അവൾ മോഷ്ടിച്ചതാകട്ടെ, എന്നാൽ തന്നെ നീ എന്താണു പറയുവാൻ ഒരുങ്ങിയതു്?”

സോഫി പെട്ടെന്നു വല്ലാതെയായെങ്കിലും തന്റെ മനക്ലിപ്പിനെ പാൽപ്പുറിൽ പകൎത്തി ആ ബുദ്ധിശാലിനി പറഞ്ഞു “അല്ലാ തിരുമേനി! അടിയൻ പറയാനൊരുങ്ങിയതു മറ്റൊന്നുമല്ല. തിരുമേനിയുടെ കഴുത്തിൽനിന്നും ഇതു മോഷ്ടിച്ച പെണ്ണു ധീരവതിതന്നെയാണെന്നാണു്.

ദേവി:— ആകട്ടെ. അവൾ മോഷ്ടിച്ചുവെന്നു് എങ്ങിനെ വെളിവായി? അവളെ ഞാൻ കണ്ടില്ലല്ലോ!

സോഫി:— അതെതാ! മടന്മാർ മാലപോയ വിവരമറിഞ്ഞു എല്ലാസ്ഥലത്തുമന്വേഷിച്ചു. അപ്പോൾ ഇവളുടെ കൈക്കൽനിന്നും കണ്ടു പിടിച്ചു. അവൾ അതുംകൊണ്ടു കടന്നു കളയുവാൻ തരംനോക്കുകയല്ലായിരുന്നോ? അപ്പോഴല്ലേ മടന്മാർ കണ്ടതു്? അതു് എന്തായാലും നന്നായി. അല്ലെങ്കിൽ ബാക്കിയുള്ളവരും പഴിയേല്ക്കേണ്ടിവരുമായിരുന്നു.

ദേവി:— ശരിയാണു്! അവൾ അതുംകൊണ്ടു പോകുവാൻ തക്കംനോക്കുകയായിരുന്നു അല്ലേ? അതുകൊണ്ടുതന്നെയായിരിക്കാം അവൾ പ്രഭാതത്തിൽതന്നെ പൂക്കൾ എടുപ്പിക്കാതിരുന്നിട്ടുള്ളതു്.

സോഫി:— സംശയമുണ്ടോ? അപ്രകാരംതന്നെയാണു്. ഇതിപ്പോൾ തന്നെ കൊട്ടാരത്തിൽ അറിഞ്ഞിരിക്കും. തിരുമേനി അകത്തേക്കു് എഴുന്നള്ളിയിട്ടുണ്ടെന്നു കേട്ടു.

ദേവി:— അതെ. ഇന്നലെ ഇവിടെ വന്നപ്പോഴുതന്നെ പ്രഭാതത്തോ
ടും സമയമായിരുന്നു. കണ്ടറിയുവാൻ നേരമുണ്ടായിരുന്നില്ല. പ
ക്ഷെ രത്നമാല പോയവിവരം എന്നെ അറിയിച്ചില്ല. അതെപ്ര
കാരം പോയിയെന്നു നിശ്ചയമില്ലല്ലൊ.

സോഫി:— തിരുമേനിതന്നെ അവൾക്കു കൊടുത്തതാണെന്നല്ലേ അ
വർ പറയുന്നതു്? എന്തു ദ്രോഹമാണു് അവർ പ്രവർത്തിക്കുന്ന
തെന്നു നോക്കുക!

ദേവി:— കൊള്ളാം! ഇപ്പോൾ ഇങ്ങിനെയുമായൊ?

സോഫി:— അതെ. "കെട്ടിട്ടും കള്ളി മുൻപോട്ട്" എന്നല്ലേ പറയുന്നതു്?

ദേവി:— നന്നായി. ഇന്നലെ കുമാരൻ എവിടെ പോയി എന്നറി
ഞ്ഞില്ലല്ലൊ. ആ പറഞ്ഞ സംഗതി പരമാർത്ഥമായിരിക്കാം.

സോഫി:— ആ ദ്രോഹി മെഹർ എവിടെയാണിപ്പോൾ? അവളും
ഇവളും കൂട്ടുകാർതന്നെയാണെന്നാണു തോന്നുന്നതു്.

ദേവി:— അതൊന്നും എനിക്കറിഞ്ഞുകൂടാ. മെഹർ ഇവിടെ എങ്ങും
തന്നെ താമസിക്കരുതെന്നു ചക്രവർത്തി പറഞ്ഞിട്ടുണ്ടു്. ഞാൻ
ഇവിടെ വരുന്നതിനു മുമ്പ് നൂർ-മഹാൾ എന്നൊരു സ്ത്രീ കുമാര
ന്റെ കണ്ണിലുണ്ണിയായി താമസിച്ചിരുന്നുവെന്നു കേട്ടിട്ടുണ്ടു്. അ
തിനെയും ചക്രവർത്തിതന്നെ പറഞ്ഞയച്ചതാണു്.

സോഫി:— മെഹർ കൊട്ടാരത്തിൽതന്നെ താമസമുണ്ടായിരുന്നു. ഇ
യ്യിടെ കുറച്ചു ദിവസങ്ങളായി കാണാറില്ല. കൊട്ടാരത്തിനു പുറ
ത്തെവിടെയെങ്കിലും താമസമുണ്ടായിരിക്കണം. അവിടുന്നു് ക
ല്പിച്ചു പറഞ്ഞാൽ പിന്നെ ആ ദ്രോഹി എവിടെ എങ്കിലും പൊ
യ്ക്കൊള്ളുമായിരുന്നു.

ദേവി:— "അതിനു ഞാൻ അപ്രാപ്തയാണു്. മെഹറിനെ അദ്ദേഹം
യഥാർത്ഥമായി സ്നേഹിക്കുന്നുണ്ടെങ്കിൽ ഞാൻ അതിനു വിപരീതം
പറയുകയില്ല. രാജകുമാരന്റെ ഇഷ്ടം തന്നെയാണു് എന്റേയും
ഇഷ്ടം. അതുകളെ. നീ പോയി പൂക്കൾ പറിച്ചു കൊണ്ടുവരണം.
ഇന്നെനിക്കു സ്നാനം വളരെ നേരത്തെയാണു്."

ആജ്ഞ അനുസരിച്ചു്, സോഫി, തന്റെ അന്നത്തെ കണി വ
ളരെ നന്നായിയെന്നു തീർച്ചപ്പെടുത്തി ആഹ്ളാദത്തോടു കൂടി പുറ
ത്തിറങ്ങിപ്പോയി. സോഫി പോയ ഉടൻ തന്നെ ദേവി അന്തഃപുര
ത്തിൽ നിന്നുമിറങ്ങി പുറത്തുണ്ടായിരുന്ന മണ്ഡപത്തിൽ വന്നിരു
ന്നു. ദേവിയുടെ ഹൃദയത്തിൽ പലതരം വിചാരങ്ങൾ കടന്നു കൂടി. ത
ന്റെ അനുമോദനത്തിനും വിശ്വാസത്തിനും പാത്രമായിരുന്ന നദീറ

ഒരു പെരുങ്കള്ളിയാണെന്ന് അരമന മുഴുവനും പ്രസ്താവിക്കുന്നു. അതിലും വിശേഷിച്ചു കുമാരന് അവളോടു തൃപ്തിയാണെന്നും മറ്റും സോഫി പറഞ്ഞപ്പോഴും ആ നിർമ്മലക്ക് അല്പം ക്ഷോഭമുണ്ടാകാതിരുന്നില്ല. ഇതിനെല്ലാം പുറമെ ഏറെ നാളായി മെഹറിനെപ്പറ്റിയുള്ള യാതൊരു വിചാരവും ദേവിക്കുണ്ടായിരുന്നില്ല. ഉദ്ദേശം രണ്ടു സംവത്സരങ്ങളോളമായി സെലിം രാജകുമാരന്റെ അധിദേവതയെപ്പോലെ ജീവിക്കുന്ന മെഹർ തന്റെ ഭാവിശ്രേയസ്സിനെ കബളീകരിച്ചെങ്കിലോ എന്ന ഭയമല്ലായിരുന്നു ദേവിയിൽ കുടികൊണ്ടിരുന്നതു. സെലിം രാജകുമാരനു മെഹറിനോടുണ്ടായിരുന്ന പ്രേമത്തിൽ ദേവിക്കു ലേശവും അസൂയ ഉണ്ടായിരുന്നുമില്ല. പക്ഷേ ചക്രവർത്തി ആ സംഗതിയെപ്പറ്റി കഠിനമായി വിരോധിച്ചിരിക്കെ, സെലിം വീണ്ടും അവളുമൊന്നിച്ചു സല്ലപിച്ചതായോ മറ്റോ ചക്രവർത്തി ഏതു വിധേനയെങ്കിലും അറിഞ്ഞാൽ പിന്നെ അദ്ദേഹത്തിനുണ്ടാകാവുന്ന ഭാവിയെപ്പറ്റി ദേവി ഭയപ്പെടുകയും സങ്കടപ്പെടുകയും ചെയ്തു. മെഹർ ഒരു ഉത്തമസ്ത്രീയാണെന്നു ദേവിക്കു നിശ്ചയമുണ്ടായിരുന്നു. എന്നു മാത്രമല്ല, അവളിൽ അനുരക്തനായി ഭവിച്ച കുമാരൻ ദേവിയോടു ചില ദൈന്യവാക്കുകളെല്ലാം പറഞ്ഞ് അവൾക്കു സപത്നീത്വം നല്കണമെന്നു യാചിച്ചപ്പോഴും സസന്തോഷം ദേവി അതു സ്വീകരിക്കയാണു ചെയ്തിട്ടുള്ളത്. എങ്കിലും ചക്രവർത്തിയുടെ ക്രൂരശാസനം ദേവിയെ പരിതപിപ്പിച്ചു. ഈ വിവരങ്ങളെപ്പറ്റി രാജകുമാരനെ ഉപദേശിക്കുവാനുള്ള ധൈര്യം ദേവിയിൽ ഉണ്ടായിരുന്നില്ല. പക്ഷേ യാചിക്കുവാനുള്ള ധൈര്യം അവരിൽ ഉണ്ടായിരുന്നെങ്കിലും അതിനുള്ള അവസരവും ലഭിച്ചിരുന്നില്ല. സോഫിയിൽ നിന്നും കിട്ടിയ വാർത്താശകലങ്ങളിൽ ചിലതെങ്കിലും പരമാർത്ഥമായിരിക്കാമെന്നു ദേവി വിശ്വസിച്ചു. നസീറയെ രത്നമാല്യത്തോടുകൂടി കണ്ടു പിടിച്ചു എന്ന വാർത്ത വാസ്തവമായിരിക്കുന്നുവെന്നും, അതനുസരിച്ച് ആലോചിക്കുകയാണെങ്കിൽ ഒന്നുകിൽ നസീറ മോഷ്ടിച്ചതോ, അല്ലെങ്കിൽ കുമാരൻ കൊടുത്തതോ ആയിരിക്കണമെന്നും, അങ്ങനെയാണെങ്കിൽ രണ്ടു പ്രകാരത്തിലും തനിക്കു സ്വൈരമില്ലെന്നും ദേവി അറിയാതിരുന്നില്ല. നസീറ സൗന്ദര്യത്തിൽ അദ്വിതീയയായിരുന്നുവെന്നു ദേവിക്കറിയാം. ഒരു പക്ഷേ രൂപോജ്ജ്വലയായ മെഹറിനെക്കൂടി അക്കാര്യത്തിൽ പരാജിതയാക്കിയ ആ പരിചാരികയിൽ അനുരക്തനാകാതിരിക്കത്തക്ക ഗൗരവം സെലിമിന്റെ ഹൃദയത്തിൽ കാണുകയില്ലെന്നു പല ഉദാഹരണങ്ങൾകൊണ്ടും ദേവിക്കു ദൃഢമായിട്ടറിയുകയും ചെയ്യാം. എ

ന്നാൽ എല്ലാം പൊടുന്നനെ സംഭവിച്ചതിലാണു ദേവി ഏററവും അമ്പരപ്പെട്ടതു്. ദേവി അവിടെ അല്പനേരം കൂടി നിന്നപ്പോൾ സോഫി പുഷ്പം പറിച്ചുകൊണ്ടു് അവിടെ വന്നു. ഉടൻ ദേവി സോഫിയോടു് ഇപ്രകാരം ചോദിച്ചു. "എന്താ! കേട്ടതെല്ലാം പരമാർത്ഥം തന്നെയല്ലേ? അവൾ മോഷ്ടിച്ചതാണെന്നു തന്നെ തെളിഞ്ഞോ?

സോഫി — തിരുമേനി! അടിയൻ ഇതു വളരെ നേരത്തെ തന്നെ പറഞ്ഞിട്ടുള്ളതല്ലേ? കണ്ട ഉടൻ തന്നെ അവൾ കള്ളിയാണെന്നു് അടിയൻ പറഞ്ഞില്ലേ? ആ "ശവ"ത്തിനെ ഞാൻ തന്നെ അവിടെനിന്നും ആട്ടി ഓടിച്ചിട്ടുള്ളതാണു്."

അക്ബർ ചക്രവർത്തി സോഫിയെപ്പററി പണ്ടു പറഞ്ഞ 'ശവം' എന്ന സംബോധന പത്തിരട്ടി ഉത്സാഹത്തോടുകൂടിയാണു സോഫി ഇവിടെ ഉച്ചരിച്ചതു്.

ദേവി — "നേരം വളരെയായി. സ്നാനം കഴിഞ്ഞില്ല. ഞാൻ പോകട്ടെ". ഇത്രയും പറഞ്ഞു ദേവി സോഫിയുമൊരുമിച്ചു നീരാടുവാൻ യാത്രയായി. ഇനി നമുക്കു നസീറയുടെ അടുക്കലേക്കു പോകുക.

നസീറ ഭടന്മാരോടൊരുമിച്ചു് അവിടെത്തന്നെ നില്ക്കുന്നതേയുള്ളു. അവളുടെ ഹൃദയത്തിൽ കഠിനമായ വ്യാകുലത ഉണ്ടായിരുന്നു. അവളുടെ തല്ക്കാലസ്ഥിതി എത്രയോ ഭയങ്കരമെന്നു് അവൾ ഓർക്കാതിരുന്നില്ല. പക്ഷെ അവൾക്കു ദൈവാനുഗ്രഹം ധാരാളമുണ്ടായിരുന്നു. അതു മറ്റൊന്നുമല്ല. യഥാർത്ഥസംഭവം അതുപോലെ തന്നെ ചക്രവർത്തിയെ ധരിപ്പിക്കുന്ന പക്ഷം അദ്ദേഹം അവളെ ശിക്ഷിക്കുകയില്ലെന്നു് അവൾക്കു നിശ്ചയമുണ്ടായിരുന്നു. എങ്കിലും കൊട്ടാരത്തിൽ നിന്നും വെട്ടുംപൊട്ടും കിട്ടുമെന്നു് ഇതിനു മുമ്പു പുരോഹിതൻ അവളോടു പറഞ്ഞിരുന്ന വാക്കുകൾ അവളുടെ ചെവിയിൽ മാറ്റൊലിക്കൊള്ളുന്നുണ്ടായിരുന്നു. അവൾ ഇപ്രകാരം വിചാരിച്ചു. "എന്റെ സ്ഥിതി എന്തായിരിക്കും. ഇപ്രകാരം ഒരു അപമാനം വരത്തക്കവിധത്തിൽ ഞാൻ യാതൊന്നും പ്രവർത്തിച്ചിട്ടില്ലല്ലോ. ദേവിയുടെ മനസ്ഥിതി എന്തുതന്നെയായിരിക്കണം. എന്നെപ്പററി ദേവിക്കുണ്ടായിരുന്ന വാത്സല്യമെല്ലാം ഇന്നത്തെ സൂര്യോദയം മാറിയിരിക്കണം. എന്നെപ്പററി ദേവിക്കുണ്ടായിരുന്ന സ്നേഹമെല്ലാം നശിച്ചിരിക്കണം. വിശേഷിച്ചും സോഫി ഈ വിവരങ്ങൾ അവിടെ പറയാതിരിക്കയില്ല. അവൾ ഉള്ള സംഗതികൾ ഒരിക്കലും അതുപോലെ പറയുകയുമില്ല. ഞാൻ ചക്രവർത്തിയോടു് എന്താണു പറയേണ്ടതു്. ഒരു പക്ഷെ ചക്രവർത്തി ഇ

തെല്ലാം വിശ്വസിച്ചാൽ പിന്നെ എന്റെ സ്ഥിതി എന്തു്? ഞാൻ പിന്നെ ഇവിടം വിട്ടു പൊയ്ക്കൊണ്ടാൽ മതി. അല്ലാതെ എന്റെ ഗതിയെന്താണു്? ഹാ! ദൈവമെ!! ആ ദേവാലയത്തിൽ തന്നെ ജീവിക്കയാണുത്തമം. അല്ലെങ്കിൽ കാസിമിന്റെ അടുക്കൽ തന്നെ താമസിക്കാമായിരുന്നല്ലോ. അതിനും ദൈവം അവസരം നൽകിയില്ല. എന്തെല്ലാമാണു സംഭവിക്കാൻ പോകുന്നതെന്നാരറിയുന്നു? എല്ലാം ഈശ്വരേച്ഛപോലെ വരട്ടെ. അല്ലാതെ ഈ ഉദ്വേഗം മറ്റെന്തു ചെയ്യും! ഹാ! കുമാരൻ ഇതെല്ലാം തന്നെ കേട്ടിരിക്കയില്ലേ? അദ്ദേഹം ഇതെല്ലാം വിശ്വസിച്ചിരിക്കയില്ലേ? അപ്രകാരമാണെങ്കിൽ പിന്നെ എന്റെ സ്ഥിതിയെന്തായിരിക്കും? ഞാൻ വിചാരിച്ചതെല്ലാം വെറുതെയായിത്തീരും. എന്റെ ആശകളെല്ലാം നശിക്കും; അല്ലെങ്കിൽ എനിക്കു് ഇനി മറ്റെന്തു് ആശയാണുള്ളതു്? എല്ലാം കഴിഞ്ഞില്ലേ— ഹാ! സർവ്വേശ്വരാ!" ഇപ്രകാരമെല്ലാം വിചാരിച്ചു് ആ സാധ്വി വാവിട്ടു നിലവിളിച്ചു. അവളുടെ ഇടതൂർന്ന സ്ഫടികഗണ്ഡങ്ങളിൽക്കൂടി അശ്രുധാരധാരയായി പ്രവഹിച്ചു് കഞ്ചുകത്തെ നനച്ചു. അശ്രുബിന്ദുക്കൾ വീണു നനഞ്ഞ കഞ്ചുകം, അവളുടെ കുചകുംഭകോരകത്തിന്റെ ചില ഭാഗങ്ങളെ വ്യക്തമാക്കി. ഈവിധം കരഞ്ഞുകൊണ്ടു നിന്നപ്പോൾ ഒരു തവണക്കാരൻ വന്നു് ഇപ്രകാരം പറഞ്ഞു. "അനാ! ആ പൈങ്കിളിയെ തിരുമുമ്പിൽ ഹാജരാക്കുവാൻ കല്പനയായിരിക്കുന്നു. ചക്രവർത്തി തിരുമനസ്സിലെ രാജകുമാരനൊരുമിച്ചു് അവിടെ എഴുന്നള്ളിയിരിക്കുന്നു." തവണക്കാരന്റെ വാക്കുകൾ കത്തുന്ന തീയ്യിൽ സർപ്പിസ്സെന്നപോലെ അവളുടെ ഹൃദയത്തിലെ സന്താപത്തെ വർദ്ധിപ്പിച്ചു. ഒരടിപോലും നടക്കുവാൻ കഴിവില്ലായിരുന്നെങ്കിലും ധൈര്യം അവലംബിച്ചു് ആ കന്യക, കാലദൂതന്റെ പുറകെ എന്ന പോലെ വളരെ സങ്കടത്തോടുകൂടി നടന്നു. ക്ഷണനേരം കൊണ്ടു് അവർ ചക്രവർത്തി എഴുന്നള്ളിയിരുന്ന മന്ദിരത്തിന്റെ വാതുക്കലെത്തി. തവണക്കാരൻ അകത്തു പ്രവേശിച്ച ഉടൻ തന്നെ അക്ബർ ചോദിച്ചു. "എന്താ! അനാർക്കലി വന്നില്ലേ?"
തവണക്കാരൻ— "കല്പനപോലെ."

ഇത്രയും പറഞ്ഞപ്പോൾ ചക്രവർത്തിയുടെ മുമ്പിൽ ആഗതയായ നടിയെ ഒരു മന്ദസ്മിതത്താൽ സമാലോകനം ചെയ്തുകൊണ്ടു അദ്ദേഹം പറഞ്ഞു.

"അനാർക്കലീ! നിന്നെപ്പറ്റി അപവാദം കേൾക്കുന്നുവല്ലോ. എ

ണ്ടു ചന്ദ്രനിൽ തമോബാധ ഉണ്ടായതെങ്ങിനെ? നീ രത്നമാല്യം മോഷ്ടിച്ചുവോ?”

ഇത്രയും കേട്ട ഉടൻതന്നെ തന്റെ കൈവശമുണ്ടായിരുന്ന രത്നമാല്യത്തെ അക്ബർ ചക്രവർത്തിയുടെ പാദത്തിങ്കൽ വെച്ചു സാഷ്ടാംഗപ്രണാമം ചെയ്തു വിനീതയായി നദീറ ഗദ്ഗദസ്വരത്തിൽ പറഞ്ഞുതുടങ്ങി:—

“തിരുമേനി! അടിയൻ പരമാർത്ഥം ഉണർത്തിക്കാം. അവിടുന്നു എന്നെ രക്ഷിക്കണം”

ചക്രവർത്തി—ശരി. നീ പരമാർത്ഥം പറയുന്നതു ഞാൻ കേൾക്കട്ടെ. ഉള്ള സംഗതി പറയണം. സെലിം രാജകുമാരന്റെ കണ്ഠാഭരണം നിന്റെ കൈവശം വന്നതെങ്ങിനെ?

നദീറ—തിരുമേനി അടിയനെ രക്ഷിക്കണേ! അടിയൻ ഈ മാല മോഷ്ടിച്ചിട്ടില്ല.

ചക്ര—ശരി. ഞാൻ അതെങ്ങിനെ വിശ്വസിക്കും? മാല പോയതും, നിന്റെ കൈവശം വെച്ചു കണ്ടെടുത്തതും പരമാർത്ഥം തന്നെയാണല്ലോ. മോഷ്ടിക്കാതെ ഇതു നിന്റെ കൈവശം വന്നുചേർന്നതെങ്ങിനെയാണ്?

നദീറ—ഇന്നലെ രാത്രി ഞാൻ ശയനമുറിയുടെ പുറത്തുള്ള വരാന്തയിൽ നില്ക്കുകയായിരുന്നു. അല്പനേരം കഴിഞ്ഞപ്പോൾ—”

നദീറ ഇത്രയും പറഞ്ഞപ്പോൾ, സെലിമിന്റെ ഹൃദയത്തിൽ പെട്ടെന്നു പല വികാരങ്ങളുമുണ്ടായി. സെലിം രാത്രിയിൽ മെഹറിനെ കാണാൻ പോയ പരമാർത്ഥം ചക്രവർത്തി അറിഞ്ഞാൽ അതു് ഏററവും ഗൌരവമായിപ്പരിണമിക്കുമെന്നു സെലിമിനു നിശ്ചയമുണ്ടായിരുന്നു. എന്നു മാത്രമല്ല, ഈ സാധുബാലിക ആ വക സംഗതികളൊന്നും തന്നെ അറിഞ്ഞിരിക്കയില്ലെന്നും സെലിം വിശ്വസിച്ചു. അദ്ദേഹത്തിന്റെ മുഖഭാവം അല്പാല്പമായി മാറിത്തുടങ്ങി. നദീറ അർദ്ധോക്തിയിൽ വിരമിച്ചപ്പോൾ ചക്രവർത്തി സഗൌരവം വീണ്ടും ചോദിച്ചു.

“അല്പനേരം കഴിഞ്ഞപ്പോൾ എന്തുണ്ടായിയെന്നു ഉടൻ പരമാർത്ഥം പറയണം.”

നദീറ—അടിയൻ ഉണർത്തിക്കാം.

ചക്ര—അനാർക്കലി ഒരിക്കലും കള്ളം പറയുകയില്ലെന്നാണ് അക്ബറുടെ വിശ്വാസം.

നദീറ—രാത്രി ഉദ്ദേശം പത്തു നാഴികയോളമായിട്ടിരുന്നു.

ചക്ര—ആ സമയം നീ ശയനമുറിയുടെ പുറത്തു വന്നതേയില്ലെന്നോ?
നദീറ—അടിയന് ഇന്നലെ അത്യധികമായ ഉഷ്ണം തോന്നിയതു
കൊണ്ട് ആരാമത്തിൽ അല്പനേരം വിശ്രമിക്കാമെന്നുദ്ദേശിച്ചു.
ചക്ര—കൊള്ളാം! അതു ഞാൻ വിശ്വസിക്കുന്നു.
നദീറ—അപ്പോൾ കൊച്ചുതിരുമേനി ആ വഴിയെ വരുന്നതു കണ്ടു—
ചക്ര—ഏതു വഴിയെ? സെലിം വന്ന വഴിയെതന്നെ?
നദീറ—ആരാമത്തിന്റെ പുറകുവശത്തു കൊട്ടാരത്തിലേക്കുള്ള ഗൂഢ
മാർഗ്ഗത്തിൽകൂടിയാണ് തിരുമനസ്സിൽനിന്നും എഴുന്നള്ളിയതു്."

നദീറ ഈ വാക്കുകൾ പറഞ്ഞപ്പോൾ ചക്രവർത്തിയുടെ മുഖം ചുവന്നു. അദ്ദേഹത്തിനു സെലിമിനെപ്പറ്റി പെട്ടെന്നു വീണ്ടും ആ ശങ്കകൾ തോന്നിത്തുടങ്ങി. അക്ബർ സെലിമിന്റെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. യാതൊരക്ഷരവും ഉച്ചരിക്കാതെ വീണ്ടും നദീറയോടു ചോദിച്ചു. "ഓമനക്കുട്ടീ! നീ പറയുന്നതെല്ലാം ഞാൻ വിശ്വസിക്കുന്നു. ആകട്ടെ ബാക്കി പറയൂ. രാജകുമാരൻ ആ വഴിയെ പോയപ്പോൾ നീ എന്തു ചെയ്തു? വാസ്തവം പറയുക.

നദീറ—ഞാൻ അവിടെത്തന്നെ അല്പനേരം ഇരുന്നിട്ടു. കൊച്ചുതിരുമേനി ദ്രുതഗതിയായി ആ ഗൂഢമാർഗ്ഗത്തിൽകൂടെ തെക്കോട്ടു നടക്കുന്നതായിരുന്നു. ഉടൻതന്നെ അദ്ദേഹത്തിന്റെ കഴുത്തിൽനിന്നും ഈ മാല പൊട്ടിത്താഴെ ഗോമേദകമണികൾ വീണു. ചന്ദ്രന്റെ പ്രകാശംകൊണ്ടു ഞാൻ അതു കണ്ടുവെങ്കിലും നടപ്പിന്റെ വേഗംകൊണ്ടു തിരുമേനി അതറിഞ്ഞില്ല."

നദീറ ഇത്രയും പറഞ്ഞപ്പോൾ അവിടെ ഉണ്ടായിരുന്ന വ്യത്യസ്തമുഖഭാവങ്ങൾ നദീറയെ അത്ഭുതപ്പെടുത്തുകയും വിഷമിപ്പിക്കയും ചെയ്തു. നദീറയുടെ മൊഴി കേൾക്കുന്തോറും ചക്രവർത്തിയുടെ സംശയങ്ങളെല്ലാം പരമാർത്ഥമായി തെളിഞ്ഞുവെന്നു ചക്രവർത്തി വിശ്വസിച്ചു. അനേകം മാസങ്ങളായി സെലിം രാജകുമാരനും മെഹറും തമ്മിലുള്ള സംസർഗ്ഗത്തെപ്പറ്റി അന്വേഷിച്ചറിയുന്നതിനുവേണ്ടി അദ്ദേഹം കുമാരസേനനേയും മറ്റു ചാരന്മാരേയും നിയോഗിച്ചിരുന്നുവെങ്കിലും അതിനെപ്പറ്റി പലതും ഊഹിക്കുവാനല്ലാതെ യാതൊന്നും അറിവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. എന്നാൽ, ഇപ്പോൾ ഈ സാധുബാലികയുടെ മൊഴിയെല്ലാംതന്നെ ഒരു കാര്യത്തെപ്പറ്റിയല്ല, കുമാരന്റെ നടപടിദോഷത്തെപ്പറ്റിയാണു ചക്രവർത്തിയെ ധരിപ്പിച്ചതു്. ഈ വിവരം ഗ്രഹിച്ച ചക്രവർത്തി നോക്കി [illegible] അന്തഃപുരകന്യകമാരുംകൂടി കാത്തിരുന്നു. ഇതി

ദാരുക്ക സെലിമിന്റെ മനസ്ഥിതി ഏതുപ്രകാരമായിരുന്നുവെന്നു നോക്കാം. സെലിം, രത്നമാല്യം പോയ വിവരം ചക്രവർത്തിയെ അറിയിച്ചപ്പോൾ അതു ഈവിധത്തിലുള്ള അനർത്ഥങ്ങൾക്കു കാരണമായി പരിണമിക്കുമെന്നു കരുതിയില്ല. നസീറയോടു, ആദ്യം ചക്രവർത്തി രത്നമാലയുടെ കാര്യത്തെപ്പറ്റി ചോദിച്ച സമയം അവൾ എന്തുത്തരമാണു പറയുവാൻ പോകുന്നതെന്നും അദ്ദേഹത്തിനു അറിവുണ്ടായിരുന്നില്ല. എന്നാൽ അവളുടെ വാക്കുകൾ ക്രമേണ തന്റെ “പൊതിഞ്ഞുവെച്ച ചാപല്യത്തെ വെളിവാക്കുകയാണ്” ചെയ്യുന്നതെന്നു സെലിമിനു മനസ്സിലായതോടുകൂടി അദ്ദേഹത്തിന്റെ ഹൃദയം അസഹനീയമായ വേദന അനുഭവിച്ചുതുടങ്ങി. താൻ ഗൂഢമാർഗ്ഗത്തിൽകൂടിപോയ വസ്തുത ചക്രവർത്തി അറിയുമെന്നായി ഊഹിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ രത്നമാല്യം പോയ വിവരത്തെപ്പറ്റിയും വെളിയിൽ പറയാതിരിക്കുമായിരുന്നു. അതു പൊറുക്കേണ്ടതു എന്നു സമാധാനിക്കയും ചെയ്യുമായിരുന്നു. അതിലും വിശേഷിച്ച് നസീറയുടെ വാചാ വാക്കം സത്യത്തിനൊത്തതെന്നു ദൃഢമായി വിശ്വസിച്ച ചക്രവർത്തി, അവൾ പറയുന്ന വാക്കിലൊന്നെങ്കിലും വിശ്വസിക്കുമെന്നും, ഉടൻ തന്നെ ഗൂഢമാർഗ്ഗം തേടിപ്പിടിച്ചു ചെന്നിട്ടു കൊല്ലുമെന്നും, അല്ലെങ്കിൽ തന്നെയും അവളോടൊന്നിച്ചു ശിക്ഷിക്കുമെന്നും സെലിം വിചാരിച്ചു. നസീറയുടെ മുഖത്തേക്കു അദ്ദേഹം പലപ്രാവശ്യം നോക്കി. എന്നാൽ ക്രൂരനായ ചക്രവർത്തിയുടെ മുമ്പിൽവെച്ചു താൻ നസീറയെ നോക്കുന്നതായി അറിഞ്ഞാൽ അതിൽ എന്തോ കള്ളമുണ്ടെന്ന് അദ്ദേഹം ധരിക്കുമെന്നും അതു വീണ്ടും ക്രോധത്തിനു കാരണമാകുമെന്നും കരുതി സെലിം തന്റെ ദൃഷ്ടിയെ പിൻവലിച്ചു. അദ്ദേഹം മനസ്സുകൊണ്ടു നസീറയുടെ കരുണയെ പ്രാർത്ഥിച്ചു; സർവ്വശക്തനോടു മനസ്സുകൊണ്ടു നല്ലതു പോലെ ധ്യാനിച്ചു. നസീറ ഇനിയെങ്കിലും അവിടെ നടന്നതൊന്നും പറയാതിരുന്നാൽ മതിയെന്നു ആശംസിച്ചു! അതാ! നോക്കുക ഒരു രാജകുമാരൻ അനുഭവിക്കുന്ന അപാരമഹിതം— ആശ്രയമായ സന്താപം!! തന്റെ സ്വാതന്ത്ര്യത്തിന്റെയോ— അല്ലെങ്കിൽ— നിസ്സഹായത്തിന്റെയോ— പ്രതിഫലം അടുത്ത രാത്രിയിൽതന്നെ അതിഗംഭീരനായ അക്ബർ ചക്രവർത്തിയിൽനിന്നും ലഭിക്കുന്നതാണെന്നും സെലിം ഭയപ്പെട്ടു. “ഞാൻ എന്റെ പിതാവിന്റെ മുമ്പിലല്ല, [illegible] ചക്രവർത്തിയുടെ സന്നിധാനത്തിൽ കുറ്റവാളിയെന്ന നിലയിലാണു നില്ക്കുന്നതെന്നും, നീ എന്നെ രക്ഷിച്ചില്ലെങ്കിൽ സെലിം അവസാനിക്കുമെന്നും” നസീറയെ

ധരിപ്പിക്കുന്നതുപോലെ സെലിം ആ പാവനാംഗിയുടെ കോമളമാ
യ മുഖകമലത്തിൽ ഒരു പ്രാവശ്യംകൂടി നോക്കി. ഇനി നമുക്ക് നസീ
റയുടെ മനഃസ്ഥിതിയെന്തായിരുന്നുവെന്നു നോക്കാം. നസീറയുടെ
ഹൃദയത്തിൽ പല വ്യാകുലതകൾ ഉണ്ടായിരുന്നെങ്കിലും താൻ ചക്ര
വർത്തിയെ ധരിപ്പിക്കേണ്ടതു സത്യാവസ്ഥയാണെന്ന് അവൾക്കു നിശ്ച
യമുണ്ടായിരുന്നതുകൊണ്ട് അവളുടെ വാക്കുകളിൽ അധൈര്യത്തി
ന്റെയോ ആശങ്കയുടേയോ ലക്ഷണം പോലും ഉണ്ടായിരുന്നില്ല.
തന്റെ വാക്കുകൾ കേട്ടപ്പോഴുണ്ടായ ചക്രവർത്തിയുടേയും സെലിമി
ന്റേയും മുഖങ്ങളിൽ പ്രതിഫലിച്ചിരുന്ന ഭാവങ്ങൾ ഇത്രയും വ്യത്യാ
സപ്പെട്ടവയും വൈപരീത്യമുള്ളവയും ആയിരുന്നതിനാൽ, ചക്രവ
ർത്തി സെലിമിനെപ്പറ്റി തെറ്റിദ്ധരിച്ചിട്ടുണ്ടെന്നും മറ്റും, തലേരാത്രി
തെറ്റിനോടുള്ള സെലിമിന്റെ സംഭാഷണം നസീറയെ മനസ്സിലാ
ക്കിയിരുന്നതു പെട്ടെന്ന് അവളുടെ ഹൃദയത്തിൽ ഉദിച്ചുയർന്നു. താൻ
വീണ്ടും പരമാർത്ഥസംഗതി വെളിപ്പെടുത്തിയാൽ സെലിമിന്റെ
സ്ഥിതി വളരെ [illegible] ചക്രവർത്തിയുടെ ഗംഭീരമു
ഖഭാവത്തിൽനിന്നും—അല്ലെങ്കിൽ—സെലിമിന്റെ വാടിയ പൂങ്കവി
ളിൽനിന്നും—അവൾ മനസ്സിലാക്കാതിരുന്നില്ല. അവൾ നിശ്ചയ
മായും ബുദ്ധിശൂന്യയല്ലാതിരുന്നതിനാൽ സെലിമിന്റെ വിനീതദൃഷ്ടി
അവളിൽ വാടിയ കമലങ്ങൾപോലെ പതിച്ചതിന്റെ അന്തരാർത്ഥം
പെട്ടെന്നു അവൾക്കു മനസ്സിലായി എന്നു മാത്രമല്ല. ഏതൊരു വി
ശാലലോചനങ്ങളിൽനിന്നും പൊഴിയുന്ന ഒരു കടാക്ഷവീക്ഷണത്തെ
യെങ്കിലും ലഭിച്ചാൽ മതിയെന്നു തലേരാത്രിവരെ അവൾ ആത്യാ
ഗ്രഹപ്പെട്ടിരുന്നുവോ, ആ കണ്ണുകൾ—അതാ—അവളുടെ പാദത്തിങ്കൽ
സാഷ്ടാംഗപ്രണാമം ചെയ്യുന്നുവല്ലോ എന്നു തോന്നുമാറു അദ്ദേഹ
ത്തിന്റെ മുഖം ദീനവും വിനയപൂർണ്ണവുമായിരുന്നുവെന്നു പ്രത്യക്ഷപ്പെട്ടു.
താൻ കുമാരനെ ഈ വിഷമഘട്ടത്തിൽ രക്ഷിക്കേണ്ടതു തന്റെ കട
മയാണെന്നു അവൾ തീർച്ചപ്പെടുത്തി. തന്നെ മരണമെന്ന നില
യിൽ ശിക്ഷിച്ചാലും, കുമാരൻ ദുർഘട്ടി എന്ന നിലയിൽ അപമാനി
തനാകരുതെന്നും, തന്റെ [illegible] രക്ഷിക്കുവാൻ കിട്ടിയ ക
നകാവസരത്തെ കളയുന്നതു പാപകരമാണെന്നും അവൾ ഉറച്ചുക
ഴിഞ്ഞു.

ചക്രവർത്തി അല്പനേരം മൗനമവലംബിച്ച ശേഷം വീണ്ടും ഇ
പ്രകാരം ചോദിച്ചു. "നസീറക്കുട്ടി നീ ആ വള്ളത്തിൽനിന്നും മാല
എടുത്തിട്ട് എവിടെക്കൊണ്ടുപോയി? എന്തുകൊണ്ടു അതുടൻതന്നെ
നീ കാവൽക്കാരെ ഏല്പിച്ചില്ല?"

നസീറ — ഞാൻ ആ വാതലിൻെറ അടുക്കൽ ചെന്നപ്പോഴും തന്നെ അദ്ദേഹം അവിടെനിന്നുംപോയിരുന്നു.

ചക്ര — ശരി. ആ വാതിൽ തുറന്ന് അകത്തേക്കല്ലേ പോയതു്?

നസീറ — അല്ല. വാതിൽതുറന്ന് അദ്ദേഹം ആരാമത്തിലേക്കുള്ള വഴിയിൽ കൂടിയാണു പോയതു്.

ചക്ര — അങ്ങിനെയോ? നീ എന്തുകൊണ്ടു വീണ്ടും ആരാമത്തിലേക്കു പോയില്ല?

നസീറ — ആ വാതിലുകളെല്ലാംതന്നെ ബന്ധിക്കപ്പെട്ടിരുന്നു. അവിടെ ആരുമാരും ഇല്ലാതിരുന്നതുകൊണ്ടു ഞാൻ വളരെ ഭയപ്പെട്ടു. അതുകൊണ്ടു ഞാൻ പോയില്ല.

ചക്ര — എന്നിട്ടു നീ സെലിം എങ്ങോട്ടു പോയി എന്നു അന്വേഷിച്ചില്ലേ?

നസീറ — ഉണ്ടു്. അടിയൻ ഗോപുരത്തിൽകൂടി ആരാമത്തിലേക്കു പോയി.

ചക്ര — അപ്പോഴും അവിടെ ആരുമുണ്ടായിരുന്നോ?

നസീറ — അവിടെ ദേവി ഉണ്ടായിരുന്നു.

ചക്ര — ദേവി തന്നെയായിരുന്നുവോ? അംബികാകുമാരി തന്നെയായിരുന്നുവോ?

നസീറ — അതെ. കൊട്ടാരത്തിൽനിന്നു ദേവിയുടെ മാളിക പള്ളിയറയിലേക്കു എഴുന്നള്ളി.

ചക്ര — അതു നീ കണ്ടുവോ? വാസ്തവം പറയണം.

നസീറ — ഉണ്ടു്. അടിയൻ അപ്രകാരം കണ്ടതുകൊണ്ടാണു ദേവിയുടെ മണിയറയിലേക്ക പോകാതെ മാന്ദ്യംകൊണ്ടു തിരിച്ചു പോന്നതു്. ഇതാണു പരമാർത്ഥം.

ചക്ര — ശരി. നിന്റെ വാക്കിനെ നാം വിശ്വസിക്കുന്നു. നീ പറഞ്ഞതെല്ലാം പരമാർത്ഥമാണെന്നു് എനിക്കു മനസ്സിലായി. നീ ഇതു ഗോപിച്ചിട്ടില്ലെന്നുതന്നെ നാം ധരിക്കുന്നു. നിന്റെ ധൈര്യത്തെയും നാം അഭിനന്ദിക്കുന്നു.

നസീറയുടെ സമാധാനങ്ങൾ അക്ബറെ തൃപ്തിപ്പെടുത്തി. എന്നു മാത്രമല്ല, സെലിമിനെപ്പറ്റി അദ്ദേഹം സംശയിച്ചുവന്നതിനെ തന്നെ നസീറയുടെ വാക്കിൽനിന്നും വ്യക്തമായതുകൊണ്ടു് അദ്ദേഹത്തിന് അനല്പമായ ചാരിതാർത്ഥ്യവും സന്തോഷവും ഉണ്ടായിരുന്നു. എന്നാൽ നാകന്മാരുടെ സന്താപത്തിന്റെ പക്ഷം ഇരട്ടി ആയിത്തീരും സെലിമിന്റെ പ്രേമത്തിൽ അദ്ദേഹം അറിയാതെതന്നെ ഉദിച്ചുയ

ങ്ങളെന്ന ചോദ്യമേ ഇല്ലല്ലോ. തന്റെ വിചാരങ്ങളെ സ്വപ്നം പോലെ മനസ്സിലാക്കി, ചക്രവർത്തിയുടെ യാതൊരു സംശയത്തിനും പാത്രമാകാതെയും, ആകുലതയും, ധൈര്യമായും ഭംഗിയായും തന്റെ മഹത്വത്തെപ്പറ്റി ധരിപ്പിക്കയും, തന്നെപ്പറ്റി യാതൊന്നും ധരിപ്പിക്കാതിരിക്കയും ചെയ്ത ആ ബുദ്ധിശാലിനിയുടെ അടുക്കലേക്ക് — ആ സൌന്ദര്യസങ്കേതത്തിലേക്ക് — സെലിമിന്റെ ഹൃദയവും നയനങ്ങളും കൊതിച്ചുകൊണ്ടു കുതിച്ചുചാടിത്തുടങ്ങി. അദ്ദേഹം ഇപ്രകാരം വിചാരിച്ചു:—

"ഹാ! മനോമോഹിനികേ! നാരീമണികേ! എന്റെ ജീവിതം ഇന്നുമുതൽ നിനക്ക് അധീനമായി ഭവിച്ചിരിക്കുന്നു. എത്രയോ കാമിനികളെ ഞാൻ കണ്ടിട്ടുണ്ട്! എത്രയോ സുന്ദരികളെ ഞാൻ സ്നേഹിച്ചിട്ടുണ്ട്! എത്രയോ പാവനാംഗികളെ ഞാൻ ആരാധിച്ചിട്ടുണ്ട്! എന്നാൽ ഇതുപര്യന്തം സെലിമിനെ അനുരാഗത്തിൽനിന്നും രക്ഷിച്ച് അപമാനങ്ങളും ഇല്ലാതെയാക്കുവാൻ സാധിച്ച ഈ കോമളാംഗിയുടെ ഹൃദയം മേഘംപോലെ അനന്യസാധാരണമായ സൌകുമാര്യത്തിനു ആകരമായിരിക്കുന്നു. സംശയമില്ല. പൌരുഷമൂർത്തിയായ ചക്രവർത്തിയോട് അദ്ദേഹത്തിന്റെ വാത്സല്യപാത്രമായ താൻ തന്നെയും വർത്തമാനം പറയുവാൻ എപ്പോഴും ഭയപ്പെടുമ്പോഴും, യാതൊരു അധൈര്യവും ഇല്ലാതെ, പ്രതിബന്ധവും കൂടാതെ നിശ്ചലവാക്കായൊരുത്തിയെ പ്രവർത്തിപ്പിച്ച ബാലികയുടെ ഹൃദയകാഠിന്യത്തെ ആരാധിക്കുവാൻ സാധുക്കളായ മനുഷ്യരാരും അപ്രാപ്തരെന്ന് സമ്മതിച്ചേ കഴിയൂ. ഹാ! എന്തൊരു ഭാഗ്യം! എന്തൊരു മനഃസ്ഥിതി!! എന്തൊരു വിക്രമം!! എന്തൊരു ഗുണം! എന്തൊരു മദനവിഗ്രഹം!!"

നർത്തകിയുടെ സംഭാഷണം കേട്ട് സന്തുഷ്ടനായ ചക്രവർത്തി, സെലിമിനോട് വളരെ സന്തോഷം തോന്നി ഇപ്രകാരം പറഞ്ഞു: "സെലിം! ഈ സാമ്രാജ്യത്തിന്റെ ഭാഗ്യമാണ്. അവരെ ഇതു ബോദ്ധ്യപ്പെടുത്താനെന്ന വിചാരിച്ചതുതന്നെയും സുകൃതമാണ്."

സെലിം — തിരുമനസ്സിലേക്ക് കല്പിക്കുന്നതു വളരെ പരമാർത്ഥമാണ്. അവർ പറഞ്ഞതു വാസ്തവമാണെന്ന് എനിക്കും തോന്നുന്നു. ഇന്നലെ രാത്രി ഞാൻ സ്വപ്നാവസ്ഥയിൽ വളരെ നേരം ശയനശാലയിൽ വർത്തമാനം പറഞ്ഞുകൊണ്ടിരുന്നു. അവിടെനിന്നും ഇറങ്ങിയപ്പോൾ നേരം അതിക്രമിച്ചിരുന്നതിനാൽ ഞാൻ പ്രത്യേകിച്ച് ആരാമപാതയിൽക്കൂടി പോയതു പറയേണ്ടതാണ്. അന്തഃപുരത്തിലേക്കാണ് പോയത്.

സെലിം ഇപ്രകാരം വർത്തമാനം പറഞ്ഞുകൊണ്ടിരുന്നപ്പോൾ സോഫി ചക്രവർത്തിയുടെ സഭാമണ്ഡപത്തിന്റെ പുറകുവശത്തുണ്ടായിരുന്ന ഗുപ്തകവാടത്തിന്റെ അരികിൽ വന്നു നിൽപ്പുണ്ടായിരുന്നു. നദീറയെ ഇങ്ങിനെ കയറ്റുന്നതു കാണ്മാൻ ഉത്സുകയായിരുന്ന സോഫി ചക്രവർത്തിയുടെ സംഭാഷണങ്ങളെല്ലാം ശരിയായി കേട്ടു. അവൾ കഴിയുന്നതും മനോവേദനപ്പെട്ടു. എങ്കിലും സംഭാഷണം പൂർത്തിയായി കേട്ടതിനു ശേഷം മാത്രമേ പോകുന്നുള്ളുവെന്നു അവൾ നിശ്ശബ്ദയായി ശ്രദ്ധിച്ചു.

അക്ബർ— അനാർക്കലീ! നിന്റെ ഹൃദയനൈർമ്മല്യത്തെ നാം ആരാധിക്കുന്നു. നീ ഇപ്പോഴും നിഷ്കളങ്കയാണെന്നു നാം വിശ്വസിക്കുന്നതുകൊണ്ട് ഇതാ! ഈ രത്നമാല്യം നിന്റെ കഴുത്തിൽത്തന്നെ പരിലസിക്കട്ടെ. എന്താ! സെലിം! നാം ഇതിനെ ഇവൾക്കുതന്നെ സമ്മാനിക്കാൻ തീർച്ചപ്പെടുത്തുന്നു.

സെലിം— അടിയൻ ഒരുകാര്യം ഇവിടെ ഉണർത്തിച്ചില്ലെന്നേയുള്ളൂ. അവൾ പരമാർത്ഥം പറഞ്ഞിട്ടുള്ളതിനാലും, അവളുടെ ഹൃദയനൈർമ്മല്യത്തിനാലും നാം അവളെ സമ്മാനിക്കുന്നത് ഉചിതമായ ഒരു കാര്യമാണ്; സംശയമില്ല.

സെലിം ഇത്രയും പറഞ്ഞ് അവസാനിപ്പിച്ചതിന്റെ ശേഷം, ചക്രവർത്തി, നദീറയാൽ തന്റെ പാദത്തിങ്കൽ സമർപ്പിക്കപ്പെട്ട രത്നമാല്യത്തെ എടുത്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: "അനാർക്കലീ! ഇതാ! ഈ മാല നിന്റെ കഴുത്തിൽത്തന്നെ ശോഭിക്കട്ടെ." ഇതുകേട്ട നദീറ ചക്രവർത്തിയുടെ പാദങ്ങളിൽ പ്രണമിച്ച് ഏറ്റവും വിനീതയായി രണ്ടു കൈകളും നീട്ടി അദ്ദേഹത്തിന്റെ രത്നസമ്മാനത്തെ സാദരം സ്വീകരിച്ചു. അനന്തരം അവൾ സെലിമിന്റെ പാദങ്ങളിലും ഭക്തിപുരസ്സരം പ്രണമിച്ചു. എന്നാൽ അവളുടെ ഈ പ്രവൃത്തിയിൽ— ഒന്നാമത്തെ പ്രണാമത്തിൽ— ചക്രവർത്തിക്ക യാതൊരു പ്രത്യേകാർത്ഥവും കല്പിക്കുവാൻ കഴിഞ്ഞില്ല. പക്ഷേ ആ പ്രണാമം— സെലിംരാജകുമാരന്റെ പാദങ്ങളിൽ നദീറ സമർപ്പിച്ച പ്രണാമം— നാലുവേദങ്ങൾക്കും, ആറു ശാസ്ത്രങ്ങൾക്കും, പതിനെട്ടു പുരാണങ്ങൾക്കും വിവരിച്ചു മനസ്സിലാക്കുവാൻകൂടി സാദ്ധ്യമല്ലാത്ത വിധത്തിൽ അർത്ഥസമ്പൂർണ്ണമായിരുന്നുവെന്നതിൽ തർക്കമില്ല. ഇതാ സെലിമിന്റെ കണ്ഠാഭരണം— രത്നമാല്യം— നദീറയുടെ കഴുത്തിൽ പ്രശോഭിക്കുന്നു. മുഗൾസാമ്രാജ്യത്തിന്റെ അധിപ ചക്രവർത്തിയുടെ കണ്ഠാഭരണമായി പരിലസിച്ചിരുന്ന രത്നമാല്യം— ഇതാ കൊട്ടാരത്തി

നൊ ഒരു കേവലപരിചാരികയുടെ കഴുത്തിൽ മിന്നിത്തിളങ്ങുന്നു. മകന്റെ കഴുത്തിൽ കിടന്ന മാല്യം ചക്രവർത്തിതന്നെ നസീറക്കു കൊടുത്തതിൽ അടങ്ങിയിരുന്ന വിവൃതം ഏതാണ്ട് ഒരു വിവാഹത്തിന്റെ ഛായയെ ആ കൊട്ടാരത്തിൽക്കൂടി പരിപ്പിച്ചതുപോലെ അനുയോജ്ജ്വലമായി നില്ക്കുന്നു സോഫിക്കു തോന്നി. ഇതെങ്ങനെ ന്നല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് ആശ്ചര്യമാം! എല്ലാം കണ്ടുതന്നെ അറിയണം. ഇപ്പോൾത്തന്നെ തൂക്കിൽ കയറുമെന്ന് പറഞ്ഞ് ചക്രവർത്തിയുടെ മുൻപിലേക്ക് തള്ളിവിട്ട നസീറക്കു ലഭിച്ചത് അനുഗ്രഹവും ഉജ്ജ്വലതരവും ആയ ഭാഗ്യമാണ്! ഇതിൽ കൂടുതൽ അതിശയം മറ്റെന്തുണ്ട്? സോഫി ശരിക്കും സംശയമില്ല. അവൾ ഈ അസഹനീയമായ മനോവേദനയെപ്പറ്റി കണ്ടു നടക്കുന്നതെങ്ങിനെ? അയ്യോ! അസൂയേ! നിന്റെ ശക്തി ഭയങ്കരം; അതിശയനീയം തന്നെ!

സെലിം രാജകുമാരനെ നമസ്കരിച്ചശേഷം നസീറ കൊട്ടാരത്തിൽനിന്നും പുറത്തേക്കിറങ്ങി. ചക്രവർത്തി സന്തോഷഭരിതനായി സെലിമിനെ യാത്രയാക്കിയതിനുശേഷം അന്നത്തെ സംഭവങ്ങളും പതിവുപോലെ തന്റെ ഡയറിയിൽ കുറിച്ചു. സോഫി പതുക്കെ പതുക്കെ അവിടെനിന്നും ഇറങ്ങിപ്പുറത്തേക്കുപോയി. അവളുടെ ഹൃദയത്തിൽ സന്താപവികാരങ്ങളും ഉജ്ജ്വലിക്കുന്നുണ്ടായിരുന്നു. നേരെ അന്തഃപുരത്തിൽ ചെന്നാൽ അംബികാദേവിയെ കാണേണ്ടിവരുമെന്നു വിചാരിച്ച് കൊട്ടാരത്തിൽനിന്നും അവൾ നേരെ തന്റെ ഗൃഹത്തിലേക്കാണ് പോയത്. അവൾ നിരാശയോടുകൂടി അവിടെ ചെന്നപ്പോൾ കാസിം അവിടെ ഇരിപ്പുണ്ടായിരുന്നു. ഗൃഹത്തിൽനിന്നും ഇറങ്ങിപ്പോയപ്പോൾ അവളുടെ മുഖത്തിൽ ഉണ്ടായിരുന്ന സന്തോഷം ലേശവും ഇപ്പോൾ അവളുടെ മുഖത്തിൽ ഇല്ല. അവനെ കണ്ട ഉടൻ തന്നെ ഒരു ഭ്രാന്തിയെപ്പോലെ ആ പാദോപചാരങ്ങൾ ചെയ്തു "മര്യാദകൾ" പറഞ്ഞുതുടങ്ങി—അല്ല—കരഞ്ഞുതുടങ്ങി:—

"അല്ലേ! എന്താ ഇന്ന് പെട്ടെന്ന് വല്ലാതെയിരിക്കുന്നത്?"

സോഫി—താൻ എന്റെ അടുക്കൽ വല്ലതും പറഞ്ഞു വല്ലതും വാങ്ങിക്കയറ്റ്. എനിക്ക് ചോദ്യംവേണം. ഇതെല്ലാം നാശമാണ്! ഒരു ലെ സമാധാനമില്ലാതെയായത്.

കാസിം—ഞാൻ ചോദിച്ചത് മറ്റൊന്നുമല്ല. ആ പെണ്ണ് ഒന്നും മൊഴിച്ച് കൊണ്ടുപോയിട്ട് എങ്ങിനെയായി? തൂക്കിൽ കയറിയില്ലേ? എല്ലാം വിധിതന്നെയാണ്.

സോഫി— തൂക്കിലല്ലാ തൂക്കിലാണ് കയറേറിയതു്! എന്തിന പറയു
ന്നു, ദൈവത്തിന കണ്ണില്ല. കണ്ടില്ലേ ചക്രവത്തി ചെയ്തതു്? എ
ന്തൊരന്യായം! പെരുംകള്ളി കട്ടാലും പട്ടാണ് സമ്മാനം!

കാസിം— എന്തു്? ചക്രവത്തി പട്ട സമ്മാനിച്ചോ? കൊള്ളാം. വിധി
തന്നെയാണ്!!

സോഫി— എന്തിന പറയുന്നെടോ? ഇതൊക്കെ തന്റെ നെറിവു
കേടുകൊണ്ടു വന്നതാണ്. തന്നെപ്പോലെയുള്ള കഴുതകളെ വള
ത്തിയാൽ ഭാരം ചുമക്കാൻ ബാക്കിയുള്ളവർതന്നെ വേണ്ടിവരും.
കണ്ടില്ലേ, ആ രത്നമാലതന്നെ ആ ദുഷ്ടക്ക സമ്മാനിച്ചതു്? ഹാ!
എത്ര വിലപിടിച്ച മാലയാണതു്. ദേവി ചോദിച്ചിട്ടുകൂടി കുമാരൻ
അതു കൊടുത്തില്ല!

കാസിം— തലയിലെഴുത്തു കണ്ടില്ലേ? ഇതു അതുതന്നെ. നീ, കാ
രണമറിഞ്ഞില്ലേ?

സോഫി— കാരണം ചക്രവത്തിയുടെ, മന്ത്രമല്ലാതെ മറെറാന്നു
മല്ല. അല്ലെങ്കിൽ ആ ദ്രോഹിയെ പറഞ്ഞയക്കേണ്ടതല്ലേ? എവി
ടന്നോ തെണ്ടിവന്ന കയറിയ പരപ്പെണ്ണിന ശ്ലോകം സമ്മാനിക്ക
ണോ, രത്നം സമ്മാനിക്കണോ, എന്തൊക്കെ വിചാരിച്ചാണ് ച
ക്രവത്തി സമയം വിലാപിക്കുന്നതു്? ആര ചോദിക്കാനാണ്? എ
ല്ലാം അവിടത്തെ ഇഷ്ടമല്ലേ? ഇങ്ങിനെയുള്ളവരല്ലേ ആശ്രമം കാണുക
യും വേണ്ട, കണ്ടാൽ അത്ര രസവുമില്ല. അതു പിന്നെ അങ്ങിനെ
യല്ലാതെ വരുമോ? കാര്യം പറയുന്നവരെ ചക്രവത്തിക്കു ക
ണ്ടാൻ പാടില്ല. എന്തിനാണ് അതു പറയുന്നതു്? അംബികയുടെ
സ്വഭാവത്തെ നേരായിരിക്കണ്ടിയിരുന്ന അപ്പോഴേ കാണിച്ചു
കൊടുത്തതല്ലോ!

കാസിം— ഒരു പക്ഷെ അവൾ ശോഭിച്ചിട്ടില്ലായിരിക്കും. എല്ലാം ത
ലയിലെഴുത്തുതന്നെയാണ്.

സോഫി— ഇല്ല, ഞാൻ ചിന്തയാകും. അതോടു ഇതുതന്നെയാണ്
ഞാനൊന്നുംതന്നെ പറയാത്തതു്. എടോ താനും ഒരു തിരുമണ്ടൻ
തന്നെയാണ്. തന്റെ കാറെടിച്ചാൽ മതി മനുഷ്യരെല്ലാവരും—
കുരങ്ങന്മാരുംകൂടി മണ്ടന്മാരാകും.

കാസിം— എല്ലാം വിധിപോലെ അല്ലാതെ വരുമോ? ഞാൻ മതി
യെ ആശ്വസിപ്പിക്കട്ടെ?

സോഫി— ഇപ്പിന്നെയാണ് ഒന്നോ ആശ്വസിപ്പിക്കാൻപോകുന്ന
തു്? പുറകെ ആ പെണ്ണിനെ പറഞ്ഞയക്കാതെ [illegible]
[illegible]

കാസിം — എല്ലാം ശിരസാവഹിതംതന്നെ. ഞാൻ ഒന്നു തപ്പാടാം.

സോഫി — താൻ അതൊന്നും ചെയ്യേണ്ട. എനിക്ക കളിക്കാൻ പോകുന്നതിന സാധിക്കയില്ല. ഇതാ എന്റെ ഈ വസ്ത്രമൊന്നു നല്ല തിരവണ്ണം നനച്ചു കൊണ്ടുവന്നാൽ മതി. എന്നാൽ ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം.

സോഫി ഇത്രയും പറഞ്ഞ് അവളുടെ കൈപ്പുറം ഉണ്ടായിരുന്ന ഒരു മുഷിഞ്ഞ വസ്ത്രത്തെ കാസിമിന്റെ ദേഹത്തിലേക്ക് എറിഞ്ഞുകൊടുത്തു. തന്റെ ദേവതയുടെ ഉടയാടയും പേറി "എല്ലാം വിധിതന്നെയാണ്" എന്നു പറഞ്ഞുകൊണ്ട് ആ ഭാഗ്യഹീനൻ പുറത്തേക്ക നടന്നു. കഴുതകളെക്കൊണ്ടു രജകന്മാർ വസ്ത്രം 'വെളുപ്പിക്കുന്ന' പതിവു ഇന്നും സാധാരണയായതുകൊണ്ട് സോഫിയുടെ കാര്യത്തിൽ അനൌചിത്യമില്ലെന്ന് ഒരുപക്ഷേ വിശ്വസിച്ചിരിക്കാം.

നജീറ ചക്രവർത്തിയുടെ സന്നിധിയിൽനിന്നും നേരെ പോയതു് അന്തഃപുരത്തിൽ അംബികാദേവിയുടെ അടുക്കലേക്കാണ്. ദേവി, ചക്രവർത്തിയുടെ തീരുമാനത്തെപ്പറ്റിയും സംഭാഷണത്തെപ്പറ്റിയും മറ്റും നേരത്തെതന്നെ അറിഞ്ഞു സന്തോഷിച്ച് നജീറയെ കാണുവാൻ അത്യുൽക്കണ്ഠയോടുകൂടി മണിയറയിൽ കാത്തിരിക്കയായിരുന്നു. നജീറ തന്റെ മാല്യത്തെ കണ്ഠത്തിൽനിന്നും ഊരി കൈകളിൽ വെച്ചു കൊണ്ടാണ് അവിടെ കടന്നു ചെന്നതു്. ദേവിയുടെ പാദങ്ങളിൽ മാലയെ നിക്ഷേപിച്ച് നജീറ ഇപ്രകാരം മൃദുസ്വരത്തിൽ പറഞ്ഞു:—

"തിരുമേനി ഈ മാല അവിടെ സമർപ്പിക്കാൻ അടിയനു അനുവാദം തരണം." നജീറയുടെ ഹൃദയസ്പൃക്കുകളായ വാക്കുകൾ കേട്ടു സന്തുഷ്ടയായ ആ സാധ്വി, മാലയെ കൈകളിൽ എടുത്തു ദേവിതന്നെ അവളുടെ കണ്ഠത്തിൽ അണിയിച്ചതിനുശേഷം കൌതുകത്തോടുകൂടി പറഞ്ഞു:—

"അനാർക്കലി! നീ ഭാഗ്യവതിതന്നെ, സംശയമില്ല. ഞാൻ എല്ലാം നേരത്തെതന്നെ അറിഞ്ഞു. തിരുമനസ്സിൽനിന്നും വളരെ ദയാലുവാണ്. പക്ഷെ വിരോധം തോന്നിയാൽ മാത്രം ആരും സമീപിക്കുവാൻ സാദ്ധ്യമല്ലെന്നേയുള്ളു. നീ ഇതു മോഹിച്ചതാണെന്ന് എന്നോടു പലരും പറഞ്ഞു. പക്ഷെ ഞാൻ അതൊന്നുംതന്നെ വിശ്വസിച്ചില്ല."

നജീറ — തിരുമേനി! അടിയൻ പരമാർത്ഥമെല്ലാം പറയാം. എന്നാൽ തിരുമേനി അതിനെപ്പറ്റി പുറത്തു പറഞ്ഞാൽ രാജകുമാരന് ദോഷം സംഭവിച്ചേക്കും.

ദേവി—ഞാൻ ഇതെല്ലാം അറിഞ്ഞു. എങ്കിലും പറയുക കേൾക്കട്ടെ.

ഞാൻ ആരോടും പറയുകയില്ലെന്നു പ്രതിജ്ഞ ചെയ്യുന്നു.

ദേവി ഇപ്രകാരം അരുളിയതുകേട്ട് നദീറ, അല്ല രാത്രി നടന്ന സകല സംഭവങ്ങളും വിശദമായി പറഞ്ഞു കേൾപ്പിച്ചു. പക്ഷേ താൻ ആരാമത്തിൽ സെലിമിനെ കണ്ട് ആനന്ദം അനുഭവിച്ച സംഗതി മാത്രം വ്യക്തമാക്കിയില്ല. മെഹറിനെ കണ്ടതും മറ്റും പറഞ്ഞപ്പോൾ ഒരു പക്ഷേ റാണി കോപിക്കുമോ എന്ന് അവൾ സംശയിച്ചുവെങ്കിലും ആ ചാരിത്രശാലിനിയുടെ മുഖത്തിൽ യാതൊരു ഭാവഭേദവും ഉണ്ടായില്ല. അവർ സസന്തോഷം ഇതെല്ലാം ശ്രവിച്ച് ഇപ്രകാരം അരുളി:—

"നദീറേ! നീ തന്നെയാണ് കുമാരനെ രക്ഷിച്ചതു്. സംശയമില്ല. നിന്റെ ബുദ്ധിസാമർത്ഥ്യം അതിശയനീയം തന്നെ. നിന്റെ ശതാംശം ബുദ്ധിയെങ്കിലും ഇതുവരെ ഉള്ളവൾക്കില്ല. നീ ആരാധനീയയുമാണ്. ഈ മാല ധരിക്കുന്നതിന് നീ അർഹതയുള്ളവളല്ലേ? നീ പരമാർത്ഥം പറഞ്ഞതിനാണെന്നുദ്ദേശിച്ചാണ ചക്രവർത്തി മാല തന്നതെങ്കിലും കുമാരന്റെ ജീവനെ—അടിമാവാതെ—സൈര്യത്തെ കാത്തുരക്ഷിച്ചതിനാണ് ഇതു സമ്മാനിച്ചിട്ടുള്ളതെന്നു ഞാൻ ധരിക്കുന്നു. അല്ല, നീ എന്റെ ജീവനെയാണല്ലോ രക്ഷിച്ചതു്. എന്റെ പ്രാണനാഥന് അപമാനം വന്നാൽ—അദ്ദേഹം പിതാവിന്റെ കോപത്തിന് പാത്രമായാൽ അതിന്റെ അർത്ഥമെന്താണ്? ഞാൻ പിന്നെ ജീവിച്ചിരിക്കുന്നതെന്തിന്? ഹാ! അതുകൊണ്ടു നിനക്ക് ഞാനും കുമാരനും കടപ്പെട്ടുവെന്നുതന്നെ വിചാരിക്കുന്നു." ദേവിയുടെ കരുണാപുരസ്സരമുള്ള തേന്മൊഴി കേട്ട് കൃതജ്ഞതപൂണ്ട നദീറ വീണ്ടും ഇങ്ങിനെ പറഞ്ഞു:—

"തിരുമേനി! എന്തായാലും ഈ മാല ഇവിടെത്തന്നെ ഇരിക്കട്ടെ. എനിക്കു ആവശ്യമുള്ളപ്പോൾ ഞാൻ വാങ്ങി ധരിച്ചുകൊള്ളാം. ഇപ്പോൾ ഇതു എന്റെ കഴുത്തിൽ അണിയേണ്ട. ഇതു ഇവിടെത്തന്നെ ഇരിക്കാൻ അവിടുന്നു അനുവദിക്കണം." ഇതു കേട്ട് ദേവി സസ്മിതം പറഞ്ഞു:—

"നീ അങ്ങിനെ പറയരുതു്. ഇതു നിന്റെ കഴുത്തിൽതന്നെ എപ്പോഴും പ്രശോഭിച്ചുകാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. അല്ലെങ്കിൽ ചക്രവർത്തി അറിഞ്ഞാൽ കോപിക്കും. അദ്ദേഹത്തിന്റെ സംഭാവനയെ അനാദരിക്കാമോ? അതുകൊണ്ട് നിന്റെ കഴുത്തിൽതന്നെ ശോഭിക്കട്ടെ. അതൊക്കെ—അങ്ങിനെ—ആകട്ടെ. നീ ആഹാരം കഴിച്ചില്ലല്ലോ. വേഗം ഭോജനശാലയിൽ ചെല്ലുക."

ദേവി ഇത്രയും ആലോചിച്ച് നളിനിയെ ഭോജനശാലയിലേക്ക് യാത്രയാക്കി. സമാധാനചിത്തയായി മണിമഞ്ചത്തിൽ പ്രവേശിച്ച് മയങ്ങുവാൻ ആരംഭിച്ചു. അതാ! പ്രേമചിത്രത്തിനെ ആച്ഛാദനം ചെയ്തിരുന്ന മൂടുപടം അന്നത്തെ അപവാദകരത്തിന്റെ വീക്ഷണത്തിൽ പാറിപ്പോന്ന് ആ ചിത്രത്തിന്റെ സാരമായ ഒരു ഭാഗത്തെ "കണ്ണുള്ളവർ — അഥവാ കണ്ണിന് കാഴ്ചയുള്ളവർ" കാണത്തക്കവണ്ണം പ്രത്യക്ഷമാക്കി.



പന്ത്രണ്ടാം അദ്ധ്യായം.

ദില്ലിസാമ്രാജ്യത്തിന്റെ രാജധാനീനഗരിയിൽനിന്നും ഉദ്ദേശം നൂററിഅമ്പതു നാഴിക വടക്കുകിഴക്ക മൃഗാസേനാനായകന്മാർ അനേകം പ്രാവശ്യം പാളയമടിച്ചു സ്വൈരമായി താമസിച്ചിരുന്ന ഒരു നിർജ്ജനപ്രദേശം ഭീകരമായവിധത്തിൽ സ്ഥിതിചെയ്യുന്നുണ്ട്. ഈ സ്ഥലത്തു സിന്ധുനദിയുടെ ഉപശാഖയായ ഒരു നദിയും, നദിയുടെ ഇരുഭാഗങ്ങളിലും ഭയങ്കരമായ അരണ്യവും സ്ഥിതിചെയ്യുന്നു. അവിടങ്ങളിൽ യുദ്ധകാലത്തു ഭടന്മാർ പാളയമടിച്ചു താമസിക്കുക പതിവായിരുന്നെങ്കിലും, കലാപങ്ങളില്ലാത്ത കാലങ്ങളിലെല്ലാം അവിടെ വനജീവികളല്ലാതെ മററാരും താമസമുണ്ടായിരുന്നില്ല. സാധാരണയായി പകൽസമയങ്ങളിലും അവിടെക്കൂടി ജനങ്ങൾ സഞ്ചരിക്ക പതിവുണ്ടായിരുന്നില്ല. ഹിമാലയമഹാരണ്യത്തിന്റെ ഭയങ്കരാകൃതി എന്താണെന്നുദാഹരിക്കത്തക്കവിധത്തിൽ പടർന്നുപിടിച്ചിരുന്ന ഈ വൃക്ഷസമൂഹം നദീതീരത്തിൽ സൂക്ഷ്മമായി വ്യാപിക്കുന്നെന്ന കരുതലോടുകൂടിയെന്നപോലെ തോന്നുമാറു നദിയുടെ ഇരുഭാഗങ്ങളിലും പ്രകൃതിയാൽ നിർമ്മിതമായ പ്രാകാരങ്ങൾപോലെ ഉന്നതമായി, നീണ്ടുമായി സ്ഥിതിചെയ്തു അനേകം ശതാബ്ദകാലമായി. ഒരു രാജാവിന്റെയും അനുഗ്രഹത്തിനു പാത്രമാകാതെ. ക്രൂരമൃഗങ്ങൾക്കും മൃഗതുല്യന്മാരായ മനുഷ്യർക്കും മാത്രം സങ്കേതസ്ഥാനമായിരുന്ന ഈ സ്ഥലം ഉദ്ദേശം നൂററിഎൺപതു നാഴിക വിസ്തീർണ്ണമുള്ള കൊടുംകാടു തന്നെയായിരുന്നു. ഈ കാടിന്റെ-വനത്തിന്റെ-അവസാനത്തിൽ-നദീതീരത്തിൽനിന്നും മുപ്പതു നാഴിക തെക്ക് അതിവിസ്തൃതമായ ഒരു മണലാരണ്യം, സഹാറയുടെ അംശംപോലെ പരിലസിച്ചു. പട്ടാളങ്ങൾക്ക പാളയമടിച്ചു താമസിക്കാനായി പ്രകൃതിദേവി ഒഴിച്ചിട്ടിരുന്നതും ഒരുക്കിയിട്ടിരിക്കുന്നതുമായ രണഭൂമിപോലെ. ആ മണലാരണ്യം—ഒരു തൃണം പോലും ഇല്ലാതെ ധവളമായി പരിലസിച്ചിരുന്ന ആ വിജനപ്രദേശം-ഭീകരമായ വനപ്രദേശത്തെക്കാൾ ഭയങ്കരമായിരുന്നു. ജീവരാശികളിൽ ഒന്നെങ്കിലും ഇല്ലാതിരുന്ന മണൽക്കാട് വാസ്തവത്തിൽ അനേകം ജന്തുക്കളുള്ള വനത്തെക്കാൾ ഭയങ്കരംതന്നെയാണ്. ഈ മണലാരണ്യത്തിന്റെ അവസാനത്തിൽ രാജപുത്രന്മാരുടെ രക്ഷയെ ഉദ്ദേശിച്ചു. യമുനാനദിയോട് അടുത്തു വളരെ ധനം ചിലവു ചെയ്തു നിർമ്മിച്ചിരുന്നതും ആറു അടിയിൽ കൂടുതൽ പൊക്കമുള്ളതും ആയ ഒരു കോട്ടകൾ കെട്ടി "സിന്ധുദുർഗ്ഗം" എന്ന നാമത്തോടുകൂടി

പരിലസിച്ചിരുന്നു. മുഗൾസേനകൾ പലവുരു ആക്രമിച്ചിട്ടും പിടി
ച്ചടക്കുവാൻ സാദ്ധ്യമല്ലാതെ പിന്തിരിഞ്ഞിട്ടുള്ള ഒരു കോട്ടയായിരു
ന്നു, രാജപുത്രന്മാർ അഭയം പ്രാപിച്ചിരുന്ന ഈ ദുർഗ്ഗം. ആഗ്രയിൽ
നിന്നും ഈ ദുർഗ്ഗത്തിലേക്ക് [illegible] നാഴിക മാത്രമേ ദൂരമുണ്ടാ
യിരുന്നുള്ളൂ. അക്ബർ ചക്രവർത്തി സിംഹാസനാരൂഢനായിക്കഴി
ഞ്ഞപ്പോൾ തന്റെ സാമ്രാജ്യത്തിലുൾപ്പെട്ട ഓരോ രാജ്യത്തെയും പ്ര
ത്യേകം ഭാഗിച്ചു ഭരണസ്ഥാപനങ്ങൾ നിർമ്മിക്കയും നഗരങ്ങൾ സ്ഥാ
പിക്കയും ചെയ്തിരുന്നെങ്കിലും മേൽപറയപ്പെട്ട വനപ്രദേശം അദ്ദേഹ
ത്തിന്റെ ദൃഷ്ടിയിൽ യാതൊരു അനുകമ്പയെ ഉളവാക്കിയില്ല. യുദ്ധ
കാലത്തും മരണം പ്രാപിക്കുന്ന അനേകായിരം വീരന്മാരുടെ പ്രേത
ങ്ങളെ മറവു ചെയ്യുന്നതിന് ആ സ്ഥലം നന്നാണെന്നു മാത്രം ഒ
രിക്കൽ അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു കാലത്ത് ആ സ്ഥ
ലം വിശിഷ്ടന്മാരായ പല തപോധനന്മാരുടെയും ലാളനം സ്നേഹ
ത്തിനും പാത്രമായിരുന്നുവെന്ന് ഇന്നാട്ടുകാർ അധികം പേർ ആ
ഗ്രയിൽ ഇല്ലെന്നു തന്നെ പറയാം. ഈ ഭയങ്കരവനത്തിന്റെ ഒരു
ഭാഗത്തു നദീതീരത്തിന്റെ സമീപമായി ഒരു ഹിന്ദുക്ഷേത്രത്തിന്റെ
അവശിഷ്ടം ഇന്നും കാണുന്നുണ്ട്. ഭയങ്കരങ്ങളായ തടാകങ്ങളെക്കൊണ്ടു
ലും പടർപ്പുകളാലും ആവൃതമായി മറയടിപ്പാൻ പോലും ഇല്ലാതെ
വലിയ നായാടികൾക്കുകൂടി ഭയോത്പാദകമായി സ്ഥിതിചെയ്തിരുന്ന ഈ
വനത്തിന്റെ അധിദേവതയായി വാണിരുന്ന ചണ്ഡിക ഏതുയുഗ
ത്തിലാണ് അവിടെ ആഗതയായി പ്രതിഷ്ഠിക്കപ്പെട്ടതെന്ന് വേദ
വേദ്യന്മാർക്കുകൂടി അറിവാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും പൌരാണി
കകാലം മുതല്ക്ക് അവിടെ ദേവിയുടെ പരിചാരകന്മാരായും ഭക്താ
ത്മകന്മാരായും ഉള്ള കാപാലികന്മാർ സ്വൈരമായി താമസിച്ചിരു
ന്നു. അക്ബർ സിംഹാസനാരൂഢനായപ്പോൾ, കാപാലികന്മാരു
ടെ ദുഷ്പ്രവൃത്തികളെപ്പറ്റി മനസ്സിലാക്കി അവരെ നിശ്ശേഷം നിർദ്ദ
യം നിഗ്രഹിക്കുന്നതിനായി നിർദ്ദയന്മാരായ പല അനുചരന്മാരെയും
നിയോഗിക്കയും കാപാലികന്മാരിൽ പലരെയും ജനക്കൂട്ടത്തിൽവെച്ചും,
നദീതീരത്തിൽവെച്ചും, ആരാധനാസ്ഥാനങ്ങളിൽവെച്ചും കണ്ടുപിടി
ച്ചു നിഗ്രഹിക്കയും ചെയ്തു. എന്നാൽ അവരിൽ ചിലർ ഗൂഢമായി
മേൽപറഞ്ഞ ദുർഗ്ഗക്ഷേത്രത്തിൽ താമസിച്ചിരുന്ന വിവരം അക്ബർക്ക്
മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹത്തിന്റെ സ്നേഹഭാജ
നങ്ങൾക്കു പാത്രീഭൂതനായിരുന്ന വിദ്യാപതി കാപാലികന്മാരുടെ വാസ
മെവിടെയാണെന്ന് അന്വേഷിച്ചറിഞ്ഞിരുന്നതിനാൽ അക്ബർക്ക്

അദ്ദേഹത്തിൻെറ ഉദ്ദേശം നിറവേറ്റുവാൻ കഴിഞ്ഞിരുന്നു. എങ്കിലും ഉജ്ജയിനീക്ഷേത്രത്തിലെ വിവരങ്ങൾ ഒന്നും തന്നെ വിദ്യാപതിക്കു അറിയാൻ കഴിഞ്ഞിരുന്നില്ല. ഹിന്ദുമതസ്ഥാനങ്ങളിൽ കടന്നുകൂടിയിട്ടുള്ള കൈസാചികപ്രവൃത്തികളെ നിറുത്തൽ ചെയ്യണമെന്നുദ്ദേശിച്ചു വിദ്യാപതി ആ കാലങ്ങളിൽ അതിയായ ശ്രമം ചെയ്തുകൊണ്ടിരുന്നു. അദ്ദേഹവും അദ്ദേഹത്തിൻെറ പുത്രനായിരുന്ന ശിവപ്രസാദും ആശ്രമത്തിൽതന്നെ അവരുടെ ജീവിതം ചിലവഴിക്കയും ചെയ്തു. അവരുടെ ഉദ്ദേശത്തെപ്പറ്റി അവർക്ക് നല്ലതുപോലെ അറിയാമായിരുന്നതിനാൽ അവർ ഗൂഢമായി കാപാലികന്മാരുടെ വാസസ്ഥലങ്ങളെപ്പറ്റി അന്വേഷിച്ചു മുഗൾസാമ്രാജ്യത്തിലെവിടെയും സഞ്ചരിച്ചിരുന്നു.

ഏകദേശം 1566-ൽ നടന്നിട്ടുള്ള ഒരു സംഭവത്തെപ്പറ്റിയാണ് ഇനി ഇവിടെ പ്രസ്താവിക്കാൻ പോകുന്നത്. ജയപ്പൂർ രാജ്ഞിയായിരുന്ന ചിത്രലേഖാദേവിയുടെ പുത്രൻ പ്രതാപസിംഹ് തൻെറ മാതാവിൻെറ അടുക്കൽനിന്നും പിണങ്ങി ആഗ്ര നഗരത്തിൽ വന്നു താമസം തുടങ്ങിയിട്ട് ഇപ്പോൾ അനേകവർഷങ്ങൾ കഴിഞ്ഞിരുന്നുവെങ്കിലും ആഗ്ര നഗരത്തിലെ അധിപതിയായി, ധനപതിയായി, നാടുവാണിരുന്ന ചന്ദ്രികയെ അദ്ദേഹം വിവാഹം ചെയ്തിട്ട് അധികദിവസമായില്ല. പരസ്പരാനുരാഗത്തിനു വശംവദരായിത്തീർന്ന ആ യുവതീയുവാക്കന്മാരുടെ വിവാഹബന്ധം ആഗ്രയ്ക്ക് തീരെ രസിക്കാത്തതുകൊണ്ടാണ് അദ്ദേഹം ആഗ്ര നഗരത്തെ, അവരുടെ വിവാഹദിവസംതന്നെ ആക്രമിക്കാൻ തീർപ്പെടുത്തിയിരുന്നു. ഈ വിവരം മനസ്സിലാക്കി വിവാഹം നടത്തിയ അന്നുതന്നെ പ്രതാപസിംഹ് അവരുടെ രാജധാനിയെ ആക്രമിക്കണമെന്നുദ്ദേശിച്ച്, വിവാഹാനന്തരം ഒരു മാത്രനേരം ആഗ്ര നഗരത്തിൽ താമസിക്കാതെ ആയിരം രാജപുത്രന്മാരുമൊന്നിച്ച് ആഗ്രായിൽനിന്ന് പുറപ്പെട്ടു. പതിനാറു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ആ രാജവധു തൻെറ പ്രാണനാഥൻെറ വിജയത്തിനായി പല പൂജകളും ചെയ്തു കൊട്ടാരത്തിൽ വിരഹാതുരയായി താമസിച്ചിരുന്നു. ഈ സംഭവം നടന്നതു 1566-ൽ തന്നെയാണ്. സേനകളുമൊന്നിച്ച് യുദ്ധോത്സുകനായി പുറപ്പെട്ട പ്രതാപസിംഹ് നേരെ പോയതു മുൻപറഞ്ഞ ചിത്രാപ്രാസാദത്തേക്കായിരുന്നു. അക്ബർ ചക്രവർത്തി സേനകളെ പ്രയോഗിക്കുന്നതിനെന്ന് അറിഞ്ഞ് അല്പദിവസം ഗൂഢമായി താമസിക്കാമെന്നു കരുതി പ്രതാപസിംഹ് മുൻപറയപ്പെട്ടിട്ടുള്ള ആരണ്യത്തിൽ രണ്ടുമൂന്നുദിവസം താമസിച്ചു.

അവർ അവിടെ താമസിക്കുമ്പോൾ ദുർഗ്ഗാക്ഷേത്രത്തിൽ ഒരു സംഭവം നടന്നു.

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. പൌർണ്ണമിയായിരുന്നതിനാൽ സൂര്യാസ്തമനത്തോടുകൂടിത്തന്നെ നദീജലം പാൽക്കുഴമ്പുപോലെ ധവളമായി പ്രവഹിച്ചു. ഭയങ്കരമായ ആ കാനനാന്തരത്തിൽ ചന്ദ്രികക്കു പ്രവേശിക്കുവാൻ മാർഗ്ഗമില്ലായിരുന്നെങ്കിലും നദീതീരത്തിലെ ക്ഷേത്രവും, മണൽത്തിട്ടും ഭംഗിയായി പരിലസിച്ചു. ഇടക്കിടക്ക്, നദീജലത്തിൽ തത്തിക്കളിച്ച ചില മത്സ്യങ്ങളുടെ പതുങ്ങലും, (വീഴലും) വെള്ളം പാറകളുടെ ഉപരി പ്രവഹിക്കുമ്പോൾ ഉണ്ടാകുന്ന ധ്വനിയും, ഗുഹകളിൽ വസിക്കുന്ന പുലികളുടേയും മറ്റും ഗർജ്ജനവും, ആ വിജനപ്രദേശത്തിന്റെ പ്രശാന്തതയെ ഭഞ്ജിച്ചിരുന്നു. ആ രാത്രി ഉദ്ദേശം പത്തുനാഴികയോളം ഇരുട്ടിയപ്പോൾ, അവിടെ ഉണ്ടായിരുന്ന ദുർഗ്ഗാക്ഷേത്രത്തിന്റെ പൂർവ്വഭാഗത്തു ചില ഭയങ്കരരൂപികൾ പ്രത്യക്ഷപ്പെട്ടു. ക്ഷേത്രത്തിന്റെ പൂർവ്വഭാഗത്ത് ഒരാൾക്ക് പയ[illegible]ക്കത്തകവിധത്തിൽ വിസ്തൃതമായ ഒരു കരിങ്കൽമണ്ഡപം ഉണ്ടായിരുന്നതിന്റെ ചുറ്റും ഉദ്ദേശം പന്ത്രണ്ടുപേരോളം [illegible]ള്ളുണ്ടായിരുന്നു. അവരെല്ലാവരും തന്നെ അതിഭീ[illegible]കരന്മാരും, [illegible]ന്മാരും ആയിരുന്നതിനും പുറമെ എല്ലാവരുടെയും കൈകളിൽ, ഓരോ പച്ചിലക്കെട്ടും ഓരോ ഖഡ്ഗവും ഉണ്ടായിരുന്നു. അവരെല്ലാവരും കൂടി ക്ഷേത്രത്തിനകത്തു പ്രവേശിച്ചു അവിടെ ഉണ്ടായിരുന്ന ഒരു ഗൂഢമായ കവാടത്തെ തുറന്നു. അല്പം കഴിഞ്ഞപ്പോൾ അവരിൽ പ്രധാനിയായ ഒരുവൻ ക്ഷേത്രത്തിനു പുറത്തേക്കു വീണ്ടും വന്നു. അയാൾ ആ നദീതീരത്തിൽ വന്ന് ഏതോ ഒരു സാധനത്തെ മണ്ണിൽനിന്നും കുഴിച്ചെടുക്കുവാൻ ശ്രമിച്ചു. ഏകദേശം ഒരു നാഴികയോളം കഴിഞ്ഞപ്പോൾ മൂന്നു പേർകൂടി ആ സ്ഥലത്തെത്തി. അവരിൽ പ്രധാനി ഇപ്രകാരം ചോദിച്ചു—“പ്രിയരേ! എന്താണു വിശേഷം! ഇതു ചീഞ്ഞിട്ടുണ്ടെന്നാണ് തോന്നുന്നത്. എങ്കിലും ഹിതത്തിൽ നിക്ഷേപിക്കാൻ കഠാരം കൂടാതെ കഴികയില്ല. ഇതുതന്നെ വെട്ടിയിടുകതാം” ഇത്രയും പറഞ്ഞു അവർ നാലുപേരും കൂടി ഒരു മൃതശരീരത്തെ ആ മണ്ണിനടിയിൽ നിന്നും എടുത്തു. ഈ സമയം ക്ഷേത്രത്തിലെ സ്ഥിതിയെന്താണെന്നു നോക്കാം. ക്ഷേത്രത്തിന്റെ സകല വാതിലുകളും തുറക്കപ്പെട്ടിരുന്നു. എന്നു മാത്രമല്ല അവിടെ പലഭാഗങ്ങളിലുമായി അഗ്നികുണ്ഡങ്ങൾ ജ്വലിക്കുന്നുണ്ടായിരുന്നു. പൂർവ്വഭാഗത്തുണ്ടായിരുന്ന മണ്ഡപത്തിന്റെ അടുക്കൽ നാലുഭാഗങ്ങളിലുമായി

അനേകം പന്തങ്ങളും പ്രോജ്ജ്വലിച്ചു. മണ്ഡപത്തിന്റെ ഒരു ഭാഗത്തു് ക്ഷേത്രത്തിനഭിമുഖമായി ഒരു മണ്ഡപത്തിനോടൊപ്പം ഉയരമുള്ള ഒരു പീഠവും ആ പീഠത്തിന്റെ ഇരുഭാഗങ്ങളിലും കമണ്ഡലുകളും, കപാലങ്ങളും, ശൂലങ്ങളും, എന്നു തുടങ്ങി പല സാധനങ്ങളും ഒരുക്കിയിരുന്നു. ഇതിനു പുറമെ വളരെ വിളക്കമുള്ള ഒരു വാളും ആ മണ്ഡപത്തിൽ ഭംഗിയാക്കി വച്ചിട്ടുണ്ടു്. അഗ്നികുണ്ഡങ്ങളുടെ മുൻവശത്തു് ഓരോ പീഠവും സ്ഥാപിച്ചിരുന്നു. ക്ഷേത്രത്തിനുള്ളിൽ ഒരു കരിങ്കൽവിഗ്രഹം ഭംഗിയായി അലങ്കരിച്ചു സൂക്ഷിച്ചിട്ടുണ്ടു്. ഇടക്കിടക്കു് അതിനുള്ളിൽ നിന്നും മണിനാദവും പുറപ്പെട്ടുകൊണ്ടിരുന്നു. ക്ഷേത്രത്തിൽ ഇത്രയുമെല്ലാം ഒരുക്കിക്കഴിഞ്ഞപ്പോൾ നഗരിമദ്ധ്യത്തിൽ നിന്നു, ഒരു മനുഷ്യശിരസ്സിനെ വെട്ടി എടുത്തുകൊണ്ടു് അവർ നാലുപേരും ക്ഷേത്രത്തിൽ പ്രവേശിച്ചു. പ്രധാനി കപാലവും എടുത്തുകൊണ്ടു് അവിടെ മുമ്പത്തെപ്പോലെതന്നെ മറ്റുള്ളവർ ഏറ്റവും വിനീതരായി വണങ്ങി എഴുന്നേറ്റു. യോഗസമ്പ്രദായിയായിരുന്ന ആ കാപാലികൻ ഇപ്രകാരം ചോദിച്ചു:—"ഏകദേശം അർദ്ധരാത്രിയായിക്കഴിഞ്ഞു. ഇനി നിങ്ങളെല്ലാവരും സ്നാനം കഴിച്ചു വരുക; ബലിക്കുള്ള സമയമായി" ഇത്രയും പറഞ്ഞ ഉടൻ തന്നെ ശിഷ്യന്മാരെല്ലാവരും കൂടി നദിയിലേക്കു സ്നാനത്തിനായി പോയി. അവർ ക്ഷണനേരം കൊണ്ടു സ്നാനം കഴിഞ്ഞു മടങ്ങി വന്നു. അപ്പോൾ പ്രധാനി ചോദിച്ചു:—"അകത്തെ പൂജ എല്ലാം കഴിഞ്ഞ സ്ഥിതിക്കു് ഇനി ബലിക്കാരംഭിക്കാം. ദേവിയുടെ അനുഗ്രഹം നല്ലതുപോലെ ഉണ്ടെന്നതിൽ സംശയമില്ല. എന്നാൽ കൊണ്ടുവരട്ടെ" ഇത്രയും പറഞ്ഞു് അയാൾ മണ്ഡപത്തിനു് അടുക്കൽ ഉണ്ടായിരുന്ന ബലി പീഠത്തിൽ ചമ്രം പടിഞ്ഞിരുന്നുകൊണ്ടു് കപാലത്തെ മുമ്പിൽ വെച്ചു ചില മന്ത്രങ്ങളും ഉച്ചരിച്ചു പൂജക്കാരംഭിച്ചു. തത്സമയം ക്ഷേത്രത്തിന്റെ ഉള്ളിൽനിന്നും ശംഖനാദം മുഴങ്ങി. കാപാലികന്മാർ തുള്ളിത്തുടങ്ങി. അയാൾ പറഞ്ഞു:—"എന്റെ പ്രീതിക്കുവേണ്ടി നിങ്ങൾ ചെയ്യുന്നതെല്ലാം ഞാൻ സസന്തോഷം സ്വീകരിക്കുന്നു. വേഗം ബലി നടത്തട്ടെ. എനിക്കു ദാഹം വർദ്ധിക്കുന്നു" ചണ്ഡികയുടെ ആവേശംകൊണ്ടു് ഒരാൾ ഇത്രയും തുള്ളിപ്പറഞ്ഞപ്പോൾ ഉത്സാഹഭരിതരായി ചമഞ്ഞ കാപാലികന്മാർ ക്ഷേത്രത്തിന്റെ അന്തർഭാഗത്തുണ്ടായിരുന്ന ഗൂഢകവാടത്തെ തുറന്നു. ആ ഗൂഢകവാടത്തിനുള്ളിൽ നിന്നും, അവരെല്ലാവരുംകൂടി, ഒരു സ്ത്രീയെ ബന്ധിച്ചു പുറത്തു കൊണ്ടുവന്നു. അർദ്ധനഗ്നയായിരുന്ന ആ യുവതി അതിരമണീയമായ രൂപ

ലാവണ്യത്തോടുകൂടിയവളുമായിരുന്നു. അവളുടെ കൈകാലുകൾ ബന്ധിക്കപ്പെട്ടിരുന്നതിനു പുറമെ അവളുടെ കഴുത്തിൽ ഒരു കപാലത്തെ കെട്ടിത്തൂക്കിയിരുന്നു. സുന്ദരിയായ ആ യുവതി യാതൊരു ക്ലേശവും താൻ അനുഭവിക്കുന്നില്ലെന്ന വിധത്തിൽ മന്ദസ്മിതം തൂകിക്കൊണ്ടാണ് പുറത്തുവന്നതു്. അവളുടെ കഴുത്തിൽ ഒരു പുഷ്പമാല ധരിപ്പിച്ചുകൊണ്ട് പ്രധാനി ഇപ്രകാരം പറഞ്ഞു! "ഭദ്രേ! നിന്നെ ചണ്ഡിക വളരെ പ്രീതിപ്പെട്ടിരിക്കുന്നു. ദേവിക്ക് ദാഹം വർദ്ധിച്ചിരിക്കുന്നതു നിന്നെയെല്ലാം വിളിച്ചു പറഞ്ഞതു്. അതുകൊണ്ട് നീ വേഗം ദേവിയുടെ പ്രീതിക്കു പാത്രമാകുക." ഇത്രയും പറഞ്ഞ ഉടൻതന്നെ കാപാലികന്മാരിൽ ഒരാൾ വീണ്ടും തുള്ളി. അയാൾ പറഞ്ഞു "ശരിയാണ്. ഞാൻ പ്രീതിപ്പെട്ടിരിക്കുന്നു. വേഗം നടക്കട്ടെ" ഇതു കേട്ട ഉടൻ തന്നെ ആ കൌപീനധാരിയായിരുന്ന കപാലികൻ ഇപ്രകാരം ആജ്ഞാപിച്ചു. "അതേ! ചണ്ഡിക വിശന്നു ദാഹിച്ചിരിക്കുന്നു. ഇവളെ പ്രദക്ഷിണം വെപ്പിച്ച് ബലിമണ്ഡപത്തിൽ കിടത്തട്ടെ. വാദ്യങ്ങളെല്ലാം കൊട്ടട്ടെ! കണ്ണിമാലക്കാരൊക്കെ മന്ത്രങ്ങൾ ജപിക്കട്ടെ" പ്രധാനിയുടെ ആജ്ഞയനുസരിച്ച് പുഷ്പമാലകളണിഞ്ഞ ആ യുവതിയെ കാപാലികന്മാർ ആ ക്ഷേത്രത്തിന് പ്രദക്ഷിണം വെപ്പിച്ച് ബലിമണ്ഡപത്തിനടുക്കൽ കൊണ്ടുവന്നു. അപ്പോഴേക്കും ആ യുവതിയുടെ സകല ബോധങ്ങളും നശിച്ചിരുന്നു. കപാലികന്മാർ അവളെ എടുത്ത് ബലിപീഠത്തിൽകിടത്തി; പ്രധാനി അവിടെ വെച്ചിരുന്ന വാളിനെ കൈയ്യിലെടുത്തു. ചിലർ ചോര നിറച്ച കപാലങ്ങളിൽ ഹോമദ്രവ്യങ്ങൾ ഇട്ട് തീയിൽ ഹോമിക്കാൻ ആരംഭിച്ചു; ക്ഷേത്രത്തിന്റെ അകത്തുനിന്നും അട്ടഹാസങ്ങൾ കേട്ടുതുടങ്ങി; കണ്ണിമാലകൾ മുഴങ്ങി. മന്ത്രോച്ചാരണങ്ങളും ഉച്ചത്തിൽ കേട്ടുതുടങ്ങി; പ്രധാനി ഇപ്രകാരം ഉച്ചരിച്ചു.

[illegible]
[illegible]
[illegible]"

"ദേവി ദേവേശ [illegible] വാഗീശ [illegible] നിക്കു സംഹാരി കോടീശ [illegible] [illegible]" — പ്രധാനി ഇപ്രകാരം ചൊല്ലി തന്റെ കണ്ണടച്ച് ധ്യാനത്തിലിരിക്കയും, ഉടനെ പ്രവർത്തിക്കേണ്ടുന്ന കാര്യം എല്ലാവരും കണ്ണടച്ച് ധ്യാനത്തിലിരിക്കയും ചെയ്തു.

[illegible] ശങ്കരാചാര്യർ [illegible] അതത്ര [illegible] രാജ
പുത്രന്മാർ അവിടെ പ്രവേശിച്ചു കാപാലികന്മാരെ എല്ലാം അവർ
ഒരു രാത്രി [illegible] ബലിപീഠത്തിൽ കിടത്തിയിരുന്ന യു
വതിയെ എടുത്തുകൊണ്ടു [illegible] വന്നതിൽനിന്നും
പോകയും ചെയ്തു. ഒരു ബലികൊണ്ടു പ്രീതിപ്പെടുവാൻ ഉദ്ദേശിച്ച ച
ണ്ഡിക അന്ന പത്തു നരബലി സ്വീകരിച്ചു തൃപ്തിയെ പ്രാപിച്ചു. കാ
പാലികന്മാരുടെ കപാലങ്ങൾകൊണ്ടുതന്നെ [illegible] പാത്രമാ
യിത്തീർന്നു. ഇപ്രകാരം അവിടെ വന്ന [illegible] പ്രഭാകരസിദ്ധി
ന്റെ [illegible] ആയിരുന്നു. അവർ [illegible] ഒരു സ്ത്രീതന്നെ പ്ര
ഭാകരസിദ്ധിന്റെ ധർമ്മപത്നിയായിരുന്ന [illegible] ഉ
[illegible]ിരുന്നില്ല. ഈ രാജ്ഞി എപ്രകാരമാണ കാപാലികന്മാരു
ടെ കൈകളിൽ അകപ്പെട്ടതെന്നും, രാജപുത്രനായ [illegible]
[illegible] 1666ൽ നടന്ന ഈ സംഭവത്തി
ന്റെ [illegible] പ്രകാരം [illegible]
[illegible] ഇനി [illegible] വ്യക്തമാക്കുന്നതാണ്. എന്തായാ
ലും കാപാലികന്മാരുടെ [illegible] കാപാലികന്മാരുടെ ബലിയായി
ത്തന്നെ ഭവിച്ചു. അതോടുകൂടി കാപാലികന്മാരുടെ വംശവും ഭൂ
[illegible]ത്തിൽനിന്നും മറഞ്ഞു.

പതിമൂന്നാം അദ്ധ്യായം

സെലിം രാജകുമാരന്റെ ഔജ്ജ്വല്യം നസീറായുടെ കണ്ണത്തിൽ പ്രകാശിച്ചു തുടങ്ങിയതിനു ശേഷം ഒരു പൂർണ്ണചന്ദ്രൻ കാലാബ്ധിയിൽ അസ്തമിച്ചുകഴിഞ്ഞു. ഇതിനിടയിൽ കൊട്ടാരത്തിലും അന്തഃപുരത്തിലും, നമ്മൾക്ക ഇതുവരെ പരിചയപ്പെട്ടിട്ടുള്ള നായികാനായകന്മാരിലും വിശേഷിച്ചു വലിയ മാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ല. എന്നാൽ അന്ന് തളിർത്തിരുന്ന വൃക്ഷങ്ങളും ചെടികളും ഇന്നു പുഷ്പിക്കയും, അന്ന് ഇലകൊഴിഞ്ഞു നിന്നവയെല്ലാം ഇന്നു തഴച്ചു തളിർത്തു നില്ക്കുകയും ചെയ്യുന്നു. പ്രകൃതിയിലുള്ള മാറ്റങ്ങൾ അനിവാര്യങ്ങളായതുകൊണ്ടു കാലചക്രത്തിന്റെ പരിഭ്രമണം അനുസരിച്ചു പ്രകൃതിക്കധീനമായ വസ്തുക്കളിലെല്ലാം മാറ്റം സംഭവിച്ചിട്ടുണ്ടെന്നു പറയാതെ കഴിയുകയില്ല. പൊടിപ്പുകളെല്ലാം മൊട്ടുകളാകയും, മൊട്ടുകളെല്ലാം വികസിക്കയും ചെയ്യുന്നു. ഇതും പ്രകൃതിയുടെ മാറാത്ത മാറ്റങ്ങൾ തന്നെയാണ്. എന്നാൽ എന്താണു പ്രകൃതിന്റെ ഇതുപോലെയുള്ള സ്വഭാവമാറ്റമെന്നു് ഈ ഋതുപരിവർത്തനകാലത്തെ നസീറായുടെ ജീവിതരീതി വ്യക്തമാക്കി. അല്ലെങ്കിൽ, അവളും പ്രകൃതിയിൽ ഉൾപ്പെട്ട ഒരു നിസർഗ്ഗവസ്തു തന്നെയാണെന്നു വ്യവഹരിക്കുന്നതിൽ എന്തു തെറ്റാണുള്ളത്?

സെലിംരാജകുമാരനും നസീറായും തമ്മിൽ എന്തു ബന്ധമാണുണ്ടായിരുന്നതെന്നോ — അല്ലെങ്കിൽ — അവർ തമ്മിൽ ഉള്ള ബന്ധമെന്താണെന്നോ എനിക്കു നിശ്ചയമില്ല. മാന്യവായനക്കാർ — ലോകപരിചയം സിദ്ധിച്ചിട്ടുള്ള വായനക്കാർ — അതിനെ ഏതുപ്രകാരമെങ്കിലും വിചാരിച്ചുകൊള്ളുന്നതു് ഈ ഗ്രന്ഥകാരനു സന്തോഷപ്രദവും ചരിതാർത്ഥ്യജനകവുമാണ്. അനുരാഗമെന്നോ, പ്രണയമെന്നോ, പ്രേമമെന്നോ, സ്നേഹമെന്നോ, പ്രീതിയെന്നോ, വാത്സല്യമെന്നോ, അതൊന്നുമല്ലെങ്കിൽ പച്ചമലയാളത്തിൽ വെറും വേഴ്ചയെന്നോ “ഇഷ്ടം” — എന്നോ — എന്തൊക്കെപ്പറയുന്നതായാലും ഗ്രന്ഥകർത്താവിനു നിരാശക്കവകാശമില്ല. ഇപ്രകാരമൊരു വസ്തു ഈ ലോകത്തിലില്ലെന്നാണ് ഈ നായികയെപ്പറ്റി അറിയുന്നതുവരെ ഞാൻ വിചാരിച്ചിരുന്നത്. മായയെന്നും, കള്ളമെന്നും, മിഥ്യയെന്നും, ചിലരെന്നും, പിന്നെയൊട്ടുപേരും, “ഉന്മാദ”മെന്നും മറ്റും നാമധേയങ്ങളായി ട്ടു ചിത്തത്തിൽ പുതഞ്ഞുകിടക്കുന്ന വികാരത്തെപ്പറ്റി ചില ലേഖനങ്ങൾ

കൂടി പരിഹസിക്കപ്പെടുകയില്ലല്ലോ. പരമാർത്ഥമാണെന്നു തലകുലുക്കി സമ്മതിച്ച ഒരു കാലം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഇതിനും [illegible] എല്ലാം "അപ്പുറത്തു" വിസ്മൃതമായി. വിശേഷമായി, വിസ്തൃതമായി, വിപുലമായി, അവ്യക്തമായി, അപ്രമേയമായി, അനന്തമായി, അപ്രതിഹതമായി, ഒരു ശക്തി ഉണ്ടെന്നും, അതാണു യഥാർത്ഥമായിട്ടുള്ളതെന്നും — ഇല്ല — മനുഷ്യലോകത്തെ തന്നെയും ഇഹലോകത്തിൽ സംഭവിച്ചുവരുന്നതെന്നും, അത്ഭുതമെന്നുമാണെന്നു [illegible] കരുണാമയവും, ധർമ്മമായും, ജ്ഞാനമായും എല്ലാം [illegible] അത്ഭുതമെന്നാണ് [illegible] അറിയാതിരിക്കുന്നതെന്നും ഈ [illegible] ജീവിതത്തിൽ [illegible] യഥാർത്ഥസ്ഥിതിയെപ്പറ്റി [illegible] അതിനെപ്പറ്റി [illegible] അത്ഭുതപ്പെടേണ്ടതില്ല [illegible] ചരിത്രത്തിൽ ഇതു [illegible] ദിവ്യമായ [illegible] ഞാൻ [illegible] എന്റെ കടമയെന്നാണെല്ലോ. എന്തായാലും ഈ കാലത്തിനിടയിൽ [illegible] അനുഭവിച്ച [illegible] എന്നാൽ [illegible] പറയുവാൻ [illegible]

കൊട്ടാരത്തിൽ [illegible], [illegible] അനുഭവിച്ചിട്ടുള്ളതിനേക്കാൾ [illegible] ഉണ്ടായ [illegible] അനുഭവമായിരുന്നു. [illegible] ഉദ്യോഗത്തിൽ [illegible] സാധിച്ചതിനെപ്പറ്റിയും [illegible] അനുഭവിച്ചു [illegible] ഭാഗ്യത്തെപ്പറ്റിയും [illegible] സ്വന്തം [illegible] മനസ്ഥിതിയെപ്പറ്റി [illegible] ജീവിതരീതിയെപ്പറ്റിയും [illegible] ജീവിതരീതിയെപ്പറ്റി [illegible] "പ്രിൻസ് [illegible]" എന്ന പ്രസിദ്ധീകരിച്ച ഇംഗ്ലണ്ടിലെ [illegible] ജീവിതത്തെ "[illegible] കൊട്ടാരത്തിലെ രഹസ്യങ്ങളെ" [illegible] ആവശ്യമില്ലാത്തപോലെ [illegible] [illegible] ഉപേക്ഷിച്ചു [illegible]

ച്ചിയെപ്പററി പ്രചാരത്തിലായ വിവൃത്തിയുള്ള [illegible] ണ്ടും മറെറാരു പ്രിൻസിപ്പിൾ കാരായിരുന്നു. സെലിം എന്നുപറയപ്പെടുന്നവിടത്തെ [illegible] അദ്ദേഹം പ്രത്യക്ഷപ്പെടുത്തിയിരുന്നില്ലയെന്ന വൈശിഷ്ട്യത്തിന്റെ സെലിം ഭർത്താവായിരുന്നു. ജഹാംഗീർ ചക്രവർത്തിയുടെ വാത്സല്യപാത്രമായിരുന്ന ഈ നൂർജഹാനെപ്പററി വ്യാഖ്യാനിച്ചിരുന്ന "ലാലാറൂഖ്" കാവ്യത്തിൽ ചക്രവർത്തിനിയെപ്പററി [illegible] വർണ്ണിച്ചിരിക്കയാണ്. [illegible] പുത്രൻ [illegible] വിവാഹിതനായി വിശേഷിപ്പിക്കേണ്ടതില്ലായിരുന്നതിനാൽ ചക്രവർത്തി അതും ആലോചിച്ചിരുന്നതുപോലെ സെലിമിന്റെ വിവാഹം നടത്തിയില്ല. എങ്കിലും സെലിമിന്റെ ഇരുപത്താറുവയസ്സു പ്രായമായപ്പോൾ ചക്രവർത്തിതന്നെ [illegible] രാജകുമാരിയായിരുന്ന [illegible] വിവാഹം [illegible] ചെയ്തു [illegible] രാജസ്ഥാനത്തിന്റെ അധിപതിയായിരുന്ന [illegible] അവരുടെ [illegible] ശോഭിച്ചിരുന്ന [illegible] [illegible] രാജപുത്രന്മാരുമായുള്ള [illegible] പുത്രൻ വിവാഹം ചെയ്തുകൊടുത്തതിനാലും [illegible] സാമ്രാജ്യത്തിന്റെ [illegible] വിവാഹം [illegible] കാലത്തു ഈ രാജ്ഞിക്ക് [illegible] പ്രായമുണ്ടായിരുന്നു. ഗുണപൂർണ്ണതയിലും [illegible] വൈശിഷ്ട്യത്തിലും [illegible] യായിരുന്ന ഈ രാജ്ഞി [illegible] വിശേഷിച്ചു [illegible] യായ [illegible] [illegible] യായിരുന്ന [illegible] പുത്രിയും [illegible] യിരുന്നപക്ഷം അവരിൽ ഉണ്ടായിരുന്ന [illegible] പ്പററി ഉദാഹരിക്കുവാൻ കഴിയുന്നതാണല്ലോ. എന്നാൽ [illegible] ചക്രവർത്തി [illegible] കന്യകയെ വിവാഹംചെയ്തിട്ടുള്ള രാജ്യത്തിൽ സമാധാനപരിപാലനത്തിന് അതു ഉപയോഗപ്പെടുമായിരുന്നു എന്ന നിശ്ചയത്തോടുകൂടിയായിരുന്നു. [illegible] സഫലമാകുകയും ചെയ്തു. വിവാഹത്തിനുശേഷം [illegible] അന്തഃപുരത്തിൽ സമാധാനമായി കുറച്ചുകാലം [illegible] പ്രേമലീലയിലല്ല പ്രയത്നം ചെയ്തു സന്തുഷ്ടിപ്രാപിച്ചു. [illegible] [illegible] [illegible] യായിരുന്ന [illegible] [illegible] സ്വഭാവം

വങ്ങളിൽ തല്പര അല്ലാതിരുന്നതിനാലും, രാജ്യോചിതമായ തൊഴി
ലുകളിൽ പ്രാവീണ്യം നേടിയിരുന്ന ഒരുകുമാരനെ രൂപപ്പെടുത്തു
വാൻമാത്രം പ്രൗഢതയും കർത്തവ്യവും ശീലിപ്പിച്ചിരുന്നില്ലാത്തതിനാ
ലും കുമാരനെ 'പുരാതനങ്ങളുടെ പോക്ക്' വീണ്ടും ഉദാസീനമായിത്തോ
ന്നി. തന്റെ അപ്രശസ്തതയെപ്പറ്റി ബോധവാനായിരുന്നെങ്കിലും, കു
മാരന്റെ കാമചാപല്യത്തിനു ഇരയായിരുന്ന സ്ത്രീജനങ്ങളോട് അ
ദ്ദേഹം ഭീതിയും പ്രത്യക്ഷപ്പെടുത്തിയിരുന്നില്ല. ആ സമയങ്ങളിലെ
ല്ലാം ദേവി ഉദാസീനതയിൽ സമയം ചിലവഴിച്ചു സഹിച്ചിരുന്നു
അനുഭവിച്ചു. വിവാഹാനന്തരം അഞ്ചു സംവത്സരക്കാലത്തോളം കഴി
ഞ്ഞിരിക്കുന്നതെങ്കിലും ദേവിക്ക് ഒരു സന്താനം ഉണ്ടായിക്കാണുവാനു
ള്ള ആഗ്രഹം സഫലമായില്ല. ഇപ്പോഴും ദേവി അപ്രകാരംതന്നെ
വന്ധ്യയായി സ്ഥിതിചെയ്തുകൊണ്ടിരുന്നു.

സലിംരാജകുമാരൻ 1598-ൽ കാബൂൾദേശത്തെ ആക്രമിക്കാ
നായി യുദ്ധസന്നാഹങ്ങളോടുകൂടി പുറപ്പെട്ടുവന്ന ഇതിഹാസം പ
റഞ്ഞിട്ടുണ്ടല്ലോ. യുദ്ധവേളയിൽ അദ്ദേഹത്തിനെതിരായി അ
ഫ്ഗാനിസ്ഥാനികളായി ഒരു പ്രൗഢയും ഒരു യുവതിയും യുദ്ധം ചെയ്യുന്നു
ണ്ടായിരുന്നു. യുദ്ധത്തിൽ ശത്രുപക്ഷമായിരുന്ന അദ്ദേഹം പ്രൗഢ
യെ വെട്ടിവീഴ്ത്തി കൊന്നു പിടിപ്പെടുകയെങ്കിലും മരണപ്പെടാതെ
യുവതി വീണ്ടും യുദ്ധസന്നാഹങ്ങളോടുകൂടി സലിമിനോട് എതിർത്തു.
ആ യുവതിയുടെ രൂപവൈശിഷ്ട്യത്തെയും യുദ്ധപാടവത്തെയും
പറ്റി അറിഞ്ഞ സലിം അത്ഭുതചിത്തനായി അവളോട് തന്റെ
ഹൃദയത്തിലുണ്ടായിരുന്ന പ്രേമത്തെ പ്രസ്പഷ്ടമാക്കി. സലിമിനോട്
തനിക്കുണ്ടായിരുന്ന പ്രേമത്തെ ആ പോരാളിയും വ്യക്തമാക്കി. യു
ദ്ധാനന്തരം, ആ യുവതിയെ സലിം ഗൂഢമായി ആഗ്രയിൽകൊ
ണ്ടുവന്നു പാർപ്പിച്ചു. അവളുടെ രാജ്യത്തെ അക്ബർ ചക്രവർത്തിയു
ടെ സാമ്രാജ്യത്തോട് ചേർക്കുകയും ചെയ്തു. ഇപ്രകാരം ചക്രവർത്തിയു
ടെ അറിവും അനുമതിയും കൂടാതെ കൊട്ടാരത്തിൽ പാർപ്പിച്ചിരുന്ന
സ്ത്രീരത്നമാകുന്ന 'മെഹർ' എന്ന നാമത്താൽ ചരിത്രകൃതികളിൽ
ഇതുവരെ അറിഞ്ഞിട്ടുള്ളൂ. മെഹറിനെപ്പറ്റി ഇനിയും പല രഹ
സ്യസംഗതികളും വ്യക്തമാകുവാനുള്ളതുകൊണ്ട് ഇപ്പോൾ നാം അ
വളെപ്പറ്റി ഇത്രയും മാത്രം അറിയുന്നതിനേ പ്രാപ്തരാകുന്നുള്ളൂ.

മെഹറിനേയും ഷേർഅഫ്ഗാനേയും ഒരുമിച്ചു സ
ന്തോഷിപ്പിക്കുവാൻ സലിം ഉദ്ദേശിച്ചിരുന്നെങ്കിലും ഒരുപോലെ
പ്രത്യക്ഷസ്ഥിതികളോടുകൂടിയവരായിരുന്നതിനാൽ സലിമി

ന്റെ ആഗ്രഹം പൂൎണ്ണമായി സാധിച്ചിരുന്നില്ല. അംബികാദേവി ഏറെക്കുറെ ഐശ്വൎയ്യം എന്നാൽ വളരെ ശാന്തയുമായിരുന്നു. അംബികയിൽ സൌശീല്യവും ഔദാൎയ്യവും ഉണ്ടായിരുന്നെങ്കിൽ മെഹറിൽ അദ്ദേഹത്തിനു ഭൂതദയയും വാത്സല്യവുമുണ്ടായിരുന്നു. രാജപുത്രന്മാരിൽ സൎവ്വസാധാരണയായി കളിയാടിക്കൊണ്ടിരുന്ന വീൎയ്യശൌൎയ്യാദിഗുണഗണങ്ങൾ അംബികയിൽ പ്രകാശിച്ചിരുന്നെങ്കിൽ, ഒരു വിശിഷ്ടന്മാരുടെ അകളങ്കമായ ചാരിത്രവിശുദ്ധി മെഹറിൽ ഉജ്ജ്വലിച്ചിരുന്നുവെന്നുതന്നെ പറയാം. അംബികാദേവി പ്രേമോജ്ജ്വലയായിരുന്നെങ്കിൽ മെഹർ ത്യാഗോജ്ജ്വലയായിരുന്നു. അംബിക സെലിമിനെ പ്രാണേശ്വരനായി കരുതിയിരുന്നെങ്കിൽ മെഹർ അദ്ദേഹത്തെ പ്രണയദേവനായി വരിച്ചിരുന്നു. അംബിക അദ്ദേഹത്തെ ഭൎത്താവെന്ന നിലയിൽ ആരാധിച്ചിരുന്നെങ്കിൽ, മെഹർ, തനിക്കു സൎവ്വഥാ യോഗ്യനെന്നു വിചാരിച്ചിരുന്ന ഒരാളെ ഒരു സഹോദരനെപ്പോലെ കരുതിയിരുന്നു. അംബികയുടെ പ്രേമം ഭൌതികശൈലത്തിൽനിന്നും ഉത്ഭവിച്ചു ആത്മീയ സാഗരത്തിൽ ലയിച്ചിരുന്നെങ്കിൽ മെഹറിന്റെ പ്രേമം ആത്മീയശൈലത്തിൽനിന്നും ഉത്ഭവിച്ചു ഭൌതികസാഗരത്തിൽ ലയിച്ചു. അംബികയുടെ പ്രേമം അവരെ തന്നെയും മറന്നിരുന്നെങ്കിൽ മെഹറിന്റെ പ്രേമം ആരെയും മറന്നിട്ടിരുന്നില്ല. അംബികയുടെ പ്രേമം പ്രശാന്തമായ പന്ഥാക്കളിൽകൂടി പ്രവഹിച്ചു ഒരു പുണ്യപുരുഷന്റെ ഹൃദയസിന്ധുവിൽ എത്തിച്ചേൎന്നവെന്നു് ആ സാദ്ധ്വി വിചാരിച്ചിരുന്നെങ്കിൽ മെഹറിന്റെ പ്രേമം ഉജ്ജ്വലവും പരുഷവും ആയ ദുൎഘടമാൎഗ്ഗങ്ങളിൽകൂടി പ്രവഹിച്ചു ഒരു വീരപുരുഷന്റെ ഹൃദയസിന്ധുവിൽ എത്തിച്ചേൎന്നുവെന്നു് ആ സതി തീൎച്ചപ്പെടുത്തി. അംബികയെ സെലിം വിവാഹത്തിനു ശേഷം മനസ്സിലാക്കി സംതൃപ്തി പ്രാപിച്ചിരുന്നെങ്കിൽ മെഹറിനെ അദ്ദേഹം മനസ്സിലാക്കിയതിനു ശേഷം വിവാഹം ചെയ്തു സംതൃപ്തി പ്രാപിച്ചു. അംബികയുടെ പ്രേമത്തെ അദ്ദേഹം യഥാൎത്ഥസംഗീതം പോലെ ആസ്വാദ്യമായി കരുതിയിരുന്നെങ്കിൽ മെഹറിന്റെ പ്രേമത്തെ യഥാൎത്ഥസാഹിത്യം പോലെ ആരാധ്യമായി വിചാരിച്ചിരുന്നു.

അംബികാദേവിയുടെ പ്രേമം ഉത്ഫുല്ലമായ കാന്തിയും സൌമ്യമായ സൌരഭ്യവും കലൎന്നിട്ടുള്ള പനിനീർപ്പൂവായിരുന്നെങ്കിൽ മെഹറിന്റെ പ്രേമം വൎണ്ണോജ്ജ്വലവും സൌരഭ്യസമ്പൂൎണ്ണവും ആയ ചെമ്പകപ്പൂവായിരുന്നു. അംബികയുടെ പ്രണയം പൂൎണ്ണചന്ദ്രന്റെ ധാവള്യവും കുളുൎമ്മയും ചേൎന്നതായിരുന്നെങ്കിൽ മെഹറിന്റെ പ്ര

ണയം സൂൎയ്യന്റെ പ്രകാശത്തേയും ആതപത്തേയും വഹിച്ചിരുന്നു. അംബികയുടെ അംഗരാഗം സ്വൎണ്ണത്തിന്റെ വൎണ്ണമായിരുന്നെങ്കിൽ കെഫറിന്റെ അംഗരാഗം വൈഡൂൎയ്യത്തിന്റെ കാന്തിയായിരുന്നു. ദേവിയുടെ സ്വരം കളകളം പോലെ നിസ്തുലമായിരുന്നെങ്കിൽ കെഫറിന്റെ സ്വരം കേകാരവം പോലെ ഗംഭീരമായിരുന്നു. അവയിൽ ഒന്നു മാൻപേടയെപ്പോലെ തത്തിക്കളിച്ചിരുന്നെങ്കിൽ മറ്റേതു മയിൽപ്പേടയെപ്പോലെ അകാരണസന്തോഷവതിയായി പ്രസന്നമാകി ആടിക്കളിച്ചു. അവയിൽ ഒന്നു കോകിലത്തെപ്പോലെ പാടിക്കളിച്ചിരുന്നെങ്കിൽ മറ്റേതു കേകിയെപ്പോലെ കൂകിക്കളിച്ചിരുന്നു. അംബികയുടെ പ്രേമം പ്രഭാതത്തിന്റെ പ്രധാനമായ പ്രശാന്തതയോടുകൂടി ഉജ്ജ്വലപ്രകൃതിയിലേക്കു പ്രവഹനം ചെയ്യുകിൽ കെഫറിന്റെ പ്രേമം മേഘനാദമായ ഗൎജ്ജിതത്തോടുകൂടി അതിനുടെ ശോഭകളെല്ലാത്തെയും വിതറി നിസ്തുലമായി പരിലസിച്ചു. അതിൽ ഒന്നു ലക്ഷ്മീദേവിയെപ്പോലെ ഐശ്വൎയ്യസമ്പൂൎണ്ണമായിരുന്നെങ്കിൽ മറ്റേതു സരസ്വതീദേവിയെപ്പോലെ സൌന്ദൎയ്യസമ്പൂൎണ്ണമായിരുന്നു. അതിലൊന്നു പാൎവ്വതിയായിരുന്നെങ്കിൽ മറ്റേതു ശങ്കരനായിരുന്നു. അതിൽ ഒന്നു ശ്രീരാമനായിരുന്നെങ്കിൽ മറ്റേതു ശ്രീകൃഷ്ണനായിരുന്നു. അംബിക [illegible] മണിയായിരുന്നെങ്കിൽ കെഫർ സാമൎത്ഥ്യമായിരുന്നു.

കെഫറുമായുള്ള സൌഹൃദം വഴി അംബികാദേവിക്കു ലേശവും അസൂയാശങ്കയുണ്ടായിരുന്നില്ല. അവർ കെഫറിനെ തന്റെ ഒരു സഹോദരിയെപ്പോലെയോ അല്ലെങ്കിൽ തന്നെപ്പോലെതന്നെയോ കരുതിയിരുന്നു. പുത്രന്മാരുടെ ഉദ്ദേശ്യത്തെപ്പറ്റി അവരിരുവരും ഒരേ അഭിപ്രായക്കാരായിരുന്നു. തന്റെ ഭൎത്താവിന്റെ സ്നേഹം അതേപോലെ തന്നെ തന്റെ സൌഭാഗ്യമെന്നു പതിവ്രതാധൎമ്മം മനസ്സിലാക്കിയ ദേവിക്കു പുത്രവത്സലത്വത്തിനുടെ [illegible] യായിരുന്നുവെന്ന് പറയുവാനാണോ ഇല്ലേ. ഇപ്രകാരമുള്ള മനഃസ്ഥിതി ഇക്കാലത്തു [illegible] കാണുവാൻ വിഷമമായിരിക്കും. എന്നാൽ രാജപുത്രസ്ത്രീകളുടെ മറ്റുള്ള ചരിത്രപ്രസിദ്ധരാകയാൽ അതിനെപ്പറ്റി കൂടുതൽ വിവരിക്കേണ്ട ആവശ്യമില്ല.

കെഫറിന്റെ ഉപദേശവും ദേവിയുടെ സൌന്ദൎയ്യത്തെ പരാജയപ്പെടുത്തിയിരുന്നെങ്കിൽ ദേവിയുടെ പ്രേമസൌഭാഗ്യം കെഫറിന്റെ [illegible] അതിജയിച്ചിരുന്നു. അംബികു

ടെ മനസ്ഥിതികാരണമായിക്കൊണ്ട് സെലിം സാഹ്ലാദഗാനസ്തുതി ചെയ്തിരുന്നെങ്കിൽ മെഹറിൻെറ രൂപലാവണ്യത്തിനായിക്കൊണ്ട് അദ്ദേഹം പരഃസഹസ്രം പ്രാവശ്യം പ്രണമിച്ചിരിക്കണം. എന്നാൽ മെഹറിൻെറ രൂപലാവണ്യവും ദേവിയുടെ മനസ്ഥിതിയും ഒത്തുചേർന്ന് ഒരാളിൽ കാണണമെന്ന സെലിം രാജകുമാരൻ ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല. അപ്രകാരം ഒരു സൃഷ്ടിയുണ്ടായാൽ പിന്നെ ലോകത്തിൻെറ സ്ഥിതിയെന്തായിരിക്കുമെന്ന് അദ്ദേഹം അതിശയിക്കയാണ് ചെയ്തിട്ടുള്ളത്". പക്ഷേ ഈശ്വരസൃഷ്ടിയിൽ അസംഭാവ്യമായി യാതൊന്നുമില്ലെന്ന സെലിം രാജകുമാരന് മനസ്സിലായത് നസീറയുമായി പരിചയപ്പെട്ടതിനു ശേഷമാണ്.

ചക്രവർത്തി, നസീറ തൻെറ രത്നമാല്യം സമ്മാനിച്ചതു അവൾ തൻെറ ജീവനെ സംരക്ഷിച്ചതിൻെറ പ്രതിഫലമായിട്ടല്ലെന്ന് സെലിം ദൃഢമായി വിശ്വസിച്ചിരുന്നു. അവളുടെ ഓരോ അംഗവും, ഓരോ ചേഷ്ടയും, ഓരോ വാക്കും, സൌന്ദര്യസമ്പൂർണ്ണമാണെന്ന് അദ്ദേഹത്തിനു തോന്നി. പ്രകൃതിയുടെ അകൃത്രിമസൌന്ദര്യത്തെപ്പറ്റി, കൃത്രിമാഡംബരങ്ങളിൽ വൈമുഖ്യം സമ്പാദിച്ച കുമാരനു മനസ്സിലായതു നസീറയിൽനിന്നും മാത്രമാണ്. തൻെറ പ്രാണനെ രക്ഷിച്ച—തൻെറ അധികാരത്തെ പുലർത്തിയ—തൻെറ സന്തോഷത്തെ പരിപാലിച്ച—ആ ദിവ്യകന്യകയെപ്പറ്റി ഇതിനു മുമ്പ് ഒരിക്കലും തോന്നിയിട്ടില്ലാത്തവിധത്തിൽ ഒരു നവീനമനോഭാവം സെലിം രാജകുമാരൻെറ ഹൃദയാന്തരത്തിൽ ഉദിച്ചുയർന്നു. അവൾ—അല്ല, അവളും കേവലം ഒരു പരിചാരികയാണെന്ന് അദ്ദേഹം ഓർത്തില്ല. ഉച്ചപതിതഭേദമൊന്നും പ്രേമത്തിനില്ലെന്ന കുമാരൻ ഇതിനു മുമ്പുതന്നെ തെളിയിച്ചിട്ടുള്ളതാണല്ലോ. തൻെറ ദൃഷ്ടിപഥത്തിൽ നിന്നും തിരോധാനത്തോടുകൂടി അന്തർദ്ധാനം ചെയ്ത ആ ലജ്ജിതാംഗിയുടെ വാക്കുകൾ കേൾക്കുന്നതിന് അദ്ദേഹം വീണ്ടും വീണ്ടും ആഗ്രഹിച്ചിരുന്നു. അവളുടെ ആ പരിശുദ്ധ മുഖകമലം ഒന്നുകൂടി കാണുന്നതിന് അദ്ദേഹത്തിൻെറ നയനങ്ങൾ ഉൽക്കണ്ഠാപൂർണ്ണങ്ങളായി ഉഴറിത്തുടങ്ങി. എന്തുവന്നാലും അവളെ കാണണമെന്ന് ആഗ്രഹിച്ച വിവരം ആരേയും ഗ്രഹിപ്പിക്കുവാൻ സെലിം പ്രാപ്തനായില്ല! എങ്കിലും പിറെറദിവസം മുതൽ അദ്ദേഹം അംബികാദേവിയുടെ അന്തഃപുരത്തിൽ സായാഹ്നസമയം ഹാജരാകുക പതിവായിരുന്നു. അപ്പോഴെല്ലാം, അല്പം ദൂരെ ഒളിച്ചിരിക്കുന്ന അനാർക്കലിയെക്കണ്ട് കണ്ണുനക്കുവാൻ ദേവിയുടെ സാന്നിദ്ധ്യം പ്രതിബന്ധമായിരുന്നെങ്കിലും ദിവ്യപ്ര

ന്റെ, അത്ഭുതത്തിന്റെ വാതായനങ്ങളെ ആ സുന്ദരിയുടെ ശ്രദ്ധത്തിലേ
ക്കു നയിപ്പിച്ചു. എന്നാൽ പരിണതപ്രായയായ ദേവിയാകട്ടെ, രാജകുമാ
രനു നസീറയോട് ഏതെങ്കിലും രീതിയിൽ അനുരാഗമായ പ്രതിപത്തി
ഉണ്ടായിരുന്നുവെന്ന് ഊഹിക്കപോലും ചെയ്തില്ല. കൈഫറിനോടുള്ള
കുമാരന്റെ പ്രേമത്തെപ്പറ്റി അറിഞ്ഞുവോ എന്നോ, അതിനെ നിരീക്ഷിക്കുവാനോ
ദേവി പ്രാപ്തയായിരുന്നിരിക്കയില്ല. പക്ഷേ തന്റെ ഒരു പരിചാരിക
യിൽ തന്റെ പ്രാണനാഥന് — ദേവി പത്രവന്തിക്ക് — വല്ല അനു
രാഗവും ഉണ്ടായിരുന്നാൽ അതിനെപ്പറ്റി ശങ്കിക്കുവാനും, കോപ
ഭയം വെളിപ്പെടുവാനും ദേവി ശക്തയായിരുന്നിരിക്കാം. എന്താ
യാലും ദേവിയിൽ യാതൊരു വിചാരസംശയങ്ങൾ ഉണ്ടാകുവാൻ വഴി
യില്ലല്ലോ. രാജകുമാരൻ നസീറയെ കണ്ടിരുന്ന അവസരങ്ങളിലെല്ലാം
അവളുടെ മനോഭാവം പ്രത്യക്ഷപ്പെട്ടിരുന്നു. എങ്കിലും താരിക്ക് അ
ല്ലാതെ ഒരു സാധനത്തെപ്പറ്റി—സത്യത്തെപ്പറ്റി, അന്തഃക
രണത്തിലുള്ള അനുരാഗചിന്തയെ ഒളിച്ചുവെച്ചും രാജകുമാരനെന്ന് അ
വൾ അറിവുണ്ടായിരുന്നതുകൊണ്ടു തന്റെ പ്രേമം പ്രത്യക്ഷമാകാതിരി
ക്കുന്നതിന് അവൾ പ്രത്യേകം ശ്രദ്ധിച്ചുവന്നു.

ഒരു ദിവസം അന്തഃപുരത്തിൽ നസീറ തനിയെ ഇരിക്കുകയാ
യിരുന്നു. ദേവി നമസ്കാരത്തിനായി പള്ളിയിൽ ഇരുന്നതുകൊണ്ട്
അവൾ സ്വതന്ത്രയായി ദേവിയുടെ മണിയറയിൽ പ്രവേശിച്ചിരു
ന്ന മണ്ഡപത്തിൽ ഇരുന്നു. അവൾക്കെതിരായി, ഒരു ഭിത്തിയിൽ,
സെലിം രാജകുമാരന്റെ മനോഹരമായ ഛായാചിത്രം സ്ഥാപിതമായിരിക്കുന്നതുകണ്ട് അ
വൾ തന്റെ കഴുത്തിൽ കിടന്ന രത്നമാല്യത്തെ ഊരി എടുത്ത് ആ
പടത്തിൽ തൂക്കി മന്ദഹസിച്ചു. അവൾ ഇപ്രകാരം പറഞ്ഞു.
"ഹാ, മാല്യമേ! നിന്റെ യോഗ്യത തികഞ്ഞതിപ്പോഴാണ്. എന്റെ
ഈ വാട്ടകഴുത്തിൽ നീ കിടന്നിരുന്നത് വളരെ സങ്കടത്തോടു
കൂടിയാണെന്ന് എനിക്കറിയാം." അവൾ ഇത്രയും പറഞ്ഞു കൈ
നീക്കുമ്പോൾ പെട്ടെന്ന് മണി അറയിൽ ആരുടെയോ കാലടിയു
ടെ ശബ്ദം കേട്ട് അവൾ പിന്തിരിഞ്ഞു. അപ്പോൾ അവളുടെ മു
മ്പിൽ വിസ്മയനായി കണ്ടു് ആ മായാപടത്തിന്റെ സജീവപ്ര
തിമയായ സെലിം രാജകുമാരൻ തന്നെയായിരുന്നു. കുമാരനെ കണ്ട
ഉടൻ തന്നെ കഴിഞ്ഞുമറിഞ്ഞു രാജകുമാരനെ ഉപചരിച്ചു. നസീറ
യുടെ വിവർണ്ണമായി പകർന്ന മുഖഭാവം കണ്ട് സെലിം ചോദി
ച്ചു. "അനാകുലി! ദേവി എന്റെ സാന്നിദ്ധ്യത്തെ ...



"ഹാ! മാല്യമേ! നിന്റെ യോഗ്യത തികഞ്ഞതിപ്പോഴാണ്."

(Copy-right.)

Page 162.

യിരിക്കാം; എങ്കിൽ [illegible] ചക്രവർത്തി നിന്നെ [illegible]
[illegible] എവിടെ?"

[illegible] ഈ [illegible] വാക്കുകൾ കേട്ട് [illegible] [illegible] [illegible]യായി [illegible] [illegible] [illegible] [illegible] [illegible]. [illegible] [illegible] ഉൽക്കണ്ഠയോടുകൂടി [illegible] [illegible] [illegible] [illegible] [illegible]. [illegible] [illegible] [illegible] ആഹാ! എന്റെ [illegible]! [illegible] എന്റെ [illegible] [illegible]. എന്നോട് [illegible] [illegible] [illegible]." ഇത്രയും [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] "[illegible] [illegible] [illegible]—[illegible]!" [illegible] [illegible] [illegible] [illegible] [illegible]—[illegible] [illegible]—[illegible] [illegible] [illegible] [illegible]. "[illegible]! [illegible] [illegible] [illegible] [illegible]! [illegible] [illegible] [illegible] [illegible] [illegible]!"

[illegible] [illegible] രാത്രിയിൽ [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible], [illegible] [illegible] [illegible], [illegible] [illegible] [illegible] [illegible]! [illegible] [illegible] [illegible] [illegible]

പ്രാപിച്ചതെന്നു ഓർക്കുവാൻ കൂടി അവൾ ശക്തയാകാതിരുന്നു്.! ഹാ! ആ ദിവ്യാനന്ദം തന്റെ ബുദ്ധികൊണ്ടും ഹൃദയം കൊണ്ടും അനുഭവിക്കുവാൻ അവൾക്കു സാദ്ധ്യമാകാതിരുന്നതു് എന്തുകൊണ്ടായിരിക്കും.? അല്ല, അവൾ മോഹിതയായി കിടക്കുകയാണ്! ആനന്ദം! പരമാനന്ദത്തിന്റെ പരമപദത്തെ പ്രാപിച്ച നദീറേ! അനാർക്കലി!, ഭവതി തന്നെയാണ് ജാംബികാദേവിയെക്കാൾ ഭാഗ്യവതി. നീ തന്നെയാണു മെഹറിനേക്കാൾ സൗഭാഗ്യവതി!! അല്പനേരത്തേക്കു യാതൊരു ചേഷ്ടയുമില്ലാതെ മോഹിതയായി കിടന്ന നദീറ പെട്ടെന്നു കണ്ണുകൾ തുറന്നു നോക്കിയപ്പോഴാണു താൻ സെലിം രാജകുമാരന്റെ അങ്കതലത്തിൽ ശയിക്കുകയാണെന്നു് അവൾ അറിഞ്ഞതു്! പെട്ടെന്നു ഭയവിഹ്വലയായി എഴുന്നേൽക്കുവാൻ ഭാവിക്കവെ, കുമാരൻ ഗാഢാലിംഗനത്തിലമർത്തിക്കൊണ്ടു് അവളുടെ അധര പങ്കജത്തിൽ ഒന്നു ചുംബിച്ചു. ഹാ! പരിപാവനമായ ചുംബനമേ നീ അനന്തവും ദിവ്യവുമായ ആകാശത്തിൽ അക്ഷയമായ ഒരു നക്ഷത്രമായി തീർന്നു കഴിഞ്ഞല്ലൊ! ലോകമുള്ളിടത്തോളം കാലം അകലുഷമായ ആ പ്രേമമയ ആകാശത്തിൽ നീ ഒരു സ്വർഗ്ഗീയപ്രണയത്തിന്റെ അനന്തഭാവത്തെ പ്രസ്പഷ്ടമാക്കി പ്രകാശിക്കട്ടെ. അല്ലാ, ആ പ്രകാശിച്ചു കഴിഞ്ഞല്ലൊ. ഭാഗ്യവതി! നിന്റെ മനസ്സ് ഇത്ര ശുദ്ധമോ? കേവലം അല്പ ദിവസങ്ങൾകൊണ്ടു നിന്റെ വ്രതം സഫലമാക്കിയതു് ഏതു ദിവ്യശക്തിയാണ്? അതിനെപ്പററി നീ തന്നെ ഒന്നു പറയുക. പ്രേമം സഫലമാകാതെ വലയുന്ന നിർമ്മലകളായ അനേകം ബാലികമാർ ഈ ലോകത്തിൽ നിരാശയോടുകൂടി ജീവിക്കുന്നുണ്ടല്ലൊ. അവർക്കെല്ലാം നിന്റെ പുണ്യത്തെ ഒരു വലിയ സമാശ്വാസമായിരിക്കും. ആശ്വാസകരമായിരിക്കും! നിന്റെ വ്രതത്തിന്റെ ലക്ഷ്യമായിരുന്ന മെഹറിനെപ്പററി അറിഞ്ഞാൽ ആ പാവനാംഗികളുടെ ജീവിതം നിനക്കു എന്തുമാത്രം കടപ്പെട്ടിരിക്കുമെന്നതിൽ സംശയമില്ല. ഒരു പരിചാരികക്കു് ഒരു ചക്രവർത്തിയോടുള്ള പ്രേമം ഇത്ര പെട്ടെന്നു സാധിച്ചു സഫലമാക്കിയ ആ ദിവ്യശക്തി ഏതാണെന്നു് ആർക്കറിയാം. ആ പേലവമായ കവിൾത്തട്ടിൽ — മാതാവും — അതെ — ഒരു പുരുഷനും — അധരപുടങ്ങൾകൊണ്ടു സ്പർശിക്കയോ ആശ്ലേഷിക്കയോ ചെയ്തിട്ടില്ലാത്ത ആ ഇളന്നുപരിശുദ്ധമായ കവിൾത്തട്ടിൽ — രാജകുമാരൻ തന്റെ പ്രേമത്തെ ചാർത്തിയതോടുകൂടി, ആലോലമായ ഗണ്ഡത്തിൽ ഒരു രാഗം പടർന്നതായി നദീറക്കു തോന്നി. അല്ലയോ ഗണ്ഡമേ! ഒരു മാത്രകൊണ്ടു നിന്റെ നിറം മാറ,

ഒരു നൊടിയിടകൊണ്ടു നീ അസ്വാതന്ത്ര്യയായി! അല്ലയോ സുന്ദരമായ ശരീരമേ! നിന്റെ പരിശുദ്ധിയുടെ മാറ്റ് ഇപ്പോൾ കുറഞ്ഞിരിക്കണം! ഒരു പക്ഷെ താരിക പറഞ്ഞ കാര്യത്തെപ്പറ്റി വിചാരിച്ചായിരിക്കുമൊ ആ കവിൾത്തടു ചുവന്നപുളകസമ്പൂർണ്ണമായിത്തീർന്നതു? ആയിരിക്കും. അതിനും ജീവനുള്ളതാണല്ലൊ. അഥവാ പ്രേമാങ്കുരമായിരിക്കാം അപ്രകാരം കോൾമയിർക്കൊള്ളിച്ചതു? അതുമല്ലെങ്കിൽ പ്രേമനാടകത്തിന്റെ നാന്ദിയാടിയതു് ആ പരിശുദ്ധരംഗത്തിൽ വെച്ചാണല്ലൊ. ഇനി ഭരതവാക്യംവരെ ആ രംഗം തന്നെ ആടിക്കൊള്ളട്ടെ. ഇനി ലജ്ജയാകുന്ന യവനികകൊണ്ടു് ആ രംഗത്തെ മറക്കേണ്ട കാര്യമില്ല. അതു ഇതുവരെ നശിക്കാതിരിക്കട്ടെ! ആർക്കറിയാം സ്വർഗ്ഗീയരഹസ്യം? ഏതായാലും നിന്റെ ഭാഗ്യം അന്യദുർല്ലഭം തന്നെയാണു്. നസീറയുടെ പ്രേമസൂര്യന്റെ ഉദയത്തെ കാണിക്കുന്ന ഉഷഃകാലം പോലെ പേലവമായ ആ രക്തിമയെ അവളുടെ നിർമ്മലമായ വദനത്തിൽ പ്രചരിപ്പിച്ചു. അവൾ ലജ്ജ കൊണ്ടു മൗനം അവലംബിച്ചു.

രാജകുമാരൻ, താരിക മനഃപൂർവ്വമായിതന്നെ പ്രേമകാര്യപരിപാടി അനുസരിച്ചു് ആദ്ദേഹത്തിനു് സ്വാഗതമരുളിയ ശിരശ്ശേഷം കപോലങ്ങൾകൊണ്ടു അവളെ മെല്ലെ മെല്ലെ തലോടിത്തുടങ്ങി. നസീറ അദ്ദേഹത്തിന്റെ രാജരോഗസൂചകമായ കരാധികാരത്തെ നിഷേധിച്ചു. അദ്ദേഹം ഇപ്രകാരം പറഞ്ഞു. "നസീറാ! ഭാവിയുടെ ജീവനോടു ഇതാ സെലിം ലയിച്ചു കഴിഞ്ഞു. എന്നെ ഇനിയും നീ രക്ഷിക്കണേ! എന്റെ ചാപല്യം പൊറുക്കുക. സമയം ക്ഷമിക്കണേ!" ഇത്രയും കേട്ടഉടൻ തന്നെ തന്റെ പരിചാരികമാരെപ്പറ്റി വിസ്മരിച്ചുപോയ നസീറ മറുപടി നൽകി:—

"തിരുമേനി! ഇതാ ഈ അഗതിയുടെ ജീവിതം സഫലമായി കഴിഞ്ഞു. ഇനി എനിക്ക മരിച്ചാലും സന്തോഷം തന്നെ. എന്റെ ജീവിതം സൗഭാഗ്യസമ്പൂർണ്ണം തന്നെ. അവിടുന്നു ഈ ദാസിയെ രക്ഷിച്ചു. ഇനി അവിടുന്നു ഇവളെ പോവാൻ അനുവദിക്കണം."

സെലിം—ഓമനേ! അപ്രകാരം പറയരുതു്! സെലിമിനു് ഇന്നുമാത്രമാണ് ദിവ്യോത്സവം! ഇതാ! ഇന്നുവരെ സെലിം പ്രേമം എന്താണെന്നു് അറിഞ്ഞിരുന്നില്ല. ഇന്നു ഞാൻ അതെല്ലാം അറിഞ്ഞു.

നസീറ—എന്റെ തിരുമേനി! അവിടുന്നു ഇവളെ പോവാൻ അനുവ

ഭിക്കാത്തപക്ഷം ഞാൻ അപരാധിനിയാകും. ദേവി ഉടൻ മടങ്ങി എഴുന്നള്ളും!

സെലിം — നദീറേ! അനാറക്കളീ! ഭവതി എന്തിനാണു് ഞാൻ ഇവിടെ ഉള്ളപ്പോഴും ഭയപ്പെടുന്നതു്? നീ ദേവിയിൽ എത്രയോ ഉപരിയായി സ്ഥിതിചെയ്യുന്നു. നീ പോയാൽ—ഹാ! സെലിം! പിന്നെ ജീവിച്ചിരിക്കുന്നതെന്തിനു? ഹാ! ഓമനേ! പ്രേമമേ! നീ എങ്ങും പോകരുതേ. എന്നെ വിട്ടു പിരിയരുതേ.

നദീറ — അവിടുന്നു് ഇപ്രകാരമരുളരുതേ! അനർഹയെങ്കിലും അതിഭാഗ്യത്താൽ സിദ്ധിച്ച ഈ പദവി — ഈ ഇരുപ്പിൽ നിന്നും എഴുന്നേൽക്കുവാൻ ഇവൾക്കു് വളരെ മടിയുണ്ടു്. പക്ഷേ തിരുമേനി! അടിയൻ പറയുന്നതു് ദയവായി കേൾക്കണേ! അവിടുത്തെ നില എന്തു്? ഇവളുടെ ജീവിതമെന്തു്? തിരുമേനി എന്നെ രക്ഷിക്കണേ! അതാ! ദേവി എഴുന്നള്ളുന്നതെന്നുതോന്നുന്നു. തെരുവിൽ പട്ടാളക്കാർ അണിനിരന്നു. അയ്യോ തിരുമേനി!—"

സലിം — ഓമനേ! ഞാൻ ലോകസാമ്രാജ്യം ഭവതിയെ മടിയിൽ ഇരുത്തി [illegible] കൊള്ളട്ടെ—നദീറേ!—അനാറക്കളീ!—"

സെലിമിന്റെ മുഖഭാവം പകർന്നു. പെട്ടെന്നു് ശിഥിലങ്ങളായി ഭവിച്ച കുമാരന്റെ ഭുജാശ്ലേഷങ്ങളുടെ പിടിവിട്ടു നദീറ ചാടിയെഴുന്നേറ്റു. വീണ്ടും ഒരു ആശ്ലേഷത്തിനുകൂടി സെലിം അത്യധികമായി ആശിച്ചിരുന്നെങ്കിലും ആ സാധുബാലിക, ദേവിയുടെ എഴുന്നള്ളത്തിനു മുമ്പു് വെളിയിൽ ഇറങ്ങി പോകണമെന്നു കരുതി "തിരുമേനി! ക്ഷമിക്കണേ! നാളെ ആരാമത്തിൽ—" ഇത്രയും മാത്രം പറഞ്ഞു് അദ്ദേഹത്തിന്റെ മുമ്പിൽ നിന്നും അന്തർദ്ധാനം ചെയ്തു. സെലിമിന്റെ ഹൃദയത്തിൽ ക്ഷണനേരംകൊണ്ടു് ഉദിച്ചുയർന്ന വികാരങ്ങൾ എന്തെല്ലാമെന്നു പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. പ്രേമത്തിന്റെ പാദങ്ങളിൽ കമ്പിടാത്ത ഏതുമനുഷ്യനാണു് ഈ ലോകത്തിലുള്ളതു്? ഹാ! മനുഷ്യജീവിതത്തിലെ ചില മാത്രകൾ ഒരു യുഗത്തിന്റെ വിസ്തൃതമായ സംഭവബാഹുല്യത്തെ വഹിക്കുന്നു! ഒരു നിമിഷത്തിന്റെ വില ഒരു യുഗത്തിന്റെ വിലയെ അതിശയിക്കുന്നു! ഒരു ഞൊടിയുടെ ഭാരം ഒരു ജീവിതത്തിന്റെ ഭാരത്തെ അതിക്രമിക്കുന്നു!!

നദീറ പെട്ടെന്നു എഴുന്നേറ്റുപോയതുകൊണ്ടു മണ്ഡപത്തിൽ നിന്നും തന്റെ വാദ്യത്തെ എടുത്തുകൊണ്ടുപോകുവാൻ മറന്നു പോയി.

രാജകുമാരനും അതിനെപ്പററി സൂക്ഷിച്ചില്ല. ഏതു വിടനേയും ചാരിത്രശാലിയാക്കുന്നതിനും ഏതു ചപലനേയും സ്ഥിരചിത്തനാക്കുന്നതിനും യഥാൎത്ഥ പ്രേമത്തിന് സാധിക്കുമെന്നതിൽ യാതൊരു തൎക്കവുമില്ല. സെലിമിന്റെ ഹൃദയം മാറിപ്പോയി. അതെ! അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരു നവീനശക്തി ഉദിച്ചുയൎന്നു. അദ്ദേഹം മണിമഞ്ചത്തിൽ തന്നെ വിവിധവിചാരങ്ങളോടുകൂടി ശയിച്ചു. പെട്ടെന്നുണ്ടായ ആനന്ദലഹരിയിൽ ആറാടിയ ചിത്തം, അദ്ദേഹത്തെ മയക്കത്തിലേക്കു തള്ളിപ്പിച്ചു.

നദീറ അന്തഃപുരത്തിൽ നിന്നും നേരെ ആരാമത്തിലേക്കാണു പോയതു്. അവൾ ദേവിയുടെ വരവിനെ കാത്തുകൊണ്ടു് പുറത്തു നിന്നു. ദേവിയുടെ സുവൎണ്ണപ്പല്ലക്ക് അന്തഃപുരത്തിന്റെ നടയിൽ പ്രവേശിച്ചതായി അവൾ കണ്ടു. ഈ നിമിഷംവരെ ദേവിയുടെ അടുക്കൽ പോകുന്നതിന് യാതൊരു ശങ്കയുമില്ലാതിരുന്ന നദീറക്ക് ഇപ്പോൾ ആ പതിവ്രതയെ കാണുന്നതിനു തീരെ മനസ്സില്ല. അവൾ ഉള്ളാലേ ഭീരുവായിക്കഴിഞ്ഞു. അവളുടെ പാദങ്ങൾ ആ സ്ഥലത്തേക്കു ചലിക്കുവാൻ മടിക്കുന്നതുപോലെ അവൾക്കു തോന്നി. "ഞാൻ ദേവിയുടെ മുഖത്തു് എപ്രകാരം നോക്കും? ഞാൻ കുററക്കാരിയല്ലേ? ഞാൻ ദ്രോഹിയല്ലേ! ഒരുപക്ഷേ ദേവി വല്ലതും സംശയിച്ചെങ്കിൽ—" ഏവംവിധങ്ങളായ പല സംശയങ്ങളും അവളിൽ അങ്കുരിച്ചു. ഇതിനിടക്കാണു് രത്നമാലയുടെ കാൎയ്യം അവൾ ഓൎത്തതു്. പെട്ടെന്നു അവളുടെ ദേഹം ഭയംകൊണ്ടു് വിറച്ചു. താൻ മാല്യത്തെ കുമാരന്റെ ശയ്യാപടത്തിൽ ചാൎത്തിയിരിക്കുന്നതായി ദേവി കണ്ടു കഴിഞ്ഞാൽ പിന്നെ ഉണ്ടായേക്കാവുന്ന അനൎത്ഥങ്ങൾ എന്തെല്ലാമെന്നൂഹിക്കുവാൻ അവൾക്കു സാധിച്ചിരുന്നു. അവൾ അവളെ തന്നെ ഉഗ്രമായി ശപിച്ചു.

ദേവി മണിയറയിൽ പ്രവേശിച്ചപ്പോൾതന്നെ പതിവിനു വിപരീതമായി അന്നു കുമാരൻ അവിടെ ശയിക്കുന്നതായി കണ്ടു അത്ഭുതപ്പെടാതിരുന്നില്ല. സെലിം ഉറങ്ങുകയായിരിക്കാമെന്നു കരുതി ദേവി ഏറെനേരം ഒരു മഞ്ചത്തിൽ പോയിരുന്നു. അല്പനേരം കഴിഞ്ഞപ്പോൾ സെലിം കണ്ണുതുറന്നു. ഉടൻതന്നെ ദേവി അടുക്കൽചെന്നു ഇപ്രകാരം ചോദിച്ചു. "അവിടുന്നു ആലസ്യംപോലെ ഇരിക്കുന്നു. ദേഹത്തു വളരെ വല്ലായ്മ കാണുന്നുവല്ലോ?"

സെലിം—ഒന്നുമില്ല. ഉറക്കിളച്ചതുകൊണ്ടു ക്ഷീണമുണ്ടാകുന്നതാണ്.

ഇന്നു കതിരസ്സുവാരി അധികംനേരമുണ്ടായിരുന്നു. ക്ഷീണം അതുകൊണ്ടുതന്നെയായിരിക്കണം.

സെലിം ഇത്രയുംപറഞ്ഞുടൻതന്നെ ഭിത്തിയിലിരുന്ന ഛായാപടത്തിലേക്ക തന്റെ ദൃഷ്ടിയെ ഉയൎത്തുകയും ദേവിയും ഉടൻതന്നെ അദ്ദേഹത്തിന്റെദൃഷ്ടിലക്ഷ്യത്തെ കാണുകയും ഒരു മാല്യം ആ ഛായാപടത്തിൽ പ്രകാശിക്കുന്നതുകണ്ടു അത്ഭുതത്തോടുകൂടി ചോദിക്കയുംചെയ്തു. "അല്ലാ! നസീറയുടെ മാല അവിടെ വന്നതെങ്ങിനെ?"

സെലിം—അവൾതന്നെ അവിടെ വെച്ചതായിരിക്കാം. അതിവിടെ സൂക്ഷിച്ചുകൊള്ളുക.

ഇത്രയുംപറഞ്ഞു സെലിം മഞ്ചത്തിൽനിന്നും എഴുനേറ്റു. അദ്ദേഹം ദേവിയുടെ മണിയറയിൽനിന്നും നേരെ സ്വകാൎയ്യമുറിയിലേക്കപോയി. അവിടെ ചെന്നു ഒരു കത്തെഴുതി കൈക്കുള്ളിൽവെച്ചുകൊണ്ടു ആരാമത്തിൽ വന്നു. അസമയം നസീറ മണ്ഡപത്തിൽ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം കത്തിനെ ഏല്പിച്ചുകൊണ്ടു ഇപ്രകാരംപറഞ്ഞു. "നിന്റെ മാല ദേവിയുടെ കൈക്കലുണ്ട്. അതിനെ നീ തന്നെ അവിടെ സൂക്ഷിച്ചിരിക്കയാണെന്നു പറഞ്ഞാൽ മതി. ബാക്കികാൎയ്യം കത്തിലുണ്ട്" ഇത്രയും അറിയിച്ചതിനുശേഷം സെലിം വീണ്ടും അദ്ദേഹത്തിന്റെ മണിമന്ദിരത്തിലേക്ക യാത്രയായി.

സെലിം പോയിക്കഴിഞ്ഞ ഉടൻതന്നെ ദേവി നസീറയെപ്പറ്റി അന്വേഷിച്ചു. ഒരു പരിചാരിക ഈ വിവരം ആരാമത്തിൽ നിന്നിരുന്ന നസീറയെ ഗ്രഹിപ്പിച്ചു. കത്തു കൈയിൽകിട്ടിയ ഉടൻതന്നെ വായിക്കുവാനുള്ള അവസരംനോക്കിയിട്ടും അതിനെ അവൾ കഞ്ചുകത്തിനുള്ളിൽ ഭദ്രമായി സൂക്ഷിച്ചു. ദേവി കല്പിക്കുന്നുവെന്നു പരിചാരിക പറഞ്ഞ ഉടനെ ഏററവും വൎദ്ധിച്ച ഭയത്തോടുകൂടി അവൾ അന്തഃപുരത്തിൽചെന്നു. ഉടനെതന്നെ ദേവി ചിരിച്ചുകൊണ്ടു ചോദിച്ചു:—

"നസീറാ! നീ ഈ മാല എന്തിനാണു ഊരിയതു? അതു ഭദ്രമായി സൂക്ഷിക്കേണ്ടതല്ലെ?" ഇത്രയുംപറഞ്ഞു ദേവി ആ മാല്യത്തെ തിരിച്ചു നസീറയെ ഏല്പിച്ചു. തന്റെ സംഗതികളൊന്നും ദേവി അറിഞ്ഞിട്ടില്ലെന്നു ആശ്വസിച്ചു നസീറ മണിയറയിൽ വേണ്ട ജോലികൾ ചെയ്തശേഷം അവൾ വീണ്ടും ആരാമത്തിൽവന്നു. കുമാരന്റെ എഴുത്തു വായിക്കുവാനുള്ള ഉൽക്കണ്ഠയോടുകൂടി അവൾ അതിനെ കഞ്ചുകത്തിനുള്ളിൽനിന്നും എടുത്തു. "ആരോമലിട്ടോ! ചുട്ടകത്തിലുള്ള ഭ്രമം കൂടുള്ളതല്ലെങ്കിലതാരോടൊത്ത കരളേയത്തിലിരിക്കട്ടെ



(Copy-right.)

[illegible]

വിയർപ്പോലുമോ?" എന്ന മട്ടിൽതന്നെ അവൾക്കുതോന്നി. ആ ചെറിയ തുണ്ടിൽ ഇപ്രകാരം എഴുതിയിരുന്നു:—

"ഓമനേ! ഇതാ ഇന്നു സെലിമിന്റെ ഭാഗ്യോദയമായി. ഞാൻ നിന്റെ നാമത്തെപ്പററി വിചാരിച്ചു രസിക്കാത്ത ഒരു മാത്രയും ഇല്ല. പ്രേമം എന്താണെന്നു എനിക്കു മനസ്സിലായി. അതാൾക്കു! ഇന്നുതന്നെ ആരാമത്തിൽ വരണം. മണ്ഡപത്തിലെ ദീപങ്ങൾ നേരത്തെ തന്നെ അണയുന്നതാണ്. ഒന്നാമത്തെ യാമയിൽ അണിഞ്ഞതു തിരശ്ശേഷം മറന്നുപോയതു നന്നായില്ല. ഭവതിക്കു ഒരായിരം ചും—ബനം സെലിം വിനീതനായി അർപ്പിക്കുന്നു പറഞ്ഞതുപോലെ. എന്നു ഭവതിയുടെ സെലിം"

ഈ കത്തിനെ സാധാരണ പ്രേമസമ്പൂർണ്ണകളായ യുവതികളെപ്പോലെ, അവൾ എത്രപ്രാവശ്യം വായിച്ചുവെന്നും, എത്രപ്രാവശ്യം ചുംബിച്ചുവെന്നും കണക്കെടുത്തു തിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ല. ചിലർ ചുംബനംകൊണ്ടു കടലാസ്സു നനഞ്ഞു അക്ഷരം മായുന്നതുവരെ കാമലേഖനങ്ങളെ ആസ്വദിക്കുന്ന പതിവുണ്ടായിരിക്കാമെങ്കിലും നദീറ അപ്രകാരമൊന്നും ചെയ്തിരിക്കയില്ല.

അവൾ ആ കത്തിനെ വീണ്ടും തന്റെ ഉറുമാലും ഒരുമായ മാത്തട്ടിൽതന്നെ സൂക്ഷിച്ചു. ഹാ! കഞ്ചുകമേ! നിന്റെ ഭാഗ്യം അസൂയാജനകമാണെന്നു ആ നയനങ്ങൾ ധരിക്കുന്നുണ്ട്. അതിനെ കണ്ടതിൽ മതിയെന്നൊരു ഭാവം കണ്ണുകൾക്കു വന്നിട്ടില്ല.

രാജകുമാരന്റെ കത്തു വായിച്ചതിനുതൊട്ടുകൂടി നദീറയുടെ സുഖഭാവം പകർന്നു. അവളുടെ ആശങ്കകൾ പ്രേമത്തോടൊരുമിച്ചുതന്നെ വർദ്ധിച്ചുവന്നു. അവൾ ഇപ്രകാരം വിചാരിച്ചു:—"ഞാൻ എത്ര ഭാഗ്യവതി! ഇന്നു എന്റെ ആശങ്കകളുടെ അതിരെന്താണെന്നു ഞാൻ അറിഞ്ഞു. കുമാരന്റെ മുഖം ഇന്നു പതിച്ച അടയാളം എന്റെ കവിൾത്തട്ടിൽതന്നെ പതിഞ്ഞുകിടക്കുന്നുവല്ലോ. എത്ര സൌമ്യമായിട്ടാണ് കുമാരൻ വർത്തമാനം പറഞ്ഞതു? പക്ഷേ ഇതെല്ലാം എന്റെ മൌഢ്യമാണ്. കുമാരനു ഇതെല്ലാം കേവലം ഒരു കളിയാണ്! അദ്ദേഹം എല്ലാവരെയും സ്നേഹിക്കുന്നുണ്ടല്ലോ. ഇതെല്ലാം എന്തോ ചില കാര്യങ്ങൾ നടക്കുവാൻവേണ്ടി മാത്രം അദ്ദേഹം പറഞ്ഞതായിരിക്കാം. ഛേ! അല്ലെങ്കിൽ അദ്ദേഹത്തിനു എന്നെക്കൊണ്ടു എന്തുകാര്യമാണു നടക്കുവാനുള്ളതു? ഒരിക്കലും അദ്ദേഹം അങ്ങിനെ ചെയ്യുകയില്ല. അദ്ദേഹത്തിൽ നീചവിചാരങ്ങൾ ഉണ്ടാകുന്നതെങ്ങിനെ? അഥവാ അദ്ദേഹം എന്നെ മലിനപ്പെടുത്താൻ തുടങ്ങിയാൽ

എന്തുകൊണ്ടു എനിക്കു അതിനെ തടുത്തുകൂടാ? അദ്ദേഹം ഒരിക്കലും അങ്ങിനെ ചെയ്കയില്ല. പക്ഷെ ഞാൻ അഗതിയല്ലേ? എൻ്റെ പ്രേമത്തിൻ്റെ പരിണാമമെന്താണ്? അതു വെറും അപവാദത്തിനു മാത്രം കാരണമാണ്. അല്ലാതെ സഫലമാകുന്നതെങ്ങിനെ? ഹാ! ആ സുന്ദരിയെ-മെഹറിനെ ഉപേക്ഷിക്കുമോ? ലൈലിയെ അവിശ്വസിക്കുമോ? ഞാൻ അതിലൊന്നും അദ്ദേഹത്തെ പ്രേരിപ്പിക്കയില്ല. എൻ്റെ നില എന്തു? ചക്രവർത്തി അറിഞ്ഞാൽപിന്നെ ജീവൻകൂടി കിട്ടുകയില്ല". അവൾ ഇപ്രകാരം വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ ലൈലി അവളെ അന്വേഷിക്കുന്നതായി അറിഞ്ഞു. അവൾ അന്തഃപുരത്തിലേക്കു യാത്രയായി. ഹാ! ദുഷ്പ്രാരബ്ധത്തിൻ്റെ കൂടക്കെട്ട് അവിടെ പ്രത്യക്ഷമാകുന്നു.

ദ്രുതഗതിയായി അവൾ അന്തഃപുരത്തിലേക്കു നടന്നപ്പോൾ അവളുടെ കഞ്ചുകത്തിനുള്ളിൽ ഒളിച്ചുവെച്ചിരുന്ന കത്തു അന്തഃപുരത്തിൻ്റെ നടയിൽ വീണുപോയ പരമാർത്ഥം അവൾ അറിഞ്ഞില്ല. ലൈലിയുടെ സന്നിധാനത്തിൽ എത്തുവാനുള്ള വേഗതകൊണ്ടും, ഹൃദയത്തിനെ വികാരവിചാരങ്ങളുടെ സമ്മർദ്ദംകൊണ്ടും കത്തിൻ്റെ കാര്യം അവൾ ഓർത്തില്ല. ഈവക ചെറുതുകളിൽ ഓർമ്മക്കുറവു ക്ഷന്തവ്യമാണതാനും! അഹോ! സൂക്ഷ്മക്കുറവേ! നീ എന്തെല്ലാം അനർത്ഥങ്ങൾക്കു കാരണമാകുന്നു! നിൻ്റെ ക്രൂരതയും അസൂയയും അതിരുകടന്നതുതന്നെ സംശയമില്ല. അല്പമായ സൂക്ഷ്മക്കുറവു അനല്പമായ അപവാദങ്ങൾക്കും, അപകടങ്ങൾക്കും, അപമാനങ്ങൾക്കും കാരണമായിത്തീരുന്നു. പക്ഷെ സൂക്ഷ്മക്കുറവു ലോകത്തിൻ്റെ ഒരു പൂർണ്ണതയാണല്ലൊ? മനുഷ്യൻ ഓരോ സംഗതിയിലും സൂക്ഷ്മമുള്ളവനായിരുന്നെങ്കിൽ ഈ ലോകത്തിൽ നിന്നും സകല ദുഃഖങ്ങളും ഒളിച്ചോടിപ്പോകുമായിരുന്നു. ദുഃഖങ്ങളെല്ലാം പോയാൽപിന്നെ സുഖംകൊണ്ടു എന്തു പ്രയോജനം?

ദ്രുതഗതിയായി അന്തഃപുരത്തിൽ ചെന്നതിനുശേഷം നസീറ ഭോജനശാലയിലേക്കുപോയി. അപ്പോൾ സോഫി പള്ളിമുറിയിൽനിന്നു ഭൃത്യവൃന്ദത്തിൽ അവിടെ നില്പുണ്ടായിരുന്നു. അവർ പരസ്പരം ഒന്നു നോക്കുകയല്ലാതെ വിശേഷിച്ചു യാതൊരു വർത്തമാനവും പറഞ്ഞില്ല. നസീറ ഭോജനശാലയിലേക്കു പോയ ഉടൻതന്നെ സോഫി അന്തഃപുരത്തിൽനിന്നും ഇറങ്ങി ആരാമത്തിലേക്കു നടന്നു. അന്നേദിവസം നസീറ ധാരാളം ആഹാരം കഴിച്ചിരിക്കണം. പക്ഷെ സെലിമിനു തീരെ വിശപ്പുണ്ടായിരിക്കയില്ല.

പതിന്നാലാം അദ്ധ്യായം.

പ്രേമോജ്ജ്വലകളായ സ്ത്രീപുരുഷന്മാർ അവരുടെ പ്രേമം അവരെ ദാമ്പത്യത്തിലേക്കു നയിക്കുന്നതുവരെ സ്വാതന്ത്ര്യമായി ആനന്ദമനുഭവിക്കുന്നതു സ്വപ്നസങ്കേതങ്ങളിലാകുന്നുവെന്നു സന്ദേഹം കൂടാതെ പ്രസ്താവിക്കാവുന്നതാണ്. കുമാരനുമായി ആരാമത്തിൽവെച്ചു കണ്ടു സല്ലപിച്ചതിനുശേഷം നളിനി അവിടെനിന്നും അവളുടെ ശയനമുറിയിൽ വന്നുചേൎന്നു. കുമാരനെ കണ്ടുടൻതന്നെ അദ്ദേഹത്തിന്റെ എഴുത്തിനെപ്പററി നളിനി ഓൎത്തു. പക്ഷെ അതെവിടെപ്പോയിയെന്നു അവൾക്കു നിശ്ചയമുണ്ടായിരുന്നില്ല. ആരാമത്തിലും അന്തഃപുരത്തിലുംമററും വെളിച്ചവുംകൊണ്ടു്, അന്യന്മാർ അറിയാത്ത രീതിയിൽ അവൾ അതിനെ തേടിനടന്നു. കുമാരന്റെ ലിഖിതം കൈമോശംവന്നതിൽവെച്ചു വരാവുന്ന അപകടങ്ങളെപ്പററി അവൾ നല്ലതുപോലെ അറിഞ്ഞിരുന്നെങ്കിലും അദ്ദേഹത്തെ ഈ വിവരം ധരിപ്പിക്കുന്നതിന്നു അവൾ അശക്തയായിരുന്നു. അവൾ ഇപ്രകാരം വിചാരിച്ചു:—

“അതെവിടെപ്പോയിരിക്കാം. ഹാ! ഞാൻ അതിനെ കീറിക്കളഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഇനി ഞാൻ എവിടെ അന്വേഷിച്ചാലാണ് അതിനെ കണ്ടുകിട്ടുന്നതു്. ഒരുപക്ഷെ അതു എവിടെയെങ്കിലും കിടക്കുന്നുണ്ടായിരിക്കാം. നാളെ പ്രഭാതത്തിൽ തന്നെ അതു ഒന്നുകൂടി അന്വേഷിക്കണം.”

ഏവംവിധങ്ങളായ ചിന്തകളോടുകൂടി അവൾ നിദ്രയെ പ്രാപിച്ചു. എന്നാൽ അനേകദിവസങ്ങളായി സുഖനിദ്രയില്ലാതെ കഴിഞ്ഞിരുന്ന ആ കുമാരിക്കു ആ രാത്രി നിദ്രാദേവിയുടെ ആശ്ലേഷം വളരെ നേരത്തെതന്നെ ലഭിച്ചു. അവൾ ശയനശയ്യയിൽ ഏറെ നേരംകൊണ്ടു ആമഗ്നയായിക്കഴിഞ്ഞു. “നിദ്രേ! നീ യഥാൎത്ഥസൌഖ്യസങ്കേതമാണു. നീ ഈ ലോകത്തിൽ ഇല്ലായിരുന്നെങ്കിൽ മനുഷ്യരുടെ സ്ഥിതിയെന്തായിരിക്കും? പ്രണയലാഭത്തിനുമുമ്പു യുവതീയുവാക്കന്മാർ അനുഭവിക്കുന്ന വിരഹക്ലേശംപോലെ പരമാനന്ദദായകമായ ഒരവസരം, വിവാഹം കഴിഞ്ഞാൽകൂടി അവൎക്കു ലഭിക്കുന്നില്ല. അതിലും വിശേഷിച്ചു ജീവിതമാകുന്ന വലയിൽ, മനോവൃത്തികളാകുന്ന കണ്ണികൾ അത്യന്തം ബന്ധമുള്ളവയാണെങ്കിലും അവയിൽ ചിലതിന്റെ ദൗർബ്ബലമായ കൊളുത്തുകൾ ഉറപ്പിക്കുവാനും, ചായപ്പെടുത്തി മിനുക്കുവാനും ഈത്തരം രാത്രികൾ ഏററവും ഉപകാര

പ്രദമായിരിക്കുന്നു. നിദ്രയും മരണവുംതമ്മിൽ ബന്ധുക്കൾതന്നെയാണ്. മരണത്തെ ശാശ്വതനിദ്രയെന്നാണല്ലോ വേദാന്തികൾ വ്യവഹരിക്കാറുള്ളതു. പക്ഷെ പ്രണയാർദ്രചിത്തകളുടെ നിദ്ര പ്രശാന്തമല്ല. അതിൽ വിപര്യങ്ങളായ വസ്തുക്കൾ ഇടകലർത്തുവാൻ സ്വപ്നത്തിനു ശക്തിയുണ്ട്. സുഷുപ്തിയും സ്വപ്നവും സംയോജിക്കുന്ന അവസരം ഇതുതന്നെയാണ്!

നസീറ നിദ്രയിൽ ആമഗ്നയായികഴിഞ്ഞതിനുശേഷം അവൾ ഒരു സ്വപ്നംകണ്ടു. അവൾ ഒരു നദീതീരത്തിൽ ഏകാകിനിയായി വിശ്രമിക്കുന്നു. പ്രശാന്തമായ പ്രഭാതവാതം ആ നദിയുടെ തരംഗങ്ങളെ സൈകതത്തിലേക്കു മെല്ലെമെല്ലെ ആനയിപ്പിച്ചു. അവൾ ഏകാകിനിയെങ്കിലും പ്രകൃതീദേവിയുമൊന്നു വിഹരിക്കുന്നതുപോലെ അവൾക്കു തോന്നി. ഈപ്രകാരം തനിയെ ഇരിക്കുമ്പോൾ അവളുടെ പുറകുവശത്തുള്ള വൃക്ഷച്ഛായയിൽ ആരുടെയോ കാലടിയുടെ ശബ്ദംകേട്ടു പിന്തിരിഞ്ഞുനോക്കി. അപ്പോൾ "മകളേ! നസീറേ!" എന്നു മധുരസ്വരത്തിൽ ഒരാൾ അവളെ വിളിച്ചു. ഈ മധുരമായ സംബോധന ഇതിനുമുൻപു ഒരിക്കൽമാത്രം, ആരാമദേവാലയത്തിൽ വെച്ചു അവൾ കേട്ടിട്ടുണ്ട്. അല്പംകഴിഞ്ഞപ്പോൾ രണ്ടുപേർ അവിടെ ആഗതരായി. അവരിൽ ഒരാൾ, ഒന്നാമദ്ധ്യായത്തിൽ വിവരിക്കപ്പെട്ടിട്ടുള്ള യോഗീശ്വരനും, മറ്റെആൾ കീറിപ്പറിഞ്ഞ വസനങ്ങളോടുകൂടിയ ഒരു യാചകനുമായിരുന്നു. നസീറ യോഗിയുടെ പാദങ്ങളിൽ പ്രണമിച്ചു. ഉടനെ ആ ശാന്തൻ ഇപ്രകാരമരുളുന്നതുപോലെ അവൾക്കു തോന്നി!

> "നസീറേ! നിന്റെ മാതാവു പറഞ്ഞയച്ചിട്ടാണു ഞാൻ വന്നതു്. നിന്റെ വിവരങ്ങളെല്ലാം ഞങ്ങൾ അറിഞ്ഞുകൊള്ളാം. പക്ഷെ നീ എവിടെയാണെന്നു നല്ലതുപോലെ ഓർക്കണം. ഇതാ സെലീം വരുന്നു. ഭാഗ്യവതി! ഞങ്ങൾ പോകുന്നു."

ഇത്രയും പറഞ്ഞു ആ ദിവ്യനും യാചകനും മറഞ്ഞപ്പോൾ സെലീം ഒരു കുതിരപ്പുറത്തു കയറി അവളുടെ അടുക്കൽ വന്നതായി തോന്നി. അവളുടെ കൈയിൽനിന്നും പോയ കത്തു സെലീമിന്റെ കൈയിൽ ഇരിക്കുന്നതു കണ്ടു് അവൾ ചോദിച്ചു:—"ഇതെന്തന്യായം! ആ കടലാസ്സു് ഞാൻ എവിടെയെല്ലാം അന്വേഷിച്ചു. അതു കീറിക്കളയണം" ഇതു കേട്ടു് സെലീം പറയുന്നതുപോലെ അവൾക്കു തോന്നി. "ഓമനേ! അതാ! നമ്മുടെ രാജ്യം ശത്രുക്കൾ ആക്രമിക്കുന്നു. ഞാൻ ശത്രുക്കളോടു യുദ്ധം ചെയ്യുവാൻ പോകയാണു്. നീയും

വരിക" ഉടൻ താനും ആ കുതിരപ്പുറത്തുതന്നെ കയറി ഒരു കോട്ടയുടെ അടുക്കൽ ചെന്നു. യുദ്ധത്തിൽ സെലിമിനെ ഒരു ഭടൻ വെട്ടിയതുപോലെ തോന്നി. പൊട്ടിക്കരഞ്ഞു. സ്വപ്നത്തിൽനിന്നും അവൾ ഞെട്ടി ഉണരുകയും ചെയ്തു.

അല്പനേരത്തേക്ക താൻ എവിടെയാണെന്നു നിശ്ചയമില്ലാതെ വിചാരിക്കുന്നതിനുപോലും അവൾ അശക്തയായിരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ മാത്രമാണ് താൻ കൊട്ടാരത്തിലെ ശയനമുറിയിൽ തന്നെ വിശ്രമിക്കുകയാണെന്ന ബോധം അവൾക്കുണ്ടായി. എങ്കിലും അവളുടെ ദേഹം വിറച്ചു കവിൾത്തടങ്ങളിൽ കണ്ണീർ ഒഴുകി തണുത്തു; അവളുടെ ഹൃദയം തുടിക്കുന്നതുപോലെ ഉണ്ടായിരുന്നു; കൂടുതൽ ഉറങ്ങുവാൻ അവൾ ഇഷ്ടപ്പെട്ടില്ല. എന്തെങ്കിലും നിദ്രയിൽ പ്രഭാതമായാൽ മതിയെന്നു മാത്രം അവൾ ആഗ്രഹിച്ചു. അവളുടെ സ്വന്തം ശരീരംകൊണ്ടു അടങ്ങാതിരുന്നതായി അവൾക്കു തോന്നി. താൻ കണ്ട സ്വപ്നം ഒന്നുകൂടി ഓർത്തുനോക്കുവാൻ അവൾക്കു ശക്തി ഉണ്ടായിരുന്നില്ല. അവൾ ഇപ്രകാരം വിചാരിച്ചു:

"ഹാ! ദൈവമേ! ഇതെല്ലാം എന്തർത്ഥത്തിൽ പറഞ്ഞിട്ടുള്ളതാണ്? ഞാൻ അദ്ദേഹത്തോടൊന്നിച്ച് കുതിരപ്പുറത്തു കയറി യുദ്ധം ചെയ്യുമെന്നല്ലേ അറിഞ്ഞത്. അതു വെറും ഭോഷത്വം തന്നെയാണ്! പഴയ കടലാസ്സ് അദ്ദേഹത്തിന്റെ കൈയിൽ ഞാൻ കണ്ടല്ലോ. ഇതെല്ലാം ഞാൻ പകൽസമയം അതിനെപ്പറ്റി വിചാരിച്ചുകൊണ്ടു സ്വപ്നത്തിൽ കണ്ടതാണ്. പക്ഷെ എനിക്ക് ഉറങ്ങുവാൻ ഭയമാകുന്നു."

ഇപ്രകാരം വിചാരിച്ച്, ആ സ്വപ്നത്തിൽതന്നെ എഴുന്നേറ്റിരുന്നു. പലതും ചിന്തിച്ചുകൊണ്ടു ആ രാത്രി വല്ല തരത്തിലും "തള്ളിനീക്കി" വെളുപ്പിക്കാൻ തിടുക്കപ്പെട്ടു. എന്നാൽ രണ്ടു രാത്രിയുടെ സമയം കഴിഞ്ഞതുപോലെ തോന്നിയെങ്കിലും നേരം വെളുത്തില്ല. ഹൃദയശല്യത്തിനു കാരണമായിട്ടുള്ള കിനാവുകൾ മനുഷ്യനെ ഒരിക്കലും സുഖനിദ്രയിലേക്കു നയിക്കുന്നില്ലെന്ന് എല്ലാവർക്കും അറിയാവുന്ന ഒരു പരമാർത്ഥമാണല്ലോ. വിവിധ വിചാരങ്ങളുടെ സമ്മർദ്ദത്താൽ ആ സാധുവിനു ലേശവും വിശ്രമസുഖമുണ്ടായിരുന്നില്ല. അവൾ ഈവിധത്തിൽ പ്രഭാതംവരെ ഉണർന്നുതന്നെ കഴിച്ചുകൂട്ടി. പ്രഭാതത്തിന്റെ ആദ്യകിരണങ്ങൾ ആകാശത്തിന്റെ പൂർവ്വദിങ്മുഖത്തിൽ വ്യാപിച്ചതോടുകൂടി നസീമ അവളുടെ ശയനമു

റിയിൽനിന്നു ഇറങ്ങി പുറത്തുവന്നു. അന്തഃപുരത്തിൽ ചെന്നപ്പോൾ അവിടെ ആരുംതന്നെ ഉണർന്നിട്ടില്ലാതിരുന്നതിനാൽ, ദേവിയുടെ നിദ്ര കഴിഞ്ഞതിനുശേഷം മാത്രം മണിയറയിൽ പ്രവേശിച്ചാൽ മതിയെന്നു തീർച്ചപ്പെടുത്തി ആരാമത്തിൽ വന്നു തലേദിവസം പോയ കത്തിനെപ്പറ്റി അന്വേഷിച്ചു. അവൾ അതിനെ ഒരു തിലഖണ്ഡത്തിനെ എന്നപോലെ അതിസൂക്ഷ്മമായി ആരാഞ്ഞു. പക്ഷേ ഒരു ഫലവും ഉണ്ടായില്ല. ഉടൻതന്നെ, ഏതായാലും, തന്റെ മാതാവിന്റെ ഗാഢനിദ്രാസങ്കേതമായ ദേവാലയംവരെ ഒന്നു പോകണമെന്നു നസീമിൽ ഒരുൽക്കണ്ഠയുണ്ടായി. എന്നു മാത്രമല്ല, ഫാത്തിമയോടു വേർപെട്ടതിനുശേഷം അനേകദിവസങ്ങൾ കഴിഞ്ഞിരുന്നുവെങ്കിലും തന്റെ സഖിയായിരുന്ന അവളെ എപ്പോഴും കണ്ടുകൊണ്ടാമെന്നു, ചെയ്തിരുന്ന പ്രതിജ്ഞയെപ്പറ്റി അവൾ ഓർക്കയും, അന്നെങ്കിലും ഒന്നു പോയി കാണണമെന്നു തീർച്ചപ്പെടുത്തി, കൊട്ടാരത്തിൽനിന്നും പുറത്തിറങ്ങി ദേവാലയത്തെ ലക്ഷ്യമാക്കി നടക്കുകയും ചെയ്തു. തത്സമയം സോഫി അന്തഃപുരത്തിലേക്കു പോകുവാനായി തെരുവിൽകൂടി അവൾക്കഭിമുഖമായി വരുന്നുണ്ടായിരുന്നു. നസീമയെ കണ്ടു ഉടൻതന്നെ ഒരു വിജയഹസിതം അവളുടെ മുഖത്തു് ഉജ്ജ്വലിച്ചു. ഒരുപക്ഷേ അതു, തന്നെ പരിഹസിക്കുവാൻ വേണ്ടി ഭാവിച്ചതായിരിക്കാമെന്നു നസീമ ഉദ്ദേശിക്കാതിരുന്നില്ല. നസീമ സോഫിയോടു് ഇപ്രകാരം ചോദിച്ചു:—

“ഇന്നലെ അന്തഃപുരത്തിൽവെച്ചു കണ്ടപ്പോൾ യാതൊന്നും തന്നെ സംസാരിക്കാതിരുന്നതു ക്ഷമിക്കണം. ഞാൻ പെട്ടെന്നു ആരാമത്തിലേക്കു പോകയായിരുന്നു.”

സോഫി — മതിയെടീ! കൊച്ചമ്മേ! മതി—എല്ലാം മതി. വളരെ സന്തോഷം. ഇപ്പോൾ ഞങ്ങളുടെ പക്ഷിയാണല്ലോ? പിന്നെ എന്തുവേണം?

നസീമ — അവിടുന്നു് ഇപ്രകാരം പറയരുതു്. ഞാൻ എന്തിനെയാണു മാറിയതു്? എന്നെ എന്തിനാണു പരിഹസിക്കുന്നതു?

സോഫി — എടീ! ഞാൻ ഈ കൊട്ടാരത്തിൽ ഇന്നും ഇന്നലെയും മറ്റും വന്നതല്ല. നീ ഇന്നലത്തെ മഴക്കു് ഇന്നു കിളുത്ത തകരയാണു്. നീ കാരണം ഞാൻ വളരെ ചീത്തയായി. ആകട്ടെ മതി. എല്ലാം മതി.

നസീമ — ഞാൻ കാരണം അവിടുന്നു ചീത്തയായതെങ്ങിനെയെന്നു് എനിക്കു മനസ്സിലായില്ല. ഞാൻ യാതൊന്നും പ്രവർത്തിച്ചിട്ടില്ലല്ലോ

സോഫി— മതിയെടീ! ഇപ്പോൾ നിന്നെ എന്തൊന്നാണു കെട്ടി എടുക്കുന്നതു്? ആരാമത്തിൽ പോകുന്നോ? അല്ലെങ്കിൽ ഇനി ഇപ്പോൾ പോകേണ്ടായിരിക്കാം. മുഖത്തു ക്ഷീണം വളരെ ഉണ്ടല്ലൊ?

നസീറ— ഇന്നലെ ഞാൻ തീരെ ഉറങ്ങിയില്ല. ദുസ്വപ്നങ്ങൾ കണ്ടു പരിഭ്രമിച്ചു കഴിച്ചുകൂട്ടുകയാണു ചെയ്തതു്.

സോഫി— അതേ! സ്വപ്നങ്ങൾ കാണുന്ന കാലമാണിതു്? എനിക്കു നിന്നെപ്പോലെ സ്വപ്നങ്ങൾ കണ്ടു കഴിച്ചുകൂട്ടിയാൽപോരാ. ചക്രവർത്തി ദ്രവ്യം തരും; കുമാരൻ മാല തരും. പിന്നെ എന്തു വേണം?"

ഇത്രയും പറഞ്ഞു പല്ലുഞെരിച്ചുകൊണ്ടു സോഫി കൊട്ടാരത്തിലേക്കു പോയി. സോഫിയുടെ വാക്കുകളിൽ അന്തർഭവിച്ചിരുന്ന ഗൂഢാർത്ഥങ്ങളെ മനസ്സിലാക്കുന്നതിനു് അന്നേദിവസം നസീറ ശക്തയായിരുന്നില്ല. അവൾക്കു സോഫിയെപ്പറ്റി ബലമായ സംശയങ്ങൾ ഉണ്ടായി. എങ്കിലും യാതൊന്നും ഉച്ചരിക്കാതെ അവൾ ദേവാലയത്തിലേക്കു തന്നെ ഗമിച്ചു. നസീറ ദേവാലയത്തിന്റെ നടയിൽ എത്തിയപ്പോൾതന്നെ അവളുടെ നയനങ്ങൾ അശ്രുപൂർണ്ണങ്ങളായി. ആഗ്രാപട്ടണത്തിൽ അവൾ ആദ്യമായി കാലെടുത്തു കുത്തിയപ്പോൾ അവളുടെ ഭാവിയെ ദ്യോതിപ്പിച്ച ആ ദിവ്യസങ്കേതത്തിന്റെ മുൻവശത്തു തന്റെ മാതാവുമൊത്തു വിശ്രമിച്ച വൃക്ഷത്തണൽ കണ്ടസമയം അവളുടെ സൌഖ്യങ്ങളും സൌഭാഗ്യങ്ങളും എല്ലാം അസ്തമിച്ചതുപോലെ അവൾക്കു തോന്നി, സലിം രാജകുമാരന്റെ പ്രണയത്തെക്കൂടി വിസ്മരിച്ചുപോയി. കൊട്ടാരത്തിലെ ആനന്ദങ്ങളെല്ലാം ദുഃഖസമ്പൂർണ്ണങ്ങളാണെന്നു അവൾ വിചാരിച്ചു. ആ പാവത്തിന്റെ ഹൃദയം തുടിച്ചു; ഗണ്ഡങ്ങൾ തുടുത്തു; ഒരുവിധത്തിൽ അവൾ ദേവാലയത്തിന്റെ ഉള്ളിൽ പ്രവേശിച്ചു. ഹാ! അവളുടെ നയനങ്ങൾ കാണുന്ന കാഴ്ചയെന്താണു? അവളുടെ മാതാവു സ്വച്ഛനിദ്രകൊള്ളുന്ന മണ്ഡപം— അനേകം സമയങ്ങളിൽ നിർമ്മലമായ ബാഷ്പധാരയാൽ താൻ പ്രക്ഷാളനം ചെയ്തു വിശുദ്ധമാക്കിയിട്ടുള്ള ആ ദിവ്യമണ്ഡപം— അതേപ്പോലെതന്നെ അവിടെ സ്ഥിതിചെയ്യുന്നു. കാലപ്രയാണത്തിൽനിന്നും സമ്പാദിച്ചിട്ടുള്ള ചില കേടുപാടുകൾ അതിന്റെ ഇതരഭാഗങ്ങളിലും പ്രത്യക്ഷമാകാതിരുന്നില്ല. അതു കണ്ട ഉടൻതന്നെ അവൾ ആ മണ്ഡപത്തിലേക്കു കയറിച്ചെന്നു. തന്റെ കരവല്ലിയാൽ തന്റെ വസ്ത്രംകൊണ്ടുതന്നെ അതിനെ മംഗി

യായി കിടപ്പു; അവളും അതിന്റെ ഉപരി ഉപവേശിച്ചു തോരാതെ കണ്ണീർ വാർത്തു. അല്പനേരം അവിടെ ഇരുന്നപ്പോഴും ഫാത്തിമ ആ സ്ഥലത്തേക്ക ഓടിവന്നു. അവിചാരിതമായി, മണ്ഡപത്തറയിൽ മണ്ഡനമസ്കൃതി ചെയ്തുകൊണ്ടിരിക്കുന്ന ബാലികയെക്കണ്ട ഉടൻതന്നെ (വായനക്കാർ ക്ഷമിക്കണേ! ഇപ്പോഴും യുവതിയെങ്കിലും ഫാത്തിമ അപ്പഴു, ഒന്നരസ്സംവത്സരങ്ങൾക്ക മുമ്പു കണ്ട, ബാലികയെന്നോ കരുതുന്നുള്ളു) അത്ഭുതത്തോടുകൂടി ഇപ്രകാരം ചോദിച്ചു:—

“ഇതാരാണു? എന്റെ നസീറയോ? ഈ വഴി നീ മറന്നുപോയിരിക്കുമെന്നു ഞാൻ ഉദ്ദേശിച്ചു.”

തന്റെ സഖിയുടെ—തന്റെ അഭ്യുദയത്തെയും, സൌഖ്യത്തെയും, ആകാംക്ഷിക്കുന്ന ഏകസഖിയുടെ—വാക്കുകൾ കേട്ട പെട്ടെന്നു സന്തോഷചിത്തയായ്ത്തീർന്നുവെച്ച നസീറ ഇപ്രകാരം പറഞ്ഞു:—

“സഖിയുടെ വാക്കുകൾ എന്നെ കൊല്ലുന്നു. എന്റെ ഔദാസീന്യം—അല്ല ഞാൻ ചെയ്ത അപരാധം—അജ്ഞാനവും തന്നെയാണ്. പറഞ്ഞ കാരണങ്ങളെല്ലാം.”

ഇത്രയും പറഞ്ഞു നസീറ ഫാത്തിമയുടെ അടുക്കൽചെന്നു അവളുടെ കൈയ്കൾ പിടിച്ചു ആശ്ലേഷിച്ചു. അവർ രണ്ടുപേരുംകൂടി പിന്നെ മണ്ഡപത്തറയിൽത്തന്നെ വന്നിരുന്നു. തത്സമയം, ഒരു യാചകൻ ദേവാലയത്തിന്റെ നടയിൽ കയറി ഇപ്രകാരം യാചിച്ചു:—

“അയ്യോ! കണ്ണുള്ള കൊച്ചമ്മമാരേ! ഭിക്ഷക്കു വല്ലതും തരണേ. വിശന്നു പ്രാണൻ പോകാറായി.” ഇതുകേട്ട ഫാത്തിമ ഒരു വെള്ളിനാണയം കൊടുത്തു പറഞ്ഞു:—“എന്നും എന്നും ഇങ്ങിനെ ഇവിടെ കയറിവന്നാൽ ഞാൻ യാതൊന്നും തരികയില്ല. താൻ ഒരു ഉപദ്രവിയാണ്. ഒരു ഗൃഹത്തിൽ വന്നാൽ എല്ലാവരുടേയും അടുക്കൽനിന്നും ധർമ്മം വാങ്ങിക്കാതിരിക്കില്ലാതെ തനിക്ക സമാധാനമില്ലല്ലോ. ഇനി പൊയ്ക്കൊള്ളൂ.”

ഹാക്കിം—പിച്ചക്കാരനു നടക്കാൻ പാടില്ല കൊച്ചമ്മേ! എവിടെയെങ്ങാനും കിടന്നുറങ്ങിക്കൊള്ളാം. ഇവിടെ ആർക്കും ഉപദ്രവമാവുന്ന സ്ഥലമാണല്ലോ.

ഫാത്തിമ—താൻ ഉറങ്ങിക്കൊള്ളൂ. അതിനു വിരോധമില്ല.

ഫാത്തിമ ഇത്രയും അനുവദിച്ചപ്പോൾ ആ പിച്ചക്കാരൻ ദേവാലയത്തിന്റെ നടയിലുണ്ടായിരുന്ന വരാന്തയിൽ തന്റെ വടിയും ഭാണ്ഡവും നിക്ഷേപിച്ചു നിദ്രക്കാരംഭിച്ചു. ഉറക്കത്തിനിടയിൽ ആ സാധു കൂർക്കം വലിക്കുമ്പോൾ ഉണ്ടാവിച്ച ശബ്ദംകേട്ട ഫാത്തിമ നസീറയോ

ടു പറഞ്ഞു. "ഈ നാശം മണ്ഡപം മുഴുവനും വലിച്ചു മൂക്കിനുള്ളിൽ കയറുമെന്നാണ് തോന്നുന്നതു."പാവം ക്ഷീണംകൊണ്ടുറങ്ങിപ്പോയി.

നസീറ — വാസ്തവമാണ് പക്ഷെ അയാൾ ഭാഗ്യവാനാണ്. ലോകത്തെപ്പററി യാതൊരു ക്ലേശവും അയാൾക്കില്ലല്ലൊ. പക്ഷെ അയാൾ ചെറുപ്പക്കാരനാണല്ലൊ. ഭാര്യയും കുട്ടികളും മററും ഉണ്ടായിരിക്കാം. പാവത്തിന്റെ മുഖമെല്ലാം വരണ്ടു വിളറിയിരുന്നു.

ഫാത്തിമ — അയാൾക്കു ഭാര്യയും മററും ഇല്ല. ക്ഷയരോഗിയാണ്. അതുകൊണ്ടാണ് മുഖമെല്ലാം പാടുകാണുന്നതു. അതുകെട്ടെ. ഇത്രയും നാളായിട്ടു നടന്ന വിശേഷങ്ങൾ എല്ലാം പറയൂ. ഞാൻ ഒന്നു കാണണമെന്ന് ആഗ്രഹിച്ചിരുന്നു.

നസീറ — ഞാൻ കൊട്ടാരത്തിൽ പരിചാരികയാണെന്നറിയാമല്ലൊ.

ഫാത്തിമ — അതെല്ലാം മനസ്സിലായി. ചക്രവർത്തി ബിരുദം തന്നതുമെല്ലാം ഖാസിം ഇവിടെവന്നു അറിയിച്ചു. പിന്നീടുള്ള സംഭവങ്ങൾ പറഞ്ഞാൽ മതി.

നസീറ — പിന്നീട് വിശേഷിച്ചു യാതൊന്നുമുണ്ടായില്ല.

ഫാത്തിമ — അതല്ല, എന്തിനാണ് എന്നെ കളിപ്പിക്കുന്നതു. നിന്റെ മുഖഭാവം ഒന്നു മാറിയിട്ടുണ്ട്. സംശയമില്ല. അല്ല, ദേഹംതന്നെയും തളിർത്തു പൂത്തല്ലൊ!

നസീറ — എന്തു? തളിർത്തു പൂക്കുകയോ? ഞാൻ ചെടിയോ മരമോ ആണോ?

ഫാത്തിമ — നീ ചെടിയല്ലെങ്കിലും ലതയാണ്. എന്തോ മാററം വന്നിട്ടുണ്ട്. പരമാർത്ഥം പറയുക ഏതു തേന്മാവാണ് ഈ ലതയെ പടർത്തുവാൻവേണ്ടി വാച്ചുവളരുന്നതു്.

നസീറ — നീ എന്തെല്ലാം അസംബന്ധമാണീപ്പറയുന്നതു. തേന്മാവോ!

ഫാത്തിമ — അല്ലാ, തെററിപ്പോയി! ഏതു താമരപ്പൊയ്കയാണ ഈ ഹംസത്തിന് ഉത്തമംഗമായിത്തീർന്നതു്.

നസീറ — നീ ഭ്രാന്തിതന്നെയാണ്. എന്നെ നീ അകാരണമായി അപഹസിക്കുന്നതെന്തിന്? പണ്ടു പറഞ്ഞിട്ടില്ലാത്തതൊക്കെ ഇപ്പോൾ പറയുന്നുവല്ലൊ.

ഫാത്തി — അതെ! പണ്ടു കണ്ടിട്ടില്ലാത്തതെല്ലാം ഇപ്പോൾ കാണുന്നുവല്ലൊ. എന്നോടു പരമാർത്ഥം പറയുക. ഏതു കാർമേഘമാണ് ഈ ചാതകിയെ ഉൽക്കണ്ഠാപൂർണ്ണയാക്കിയതു്. അഥവാ വിഷമിപ്പിക്കുന്നതു്.

നസീറ — ഫാത്തിമേ! നിന്റെ വാക്കുകൾ അതിരുകടന്നവയാണ്!

എന്തിനാണ് ഈവക അലങ്കാരങ്ങളെല്ലാം പ്രയോഗിക്കുന്നതു്.

ഫാത്തി— കൊള്ളാം! പറയുക! നീ എന്തിനാണ് എന്നെ മറച്ചുവെയ്ക്കുന്നതു്? ഏതു ഭൃംഗോത്തമനാണ് ഈ പത്മാകരത്തെ ചാരി വലയം വെയ്ക്കുന്നതു്; അഥവാ വലയ്ക്കുന്നതു്.

നസീറ— നീ കൌശലക്കാരിയാണ്. നീ എന്തുമാതിരി വർത്തമാനമാണ് പറയുന്നതെന്നാലോചിക്കുക. എന്നെ നീ കാമാതുരയാക്കിത്തീർക്കുന്നുവല്ലോ.

ഫാത്തി— അതുതന്നെയാണ് ഞാൻ ചോദിച്ചതു! ഞാൻ നിന്നെ കാമാതുരയാക്കിയില്ല. അപ്രകാരമാക്കിയതാരാണെന്നു ഇനി തെളിച്ചു ചോദിച്ചേക്കാം!

നസീറ— ഛീ! നീ എന്നെ പരിഹസിക്കുന്നു. ഞാൻ പോകയാണ്!

ഫാത്തി— അദ്ദേഹം അവിടെ കാത്തുനില്പുണ്ടോ? ഉണ്ടെങ്കിൽ ഇങ്ങോട്ടു വിളിക്കുക. ഞാൻ ഒന്നുപചരിക്കട്ടെ.

നസീറ— അദ്ദേഹമോ! ഏദ്ദേഹം? നിന്നെ അന്വേഷിച്ചുവന്ന ആൾ അതാ ആ നടയിൽകിടന്നു കൂർക്കം വിളിക്കുന്നു.

ഫാത്തിമ— ശരി! ഞാൻ അതുകൊണ്ടു് തൃപ്തിപ്പെട്ടുകൊള്ളാം. പിച്ചക്കാരിക്കു പിച്ചക്കാരൻ യോജിക്കും. പക്ഷെ അദ്ദേഹത്തെ എവിടെ നിർത്തിയിരിക്കുന്നു.

നസീറ— ഫാത്തിമേ! ഞാൻ ഇന്നലെ ഒരു സ്വപ്നം കണ്ടു. വളരെ ഭയങ്കരം.

ഇത്രയും പറഞ്ഞു നസീറ, താൻ തലേരാത്രികണ്ട സ്വപ്നമെല്ലാം സവിസ്തരം ഫാത്തിമയെ പറഞ്ഞു കേൾപ്പിച്ചു. ഇതുകേട്ട ഫാത്തിമ ചോദിച്ചു. "നീ യുവരാജാവിന്റെ പട്ടമഹിഷിയാകുമെന്നു ഞാൻ നേരത്തെ പറഞ്ഞിട്ടില്ലേ?"

നസീറ ഈ വാക്കുകൾ കേട്ടപ്പോൾ ലജ്ജകൊണ്ടു് അവളുടെ മുഖം കുനിച്ചു. ഫാത്തിമ ഇത്ര വെളിവായി സംഗതികൾ പറയുമെന്നു നസീറ ഒരിക്കലും ഓർത്തിരുന്നില്ല. തന്റെ രഹസ്യങ്ങൾ ഇത്ര പെട്ടെന്നു ഫാത്തിമ അറിഞ്ഞതെങ്ങിനെയാണെന്നു നസീറ അത്ഭുതപ്പെട്ടു. നസീറയുടെ മുഖഭാവം മാറിയതുകണ്ടു് ഫാത്തിമ അവളെ താലോടിക്കൊണ്ടു് ആശ്വസിപ്പിച്ചു.

"നസീറേ! നിന്റെ പുതിയ പേരെന്താണ്? അനാർക്കലിയെന്നോ? ഇരിക്കട്ടെ പരമാർത്ഥം പറയുക. നിന്റെ ഭാവം പകർന്നിട്ടുണ്ടു്. ഈ നിർമ്മലമായ പ്രഭാതത്തിൽ ആരാണ് അങ്ങോട്ടു് പിടിച്ചൊ

ശിച്ചത്? ആ ആദിത്യൻ വാസ്തവത്തിൽ അദ്ദേഹം തന്നെയാണോ?"

ഫാത്തിമയുടെ വാക്കുകൾ നസീറയെ വല്ലാതെ പരിഭ്രമിപ്പിച്ചുവെങ്കിലും സംഗതികൾ പറയാതെ ഗത്യന്തരമില്ലെന്നു നിശ്ചയിച്ച് നസീറ തന്റെ പ്രണയത്തിന്റെ സകല ചരിത്രങ്ങളും അവളെ വ്യക്തമായി പറഞ്ഞു കേൾപ്പിച്ചു. നസീറ ഇടക്കിടക്ക ലജ്ജാനിമഗ്നയായി തന്റെ വർത്തമാനത്തിന്റെ [illegible] പൊട്ടിച്ചിരുന്നുവെങ്കിലും, എല്ലാം സംഗതികളും സമ്പൂർണ്ണമായി കേൾക്കുന്നതിന് അത്യാഗ്രഹത്തോടുകൂടി ചെവി കൂർപ്പിച്ച് നിന്നിരുന്ന ഫാത്തിമ അവളെ അനാവശ്യപ്രശ്നങ്ങൾകൊണ്ട് ഉപദ്രവിച്ചില്ല. നസീറ ഇപ്രകാരം അവസാനിപ്പിച്ചു.

"പക്ഷെ ആ എഴുത്തുപോയി. ആരാണെടുത്തതെന്നറിഞ്ഞില്ല. ഞാൻ കണ്ട സ്വപ്നം പരമാർത്ഥമാണെങ്കിൽ അതു രാജകുമാരന്റെ കൈവശം തന്നെ ഉണ്ടായിരിക്കണം. അല്ലെങ്കിൽ പിന്നെ എന്റെ സ്ഥിതിയെന്താണ്? ഞാൻ ഇനി അങ്ങോട്ടു പോകേണ്ട എന്നു തീരുമാനിച്ചിരുന്നില്ലേ?" ഇതു കേട്ട് ഫാത്തിമ ഇപ്രകാരം പറഞ്ഞു.

"നസീറേ! നീ ഇതുകൊണ്ടൊന്നും പരിഭ്രമിക്കേണ്ട. നിനക്ക് സകലതും ശ്രേയസ്സായിരിക്കും. പക്ഷെ പലതും സൂക്ഷ്മമായി നടത്തേണ്ടകാര്യമുണ്ട്. നിനക്ക് അവിടെത്തന്നെ പല വിരോധികളുമുണ്ടായിരിക്കും."

നസീറ—ശരിയാണ്. സോഫി എന്റെ വിരോധിയാണ്.

ഫാത്തിമ—അവൾ മററൊരു ആയേഷയാണെന്ന് പുരോഹിതൻ തന്നെ ഇവിടെപ്പറയാതിരുന്നില്ല. ഞാൻ മന്ത്രിയുടെ കാര്യം നിന്നോട് മുൻപു പറഞ്ഞിട്ടുള്ളത് നീ ഓർക്കുന്നുണ്ടോ.

നസീറ—ഉണ്ട്. ഈ ആയേഷയേതായിരുന്നു. ആ വിവരമൊന്നും നീ അന്നു പറഞ്ഞില്ലല്ലോ.

ഫാത്തിമ—അതെല്ലാം രഹസ്യമാണ്. നീ ഒന്നും ആരോടും പുറത്തുപറയരുത്. ആയേഷ എന്നു പറഞ്ഞവൾ എന്റെ പിതാവിന്റെ ആദ്യത്തെ ഭാര്യയുടെ പുത്രിയായിരുന്നു.

നസീറ—ഇപ്പോൾ അവൾ എവിടെയാണ്?

ഫാത്തിമ—അവൾ മരിച്ചുപോയി. അവൾ കാരണമാണ് എന്റെ പിതാവ് ഞങ്ങളെ ദ്രോഹിച്ചത്. അവളല്ലേ എന്റെ ജ്യേഷ്ഠത്തി

യെ ചെറുപ്പത്തിൽ കൊന്നുകളഞ്ഞതു്. രാജ്യം കിട്ടാൻവേണ്ടി പ്രവർത്തിച്ചതാണു്. ചക്രവർത്തിയുടെ ആചാര്യനെ തീവെച്ചുകൊന്നതും അവൻതന്നെയാണു്. സപ്തർഷിപ്പെട്ടി മോഷ്ടിച്ചതും എല്ലാം അവൻതന്നെയാണു്. അതുപോലെ മഹാതാപസവം കാണിക്കാരനെന്നും പറഞ്ഞു് കൊട്ടാരത്തിൽനിന്നും എന്നെ പെരുങ്കാട്ടിൽ തള്ളിയതും മറ്റാരുമല്ല. അന്നെനിക്കു് പത്തുവയസ്സു് പ്രായമുണ്ടായിരുന്നുള്ളു.

നസീറ — നിന്നെ രക്ഷിച്ചതും മറ്റും ആരാണു്?

ഫാത്തിമ — ഒരു യോഗീശ്വരനാണു്. ഇവിടത്തെ പുരോഹിതനും, കുമാരസേനൻ എന്നൊരു ഭടനും തത്സമയം ആ വനത്തിൽ ഉണ്ടായിരുന്നു. കുമാരസേനനു ഈ വിവരങ്ങളെല്ലാം അറിയാം. പക്ഷെ ചക്രവർത്തിയുടെ ആജ്ഞ അനുസരിച്ചു് മാത്രമല്ലേ അദ്ദേഹത്തിനു പ്രവർത്തിപ്പാൻ അധികാരമുള്ളു.

നസീറ — ആ യോഗീശ്വരൻ ഇപ്പോൾ എവിടെയാണു്.

ഫാത്തിമ — ആരു കണ്ടു? അദ്ദേഹത്തിനെ ഇവിടെ എവിടെയെങ്കിലും വെച്ചുകണ്ടാൽ കൊന്നുകളയുവാൻ ചക്രവർത്തിയുടെ ആജ്ഞ ഉണ്ടു്.

നസീറ — ചക്രവർത്തി ഇത്ര ക്രൂരനോ? ഞാൻ അദ്ദേഹത്തെ ലേശവും ഭയപ്പെടാറില്ല.

ഫാത്തിമ — ക്രൂരനെന്നോ? കുമാരസേനനോടു പലതും പറഞ്ഞിട്ടുണ്ടെന്നു പുരോഹിതൻ പറകയുണ്ടായി. പക്ഷെ അദ്ദേഹം വേണ്ട തെളിവുകൾ ശേഖരിക്കാനായി നടക്കുകയാണു്.

നസീറ — അങ്ങിനെയാണെങ്കിൽ എല്ലാം നേരെയാകുമല്ലോ. പക്ഷെ ആ ദുഷ്ടയായ ഭാര്യയെ ഭരിച്ചുപോരെങ്കിൽ പിന്നെ എന്തു തെളിവെടുക്കാനാണു്.

ഫാത്തിമ — അതൊന്നും എനിക്കു നിശ്ചയമില്ല. എന്നെ അറിയിച്ചിട്ടുമില്ല. എന്റെ ജ്യേഷ്ഠത്തി ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ ഞാൻ എത്ര ഭാഗ്യവതിയാകുമായിരുന്നു.

നസീറ — നിന്റെ മാതാവെവിടെ?

ഫാത്തിമ — മാതാവിനെ സേലിം രാജകുമാരൻ യുദ്ധത്തിൽ നിഗ്രഹിച്ചുവെന്നും മറ്റും പുരോഹിതൻ പറഞ്ഞു. പക്ഷെ നീ അതൊന്നും പുറത്തു പറയുകയില്ലെന്നു പ്രതിജ്ഞ ചെയ്യണം.

നസീറ — ഇതാ ഞാൻ പ്രതിജ്ഞ ചെയ്തിരിക്കുന്നു. അതെല്ലാം ഞാൻ

അറിഞ്ഞിട്ടുണ്ട്. കമരസേനൻ പലസംഗതിയും അറിവാൻ ശ്ര മിക്കുന്നുണ്ടെന്നു എനിക്കറിയാം. അതിനെപ്പറ്റിയെല്ലാം ഞാൻ പിന്നീടു പറയാം. പുരോഹിതൻ എവിടെപ്പോയി.

ഫാത്തിമ — അദ്ദേഹം മിക്കപ്പോഴും ഇവിടെനിന്നും ഇറങ്ങിപ്പോകാറു ണ്ട്. എങ്ങോട്ടാണു പോകുന്നതെന്നു നിശ്ചയമില്ല.

നജീറ — എനിക്കു അദ്ദേഹത്തെ കണ്ടാൽകൊള്ളാമെന്നു വളരെ മോ ഹമുണ്ട്.

ഫാത്തിമ — അദ്ദേഹത്തിനു നിന്നെപ്പറ്റിയും അങ്ങിനെതന്നെയാണ്. നീ കാസിമിന്റെ അടുക്കലേക്കുപോയ ആ രാത്രി അദ്ദേഹം വള രെ കരഞ്ഞു. നിന്നെ ഒരു പുത്രിയെപ്പോലെയാണ് അദ്ദേഹം ക രുതിയിട്ടുള്ളതു്.

നജീറ — ഞാൻ അദ്ദേഹത്തെ എന്റെ പിതാവിനെപ്പോലെ തന്നെ കരുതിയിട്ടുണ്ട്. എനിക്കു പോകാൻ സമയമായി. അല്ലെങ്കിൽ ഞാൻഇവിടെത്തന്നെ കിടന്നുറങ്ങുമായിരുന്നു. സമയത്തിന് അ വിടെ ചെന്നില്ലെങ്കിൽ വല്ലവരും എന്നെപ്പറ്റി അന്തഃപുരത്തിൽ തെറ്റി ധരിപ്പിച്ചേക്കും. എന്നാൽ താമസിയാതെ വന്നു കണ്ടു കൊള്ളാം.

പരിതപിച്ചുവെങ്കിലും നജീറ അല്പം ആശ്വാസത്തോടുകൂടി, ഫാത്തിമയോടു, യാത്ര പറഞ്ഞു പിരിഞ്ഞു. ഫാത്തിമ തന്നോടു പറ ഞ്ഞ വർത്തമാനങ്ങൾ ഏറ്റവും അത്ഭുതകരങ്ങളായി നജീറക്കു തോ ന്നി. അതിലെല്ലാം എന്തോ ഗൂഢമായി സ്ഥിതിചെയ്യുന്നുണ്ടെന്നും അവൾ ശങ്കിക്കാതിരുന്നില്ല. എന്നാൽ യാതൊരു സംഗതിയെപ്പറ്റി യും അറിവാൻ അപ്രാപ്തയായിരുന്ന അവൾ ഫാത്തിമയുടെ ഓരോ വാക്കും വീണ്ടും വീണ്ടും മനസ്സിൽ ഓർത്തുകൊണ്ടിരുന്നു. പല വിധ ത്തിലുള്ള വിചാരങ്ങൾ ഹൃദയത്തിൽ നിറഞ്ഞുവഴിഞ്ഞിരുന്നതിനാൽ വഴിയുടെ ദൂരം അവൾ തീരെ അറിഞ്ഞില്ല. അന്തഃപുരത്തിനക ത്തു കടന്നപ്പോൾ തന്നെ ദേവി അവളെ പലപ്രാവശ്യവും അന്വേ ഷിച്ചതായി പല പരിചാരികമാരും അവളെ ധരിപ്പിച്ചു. അന്തഃ പുരത്തിലേക്കുള്ള മാർഗ്ഗം കണ്ടു ഉടൻതന്നെ അവളുടെ നയനങ്ങൾ തന്റെ കൈയിൽനിന്നും പോയ കത്തിനെ സൂക്ഷിച്ചു നോക്കിത്തുട ങ്ങി. പക്ഷേ അവളുടെ ശ്രമം വിഫലമായതേയുള്ളു. അതിന്റെ ഗതിയെപ്പറ്റി യാതൊന്നും ഊഹിക്കുവാൻകൂടി അവൾക്കു സാധിച്ചി ല്ല. അവൾ അന്തഃപുരത്തിൽ ചെന്നപ്പോൾ ദേവി എന്തോ ഒരു സ്വ കാര്യക്കത്തെഴുതിക്കൊണ്ടിരിക്കയായിരുന്നു. അവൾ ദൂരെ ഒതുങ്ങിനി ന്നു. നജീറയെ കണ്ടുടനെ ദേവി ഇപ്രകാരം ചോദിച്ചു: —

"അനാകുട്ടി! ഞാൻ നിന്നെക്കണ്ടിട്ടു രണ്ടുമൂന്നു ദിവസങ്ങളായി
യെന്നു തോന്നുന്നുവല്ലൊ? നീ എവിടെയാണു പോയിരുന്നതു? നിന്നെ
ഞാൻ ഇവിടെ അന്വേഷിച്ചുവല്ലൊ? ഇന്നു നീ വളരെ ക്ഷീണിച്ചിരി
ക്കുന്നുവെന്നു തോന്നുന്നു.

നഫീറ — ദേവി! അടിയന്റെ അപരാധം പൊറുക്കണം. ദേവാല
യംവരെ പോയിരുന്നു. രാവിലെതന്നെ ഇവിടെ വന്നിരുന്നുവെ
ങ്കിലും ദേവി പള്ളിക്കുറിപ്പുണർന്നിട്ടുണ്ടായിരുന്നില്ല.

ദേവി — അങ്ങിനെയൊ? സോഫി പറഞ്ഞതു നീ അവളുടെ ഗൃഹ
ത്തിലേക്കു പോയിയെന്നാണല്ലൊ. അവൾ പറഞ്ഞതിനെ ഞാൻ
വിശ്വസിച്ചു.

നഫീറ — അടിയൻ അങ്ങോട്ടു കയറിയതേയില്ല. നേരെ പോയതു ദേ
വാലയത്തിലേക്കാണു. അവിടെ അടിയന്റെ മാതാവിന്റെ ശ
വക്കല്ലറ തേച്ചു വൃത്തിയാക്കിയതിനുശേഷം ഇങ്ങോട്ടു പോരുകയാ
ണു ചെയ്തതു.

ദേവി — ആകട്ടെ. നിന്റെ പക്കൽ ഞാൻ ഒരു കത്തുതരാം. അ
തു നീ രഹസ്യമായി മെഹറിനെ ഏല്പിക്കണം. അങ്ങോട്ടുള്ള വഴി നി
നക്കറിയാമല്ലൊ. പക്ഷെ വളരെ സൂക്ഷിച്ചു പോകണം. അല്ലെ
ങ്കിൽ അബദ്ധംപറ്റും. ഇതു അവിടെ കൊടുത്തതിനുശേഷം വി
വരം ഇവിടെവന്നു പറയണം. എന്നാൽ നീ വേഗം പോയി തി
രിച്ചുവരുക.

ദേവിയുടെ ആജ്ഞ അനുസരിച്ചു നഫീറ കത്തിനെ വാങ്ങി മെ
ഹർ പാർത്തിരുന്ന ഗൂഢമുറിയിലേക്കു യാത്രയായി. ആമുറിയുടെ സ
കല കവാടങ്ങളും രഹസ്യമായി ബന്ധിക്കപ്പെട്ടിരുന്നെങ്കിലും, അകത്തു,
മൃദുസ്വരത്തിൽ ആരോ പാട്ടുപാടുന്നുണ്ടായിരുന്നു. ശബ്ദം മെഹറി
ന്റേതുതന്നെയാണെന്നു മനസ്സിലാക്കുവാൻ നഫീറക്കു വിഷമമുണ്ടായി
രുന്നില്ല. അവൾ പുറത്തുനിന്നു ഒന്നു ശബ്ദിച്ചു. ഉടനെതന്നെ വാ
തിൽ തുറന്നു മെഹർ പുറത്തേക്കു നോക്കി. അപ്പോൾ താൻ ഇതി
നുമുൻപു കണ്ടിട്ടില്ലാത്ത രൂപലാവണ്യത്തോടുകൂടിയ ഒരു യുവതിയെ
യാണു മെഹർ കണ്ടതു. വേഗം അവളെ അകത്തേക്കു വരുവാനായി
ആംഗ്യംകാണിച്ചു വാതിൽ വീണ്ടും ബന്ധിച്ചു മെഹർ ഇപ്രകാരം
ചോദിച്ചു.

"ബാലികെ! നീ ഏതാണു?

നഫീറ — ഞാൻ ഒരു ദാസിയാണു. നഫീറ എന്നാണു എന്റെ പേരു.

മെഹർ — നീ അംബികാദേവിയുടെ സഹോദരിയോ പരിചാരിക
യോ?

നസീറ — ഞാൻ പറഞ്ഞ സന്ദേശവാഹകയും ദാസിയാണ്.

മെഹർ — നീ തന്നെയല്ല അനാകുട്ടി!

നസീറ — അതെ.

മെഹർ — ഈ ഗുഹാമുറിയിൽ നീ എന്തിനാ വന്നതെന്ത്?

നസീറ — അനാർക്കലിദേവി അയച്ചിട്ടു തന്നെയാണ്. ഈ കത്തു ഇവിടെ ഏല്പിക്കാൻ ആജ്ഞാപിച്ചിട്ടുണ്ട്. ഇതുപറഞ്ഞു തന്റെ കൈക്കുപ്പായത്തിലിരുന്ന കത്തിനെ മെഹറിന്റെ അടുക്കൽ കൊടുത്തു. മെഹർ അത്യുൽക്കണ്ഠയോടുകൂടി അതു വാങ്ങി നോക്കി മനസ്സിലാക്കി. അതിൽ അടങ്ങിയിരുന്ന സംഗതി ഏറ്റവും ഗൗരവമുള്ളതായിരുന്നുവെന്നു, കത്തു വായിച്ചതിന്നു ഉടനെതന്നെ വിവർണ്ണമായിത്തീർന്ന മെഹറിന്റെ മുഖഭാവത്തിൽനിന്നു നസീറ മനസ്സിലാക്കി. മെഹർ ഇപ്രകാരം പറഞ്ഞു:

"ഓമനക്കുട്ടി! നിന്നോടു ഞാൻ വളരെ നന്ദിപറഞ്ഞുകൊള്ളുന്നു. ചക്രവർത്തിക്കു നിന്നോടു വളരെ കരുണയുണ്ടെന്നുള്ള പരമാർത്ഥം അറിഞ്ഞതിൽ ഞാൻ ഏറ്റവും സന്തോഷിക്കുന്നു. ഞാൻ താമസിയാതെ കണ്ടുകൊള്ളാമെന്നു നീ ദേവിയോടു പറയുക. എന്നാൽ ഇനി നിനക്കു പോകാം. നീ എന്നെ കണ്ടവിവരം ആരോടും പറയരുതു." നസീറ ഇതെല്ലാംകേട്ടു ആ ഗുഹാമുറിയിൽനിന്നും പുറത്തേക്കിറങ്ങി. അവിടെ ഏതും ആരുംതന്നെ ഉണ്ടായിരുന്നില്ല. നസീറ തിരിയെ അന്തഃപുരത്തിൽവന്നു ദേവിയെക്കണ്ടു വിവരങ്ങളെല്ലാം ധരിപ്പിച്ചു. ദേവി വളരെ തൃപ്തിയോടുകൂടി ഇപ്രകാരമരുളി.

"അനാകുട്ടീ! നിന്റെ ഭക്തി അത്യാശ്ചര്യംതന്നെ. നീ ആ ഗുഹാമാർഗ്ഗത്തെപ്പറ്റി ആരോടും പറയരുതു. അതു വലിയ അനർത്ഥമായിത്തീരും.

നസീറ — ഒരിക്കലും ആ തരത്തിലുള്ള അവിവേകം അടിയനിൽനിന്നും ഉണ്ടാകയില്ലെന്നു അവിടുന്നു കരുതണം. അവിടത്തെ ആജ്ഞയെ ലംഘിക്കുന്നതു മഹാപാപമാണെന്ന് അടിയന്ന് നിശ്ചയമുണ്ട്.

ദേവി — നന്നായി. നിന്നോട് എനിക്കു ചില പ്രത്യേകസംഗതികൾ പറയുവാനുണ്ട്. അതു പിന്നീടായിക്കൊള്ളട്ടെ. നീ ഭോജനശാലയിലേക്കു ചെല്ലുക.

ദേവിയുടെ ആജ്ഞ അനുസരിച്ചു നസീറ മണിയറയിൽനിന്നും പുറത്തേക്കിറങ്ങി. അവളുടെ ഹൃദയത്തിൽ അത്യധികമായ ആശയത്തിന്റെ നിഴൽ പ്രകാശിച്ചിരുന്നു. മെഹറുടെ കൈയിൽനിന്നും നഷ്ടപ്പെട്ട കത്തെവിടെപ്പോയിരിക്കാമെന്നു അവൾ ആലോചിച്ചുകൊ

ണ്ടിരുന്നു. "വിശേഷിച്ചും ദേവി, അവസാനമായി "ചില പ്രത്യേക സംഗതികൾ പറയുവാനുണ്ടെന്നു" പറഞ്ഞതെന്തിനെ ഉദ്ദേശിച്ചായിരിക്കാം! തന്റെ കത്തിനെ പററിയായിരിക്കുമോ? അപ്രകാരമാണെങ്കിൽ ദേവി എന്തുകൊണ്ട് നേരത്തെതന്നെ ആ വിവരങ്ങളൊന്നും എന്നെ ധരിപ്പിച്ചില്ല? ഛെ! അങ്ങിനെയായിരിക്കയില്ല." ഇപ്രകാരം പല ആക്ഷേപസമാധാനങ്ങൾ മനസ്സിൽ ഉറച്ചു അവൾ മന്ദമന്ദം ഭോജനശാലയിലേക്കു നടന്നു. സോഫി അതുസമയം അവിടെ നില്ക്കുന്നുണ്ടായിരുന്നു. വയറുനിറയെ പലഹാരവും, മനസ്സുനിറയെ പരകാർയ്യവും നിറഞ്ഞുവഴിഞ്ഞു ഉന്മാദത്തോടടുകലർന്ന ഉല്ലാസാധിക്യയോടുകൂടി ആ അഭിനവമന്ഥര ഗന്ധവാഹനെ ഞെളിച്ചു വരുത്തിക്കൊണ്ടവിടെ നിന്നു.

നളിനിയെ കണ്ട ഉടൻതന്നെ ഒന്നു മന്ദഹസിച്ചുകൊണ്ട് ആ സുന്ദരി ഇപ്രകാരം പറഞ്ഞു. "സക്കിട്ടെല്ലാം കഴിഞ്ഞുവല്ലോ. എന്നാൽ ഇനി ചെല്ലാം—അല്ല, ചെല്ലണം. ചക്രവർത്തി ഇവിടെവന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്. "അന്നാകുട്ടി ഇവിടെ വന്നാലുടൻതന്നെ പാചകശാലക്കാർ സകലതും ശരിയായി തയാറാക്കി കൊടുത്തുകൊള്ളുന്ന"മെന്ന്. ഇതു കേട്ടപ്പോൾ അല്പമൊന്നു ക്ഷോഭിച്ച നളിന കോപം അടക്കുവാൻ കഴിയാതെ പറഞ്ഞു. "നിങ്ങൾ എന്നെ ഇനിമുതൽ അധിക്ഷേപിച്ചാൽ ഞാനും വല്ലതുമൊക്കെ പറയും. അല്ലെങ്കിൽ ഞാൻ ഈ വിവരമെല്ലാം തിരുമുമ്പിൽ നിശ്ചയമായും അറിയിക്കും."

സോഫി—എന്റെ പൊന്നുതമ്പുരാട്ടിയല്ലേ! തിരുമുമ്പിൽ കൂത്തു നിന്നെ കൂട്ടമെന്നു എനിക്കറിയാം. എന്റെ അടുക്കൽ വത്തമാനം പറയുവാൻ നിനക്കു നാണമില്ലേ? എന്നാൽ കാണട്ടെ! എടീ ദ്രോഹി!!

നളിന—നിങ്ങൾ എന്നെ ചീത്ത പറയരുത്. നിങ്ങൾക്കു എന്നോടു വത്തമാനം പറയേണ്ട കാർയ്യമില്ല.

സോഫി—പിന്നെ! നിന്നോടു വത്തമാനം പറയണമെങ്കിൽ തിരുമുമ്പിൽനിന്നും നീട്ടു വാങ്ങേണമായിരിക്കും. എടീ കുരുട്ടുപെണ്ണേ! വഴിതോറും ആടിക്കുഴഞ്ഞു നടക്കുകയല്ലോ എന്റെ പതിവു്. നീ സോഫിയെ അറിയുകയില്ല. നിന്നെ ഞാൻ ഇതിനു പാഠം പഠിപ്പിക്കാതിരിക്കുമോ? അമ്പമ്പോ! കിണ്ണമാണല്ലോ! നോക്കണേ! എന്തൊരു ചിറ, എന്തൊരു വലിപ്പം! എടീ അംബികാദേവിക്കുട്ടി ഇന്നു സോഫിയെ മയക്കപ്പെട്ടാണിരിക്കുന്നതെന്നു നീ അറിയുന്നുണ്ടോ? ഛെ ഛെ! ഇല്ലേ!! നീ ചക്രവർത്തിയോടു പറയുക, ഇല്ലേ? നിന്റെ കള്ളിപ്പിള്ളേരെ സകലർ ചക്രവർത്തി. സൂക്ഷിച്ചിരുന്നുകൊള്ളണം.

നജീമ — നിങ്ങൾ ഇനി വൎത്തമാനം നിറുത്തുക. ഞാൻ നിങ്ങളുടെ കാൎയ്യങ്ങൾ യാതൊന്നും അന്വേഷിക്കുന്നില്ലല്ലോ. പിന്നെ നിങ്ങളെന്തിനാണ് വെറുതെ ഉഴറുന്നതു്.

സോഫി — എടീ നിലക്കു നിന്നാൽമതി. എനിക്കു മനസ്സിലായി. ഞാൻ അവസരം വരുമ്പോൾ കാണിച്ചു തന്നുകൊള്ളാം. ഇപ്പോൾ നീ വെറുതെയിരി; നിന്നെ ഞാൻ ഇവിടെനിന്നും ഇറക്കി വഴിനീളെ തെണ്ടിച്ചേക്കാം. നീ കുമാരനോടുകൂടി വസിക്കുന്നു. ഇല്ലേ. അല്ലെങ്കിൽ, ഇന്നിൽ ഇന്നി ചുററിയിരിക്കുന്നതുകണ്ടു് കാമിക്കുന്ന വിടന്മാർ കണ്ടു തെണ്ടിപ്പെൺപിള്ളേരുടെ പിറകെപോയി മാനുപ്രവൃത്തിയെടുക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. നിനക്കു നീ ഒരു സുന്ദരിയാണെന്നു ഭാവമുണ്ടു്.

നജീമ — നിങ്ങൾ കൊച്ചുതിയ്യമനിയെപ്പററി പറഞ്ഞതൊന്നും അത്ര നന്നായില്ല. നിങ്ങൾ കഴിക്കുന്ന ആഹാരം ഇത്ര ഹീനമാണെങ്കിൽപിന്നെ എന്തിനാണു് ഇവിടെ താമസിക്കുന്നതു്. നിങ്ങൾ രാജദ്രോഹിയാണു്.

സോഫി — എടീ ദ്രോഹീ! നീ പറഞ്ഞുപറഞ്ഞു കയറുന്നല്ലോ.

നജീമ — "അതു നിങ്ങളാണു്. എനിക്കു നിങ്ങളെപ്പോലെ നാവിന്റെ എല്ലു തകർന്നിട്ടില്ല."

ഇത്രയുംപറഞ്ഞു് നജീമ അവിടെനിന്നും ഭോജനശാലയിലേക്കു പോയി. സോഫി പിറുപിറുത്തുകൊണ്ടു് അന്തഃപുരത്തിലേക്കും നടന്നു. സോഫിയുടെ വൎത്തമാനങ്ങൾ കേട്ടതോടുകൂടി നജീമയുടെ ഹൃദയശല്യം വർദ്ധിച്ചു. അവൾ വല്ലാതെ പരിഭ്രമിച്ചു. ഒരുവിധത്തിൽ ഭോജനശാലയിൽനിന്നും പുറത്തുവന്നു നജീമ ആരാമത്തിലേക്കു തിരിച്ചു. അവൾ ഇപ്രകാരം വിചാരിച്ചു.

"സർവ്വേശ്വരാ! കൊട്ടാരത്തിലെ ജീവിതം വളരെ വിഷമംതന്നെ. കുമാരൻ ഇവിടെ ഇല്ലായിരുന്നെങ്കിൽ ഞാൻ ഇവിടംവിട്ടു് എവിടെ എങ്കിലും പൊയ്ക്കൊള്ളുമായിരുന്നു. കഷ്ടം! എത്രപേരുടെ അസൂയക്കു് ഞാൻ പാത്രമാകണം! ഹാ! ഫാത്തിമേ! നിന്നെയും ചതിച്ചതു് ഒരു സ്ത്രീയാണെന്നു നീ പറഞ്ഞല്ലോ. ഇതാ! ഇന്നെനിക്കു ശത്രുവായിത്തീർന്നതും ഒരു സ്ത്രീതന്നെയാണല്ലോ. കഷ്ടം! സ്ത്രീകൾ ഇത്ര ചപലകളും ദുർബ്ബലകളുമായിത്തീർന്നല്ലോ."

ഇപ്രകാരമെല്ലാം വിചാരിച്ചുകൊണ്ടു് ആ സാധു ആരാമത്തിലെ മണ്ഡപത്തിൽതന്നെ കിടന്നു ഒന്നു മയങ്ങുവാൻ ആരംഭിച്ചു.

പതിനഞ്ചാം അദ്ധ്യായം

അനന്തരദിവസം പതിവുപോലെ അംബികാകുമാരി ഒരു മതഗ്രന്ഥവും വായിച്ചുകൊണ്ടു തന്റെ മണിയറയിൽ ഇരിക്കയായിരുന്നു. സെലിം രാജകുമാരൻ ഏതോ ഒരു രാജ്യത്തിൽ ചില കലാപങ്ങൾ ഉണ്ടെന്നു കേട്ടിട്ടു പിറ്റേദിവസം യാത്രയാകാനിരിക്കുന്നുണ്ടെന്ന വിവരം ദാസിമാർ അവിടെ അറിയിച്ചിരുന്നു. ഈ വിവരം അറിഞ്ഞു സോഫിയെ വിളിച്ചുകൊണ്ടുവരുവാൻ ആജ്ഞാപിച്ചശേഷം ദേവി അവിടെത്തന്നെ ഇരുന്നു. സോഫി വന്നപ്പോൾ ദേവി ഇപ്രകാരം പറഞ്ഞു.

“ആഗ്രായിലെ പ്രധാനസത്രത്തിൽ ഒരു ദിവ്യൻ വന്നിട്ടുണ്ടെന്നു ഞാൻ കേട്ടു. സന്താനോല്പത്തിക്കായതിന്നു വേണ്ട പുണ്യകർമ്മങ്ങൾ ചെയ്തിട്ടും ഞാൻ കേവലം ഒരു വന്ധ്യയായിത്തീർന്നിട്ടുള്ളതു് ഏതു പാപംകൊണ്ടാണെന്നു ആ പുണ്യാത്മാവിനോടു ചോദിച്ചാൽ അറിയാവുന്നതാണു്. നീ ഏതായാലും അദ്ദേഹം അവിടെത്തന്നെ ഉണ്ടോ എന്നു ഗൂഢമായി അന്വേഷിച്ചറിയണം. അതിനുശേഷം മാത്രമേ തിരുമേനിയോടു് ഈ വിവരങ്ങൾ പറയുവാൻ സാധിക്കയുള്ളൂ. അദ്ദേഹം നാളെ ഡെക്കാനിലേക്കോ മറ്റോ പോകുന്നുവെന്നു ഞാൻ അറിഞ്ഞു. കുമാരൻ പോയിക്കഴിഞ്ഞാൽ പിന്നെ അന്തഃപുരത്തിൽനിന്നും പുറത്തിറങ്ങുന്നതു വിഹിതമല്ല.”

സോഫി ഇതുകേട്ടു് ഇപ്രകാരം പറഞ്ഞു:—

“ദേവി! അയാൾ ഒരു ഡംഭനാണെന്നാണു് എന്റെ അറിവു്. വയറുപിഴപ്പിന്നു വേണ്ടി കാഷായവസ്ത്രങ്ങളും ധരിച്ചു, വഴിനീളെ “ഭിക്ഷാം ദേഹി” എന്നു മുറവിളികൂട്ടി [illegible] മുക്കിലും മൂലയിലും നടക്കുന്ന കൂട്ടമാണിതു്. വിശേഷിച്ചും ചക്രവർത്തി ഒരു യോഗിയെപ്പറ്റി അന്വേഷിക്കുന്നുണ്ടു്. അയാൾ തന്നെയായിരിക്കാം ഈ യോഗി. അയാളെ ഇവിടെ ക്ഷണിച്ചു വരുത്തുന്നതുതന്നെ വലിയ പാപമാണു്.

ദേവി—നീ എന്താണീപ്പറയുന്നതു്. അദ്ദേഹം ദിവ്യനാണെന്നു പലരും പറയുന്നുണ്ടല്ലോ. അദ്ദേഹത്തിന്റെ കൂടെ ശിഷ്യഗണങ്ങളും ഉണ്ടെന്നല്ലേ പറയുന്നതു്.

സോഫി—ശരിയാണു. കൂടെയുള്ള തസ്കരന്മാരും കൊള്ളക്കാരും പിടിയാന്നും ചില പട്ടിണിക്കാരുടെ കൂട്ടത്തിൽ കൂടിയിട്ടുണ്ടു്. ഇവരൊ

ക്കു മിഥ്യാവാദമാണെന്നു പറഞ്ഞാൽ വിഷമിക്കും. അയാൾക്കു ലോകത്തിനെപ്പറ്റിയുള്ള ചിന്തയല്ലാതെ മറ്റൊന്നുമില്ല.

ദേവി — അതു ഞാൻ വിശ്വസിക്കുന്നില്ല. അദ്ദേഹം വിശിഷ്ടനാണ്. ഇവിടെ പല സ്ത്രീകളും അദ്ദേഹത്തെച്ചെന്നു കണ്ടു അനുഗ്രഹം വാങ്ങിച്ചല്ലൊ.

സോഫി — ഉവ്വ്. അനുഗ്രഹത്തിന്റെ രീതിയെല്ലാം പ്രത്യേകമാണ്. സ്ത്രീകൾ ചെന്നാൽ ആ വേദാന്തി പറയുന്നതെല്ലാം രതിരഹസ്യങ്ങളാണ്. അതുമല്ല, രാവിലെ തേച്ചുകുളി, ക്ഷീരപാനം മുതലായതും മദ്ധ്യാഹ്നത്തിൽ പലതരം വിഭവങ്ങളോടുകൂടി ഭോജനവും, ഹംസതൂലശയ്യയിൽ പ്രഭാതം വരെ നിദ്രയും ആ യോഗിക്കു ഉപേക്ഷിക്കത്തക്കതല്ല. പിന്നെ വല്ലപ്പോഴുമൊക്കെ മറ്റു സംഗതികളും കണ്ടേക്കും.

ദേവി — നീ അതിരുകടന്നു സംസാരിക്കുന്നു. വിശിഷ്ടന്മാരെ അധിക്ഷേപിച്ചാൽ അനുഭവമെന്താണെന്നു നിനക്കു നിശ്ചയമുണ്ടോ?

സോഫി — അടിയൻ അറിഞ്ഞു. ചക്രവർത്തി തിരുമനസ്സിലേക്കും, അവിടേക്കും അപ്രീതി ഉണ്ടാകാതിരുന്നാൽ അടിയനിങ്ങനെയൊക്കെത്തന്നെ താങ്ങിയും തടഞ്ഞും കഴിച്ചുകൂട്ടിക്കൊള്ളാം. എനിക്കു സന്താനങ്ങളില്ലെങ്കിലും ഞാൻ അയാളെ കാണുന്നില്ല. അവിടെ ചെന്നാൽ ഉടൻതന്നെ ചില പുഞ്ചിരികൊണ്ടെല്ലാം മറ്റും കാണണം. സന്യാസിയല്ലേ — ഫക്കീറല്ലേ — എന്നും മറ്റും പറഞ്ഞാലതിലെല്ലാം ആത്മവഞ്ചകൻ എന്നേ അർത്ഥമുള്ളു. ചക്രവർത്തിയുടെ പദവിയാണ് ആ ത്യാഗിക്ക്. എന്തു ചെയ്യാം. യോഗിയുടെ യോഗം!

ദേവി — നീ മഹാ പാപിയാണ്. പരമദുഷ്ടയാണ്. നീ അദ്ദേഹത്തെ അധിക്ഷേപിക്കുന്നതെന്തിന്? നിന്നോടു പറഞ്ഞ സംഗതി വേഗം നിറവേറ്റുക. ഉടൻ ഇവിടെവന്നു അറിയിക്കണം." ദേവി ദേഷ്യത്തോടുകൂടി ഇത്രയും പറഞ്ഞപ്പോൾ "കല്പനപോലെ" എന്നു പറഞ്ഞു സോഫി അന്തഃപുരത്തിൽനിന്നും ഇറങ്ങിപ്പോയി. അവൾ ഇങ്ങിനെ വിചാരിച്ചു.

"കള്ളന്മാരെല്ലാം കയറിവരും. എന്താണ് ഈ യോഗി. ഒരു പക്ഷെ ആ ദ്രോഹിയായിരിക്കാം. എന്നാൽ തന്നെ എനിക്കെന്താണ്. ചക്രവർത്തി അറിഞ്ഞു പിടിച്ചു കൊന്നുകൊള്ളും. ദേവിക്കു സന്താനങ്ങളെ കൊടുക്കാൻ യോഗമുള്ളവർ വേണം. ഇതെന്തു നാശം. കല്ലിപ്പൂമ്പാറ്റിനെ മാറിലകറ്റിയതുകൊണ്ട് എന്തു ഫലം! എന്തായാലും

പ്പം ഇതെല്ലാം നമ്മുടെ തലയിലെഴുത്തിന്റെ ശക്തിതന്നെയാണ്. അല്ലെങ്കിൽ പിന്നെ കമലസേനൻ ആ കത്തിനെ എന്റെ കൈയിൽനിന്നും പിടിച്ചുവാങ്ങിയതെന്തിനു? അതു കൊടുക്കേണ്ടായിരുന്നു. അതു വല്ല രീതിയിലും തിരിച്ചു വാങ്ങണം." ഇപ്രകാരമെല്ലാം പകുതി പറഞ്ഞും പകുതി പറയാതെയും അവൾ ആ സത്രത്തിന്റെ പാർശ്വങ്ങളിൽ കൗപീനം മാത്രം ധരിച്ചിട്ടുള്ള ചില ബാലന്മാർ മസ്സലിപ്പുകളെ ബന്ധന്മാരായി നില്ക്കുന്നുണ്ടായിരുന്നു. അവരോടു ചില വർത്തമാനങ്ങൾ പറഞ്ഞുകൊണ്ടു ഒരു യാചകനും നില്പുണ്ട്. ഉടൻ തന്നെ സോഫി ആ യാചകനോടു ചോദിച്ചു.

"ഇവിടെ ആരെല്ലാം ഉണ്ട്? ഈ സന്ത്രപ്പികളുടെ തലവൻ എവിടെയാണിരിക്കുന്നത്."

യാചകൻ — മുസൽമാന്മാരും, ഫക്കീറന്മാരും, യോഗീശ്വരന്മാരും, ജോഗേശ്വരന്മാരും, സന്ന്യാസികളും, മഹർഷിമാരും, ബ്രഹ്മചാരികളും, വ്യഭിചാരികളും, ഒക്കെ ഉണ്ടു.

സോഫി — നിന്നോടു ഞാൻ അതൊന്നും ചോദിച്ചില്ല. ഇവരുടെ രാജാവെവിടെയാണ്?

യാചകൻ — അതൊന്നും ഹാക്കിമിന് അറിഞ്ഞുകൂടാ. പക്ഷേ ഇവിടെനിന്നും ഇന്നലെ തലവാൻ കടന്നുകളഞ്ഞു. ഇനി ഈ "മൈനർമാര" ഉള്ളൂ.

സോഫി — എടാ നാശമേ! ഞാൻ പറഞ്ഞതു നീ മനസ്സിലാക്കിയില്ല. ആ കള്ളമാടൻ സന്ന്യാസിയെ അന്തഃപുരത്തിൽ.........കൊടുക്കാൻ വിളിക്കുന്നു.

യാചകൻ — അന്തഃപുരത്തിൽ കുട്ടിയെകൊടുക്കാനൊ? എന്നാൽ ഞാൻ ആ ബാലന്മാരോടു അങ്ങോട്ടു ചെല്ലാൻ പറയാം.

സോഫി — നീ ഒരു നല്ല കഴുതയാണ്. ആകട്ടെ ഞാൻ അകത്തു കയറി നോക്കട്ടെ. ഇത്രയും പറഞ്ഞു സോഫി സത്രത്തിന്റെ അകത്തു പ്രവേശിച്ചു. അവിടെ ഒരു പീഠത്തിൽ, വെളുത്തുചുവന്ന മേദുരമായ മാംസബന്ധങ്ങളോടും, മുണ്ഡനം ചെയ്ത ശിരസ്സോടും, അരുണാംബരത്താൽ ആവൃതമായ ഉടലോടുംകൂടി ഒരു സന്ന്യാസിവൃദ്ധൻ ഇരിപ്പുണ്ടായിരുന്നു. സോഫി യാതൊരുപചാരവും ചെയ്യാതെ, അദ്ദേഹത്തിന്റെ മുമ്പിൽ ആഗതയായി ഇപ്രകാരം ചോദിച്ചു.

"നിങ്ങളെ അന്തഃപുരത്തിൽ ചെല്ലാൻ കല്പിച്ചിട്ടുണ്ട്. വരുമോ?

സന്ന്യാസി—നാം അന്തഃപുരത്തിലേക്കോ? ഒരു പക്ഷെ ഉപകാരമായിരിക്കും

സോഫി—ഇനി നിങ്ങൾക്കു കഷ്ടപ്പാടുമുണ്ടോ? അദ്ദേഹം എവിടെയിരിക്കുന്നു?

സന്ന്യാസി—അദ്ദേഹം ഇന്നലെത്തന്നെ ഇവിടംവിട്ടുപോയി. വന്നാൽ അങ്ങോട്ടു പറഞ്ഞയക്കാം

ഇതുകേട്ടു "വളരെ സന്തോഷം" എന്നു പറഞ്ഞു സോഫി സത്രത്തിന്റെ വെളിയിൽ വന്നു. തത്സമയം ആ യാചകൻ അവിടെത്തന്നെ നിൽപുണ്ടായിരുന്നു. സോഫി പുറത്തുവന്ന ഉടൻതന്നെ അയാൾ അവളുടെ അടുക്കൽ ചെന്നു. "എന്താ കണ്ടുവോ? നമുക്ക് ഇതും ഒന്നും തരുകയില്ല."

സോഫി—ഞാൻ അവിടെ ഒരു മാംസഗോളത്തിനെ കണ്ടു. അതു "നാം" എന്നു ശബ്ദിക്കുന്നുണ്ട്. ചക്രവർത്തിയുടെ രാജ്യം മുഴുവനും തിന്നുമുടിക്കുന്നതിനു ഈ "കാഫിറ"ന്മാരെ ഓട്ടിയോടിക്കാൻ ആ മൂഢനു കഴിയുന്നില്ലല്ലോ—എന്തു ചെയ്യാം!

യാചകൻ—ഹാക്കിമിനു ഇതെല്ലാം അറിയാം. തെരുവിലെല്ലാം കൊച്ചമ്മ പറഞ്ഞ വാക്കുകൾ ഞാൻ എത്രയോപ്രാവശ്യം കേട്ടിരിക്കുന്നു. അദ്ദേഹം ഇങ്ങനെ മൂഢനായല്ലോ?

സോഫി—പിന്നെയല്ല! കള്ള വേശ്യകൾക്കും സന്ന്യാസികൾക്കും പോരെങ്കിൽ ദ്രോഹകളെഴുതുന്നവർക്കും നാടുമുഴുവനും പണയപ്പെടുത്തിക്കളയും! ആ സെലിം വേഗം രാജാവായിട്ടു വന്നിരുന്നെങ്കിൽ നമ്മൾക്ക വല്ല ഗുണവും ലഭിക്കുമായിരുന്നു. മററു ചരതൊഴിയുന്നുമില്ലല്ലോ.

ഹാക്കിം—ആ മൂപ്പൻ എന്തിനിങ്ങനെ ജീവിച്ചിരിക്കുന്നു! ഹാക്കിമിനു ഇതിലൊന്നും കാര്യമില്ലെങ്കിലും നിങ്ങളെപ്പോലെയുള്ള വലിയവർ പറയുന്നതെല്ലാം ഇങ്ങിനെതന്നെയാണ്. ചക്രവർത്തി പെണ്ണുങ്ങൾക്ക ധാരാളം പണം കൊടുക്കുന്നുണ്ടെന്നു ആൎക്കാണറിവാൻ പാടില്ലാത്തതു.

സോഫി—താൻ വരുന്നുണ്ടോ! ഞാൻ പോകട്ടെ.

ഹാക്കിം—ഹാക്കിമിനു കൊച്ചമ്മമാരേ, വല്ലതും തരൂ. നല്ലതുപോലെ വിശക്കുന്നുണ്ട്.

സോഫി—താൻ വന്നാൽ അവിടെ വല്ലതുമുണ്ടോ എന്നു നോക്കിപ്പറയാം. വല്ലതും കണ്ടേക്കും. അതോ നാറുന്നല്ലോ. തനിക്ക എന്തൊരാശമുണ്ട്.

ഹാക്കിം—എനിക്കു വലിയ രോഗങ്ങളൊന്നുമില്ല. വിശപ്പാണ് വ
ലിയരോഗം. പിന്നെ കുറച്ചു കഷ്ടവുമുണ്ട്. അതു വിശപ്പുകൊ
ണ്ടു വന്നിട്ടുള്ളതാണ്. ഇതൊക്കെയാണെങ്കിലും ഹാക്കിം ഭാഗ്യവാ
യി ഭാഗ്യംപറയും.

സോഫി—എന്ത്! താൻ ഭാഗ്യംപറയുമൊ. എന്നാൽ എന്റെ ഭാ
ഗ്യംപറയണം.

ഹാക്കിം—അവിടേക്കു ഒരു രാജയോഗമുണ്ട്. ഇനി പിന്നീടുപറ
യാം. ഞാൻ വല്ലതും കഴിക്കട്ടെ.

ഇത്രയുംപറഞ്ഞു ഹാക്കിം സോഫിയുമൊരുമിച്ചു നടന്നുതുടങ്ങി.
സോഫി വീണ്ടും പറഞ്ഞു:—

"കണ്ടില്ലേ! വഴിനീളെ തെണ്ടിനടന്ന പെണ്ണിനെവിളിച്ചു മ
ന്ത്രമാലകൊടുത്തതു്. ചക്രവർത്തിക്കു ഇപ്പോൾ അവളെയാണിഷ്ടം!
കാലത്തിന്റെ വൈഭവം!

ഹാക്കിം—അയ്യോ! വെള്ളാരന്നെ അറിയട്ടെ!! ഇതിനെയുമാരോ.
വല്ലവരും ഈ രാജ്യമൊന്നാക്രമിച്ചാലും മതിയായിരുന്നു.

സോഫി—നീ ഇങ്ങിനെയൊന്നും പറഞ്ഞുപോകരുതു. അയാൾ വലിയ മുൻ
കോപിയും ദുഷ്ടനുമാണ്. അറിഞ്ഞാൽപിന്നെ നമ്മുടെ കഥക
ഴിയും.

ഹാക്കിം—അതും ശരിയാണ്. പറഞ്ഞ ദുഷ്ടന്മാരെ ഹാക്കിം വന്ദിക്ക
യില്ല. നമുക്കു എന്തായാലും ഇവരൊന്നും യാതൊരു വസ്തുവും ത
രികയില്ല. അയാളെ ആരെങ്കിലും വധിച്ചാൽ മതിയായിരുന്നു.
ഒരുപക്ഷെ മകൻതന്നെ അതു ചെയ്തേക്കാം!

സോഫി—ഞാൻ ഇന്നു പറഞ്ഞതാൽമതി. സോഫിയുടെ വാക്കു
മതി. ഞാൻ പറയാതിരിക്കുന്നതു അല്പംകൂടി കഴിയട്ടെ എന്നുവി
ചാരിച്ചിട്ടാണ്.

ഹാക്കിം—സെലിമിനൊടൊന്നിച്ചു കൂടികഴിയട്ടെ' യെന്നാണൊ?

സോഫി—അല്ല, ഒരു വകയാണ്. അല്പം സമയംകഴിക്കട്ടെ എന്നാ
ണ് പറഞ്ഞതു്. സെലിം എന്റെ കൈക്കുള്ളിലാണിരിക്കുന്നതു.
ഇന്നു ഞാൻ പറയുന്നതുപോലെ പ്രവർത്തിക്കാൻ സെലിം ഒരുക്കമാ
ണ്.

ഹാക്കിം—അതു വളരെ നന്നായി. സെലിംകുമാരനും എവിടെയൊ
ക്കെയൊ ചില സ്ത്രീകളുമായി ചില "ഡപ്യൂകിറ്റലുകൾ" ഉണ്ടെന്നു
കേട്ടിട്ടുണ്ട്. രാജാവല്ല, സ്ത്രീകളല്ല. അതിനൊന്നുമൊക്കെ കിടക്കും

സോഫി — ഒരു തെണ്ടിപ്പെണ്ണുണ്ട്. മെഹർ എന്നു പറയുന്നാൽ ഇത്ര ചിത്തയായി ഒരു പെണ്ണു ലോകത്തിലില്ല. എന്തോ ഒരു രാജ്യത്തിൽ അലഞ്ഞുകിടന്ന പെണ്ണാണ്!

ഹാക്കിം — അവൾ എവിടെ താമസിക്കുന്നു. അന്തഃപുരത്തിലായിരിക്കും അല്ലേ?

സോഫി — അന്തഃപുരത്തിലോ? ഞാൻ അവിടെ എങ്ങും കണ്ടിട്ടില്ല. പക്ഷെ അതിനെ എവിടെയോ താമസിപ്പിച്ചിട്ടുണ്ടു എന്നോ? ആർക്കറിയാം.

ഈവിധത്തിൽ വർത്തമാനം പറഞ്ഞുകൊണ്ടു അവർ സോഫിയുടെ ഗൃഹത്തിന്റെ മുൻവശത്തെത്തിച്ചേർന്നു. അവൾ അകത്തുകയറി രണ്ടുമൂന്നു പഴങ്ങൾ എടുത്തു ഹാക്കിമിനു കൊടുത്തിപ്രകാരം ആജ്ഞാപിച്ചു. "താൻ ഇതു കൊണ്ടുപൊയ്ക്കൊള്ളുക. ഇവിടെ എങ്ങും തന്നെ നില്ക്കേണ്ട" യാചകൻ, പഴങ്ങൾ, ഭക്തിപുരസ്സരം വാങ്ങി ഉപചാരം ചെയ്തു യാത്രയായി. ഹാക്കിം പോയതിനുശേഷം സോഫി കുറച്ചുനേരംകൂടി അവിടെനിന്നു. അസ്സമയം കാസിം എവിടെയോ പോയി വിയർത്തൊലിച്ചു സോഫിയുടെ മുൻപിലെത്തി. കാസിമിനെ കണ്ടഉടൻ സോഫി ഗർജ്ജിച്ചു.

"നേരം വെളിച്ചമായാൽ പുറത്തിറങ്ങി തെണ്ടിനടക്കും. തനിക്കു ഇവിടെനിന്നു വേണ്ട വേലകൾ ചെയ്യാൻ പാടില്ലായിരുന്നു ഇല്ലേ? ഇവിടെ എല്ലാം അടിച്ചുതളിച്ചു വൃത്തിയാക്കിവെയ്ക്കാൻ പാടില്ലാത്തവിധം തനിക്കു രാജ്യഭാരമുണ്ടായിരുന്നോ?"

കാസിം — ഞാൻ എങ്ങും പോയില്ല. മലമൂത്രവിസർജ്ജനത്തിനു പോകാതെ കഴിയുമോ. ഇതെല്ലാം വിധിതന്നെയാണ്.

സോഫി — താൻ ഇനിമുതൽ എന്നോടു ചോദിക്കാതെ വിസർജ്ജനം ചെയ്യപ്പോയെങ്കിൽ എനിക്കറിയാം

ഇപ്രകാരം ശാസിച്ചതിനുശേഷം അവൾ അന്തഃപുരത്തിൽ ചെന്നു. അന്തഃപുരത്തിൽ സോഫിയെ കാത്തുകൊണ്ടു ദേവി സോൽക്കണ്ഠം ഇരിക്കുന്നുണ്ടായിരുന്നു. സോഫി ആഗതയായ ഉടൻതന്നെ ദേവി ചോദിച്ചു.

"നീ പോയില്ലേ? അദ്ദേഹം അവിടെ ഇല്ലേ?"

സോഫി — ഞാൻ അവിടെ ചെന്നപ്പോൾ പിച്ചതിയെപ്പോലെ ഒരു വൃദ്ധസന്യാസി അവിടെ ഇരിക്കുന്നുണ്ടായിരുന്നു. [illegible] അവിടെ ഇല്ലല്ലൊ!

ദേവി — എടി നാശമേ! നിന്നെ ഞാൻ ഇന്നു ശാസിക്കുന്നുണ്ട്. നീ

എന്തോ നിനിക്കുന്നോ? നിന്നോടു ഞാൻ വിവരിക്കുവാനും വർണ്ണിക്കാനും പാടത്തോ! നിന്നോടു ഞാൻ അഭിപ്രായം പറയുവാൻ അറിയിച്ചോ! നിന്റെ എന്തിക്ക കാരണോണ. വേഗം അന്തഃപുരത്തിനു വെളിയിൽ പൊയ്ക്കൊള്ളണം.

ഇത്രയും പറഞ്ഞ് കോപാകുലയായ ദേവി "ആരവിടെ" എന്നു വിളിച്ചു. ഉടൻതന്നെ രണ്ട് തവണക്കാർ തിരുമുമ്പിൽ ആഗതരായി. ദേവി അവരോടു പറഞ്ഞു. "ഇന്നുമുതൽ ഇനി നാം ആജ്ഞാപിക്കുന്നതുവരെ സോഫിയെ അന്തഃപുരത്തിൽ കയറ്റിക്കൂടാ" ഇപ്രകാരം കല്പിച്ചതിനുശേഷം ദേവി മണിയറയിലേക്ക് പോയി.

പതിവിനു വിപരീതമായി, ഇതിനു മുമ്പ് ഒരിക്കലും കണ്ടും കേട്ടും അറിവില്ലാത്ത രീതിയിൽ ദേവിയുടെ ശാസന കേട്ട ഉടൻ തന്നെ സോഫി അവിടെ നിന്നും പുറത്തേക്കിറങ്ങി. അവളുടെ ഹൃദയത്തിന് അല്പശമനം വന്നതുപോലെ കാണിക്കുന്നതേയില്ല. കഴുത്തിനുചുറ്റും നാവുണ്ടെന്ന് അഭിമാനിച്ചിരുന്ന ആ സാധു വല്ലാതെ പരിഭ്രമിച്ചു. താൻ സ്വാതന്ത്ര്യമായി എപ്പോഴും പരിഹാസവാക്കുകളും ആക്ഷേപവാക്കുകളും പറഞ്ഞിരുന്നാലും കേവലം ഒരു മന്ദഹാസിക്കയല്ലാതെ, കഠിനമായി ഒരു വാക്കുപോലും പറഞ്ഞിട്ടില്ലാത്ത ദേവി ഇന്നു കോപാകുലയായിക്കണ്ടപ്പോൾ സോഫി ഭയംകൊണ്ടു വിറച്ചു. എന്നാൽ സെലിം രാജകുമാരൻ തന്റെ കൈക്കുള്ളിലുള്ളിടത്തോളം കാലം തനിക്ക് രക്ഷയുണ്ടെന്ന് വിശ്വസിച്ച സോഫി അദ്ദേഹത്തെ അന്വേഷിച്ചു പോയി. എങ്കിലും അപ്പോൾ അവിടെ ചെന്നാൽ "മയ"ത്തിനു വർത്തമാനം പറഞ്ഞ് ദേവിയുടെ കോപത്തെ അടക്കുവാൻ രാജകുമാരനെ നിയോഗിക്കുന്നതിന് സാദ്ധ്യമല്ലെന്നു കരുതി അവൾ നേരെ തന്റെ ഗൃഹത്തിൽ വന്നു ലജ്ജകൊണ്ടും കോപംകൊണ്ടും വിവർണ്ണമായി ചമഞ്ഞ സോഫിയുടെ മുഖംകണ്ട ഉടൻ തന്നെ കാസിം ഭയന്നുപോയി. വല്ല തരത്തിലും അവിടെനിന്നും പോകുന്നതാണ് നല്ലതെന്ന് തീർച്ചപ്പെടുത്തി അയാൾ കുറച്ചു പഴങ്ങളുമെടുത്തുകൊണ്ട് യാത്രയായി. അവർ തമ്മിൽ പരസ്പരം കണ്ടതല്ലാതെ യാതൊന്നുമുച്ചരിച്ചില്ല.

സോഫിയെ കഠിനമായി ശാസിച്ചതിനുശേഷം ദേവി മണിയറയിൽ ചെന്ന് നദീറയെ വിളിച്ച് ഇപ്രകാരം ആജ്ഞാപിച്ചു.

"ഇന്നു രാജകുമാരൻ സ്വകാര്യമുറിയിൽ എഴുന്നള്ളിയിരിക്കയാണ്. ഏതോ ഒരു യുദ്ധകാര്യത്തെപ്പറ്റി ഗൗരവമായി കാര്യവിചാരണ ചെയ്തു ഇരിക്കുന്നതുകൊണ്ട് പതിവുപോലെ ഭക്ഷണശാലയിൽ എഴുന്നള്ളുകയില്ല. സോഫിയെ ഞാൻ ശാസിച്ചിട്ടുള്ളതുകൊണ്ട്

ന്റ് അവർ ഇവിടെ ഉണ്ടായിരിക്കയില്ല. ഇന്ന് നീ പാലും പലഹാരവും കൊണ്ടുകൊടുക്കണം.''

ദേവിയുടെ കല്പനകേട്ട സന്തുഷ്ടയായി ഭവിച്ച നസീം ഉടൻതന്നെ പാചകശാലയിൽ പ്രവേശിച്ച് രാജകുമാരന്റെ ലഘുഭക്ഷണത്തിന് വേണ്ട സാമഗ്രികൾ എടുത്തുകൊണ്ട് വള്ളിയറയിലേക്ക യാത്രയായി.

നസീറപലഹാരവും എടുത്തുകൊണ്ട് സ്വകാര്യമന്ദിരത്തിന്റെ വാതുക്കൽ എത്തിയപ്പോൾതന്നെ അവിടെ നില്പുണ്ടായിരുന്ന തവണക്കാരൻ ആ വിവരം രാജകുമാരനെ അറിയിച്ചു. ഉടനേതന്നെ അദ്ദേഹം അവളോട് അടുത്തുള്ള മറ്റൊരു മുറിയിലേക്ക പൊയ്ക്കൊള്ളുവാനായി ആംഗ്യംകാണിച്ചതിനു ശേഷം സ്വകാര്യമന്ദിരത്തിൽ നിന്നും ഇറങ്ങി ആ മണിയറയിൽ ചെന്നു. ആ മണിയറയിൽ അവരിരുവരുമല്ലാതെ മറ്റാരുമുണ്ടായിരുന്നില്ല. പതിവിനു വിപരീതമായി, സോഫിയ്ക്കുപകരം, നസീറ പലഹാരവും കൊണ്ട് വന്നതുകണ്ട് അൽഭുതപ്പെട്ടുവെങ്കിലും, ഒരു കനകാവസരം കരഗതമായിയെന്ന് ആഹ്ലാദിച്ചുകൊണ്ട് സെലിം ഇപ്രകാരം ചോദിച്ചു.

"ഇതാരാണ്? എന്റെ നസീറയോ? ഇന്ന് നീ തനിയേ ഇതെല്ലാം താങ്ങിക്കൊണ്ട് വന്നതെന്തിനു? സോഫി എവിടെപ്പോയി.''

രാജകുമാരന്റെ സംബോധന കേട്ടപ്പോൾതന്നെ വിവശിതയായി ഭവിച്ച നസീറയുടെ മുഖം ഒന്നു വിളറി. സെലിം ആ കട്ടേപ്പലഹാരം കൈകളിൽ വഹിച്ചുകൊണ്ടു നില്ക്കുന്ന നസീറയുടെ അടുക്കൽ ചെന്ന് അവയെല്ലാം തനിയേതന്നെ വാങ്ങി ഒരു മാർബിൾമേശമേൽ വെച്ച്, അവളുടെ കരപല്ലവത്തെ സ്വഹസ്തത്താൽ തഴുകികൊണ്ട് പറഞ്ഞു.

"കാമനോ........എന്ന് ആ രാഗത്തിൽ നിന്നും നീ പരിഭ്രമിച്ച് എഴുന്നേറ്റുപോയതെന്തുകൊണ്ടാണ്? എന്തായാലും ഇന്ന് കാണുവാൻ സാധിച്ചത് ഭാഗ്യമെന്നായി. ഞാൻ നാളെ ഇവിടെ ഉണ്ടായിരിക്കയില്ല. ഒരു പക്ഷെ മറ്റന്നാൾ തിരിച്ച് വന്നേക്കും. ഇന്ന് കണ്ടു സംസാരിക്കാൻ അവസരം ലഭിച്ചത് എന്റെ ഭാഗ്യം തന്നെയാണ്.''

സെലിം രാജകുമാരന്റെ സന്ധാനിദ്ധ്യിയിൽ ആമഗ്നയായി ഭവിച്ച നസീറയെ താങ്ങിഎടുത്തു പതിവുപോലെ മഞ്ചതലത്തിൽ ഉപവേശിപ്പിച്ചു. ചെപ്പും തന്റെ വലത്തുകൈയ്കൊണ്ട്, അദ്ദേഹം

ശൃംഗാരസംവേഗത്താൽ നിഃശബ്ദഭാവം പൂണ്ടു് ആ ഇളംകൈകളെക്കൊണ്ടു കു ഞ്ഞു തലോടുവാൻ ആരംഭിച്ചു. തത്സമയം നളിന ഇപ്രകാരം പറ ഞ്ഞു.

"തിരുമേനി! അവിടേക്കു അനർഹയായ ഈ പാപിയെ എന്തി നാണു വെറുതെ ആശ്ലേഷിക്കുന്നതു്. ഞാൻ ഒരു മഹാപാപിയാണു്. അവിടത്തെ അടുക്കൽ പലതും പറവാനുണ്ടെങ്കിലും ഞാൻ അതി നെല്ലാം അധീനയായി തീർന്നിരിക്കുന്നു. ഹാ! പ്രേമമേ! നീ എന്റെ സ്വാതന്ത്ര്യത്തെത്തന്നെയും കെടുത്തിയെന്നു സഖിമാർ പുച്ഛിക്കു ന്നതല്ലൊ?"

നളിനയുടെ വാക്കുകൾകേട്ടു് ഏറ്റവും കൗതുകിയായിരുന്ന കു മാരൻ ഇപ്രകാരം അവളെ ആശ്വസിപ്പിച്ചു:—

"ശരിതന്നെ! ആത്മപാരവശ്യം തന്നെയാണു്. ഞാൻ നിന്നോടു പരമാ ർത്ഥം പറയാം. അംബികയുടെ സംസ്ഥിതിയും മൈഥിലിന്റെ രൂപ ലാവണ്യവും ഒത്തുചേർന്ന സാദൃശ്യമായി നിന്നിൽ കണ്ടു് ഞാൻ അ തിൽ ഭ്രമപ്പെടുകയാണു് ചെയ്യുന്നതു്. എന്നുമാത്രമല്ല, നീ അംബികയേ പ്പോലെതന്നെ ഇരിക്കുന്നു. നിന്നോടുള്ള എന്റെ ബന്ധം എന്നെ എ ത്രയോ നല്ലവനാക്കി തീർക്കുന്നതാണെന്നു നീ ഒരു പക്ഷേ അറിയുന്നില്ലാ യിരിക്കാം."

രാജകുമാരന്റെ കരളിലെ വിരഹ മഹാസാമ്രാജ്യത്തിന്റെ അ ടിസ്ഥാനങ്ങൾകൂടെ ഇളകിമറിയുന്നതുപോലെ തോന്നി ന ളിന, പെട്ടെന്നു് തടുത്തുകൊണ്ടു് പറഞ്ഞു:— "തിരുമേനി അവിടുന്നു ഇവളെ ചിത്തയാക്കുകയാണെന്നു പറഞ്ഞാൽ എന്നോടു കോപിക്കു കയില്ലല്ലൊ. മതി! അവിടുന്നു് ഇനി ഇവളെ മോഹിപ്പിക്കണം. ഞാൻ മാറിനില്ക്കട്ടെ. അവിടേയ്ക്കു് ഇപ്പോൾ സ്വാതന്ത്ര്യമുള്ള സ്ഥലങ്ങളിൽ പ്ര വേശിച്ചാൽ മതി." ഇതുകേട്ടു് ചിരിച്ചുകൊണ്ടു രാജകുമാരൻ പറ ഞ്ഞു.

"ഞാൻ ചക്രവർത്തിയായാൽ പിന്നെ അധികാരവും പ്രവേശന വും വർദ്ധിക്കുമല്ലൊ?"

നളിന — ശരിയാണു്; അങ്ങു പ്രവേശിച്ചാൽ പരാതി കാണും. ശത്രുക്ക ളെ ജയപ്പെടുകയും വേണം. അതുകൊണ്ടു് തല്ക്കാലം ഞാൻ മാറി നില്ക്കട്ടെ.

ഇത്രയും പറഞ്ഞു് അവൾ അദ്ദേഹത്തിന്റെ അങ്കതലത്തിൽ നിന്നു എഴുന്നേൽക്കാനാരംഭിച്ചപ്പോൾ കുമാരൻ, അദ്ദേഹത്തി ന്റെ കായമാർദ്ദവം ഭുജങ്ങളിൽ വ്യാപിപ്പിച്ചു ആ കനക

ലതയെ ഒന്നു മുറുകെ ആശ്ലേഷിച്ചു. ആ കവിൾത്തട്ടിൽ ഒന്നുകൂടി ചുംബിച്ചു. അത്ര മനോഹരമായ ശാലീനതാമയമായിക്കഴിഞ്ഞിരിക്കണം! ഉടൻതന്നെ കുമാരന്റെ അടുക്കൽനിന്നും പിന്മാറി, അവൾ ആ മാർബിൾമേശയുടെ അടുക്കൽ ചെന്നുനിന്നു പറഞ്ഞു.

"തിരുമേനി! പലഹാരങ്ങൾ സ്വീകരിച്ചു കഴിഞ്ഞാൽ ഈ സ്വർണ്ണപാത്രങ്ങൾ ഞാൻ ഭോജനശാലയിൽ ഏൽപിച്ചു കൊള്ളാമായിരുന്നു." നസീറയുടെ അപേക്ഷ അനുസരിച്ചു രാജകുമാരൻ പലഹാരങ്ങൾ ഓരോന്നായിയെടുത്തുനോക്കി. അതേ പാത്രങ്ങളിൽ നിന്നുതന്നെ അവളും പലഹാരങ്ങൾ എടുത്തു ഭക്ഷിക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. ഹാ! എന്തൊരു ഭാഗ്യം! ഇന്നുവരെ അംബികാദേവിക്കോ, മെഹറിനോ സാധിച്ചിട്ടില്ലാത്ത ഒരു ദിവ്യാവകാശമാണ് തനിക്കു തരുവാനായി കുമാരൻ ഇച്ഛിക്കുന്നതെന്നു അറിഞ്ഞ് അവൾ ഇപ്രകാരം പറഞ്ഞു:—

"ആ പാത്രങ്ങളിൽനിന്നും, അവിടത്തോടൊന്നിച്ചു പലഹാരങ്ങൾ എടുത്തു ഭക്ഷിക്കുവാൻ എനിക്ക് എന്തവകാശമാണുള്ളത്? ഞാൻ അപ്രകാരം പ്രവർത്തിക്കുന്നതു എത്രയോ കഠിനമായിരിക്കും. അതു ഞാൻ ചെയ്യുകയില്ല." ഇതുകേട്ടു അല്പം നിരാശപ്പെട്ടു സെലിം പലഹാരത്തിൽ ഒരു കഷണം അവളുടെ കരത്തിന്റെ സഹായമാവശ്യപ്പെടാതെ ആ ചെന്താമര അധരപുടങ്ങളിൽ ഏൽപിച്ചു എന്നിട്ടിങ്ങനെ പറഞ്ഞു.

"ഞാൻ പറയുന്നതു നീ കേൾക്കുക. അല്ലാതെ പെരുമാറിയാൽ എനിക്കു ദേഷ്യം വരും. നിന്റെ അവകാശങ്ങളെപ്പറ്റി നിശ്ചയിക്കേണ്ടതു ഞാനല്ലേ? അതിനെപ്പറ്റി നിനക്കു,പറയേണ്ട,കാര്യമില്ല."

സെലിം പ്രണയപാരവശ്യത്താൽ കലുഷചിത്തനായി കലഹിക്കുവാൻ പോകയാണെന്ന് മനസ്സിലാക്കിയ നസീറ അദ്ദേഹം ആവശ്യപ്പെട്ടതുപോലെ ആ പാത്രത്തിൽ നിന്നുതന്നെ പലഹാരങ്ങൾ എടുത്തു തിന്നതുകണ്ട് സന്തോഷിച്ചു സെലിം ഇങ്ങിനെ പറഞ്ഞു.

"ഓമനക്കുട്ടി! ഞാൻ ദേഷ്യപ്പെട്ടതു നീ സദയം ക്ഷമിക്കണം. നിന്റെ അനാവശ്യഭയം ഇല്ലാതെയാക്കുവാൻ ഇപ്രകാരമേ സാധിക്കയുള്ളുവെന്ന് അറിഞ്ഞതുകൊണ്ടാണ് ഞാൻ ദേഷ്യപ്പെട്ടത്."

നസീറ—തിരുമേനി! അവിടുന്നു ഈ ദാസിയെ ദേഷ്യപ്പെട്ടെങ്കിലും ഒരു വാക്കുകൊണ്ട് ആനന്ദിപ്പിക്കണമെന്നേ എനിക്ക് അപേക്ഷയുള്ളൂ.

ഇപ്രകാരം സല്ലപിച്ചുകൊണ്ട്, അവർ രണ്ടുപേരുംകൂടി പലഹാരം മുഴുവനും തിന്നുതീർത്തു. പാതിയിൽ കൂടുതൽ പലഹാരം താൻ

തിന്നവെന്ന പറഞ്ഞുകൊണ്ടു സെലിം വീണ്ടും ഒരു പ്രേമമുദ്ര ആ പാവനാംഗിയുടെ വദനബിംബത്തിൽ പതിപ്പിക്കുവാൻ ആരംഭിച്ചു. അവളുടെ ശക്തിയും ധൈര്യവും എല്ലാം അവളെ വിട്ടുപിരിഞ്ഞു. രാജകുമാരന്റെ വലത്തുഭാഗത്തു നില്ക്കുന്ന ആ സുകുമാരി അറിയാതെതന്നെ അവളുടെ കരപങ്കജങ്ങൾ അദ്ദേഹത്തിന്റെ ഇരുണ്ടു ചുരുണ്ട കേശപ്പടർപ്പിനെ ഭംഗിയായി ഒതുക്കിത്തുടങ്ങി. അവൾ അതാ! ആ ശിരസ്സിൽ ഒന്നു ചുംബിക്കുന്നു. സെലിം! ഇതാ ഇപ്പോൾ ഭവാനും ഭാഗ്യവാനായി! ഡില്ലീസാമ്രാജ്യത്തിന്റെ അവകാശിയെന്ന നിലയിൽ രത്നകിരീടം ധരിക്കേണ്ട ആ ശിരസ്സിന് ഇതാ മറെറാരു രത്നകിരീടം ലഭിച്ചുകഴിഞ്ഞു. ഇനി അവിടേക്കു സാമ്രാജ്യത്തിന്റെ കിരീടം ലഭിച്ചില്ലെങ്കിലും നിരാശപ്പെടുവാനില്ല. നിർമ്മലവും അനർഘവും ആയ പ്രേമത്തിന് അവിടുന്ന് അധിപതിയായിക്കഴിഞ്ഞു. ഇതുവരെ ആ സാമ്രാജ്യം സെലിമിന് അനധീനമായിരുന്നു. നദീറ സെലിമിന്റെ അനുവാദമോ യാതൊന്നും നോക്കാതെ അദ്ദേഹത്തിന്റെ അങ്കതലത്തിൽ ഉപവേശിച്ചു. കേവലം ഒരു പൈതലിനെപ്പോലെ, അവൾ, അദ്ദേഹത്തിന്റെ മാറത്തു തൂങ്ങിക്കിടന്ന രത്നമാലകളിൽ ഓരോന്നും തന്റെ കരാംഗുലികളാൽ അലോടിക്കൊണ്ടും ഇടയ്ക്കിടെ ആ വിസ്തൃതവക്ഷസ്സിൽ ചുംബിച്ചുകൊണ്ടും രാജകുമാരനെ സ്വപ്നപഥങ്ങളിൽക്കൂടി പ്രയാണം ചെയ്യിപ്പിച്ചു. സെലിമിന്റെ ആത്മാവുംകൂടി അതാ അവളുടെ അധരപുടങ്ങളിൽ പതിഞ്ഞിരിക്കുന്നു. വക്ഷസ്സിൽ ചുംബിച്ചാൽ ഹൃദയത്തെക്കൂടി അധരത്തിൽ വലിച്ചെടുക്കുവാൻ നിഷ്കളങ്കപ്രേമത്തിനു സാധിക്കുമെന്ന് ഇപ്പോൾ വ്യക്തമായി. അല്ലയോ പാവനാംഗി! നിന്നിൽ പരിചാരികാത്വത്തിന്റെ ഒരു ലക്ഷണവും കാണുന്നില്ലല്ലോ. ഇപ്പോൾ നീ അതികോമളയും ചതുരയും, സരസയും ആയ ഒരു രാജകുമാരി തന്നെയാണ്! സെലിം രാജകുമാരന്റെ പട്ടമഹിഷി നീ തന്നെയാണ്! ഛെ! അല്ല, ല്ല, ദേവി അംബികാകുമാരിയുടെ പരിചാരിക മാത്രമല്ലേ, നീ!! നിന്നെ, പലഹാരം കൊണ്ടുകൊടുക്കുവാൻ മാത്രമല്ലേ ദേവി നിയോഗിച്ചിട്ടുള്ളു? അല്ലാതെ ദേവിയുടെ സ്ഥാനത്തെയോ, അവകാശത്തെയോ അപഹരിച്ചുകൊള്ളുവാൻ നിന്നെ അനുവദിച്ചിട്ടുണ്ടോ? ഒരിക്കലുമില്ല. പക്ഷെ പ്രേമത്തിന് ആവക ഭേദം നോട്ടമില്ലല്ലോ. ആ ഒരു വിശിഷ്ടവസ്തുവിന്റെ ശക്തി അപ്രമേയംതന്നെ. അതുള്ളകാരണം നീ ഇന്ന റാണിമാരെക്കാൾ ഭാഗ്യവതിയായിത്തീർന്നു. മതി നിറുത്തുക! അതാ! ആ

സ്വർണ്ണപാത്രങ്ങളിൽ നിന്റെ ഛായ പ്രതിഫലിക്കുന്നു! കുമാരന്റെ അങ്കതലത്തിൽ നീ ഇരിക്കുന്നു, ഈ ഇരിപ്പ് അവ ഇതുപോലെതന്നെ പ്രകാശിപ്പിക്കുന്നുണ്ട്. ഒരു പക്ഷെ അവ നിന്റെമേൽ അസൂയയുള്ളതായിരിക്കാം. വേഗം എഴുന്നേൽക്കുക! അല്ലെങ്കിൽ, ദേവി ഈ പാത്രങ്ങൾ കൈയിൽ എടുക്കുമ്പോൾ ആ ഛായ കാണുന്നപക്ഷം, പരമാർത്ഥമെല്ലാം ഒരു മൂകസാക്ഷിയിൽ നിന്നെന്നതുപോലെ ഗ്രഹിക്കാതിരിക്കയില്ല. പക്ഷെ അതു നിഴലാണല്ലോ? അതു നീ നിശ്ചയിക്കേണ്ട! നിഴലും ലോകത്തിൽ ശാശ്വതമാണ്.

അല്പനേരം സെലിമിനെ സന്തോഷിപ്പിച്ചുകൊണ്ട് അവിടെ ഇരുന്നതിനു ശേഷം "അയ്യോ! എനിക്കു നേരംവൈകി; ദേവി അന്വേഷിക്കും; ഞാൻ പോകട്ടെ" എന്നു പറഞ്ഞു അവൾ അവിടെ നിന്നും പാത്രങ്ങൾ എടുത്തുകൊണ്ടു ഝടിതി അപ്രത്യക്ഷയായി. നദീറ, യാതൊന്നും പറയാതെയും, യാതൊരു ഭാവഭേദവും കാണിക്കാതെയുമാണ് അവിടെനിന്നും പോയത്. സ്ത്രീചുംബനങ്ങളാൽ തഴമ്പുപിടിച്ച സെലിമിന്റെ മാറത്തിൽ, നദീറയുടെ ലോലമായ കരാംഗുലികളുടെ സ്പർശനംകൊണ്ട്, അങ്കുരിച്ച പുളകങ്ങൾ ഇതാ! ഇനിയും അടങ്ങിയിട്ടില്ല. സെലിം ഇപ്രകാരം വിചാരിച്ചു:—

"ഹാ! എന്തൊരു സൌന്ദര്യം! ഇവൾ മെഹറിനെ അതിശയിക്കുന്നു! അവൾ അംബികയെപ്പോലെ ഇരിക്കുന്നുവല്ലോ. എന്തൊരു സംഭാഷണം! എത്ര മധുരം! എത്രയോ വിലാസഭംഗിയുള്ള നോട്ടങ്ങൾ! ആ നോട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന രാജത്വം അവൾ നിശ്ചയമായും ഒരു രാജകന്യകയാണെന്നല്ലേ തെളിയിക്കുന്നതു? എന്തൊരു മുഖപ്രസന്നത! അതാ! അവൾ പുഞ്ചിരിക്കൊള്ളുന്നതുപോലെ തോന്നുന്നു. എന്തൊരു പുഞ്ചിരി! മുല്ലമൊട്ടുകൾപോലുള്ള ദന്തങ്ങൾ വിടർന്ന അധരോഷ്ഠങ്ങളുടെ ഇടക്കു വ്യക്തമാകുമ്പോൾ കാണുന്ന ഭംഗി ഇതിനു മുമ്പു സെലിം ഒരിടത്തും കണ്ടിട്ടില്ല. നിശ്ചയം! ഇതാണു സ്ത്രീചാതുര്യം! ഇവളാണ് ലോകത്തിലുള്ള സകലസ്ത്രീകളേയും ഭരിക്കേണ്ടവൾ! ഹാ! മറ്റാരേയും കരസ്പർശമേറ്റിട്ടില്ലാത്ത ആ കനകമാറത്തട്ടിൽ ഞാൻ തൊട്ടപ്പോൾ അവളുടെ മുഖത്തു പടർന്നുപിടിച്ച ലജ്ജ എത്രയോ ആനന്ദകരമായിരുന്നു. ഹാ! കാമനേ! ആ അംഗങ്ങളുടെ സമ്പൂർണ്ണതക്കു സെലിംതന്നെയാണുടമസ്ഥൻ! നീ പോയതു എത്ര കഷ്ടമായി. ഞാൻ അംബികയേയും ചക്രവർത്തിയേയും പറഞ്ഞു സമ്മതിപ്പിച്ചുകൊള്ളാം. അല്ലെങ്കിൽ എനിക്കു ഈ സാമ്രാജ്യത്തിന്റെ ആവശ്യമേ ഇല്ല. നീ ഇല്ലാത്ത സാമ്രാജ്യം എനിക്കു നരക

മാണ! നിന്നോടുകൂടിയ സകല സ്ത്രീകൾ ഭൂതസാമ്രാജ്യത്തേക്കാൾ
ഏറ്റവും പ്രിയമാണ്."

ഇപ്രകാരമെല്ലാം വിചാരിച്ചുകൊണ്ടിരുന്നപ്പോൾ സെലീം അറിയാതെതന്നെ അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്നും രണ്ടുതുള്ളി ആനന്ദബാഷ്പം ആ മാർബിൾകല്ലിന്മേൽ വീണു. ആഹാ! സെലീമിന്റെ മനോരഥം പൂൎണ്ണമായി. സെലീമിന്റെ ആനന്ദം അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചു. നിൎമ്മലമായ അശ്രുബിന്ദുക്കളേ! നിങ്ങൾ പ്രേമത്തിന്റെ മാധുൎയ്യം പ്രത്യക്ഷമാക്കിക്കൊണ്ടു ഈ ലോകം നശിക്കുന്നതുവരെ ആ വെണ്ണക്കൽകല്ലിൽ പ്രകാശിക്കുക! നസീറയോടു വേണ്ടവിധത്തിൽ യാത്രപറഞ്ഞു പിരിയുവാൻ സെലീമിനു സാധിച്ചിരുന്നില്ല. അതിൽവെച്ചു അദ്ദേഹത്തിനു വളരെ കുണ്ഠിതമുണ്ടായിരുന്നെങ്കിലും, യാത്ര പിറ്റേദിവസം രാവിലത്തേക്കു മാറ്റിവെച്ചിരുന്നു, സായാഹ്നസമയത്തിൽ യുവാക്കന്മാർ കൊട്ടാരത്തിൽ നിന്നു പുറത്തു പോകുന്നതു നിശ്ചയമായിരുന്നു. അതിനു മുമ്പു നസീറയെ ഒന്നുകൂടി കാണണമെന്നും അദ്ദേഹം ആഗ്രഹിച്ചു.

നസീറ കണ്ണുനീർ തുടച്ചുകൊണ്ടു മെല്ലെ ശയനത്തിൽനിന്നു എഴുന്നേറ്റു. തിരിച്ചു ലേഡിയുടെ സ്ഥാനത്തിനു നേരെ മുഖംകാണിച്ചു ചോദിക്കാനായി യാത്രയായി. അന്നേദിവസം ലേഡി സ്ഥാനത്തിന്നായി വളരെ നേരത്തെതന്നെ പോയിരുന്നു എന്നു അവൾ അറിഞ്ഞിരുന്നു. പക്ഷെ പതിവുപോലെ സോഫിയെ അവിടത്തെ തിക്കിലും തിരക്കിലും ഒന്നും കാണാതിരുന്നതുകൊണ്ടു നസീറക്ക് അല്പം വല്ലായ്മ ഉണ്ടായിരുന്നു. താൻ കാരണമായി സോഫിക്ക് ഇപ്രകാരമെല്ലാം പറ്റിയതല്ലയോ എന്നോ അവൾ വിചാരിച്ചപ്പോൾ തനിക്കു വളരെ ക്ലേശങ്ങൾ സംഭവിച്ചേക്കാമെന്നു അവൾ ശങ്കിക്കാതിരുന്നില്ല. എന്നാൽ ഇനി സോഫിയുടെ ഇന്നത്തെ സ്ഥിതിയെന്താണെന്നു നമുക്കു നോക്കാം.

അവൾ തനിക്കു പറ്റിയ സങ്കടത്തെപ്പറ്റി വിചാരിച്ചും തന്റെ ജീവിതത്തിൽ ഇന്നുവരെ താൻ അറിഞ്ഞിട്ടില്ലാത്ത ശകാരവചനം തനിക്കു ലഭിച്ചതിനെപ്പറ്റി പരിതപിച്ചും ഗൃഹത്തിൽതന്നെ ഇരുന്നിരുന്നു. അവളുടെ മുഖം നല്ലതുപോലെ വാടിയിരുന്നു. അവളുടെ ധൈൎയ്യവും ശകാരവുമെല്ലാം എവിടെയോ പോയി മറഞ്ഞു. ആ ബാലത്തിന്റെ മനസ്സിലെ ഗൎവ്വം, അഹങ്കാരവുമെല്ലാം ക്ഷണനേരം കൊണ്ടു അസ്തമിച്ചു. ഏകാന്തത്തിൽ പശ്ചാത്താപവും തനിക്കു കഠോരമായ അനുഭവങ്ങളിൽ ഉണ്ടായിരുന്ന തിരസ്കാരങ്ങളെല്ലാം

എവിടെയോ പോയി മറഞ്ഞു. ദേവിയുടെ അതൃപ്തിക്ക പാത്രമായാൽ അതു സെലിമിന്റെ പ്രീതിക്കുതന്നെ പാത്രമാക്കിക്കൊള്ളുമെന്ന വിചാരിക്കുവാൻ യാതൊരു ന്യായവും അവർ കണ്ടില്ല. കാമനവരെ ഒക്കെ ശകാരിക്കയും, ഇല്ലാത്ത അഭിമാനങ്ങളും വലിപ്പങ്ങളുമെല്ലാം വെച്ചു വാഴ്ത്തുകയും, ചെയ്തുകൊണ്ടിരുന്നതിന്റെ ഫലമെല്ലാം ഒററ നിമിഷത്തിൽതന്നെ താൻ അനുഭവിക്കേണ്ടിവരുമെന്ന ആ മൂഢ, ലേശവും ഓർത്തിരുന്നില്ല. ദേവിയോട് പകവീട്ടുന്നതിൽ യാതൊരു പഴിയും തനിക്കില്ലെന്നും, ദേവിയുടെ ഒററവാക്ക തന്റെ ജീവിതത്തെക്കൂടി ഭസ്മീകരിക്കുമെന്നും അവർ അറിഞ്ഞതിപ്പോഴാണ. താൻ എന്തു കളിവാക്കുകളൊക്കെയും പറഞ്ഞിരുന്ന ദേവി, കേവലം ഒരു മൂഢയാണെന്നോ, അതോ പ്രൗഢതമയായ അന്തഃസാരവിഹീനയാണെന്നോ ആ സാധു വിചാരിച്ചതിൽ കൂടുതൽ അന്യായം വേറെ ഉണ്ടോ? ദേവിയുടെ അധികാരവും ഔന്നത്യവും എത്രത്തോളമുണ്ടെന്നു അവർ ഓർത്തില്ല. ഇപ്പോൾ ഉടനെ അന്തഃപുരത്തിൽ കടക്കുന്നതിനുള്ള നിരോധനാജ്ഞകൂടി അവർ പാത്രമായികഴിഞ്ഞു. എന്തായാലും സെലിമുമായി കണ്ടുമുട്ടാതെ യാതൊരു അനുഭവത്തിനും സാദ്ധ്യമല്ലെന്നു വിചാരിച്ചു അവർ അങ്ങോട്ടു പോകുവാൻ തീർച്ചയാക്കി.

സ്വതവേതന്നെ സൌന്ദര്യം അപാരമായി പരിലസിക്കുന്ന ആ ഗംഭീരവതി, രാജകുമാരന്റെ മുമ്പിൽ അനുഗതയാകുന്ന സന്ദർഭങ്ങളിലെല്ലാം, എത്രയെല്ലാം കൃത്രിമതികകളാൽ, ശൃംഗാരപ്പെടുത്തി സൌന്ദര്യമാക്കുവാൻ കഴിയുമോ അതുവക സകല രീതികളും അനുപാകമെന്നിയെ അനുകരിക്കുക പതിവായിരുന്നു. അവളുടെ യൌവനത്തിന്റെ പകൽ എന്താണ്ടു കഴിയാറായതുപോലെ അവർക്കു തോന്നിയിരുന്നെങ്കിലും കൃത്രിമപ്രകാരം നിർമ്മിക്കുന്നതിനു വിദഗ്ദ്ധയായ ആ സ്ത്രീ മനസ്സിരുത്തിച്ചമച്ചതാൽ അതിൽ സെലിം കാണാത്ത ഒരു ന്യൂനതയും ഉണ്ടായിരുന്നതായി അവർ ഓർത്തില്ല. വയസ്സ് അധികമില്ലെങ്കിലും, താരുണ്യത്തെ, രതിയുടെ ബലിപീഠത്തിൽ വെച്ചുതന്നെ, സംഹരിക്കുന്നതിനു തയാറായിരുന്ന അവളുടെ അംഗങ്ങളിൽ വാർദ്ധക്യത്തിന്റെ ഛായ പതിയാതിരുന്നില്ല. താരുണ്യകാലത്തിൽ അവളെപ്പോലെ വിഷയസുഖമനുഭവിച്ചിട്ടുള്ള ഒരു സ്ത്രീയും പൌരാണികകാലത്തിലും, ആധുനികകാലത്തിലും, സ്വർഗ്ഗത്തിലും ഭൂമിയിലും വേറെ ഇല്ലെന്നുള്ളതു തീർച്ചതന്നെയാണ്. എന്നാൽ കൃത്രിമപ്രയോഗങ്ങളാൽ യൌവനാരംഭത്തിൽതന്നെ വന്ധ്യാത്വം സമ്പാദിച്ചിരുന്നു, അവളുടെ

സ്വരൂപം ഇന്നും ആകർഷണീയമായിരുന്നു. പ്രസവംകൊണ്ടോ, ദാ
രിദ്ര്യംകൊണ്ടോ, മനഃക്ലേശംകൊണ്ടോ, സ്ത്രീകളുടെ പ്രത്യേകം ഉള്ള
സൌന്ദര്യം കുറയുവാൻ മാർഗ്ഗമുണ്ടെങ്കിലും സോഫിയിൽ ആവക ദുരി
തങ്ങൾക്കെല്ലാം ഒന്നുംതന്നെ കടന്നിട്ടില്ല. അതുമൂലം അവളിൽ സൌന്ദ
ര്യലക്ഷ്മി കളിയാടിക്കൊണ്ടിരുന്നു. വിശേഷിച്ചും വേഷഭൂഷാദ്യാഡം
ബരങ്ങൾ വേണ്ടതുപോലെ അണിയുന്നതിനും, പ്രായാധിക്യം തോ
ന്നിക്കാതെയോ ശൈഥില്യത്തെ സ്പഷ്ടീകരിക്കാതെയോ ആയ അംഗങ്ങളെ
ചായത്തിൽ മുക്കിയോ മറ്റുവല്ല രീതിയിലുമോ ഇളതാക്കുവാനും അ
വൾ വൈദഗ്ദ്ധ്യത്തോടുകൂടിത്തന്നെ പഠിച്ചിട്ടുണ്ട്. തലമുടിയുടെ കു
റവ് തിരുപ്പൻകൊണ്ടും, നയനങ്ങളുടെ തേജോനാശം മഷികൊണ്ടും
അധരങ്ങളുടെ നഷ്ടപ്രായമായ ആരക്തിമ താംബൂലച്ചുവപ്പുകൊ
ണ്ടും, മുഖപ്രസന്നതയുടെ അഭാവം പുഞ്ചിരികൊണ്ടും, വീണുപോയ
കുചകുടങ്ങളെ ഇറുകിയ കഞ്ചുകംകൊണ്ടും, അവയുടെ യഥാർത്ഥ
സൌന്ദര്യത്തോടുകൂടി യഥാസ്ഥാനങ്ങളിൽ സ്ഥാപിക്കുന്നതിനു ഇന്ന
ത്തെ സ്ത്രീകൾക്കു സാധിക്കുമെങ്കിൽ, ഇതിൽ എത്രയോ വർദ്ധിച്ച കൃ
ത്രിമാഡംബരങ്ങൾകൊണ്ടു പുരുഷസ്പർശമേറ്റിട്ടില്ലാത്ത ഒരു സുകുമാരി
യുടെ വേഷംകെട്ടുന്നതിനു സോഫിക്കു യാതൊരു പ്രയാസവും ഉണ്ടാ
യിരുന്നില്ല. വിശേഷിച്ചും അവളുടെ തങ്കവർണ്ണം, അതിമനോഹരമായ
അവളുടെ മതിമോഹനങ്ങളിലൊന്നുംതന്നെ തേയ്മാനമേല്പിക്കാത്ത
വിധത്തിൽ, തൊട്ടുതേച്ചുകമാത്രം ചെയ്തിട്ടുള്ളതല്ലാതിരുന്നതിനാൽ,
ആകാരസൌഷ്ഠവത്തിനു അതു് ഇന്നും ഏറ്റവും പ്രയോജനകരമാ
യിഭവിച്ചു. സുഗന്ധതൈലങ്ങൾ തേച്ചു, പനിനീരിൽ മജ്ജനംചെയ്തു
വീണ്ടും അത്തർ, വില്ല എണിത്യാദി സൌരഭ്യസാധനങ്ങൾ പൂശി,
കചഭാരത്തെ പുറകിൽ കെട്ടിവെച്ചു, അതിനുപരി നീലനീരാളംകൊ
ണ്ടുള്ള മൂടുപടംധരിച്ചു, നീണ്ടിടംപെട്ട മൈക്കണ്ണുകൾ മിനുക്കി,
അപാംഗശസ്ത്രങ്ങളെ മൂർച്ചപ്പെടുത്തി, താംബൂലചർവ്വണംകൊണ്ടു
"ചോപ്പിച്ചിട്ടിച്ചു" അധരോഷ്ഠങ്ങളെ ഇടെക്കിടെ നാവിനാൽ നനച്ചു,
ഉയർന്നുകൊഴുത്ത കൈത്തണ്ടുകൾ "ഇസ്ലമട്ടിൽ" ഇരുഭാഗവും ഇറു
ക്കിയിട്ടു, ഇടക്കിടെ സാരിയുടെ തുമ്പിനെ പാറിപ്പറത്തിക്കൊണ്ടു,
പച്ചനിറമുള്ള കഞ്ചുകത്തിനുള്ളിൽ തിങ്ങി ഉത്തുംഗാവസ്ഥ ചേർന്നി
ട്ടുള്ള കുചകുംഭങ്ങളെ ഉറപ്പിച്ചു, നിർമ്മലവസ്ത്രങ്ങൾ ധരിച്ചു, ആടിച്ചു
കുണുങ്ങി, കൊഞ്ചിക്കുഴഞ്ഞു വിലസുന്ന സോഫിയെകണ്ടാൽ സെലിമ
ഷ്ടു സെലിമിനെപ്പോലെ നൂറുനൂറായിരം മഹിപചക്രവർത്തിമാർ അ
പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു തിരുമേനിയോടു താണുതൊഴു

വിനീതഭാവത്തെയും ദാസ്യപ്രകൃതിയെയും പ്രത്യക്ഷമാക്കാതിരിക്കയ
ല്ല!! അതാ! ഒരു നിമിഷംകൊണ്ടു അത്തരം ഒരു വേഷംകെട്ടി സോ
ഫി മെല്ലെമെല്ലെ, അവളുടെ ഗൃഹത്തിൽനിന്നും പുറത്തേക്കിറങ്ങി.
സെലിമിനെക്കൊണ്ടു് തനിക്ക ഏററവും ഗൌരവമേറിയ ഒരു സംഗ
തി സാധിക്കേണ്ടതിനാൽ, അതു് അവൾ തനിക്ക തന്നെ എത്ര
ത്തോളം മോടിപിടിപ്പിക്കുവാൻ കഴിയുമോ അതിൻെറ പരിധി വ്യക്ത
മാക്കിയിരുന്നു. ഇതുപോലെ ഒരു വിലാസവും അവൾ ചമഞ്ഞിട്ടില്ല; ഇതു
പോലെ ഒരു വിലാസവും അവൾ ആഭരണങ്ങൾ അണിഞ്ഞിട്ടില്ല; ഇ
തുപോലെ ഒരു വിലാസവും അവൾ "തയാറെടുത്തിട്ടില്ല;" ഹാ! മോഹ
നാംഗി! നിൻെറ പുഷ്പപ്രതിമയിൽ മുഗൾസാമ്രാജ്യമിതാ ഇപ്പോൾ
ആറാടുകല്ലോ! അല്ലയോ സുന്ദരി! നിൻെറ കണ്ണിണകളിൽ ഇതാ! മു
ഗൾസാമ്രാജ്യത്തിൻെറ ഭാവിഭാഗ്യങ്ങളെല്ലാം ഒരു മാത്രകൊണ്ടു അണ
യുകല്ലേ? എന്തിനധികം! നിൻെറ ഇന്ദ്രജാലം കണ്ടു് ജനസാമാന്യം
അണയുവാൻ സാധിക്കാത്ത കണ്ണുകൾ നിൻെറ നിതംബം കണ്ടെ
ങ്കിലും പുണ്യമടയട്ടെ! വിസ്തൃതവും മാംസപൂർണ്ണവും ആയ ഈ നിതം
ബമണ്ഡപത്തിൽ നമസ്കരിക്കാൻ പോകുന്നതാരാണോ? ഹാ! സൌന്ദ
ര്യമേ! കൃത്രിമസൌന്ദര്യമേ!! പൌരുഷത്തെ ബലികഴിക്കുവാനുള്ള ബ
ലിക്കല്ല് ആ നിതംബത്തിൽ സ്ഥാപിച്ച നിന്നെ ഞാൻ വെറുക്കുന്നു!..
അല്ല, ആ സ്രഷ്ടാവിനെ ഞാൻ ആരാധിക്കുന്നു! അതാ! ഭാവിചക്ര
വർത്തിയുടെ ശിരസ്സിനെ കുമ്പിടിവിക്കുവാനുള്ളപാദങ്ങൾകൊട്ടാരത്തി
നുള്ളിൽ കയറി മറഞ്ഞു കഴിഞ്ഞു. കൊട്ടാരത്തിനുള്ളിൽ കയറിയതി
നുശേഷം സോഫി പതുക്കെ പതുക്കെ നടന്നു അന്തഃപുരത്തിൻെറ പു
റകുവശത്തുകൂടി രാജകുമാരൻ വിശ്രമിക്കുന്ന മണിമന്ദിരത്തിലെത്തി.
ഷേവി അവിടെനിന്നും നമസ്കാരത്തിനായി നേരത്തെതന്നെ പോയി
യെന്നു അവൾ മനസ്സിലാക്കി കുമാരൻെറ മണിമന്ദിരത്തിൽ ചെന്നു.
അവൾ ആ വാതുക്കൽ മറഞ്ഞുനിന്നു. അദ്ദേഹം ഒരു സ്വപ്നമല
ത്തിൽ കഴിച്ചുകൂടുകയായിരുന്നു. അദ്ദേഹത്തെ ഈ സ്ഥിതിയിൽ ഇതിനു
മുൻപു സോഫി കണ്ടിട്ടില്ല. എങ്കിലും അല്പനേരം അവിടെ സംശയി
ച്ചുനിന്നതിനുശേഷം അവൾ ധൈര്യമവലംബിച്ചു അകത്തുപ്രവേ
ശിച്ചു. മണിമന്ദിരത്തിൽ കയറിയതിനുശേഷം അവൾ തുറന്നുകിടക്കു
ന്ന ജാലകങ്ങളിൽ തെക്കുള്ളതൊഴികെ ബാക്കിയുള്ളതെല്ലാം ഭദ്രമായി
അടച്ചു ബന്ധിച്ചു. ഈ ശബ്ദംകേട്ടു കുമാരൻ ഞെട്ടിയുണർന്നു. അ
പ്പോൾ തൻെറ മുൻപിൽ സർവ്വാംഗസുന്ദരിയായ ഒരു സ്ത്രീ നില്ക്കുന്നതു

പോലെതോന്നി "അവാക്കുട്ടി! നീ ഇതുവരെപ്പോയില്ലേ?" എന്നു ചോ
ദിച്ചു. ഉടൻതന്നെ പലതുകൊണ്ടും പരിഭ്രമചിത്തയായ സോഫി പറ
ഞ്ഞു:—"ഇതു ഞാനാണു! സോഫിതന്നെ." ഇതുകേട്ട കുമാരൻ അവ
ളോടു ജാലകങ്ങൾ തുറക്കുവാൻ ആജ്ഞാപിച്ചു. അവൾക്ക അതിനു തീ
രെ മനസ്സില്ലായിരുന്നു. എങ്കിലും ഒരു വിധത്തിൽ അവയിൽ ഒന്നര
ണ്ടു എണ്ണം തുറന്നു. സെലിം ഇപ്രകാരം ചോദിച്ചു. "നീ എവിടെ
പ്പോകുന്നോണു ഒരുങ്ങി ഇറങ്ങിയതു. ഇന്നു വേഷം മോടിയായിരിക്കുന്നു
വല്ലോ. ഇന്നു നീ എന്തുകൊണ്ടാണു പലഹാരങ്ങൾ കൊണ്ടുവരാ
തിരുന്നതു?"

ഇതുകേട്ടപ്പോൾ ധൈര്യം ഒന്നു കളഞ്ഞു മന്ദസ്മിതത്തോടുകൂടി
സോഫി ഇപ്രകാരം പറഞ്ഞു.

"അതെ ഇപ്പോൾ അവാക്കുട്ടികതിരല്ലോ. പിന്നെ ബാക്കിയു
ള്ളവക്ക പ്രായവും വലിച്ചുവല്ലോ. പഴയതു പകിട്ടെല്ലാം ഇപ്പോൾ
പോയി. സോഫിയെ ആർക്കുവേണം!" ഇത്രയും പറഞ്ഞു സോഫി മെ
ല്ലെ മെല്ലെ കരഞ്ഞുതുടങ്ങി. ഇതിനു മുൻപു സോഫിയെക്കണ്ടാൽ
ആ നിമിഷത്തിൽതന്നെ ഈവക സന്ദർഭങ്ങളിൽ കാണുന്ന മാതിരിയിൽ
തന്നെ, സെലിം അവളെ ചുംബിക്കയും മറ്റു കോലാഹലങ്ങളിലേക്ക
ഉദ്യുക്തയാക്കുകയും പതിവായിരുന്നു. എന്നാൽ ഇന്നാകട്ടെ അദ്ദേ
ഹം അചഞ്ചലനായിരിക്കുന്നതുകണ്ടു ആ ചഞ്ചലാക്ഷി തന്നോ അങ്ങോ
ട്ടടുത്തുതുടങ്ങി. സെലിം വീണ്ടും ഇപ്രകാരം ചോദിച്ചു:—

"നീ ഇപ്പോൾ വന്നതെന്തിനാണു വേഗം പറയുക."

സോഫി—എന്നെ ഇത്ര പെട്ടെന്നു വെറുത്തു കഴിഞ്ഞുവോ? ഞാൻ
വേണമെങ്കിൽ പൊയ്ക്കൊള്ളാം. ഇന്നു രേഖ എന്നെ കൊട്ടാര
ത്തിൽനിന്നും ബഹിഷ്കരിച്ചു." ഇത്രയും പറഞ്ഞപ്പോൾ അവൾ
പള്ളിക്കമഞ്ചത്തിന്റെ അടുക്കലേക്ക നടന്നു ചെന്നു. ഇതു കേട്ട
കുമാരൻ ചോദിച്ചു."എന്തിനാണു നിന്നെ ബഹിഷ്കരിച്ചതു. രേഖ
ക്ക ഭ്രാന്തുണ്ടോ? നീ വല്ല കുറവും ചെയ്തിരിക്കുമോ?"

സോഫി—ഞാൻ ഒരു കുറവും ചെയ്തില്ല. അവിടത്തെ മുഖം വാടി
യിരിക്കുന്നുവല്ലോ. ഞാൻ ഒന്നു വീശട്ടെ." എന്നു പറഞ്ഞു താലവൃ
ന്തവും കൈക്കലെടുത്തു അവൾ മഞ്ചത്തിൽ ഉപവേശിച്ചു. ഇ
ത്രയെല്ലാമായിട്ടും യാതൊരുവിധത്തിലും ഉട്ടു ചലിക്കാതെ സെ
ലിം അവിടെത്തന്നെ കിടക്കുന്നതുകണ്ടു അൽഭുതപ്പെട്ടു സോഫി

പതുക്കെ വീശിത്തുടങ്ങി. ഇതുകണ്ടു അവരുടെ ശ്രമത്തെ തടുത്തുകൊണ്ടു സെലിം പറഞ്ഞു.

"നീ ആയാസപ്പെടേണ്ട; ഇന്നു എനിക്കു അധികസമയം ചിലവഴിക്കാനില്ല. നിനക്കു പറയുവാനുള്ളതെല്ലാം വേഗം പറയുക. ഞാൻ പോകട്ടെ"

[illegible]

[illegible]

ഞാനോ! അവർ ഒരു കുളുർക്കിച്ചുപോലെ ... സംശയം ... കഴിഞ്ഞു. സോഫിയുടെ ഉദ്ദേശം സഹായമാകാനായിരിക്കുമെന്നറിഞ്ഞപ്പോൾ സെലിം തുടർന്നു.

"നീ എന്തിനാണ വന്നതെന്നു പറയുക. നിന്നെ ബാധിച്ചിരിക്കുന്നതിൽ ഞാൻ വേണ്ടതു നോക്കിക്കൊള്ളാം. നീ കരയാതെ വേഗം പോകണം. ഞാൻ ദേവിയെക്കണ്ടു പറഞ്ഞുകൊള്ളാം"

കുമാരൻ ഇത്രയും പറഞ്ഞപ്പോൾ കണ്ണീർ തുടച്ചുകൊണ്ടു സെലിമിന്റെ കവിൾത്തടത്തിൽ ഒന്നു ചുംബിക്കുവാൻ ആരംഭിച്ചു. ഉടൻതന്നെ മഞ്ചത്തിൽ നിന്നും എഴുന്നേറ്റു അദ്ദേഹം ഇപ്രകാരം പറഞ്ഞു.

"സോഫീ! നീ ഉപദ്രവിക്കരുതു. വേഗം പൊയ്ക്കൊള്ളുക, ഇന്നു എനിക്കു നിന്നോടു സംസാരിപ്പാനില്ല. നിന്റെ കാര്യങ്ങളെല്ലാം ഞാൻ ശരിയായി നിവൃത്തിച്ചുകൊള്ളാം." ഇത്രയും പറഞ്ഞതിനുശേഷം അദ്ദേഹം മണിയറയിൽനിന്നും പുറത്തേക്കിറങ്ങിപ്പോയി. ഉദ്ദേശം പത്തു സംവത്സരക്കാലമായി തന്നോടു ഇതുവരെ ഇണങ്ങി സഹവർത്തനങ്ങളെ ആചരിച്ചുവന്നിരുന്ന കുമാരന്റെ അടുക്കലേക്കുള്ള യാത്ര വിഫലമായതിൽനിന്നും അവർക്കുണ്ടായിരുന്ന കുണ്ഠിതം അവളെ വെട്ടിനിഗ്രഹിക്കുവാൻ അദ്ദേഹം തുനിഞ്ഞിരുന്നാൽ കൂടി അവർക്കുണ്ടാകുന്നതല്ലായിരുന്നു. ഇതെല്ലാം ഇന്നത്തെ കണിഫലം എന്നു വിചാരിച്ചും, നസീറയെ ഏറ്റവും ഉഗ്രമായ രീതിയിൽ ശപിച്ചും, ദീനവദനയായി, നിസ്തേജയായി, നിരുത്സാഹയായി, ശാന്തയായി, തപ്തഹൃദയയായി ആ നാഗപുരേശി, അവളുടെ അംഗങ്ങളേയും ആഭരണങ്ങളേയും, തിങ്ങി ഞെരടിക്കൊണ്ടും കഠിനമായി ശപിച്ചുകൊണ്ടും മണിയറയിൽനിന്നും നിരാശയോടുകൂടി പുറത്തിറങ്ങി തന്റെ അവളുടെ ഗൃഹത്തിലേക്ക യാത്രയായി. നിരാശയുടെ ഒരു ചിത്രംകൂടി സോഫിക്ക ഇന്നു പ്രത്യക്ഷപ്പെട്ടിരിക്കണം.

പതിനാറാം അദ്ധ്യായം

സ്നാനത്തിനായി നദീതീരത്തിലേക്കു പോയിരുന്ന അംബികാ ദേവി നദീറയുമൊന്നിച്ചു തിരിച്ചു അന്തഃപുരത്തിലെത്തി. അന്തഃപുരത്തിൽ സെലിം നില്ക്കുന്നുണ്ടായിരുന്നു. രാജകുമാരനെക്കണ്ടഉടൻ തന്നെ നദീറ അങ്ങോട്ടുപോകാതെ, ആരാമത്തിലേക്കുപോയി. ദേവി മണിയറയിൽ പ്രവേശിച്ചപ്പോൾ കുമാരനും അവിടെയെത്തി. സെലിം ഇപ്രകാരം ചോദിച്ചു:—

"ഇന്നു ദേവിയുടെ ഭാവമെല്ലാം മാറിയിരിക്കുന്നു. ഒരുപക്ഷേ ഞാൻ പോകുന്നതുകൊണ്ടായിരിക്കാം. ഇത്രമാത്രം സങ്കടമുണ്ടെങ്കിൽ ഞാൻപോകുന്നില്ലെന്നു തീരുമാനിക്കാം."

ദേവി—തിരുമേനി! അവിടുത്തെ വിയോഗം ഇപ്പോൾ അസഹനീയം തന്നെ. പക്ഷേ സ്വരാജ്യത്തെ പരിപാലിക്കേണ്ടതിലെ ഉത്തരവാദിയായ അവിടുന്നു കേവലം ഒരു സ്ത്രീയുടെ പ്രണയത്തെമാത്രം ഉദ്ദേശിച്ചു രാജ്യകാര്യങ്ങളെപ്പററി വിസ്മരിക്കുന്നതും, അനാദരിക്കുന്നതും ഉചിതമല്ല.

സെലിം—ശരിയാണ. പക്ഷേ ദേവി ഇന്നു ദുഃഖിതയായിട്ടാണല്ലോ ഇരിക്കുന്നതു! ഇന്നു അന്തഃപുരത്തിൽ വല്ല അനിഷ്ടസംഭവങ്ങളും ഉണ്ടായിരിക്കുമോ? ആരെങ്കിലും ധിക്കാരം പ്രവൎത്തിച്ചുവോ?

ദേവി—അന്തഃപുരത്തിൽ യാതൊരു അനിഷ്ടസംഭവവും ഉണ്ടായിട്ടില്ല. പക്ഷേ ഇന്നു സോഫിയെ ഞാൻ അല്പം ശാസിച്ചു അവളെ ഞാൻ ശകാരിച്ചു

സെലിം—ആകട്ടെ. സംഗതി എന്തായിരിക്കാമെന്നു പറയുന്നതിൽ വിരോധമുണ്ടോ?

ദേവി കുമാരൻെറ ചോദ്യം കേട്ടു, അവിടെ നടന്ന സംഭവങ്ങളെല്ലാം വിവരമായി ധരിപ്പിച്ചു. രാജകുമാരൻ സോഫിയുടെ ധാൎഷ്ട്യത്തെപ്പററി മനസ്സിലാക്കിയിരുന്നതെല്ലാം പരമാൎത്ഥമായിരുന്നു എന്നു മനസ്സിലാക്കുകയും ചെയ്തു. എന്നാൽ സോഫിയോട് ആന്തരമായിട്ടുണ്ടായിരുന്ന വേഴ്ച, അദ്ദേഹത്തിന് ഒരിക്കലും വിസ്മരിക്കാൻ കഴിഞ്ഞില്ല. ഇന്നുവരെ തൻെറ കാമസാമ്രാജ്യത്തിന് ഒരു വലിയ ഭാഗഭാക്കായിരുന്ന സോഫിയെ വീണ്ടും അന്തഃപുരത്തിൽ പ്രവേശിപ്പിക്കുന്നതിൽ അദ്ദേഹത്തിനു വളരെ താല്പൎയ്യമുണ്ടായിരുന്നു. എന്നാൽ ദേവിയുടെ ആജ്ഞയെയോ ആഗ്രഹത്തെയോ നശിപ്പിക്കുവാൻ, സെലി

മിന് ദേവിയോടുണ്ടായിരുന്ന പ്രേമത്തിനു് അറവെളിപ്പുമില്ല. ഇന്നേരത്തിലും സെലിം വിഷമിച്ചുനില്ക്കുമ്പോൾ ദേവി പറഞ്ഞു. 'അല്പം അവൾ ഒരു പാഠം പഠിക്കണമെന്നു മാത്രമേ എനിക്കു ആഗ്രഹമുള്ളൂ. അതിപ്പോൾതന്നെ കഴിഞ്ഞിരിക്കും. ഇനി, അവൾ അന്തഃപുരത്തിൽ വന്നുകൊള്ളട്ടെ. എനിക്കു് അതിൽ ലേശവും വിരോധമില്ല. ഞാൻ ഇപ്പോൾതന്നെ ആളയച്ചു് അവളെ വരുത്തിക്കൊള്ളാം.' ദേവിയുടെ വാക്കുകൾ കേട്ടു് സെലിം ഒന്നു പുഞ്ചിരിക്കൊള്ളുക മാത്രം ചെയ്തു. സോഫിക്കു് വീണ്ടും അന്തഃപുരത്തിൽ പ്രവേശം കിട്ടുമെന്നു മനസ്സിലാക്കിയപ്പോൾതന്നെ സെലിമിനു് ആശ്വാസമുണ്ടായി. കാര്യങ്ങൾ കഴിഞ്ഞതു്; കണ്ടില്ലെന്നു് വിചാരിക്കുന്ന മനഃസ്ഥിതി അദ്ദേഹത്തിനുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഹൃദയം കരുണാസ്സു് ആകാരമായിരുന്നുവെന്നു ദേവി നേരത്തെതന്നെ അറിഞ്ഞിട്ടുണ്ടു്. വിശേഷിച്ചും സോഫിയോടുള്ള സെലിമിന്റെ ചേഷ്ടയെപ്പറ്റി ദേവി അറിയാതിരുന്നിട്ടില്ല. എങ്കിലും അവളുടെ ധൈര്യ്യം ഒന്നു ഭഞ്ജിക്കണമെന്നു മാത്രമേ ദേവിക്കു് ആഗ്രഹമുണ്ടായിരുന്നുള്ളൂ. അതു തനിക്ക സാധിച്ചുവെന്നു ദേവി സമാധാനിക്കയും ചെയ്തു. സെലിം അവിടെനിന്നു പുറത്തിറങ്ങി ആരാമത്തിലേക്കു ചെന്നപ്പോൾ നളിനി അവിടെ ഉണ്ടായിരുന്ന മണ്ഡപത്തിൽ ഇരിക്കുന്നുണ്ടായിരുന്നു.

നേരം സന്ധ്യയായി. അന്നു പൌർണ്ണമിയായിരുന്നതിനാൽ ഭൂമിയും ആകാശവും ഒന്നുപോലെ പൊൻപ്രഭയിൽ ആറാടുവാൻ ആരംഭിക്കാനുള്ള ഒരുക്കിക്കൊണ്ടു നിൽക്കുന്ന ആകാശത്തിന്റെ പൂർവ്വദിഗന്തത്തിൽ ഒരു വെള്ളിത്തളിക ഉയർന്നുവന്നു. ആരാമവും പരിസരപ്രദേശങ്ങളും ഏറ്റവും രമ്യമായി ചമഞ്ഞുകഴിഞ്ഞു. അന്തിക്കു വിടരുന്ന കുസുമങ്ങളുടെ ശോഭ കാണേണ്ടതു ആ സന്ദർഭത്തിൽതന്നെയാണെന്നു സെലിമിനു തോന്നി. ദിവ്യമായ പ്രണയസങ്കേതമേ നിന്റെ ജന്മം സഫലമാണു്; ചാരിതാർത്ഥ്യജനകമാണു്; പുണ്യസമ്പൂർണ്ണമാണു്. പരസ്പരം അനുരാഗബദ്ധരായ യുവതീയുവാക്കന്മാരുടെ പ്രേമലത പടരുന്നതും തഴക്കുന്നതും പൂക്കുന്നതും കായ്ക്കുന്നതുമെല്ലാം പ്രകൃതിദേവിയുടെ ചൈതന്യം നിറഞ്ഞുവഴിയുന്ന ഇത്തരം പുണ്യപ്രദേശങ്ങളിൽവെച്ചാണെങ്കിൽ- ആ പ്രേമം കലുഷമാകുന്നതെങ്ങിനെ? അതു നശ്വരമാകുന്നതെങ്ങിനെ? പ്രകൃതിയെ സാക്ഷിയാക്കി ചെയ്യുന്ന പ്രവൃത്തികൾ യാതൊന്നും നശിക്കുന്നില്ല. പക്ഷേ അതിമഹത്തായ പ്രേമത്തിനു് ഈ ലോകത്തിൽ വല്ല സ്ഥാനവുമുണ്ടോ എ

ന്ന് മാത്രമേ സംശയിക്കേണ്ടതുള്ളൂ. കുമാരൻ തന്റെ അടുക്കലേക്ക വരുന്നതു കണ്ടു സലീം വളരെ വിനയത്തോടും വണക്കത്തോടും കൂടി ട്ടരെ മാറിനിന്നു. വണക്കത്തോടുകൂടി തൊഴുതുനില്ക്കുന്ന ബാലികയെ കണ്ടപ്പോൾ സലീമിന്റെ കരളും കണ്ണുകളും കണ്ണുകോണുകളും കത്തിച്ചാടിത്തുടങ്ങി. അദ്ദേഹം മെല്ലെ "അനാർക്കലി! അനാർക്കലി!" എന്നു രണ്ടു പ്രാവശ്യം വിളിച്ചു. അതിനുശേഷം സലീം തന്റെ ചുറ്റും ഒന്നു നോക്കി. അദ്ദേഹത്തിന്റെ പ്രത്യേകവിശ്രമങ്ങൾക്കായും, ചെറിയ ത്ത സന്ദർശനസല്ലാപങ്ങൾക്കായും വേണ്ടി നിർമ്മിക്കപ്പെട്ടിരുന്ന ആ അറയ്ക്കകത്തിൽ മറ്റാരുടെയും സാന്നിദ്ധ്യമോ പ്രവേശമോ ഉണ്ടായിരുന്നില്ല. ഒരുത്തന്റെ പ്രേമസന്ദേശവും ഒഴിപ്പെടുകയില്ല. അഥവാ അതില കണ്ടിട്ടില്ലെന്നതന്നേ പറയേണ്ടൂ. അദ്ദേഹം അനാർക്കലിയുടെ മന്ദഹാസം കേട്ട് അവളുടെ അടുക്കൽ ചെന്നു പറഞ്ഞുതുടങ്ങി. "ഓമനേ! നിന്റെ മന്ദസ്മിതം എന്നോ നീ എന്തിനാണ് കൊട്ടാരത്തിലെ ഉപചാരവാക്യങ്ങൾകൊണ്ടു മറപ്പിക്കുന്നതു? ഇപ്രകാരം അസന്തുഷ്ടനായി നീ വിചാരിക്കുന്നതു വലിയ കഷ്ടമാണ്."

നദീറ — തിരുമേനി! അവിടത്തെ സമ്മാനങ്ങളും സ്വൈരവും സന്തോഷത്തെ ഞാൻ പറയുക എങ്ങനെയാണ്. ഞാൻ ഒരു സാധാരണ സ്ത്രീയായതിന്റെ — അക്ബർ ചക്രവർത്തിയുടെ അരമനയിലെ ദാസിയാണ്. അല്ലയോ, ഞാൻതന്നെ എന്റെ നില എന്താണെന്ന് ഓർക്കേണ്ടതല്ലേ? അല്ലെങ്കിൽ വരാൻ പോകുന്നതിന്ന് ഞാൻ ഉത്തരവാദിയല്ലേ? മാത്രമല്ല ഇതിനെപ്പറ്റി വല്ലതും അറിഞ്ഞാൽ പിന്നെ എന്റെ ഗതി എന്തു ഭയങ്കരമാണെന്നു വിചാരിക്കാൻകൂടി സാദ്ധ്യമല്ല.

സലീം — ഓമനേ ഞാൻ കണ്ടിട്ടുള്ളതു് മറ്റുള്ള സ്ത്രീകളെപ്പോലെയാണെന്നു നീ ധരിക്കുന്നുണ്ടോ? സലീം ഒരു രാജ്ഞിയേയോ രാജപുത്രസ്ത്രീയേയോ യഥാർത്ഥമായി സ്നേഹിക്കുന്നില്ല. എന്നാൽ [illegible] സ്ത്രീ [illegible] എവിടെനിന്നെങ്കിലും വരുന്നവളോ ആയ [illegible] — ഒരു ഹൃദയമുള്ള [illegible] ഹൃദയത്തിനു ഇടമായവളായ സ്ത്രീയെ സലീം സ്വന്തമാക്കുന്നു, സ്നേഹിക്കുന്നു. അപ്രകാരമുള്ള ഒരു സ്ത്രീ ഈ ലോകത്തിൽ ഉണ്ടായിരിക്കുമെന്നു നീയുമായി പരിചയപ്പെടുന്നതുവരെ സലീം വിചാരിച്ചില്ല. എന്നാൽ ഇന്നിതാ എന്റെ സകലസൗഭാഗ്യങ്ങളും നിന്റെ പാദങ്ങളിൽ സമ

പ്പിച്ച് സെലിം യാചിക്കുന്നതു നീ എന്നെ ഉപേക്ഷിക്കാതെന്നു മാത്രമാണ്.”

സെലിം രാജകുമാരന്റെ ഈ വാക്കുകൾ കേട്ട് മോഹാന്ധയായിത്തീർന്ന നദീറ യാതൊന്നും ഉച്ചരിക്കാതെ അവിടെത്തന്നെ നിന്നു. തന്റെ വാക്കുകൾ അതിരുകടന്നവയാണെന്നു സെലിമിനു ബോധമുണ്ടായതു പിന്നീടാണ്. അത്തരം വാക്കുകൾ, ഇതേവരെ നിർമ്മലയായ ആ സാധ്വിയെ സന്തോഷിപ്പിക്കയില്ല, ദുഃഖിപ്പിക്കയേ ഉള്ളു എന്നു സെലിമിനു നേരത്തേതന്നെ മനസ്സിലാക്കുവാൻ വിഷമമുണ്ടായിരുന്നില്ല. എന്നാൽ സെലിമിന്റെ അന്ധതയാണ് ഇപ്രകാരം നദീറയെ മോഹിതയാക്കിയതെന്നു അറിവാനുള്ള സമാധാനചിത്തത അദ്ദേഹത്തിനു അപ്പോൾ ഉണ്ടായിരുന്നില്ല. നിസ്സഹായയായി നില്ക്കുന്ന നദീറയുടെ ഗാത്രം പൂർണ്ണചന്ദ്രന്റെ മന്ദഹാസത്താൽ ഷഡിരോമാഞ്ചനംകൊണ്ടു നിറഞ്ഞുകഴിഞ്ഞു; അവളുടെ സൌന്ദര്യം അതിന്റെ ഉൽകൃഷ്ടാവസ്ഥയെ പ്രാപിച്ചു. അദ്ദേഹം അടുത്തുചെന്നു അവളെ തന്റെ കൈകൾക്കുള്ളിൽ “കേറി” എടുത്തു. ആരാമത്തിൽനിന്നും ആ കനകലതയെ വഹിച്ചുകൊണ്ടു അദ്ദേഹം, അതിവേഗത്തിലായി തന്റെ സ്വന്തം മണിയറയിലേക്കു പോയി. അല്പനേരം കഴിഞ്ഞപ്പോൾ അവളുടെ ആലസ്യം തീർന്നു അവൾ നയനങ്ങൾ തുറന്നു. താൻ സെലിമിന്റെ അങ്കതലത്തിൽ ആനന്ദമനുഭവിക്കുകയാണെന്നു് അവൾ അറിഞ്ഞതു നിമിഷം മാത്രമാണ്. എങ്കിലും ഉടൻതന്നെ അന്തഃപുരത്തിൽ പോകേണ്ടതായ കാര്യങ്ങൾ ഓർമ്മിച്ചതുകൊണ്ടും, സമയത്തിന് അവിടെ ചെല്ലാതിരുന്നാൽ ദേവി വല്ലതും സംശയിച്ചെങ്കിലോ എന്നു ഭയപ്പെട്ടതുകൊണ്ടും അവൾ സെലിമിനോട് ഇപ്രകാരം പറഞ്ഞു.

“അന്തഃപുരത്തിൽ എന്നെ അന്വേഷിക്കുന്നുണ്ട്. സംശയമില്ല; ഞാൻ അങ്ങോട്ടു പോയിവരാം.”

സെലിം മനസ്സില്ലാമനസ്സോടെ അവളെ യാത്രയാക്കി. നദീറ നിരുന്മേഷയായി അന്തഃപുരത്തിൽ ചെന്നു. അന്തഃപുരത്തിന്റെ പുറംവശത്തു സോഫി നില്ക്കുന്നുണ്ടായിരുന്നു. സോഫി, നദീറയെ കണ്ട ഭാവംകൂടി നടിച്ചില്ല എങ്കിലും നദീറ ഇപ്രകാരം ചോദിച്ചു:- “ഇന്നു വല്ലാതെയിരിക്കുന്നുവല്ലോ, അന്തഃപുരത്തിലൊന്നും ആരെയും കണ്ടില്ല.” ഇതു കേട്ട് സോഫി ഒന്നു ചിരിച്ചുകൊണ്ടു പറഞ്ഞു: “അയ്യോ! ഇവളോടൊന്നു മിണ്ടാനെങ്കിലും ധൈര്യമില്ല. ദേവി

ആജ്ഞയച്ചിട്ട ഞാൻ വന്നതാണ്. നീ അകത്തേക്ക പോകുന്നുണ്ടെങ്കിൽ ഞാൻ കാത്തുനില്ക്കുന്നു എന്ന വിവരം അറിയിക്കാമോ?"

നളിന—അതിനെന്താണ് വിരോധം! ഞാൻ ഇപ്പോൾതന്നെ ഈ വിവരം അവിടെ അറിയിക്കാം. അക്കത്തു ദേവി ഇന്നെന്താണു കലഹിച്ചിരിക്കുന്നത്?

സോഫി—എന്തുചെയ്യാം! പറയുന്നിടത്തെല്ലാം നായയെപ്പോലെ ഓടണം; കല്പിക്കുന്നതെല്ലാം ചെയ്യുകയും വേണം. ഭർത്താക്കന്മാരെ സ്നേഹിച്ചാൽ ഫലം കഷ്ടകാലമാണ്. പിന്നെ എന്തുചെയ്യാം!"

സോഫിയുടെ ഈ വാക്കുകൾ കേൾക്കുന്നതിനു നളിന ലേശവും ആഗ്രഹിച്ചിരുന്നില്ല. എങ്കിലും "ഞാൻ വിവരം അറിയിക്കാം" എന്നു പറഞ്ഞ് അവൾ അന്തഃപുരത്തിൽ പ്രവേശിച്ചു. നളിന അവിടെ ചെല്ലുമ്പോൾ ദേവി ശയനത്തിൽ ഇരിപ്പായിരുന്നു. നളിനയെ കണ്ട ഉടൻ ദേവി ചോദിച്ചു:—

"നളിനേ! ഞാൻ സോഫി ഇവിടെ വരുവാൻ ആജ്ഞയച്ചിട്ടുണ്ടായിരുന്നു. അവളെ വിളിച്ചു കൊണ്ടുവന്നുവോ എന്ന് അന്വേഷിക്കുക."

നളിന—പുറത്തു നില്പുണ്ട്. ആജ്ഞയില്ലാത്തതുകൊണ്ട് അവിടെ കാത്തുനില്ക്കുന്നു.

ദേവി—അക്കത്തു അവളെ ഉടൻ കടത്തിവിടുവാൻ കാവല്ക്കാരോടു പറയുക.

നളിന കല്പനപോലെ, പുറത്തുവന്നു സോഫിയോടു വിവരം പറഞ്ഞു. അവർ രണ്ടുപേരുംകൂടി ഒരുമിച്ച് അന്തഃപുരത്തിൽ പ്രവേശിച്ചു. ദേവിയെക്കണ്ടമാത്രയിൽതന്നെ സോഫി തന്റെ "മായാവേഷം" അഴിച്ചു. ദേവിയാകട്ടെ സോഫിയുടെ സങ്കടഭാവം കണ്ടു, പരിഹസിച്ചും പശ്ചാത്തപിച്ചും ഇപ്രകാരമരുളി. "നിന്റെ ശിക്ഷകളെപ്പറ്റി നിനക്കു കുറ്റം ഇവിടെയുണ്ട്. നിന്റെ [illegible] വന്നമാതിരി പറയാൻ പാടില്ലാത്തതാണ് ഇതിന്റെ കാരണം. എന്തുചെയ്യാം! ഏതായാലും ഇതാ നാം നിനക്ക് കല്പന [illegible] വേണ്ട [illegible] ചെയ്യുക."

ദേവിയുടെ അനുകമ്പാസമ്പൂർണ്ണമായ വാക്കുകൾ കേട്ട് സന്തുഷ്ടയായ സോഫി വിനയഭാവത്തോടുകൂടി തുടർന്നു:—

"തിരുമേനി! അടിയന്റെ സകല അപരാധങ്ങളും ക്ഷമിക്കണേ! അറിവില്ലാതെ അടിയൻ വല്ലതും പറയുകയോ പ്രവർത്തിക്കയോ ചെയ്തിട്ടുണ്ടെങ്കിൽ അതെല്ലാം ക്ഷമിക്കണേ!" സോഫിയുടെ വിനീതസ്വരത്തിലുള്ള അഭ്യർത്ഥന കേട്ട് അനുകമ്പാലുവായ ദേവി അവളെ തലോടിക്കൊണ്ട് ആശ്വസിപ്പിച്ചു.

"കുട്ടീ, നീ പോയി ജോലികൾ മുറയ്ക്കു നിർവഹിക്കണം. നിന്നോട് എനിക്ക് യാതൊരു അപ്രീതിയുമില്ല." ദേവിയുടെ സാന്ത്വനവചനങ്ങൾ കേട്ടപ്പോൾ തന്റെ മോഹങ്ങൾ വീണ്ടും ഉദ്യമത്തിലായെന്നും, നദീറയെ പാഠം പഠിപ്പിക്കുവാനുള്ള സമയം ഇനിക്ക നഷ്ടമായിട്ടില്ലെന്നും സമാധാനിച്ചുകൊണ്ട് അവൾ അന്തഃപുരത്തിൽനിന്നും ഭോജനശാലയിലേക്ക് പോയി. അന്നേദിവസം ഭോജനശാലയിലുള്ള പാചകന്മാർ സോഫിയുടെ പ്രാഭവപ്രദർശനം ഇല്ലാത്തതു വളരെ സന്തോഷമായി കരുതിയിരിക്കുമ്പോഴാണ് അവൾ അവിടെ കടന്നുചെന്നത്.

ഭോജനശാലയിലെ പാചകന്മാരിൽ പ്രധാനിയായിരുന്ന ഒരുവൻ അവിടെ ഉണ്ടായിരുന്നവരിൽവെച്ച് ഏറ്റവും ഭയങ്കരരൂപിയായിരുന്നു. അയാളെപ്പറ്റി കേട്ടിട്ടില്ലാത്തവർ അക്ബറുടെ സാമ്രാജ്യത്തിൽ ആരുംതന്നെ ഉണ്ടായിരുന്നില്ല. അയാളെപ്പറ്റി ചക്രവർത്തിക്കുതന്നെയും വളരെ കാര്യമായിരുന്നു. അനേകദിവസങ്ങളായി, പനിനിമിത്തം, കൊട്ടാരത്തിൽനിന്നും അവധി എടുത്തു പുറത്തു താമസിച്ചിരുന്ന ആ ഉദരംഭരിയും അന്ന് അവിടെ ഉണ്ടായിരുന്നു. സോഫി, തന്റെ ജീവിതത്തിൽ നടിക്ക വെല്ലുവാൻ കഴിയാത്ത ഏതെങ്കിലും ഒരുവനെ കണ്ടിട്ടുണ്ടെങ്കിൽ അതു് ഈ വിദ്വാനല്ലാതെ മറ്റാരുമായിരുന്നില്ല. അയാളുടെ വർത്തമാനം സോഫിയെ വളരെ അസഹ്യപ്പെടുത്തിയിരുന്നു. എന്നാൽ തന്റെ കോപംകൊണ്ടോ, സൗന്ദര്യപ്രദർശനംകൊണ്ടോ, മന്ദഹസിതംകൊണ്ടോ, കാമചാപല്യംകൊണ്ടോ, ഒന്നുംതന്നെ അയാളെ വശീകരിക്കുവാനോ, തോല്പിക്കുവാനോ സോഫിക്ക് കഴിഞ്ഞിരുന്നില്ല. അയാളെപ്പറ്റി പറയുവാനോ വിമർശിക്കുവാനോ ഒരാൾ ഇനിയൊരുങ്ങുന്നപക്ഷം ആദ്യംതന്നെ പറയേണ്ടതു നമ്മുടെ പാചകശാലക്കാരൻ ഒരു ഷണ്ഡനായിരുന്നുവെന്നാണ്. ഷണ്ഡന്മാരെ അന്തഃപുരത്തിൽ താമസിപ്പിക്കാറുള്ളതു ഇന്നും മഹമ്മദീയരാജ്യങ്ങളിൽ നടപ്പിലിരിക്കുന്ന ഒരു പതിവാകയാൽ അയാളുടെ ഈ അധികാരമൊക്കെ ന്യായമായവ ഉണ്ടായിട്ടുള്ളതായിരുന്നു. എന്നാൽ ഇതിൽ മറ്റൊരു വിശേഷമുണ്ട്.

അയാളുടെ ഭാഗ്യം ഹിമാലയപർവ്വതപംക്തികളുടെ അടുക്കലു ള്ള [illegible] ഇത്തരത്ത ജനസംസർഗ്ഗം തെളി ഞ്ഞിരുന്നത്. അയാളുടെ ചെറുപ്പകാലത്ത് അയാൾക്കുണ്ടായിരുന്ന സാമർത്ഥ്യം ഇന്ന് ആ ചിലർക്ക് അറിയുന്നതാണെന്നു ഒരു വൃത്ത മാന [illegible] പറഞ്ഞിട്ടുണ്ട്. ഏതായാലും ഇവർ തമ്മിൽ സാമ്യ മുതൽ അയാൾ പ്രസിദ്ധനാണ്. "പ്രചണ്ഡകണ്ഠീരവൻ" എ ന്ന ഒരു നാമം ഇന്ത കൊട്ടാരത്തിൽ അറിയുന്നവർ ചുരുക്കം ഇല്ലെങ്കി ലും "കണ്ഠീരവപാലി" എന്ന അപരനാമം എല്ലാവർക്കും അറിയാം. ഈ നാമം അക്ബർ ചക്രവർത്തി കൊടുത്തിട്ടുള്ളതാണ്. കണ്ഠീര വൻ എന്ന നാമം അധികം ചേർച്ച ഉള്ളതുകൊണ്ട് നാട്ടുകാർ പ്രചണ്ഡനായ പ്രചണ്ഡകണ്ഠീരവൻ, അതു അധികം കീർത്തികരമാണെന്ന ഭാവമായി വിചാരിച്ചു. എന്നാൽ ഇദ്ദേഹം പ്രചണ്ഡനായിത്തീർന്നതി നെപ്പറ്റി ഒരു കഥ അവിടെ പറഞ്ഞിട്ടുണ്ട്. കണ്ഠീരവൻ ജനനാത ഒരു പ്രചണ്ഡനല്ലായിരുന്നു. അയാൾക്ക് ഉദ്ദേശം പതിനാറു വയസ്സ് പ്രായമായപ്പോൾ വീട്ടിൽനിന്നും പുറപ്പെട്ട് കാശിയിലെത്തി. അ വിടെ ഒരു ബ്രാഹ്മണന്റെ വീട്ടിൽ അയാൾ ഭൃത്യവേല ചെയ്തിരുന്നു. എ ന്നാൽ ഗൃഹനായികയുടെ സൗന്ദര്യം കണ്ഠീരവന് തീരെ സ ഹിക്കുവാൻ പ്രാപ്തിയുണ്ടായിരുന്നില്ല. പരസ്ത്രീസ്പർശനം പാതകമാ ണെന്നുള്ള സമ്പ്രദായമാണെന്ന്, ഹിന്ദുക്കളുടെ ഇടയിലെ [illegible] ങ്ങളായ രാമായണം, ഭാരതം, ഭാഗവതം, ശ്രീകൃഷ്ണൻ എന്നി വരുടെ ദേവന്മാരുടെ അപദാനങ്ങളെപ്പറ്റി കേട്ടിട്ടില്ലാത്ത അവരിൽ ഭക്തിവിശ്വാസമുണ്ടായിരുന്ന കണ്ഠീരവൻ അവരെ അനുകരിച്ചു യാ തൊരുമടിയുംകൂടാതെ തിരുമാനിച്ചുറയ്ക്കുകയും, അവരെപ്പോലെ സാധി ച്ചില്ലെങ്കിലും, കഴിയുന്നത്ര ശ്രമിക്കണമെന്നുനിശ്ചയിച്ചുറപ്പിക്കുകയും ചെ യ്യുകയാൽ ഒരു ദിവസം അയാൾ ഗൃഹനായികയോട് തന്റെ കാമചാപല്യം അ ല്പാല്പമായി വെളിപ്പെടുത്തുവാൻ ആരംഭിച്ചു. ആരാത്രി ഗൃഹനായിക ശയിക്കുന്ന മുറിയിൽ, കണ്ഠീരവൻ ശബ്ദംകൂടാതെ കയറിച്ചെന്നു. ഉറ ങ്ങിക്കിടന്ന സ്ത്രീയെ സ്പർശിക്കവേ, ഭയവിഹ്വലയായ ആ സ്ത്രീ ഉറക്കെ നിലവിളിക്കുന്നതു കേട്ട് വേറെ ഒരു മുറിയിൽ ശയിച്ചിരുന്ന ഗൃഹനാ യകൻ അവരുടെ അടുക്കൽ ചെന്നു. കണ്ഠീരവൻ അവിടെനിന്നും ഓടി രക്ഷപ്പെടുവാൻ ശ്രമിച്ചുവെങ്കിലും സാധ്യമാകാതെ, ഒ രു ഭൃത്യന്മാരുടെ പിടിയിൽ അകപ്പെട്ടു. കോപിഷ്ഠനായ ഗൃഹനാ യകൻ അയാളെ ഹിംസിക്കുവാൻ ആജ്ഞാപിക്കാതിരുന്നില്ല പക്ഷേ. അ

യാളെ ഈവക നിസ്സാര ജോലികൾ ഏല്പിച്ചിട്ട് "[illegible]" ബ
ലിമേരലിക്കുവാൻ ആജ്ഞാപിച്ചു. ഭൃത്യന്മാർ യാതൊരു മടിയും കൂടാ
തെ അപ്രകാരം ചെയ്തു. എന്നാൽ ഈ കൃത്യം നടന്നതായി അറി
ഞ്ഞ ഗൃഹനായകൻ പശ്ചാത്തപിച്ച് അയാളെ ശുശ്രൂഷിച്ച് കൂടു
തൽ രോഗത്തിന് ഇടയാകാതെ രക്ഷിച്ചു. രോഗം ഭേദമായപ്പോൾ
അയാൾ യാത്രപറഞ്ഞു പിരിയുകയും ചെയ്തു.

അക്കാലത്താണ് അക്ബർ രാജപുത്രന്മാരെ തോല്പിക്കാനായി
സേനകളുമൊരുമിച്ച് വിന്ധ്യപർവ്വതത്തിന്റെ സമീപപ്രദേശങ്ങളിൽ
പാളയമടിച്ച് പാർത്തിരുന്നത്. നിരാശ്രയനായിത്തീർന്ന കജോണ്ഡൻ
ബ്രാഹ്മണകുലത്തിൽ ജനിച്ചവനാണെങ്കിലും, മഹമ്മദ്മതം സ്വീകരി
ച്ച് അക്ബറുടെ സേനയിൽ ചേർന്നു. മഹമ്മദനായിത്തീർന്നെങ്കിലും,
അയാളുടെ പഴയ പേര് മാത്രമേ തനിക്കാവശ്യമുള്ളുവെന്നു തീർച്ച
പ്പെടുത്തിയിരുന്നതിനാൽ യാതൊരു പുതിയ നാമവും സ്വീകരിച്ചി
ല്ല. കജോണ്ഡൻ ബുദ്ധിമാനാണെന്ന് അറിഞ്ഞ ഉടനെതന്നെ ചക്ര
വർത്തി അയാളെ അന്തഃപുരത്തിൽ ഭൃത്യനായി നിയമിച്ചു. ജോലി
കളിൽ വളരെ സാമർത്ഥ്യമുണ്ടായിരുന്നതുകൊണ്ടും, വളരെ ഭക്ഷണ
പ്രിയനായിരുന്നതുകൊണ്ടും, കജോണ്ഡനെ ചക്രവർത്തി "[illegible]
"നാക്കി പാചകശാലയിൽ ചാരിപ്പുകാരനായി നിയമിച്ചു. ഇതാ! ഇ
ന്നും അതേ ഉദ്യോഗത്തിൽതന്നെയാണ് ഇദ്ദേഹം വിജയിക്കുന്നത്.
ഇപ്രകാരം ഒരു ജാതി, ഒരു വംശം, ഒരു മതം, ഒരു പേര്, ഒ
ന്നുംകെട്ട ലക്ഷണം എന്നിത്യാദി [illegible] ജീവിക്കുന്ന
കജോണ്ഡൻ ഒരു അത്ഭുതസൃഷ്ടിയായിരുന്നു. ഉദ്ദേശം നാല്പതു വ
യസ്സു പ്രായമുള്ള ഈ മനുഷ്യന്റെ തലയുടെ കേന്ദ്രസ്ഥാനത്തു, ക
ണ്ണുകളിലൊക്കെ കാടുപോലെ കറുത്ത കറുത്ത രോമങ്ങൾ പടർന്നുപി
ടിച്ചിട്ടുണ്ട്. അതിനുള്ളിൽ സ്വച്ഛന്ദമായ ചില പ്രാണികൾ സ്വൈ
രമായി വസിച്ചിരുന്നുവെന്ന്, അയാളുടെ [illegible] പ്രവാഹങ്ങളും
തല ഉടക്കുന്ന രീതിയിൽ ഒരു കൈകൾകൊണ്ടും മാന്തിപ്പൊളിക്കു
ന്നതു കാണുമ്പോൾ, ആർക്കും ഊഹിക്കുവാൻ കഴിയും. ശിരസ്സിൽ
രോമം കുറവായിരുന്നെങ്കിലും, പുരികവും ശരീരസ്ഥലങ്ങളും ഇരുമ്പു
കമ്പികൾപോലെയുള്ള രോമങ്ങളാൽ ആവൃതമായിരുന്നു. തടിച്ചു വി
സ്താരമുള്ള ചെവികളും, കണ്ണിന്റെ ആകൃതിയിലുള്ള കണ്ണുകളും,
[illegible] പുറത്തേക്ക് [illegible] നില്ക്കുന്ന പല്ലുകളുടെ [illegible]
[illegible] തടിച്ച്, ചില സ്ഥലങ്ങളിൽ [illegible]

ണ്ടുകളെ കണ്ണിമവരെ ചുററും, പക്ഷിതൈലക്കഷണംപോലെയുള്ള മറ്റുമുടവും, തടിച്ചു കൊഴുത്തു് അനേകം മടക്കുകളുള്ള കഴുത്തും, ഉരുണ്ടു തടിച്ചു കൈകളും ആ വിശേഷമനുഷ്യന്റെ ഭയങ്കരാകൃതിയെ മോടിപിടിപ്പിച്ചു. ഉദ്ദേശം 6 അടിയിൽ കുറയാത്ത പൊക്കവും, പത്തടിയിൽ കുറയാത്ത ചുററളവും, ഉള്ള ഉടൽ ആ രൂപിയുടെ വിരൂപതയും ആകൃതിയുടെ വികൃതിയും പ്രസ്പഷ്ടമാക്കി. അയാളുടെ ദന്തനിരയിൽ ഏറിയ കൂറും അതിരുകടന്നവയും, അവയെല്ലാംതന്നെ വെള്ളത്തിൽ കിടക്കുന്ന പുളിങ്കുരുപോലെയുള്ളവയും ആയിരുന്നു. ജീവനുള്ളതായിരുന്ന ആ തടി ഏതാണ്ടു് തടിച്ചുകൊഴുത്തു് ഇരുന്നു് ഉരുണ്ട ഒരു വസ്തു മാത്രമായിരുന്നു. ഏതാണ്ടു് പാതാളലോകത്തിലെ പാതകവേഷംപൂണ്ട ഒരു പരമേശ്വരസ്വാമി പാചകശാലാപാലനം ചെയ്തുവന്നു. അന്തഃപുരത്തിലെ ദാസിമാർ അയാളെ കാണുമ്പോൾ, ശബ്ദഘോഷം കേട്ട മയിൽപേടകൾപോലെ, തീവണ്ടിയുടെ ഘോരധ്വനി കേൾക്കുമ്പോൾ പശുക്കിടാവുപോലെ ഭയപ്പെട്ടു വിരണ്ടു. എന്നാൽ പരമേശ്വരസ്വാമിയാകട്ടെ ആരെയും ദ്വേഷിക്കുന്നതിലും, ചീത്തപറയുന്നതിലും ഉദാസീനത ഭാവിച്ചിരുന്നില്ല. കൊട്ടാരങ്ങളിലെ ആവശ്യത്തിനുള്ള ഭക്ഷണപദാർത്ഥങ്ങളെല്ലാം വെടിപ്പായും രുചിയായും തയാറാക്കുന്നതിൽ പാചകസ്വാമിക്കു വളരെ നിഷ്കർഷയുണ്ടായിരുന്നെങ്കിലും, അവിടെയുണ്ടായിരുന്ന മററാളുകൾക്കു ഭക്ഷണം കൊടുക്കുന്നതിൽ സ്വാമി പല കടുംകൈയും പ്രവർത്തിക്കാതിരുന്നിട്ടില്ല. പരിചാരികമാർ ഭോജനശാലയിൽ ചെല്ലുമ്പോൾതന്നെ സ്വാമി കയർത്തുതുടങ്ങും. നല്ലനല്ല ഭക്ഷണസാധനങ്ങളിൽ കാണാതിരിക്കെ, കിഴിയാത്ത എന്തിത്യാദി കൈപ്പുസാധനവും കൂട്ടി ചോറല്ലാതെ സ്വാമി പരിചാരികമാർക്കു കൊടുക്കുക പതിവില്ല. ചക്രവർത്തിയുടെയും, സ്വാമിക്കു സ്നേഹവും ഭയവും ഉള്ള പരിചാരകരുടേയും, സ്വാമിയുടേയും, ഭക്ഷണം കഴിഞ്ഞാൽ ഉടനെ, ആവക ഭക്ഷണസാമഗ്രികളെല്ലാം ഏതെല്ലാം രീതിയിൽ വൃത്തിഹീനങ്ങളാക്കുവാൻ കഴിയുമോ, അപ്രകാരമെല്ലാം, സ്വാമി യാതൊരു കൂസലും കൂടാതെ പ്രവർത്തിച്ചുവന്നു. എന്നാൽ ഇവയെപ്പററി കമാ എന്നു പറയുന്നതിനോ മററാ ആരെങ്കിലും ഇതിനെത്താൽ പിന്നെ ഭോജനശാലയിലെ പ്രീതിയും തീർന്നു. സ്വാമിയുടെ സ്ഥാനത്തിന്റെ ശേഷം അമരസിംഹനു് ജീവിക്കാൻ സാധിച്ചിരുന്നെങ്കിൽ താഴെ കാണുന്ന പദ്യങ്ങൾകൂടി അമരകോശത്തിൽ സ്വാമിയുടെ നാമധേയങ്ങളായി പരിലസിക്കുമായിരുന്നു. എങ്കിലും ഈ നാമങ്ങളിലൊന്നെങ്കിലും അനുപയോഗിച്ചാൽ

സ്വാമിയുടെ ശരിയായ സ്വഭാവത്തിന്റെ ഒരു ഭാഗം പ്രത്യക്ഷപ്പെടുന്നതാണ്. അമരകോശത്തിൽ ചേർക്കേണ്ടതായിട്ടുള്ള ഭാഗം ഇതാണ്.

കുംഭോദരോ മഹാഷണ്ഡഃ കുംഭോദണ്ഡോ മഹാസാധുഃ
മഹോദരോ മഹാപാപീ സ്ത്രീലിപ്സുഃ പാചകപ്രിയഃ

ഈ ശ്ലോകം അമരത്തിൽ ചേർക്കുവാൻ ആചാര്യന്മാർ മടിക്കുന്നുണ്ടെങ്കിൽ അതുകൊണ്ട് കുംഭോദരന്ന് യാതൊരു ദോഷവും വരുവാനില്ലെന്ന് അയാൾ തീർച്ചയായി സമ്മതിക്കാതെയിരിക്കയില്ല.

ഇപ്രകാരമുള്ള ഈ ഭയങ്കരസ്വാമി വല്ല വിധത്തിലും കൊട്ടാരത്തിൽ നിന്നു പോയാൽ മതിയെന്നു ദേവകി സർവ്വദേവന്മാരെ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴാണു കുംഭോദരൻ പാറി വന്നത്. ഉദ്ദേശം മൂന്നിടങ്ങഴിപ്പാലും, ഇടങ്ങഴി നെയ്യും ചെലവുചെയ്യാതെ കുംഭോദരസ്വാമി ഭൃത്യന്മാരെ അനുഭവിപ്പിക്കപതിവില്ല. ഒരു ദിവസം സ്വാമി ഈ വക ഭക്ഷ്യസാധനങ്ങൾ നിവൃത്തിയില്ലാതെ ഛർദ്ദിക്കയും അതു പനിക്കു കാരണമാവുകയും ചെയ്തു. പനി ബാധിച്ചതോടുകൂടി സ്വാമി ഭക്ഷണശാലയിൽ നിന്നു മാറിത്താമസിച്ചു. ഈ വിവരം അറിഞ്ഞു ദേവകി വളരെ സന്തോഷിച്ചു. "ഈ നാശത്തിനെ കെട്ടിയിടണേ! സർവ്വേശ്വരാ!" എന്നു മുടങ്ങാതെ അവൾ പ്രാർത്ഥിക്കയും ചെയ്തിരുന്നു. പക്ഷെ എന്തു ഫലം! അന്നു ദേവകി ഭക്ഷണശാലയിൽ ചെന്നപ്പോൾ ആദ്യമായി കണ്ടതു കുംഭോദരസ്വാമിയെയായിരുന്നു. സ്വാമിയെ കണ്ട ഉടൻ തന്നെ അസാമാന്യബുദ്ധിയായ ദേവകി വല്ലാതെ പരിഭ്രമിച്ചുവെങ്കിലും അവൾ ഒന്നു പുഞ്ചിരിക്കൊണ്ടു. തത്സമയം സ്വാമി വക്രദൃഷ്ടിയോടെ ഇങ്ങനെ ജല്പിച്ചു തുടങ്ങി. "ഹ്രീം. ക്ലീം. ക്രീം." നിരർത്ഥകമായ വിധത്തിൽ പലതരം ശബ്ദങ്ങൾ തമ്മിൽ യോജിപ്പിച്ചു വലിയ തോക്കിന്റെ ഉള്ളിൽനിന്നു ഉണ്ടപോലെ ഉന്തിത്തള്ളി പുറത്തേക്കുവിട്ടു ഈ ശബ്ദകോലാഹലത്തിൽ ഒരു സന്ധി വിട്ടു അവിടെ നിന്നു. അവൾ ഇപ്രകാരം പറഞ്ഞു:—

"സ്വാമി! ഇത്രയും നാൾ എവിടെയായിരുന്നു?" ദേവകിയുടെ ഈ വാക്കുകൾ കേട്ടു തന്റെ വലത്തു കാലിന്റെ പെരുവിരൽ ഉയർത്തി ഒന്നു കുത്തി; വലത്തു കൈയ്യിന്റെ ചൂണ്ടാണിവിരൽ ചൂണ്ടി അവളോടു ഉത്തരം പറഞ്ഞു.

"ക്ലീം! ഹ്രീം! എന്തിനാണു കൊല്ലുവാനെ? എഴുന്നള്ളിയല്ലോ?

അശ്രീകരങ്ങളായവടി ഉമേ! ഹ്രീം! കലേ! ചാമുണ്ഡി! ഭദ്രേ! കാളീ! സ്വാ ഹാ! ഫട്. ഠ. ഠ. ഠ." ഇപ്രകാരം തന്നെ മന്ത്രിക്കുന്നതു് ഇന്നാട്ടുകാരനായിട്ടല്ലെന്നു നിശ്ചയമുണ്ടായിരുന്ന സോഫി ഇതിനൊന്നും പറയാതെ ഭോജനശാലയിലെ രണ്ടാമത്തെ മുറിയിൽ പ്രവേശിച്ചു. അവിടെ ഒരു പാത്രത്തിൽ കുറെ പാൽ പകൎന്നു വെച്ചിരുന്നതു കണ്ടു് അതിൽ നിന്നു കുറെ കുടിച്ചാൽ കൊള്ളാമെന്നു മോഹിച്ചു സ്വാമിയോടു പറഞ്ഞു.

"സ്വാമി! ഞാൻ ഒന്നും കഴിച്ചില്ല. എനിക്കു കുറെ പാൽ തരണം. തിരുമേനി പറഞ്ഞിട്ടുണ്ടു് ഇവിടെ നിന്നും കുറെ പാൽ വാങ്ങി കുടിച്ചു കൊള്ളുവാൻ". സോഫിയുടെ അപേക്ഷ കേട്ടപ്പോൾ സ്വാമി തുടൎന്നു "ക്ലീം ഹ്രീം! കള്ളീ! മൂകേ! പാലു കുടിക്കണോടീ ബാലേ! പൊന്നേ! വെള്ളിയേ! തങ്കമേ! വൈരമേ! എടീ ബാലേ! ലേ!" ഇത്രയും പറഞ്ഞു സ്വാമി തന്റെ കൈകളും നീട്ടിക്കൊണ്ടു് അവളുടെ അടുക്കലെത്തി. "തിരുമേനി പറഞ്ഞിട്ടുണ്ടോ പാൽ കുടിക്കാൻ! എന്നാൽ ഇതു മുഴുവനും ഞാൻ തരാം!" സോഫി, സ്വാമിയുടെ ഭാവഭേദം കണ്ടു് അയാൾ ഉപദ്രവിക്കുമോ എന്നു കരുതി മാറിനിന്നു ഇപ്രകാരം പറഞ്ഞു:—

"എനിക്കു പാൽ തരുമെങ്കിൽ തരണം; ഇല്ലെങ്കിൽ പോകട്ടെ." ഇതു കേട്ടു് ഇവളെ ഒന്നു കബളിപ്പിക്കണമെന്നു കരുതി സ്വാമി മൂന്നാമത്തെ മുറിയിൽ കയറി ചെന്നു. എന്നിട്ടു് ഇങ്ങിനെ ആജ്ഞാപിച്ചു. "നീ ഈ മുറി നല്ലതുപോലെ വൃത്തിയാക്കണം. ഞാൻ നിശ്ചയമായും പാൽ തരാം" സോഫി ഇതു വിശ്വസിച്ചു കള്ളൻ കാണിച്ച മുറിയിൽ കടന്നു ചെന്നു. സോഫി അതിനുള്ളിൽ പ്രവേശിച്ചുവെന്നു മനസ്സിലായപ്പോൾ സ്വാമി അതിന്റെ വാതിൽ പൂട്ടി പുറത്തിറങ്ങി. സോഫി തന്നെ സ്വാമി പറ്റിക്കയാണു ചെയ്തതെന്നു് അറിഞ്ഞപ്പോൾ വളരെ ഭയപ്പെടുകയും കോപിക്കയും ചെയ്തു ഉറക്കെ ശകാരിച്ചു "എടോ മന്ത്രവാദി, വാതിൽ തുറക്കുകയാണു നല്ലതു്. അല്ലെങ്കിൽ ഞാൻ ഈ വിവരം കൊട്ടാരത്തിൽ അറിയിക്കും. എടോ ദ്രോഹി! തെണ്ടിക്കള്ളവാനേ! ഇതു തുറക്കുകയാണോ ഭ ഓ!" സോഫിയുടെ ശകാരം കേട്ടു പൊട്ടിച്ചിരിച്ചുകൊണ്ടു സ്വാമി പറഞ്ഞു "ഹ്രീം. ക്രൂം. ഫട്. ഞാൻ തെണ്ടും കെട്ടവനാണു്! നീ ഒന്നും കേൾക്കാതെ അവിടെ നില്ലു്." ഇത്രയും പറഞ്ഞു് അയാൾ ഭ

വിടെയുള്ള പാൽപ്പാത്രത്തിൽ നിന്ന കുറച്ചു പാൽ കുടിച്ചു.
അതിനുശേഷം ഉറക്കറയിൽ കയറി പോയി, സോഫിയെ
അടച്ചു പൂട്ടിയ മുറിയുടെ വാതുക്കൽ [illegible] പൂക്കളും
[illegible] കഴിഞ്ഞപ്പോൾ ഒരു കുറ്റിക്കാട്ടിൽ നിന്നും സോ
ഫിയെ അന്വേഷിച്ചു പരിചാരികമാർ വന്നു തുടങ്ങി. അനേകം
പേർ അവിടെ [illegible] ഇറങ്ങി [illegible] കല്ലുക
[illegible] ഇറങ്ങി. [illegible]
[illegible]
[illegible] എന്ന് [illegible] സോ
ഫിയുടെ [illegible]
[illegible]
പോലെ അവർ [illegible]
[illegible]
[illegible]
[illegible] പ്രതിക്രി
യയായി [illegible]
[illegible]
[illegible] സോ
[illegible] ഉറക്കത്തിൽ [illegible] ത്തുകൂടി അ
വർ [illegible]
[illegible]
[illegible] അവർ അ
ടയിൽ നിന്നും [illegible] പ്ര
യോഗിച്ചു. അപ്പോൾ കമാരൻ [illegible] കേട്ടു.

[illegible]! [illegible] പ്രാപ്പി
ച്ചു. [illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

...ഞ്ചിയമേ! നാടിയൻ കുട്ടിയുടെ അനേകദിവസങ്ങളായി പല ദുസ്സ്വപ്നങ്ങളും കാണുന്നുണ്ട്. ഏതോ ഒരു ദിവ്യൻ എന്റെ അടുക്കൽ എപ്പോഴും വരുന്നതു പോലെ എനിക്കു തോന്നുന്നു. അദ്ദേഹം "സൂക്ഷിച്ചുകൊള്ളണേ" എന്ന് എന്നോടു പല പ്രാവശ്യവും പറയുന്നുണ്ട്. അതുകൊണ്ടു നമ്മുടെ ഈ വേളി എനിക്ക് സംശയകരമായിട്ടാണ്. സംശയമില്ല. പക്ഷേ അവിടുത്തെ പാദമല്ലാതെ എനിക്ക് ഈ ജന്മത്തിൽ മറ്റൊന്നും ആശ്രയമില്ല. നീലിയുടെ ജീവിതം അവിടത്തെ അങ്കതലത്തിൽ തന്നെ അവസാനിക്കണമെന്നു മാത്രമേ എനിക്കു പ്രാർത്ഥനയുള്ളൂ. ആ പ്രാർത്ഥനയെ ഈശ്വരൻ നിറവേറ്റിയിരുന്നെങ്കിൽ ഞാൻ എത്രയോ ഭാഗ്യവതിയായിത്തീരുമായിരുന്നു."

സെലിം— അരുതരുതു. സെലിം ഒരു വിശ്വാസമെന്ന മട്ടിൽ കരുതുന്നതേയുള്ളൂ? എന്റെ സ്വാതന്ത്ര്യമെല്ലാം നിന്റെ ഉത്തമമായ [illegible] മായ നിന്റെ പരിചയമായ ദിനം മുതൽ എന്നോ വെടിഞ്ഞിരിക്കുന്നു. ഹാ! സുഖമായി ജീവനാഥേ!"

സെലിം മനസ്സിനെ ഇപ്രകാരമുള്ള സംബോധനകൾ പ്രയോഗിച്ചിട്ടുള്ളതായി [illegible] ഒരിക്കലും കേട്ടിട്ടില്ല. അവൾ കാരമിയുമായുള്ള സൈന്യസമ്പർക്കത്തിൽ അനേകം പ്രാവശ്യം അവൾ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രസംഗമായി സെലിം ഒരു വാക്കുപോലും ആ സമയങ്ങളിൽ ഉപയോഗിച്ചിട്ടില്ല. അവൾ അല്പനേരംകൂടി അവിടെ നിന്നു. ഉടൻ തന്നെ കയറി ചെല്ലുവാൻ അവൾ ആഗ്രഹിച്ചിരുന്നുവെങ്കിലും ആ പ്രവൃത്തി സെലിമിന് അനിഷ്ടമായെങ്കിലോ എന്നു കരുതി അവൾ അവിടെത്തന്നെ നിന്നതേയുള്ളൂ. സെലിം വീണ്ടും പറഞ്ഞു. "എന്നാൽ പറഞ്ഞതുപോലെയാകട്ടെ, നിന്നെ വിട്ടു പിരിയാനുള്ള വൈമനസ്യം മാത്രമാണ് എന്റെ യാത്രയെ ഇത്രകാലം നീട്ടിവച്ചിട്ടുള്ളത്. ഞാൻ ഏതുപ്രകാരം നിന്നെ വിട്ടുപിരിയും. ഒരിക്കലും സെലിം അതിനു പ്രാപ്തനാകയില്ല. വടക്കൻ മുഴുവനും [illegible] സാമ്രാജ്യത്തിൽ നിന്നും [illegible] പോയാലും സെലിം അതു കാര്യമായി ഗണിക്കുന്നില്ല. നീയുമായി [illegible] രിക്കണമെന്നു മാത്രമേ എനിക്കാഗ്രഹമുള്ളൂ. നാളെ രാത്രി ഇവിടെ [illegible]" [illegible] ഇത്രയും പറഞ്ഞു വാതിൽ തുറ[illegible] ആരാമത്തിന്റെ മറുഭാഗത്ത് ആ[illegible] കേട്ട് അവൾ [illegible]

[illegible]

സല്ലാപങ്ങളെ ഉദ്ദേശിക്കുന്നതായിരുന്നുവെന്ന് അവർ തീർച്ചപ്പെടു ത്തി. പക്ഷെ [illegible] ഏതൊരുവനെ ഉദ്ദേശിച്ചാണ് [illegible] കഴിഞ്ഞില്ല. കര ൻ ചെവിയിൽ [illegible] യാത്രയാക്കി, വീണ്ടും [illegible] ഉപദേശിച്ചു [illegible] ചോദിച്ചു —

[illegible] പ്രവേശം കിട്ടിയോ? കൊള്ളാം! [illegible] വീണ്ടും പ്രീതിപ്പെടുത്തുക [illegible]"

[illegible]

[illegible] ചോദിച്ചു

[illegible]

കരാളന്റെ ഈ വാക്കുകൾ സെഫാലിയെ എത്രമാത്രം പരിത പിപ്പിച്ചുവെന്ന് പറയേണ്ടതില്ലല്ലോ. അവളുടെ ഉദ്ദേശങ്ങളെല്ലാം വിഫലങ്ങളായി പരിണമിച്ചുപോയെ എന്ന് അവൾക്കു തോന്നി. അവൾ പറഞ്ഞു "തിയഡോറി! ഇന്ന ഒരു പ്രാവശ്യമായിട്ട് അവിടുന്നുള്ളെ വിനോദ എന്തുകൊണ്ടാണെന്ന് അറിഞ്ഞിരുന്നെങ്കിൽ ഞാൻ സ മാധാനപ്പെട്ടു കൊള്ളുമായിരുന്നു." ഇത്രയും പറഞ്ഞു സെഫാലി കര ഞ്ഞു തുടങ്ങി. ഉടനെ സെഫാലി [illegible] നിന്നും എഴുന്നേറ്റ് [illegible]

എനിക്കു ദിവസങ്ങളോളം കാട്ടിനകത്തലഞ്ഞതിനാൽ സുഖമില്ലാത്തതു കൊണ്ടു വല്ലാതെ ക്ഷീണിച്ചിരിക്കുന്നുവെന്നേയുള്ളൂ. എന്തായാലും സംഗതി കൾ വിസ്തരമായി നാളെ പറയാം. ഞാൻ ഒന്നു വിശ്രമിക്കട്ടെ. നീ പൊയ്ക്കൊള്ളുക."

സെലിമിന്റെ വാക്കുകൾ സോഫിയയെ വളരെ വിഷമിപ്പി ക്കയും വേദനിപ്പിക്കയും ചെയ്തു. ഗത്യന്തരമില്ലാത്തതുകൊണ്ട് അവൾ യാതൊരു ശബ്ദവും ഉണ്ടാക്കാതെ ആ സ്ഥലത്തിൽനിന്നും അന്ത ർധാനം ചെയ്തു. അവളുടെ കോപം, നിരാശതാ, പരിഭവം എല്ലാം വർധി ച്ചുവന്നു. കമറിന് തന്നോടുണ്ടായിരുന്ന പ്രേമത്തെ നശിപ്പിച്ചത് സെ ലീമാണെന്ന് അവൾ തീർച്ചപ്പെടുത്തി. അവനോട് തനിക്കുള്ള പക വീട്ടേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്ന് അവൾ ഉറച്ചു. അ തിനായി പ്രവർത്തിക്കേണ്ടതെല്ലാമൊന്നാം ഒരു മാത്രകൊണ്ട് അവൾ ആലോചിച്ചുറച്ചു.

രാജകുമാരന്റെ മുറിയിൽനിന്നും പോയ ഉടൻതന്നെ അവൾ അന്തഃപുരത്തിലേക്ക് പോകാതെ അവളുടെ ഉദ്യാനത്തിലേക്കുതന്നെ തിരിച്ചു. കൊട്ടാരത്തിന്റെ പുറത്തെ വാതിൽ കടന്നപ്പോൾതന്നെ, അവിടെ തെരുവിന്റെ ഒരു മൂലയ്ക്ക് യാചകൻ നിൽപ്പുണ്ടായിരുന്നു. യാചകനെ കണ്ടിട്ട് സോഫി യാതൊന്നും മിണ്ടിയില്ല. എന്നാൽ സോഫിയെ കണ്ട ഉടൻതന്നെ ആ യാചകൻ തിരിഞ്ഞുനിന്നു പറ ഞ്ഞുതുടങ്ങി "കൊച്ചമ്മേ! വല്ലതും തരണേ! എനിക്കു നല്ലതുപോ ലെ വിശക്കുന്നു." ഇതുകേട്ട് സോഫി തിരിഞ്ഞുനിന്നു. അപ്പോൾ യാ ചകൻ അവളുടെ അടുക്കൽ വന്നു നിന്നു. ഒരു കറുത്ത കുപ്പാ യം അയാൾ ധരിച്ചിരുന്നു. തലയിൽ ഒരു വ ലിയ തലപ്പാവ് കെട്ടിയിട്ടുണ്ട്. കയ്യിൽ ഒരു ഭിക്ഷാപാത്രവും ഒരു ഊന്നുവടിയും അയാൾ ഭദ്രമായി സൂക്ഷിച്ചുവെച്ചിരിക്കുന്നു. ഉദ്യാനമെ കണ്ട ഉടൻ തന്നെ.

"താൻ ആരെയാണ് വിളിക്കുന്നത്? പാതിരാത്രിയായിട്ടും വല്ല സ്ഥലത്തും പോയി കിടക്കാതെ താൻ പ്രേതത്തിന്റെ മാതിരി ഇവി ടെ നിൽക്കുന്നതെന്തിന്?" എന്നു സോഫി ചോദിച്ചു. ഇതുകേട്ടു പൊ ട്ടിച്ചിരിച്ചുകൊണ്ടു യാചകൻ പറഞ്ഞു:—

"അമ്മേ! ഇങ്ങിനെ കോപിക്കരുതേ! കൊട്ടാരത്തിന്റെ വാതു ക്കൽ നിൽക്കുമ്പോൾ വല്ലവരും വല്ലതും തരുമെന്നു ഞാൻ കരുതി!

പെണ്ണ എന്തു ചെയ്യും! ചക്രവൎത്തിക്ക് ഇത്ര ദയയില്ലല്ലൊ."

സോഫി—പിന്നെ! നിന്നെപ്പോലെയുള്ള പുരുഷന്മാരും വല്ലസ്ഥലത്തും പാൎത്തിരിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുകയല്ലെ ചക്രവൎത്തിയുടെ തൊഴിൽ! താൻ വരു. ഞാൻ വല്ലതും തരാം. താൻ എല്ലാവരോടും ഇങ്ങിനെ പറയണം. "സോഫി കൊച്ചമ്മ മാത്രമെ ധൎമ്മം കൊടുക്കുകയുള്ളൂ. ആഗ്രായിൽ ഇത്ര നല്ല സ്ത്രീയില്ല." എന്ന് നാളെമുതൽ എല്ലാവരോടും പറയുമെങ്കിൽ ഇന്ന ഞാൻ വല്ലതും തരാം. നീ എന്നെ വന്ന് എന്തൊ ഉപദ്രവിക്കരുത്. നീ എന്റെ ഭാഗ്യം പറയാമെന്ന ഇന്നാൾ പറഞ്ഞില്ലെ.

ഹാകിം—ഹാകിമ പറയുകയല്ലെ? സോഫി കൊച്ചമ്മ മാത്രമെ ധൎമ്മം കൊടുക്കുകയുള്ളൂ. ആഗ്രായിൽ ഇത്രനല്ല സ്ത്രീയില്ല എന്ന നാളെമുതൽ എല്ലാവരോടും പറയുമെങ്കിൽ ഇന്ന ഞാൻ വല്ലതും തരാം.

സോഫി—എടാ കള്ളക്കഴുതെ! ഇങ്ങനെ പറയാനല്ല ഞാൻ പറയാൻ പറഞ്ഞത്. ഇന്ന ഞാൻ നിനക്ക് പറഞ്ഞുതന്നിട്ടുള്ളതാണെന്ന് ആരും അറിയരുത്. നീ പറഞ്ഞതുപോലെ ഇരിക്കട്ടെ.

ഹാകിം—ഹാകിമിനു ബോധിയാത്ത ഭാഗ്യം ഇരിക്കട്ടെ. എന്നാൽ പിന്നെ പിച്ചക്കാരുടെമേൽ ഒരു ഭാഗ്യശാലിനി കനിഞ്ഞെങ്കിൽ വല്ലതും ചോദിക്കാതിരിക്കുന്നതു ബുദ്ധിയല്ല. പിന്നെ എന്തുചെയ്യും?

സോഫി—പിന്നെ! നിനക്ക് അവിടെ വെച്ചിട്ടുണ്ട്. [illegible]. കുമാരൻ അവിടെ കിടപ്പുണ്ട്. ഒരു പെണ്ണു വന്നപ്പോൾ എത്ര നാണമായി. അതാകട്ടെ [illegible] എന്തും കൊടുക്കാം. നിനക്കു യാതൊന്നും തരികയില്ല. അതുകൊണ്ട് നീ ഇന്നാൾ പറഞ്ഞതെല്ലാം [illegible]. [illegible]?

ഹാകിം—രാത്രിയിൽ പത്തുനാഴിക കഴിഞ്ഞാൽ പിന്നെ ഭാഗ്യം പറയാൻ പാടില്ല. അങ്ങിനെ പറഞ്ഞാൽ പിന്നെ ഭാഗ്യം [illegible] [illegible]. [illegible]. [illegible] [illegible] ഉണ്ടാകയില്ല. അവിടെ [illegible] കിടപ്പുണ്ട്. [illegible].

സോഫി—എടാ [illegible]! രാജകുമാരന്റെ ഉദ്യാനത്തിലെല്ലാം താമസിച്ചിട്ടും ഇരിപ്പുണ്ടോ? [illegible] [illegible] എന്താണിരിക്കുന്നത്?

ഹാക്കിം—അതൊക്കെ ഇതു വിധത്തിൽ എല്ലാവരുടെയും ഉണ്ടായിരിക്കുകയില്ല. ജനിക്കുമ്പോൾ ഒരു തവിട്ട് ഒരു കടുകിനോളം വലിപ്പമേ കാണുകയുള്ളൂ. ആൾക്കു പ്രായമാകുമ്പോൾ അതു ക്രമേണ വലുതായി ഒരു ആമയായിത്തീരും.

സോഫി—ഞാൻ ഇതാദ്യമായിട്ടാണ് കേൾക്കുന്നത്. നീ ഇതു കണ്ടിട്ടുണ്ടോ?

ഹാക്കിം—പിന്നെയില്ലേ! ജയ്പ്പൂർ രാജ്ഞിയായിരുന്ന നൂർ മരിച്ചപ്പോഴും, ആ ഉദ്യാനത്തിലെ ചന്ദ്രബീബി മരിച്ചപ്പോഴും ഓരോ ആമയെ ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ അതെല്ലാം വെളുത്തവയായിരുന്നു. അവിടുത്തെ വയറ്റിൽ കറുത്ത തവളയാണ്. ചില രാജാക്കന്മാരുടെ വയറ്റിൽ നീർക്കോലിയിരിക്കുമെന്ന് കേട്ടിട്ടുണ്ട്.

സോഫി—എടാ ഇങ്ങിനെ പറഞ്ഞാൽ രാജദ്രോഹമുണ്ട്.

ഹാക്കിം—ഹാക്കിം കേട്ടിട്ടുള്ളതിനെപ്പറ്റി പറഞ്ഞതാണ്. ഇങ്ങിനെ എല്ലാവരുടെയും വയറ്റിൽ കാണുകയും ഇല്ല. അവിടുത്തെപ്പോലുള്ളവരുടെ വയറ്റിലേ ഈ വിശേഷങ്ങൾ കാണുകയുള്ളൂ. പിന്നെയും പല ലക്ഷണങ്ങളും പറയാനുണ്ട്.

സോഫി—നീ പറഞ്ഞതു പരമാർത്ഥമായിരിക്കാം. എന്നാൽ എന്റെ വയറ്റിൽ ചിലപ്പോൾ കഴപ്പുണ്ടാകുന്നുണ്ട്. ഒരു പക്ഷേ ഇതുതന്നെയായിരിക്കുമോ? എപ്പോഴാണ് അതു വലുതാകുക?

ഹാക്കിം—സംശയിക്കത്തക്കതല്ല. യാചകന്മാരുടെ വയറ്റിലെല്ലാം മുള്ളൻപന്നി ഇരിക്കും. ചില യാചകന്മാരുടെ വയറ്റിൽ മുതലക്കുഞ്ഞുങ്ങളും കാണും.

സോഫി—ശരി കേട്ടു, ആ നർത്തകിയുടെ വയറ്റിൽ വല്ലതും ഉണ്ടോ?

ഹാക്കിം—ഞാൻ നോക്കിയിട്ടില്ല. ഒരു മുതലക്കുഞ്ഞിന്റെ ഛായ കാണാതിരിക്കയില്ല. വേണമെങ്കിൽ നാളെ നോക്കിപ്പറയാം.

ഇപ്രകാരം പലതരമായ സംഭാഷണങ്ങൾകൊണ്ട് അവർ രണ്ടുപേരുംകൂടി സോഫിയുടെ ഗൃഹത്തിലെത്തി. അവിടെ ആരോ ചിലർ സംസാരിക്കുന്നതായി അവർക്കു കേട്ടു. [illegible] പടിക്കൽ നിന്നിട്ടും [illegible] അകത്തു പ്രവേശിച്ചു [illegible] നില്ക്കുന്നവരായി [illegible] ഒരു പാൽക്കിണ്ടി ഗൃഹത്തിന്റെ അകത്തേക്കുള്ള ഒരു പീഠത്തിൽ ഇരിക്കുന്നു. ഗൃഹത്തിന്റെ [illegible] ഉടനെ സോഫിക്ക് കോപം ജ്വലിച്ചു. എങ്കിലും തല്ക്കാലം അവൾ യാതൊന്നും പറയാതെ അകത്തു കയറി [illegible] എടുത്തു ഹാക്കിമിന്റെ കയ്യിൽ [illegible] പിന്നെ അ

വർ കയറിവന്ന ഉടനെ, അവരുടെ [illegible] ശിഷ്യൻ പറഞ്ഞുതുട ങ്ങി:—

“കാസിം! ഈ സ്ത്രീയാണോ സോഫി—നിങ്ങളുടെ ഭാര്യ?
സോഫി—അതെ. ഞാനാണ് സോഫി. ഇപ്പോൾ എന്തുവേണം?

സോഫി ഇത്രയും പറഞ്ഞപ്പോൾ കാസിം അവളുടെ അടുക്കൽ ചെന്ന്, അദ്ദേഹം ഒരു ശിഷ്യനാണെന്നും, അദ്ദേഹത്തിന് എന്തെങ്കിലും ആഹാരം [illegible] കൊടുക്കണമെന്നും അറിയിച്ചു. ഇതു കേട്ടപ്പോൾ സോഫിയുടെ കോപം വർദ്ധിച്ചു. അവൾ, അദ്ദേഹം കേൾക്കത്തക്കവണ്ണം കാസിമിനെ കഠിനമായി ശകാരിച്ചു. അവൾ ഇങ്ങിനെ പറഞ്ഞു:—

“വല്ല നാശങ്ങളുമൊക്കെ വലിഞ്ഞുകേറും. എന്നെല്ലാം ശിഷ്യന്മാരാണെന്നും പറഞ്ഞു താൻ എന്നോ തെണ്ടിക്കാൻ തുടങ്ങുകയാണ്. എന്തിക്ക്, ഇപ്രകാരമാണെങ്കിൽ വലിയ പ്രയാസമാണ്. താൻ [illegible] എല്ലാം ഉണ്ടാക്കിക്കൊടുത്താൽ മതി [illegible] ഇപ്പോൾതന്നെ [illegible]”

സോഫി [illegible] കഠിനമായി അധിക്ഷേപിക്കുന്നതെന്ന് [illegible], ആ ശിഷ്യനിപ്രകാരം കാസിമിനോടു പറഞ്ഞുതുടങ്ങി.

“ഹോ! സഹോദര! ഞാൻ പൊറുക്കുമല്ലോ! ഞാൻ പൊറുക്കുമല്ലോ! ഞാൻ കാരണം നിങ്ങൾ സങ്കടപ്പെടേണ്ട. നിങ്ങളുടെ ഭാര്യ [illegible] സന്തോഷത്തോടെ ജീവിക്കട്ടെ. ഞാൻ ഇതാ പോകുന്നു.” ഇത്രയും പറഞ്ഞ് [illegible] എടുത്തുകൊണ്ട് ആ ശിഷ്യൻ ആ [illegible] [illegible] ഒന്നു സൂക്ഷിച്ചുനോക്കി. [illegible] സൂക്ഷിച്ചു നോക്കിയതേയില്ല. എങ്കിലും [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ആ ശിഷ്യനെ കണ്ട ഉടനെ [illegible] വർത്തമാനം പറഞ്ഞുകൊണ്ടു നടന്നു. അയാൾ തന്റെകൂടെ ഉണ്ടെന്നുള്ള ഉദ്ദേശംപോലും ഇല്ലാതെ [illegible] നടന്നു. [illegible] [illegible] [illegible] [illegible]. എങ്കിലും [illegible] [illegible] [illegible] [illegible] നടക്കുന്നതുകണ്ട് [illegible] [illegible] [illegible].

ദിവ്യനായ ഒരു ഫക്കീറിനെ യാതൊരു ഉപചാരവുംകൂടാതെ സ്വാഗതമരുളി സൽക്കരിപ്പിക്കാതെ പിന്നെ അയച്ചതിൽ കാസിമിന് വളരെ സന്താപമുണ്ടായിരുന്നു. തല്ക്കാലം ഉണ്ടായ കോപം അടക്കുവാൻ സാധിക്കാതെ താൻ അദ്ദേഹത്തെ ശണ്ഠിപ്പിച്ചത് അത്ര നന്നായില്ലെന്ന സോഹ്റിയോട് പറഞ്ഞതേയും ഇരുന്നില്ല. എന്നാൽ അദ്ദേഹത്തെ സൂക്ഷിച്ചു നോക്കിയ ആ മാത്രയിൽതന്നെ അവളുടെ ഹൃദയത്തിൽ വളരെ നൂതനങ്ങളായ വിചാരങ്ങൾ തള്ളിക്കയറിത്തുടങ്ങി. തന്റെ ബാല്യകാലം മുതല്ക്കു അവൾ പ്രവർത്തിച്ചിട്ടുള്ള ദുഷ്പ്രവൃത്തികൾ, ആ ക്ഷണനേര മാത്രയിൽ ഭയങ്കരസ്വരൂപം കൈക്കൊണ്ടു അവളുടെ മനസ്സിൽ വ്യക്തമായി പ്രത്യക്ഷപ്പെട്ടു. അവൾ ഇപ്രകാരം വിചാരിച്ചു.

"അദ്ദേഹം ആരായിരിക്കാം. ആ മുഖഭാവം എനിക്ക് പരിചയമുള്ളതുപോലെ തോന്നുന്നുവല്ലോ. പക്ഷേ അദ്ദേഹം ഞാൻ വിചാരിച്ചതുപോലെ? ആരായാലെന്ത്? എനിക്ക് യാതൊന്നും വരാനില്ല. ഇനി ഫക്കീർ പറഞ്ഞത് ഞാൻ ഭാഗ്യവതിയാകുമെന്നല്ലേ? അവൻ പറഞ്ഞതു ശരിയാണ്. എന്റെ ഉദരത്തിൽ ഒരു കുഞ്ഞുണ്ട്. തർക്കമില്ല."

ഇപ്രകാരമെല്ലാം വിചാരിച്ചുകൊണ്ട് അവൾ, അന്ന് രാത്രി ഉറങ്ങാതെ കഴിച്ചുകൂട്ടി. കാസിമാകട്ടെ, താൻ ആ ദിവ്യനുമായി നടത്തിയിട്ടുള്ള സംഭാഷണത്തിന്റെ ഓരോ ഭാഗത്തെയും വീണ്ടും വീണ്ടും ആലോചിച്ചു. അദ്ദേഹം അയാളോട് ചോദിച്ചിട്ടുള്ള ഓരോ സംഗതിക്കും ശരിയായും സത്യമായും ഉള്ള ഉത്തരങ്ങളും കാസിം മനസ്സിൽ വിചാരിച്ചു. അദ്ദേഹത്തിന്റെ സമ്പ്രദായത്തിൽ എന്തോ ചില രഹസ്യങ്ങളുണ്ടെന്നും, അയാൾ അറിയാതിരുന്നില്ല. എങ്കിലും ആ സംഭാഷണത്തിൽ ഉൾപ്പെട്ട ഒരു വാക്കുപോലും സോഹ്റിയെ ധരിപ്പിക്കുന്നതിനു കാസിം ധൈര്യപ്പെട്ടില്ല. അപ്രകാരം ധരിപ്പിക്കേണ്ട ആവശ്യമില്ലെന്നും അയാൾ ദൃഢമായി വിശ്വസിച്ചു. സോഹ്റി, ആ ദിവ്യനെ അധിക്ഷേപിച്ചതു് ഒരു വലിയ അപരാധമായെന്നും അതിന്റെ അനന്തരഫലങ്ങൾ എന്തായും ദോഷമുള്ളവ ആയിരിക്കുമെന്നും അയാൾ ഉദ്ദേശിക്കാതിരുന്നില്ല.

പതിമൂന്നാം അദ്ധ്യായം.

യമുനാതീരത്തിലുള്ള വിജനപ്രദേശത്തെപ്പറ്റി ഇതിനുമുമ്പു ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുള്ളതു വായനക്കാർ ഓൎമ്മയുള്ളവരായിരിക്കുമല്ലോ. നമ്മുടെ കഥ നടക്കുന്ന കാലത്തു, മുൻ പറയപ്പെട്ടിട്ടുള്ള ദേവീക്ഷേത്രത്തിൽ ഏതാനും ചിലർ താമസമുണ്ടായിരുന്നു. കാപാലികന്മാരുടെ വംശവിച്ഛേദം വന്നതിനുശേഷം ഇപ്പോൾ മുപ്പതിലധികം സംവത്സരങ്ങളോളം കഴിഞ്ഞിരിക്കുന്നതിനാൽ അവിടെ താമസിക്കുന്നവർ ആ വൎഗ്ഗത്തിലുൾപ്പെട്ടവരല്ലെന്നു നിസ്സംശയം പറയാവുന്നതാണ്. പക്ഷേ അവരുടെ താമസത്തെപ്പറ്റി ആൎക്കുംതന്നെ അറിവുണ്ടായിരുന്നില്ലെന്നു മാത്രമല്ല, അതു വല്ലവരും ഗ്രഹിച്ചിരിക്കുന്നുണ്ടെന്നുള്ള വിശ്വാസംകൂടി അവൎക്കുണ്ടായിരുന്നില്ലെന്നു അവരുടെ പെരുമാറ്റത്തിൽനിന്നും അറിവാൻ പ്രയാസമുണ്ടായിരുന്നില്ല. ലൌകികസംഗതികളിൽ ഇടപെടാതെ ഏകാന്തവാസത്തിനുവേണ്ടി പരിശ്രമിക്കുന്നവരോ ആയിരുന്നു അവരെന്നു അവിടത്തെ, അവരുടെ താമസരീതി വെളിപ്പെടുത്തി. ബാലന്മാരും, യുവാക്കന്മാരും ഉൾപ്പെടെ ഉദ്ദേശം പന്ത്രണ്ടു പേരോളം അവിടെ താമസമുണ്ടായിരുന്നു. ദേവാലയത്തിനോട് അടുത്തുതന്നെ ഒരു പൎണ്ണശാലയും, പൎണ്ണശാലക്കു ചുറ്റും തരുലതാദികൾ ഇടകലൎന്നിട്ടുള്ള വിജനമായ വനത്തിൽനിന്നും പ്രത്യേകം തിരിച്ചു അവരുടെ ആവശ്യങ്ങൾക്കു ഉതകുന്ന രീതിയിൽ പരിഷ്കരിക്കപ്പെട്ടിരുന്നു. സൂക്ഷ്മമായി നോക്കുന്നതായാൽ ഏതോ ഒരു വിശിഷ്ടയോഗി അനേകം ശിഷ്യപരമ്പരകളുമായി അവിടെ അദ്ധ്യാത്മവിദ്യാശ്രമം സ്ഥാപിച്ചു താമസിക്കയായിരുന്നുവെന്നു നിഷ്പ്രയാസം അറിയാവുന്നതാണ്. സാധാരണയായി അദ്ധ്യാത്മവിദ്യാശ്രമങ്ങളിൽ താമസിക്കാറുള്ളവരുടെ രീതിയിൽനിന്നും ഇതിലും വിഭിന്നമായ രീതിയിലായിരുന്നു ഇവരുടെ താമസമെന്നതിൽ സംശയമില്ല. ധനു നിറക്കുവാനും, ആയുധാഭ്യാസത്തിൽ ജയിക്കുവാനും, പ്രത്യേകം ശ്രദ്ധിച്ചിരിക്കുവാനും അവർ ഒട്ടുംതന്നെ മറന്നിട്ടില്ലായിരുന്നില്ല. എന്നാൽ അവരിലെല്ലാം ഏതോ ഗൌരവമേറിയ ഒരു കൃത്യനിൎവ്വഹണത്തിനുള്ള ആലോചനകൾ സദാ പി കടികൊണ്ടിരുന്നു.

ഒന്നാമത്തെ ദിവസം അസ്തമയസന്ധ്യക്കു ശേഷം ...

സന്ദർഭത്തിൽ, പുറത്തിറങ്ങി വന്ന അവരിൽ ഒരാൾ മററ ആളോടായി പറഞ്ഞുതുടങ്ങി:—

“സതീർത്ഥ്യരേ! ഗുരുവിനെ കാണാനില്ലല്ലോ. അദ്ദേഹം ഒരു കാര്യത്തിൽ വ്യഗ്രനായിത്തന്നെ ഇരിക്കയാണ്. അല്ലെങ്കിൽ ഇന്നലെത്തന്നെ വരേണ്ടതായിരുന്നല്ലോ” ഇതു കേട്ട മററ ഒരാൾ ഉത്തരം പറഞ്ഞു.

ഭവാന്റെ അഭിപ്രായം ശരിയാണ്. ഗുരു ഒരു കാര്യത്തിൽ വളരെ വിഷമിക്കുന്നുണ്ട്. അദ്ദേഹം കാര്യ സംബന്ധമായി വളരെ വിഷമിക്കുന്നുണ്ട്. അതിന്നായിത്തന്നെ മനസ്സിരുത്തി ശ്രമിക്കുന്നുണ്ടെന്നാണ് അറിയുന്നത്. പക്ഷേ അതിൽ എന്തെല്ലാം സംഗതികൾ അടങ്ങിയിട്ടുണ്ടെന്ന് ഒന്നും നിശ്ചയമില്ല.

ഒന്നാമൻ— സതീർത്ഥ്യ! അദ്ദേഹം ആശ്രമത്തിൽ കൂടെക്കൂടെ കേവല ഭാവനയും മററും ഉണ്ടാവാറുള്ളതു് അറിവില്ലല്ലോ. പക്ഷേ സംശയികളുടെ വല്ല ഉപദ്രവം അദ്ദേഹത്തിന് ബാധിക്കാതിരിക്കയില്ല. എങ്കിലും എന്തിന്നു വേണ്ടിയാണ് എന്നതു മനസ്സിലായിട്ടില്ല. അദ്ദേഹം സർവ്വസംഗപരിത്യാഗിയാണല്ലോ. അതിലും വിശേഷിച്ച് കാപാലികന്മാരുടെ അനേകവിധ ദുഷ്പ്രവൃത്തിയും നാം അദ്ദേഹത്തിൽ കാണുന്നില്ലല്ലോ. പിന്നെ വല്ലവരും അദ്ദേഹത്തെ നിഗ്രഹിക്കണമെന്ന് ആലോചിച്ചതെന്തിന്?

രണ്ടാമൻ— ശരിയാണ്. പക്ഷേ അദ്ദേഹം പറയാതിരുന്നാലുണ്ടോ തള്ളിക്കളയുന്നതാണോ? അതിന്നുവേണ്ട തെളിവുകൾ ശേഖരിച്ചുവരുന്നതേയുള്ളൂ. അദ്ദേഹത്തിന്റെ മതത്തെയും പ്രത്യേകമാണ്. മണ്ഡന മതത്തിലും അദ്ദേഹത്തിന്ന വിശ്വാസമുണ്ട്. അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ ആശ്രമത്തിൽ താമസമുണ്ട്.

ഒന്നാമൻ— അതു വാസ്തവമാണോ? ആശ്രമമൈതാനത്തിലെ പുഷ്പഫലിതമാണ് അദ്ദേഹമെന്ന ഇന്നാൾ ഗുരുവിനോട് അറിയിച്ചതായി ഞാൻ കേട്ടു.

രണ്ടാമൻ— അതെ! ഇതു പരമാർത്ഥം തന്നെയാണ്. ഗുരുവിന്റെ പരിശ്രമത്തിൽ വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നതുമദ്ദേഹംതന്നെയാണ്. അദ്ദേഹത്തിന്റെ 'കൂടെ' താമസിക്കയാണത്രേ ആ പെൺകുട്ടി.

ഒന്നാമൻ— അവരും ഇന്നും കൃത്യകർമ്മങ്ങൾ ഇങ്ങിനെ ആരു

യിൽ നടന്നാൽ ചക്രവർത്തി അറിയുകയില്ലേ. അതു നാശകാരണ മാകയില്ലേ?

രണ്ടാ—അതെ. പക്ഷേ അദ്ദേഹം വളരെ ഗൂഢമായിട്ടാണ് ആ ഗ്രാമത്തിൽ ചെല്ലുന്നതു്. അതുകൊണ്ട് ചക്രവർത്തി അറിയാറില്ല. ആ സ്ത്രീ ഇന്നും കന്യകതന്നെയാണ്. അവളെ സംബന്ധിച്ച രഹസ്യങ്ങൾ ആൎക്കുംതന്നെ അറിവില്ല. അവൾക്കും നിശ്ചയമില്ല.

ഒന്നാ—ആകട്ടെ. ഗുരു ഇപ്പോൾ ഈ പ്രതികാരത്തിന് തുനിയുന്ന തെന്താണ്? പ്രതികാരം വിധിപ്പവർക്ക് യോഗ്യമാണോ?

രണ്ടാ—അല്ല. ഗുരു പ്രതികാരത്തിന് തുനിയുന്നില്ല. അക്രമത്തേയും അധൎമ്മത്തേയും നശിപ്പിക്കണമെന്നു മാത്രമേ ഗുരുവിനു ആഗ്രഹമുള്ളൂ. അതിനു വേണ്ട ശ്രമം മാത്രമേ ഇന്നു അദ്ദേഹം ചെയ്യുന്നുള്ളൂ. അയേഷ എന്നൊരു സ്ത്രീ ജീവിച്ചിരിപ്പുണ്ടെന്നു അദ്ദേഹത്തിനറിയാം. അവളുടെ കൈവശം ചക്രവർത്തിയുടെ സ്വൎണ്ണപ്പെട്ടി ഇരിപ്പുണ്ടെന്നും അദ്ദേഹത്തിനറിയാം.

ഒന്നാ—അവൾ എവിടെ ജീവിക്കുന്നു. അവളെ കണ്ടുകിട്ടിയെങ്കിൽ പിന്നെ ചക്രവർത്തിയുടെ അടുക്കൽ എത്തിച്ച് വിശേഷങ്ങൾ പറയാമല്ലോ?

രണ്ടാ—അവൾ എവിടെയാണെന്നറിവില്ല. ആ സ്വൎണ്ണപ്പെട്ടിയിൽ, സകല തെളിവുകളും ഉണ്ട്. അയേഷ എഴുതിയിട്ടുള്ള കത്തുകളും [illegible]യുടെ ചില രഹസ്യഉടമ്പടികളും ആ പെട്ടിയിൽ തന്നെ ഇരിപ്പുണ്ടെന്നാണറിയുന്നതു്. അയേഷയെ കൊണ്ടുചെന്നാൽ മാത്രം പോരാ. അവൾ കുറ്റക്കാരിയാണെന്നു തെളിയണം. അല്ലെങ്കിൽ ഗുരുപാദർ കുടുങ്ങാനിടവരും. അതിനായിട്ടു കുമാരസേനനും വളരെ ശ്രമിക്കുന്നു.

ഒന്നാ—ഈ കുമാരസേനൻ ആരാണ്?

രണ്ടാ—അയാൾ ചക്രവർത്തിയുടെ ഒരു വിശ്വസ്തദാസനാണ്. ആ യാളെപ്പറ്റിയും പലതും പറയാനുണ്ടെന്നു യോഗീശ്വരൻ അരുളി യിട്ടുണ്ട്.

ഒന്നാ—ആകട്ടെ. കഴിഞ്ഞ ഒരു രാത്രിയിൽ നമ്മുടെസഹോദരന്മാർ ഒരു ഗ്രാമത്തിൽ പോയ സമയം ഗുരു അവരെ ഒരു സത്രത്തിൽ താമസിപ്പിച്ചതിനുശേഷം എങ്ങോട്ടാണ് പോയതു്?

രണ്ടാ—അതെപ്പറ്റി ഒന്നും നിശ്ചയമില്ല

ഒന്നാ—ഒരു പക്ഷെ അദ്ദേഹം പുരോഹിതനെ കാണുവാൻ പോയിരിക്കാം.

രണ്ടാ—വാസ്തവമാണ്. എന്തെല്ലാമാണു സംഗതികളെന്നു ആൎക്കും നിശ്ചയമില്ല. ഇവയെപ്പററിയെല്ലാം മനസ്സിലാക്കിയതിനു ശേഷം മാത്രമേ ഇവിടെനിന്നും താമസം മാറ്റുകയുള്ളു എന്നാണു അദ്ദേഹത്തിന്റെ നിശ്ചയം.

ഒന്നാ—അതിനു ഇനി വളരെ താമസമുണ്ടായിരിക്കയില്ല. ഒരുപക്ഷെ ആഗ്രായിൽ ഈ പരമാൎത്ഥം അറിഞ്ഞിരിക്കാം.

രണ്ടാ—അതു അങ്ങിനെയൊന്നും അറിയിക്കത്തക്ക സംഗതികളല്ല. ഇതു വളരെ വിശിഷ്ടതരം ദിവ്യതരമാണ്. അദ്ദേഹം പലരെയും ആപത്തിൽനിന്നും രക്ഷിച്ചിട്ടുണ്ടു. പക്ഷെ അദ്ദേഹത്തിന്റെ പിതാവിനെ മാത്രം രക്ഷിക്കാൻ സാധിച്ചില്ല.

ഒന്നാ—അദ്ദേഹത്തിന്റെ പിതാവിനു മരിക്കുമ്പോൾ എന്തു പ്രായമുണ്ടായിരുന്നു? ഗുരുപാദർക്ക് എത്ര വയസ്സുണ്ട്?

രണ്ടാം—പിതൃപതി തൊണ്ണൂററിഅഞ്ചാമത്തെ വയസ്സിലാണു മരിച്ചതു്. ഗുരുപാദർക്ക് ഇപ്പോൾ എഴുപത്തഞ്ചു വയസ്സു കാണണം.

ഒന്നാ—സതീൎത്ഥ്യാ! അവൻ ഇന്നാൾ എന്താണ് പറഞ്ഞതു്? ദേവി അംബികാകുമാരി വന്ധ്യയായിത്തീൎന്നിട്ടുള്ളതു് ഏതോ ശാപംകൊണ്ടാണെന്നല്ലേ? ഗുരുപാദർക്ക് ആ സ്ത്രീയും ആയിട്ട് എന്തു ബന്ധമാണുള്ളതു്? ഇന്നാൾ ശിഷ്യഗണങ്ങൾ ആഗ്രാസത്രത്തിൽ താമസിക്കുമ്പോൾ ഒരു പരിചാരിക വന്നു ദേവി അന്വേഷിക്കുന്നതായി അറിയിച്ചല്ലോ. അതെന്തിനായിരിക്കാം. ഒരുപക്ഷെ ആ സ്ത്രീക്കു വിവരങ്ങളെല്ലാം അറിവുണ്ടായിരിക്കാം.

രണ്ടാ—അതിൽ അനേകം കാൎയ്യങ്ങളുണ്ട്. അതൊന്നും ഇപ്പോൾ പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. അംബികാകുമാരി ആഗ്രാനഗരത്തിലെ ചന്ദ്രബീബിയുടെ പുത്രിയാണ്. ചന്ദ്രബീബിയെ ഇവിടെവെച്ചു കാപാലികന്മാരുടെ കൈയിൽനിന്നും രക്ഷിച്ചതു് ഗുരുപാദരും അദ്ദേഹത്തിന്റെ പിതാവും കൂടിയാണ്.

ഒന്നാ—അതെങ്ങിനെയാണെന്നറിഞ്ഞാൽ കൊള്ളാമായിരുന്നു.

രണ്ടാ—അതു നമുക്കു പിന്നീടൊരവസരത്തിൽ അറിയാം. അംബികാദേവിക്കു "അംബികാ" എന്ന നാമധേയം നൽകിയിട്ടുള്ളതു ഗുരുദേവിയുടെ പ്രീതിക്കു വേണ്ടിയായിരുന്നു നമുക്കു

സ്നാനത്തിനു നേരമായി. അതാ ആശ്രമത്തിൽ ആരോ അതിഥി
കൾ വന്നിട്ടുണ്ടെന്നു തോന്നുന്നു. ശ്രുതപാലർതന്നെ ആയിരിക്കുമോ?

ഒന്നാ — എന്തു! ഈ കൊടുങ്കാട്ടിൽ അതിഥികളോ? ഇത്രയും കാല
മായിട്ടും ഇവിടെ ആരും വന്നിട്ടുള്ളതായി നാം അറിയുന്നില്ലല്ലോ.
അതു അസംഭാവ്യംതന്നെ. ഒരുപക്ഷേ ശ്രുതപാലർതന്നെ ആയിരി
ക്കാം. അതുകൊണ്ടു വേഗം സ്നാനം കഴിഞ്ഞു ചെല്ലുകയാണു
വേണ്ടതു."

ഇത്രയും പറഞ്ഞു അവർ രണ്ടു പേരും നദിയിൽ സ്നാനത്തിനാ
യി ഇറങ്ങി. ക്ഷണനേരംകൊണ്ടു സ്നാനം കഴിഞ്ഞു അവർ ഇരുപേ
രും ആശ്രമത്തിൽ ചെന്നു. അവിടെ ശ്രുതപാലർ ആഗതനായിരു
ന്നില്ല. എന്നാൽ കാഷായവസ്ത്രധാരികളായ രണ്ടു പേർ, അവിടെ,
പർണ്ണശാലക്കു പുറത്തു മറ്റുള്ള ആശ്രമാംഗങ്ങളുമായി വർത്തമാനം
പറഞ്ഞുകൊണ്ടു നില്ക്കുന്നുണ്ടായിരുന്നു. അതിൽ യുവാവായിരുന്ന ഒ
രാൾ ശിരസ്സുമുണ്ഡനം ചെയ്കയോ മറ്റു സന്യാസനിയമങ്ങൾ അനു
ഷ്ഠിക്കയോ ചെയ്തിരുന്നില്ലെങ്കിലും അയാളും കാഷായവസ്ത്രധാരിയാ
യിരുന്നു. വൃദ്ധനായ മറേറ ആൾ ജീവിതം മുഴുവനും സന്യാസിയാ
യിട്ടുതന്നെ കഴിച്ചുകൂട്ടിയിട്ടുള്ളതുപോലെ അത്രക്കു ദിവ്യത്വം പ്രദർശി
പ്പിക്കുന്നുണ്ടു്. രണ്ടു പേരുടേയും മുഖം വളരെ പ്രസന്നമാണു. അ
വരുടെ കൈവശം ഒരു ചെറിയ ഭാണ്ഡവും ഒരു വലിയ യോഗദ
ണ്ഡും ഉണ്ടായിരുന്നു. അവരിൽ യുവാവു ഇപ്രകാരം പറഞ്ഞു തു
ടങ്ങി.—

"ശ്രുതപാലർ ഇവിടെനിന്നും പോയിട്ടു് എത്ര ദിവസങ്ങളായി?
ഞങ്ങൾ ദിക്കുതോറും സഞ്ചരിക്കുന്നവരാണു്. ശ്രുതപാലരെ കണ്ടതി
നുശേഷം പോകണമെന്നാണു ഉദ്ദേശിക്കുന്നതു്." ഇതു കേട്ടു ആ
ശ്രമവാസികളിൽ 'നിർമ്മലൻ' എന്ന പേരോടുകൂടിയ ആളും, മുൻപ്ര
സ്താവിക്കപ്പെട്ടിട്ടുള്ള രണ്ടു പേരിൽ രണ്ടാമനും ആയ ബ്രഹ്മചാരി ഇ
പ്രകാരം പറഞ്ഞു.

"ആചാര്യൻ ഇവിടെനിന്നും പോയതിൽ പിന്നീടു ഒരാഴ്ച ക
ഴിഞ്ഞു. അദ്ദേഹം ഇന്നാളെ തിരിച്ചുവരേണ്ടതാണു. നിങ്ങൾ ശ്രുത
പാലരെ കാണ്മാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഇവിടെത്തന്നെ താമ
സിക്കാം. പക്ഷേ നിങ്ങൾ ഈ ആശ്രമം കണ്ടുപിടിച്ചതിൽ ഞ
ങ്ങൾക്കു വളരെ അത്ഭുതമുണ്ടു്. നിങ്ങളുടെ ആശ്രമമെവിടെയാ
ണു? നിങ്ങൾ ഏതു മണ്ഡലത്തിൽ ചേർന്നവരാണു? എവിടെനി
ന്നാണു് ഇങ്ങോട്ടു വന്നിട്ടുള്ളതു്.

നിൎമ്മലൻ—ഞങ്ങൾ ചോദിക്കുന്നതിൽ നിങ്ങൾക്കു വിരോധമില്ലല്ലൊ.

യുവാവു—ഞങ്ങളുടെ ആശ്രമം ഹരിദ്വാരത്തിലാണു. ഞങ്ങൾ "ഭൈകാസമണ്ഡപത്തിൽ" ചേൎന്നവരാണു. ഗുരുപാദരെപ്പററി അനേക വൎഷങ്ങൾക്കുമുമ്പുതന്നെ ഞങ്ങൾ കേട്ടിട്ടുണ്ട്. അദ്ദേഹം ഹരിദ്വാരത്തിൽ വളരെ കാലം താമസിച്ചിരുന്നു. ഗുരുപാദരുടെ ആശ്രമം ഇവിടെയായിരിക്കാമെന്നു ഞങ്ങൾ ഉദ്ദേശിച്ചു ഇങ്ങോട്ടു തിരിച്ചതാണ്. ഗുരുപാദർ ഇപ്പോൾ എവിടെയാണു പോയിരിക്കുന്നതു? അദ്ദേഹം പല സ്ഥലങ്ങളിലും സഞ്ചരിക്കുന്ന ഒരു വിശിഷ്ടനാകയാൽ ഈ ചോദ്യം അനാവശ്യമാണെന്നു ഞങ്ങൾക്കറിയാം. പക്ഷെ ജിജ്ഞാസകൊണ്ടു മാത്രം ചോദിക്കുന്നതാണ്.

നിൎമ്മലൻ—നിങ്ങളുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുവാൻ തല്ക്കാലം സാദ്ധ്യമല്ല. അദ്ദേഹം എവിടെപ്പോയിരിക്കയാണെന്നു തീൎത്തുപറയുവാൻ നിവൃത്തിയുമില്ല. എങ്കിലും ആഗ്രായിലോ മററോ ഉണ്ടായിരിക്കാം. പലപ്പോഴും അദ്ദേഹം ഗ്രീസ്, അറേബ്യ, പേൎഷ്യാ, മുതലായ സ്ഥലങ്ങളിലേക്കു പോവുക പതിവുണ്ട്.

യുവാവു — ആകട്ടെ. ഗുരുപാദർ ഇവിടെ താമസമായിട്ടു എത്ര കാലമായിരിയെന്നും, അദ്ദേഹം ഗുരുപദം സ്വീകരിച്ചിട്ടു എത്രയാണെന്നും അറിവാൻ ഞങ്ങൾക്കു വളരെ താല്പൎയ്യമുണ്ട്.

നിൎമ്മലൻ—അതൊന്നും പറയുവാൻ നിവൃത്തിയില്ല. അദ്ദേഹം അനേക വ്യാഴവട്ടക്കാലമായി സന്യാസിജീവിതത്തെത്തന്നെ നയിക്കുന്നു. ഇവിടെ താമസം തുടങ്ങിയിട്ട് അധികകാലമായില്ല.

യുവാവു—നിങ്ങളെല്ലാവരും ഗുരുപാദരുടെ ശിഷ്യന്മാരാണോ? അദ്ദേഹത്തിനു വേറെ ശിഷ്യന്മാർ ഇവിടെ എവിടെ എങ്കിലും ഉണ്ടായിരിക്കുമോ?

നിൎമ്മലൻ—അതെ. അദ്ദേഹത്തിനു ഞങ്ങളെ കൂടാതെ വേറെ അനേകം ശിഷ്യന്മാരുണ്ട്.

യുവാവ്—അദ്ദേഹത്തിനു ക്രൈസ്തവമതത്തിൽ വിശ്വാസമുണ്ടെന്നും മററും പലരും പറയുന്നുണ്ട്. അതു എത്രത്തോളം പരമാൎത്ഥമാണ്? അപ്രകാരമാണെങ്കിൽ അതു സനാതനധൎമ്മത്തിനു വിപരീതമല്ലേ? അതു പാപകരവുമല്ലേ?

നിൎമ്മലൻ — പാപകൎമ്മമാണെന്നു അദ്ദേഹം ഒരിക്കലും വിശ്വസിക്കുന്നില്ല. ഒരുപക്ഷേ അദ്ദേഹം സകല മതങ്ങളും ഒരുപോലെ കരുതുന്നുണ്ടാവാം. അവയിലെല്ലാംതന്നെ അദ്ദേഹത്തിന്റെ വിശ്വാസവും ഉണ്ടായിരിക്കാം.

യുവാവു — ശരി. അതിൽ ഞങ്ങൾക്കു വിപരീതാഭിപ്രായമില്ല. അറിയേണ്ടതിനെപ്പററി ചോദിച്ചു എന്നു മാത്രമേയുള്ളൂ. ആകട്ടെ നിങ്ങൾ ക്ഷമിക്കണം. ഗുരുപാദരുടെ ബന്ധുക്കളിൽ ആരെങ്കിലും ആഗ്രായിൽ താമസമുണ്ടോ?

നിൎമ്മലൻ — നിങ്ങൾ എന്തു അബദ്ധമാണിപ്പറയുന്നതു? സന്യാസിവൃത്തനായ ഗുരുപാദരുടെ ബന്ധുക്കളല്ലാതെ ആരാണ് ഈ ലോകത്തിലുള്ളതു? നിങ്ങളും അദ്ദേഹത്തിന്റെ ബന്ധുക്കളിൽ ഒരാൾ അല്ലേ?

യുവാവു — അതെ. നിങ്ങൾ പറഞ്ഞതു ശരിയാണ്. പക്ഷേ ഗുരുപാദർ സന്യാസവൃത്തി സ്വീകരിക്കുന്നതിനുമുമ്പു അദ്ദേഹത്തിന്റെ വംശത്തിൽ ഉൾപ്പെട്ട ആരെങ്കിലും ഇന്നു ആഗ്രായിൽ താമസമുണ്ടോ എന്നാണു ഞങ്ങൾ ചോദിക്കുന്നതു. ഞങ്ങൾ ദുരുദ്ദേശ്യങ്ങളോടുകൂടി ചോദിക്കുന്നുവെന്നു നിങ്ങൾ കരുതേണ്ട. അദ്ദേഹത്തെപ്പററി പൂൎണ്ണമായി ഗ്രഹിക്കണമെന്നേ ആഗ്രഹമുള്ളൂ.

നിൎമ്മലൻ — നിങ്ങളുടെ ഉദ്ദേശം മനസ്സിലായി. പക്ഷേ ഞങ്ങൾക്കു ആ വക സംഗതികളെപ്പററി നിശ്ചയമില്ല. നിശ്ചയമില്ലാത്തതിനെപ്പററി തീൎച്ച പറയുന്നതു പാപമാണെന്നു നിങ്ങൾക്കറിഞ്ഞുകൂടേ?

യുവാവു — അതു ശരിയാണ്. നിങ്ങൾ പറഞ്ഞല്ലോ അദ്ദേഹം പേൎസ്യയിലും മററും പോകാറുണ്ടെന്നു. പേൎസ്യയിൽ അദ്ദേഹം എന്തിനാണു പോകുന്നതു? അവിടെ അദ്ദേഹത്തിന്റെ ശിഷ്യന്മാരുണ്ടോ?

നിൎമ്മലൻ — ഉണ്ടായിരിക്കാം. അദ്ദേഹത്തിനു ശിഷ്യന്മാർ ഇല്ലാത്ത സ്ഥലം വളരെ ചുരുക്കമാണ്. വിശിഷ്ടന്മാർ എവിടെ ചെന്നാലും ശിഷ്യന്മാർ ഉണ്ടാകുമെന്നതിൽ എന്തു സംശയമാണുള്ളതു?

യുവാവു — ഗുരുപാദരുടെ പിതാവിനെ ആരോ അപഹരിച്ചിരിക്കാമെന്നു പറയുന്നതു പരമാൎത്ഥമാണോ? ആരാണ് അങ്ങിനെ പ്രവൎത്തിച്ചതു?

നിൎമ്മലൻ — ഞങ്ങൾക്കു അറിഞ്ഞുകൂടാ. ഒരുപക്ഷേ പരമാൎത്ഥമായിരിക്കാം

യുവാവ്.— അദ്ദേഹം പിതാവിന്റെ മരണകാലത്ത് എവിടെയായിരുന്നു. ഇവിടെ ഉണ്ടായിരുന്നോ?

നിർമ്മലൻ.— അതും ഞങ്ങൾക്കു നിശ്ചയമില്ല. നിങ്ങൾ ഈ വക കാര്യങ്ങളെല്ലാം അന്വേഷിക്കുന്നതെന്തിനാണ്. ആകട്ടെ, ഞങ്ങൾക്ക് ഇനി പൂജക്കു പോകണം. നിങ്ങൾക്കു സ്നാനമുണ്ടെങ്കിൽ ആ നദിയിൽതന്നെയാകാം. നിങ്ങൾ സ്നാനം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ ഇവിടെ വല്ല ആഹാരവും ഉണ്ടെങ്കിൽ പങ്കുകൊള്ളാം. എന്നാൽ ഞങ്ങൾ പോയി പൂജ കഴിക്കട്ടെ.”

ഇത്രയും പറഞ്ഞ് നിർമ്മലനും ശിഷ്യന്മാരും അവരുടെ ആശ്രമത്തിന്റെ അന്തർഭാഗത്തേക്കും, അതിഥികൾ രണ്ടുപേരും നദീതീരത്തിലേക്കും പോയി. നദീതീരത്തിൽ ചെന്നതിനുശേഷം വൃദ്ധനും യുവാവുംകൂടി കുറേനേരം എന്തോ സംസാരിച്ചുകൊണ്ടിരുന്നു. ഒടുവിൽ അവർ രണ്ടുപേരും നദിയിലേക്ക് ഇറങ്ങാതെ, അവിടെ ഉണ്ടായിരുന്ന കൊടുങ്കാട്ടിൽകൂടി വളരെ ക്ലേശമനുഭവിച്ച് നടന്നുതുടങ്ങി.

അതിഥികൾ യാത്രയായതിനുശേഷം ആശ്രമവാസികൾ പൂജക്കു വേണ്ട സാമഗ്രികൾ തയ്യാറാക്കിക്കൊണ്ട് പർണ്ണശാലയിൽ പ്രവേശിച്ചു. പൂജയെല്ലാം കഴിഞ്ഞിട്ടും, സ്നാനത്തിനുപോയ അതിഥികൾ മടങ്ങിവരാത്തതുകണ്ട് ആ സാധുക്കൾ വളരെ പരിഭ്രമിച്ചു. അവർ, അതിഥികളെ കാത്ത് അധികനേരം ആശ്രമത്തിൽതന്നെ, ആഹാരം കഴിക്കാതെ, ഇരുന്നു. ഒടുവിൽ അഞ്ചാറുനാഴിക നേരം കഴിഞ്ഞിട്ടും അതിഥികൾ ആശ്രമത്തിൽ വരാതിരുന്നതുകണ്ട് ആകുലചിത്തന്മാരായി ശിഷ്യഗണത്തിൽ രണ്ടുമൂന്നുപേരും ദീപങ്ങളുമായി നദീതീരത്തിൽ അതിഥികളെ അന്വേഷിച്ചു നടന്നുതുടങ്ങി. അവർ പലതും സംശയിച്ചു. ഒരു പക്ഷേ അപരിചിതന്മാരാകയാൽ വനാന്തരത്തിൽ അകപ്പെട്ടു നട്ടംതിരിയുന്നുണ്ടാവാമെന്ന് ചിലർ പറഞ്ഞു. മറ്റുചിലർ, ഒരു പക്ഷേ അവർ നദിയിൽ വീണു മരിച്ചിരിക്കുമെന്നും പറയാതിരുന്നില്ല. പലപ്രകാരത്തിൽ വനാന്തരം മുഴുവനും തിരഞ്ഞിട്ടും ഫലമുണ്ടാകാതെ നിരാശയോടുകൂടി ശിഷ്യന്മാർ ആശ്രമത്തിൽ വന്നു. അവരുടെ അന്നത്തെ ആഗമനവും സംഭാഷണവും ആശ്രമത്തിൽ പല സംശയങ്ങളേയും ഉളവാക്കാതിരുന്നില്ല. അനേക കാലമായി യാതൊരു മനുഷ്യരുടെയും അറിവുകൂടാതെയാണ് ആശ്രമവാസികൾ അവിടെ പാർത്തിരുന്നുള്ളു. എന്നാൽ ആ ഭയങ്കരപ്രദേ

ശത്തു് അപ്രകാരം ചിലർ താമസമുണ്ടെന്നു് അറിഞ്ഞു് അവിടെ വന്ന ആ അഭ്യാഗതന്മാർ യഥാർത്ഥത്തിൽ സന്യാസിമാർതന്നെ ആയിരുന്നോ, എന്നും അവർ സംശയിക്കാതിരുന്നില്ല. എന്നു മാത്രമല്ല അതിഥികളിൽ യുവാവിന്റെ സംഭാഷണം ഏററവും സംശയപ്രദമായിരുന്നു. അവർ ഹരിദ്വാരത്തിൽനിന്നും വന്നിട്ടുള്ളവരായിരുന്നെങ്കിൽ എന്തുകൊണ്ട് അവിടെത്തന്നെ വിശ്രമിക്കാതെ ആ രാത്രിയിൽ ഒളിച്ചോടിപ്പോയിയെന്നും ആശ്രമവാസികൾ ശങ്കിക്കാതിരുന്നില്ല. ആ രാത്രി അവർ എങ്ങോട്ടാണ് പോയതെന്നു് അറിയാതിരുന്നാൽ നന്നായില്ലെന്നു് ഒരു കൂട്ടരും, അവർ ഗുരുപാദരുടെ ശത്രുക്കളിൽ ഉൾപ്പെട്ടവരാണെന്നു് വേറെ ഒരു കൂട്ടരും, അവർ ഘാതകന്മാരോ ചാരന്മാരോ ആയിരിക്കാമെന്നു മൂന്നാമതൊരു കൂട്ടരും, പറഞ്ഞുതുടങ്ങി. ഏതായാലും അവരെപ്പററി അന്വേഷിക്കാതിരുന്നാലും, അവർ പോയ വഴി ഏതാണെന്നു് ആരായാതെ മൌനം അവലംബിച്ചതും വളരെ ദോഷമായിത്തീരുമെന്നും ചിലർ അഭിപ്രായപ്പെട്ടു. എന്നാൽ ഇതിൽനിന്നെല്ലാം വിഭിന്നമായ മറെറാരു അഭിപ്രായവും അവിടെ അങ്കുരിക്കാതിരുന്നില്ല. അവർ വാസ്തവത്തിൽ സന്യാസികൾ തന്നെയായിരിക്കുമെന്നും, അല്ലാത്ത പക്ഷം സധീരന്മാരായി രാത്രിയിൽ അവിടെ വരുവാനും പോകുവാനും സന്നദ്ധരാവുകയില്ലായിരുന്നുവെന്നും മററു ചിലർ അഭിപ്രായപ്പെട്ടു. ഭയത്തിന്റെ ലേശം പോലും ഇല്ലാതെ രണ്ടു പേർ തനിച്ചു് ആ കൊടുംകാടുകളിൽകൂടി യാത്ര ചെയ്യുവാൻ, സർവ്വവും ത്യജിച്ച സർവ്വേശ്വര സാന്നിദ്ധ്യം ഉണ്ടായിട്ടുള്ള മഹാതപസ്വികൾക്കല്ലാതെ സാധിക്കയില്ലെന്നായിരുന്നു അവരുടെ ന്യായം. ഏതായാലും ആശ്രമത്തിൽ അത്യധികമായ ആശങ്കകൾ ഉണ്ടാകാതെയിരുന്നില്ല. നിർമ്മലൻ ഇപ്രകാരം പറഞ്ഞു. ഛേ! ആ യുവാവു സന്യാസിയേയല്ല. അയാളെ കണ്ടില്ലേ? ശുദ്ധ ലൌകികൻ തന്നെയാണ്. വേഷത്തിനും ഭാഷക്കും ചില മാററങ്ങൾ വരുത്തിയിട്ടുണ്ടു്. അത്രയുള്ളൂ. അവർ ചാരന്മാരായിരിക്കണം.

ഒന്നാമൻ—ശരിയാണ്. വൃദ്ധൻ യാതൊന്നും തന്നെ സംസാരിച്ചില്ലല്ലോ. ഒരു പക്ഷേ നമ്മൾ അറിഞ്ഞെങ്കിലോ എന്നു കരുതി മൌനം അവലംബിച്ചതായിരിക്കണം.

നിർമ്മലൻ—അതേ! വൃദ്ധൻ യാതൊന്നും തന്നെ സംസാരിച്ചില്ല. വർത്തമാനം പറഞ്ഞതെല്ലാം മറേറ ആളാണ്. ആ വാദത്തിന്റെ

ഒരുഭാഗത്തു് ഞാൻ കുതിരക്കുളമ്പിന്റെ പാടു് താണിരിക്കുന്നതായി കണ്ടു. അവർ ചാരന്മാർ തന്നെയാണു്. അന്യന്മാരെപ്പറ്റി അന്വേഷിക്കുകയെന്നതു സാധുക്കൾക്കു യോഗ്യമല്ല. അയാൾ ഭൂപാലരെപ്പറ്റി ഇത്രയും അന്വേഷിച്ചതെന്തിനാണു്?

ഒന്നാമൻ—അതു തന്നെയാണു ഞാൻ ചോദിക്കുന്നതു്. നമ്മൾ അവരെപ്പറ്റി അന്വേഷിക്കാതെയിരുന്നതു വലിയ മൌഢ്യമായിപ്പോയി. ഭൂപാലരുടെ ശ്രമങ്ങളെ നശിപ്പിക്കുന്നതിന്നു് പല വിരോധികളുമുണ്ടായിരിക്കാം. ചക്രവർത്തി തന്നെയും അദ്ദേഹത്തിന്റെ വിരോധിയാണല്ലോ. അവരെ പറഞ്ഞയച്ചതു വലിയ നാശമായിത്തീരും. സംശയമില്ല.

നിർമ്മലൻ—എന്തുതന്നെയായാലും ആചാര്യൻ വന്നു കഴിഞ്ഞാൽ ഉടൻ തന്നെ വിവരം ധരിപ്പിക്കണം. അദ്ദേഹം സംഗതികളുടെ പരമാർത്ഥം അറിഞ്ഞുകൊള്ളും.”

ഇപ്രകാരം ആശ്രമവാസികളിൽ പലരും അന്നു് അവിടെ ആഗതരായിരുന്ന അതിഥികളെപ്പറ്റി പല സംശയങ്ങളും പ്രകടിപ്പിച്ചു. പക്ഷെ അവർ ആരായിരിക്കാമെന്നോ, അവരുടെ വരവിന്റെ രഹസ്യം എന്തായിരിക്കാമെന്നോ നമ്മളെപ്പോലെ ആ സാധുക്കൾക്കും ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. മനുഷ്യർ പലപ്പോഴും അവർക്കു വരുന്ന മൌഢ്യങ്ങളെപ്പറ്റി അറിയുന്നതും വിവേകികളായിത്തീരുന്നതും, അബദ്ധങ്ങൾ പ്രവർത്തിച്ചതിനുശേഷം മാത്രമാണെന്ന [illegible] തത്വജ്ഞാനികളായിത്തീരുവാനുള്ള ആ ശിഷ്യന്മാരെല്ലാവരും ഉത്തമമായ ഒരു ഉദാഹരണം കൊണ്ടു് പ്രസിദ്ധമായി പഠിച്ചു.

പതിനെട്ടാം അദ്ധ്യായം

“പകൽ പകുതി കഴിഞ്ഞു. ഭാസ്കരൻ തൻ പ്രകടമരീചികളാൽ” ആഗ്രാപട്ടണത്തിലെ മഹമ്മദൻദേവാലയത്തിന്റെ ഉപരിഭാഗം ഉജ്ജ്വലമായിരിക്കുന്നു. അനേകം നാഴിക വഴിയാത്ര ചെയ്തു ക്ഷീണിച്ച അധ്വഗന്മാർ ആ ദേവാലയത്തിന്റെ മുൻവശത്തുള്ള വൃക്ഷങ്ങളുടെ ചുവട്ടിൽ വിശ്രമാർത്ഥം സ്ഥലം പിടിച്ചു കഴിഞ്ഞു. ദേവാലയത്തിന്റെ അന്തർഭാഗത്ത് ഒരു മാർബിൾത്തറയിൽ ഫാത്തിമ രാജപാതയിലേക്ക തന്നെ ഉററുനോക്കിക്കൊണ്ട് ഇരിക്കുന്നു. അവൾ ആരേയോ ഉൽക്കണ്ഠാപൂർവ്വം പ്രതീക്ഷിക്കുന്നുണ്ടെന്ന് അവളുടെ ഉഴറോടുകൂടിയ നയനങ്ങൾ പ്രസ്പഷ്ടമാക്കുന്നു. കുറച്ചു നേരം അപ്രകാരമിരുന്നതിനുശേഷം അവൾ ആത്മഗതമായിപ്പറഞ്ഞു. “അവൾ വരേണ്ടസമയം കഴിഞ്ഞിരിക്കുന്നുവല്ലോ. കത്തിൽ എഴുതിയിരുന്നതു് ഒന്നുകൂടി വായിച്ചുനോക്കാം” ഇങ്ങിനെ തീരുമാനിച്ച് അവൾ തന്റെ കൈവശമുണ്ടായിരുന്ന ഒരു ചെറിയ കത്തിനെ നിവർത്തി ഇപ്രകാരം വായിച്ചു.

“സോദരി! നീ അറിയിച്ചതുപോലെ മദ്ധ്യാഹ്നസമയത്തു ഞാൻ അവിടെ വരുന്നതാണ്. എന്നെ കാത്തു നീ അവിടെത്തന്നെ ഇരിക്കണം. എനിക്ക് അധികസമയം വർത്തമാനം പറയുവാൻ ഉണ്ടാകയില്ല. എങ്കിലും കഴിയുന്നത്ര സമയം ഒരുമിച്ചു ചിലവഴിക്കയും ചെയ്യാം’— എന്നു സ്വന്തം നസീറ”

ഈ കത്തിനെ ഫാത്തിമ പല പ്രാവശ്യവും ഉറക്കെ വായിച്ചു. ഒടുവിൽ അവൾ ഇങ്ങിനെ പറഞ്ഞു. “അവൾ നിശ്ചയമായും വരാതിരിക്കയില്ല. നസീറ പറഞ്ഞാൽ അതുപോലെ തന്നെ പ്രവർത്തിക്കയും ചെയ്യും.” ഇത്രയും പറഞ്ഞ് അവൾ വീണ്ടും ആ വഴിയിലേക്ക സൂക്ഷിച്ചുനോക്കി. അവളുടെ ഹൃദയം പലതരത്തിലുള്ള വികാരങ്ങളുടെ സമ്മർദ്ദം കൊണ്ടു സമാധാനരഹിതമായിരുന്നു. അവളുടെ പൂർവ്വചരിത്രത്തെപ്പററി അനുസ്മരിപ്പിക്കുന്ന പല ചിത്രങ്ങളും ആകാശത്തിൽ പ്രകാശിക്കുന്നതുപോലെ അവൾക്ക തോന്നി. എന്നാൽ തന്റെ ചരിത്രത്തെപ്പററി താൻ ആരോടെങ്കിലും പ്രസ്പഷ്ടമായി പറഞ്ഞിട്ടുണ്ടെങ്കിൽ അത് അവളെപ്പററി യാതൊന്നും അറിവാൻ പാടില്ലാത്ത നസീറയോടു മാത്രമാണെന്നുള്ള സമാധാനം അവളിൽ നല്ലതുപോലെ ഉണ്ടായിരുന്നു. മനുഷ്യജീവിതത്തിന്റെ ആന്തരമായ ചില രഹസ്യങ്ങളെ

പ്പററി സൂക്ഷ്മമായി ഗ്രഹിക്കുന്നതിനു വളരെ ചെറുപ്പത്തിൽ തന്നെ വിധിവൈപരീത്യം മൂലം തനിക്കു സാധിച്ചുവല്ലോ എന്ന് അവൾ അഭിമാനിച്ചു. എന്നാൽ, യുഗങ്ങൾ കൊണ്ടു കൂടിയും ജീവിതത്തെ പ്പററി പരിപൂർണ്ണമായി മനസ്സിലാക്കുവാൻ സാദ്ധ്യമല്ലെന്നും, തനിക്ക് ഇനിയും പലതും അറിയേണ്ടതായിട്ടുണ്ടെന്നും അവൾ വിശ്വസിച്ചിരുന്നു. താൻ കേവലം ഒരു ബാലികയായിരുന്നപ്പോൾ തന്നെ, തന്നെ, അനാഥയാക്കി തീർത്ത്, തന്റെ സൌഖ്യകേന്ദ്രങ്ങളിൽ നിന്നും വേർതിരിച്ച മഹാപാപി ആരായിരിക്കാമെന്നോ, അതിനുള്ള കാരണങ്ങൾ എന്തെല്ലാമായിരിക്കാമെന്നോ ഇനി അന്വേഷിക്കേണ്ട കാര്യമില്ല.

അവൾ ആ മാർബിൾത്തറയിൽതന്നെ അല്പനേരംകൂടി വിശ്രമിക്കുവാൻ തീരുമാനിച്ചു. വൈദികൻ അവിടെ വരാതിരിക്കയില്ലെന്നു ദൃഢമായി വിശ്വസിച്ചതിനാലാണ് അവൾ അവിടെ പതിവിനു വിപരീതമായി വിശ്രമിച്ചത്. അവളുടെ വിശ്രമം അവളെ മയക്കത്തിലേക്കു നയിച്ചിട്ടു. ഉറക്കത്തിന്റെ ആലസ്യമില്ലാതെയും, ജാഗ്രത്തിന്റെ ഉണർവ്വില്ലാതെയും സ്വപ്നരാജ്യത്തിലെ സുഖപ്രദേശങ്ങളിൽ കൂടി അവൾ ചരിച്ചുകൊണ്ടിരുന്നപ്പോൾ ആ ദേവാലയത്തിലേക്ക് ആരോ കയറിവരുന്ന പാദശബ്ദം കേട്ടതുപോലെ അവൾക്കു തോന്നിയെങ്കിലും, കണ്ണുകൾ തുറക്കുന്നതിനു മാത്രമുള്ള ഉണർവ്വ് അവൾക്കില്ലായിരുന്നതിനാൽ അവൾ അവിടെത്തന്നെ അനങ്ങാതെ കിടന്നതേയുള്ളു. അവിടെ ആഗതനായ ആൾ അവളുടെ അടുക്കൽ വന്നു.

“ആരാണ് ഈ കിടക്കുന്നത്? ഇവിടെ പുരോഹിതനില്ലയോ?” എന്നു ചോദിച്ചു. ആഗതന്റെ ശബ്ദം ശ്രവിച്ച മാത്രയിൽതന്നെ കണ്ണുകൾ തുറന്ന്, അവൾ അവിടെനിന്നും എഴുന്നേററു; വന്ന പുരുഷനെ വളരെ വിനയത്തോടുകൂടി ഒന്നു നോക്കി അവൾ അയാളോട് ഇങ്ങിനെ പറഞ്ഞു:—

“അദ്ദേഹം ഇവിടെ ഇല്ല. ഇന്നുവരികയും ഇല്ല. ഞാൻ ഇവിടത്തെ ഒരു പരിചാരികയാണ്. അവിടുന്ന് ആരാണെന്നു പറഞ്ഞാൽ അന്വേഷിച്ച വിവരം ഞാൻ, അദ്ദേഹം വരുമ്പോൾ അറിയിക്കാം.” ഇത്രയും പറഞ്ഞ് അവൾ യാതൊരു സങ്കോചവും കൂടാതെ അവിടെ നിന്നു. ഫാത്തിമയുടെ നിർദ്ദോഷമായ നിലയും, സൌമ്യമായ

വാക്കുകളും ഹൃദയംഗമമായി അഭിനന്ദിച്ചുകൊണ്ട് ആഗതൻ ഇങ്ങിനെ മറുപടി പറഞ്ഞു.

"ഞാൻ ആരാണെന്നു നിങ്ങളെ അറിയിച്ചാൽ വിശേഷിച്ചു ഫലങ്ങളൊന്നും ഉണ്ടാകാനില്ല. എന്നാൽ എനിക്ക് പുരോഹിതനോടു പറയുവാനുള്ള സംഗതികൾ—" ഇങ്ങിനെ പറഞ്ഞ് അയാൾ അർദ്ധോക്തിയിൽ വിരമിച്ചു. ഉടൻതന്നെ ഫാത്തിമ ചോദിച്ചു. "ശരിയാണ്. എനിക്ക് നിങ്ങൾ ആരാണെന്നു അറിവാനുള്ള മോഹം കൊണ്ടു ചോദിച്ചതല്ല. നിങ്ങളുടെ വരവിനെപ്പററി അദ്ദേഹത്തെ ധരിപ്പിക്കണമെങ്കിൽ, നിങ്ങളെപ്പററിയുള്ള വിവരം ആവശ്യമായതു കൊണ്ടു മാത്രം ചോദിച്ചതാണ്."

ആഗതൻ—അതെനിക്കു മനസ്സിലായി. പക്ഷെ ഞാൻ അദ്ദേഹത്തെ കണ്ടുപറഞ്ഞുകൊള്ളാം. നിങ്ങൾ ഏതാണെന്നും പേർ എന്താണെന്നും പറയുവാൻ വിരോധമുണ്ടോ?

ഫാത്തിമ—എന്റെ പേരും മററും നിങ്ങൾ അറിഞ്ഞതുകൊണ്ടും വിശേഷിച്ചു ഫലങ്ങളൊന്നും ഉണ്ടാകാനില്ല. പിന്നെ എന്തിനാണ് അതെല്ലാം അന്വേഷിക്കുന്നതു്?

ആഗതൻ—ചിലപ്പോൾ ഫലമുണ്ടായെന്നും വരാം.

ഫാത്തിമ—എന്നാൽ ചിലപ്പോൾ ദോഷമുണ്ടായിയെന്നും വരാം.

ആഗതൻ—നിങ്ങൾ ഒരുമാതിരി വർത്തമാനം പറയുന്നല്ലോ.

ഫാത്തിമ—മനുഷ്യരായാൽ അങ്ങിനെ പല ദോഷങ്ങളുണ്ട്. കുറെ ഉള്ള വർത്തമാനം പറയും.

ആഗതൻ—ഞാൻ ആരാണെന്നു നിങ്ങൾക്കു മനസ്സിലായില്ല.

ഫാത്തിമ—സ്നേഹമുണ്ടായിട്ട് അതിരററാട്ട് പറയുകയും വേണ്ട.

ആഗതൻ—പറയുന്നതു സ്നേഹമുണ്ടാകാനാണെങ്കിലോ?

ഫാത്തിമ—ഇല്ല, ആ കച്ചവടം ഈ മതിൽക്കെട്ടിനുള്ളിൽ നടത്താറു പതിവില്ല.

ആഗതൻ—നിങ്ങൾ ഒരു സ്ത്രീയല്ലേ?

ഫാത്തിമ—നിങ്ങൾ ഒരു പുരുഷനല്ലേ?

ആഗതൻ—നിങ്ങൾക്കു മര്യാദ വേണ്ടേ?

ഫാത്തിമ—നിങ്ങൾക്കു മാനം വേണ്ടേ?

ആഗതൻ—ഒരു മാതിരി നല്ല സാധനങ്ങൾ കണ്ടാൽ അതിനെപ്പററി ചോദിക്കയോ ഒരുപക്ഷെ ആഗ്രഹിക്കയോ ചെയ്യുന്നതു സാധാരണയല്ലേ?

ഫാത്തിമ—അങ്ങിനെ ചോദിക്കയോ ആഗ്രഹിക്കയോ ചെയ്താൽ വല്ലതുമൊക്കെ നല്ല സമ്മാനങ്ങൾ വാങ്ങിക്കൊണ്ടുപോകയും സാധാരണമല്ലേ?

ആഗതൻ. ഞാൻ നിങ്ങളോടു വേറൊന്നും ചോദിച്ചില്ല.

ഫാത്തിമ—ഞാൻ നിങ്ങളോടു വേറൊന്നും പറഞ്ഞില്ല.

ആഗതൻ—നിങ്ങൾ പുരുഷന്മാരോടു പെരുമാറാൻ പഠിച്ചിട്ടില്ല.

ഫാത്തിമ—എനിക്ക് അതൊന്നും പഠിക്കേണ്ട. നിങ്ങൾ പഠിപ്പിക്കയും വേണ്ട.

ആഗതൻ—ആകട്ടെ; ഞാൻ ആരാണെന്നു നിങ്ങൾക്ക് അറിയാമോ?

ഫാത്തിമ—ഉവ്വ്, ഇപ്പോൾ മനസ്സിലായി. നിങ്ങൾ ഒരു നല്ല വണ്ടിക്കാളയാണെന്നു എനിക്കു മനസ്സിലായി. അല്ലെങ്കിൽ ഹിന്ദുപുരാണത്തിലെ ഹനുമാന്റെ ജാതിക്കാരനായിരിക്കണം.

ആഗതൻ—നിങ്ങൾ എന്നെ അധിക്ഷേപിച്ചാൽ അനുഭവം അറിയാമോ?

ഫാത്തിമ—അറിയാം. നിങ്ങൾ എന്റെ ഭർത്താവാകുക എന്ന നിർഭാഗ്യമെനിക്ക് ഉണ്ടാകയില്ലെന്ന് എനിക്കറിയാം.

ആഗതൻ—ശരി, നിങ്ങൾ അപ്രകാരമുള്ള നിർഭാഗ്യത്തിൽ ചെന്നുചാടാതിരിക്കട്ടെ. ഞാൻ പറഞ്ഞതെല്ലാം ക്ഷമിക്കണം. എന്നാൽ പോകട്ടെ."

ഇത്രയും പറഞ്ഞ് ആഗതൻ അവിടെനിന്നും മറഞ്ഞു. അദ്ദേഹം അവിടെനിന്നും പോയ ഉടൻതന്നെ ഫാത്തിമയുടെ ഉള്ളിൽ പല സംശയങ്ങളും ഉണ്ടായി. ആഗതന്റെ മുഖം അവൾക്കു [illegible] പരിചയമുള്ളതുപോലെ തോന്നി. ഒരു മഹമ്മദന്റെ വേഷമാണ് അയാൾ ധരിച്ചിരുന്നതെങ്കിലും, അയാൾ ഒരു ഹിന്ദുവിനെപ്പോലെ ഭാഷ ഉപയോഗിച്ചിരുന്നതായി അവൾ അറിഞ്ഞു. വ്യായാമംകൊണ്ടു തടിച്ചുകൊഴുത്ത ദേഹം അദ്ദേഹമൊരു വീരയോദ്ധാവായിരിക്കാമെന്നു വിളിച്ചുചൊല്ലി. കാഴ്ചയിൽ സുമുഖനും, പ്രസന്നാലാപത്തോടുകൂടിയവനും ആയ ആ യുവാവിനോടു താൻ പറഞ്ഞ വാക്കുകളെല്ലാം അയാളെ വേദനിപ്പിച്ചിരിക്കാമെന്നു വിചാരിച്ചു ഫാത്തിമ പശ്ചാത്തപിക്കാതിരുന്നില്ല. അദ്ദേഹം അത്രപെട്ടെന്ന് അന്തർദ്ധാനം ചെയ്യുമെന്നും അവൾ വിചാരിച്ചില്ല. അല്പനേരംകൂടി അദ്ദേഹവുമായി വർത്തമാനം പറയേണ്ടതായിരുന്നുവെന്നും, അദ്ദേഹം

ചോദിച്ചതിനെല്ലാം സൌമ്യമായി ഉത്തരം പറയണമെന്നു തന്റെ കടമയായിരുന്നുവെന്നും അവൾ പിന്നീട വിചാരിച്ചു. പക്ഷെ കാൎയ്യം കഴിഞ്ഞു കരഞ്ഞതുകൊണ്ടു ഫലമില്ലെന്നുള്ള പാഠം അവൾ ഇന്നു ആദ്യമായിട്ടായിരിക്കാം ഹൃദിസ്ഥമാക്കിയതു്. ആഗതൻ പോയതെങ്ങോട്ടാണെന്നറിവാനുള്ള ഉൽകണ്ഠയോടുകൂടി അവൾ രാജപാതയിലേക്കു സൂക്ഷിച്ചു നോക്കി. തത്സമയം നദീറ അവളുടെ അടുക്കലേക്കു വേഗത്തിൽ ഓടിവരുന്നതായി കണ്ടു. നദീറയെ കണ്ടസമയം ഫാത്തിമയുടെ ഹൃദയത്തിൽ ഉണ്ടായിരുന്ന വിചാരങ്ങളെല്ലാം അവളെ വിട്ടുപിരിഞ്ഞു. നദീറ ദേവാലയത്തിന്റെ നടയിൽ കയറിയപ്പോൾ ഫാത്തിമ അവളുടെ അടുക്കൽ എത്തിക്കഴിഞ്ഞു. അവളെ തന്റെ രണ്ടു കൈകൊണ്ടും താങ്ങി എടുക്കുവാൻ ആരംഭിച്ചപ്പോൾ നദീറ പറഞ്ഞു. "ഫാത്തിമേ! നീ എന്നെ കാത്തു വിഷമിച്ചിരിക്കാം. ഞാൻ താമസിച്ചുവെങ്കിൽ ക്ഷമിക്കണേ! കൊട്ടാരത്തിൽനിന്നും ഇറങ്ങുവാൻ സമയമില്ല."

ഫാത്തിമ—അതെ! എനിക്കറിയാം. കൊട്ടാരത്തിൽനിന്നും ഇറങ്ങുവാൻ ഇപ്പോൾ വിഷമമുള്ള കാലമാണ്. എന്തുചെയ്യാം! രാജ്ഞീത്വവും പരിചാരികാത്വവും ഒന്നിച്ചു നോക്കുവാൻ പ്രയാസമാണ്; പക്ഷെ നീ ഭാഗ്യവതിയാണല്ലോ.

ഫാത്തിമയുടെ വാക്കുകളിൽ അടങ്ങിയിരിക്കുന്ന ആന്തരാൎത്ഥം മനസ്സിലാക്കിയ നദീറ തടുത്തുകൊണ്ടു പറഞ്ഞു.

"മതി! മതി! നീ എന്നെ അധിക്ഷേപിക്കയും മറ്റും വേണ്ട. നിനക്കും ഇങ്ങിനെ ഒരു കാലം ഉണ്ടായേക്കും. അപ്പോൾ എന്റെ സംഗതികൾ പരമാൎത്ഥമാണെന്നു ബോദ്ധ്യമാകും. ആകട്ടെ. നീ അല്പനേരം ഇവിടെത്തന്നെ ഇരിക്കുക. ഞാൻ മാതാവിനെ ഒന്നു കണ്ടോട്ടെ."

നദീറ അവളുടെ മാതാവ് ദീൎഘനിദ്ര കൊള്ളുന്ന മണ്ഡപത്തിലേക്കു പോയി. ഇത്തവണ, മണ്ഡപം, വളരെ കമനീയമായി, ആരുടെയോ ശുശ്രൂഷക്കു് പാത്രമായിരുന്നതുപോലെ ശോഭിക്കുന്നതു കണ്ടു് നദീറ അത്ഭുതപ്പെട്ടു. എന്നാൽ ആ മണ്ഡപത്തിലേക്കു അവളുടെ പാദങ്ങൾ അടുക്കുന്തോറും അവളുടെ ആഹ്ലാദങ്ങളെല്ലാം അവളെ വിട്ടുപിരിഞ്ഞു. അവളുടെ നയനങ്ങൾ അശ്രുപൂൎണ്ണങ്ങളായിതീൎന്നു. അവൾക്കവിടെ വരുന്ന എല്ലാ ദിവസവും അതിനെ ബാഷ്പവൎഷത്താൽ പരിശുദ്ധമാക്കാറുള്ളതുപോലെ അന്നു അല്പനേരം അ

ളും അശ്രുധാരയെ പ്രവഹിപ്പിച്ചു തന്റെ സങ്കടത്തെ അടക്കി. അതിനുശേഷം അവരും ഫാത്തിമ നില്ക്കുന്ന സ്ഥലത്തേക്കു ചെന്നു. അവർ രണ്ടുപേരുംകൂടി വീണ്ടും മണ്ഡപത്തിൽ വന്നിരുന്നു. നസീറ ഇപ്രകാരം പറഞ്ഞു:—

“ഫാത്തിമേ! നീ എന്തിനാണ് എന്നെ അന്വേഷിച്ചതു്? ആരാണ് ആ മണ്ഡപത്തിനെ ഇത്ര വൃത്തിയാക്കി പൂജിക്കുന്നതു്. കൊട്ടാരത്തിൽനിന്നും സ്വാതന്ത്ര്യമായി ഇറങ്ങിവരുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ ഞാൻ എല്ലായ്പോഴും നിന്നെ വന്നു കാണാതിരിക്കുന്നതു്. എന്റെ തെററിനെ നീ ക്ഷമിക്കുമല്ലോ?”

ഫാത്തിമ—ശരിയാണ്. നീ ഭാഗ്യമുള്ളവളാണെന്നു ഞാൻ പറഞ്ഞില്ലേ?

നസീറ—നിനക്ക് എന്തൊക്കെയും ഭാഗ്യമുണ്ട്.

ഫാത്തിമ—അതിനുള്ള ഭാഗ്യം പ്രത്യക്ഷമായതു് ഇപ്പോഴും നിനക്കാണ്. എന്റെ ഭാഗ്യങ്ങളെല്ലാം അനേകവർഷങ്ങൾക്കു മുമ്പേ നശിച്ചുപോയിയെന്ന പരമാർത്ഥം ഞാൻതന്നെ പറഞ്ഞിട്ടുണ്ടല്ലോ. അതുകണ്ടു, നീ വല്ല സംഗതിയും അന്വേഷിച്ചുവോ?

നസീറ—സഖി! എനിക്ക് തീരെ സൌകര്യം കിട്ടിയില്ല. കുമാരന്റെ അടുക്കൽ ചോദിക്കുന്നതിനു സമയവും സൌകര്യവും ഉണ്ടാകാതെ കഴിയുമോ?

ഫാത്തിമ—അതു ശരിയാണ്! പക്ഷേ, അദ്ദേഹത്തിനോടു ചോദിച്ചാൽ പരമാർത്ഥമറിയാം.

നസീറ—പക്ഷേ നീ പറഞ്ഞതിനുശേഷം എനിക്കു ചില സംശയങ്ങൾ തോന്നിത്തുടങ്ങിയിട്ടുണ്ട്. അന്തഃപുരത്തിൽ കുമാരൻ ആരെയും പാർപ്പിച്ചിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ സ്നേഹത്തിന് പാത്രമായിട്ടു് ഒരു സ്ത്രീ ഗൂഢമായി ഒരു സ്ഥലത്തു താമസിക്കുന്നുണ്ടെന്നാണ് എന്റെ അറിവു്.

ഫാത്തിമ—അവളുടെ നാമം എന്താണ്?

നസീറ—മെഹർ എന്നാണ്.

ഫാത്തിമ—എന്നാൽ എന്റെ സംശയങ്ങളെല്ലാം അടിസ്ഥാനരഹിതമാണ്. അപ്രകാരം ഒരു പേർ കേൾക്കുന്നതുതന്നെയും എന്റെ ജീവിതത്തിൽ ആദ്യമായിട്ടാണ്. മാതാവു മരിക്കുന്ന കാലത്തു് ഏതോ ഒരു യുവതി മാതാവിന്റെ കൂടെ യുദ്ധം ചെയ്യുന്നുണ്ടായിരുന്നുവെന്നാണ് എന്റെ പിന്നീടുള്ള അറിവു്. ആ സ്ത്രീയേതാണെന്നാണ് അറിയേണ്ടതു്.

നസീറ — എന്താണോ ആർക്കറിയാം. മെഹറിനെ ഞാൻ ഒരിക്കൽ കണ്ടിട്ടുണ്ട്. ഹാ! ഇത്ര സൌന്ദര്യമുള്ള സ്ത്രീകളെ ഇതിനു മുമ്പു ഞാൻ അന്തഃപുരത്തിലെന്നല്ല, മറെറാരേടത്തുംതന്നെ കണ്ടിട്ടില്ല. കുമാരനു യോജിച്ചതുതന്നെയാണ്.

ഫാത്തിമ — നീ അംബികാദേവിയെ കണ്ടപ്പോഴും ഈ വാക്കുകൾതന്നെ പറഞ്ഞിട്ടുണ്ട്. ആദ്യം കാണുമ്പോൾ എല്ലാം നല്ലതുതന്നെയാണ്.

നസീറ — ഫാത്തിമേ! മെഹർ സൌന്ദര്യത്തിൽ അനുഗ്രഹീതയാണെന്നു പറഞ്ഞാൽ ദേവി അങ്ങിനെയല്ലായെന്നു അർത്ഥമുണ്ടോ?

ഫാത്തിമ — അപ്പോൾ നിൻെറ സൌന്ദര്യമോ?

നസീറ — അതു് നീ എന്നെ അപഹസിക്കുകയല്ലേ? നിന്നെപ്പോലെയുള്ള സൌന്ദര്യം മെഹറിനുണ്ട്; ഒരുപക്ഷെ നീതന്നെയാണു അവളെന്നു ഞാൻ ഉദ്ദേശിച്ചു.

നസീറയുടെ ഈ വാക്കുകൾ കേട്ട് ഫാത്തിമ ഒന്നു പൊട്ടിച്ചിരിച്ചു. അവൾ പറഞ്ഞു:— "എന്നെപ്പോലുള്ള സൌന്ദര്യമാണു അവൾക്കുള്ളതെങ്കിൽ അവൾ വിരൂപതന്നെയാണ്. എന്നാൽ നീ അതിനെപ്പററി അധികം ആലോചിക്കയും മററും വേണ്ട. എനിക്കു നിന്നോടു ചില സവിശേഷസംഗതികൾ പറയാനുണ്ട്."

നസീറ — എന്താണ്? വേഗം പറയുക. എന്നെക്കൊണ്ടു സാധിക്കുന്നതാണെങ്കിൽ എല്ലാം നടക്കുമെന്നു വിചാരിക്കാമല്ലോ.

ഫാത്തിമ — നീ എന്നെ അപഹസിക്കുമോ?

നസീറ — ഞാൻ നിശ്ചയമായും അപഹസിക്കയില്ല. കാര്യം പറയുക.

ഫാത്തിമ — എന്നാൽ ഞാൻ പറയട്ടെ—

നസീറ — അതിനു് ഇനി നല്ല നേരം നോക്കുകയും മററും വേണോ! പറയുക!

ഫാത്തിമ — കൊട്ടാരത്തിൽ ചക്രവർത്തി ഉണ്ടോ?

നസീറ — ഇതു ചോദിക്കാനാണോ ഇത്രമാത്രം ആലോചിച്ചതു്?

ഫാത്തിമ — അല്ല. അദ്ദേഹത്തിൻെറ വിശ്വസ്തരായ—

നസീറ — നീ പറയുന്നതൊന്നും എനിക്കു മനസ്സിലാവുന്നില്ല. തെളിയിച്ചു പറയുക.

ഫാത്തിമ — അദ്ദേഹത്തിൻെറ അനുചരന്മാരെ നീ അറിയുമെന്നു പറഞ്ഞല്ലോ.

നസീറ—ഉവ്വ്. ഞാൻ കുമാരസേനനെപ്പററി കേട്ടിട്ടുണ്ടെന്നു നിന്നോടു തന്നെ പറഞ്ഞതല്ലേ? പിന്നെ എന്തിനാണ് ഇത്രയും ലജ്ജിക്കുന്നതു്?

നസീറ ഇത്ര പെട്ടെന്ന് ഇങ്ങിനെ പറയുമെന്നു ഫാത്തിമ ഓത്തിരുന്നില്ല. കുമാരസേനൻ എന്ന നാമം ഫാത്തിമയുടെ മുഖത്തെ കുനിയിച്ചു. അവളുടെ കവിൾത്തടങ്ങളിൽ ശ്രീമയുടെ വെള്ളവീശൽ ഭംഗിയായി വെളിപ്പെട്ടു. ഇതുവരെ അവളുടെ വദനബിംബത്തിൽ അങ്കുരിച്ചിട്ടില്ലാത്ത ഒരു വൈവൎണ്ണ്യം പ്രത്യക്ഷമായി. ഉടനെത്തന്നെ നസീറ ചോദിച്ചു:—

"ഫാത്തിമേ! ഇന്നാൾ നീ എന്നോടു ചോദിച്ചതെല്ലാം ഇന്നു ഞാൻ നിന്നോടു ചോദിച്ചുവെന്നു കരുതുക. പക്ഷെ, ഞാൻ അലങ്കാരപ്രയോഗങ്ങൾ പഠിച്ചിട്ടില്ല. നേരെതന്നെ ചോദിക്കാം. ഫാത്തിമേ, നീ കുമാരസേനനെ കാണുവാൻ ആഗ്രഹിക്കുന്നുണ്ടോ?"

ഈ ചോദ്യം ഫാത്തിമയെ എത്രമാത്രം ആനന്ദിപ്പിക്കയും ലജ്ജിപ്പിക്കയും ചെയ്തു എന്നു പറയുക സാദ്ധ്യമല്ല. ഫാത്തിമ പറഞ്ഞു:—"നസീറേ! നീ അന്യഥാ ശങ്കിക്കേണ്ട. ഞാൻ അദ്ദേഹത്തെ കണ്ടിട്ടുണ്ടെന്നു പറഞ്ഞതേ ഉള്ളു. നീ സംബന്ധങ്ങൾ കൂട്ടിച്ചേക്കാൻ സമത്ഥതന്നെയാണ്."

നസീറ—ശരിയാണ്; നീ സംബന്ധങ്ങൾ കൂട്ടിച്ചേക്കാനും സമത്ഥയാണ്. എനിക്ക് ഇതെല്ലാം ഇപ്പോൾ മനസ്സിലായി.

ഫാത്തിമ—ഇന്ന് ഇവിടെ ഒരാൾ വന്നിരുന്നു. അയാൾ എന്നോടു പിണങ്ങിപ്പോയി.

നസീറ—ഒരുപക്ഷെ കുമാരസേനൻ തന്നെ ആയിരിക്കാം.

ഫാത്തിമ—ഛേ! നീ എന്നെ അധിക്ഷേപിക്കുകയാണ്. വന്നതു് വേറെ ആരോ ആണ്.

നസീറ—ആകട്ടെ. നീ എന്തിനാണു പിണങ്ങിയതു്?

ഫാത്തിമ—അയാൾ എന്നോടു കടന്നു വത്തമാനം പറഞ്ഞു. അയാളെ ഞാൻ അറിയുകില്ലേ എന്നു ചോദിച്ചു. എനിക്കറിയേണ്ടെന്നു ഞാൻ പറയുകയും ചെയ്തു.

നസീറ—ഞാൻ ആയിരുന്നെങ്കിൽ അങ്ങിനെയൊന്നും പറയുകയില്ലായിരുന്നു.

ഫാത്തിമ—നീ കൊട്ടാരത്തിലെ വിശേഷങ്ങളൊന്നുംതന്നെ പറഞ്ഞില്ലല്ലോ. നീ ആകപ്പാടെ ഒരു പുതിയ സ്ത്രീയായിക്കാണുന്നു.

അങ്ങിനെ അല്ലാതെ വരുമോ? പേരുതന്നെയും മാറിക്കഴിഞ്ഞുവല്ലൊ.”

ഇതു കേട്ട് നസീറയുടെ കൈയിലിരുന്ന ഒരു കല്ലിനെ അവൾ ഫാത്തിമയുടെ നേരെ എറിഞ്ഞുകൊണ്ടു പറഞ്ഞു:—

“നീ എന്നെ അധിക്ഷേപിക്കയും മറ്റും വേണ്ട. എന്റെ കാര്യം പറയുന്നതിനെക്കാൾ ഭേദം നീ നിന്റെ കാര്യത്തെപ്പററി പറയുന്നതാണ്. നമ്മൾ രണ്ടുപേരും തമ്മിൽ എന്താണു ഭേദം?

ഫാത്തിമ—അതു ഞാൻ പറഞ്ഞുതരാം. ഒന്നു കുമാരനും മറ്റതു കുമാരസേനനും. ഈ വ്യത്യാസമുണ്ട്. ആകട്ടെ. ഞാൻ അതെല്ലാം പറഞ്ഞതുകൊണ്ട് നിനക്ക് ഇപ്പോൾ ജയമായി. പക്ഷെ, സെലിം എന്നും നിന്റെ സ്വന്തമാണ്. കുമാരസേനൻ ആരുടെ സ്വന്തമാണെന്ന് ആർക്കറിയാം. നീ കുമാരനെ അതിൽ പിന്നീടു കണ്ടില്ലേ? എന്നോടു പരമാർത്ഥം പറയുക; ഞാൻ നിന്റെ ആനന്ദത്തെപ്പററി കേട്ടിട്ടെങ്കിലും സന്തുഷ്ടയാകട്ടെ. ഹാ, നസീറേ! നീ തന്നെയാണു സൌഭാഗ്യവതി. ഞാൻ ദുർഭഗ തന്നെയാണ്.

നസീറ—ഞാൻ കുമാരനെ രണ്ടു പ്രാവശ്യം കണ്ടു.

ഫാത്തിമ—ശരിയാണ്! കണ്ടതിന്റെ അടയാളം ഇതാ സാധുവിന്റെ കവിൾത്തട്ടിൽ പതിഞ്ഞുകിടക്കുന്നു.

ഇതു കേട്ടു നസീറയുടെ മുഖം താണുകഴിഞ്ഞു. അവൾ നിലത്തു നോക്കിക്കൊണ്ടു ഒന്നു മന്ദഹസിച്ചു. ഫാത്തിമ ഫലിതസമ്മിശ്രമായി വാസ്തവസംഗതിയെപ്പററി പറഞ്ഞതു നസീറക്കു വളരെ രുചിച്ചുവെങ്കിലും ലജ്ജകൊണ്ട് അവൾ ഫാത്തിമയെ ശാസിച്ചു. താൻ പറഞ്ഞതു് ഒരുപക്ഷെ നസീറയെ വേദനിപ്പിച്ചിരിക്കാമെന്നു കരുതി ഫാത്തിമ നസീറയുടെ കൈ തലോടിക്കൊണ്ടു ഇങ്ങിനെ പറഞ്ഞു. “സഖീ! ഞാൻ പറഞ്ഞതു ക്ഷമിക്കണേ! നിന്നോടുള്ള സകല സ്വാതന്ത്ര്യങ്ങളും വിനിയോഗിച്ചാണു ഞാൻ അപ്രകാരം ചോദിച്ചതു്. നിന്നോടല്ലാതെ ഈ ജന്മത്തിൽ ഫാത്തിമ ആരോടാണ് നേരമ്പോക്കുകൾ പറയുന്നതു്!!”

ഫാത്തിമയുടെ വിനയസമ്പൂർണ്ണമായ മൊഴികൾ നസീറയുടെ ഹൃദയത്തെ അലിയിച്ചു:—“സോദരി! നീ പറയുന്നതിലെല്ലാം ഇലോം സന്തോഷമേയുള്ളു. പക്ഷെ, പെട്ടെന്നു ഞാൻ വേറെ ചില സംഗതികളെപ്പററി ഓർത്തു നിന്നെ ശാസിച്ചുപോയതാണ്. അല്ലാതെ എന്നോടു ഈ ജന്മത്തിൽ ചോദിക്കാനും മറ്റാരുമില്ലല്ലൊ. അതുകൊണ്ടു ഞാൻ പറഞ്ഞിട്ടുള്ളതിനെ നീ കാര്യമായി കരുതരുതു്.

ഞാൻ നിന്നോടു ചോദിക്കട്ടെ, നീ കുമാരസേനനെ എവിടെവെച്ചാണു കണ്ടിട്ടുള്ളതു്? അതൊന്നു എന്നോടു പറയൂ.

ഫാത്തിമ—നീ പകരം വീട്ടുവാൻ സമത്ഥയാണല്ലൊ! എങ്കിലും നീ ചോദിച്ച സ്ഥിതിക്ക് ഞാൻ പരമാത്ഥം പറയാം. ഇന്നാൾ നീ ഇവിടെ വന്നിരുന്നപ്പോൾ കുമാരസേനൻ പല സംഗതികളും അറിവാൻ ശ്രമിക്കുന്നുണ്ടെന്നും, അതെല്ലാം പിന്നീടു പറഞ്ഞുകൊള്ളാമെന്നും എന്നെ അറിയിച്ചില്ലെ. അതെല്ലാം പറയുക.

നളിനി—ഞാൻ ഇനിയും പൂർണ്ണമായി സകലതും ഗ്രഹിച്ചിട്ടില്ല. കുമാരസേനൻ ചക്രവൎത്തിയുടെ ആജ്ഞയെ അനുസരിച്ചു വിദ്യാപതി യോഗീശ്വരനെ ഹനിച്ച കറാക്കാരെ തേടിനടക്കുകയാണ്. അവിടത്തെ രാജ്ഞിയുടെ രണ്ടു പെൺമക്കൾ എവിടെയോ പാക്കുന്നുണ്ടെന്നും, വിദ്യാപതിയുടെ പുത്രൻ ശിവപ്രസാദ് ഗൂഢമായി ഒളിച്ചു താമസിക്കുന്നുവെന്നും ചക്രവൎത്തി അറിഞ്ഞിട്ടുണ്ടെന്നും, അനേകവർഷങ്ങളായി ചക്രവൎത്തി അതിനെപ്പററി അറിയുന്നതിനായി കുമാരസേനനെ നിയോഗിച്ചിരിക്കയാണെന്നും അന്തഃപുരത്തിൽനിന്നും ഞാൻ അറിഞ്ഞിട്ടുണ്ടു. അതുകൊണ്ടാണു, ഞാൻ, കുമാരസേനൻ നിന്നെ എവിടെവെച്ചാണു കണ്ടു പരിചയപ്പെട്ടിട്ടുള്ളതു എന്നു ചോദിച്ചതു്. ചക്രവൎത്തിയുടെ സ്വർണ്ണപ്പെട്ടി പോയതിനെപ്പററിയും അന്വേഷണമുണ്ട്. നീ ഇതൊന്നും പുറത്തു പറയരുതു്.

ഫാത്തിമ—എനിക്കു ഈ വിവരങ്ങളൊന്നുംതന്നെ അറിഞ്ഞുകൂടാ. ആദ്യം പറഞ്ഞ സംഗതികളെപ്പററി പുരോഹിതൻ എന്നോടു പറഞ്ഞിട്ടുള്ളതിനാൽ എനിക്കറിയാം. അതുകൊണ്ടാണു ഞാൻ പരിചാരികയെന്ന നിലയിൽ ഇവിടെത്തന്നെ താമസിക്കുന്നതു്. കുമാരസേനനെ ആദ്യം കണ്ടതു എങ്ങിനെയാണെന്നു ഞാൻ പറയാം. എന്നെ ഒരുകൂട്ടം മഹമ്മദന്മാർ ആ പെരുങ്കാട്ടിൽനിന്നും രക്ഷിച്ചതായി ഞാൻ പറഞ്ഞുവല്ലോ. ആ കാട്ടിന്റെ അടുക്കൽ ഒരു ഹിന്ദുക്ഷേത്രമുണ്ടു. ആ ക്ഷേത്രത്തിൽ ചില സന്ന്യാസിമാരും മററും താമസമുണ്ടായിരുന്നു. സന്ന്യാസിമാരുടെ കൂട്ടത്തിൽനിന്നും ഒരു ദിവ്യൻ തൽസമയം ആ കാട്ടിൽവന്നു. അവിടെനിന്നിരുന്ന മഹമ്മദന്മാരുടെ കൂട്ടത്തിൽ കുമാരസേനനുംകൂടി ഉണ്ടായിരുന്നുവെന്നു എനിക്കു പിന്നീടു മനസ്സിലായി. കുമാരസേനൻ എന്നെ എടുത്തു, അവിടെ

ആഗതനായ ശിഷ്യനെ ഏല്പിച്ചു. അദ്ദേഹമാണ് പിന്നീട് പുരോഹിതനെ ഏല്പിച്ച് എന്നെ ഇവിടെ താമസിപ്പിച്ചതു്.

നസീറ—നീ കുമാരസേനനെ അതിൽപിന്നീട് കണ്ടില്ലേ?

ഫാത്തിമ—നിന്റെ അമ്മ മരിച്ച ദിവസം അദ്ദേഹം സെലിംരാജകുമാരനോടൊന്നിച്ച് ഇവിടെ വന്നിരുന്നതായി ഞാൻ കണ്ടു. പക്ഷെ ഞങ്ങൾ തമ്മിൽ യാതൊന്നും സംസാരിച്ചില്ല. എനിക്ക വളരെ ആഗ്രഹമുണ്ട്.

നസീറ—അതു സാധാരണമാണ്. കന്യകൾ പല കാര്യങ്ങൾക്കും ഭയമുണ്ട്.

ഫാത്തിമ—നസീറേ! നീ വിചാരിച്ചാൽ സകലതും നടക്കും.

നസീറ—എന്നാൽ നീ എന്റെ പക്കൽ ഒരു കത്തിനെ തരുക. ഞാൻ അതു കുമാരസേനനെ ഏൽപിക്കാം. ഞാൻ നേരമ്പോക്ക പറയുകയാണെന്നു നീ ധരിക്കേണ്ട. അപ്രകാരം ഒരു കത്തു തരുകയാണെങ്കിൽ ഞാൻ അതിനെ അവിടെ ഏൽപിച്ച് കുമാരസേനനെ ഇങ്ങോട്ട് പറഞ്ഞയക്കാം. കത്തിൽ നീ വേറെ യാതൊന്നും എഴുതേണ്ട. അദ്ദേഹത്തെ ഒന്നു കാണണമെന്നുമാത്രം എഴുതിയാൽമതി. ഒരു പക്ഷെ അദ്ദേഹം ഉടനെ ഇവിടെ വരും. അപ്പോൾ—" ഇത്രയും പറഞ്ഞ് നസീറ ഫാത്തിമയുടെ മുഖത്തുനോക്കി ഒന്നു ചിരിച്ചു. ഉടൻതന്നെ ഫാത്തിമ ചോദിച്ചു. "അപ്പോൾ—എന്താണ്?" ഇതു കേട്ട് നസീറ ഫാത്തിമയെ ആശ്വസിപ്പിച്ചു. "ഒന്നുമില്ല. അപ്പോൾ എല്ലാം ശരിയാകും. ഏതായാലും നീ വേഗം കത്തെഴുതുക. എനിക്ക പോകുവാൻ നേരമായി." നസീറ ഇപ്രകാരം പറയുന്നതുകേട്ട് ഫാത്തിമ ഉടൻതന്നെ അവളുടെ മുറിയിൽചെന്ന് ഒരു കത്തെഴുതി അതിനെ ഭദ്രമായി മടക്കി നസീറയുടെ കൈവശമേല്പിച്ചു. അതിനെ കയ്യിൽ ഏൽപ്പിച്ചതിനുശേഷം "നസീറേ! എഴുത്തു മറ്റാരുടേയും കയ്യിൽ പോകരുതേ! വളരെ സൂക്ഷിക്കണം." എന്നു മാത്രം പറയുകയും ചെയ്തു.

കത്തിനെ കയ്യിൽ വാങ്ങിയപ്പോൾതന്നെ തന്റെ കയ്യിൽനിന്നും ഒരിക്കൽ നഷ്ടപ്പെട്ട മറ്റൊരു കത്തിനെപ്പറ്റി അവൾ ഓർത്തു, എഴുത്തു സൂക്ഷിക്കുവാൻ താൻ അപ്രഗത്ഭയാണെന്നു നസീറ ഫാത്തിമയോടു പറഞ്ഞു ഉടനേതന്നെ അതെന്തുകൊണ്ടാണെന്നു ഫാത്തിമ ചോദിച്ചു. അപ്പോൾ രാജകുമാരൻ അല്പദിവസങ്ങൾക്കുമുൻപ് തന്റെ കയ്യിൽതന്ന കത്ത് എവിടെയോ പോയവിവരം നസീറ അവളെ ധരിപ്പിച്ചു. "ഏതായാലും ഇതിനെ ഞാൻ നല്ലതുപോലെ സൂ

ക്ഷിച്ചുകൊള്ളാം.'' എന്നു പറഞ്ഞ് നഷീറ അവിടെനിന്നും യാത്രയാകുവാൻ ആരംഭിച്ചു. നഷീറയെ വിട്ടു പിരിയുന്നതിൽ ഫാത്തിമയ്ക്കുണ്ടായിരുന്ന ദുഃഖം അതിരുകടന്നു ബാഷ്പരൂപത്തിൽ പ്രവഹിച്ചു. ഓരോ ദിവസം പോകുന്തോറും അവർതമ്മിൽ ഉള്ള പ്രേമം വർദ്ധിച്ചുവരുന്നതുപോലെയും, അവരുടെ സാഹോദര്യം യഥാർത്ഥസാഹോദര്യത്തിലെന്നപോലെതന്നെ ദൃഢമാകുന്ന മാതിരിയും ഫാത്തിമയ്ക്ക് തോന്നി. തോരാതെ കണ്ണുനീർവാർക്കുന്ന ഫാത്തിമയെ ഒരു വിധത്തിൽ ആശ്വസിപ്പിച്ചതിനുശേഷം നഷീറ ഇങ്ങിനെ പറഞ്ഞു. "ഞാൻ ഉടനെതന്നെ എഴുത്തിനെ കുമാരസേനന്റെ കയ്യശം ഏല്പിക്കാം—എന്നാൽപോയിവരട്ടെ.'' ഇപ്രകാരം യാത്രപറഞ്ഞ് നഷീറ രാജപാതയിലേക്ക് ഇറങ്ങി അതിത്വരയോടുകൂടി നടന്നുതുടങ്ങി. നഷീറ തന്റെ ദൃഷ്ടികളിൽനിന്നും മറഞ്ഞതോടുകൂടി ഫാത്തിമക്ക് അവളുടെ ആനന്ദം നഷ്ടമായതുപോലെ തോന്നി. അവൾ സാവധാനത്തിൽ നടന്നു നഷീറയുടെ മാതാവ് ശയിക്കുന്ന മണ്ഡപത്തിന്റെ അടുക്കലുണ്ടായിരുന്ന മുറിയിൽ പോയി ഇരുന്നു. അവൾ ഇങ്ങിനെ ആലോചിച്ചു. "ഹാ! നഷീറേ! നീ ലോകത്തിൽവെച്ച് ഏററവും നിഷ്കളങ്കയാണ്. സംശയമില്ല. കേവലം ഒരു സ്ത്രീയായ എനിക്ക നിന്നിൽ ഇത്ര ദൃഢമായ പ്രേമം അങ്കുരിക്കാമെങ്കിൽ നിന്നോടു അടുത്തു പെരുമാറുവാൻ ഭാഗ്യം സിദ്ധിക്കുന്ന ഏതു പുരുഷനാണ് നിന്റെ പ്രീതിക്കുവേണ്ടി ജീവനെക്കൂടി ത്യജിക്കാതിരിക്കുന്നത്? നിന്റെ കോമളമായ ആകാരസൌന്ദര്യവും, പാവനമായ മനസ്ഥിതിയും ഈ ലോകത്തിന് യോജിച്ചുവയല്ല. കാപട്യസമ്പൂർണ്ണവും, അപൂർണ്ണവും ആയ ഈ ലോകത്തിനെക്കാൾ ഉപരിയായ ദിവ്യലോകത്തിൽ ജീവിക്കേണ്ട നീ ഇവിടെ ജനിച്ചതു സ്രഷ്ടാവിന്റെ സൂക്ഷ്മക്കുറവുകൊണ്ടായിരിക്കണം. നൈർമ്മല്യത്തിന്റെ പരിധിക്ക് അനധീനമായി സ്ഥിതിചെയ്യുന്ന ഈ ലോകം നീ മൂലം അനർഘമായിത്തീർന്നിരിക്കാം. ഓരോ ദിവസവും കഴിയുന്തോറും നിന്റെ അംഗസൌഷ്ഠവം പതിന്മടങ്ങ് വർദ്ധിക്കുക മാത്രമാണല്ലോ ചെയ്യുന്നതു്. ആ വിശിഷ്ടരൂപത്തെ എന്നും എന്നും കാണുന്നതിനെങ്കിലും സാധിക്കുന്നവരാണ് സൌഭാഗ്യം തികഞ്ഞവർ. അസൂയയോ, അഹങ്കാരമോ, അനാവശ്യാഡംബരങ്ങളോ ഇല്ലാതെ, ആദ്യം ഏതുപ്രകാരം നീ ആഗ്രായിൽ—അതേ ഈ ദിവ്യസങ്കേതത്തിൽ പ്രവേശിച്ചുവോ, അതുപോലെതന്നെ ഇന്നും നീ സ്ഥിതിചെയ്യുന്നതിൽ അത്ഭുതപ്പെടുവാനല്ലേ വഴിയുള്ളു! വെറുതെയല്ല, അക്ബർ ചക്രവർത്തികൂടി നിന്നെ ആരാധിക്കുന്നതു്. നീ അദ്ദേഹത്തിന്റെ ആരാധന

ക്ക് അത്ഥത്തോയാണ്." ഫാത്തിമ ഇപ്രകാരമെല്ലാം വിചാരിച്ചുകൊണ്ടു അല്പനേരംകൂടി അവിടെ ഇരുന്നു. അവളുടെ ഹൃദയം വികാരവീചികളിൽകൂടി ചരിച്ചുകൊണ്ടിരുന്നതിനാൽ പ്രാത്ഥനക്കുള്ള സമയമായതു് അവൾ അറിഞ്ഞില്ല. എങ്കിലും സൂര്യനസ്തമിച്ചതിനുശേഷം ഇരുട്ട് അല്പാല്പമായി ദിങ്മുഖത്തിൽ വ്യാപിച്ചതായി അറിഞ്ഞു അവൾ അവിടെനിന്നും എഴുന്നേററ് പോയി. ഇനി നമുക്ക നസീറയുടെ സ്ഥിതി എന്താണെന്ന് നോക്കാം.

ഫാത്തിമയെ വിട്ടുപിരിയുന്നതിൽവെച്ച് നസീറക്കു വളരെ വ്യസനമുണ്ടായിരുന്നെങ്കിലും കൊട്ടാരത്തിൽ താൻ സമയത്തിന് ഹാജരാകാത്തപക്ഷം അതു പല ആശങ്കകൾക്കും കാരണമായെങ്കിലോ എന്ന് ഉദ്ദേശിച്ച് ദ്രുതഗതിയായി നടന്ന് അവൾ അന്തഃപുരത്തിലെത്തി. എന്നാൽ അന്തഃപുരത്തിൽ തത്സമയം ദേവി ഇല്ലായിരുന്നെന്നും, ചക്രവത്തി കല്പിച്ചിട്ട് ദേവി മുഖം കാണിക്കുവാനായി മണിമാളികയിലേക്ക് പോയിരിക്കയാണെന്നും നസീറക്കു മനസ്സിലായി. സെലിം രാജകുമാരൻ മെഹർ ഒന്നിച്ചു ഗൃഹമുറിയിൽ സല്ലപിക്കുന്നുണ്ടെന്നും അവൾ അറിഞ്ഞു. ഇപ്രകാരം എല്ലാവരും ഓരോ പ്രത്യേക ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതുകൊണ്ട് ഫാത്തിമയുടെ കത്ത് കുമാരസേനനെ കണ്ട് ഏല്പിക്കുന്നതിനുള്ള അവസരം ലഭ്യമായിരിയെന്ന് ഉദ്ദേശിച്ച് അവൾ അദ്ദേഹം ഇരിക്കുന്ന മുറിയിലേക്ക് തിരിച്ചു. സാധാരണയായി കുമാരസേനനും മററ് അനുചരന്മാരും വിശ്രമിച്ചിരുന്നതു് അക്ബർചക്രവത്തിയുടെ മണിമാളികയുടെ അടുക്കൽ വിചിത്രമായി നിർമ്മിക്കപ്പെട്ടിരുന്ന മന്ദിരത്തിലാണ്. അവൾ അവിടെ ചെന്നപ്പോൾ കുമാരസേനൻ അകത്തു് ഒരു സ്വകാര്യക്കത്തെഴുതിക്കൊണ്ടിരിക്കയായിരുന്നു. അവിടെ വിശേഷിച്ച് മററാരുംതന്നെ ഉണ്ടായിരുന്നില്ല. അദ്ദേഹം ജോലികഴിഞ്ഞ് പുറത്തുവരുമ്പോൾ കണ്ടു സംസാരിക്കാമെന്നുദ്ദേശിച്ചു നസീറ അവിടെത്തന്നെ നിന്നു. അല്പനേരം കഴിഞ്ഞപ്പോൾ കുമാരസേനൻ എഴുന്നേററ് മണിയറയുടെ വാതിൽ തുറന്നു. തത്സമയം നസീറ അവിടെ ഉൽക്കണ്ഠയോടുകൂടി നില്ക്കുന്നതായി അദ്ദേഹം കണ്ടു. നസീറയെ കണ്ടു ചിരിച്ചുകൊണ്ട് കുമാരസേനൻ മൃദുവായ സ്വരത്തിൽ ചോദിച്ചു.

"ആരാണ് ഈ വന്നു നില്ക്കുന്നതു്? അനാർക്കലിയോ? എന്തിനാണ് ഭവതി ഇവിടെ വന്നു നില്ക്കുന്നതു്? ഒരു പക്ഷേ എന്നെ കാണുവാനു നില്ക്കുകയല്ലായിരിക്കാം. എങ്കിൽ ക്ഷമിക്കണം." എന്നാവും വിന

യഥാൎത്ഥത്തിൽ കുമാരസേനൻ പറയുന്നതുകേട്ട് നളിനി ധൈൎയ്യമവലം
ബിച്ചു പറഞ്ഞു.

"സോദര! അവിടത്തെ ഒന്നു കാണേണമെന്നുദ്ദേശിച്ചുതന്നെയാ
ണ് ഞാൻ ഇവിടെ നില്ക്കുന്നതു്. അല്ലാതെ മറെറാരുദ്ദേശവും എനി
ക്കില്ല. എനിക്കു ചില പ്രത്യേകസംഗതികളെപ്പററി അല്പനേരം
സംസാരിച്ചാൽ കൊള്ളാമെന്നുണ്ട്. അവിടത്തെ അനുവാദമുള്ള പ
ക്ഷം ഞാൻ അതിന് ഭാഗ്യമുള്ളവളാണെന്നുണ്ടെങ്കിൽ അവിടുന്നു ക
നിഞ്ഞരുളണം." നളിനിയുടെ മൃദുലസ്വരം അതിധീരനായ ആ പുരു
ഷസിംഹത്തെ വളരെ സന്തോഷിപ്പിച്ചു. അയാൾ ഇപ്രകാരം പറ
ഞ്ഞു:—

"സോദരീ! നീ എന്തുപറവാനാണ് ആരംഭിക്കുന്നതെന്ന് എനി
ക്ക് അറിവില്ല, എങ്കിലും അല്പകാലം ഞാൻ നിനക്ക് അധീനനാണ്,
എന്നാൽ അകത്തേക്കു കയറിവരിക." ഇത്രയും പറഞ്ഞ് അവളെ
മുറിത്തിനകത്തേക്കു വിളിച്ചു. യാതൊരു മടിയുംകൂടാതെ അവൾ
അകത്തേക്കു കയറിച്ചെന്നു. കുമാരസേനൻ അവിടെ ഒരു കസാലയിൽ
ഇരുന്ന്, നളിനിയോടു, മറെറാരു കസാലയിൽ ഇരിക്കുവാൻ ആജ്ഞാ
പിച്ചുവെങ്കിലും അവൾ ഇരുന്നില്ല. അവൾ വിനീതയായി ഇങ്ങിനെ
പറഞ്ഞു. "ഞാൻ അവിടത്തെ അടുക്കൽ ചില രഹസ്യസംഗതികളെ
പ്പററി ചോദിക്കണമെന്നുദ്ദേശിക്കയാണ്. അക്കാൎയ്യങ്ങൾ യാതൊന്നും
അവിടുന്ന് യാതൊരുവനോടും പറയുകയില്ലെന്നു എന്നോടു പ്രതി
ജ്ഞചെയ്യുമോ?" നളിനിയുടെ ഈ വാക്കുകൾ കുമാരസേനന് അ
ത്ര രസിച്ചില്ല. എങ്കിലും അയാൾ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു:—
"എന്നോടു എന്തുതന്നെ പറഞ്ഞിരുന്നാലും ഞാൻ അതിനെപ്പററി
അന്യനോട് പറയുന്നവനല്ല. പക്ഷെ അപ്രകാരം പ്രതിജ്ഞചെയ്യുക
യെന്നതു് എന്റെ ജീവിതത്തിൽ നടന്നിട്ടില്ലാത്ത ഒരു സംഭവമാ
ണ്. അതുകൊണ്ട് നീ എന്നെ വിശ്വസിക്കുന്നെങ്കിൽമാത്രം സംഗതി
കൾ തുറന്നു പറയുക, അതിനെപ്പററി പുറത്തുപറയാതിരിക്കേണ്ടതു്
എന്റെ കടമയാണെന്ന് എനിക്കു അറിവുള്ള കാലത്തോളം പ്രതി
ജ്ഞയുടെ ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല." താൻ പറ
ഞ്ഞ വാക്കുകൾ കുമാരസേനനിൽ നീരസത്തെ ജനിപ്പിച്ചിരിക്കുമെ
ന്നു തീൎച്ചപ്പെടുത്തി നളിനി പറഞ്ഞു. "അവിടുന്ന് എന്റെ അവിവേ
കത്തെ ക്ഷമിക്കണം. ഞാൻ കാൎയ്യം പറയാം. അവിടത്തെ ഒരു യുവ
തി കാണുവാൻ ആഗ്രഹിക്കുന്നുണ്ട്." ഇതു കേട്ടപ്പോൾ ഏററവും ആ

ളുത്തത്തോടുകൂടി അദ്ദേഹം ചോദിച്ചു. "എന്തു്! എനിക്കു മനസ്സിലായില്ല. എന്നെ ഒരു യുവതി അന്വേഷിക്കുന്നുണ്ടെന്നോ? എന്നെ ഒരു സ്ത്രീ അന്വേഷിക്കുന്നുണ്ടെന്നോ നീ പറയുന്നതു്?

നസീറ—അതേ! അവിടത്തെ, യുവതിയായ ഒരു സ്ത്രീ അന്വേഷിക്കുന്നുണ്ടെന്നു തന്നെയാണു്.

കുമാര—ആകട്ടെ, ആ നിർഭാഗ്യവതിയേതാണു്? കൊട്ടാരത്തിനുള്ളിൽതന്നെയോ?

നസീറ—അല്ല, കൊട്ടാരത്തിനു പുറത്തു് ആ മഹമ്മദൻ ദേവാലയത്തിലാണു്.

കുമാര—എല്ലാം അത്ഭുതകരമായിരിക്കുന്നു. ദേവാലയത്തിൽ ഒരു സ്ത്രീയോ? അവൾക്കു് എന്നെ അന്വേഷിച്ചിട്ടുള്ള കാര്യമാണുള്ളതു്?

നസീറ—അതേ! അവൾ ആ ദേവാലയത്തിൽതന്നെ താമസിക്കുന്നു! വളരെക്കാലമായി അവിടെ താമസിക്കുകയാണു്. ഞാൻ ആഗ്രായിൽ വന്ന കാലത്തു് അവളോടൊന്നിച്ചു് ആ ദേവാലയത്തിലാണു താമസിച്ചിരുന്നതു്.

കുമാര—അതെല്ലാം എനിക്കറിയാം. നിന്റെ മാതാവു് മരിച്ചദിവസം ഞാൻ രാജകുമാരനും ഒരുമിച്ചു് അവിടെ വന്നിരുന്നു. പക്ഷെ മറെറ സ്ത്രീയേതാണു്? എന്താണു് അവളുടെ നാമധേയം? ജാതി എന്തു്? എന്തിനാണു് എന്നെ അന്വേഷിക്കുന്നതു്?

നസീറ—അവൾ ഒരു ഹിന്ദുസ്ത്രീയാണു്. എന്നാൽ മഹമ്മദസ്ത്രീയുമാണു്. അവളെ അവളുടെ ബാല്യകാലത്തിൽ, ആപത്തിൽനിന്നു രക്ഷിച്ചതു അവിടുന്നുതന്നെയാണെന്നു് എന്നോടു പറയുക ഉണ്ടായി. ഹേമന്തിനിയെന്നാണു് അവളുടെ നാമധേയം. അവിടത്തെ അന്വേഷിക്കുന്നതു എന്തിനായിട്ടാണെന്നുമാത്രം എന്നോടു പറഞ്ഞിട്ടില്ല. പക്ഷെ എന്റെ കയ്യശം ഒരു കത്തു് തന്നയച്ചിട്ടുണ്ടു്. അതു സ്വീകരിക്കാമെങ്കിൽ ഞാൻ അതിനെ അവിടെ ഏൽപിക്കാം.

ഇതു കേട്ടു കുമാരസേനൻ അനല്പമായ ജിജ്ഞാസയോടുകൂടി കൈ നീട്ടിക്കൊണ്ടു പറഞ്ഞു. "ആകട്ടെ; എഴുത്തു് ഇങ്ങോട്ടുതരിക, ഞാൻ വായിച്ചുനോക്കിയതിനുശേഷം സംഗതികൾ പറയാം. അതിൽ ഗൌരവമുള്ള സംഗതികൾ വല്ലതുമുണ്ടെങ്കിൽ ഉടൻ നിറവേറണമല്ലോ."

കുമാരസേനൻ കൈകൾനീട്ടിയ ഉടനെ, നസീറ, തന്റെ ഉള്ളംകൈകളിൽ ദൃഢമായി ചുരുട്ടി പിടിച്ചിരുന്ന കത്തു് കുമാരസേനന്റെ

കൈയ്യിൽ കൊടുത്തു. നസീറയുടെ മുഖത്തു ചാരിതാർത്ഥ്യത്തോടുകൂടിയ മന്ദസ്മിതം പ്രകാശിച്ചു. കുമാരസേനൻ കത്തു കൈയ്യിൽ കിട്ടിയ ഉടനെതന്നെ അതു വായിച്ചു നോക്കി. വായിച്ചതെന്തായിരിക്കാമെന്നുള്ള ജിജ്ഞാസ നസീറയ്ക്കുണ്ടായിരുന്നെങ്കിലും കുമാരസേനൻ അതു നോക്കി മനസ്സിലാക്കുക മാത്രം ചെയ്തിരുന്നതിനാൽ നസീറയ്ക്കു യാതൊന്നും തന്നെ അറിവാൻ കഴിഞ്ഞിരുന്നില്ല. എഴുത്തു വായിച്ചതിനു ശേഷം അദ്ദേഹം ഇപ്രകാരം പറഞ്ഞു. "അനാർക്കലീ! നീ അനേകസംഗതികളുടെ കേന്ദ്രമായിട്ടാണ് ഇപ്പോൾ സ്ഥിതി ചെയ്യുന്നത്. നിന്റെ സഖിയെ കാണുന്നതിനു തല്ക്കാലം നിവൃത്തിയില്ല. എങ്കിലും ഞാൻ അവളെ കണ്ടു കൊള്ളാം. അവൾ എന്നെ കാണുവാൻ ആവശ്യപ്പെടുന്നത് എന്തിനായിരിക്കാം.?"

നസീറ — അതു ഞാൻ അറിയുന്നതെങ്ങിനെ? സുന്ദരികളായ യുവതികൾ വിശ്രുതന്മാരായ യുവാക്കന്മാരെ തേടുന്നതിന്റെ രഹസ്യമൊന്നും എനിക്കറിവാൻ പാടില്ല. അവൾ ഒരു സുന്ദരിയാണ്. അവിടുന്ന് ഒരു വീരയോദ്ധാവും.

കുമാര — നീ അങ്ങിനെയൊന്നും പറയേണ്ട. നിനക്കു കാര്യമൊക്കെ അറിയാം.

നസീറ — ഞാൻ പറഞ്ഞതു ക്ഷമിക്കണം. അവിടുന്നു വിചാരിച്ചാൽ മാത്രം സാദ്ധ്യമാകുന്ന സംഗതികളെപ്പറ്റി അറിയണമെന്ന് അവൾ ആഗ്രഹിക്കുന്നുണ്ട്.

കുമാര — എന്തായാലും ഇനി നിങ്ങൾ പൊറുത്തുകൊള്ളണം. അവൾ ഉദ്ദേശിക്കുന്ന രഹസ്യങ്ങളെല്ലാം തല്ക്കാലം ഇങ്ങിനെ തന്നെ ഇരിക്കയേ ഉള്ളു. അതിനെപ്പറ്റി യാതൊന്നും വെളിയിൽ പ്രസ്താവിക്കത്തക്കതല്ല. ചക്രവർത്തി തന്നെയും പല പ്രാവശ്യവും ചോദിച്ചിട്ടും ഞാൻ അതൊന്നും പറഞ്ഞിട്ടില്ല. എന്നു മാത്രമല്ല ഇപ്പോൾ അവരെപ്പറ്റി എല്ലാം പറയുന്നതു നാശകരമാണെന്നും എനിക്കറിയാം. ഈവക സംഗതികളിൽ ഒന്നും തന്നെ നീ തലയിടാതിരിക്കുന്നതാണു നല്ലത്. ഞാൻ വിചാരിച്ചിരുന്നെങ്കിൽ ഇതിനു മുമ്പ് സംഗതികൾ എല്ലാം തന്നെ വെളിവാകുമായിരുന്നു. തല്ക്കാലം ഫാത്തിമ അവിടെത്തന്നെ ജീവിക്കട്ടെ. ഞാൻ വേണ്ടതു കരുതിക്കൊള്ളാം." കുമാരസേനൻ പറഞ്ഞതെല്ലാം ശ്രദ്ധിച്ചു ശ്രവിച്ച ശേഷം നസീറ സാവധാനത്തിൽ പറഞ്ഞു

“അവിടുന്ന സംഗതികളെല്ലാം ഗൂഢമായിത്തന്നെ ഇരിക്കുവാൻ
ആഗ്രഹിക്കുന്നെങ്കിൽ ഞാൻ ആരോടും പറയുന്നില്ല. പക്ഷെ അവളു
ടെ തല്ക്കാലസ്ഥിതി വളരെ സങ്കടകരമായ ഒന്നാണ്. അതിനു വേ
ണ്ട നിവൃത്തി ഉണ്ടാകണമെന്ന മാത്രമാണ് എനിക്ക് അപേക്ഷയുള്ള
ത്. എന്നാൽ എനിക്ക് അന്തഃപുരത്തിൽ പോകുവാൻ നേരമായി.
ഞാൻ പോകട്ടെ.” നബീറ ഇത്രയും പറഞ്ഞ് അവിടെ നിന്നും അ
ന്തഃപുരത്തിലേക്ക യാത്രയാകുകയും ചെയ്തു.

തന്റെ സഖിയും വാത്സല്യനിധിയും വിനീതയുമായ ഫാത്തി
മയ്ക്കു വേണ്ടി എന്തെങ്കിലും ഉപകാരം ചെയ്യേണ്ട സന്ദർഭംഗതമാക
മെങ്കിൽ അതു പാഴാക്കാതെ വിശുദ്ധമനഃസ്ഥിതിയോടുകൂടി താൻ
താമസിക്കവേ, ഇപ്രകാരമെങ്കിലും ഒരു സഹായം ചെയ്യുവാൻ സാ
ധിച്ചതു തന്റെ ഭാഗ്യം തന്നെയാണെന്ന നബീറ ആഹ്ളാദിച്ചു. എ
ന്ന മാത്രമല്ല, കുമാരസേനൻ ഫാത്തിമയെ, പോയിക്കണ്ടു കൊള്ളാ
മെന്ന പറഞ്ഞതിൽ വെച്ച് നബീറയ്ക്കുണ്ടായിരുന്ന ആനന്ദം അളവററ
തു തന്നെയായിരുന്നു.

നബീറ യാത്ര പറഞ്ഞ് അന്തഃപുരത്തിലേക്ക പോയപ്പോൾ കു
മാരസേനൻ ഫാത്തിമയുടെ കത്തിനെ നിവൎത്തി ഒന്നുകൂടി വായി
ച്ചു. അയാൾ പല സംഗതികളെപ്പററിയും ആലോചിച്ചു കൊണ്ടി
രുന്നു. ഫാത്തിമയുടെ കത്തിൽ വിശേഷിച്ചു യാതൊരു കാൎയ്യത്തെപ്പ
ററിയും പ്രസ്താവിച്ചിരുന്നില്ലെങ്കിലും, നയജ്ഞയായ ആ സ്ത്രീ എഴു
ത്തിൽ ചില വിശേഷവാചകങ്ങൾ അതിൽ എഴുതിയിരുന്നതു് അ
യാളുടെ ശ്രദ്ധയെ ആകർഷിച്ചു. അനേകരഹസ്യസംഗതികൾ തനി
ക്കറിവുണ്ടെന്നും അവയിലൊന്നെങ്കിലും സമ്പൂൎണ്ണമായ വിവരങ്ങളെ
നൾകുന്നില്ലെന്നും തന്മൂലം ഓരോന്നിനെപ്പററിയും വിവിധരീത്യാ
ആലോചിക്കേണ്ടതാണെന്നും അയാൾ തീർച്ചയാക്കി. അയാൾ ഇ
പ്രകാരമാലോചിച്ചു. “ചക്രവൎത്തി എനിക്ക തന്നിട്ടുള്ള അവധികളെ
ല്ലാം കഴിഞ്ഞു. പക്ഷെ എന്തു ഫലം? അറിയാവുന്ന സംഗതികളെ
മാത്രം ആസ്പദമാക്കി വല്ലതും പ്രവൎത്തിച്ചാൽ നിരപരാധിനികളായ
സ്ത്രീകൾ വധശിക്ഷക്ക പാത്രമായേക്കും. അയേഷയെപ്പററി ശരി
യായി ഗ്രഹിച്ചില്ലെങ്കിൽ കാൎയ്യങ്ങൾ ഒരിക്കലും തെളിയുകയില്ല.
സ്വൎണ്ണപ്പെട്ടി കണ്ടു കിട്ടിയിട്ടുമില്ല. എന്നു മാത്രമല്ല നമ്മെപ്പററിയു
ള്ള രഹസ്യങ്ങളും ഞാൻ തന്നെ അന്വേഷിച്ചറിയേണ്ടതായിട്ടാണി
രിക്കുന്നതു. ചക്രവൎത്തി ഇന്ന് എന്നെ വിളിച്ചു ചോദിക്കുന്നതാണെ

നു അറിയിച്ചിട്ടുണ്ടല്ലോ. എങ്കിലും ഞാൻ കിട്ടിയ വിവരങ്ങൾ അദ്ദേഹത്തെ ധരിപ്പിക്കുന്നതു വളരെ ആലോചിച്ചു മാത്രം വേണ്ടിയിരിക്കുന്നു. യോഗീശ്വരനെ ഇപ്പോൾ കാണാനില്ലാതായി. അദ്ദേഹമാണല്ലോ എന്നെപ്പറ്റി പലതും പറയാറുണ്ടെന്നും മറ്റും ധരിപ്പിച്ചതു്. അന്വേഷണത്തെപ്പറ്റിയുള്ള വിവരങ്ങൾ ധരിപ്പിക്കുന്നതിന്നു പര്യാപ്തമായ കത്തുകൾ അദ്ദേഹത്തിന്റെ പക്കലുണ്ടെന്നും മറ്റും എന്നോടു പറഞ്ഞിട്ടുള്ളതു വെറും കളവാണെങ്കിൽ അയാൾ കാറവഞ്ചിതനെയായിരിക്കണം; അയാൾ കൊലപാതകിയായിരിക്കണം. എന്നെ വഞ്ചിച്ചു് അയാൾ രക്ഷ പ്രാപിക്കാൻ ഉദ്ദേശിച്ചിരുന്നിരിക്കാം. അങ്ങിനെയാണെങ്കിൽ ഞാൻ ഇത്രയും ദാക്ഷിണ്യം കാണിക്കയില്ലായിരുന്നു. അതെല്ലാം ചക്രപാണി അറിഞ്ഞിരിക്കാം. അയാൾ എന്നെ വഞ്ചിക്കയാണു് ചെയ്തിട്ടുള്ളതെങ്കിൽ പിന്നെ ഞാൻ അയാളെ നല്ല പാഠം പഠിപ്പിക്കാതിരിക്കയില്ല. ആ പുരോഹിതനെ വിശ്വസിക്കുന്നവനായാളല്ലെന്നു് ഇപ്പോൾ മനസ്സിലാകുന്നുവല്ലോ? എന്തായാലും റാണിമ വളരെ നിർമ്മലയാണു്. അല്ലെങ്കിൽ ഇന്നുവരെ അവൾ ആ ദേവാലയത്തിൽത്തന്നെ താമസിക്കുവാൻ അനുഗ്രഹിക്കയില്ലായിരുന്നു. അവളുടെ ഗുണൌദാര്യം അതിശയനീയംതന്നെയാണു്. സംസാരം കേട്ടാൽ അവൾ അതിധീരയാണെന്നു് ആർക്കും ഗ്രഹിക്കുവാൻ കഴിയും. ഒരു പക്ഷേ നാഗിറയും അവളുമായിട്ടുള്ള സ്നേഹം, അവർ ഇരുപേരുടേയും സ്ഥിതി ഒരുപോലെയായിട്ടായിരിക്കാം ഇത്ര ദൃഢമായി തീർന്നിട്ടുള്ളതു്. അവൾ വളരെ ബുദ്ധിയുള്ളവളാണു്. നാഗിറയുടെ ഇന്നത്തെ സ്ഥിതിയെപ്പറ്റി ചക്രപാണി ധരിച്ചിരിക്കാം. അദ്ദേഹം അതിന്റെ യഥാർത്ഥമായ അവസ്ഥയെപ്പറ്റി അറിവാൻ കാത്തിരിക്കുന്നുണ്ടാവാം. അതിനെപ്പറ്റി അറിഞ്ഞുകഴിഞ്ഞാൽ പിന്നെ അവളുടെ ഇന്നത്തെ നില പോകും. ഹാ! ഞാൻ സോഫിയുടെ കയ്യിൽനിന്നും ആ കത്തിനെ വാങ്ങി സൂക്ഷിച്ചതു് എത്രയോ നന്നായി! അല്ലെങ്കിൽ ഇന്നുതന്നെ വിവരങ്ങളെല്ലാം പുറത്തു വരുമായിരുന്നല്ലോ. രാജകുമാരൻ ഈ കത്തിലെല്ലാം എഴുതിയതു് വളരെ മോശമായി. സോഫി സംഗതികളുടെ വാസ്തവം ഗ്രഹിച്ചിട്ടില്ല. എഴുത്തു് ആരുടേവകയാണെന്നു് അവൾ സൂക്ഷ്മമായി ഗ്രഹിച്ചിട്ടില്ലെന്നതു പരമാർത്ഥമാണു്. അവളുടെ ഉദ്ദേശങ്ങളെല്ലാം വേറെയാണു്. അവൾക്കതു് ആരാമത്തിൽ നിന്നും കിട്ടിയതാണെന്നല്ലേ പറഞ്ഞതു്. എന്തായാലും അതും ഭദ്രമായിരിക്കട്ടെ. കാര്യങ്ങളെല്ലാം എന്തു രീതിയിലാണു കലാ

ശിക്ഷനാരതെന്ന് ആൎക്കറിയാം." കുമാരസേനൻ ഇപ്രകാരം ഓരോ
ന്നു വിചാരിച്ചുകൊണ്ടിരിക്കുമ്പോഠം ചക്രവൎത്തി തിരുമനസ്സിൽ നി
ന്നും അദ്ദേഹത്തെ അന്വേഷിക്കുന്നുവെന്ന് ഒരു പരിചാരകൻ വന്ന്
അറിയിച്ചു. ഉടൻ തന്നെ തന്റെ കൈവശം ഉണ്ടായിരുന്ന കത്തി
നെ അവിടെ ഒരു പെട്ടിയിൽ സൂക്ഷിച്ചു വെച്ചതിന്റെ ശേഷം കുമാ
രസേനൻ ചക്രവൎത്തിയുടെ സ്വകാൎയ്യമുറിയിലേക്കു പോയി.

അംബികാദേവിയുമായുള്ള സംഭാഷണം കഴിഞ്ഞു ദേവിയെ
യാത്രയാക്കിയശേഷം അക്ബർ അദ്ദേഹത്തിന്റെ സ്വകാൎയ്യമുറി
യിൽ വന്നിരുന്നു. അദ്ദേഹത്തിന്റെ മുഖം പതിവിനു വിപരീതമാ
യി, അത്യുഗ്രമായി ഉജ്ജ്വലിച്ചു; മുത്തുമണികഠം പോലെയുള്ള വി
യൎപ്പുതുള്ളികഠം ആ രാജസിംഹത്തിന്റെ ഗണ്ഡസ്ഥലങ്ങളിലും നെററി
ത്തടത്തിലും പൊടിഞ്ഞിട്ടുണ്ട്. വിശാലവും സജീവവും ആയ നേത്ര
ങ്ങളിൽ നിന്നും തീപ്പൊരി പാറുന്നതു പോലെ കുമാരസേനനു തോ
ന്നി. തന്റെ തല കിരീടത്തെ വലത്തു കൈയ്യിൽ വെച്ചു തലോടി
ക്കൊണ്ട് ആലോചനയിൽ മുഴുകിയിരിക്കുന്ന ചക്രവൎത്തിയുടെ മുൻ
പിൽ ധീരസാഹസ്രത്തെ ഒററ നോട്ടംകൊണ്ടു ദൂരീകരിച്ചിട്ടുള്ള കുമാ
രസേനനു അന്നായും പ്രത്യക്ഷനാകുവാൻ ധൈൎയ്യമുണ്ടായിരുന്നില്ല.
കുമാരസേനൻ, തന്റെ പാദസ്പൎശംമൂലം ഉണ്ടാകുന്ന ശബ്ദത്തെ കൂടി
അടക്കിക്കൊണ്ടു മന്ദം നടന്നു ചക്രവൎത്തി ഇരിക്കുന്ന മുറിയുടെ വാതു
ക്കലെത്തി ഉപചാരങ്ങഠം ചെയ്തു വണങ്ങി നിന്നു. കുമാരസേനനെ
കണ്ടു ഉടൻ തന്നെ അക്ബർ ഇപ്രകാരം പറഞ്ഞു.

"കുമാര! നിന്റെ ഉദാസീനത നമ്മെ വളരെ വിഷമിപ്പിച്ചിരി
ക്കുന്നു. ഇന്നു നാം നിന്നെ കഠിനമായി ശാസിക്കണമെന്നുദ്ദേശിക്ക
യാണ്. നീ നമ്മെ വഞ്ചിക്കുന്നവനെന്നാണ നമ്മുടെ വിശ്വാസം.
ഇത്രയും കാലമായിട്ട്, നിന്നെ ഞാൻ ചുമതലപ്പെടുത്തിയിട്ടുള്ള സം
ഗതികളെപ്പററി അറിവാൻ നീ അപ്രാപ്തനാണെങ്കിൽ അക്ബർ
പാദുഷായുടെ കൊട്ടാരത്തെ നീ അശുദ്ധപ്പെടുത്തിയതിനു നിന്റെ
കണ്ഠരക്തംതന്നെ പ്രായശ്ചിത്തമായിത്തീരട്ടെ."

ഇടിവെട്ടുന്ന സ്വരത്തിൽ അക്ബർ ഇപ്രകാരം പരുഷവാക്കു
കഠം പറയുന്നതുകേട്ടു കുമാരസേനൻ ഒന്നു ഞെട്ടി. അയാഠം കുറച്ചു
നേരം യാതൊന്നും പറയാതെ നിന്നു. ഉടനെതന്നെ അക്ബർ വീ
ണ്ടും പറഞ്ഞു:—

"അനേകവൎഷങ്ങളായി നിന്റെ വിശ്വാസത്തിന് ഞാനും എ
ന്റെ വിശ്വാസത്തിനു നീയും ഒരുപോലെ പാത്രമായിരുന്നു. എന്നു

മാത്രമല്ല, യുദ്ധങ്ങളിലും കാര്യാലോചനാസഭയിലും നീ നമ്മുടെ വലങ്കൈയ്യ് തന്നെയായിരുന്നു എന്നു എനിക്കറിയാം. നമ്മുടെ പുത്രനായ സെലിമിനെക്കൂടി വിശ്വസിക്കാതെ നാം നിന്നെത്തന്നെ വിശ്വസിച്ചു പല ഗൌരവസംഗതികളും പറയുകയും ആലോചിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ നീ പൊതുജനദ്രോഹിയും നീചനുമായ ഒരു നായാണെന്നു അക്ബർ ധരിക്കാതിരിക്കുന്നതിനു ഞാൻ ശിക്ഷാർഹൻതന്നെയെന്നു വന്നു; നിന്നോടു ഇതിനുമുൻപു പലപ്പോഴും സംഗതികളുടെ പരമാർത്ഥം അറിയണമെന്നു വിളിച്ചു ശാസിച്ചു. നീ നമ്മുടെ സ്നേഹത്തെ വകവെയ്ക്കാതെ സെലിമിന്റെയോ മററു വല്ലവരുടെയോ പ്രീതിയെ മാത്രമേ ആഗ്രഹിക്കുന്നുള്ളുവെന്നു എനിക്കു മനസ്സിലായി. നിന്റെ ജോലി നീ വേണ്ടതുപോലെ നിർവ്വഹിക്കുന്നില്ലെന്നും ഞാൻ അറിയാതെയില്ല. ആകട്ടെ ശിവപ്രസാദ് പലപ്പോഴും ഈ ആഗ്രായിൽ വന്നിട്ടുകൂടി നീ അയാളെ എന്തുകൊണ്ടു ബന്ധിച്ചില്ല. അതിനു എന്തു സമാധാനമാണ് പറയുവാനുള്ളത്? അയാളെ ബന്ധിച്ചില്ലെങ്കിൽ പോകട്ടെ, നീ എന്തുകൊണ്ടാണ് മെഹറിന്റെ താമസം എവിടെയാണെന്നു അറിയാതിരുന്നത്? ആർമഹാളെപ്പററിയും ഷിയർഖാനെപ്പററിയുമുള്ള വിവരങ്ങൾ എന്തുകൊണ്ടാണ് നീ ശരിയായി അന്വേഷിച്ചറിയിക്കാതിരുന്നിട്ടുള്ളത്? അതെല്ലാം നാം ക്ഷമിക്കാം. വിദ്യാപതിയെ അപകടത്തിൽപ്പെടുത്തി ഹനിച്ച ആളിന്റെ പുത്രികളെപ്പററി ശരിയായി അന്വേഷിച്ചു അറിയണമെന്നു പറഞ്ഞു ദീർഘകാലം കഴിഞ്ഞിട്ടും നീ എന്തുകൊണ്ടാണു മൌനം ദീക്ഷിച്ചിട്ടുള്ളത്? മതി! അക്ബറുടെ കൊട്ടാരം കുടിലന്മാർക്കും കൃതഘ്നന്മാർക്കും താമസിക്കുവാനുള്ള ഒരു വേദിയാണെന്നു നീ കരുതുന്നുണ്ടോ? ഇന്നുവരെ പൊതുജനഹിതവിരുദ്ധമായ യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ലെന്നു അഭിമാനിക്കുന്ന അക്ബർ നാട്ടുകാരുടെയും സാമ്രാജ്യനിവാസികളുടെയും അധിക്ഷേപത്തിനും അവിശ്വാസത്തിനും പാത്രമാകട്ടെ എന്നാണോ നിന്റെ വിചാരം? ഉദ്ദേശം ഒരു വ്യാഴവട്ടത്തിലേറെയായി എന്റെ കൈയ്കൊണ്ടു ലാളിച്ചു വളർത്തിയ നിന്നെ ഇനി നാം തന്നെ നശിപ്പിക്കണമെന്നാണോ വന്നിരിക്കുന്നത്. സംഗതികൾക്കു ശരിയായ തെളിവില്ലാതെ ശിക്ഷിക്കുന്നതു യോഗ്യമല്ലായെന്നു കരുതിയാണു ഇന്നു നാം ആരെയും വിളിച്ചു ചോദിക്കാത്തതു. എന്നു മാത്രമല്ലാ, അന്നു ആശ്രമത്തിൽവെച്ചു നീ സംസാരിച്ചതെല്ലാം അനാവശ്യമായിരുന്നു. നിനക്കു സംശയങ്ങളുണ്ടായാൽ പിന്നെ സംഗതികൾ അ

റിവാൻ വളരെ പ്രയാസമാണെന്നു നീ അറിയാതിരുന്നതു നിന്റെ മൌഢ്യത്തിന്റെ തികവുകൊണ്ടാണു. ദുരാഗ്രഹനായ ഒരു അനുചരനെ അക്ബർചക്രവർത്തിക്കു ആവശ്യമില്ല. അപ്രകാരമുള്ള ഒരു പ്രജപോലും താമസിക്കുന്ന സാമ്രാജ്യത്തെ ഭരിക്കുവാൻ നാം ഇഷ്ടപ്പെടുന്നില്ല. രാജപുത്രന്മാരെ നാം വിശ്വസിക്കുന്നതു് അവരുടെ കുലമഹിമകൊണ്ടും പൌരുഷംകൊണ്ടുമാണ്. നീ ആ വിശിഷ്ടകുലത്തിനു ഇതാ കളങ്കമിയററുകയല്ലേ ചെയ്തതു്. നിന്റെ പൌരുഷത്തെ നാം വിശ്വസിച്ചതു അബദ്ധമായിപ്പോയി. നിനക്കു വല്ല സമാധാനവും നമ്മെ അറിയിക്കാനുണ്ടെങ്കിൽ ഇപ്പോൾതന്നെ ആകാം. അക്ബരിക്കു ഇനി അധികകാലം നാടു വാഴുവാനും, ക്ഷമിക്കാനും ഇല്ല.”

അക്ബർചക്രവർത്തിയുടെ ദാരുണവും നിശിതവുമായ വാക്കുശരങ്ങളുടെ അതിവർഷംനിമിത്തം ഹൃദയം മുഴുവനും വ്രണപ്പെട്ട കൃതകൃത്യവിമൂഢനായിത്തീർന്ന കുമാരസേനൻ തന്റെ പൌരുഷവും ധൈര്യവും എല്ലാം എന്നന്നേക്കുമായി തന്നെ വിട്ടുപിരിഞ്ഞതുപോലെ തോന്നി, വളരെസങ്കടപ്പെട്ടു. താൻ നില്ക്കുന്നതു്, ഭാരതസാമ്രാജ്യത്തെ മുഴുവനും ഏകഛത്രത്തിനടിയിൽ സ്ഥാപിച്ച് പൌരുഷസങ്കേതങ്ങളായ വീരയോദ്ധാക്കളെ ലക്ഷക്കണക്കിനു അരിഞ്ഞുവീഴ്ത്തി സമാധാനപരിപാലനംചെയ്തു വിജയിക്കുന്ന അക്ബർ സാർവ്വഭൌമന്റെ തിരുമുമ്പിലാണെന്നു ക്ഷണനേരംകൊണ്ടു ഒരു മിന്നൽപിണർ കുമാരസേനന്റെ ഹൃദയാന്തരീക്ഷത്തിൽക്കൂടി പാഞ്ഞു. അക്ബറുടെ അമേയമായ വാക്ശരങ്ങളുടെ നിശിതത്വം എത്രത്തോളമുണ്ടെന്നു കുമാരസേനൻ ഇതിനുമുൻപു പലപ്പോഴും മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ ചക്രവർത്തിയുടെ വിശ്വാസത്തിനു പാത്രമായി ഈ മാത്രവരെ ജീവിച്ചിരുന്ന താൻ പെട്ടെന്നു അദ്ദേഹത്തിന്റെ വിരോധത്തിനു ലക്ഷ്യമായതുകൊണ്ടു കുമാരസേനനു വളരെ സങ്കടവും, താൻ പൌരുഷഹീനനാണെന്നുംമററും ചക്രവർത്തി ആക്ഷേപിച്ചതുകൊണ്ടു വളരെ ലജ്ജയും ഉണ്ടാകാതിരുന്നില്ല. ചക്രവർത്തി വർത്തമാനംപറഞ്ഞു നിർത്തിയപ്പോൾ നമ്രശിരസ്കനായി നിന്ന അദ്ദേഹത്തിന്റെ മുഖം ചുവന്നു; നയനങ്ങൾ അശ്രുപൂർണ്ണങ്ങളായി; സ്വരം ഇടറി; ഇപ്രകാരംപറഞ്ഞു:—

“മുഗൾവംശത്തിനു ഉത്തംസമായ തിരുമേനി! അടിയൻ ചെയ്തിട്ടുള്ള അപരാധങ്ങൾ പൊറുക്കണം; അവിടത്തെ ആജ്ഞകൾ അടിയൻ നിരസിച്ചുവെന്നു ഒരു കാലത്തും വരുന്നതല്ല. സംഗതികളുടെ സൂക്ഷ്മസ്ഥിതികൾ അറിവാൻ ഇനിയും പരിശ്രമിക്കേണ്ടതു.”

കമാരസേനൻ വിനീതനായി ഇത്രയും പറഞ്ഞപ്പോൾ ചക്രവ
ൎത്തിയുടെ കോപം വൎദ്ധിക്കയാണു ചെയ്തതു. അദ്ദേഹം വീണ്ടും ഇ
പ്രകാരം ഗൎജ്ജിച്ചു:—"എന്തു! നീ അപരാധിയല്ലെന്നാണൊ എ
ന്നെ ധരിപ്പിക്കുന്നതു്? വേണ്ടാ! എനിക്കു ഇനിക സമാധാനങ്ങളൊ
ന്നും ഇനി കേൾക്കേണ്ട. ഇതാ ഇന്നുമുതൽ നിനക്കു ഞാൻ മൂന്നുമാ
സം സമയം തരുന്നു. ഇന്നുമുതൽ നീ കൊട്ടാരത്തിൽ കയറുവാൻ
പാടില്ലെന്നു നാം വിരോധിക്കയുംചെയ്യുന്നു. ഞാൻ പറഞ്ഞിട്ടുള്ള
സകലസംഗതികളുടെയും ശരിയായ വിവരങ്ങൾ നന്നെ ഗ്രഹിപ്പി
ക്കാനും, യോഗീശ്വരനെയും മറ്റു കാറവാളികളേയും ബന്ധിച്ചു കൊ
ട്ടാരത്തിൽ ഹാജരാക്കുവാനും വേണ്ടിയാണു ഇനിയും മൂന്നുമാസം തരു
ന്നതു്. ആ കാലത്തിനുള്ളിൽ സകലസംഗതികളും ഇവിടെ ധരി
പ്പിക്കാത്തപക്ഷം കമാരസേനനും സലിംരാജകുമാരനും മുഗൾസാ
മ്രാജ്യത്തിനു നഷ്ടമായെന്നു നീ ധരിച്ചുകൊള്ളുക. നിന്റെ ആ
ഡംബരത്തിനു വേണ്ടുന്ന പണം കൊട്ടാരത്തിൽനിന്നും വരുത്തി
ക്കൊള്ളുക. ഇന്നു സന്ധ്യക്കുശേഷം നീ ഈ മതിൽക്കെട്ടിനുള്ളിൽ ക
യറുവാൻ പാടില്ലെന്നു നാം കഠിനമായി വിരോധിക്കുന്നു. ആജ്ഞ
യെ ലംഘിച്ചാൽ ഫലമെന്താണെന്നു നിനക്കു അറിയാവുന്നതുകൊ
ണ്ടു ഞാൻ വിസ്തരിച്ചു അതൊന്നും പറയുന്നില്ല. ഉടൻതന്നെ നീ
പൊയ്ക്കൊള്ളുക." ചക്രവൎത്തി ഇത്രയും ആജ്ഞാപിച്ചു സിംഹാസ
നത്തിൽനിന്നും എഴുന്നേറ്റു. അദ്ദേഹം എഴുന്നേറ്റ ഉടനെ കമാര
സേനൻ അറിയാതെതന്നെ അദ്ദേഹത്തിന്റെ പാദങ്ങൾ പുറകോട്ടു
മാറിപ്പോയതു. കമാരസേനന്റെ യാതൊരു സമാധാനവും കേൾ
ക്കാൻ അനുവദിക്കാതെ ചക്രവൎത്തി ഗൗരവഭാവത്തിൽ അവിടെ
നിന്നും പോകുന്നതുകണ്ടു അദ്ദേഹം വല്ലാതെ സങ്കടപ്പെട്ടു. പക്ഷേ സ
ങ്കടപ്പെട്ടതുകൊണ്ടു യാതൊരു ഫലവും ഇല്ലല്ലോ, എങ്കിലും എ
ന്തെല്ലാം ചെയ്തിട്ടായാലും രഹസ്യങ്ങളെല്ലാം ചക്രവൎത്തിയെ ധരിപ്പിക്ക
ണമെന്നു കമാരസേനൻ തീൎച്ചപ്പെടുത്തി. പക്ഷെ ഇനിയും പല
സംഗതികളും അറിയേണ്ടതാകയാൽ ചക്രവൎത്തി തനിക്കു നല്കിയിട്ടു
ള്ള സമയം അതിനു വിനിയോഗിച്ചു രഹസ്യങ്ങളെല്ലാം അറിയാമെ
ന്നു കമാരസേനൻ ഉദ്ദേശിച്ചു. എന്തായാലും തന്റെ പെട്ടിയും എ
ടുത്തുകൊണ്ടു കൊട്ടാരത്തിൽനിന്നും ഇറങ്ങുന്നതാണു നന്നെന്നു കരു
തി കമാരസേനൻ തന്റെ ദുഃഖത്തെ ഒരു അവസരത്തിലും പ്രദൎശിപ്പിക്കാ
തെ, [illegible] തന്റെ മന്ദിരത്തി
ലേക്കു പോയി. അവിടെ ചെന്നപ്പോൾ അദ്ദേഹത്തിന്റെ സങ്കടം
പതിന്മടങ്ങു വൎദ്ധിച്ചു. താൻ അനേകം സംശയങ്ങളുടെ [illegible]

ച്ചുവെച്ചിരുന്ന പെട്ടി—ഹേമതിലകയുടെ കത്തു ഒരുമിച്ചു സൂക്ഷിച്ചുവെ
ച്ചിരുന്ന പെട്ടി—സേവിമോഹനകുമാരൻ നരീരക്ഷ നഷ്ടിയതും അവരു
ടെ കയ്യിൽനിന്നും ആരാമത്തിൽ വെച്ചു നഷ്ടമായതും ആയ കത്തുകൾ ഉ
ള്ളടക്കം ചെയ്തിരുന്ന പെട്ടി—ആ മാളികയിലെവിടേയുംതന്നെ ഉണ്ടായി
രുന്നില്ല. താൻ ചക്രവർത്തിയുടെ മുൻപിലേക്കു പോകുന്നതുവരെ,
അതു അവിടെത്തന്നെ ഉണ്ടായിരുന്നുവെന്നു അദ്ദേഹത്തിനു നല്ല നി
ശ്ചയമുണ്ടായിരുന്നു. എന്നാൽ അതു മോഷ്ടിച്ചു കൊണ്ടുപോയതു ആ
രായിരിക്കാമെന്നു കുമാരസേനനു ഊഹിക്കുവാൻകൂടി കഴിഞ്ഞില്ല.
അതിലും വിശേഷിച്ചു, താൻ ഇന്നുവരെ ഗോപനംചെയ്തിട്ടുള്ള സകലസം
ഗതികളുടേയും തെളിവുകളും ആ പെട്ടിയിലാണു സൂക്ഷിച്ചു വെച്ചി
രിക്കുന്നതെന്ന പരമാർത്ഥത്തെപ്പറ്റി ഓർത്തപ്പോൾ അദ്ദേഹത്തിനു
ഉണ്ടായ നിരാശയും സങ്കടവും അപരിമിതമായിരുന്നില്ല. ചക്ര
വർത്തിക്കു തന്നോടു വിരോധമുണ്ടെന്നു അന്നാദിവസം സ്പഷ്ടപ്പെ
ട്ടതിനാൽ, ഒരുപക്ഷേ അദ്ദേഹത്തിന്റെ ആജ്ഞപ്രകാരം ആരെങ്കി
ലും പെട്ടി കൊണ്ടുപോയിരിക്കാമെന്നു അദ്ദേഹം ഉദ്ദേശിച്ചു. എന്നാൽ
പെട്ടി ചക്രവർത്തിയുടെ കൈക്കൽ കിട്ടുന്നപക്ഷം അതിലുള്ള തെളി
വുകൾ താൻ നിരപരാധിയാണെന്നും തന്റെ ജോലികൾ താൻ ശ
രിയായി നിർവ്വഹിച്ചിരുന്നുവെന്നും അദ്ദേഹത്തിനു ബോദ്ധ്യപ്പെടുമല്ലോ
എന്നു കുമാരസേനൻ ആശ്വസിച്ചു. അല്ലാതെയും പെട്ടിയെപ്പറ്റി
അവിടെയെല്ലാം അന്വേഷിച്ചുവെങ്കിലും, ആ മോഷണത്തെ പെട്ടിയു
ടെ പരമാർത്ഥസ്ഥിതിയെപ്പറ്റി പറയുവാൻ അദ്ദേഹം ധൈര്യപ്പെട്ടി
ല്ല. അപ്രകാരം സംഗതികളെല്ലാം പുറത്തുവന്നാൽ പല തകരാ
റുകളുമതിൽനിന്നു ഉണ്ടാകുമെന്നു അദ്ദേഹം അറിയാതിരുന്നില്ല.
ആരെങ്കിലും അതു കൊണ്ടുപോയവർ, തനിക്കു കൊട്ടാരത്തിൽ മു
ട്ടിക്കാതെ കഴിയുകയില്ലെന്നും, പല സംഗതികളെപ്പറ്റിയും വെളിപ്പെ
ടുത്തുകൊള്ളുമെന്നും വിചാരിച്ചു കുമാരസേനൻ കൊട്ടാരത്തിൽനിന്നും
"കണ്ണീരും കൈയ്യു"മായി പുറത്തിറങ്ങി. അദ്ദേഹം ഇപ്രകാരം വി
ചാരിച്ചു:—"ഏതായാലും മനുഷ്യരെപ്പറ്റി ഈശ്വരനാണല്ലോ
നമ്മെ നിയോഗിച്ചിരിക്കുന്നതു. ആ സ്ഥിതിക്കു ഈശ്വരകല്പിതങ്ങളെ സ
കലതും അനുഭവിക്കണം. യോഗീശ്വരന്മാർ കർമ്മഫലങ്ങൾ അവ
ശ്യം. അതിനായിട്ടുതന്നെ പൊറുക്കുകയാം. ക്ഷമയാണു എന്നു പഴ
ഞ്ചൊല്ലു ഒരു തൊഴിൽകൊണ്ടു അവസാനിപ്പിക്കാം." ഇപ്രകാരം തീ
രുമാനിച്ചുറച്ചശേഷം കുമാരസേനൻ കൊട്ടാരത്തിൽനിന്നും ഇറങ്ങി
അവിടത്തെ പ്രധാനമന്ത്രിയുടെ മന്ദിരത്തിലേക്കു നടന്നു. ഹാ! രാ
ജസേവയുടെ നിർഭാഗ്യം ഇതൊക്കെയാണ് എന്നു ഇപ്പോൾ
ആ ധീരനും തോന്നിയിരിക്കുന്നു.

പത്തൊമ്പതാം അദ്ധ്യായം.

ആഗ്രായിലെ പ്രധാനരാജമന്ദിരത്തിന്റെ നിൎമ്മാണചാതുൎയ്യം വിശിഷ്ടന്മാരായ പല ശില്പവിശേഷജ്ഞന്മാരുടെയും അത്ഭുതത്തിനും ആരാധനക്കും പാത്രമായിരുന്നു. അക്ബർ ചക്രവൎത്തിയുടെ പ്രത്യേക നിഷ്കൎഷയിൽ നിൎമ്മിക്കപ്പെട്ടിരുന്നതിനാൽ രാജഹൎമ്മ്യങ്ങളുടെ വൈശിഷ്ട്യം ചരിത്രപ്രസിദ്ധമായിരുന്നുവെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. ആഗ്രായിലെ രാജസ്ഥാനത്തെപ്പററി ശരിയായി വിവരിക്കുന്നതിനു ഇന്നു സാദ്ധ്യമല്ല. എങ്കിലും തൽക്കാലാവശ്യത്തിനു കൊട്ടാരങ്ങളെപ്പററി ഊഹമെങ്കിലും ഉണ്ടായിരിക്കേണ്ടതു ആവശ്യമായതിനാൽ അല്പമൊന്നു വിചാരിക്കേണ്ടതു ഗ്രന്ഥകാരന്റെ ചുമതലയായിത്തന്നെ സ്ഥിതിചെയ്യുന്നു.

ആഗ്രാപട്ടണത്തിന്റെ വിസ്തീൎണ്ണം ഉദ്ദേശം പതിനാലുനാഴികയോളം ഉണ്ടായിരുന്നു. പട്ടണത്തിന്റെ ഉത്തരഭാഗത്തു ഒരു ചെറിയ നദിയും ദക്ഷിണഭാഗത്തു ഒരു വലിയ മൈതാനവും സ്ഥിതിചെയ്യുന്നു. മൈതാനത്തിനും നദിക്കും മദ്ധ്യത്തിലായി, പട്ടണത്തിന്റെ കേന്ദ്രസ്ഥാനമായിട്ടു മുഗൾചക്രവൎത്തിമാരുടെ വിശിഷ്ടമായ കൊട്ടാരം സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ഈ രാജഹൎമ്മ്യങ്ങളെ പരിരക്ഷിക്കുന്നതിനായി, കരിങ്കൽകൊണ്ടു കെട്ടിപ്പൊക്കിയിട്ടുള്ള കോട്ടമതിൽ ഉദ്ദേശം ഒന്നരനാഴിക നീളവും മുക്കാൽനാഴിക വീതിയും ഉള്ളതാണു്. കോട്ടമതിലിന്റെ നാലുവശങ്ങളിലുമായി വളരെ വിസ്താരമുള്ള രാജപാത പരിലസിക്കുന്നു. കോട്ടയുടെ നാലു ഗോപുരദ്വാരങ്ങളിൽനിന്നും സാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിലേക്കും പോകുവാനുള്ള രാജപാതകൾ, ഇരുപാൎശ്വങ്ങളിലും ഛായാവൃക്ഷങ്ങളാൽ പരിരമ്യമായ് പ്രശോഭിച്ചു. കിഴക്കേഗോപുരദ്വാരത്തിൽനിന്നും പോകുന്നതു ബംഗാളം മുതലായ സ്ഥലങ്ങളിലേക്കും, പടിഞ്ഞാറെ ഗോപുരത്തിൽനിന്നും പോകുന്നതു പഞ്ചാബ്, കാബൂൾ മുതലായ സ്ഥലങ്ങളിലേക്കും, തെക്കേ ഗോപുരദ്വാരത്തിൽനിന്നും പോകുന്നതു ഹൈദരാബാദ് മുതലായ സ്ഥലങ്ങളിലേക്കും ഉത്തരഗോപുരദ്വാരത്തിൽനിന്നും പുറപ്പെടുന്നതു കാശ്മീരം, അയോദ്ധ്യാ, പെൎഷ്യ മുതലായ സ്ഥലങ്ങളിലേക്കും നയിക്കുന്ന രാജപാതകളാണു. ഇപ്രകാരം നാനാഭാഗങ്ങളിലേക്കും പുറപ്പെടുന്ന രാജപാതകളെല്ലാം ഉത്ഭവിക്കുന്നതു ആഗ്രാകോട്ടയിൽനിന്നാണെങ്കിലും, കോട്ടയുടേയും പട്ടണങ്ങളുടേയും പരിധികഴിഞ്ഞു പല ഉപപാ

തകളും സൈന്യസഞ്ചാരത്തിനുവേണ്ടി നിർമ്മിതങ്ങളായിരുന്നവയെല്ലാംതന്നെ ഈ പാതകളെ പരസ്പരം സംയോജിപ്പിച്ചു. ഇപ്രകാരമുള്ള ഉപപാതകളിൽ പ്രധാനങ്ങളായവ ജയപ്പൂർ രാജ്യത്തിലേക്കും, യമുനാതീരത്തിലേക്കും, ദുർഗ്ഗാക്ഷേത്രത്തിലെ മണലാരണ്യത്തിലേക്കും, സിന്ധുദുർഗ്ഗത്തിലേക്കും നയിക്കുന്നവയായിരുന്നു. ഇതിൽ സിന്ധുദുർഗ്ഗത്തിലേക്ക് ആഗ്രായിൽനിന്നും നൂററിഇരുപതുനാഴികയിൽ കൂടുതൽ നീളമുണ്ടായിരുന്ന ഉപപാതയാണുണ്ടായിരുന്നത്. ഇനി നമുക്ക പട്ടണത്തിനുള്ളിലേക്ക പ്രവേശിക്കാം. പട്ടണത്തിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്തിരുന്ന കോട്ടയുടെ ചുററും, ആഗ്രായിലെ പ്രധാനതെരുവുകളും, ആപണങ്ങളും, ആതുരശാലകളും, ദേവാലയങ്ങളും, മററ് സ്ഥാപനങ്ങളും പരിലസിച്ചിരുന്ന പട്ടണത്തിന്റെ ഉത്തരഭാഗത്ത്, നദീതീരത്തിൽനിന്നും ഒന്നരനാഴിക പടിഞ്ഞാറുദിക്കിലേക്ക് ലക്ഷ്യമാക്കി ഒരു ചെറിയ രാജപാതയുണ്ട്. ഈ രാജപാത, പേർസ്യായിൽനിന്നും ആഗ്രായിലേയ്ക്ക് പ്രവേശിക്കുന്ന പാതയോട് ചേരുന്നത്, രണ്ടാം അദ്ധ്യായത്തിൽ നാം വിവരിക്കപ്പെട്ടിട്ടുള്ള ആഗ്രാമഹമ്മദൻ ദേവാലയത്തിന്റെ മുൻപിൽവെച്ചാണ്. ദേവാലയത്തിന്റെ മുമ്പിൽനിന്നും മററനേകം രാജപാതകൾ പുറപ്പെടുന്നവയിൽ വേറൊന്നു ദില്ലിയിലേക്ക് എളുപ്പത്തിൽ പ്രവേശിക്കുവാനുള്ള ഒരു ഋജുപാതയാണ്. ഇപ്രകാരം അനേകം രാജപാതകളുടെ കേന്ദ്രമായി സ്ഥിതിചെയ്യുന്ന ആ പട്ടണത്തിന്റെ ഉള്ളിൽ രാജപാതക്കിരുവശങ്ങളിലുമായിട്ട് ആഗ്രായിലെ പ്രധാന തെരുവുകളും കച്ചവടസ്ഥലങ്ങളും പ്രശോഭിച്ചു. പ്രധാനപാതകൾ ഉപപാതകളോടുകൂടി സംയോജിക്കുന്ന കവലകളിലെല്ലാം പട്ടാളപ്പാളയങ്ങൾ നിർമ്മിക്കപ്പെട്ടിരുന്നു. കോട്ടയുടെ ചുററും പരിലസിച്ചിരുന്ന മാർഗ്ഗത്തിന്റെ ഒരു വശത്ത് കോട്ടമതിലിന് അഭിമുഖമായി, വെണ്മാടങ്ങളും മട്ടുപ്പാവുകളും, തങ്കത്താഴികകളും കലർന്ന്, പല നിലകളോടുകൂടിയ ഭരണസ്ഥാപനങ്ങൾ അണിനിരന്ന് പ്രോജ്ജ്വലിച്ചു. ഇപ്രകാരം ചുററും ഭരണസ്ഥാപനങ്ങളോടുകൂടി, രാജപാതകളോടുകൂടി, കോട്ടമതിലോടുകൂടി, ആഗ്രായിലെ മദ്ധ്യപ്രദേശത്തായിരുന്നു രാജഹർമ്മ്യങ്ങൾ നിരന്നിരുന്നത്.

കോട്ടമതിലിന് ഉദ്ദേശം ഒന്നരനാഴികയോളം നീളമുണ്ടായിരുന്നുവെന്നു പറഞ്ഞിട്ടുണ്ടല്ലോ. കോട്ടയുടെ കിഴക്കേമതിലിന്റെ മദ്ധ്യത്തിലായിരുന്നു പ്രധാനഗോപുരം സ്ഥിതിചെയ്തിരുന്നത്. വളരെ വിചിത്രമായി നിർമ്മിക്കപ്പെട്ടിരുന്ന നാലു ഗോപുരങ്ങളും ഒരേ ആകൃതിയിൽതന്നെ കോട്ടയുടെ നാലുവശങ്ങളിലായി പ്രശോഭിച്ചു. അവ

യിൽ കിഴക്കെഗോപുരം കടന്ന് അകത്തു പ്രവേശിച്ചാൽ ആദ്യമായി കാണുന്നതു നാലുനിലകളോടുകൂടി അർദ്ധചന്ദ്രാകൃതിയിൽ നിർമ്മിക്കപ്പെട്ടിരുന്ന രാജസൌധമാണ്. ഈ രാജസൌധത്തിന്റെ മുൻഭാഗത്തു ഗോപുരംവരെ വിസ്തൃതമായി, വെൺകല്ല് പാകിയിരുന്ന അങ്കണം പ്രശോഭിച്ചു. അങ്കണത്തിന്റെ ഇരുവശങ്ങളിലും അഭിരാമമായവിധത്തിൽ പരിരക്ഷിക്കപ്പെട്ടുപോരുന്ന ആരാമങ്ങളും ആരാമങ്ങളുടെ മദ്ധ്യത്തിൽ ധാരായന്ത്രങ്ങളോടുകൂടിയ ചെറിയ സരസ്സുകളുമുണ്ടായിരുന്നു. ഈ രാജഹർമ്മ്യത്തിന്റെ ഇരുഭാഗങ്ങളിലായി അക്ബറുടെ സഭാശാലകളും, കാര്യാലോചനാമണ്ഡപങ്ങളും, നൃത്താലയങ്ങളും, മന്ത്രിമണ്ഡപങ്ങളും വിനോദശാലകളും എന്നിവ രമ്യമായ വൃന്തോപ്പുകളോടും അങ്കണങ്ങളോടുംകൂടി മനോഹരമായി പരിലസിച്ചു. അക്ബറുടെ കൊട്ടാരത്തിൽനിന്നും നേരെ പടിഞ്ഞാറുഭാഗത്തേക്ക ഗതിയെ തുടർന്നാൽ കാണാവുന്നതു് ആഗ്രായിലെ പ്രധാന അന്തഃപുരമാണ്. അന്തഃപുരവും കൊട്ടാരംപോലെതന്നെ അർദ്ധചന്ദ്രാകാരത്തോടുകൂടിയതായിരുന്നു. പക്ഷെ അന്തഃപുരത്തിൽനിന്നും പുറത്തേക്കിറങ്ങുന്നതിനുള്ള എളുപ്പമാർഗ്ഗം ദക്ഷിണപശ്ചിമഭാഗങ്ങളിലുണ്ടായിരുന്ന ഗോപുരങ്ങളിൽകൂടിയാണ്. അന്തഃപുരത്തിൽനിന്നും വീണ്ടും പടിഞ്ഞാറുഭാഗത്തേക്ക് പോയാൽ കാണാവുന്നതു് സെലിം രാജകുമാരന്റെ മണിമാളികയും അതിനോടുചേർന്നുള്ള മറ്റ് സൌധങ്ങളുമാണ്. ആ സൌധങ്ങളുടെ നിർമ്മാണം വൃത്താകാരത്തിലായിരുന്നു. അന്തഃപുരത്തിൽനിന്നും അധികം ദൂരമില്ലായിരുന്ന ഈ സൌധത്തിൽനിന്നും രാജപാതയിലേക്ക് ഇറങ്ങുന്നതു് കോട്ടയുടെ ഉത്തരഭാഗത്തുണ്ടായിരുന്ന ഗോപുരത്തിൽകൂടിയാണ്. കോട്ടകളിൽ, ഓരോ വശങ്ങളിലായി, ഭടന്മാർക്ക് ഒളിനിന്ന് നില്പാനുള്ള മൈതാനങ്ങളും, അവയോടുചേർന്ന ആരാമങ്ങളും, ആരാമങ്ങളിലെല്ലാം മണ്ഡപങ്ങളും പരിലസിച്ചിരുന്നു. ചക്രവർത്തിയുടേയും, സെലിം രാജകുമാരന്റേയും, അംബികാകുമാരിയുടേയും സൌധങ്ങളിൽനിന്നും, അവരെല്ലാംകൂടി യോജിപ്പിക്കുന്നതിന് കോട്ടയുടെ നടുമദ്ധ്യത്തിലായി ഒരു വലിയ മണിമാളിക പ്രശോഭിച്ചു. ഈ മണിമാളികയിൽ സാധാരണമായി ആരുംതന്നെ പ്രവേശിക്കാറു പതിവില്ലായിരുന്നെങ്കിലും കോട്ടയുടെ ഉള്ളിൽ, ഒരു വശത്തുനിന്നും വേറെ ഒരു വശത്തേക്ക പോകുന്നതിന് ഈ മണിമാളിക അനുപേക്ഷണീയമായിരുന്നുവെന്നുതന്നെ പറയാം. ഇതിനുപുറമെ കൊട്ടാരത്തിന്റെ പല ഭാഗങ്ങളിലായി പല ഗുപ്തമാർഗ്ഗങ്ങളും ഗുപ്തമുറികളും ഉണ്ടായിരുന്നു.

കുമാരസേനൻ ആഗ്രാകൊട്ടാരത്തിൽനിന്നും ബഹിഷ്കൃതനായിത്തീർന്ന ആ സായാഹ്നത്തിൽ സെലിം രാജകുമാരന്റെ സ്ഥിതിയെന്തായിരുന്നുവെന്ന് ആലോചിക്കാം.

സൗരഭികളായ സുമാവലികളെ താലോലിച്ച് തത്തിക്കളിക്കുന്നൊരുത്തന്നാൽ സെലിം രാജകുമാരന്റെ മണിയറയിലേക്ക് മന്ദമന്ദം വീശുന്നു. ആരാമത്തിൽ വികസിച്ചുനില്ക്കുന്ന പുഷ്പങ്ങൾ അന്തിരവിയുടെ പരിരംഭണംകൊണ്ട് സിന്ദൂരച്ചാർത്തണിഞ്ഞതുപോലെ ചുവന്നു; പ്രശാന്തമായ സന്ധ്യ; പരിപാവനമായ പവനം; കാന്തിയോടുകൂടിയ ബാഹ്യമണ്ഡലം; മുതലായ നീലാംബരത്താൽ മൂടപ്പെട്ട് കോമളമലരുകൾ ഉതിർന്നു വിരിച്ചിട്ടുള്ള ശയ്യയിൽ തെല്ലൊരസ്വസ്ഥഭാവത്തോടുകൂടി സെലിം ശയിക്കുന്നുണ്ട്. അവിടെ വിശേഷിച്ച് ആരുംതന്നെ ഉണ്ടായിരുന്നില്ല. എന്നാൽ അന്നേദിവസം അദ്ദേഹത്തിന്റെ ഹൃദയം ഏതോ ഒരു പുതിയ വികാരത്താൽ സമാധാനഹീനമായിരുന്നതുപോലെ ഇടക്കിടെ അദ്ദേഹം ദീർഘനിശ്വാസത്തിന് അധീനനായിത്തീരുന്നു. "കിരീടം ചൂടേണ്ട തലക്ക് സ്വൈരം ലഭിക്കുകയില്ലെന്നുള്ളത്" വളരെ പരമാർത്ഥംതന്നെയാണ്. എന്തെല്ലാം സൗഖ്യങ്ങൾ ഉണ്ടായാലും സെലിമിന് ഉല്ലാസമില്ലാത്ത ദിവസങ്ങൾ അപൂർവ്വമായിരിക്കും, ഇന്ന്, അദ്ദേഹം ആർത്തനായിരിക്കുന്നതിന്റെ രഹസ്യമെന്തായിരിക്കാം. രാജകീയമായ ആഡംബരങ്ങളിലൊന്നിന്റെയും അഭാവം അവിടെ ഉണ്ടായിരുന്നില്ല; ധനമോ പ്രതാപമോ നഷ്ടമായതുകൊണ്ട് സാധാരണക്കാരിൽ ഉണ്ടാകാവുന്ന സന്താപത്തിനും, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വഴിയില്ല. പിന്നെ എന്തുകൊണ്ടായിരിക്കാം സെലിം ദുഃഖിതനായിരിക്കുന്നത്?

അല്ലെങ്കിൽ പരസ്യമായും രഹസ്യമായും പ്രണയബന്ധത്താൽ വലയിതനായിരിക്കുന്ന അദ്ദേഹത്തിന് അല്ലൽ ഉണ്ടാകാതെയിരിക്കുന്നതെങ്ങിനെ? ചക്രവർത്തിയുടെ നിശ്ചയങ്ങളേയും ആഗ്രഹങ്ങളേയും ആജ്ഞകളെയും അതിലംഘിച്ചുള്ള തന്റെ പ്രണയവേഴ്ചകൾ തനിക്ക നാശകരങ്ങളാണെന്നു ചക്രവർത്തിയുടെ അടുക്കൽനിന്നും തന്നെ സെലിം കേട്ട് അറിഞ്ഞിട്ടുണ്ട്. ചക്രവർത്തിയുടെ ആജ്ഞകൾ ലംഘിച്ച് സെലിം പ്രവർത്തിച്ചിട്ടുണ്ടെന്ന് അദ്ദേഹം അറിയുന്നെങ്കിൽ പുത്രനോടുള്ള വാത്സല്യത്തെയും സ്നേഹത്തെയും അവഗണിച്ച് സെലിമിന്റെ പ്രേയസിയും—ഒരു പാവം പ്രാണനെയും—നശിപ്പിക്കുന്നതിന് അക്ബർ മടിക്കയില്ലെന്ന് സെലിമിനു നിശ്ചയമു

ണ്ടായിരുന്നു. കൊട്ടാരത്തിനുള്ളിലോ പുറത്തോ നടക്കുന്ന ഗൂഢാലോചനകളോ രഹസ്യങ്ങളോ സെലിം ധരിച്ചിട്ടുമില്ല. ചക്രവൎത്തി നിരന്തരം ചെയ്യുന്ന ശ്രമങ്ങളെപ്പറ്റിയുള്ള ഊഹംതന്നെയും അദ്ദേഹത്തിന് ഉണ്ടായിട്ടുള്ളതു് അംബികാദേവിയുമായിട്ട് അന്നു നടത്തിയ സംഭാഷണത്തിൽനിന്നുമാണ്. മെഹറിനെ സംബന്ധിച്ച് എന്തോ ചില സംഗതികൾ ചക്രവൎത്തി ഗ്രഹിച്ചിട്ടുണ്ടെന്നും സെലിം മനസ്സിലാക്കി. മെഹറിനെപ്പറ്റിയുള്ള പൂൎണ്ണവിവരം സെലിമിനുണ്ടായിരുന്നുവെന്ന് അദ്ദേഹം അഭിമാനിച്ചിരുന്നെങ്കിലും അദ്ദേഹത്തിന് അജ്ഞാതമായിട്ടുള്ള ചില സംഗതികൾകൂടി അവളെ സംബന്ധിച്ച് ഉണ്ടു് എന്ന് അദ്ദേഹം ധരിച്ചിട്ടില്ലാത്തതു് ഒരു പക്ഷെ അദ്ദേഹത്തിന് അവളിൽ ഉണ്ടായിരുന്ന ഗാഢാനുരാഗംകൊണ്ടായിരിക്കാം. വിശ്വാപതിയുടെ മരണവും, മെഹറിന്റെ അന്തഃപുരത്തിലെ ഗൂഢവാസവും തമ്മിൽ വല്ല ബന്ധവുമുണ്ടോ എന്നു അക്ബർചക്രവൎത്തി ആലോചിക്കുന്ന പക്ഷം അതിൽ പല കുഴപ്പങ്ങളും വന്നു ചേൎന്നേക്കാമെന്നു സെലിം അറിഞ്ഞിരുന്നു. ഏതായാലും മെഹറുമായുള്ള വേഴ്ച ചക്രവൎത്തിക്കു തീരെ സമ്മതമല്ലായിരുന്നുവെന്നും, അതിനുള്ള പ്രധാനകാരണം അവൾ ഒരു പരിചാരികമാത്രമാണെന്നു അദ്ദേഹത്തിനുണ്ടായിട്ടുള്ള ധാരണയാണെന്നും, സെലിമിനു നല്ലതുപോലെ അറിവാൻ കഴിഞ്ഞിട്ടുണ്ടു. ചക്രവൎത്തി തന്നെ വിളിച്ചു ആ വക സംഗതികളെപ്പറ്റി ചോദിക്കാതെയിരിക്കുന്ന കാലത്തോളം താൻ പരിഭ്രമിക്കേണ്ട ആവശ്യമില്ലെന്നു സെലിം സമാധാനിച്ചു. അദ്ദേഹം ഇപ്രകാരം അവിടെ ചിന്താസമുദ്രമഗ്നനായിരിക്കുമ്പോൾ തന്റെ മണിയറയുടെ വാതുക്കൽ ആരോ വന്നു നില്ക്കുന്നതുപോലെ തോന്നി ചോദിച്ചു. "ആരാണ് അവിടെ നില്ക്കുന്നതു? കയറിവരുക." രാജകുമാരന്റെ വാക്കുകൾ കേട്ട് അംബികാദേവി "ഞാനാണു, ദേവി" എന്നു പറഞ്ഞു മണിയറയിൽ പ്രവേശിച്ചു.

ദേവി അകത്തു കയറിയ ഉടൻതന്നെ മഞ്ചത്തിൽനിന്നും സെലിം എഴുന്നേറ്റ് അംബികയെ സ്വീകരിച്ചു ഉപവേശിച്ചു. കുമാരൻ വീണ്ടും ഒരുവശത്തേക്കു ചരിഞ്ഞു കൊട്ടുംകയ്യുംകുത്തി മഞ്ചത്തിൽ ശയിച്ചു. ദേവി അദ്ദേഹത്തിന്റെ ഫാലത്തെ തന്റെ കരപല്ലവങ്ങളാൽ തലോടിക്കൊണ്ടു പറഞ്ഞു:-- "അവിടുന്ന് എന്തിനാണു മനസ്സിനെ ശല്യപ്പെടുത്തുന്നതു്? ഞാൻ ഏതായാലും വന്ധ്യയായിത്തീൎന്ന സ്ഥിതിക്കു അവിടുന്നു പിതാവിന്റെ ആജ്ഞയോടുകൂടി മെഹറി

നെ വിവാഹം കഴിക്കണം. എന്നാൽ പിന്നെ ചക്രവൎത്തി ഇപ്രകാരമെല്ലാം അത്ര വാപിക്കേണ്ട കാൎയ്യമില്ലല്ലൊ. അവിടുന്നു എന്റെ അടുക്കൽ ഉണ്ടായിരിക്കണമെന്നു മാത്രമേ എനിക്കാഗ്രഹമുള്ളു. ഞാൻ മരിക്കുന്നതുവരെ അവിടുന്ന് അപ്രകാരം മാത്രം പ്രവൎത്തിച്ചാൽ മതി. ദേവിയുടെ മധുരസംഭാഷണം കേട്ടു വളരെ ആശ്ചൎയ്യപ്പെട്ട സെലിം ദേവിയുടെ കപോലത്തെ ചുംബിച്ചുകൊണ്ടു പറഞ്ഞു: "പ്രാണനാഥേ! നീ ഇത്ര പരിശുദ്ധയാണെന്നു വിചാരിക്കാത്ത സെലിം മഹാപാപിതന്നെയാണ്. പക്ഷേ നീ പറഞ്ഞതുപോലെ പിതാവിന്റെ അനുമതിക്കായി അദ്ദേഹത്തോടു യാചിക്കുന്നതിനു തന്നെയും എനിക്കു ധൈൎയ്യമില്ല. ആകട്ടെ നിന്നോട് അദ്ദേഹം എന്താണു ചോദിച്ചതെന്ന് ഒന്നുകൂടി പറയൂ. ഞാൻ കേൾക്കട്ടെ."

ദേവി—അദ്ദേഹം ഇന്നു കോപിച്ചിട്ടായിട്ടിരിക്കുകയായിരുന്നു. എങ്കിലും എന്നെ കണ്ട മാത്രയിൽ തന്നെ "മകളേ! നിന്നോടു ചോദിക്കുന്ന സംഗതികളുടെ പരമാൎത്ഥം നീ ഉടനെ എന്നെ ധരിപ്പിക്കണേ" എന്നു പറഞ്ഞു. ഇതിനു മുമ്പു പലപ്പോഴും അദ്ദേഹം ഇതുപോലെ എന്നെ വിളിച്ചു ഇന്നു പറഞ്ഞ വാക്കുതന്നെ പറഞ്ഞിട്ടുണ്ട്. മെഹർ അന്തഃപുരത്തിൽ താമസിക്കുന്നതിനെപ്പറ്റി എനിക്കു വല്ലതും അറിയാമോ, എന്നും ഷിയർഖാനെ വധിച്ച് ആർ മഹാരാജ്ഞി ആരാണു പാൎപ്പിച്ചിട്ടുള്ളതെന്നും, മറ്റും വിശദമായി തിരുമുമ്പിൽ അറിയിക്കണമെന്നു കല്പിച്ചു. ഇതിനും പുറമെ എന്റെ ജ്യേഷ്ഠസഹോദരനായിട്ട് ആരെങ്കിലും ജീവിച്ചിരിപ്പുള്ളതായി എനിക്കറിവുണ്ടോ എന്നും അദ്ദേഹം ചോദിച്ചു. എനിക്ക് ഇവയെപ്പറ്റി യാതൊന്നും തന്നെ അറിവില്ലെന്നു പറഞ്ഞ് അന്നു ഞാൻ അദ്ദേഹത്തെ തൃപ്തിപ്പെടുത്തി. ഈ വിവരം ഉടൻതന്നെ ഒരു കത്തുമൂലം ഞാൻ മെഹറിനെ അറിയിച്ചു. ചക്രവൎത്തി മെഹറിനെപ്പറ്റി സംശയിക്കുന്നുണ്ടെന്നും യാതൊരു വിധത്തിലും അവളുടെ താമസത്തിനെ പറ്റി അദ്ദേഹം അറിവാൻ ഇടയാകരുതെന്നും, നഗര മുഖാന്തിരം ഞാൻ മെഹറിനെ അറിയിച്ചിരുന്നു. ഇന്നു ചക്രവൎത്തി ചോദിച്ചതു ഇന്നാളത്തെപ്പോലെ സൌമ്യമായിട്ടല്ല. ഇന്നു പിതാവിന്റെ മുഖത്തേക്കു നോക്കുന്നതിനു കൂടി ഞാൻ വളരെ ഭയപ്പെട്ടു. എന്നോടു ചോദിച്ചതിൽ ചിലതെല്ലാം ഇപ്രകാരമാണ്.

"ദേവി! ഈ കൊട്ടാരത്തിലും അന്തഃപുരത്തിലും നടക്കുന്ന പല രഹസ്യങ്ങളെപ്പറ്റിയും നീ അറിഞ്ഞിട്ടില്ലേ? ഞാൻ സെലിമിനെ വേണ്ട രീതിയിൽ ശാസിക്കയും ചെയ്തിട്ടും ഇനിയും അയാൾ എ

ന്റെ ആജ്ഞയെ ലംഘിക്കുവാനാണു ശ്രമിക്കുന്നതു്. ഇതിനു പ്രതീകാരം നമ്മുടെ ഖഡ്ഗംതന്നെ ചോദിക്കണമെന്നാണ് അവർ നിശ്ചയിക്കുന്നതെങ്കിൽ പുത്രദുഃഖത്തെ പൊതുജനസംരക്ഷണത്തിനു വേണ്ടി ഈ അക്ബർ സഹിക്കുവാൻ തയ്യാറാണ്." പിതാവിന്റെ ഈ വാക്കുകൾ കേട്ടു പെട്ടെന്നു ഞാൻ ഒന്നു ഞെട്ടിപ്പോയി. പക്ഷെ അവിടെ യാതൊരു സമാധാനവും പറയുവാൻ കഴിയാതെ, എനിക്കു അവയെപ്പററി യാതൊന്നും അറിവില്ലെന്നു മാത്രം ഞാൻ പറഞ്ഞു. എന്റെ സമാധാനം കേട്ടു് അതൃപ്തനായ ചക്രവർത്തി ഇപ്രകാരമരുളി. "നീയും എന്നെ വഞ്ചിക്കയാണു; സംശയമില്ല. ആകട്ടെ സംഗതികളുടെ സൂക്ഷ്മസ്ഥിതി ഞാൻ തന്നെ അറിഞ്ഞുകൊള്ളാം. നിങ്ങൾ എല്ലാവരും എന്നെ വഞ്ചിക്കയാണു" ഇത്രയും പറഞ്ഞു എന്നോടു പൊയ്ക്കൊള്ളുവാൻ ആജ്ഞാപിച്ചു. എന്തായാലും ചക്രവർത്തി ഗൂഢമായി പലതും അന്വേഷിക്കുന്നുണ്ടെന്നതിൽ തർക്കമില്ല. കാര്യങ്ങളെല്ലാം ശരിയായി അറിഞ്ഞിട്ടുള്ള കുമാരസേനനെക്കൂടി ചക്രവർത്തി നിഷ്കാസനം ചെയ്തിരിക്കയാണ് എന്നു ഞാൻ അറിഞ്ഞു. യോഗീശ്വരനെ കണ്ടിരുന്നെങ്കിൽ കാര്യങ്ങളെപ്പററിയുള്ള പൂർണ്ണവിവരം ഗ്രഹിക്കാമായിരുന്നു."

സെലിം — യോഗീശ്വരനും വിശ്വസനീയനാണെന്നു ഞാൻ വിചാരിക്കുന്നില്ല. അയാൾ പെരുംകള്ളനാണ് എന്നു തന്നെ ഞാൻ വിചാരിക്കുന്നു. ദേവിയും അയാളുമായിട്ടുള്ള ബന്ധത്തെപ്പററി വിസ്മരിച്ചാണു ഞാൻ ഇത്രയും സംസാരിച്ചതു്. ദേവിയുടെ പിതാവിനെ വഴിയാധാരമാക്കിയതു് അയാൾ തന്നെയല്ലേ?

ദേവി — എല്ലാം സർവ്വേശ്വരനറിയാം. സകലതും വൈഷമ്യത്തിലായി. എന്തായാലും അവിടുന്നു മെഹറിനെ ഉടൻ തന്നെ മാററിപ്പാർപ്പിക്കണം. അല്ലെങ്കിൽ ദോഷമുണ്ടു്. നേരം സന്ധ്യയായി. ഞാൻ പൂജക്കു പോകട്ടെ" ഇപ്രകാരം പറഞ്ഞു ദേവി മണിയറയിൽ നിന്നും ഇറങ്ങി അന്തഃപുരത്തിലേക്കു പോയി.

ദേവിയുടെ സന്നിധാനത്തിൽ സെലിമിന്റെ മനോദുഃഖമെല്ലാം അദ്ദേഹത്തെ വിട്ടു പിരിഞ്ഞിരുന്നെങ്കിലും വീണ്ടും അദ്ദേഹത്തിനു സ്വൈരമില്ലാതെയായി. അദ്ദേഹത്തിന്റെ മനസ്സമാധാനം നശിച്ചു. ഇതിനു കാരണം മെഹറിനെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന പ്രേമം ഒരിക്കലും നശിക്കത്തക്കതല്ലായിരുന്നുവെന്നതാണ്. ചക്രവർത്തി എത്രതന്നെ ശാസിച്ചിരുന്നാലും കോപിച്ചിരുന്നാലും മെഹറി

നോടു താൻ വിപരീതമായി ഒരക്ഷരംപോലും പറയുകയില്ലെന്നും അദ്ദേഹം തീർച്ചപ്പെടുത്തി. എന്തായാലും മെഹറിനെ ഉടനടികാണേണമെന്നു നിശ്ചയിച്ച രാജകുമാരൻ മണിമന്ദിരത്തിൽ നിന്നും ഗൂഢമാർഗ്ഗത്തിൽക്കൂടി മെഹർ പാർത്തിരുന്ന മുറിയിലെത്തിച്ചേർന്നു. അവിടെ ചെന്ന ഉടൻ അദ്ദേഹം മന്ദം ശബ്ദിച്ചു. ശബ്ദം കേട്ടപ്പോൾ വാതിൽ തുറന്നു് ആ സുന്ദരി സെലിമിനു് സ്വാഗതമരുളി. അന്നു കുമാരന്റെ മുഖം പതിവിൽ കൂടുതൽ ദീനമായിരിക്കുന്നതു കണ്ടപ്പോൾ മെഹർ ഇപ്രകാരം ചോദിച്ചു:—

“അവിടുന്നു വല്ലാതെ ക്ലേശിച്ചിരിക്കുന്നുവല്ലോ. ഈ പാപികാരണം അവിടത്തെ ദേഹം വെന്തുരുകുകയാണു്. എന്തിനാണു് ഈ അനാവശ്യോപദ്രവങ്ങളെല്ലാം സഹിക്കുന്നതു്? എന്നെ അവിടുന്നു് ഉപേക്ഷിക്കണം. ഞാൻ എവിടെയെങ്കിലും പോയി ജീവിതഭാരം ഇറക്കിവെച്ചുകൊള്ളാം. അവിടുന്നു് ഇപ്രകാരം സങ്കടപ്പെടുന്നതെന്തിനാണു്? അവിടേക്കു് എത്രയോ സൌഖ്യമായും സന്തോഷമായും താമസിക്കാവുന്നതാണു്.” മെഹർ ഇത്രയും പറഞ്ഞു കുമാരന്റെ രത്നഖചിതമായ കഞ്ചുകത്തെ സെലിമിന്റെ ദേഹത്തിൽ നിന്നും അഴിച്ചു മഞ്ചത്തിന്റെ ഒരു ഭാഗത്തുവെച്ചു. അവർ രണ്ടു പേരുംകൂടി മഞ്ചത്തിൽ ചെന്നിരുന്നു. സെലിം മെഹറിന്റെ മടിയിൽ തലവെച്ചുകൊണ്ടു ശയിച്ചു. മെഹറിന്റെ തങ്കത്താരൊളി തങ്ങുന്ന കൈകൊണ്ടു കുമാരന്റെ ശിരസ്സിനേയും നെറ്റിത്തടത്തെയും അലങ്കരിച്ചുകൊണ്ടു മെല്ലെ മെല്ലെ പരിച്ചു. അദ്ദേഹം ഇപ്രകാരം പറഞ്ഞു. “ഞാൻ സാമ്രാജ്യത്തിന്റെ അടുത്ത അവകാശിയാണെങ്കിലും ഏറ്റവും ഭാഗ്യഹീനനാണു്. ലോകത്തിൽ സൌഖ്യമനുഭവിക്കുന്നതു യഥാർത്ഥപ്രേമത്തെ ആരാധിക്കുന്നതിനു സ്വാതന്ത്ര്യമുള്ളവരാണു്. അതിനു അധികാരമില്ലാത്തവർ— സാധിക്കാത്തവർ— രാജാധിരാജന്മാരായിരുന്നാലും സൌഖ്യമനുഭവിക്കുന്നില്ല. ഭൂലോക ഗൌരവമുള്ള ഭരണകാര്യങ്ങളിൽ ഏറെയും ബുദ്ധിയും ഒരു പോലെ വ്യാപരിപ്പിച്ചു പരിതപിക്കുമ്പോൾ അല്പമെങ്കിലും ആശ്വാസം ആ മനുഷ്യനുണ്ടാകേണമെങ്കിൽ തന്റെ മനസ്സു് ആരാധിക്കുന്ന പ്രേമേശ്വരിയായ പ്രേയസിയുമായുള്ള സല്ലാപംകൊണ്ടല്ലാതെ സാധിക്കയില്ലെന്നാണു് എന്റെ വിശ്വാസം. ഇന്നിതാ സെലിം അതിനൊന്നും സ്വാതന്ത്ര്യമില്ലാത്തവനായി തീർന്നിരിക്കുന്നു. ഇതിൽ കൂടുതൽ നിർഭാഗ്യമെന്താണു് എനിക്കു് ഉണ്ടാകേണ്ടതു്? ജീവിതം, ശരിയായ ആഹാരംകൊണ്ടോ, വസ്ത്ര

ലം കൊണ്ടോ, സൌഖ്യപ്രദമാക്കുവാൻ സാധിക്കാത്ത എത്രയോ സാധുക്കളും പ്രേമത്തെ മാത്രം ആരാധിച്ചു പരമാനന്ദത്തെ പ്രാപിക്കുന്നു!"

മെഹർ— അതെല്ലാം പോകട്ടെ. ഇന്നു അവിടുക്കു എന്നാണു കൂടുതൽ ദുഃഖമുള്ളതു്?

സെലിം— ഇന്നു ചക്രവർത്തി വളരെ കോപിച്ചിരിക്കയാണ്. നിന്റെ താമസത്തെപ്പറ്റിയും മറ്റും അദ്ദേഹം ഏറ്റവും ഗുപ്തമായി അന്വേഷിക്കുന്നുണ്ട്. നിന്നെ കൊട്ടാരത്തിൽ നിന്നും പറഞ്ഞയച്ചു കൊള്ളണമെന്ന് ഇതിനു മുൻപാജ്ഞാപിച്ചിട്ടുള്ളതു് അനുസരിച്ചു ഞാൻ പ്രവൃത്തിച്ചിരിക്കുമെന്നാണ് ഇന്നുവരെ അദ്ദേഹം ധരിച്ചിരുന്നതെങ്കിലും ഇന്ന് അതെല്ലാം അയഥാർത്ഥമാണെന്ന് എങ്ങിനെയോ ചക്രവർത്തി അറിഞ്ഞിട്ടുണ്ട്. അദ്ദേഹം പല ദിക്കുകളിലും അന്വേഷണം നടത്തുന്നുണ്ടെങ്കിലും യാതൊന്നും തന്നെ അറിഞ്ഞിട്ടില്ല. ചാരന്മാരെ അന്വേഷണാർത്ഥം അയച്ചിട്ടുണ്ട്. കുമാരസേനനെ കൊട്ടാരത്തിൽ നിന്നും ബഹിഷ്കരിച്ചിരിക്കുന്നു. അംബികാദേവിയെ വിളിച്ചു പലതും ചോദിച്ചതായും ഞാൻ അറിഞ്ഞു. പിതാവു് എത്രതന്നെ ശൌര്യപ്പെട്ടാലും ഇനി ഈ ജന്മത്തിൽ മെഹറിനെ വിട്ടു പിരിയുവാൻ സെലിം ഒരുക്കമില്ല."

ഏറ്റവും ദയനീയമായ സ്വരത്തിൽ പ്രേമസമ്പൂർണ്ണമായ ഈ മൊഴികളെ, കുമാരൻ പറഞ്ഞു തീർന്നപ്പോഴേക്കും മെഹർ, അവളറിയാതെ തന്നെ കരഞ്ഞു തുടങ്ങി. ത്രിലോകധീരയും അചഞ്ചലഹൃദയയും ആയ ആ വീരയുവതിയുടെ പരിശുദ്ധനയനങ്ങളിൽ നിന്നും പ്രവഹിച്ചതിൽ ഒന്നു രണ്ടു തുള്ളി കണ്ണീർ അവളുടെ അറിവും അനുമതിയും കൂടാതെ കുമാരന്റെ ഗണ്ഡസ്ഥലങ്ങളിൽ പതിച്ചു. പെട്ടെന്നു് അദ്ദേഹം അവളുടെ അങ്കതലത്തിൽ നിന്നും ശിരസ്സിനെ ഉയർത്തി ഗൌരവസ്വരത്തിൽ ചോദിച്ചു. "പാരാവാരത്തിന്റെ തിരകളെ പോലെ അണിയിട്ടു കയറുന്ന അസംഖ്യം മുഗൾസേനകളെ കേവലം ആയിരം ഭടന്മാരോടുകൂടി കതിരപ്പുറത്തു കയറി യുദ്ധം ചെയ്തു തോല്പിക്കുവാൻ ഉറച്ചു സധീരം അഞ്ചു നാഴികയോളം പോരാടിയ ആ പെൺകുട്ടി നീ തന്നെ ആയിരുന്നുവെന്ന് ഇപ്പോൾ വിശ്വസിക്കുന്നതിനു ഞാൻ അപ്രാപ്തനാണ്! ഹാ! ഓമനേ!! നിന്റെ ഹൃദയത്തിന്റെ ധൈര്യമെല്ലാം എവിടെപ്പോയി? അനേകകാലത്തെ ശത്രുപ്പോരാട്ടത്തിലും യുദ്ധവൈദഗ്ദ്ധ്യത്തിലും ബഹുമാനിച്ച്

അന്നു കോട്ട പിടിച്ചടക്കുവാൻ സന്നദ്ധനായി വന്ന സെലിമിനെ, പ്രേമത്തെക്കൂടി വിസ്മരിച്ചു, നിഗ്രഹിക്കുമെന്നു ധൈര്യപ്പെട്ടു പോരാടി, ഒരു നോട്ടം കൊണ്ടു പരാജിതനാക്കിയ ആ സജീവനേത്രങ്ങളിൽ നിന്നും പ്രവഹിച്ച അശ്രുപൂരമാണ് ഇന്ന് എന്റെ ഗണ്ഡസ്ഥലത്തെ നനച്ചതെന്ന് സെലിം വിശ്വസിക്കുന്നില്ല. നിനക്ക് ഇത്രമാത്രം ധൈര്യലയമുണ്ടായാൽ പിന്നെ സെലിമിന്റെ സ്ഥിതി എന്താണ്?" ഇത്രയും പറഞ്ഞു സെലിം കണ്ണീർമുത്തുകളാൽ അലംകൃതമായ മെഹറിന്റെ ഗണ്ഡദർപ്പണത്തിൽ ചുംബിച്ചു ബാഷ്പപ്രവാഹത്തെ വററിച്ചു. മെഹർ കണ്ണീർ തുടച്ചുകൊണ്ടു മൃദുസ്വരത്തിൽ പറഞ്ഞു തുടങ്ങി:—

"അവിടത്തെ പ്രേമത്തിന് ഇവൾ അധീനയായി ഭവിച്ചതും അവകാശിയായിത്തീർന്നതുമെല്ലാം എന്റെ പുണ്യഫലമാണെന്നുതന്നെ ഞാൻ ദൃഢമായി വിശ്വസിക്കുന്നു. എന്നാൽ ഇവിടെയുള്ള എന്റെ താമസം ഇനി സുഖകരമല്ല. അതുകൊണ്ടു ഞാൻ ഇവിടെനിന്നും പോയ്ക്കൊള്ളുവാൻ അനുവദിക്കുന്നതാണ് പല കാര്യങ്ങൾകൊണ്ടും നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. അത് സാധിക്കുന്നില്ലെങ്കിൽ അവിടത്തെ സന്നിധിയിൽവെച്ചുതന്നെ ആത്മനാശം ചെയ്യുവാനുള്ള അനുമതിയെ ഇവൾ ഭക്തിപുരസ്സരം യാചിക്കുന്നു. യുദ്ധമോ, സേനകളോ, എന്നെ അധീരയാക്കുകയില്ല. എന്നാൽ അവിടത്തെ സൌഖ്യനാശം എന്നെ ഭീരുവാക്കിത്തീർക്കുന്നു. അള്ളാ എന്നെ എന്നെന്നേക്കും ദുഃഖിതയാക്കിത്തീർക്കുന്ന അവിടേയ്ക്കു സന്തോഷമുണ്ടാക്കേണ്ടതിന് പകരം അവിടത്തെ ദുഃഖിപ്പിക്കുന്ന ഞാൻ എത്രയോ മഹാപാപിയാണ്! അതുകൊണ്ടു ഇവയിൽ ഒന്ന് വേഗം തീർച്ചപ്പെടുത്തണം."

മെഹറിന്റെ ഈ അപേക്ഷ കേട്ട് അസ്വസ്ഥചിത്തനായി ഭവിച്ച സെലിം അവളെ ആശ്വസിപ്പിച്ചു. "പ്രിയേ നീ ഇവിടെനിന്നും മാറിത്താമസിക്കുന്നതുതന്നേയും അത്യധികം സന്താപകാരണമാണെന്നു ഞാൻ വിചാരിക്കുന്നു. ആ സ്ഥിതിക്ക് നിന്റെ ജീവനാശം—ഹാ! ഞാൻ എപ്രകാരം ആ കടുംകൈയ്യെപ്പററി വിചാരിക്കും—എപ്രകാരം അനുവദിക്കും—എപ്രകാരം സഹിക്കും! പിതാവ് ഇനിയും ഗൌരവപ്പെടുന്നെങ്കിൽ ഞാൻ വേണ്ടതു കരുതിക്കൊള്ളാം. അഥവാ എന്നെ ബഹിഷ്കരിച്ചാൽ ഞാൻ എവിടെയെങ്കിലും പൊയ്ക്കൊള്ളാം. ഒരു ചക്രവർത്തിക്കു അനുഭവിക്കാവുന്ന സുഖങ്ങളെല്ലാം ഞാൻ ഇ

നിമിഷംവരെ അനുഭവിച്ചു. ഇനി എനിക്ക് അതിലൊന്നും ആശകളില്ല. മേരിയോടൊന്നിച്ച് താമസിക്കുന്നപക്ഷം ഒരു യാചകനായിരുന്നാലും സെലിം ചക്രവർത്തിതന്നെയാണ്; അതിനു സംശയമില്ല''

മെഹർ:—എന്നാൽ അവിടുന്നു ദയവുചെയ്തു വേറെ ഒരു കാര്യം തീരുമാനിക്കണം. തല്ക്കാലം എന്നെ ഇവിടെനിന്നും മാറിത്താമസിക്കുവാൻ അനുവദിക്കണം. പുറത്ത് എവിടെയെങ്കിലും ഞാൻ താമസിച്ചുകൊള്ളാം. അങ്ങിനെയാണെങ്കിൽ ചക്രവർത്തി അതിനെപ്പറ്റി അറിയുകയും ഇല്ല. പിന്നിടൊരിക്കൽ ഇവിടെവരാൻ സംഗതിയായെങ്കിൽ സന്തോഷമായി താമസിക്കുകയും ചെയ്യാമല്ലോ. അതു തന്നെയാണ് ഭേദം. ചക്രവർത്തി, കാര്യങ്ങളറിവാൻ മനഃപ്പൂർവ്വം ശ്രമിക്കുന്നസ്ഥിതിക്ക് ഞാൻ ഇവിടെ പാർക്കുന്ന വിവരം എങ്ങിനെയെങ്കിലും അറിയാതിരിക്കയില്ല. ഒരുപക്ഷെ ഇപ്പോൾത്തന്നെ അദ്ദേഹം ഇതെല്ലാം അറിഞ്ഞിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നത്. ഇവിടെനിന്നും മാറി താമസിക്കുന്നത് എന്തുകൊണ്ടും നന്നാണെന്നുതന്നെയാണ് ദേവിയുടെ അഭിപ്രായം. അവർ എനിക്കു തന്നിട്ടുള്ള ഒരു കത്തിൽ കാര്യങ്ങൾ വളരെ സൂക്ഷിക്കണമെന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് കോട്ടയുടെ പുറത്തെവിടെയെങ്കിലും എന്നെ താമസിപ്പിക്കണം. അവിടേക്കു ഇഷ്ടമുള്ളപ്പോൾ വരികയും ചെയ്യാമല്ലോ. നദീതീരത്താണെങ്കിൽ എനിക്ക് വളരെ സന്തോഷമാണ്''

മെഹറിന്റെ ഈ അഭിപ്രായം ഉചിതമെന്നും സ്വീകരണീയവുമാണെന്നു സെലിമിന് തോന്നാതിരുന്നില്ല. ഇത്രയും കാലം ചക്രവർത്തി അറിയാതെതന്നെ മെഹർ കൊട്ടാരത്തിൽത്തന്നെ താമസിച്ചിരുന്നുവെങ്കിലും എന്തോ ഭാഗ്യംകൊണ്ട് അവളുടെ താമസം എവിടെയാണെന്ന് അദ്ദേഹം അറിഞ്ഞിട്ടില്ല. എന്നു മാത്രമല്ല, ഇതുവരെ, കുമാരസേനൻ ഒരുപക്ഷെ ആ വക സംഗതികളെപ്പറ്റി അറിഞ്ഞിരിക്കാമെങ്കിലും, ചക്രവർത്തിയെ ധരിപ്പിച്ചിട്ടുമില്ല. കുമാരസേനനെ ബഹിഷ്കരിച്ചതുകൊണ്ട് ഇനി അധികകാലതാമസം കൂടാതെതന്നെ രഹസ്യങ്ങളെല്ലാം പുറത്തുവരാതെ കഴികയില്ല. കുമാരസേനനെക്കൊണ്ട് യാതൊരു സംഗതിയും കൊള്ളുകയില്ലെന്ന് തീർച്ചപ്പെടുത്തിട്ടുള്ള ചക്രവർത്തി ഇനിമുതൽ തനിയെത്തന്നെ കാര്യങ്ങളെപ്പറ്റി അന്വേഷിക്കുവാൻ തയ്യാറാകാതെയിരിക്കയില്ലെന്നതും തീർച്ചയാണ്. ആ സ്ഥിതിക്ക് മെഹറിന്റെ താമസത്തെപ്പറ്റിയും മറ്റും

ഗ്രഹിക്കുന്നതിനും ചക്രവർത്തിക്ക് നിഷ്പ്രയാസം സാധിക്കും. ഇതെ
ല്ലാം നല്ലതുപോലെ വിചാരിച്ച് സെലിം മെഹറിനോട് ഇങ്ങിനെ പ
റഞ്ഞു: "ദേവതി പറഞ്ഞതു പരമാർത്ഥമാണെന്നുതന്നെ സമ്മതിക്കാം.
ഇന്നു രാത്രിയിൽതന്നെ മാറിത്താമസിക്കുന്നതിന് വേണ്ട ഏർപ്പാടു
കൾ ചെയ്തുകൊള്ളാം. തല്ക്കാലം അതുതന്നെയാണ് നല്ലത്. യമുനാതീ
രത്തിൽതന്നെ സൌകര്യപ്രദമായിട്ടുള്ള ഒരു കെട്ടിടമുണ്ട്. ഇതുവരെ
ആൾപാർപ്പില്ലാതെ കിടക്കുന്നതാണെങ്കിലും ഞാൻ അവിടെ വേണ്ട
ഒരുക്കങ്ങൾ ചെയ്യിപ്പിച്ചുകൊള്ളാം" ഇങ്ങിനെ നിശ്ചയിച്ച്, സെലിം
മെഹറിനെ ഗാഢമായി ആശ്ലേഷിച്ചതിനുശേഷം ആ ഗൂഢമുറിയിൽ
നിന്നും പുറത്തേക്കിറങ്ങി. കുമാരൻ പോയതിനുശേഷം മെഹർ ക
വാടങ്ങളെല്ലാം ഭദ്രമായി ബന്ധിച്ചു. അവൾ ശോകാകുലയായി മഞ്ചത്തിൽ
ശയിച്ചു. സെലിമിനെ വിട്ടുപിരിഞ്ഞു താമസിക്കുന്നതിൽ മെഹറിനു
ണ്ടായിരുന്ന ഖേദം അവളുടെ ജീവിതത്തെത്തന്നെ നശിപ്പിക്കുന്നതിനു
പര്യാപ്തമാണെന്നു അവൾ കരുതി. അവൾ വിചാരിച്ചു. "രാജകുമാ
രന്റെ ഹൃദയം പരിശുദ്ധമാണ്. അന്തഃപുരത്തിൽനിന്നും ലഭിക്കുന്ന
സാന്ത്വനങ്ങളൊന്നുംതന്നെ അദ്ദേഹത്തെ സമാധാനിപ്പിക്കുന്നില്ല.
എന്റെ കാര്യങ്ങളെപ്പറ്റി വിചാരിക്കുംതോറും അദ്ദേഹത്തിന് ദുഃഖ
ങ്ങൾ വർദ്ധിക്കുന്നതേയുള്ളൂ. ദേവിക്കു ശൈഖാ, എന്റെ ചരിത്രങ്ങ
ളെല്ലാംതന്നെ അറിയാമായിരിക്കും. അതുകൊണ്ടുതന്നെയാണല്ലോ
ആ സ്ത്രീരത്നം എന്നോട് വിരോധമില്ലാതെ പെരുമാറുന്നത്. ഹാ!
കഷ്ടം! ഞാൻ കാരണം അദ്ദേഹം ദുഃഖമനുഭവിക്കുന്നല്ലോ. അദ്ദേഹ
ത്തിന്റെ സുഖമല്ലാതെ ഞാൻ മറ്റെന്താണ് ആഗ്രഹിക്കേണ്ടത്.
അന്ന് ആ പോർക്കളത്തിൽവെച്ച് ഞാൻ വേഷപ്രച്ഛന്നയായി നി
ന്നു യുദ്ധം ചെയ്തപ്പോൾ, അദ്ദേഹത്തിന്റെ സേനാനായകനെ മുന്ന
ണിയിൽനിന്നും വിളിച്ച് ബന്ദിഗണത്തെ കാണിച്ചുകൊണ്ടുനിന്ന എ
ന്നെ നോക്കി ഒന്നു പുഞ്ചിരികൊണ്ടതും, "ദേവതിയെന്തിനാണ് യു
ദ്ധം ചെയ്യുന്നത്? സെലിം കീഴടങ്ങിയല്ലോ" എന്നു പറഞ്ഞതും ഇ
ന്നലെ കഴിഞ്ഞതുപോലെ എനിക്കു തോന്നുന്നു. ഞാൻ ഇവിടെനിന്നും
മാറിത്താമസിച്ചില്ലെങ്കിൽ ചക്രവർത്തി എന്റെ സ്ഥിതിഗതികളെപ്പ
റ്റി അറിയാതിരിക്കയില്ല. ശൈഖ യോഗീശ്വരൻ ഇവിടെത്ത
ന്നെ ഉണ്ടായിരിക്കും. ഇവിടെനിന്നും പുറത്തിറങ്ങി താമസിച്ചാൽ
പിന്നെ പല കാര്യങ്ങളും അറിയാൻ കഴിയും. കുമാരനെ അപായ
ങ്ങളിൽനിന്നും രക്ഷിക്കേണ്ടത് എന്റെ ചുമതലയല്ലേ? കേവലം

പ്രേമത്തെമാത്രം അടിസ്ഥാനമാക്കി, ബാക്കിയുള്ള സംഗതികളുടെ ഗൌരവം അറിയാതിരുന്നാൽ വന്നുചേരാവുന്ന അനൎത്ഥങ്ങൾ അദ്ദേഹത്തിന് അസഹനീയമായിരുന്നു. ഏതായാലും രാജകുമാരൻ തിരിച്ചുവരട്ടെ.” ഇപ്രകാരം വിചാരിച്ചുകൊണ്ട് മെഹർ മഞ്ചത്തിൽ ശയിച്ചു.

സെലിം മെഹറിന്റെ മുറിയിൽനിന്നും ഇറങ്ങി നേരെപോയതു സ്വകാൎയ്യമുറിയിലേക്കായിരുന്നു. അവിടെച്ചെന്നു അല്പനേരം വിശ്രമിച്ചതിൽപിന്നീട് അദ്ദേഹം ഒരു വിശ്വസ്തഭൃത്യനെ വിളിച്ചു എന്തോ ചിലതെല്ലാം ആജ്ഞാപിച്ചു. ഭൃത്യനെ യാത്രയാക്കിയതിനുശേഷം അദ്ദേഹം അന്തഃപുരത്തിലേക്കു പോയി. അന്തഃപുരത്തിലേക്കു പോകും വഴി, നസീറയെ, സെലിം ആരാമത്തിൽവെച്ച് കണ്ടു. അവളെ കണ്ട ഉടനെ, അദ്ദേഹത്തിന്റെ പാദങ്ങൾ അവളുടെ അടുക്കലേക്കു തിരിയാതിരുന്നില്ല. നസീറ ഇപ്രകാരം പറഞ്ഞു.

“ചക്രവൎത്തി തിരുമനസ്സിൽനിന്നു ഇതേവരെ എഴുന്നള്ളിയിട്ടുണ്ട്. എവിടേക്കാണ് പോയതെന്നു അറിഞ്ഞുകൂടാ. ഒരുപക്ഷേ ഇവിടെത്തന്നെ വല്ല സ്ഥലത്തും ഉണ്ടായിരിക്കാം. അതുകൊണ്ട് പിന്നീട് കാണാം. അതാണ് നല്ലത്” നസീറയുടെ വാക്കുകേട്ട് സെലിം അവിടെ നില്ക്കാതെ അന്തഃപുരത്തിലേക്കുതന്നെ പോയി. സെലിം പോയി അല്പനേരം കഴിഞ്ഞപ്പോൾ ചക്രവൎത്തി ആരാമത്തിൽ വന്നുചേൎന്നു. അദ്ദേഹം നസീറയോടു ചോദിച്ചു:—“നാൎക്കുട്ടീ! നീ ഈ അസമയത്ത് ആരാമത്തിൽ നില്ക്കുന്നതെന്തിന്?” ചക്രവൎത്തിയുടെ ചോദ്യം കേട്ട് യാതൊരു മടിയും കൂടാതെ അവൾ പറഞ്ഞു. “തിരുമേനി! അന്തഃപുരത്തിലേക്കുള്ള പൂക്കൾ മുഴുവനും പറിച്ചു തീൎന്നിട്ടില്ല. ഇന്നു ദേവിക്കു പൂജയുള്ള ദിവസമാണ്. കൂടുതൽ പൂക്കളുടെ ആവശ്യമുണ്ടെന്നു അറിയിച്ചതു ഇപ്പോൾമാത്രമാണ്.

ചക്രവൎത്തി—നസീറേ! ഈ അന്തഃപുരത്തിൽ ദേവിയെ കൂടാതെ മറ്റു സ്ത്രീകൾ താമസമുണ്ടോ? നീ ആരെയെങ്കിലും അവിടെ കണ്ടിട്ടുണ്ടോ?

നസീറ—തിരുമേനി! ദേവിയുടെ സഖിമാരല്ലാതെ മറ്റാരും തന്നെ അവിടെയില്ല.

ചക്ര—ശരി. മെഹർ എന്നൊരു സ്ത്രീ ഇവിടെ എവിടെയെങ്കിലും ഗൂഢമായി പാൎക്കുന്നുണ്ടോ എന്നു അന്വേഷിച്ച് അറിയിക്കണം.

നസീറ—കല്പന പോലെ.

ചക്രവൎത്തി ഇപ്രകാരം ആജ്ഞാപിച്ചതിനുശേഷം അദ്ദേഹ

ത്തിന്റെ മണിമാളികയിലേക്ക പോയി. ചക്രവർത്തി ഏതോ ചില രഹസ്യസംഗതികളെപ്പറ്റി അറിവാൻ ശ്രമിക്കുന്നുണ്ടെന്നും അതുകൊണ്ടു തന്നെയാണ് തന്നോട് ആ പ്രകാരമെല്ലാം ആജ്ഞാപിച്ചതെന്നും, ഇനി മുതൽ ആരാമത്തിലും മറ്റും വെച്ച രാജകുമാരനുമൊന്നിച്ച് സ്വൈരസല്ലാപം ചെയ്യുന്നത് വളരെ സൂക്ഷിച്ചു വേണ്ടതാണെന്നും അവൾ ഉദ്ദേശിച്ചു. നളിനി ആരാമത്തിൽ നിന്നും പാചകശാലയിലേക്ക തിരിച്ചു. പാചകശാലയുടെ ഒരു വശത്ത്, ഇടം ചാരി കുംഭോദരസ്വാമി ഉറക്കം തൂങ്ങുന്നതു പോലെ നിൽപ്പുണ്ട്. ഇടക്കിടക്ക നയാഗ്രാവെള്ളച്ചാട്ടത്തിന്റെ പ്രതിധ്വനിയെന്നതുപോലെ, ആ പർവ്വതസ്വരൂപിയുടെ നാസികാചലകന്ദരത്തിൽനിന്നും വെള്ളം പ്രവഹിക്കുന്നതിന്റെ ഘുംകാരശബ്ദം കേൾക്കുന്നു. സ്വാമിയുടെ അടുക്കൽക്കൂടി അവൾ പാചകശാലയിലേക്ക പോകുന്നതു കണ്ടപ്പോൾ കുംഭോദരൻ തിരിഞ്ഞു നിന്നു 'അയ്യോ! ശ്ലോകം തെറ്റിക്കയറി അടുപ്പിൽ ചെന്നു വീഴുമല്ലോ. ഇന്നു തിരുമുൽപ്പിൽ നൃത്തവും മറ്റും വേണ്ട. ഇവിടെ തന്നെ നൃത്തം ചെയ്താൽ മതി. ആരറിഞ്ഞു! എന്തനർത്ഥമാണ്! ചക്രവർത്തി രാജ്യഭാരം നിർത്തി പാചകഭാരം ഏറ്റുവെന്നു ഞാൻ അറിഞ്ഞില്ല. ഇന്നാൾ, ആ കാസിം— ആ ദ്രോഹി, കുറെ പച്ചക്കറിയും മറ്റും ഒക്കെ അവിടെ കൊണ്ടു ചെന്നുവെച്ചു. അതു കാരണം അന്നു ചക്രവർത്തി നമ്മുടെ വായിൽ മണ്ണടിച്ചു. എന്തുചെയ്യാം. ക്ലീം. ശ്ലോം. ഹ്രീം. ഓം. ഢിം. ഢും."

കുംഭോദരസ്വാമിയുടെ നിരക്ഷരപ്രസംഗം പതിവുപോലെ അന്നും പാചകശാലയിൽ പ്രചരിക്കുന്നതു കണ്ടും കേട്ടും നളിനി അല്പനേരം അവിടെ തന്നെ നിന്നു. സാധാരണയായി കുംഭോദരന്റെ വാക്കുകൾ കേൾക്കുന്നതിനേക്കാൾ അവ കാണുന്നതിനാണ് കാണികൾക്കു രസം. ഓരോ വാക്കു ഉച്ചരിക്കുമ്പോഴും ചില പാറക്കെട്ടുകളുടെയിടക്കുള്ള അളകൾ പോലെ അധരോഷ്ഠങ്ങൾ വിടരുന്നതും, കാളികത്തട്ടിന്റെ കരിങ്കൽസ്തംഭങ്ങൾ പോലെ നില്ക്കുന്ന പല്ലുകൾ ഇളിച്ചു കാണിക്കുന്നതും, ചിരിക്കുമ്പോൾ കവിൾത്തടങ്ങളിൽ രോമാവലിയോടുകൂടിയ മാംസം, കരിമ്പടം കൊണ്ടുള്ള ഞൊറികൾ പോലെ മടങ്ങി കർണ്ണങ്ങളുടെ ഉച്ചാഗ്രത്തെ ആശ്ലേഷിക്കുന്നതും കാണേണ്ട കാഴ്ചകൾ തന്നെയാണ്. പ്രകൃത്യാതന്നെ വിരൂപത പുറത്തും അകത്തും നിറഞ്ഞിട്ടുള്ള പാചകസ്വാമി കൃത്രിമങ്ങളായി ഏതെല്ലാം രീതിയിൽ വൈരൂപ്യം വർദ്ധിപ്പിക്കുവാൻ കഴിയുമോ, അവയെല്ലാം തന്നെ സ്വ

ശം അനാദരിക്കാതെയിരിക്കയില്ല. ഇപ്രകാരമെല്ലാമാണെങ്കിലും ആ സ്ത്രീരിപുവിന്റെ ഭേദമണ്ഡനത്തിനു പാത്രമാകുവാനുള്ള നിർഭാഗ്യം ഇതുവരെ നദീറക്കു മാത്രം ഉണ്ടായിട്ടില്ല. പരിചാരികമാരുടെ ശിരസ്സിൽ തിളച്ചു കിടക്കുന്ന പാൽ കോരി അഭിഷേകം ചെയ്യുക, അവരെ അറപ്പുരകളിൽ അടച്ചു പൂട്ടുക, അവരുടെ കുട്ടികൾ അവിടെയെങ്ങാനും വന്നാൽ അവരെ നൃസിംഹവേഷം കാണിച്ചു ഭയപ്പെടുത്തി കരയിക്കുക, ചിലപ്പോൾ കഴുത്തിനു പിടിച്ചു ഞെക്കുക, സലാം കാണിക്കാഞ്ഞെന്നു പറഞ്ഞു ശിശുക്കളെ കല്ലിൽ കമഴ്ത്തിക്കിടത്തി അരച്ചുഴറ്റുക, എന്നിത്യാദി പല വിനോദങ്ങളും കംരോമന്റെ പതിവുള്ളതാണ്. എന്നാൽ അന്നേദിവസം കംരോമന് ഒരു വലിയ അബദ്ധം പിണഞ്ഞു. അയാൾ, പാചകശാലയിൽ നില്ക്കുന്ന ഒരു പരിചാരികയുടെ കൈകൾ രണ്ടും ഒരു വസ്ത്രം കൊണ്ടു ബന്ധിച്ചു; വസ്ത്രത്തിന്റെ ഒരു അറ്റത്തെ പാചകശാലയിലുള്ള ഒരു തൂണിൽ കെട്ടിയിട്ടിരുന്നു. കംരോമൻ ഒരു വലിയ ദണ്ഡും എടുത്തു കൊണ്ട് അവളുടെ അടുക്കൽ ചെന്ന് ഒരു പാട്ട് പാടി, ആ വടി ഇടക്കിടക്ക താളക്രമത്തിനു നിലത്തടിച്ചു. താൻ വടി നിലത്തടിക്കുമ്പോഴെല്ലാം അവൾ കാലുകൾകൊണ്ടു തൂണിനു ചുറ്റും താളം ചവിട്ടി, നൃത്തം ചെയ്യണമെന്നായിരുന്നു കംരോമന്റെ നിശ്ചയം. അവളുടെ താളം പിഴച്ചു പോയാൽ കംരോമന്റെ ദണ്ഡും അവളുടെ പാദങ്ങളും തമ്മിൽ ദീർഘമായ കൂടിക്കാഴ്ച നടത്തുന്നതാണെന്നും അയാൾ അറിയിക്കാതിരുന്നില്ല. ഗത്യന്തരമില്ലാതെ, പാചകശാലയുള്ളിൽ അകപ്പെട്ടുപോയ ആ സാധുസ്ത്രീ, സ്വാമി പ്രസാദിച്ചെങ്കിലോ എന്നു കരുതി ഒരക്ഷരവും മിണ്ടാതെ അവിടെ നിന്നു താളം ചവിട്ടിത്തുടങ്ങി; സ്വാമി പാട്ടുപാടുവാനാരംഭിച്ചു. ഇടയ്ക്കു താളം പിഴച്ചുവെന്നു സംശയിച്ചു സ്വാമി നിയമമനുസരിച്ചു ദണ്ഡു വീശി, കാലിന്റെ കണ്ണയിൽ ഊക്കനായ പ്രഹരമേറ്റ് ആ സ്ത്രീ വാവിട്ട് ഉറക്കെ നിലവിളിച്ചു. ഇത്രയും അവിടെ നടന്നപ്പോൾ, സ്വാമിയുടെ വികൃതികൾ ഗൂഢമായി നിന്നു മനസ്സിലാക്കിയ അക്ബർചക്രവർത്തി പാചകശാലക്കുള്ളിൽ കയറി കംരോമന്റെ മുൻപിൽ പ്രത്യക്ഷപ്പെട്ടു. കംരോമനെ അദ്ദേഹത്തിനു വളരെ കാര്യമായിരുന്നെങ്കിലും, സാധുസ്ത്രീകളെ ഇപ്രകാരം പലക്കുന്നതു കണ്ടു കോപാകുലനായി ചമഞ്ഞ ചക്രവർത്തി ഇപ്രകാരം ആജ്ഞാപിച്ചു—.

“ശരി! കൊള്ളാം എടോ ദ്രോഹി! നിന്നെ ഇന്നു ഞാൻ പാഠം പഠിപ്പിക്കാം.” ഇത്രയും പറഞ്ഞു ചക്രവർത്തി ആ സ്ത്രീയെ ബന്ധന

ത്തിൽ നിന്നും മോചിപ്പിച്ച സ്ത്രീയുടെ സ്ഥാനത്തു കംഠോളനും, കംഠോളന്റെ സ്ഥാനത്തു ചക്രവർത്തിയും നിന്നു. കംഠോളൻ താളം ചവിട്ടുകയും പാട്ടു പാടുകയും ചെയ്യുമ്പോൾ ചക്രവർത്തി മദ്ദളംകൊണ്ടു കംഠോളന്റെ പാദത്തിൽ താളം പിടിച്ചു പ്രഹരിച്ചു തുടങ്ങി. രോഷിച്ചു പോകരുതെന്ന് ആജ്ഞയുണ്ടായിരുന്നതിനാൽ പ്രഹരമെല്ലാം സഹിച്ചു കംഠോളൻ ഒരു നാഴികയോളം നൃത്തം ചെയ്തു. ഒടുവിൽ, കംഠോളൻ അവിടെ തന്നെ അന്തഃപുരം അടയ്ക്കുന്നതുവരെ ബന്ധിതനായി നില്ക്കണമെന്ന് ആജ്ഞാപിച്ച ശേഷം ചക്രവർത്തി ആരാമത്തിലേക്ക് വന്നു. അപ്പോഴാണ് നഷീറയുമായി മുൻപ്രസ്താവിക്കപ്പെട്ടിട്ടുള്ള സംഭാഷണം നടന്നതു്. നഷീറ പാചകശാലയിൽ കയറിയപ്പോൾ സ്വാമി തൂണുചാരി നിന്നതു ചക്രവർത്തി ആജ്ഞാപിച്ചതുകൊണ്ടു മാത്രമാണെന്നു നഷീറക്കു പിന്നീടാണു മനസ്സിലായതു്. അവൾ ചോദിച്ചു. "ഏതായി! സ്വാമിയെ ആരാണു ബന്ധിച്ചതു?" ഇതിനുത്തരം പറയുവാനായി കംഠോളൻ ഭാവിക്കുമ്പോഴേക്കും സോഫി കംഠോളനെപ്പറ്റിയ "കെട്ടത്താടികടിനെ"പ്പറ്റി അറിഞ്ഞു കുതൂഹലചിത്തയായി കുതിച്ചു ചാടിക്കൊണ്ടു പാചകശാലയിലെത്തി. അവൾക്ക് ഉണ്ടായ സന്തോഷം ഒരു വലിയ ചിരിയോടുകൂടി അവിടെയെല്ലാം വ്യാപിച്ചു. അവൾ അയാളെ കണ്ട ഉടൻ ചോദിച്ചു:—

"ഏന്തെല്ലാമാണു കംഠൻ! എന്താണ് ഇന്നു പാചകശാലയിൽ ചാരിച്ചു നിർത്തി തൂണു വിചാരിപ്പായോ! കൊള്ളാം! അതു കടിച്ചു തിന്നായതേ! മാളിക വീണു പോകും."

സോഫി കഠിനമായി അധിക്ഷേപിക്കുന്നതു കേട്ടപ്പോൾ സ്വാമി വളരെ കോപിച്ചു. എങ്കിലും അവിടെ നിന്നും പോകാൻ നിവൃത്തിയില്ലാതിരുന്നതുകൊണ്ടു്, ആ വക്ത്രഗഹ്വരത്തിൽ നിന്നും ചില ഗർജ്ജനധ്വനികൾ മാത്രം പുറപ്പെടുവിച്ചു. അയാൾ പറഞ്ഞു തുടങ്ങി. "എടീ ചൂടലേ! ഞാൻ ഇവിടെ നിന്നും വരുമെന്നു നല്ല ഓർമ്മ വേണം." കംഠോളന്റെ ഈ വാക്കുകൾ കേട്ടു സോഫി സധീരം ഇടന്നു "ഞാൻ എന്തോ തന്റെ മൂക്കിൽ കയറിക്കളയുമെന്നു മാത്രമേ പറയാനുള്ളൂ. ഞങ്ങളെ ഇട്ടു വലക്കുമ്പോൾ ആലോചിക്കണം. തനിക്കും ഇതെല്ലാം വരുത്തുന്നതാണെന്ന്. അവിടെ നില്ക്കു്. ഞാൻ പറയുന്നതുവരെ തൂണും കണ്ടുകൊണ്ട് അവിടെ തന്നെ നില്ക്കു്. ഇപ്പോൾ ക്ലീം. ക്രൂം. ഹ്രീം. ഹ്രൂം. എന്നു താൻ പറയുന്നതൊക്കെ ശരിയായി. ചക്രവർത്തിയുടെ പാചകശാലയിൽ ഓരോ ഭാഗം തിന്നു മുടി

ക്കുമ്പോൾ ആലോചിക്കണം ഇതു മുഴുവനും മറക്കയില്ലെന്നു്. അ
വിടെനില്ലു്—അങ്ങിനെ നില്ലു്—നിവൎന്നുനില്ലു്—ഒടിയാതെ നി
ല്ലു്—കുനിയാതെ നില്ലു്—മടങ്ങാതെ നില്ലു്—ചരിയാതെ നി
ല്ലു്—നില്ലു്—നില്ലു്—" ഇത്രയും പറഞ്ഞു സോഫി പോകാൻ
ഭാവിച്ചപ്പോൾ ഇണ്ണിന്റെ ഒരു ഭാഗം ഞെരുങ്ങുന്ന ശബ്ദം കേട്ടു. പെ
ട്ടെന്നു ഠിം എന്നൊരു ധ്വനി വീണ്ടും കേട്ട സോഫി തിരിഞ്ഞു നോ
ക്കിയപ്പോഴേക്കും വായും പൊളിഞ്ഞുകൊണ്ടു് ആ അസുരരൂപി സോ
ഫിയുടെ കോമളകണ്ഠത്തിൽ, രണ്ടു കൈയ് കൊണ്ടും ഞെക്കിപ്പിടി
ച്ചു കഴിഞ്ഞു. അവൾ ശബ്ദിക്കുവാൻ ശ്രമിച്ചുവെങ്കിലും വിഫലമായി
ത്തേയുള്ളു. മൃദുവായ ഗളത്തിൽ ഇരുമ്പുപോലെയുള്ള കരങ്ങൾകൊണ്ടു
മുറുകെ പിടിച്ചപ്പോൾ സോഫിയുടെ കണ്ണുകൾ രണ്ടും ഇറിച്ചു. ഇ
തെല്ലാം കണ്ടുകൊണ്ടു നിന്ന നഫീറ കുംഭോദരന്റെ അടുക്കൽ ചെ
ന്നു് അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണു് ഇപ്രകാരം യാചിച്ചു:
"സോമി! അവരെ ഉപദ്രവിക്കരുതേ! വിടണേ! വിടണേ!" ഇതു
കേട്ടപ്പോൾ കുംഭോദരൻ സോഫിയെ കഴുത്തിൽ പിടിച്ചു തൂക്കിപ്പൊ
ക്കി പാചകശാലയുടെ പുറത്തേക്കു് എറിഞ്ഞുകൊണ്ടു് "ഇപ്പോളാ
ണു "ക്ലീം, ക്ലൂം, ഡിം, ഡൂം" എല്ലാം ശരിയായതു്" എന്നു ശബ്ദി
ച്ചു. പൂച്ചക്കുട്ടികളേയും മറ്റും തൂക്കിയെറിയുന്നതു പോലെ സോഫി
യെ എറിഞ്ഞതിനുശേഷം കുംഭോദരൻ പറഞ്ഞു. "ദ്രോഹി! നീ അ
ധികമൊന്നും തെളിയേണ്ട. കുംഭോദരനെ ചക്രവൎത്തിക്കും ഭയമാ
ണു്. മരിക്കാനും ഇവിടെ ഭയമില്ല. ഇനി നീ വല്ലതും പറഞ്ഞാൽ
നിന്റെ നാവിനെ ഞാൻ പിഴുതുകളയും."

എററവും വേഗത്തിൽ പാചകശാലയിൽനിന്നും ആരാമത്തി
ലെ പുൽത്തകിടിയിലേക്കു വിമാനസഞ്ചാരംചെയ്തു സോഫിയുടെ സ
ൎവ്വാംഗങ്ങളും ഒരുപോലെ ഉടഞ്ഞു തളൎന്നു. ഉടനെ നിലവിളിക്കു
വാൻ നാണിച്ചിട്ടോ, സാദ്ധ്യമല്ലാഞ്ഞിട്ടോ അവൾ കുറച്ചുനേരം പി
റുപിറുത്തുകൊണ്ടു അവിടെ ഇരുന്നു. എന്തായാലും നഫീറയുടെ മുൻ
പിൽവെച്ചു തന്നെ അപമാനിച്ചതിൽ സോഫിക്കുണ്ടായിരുന്ന കോ
പം അവളുടെ സങ്കടത്തെക്കാൾ മേലെയായിരുന്നു. കുറച്ചുനേരം അ
വിടെ ഇരുന്നു എന്തോ ചിലതെല്ലാം ആലോചിച്ചു ഉറച്ചതിനുശേ
ഷം അവൾ ഒരുവിധത്തിൽ അവിടെനിന്നും എഴുന്നേറ്റുപോയി.

സോഫി പാചകശാലയിൽനിന്നും പോയതിനുശേഷം കുംഭോദ
രൻ നിൎവ്വാണം പ്രാപിച്ച അഗ്നിപൎവ്വതംപോലെ ശാന്തതയോടുകൂടി
നഫീറയോടായിട്ടുപറഞ്ഞു. "നഫീറേ! നീ ഒരു കാൎയ്യംചെയ്യണം.

എന്നെ ആ തൂണിൽതന്നെ ഒന്നു ബന്ധിക്കുക. ഞാൻ കെട്ടുപൊട്ടി
ച്ചുവെന്നു ചക്രവർത്തി അറിഞ്ഞാൽപിന്നെ അനർത്ഥമായിത്തീരും.
ആ പെണ്ണ് ഇപ്രകാരമെല്ലാം പറഞ്ഞാൽ പിന്നെ എന്താണു ചെ
യ്യേണ്ടതു?" കംമോദരൻ വസ്ത്രബന്ധത്തോടുകൂടി നസീറയുടെ അടു
ക്കൽ ചെന്നപ്പോൾ, അവൾ ആ വസ്ത്രത്തെ വാങ്ങി അയാളെ തൂ
ണിൽ ബന്ധിച്ചു. കംമോദരൻ യാതൊന്നും അറിയാത്തരീതിയിൽ
അവിടെത്തന്നെ നിന്നു. നസീറ ചെയ്ത ഉപകാരത്തെ അഭിനന്ദിച്ചു
കൊണ്ടു സ്വാമി കുറച്ചു സംസാരിച്ചു. അവൾക്കു തൃപ്തിയാംവണ്ണം
വേണ്ട പലഹാരങ്ങൾ എടുത്തുകൊള്ളുവാനും സ്വാമി അനുവദിച്ചു
പാചകശാല അടച്ചുവരുമ്പോൾ കൊട്ടാരത്തിൽനിന്നും ആരെങ്കി
ലും തന്റെ ബന്ധനം വിടുർത്തി മോചിപ്പിക്കുമെന്നു ആശ്വസിപ്പിച്ചു.
കൊണ്ടു കംമോദരൻ സ്വാവലംബനായി അവിടെ നിന്നു. നസീറ
അവിടെ നടന്ന സംഭവങ്ങളെപ്പറ്റി ചിന്തിച്ചു ഇടക്കിടക്കു ചിരിച്ചും,
സങ്കടപ്പെട്ടും, ഒരുവിധത്തിൽ ഭോജനശാലയിൽനിന്നും പുറത്തേക്കി
റങ്ങി. നസീറ പുറത്തേക്കിറങ്ങി നോക്കിയപ്പോൾ സോഫിയെ അ
വിടെയെങ്ങും തന്നെ കണ്ടില്ല. ഏതായാലും ആരാമത്തിലേക്കുത
ന്നെ പോകാമെന്നു തീർച്ചപ്പെടുത്തി അവൾ അങ്ങോട്ടു നടന്നു. അ
ന്തഃപുരത്തിൽ, ദേവി വിശ്രമത്തിനാരംഭിച്ചിരിക്കുമെന്നു ഉദ്ദേശിച്ചു
അവൾ ആരാമമണ്ഡപത്തിൽതന്നെ ഇരുന്നു. നസീറ ആരാമത്തിൽ
ഇരിക്കുമ്പോൾ മണ്ഡപത്തിന്റെ മറ്റൊരു ഭാഗത്തു ആരോ ശബ്ദിക്കു
ന്നതായി അവൾ കേട്ടു. അതു ആരുടെ ശബ്ദമായിരിക്കുമെന്നു അ
വൾ ശ്രദ്ധിച്ചപ്പോൾ സെലിമിന്റേയും സോഫിയുടേയും സംഭാഷ
ണമാണു അവിടെ നടക്കുന്നതെന്നു അവൾക്കു മനസ്സിലായി. സം
ഭാഷണം കേൾക്കുന്നതു വിഹിതമല്ലെന്നു അവൾക്കു അറിയാമായിരു
ന്നെങ്കിലും അവളുടെ സ്ത്രീത്വം അവളെ ആ സംഭാഷണം കേൾക്കു
വാൻ പ്രേരിപ്പിച്ചു. കുമാരൻ ഇപ്രകാരം പറയുന്നതായി അവൾ
കേട്ടു. "സോഫി! നീ ബുദ്ധിശൂന്യയാണ്! ആ കാവല്ക്കാരന്റെ അടു
ക്കൽ നീ എന്തിനാണ് വർത്തമാനം പറയുവാൻ പോകുന്നത്? അ
തിൽനിന്നും ഉണ്ടായ വൈഷമ്യങ്ങളല്ലേ ഇതെല്ലാം. അയാൾ ദു
ഷ്ടനാണ്! നീ പിന്നെ അയാളെ എന്തിനാണു ചീത്തപറഞ്ഞതു? ച
ക്രവർത്തിക്കു അയാളെ വളരെ കാര്യമാണ്. അദ്ദേഹം അയാളോടു
ഒരിക്കലും മനഃപൂർവ്വമായിട്ടു കോപിക്കയില്ല.

സോഫി—ഞാൻ അയാളോടു യാതൊന്നും പറഞ്ഞില്ല. അയാൾ

നജീറയുമൊന്നിച്ചു സ്വൈരസല്ലാപം ചെയ്യുന്നുണ്ടായിരുന്നു. ഞാൻ അതു കേൾക്കാനായിട്ടു അവിടെ ചെന്നതു അയാൾക്കു അത്ര രസിച്ചില്ല. അതുകൊണ്ടാണ് എന്നെ അയാൾ ഇത്രയും ദ്രോഹിച്ചതു. ഇതിന്നുപകരം അവിടുന്നുതന്നെ ചോദിക്കണം.

സെലിം — ആകട്ടെ നീ അയാളെ അധിക്ഷേപിച്ചതെന്തിനാണ്? നജീറ നിന്നെ സഹായിച്ചില്ലേ? അവൾ അതെല്ലാം നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നുവോ?

സോഫി — അതെ! അവൾ അയാളോടു യാതൊന്നും പറഞ്ഞില്ല. അവൾക്കു എന്നെ ദ്രോഹിക്കുന്നതു സന്തോഷമല്ലാതെയിരിക്കുമോ? എന്റെ ദേഹം മുഴുവനും ചതഞ്ഞു. എന്റെ കാൽ ഒടിഞ്ഞു. എനിക്കു ഉടൻ വീട്ടിൽ പോകണം. അവിടുന്നു അയാളോടു ഇതിന്നു പകരം ചോദിക്കണമെന്നാണ് എന്റെ അപേക്ഷ. അല്ലെങ്കിൽ ഇനിമുതൽ സോഫി കൊട്ടാരത്തിലേക്കു വരികയില്ല.

സെലിം — ആകട്ടെ ഞാൻ ചോദിച്ചുകൊള്ളാം. എനിക്കു നിന്നോടു ചില പ്രത്യേകസംഗതികളെപ്പറ്റി ചോദിക്കാനുണ്ടു. എന്നോടു അയേഷയെപ്പറ്റി ചില രഹസ്യങ്ങൾ പറയാമെന്നു നീ അറിയിച്ചുവല്ലോ. അവളെപ്പറ്റി അറിയാവുന്നതു എന്നോടു പറയുക.

സോഫി — അതെല്ലാം വളരെ രഹസ്യമാണു. അവിടുന്നു ചോദിച്ച സ്ഥിതിക്കു ഞാൻ പറയാം. അയേഷ കുറച്ചുവർഷങ്ങൾക്കു മുൻപു പെഷ്വാറിൽ താമസമുണ്ടായിരുന്നു.

സെലിം — നീ അതു അറിഞ്ഞതെങ്ങിനെയാണ്?

സോഫി — എന്റെ രാജ്യം പെഷ്വാറാണെന്നു അറിയാമല്ലോ. അക്കാലത്തു ഞാൻ എന്റെ ഭർത്താവും ഒരുമിച്ചു താമസിച്ചിരുന്നു.

സെലിം — നിന്റെ ഭർത്താവാരായിരുന്നു? കാസിംതന്നെയാണോ?

സോഫി — അല്ല. കാസിം പിന്നീടുവന്നതല്ലേ? അയാൾ വരുന്നതിന്നുമുൻപു എന്നെ വിവാഹം ചെയ്തിരുന്നതു ജാഫ്പൂർരാജ്യത്തിലെ ഒരു ഭടനായിരുന്നു.

സെലിം — എന്തായിരുന്നു അയാളുടെ നാമധേയം?

സോഫി — ആനന്ദസിങ്ങ് എന്നായിരുന്നു. അദ്ദേഹം ഒരു ഹിന്ദുഭടനായിരുന്നു. ഒരു യുദ്ധത്തിന്നുപോയി മരിച്ചു. മരിച്ചുവെന്നുള്ള വിവരം കാസിംതന്നെയാണു എന്നെ അറിയിച്ചതു.

സെലിം — എത്ര സംവത്സരം നീ അയാളോടൊരുമിച്ചു താമസിച്ചിരുന്നു?

സോഫി—ഒരു സംവത്സരം തികച്ചിരുന്നില്ല.

സെലിം—കാസിം നിന്നെ വിവാഹം ചെയ്തതെങ്ങിനെയാണ്?

സോഫി—അയാൾ എനിക്കു കുറെ പണംതരികയുണ്ടായി. എന്റെ സകലാവശ്യങ്ങൾക്കും വേണ്ടി ശ്രമിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്.

സെലിം—അയാൾ എവിടെപ്പോയിയെന്നു നീ പറഞ്ഞില്ലല്ലൊ.

സോഫി—അവളുടെ കൈയ്യിൽ ഒരു സ്വർണ്ണപ്പെട്ടി ഉണ്ടായിരുന്നു. ആ പെട്ടി ആരോ മോഷ്ടിച്ചതുകൊണ്ടു അവൾ കിണററിൽ ചാടി ചത്തുകളഞ്ഞു.

സെലിം—നീ പരമാർത്ഥം അറിഞ്ഞുവോ?

സോഫി—ഇതു വളരെ പരമാർത്ഥമാണ്. അതു കഴിഞ്ഞതാണ് ഞാൻ കാസിമിനോടൊന്നിച്ചു ആഗ്രായിലേക്കു പോന്നതു.

സെലിം—അപ്പോൾ, അവളെപ്പററി ഇനി ചക്രവർത്തി അന്വേഷിച്ചതുകൊണ്ടു ഫലമില്ലല്ലൊ. ആകട്ടെ. അവൾ മരിച്ചിട്ടു എത്ര വർഷങ്ങളായിട്ടുണ്ട്?

സോഫി—മൂന്നു സംവത്സരത്തിൽ കൂടുതലായിട്ടുണ്ടു. എന്റെ നട്ടു വല്ലാതെ വേദനിക്കുന്നുണ്ട്. ഞാൻ അങ്ങോട്ടുതന്നെ പോകട്ടെ” ഇത്രയും പറഞ്ഞ് സോഫി അല്പനേരം മൌനിയായി നിന്നു. അല്പസമയം കഴിഞ്ഞപ്പോൾ സോഫി ആരാമത്തിൽനിന്നും കൊട്ടാരത്തിന്റെ പുറത്തേക്കു പോകുന്നതായും, സെലിം അന്തഃപുരത്തിലേക്കു പോകാതെ മെഹറിന്റെ ഗൂഢമുറിയിലേക്കു ഗമിക്കുന്നതായും നസീർ കണ്ടു. അവർ പോയതിനുശേഷം നസീർ ഇപ്രകാരം വിചാരിച്ചു. “ഇന്നത്തെ സംഭാഷണം വളരെ ഗൌരവമുള്ളതാണ്. സംശയമില്ല. അതിൽ പല ഭാഗങ്ങളും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. എന്തായാലും ഈ വിവരം ഫാത്തിമയെ ധരിപ്പിക്കേണ്ടതാണ്. ആ പാവം ധരിച്ചിരിക്കുന്നതു് അയാൾ ജീവിച്ചിരിക്കുന്നുണ്ടെന്നാണ്. ആ ഉദ്ദേശം തെററാണെന്നു അവളെ ധരിപ്പിക്കേണ്ടതു എന്റെ കടമയാണ്.” താൻ അന്നു ശ്രദ്ധിച്ച രഹസ്യസംഭാഷണത്തിൽ അടങ്ങിയിരുന്ന സംഗതികളെപ്പററി ചിന്തിച്ചുകൊണ്ട് നസീർ ശയനമുറിയിലേക്കുപോയി. ഇനി നമുക്കു സോഫിയുടെ സ്ഥിതിയെന്താണെന്ന് നോക്കാം.

സോഫി ആരാമത്തിൽനിന്നും നേരെപോയതു് കൊട്ടാരത്തിലേക്കാണ്. അക്ബർ ചക്രവർത്തിയുടെ കൊട്ടാരത്തിന്റെ ഒരു വ

ശത്തുണ്ടായിരുന്ന മണിമന്ദിരത്തിൽ കുറച്ചുനേരം വിശ്രമിച്ചശേഷം അവർ കൊട്ടാരത്തിന്റെ ദക്ഷിണഭാഗത്തുണ്ടായിരുന്ന രാജപാതയിലേക്കിറങ്ങി. അവരുടെ കൈവശം എന്തോ ചില സാമാനങ്ങൾ ഉണ്ടായിരുന്നു. ഇടത്തുകൈകൊണ്ട് താങ്ങിപ്പിടിച്ചിരുന്ന ആ സാമഗ്രികൾ ഒരു തുണികൊണ്ടു മൂടിയിരുന്നതിനാൽ അത് എന്തായിരുന്നുവെന്നു മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. അവർ രാജപാതയിലേക്കിറങ്ങിയപ്പോൾ ഹാക്കിം പാതയിൽ ഒരുഭാഗത്തേക്കു മാറി ഇരിപ്പുണ്ടായിരുന്നുവെന്നു സോഫി കണ്ടു. അയാളുടെ കൈയ്യിൽ ഒരു ഭാണ്ഡവും ഒരു ഊന്നുവടിയും ഉണ്ട്. കബാവൃക്ഷഛായയിൽ വിരുതനായ ഹാക്കിം തന്റെ കൈയ്യിൽനിന്നും ഏറുകാരയെടുത്തു താലോലിച്ചു ഇടങ്ങി. സോഫിയെ കണ്ടപ്പോൾ ഹാക്കിം പറഞ്ഞു:— "കൊച്ചമ്മേ! ഇന്ന് ഹാക്കിമിനു വല്ലതും തരണേ! വിശന്ന് പ്രാണൻ പോകുന്നുണ്ട്. കൊച്ചമ്മക്ക് ഇന്നു കൊട്ടാരത്തിൽ നിന്നും നിറയെ കിട്ടിയിട്ടുണ്ട്. നടുവു നിവർക്കുവാൻ പാടില്ലാതെ എന്തോ താങ്ങിപ്പിടിച്ചിട്ടുണ്ടല്ലോ. ഹാക്കിമിനു ഭാഗ്യമുണ്ടു. സംശയമില്ല. ഇന്നു കൊച്ചമ്മ പടിഞ്ഞാറെ ഗോപുരത്തിൽകൂടി വരാതെ ഈ വഴിയെപ്പോന്നതു മറെറഗോപുരം അടച്ചിട്ടായിരിക്കാം." ഇത്രയും പറഞ്ഞു ഹാക്കിം സോഫിയുടെ പുറകെകൂടി. ഉടനെ തിരിഞ്ഞുനിന്നു സോഫി ശകാരിച്ചു. "ഈ ചടലമാടിനു മരണവും ഇല്ലല്ലൊ! എത്ര എത്ര നല്ല ആളുകൾ ലോകത്തിൽനിന്നും ചത്തൊഴിയുന്നു. ഇതിനെക്കൊണ്ടു പോകുവാൻ ഒരു കാലനും ധൈര്യപ്പെടുന്നില്ലല്ലൊ. പാതിരയായാലും കൊച്ചമ്മേ! എന്നു വിളിച്ചുകൊണ്ടു വരും. ഒരു ദിവസം കൊടുത്തിട്ടാണ് പിന്നെ എന്നും എന്നും വന്ന് ഉപദ്രവിക്കുന്നതു. അന്നു തന്നെ ആട്ടി ഓടിച്ചിരുന്നെങ്കിൽ ഈ നാശം വലിഞ്ഞുകേറുകില്ലായിരുന്നു. എടോ തന്നോടു ഞാൻ അന്നുതന്നെ പറഞ്ഞില്ലേ, എന്നും എന്നെ ഉപദ്രവിക്കരുതെന്ന്."

ഹാക്കിം — തിരുമേനി! വിശന്നുവലഞ്ഞിട്ടു പറഞ്ഞു പോയതാണേ. ആ ഭാണ്ഡത്തിലുള്ളതിൽ ഒരുപഴം തരണേ.

സോഫി — എടോ! എനിക്ക് കൊട്ടാരത്തിൽനിന്നും നടുവുനിവർക്കാൻ പാടില്ലാതെ കിട്ടിയെന്നു പറഞ്ഞതു പരമാർത്ഥമാണ്. പക്ഷേ ആ ദ്രുതം എന്നെ ദ്രോഹിച്ചു. ഈ ഭാണ്ഡത്തിൽ കുറെ കടലാസ്സുകളാണ് നമ്മുടെ ഗൃഹത്തിൽ പഴങ്ങൾ കെട്ടി കൊടുക്കുവാൻ

കടലാസ്സില്ല. അതുകൊണ്ടു കൊട്ടാരത്തിൽ നിന്നും കുറെ ചീത്തകടലാസ്സുകൾ കെട്ടിക്കൊണ്ടു പോകയാണു്. എന്തുചെയ്യാം മറ്റുള്ളവാതിലുകളെല്ലാം അടച്ചുപോയതുകാരണം ഞാൻ ഈ ഗോപുരത്തിൽ കൂടി പോന്നതാണു്. പക്ഷെ താൻ എന്റെ കൂടെ വന്നാൽ ഇന്നാളത്തെപ്പോലെ അവിടെ വല്ലതു മുണ്ടെങ്കിൽ ഞാൻ തരാം."

ഹാക്കിം — കൊച്ചമ്മേ! അവിടത്തെ പിടികൂടിയ ഭൂതം ഏതാണു് ഒന്നു പറയാമോ?

സോഫി — നിന്നെപ്പോലെ മറെറാന്നും കൊട്ടാരത്തിനുള്ളിൽ താമസമുണ്ടു. ആ ഭൂതമാണെന്റെ കഴുത്തിനുപിടിച്ചു

ഹാക്കിം സോഫിയുടെ കൈയ്യിൽ ഉണ്ടായിരുന്ന നാണയത്തെ ഒന്നു സൂക്ഷിച്ചുനോക്കി ഇഷ്ടപ്പെട്ടതുപോലെ പുഞ്ചിരിക്കൊണ്ടു. അയാൾ വീണ്ടും പറഞ്ഞു "കൊച്ചമ്മേ! ഇന്നാൾ ഹാക്കിം പറഞ്ഞതു് പരമാർത്ഥമാണു്. ആ നജീറയുടെ വയററിൽ ഒരു മുള്ളൻപന്നിയുടെ കുഞ്ഞിരിപ്പുണ്ടു്. അതിന്റെ ലക്ഷണം അവൾ തെണ്ടുമെന്നാണു്. കൊച്ചമ്മ എനിക്കു ഒരു ഉപകാരം ചെയ്യുമെങ്കിൽ ഞാൻ അവിടെയ്ക്കു് ഒരു ഉപകാരം ചെയ്യാം. നിശ്ചയമാണു്!

സോഫി — നീ എന്തുപകാരമാണു ചെയ്യാൻ പോകുന്നതു്?

ഹാക്കിം — അതു ഞാൻ പറയാം. എനിക്കു ആ നജീറയെ പിടിച്ചു തരാമോ? ഞാൻ കൊണ്ടുപോയി വളർത്തിക്കൊള്ളാം. കൊച്ചമ്മേ! ഇന്നാൾ അവിടെ ഒരു ഫാക്കീർ വന്നിരുന്നില്ലേ! അയാൾ വഴിയിലേക്കിറങ്ങിയപ്പോൾ കൊച്ചമ്മയെ എന്തെല്ലാം ചീത്തയാണു് പറഞ്ഞതു. കൊച്ചമ്മയും അയാളും തമ്മിൽ വല്ല വിരോധവുമുണ്ടോ? എനിക്കു അന്നു് വളരെ കോപമുണ്ടായി. ഞാൻ അയാളെ കൊന്നുകളയുമായിരുന്നു. പക്ഷെ കൊച്ചമ്മയോടു ചോദിച്ചിട്ടുവേണം വല്ലതും പ്രവർത്തിക്കാനെന്നു കരുതി ഞാൻ അന്നു ക്ഷമിച്ചു."

ഹാക്കിമിന്റെ ഈ വർത്തമാനം സോഫിയെ വളരെ രസിപ്പിച്ചു. അവൾക്കു എന്തോ ചില ഉൽക്കണ്ഠകളുണ്ടായി. അവൾ ചോദിച്ചു.

"ആകട്ടെ അയാൾ എവിടേയ്ക്കാണു് പോയതു്. അതു നീ അറിഞ്ഞില്ലേ? നിന്നോടു എന്തെല്ലാമാണു പറഞ്ഞിട്ടുള്ളതു? പറഞ്ഞതെല്ലാം എന്നോടു പറഞ്ഞാൽ നിനക്കു ഒരു നല്ല സമ്മാനം തരാം."

സോഫി തനിക്കു പ്രതിഫലം തരാമെന്നു പറഞ്ഞതു കേട്ടപ്പോൾ ഹാക്കിമിന്റെ സന്തോഷം വൎദ്ധിച്ചു. അയാൾ ഇപ്രകാരം വീണ്ടും പറഞ്ഞുതുടങ്ങി. "എന്തിനു പറയുന്നു! ഇനി അയാളെയൊന്നും പറവാനില്ല" "അവൾ അസത്താണ്, അവളെ ഞാൻ അറിയുകയില്ലേ?– അവൾ എന്തെല്ലാം പ്രവൎത്തിച്ചിട്ടുള്ളവളാണ്? എനിക്കു അതെല്ലാം നല്ല ഓൎമ്മയുണ്ട്. അവളെ ഞാൻ നല്ല പാഠം പഠിപ്പിച്ചേക്കാം" എന്നൊക്കെ അയാൾ പറഞ്ഞു. ഹാക്കിമിന്റെ ഈ വാക്കുകൾ കേട്ടപ്പോൾ സോഫിക്കു പരിഭ്രമമായിത്തീൎന്നു. ഹാക്കിം പറയുന്നതെല്ലാം പരമാൎത്ഥമാണെന്നു അവൾ വിശ്വസിച്ചു. ആ യാചകൻ വാസ്തവത്തിൽ ഹാക്കീമുമായിട്ടു യാതൊന്നും പറഞ്ഞിട്ടില്ലെന്നും, അയാൾ പറയുന്നതെല്ലാം പൊളിയാണെന്നും ധരിക്കുവാനുള്ള ബുദ്ധി ആ ബുദ്ധിശാലിനിക്കും ഉണ്ടായിരുന്നില്ല.

സോഫി— ഹാക്കിം! നീ വളരെ സമൎത്ഥനാണ്. അയാൾ നിന്നോടു പറഞ്ഞിട്ടുള്ള സംഗതികൾ എന്തെല്ലാമായിരുന്നാലും നീ പുറത്തുപറയരുതു. അപ്രകാരം പറയാതെ ഇരുന്നാൽ ഞാൻ എന്നും നിനക്കു നല്ല പലഹാരങ്ങൾ തരാം. ആ യോഗിയെ ഇനി നീ കാണുകയാണെങ്കിൽ ഇവിടെ കൊണ്ടുവരണം. അതുകെട്ടെ അയാൾ പോയതു എവിടേക്കാണ്. ഞാൻ രാജ്ഞിയാകുമെന്നു നീ പറഞ്ഞല്ലോ. അതു ശരിയാണോ എന്നു പറയണം."

ഞാൻ പറഞ്ഞതെല്ലാം സോഫിക്കു കണക്കിനു പറ്റിയെന്നു കരുതി ഹാക്കിം പറഞ്ഞുതുടങ്ങി. "തിരുമേനി! രാജ്ഞിയായിത്തീരുമെന്നതിൽ തൎക്കമില്ല. സൂൎയ്യൻ ഉദിക്കുന്നതു ശരിയാണെങ്കിൽ അവിടുന്നു അങ്ങിനെതന്നെയായിത്തീരും. ഞാൻ അയാളുടെ പുറകെ ഒന്നരണ്ടുനാഴിക നടന്നു. അയാൾ കയറിപ്പോയതു ഒരു പെരുങ്കാട്ടിലേക്കാണ്. കാട്ടിൽകൂടി ആ കലമാടൻ പോന്നതു കണ്ടു ഹാക്കിം തിരിച്ചുപോന്നു. ഹാക്കിമിനു അയാളെപ്പോലെ നടക്കാൻ ശേഷിയുണ്ടോ? നമ്മൾക്കു പട്ടിണിയല്ലേ എന്നും അനുഭവം! അവിടത്തെ ദയകൊണ്ടാണു ഹാക്കിം ഇങ്ങിനെയെല്ലാം ജീവിക്കുന്നതു. അല്ലാതെ ഹാക്കിമിനു ആരാണു സഹായം."

ഹാക്കിമിന്റെ ദീനവചസ്സ്കേട്ടു സോഫി പറഞ്ഞു:— "താൻ ഒരുപകാരം ചെയ്താൽ മതി. ആ യോഗിയെ ഇവിടെ പിടിച്ചു കൊണ്ടുവരണം. നമ്മൾക്കു അയാളെ ഒരു നല്ല പാഠം പഠിപ്പിക്കണം. ഇവിടെ വെച്ചുതന്നെ കഥ കഴിക്കണം. പിന്നെ സൊല്ല

തീയല്ലൊ. നീ എന്നെ സഹായിക്കാമെങ്കിൽ ഞാൻ വേണ്ട ധനം നിനക്ക തരുന്നതാണ്."

ഹാക്കിം — കൊള്ളാം. വളരെ നല്ലതുതന്നെയാണ. കൊച്ചമ്മേ! ഹാക്കിം ജീവിച്ചിരിക്കുമെങ്കിൽ അവനെ പിടിച്ചു കൊണ്ടുവന്നു കൊള്ളാം. പക്ഷെ എന്റെ ഈ എല്ലൊക്കെ ഒന്നു മൂടണം. ഇപ്പോഴും ഹാക്കിമിന്റെ വർത്തമാനം പറയുവാൻകൂടി ശേഷിയില്ല. അതുകൊണ്ടു അവിടുന്നു വല്ലതും തരണം. വീടുവരെ ഈ ഭാണ്ഡം ഞാൻതന്നെ പിടിച്ചുകൊള്ളാം. കൊച്ചമ്മ വെറുതെ ഹാക്കിം കൂടെ ഉള്ളപ്പോഴും, ഭാണ്ഡം ചുമന്നു വിഷമിക്കേണ്ടതില്ലല്ലൊ.

സോഫി — വേണ്ട, വേണ്ട. ഇതു എന്റെ കയ്യിൽതന്നെ ഇരുന്നുകൊള്ളട്ടെ. ഞാൻതന്നെ കൊണ്ടുപൊയ്ക്കൊള്ളാം. താൻ വേഗം നടന്നു വന്നാൽമതി. അവിടെ വല്ലതുമുണ്ടെങ്കിൽ തരാം.

സോഫി ഹാക്കിമിനോടൊന്നിച്ചു അതിത്വരയോടുകൂടി നടന്നു. ക്ഷണനേരംകൊണ്ട് അവർ സോഫിയുടെ ഗൃഹത്തിലെത്തി. കാസിം ആ ഗൃഹത്തിന്റെ മുൻവശത്തു കിടന്നു ഉറങ്ങുന്നുണ്ടായിരുന്നു. സോഫി ഭാണ്ഡവുമെടുത്തുകൊണ്ട് ഗൃഹത്തിന്റെ അകത്തുകയറി അതിനെ ഭദ്രമായി അവളുടെ മുറിയിൽ നിക്ഷേപിച്ചതിനുശേഷം പുറത്തേക്കുവന്നു. അവൾ കാസിമിനെ ശകാരിച്ചു തുടങ്ങി. "കണ്ടില്ലേ! പോത്തുപോലെ കിടന്നുറങ്ങുന്നതു! എടോ! ദ്രോഹി! നിന്റെ തറവാടാരും ഇവിടെ സമ്പാദിച്ചു വെച്ചിട്ടില്ല. ഇതുപോലെ ഇവിടെ കിടന്നുറങ്ങിയാൽ ഇനി ഞാൻ തന്റെ തലതല്ലി പൊട്ടിക്കും. ഞാൻ വരുന്നതിന് മുൻപേ എന്തിനാണ് കിടന്നുറങ്ങുന്നതു? തനിക്ക എന്നെയും കാത്തുകൊണ്ട് ഇവിടെ ഇരുന്നാലെന്തു ദോഷമാണുള്ളതു?" ഇത്രയുംപറഞ്ഞ് അവൾ കാസിമിന്റെ കാലിൽ പിടിച്ചുവലിച്ചു. ഒരക്ഷരവും മിണ്ടാതെ ആ സാധു എഴുന്നേറ്റു ഇരുന്നു തല ചൊറിഞ്ഞുതുടങ്ങി. കാസിമിനെ എഴുന്നേൽപിച്ചതിന്റെ ശേഷം സോഫി അകത്തുപോയി ഒരു പാത്രം നിറയെ പലഹാരമെടുത്തുകൊണ്ടുവന്നു ഹാക്കിമിന്റെ കയ്യിൽ കൊടുത്തു. ഹാക്കിം വളരെ സന്തോഷത്തോടുകൂടി രണ്ടുകയ്യും നീട്ടി അവയെല്ലാം വാങ്ങി വിനീതനായിട്ടു ഇപ്രകാരം ചോദിച്ചു.

"കൊച്ചമ്മേ! ഞാൻ ഈ പുറത്തിരുന്നു ഇതു തിന്നുംകൊണ്ട് ഇവിടെതന്നെ കിടന്നുകൊള്ളട്ടെ." ഇതു കേട്ടഉടൻ സോഫി പറഞ്ഞു. "എടോ! നമുക്കുമാത്രം എന്തിനാക്കിയില്ല. ഇവിടെ അന്യന്മാർ

ഇന്നുതന്നെ പ്രവേശിക്കാതെതന്നെ എനിക്ക നിൎബ്ബന്ധമുണ്ട്. സ്നേഹമെല്ലാം സ്നേഹംതന്നെ. പക്ഷെ താൻ എവിടെയെങ്കിലും പോയി കിടന്നുകൊള്ളണം. പറഞ്ഞതെല്ലാം മറ്റേമായിരിക്കട്ടെ. ഞാൻ രാജ്ഞിയാകുമെന്ന പറഞ്ഞതു പരമാൎത്ഥമാണോ എന്ന ഒന്നുകൂടി പറഞ്ഞതിനശേഷം പോയാൽമതി.

ഹാക്കിം—അവിടുന്ന രാജ്ഞിയായി തീൎന്നില്ലെങ്കിൽപിന്നെ ഹാക്കിം ജീവിച്ചിരിക്കുന്നതെങ്ങിനെ?" സോഫി ഇതുകേട്ട സന്തോഷിച്ച ഗൃഹത്തിന്റെ അകത്തേക്കപോയി. തന്റെ ആഗ്രഹം സാധിക്കവാൻയാതൊരു തരത്തിലും നിവൃത്തിയില്ലെന്ന തീരുമാനിച്ചുകൊണ്ട് ഹാക്കിം പലഹാരങ്ങളിൽ ഓരോകഷണം കടിച്ചു തിന്നുകൊണ്ടുതന്നെ "എന്നാൽ എല്ലാം അങ്ങിനെതന്നെ" എന്നും പറഞ്ഞു പുറത്തേക്കിറങ്ങി പോകയുംചെയ്തു. ഹാക്കിം പോയിക്കഴിഞ്ഞ ഉടനെ സോഫി അവളുടെ ഗൃഹത്തിന്റെ സകലവാതിലുകളും ബന്ധിച്ചു, താൻ കൊട്ടാരത്തിൽനിന്നും കൊണ്ടുവന്നിട്ടുണ്ടായിരുന്ന സാമഗ്രികളെ പരിശോധിക്കുന്നതിനാരംഭിച്ചു. അവൾ എന്തെല്ലാമാണ് കണ്ടുപിടിച്ചതെന്നും, ആ സാമഗ്രികൾ നമ്മുടെ കഥയെ ബന്ധിക്കുന്നതു എങ്ങിനെയാണെന്നും നമ്മൾക്ക് ഇനി ഒരവസരത്തിൽ അറിയാവുന്നതാണ്.

ഇരുപതാം അദ്ധ്യായം.

ദേവീക്ഷേത്രത്തിനടുത്തുള്ള "ശിവാശ്രമ"ത്തിൽ പ്രഭാതഭാനുവിന്റെ കിരണകന്ദളങ്ങൾ വ്യാപിക്കുവാൻ ആരംഭിക്കുന്നതേയുള്ളു. സ്വൈരനിദ്രയെ പ്രാപിച്ചിരുന്ന തരുക്കളും വല്ലികളും തരുശിഖരങ്ങളിൽ നീഡങ്ങൾ തീർത്തുവിശ്രമിച്ചിരുന്ന പറവകളും എഴുന്നേറ്റുതന്നെ ഉണർന്നു് ആശ്രമവാസികളുടെ നിത്യകർമ്മങ്ങൾക്കുള്ള സമയമായിയെന്നു് അറിയിക്കാനുള്ള "അലാറത്തെ" മുഴക്കിത്തുടങ്ങിയതു് ഇനിയും മാറ്റൊലികൊണ്ടു് അടങ്ങിക്കഴിഞ്ഞിട്ടില്ല. നിർമ്മലമായ ജലത്തെ വഹിച്ചുകൊണ്ടു് ആ വനത്തിന്റെ ഒരു ഭാഗത്തുകൂടി പാവനമായ രീതിയിൽ പ്രവഹിക്കുന്ന പരിശുദ്ധനിമ്നഗയിൽ ഉഷഃകാലത്തിൽ തന്നെ പോയി നിമജ്ജനം ചെയ്തു വേദാദ്ധ്യയനം ചെയ്യുന്ന ശിഷ്യഗണങ്ങളുടെ ശബ്ദം ഇന്നു പതിവിൽ കൂടുതൽ ഉച്ചത്തിൽ കേൾക്കുന്നുണ്ടു്. ലൗകികജീവിതത്തിന്റെ നിമ്നോന്നതവ്യത്യാസത്തെയോ സുഖദുഃഖപാകച്ചകളേയോ ശീതാതപാദി ദ്വന്ദ്വങ്ങളേയോ പററി അറിയാതേയും വകവെയ്ക്കാതേയും അദ്ധ്യാത്മജീവിതത്തിൽ തന്നെ രാവും പകലും ചിലവഴിക്കുന്ന ആ പരിശുദ്ധാത്മാക്കൾ പുണ്യശാലികൾ തന്നെയാണു്. ഉണ്ണണമെന്നും ഉറങ്ങണമെന്നുമുള്ള ജീവിതാവശ്യങ്ങളും മൈഥുനാദിവിഷയാശകളുംകൂടി ഇടകലന്നു്, ഒരു ചാൺ മാത്രം വിസ്താരമുള്ള വയറിനെപോററുന്നതിനായെങ്കിൽ, മനുഷ്യജീവിതം എത്ര എത്ര ദുരിതസമ്പൂർണ്ണമായിത്തീരുന്നുവെന്നു പരമാർത്ഥത്തെപ്പററി ആലോചിക്കുമ്പോൾ ഇവയെല്ലാം തന്നെ ഉപേക്ഷിച്ചു സ്വൈരമായി ജീവിക്കുക തന്നെയാണു സൌഖ്യമെന്നു് ഒരിക്കലെങ്കിലും ഓർത്തിട്ടില്ലാത്തതോ ഓർക്കില്ലാത്തതോ ആയ മനുഷ്യർ ആരും തന്നെ ഉണ്ടായിരിക്കുന്നതോ ഉണ്ടാകുന്നതോ അല്ല. മനുഷ്യജീവിതം സത്യമോ മിഥ്യയോ എന്നു് അന്വേഷിക്കേണ്ട ചുമതലയോ അധികാരമോ ഇല്ലാത്ത ജീവിതരീതിയിൽ ഉണ്ടോ എന്നു സംശയിക്കുന്നവർ പലരും ഉണ്ടായിരിക്കും.

സർവ്വകർമ്മങ്ങളും പരിത്യജിച്ചു സന്ന്യാസവൃത്തി സ്വീകരിക്കണമെന്നു് ഒരു കൂട്ടർവാദിക്കുമ്പോൾ, അതു പാടില്ല, മാംസചക്ഷുസ്സുകൾക്കു ഗോചരീഭവിക്കുന്ന സകലതും വിശ്വസിച്ചു സർവ്വകർമ്മങ്ങളും ലൗകികരീതിയിൽതന്നെ സ്വീകരിച്ചു് അനുഷ്ഠിക്കേണ്ടതാണെന്നു വേറൊരുകൂട്ടർ അഭിപ്രായപ്പെടുന്നു. ഈ ലോകം മിഥ്യാസ്വപ്നമായ ക്ലേശ

ങ്ങൾ കൊണ്ടു സമ്പൂൎണ്ണമാകയാൽ ഇവിടെ ചെയ്യുന്ന കൎമ്മങ്ങളെ
ല്ലാം നിഷ്ഫലങ്ങളാണെന്നും, ദിവ്യലോകത്തിൽ സച്ചിദാനന്ദം സ്ഥി
തി ചെയ്യുന്നതാണെന്നും അതു് അനുഭവിക്കണമെങ്കിൽ ഇവയെല്ലാം
ത്യജിച്ചു സഞ്ചിതകൎമ്മങ്ങൾ വൎദ്ധിപ്പിക്കാതെ മനുഷ്യൻ പരിശുദ്ധ
നായി ജീവിക്കേണ്ടതാണെന്നും ഒരു സംഘം കാൎയ്യകാരണങ്ങൾ
സഹിതം സമൎത്ഥിക്കുമ്പോൾ, വേറൊരു സംഘം, പഞ്ചേന്ദ്രിയങ്ങൾ
ക്കു ഗോചരമാകുന്നവയെ വിശ്വസിക്കാതെ സാധിക്കയില്ലെന്നും, ക
ണ്ണു തുറന്നിരിക്കുമ്പോൾ കാണുന്നവയെ അവിശ്വസിച്ചു കണ്ണടച്ചു
കാണുന്നവയെ വിശ്വസിക്കുവാൻ പറയുന്നതു മൌഢ്യമാണെന്നും
അതുകൊണ്ടു് ഈ ലോകം തന്നെ സത്യമാണെന്നു കരുതി പ്രവൎത്തി
ച്ചാൽ മതിയെന്നും ഉൽഘോഷിക്കുന്നു. ഭൂലോകത്തിൽ ജീവിക്കുന്നവ
ൎക്കു്, എത്രതന്നെ നിഷ്കൎഷിച്ചാലും പാപം ചെയ്യാതെ ജീവിക്കാൻ
സാദ്ധ്യമല്ലെന്നും അതുകൊണ്ടു് എല്ലായ്പോഴും ആത്മീയചിന്തകളിൽ
തന്നെ മനസ്സിനെ വ്യാപരിപ്പിച്ചു് ഈശ്വരഭജനം ചെയ്യുകിൽ മാ
ത്രമേ പുണ്യമടയുവാൻ സാധിക്കയുള്ളു എന്നു ചിലർ തത്വങ്ങൾ സ
ഹിതം പ്രസംഗിക്കുമ്പോൾ, എന്തെല്ലാം പാപം ചെയ്താലും അതു
കൊണ്ടു ദോഷങ്ങളൊന്നും ഉണ്ടാകുന്നതല്ലെന്നും, അഥവാ ഉണ്ടാ
യാൽ തന്നെയും പശ്ചാത്താപം കൊണ്ടു് അതെല്ലാം നശിച്ചുകൊ
ള്ളുമെന്നും വേറെ ചിലർ സധീരം പ്രസ്താവിക്കുന്നു. സ്വൎഗ്ഗവും ന
രകവുമെല്ലാം ഭൂമിയിൽ നിന്നു പ്രത്യേകമാണെന്നും, ലോകത്തിൽ
ചെയ്യുന്ന പ്രവൃത്തികളുടെ “ഷോക്” അനുസരിച്ചു് അവയിലേക്കു
പ്രവേശനം ലഭിക്കുന്നതാണെന്നു് ഒരുതരം വേദാന്തികൾ പറയു
മ്പോൾ, മറ്റൊരുതരം വേദാന്തികൾ, സ്വൎഗ്ഗമെന്നും നരകമെന്നും
വിവരിക്കപ്പെടുന്നതെല്ലാം തന്നെ ഈ ലോകത്തിലുള്ള അനുഭവങ്ങ
ളാണെന്നും മറ്റും അഭിപ്രായപ്പെടുന്നു. ലോകത്തിലുള്ള സൃഷ്ടിക
ളെല്ലാംതന്നെ മനുഷ്യാധീനമാണെന്നും, അതുകൊണ്ടു് മനുഷ്യനു്
ഈ ലോകത്തിലുള്ള സകല സാധനങ്ങളും ഉപയോഗിക്കാമെന്നും ഒരു
തരക്കാർ വാദിച്ചു ജയിക്കുമ്പോൾ: അപ്രകാരമല്ലെന്നും, ലോകത്തിൽ
മനുഷ്യനുവേണ്ടി മറ്റൊന്നിനെ സൃഷ്ടിച്ചിട്ടില്ലെന്നും എല്ലാം അതതി
ന്റെ ആവശ്യത്തിനുവേണ്ടി തന്നെ സംരക്ഷിക്കപ്പെട്ടു പോരുന്നതാ
ണെന്നും മറ്റൊരുതരക്കാർ സമൎത്ഥിക്കുന്നു. ക്ഷേത്രമെന്നും ദേവാല
യം എന്നും മറ്റും പറഞ്ഞു് അനേകം ഈശ്വരന്മാരെ വിഗ്രഹത്തിൽ
ആരാധിക്കുന്നതു് യഥാൎത്ഥത്തിൽ “ഒന്നാംക്ലാസ് ഭ്രാന്തി”ന്റെ

ലക്ഷണമാണെന്ന് ചില ബ്രാഹ്മണന്മാർ പ്രസ്താവിക്കുമ്പോൾ, വിഗ്രഹാരാധന ആവശ്യമാണെന്നും ലോകം മുഴുവനും നിറഞ്ഞ് അധിവസിക്കുന്ന ചൈതന്യസ്വരൂപനെ ആ രീതിയിൽ വിസ്തൃതമായി ധ്യാനിക്കുവാനും ഭജിക്കുവാനും തുലോം ചെറുതായ മനുഷ്യഹൃദയത്തിന് സാദ്ധ്യമല്ലാത്തതിനാൽ ആ ശക്തിയെ യഥാർത്ഥത്തിൽ ഈശ്വരനെ ആരാധിക്കുന്നതുപോലെ തന്നെ ഫലപ്രദമാണെന്നും, വിശേഷിച്ചും കരിങ്കല്ലുകൊണ്ടുള്ള വിഗ്രഹങ്ങളിൽ "മോണോസൈറ്റ്" ഉള്ളതിനാൽ ആകർഷണശക്തി വർദ്ധിച്ച് ഹൃദയത്തെ അടക്കുന്നതിന് അവ പ്രാപ്തമാണെന്നും വിഗ്രഹാരാധകന്മാർ വാദിക്കുന്നു. നിഷ്കാമരൂപിയായ സർവ്വേശ്വരനെ, ഓരോ കാര്യസാദ്ധ്യങ്ങൾക്കായി കൈക്കൂലിയോ വഴിപാടോ കൊടുത്ത് മയക്കിക്കളയാമെന്ന കരുതുന്നത് നീചതമമായ പാപമാണെന്ന ചിലർ രസകരമായി പറയുമ്പോൾ ഈശ്വരനും കൂടെ ആഹാരവും സന്തോഷവും ദൈന്യവും മറ്റും ഉണ്ടെന്നും, അതുകൊണ്ട് മറ്റു വസ്തുക്കൾ അനുഭവിക്കുന്നവർ ജന്തുകൾക്ക് കൊടുക്കാറുള്ളതുപോലെയെങ്കിലും ചില ഭോഗങ്ങളെല്ലാം കൊടുക്കേണ്ടതാണെന്നും ചിലർ ദയനീയമായി പ്രലപിക്കുന്നു.

സുന്ദരികളായ സ്ത്രീകളെ തന്നെയാണ് പുരുഷന്മാർ വിവാഹം ചെയ്യേണ്ടതെന്നും സൗന്ദര്യമെന്നത് ദേഹത്തിനുള്ള ഗുണമാണെന്നും ചില രസവാദികൾ ഉൽഘോഷിക്കുമ്പോൾ, സൗന്ദര്യമെന്ന പറയുന്നതു ആന്തരമായിസ്ഥിതിചെയ്യുന്ന ഗുണമാണെന്നും, ബാഹ്യസൗന്ദര്യത്തെമാത്രം ഉദ്ദേശിച്ച് വിവാഹം ചെയ്യുന്നത് നല്ലതല്ലെന്നും വേറെ ചിലർ അഭിപ്രായപ്പെടാതിരിക്കുന്നില്ല. ബാല്യകാലത്തിൽതന്നെ വിവാഹം ചെയ്യുന്നപക്ഷം സമുദായത്തിൽ സന്മാർഗ്ഗനിഷ്ഠയെ പരിപാലിക്കാൻ കഴിയുമെന്ന് ഒരു മതക്കാർ പറയുമ്പോൾ, സ്ത്രീ പുരുഷന്മാർക്ക് ശരിയായ പ്രായവും മനസ്സിന്ന് മാർദ്ദവവും ഉണ്ടാകുന്നതിന്ന് മുൻപ് വിവാഹം ചെയ്യുന്നത് സമുദായത്തെ അധഃപതിപ്പിക്കുകയാണ ചെയ്യുന്നതെന്ന ചില സമുദായോദ്ധാരകന്മാർ പറയാതിരിക്കുന്നില്ല. മനുഷ്യസമുദായത്തിൽ അത്യന്തര വിഭാഗങ്ങൾ ആവശ്യമില്ലെന്നും എല്ലാം ഒരേജാതി, ഒരേമതം എന്ന രീതിയിൽ തന്നെ ജീവിക്കുന്നില്ലാതെ മനുഷ്യസമുദായം ഉൽകർഷത്തെ പ്രാപിക്കയില്ലെന്നും ഒരു സംഘം വിജ്ഞാപനം മൂലം പ്രഖ്യാപനം ചെയ്യുമ്പോൾ, അപ്രകാരമല്ലെന്നും, സമുദായങ്ങളും പ്രത്യേകജാതികളും ആയിരിക്കുന്നതുവരെ നല്ലതാണെന്നും, [illegible]

വൻലോകത്തിനു സാധിക്കയില്ലെന്നും, പ്രത്യേകം പ്രത്യേകമായി തി
രിച്ചു അറിവുണ്ടാക്കുവാൻ ശ്രമിച്ചെങ്കിലല്ലാതെ ഉൽക്കർഷമുണ്ടാക
യില്ലെന്നു സമുദായശാസ്ത്രജ്ഞന്മാർ കണ്ടുപിടിക്കാതിരിക്കുന്നില്ല. ഇതൊ
ന്നും തന്നെ പരമാർത്ഥമല്ലെന്നും ഈശ്വരൻ എന്നൊരു സാധനം തന്നെ
യില്ലെന്നും, മററും കണ്ണടച്ചു ഒരുകൂട്ടർ അഭിപ്രായപ്പെടുമ്പോൾ, ഒ
രോന്നും ഈശ്വരനാണെന്നു മറേറാരുകൂട്ടർ ധൈര്യസമേതം പ
റയുന്നു. സത്യം പറയണമെന്നും, ന്യായം പ്രവർത്തിക്കണമെന്നും ധ
ർമ്മം അനുഷ്ഠിക്കണമെന്നും വിവരിക്കുമ്പോൾ ഇവയെല്ലാം വിപരീ
തമായി പ്രവർത്തിച്ചാലും യാതൊന്നും വരാനില്ലെന്നു ചിലർ ക
രുതുന്നു.

വസ്ത്രം ധരിക്കുന്നതു പരിഷ്കാരമാണെന്നും അതു വിവേകിക
ളായ മനുഷ്യർക്ക് ആവശ്യം തന്നെയാണെന്നും ചിലർ വിശ്വസിക്കു
മ്പോൾ, മൃഗങ്ങൾ ഉടുക്കാറില്ലെന്നും, അതുകൊണ്ടു വസ്ത്രം ധരി
ക്കാതെ നടക്കുന്നതുതന്നെയാണു പ്രകൃതിക്ക് ഇഷ്ടമെന്നു ചിലർ വി
ശ്വസിക്കാതിരിക്കുന്നില്ല. ഭക്ഷണപദാർത്ഥങ്ങൾ വേവിക്കാതെ തി
ന്നാൽ അവയ്ക്കു രുചിയില്ലെന്നും അതുകൊണ്ടു കായ്കളും ഫലങ്ങളും
കൂടി വേവിച്ചു ഭക്ഷിക്കേണ്ടതാണെന്നു സസ്യശാസ്ത്രജ്ഞന്മാർ പറയു
മ്പോൾ, അതു പാടില്ലെന്നും മനുഷ്യൻ ആദ്യകാലങ്ങളിൽ ജീവി
ച്ചതുപോലെ യാതൊരു സാധനവും വേവിക്കാതെ പച്ചയായിതന്നെ
ഭക്ഷിക്കേണ്ടതാണെന്നു പ്രകൃതി ചികിത്സകന്മാർ പറയാതിരിക്കുന്നി
ല്ല. മനുഷ്യൻ ദിവസവും കുളിക്കണമെന്നും, അതിലും വിശേഷിച്ചു
ഉഷ്ണരാജ്യങ്ങളിൽ ജീവിക്കുന്നവർ അഭ്യംഗസ്നാനം സ്വീകരിക്കേണ്ട
താണെന്നും, ശരീരശാസ്ത്രജ്ഞന്മാർ പറയുമ്പോൾ ശൈത്യരാജ്യങ്ങ
ളിൽകുളിച്ചില്ലെങ്കിൽ ദേഹത്തിനു യാതൊരു ക്ഷീണവും ഉണ്ടാകയി
ല്ലാത്തതിനാൽ സ്നാനം തന്നെയും മനുഷ്യനു അനാവശ്യമാണെന്നു
മററു ചിലർ അഭിപ്രായപ്പെടാതിരിക്കുന്നില്ല.

സ്ത്രീകൾ പുരുഷന്മാരെപ്പോലെയാണെന്നും പുരുഷന്റെ ജോലി
സ്ത്രീയും സ്ത്രീയുടെ ജോലി പുരുഷനും ചെയ്യേണ്ടതാണെന്നും സ്ത്രീക
ൾക്ക് ശരിയായ സ്വാതന്ത്ര്യം ലഭിക്കേണ്ടതാണെന്നും ചിലർ വാദി
ക്കുമ്പോൾ, സ്ത്രീ പുരുഷനോ, പുരുഷൻ സ്ത്രീയോ ആകയില്ലെന്നും,
പുരുഷന്റെ ജോലി സ്ത്രീക്കോ സ്ത്രീയുടെ ജോലി പുരുഷനോ ചെയ്യാൻ
സാദ്ധ്യമല്ലെന്നും മററു ചിലർ വാദിക്കാതിരിക്കുന്നില്ല. പ്രസവം
കൊണ്ടു ലോകത്തിൽ സന്താനങ്ങൾ വർദ്ധിക്കുന്നുവെന്നും സന്താന

ങ്ങൾ വർദ്ധിക്കുന്നതുകാരണം ദാരിദ്ര്യം വർദ്ധിക്കുന്നുവെന്നും അതുകൊ
ണ്ട് പ്രസവത്തൊഴിൽ ഇനി മുതലെങ്കിലും നിർത്തിക്കളയണമെന്നും
ഒരുകൂട്ടർ ഉദ്ഘോഷിക്കുമ്പോൾ, അങ്ങിനെ പറയുന്നതു് പാപകര
മാണെന്നും പ്രസവം ദൈവനീതിയാണെന്നും ലോകത്തിൽ ജീവി
കൾ എല്ലായ്പോഴും ഒരേ നിലയിൽ തന്നെയേ ജീവിക്കുന്നുള്ളുവെന്നും
സന്താനങ്ങൾ വർദ്ധിക്കുന്നുണ്ടെങ്കിൽ തൊഴിലുകൾ ചെയ്തു ജീവിച്ചു
കൊള്ളേണ്ടതാണെന്നും വേറെ ഒരു കൂട്ടർ അഭിപ്രായപ്പെടാതിരി
ക്കുന്നില്ല.

സ്വാതന്ത്ര്യമെന്നു പറയുന്നതു് ആരുടെയും സ്വകാര്യസ്വത്ത
ല്ലെന്നും അതു് എല്ലാ മനുഷ്യനും ആവശ്യമാണെന്നും അതുകൊണ്ട്
സ്വാതന്ത്ര്യം എല്ലാരാജ്യക്കാരും അനുഭവിക്കേണ്ടതാണെന്നും രാഷ്ട്രീയ
നേതാക്കന്മാരിൽ ചിലർ വാദിക്കുമ്പോൾ, അതു പാടില്ലെന്നും സ്വാ
തന്ത്ര്യം അനുഭവനീയമല്ലെന്നും പ്രബലമായ ശക്തി ബലഹീന
മായതിനെ ഭരിക്കേണ്ടതാണെന്നും മറ്റു ചിലർ പറയാതിരിക്കുന്നില്ല.
സ്വരാജ്യമാണു നല്ലതെന്നു പറഞ്ഞാൽ, പരാശ്രയത്തിൽ ജീവിക്ക
കയാണ് നല്ലതെന്ന് സ്ഥാപിക്കുവാൻ ന്യായങ്ങളില്ലാതില്ല. പ്രജാ
ഭരണം വാസ്തവത്തിൽ ശ്രേയസ്കരമാണെന്ന് ഒരു രാജ്യക്കാർ തെളി
യിക്കുമ്പോൾ, രാജഭരണമാണ് നല്ലതെന്ന് വേറെ ചില രാജ്യ
ക്കാർ തെളിയിക്കുന്നു. ലഹരിസാധനങ്ങൾ ഉപയോഗിക്കുന്നതു് ന
ല്ലതാണെന്ന് പറഞ്ഞാൽ അതുചീത്തയാണെന്നു പറയുവാനും ആള
കൾ ഉണ്ടാകാതിരിക്കുന്നില്ല. മലന്നു കിടന്നു ശയിക്കുന്നതു് ദേഹ
ത്തിനു ശക്തിയെ പ്രദാനം ചെയ്യുമെങ്കിൽ, ചരിഞ്ഞുകിടന്നു ശയിക്ക
ന്നതു ദേഹത്തിനു കൊള്ളാമെന്നും, കമഴ്ന്നു കിടക്കുന്നതു് ദീനക്കെ
ട്ടുകളെ ഇല്ലാതാക്കുമെന്നും മറ്റോരോ സംഘക്കാർ പറയുന്നു.

വിദ്യാർത്ഥികളെ ശാസിക്കാതെ പഠിപ്പിക്കേണ്ടതാണ് അദ്ധ്യാ
പകന്റെ ചുമതലയെന്ന് പറയുമ്പോൾ അദ്ധ്യാപകൻ ശാസിക്കാ
തെ വിദ്യാർത്ഥി പഠിക്കയില്ലെന്ന് പറയുവാനും ന്യായങ്ങളുണ്ട്. ഇ
പ്പോൾ ജീവിക്കുന്നതിനേക്കാൾ ഒരു യുഗത്തിന് മുൻപ് ജീവിച്ചിരിക്ക
യായിരുന്നു നല്ലതെന്നു ചിലർ പറയുമ്പോൾ, ഒരു യുഗം കഴിഞ്ഞു
ജീവിച്ചാൽ മതിയായിരുന്നുവെന്നു വേറെ ചിലർ അഭിപ്രായപ്പെടാ
തിരിക്കുന്നില്ല. കവിതയെന്നു പറയുന്നതു മുള്ളുള്ള ചക്കപോലെയാണെ
ന്നു ചിലർ പറയുമ്പോൾ അതു് തൊണ്ടുള്ള നാളികേരംപോലെയാണെ
ന്നു ചിലർ പറയുന്നു.

ഇപ്രകാരം പറയാൻ തുടങ്ങിയാൽ ഇരുപക്ഷങ്ങളും ചിലപ്പോൾ ഗുണം ദോഷം അഭിപ്രായങ്ങളും ഇല്ലാതെ യാതൊരു സംഗതിയും ലോകത്തിൽ കാണുന്നില്ല. ഇതുപോലെയുള്ള കോടാനുകോടി പാരാകോലാഹലങ്ങൾ കിടന്നു തകിടം മറിയുന്ന ലൗകികജീവിതത്തിൽ നിന്നും കഴിഞ്ഞു ശാന്തമായി, സ്വൈരമായി, സൗമ്യമായി, ജീവിക്കുന്ന ശിഷ്യഗണങ്ങളെ! നിങ്ങൾക്ക സ്വർഗ്ഗം ലഭിച്ചാലും ഇല്ലെങ്കിലും ലോകജീവിതം ക്ലേശകരമല്ലാതിരിക്കയാണു വലിയപുണ്യം തന്നെയാണ്! സംശയമില്ല.

അതേ! ആ സുപ്രഭാതത്തിൽ അവിടെ പ്രവഹിച്ചിരുന്ന ദിവ്യാനന്ദാമൃതം നുകരുവാൻ പറവകൾകൂടി ഉല്ലാസമായി ചിരിക്കുന്നു. അന്നേ ദിവസം അവിടെയുള്ളവർ സകല സംഗതികളും ഏറ്റവും ശ്രദ്ധയോടുകൂടിയും ഭക്തിയോടുകൂടിയും നിറവേറ്റിയിരിക്കുന്നതു കണ്ടാൽ അവിടെ ഏതോ വിശേഷമുള്ളതുപോലെ തോന്നുന്നുണ്ട്. വേദം ചൊല്ലേണ്ടവർ സ്വരക്രമം തെറ്റാതെ വേദം ചൊല്ലുകയും പൂജകൾ കഴിക്കേണ്ടവർ അതിനും തയ്യാറായിരിക്കയും ചെയ്യുന്നതു കണ്ടാൽ അവിടെ ഇന്ന് ഒരു സുദിനം തന്നെയാണെന്നു വിശ്വസിക്കുവാൻ പല ന്യായങ്ങളുമുണ്ട്. അഥവാ വല്ല വിശിഷ്ടന്മാരായ അതിഥികളും അവിടെ ആഗതരാകുന്നുണ്ടോ? അതേ! അപ്രകാരം തന്നെയാണ്! ആശ്രമസ്ഥാപകനും, ശിഷ്യപരമ്പരകളുടെ ഗുരുവും ആയ യോഗീശ്വരൻ – ആചാര്യൻ – പരമാചാര്യൻ അനേകദിവസത്തെ യാത്ര കഴിഞ്ഞ് ഇന്നു മടങ്ങിവരുന്ന ദിവസമാണ്. ആചാര്യൻ വരുന്നതിനെ സോൽകണ്ഠം പ്രതീക്ഷിച്ചുകൊണ്ടു ശിഷ്യഗണങ്ങളിൽ ചിലർ അണിനിരന്നു നില്ക്കുന്നുണ്ട്. അവരുടെ സംസാരം തന്നെയും ഇന്നു വളരെ ശാന്തവും മൃദുലവും ആയ സ്വരത്തിലാണു അവിടെയെങ്ങും സ്നിഗ്ദ്ധമായ പ്രശാന്തത അരുണകിരണങ്ങളോടൊപ്പം വ്യാപിക്കുന്നു. ഇന്നാണ് ആ ദിവ്യാശ്രമത്തിന്റെ സൌന്ദര്യം മുഴുവനും വ്യക്തമായതു്. ഇന്നാണ് അവിടെ നിസ്സ്വാർത്ഥമായി സ്ഥിതിചെയ്യുന്ന ദിവ്യാനന്ദം പ്രസരിച്ചതു്. ഇന്നാണു അവിടെ പ്രകാശിക്കുന്ന ദിവ്യാത്മാവു പ്രത്യക്ഷമാകുന്നതു്. ഇന്നാണു ആ ആശ്രമത്തിലെ പരമാചാര്യൻ അവിടെ ആഗതനാകുന്നതു്. അല്ലയോ ഭക്താത്മസ്ഥന്മാരെ! യഥാർത്ഥശിഷ്യന്മാരെ! നിങ്ങളുടെ സ്നിഗ്ദ്ധവും കോമളവും ആയ മനഃകമലങ്ങളെ വികസിപ്പിക്കുന്ന ലോകബന്ധു ആഗതനാകുന്നു. അദ്ദേഹത്തിന്റെ ശാന്തസ്വരൂപം ഭാഗ്യവത്തി

കളായ സകലസംഗതികളേയും വ്യക്തമാക്കിത്തരുന്ന ജ്ഞാനദീപ്തി
യിൽ മുഴുകിയിരിക്കാതിരിക്കയില്ല.

ഏറ്റവും പ്രശാന്തമായ ആശ്രമത്തിൽ വിഹരിക്കുന്ന ശിഷ്യ
ഗണങ്ങൾ സോൽക്കണ്ഠം പ്രതീക്ഷിക്കുന്ന ആചാര്യൻ അവിടെ ആ
ഗതനാകുമെന്ന് അറിഞ്ഞു അവിടെ സർവ്വപ്രകാരേണയും വേണ്ട
ഒരുക്കങ്ങൾ ചെയ്തിരുന്നു. അല്പനേരത്തിനുള്ളിൽ ആ സ്ഥലത്ത് വ
ന്നിട്ടുള്ള മാറ്റങ്ങൾക്ക് കാരണം ഗുരുഭക്തിയല്ലാതെ മറ്റൊന്നുമല്ല.
ഏകദേശം ഒരു നാഴിക കഴിഞ്ഞ ഉടനെ അവിടത്തെ വിധങ്ങളെ
ല്ലാം വീണ്ടും മാറി. അതാ ഒരു യോഗീശ്വരൻ ഏകാകിയായി ആ
ശ്രമത്തിലേക്കു വരുന്നു. അദ്ദേഹത്തിന്റെ വദനത്തിൽ അപ്രമേയമായ
തേജസ്സ് പ്രസരിക്കുന്നുണ്ടെന്ന് പറയാതെ കഴികയില്ല. ഹാ! വന്ദ്യ
ഗുരോ! അങ്ങയുടെ പരിശുദ്ധപാദങ്ങളിൽ വൈശിഷ്ട്യവും ഉൽകൃഷ്ടവും
ആയ ഭാരതാംബിക സാഷ്ടാംഗപ്രണാമം ചെയ്യുന്നതുപോലെ തോ
ന്നുന്നല്ലോ. ഉദ്ദേശം ആറടിയോളം പൊക്കമുള്ള ആ വിശിഷ്ട
ന്റെ ഓരോ അവയവവും ആരോഗ്യ സമ്പൂർണ്ണമായിരുന്നുവെന്നു
പറയാവുന്നതാണ്. അദ്ദേഹത്തിന്റെ ശിരസ്സിൽ വെള്ളിക്കതിർപോ
ലെ പടർന്നു നീണ്ട് ചുരുണ്ട കേശം, തോൾവരെ കിടക്കുന്നുണ്ട്. ഗ
ണ്ഡസ്ഥലങ്ങളിലും താടിയിലും അതുപോലെതന്നെ പടർന്ന മീശക...
കേശത്തൊടികളും പ്രശോഭിക്കുന്നു. നീണ്ട് വിശാലമായ നേത്ര
ങ്ങളിൽ തുള്ളിക്കളിക്കുന്ന കൃഷ്ണമണികൾ ഉജ്ജ്വലങ്ങളും തേജോവിലാ
സത്താൽ മുഖകാന്തിയെ പ്രസ്പഷ്ടമാക്കുന്നവയുമാണ്. നീണ്ട് ഉയർന്ന
നാസികയും, കൺപോളകളുടെ അരികുകളും കർണ്ണങ്ങളും ചുവന്നു
പരിലസിക്കുന്നു. വ്യാഘ്രചർമ്മത്തോടുകൂടിയ ഹസ്തങ്ങളിൽ ഒന്നിൽ
ദണ്ഡവും വേറൊന്നിൽ ഒരു കമണ്ഡലുവും സ്ഥിതിചെയ്യുന്നു. ധവ
ളവസ്ത്രത്താൽ അദ്ദേഹത്തിന്റെ കണ്ഠംമുതൽ പാദംവരെ ആവൃതമാ
ണ്. ഒരു പുഞ്ചിരി തൂകിക്കൊണ്ട് തന്റെ ആശ്രമാംഗണങ്ങളിൽ ഓ
രോന്നിനേയും കടാക്ഷിച്ച് ആ വന്ദ്യഗുരുപാദർ ആശ്രമത്തിന്റെ
നടയിലെത്തി.

"നാരായണനമഃ ശ്രീരാമചന്ദ്രാ" എന്ന് ഉച്ചരിച്ചു. ത
ൽസമയം അദ്ദേഹത്തിന്റെ പാദപത്മങ്ങളിൽ, ശിഷ്യഗണങ്ങളിൽ
ഓരോരുത്തരായി നമസ്കരിച്ചു. ഹാ! പുണ്യസ്ഥലങ്ങളേ! ദിവ്യാശ്രമ
മേ! നീ ഭൂലോകത്തിൽവെച്ച് ഏറ്റവും ധന്യയായിത്തീർന്നു! തന്റെ
മുമ്പിൽ പ്രണമിക്കുന്ന ഓരോ ശിഷ്യനേയും കരങ്ങൾ നീട്ടി ഏഴേയും

ഗമമായി അനുഗ്രഹിച്ചതിന്നശേഷം അദ്ദേഹം ആശ്രമവാസികളിൽ പ്രധാനിയായ നിർമ്മലനെ വിളിച്ചു ഇപ്രകാരം അരുളി.

“നിർമ്മലാ! ആശ്രമത്തിൽ വിശേഷങ്ങൾ യാതൊന്നുമില്ലെന്നു ഉദ്ദേശിക്കുന്നതിൽ അബദ്ധമുണ്ടോ? എല്ലാവരും സൌഖ്യമായിത്തന്നെ ജീവിക്കുന്നുണ്ടല്ലോ.

നിർമ്മലൻ:—വന്ദ്യഗുരോ! അവിടത്തെ അനുഗ്രഹത്താൽ ആശ്രമത്തിൽയാതൊരു ദുഃഖവുംഉണ്ടായിട്ടില്ല. എല്ലാവരും സൌഖ്യമായിത്തന്നെ ജീവിക്കുന്നു. ഇപ്പോളങ്ങ് കുറച്ചുദിവസങ്ങൾക്കു മുമ്പു ഇവിടെ ആഗതനാകുമെന്നു ഞങ്ങൾ വിചാരിച്ചിരുന്നു. അവിടെക്ക് യാത്രയിൽ ക്ലേശങ്ങളൊന്നും ഇല്ലായിരുന്നുവെന്നു കരുതുന്നതു ശരിയായിരിക്കുമൊ? അഥവാ സാക്ഷാൽ സച്ചിദാനന്ദം അനുഭവിക്കുന്ന ഭഗവാനു ദുഃഖത്തിനു കാരണമില്ലല്ലൊ?

ഗുരു—ശരിയാണു. ഭഗവാന്റെ കാരുണ്യംകൊണ്ടു വളരെ ക്ലേശങ്ങൾ ഇല്ലാതെ കഴിഞ്ഞു. എങ്കിലും ലൌകികസംഗതികളിൽ ഇറങ്ങി പ്രവർത്തിക്കുന്നവർക്ക് ക്ലേശങ്ങളുണ്ടാകാതെ കഴികയില്ല. ഭഗവാൻ എപ്പോഴും എന്നെ സഹായിക്കുന്നുണ്ടു. പക്ഷെ എന്തൊ ഒരു അസുഖം ആശ്രമത്തിൽ ഉള്ളതുപോലെ തോന്നുന്നുവല്ലൊ? സംഗതി എന്താണെന്നുപറയുന്നതിൽ അധൈര്യപ്പെടേണ്ട കാര്യമില്ല. എന്തായാലും പുറത്തുപറയുക.”

ഗുരു ഇപ്രകാരം പറയുന്നതുകേട്ട ശിഷ്യന്മാർ പരസ്പരം നോക്കിത്തുടങ്ങി. ഗുരു ഉദ്ദേശിക്കുന്ന സംഗതിയെന്തായിരിക്കുമെന്നു അല്പനേരത്തേക്ക ഗ്രഹിപ്പാൻ അവർക്കാർക്കുംതന്നെ കഴിഞ്ഞില്ല. പക്ഷെ അല്പദിവസങ്ങൾക്കു മുമ്പു അവിടെ ആഗതരായി മറഞ്ഞ അതിഥികളെപ്പറ്റിയായിരിക്കാം ഗുരുപാദർ ചോദിക്കുന്നതെന്നു ഉദ്ദേശിച്ചു നിർമ്മലൻ ഇപ്രകാരം പറഞ്ഞു. “ഗുരോ! ഭവാൻ ഇവിടെനിന്നും പോയതിൽ പിന്നീടു ആശ്രമവാസികളിലാർക്കും യാതൊരു പീഡയും സംഭവിച്ചിട്ടില്ലെന്നുള്ളതു പരമാർത്ഥമാണു. എന്നാൽ ഇവിടെ ചില ആശങ്കകൾ അങ്കുരിക്കാതിരുന്നില്ല. അതു വിശേഷിച്ചു അസുഖകരമെന്നല്ലാത്തതിനാലാണു അവിടെ അറിയിക്കാതിരുന്നിട്ടുള്ളതു.” ഇതുകേട്ടു മന്ദസ്മിതത്തോടുകൂടി ശാന്തരുചിയായ ഗുരുപാദർ നിർമ്മലനോടു അരുളി:—

“ശിഷ്യരേ! സാധുക്കൾ ഒരിക്കലും ഭയപ്പെടേണ്ടതില്ല. അവർ ആരാധിക്കുന്നതു സത്യസ്വരൂപിയായ ജഗദീശ്വരനെയല്ലേ? അതുകൊണ്ടു

ഇവിടെയുണ്ടായതിൽ യാതൊന്നും മറക്കാതെ പറയുക. അല്പസംഗതികൾ പലപ്പോഴും അനല്പസംഗതികളുടെ മാതാക്കളായി ഭവിക്കാറുണ്ട്. എങ്കിലും നിങ്ങൾ ആരും തന്നെ പരിഭ്രമിക്കേണ്ട കാൎയ്യമില്ല.

നിൎമ്മലൻ — ഗുരോ! ശിഷ്യന്മാരുടെ അപരാധങ്ങൾ ക്ഷമിക്കണേ! കുറനാൾക്കു മുൻപ് ഒരു സന്ധ്യക്ക് ഇവിടെ രണ്ടു അതിഥികൾ വന്നിരുന്നു. അവർ സംസാരത്തിൽവെച്ചു ഗുരുപാദരെ അറിയുമെന്ന് പറയുകയുണ്ടായി. ഞങ്ങൾ അവരെ യഥാവിധി സ്വീകരിച്ച് തൃപ്തിപ്പെടുത്തണമെന്ന് ഉദ്ദേശിച്ച് അവരോട് അന്നേദിവസം ഇവിടെത്തന്നെ പാൎക്കണമെന്ന് അപേക്ഷിച്ചു. പക്ഷേ അവർ നദിയിലുള്ള സ്നാനത്തിനായി പോകുന്നുവെന്നു പറഞ്ഞ് ഇവിടെനിന്നും മറഞ്ഞു. വളരെ നേരം വനാന്തരത്തിൽ അന്വേഷിച്ചിട്ടും യാതൊരു ഫലവും ഉണ്ടായില്ല. കുതിരക്കുളമ്പിന്റെ പാടുകൾ നദീതീരത്തിൽ നല്ലതുപോലെ പതിഞ്ഞിരുന്നു.

ഗുരു — എല്ലാം അതിശയകരമായിരിക്കുന്നുവല്ലോ. അവർ രണ്ടുപേരും ഏതെതരക്കാർ ആയിരുന്നുവോ? നിങ്ങളോട് എന്തെല്ലാമാണ് അവർ പറഞ്ഞിട്ടുള്ളത്?

നിൎമ്മലൻ — അവരിൽ ഒരാൾ വൃദ്ധനും മറേറ ആൾ യുവാവുമായിരുന്നു. വൃദ്ധന് ഒരു സാധുവിന്റെ മട്ടും ഉണ്ടായിരുന്നെങ്കിലും യുവാവിനു വേഷം മാത്രമേ ഉണ്ടായിരുന്നുള്ളു. എന്തായാലും അവർ രണ്ടുപേരും സാധുക്കളല്ലെന്നു നിസ്സംശയം പറയാവുന്നതാണ്. അവർ ഗുരുപാദരെപ്പററി അന്വേഷിച്ചു. പല വിവരങ്ങളും അറിയുന്നതിന് അവർ ഉൽക്കണ്ഠയുള്ളവരായിരുന്നുവെന്ന് അവരുടെ ആവൎത്തിച്ചും ഖണ്ഡിച്ചും ഉള്ള സംഭാഷണം ഞങ്ങളെ മനസ്സിലാക്കി. ഗുരുപാദർ എവിടെയാണെന്നും, ഇവിടെ താമസം തുടങ്ങിയിട്ട് ഇപ്പോൾ എത്രകാലമായിയെന്നും, ആശ്രമത്തിൽ ഗുരുപാദരുടെ ബന്ധുക്കൾ ആരെങ്കിലും താമസമുണ്ടോ എന്നും മററും ചോദിച്ചു.

ഗുരു — നമ്മൾക്കു ചില കാൎയ്യങ്ങളെല്ലാം ഊഹിക്കുവാൻ ന്യായങ്ങളുണ്ട്. അവർ സാധുക്കളുടെ വേഷത്തിൽ വന്നുവെന്നല്ലാതെ ആശ്രമവുമായി യാതൊരു വിധത്തിലും ബന്ധമുള്ളവരല്ല. അവർ എപ്പോഴാണ് ഇവിടെനിന്നും പോയത്?

നിൎമ്മലൻ — അവർ ഉദ്ദേശം മൂന്നുനാഴികയോളം ഇവിടെ ഇരുന്നിട്ടുണ്ട്. സന്ധ്യാസമയം കഴിഞ്ഞ ഉടനെ പോകുകയുംചെയ്തു. എന്തായാലും അവരുടെ ധൈൎയ്യം അനിതരസാധാരണംതന്നെയാണെ

ന്നു ഞങ്ങൾക്കു തോന്നാതിരുന്നില്ല. ഇതുപോലും വളരെ ധീരന്മാരാണ്; വൃദ്ധൻ വളരെ ശാന്തനും.

ഗുരു—ശരി. അവരെല്ലാം ആരായിരുന്നുവെന്നു ഞാൻ പറഞ്ഞുകൊള്ളാം. അവർ ഇതുപോലും അശ്വാരൂഢന്മാരായിരുന്നിരിക്കണം. അവർ ചക്രവർത്തിയുടെ ചാരന്മാരായിരുന്നുവെന്നതിൽ സംശയിക്കേണ്ടതില്ല. ചക്രവർത്തി നമ്മെ നിഗ്രഹിക്കാനായിട്ട് ആളയച്ചിട്ടുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ. അദ്ദേഹം പല രഹസ്യസംഗതികളെപ്പറ്റിയും അറിവാൻ ദൃഢമായി ശ്രമിക്കുന്നുണ്ട്. ഞാൻ അദ്ദേഹത്തിന്റെ ശ്രമത്തെ സഫലമാക്കുവാൻവേണ്ടിയാണ് ഇത്രയും ബദ്ധപ്പെടുന്നതെന്ന് അദ്ദേഹത്തിനു് അറിവില്ല. അറിവിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നുമില്ല. എന്തായാലും കാര്യങ്ങളുടെ എല്ലാം അവസാനം അടുത്തുതുടങ്ങി. സംഗതികളെല്ലാം വളരെ ഗൌരവമുള്ളവയാണ്. ഈശ്വരകല്പിതങ്ങളെ നിരാകരിക്കുവാനോ നിവാരണം ചെയ്യാനോ ആർക്കും സാദ്ധ്യമല്ല. അനുഭവിക്കേണ്ടതെല്ലാം അനുഭവിക്കാതെ രാജാവായാലും കഴികയില്ല. ഞാൻ ദില്ലിയിലെ ഇന്നത്തെ കുഴപ്പങ്ങൾക്കെല്ലാം സൂത്രധാരനായിട്ടാണ് സ്ഥിതിചെയ്യുന്നതെന്ന് എനിക്കറിയാം. ഇനിയും പല സങ്കടങ്ങളും പലരും അനുഭവിക്കേണ്ടതായിട്ടുണ്ട്. മുജ്ജന്മത്തിൽ ചെയ്തിട്ടുള്ള പാപങ്ങളുടെ ഫലമാണിതെല്ലാം. സഞ്ചിതകർമ്മങ്ങൾ വർദ്ധിക്കുന്നതും പാപത്തിലുള്ള ജിജ്ഞാസകൊണ്ടാണ്. ദുരിതകർമ്മങ്ങൾ ചെയ്താൽ സ്വാർത്ഥലാഭമുണ്ടായേക്കാമെങ്കിലും അതിന്റെ യഥാർത്ഥസന്താനം ശോകദുഃഖം തന്നെയാണെന്നു മനുഷ്യന് അറിവാൻ കഴിയുന്നില്ല. അഥവാ അറിഞ്ഞാൽതന്നെ ദുരിതത്തെ ദൂരീകരിച്ചു് പുണ്യമടയുവാനുള്ള ആസക്തി മനുഷ്യനിൽ അചിരേണ ഉണ്ടാകുന്നുമില്ല. പക്ഷെ ലോകവ്യാപാരത്തിനും സർവ്വേശ്വരലീലക്കും മനുഷ്യൻ ദുഷ്കർമ്മങ്ങൾ ചെയ്യാതെ സാദ്ധ്യവുമല്ല. ഇതൊന്നുംതന്നെ ആരുടേയും കുറ്റമല്ലയെന്നതും തീർച്ചയാണ്. എല്ലാം "യത് ഭാവി തത് ഭവതു" എന്ന പ്രമാണത്തെ ആസ്പദമാക്കി സ്ഥിതിചെയ്യുന്നു. നമ്മുടെ ജീവിതത്തെപ്പറ്റിതന്നെയും അനേകം സംഗതികൾ ലോകർക്കു വ്യക്തമാകേണ്ടതായിട്ടുണ്ട്. എന്നാൽ ഇന്നു നാം അതെല്ലാം ഇഹലോകം രഹസ്യമായിത്തന്നെ സൂക്ഷിച്ചിരിക്കയാണ്.

നിർമ്മ—ഗുരോ! ഭവാന്റെ പരിശ്രമങ്ങളിൽ കുറച്ചെങ്കിലും സഫലമായിട്ടുണ്ടോ എന്നറിവാൻ ഞങ്ങൾക്കു വളരെ ആഗ്രഹമുണ്ട്.

ഗുരു—നമ്മുടെ ശ്രമം സഫലം തന്നെയാണ്. എന്നാൽ യാതൊ

ന്തം പുറത്തുപറയാൻ നിവൃത്തിയില്ലാത്ത ഘട്ടമാണ് ഇപ്പോൾ ന
ന്നാൾക്കുള്ളത്. നമ്മെ അന്വേഷിച്ച് അനുചരന്മാർ നാനാദിക്കി
ലും ചരിക്കുന്നുണ്ട്. തന്മൂലം ഞാൻ വേഷപ്രച്ഛന്നനായിട്ടാണ്
എല്ലാ സ്ഥലത്തും സഞ്ചരിക്കുന്നത്. ഇന്നാൾ ഒരു ദിവസം സോ
ഫിയുടെ ഗൃഹത്തിൽ ഞാൻ പോയിരുന്നു. എന്നെ ഒരു യാചകൻ
വളരെ നേരം പിന്തുടരുന്നുണ്ടായിരുന്നു. അയാൾ എന്തിനാണ്
എന്നെ പിന്തുടർന്നതെന്നു എനിക്കു മനസ്സിലായില്ല. സോഫിയുടെ
ഭർത്താവായ കാസിമിന്റെ അടുക്കൽനിന്നും ചില വിവരങ്ങൾ മ
നസ്സിലാക്കണമെന്നുദ്ദേശിച്ചാണ് ഞാൻ പോയിരുന്നത്. അതെ
ല്ലാം സഫലമായി പരിണമിച്ചു. ഇതുപോലെ വളരെപ്പേർ നടക്കു
ന്നുണ്ടെന്നു എനിക്കറിയാം. ശരിയായ തെളിവുകൾ ഒന്നുംതന്നെ ഇ
നിയും ഗ്രഹിച്ചു കഴിഞ്ഞിട്ടില്ല. തെളിവില്ലാതെ ചക്രവർത്തിയുടെ
മുമ്പിൽ ചെന്നാൽ അകാലമൃത്യുവിന് അനേകം പേർ പാത്രമാ
യിത്തീരേണ്ടാകും. എന്നു മാത്രമല്ല സാമ്രാജ്യത്തിൽ തന്നെയും പല
കലാപങ്ങൾക്കും വഴിയുണ്ട്. കലാപങ്ങൾ ഉണ്ടാകുന്ന പക്ഷം ഇ
ന്നത്തെ സമാധാനവും ശാന്തിയും നശിക്കാതെ കഴികയില്ല. നാം
ശാന്തിയെ ഭജിക്കുന്ന കാലത്തോളം കലാപങ്ങൾക്കു ഒരിക്കലും കാ
രണക്കാരായിത്തീരാതിരിക്കാൻ ശ്രമിക്കേണ്ടതാണ്. അക്ബർ
ഒരു വിചാരശൂന്യനോ മൂഢനോ അല്ല. ബുദ്ധിശാലിയും നയ
ജ്ഞനും ആയ അദ്ദേഹം ഹിന്ദുക്കളേയും മഹമ്മദന്മാരെ
യും ഒരുപോലെ യോജിപ്പിച്ചു ഭരിക്കുന്ന സ്ഥിതിക്കു നാം മൂലം അ
ദ്ദേഹത്തിന്റെ ഭരണത്തെ സമാധാനരഹിതമാക്കുന്നതു വളരെ
ആലോചിച്ചു ചെയ്യേണ്ട സംഗതിയാണ്. അറിയാവുന്ന രഹസ്യ
ങ്ങൾ കൂടിയും ഇന്നു ആരേയും അറിയിക്കേണ്ടെന്നു നാം വിചാരിക്കു
ന്നതും അതേ ഉദ്ദേശംകൊണ്ട് മാത്രമാണ്. എന്നു മാത്രമല്ല ആ
ത്മീയസംഗതികളിൽ മാത്രം ഇടപെട്ടു ഏറ്റവും പരിശുദ്ധന്മാരാ
യി ജീവിക്കുന്ന നിങ്ങൾക്കാർക്കുംതന്നെ ഇന്നു സാമ്രാജ്യത്തിൽ ഉള്ള
കുഴപ്പങ്ങളെപ്പറ്റി അറിഞ്ഞുകൂടാ. കൌടില്യവും വഞ്ചനയും സ്വാ
ർത്ഥതല്പരതയുംകൊണ്ട് ലോകം അധഃപതിപ്പിക്കുവാൻ പോകു
മ്പോൾ അതിനെ ഉദ്ധരിക്കേണ്ടതു ആത്മജ്ഞാനികളുടെ ചുമതല
യാകുന്നു. എന്റെ പിതാവ് നിർവ്വാണം പ്രാപിച്ചതു ഞാൻ മൂല
മാണെന്നു ഉത്തമമതി മൂർത്തീകരിച്ച ചക്രവർത്തി വിചാരിക്കുന്നതിൽ
ഞാൻ സങ്കടപ്പെടുന്നില്ല. എന്നാൽ ജയപ്പൂർ രാജ്ഞികളെ ഞാ

ന്നോ അതിൽ കുറ്റക്കാരനല്ലെന്നും, പ്രസ്തുത അമയേഷയാണെന്നും ചക്രവർത്തിയെ ധരിപ്പിക്കേണ്ടതു് എന്റെ കടമയാണെന്നു എനിക്കറിയാം. അതിലേക്കുള്ള ചില കത്തുകൾ ഞാൻ ശേഖരിച്ചുവെച്ചിട്ടുണ്ടു്. എന്നു മാത്രമല്ല ചക്രവർത്തി ചാന്ദ്ബീബിയുടെ ഭർത്താവായിരുന്ന പ്രഭാകരസിംഹനെ ഒരു കള്ളഎഴുത്തു വെച്ചുകൊണ്ടാണു് ബഹിഷ്കരിച്ചിട്ടുള്ളതെന്നും എനിക്കു മനസ്സിലായി. ചാന്ദ്ബീബിയുടെ സീമന്തപുത്രനെ ഷുജാമുഖാന്തിരം ആഗ്രാനഗരത്തിൽ നിന്നും ഒരു മാസം മാത്രം പ്രായമുള്ളപ്പോൾ ആഫ്ഗാനിസ്ഥാനിലേക്കു വധിക്കപ്പെടുന്നതിനായി കൊണ്ടുപോയതും, ജയപ്പൂർ മന്ത്രിയായിരുന്ന നൂറിന്റെ പുത്രിമാരായ സൌന്ദര്യയെ അവളുടെ ഒരു വയസ്സിലും ശാന്തിമയെ അവളുടെ പത്താമത്തെ വയസ്സിലും നശിപ്പിക്കാൻ ശ്രമിച്ചു രാജസ്ഥാനത്തിൽനിന്നും അകറ്റിയതും ഷുജയും അമയേഷയും റഹീമും കൂടിയാണെന്നു ഉള്ളതിലേക്കും തെളിവുകൾ ഉണ്ടു്.

നിർമ്മലൻ—ഗുരോ! അമയേഷയും പ്രഭാകരസിംഹനും മറ്റും ജീവിച്ചിരിപ്പുണ്ടോ?

ഗുരു—എല്ലാവരും ജീവിച്ചിരിപ്പുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. പക്ഷെ ഇനിയും പൂർണ്ണമായിട്ടുള്ള വിവരങ്ങൾ ലഭിച്ചിട്ടില്ല.

നിർമ്മലൻ—അവിടുന്നു ചാന്ദ്ബീബിയെപ്പറ്റി എന്തോ ചിലതെല്ലാം അറിയാനുണ്ടെന്നു പറഞ്ഞല്ലോ. ആ സ്ത്രീ മരിച്ചിട്ടു നാലഞ്ചു സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നുവല്ലോ.

ഗുരു—ശരി. അതു ഞാൻ പറയാം. ചാന്ദ്ബീബിയെ വിവാഹം കഴിച്ച ആ ദിവസംതന്നെ പ്രഭാകരസിംഹ് യുദ്ധത്തിനായി ഈ ദുർഗ്ഗത്തിനപ്പുറത്തു പാളയമടിച്ചു താമസിച്ചിരുന്നുവെന്നു പറഞ്ഞുവല്ലോ. അയാൾ ഇവിടെ പാളയമടിച്ചു താമസിക്കുമ്പോൾ കാപാലികന്മാർ ഈ ദുർഗ്ഗാക്ഷേത്രത്തിൽ താമസമുണ്ടായിരുന്നു. അവർ ഒരു രാത്രി ഒരു യുവതിയെ ബലികഴിക്കാനായി തീർച്ചപ്പെടുത്തി വേണ്ട സംരംഭങ്ങൾ ചെയ്തുതുടങ്ങി. കാപാലികന്മാർ കൊണ്ടുവന്ന ആ സ്ത്രീ ചാന്ദ്ബീബി തന്നെയായിരുന്നു.

നിർമ്മലൻ—അവർ എപ്രകാരമാണു് ആഗ്രാനഗരത്തിൽനിന്നും ആ സ്ത്രീയെ ഇവിടെ കൊണ്ടുവന്നതു്.

ഗുരു—ശരി. പറയാം. കാപാലികന്മാർ ദുർഗ്ഗാപ്രീതിക്കുവേണ്ടി നരബലി കഴിക്കുന്നവരാണെന്നു് അറിയാമല്ലോ. ആ വംശത്തെ നിർമ്മൂലം നശിപ്പിക്കണമെന്നു ഹിന്ദുമതത്തിലെ അനാവശ്യാചാരങ്ങളെ

ളോട് ദ്വേഷ്യമായ വൈരൂപ്യനായിരുന്ന എന്റെ പിതാവിനു നിർബ്ബന്ധമുണ്ടായിരുന്നതിനാൽ അദ്ദേഹം സ്വശിഷ്യനായ ചക്രവർത്തിയോട് വിവരങ്ങൾ പറയുകയും ചക്രവർത്തിയുടെ സഹായത്തോടുകൂടി കാപാലികന്മാരുടെ വംശത്തെ ഏറെക്കുറെയൊക്കെ നശിപ്പിക്കയും ചെയ്തു. അക്കാലത്ത് അവരിൽ ഒരു കൂട്ടർ ഗൂഢമായിട്ട് ഇവിടെ പാർത്തിരുന്നു. അവർ വേഷപ്രച്ഛന്നന്മാരായി, ബലികർമ്മം നിർവ്വഹിക്കുന്നതിനു സ്ത്രീകളെ ലഭിക്കുവാനായി ഓരോ രാജ്യത്തിലും ചരിച്ചു. സൌന്ദര്യവതിയും, കന്യകയും, രാജതനണിയും ആയ ഒരുവളെ ബലികഴിക്കുവാൻ സാധിക്കുമെങ്കിൽ ദുർഗ്ഗ വളരെ പ്രീതിപ്പെടുമെന്നും, തപോരാസാദ്ധ്യത്തിൽ എത്തിച്ചേരാമെന്നും കരുതി ആ മൂഢന്മാർ പലരെയും ഹിംസിച്ചതിനുശേഷം പ്രഭാകരസിംഹിന്റെ വിവാഹദിവസം ആമദ്നഗരത്തിൽ വന്നുചേർന്നു. ആ രാത്രി പ്രഭാകരസിംഹ് സേനകളുമായി പോയതിനുശേഷം സന്യാസവേഷധാരികളായിരുന്ന കാപാലികന്മാർ, വിവാഹം കഴിഞ്ഞെങ്കിലും ചാന്ദബീബിയുടെ കന്യകാവസ്ഥയ്ക്കു ഭംഗം വന്നിട്ടില്ലെന്നറിഞ്ഞ് കൊട്ടാരത്തിൽ പ്രവേശിച്ച് ഭിക്ഷ യാചിക്കയും വിശ്രമത്തിന് അപേക്ഷിക്കയും ചെയ്തു. ചാന്ദബീബി, മതത്തിൽ ഭക്തിയും വിശ്വാസവും ഉള്ളവളായിരുന്നതിനാൽ ദിവ്യന്മാരായ അതിഥികളെ ഭക്തിപൂർവ്വം സ്വീകരിച്ചു ഭർത്തൃവിജയത്തിനുവേണ്ട വരങ്ങൾ നൽകി അനുഗ്രഹിക്കണമെന്ന് അപേക്ഷിച്ചു. ദുർമ്മന്ത്രങ്ങളുടെ ആധിദേവന്മാരായ ആ നിർദ്ദയന്മാർ ആ യുവതിയെ ബോധം കെടുത്തി നിലത്തു പതിപ്പിക്കയും ഉടൻതന്നെ ആരും അറിയാതെ അവളെ വഹിച്ചുകൊണ്ട് ആ രാത്രി ആമദ്നഗരത്തിൽനിന്നും തിരോധാനംചെയ്കയും ചെയ്തു. തന്റെ പ്രണയേശ്വരിയായ ചാന്ദബീബി സുഖമായിത്തന്നെ താമസിക്കുന്നുണ്ടെന്നുള്ള ധാരണയോടുകൂടി പാളയമടിച്ച പ്രഭാകരസിംഹ് ഇവിടെ പാർക്കയായിരുന്നു. അക്കാലത്തു ഞാനും പിതാവുംകൂടി കാപാലികന്മാരെപ്പറ്റി അന്വേഷിച്ചപ്പോൾ ആമദ്നഗരത്തിലെ രാജ്ഞിയായ ചാന്ദബീബിയെ കാപാലികന്മാർ കൊണ്ടുപോയിരുന്നു ഞങ്ങൾ അറിയുകയും, ഞങ്ങൾ ഉടൻതന്നെ ഈ ഉദ്യാനത്തിൽ പ്രവേശിക്കയും ചെയ്തു. ഞങ്ങൾ സന്ധ്യയോടുകൂടി ഇവിടെ വന്നപ്പോൾ കാപാലികന്മാർ ബലിക്കു വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നവരായിരുന്നു. ചാന്ദബീബിയെ അവർ ക്ഷേത്രത്തിനുള്ളിൽ

ഒരു പുരമുറിയിൽതന്നെ സൂക്ഷിച്ചിരുന്നു. ഞങ്ങൾ രണ്ടുപേരും മാത്രം അവിടെച്ചെന്നു ബലികർമ്മത്തിനു മുൻപായി ആ യുവതിയെ രക്ഷിക്കാൻ ശ്രമിച്ചാൽ അതുകൊണ്ടു വലിയ ഫലമില്ലെന്നും ഞങ്ങളെക്കൂടി അവർ ഹിംസിക്കുമെന്നും നിശ്ചയിച്ചു. ഞങ്ങൾ ഉടൻതന്നെ അടുത്തു പാളയമടിച്ചു താമസിച്ചിരുന്ന പ്രഭാകരസിങ്ങിനെത്തന്നെ അറിയിക്കാനായി ഞങ്ങൾ അവിടെച്ചെന്നു. പെട്ടെന്നു സംഗതികൾ വെളിവാക്കിയാൽ അതു കുഴപ്പങ്ങൾക്കു കാരണമാകുമെന്നു വിചാരിച്ച് ഞങ്ങൾ യുവതി, ചന്ദ്രലീലയാണെന്നുള്ള വിവരം മാത്രം അവിടെ ധരിപ്പിക്കാതെ സൈന്യങ്ങളുടെ സഹായത്തെ അപേക്ഷിച്ചു. യാതൊരു ദുരുദ്ദേശവും കൂടാതെ അദ്ദേഹം സേനകളോടൊരുമിച്ചു ബലികർമ്മത്തിന് അരനാഴിക മാത്രം മുമ്പ് ക്ഷേത്രത്തിൽ പ്രവേശിച്ച് കാപാലികന്മാരെ നിശ്ശേഷം നിഗ്രഹിച്ച് ബോധരഹിതയായിക്കിടക്കുന്ന യുവതിയെ വസ്ത്രങ്ങൾ ധരിപ്പിച്ച് പാളയത്തിലേക്കു കൊണ്ടുപോയി. എന്നാൽ പാളയത്തിൽവെച്ച് പിതാവ് സംഗതികളെല്ലാം സൂക്ഷ്മമായി പ്രഭാകരസിങ്ങിനെ അറിയിക്കയും ഏതോ ദിവ്യമന്ത്രംകൊണ്ടു യുവതിയെ ബോധമുള്ളവളാക്കിത്തീർക്കയും ചെയ്തു. പക്ഷെ, കാപാലികന്മാർ ദേവിയുടെ പ്രീത്യർത്ഥം ബലികർമ്മത്തിനു വേണ്ടി കൊണ്ടുവരപ്പെട്ട പരിശുദ്ധകന്യകയെ ഞങ്ങൾ രക്ഷിക്കയും, അവരെ നിഗ്രഹിക്കയും ചെയ്ത് മനസ്സമാധാനം പ്രാപിച്ചുവെങ്കിലും ദേവി കോപിഷ്ഠയായി ചിലരെയെല്ലാം ശപിക്കാതിരുന്നില്ല. ദേവിയുടെ ശാപങ്ങൾ എന്നെയും പിതാവിനെയും സ്വപ്നത്തിലാണ് ഒരേസമയത്തറിയിച്ചിട്ടുള്ളത്. ക്രൂരമന്ത്രങ്ങൾകൊണ്ട് കാപാലികന്മാർ ചണ്ഡികയെ വശീകരിച്ചിരുന്നതിനാൽ ദേവിയുടെ ശാപം അത്യുഗ്രമായിരുന്നു. അന്ന് കാപാലികന്മാരുടെ വംശവിച്ഛേദം വരുത്തിയതിനു പിതാവ് അഗ്നിക്കിരയായി നിര്യാണം പ്രാപിക്കുമെന്നും, ഞാൻ രാജകോപത്തിനു പാത്രമായിത്തീരുമെന്നും, പ്രഭാകരസിങ്ങ് താമസിയാതെ നിഷ്കാസിതനാകുമെന്നും, ആ സേനകളെല്ലാം യുദ്ധത്തിൽ പരാജിതന്മാരാകുമെന്നും, ചന്ദ്രലീല വളരെ ചെറുപ്പത്തിൽതന്നെ വിധവയായിത്തീരുമെന്നും, അവരുടെ പ്രഥമസന്താനം അവളിൽനിന്നും പിരിഞ്ഞുപോകുമെന്നും, രണ്ടാമത്തെ സന്താനം സ്ത്രീയാണെങ്കിലും അവൾ മതപരിവർത്തനത്തിനു വശംവദയാകുമെന്നും, അവൾ മര

ന്നവരെ വന്ധ്യയായിത്തന്നെ കഴിയുമെന്നും. ഇതിനും പുറമെ പ്രഭാകരസിംഹിന് എന്തെങ്കിലും സന്താനം എവിടെയെങ്കിലും ഉണ്ടായാൽ അതും ഉഗ്രമായ രാജകോപത്തിനു പാത്രമായിത്തീരുന്നതാണെന്നും, ദേവി ഞങ്ങളെ രണ്ടുപേരെയും അറിയിച്ചിട്ടുണ്ട്. ഈ ശാപങ്ങളിൽ മിക്കതും ശരിയായിത്തന്നെ ഫലിച്ചുവെന്നു പറയാതെ കഴികയില്ല. പക്ഷെ പ്രഭാകരസിംഹിന്റെ പുത്രന്മാരെല്ലാം രാജപദവിയിൽത്തന്നെ ജീവിക്കുമെന്നും, ചന്ദ്രബിംബ മരണം വരെ യുദ്ധത്തിൽതന്നെ പരിശ്രമിച്ചു മനസ്സമാധാനമില്ലാതെ ജീവിക്കേണ്ടിവരുമെങ്കിലും, അവർ പരിശ്രമിയായതിനാൽ ഒരിക്കലും പരന്മാരാൽ പരാജിതയായി ഭവിക്കുകയില്ലെന്നും, ദേവി അറിയിക്കാതിരുന്നില്ല. പിതാവ് ഈ ശാപശമനത്തിനുവേണ്ടിയാണ് ഇവിടെത്തന്നെ ഒരു ആശ്രമം സ്ഥാപിച്ച് ദേവിയെ സാത്വികപ്രവൃത്തികൾകൊണ്ട് പ്രീതിപ്പെടുത്തണമെന്നു പറഞ്ഞ് എന്നെ നിയോഗിച്ചതും, ഞാൻ അതനുസരിച്ചുതന്നെയാണ് ഈ ശിവാശ്രമത്തെ ഇവിടെ സ്ഥാപിച്ചിട്ടുള്ളതും എന്നു നിങ്ങൾക്കറിയാവുന്നതാണല്ലോ.

നാം ഇവിടെ വന്നതിനുശേഷം പല സൽക്കർമ്മങ്ങൾ ചെയ്തും ദേവിയെ പ്രീതിപ്പെടുത്തുന്നുണ്ടെങ്കിലും ശാപങ്ങളെല്ലാംതന്നെ ഫലിക്കാതെയിരിക്കുന്നില്ല. പിതാവിന്റെ നിര്യാണവും, ചന്ദ്രബിംബയുടെ സന്താനനാശവും, അംബികയുടെ മതപരിവർത്തനവും, അവളുടെ വന്ധ്യത്വവും, പ്രഭാകരസിംഹിന്റെ നിഷ്കാസനവും, നമ്മുടെ പേരിലുള്ള കരാരലംഘനവും എല്ലാം എത്രയോ പരമാർത്ഥമായിത്തന്നെ കലാശിച്ചുവെന്നു നോക്കുക! അതുപോലെ മറ്റുള്ളതും എല്ലാം, ശരിയാകാതെയിരിക്കയില്ല. എന്നുമാത്രമല്ല ചന്ദ്രബിംബയുടെ രാജ്യം മുഗൾസാമ്രാജ്യത്തോടുതന്നെ ചേർക്കുകയും അവർ സന്താപത്തോടുകൂടി മരിക്കയും ചെയ്തു. ഈ സംഭവങ്ങളെല്ലാം മുപ്പതു സംവത്സരങ്ങൾക്കുമുമ്പ് തന്നെ നടന്നിട്ടുള്ളവയാണെങ്കിലും ചന്ദ്രബിംബ മരിച്ചിട്ട് ആറു സംവത്സരത്തിൽ കൂടുതലായില്ല. അവർ ജീവിച്ചിരുന്ന കാലത്തോളം അഹമ്മദ്നഗരം മുഗൾസേനക്ക് കീഴടക്കിയുമില്ല. ഇനിയും പല രഹസ്യങ്ങളും അറിയിക്കേണ്ടതായിട്ടുണ്ട്. ഇതെല്ലാം ആത്മജ്ഞാനിയായിത്തീർന്നിട്ടുണ്ടെന്നു വിചാരിക്കുന്നവനു ശ്രവിക്കുന്നക സഹോദരികളാണോ എന്ന് നിങ്ങൾക്ക് സംശയമുണ്ടായിരിക്കാം. കേവലം ഒരു വനത്തിൽപോയി സിദ്ധിപദത്തെ പ്രാപിക്കുന്നുവെന്നു വിചാരിക്കുക. അതുകൊണ്ട്, ദുഃഖസാഗരത്തിൽ മുങ്ങി, ഒരു

പിടിയും ലഭിക്കാതെ വലയുന്ന ലോകർക്ക് എന്തുപകാരമാണുള്ളതു്? അയാളുടെ ജീവിതംകൊണ്ട് മററുള്ളവർക്കു് എന്തു ഫലമാണ് ലഭിക്കുന്നതു്? എന്നാൽ ഇനിമുതൽ യോഗീശ്വരന്മാർ അവർക്ക് ശരിയായ യോഗജ്ഞാനവും സിദ്ധിയും ഉണ്ടായിക്കഴിഞ്ഞാലുടനെ, ലോകത്തിൽ ഇറങ്ങി സഞ്ചരിച്ച് ലോകർക്ക് ശരിയായ ഉപദേശം നൽകുകയും ലോകത്തെ, പല ദൂഷ്യങ്ങളും അധഃപതിപ്പിക്കുന്ന കാലത്തോളം അതിലിറങ്ങി ആ ദൂഷ്യങ്ങളെ ദൂരീകരിക്കേണ്ടതുമാണെന്നാണ് എന്റെ അഭിപ്രായം. അപ്രകാരം ചെയ്യാത്ത യോഗീശ്വരന്മാർ കേവലം സ്വാർത്ഥതല്പരന്മാർ തന്നെയാണെന്നാകുന്നു പറയേണ്ടതു്."

നിർമ്മലൻ:—ഗുരോ! സംശയനിവൃത്തിക്കായി ചോദിച്ചുകൊള്ളട്ടെ. യോഗീശ്വരന്മാർ സ്വാർത്ഥനിവൃത്തി വരുത്തുന്നവരാണെന്നു പറയുന്നതിന്റെ അർത്ഥം മനസ്സിലായില്ല. അപ്രകാരമാണെങ്കിൽ യോഗജ്ഞാനത്തിന്റെ ഫലമുളവാക്കുന്നതെങ്ങിനെയാണ്?

ഗുരു:—ശരിയാണ്. എന്നാൽ "ഞാൻ എന്നും എന്റെ എന്നും തനിക്കെന്നും" ഉള്ളതെല്ലാം സ്വാർത്ഥത്തിൽ ഉൾപ്പെടുന്നതാണെന്ന് ധരിക്കുക. പരനെപ്പററി വിചാരിക്കാത്തതെന്നും അതിന് അർത്ഥമുണ്ട്. ആ സ്ഥിതിക്ക് തന്റെ ആത്മാവിനുമാത്രം മുക്തി വേണമെന്നു കരുതി അതിനായി പ്രവർത്തിക്കയും ജ്ഞാനത്തെ കാംക്ഷിക്കയും ചെയ്യുന്ന തപോധനന്മാർ സ്വാർത്ഥതല്പരന്മാരാണെന്ന് തന്നെയാണ് എന്റെ ന്യായം. പക്ഷെ താൻ ജ്ഞാനിയായതിനുശേഷം, മുക്തിക്കുമുൻപും—സിദ്ധിക്കുശേഷം—ലോകത്തിൽ ഇറങ്ങി ലോകരെ ഉപദേശിക്കേണ്ടതു് ഏതു ജ്ഞാനിയുടേയും കടമയാകുന്നു.

നിർമ്മലൻ:—ഗുരോ! അവിടുന്നു "പരനെപ്പററി വിചാരിക്കാത്തതു" എന്നു കല്പിച്ചല്ലോ. ജ്ഞാനികൾ സർവ്വദാ പരനെപ്പററിയല്ലേ വിചാരിക്കുന്നതു്? ജ്ഞാനംതന്നെയും അതിൽനിന്നല്ലേ ഉദിക്കുന്നതു്? ആ സ്ഥിതിക്ക് ജ്ഞാനികൾ സ്വാർത്ഥന്മാരാകുന്നതെങ്ങിനെയാണെന്നു പറഞ്ഞാൽ കൊള്ളാമായിരുന്നു.

ഗുരു:—നിർമ്മലാ! നീ സമർത്ഥനാണ്. 'പരൻ' എന്ന വാക്കിൽ നീ വിവക്ഷിക്കുന്ന അർത്ഥം വേറെയാണ്. പക്ഷെ പരൻ എന്നു ഞാൻ പറയുന്നതു് അതൊന്നും ഉദ്ദേശിച്ചല്ല. തന്നിൽനിന്നും ഭിന്നമായ മററു ജീവികളെ ഉദ്ദേശിച്ചാണ് ഞാൻ പറഞ്ഞിട്ടുള്ളതു്. അവരുടെ മനശ്ശാന്തിക്കുവേണ്ടി പ്രവർത്തിക്കുവാൻ കഴിയാത്ത ജ്ഞാനിയുടെ ജീവിതംകൊണ്ടു് ലോകത്തിന് എന്തുപകാരമാണുള്ളതെന്നാലോചിക്കുക.

നിൎമ്മലൻ—ഗുരോ! ഭവാൻ പറഞ്ഞതു ഞങ്ങൾക്കു മനസ്സിലായി. എന്നാൽ ശാസ്ത്രവും സന്യാസവും തമ്മിൽ എന്തു ബന്ധമാണുള്ളതെന്നു് അരുളിയാൽ നന്നായിരുന്നു. യോഗിയെക്കൊണ്ടു ലോകത്തിനു് എന്താവശ്യമാണുള്ളതു്?

ഗുരു—നീ അതു ചോദിക്കുമെന്നു ഞാൻ അറിഞ്ഞു. ശാസ്ത്രകാരനു ലോകത്തിൽ അറിയാൻ കഴിയുന്ന പദാൎത്ഥങ്ങൾ പരിമിതങ്ങളാണു്. അയാൾക്കു തന്റെ മാംസചക്ഷുസ്സുകൾകൊണ്ടും നിരീക്ഷണംകൊണ്ടും മററു ഇന്ദ്രിയങ്ങൾകൊണ്ടും അറിവാൻ കഴിയുന്ന പദാൎത്ഥങ്ങളെപ്പററി മാത്രം ആലോചിക്കുവാനും വിശ്വസിക്കുവാനും സാധിക്കുന്നു. കാണാൻ വയ്യാത്തതിനെ അയാൾ വിശ്വസിക്കുന്നില്ല. ശാസ്ത്രകാരന്റെ നിയമം എപ്പോഴും അവിശ്വസിക്കുകയെന്നതാണു്. എന്നാൽ ലോകം തന്നെ പ്രകൃതി ബാഹ്യവും പ്രകൃതി രഹസ്യവുമാണെന്നു് അയാൾ കരുതുന്നില്ല. ബാഹ്യമായവയെ ഉൾക്കൊള്ളുവാൻ അയാളുടെ ഉപകരണങ്ങൾക്കു കഴിയുമെന്നു വരാം. പക്ഷെ കണ്ണിനു കാണാൻ കഴിയാത്തതും ചെവിക്കു കേൾക്കുവാൻ വയ്യാത്തതും ഉപകരണംകൊണ്ടു തൂക്കി നിൎണ്ണയിക്കപ്പെടുവാൻ സാദ്ധ്യമല്ലാത്തതും ആയ അനേകം പദാൎത്ഥങ്ങൾ ലോകത്തിൽ സ്ഥിതി ചെയ്യുന്നുണ്ടു്. അവയെപ്പററി അറിയുന്നതിനു യോഗിയുടെ ജ്ഞാനത്തിനു മാത്രമേ സാധിക്കുന്നുള്ളു. ബാഹ്യമായവയെ പററി ശാസ്ത്രകാരൻ ബാഹ്യേന്ദ്രിയങ്ങൾ കൊണ്ടറിയുന്നു; രഹസ്യമയമായവയെ പററി യോഗി അന്തരേന്ദ്രിയങ്ങൾ കൊണ്ടു മനസ്സിലാക്കുന്നു. ആ സ്ഥിതിക്കു ശാസ്ത്രകാരൻ അളന്നും തൂക്കിയും വെച്ചിരിക്കുന്ന സാധനങ്ങളുടെ വില നിൎണ്ണയം ചെയ്യുവാൻ യോഗിക്കു മാത്രമേ കഴിയുന്നുള്ളൂ. അതുകൊണ്ടു തപോധനന്മാരായ സന്യാസികളുടെ ആവശ്യം ലോകത്തിനുണ്ടെന്നു ഞാൻ പറഞ്ഞതു്. ലോകരഹസ്യങ്ങളെ അറിഞ്ഞു ലോകരെ ധരിപ്പിക്കുന്നതിൽ സന്യാസിയുടേയും ലോകരഹസ്യങ്ങളെപ്പററി അറിയുന്നതിൽ ലോകത്തിന്റേയും വിജയം സ്ഥിതി ചെയ്യുന്നു. അതുകൊണ്ടു കേവലം മുക്തിക്കു വേണ്ടി മാത്രം സന്യാസിയായിത്തീരുന്നതിൽ വലിയ മഹത്വത്തിനു് അവകാശമില്ല.

നിൎമ്മലൻ—ഗുരോ! അവിടുന്നു് അരുളിയതു വ്യക്തമായി മനസ്സിലായി. എന്നാൽ ഇഹലോക വിശിഷ്ടന്മാരായ ആത്മജ്ഞാനികൾ ഇപ്രകാരം ലോകത്തിൽ പ്രചരിക്കയാണിന്നു പകരം ജനം ദുൎവ്വാരം

അപ്രവൃത്തിയിൽ തന്നെ ചിലവഴിക്കയല്ലേ ചെയ്തിട്ടുള്ളൂ? ആത്മജ്ഞാനംസിദ്ധിച്ചവർ ലോകത്തിൽ ഇറങ്ങിയാൽ അവർ ലോകവ്യാപാരങ്ങളിൽ ഇടപെട്ട സിദ്ധിയെ ഹനിക്കയല്ലേ ചെയ്യുന്നതു്!

ഗുരു—നിർമ്മലാ! നിന്റെ യുക്തി അഭിനന്ദനീയം തന്നെയാണ്. പക്ഷെ നിനക്കു തെറ്റുപറ്റിപ്പോയി. പുരാതന ഭാരതത്തിലെ ആർഷഋഷികൾ ജ്ഞാനസമ്പാദനാർത്ഥം ഒരു കാട്ടിലോ ഗുഹയിലോ പോയി ഇരുന്നതായി അറിയുന്നില്ല. വസിഷ്ഠൻ, വിശ്വാമിത്രൻ, കാശ്യപൻ, കണ്വൻ, ശുകൻ, ശുക്രൻ, നാരദൻ തുടങ്ങിയ മഹർഷിമാരെല്ലാം, സിദ്ധിക്കുശേഷം ലോകത്തിലിറങ്ങി സൂര്യചന്ദ്രവംശ രാജാക്കന്മാരുടെ കുലഗുരുക്കളായി, ജനസംബന്ധമായ കാര്യങ്ങളിൽ കൂടിയും ഇടപെട്ട വേണ്ട ഉപദേശങ്ങൾ ചെയ്തിട്ടുള്ളതായിട്ടല്ലേ നാം അറിയുന്നതു്. അവർ ലോകത്തിൽ ഇറങ്ങി പലതും പ്രവർത്തിച്ചിട്ടുള്ളതായും വേദം, ശാസ്ത്രം, പുരാണം എന്നിത്യാദി ഗ്രന്ഥങ്ങളെ നിർമ്മിച്ചു ലോകർക്കു നൽകിയിട്ടുള്ളതായും നാം ഇന്നും അറിയുന്നില്ലേ? ഇതിനും പുറമേ അന്നത്തെ ലോകസ്ഥിതി ഇന്നുള്ളതിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ ഇന്നത്തെ പോലെ അവരുടെ ആവശ്യം ലോകത്തിന് അനുപേക്ഷണീയമായിരുന്നില്ല. ഇനി നിന്റെ രണ്ടാമത്തെ സംശയത്തെപ്പറ്റി ആലോചിക്കാം. യഥാർത്ഥമായ രീതിയിൽ ആത്മജ്ഞാനം സിദ്ധിച്ചവർ ലോകത്തിൽ ഇറങ്ങിയാൽ ജ്ഞാനം നശിക്കുന്നില്ലേ എന്നാണല്ലോ നിന്റെ സംശയം! ഇതു് അടിസ്ഥാനരഹിതമാണ്. തൈര് കടഞ്ഞു വെണ്ണ എടുക്കുന്നതിനെ വിചാരിക്കുക. ആ വെണ്ണ തൈരിൽ തന്നെ വീണ്ടും ഇടുന്നതായാൽ അതു തൈരിൽ ലയിക്കുന്നതായി അറിയുന്നുണ്ടോ? ഇതുപോലെ ലോകജീവിതമാകുന്ന ക്ഷീരത്തിൽനിന്നും യോഗമാകുന്ന മത്തുകൊണ്ടു മഥനം ചെയ്തു ആർജ്ജിച്ചിട്ടുള്ള ജ്ഞാനപ്രിയമാകുന്ന വെണ്ണ വീണ്ടും ലോകവ്യാപാരത്തിൽ കിടന്നാൽ, അതു നശിച്ചുപോകുന്നില്ലെന്നു നീ മനസ്സിലാക്കുക. ഒരു പക്ഷെ എത്രകാലം അതിൽതന്നെ വർത്തിച്ചാൽ അതിന്റെ പരിശുദ്ധിയുടെ കുറെശെ നശിച്ചുപോയെന്നു വരാം. എന്നാൽ അതിനെ വീണ്ടും ശുദ്ധമാക്കുവാൻ സാധിക്കുമെന്നു വിചാരിക്കുക

നിർമ്മലൻ — ഗുരോ! മുക്തിയുടെ ആവശ്യമെന്താണ്? ഈ ലോകത്തിൽ ഉള്ളതെല്ലാം സർവ്വേശ്വരന്റെ അധീനമല്ലേ? ജീവാത്മാവ് പരമാത്മാവിന്റെ അംശമായിരിക്കുന്ന കാലത്തോളം മഹാപ്രളയത്തിനുശേഷം സർവ്വലോകവും ഏകനിൽതന്നെ ലയിക്കയില്ലേ? ആ സ്ഥിതിക്ക് മുക്തികൊണ്ട് എന്തുതന്നെ സാധിക്കുവാനുണ്ട്? നാശമില്ലാത്ത ആത്മാവിന് മുക്തിയെന്തിനാണ്? അഥവാ ദേഹത്തിനാണോ മുക്തി? നശ്വരമായ ദേഹം മുക്തിക്ക് അനർഹവുമല്ലേ? നമ്മുടെ സ്വന്തമല്ലാത്തതിന് നാം മുക്തി സമ്പാദിച്ചുകൊടുക്കേണ്ട ആവശ്യമെന്താണ്?

ഗുരു — നിന്റെ ചോദ്യം സന്ദർഭോചിതമായിരിക്കുന്നു. മുക്തിയുടെ ആവശ്യം മനുഷ്യനല്ലാ. അതിന്റെ ആവശ്യം ദൈവത്തിനാണ്. ക്ലേശങ്ങളെന്നും സുഖമെന്നും പറയുന്നതെല്ലാം ഈശ്വരലീലയാണ്. ലയം മുക്തിയാണെന്ന് നീ ധരിക്കരുത്. പ്രളയത്തിനുശേഷം ഏകനായിരിക്കുന്നതിൽ ലയം പ്രാപിക്കുന്നത് ജീവാത്മാവാണ്. ആ ജീവാത്മാവിനു ശാശ്വതമായ പുണ്യാർജ്ജനം സാധിച്ചില്ലെങ്കിൽ വീണ്ടും ആ ലോകത്തിൽതന്നെ വരാതെ കഴികയില്ല. എന്നുമാത്രമല്ല, മുക്തിയെന്നു പറയുന്നതു ശാശ്വതമായിത്തന്നെ ഏകനോടു ചേരുന്ന അവസ്ഥയാണ്. അതുകൊണ്ട് മുക്തിക്ക് ആവശ്യം ലോകത്തിൽ എല്ലാവർക്കും ഉണ്ട്. ലയത്തിനുവേണ്ടി ആരും ശ്രമിക്കേണ്ട ആവശ്യമില്ല. പക്ഷെ ലയം ശാശ്വതമല്ല. മുക്തിക്കു ശേഷം ജന്മമുണ്ടാകുന്നില്ലെങ്കിലും ലയത്തിനു ശേഷം ജന്മമുണ്ട്. മുക്തിയാണു പരമാനന്ദപദം. ആ പ്രകാരമുള്ള പരമാനന്ദസ്ഥിതിയാണു എല്ലാവരും ആഗ്രഹിക്കേണ്ടതു്.

നിർമ്മലൻ — ഗുരോ! അവിടുന്ന് അരുളിയതെല്ലാം നന്നായി. അവിടുന്നു ഹിന്ദുമതത്തിൽ മാത്രമേ വിശ്വസിക്കുന്നുള്ളു?"

നിർമ്മലന്റെ വാക്കുകൾകേട്ടു പൊട്ടിച്ചിരിച്ചുകൊണ്ടു ഗുരു പറഞ്ഞു തുടങ്ങി. "നിർമ്മലാ! നീ ശുദ്ധൻ തന്നെയാണ്. ഞാൻ ഹിന്ദുമതം എന്നു മനസ്സിലാക്കിയിട്ടുള്ളതു് ബ്രഹ്മാ, വിഷ്ണു, ശിവൻ എന്നോ ക്ഷേത്രവിഗ്രഹം എന്നോ ഉള്ള പഴമൊഴികൊണ്ടു വിവക്ഷിക്കുന്ന നാനാർത്ഥമല്ല. ഞാൻ എല്ലാ മതങ്ങളിലും ഉള്ള നല്ലഭാഗങ്ങളെ സ്വീകരിച്ചു വിശ്വസിക്കുന്നു. ഏതു മതത്തിലുമുള്ള അനേക തത്വങ്ങളുണ്ട്. അവയെല്ലാംതന്നെ വിശ്വസിക്കേണ്ടതു് യഥാർത്ഥജ്ഞാനിയുടെ കടമ

യാണ്. സർവ്വേശ്വരന്റെ സൃഷ്ടിയിൽ ഞാൻ യാതൊരു ഭേദവും കാ
ണുന്നില്ല. ഹൈന്ദവമതവും ക്രിസ്തുമതവും ഒരുപോലെ വിശിഷ്ടമാണ്.
ഞാൻ രണ്ടിലും വിശ്വസിക്കുന്നു. എല്ലാമതങ്ങളിലും സ്വീകരിക്കേ
ണ്ട ഭാഗങ്ങൾ സ്വീകരിക്കുന്നു. അല്ലാത്തതിനെയെല്ലാം പരിത്യജിക്കു
ന്നു. ഞാൻ സ്വീകരിക്കുന്നതെല്ലാം എന്റെ മതം തന്നെയാണ്. പരി
ത്യജിക്കുന്നതെല്ലാം അന്യന്മാരുടെ മതവുമാണ്. മതം എന്നു വെ
ച്ചാൽ തന്നെ ശാന്തിയെന്നാണ് അർത്ഥം. ശാന്തിയില്ലാത്ത യാതൊ
ന്നും മതമല്ല. മതത്തിനു നാശവും ഇല്ല. നാശമില്ലാത്തതു ഏക
മാണ്.

നിർമ്മലൻ — എന്തുകൊണ്ടാണ് മതം ശാശ്വതമായിരിക്കുന്നതെന്നു എ
നിക്കു മനസ്സിലായില്ല.

ഗുരു — മതം ആത്മാവിനെ സംബന്ധിക്കുന്നതാണ്. ആത്മാവിനെ
സംബന്ധിക്കുന്നതെല്ലാം ആത്മാവോടുകൂടി തന്നെ നശിക്കുന്ന
തേയുള്ളൂ. അതുകൊണ്ടാണ് മനുഷ്യന് ബാഹ്യാഡംബരങ്ങ
ളൊന്നും തന്നെ ഇല്ലാത്തതു്. ബാഹ്യത്തെ സംബന്ധിക്കാത്തതു് മി
ക്കപ്പോഴും ആഭ്യന്തരത്തെ സംബന്ധിക്കുന്നതാണ്.

ഇപ്രകാരം ശാന്താന്തരങ്ങളിലുള്ള ആത്മവിദ്യാബോധത്തിൽ ഗുരു
പാദരും ശിഷ്യപ്രധാനന്മാരും കുറച്ചുനേരംകൂടി ചിലവഴിച്ചു. അവരു
ടെ ദിവ്യസംഭാഷണത്തിൽ പങ്കുകൊള്ളുന്നതുപോലെ പ്രകൃതിയുടെ
ഓരോ ഭാഗവും പ്രശാന്തമായിരുന്നു. ഹാ! ദിവ്യാശ്രമമേ! ലൌകിക
ജീവിതത്തിന്റെ മററ് ഉൽകൃഷ്ടമാക്കുന്ന ശാണോപലം ആരു അ
വിടെ പ്രവേശിക്കുന്നു. ഇതിൽ കൂടുതൽ എന്താണ് — എന്തൊരു
പുണ്യമാണു കൈവശമുള്ളതു്! തന്റെ അദ്ധ്യാത്മസംഭാഷണം
കഴിഞ്ഞശേഷം ഗുരുപാദർ നദിയിലേക്കു നിർമ്മലനെയൊരുമിച്ചു സ്നാന
ത്തിനായി യാത്രയായി. ഗുരുപാദരുടെ പ്രേമധാമമായിരുന്ന ആ
ശിഷ്യോത്തമനോടു തന്റെ എല്ലാ സംഗതിയും വെളിവായിപ്പ
റയുന്നതിന് അദ്ദേഹത്തിനു മടിയുണ്ടായിരുന്നില്ല. അദ്ദേഹം നദി
തീരത്തിൽവെച്ചു നിർമ്മലനോടു ഇപ്രകാരം പറഞ്ഞു:—

“ഞാൻ നാളെത്തന്നെ ഇവിടെനിന്നു പോകണമെന്നു വിചാ
രിക്കുന്നു. ഭാർഗ്ഗവിയിൽനിന്നും രണ്ടു കത്തുകൾകൂടി ലഭിക്കേ
ണ്ടതായിട്ടുണ്ട്. ഇതിനും പുറമെ പ്രഭാകരസിംഹനെ പററി ചില
വിവരങ്ങൾ ഗ്രഹിക്കാനുമുണ്ടു്. നമ്മുടെ താമസസ്ഥലം തേടിപ്പിടി
ക്കുന്നതിനു ചക്രവർത്തി ചെയ്തുവരുന്ന ശ്രമങ്ങൾ സഫലമായതിനാൽ ഉ

ടന്ന് തന്നെ നിങ്ങളെപ്പോലുള്ള ഇവിടെനിന്നും മാറിത്താമസിക്കണം. ഞാൻ ... പ്രത്യേകസ്ഥലങ്ങൾ കണ്ടിട്ടുണ്ട്. കുമാരസേനന് എന്നെ പറ്റി വിശ്വാസമില്ല. അതിനു കാരണങ്ങളുണ്ട്. എങ്കിലും ചക്രവർത്തി അയാളെ ഭരമേല്പിച്ചിട്ടുള്ള സംഗതികൾക്കായി ശ്രമിക്കാമെന്നും, ഞാൻ തെളിവുകൾ കൊടുത്തുകൊള്ളാമെന്നും അയാളെ അറിയിച്ചിട്ടുണ്ട്. ഞാൻ അയാളോടും സംഗതികളൊന്നും വ്യക്തമായിപ്പറഞ്ഞിട്ടില്ല. ആനന്ദസിംഹ് ആരാണെന്നു നിങ്ങൾക്കറിഞ്ഞുകൂടാ. അതെല്ലാം താമസിയാതെ വ്യക്തമായിക്കൊള്ളും. എന്നാൽ നിന്നോടു ഞാൻ മറ്റൊരു സംഗതികൂടിപ്പറയട്ടെ. ചക്രവർത്തിക്ക് ഇനി അധികകാലം ലൌകികസുഖങ്ങളുണ്ടോ എന്ന സംശയമാണ്. എനിക്കും അപ്രകാരംതന്നെ കുറച്ചു ദിവസങ്ങളായി എനിക്ക വളരെ മനഃസ്വാസ്ഥ്യം ഉണ്ട്. എന്തായാലും ഉൽകൃഷ്ട സംഗതികളൊന്നുംതന്നെ ക്ലേശങ്ങൾ കൂടാതെ ലോകത്തിൽ സാധിച്ചിട്ടില്ലാത്തതിനാൽ ഞാൻ വളരെ സമാധാനിക്കുന്നുണ്ട്." ഗുരുവിന്റെ ഈ വാക്കുകൾ കേട്ടപ്പോൾ ശിഷ്യന വളരെ സങ്കടമായെന്നോ യല്ല. അദ്ദേഹത്തെ ബോധിപ്പിച്ചതും ഗുരുപാദരുടെ സമാധിയെപ്പറ്റി പറഞ്ഞതായിരുന്നു. നിർമ്മലന്റെ കോമളമായ വദനകമലത്തിൽ ബാഷ്പം പ്രവഹിക്കുന്നതായി കണ്ട് സംഗതിമനസ്സിലാക്കിയ ഗുരു അദ്ദേഹത്തെ ഇപ്രകാരം സമാധാനപ്പെടുത്തി.

"നിർമ്മലാ! ആത്മജ്ഞാനം സമ്പാദിച്ച സംസൃതിയുടെ സുഖങ്ങളെല്ലാംതന്നെ മിത്ഥ്യയാണെന്ന് അറിഞ്ഞിട്ടുള്ള ബ്രാഹ്മണർ കേവലം ലൌകികന്മാരെപ്പോലെ മരണത്തിൽ ഭയപ്പെടുന്നുണ്ടെങ്കിൽ ഗുരുപാദർക്ക് എന്തു ചാരിതാർത്ഥ്യമാണുള്ളത്? ഇത്രയും നാൾ നീ അഭ്യസിച്ചതെല്ലാം മിത്ഥ്യയായിത്തന്നെ കഴിഞ്ഞു. നീ മൂഢനായിത്തന്നെ സ്ഥിതിചെയ്യുന്നുവെങ്കിൽ നീയും ഞാനും ഒരുപോലെ പാപികളായിത്തീരുമല്ലോ. കഷ്ടം നിന്റെ ജ്ഞാനം—" ഇത്രയും പറഞ്ഞ് ഗുരു വിരമിച്ചപ്പോൾ നിർമ്മലൻ കണ്ണീർ തുടച്ചു ഗുരുപാദരുടെ പാദങ്ങളിൽ സാഷ്ടാംഗം പ്രണാമംചെയ്തു. "ഗുരോ ചാപല്യം പൊറുക്കണം" എന്ന് അഭ്യർത്ഥിച്ചു. ജ്ഞാനിയായ ഗുരു ശിഷ്യനെ അനുഗ്രഹിച്ചു സമാധാനപ്പെടുത്തുകയും ചെയ്തു.

ഇരുപത്തൊന്നാം അദ്ധ്യായം

ഭാരതത്തിൽ ഉത്സവഘോഷം ഉണ്ടായിട്ടുള്ളതു് ഏതുപ്രകാരമാണെന്നു് ഇനി ശരിയായി അറിയുന്നവർ വളരെ ചുരുക്കമാകുന്നു. മതവും ഉത്സവാഘോഷവും തമ്മിൽ എന്തോ ഒരു ബന്ധമുണ്ടെന്നു എല്ലാവർക്കും അറിയാം. എന്നാൽ ഉത്സവാഘോഷത്തിന്റെ ഉദ്ദേശമെന്താണെന്നും, അതു ആദ്യമായി ആവിർഭവിച്ചതെങ്ങിനെയാണെന്നും ചരിത്രവ്യക്തമായി പറയുന്നില്ല. പക്ഷെ അശോകചക്രവർത്തിയുടെ കാലത്തു ഭാരതത്തിൽ പ്രചരിച്ചിരുന്ന ബുദ്ധമതത്തിന്റെ ഒരു ചടങ്ങായിട്ടാണ ആദ്യം ഉത്സവാഘോഷം ഉണ്ടായിട്ടുള്ളതെന്നു ഒരു അഭിപ്രായമുണ്ടു്. ഈശ്വരപ്രീതിക്കുവേണ്ടി ഉത്സവം നടത്തുന്നതു അസംബന്ധവും ഉപേക്ഷണീയവുമായ ഒരു കൃത്യമാണെങ്കിലും, ഭക്തിയെ ഉത്തേജിപ്പിക്കുന്നതിനും വിശ്വാസത്തെ ഉളവാക്കുന്നതിനും, മറ്റും ഉത്സവാഘോഷം വളരെ സഹായിക്കുന്നുണ്ടു. ഇന്നത്തെ ഉത്സവങ്ങളെല്ലാംതന്നെ പരിശുദ്ധമായ ഉദ്ദേശത്തിനും, ആദർശത്തിനും വിപരീതമായിട്ടാണു നാം അറിയുന്നതു്. ബാലികാബാലന്മാരെ ആഡംബരപ്രിയമുള്ളവരാക്കി ദുർവൃത്തികളിൽ പ്രവേശിപ്പിക്കുന്നതിനും, ധനത്തെ അനാവശ്യമായി വ്യയംചെയ്യുന്നതിനും അദൃശ്യങ്ങളായ മറ്റനേകം ആപത്തുകളെ ക്ഷണിച്ചുവരുത്തുന്നതിനും മാത്രമാണു് ഇന്നത്തെ ഉത്സവാഘോഷങ്ങൾ ഏറിയകൂറും സഹായിക്കുന്നതു്. എന്നാൽ പുരാതന ഉത്സവാഘോഷങ്ങൾ ഇപ്രകാരം ലോകരെ അധഃപതിപ്പിച്ചിട്ടുണ്ടോ എന്നു സംശയമാണു്. അശോകന്റെ കാലത്തു നടത്തപ്പെട്ടിരുന്ന മഹോത്സവാഘോഷം അതിൽ പിന്നീടു ഹർഷന്റെ കാലംവരെ "മഹായാനം" എന്ന പേരിൽ ഭാരതമൊട്ടുക്കു സ്വീകരിച്ചിരുന്നതായി നാം അറിയുന്നുണ്ടു. ഹർഷന്റെ കാലത്തു ഉത്സവം പരിഷ്കരിക്കപ്പെടുകയും, അദ്ദേഹം ഒരു ഹിന്ദുചക്രവർത്തി ആയിരുന്നതിനാൽ മഹായാനത്തെ മെച്ചപ്പെടുത്തി ഹീനായനം ആരംഭിക്കയും ചെയ്തു. അതിനുശേഷം ഭാരതസാമ്രാജ്യത്തെ വിഭിന്നമതാവലംബികളായ പല ചക്രവർത്തിമാരും ഭരിച്ചിരുന്നെങ്കിലും ഉത്സവാഘോഷത്തിന പറയത്തക്ക ഉടവുകളൊന്നും സംഭവിച്ചിട്ടില്ല. ഇന്നും ഉത്തരഭാരതത്തിൽ അശോകചക്രവർത്തിയുടെ കാലത്തു് ആഘോഷിക്കപ്പെട്ടിരുന്ന മഹോത്സവത്തിന്റെ സ്മാരകമായി പല ആഘോഷങ്ങളും നിലനിന്നുപോരുന്നുണ്ടു. അക്ബർചക്രവർത്തി മഹമ്മദ്മതത്തെ പ്രബലീകരി

ക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും മററു മതങ്ങളിലുള്ള ആഘോഷ ങ്ങൾ എല്ലാംതന്നെ പൂർവ്വാധികം മോടിയോടുകൂടി നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. മഹോത്സവത്തിലും മററും ചക്രവർത്തിക്കു പ്രത്യേകസന്തോഷമുണ്ടായിരുന്നു. തന്മൂലം ആവക ഉത്സവങ്ങളെല്ലാംതന്നെ ശരിയായി നടത്തിക്കയും, അതിലെല്ലാം ഒരു ഹിന്ദുവിനെപ്പോലെതന്നെ അദ്ദേഹം ഭാഗഭാക്കാകുകയും ചെയ്തു.

അനേകവർഷക്കാലമായി ആഗ്രായിൽ പ്രതിവത്സരം ആഘോഷിക്കപ്പെടാറുള്ള മഹോത്സവം ചൈത്രമാസത്തിൽ, പൌർണ്ണമിനാളായിരുന്നു, കൊണ്ടാടാറുള്ളത്. ഉത്സവം പത്തുദിവസം ആഘോഷിക്കപ്പെടാറുണ്ടെങ്കിലും അവസാനദിവസങ്ങളിൽ ചക്രവർത്തിയും പരിവാരങ്ങളുംമററും ആഘോഷത്തിൽ പങ്കുകൊണ്ടിരുന്നു. അവസാനദിവസം പൌർണ്ണമിയാണെന്ന് പ്രസ്താവിച്ചല്ലൊ. അന്നേദിവസം തെരുവുകളെല്ലാം രാജകീയവും ദൈവികവുമായ ആഡംബരങ്ങളാൽ പ്രശോഭിക്കും; കച്ചവടക്കാരും, വ്യവസായികളും, ഉദ്യോഗസ്ഥന്മാരും, ബാലന്മാരും, വൃദ്ധന്മാരും, സ്ത്രീകളും പുരുഷന്മാരും, ജൈനന്മാരും, ബുദ്ധന്മാരും, ഹിന്ദുക്കളും മഹമ്മദന്മാരും—എല്ലാം—ജാതിഭേദമോ, നിലഭേദമോ ഗണിക്കാതെ ഉത്സവാഘോഷത്തിൽ സോല്ലാസം പങ്കുകൊള്ളും; അക്രമങ്ങൾകൂടാതെ ഇക്കാലത്ത് ഉത്സവങ്ങൾ ശരിയായി നടക്കാറില്ലെങ്കിലും, അന്ന് അവയൊന്നുംതന്നെ കൂടാതെ ഉത്സവം "കേമമായി" കൊണ്ടാടുക പതിവുണ്ട്.

ഇതാ! ഇന്ന് ചൈത്രപൌർണ്ണമിയാണ്. പ്രഭാതത്തിൽതന്നെ ആഗ്രാപട്ടണത്തിന്റെ "മട്ടും മാതിരി"യും മാറിയിരിക്കുന്നു. കമ്പോളങ്ങളെല്ലാംതന്നെ അകക്കാമ്പു കമ്പിക്കുമാറ് വെമ്പലും ഇരമ്പലും കൊണ്ട്, തിക്കും തിരക്കുംകൊണ്ട്, മുക്കിലുംമൂലയിലും കൂടി ശബ്ദപ്രവാഹത്തെ പ്രതിരോധിക്കാതെ പ്രവഹിപ്പിച്ചു. തോരണരാജികൾ, പുഷ്പങ്ങൾ, ചിത്രങ്ങൾ, തെപ്പാവകൾ മുതലായവകൊണ്ടു തെരുവുകൾ വിരാജമാനമായ് പ്രകാശിച്ചു. ആഗ്രാക്കോട്ടയുടെ പൂർവ്വഭാഗത്തുള്ള ഗോപുരത്തിൽനിന്നും യമുനാതീരംവരെയുള്ള രാജപാതകളുടെ അതിർത്തി നിർണ്ണയം ചെയ്യുമാറു പതാകകൾ, ഇരുപാർശ്വങ്ങളിലും പരിരമ്യമായി പരിലസിച്ചു പാറിപ്പറക്കുന്നു. അഥവാ, ആഗ്രായിലെ രാജപാതകളുടെ അട്ടത്തിന്നാൾ ഇന്നുതന്നെയാണ്! ഇന്നു മറെറാരു വിശേഷംകൂടിയുണ്ട്. അക്ബർചക്രവർത്തി സിംഹാസനാരൂഢനായശേഷം ഇതാ നാല്പത്തിനാലാമത്തെ വർഷം പൂർത്തിയാകുന്നതു ഇന്നേദിവസമാണ്. അതുകൊണ്ടും മഹോത്സവത്തിന് വൈശിഷ്ട്യമുണ്ടെന്ന് സമ്മതിക്കാതെ തരമില്ല.

ഇന്നത്തെപ്പോലെ ഉത്സവാദികൾ അന്ന് ആഘോഷിക്കപ്പെട്ടിരുന്നില്ലെന്നു പറഞ്ഞുവെങ്കിലും, പ്രസ്തുതദിവസം അഗ്രാസനമി ഉത്സവത്തിൽ ഭംഗിയായി പങ്കുകൊള്ളുന്നുണ്ടായിരുന്നു. ആ വിശ്രമവേളയെ സോത്സാഹം ചിലവഴിക്കുന്നതിന് അന്യദേശങ്ങളിൽനിന്നും ആഗതരായിട്ടുള്ളവർ വാദ്യഘോഷാദ്യാഡംബരങ്ങളാൽ ശ്രോത്രമനോഹരമായി, തെരുവുകളിൽകൂടി കൂട്ടംകൂട്ടമായി ചരിക്കുന്നു. തോരണങ്ങൾ വിരിച്ച് അടയാളപ്പെടുത്തിയിട്ടുള്ളതു കണ്ടാൽ ഉത്സവാഘോഷം തെരുവുമുതൽ നദീതീരംവരെ ഉണ്ടായിരിക്കുമെന്ന് ഊഹിക്കുവാൻ വിഷമമില്ല. നദീതടത്തിൽ പ്രത്യേകം പന്തലുകളും മണിമന്ദിരങ്ങളും ഭംഗിയായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ചക്രവർത്തിക്കും പരിവാരങ്ങൾക്കും വിശ്രമിക്കാനുള്ള പ്രത്യേകമന്ദിരങ്ങളും വിശാലമായും വിദ്യോതിതമായും വിലസുന്നു. നിർമ്മലമായ നദീജലത്തിൽ, കെട്ടിടങ്ങളും അവിടെ കൂടിയിരിക്കുന്ന ആൾക്കൂട്ടവും എല്ലാം പ്രതിഫലിക്കുന്ന ഛായയെ ഇളക്കുവാൻ ഒരു ഓളംപോലും അവിടെ ഉണ്ടാകുന്നില്ല. ഗംഭീരമായ ഭേരീനാദവും, കർണ്ണമധുരമായ സംഗീതധാരയും, ആൾക്കൂട്ടത്തിന്റെ ഇരമ്പലും, ഭടാവലിയുടെ പടഹധ്വനിയും, കയൽമിഴിമാരുടെ കയിൽമൊഴികളും, പുരോഹിതന്മാരുടെ ആശംസാഗീതങ്ങളും, ആചാര്യന്മാരുടെ മന്ത്രോച്ചാരണങ്ങളും, മാന്ത്രികന്മാരുടെ മന്ത്രശബ്ദവും – എല്ലാം – ഒന്നിച്ച് സംയോജിച്ച് അഗ്രാസനത്തിന്റെ ഉപരിയുള്ള വായുമണ്ഡലത്തിൽ മാറ്റൊലിക്കൊണ്ടു ലയിക്കുന്നു. നദീതടത്തിൽ ഒരുഭാഗത്തു ബുദ്ധാചാര്യന്മാരുടെ ശാസനാസമയത്തോടുകൂടിയ ധർമ്മപ്രസംഗങ്ങളും, മറ്റൊരുഭാഗത്തു മഹാജ്ഞാചാര്യന്മാരുടെ കഥിക്കുന്ന കഥാപാരായണങ്ങളും, വേറൊരിടത്തു, വിപ്രപുരോഹിതന്മാരുടെ സ്വസ്തിവചനങ്ങളും ഇടവിടാതെ മുഴങ്ങുന്നുണ്ട്. ഇപ്രകാരമെല്ലാം ഉത്സവബഹളങ്ങൾ നാവിനെ എവിടേയും ഉണ്ടായിരുന്നെങ്കിലും ഇന്ന ഒരു സ്ഥലത്തും കാണുവാൻ കഴിയാത്ത "അക്രമാധിക്യം" ശരാപികളിയാടിക്കൊണ്ടിരുന്നുവെന്നു പറയാം. "പോട്ടാളുകാരുടെ മുകളിൽ മുട്ടലോ," പരിഷ്കൃതികളുടെ അസഭ്യപ്രലപനമോ, കള്ളന്മാരുടെ തക്കം നോക്കലോ, കാമുകികളുടെ കള്ളപ്പുഞ്ചിരിയോ, വഞ്ചകന്മാരുടെ പഞ്ചാരവാക്കുകളോ സമാധാനപരിപാലകന്മാരുടെ പിടിച്ചുപറിക്കലോ," ഒന്നുംതന്നെ അവിടെ ഉണ്ടായിരുന്നതായി പ്രത്യക്ഷപ്പെട്ടില്ല. ഭാരതമഹിഷ്ഠ ജനപദങ്ങളെ നാനാപ്രകാരത്തിലും ദ്രോഹിപ്പിക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനും, ഉൽ

കഷ്ടപ്പെടുത്തുന്നതിനും വേണ്ട സകലസാമഗ്രികളും അവിടെ ഉണ്ടായിരുന്നു.

അന്നേദിവസം ഉദ്ദേശം നാലുനാഴിക പകലായപ്പോൾ പട്ടണത്തിന്റെ പ്രധാന തെരുവിൽനിന്നും നദീതടത്തിലേക്ക് ഘോഷയാത്ര ആരംഭിച്ചു. ഉത്തമന്മാരായ ഹസ്തികളുടെ മസ്തകത്തിൽ ഭംഗിയായി ആഭരണാംബരംകൊണ്ട് അലങ്കരിച്ച ബുദ്ധന്റേയും മററും വിഗ്രഹങ്ങൾ എഴുന്നള്ളിക്കുകയും, രഥങ്ങൾ അലങ്കരിച്ച് അവയിലും വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കയും മഹോത്സവത്തിന്റെ പ്രധാന ചടങ്ങുകളായിരുന്നു. പട്ടണത്തിന്റെ ഒരു പ്രധാനഭാഗത്തുനിന്നും ആരംഭിച്ച മഹോത്സവത്തിൽ പങ്കുകൊള്ളാത്തവരായി ആഗ്രാനിവാസികളിൽ ആരുംതന്നെ ഉണ്ടായിരുന്നില്ല. ആബാലവൃദ്ധം ആപാകേസ്സം വിശേഷവസ്ത്രാഭരണങ്ങളാൽ അലംകൃതരായി മഹോത്സവത്തിൽ തങ്ങൾക്കുള്ള ഉല്ലാസത്തെ വെളിപ്പെടുത്തി. സ്വർണ്ണം വെള്ളി എന്നിവകളാൽ നിർമ്മിതങ്ങളായ പല്ലക്കുകളിൽ രാജകന്യകമാരും, പ്രഭുസ്ത്രീകളും അന്തഃപുരവാസികളായ അംഗനാരത്നങ്ങളും മഹോത്സവത്തിൽ മററൊരു ഉത്സവം എന്നതുപോലെ പ്രശോഭിച്ചു. ഉദ്ദേശം ആറുമണിയോടുകൂടി രഥവും വിഗ്രഹങ്ങളും നദീതടത്തിലെത്തി. അപ്പോൾ അവിടെ ഉണ്ടായിരുന്ന ആൾക്കൂട്ടത്തെ എണ്ണി തിട്ടപ്പെടുത്തുവാൻ സാധിച്ചിരുന്നെങ്കിൽ ആഗ്രാപട്ടണത്തിലെ ശരിയായ "കാനേഷുമാരിക്കണക്ക്" പ്രത്യക്ഷപ്പെടുമായിരുന്നു.

നദീതടത്തിന്റെ ഒരു ഭാഗത്ത്, ഈ ആഘോഷങ്ങളിൽനിന്നും മാറി ഒരു യുവതി നിൽപുണ്ടായിരുന്നു. അവളുടെ വേഷം കണ്ടാൽ അവൾ ഒരു മുസൽമാൻ സ്ത്രീയാണെന്ന് ഊഹിക്കുവാൻ ന്യായങ്ങളുണ്ടായിരുന്നു. അവൾ ആൾക്കൂട്ടത്തിൽ നിന്നെല്ലാം മാറിനില്ക്കുകയാണെങ്കിലും അവിടെ നടക്കുന്ന സകല വിശേഷങ്ങളും അവൾ അറിയുന്നുണ്ട്. അവൾ മതപ്രസംഗങ്ങൾ ശ്രദ്ധിക്കയും, വിഗ്രഹാർച്ചനകൾ കാണുകയും ചെയ്യാതിരിക്കുന്നില്ല. അവൾ ആരെയോ സോൽക്കണ്ഠം പ്രതീക്ഷിക്കുന്നുണ്ടെന്ന് അവളുടെ ഉഴറോടുകൂടിയ നോട്ടങ്ങൾ വിളിച്ചു ചൊല്ലുന്നു. ഉത്സവത്തിനക്കിൽ കടാക്ഷശസ്ത്രങ്ങളെ അരംനോക്കി പ്രയോഗിക്കുന്ന കാമിനിമാരെപ്പോലെ അവൾ "മനോച്ഛായം" പുരട്ടിയിട്ടുള്ള കൺമുനകളെയല്ല ഹൃദയരന്ധ്രത്തിൽനിന്നും മുക്തമാക്കിയതെന്ന് അവളുടെ പ്രശാന്തമായ മുഖഭാവം തെളിയിക്കാതിരിക്കുന്നില്ല. അവളുടെ നോട്ടത്തിൽ പരിഭ്രമവും [illegible]

രോപണം ചെയ്യുവാൻ നിവൃത്തിയില്ല. അഥവാ ഉത്സവബാഹുല്യത്തിൽ അബലാജനങ്ങളുടെ നോട്ടങ്ങളെ വകതിരിക്കാനോ, പട്ടികചേർത്തു നിരീക്ഷിക്കാനോ സാദ്ധ്യമല്ലെന്നു വിചാരിക്കയാണ് ഉത്തമം. ആൾത്തിരക്കിൽ അനേകം പേർ അവളുടെ അടുക്കൽക്കൂടി പോകുന്നതായി അവൾ കണ്ടുവെങ്കിലും അവരിലാരിലും അവളുടെ നോട്ടം പതിയുന്നില്ല. എന്നാൽ അതാ! അംബികാദേവിയും പരിചാരികമാരും അവിടെ ആഗതരായപ്പോൾ ആ യുവതിയുടെ നയനങ്ങൾ തൃപ്തിപ്പെട്ടതുപോലെ തോന്നുന്നു. അവൾ ദേവിയുടെ പല്ലക്കിലേക്ക സൂക്ഷിച്ചു നോക്കുന്നുണ്ട്. നദീതടത്തിലുള്ള പ്രത്യേക മന്ദിരത്തിൽ ദേവി പരിചാരികമാരോടൊത്തു കയറിച്ചെന്നപ്പോൾ, ആ യുവതി ആ മന്ദിരത്തെ ലക്ഷ്യമാക്കി പതുക്കെ പതുക്കെ നടന്നു തുടങ്ങി. അവൾ മന്ദിരത്തിന്റെ നടയിലെത്തി കുറച്ചു നേരം അവിടെ നിന്നപ്പോൾ ദേവിയുടെ ഒരു പരിചാരിക അവിടെ വരികയും, അവളോടായി, ആ യുവതി ഇങ്ങിനെ പറയുകയും ചെയ്തു. "സോദരി! ദയവുചെയ്തു നദീറ അകത്തുണ്ടെങ്കിൽ ഒന്ന് ഇവിടെ വരാൻ പറയണം. എനിക്ക് അവളെ കണ്ടാൽ കൊള്ളാമെന്നു വളരെ ആഗ്രഹമുണ്ട്."

പരിചാരിക — നദീറയെ ഇപ്പോൾ കാണുവാൻ കഴിയുമൊ എന്നു സംശയമാണ്. എങ്കിലും ഞാൻ അവളോടു വിവരങ്ങൾ പറയാം. നിങ്ങൾ ആരാണ്?

യുവതി — ഞാൻ പെഷ്‌വാറിൽനിന്നു വരികയാണ് എന്നു മാത്രം പറഞ്ഞാൽ മതി.

പരിചാരിക — ഇത്ര വളരെ ദൂരെ നിന്നു നിങ്ങൾ വന്നതെന്തിനാണ്.

യുവതി — ആ നാട്ടുകാരിയാണെന്നേയുള്ളു. എന്റെ താമസം ദില്ലിയിലാണ്. നിങ്ങൾ ഇത്രയും പറയുക."

ഇതു കേട്ട ഉടനെ ആ പരിചാരിക മന്ദിരത്തിന്റെ അന്തർഭാഗത്തേക്കു പോയി. കുറച്ചു നേരം കഴിഞ്ഞപ്പോൾ നദീറ, യുവതിയുടെ അടുക്കൽ വന്നു. അപ്പോൾ അവളുടെ മുമ്പിൽ നില്ക്കുന്നതായി കണ്ടതു് അവളുടെ സ്നേഹത്തിനും ആരാധനക്കും പാത്രമായ ഫാത്തിമയെയല്ലാതെ വേറെയാരെയുമല്ല. നദീറ ഒന്നു പൊട്ടിച്ചിരിച്ചുകൊണ്ടു ചോദിച്ചു:—

"ഷെപ്ഷ്വാർകാരി നദീറയെ അന്വേഷിക്കുന്നുവെന്നു പറഞ്ഞപ്പോൾ ഞാൻ വല്ലാതെ പരിഭ്രമിച്ചു. ഒരു പക്ഷേ ചത്തുപോയ ആയേഷ തിരിച്ചു വന്നിരിക്കാമെന്നാണ് ഞാൻ സംശയിച്ചത്. അതു കണ്ടു, ഫാത്തിമേ! നീ ഉത്സവം കണ്ടു തൃപ്തിപ്പെട്ടില്ലേ? ഇനി എന്തിനാണു ഇവിടെ നില്ക്കുന്നതു? ഞാൻ അന്നു കണ്ടു പിരിഞ്ഞതിൽ പിന്നിട്ട യാതൊരു വർത്തമാനവും അറിഞ്ഞില്ലല്ലോ? ഞാൻ അകത്തുപോയി ദേവിയുടെ അനുവാദത്തോടുകൂടി പുറത്തുവരാം. എന്നാൽ പരിഭ്രമം കൂടാതെ, സ്വൈകര്യമായി ഒരു സ്ഥലത്തുപോയി ഇരുന്നു നമ്മൾക്കു സംഗതികൾ പറയാമല്ലോ." ഇത്രയും പറഞ്ഞു നദീറ മന്ദിരത്തിനകത്തേക്കു കയറിപ്പോയി. ഏകദേശം കാൽ നാഴിക കഴിഞ്ഞപ്പോൾ നദീറ വീണ്ടും പുറത്തു വന്നു. അവർ രണ്ടു പേരും കൂടി അവിടെനിന്നും പുറപ്പെട്ടു, നദീതടത്തിൽ തന്നെ ഒരു ഒഴിഞ്ഞ മൂലയിൽ പോയി ഇരുന്നു. നദീറ ഇങ്ങിനെ പറഞ്ഞു "അന്നു ഞാൻ കുമാരസേനനെ കണ്ടു. നിന്റെ കത്തും കയ്യിൽ കൊടുത്തു. അധികം കാലതാമസം കൂടാതെ വന്നു കണ്ടു കൊള്ളാമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ടു. പക്ഷേ ചക്രവർത്തി അദ്ദേഹത്തെ ശാസിച്ചുവെന്നും മറ്റും കേൾക്കുന്നുണ്ടു. വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിതിക്കു വന്നു നിന്നെ കാണാതിരിക്കയില്ല. കുറെയൊക്കെ ക്ലേശങ്ങൾ സഹിക്കാതെ കാര്യം നടക്കുമോ?" ഇത്രയും പറഞ്ഞു നദീറ ഒന്നു പുഞ്ചിരിക്കൊണ്ടു. നദീറയുടെ വർത്തമാനം കേട്ടു രസിച്ചിരുന്ന ഫാത്തിമ പറഞ്ഞു തുടങ്ങി:—

"നീ വളരെ സമർത്ഥതയായാണ്. നിന്നെക്കൊണ്ട് ഏതെല്ലാം നിഷ്പ്രയാസം സാധിക്കുമെന്ന് എനിക്ക് അറിവുള്ളതല്ലേ? അതുകൊണ്ട് തന്നെയാണല്ലോ ഞാൻ കത്ത് നിന്റെകയ്യിൽതന്നെ ഏൽപിച്ചിട്ടുള്ളത്! പക്ഷേ നീ എന്തിനാണ് അനാവശ്യങ്ങൾ പറയുന്നത് എനിക്ക എന്തു ക്ലേശമാണുള്ളത്.

നദീറ — അതൊന്നും ഞാൻ പറഞ്ഞില്ല. ഇന്നാൾ ഒരു വലിയ ബഹളമുണ്ടായതു നീ അറിഞ്ഞില്ലേ? കാമോദരസ്വാമിയെപറ്റി നീ കേട്ടിട്ടില്ലേ? അയാൾ സോഫിയെ കഴുത്തിനുപിടിച്ചു വലിച്ചെറിഞ്ഞു. അതാ കൊട്ടാരത്തിനുള്ളിൽ നില്ക്കുന്നയാളാണ് സോഫി."
ഇത്രയും പറഞ്ഞു മന്ദിരത്തിന്റെ ഒരു ഭാഗത്ത് ചില പരിചാരികമാരുടെ കൊച്ചുവർത്തമാനവും വഹിച്ചുകൊണ്ട് നില്ക്കുന്ന സോഫിയെ നദീറ ചൂണ്ടിക്കാണിച്ചു. ഉടൻതന്നെ അവളെ സൂക്ഷിച്ചുകൊണ്ടു ഫാത്തിമ ചോദിച്ചു:—

"ഇവൾ ഏതാണ്? ഇവൾ കൊട്ടാരത്തിലെ അന്തഃപുരത്തിൽ ഉൾപ്പെട്ട ഭാഗ്യവതികളിൽ ഒരുവളാണെന്ന് തോന്നുന്നല്ലോ? പിന്നെ, കംരമാരാൻ ഇവളെ ഉപദ്രവിച്ചതെങ്ങിനെ?"

ഫാത്തിമയ്ക്കു സോഫിയെപ്പറ്റി നല്ലതുപോലെ അറിവില്ലെന്നു നസീറ കണ്ടുപിടിച്ചിട്ടാണ്. അതുകൊണ്ട് അവളെ പരിചയപ്പെടുത്തേണ്ടതാവശ്യം തന്നിൽ സ്ഥിതിചെയ്യുന്നതാണെന്നു കരുതി നസീറ പറഞ്ഞു. "അവൾ കാസിമിൻ്റെ ഭാര്യയാണ്. ഞാൻ നിൻ്റെ അടുക്കൽ നിന്നു പോന്നതിൽ പിന്നീടു താമസിച്ചതു അവളുമായൊരുമിച്ചായിരുന്നു. അവൾ കൊട്ടാരത്തിലെ ഒരു പരിചാരികയാണെന്നു ഞാൻ നിന്നോടു ഇതിനുമുൻപുതന്നെ പറഞ്ഞിട്ടുണ്ടല്ലോ.

ഫാത്തിമ — നീ എന്തു കള്ളമാണീപ്പറയുന്നതു്? അവൾ തന്നെയാണോ കൊട്ടാരത്തിലെ പരിചാരികയായ സോഫി! അവളെ കണ്ടാൽ ഒരു ചക്രവർത്തിനിയെപ്പോലെ ഇരിക്കുന്നുവല്ലോ. അവൾക്കു ഇത്രമാത്രം പ്രൗഢിവന്നതെന്തുകൊണ്ടാണ്? കണ്ടാലും അവൾ വളരെ സുന്ദരിതന്നെയാണല്ലോ.

നസീറ — അവൾക്കു സൗന്ദര്യവും പഠിപ്പും മറ്റും ഉണ്ടു. പക്ഷേ, വാസ്തവത്തിൽ അവൾ പരിചാരികമാത്രമാണ്. അവൾ നമ്മളെരണ്ടുപേരേയുംകൂടി കണ്ടുകഴിഞ്ഞാൽ ഉടൻതന്നെ ദേവിയുടെ അടുക്കൽ പല കള്ളങ്ങളും പറഞ്ഞു കേൾപ്പിക്കും. എൻ്റെ അഭിപ്രായത്തിൽ അവൾക്കു വളരെ അസൂയയുണ്ട്.

ഫാത്തിമ — അവൾക്കു നിന്നോടു അസൂയയുണ്ടോ? എന്തിനാണ് അസൂയപ്പെടുന്നതു്? പക്ഷെ എങ്ങിനെ അറിയാം. ഓരോരുത്തർ അവർ ആഗ്രഹിക്കുന്ന ഓരോ പദവി ലഭിക്കുവാൻവേണ്ടി എന്തും പ്രവർത്തിക്കാൻ മടിയുണ്ടാകയില്ല. അല്ലെങ്കിൽ പിന്നെ അയാൾ ഞങ്ങളെ ദ്രോഹിച്ചതെന്തിന്? ഇവളും ആ തരക്കാരിതന്നെയാണെന്ന് അറിഞ്ഞതിൽ ഞാൻ അൽഭുതപ്പെടുന്നു. എന്തു ചെയ്യാം? ഇപ്പോൾ ഒരു അന്വേഷണമായി.

നസീറ — അവൾ എന്നെ ദ്രോഹിക്കാൻ പലതും പ്രവർത്തിച്ചിട്ടുണ്ടു. പക്ഷേ അതൊന്നും ഇവിടെവെച്ചു പറയുവാൻ നിവൃത്തിയില്ല. പറഞ്ഞാൽ അവസാനിക്കയും ഇല്ല.

ഫാത്തിമ — ഇവളെ കണ്ടിട്ട് അതൊന്നും തോന്നുന്നില്ലല്ലോ. വെളുത്തു ചുവന്നു ഇരിക്കുന്ന ഈ മാംസപിണ്ഡത്തിനുള്ളിൽ കറുത്ത കരിങ്കല്ലുപോലെയിരിക്കുന്ന മനസ്സു ഇരിപ്പുണ്ടെന്നു വിചാരി

ഞങ്ങളെന്തിനാണ്? പറഞ്ഞ ദേവകിയെയൊക്കെല്ലാം തന്നെ ബാല്യ കാലമൊന്നല്ലേ?

നസീറ—അവരും രാജകുമാരനുമായിട്ട് വളരെ സ്നേഹമാണ്. ദേവ കി ആയമ്മയെ അറിയുമെന്ന് അദ്ദേഹത്തോട് ഗൂഢമായിപ്പറഞ്ഞതു ഞാൻ കേട്ടു.

ഫാത്തിമ—അതൊന്നു പറയുക.

നസീറ—ഇവരും പെഷ്‌വാർകാരിയാണ്. ആയേഷാ അവിടെ താമസിച്ചിരുന്നുവെന്നും പെഷ്‌വാറിൽ വെച്ച് ഒരു കിണററിൽ ചാടി മരിച്ചുവെന്നും അവരും പറഞ്ഞു.

ഫാത്തിമ—അങ്ങിനെയാണെങ്കിൽ എന്റെ ദേവിയെല്ലാം ഇതുവരെയും. പുരോഹിതന്റെ ശ്രമങ്ങളും നിഷ്ഫലങ്ങളായി.

നസീറ ഈ വാക്കുകൾ പറഞ്ഞതിനുശേഷം ഫാത്തിമയുടെ മുഖത്തിനും വളരെ മാറ്റമുണ്ടായി. ഫാത്തിമ സങ്കടപ്പെടുന്നതിനെ യറിഞ്ഞ് അവളെ രസിപ്പിക്കാനായി നസീറ ഇപ്രകാരം പറഞ്ഞു.

“ഫാത്തമേ, നിന്റെ കുമാരസേനൻ നിന്നെപ്പറ്റി ഓർത്തപ്പോൾ ഒന്നു പുഞ്ചിരിക്കൊണ്ടു. അപ്പോൾ ഞാൻ വിചാരിച്ചു; നീ അദ്ദേഹത്തിന്റെ അടുക്കൽ ഉണ്ടായിരിക്കേണ്ടതാണെന്നു. പ്രേമത്തിന്റെ ചിത്രങ്ങളെല്ലാം ഒരുപോലെയാണ് സംശയമില്ല. നിന്റെ ചിത്രം എന്റെ ചിത്രം തന്നെ.

ഫാത്തിമ—നീ അസത്യത്തെന്നെയാണ്. നീ എന്തെല്ലാം അസംബന്ധമാണു പറയുന്നതു?

നസീറ—അസംബന്ധമാണോ ഞാൻ പറഞ്ഞതു? പരമാർത്ഥത്തിൽ സംബന്ധമല്ലേ കല്യാണമിതൊക്കെല്ലാം പരമാർത്ഥമാണെന്നു കവികൾ ബോദ്ധ്യപ്പെട്ടു. ഇങ്ങിനെയൊക്കെ ഞാനും കവികൾ കരുതിയിട്ടുള്ളതാണ.

ഫാത്തിമ—ആകട്ടെ. ഞാൻ അതെല്ലാം കേട്ടു. സെലിംകുമാരൻ ഇന്നു എഴുന്നെള്ളിയിട്ടില്ലേ? ഇവിടെ എങ്ങും കാണുന്നില്ലല്ലോ. ഒരുപക്ഷേ ചക്രവർത്തിനിയമന്ദിരത്തിൽനിന്നും എഴുന്നെള്ളിയപ്പോൾ കണ്ടിച്ചു വന്നിരിക്കാം അല്ലേ?

നസീറ—നീ പകരം വീട്ടുകയായിരിക്കാം. പ്രതിക്രിയ പാപകരമാണെന്നു നല്ല ഓർമ്മവേണം. രാജകുമാരൻ ദേവിയോടുകൂടി എഴുന്നെള്ളിയിട്ടുണ്ടു.

ഫാത്തിമ—ശരി! നസീറ ദേവിയുമൊരുമിച്ച് എഴുന്നെള്ളുകയും ചെയ്തു. അതു മതി. നീ എന്താണു അങ്ങോട്ടു പോകാത്തതു. അദ്ദേഹം നി

ണൊ അന്വേഷിക്കുന്നുണ്ടാവും. ഞാൻ നിന്നെ ഇവിടെ നിൎത്തിയ തിൽവെച്ച് അദ്ദേഹം സങ്കടപ്പെടുന്നുണ്ടെങ്കിൽ ഇനിയും ഞാൻ രാജകോപത്തിന്നു പാത്രമാകും. ചക്രവൎത്തിയുടെ ഗൃഹത്തിന്നു ആരൊ തീ വെച്ചു കൊന്നതിന്നും ഞാൻ കുറ്റക്കാരിയായി. ഇനി ചക്രവൎത്തിയുടെ പുത്രന്റെ ഗൃഹത്തെ കാമൻ തീ വെച്ച് എരിക്കുന്നതിന്നും ഞാൻ കുറ്റക്കാരിയാകണൊ? ആ കുറ്റം നീ തന്നെ വഹിക്കണം. ആ രാജകോപം നീ തന്നെ ഏല്ക്കുക.

നസീറ—ഫാത്തിമെ. നീ പറഞ്ഞു പറഞ്ഞ് അതിര കടക്കുന്നുവല്ലൊ. എന്നെപ്പറ്റി പറഞ്ഞാലും സാരമില്ല. രാജകുമാരനെപ്പറ്റി പറയുന്നതു സൂക്ഷിച്ചു വേണം. അല്ലെങ്കിൽ ഞാൻ, കുമാരസേനനോടു നീ ദുഷ്ടയാണെന്നു പറയും. നിശ്ചയമായും ഇതുതന്നെ പറഞ്ഞേക്കാം.

ഫാത്തിമ— എന്താ കുമാരസേനൻ എന്റെ ആരാണ്. അല്ലെങ്കിൽ നിന്റെ ആരാണ്? നീ പറഞ്ഞാൽ എനിക്ക് എന്തു ദോഷമാണു വരാനുള്ളതു?

നസീറ—സെലിം രാജകുമാരൻ എന്റെ ആരാണൊ? അല്ലെങ്കിൽ നിന്റെ ആരാണു? കുമാരസേനനോടു പറഞ്ഞാൽ പിന്നെ അങ്ങോട്ടു ഇപ്പോഴെങ്ങും വരികയില്ലെന്നുള്ളതു നിശ്ചയമാണ്.

ഫാത്തിമ— രാജകുമാരൻ എന്റെ രാജാവാണ. നിന്റെ ആണ്!

നസീറ—എന്റെ ആണോ? എന്റെ എന്താണു? നിന്റെ വാചകത്തിന് അൎത്ഥവും ഇല്ലല്ലൊ?

ഫാത്തിമ— സൂക്ഷിച്ചു നോക്കിയാൽ 'ആണിൽ' അൎത്ഥം കാണാം. നിന്റെയാണു തൎക്കമില്ല'

ഇപ്രകാരം നസീറയും ഫാത്തിമയുംകൂടി ഓരോ വിനോദവും പറഞ്ഞുകൊണ്ട് അവിടെ ഇരുന്നപ്പോൾ അവരുടെ മുമ്പിൽ ഒരു വികൃതരൂപി ഭിക്ഷയും യാചിച്ചുകൊണ്ടു വന്നു. സാധാരണയായി, ഉത്സവസ്ഥലങ്ങളിൽ യാചകന്മാർ എന്തെല്ലാം ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നാലും ആഗതരാകാതെയിരിക്കയില്ലെന്ന് ഇങ്ങനെ ഉത്സവസ്ഥലങ്ങളിൽ പോയിട്ടുള്ളവൎക്ക് അറിവാൻ കഴിയുന്നതാണല്ലൊ. ഏറാവും മുഷിഞ്ഞു, കീറിപ്പറിഞ്ഞ വസ്ത്രങ്ങളും, അസഹനീയമായ ദുൎഗ്ഗന്ധവും, ഒരു മുളവടിയും, ഒരു ഭിക്ഷാപാത്രവും, എല്ലുകൾ തെളിഞ്ഞ ശരീരവും, ഞരമ്പോടിച്ചു ദുഷ്കാലുപരത്തെ പ്രത്യക്ഷപ്പെടുത്തുന്ന മുഖവും, കണ്ണുകാണാതെയായ സ്വഭാവംകൂടി ഒത്തുചേൎന്നാൽ ഒരു യാചകനായിത്തീരാതിരിക്കയില്ല. ഈ തരത്തിൽ ഒരു സ്വഭാ

മായിരുന്ന അവരുടെ മുമ്പിൽ വന്നുനിന്നതു്. അയാൾ അവിടെ വന്നുനിന്ന ഉടനെത്തന്നെ "ഹള്ളാ"യെന്നു ഒരുമൂന്നു പ്രാവശ്യം ഉച്ചരിച്ചു. അയാളെ കണ്ടു നജീറ പറഞ്ഞു:—

"എന്തുചെയ്യാം! പാവത്തിന്റെ വേഷം കണ്ടില്ലേ? നമ്മൾക്കു ശക്തി ഉണ്ടായിരുന്നെങ്കിൽ വല്ലതും കൊടുക്കാമായിരുന്നു. അയാൾ പരസ്യമായി യാചിക്കുന്നു. നമ്മൾ അതിന് ആരംഭിച്ചില്ലെന്നേയുള്ളു." ഇതുകേട്ടു യാചകൻ പറഞ്ഞുതുടങ്ങി: "കൊച്ചമ്മേ! ഇതെല്ലാം ഹള്ളാതന്നെ അറിയട്ടെ. ഹാക്കിമിനു കഷ്ടകാലം തുടങ്ങിയതു് ഇന്നുമാത്രമല്ല. അനേകകാലമായി തെണ്ടുവുതന്നേയാണു നമുക്കാശ്രയം. ഹാക്കിമിനും ചില സ്ത്രീജനങ്ങളും കുഞ്ഞുകുട്ടികളും ഒക്കെ ഉണ്ടായിരുന്നു. എന്തുചെയ്യാം. എല്ലാം ചത്തൊടുങ്ങി. നമ്മൾ മാത്രം തെണ്ടാനായിട്ടു ശേഷിച്ചു. പക്ഷെ, നിങ്ങളെങ്കിലും വല്ലതും തരണേ! അല്ലെങ്കിൽ മഹാപാപമുണ്ടു്." ഇത്രയും കേട്ടപ്പോൾ നജീറ, ഫാത്തിമയോടായിട്ടു പറഞ്ഞു. "ഫാത്തിമേ! നീ വല്ലതും കൊടുക്കണം. പുണ്യമുണ്ടു്. പുണ്യമുണ്ടെങ്കിലല്ലാതെ കമറുസമാനു നിന്നെ ഇഷ്ടമാകയില്ല. അതുകൊണ്ടു് അല്പം പുണ്യം വാങ്ങിക്ക്." നജീറയുടെ ഈ വാക്കുകൾ കേട്ടപ്പോൾ ഫാത്തിമക്കു് അല്പം ദേഷ്യമുണ്ടാകാതിരുന്നില്ല. അവൾ മറുപടി പറഞ്ഞു: "ഇപ്പോൾ പുണ്യം നിനക്കാണാവശ്യം. രാജാവിന്റെ പ്രീതിക്കാണു പുണ്യം വേണ്ടതു്. അതുകൊണ്ടു നീതന്നെ വല്ലതും കൊടുത്തു പുണ്യം വാങ്ങിക്കൊള്ളു. ഇയ്യാൾ ഇന്നാൾ ദേവാലയത്തിൽ വന്നു ഭിക്ഷ വാങ്ങിക്കൊണ്ടു പോയതേയുള്ളു." നജീറയുടെയും ഫാത്തിമയുടെയും വാക്കുകൾ സശ്രദ്ധം ശ്രവിച്ച ഹാക്കിം ഇങ്ങിനെ പറഞ്ഞു:—

"നിങ്ങൾ രണ്ടുപേരും ഇപ്രകാരം തർക്കിക്കേണ്ട. രണ്ടു കൊച്ചമ്മമാർക്കും പുണ്യം വേണം. അതുകൊണ്ടു് എനിക്കു രണ്ടുപേരും കൂടെ തന്നാൽ ഹള്ളാ നിങ്ങളെ അനുഗ്രഹിക്കും." ഹാക്കിമിന്റെ ഈ വർത്തമാനം അവരെ ഇരുപേരെയും ഒരുപോലെ രസിപ്പിച്ചു. അവർ രണ്ടുപേരും പൊട്ടിച്ചിരിച്ചു. നജീറ ഇങ്ങിനെ തുടൎന്നു:—

"ഫാത്തിമേ! നിന്റെ കയ്യിൽ വല്ലതുമുണ്ടെങ്കിൽ ആദ്യം കൊടുക്കുക; പിന്നെ ഞാനും വല്ലതും കൊടുക്കാം. അപ്പോൾ അയാൾക്കു വളരെ തൃപ്തിയും ഉണ്ടാകും. അതിനെയല്ലേ കാര്യം!" ഇതു കേട്ടു സന്തോഷം അടക്കുവാൻ കഴിയാതെ ഹാക്കിം പറഞ്ഞു. "എന്റെ കൊച്ചമ്മമാരല്ലേ? നിങ്ങൾക്കു രണ്ടുപേൎക്കും പുണ്യമുണ്ടാകാതിരിക്കയില്ല. ഹാക്കിമിനു വല്ലതും തന്നാൽ ഹാക്കിം നിങ്ങളുടെ ഭാഗ്യങ്ങളെ

ല്ലാം ഇപ്പോൾതന്നെ പറയാം. അതൊക്കെ ഹാക്കിമിന്റെ നല്ല നിശ്ചയമാണ്." ഇതു കേട്ടപ്പോൾ ജ്യോതിശ്ശാസ്ത്രം, സാമുദ്രികശാസ്ത്രം എന്നിവയിൽ വളരെ വിശ്വാസമുണ്ടായിരുന്ന നബീസക്കു കൌതുകം തോന്നി ഫാത്തിമയോടിങ്ങിനെ പറഞ്ഞു. "ഫാത്തിമേ! നമ്മൾക്ക് ഈ പാവത്തിന്റെ വല്ലതും കൊടുക്കാം. അയാൾ ഒരുപക്ഷെ ശാസ്ത്രങ്ങളൊക്കെ അറിയുന്നാളായിരിക്കും. നമ്മൾക്ക് എല്ലാം സംഗതികളും വിവരമായി അറിയുകയും ചെയ്യാം." ഇത്രയും ഫാത്തിമയോട് പറഞ്ഞതിന്നുശേഷം ഹാക്കിമിനെ അറിയിച്ചു. "ആകട്ടെ, ഞങ്ങൾ രണ്ടുപേരുടെയും ഭാഗ്യം പറയാമെങ്കിൽ ഞങ്ങൾ രണ്ടു വെള്ളിഉറുപ്പികൾ തരാം." ഹാക്കിം ഇതു കേട്ട സന്തോഷത്തോടുകൂടി അപ്രകാരംതന്നെ ചെയ്യാമെന്ന സമ്മതിച്ചു.

അയാൾ ആദ്യം കണ്ണടച്ച് അല്പനേരം ചില മന്ത്രങ്ങൾ ചൊല്ലുന്നതുപോലെ ഇരുന്നു. പിന്നീട് നബീസയുടെ കൈപ്പടം കാണട്ടെ എന്ന പറഞ്ഞു. കൈപ്പടം നോക്കിക്കൊണ്ട് ഇങ്ങിനെ പറഞ്ഞുതുടങ്ങി. "കൊച്ചമ്മ വളരെ ഭാഗ്യവതിയാണ്, സംശയമില്ല.

'ആയുർരേഖയിൽ മത്സ്യത്തിൻ വടിവുണ്ടെങ്കിൽ ഫണംപലം
ഭൂപനോടൊത്തുചേരണം ശൂലവും ചേർന്നുകാണുകിൽ.
ഭാഗ്യരേഖയിൽമുന്നോളം ചാലുചേർന്നു കാണുകിൽ
ഭൂപാദയാലുമത്യന്തഭാഗ്യമുണ്ടെന്ന ചൊല്ലണം.
കൈത്തണ്ടിൽ ചാവുള്ളെന്നെങ്കിൽ ധീമാനാണെന്നുമാം ഫലം
കൈപ്പടം വെള്ളയാണെങ്കിൽ ദീനതന്യൂനസംശയം.
ചുവപ്പാണെങ്കിലോ ഭാഗ്യമുത്തമംതന്നെ നിശ്ചയം
കറുപ്പോ മഞ്ഞയോയെങ്കിൽ ദാരിദ്ര്യമെന്നുചൊന്നിടാം.
താഴ്ചനിക്കൽക്കെത്തുന്ന രേഖയെങ്കിൽ സുഖം ശുഭം,
ആ രേഖകൾ മുറിഞ്ഞെന്നാൽ സ്ത്രീനിമിത്തം വിനാശമാം
ഒരുകൈവാളിൽരേഖയായുസ്സിൽ കടന്നാൽ മരുളുദുഃഖമാം,
ആരുഭാഗ്യത്തിലാണെങ്കിൽ പിതൃദുഃഖമസംശയം
രണ്ടുമുണ്ടെങ്കിലോ കഷ്ടിന്നുടമസ്ഥനജീവിതം
ദുഃഖസന്തുഷ്ടമാകാതെയിരിക്കില്ലിതു സത്യമാം.'

ഇങ്ങിനെയൊക്കെയാണ് പ്രമാണം. അവിടേക്ക് ഇപ്പോൾ സൌഖ്യമുള്ള കാലമാണ്. അവിടത്തെ മാതാവ് ഇപ്പോൾ കുറച്ചുനാൾ മുൻപു മരിച്ചിരിക്കണം. അവിടുന്ന ഒരു പ്രബല കുടുംബത്തിലെ അംഗമാണെന്ന എനിക്ക് കയ്യിൽ കാണാവുന്നതാണ്. അവിടത്തെ പിതാവു ഒരിടത്തെ ജോലി കഴിഞ്ഞു ദൂരെ എവിടെയോ പോയി. ഒരുപക്ഷെ ഇ

പ്പോൾ മരിച്ചിരിക്കണം. അവിടേയ്ക്കു ഒരു ചക്രവർത്തിനിയുടെ യോഗം കാണുന്നുണ്ട്. അവിടുന്ന ഇപ്പോൾ ആരേയോ ഗാഢമായി സ്നേഹിക്കുന്നുണ്ടു. അവിടത്തേയും അതുപോലെത്തന്നെ അയാൾക്കു സ്നേഹമുണ്ട്. പക്ഷെ ചില സങ്കടങ്ങൾ അനുഭവിക്കേണ്ടിവരും. ഒരു സ്ത്രീ അവിടേയ്ക്കു വലിയ ശത്രുവായിത്തീർന്നിട്ടുണ്ട്. അതു സൂക്ഷിച്ചാൽ മാത്രംമതി. ബാക്കിയെല്ലാം വളരെ ഭംഗിയായിട്ടാണിരിക്കുന്നതു. ഒരു സങ്കടം ഉണ്ടാകുന്നതുപോലെ തോന്നുന്നു. മുൻപറഞ്ഞതെല്ലാം അവിടത്തെ കൈയിന്റെ ലക്ഷണങ്ങളാണ്. ഇപ്പോൾ പത്തു വെള്ളിനാണയത്തിന്റെ ജോലി ഹാക്കിം ചെയ്തിട്ടുണ്ടല്ലോ”

ഹാക്കിമിന്റെ ഈ ഭാഗ്യം പറച്ചിലിൽ പല പരമാർത്ഥങ്ങളും അടങ്ങിയിട്ടുണ്ടെന്നു നസീമിന്നു അറിവുള്ളതുകൊണ്ടു അവൾ ആ യാചകന്റെ ദിവ്യത്വത്തെപ്പററി വിചാരിച്ചു വിസ്മയിച്ചു. ഉടൻതന്നെ ഫാത്തിമയുടെ കൈപ്പടം നോക്കിക്കൊണ്ട് ഹാക്കിം പറഞ്ഞുതുടങ്ങി “അവിടുന്നും ഭാഗ്യവതിതന്നെയാണ്. അവിടത്തെ മാതാവും മരിച്ചിരിക്കുന്നു. പിതാവ് യുദ്ധത്തിൽ മരിച്ച ലക്ഷണമാണ് കാണുന്നതു്.

‘കൈപ്പടത്തിൽ ഒരേട്ടിൽ മൈനാലുനടക്കുന്നോൻ
നീണ്ടുകാണുകിൽ വധിക്കപ്പെട്ടുപോമെന്നു ചൊല്ലിടാം.
ഗോവണിപ്പടിപോൽ രേഖ ചേർന്നുചേർന്നു ചരിക്കുകിൽ
ദുഃഖമുണ്ടാകിലും മർത്ത്യൻ രാജസൌഖ്യമണഞ്ഞിടും.
അതിലാലിതൻ രൂപം കാണുകിൽ പിച്ചതെണ്ടിയെ
വിവാഹം ചെയ്തു ജീവിക്കാതിരിക്കില്ല നൃപബാലനം’

മുൻപു ചൊല്ലിയ പ്രമാണവും ഇതും എല്ലാം അവിടേയ്ക്കു ബാധിക്കുന്നതാണ്. അവിടത്തെ ദുഃഖങ്ങളെല്ലാം തീരാറായിട്ടുണ്ടു. അതിസുന്ദരനായ ഒരു ഭർത്താവ് അവിടേക്കുണ്ടാകണമെന്നും യോഗമുണ്ടു. ഇപ്പോൾ ഭർത്താവില്ലാത്ത ദുഃഖം മാത്രമേ അവിടേക്കുള്ളു. കൂടിയാൽ ഒരു സംവത്സരത്തിൽ കൂടുതൽ കഴിക്കേണ്ട കാര്യമില്ല. നിങ്ങളുടെ രണ്ടുപേരുടേയും കൈപ്പ് ഒരുപോലെയാണിരിക്കുന്നതു. നിങ്ങൾ സഹോദരികളാണോ?”

നസീം:—നിങ്ങൾ പറഞ്ഞതിൽ ചിലതെല്ലാം സത്യമാണ്. പക്ഷെ ഞങ്ങൾ സഹോദരികളും മറ്റുമല്ല. അതു നിങ്ങൾക്കു തെറ്റിപ്പോയി. ഞങ്ങൾ സഹോദരികളെപ്പോലെ പെരുമാറുന്നവരെന്നേയുള്ളു.

ഹാക്കിം:—അല്ലായിരിക്കാം എന്നാൽ നിങ്ങൾ ഒരാളുടെ പൌത്രികളായിരിക്കണം അങ്ങിനെയല്ലായിരിക്കാം ഹാക്കിമിന് കണ്ണും ത

ലയും ചാരുത്വമുള്ളതുകൊണ്ടു ഞങ്ങൾക്കിങ്ങനെയൊക്കെ തോന്നിയതാണ്. അതു കൊണ്ടു ഹാക്കിമിനു നല്ലതുപോലെ വല്ലതുമൊക്കെ തരണം. എന്നാൽ നിങ്ങൾക്കു പുണ്യവും കിട്ടും. നല്ല മന്ത്രാക്ഷരങ്ങളെയും കിട്ടും. സംശയമില്ല; അനുഗ്രഹമുണ്ടു."

ഹാക്കിമിന്റെ ഭാഗ്യനിരീക്ഷണം കഴിഞ്ഞപ്പോൾ നളീറ തൃപ്തിയോടുകൂടി ഒരു വെള്ളിനാണയം കൊടുത്തു. ഇതുകണ്ടു ഫാത്തിമയും മറ്റൊരു വെള്ളിനാണയം സമ്മാനിച്ചു. ഇരുപേരുടേയും കൈയ്യിൽ നിന്നും സന്തൃപ്തിയോടുകൂടി നാണയങ്ങളും വാങ്ങി ഒന്നു ചിരിച്ചു. "ഇതുപോലെ എവിടെയെല്ലാം നടന്നാലാണ് വല്ലതും കിട്ടുന്നതു? എന്നാൽ ഹാക്കിം പോകട്ടെ." എന്നുപറഞ്ഞു ആ യാചകൻ യാത്രയായി. ഹാക്കിം പോയിക്കഴിഞ്ഞപ്പോൾ ഫാത്തിമ നളീറയോടു പറഞ്ഞു. "നളീറേ! അവൻ പറഞ്ഞതെല്ലാം പരമാർത്ഥമാണല്ലോ. നീ ചക്രവർത്തിനിയായിക്കഴിഞ്ഞു. പിന്നെ എന്താണു ചിലതെല്ലാം മാത്രം സത്യമാണെന്നു പറഞ്ഞതു? നീ ഭാഗ്യമുള്ള കൊച്ചുതമ്പുരാട്ടി തന്നെയാണ്. പക്ഷേ നിന്റെ വിരോധിസ്ത്രീയാരാണ്? ഒരുപക്ഷേ ഞാൻ തന്നെയായിരിക്കാം."

നളീറ:—ശരിയാണു. നീ പറഞ്ഞതെല്ലാം പരമാർത്ഥം തന്നെ. മന്ത്രാ വിനോദപ്രായമുള്ള വിചാരമല്ലാതെ ഫാത്തിമയ്ക്കു യാതൊരു ചിന്തയുമില്ലന്നല്ലേ അയാൾ പറഞ്ഞതു? കമറുസ്സമാൻ ഉടൻവരുമെന്നു മൈക്കിയോക്കാതെ തന്നെ ഞാൻ നിന്നോടു പറഞ്ഞിട്ടുള്ളതല്ലേ? എന്റെ ശത്രു സ്ത്രീയാണെന്നു പറഞ്ഞതു എനിക്കു മനസ്സിലായി. അതു സോഫിതന്നെയാണ്. എനിക്കു അന്തഃപുരത്തിലേക്കു പോകുവാനുള്ള സമയമായി. ഞാൻ ഉടൻതന്നെ മടങ്ങട്ടെ. നീ എപ്പോഴാണ് പോകുന്നതു? ഒരു പക്ഷേ ഇനി തമ്മിൽ കണ്ടില്ലെങ്കിൽ പിന്നെ എങ്ങിനെ?

ഫാത്തിമ:—ശരിയാണ്! ചക്രവർത്തി—അല്ല—ചക്രവർത്തിയാകേണ്ടയാൾ അവിടെ അന്വേഷിക്കുന്നുണ്ട്. വേഗം അങ്ങോട്ടു ചെല്ലുക. ഞാൻ കുറച്ചു കഴിഞ്ഞാൽ ഉടൻ തിരിച്ചുപോകും. എന്തായാലും ഇത്രയും നിന്ന സ്ഥിതിക്കു മഹോത്സവം കഴിഞ്ഞു പോകുന്നതല്ലേ നല്ലതു്?

നളീറ:—ശരിയാണ്. ഒരുപക്ഷേ കമറുസ്സമാൻ ഇവിടെ വരും. ഒന്നു കാണാം—"

ഇതു കേട്ടുടനെ "അതു പക്ഷേയല്ല?—ഒട്ടു തീച്ചയാണ

ല്ലോ. വേഗം പോവുക. അപ്പോൾ അതിൽ കൂടുതൽ കാണാം." ഇത്രയുംപറഞ്ഞു ഫാത്തിമ നഫീസയെ പിടിച്ചു ഒന്നു തള്ളി. നഫീസ "എന്നാൽ പോകട്ടെ" എന്നു പറഞ്ഞു അവിടെനിന്നും എഴുന്നേറ്റു നദീതടത്തിലുള്ള മണിമന്ദിരത്തിലേക്ക് പോയി. ഫാത്തിമയും അവൾ ആദ്യം നിന്നിരുന്ന സ്ഥലത്തുതന്നെ പിന്നെ ചെന്നു. നഫീസയെ വിട്ടുപിരിഞ്ഞതിൽവെച്ചു ഫാത്തിമയ്ക്കു വളരെ ഖേദമുണ്ടായിരുന്നു. ഉത്സവാഘോഷത്തിൻ്റെ ചടങ്ങുകളും എല്ലാംതന്നെ അതിൻ്റെ പരമകാഷ്ഠയെ പ്രാപിക്കാറായി. കർമ്മസാക്ഷി മറഞ്ഞു. പ്രകൃതിദേവി തൻ്റെ ഇരുകരങ്ങൾകൊണ്ടും അമ്മാനം ആടുന്നതുപോലെ പശ്ചിമദിക്കിൽ സൂര്യഗോളം താഴുകയും പൂർവ്വദിക്കിൽ ചന്ദ്രഗോളം ഉയരുകയും ചെയ്യുന്ന കാഴ്ച ആനന്ദദായകം തന്നെയാണ്. അല്പാല്പമായി തെളിഞ്ഞുതുടങ്ങുന്ന ചന്ദ്രികയിൽ ആ നദീജലം "പാൽക്കുഴമ്പോടാമേളം ചെയ്യുന്നപോലെ" പ്രശോഭിച്ചു. ഫാത്തിമ ഏകാകിനിയാണെങ്കിലും ധീരയായിത്തന്നെ അവിടെ നിന്നു. അവളുടെ അടുക്കൽ അവളെപ്പോലെത്തന്നെയുള്ള മറ്റൊരു സുന്ദരി അല്പം കുണ്ഠിതമായതോടുകൂടി നിൽപുണ്ട്. ഉദ്ദേശം ഇരുപതുവയസ്സു പ്രായംവരുന്ന ആ തരുണിയുടെ സൌന്ദര്യധോരണി വെൺചന്ദ്രികയിൽ പതിന്മടങ്ങു വർദ്ധിച്ചു പരിലസിച്ചു. തന്നെപ്പോലെതന്നെ ഏകാകിനിയായി സോൽക്കണ്ഠം നില്ക്കുന്ന ആ ചന്ദ്രമുഖി ആരായിരിക്കാമെന്നു അവൾ സംശയിച്ചു. ഉത്സവത്തിരക്കിൽ പലരും പലവിധത്തിൽ നില്ക്കുന്നതു കണ്ടാൽ അതിനെപ്പറ്റി പ്രത്യേകിച്ചൊന്നും ധരിക്കേണ്ടതില്ലെന്ന് ഫാത്തിമയ്ക്കു നിശ്ചയമുണ്ടായിരുന്നെങ്കിലും ആ തരുണിയെപ്പറ്റി മനസ്സിലാക്കുവാൻ സ്ത്രീസഹജമായ അഭിലാഷം അവളിൽ ഉണ്ടാകാതിരുന്നില്ല. പക്ഷേ അതിനുള്ള ധൈര്യം അവളിൽ ഉണ്ടായിരുന്നുമില്ല. ഫാത്തിമ ഇപ്രകാരമെല്ലാം തന്നെ അവലോകനം ചെയ്യുന്നതൊന്നോ ഒന്നുംതന്നെ ആ തരുണി അറിയുന്നതേയില്ല. ഒരു ഉത്തമ സ്ത്രീയുടെ ലക്ഷണങ്ങളും തികഞ്ഞിരുന്ന ആ തരുണിയുടെ ശിരസ്സ് ഒരു വെള്ള മൂടുപടത്താൽ ആവൃതമായിരുന്നു. അതിൽനിന്നും അവൾ, ഒരു മുസൽമാൻ തരുണിയായിരിക്കാമെന്ന് ഫാത്തിമ, ഉദ്ദേശിക്കാതിരുന്നില്ല. ഏകദേശം ഒരു നാഴികയോളം ഇപ്രകാരം ഇരുപേരും അവിടെത്തന്നെ നിലകൊണ്ടു. ഒടുവിൽ, ആ തരുണിയുടെ അടുക്കൽ ഒരു സ്ത്രീ വന്നു ഇപ്രകാരം പറയുന്നതായി ഫാത്തിമ കേട്ടു.

"അവിടുന്നു നിന്നു വിഷമിച്ചിരിക്കാം. ഞാൻ വളരെ ദൈന്യ

നഗരത്തിലാണ അവിടെ താമസിച്ചതു. മടങ്ങി എഴുന്നെള്ളുമ്പോൾ അവിടെ വന്നുകൊള്ളാമെന്നു പറഞ്ഞിട്ടുണ്ട്. ചക്രവർത്തിയുമൊരുമിച്ചു ഇരിക്കയാണു. ഇപ്പോഴും ഇങ്ങോട്ടു വരികയുമില്ല.”

ആഗതയായ സ്ത്രീ ഇത്രയും പറഞ്ഞു നിർത്തിയപ്പോൾ തരുണി ചോദിച്ചു “അദ്ദേഹത്തെ ഗൂഢമായി കണ്ടുപിടിച്ചതിൽ ഞാൻ അതിശയിക്കുന്നു. അവിടെ ദേവി ഉണ്ടായിരുന്നില്ലേ? സോഫി നിന്നെ കണ്ടുവോ? ഉണ്ടെങ്കിൽ വളരെ മോശമാണ്. നമുക്കു വേഗം പോകണം.”

ഇപ്രകാരം തീരുമാനിച്ച് തരുണി അവിടെനിന്നും നടന്നുതുടങ്ങി. തന്റെ ദൃഷ്ടിപഥത്തിൽനിന്നും മറയുന്നതുവരെ, ഫാത്തിമ അവരെ നോക്കിക്കൊണ്ടു നിന്നു. അല്പനേരത്തേക്കു മാത്രം ഉണ്ടായിരുന്ന അവരുടെ സംഭാഷണം, ഫാത്തിമയിൽ പല വികാരങ്ങളും ഉളവാക്കി. “മടങ്ങി എഴുന്നെള്ളുമ്പോൾ,” “ചക്രവർത്തി,” “ദേവി,” “സോഫി” എന്നീ പദങ്ങളാണു ഫാത്തിമയെ വിഷമിപ്പിച്ചതെന്നു പറയേണ്ടതില്ലല്ലോ. അവൾ ഇപ്രകാരം വിചാരിച്ചു. “എഴുന്നെള്ളുക” എന്ന പദത്തെ സ്ഥിതിക്കു രാജകുടുംബത്തിൽ ഉൾപ്പെട്ടവരാരെങ്കിലും ആയിരിക്കണമെന്നതു തീർച്ചയാണ്. ചക്രവർത്തിയുമായി വർത്തമാനം പറയുന്നുവെന്നു പറഞ്ഞതുകൊണ്ടു ‘എഴുന്നെള്ളുക’ എന്ന ക്രിയ ചക്രവർത്തിയിൽതന്നെ ആരോപിച്ചിട്ടുള്ളതല്ലെന്നും, “ദേവി നിന്നെ കണ്ടുവോ” എന്നു ചോദിച്ചതിൽനിന്നും സെലിം രാജകുമാരന്റെ പട്ടമഹിഷിയെയാണ് ആ പദംകൊണ്ടു വിവക്ഷിക്കുന്നതെന്നും, സോഫി അറിഞ്ഞിട്ടുണ്ടെങ്കിൽ മോശമാണെന്നു പറഞ്ഞതിൽനിന്ന് ആ തരുണി സെലിം രാജകുമാരന്റെ പ്രത്യേകസ്നേഹത്തിനു പാത്രമായിരിക്കണമെന്നും ഊഹിക്കുവാൻ ഫാത്തിമക്കു വിഷമമുണ്ടായിരുന്നില്ല. പക്ഷെ, ഇപ്രകാരം സെലിമിന്റെ പ്രേമത്തിനു പാത്രമായിരിക്കുന്ന ഈ തരുണി ആരായിരിക്കാം? അവളുടെ താമസം ഗൂഢമായിട്ടല്ലെങ്കിൽ സോഫി അറിഞ്ഞാൽ അതു ക്ലേശകാരണമാണെന്നു വിചാരിക്കാൻ എന്തു ന്യായമാണുള്ളതു്? എന്തായാലും ആ സ്ത്രീ നിശ്ചയമായും, മുമ്പ് നദീം തന്നോടു പറഞ്ഞിട്ടുള്ള ‘മെഹർ’ തന്നെയായിരിക്കണം. അവളുടെ രൂപസൗന്ദര്യം അദ്വിതീയമായിരുന്നതിൽനിന്നുതന്നെ അപ്രകാരമാണെന്നു തീർച്ചപ്പെടുത്തുന്നതിൽ എന്തു് അബദ്ധമാണുള്ളതു്. അല്ലെങ്കിൽ, ഇതെല്ലാം എന്റെ സംശയം മാത്രമാണ്. സെലിമിനെപ്പററിത്തന്നെയാണ് അവർ സം

സംഭവിച്ചതെന്നുള്ളതിനെപ്പറ്റി എനിക്കു സംശയമുണ്ട്. വല്ല സ്ത്രീകളും വല്ലവരോടും സംസാരിച്ചാൽ അതെല്ലാം സഖിമാരെപ്പറ്റിയാണെന്നു ധരിച്ച ഞാൻ മൂഢതമന്മാരാണ്, സംശയമില്ല. അതൊരിക്കലുമല്ല: എന്റെ സംശയം അടിസ്ഥാനരഹിതമാണ്. സഖിമാരെക്കുറിച്ചുതന്നെയാണ് അവർ സംസാരിച്ചത്. എന്തായാലും അവർ പോകുന്നതിനു മുമ്പ് ഒന്നു സംസാരിക്കേണ്ടതായിരുന്നു. ആരാണെങ്കിലും എനിക്കു സംസാരിക്കാമായിരുന്നു. പക്ഷേ, അതു എന്റെ വിചാരമില്ലാത്തതന്നെയായിപ്പോയി. ഹാ! കഷ്ടം! അവരുടെ പേരുതന്നെയും എന്താണെന്നു ചോദിക്കാതിരുന്നതു് അബദ്ധമായിത്തീർന്നല്ലോ. അവർ ആരായിരുന്നാലും സൗന്ദര്യം ധീരമാണ്. വർത്തമാനത്തെയും എത്രയും മിതമായിരുന്നല്ലോ. അവർ പോയതെങ്ങോട്ടാണ്. അതും ഞാൻ കണ്ടില്ലല്ലോ. അതെങ്കിലും സൂക്ഷിക്കേണ്ടതായിരുന്നല്ലോ. ഒരുപക്ഷേ അവർ കൊട്ടാരത്തിൽനിന്നും പുറത്തു വല്ല സ്ഥലത്തും താമസിക്കുന്നവരായിരിക്കാം. അല്ലെങ്കിൽ പിന്നെ മടങ്ങി എഴുന്നള്ളുമ്പോൾ അവിടെ കയറിക്കൊള്ളുമെന്നു പറഞ്ഞതിൽ എന്തർത്ഥമാണുള്ളതു്. അതെല്ലാം പോകട്ടെ! ആ യാചകൻ പറഞ്ഞതൊക്കെ പരമാർത്ഥമാണല്ലോ. പക്ഷേ, അയാൾ എന്തെല്ലാമാണെന്നു പറഞ്ഞതു്. ഞാൻ അവിടെയിരുന്നു ലജ്ജിച്ചുപോയി. കുമാരസേനനെ ഇവിടെയെങ്ങുംതന്നെ കാണുന്നില്ലല്ലോ. അഥവാ! ഞാൻ എന്തിനാണ് അതെല്ലാം അന്വേഷിക്കുന്നതു്. അദ്ദേഹം കൊട്ടാരത്തിലോ മറ്റോ ഉണ്ടായിരിക്കാം. അതും പോകട്ടെ. ഞാനും നളിനിയും സോദരികളാണെന്നു പറഞ്ഞതാണ് അത്ഭുതം! നളിനിയും മറ്റും സോദരികളാണെന്നു പറഞ്ഞിരുന്നെങ്കിൽ അതു പരമാർത്ഥമായിരുന്നേനെ! രണ്ടുപേർക്കും അത്രയ്ക്കു ചേർച്ചയുണ്ട്. പക്ഷേ, നളിനിക്കു അല്പം പ്രായം കുറയുമെന്നേയുള്ളൂ. നളിനി എന്തെല്ലാമാണു പറഞ്ഞതു്! അവരൊക്കെ മരിച്ചുപോയിരിക്കുന്ന സോദരി പറഞ്ഞുവത്രെ! കൊള്ളാം. അങ്ങിനെയാണെങ്കിൽ എനിക്കു എന്റെ സ്ഥിതിയെന്താണ്. ഞാൻ രാജശിക്ഷയ്ക്കു പാത്രമാകാതെ കഴികയില്ല. പോകാൻ സമയമായല്ലോ." ഇപ്രകാരം പലതരത്തിലുള്ള വിചാരങ്ങളും ആക്ഷേപസമാധാനങ്ങളും മനസ്സിൽ ഉദിച്ച് പാർവതിയെ സമാധാനരഹിതയാക്കി. അവൾ അവിടെനിന്നും സാവധാനം നടന്നുതുടങ്ങി. മഹോത്സവത്തിന്റെ ചടങ്ങുകളെല്ലാം അവസാനിക്കുന്നതിനു മുൻപായി പാർവതി അവിടെനിന്നും തിരിച്ചു രാജപാതയിൽ പ്രവേശിച്ചു. അവൾ ദ്രുതഗതിയിൽ നടന്നുതുടങ്ങി. ഉദ്ദേശം രണ്ടുനാഴികയോളം തന്റെ ഉദ്ദിഷ്ടസ്ഥലത്തേക്കു നടക്കേണ്ടതുണ്ടെങ്കിലും അവളുടെ പാദം അവളെ ക്ഷണമാത്രം

കൊണ്ടു് അവളുടെ പ്രാപ്യസ്ഥാനത്തു എത്തിച്ചു. മഹാത്മൻദേവാലയത്തിൽ പ്രവേശിക്കുവാനായി ആരംഭിച്ചപ്പോൾ അശ്വാരൂഢനായ ഒരു യോദ്ധാവു് അവൾക്കു് എതിരേ വരുന്നതായി തോന്നി. ഉത്സവദിവസമായതുകൊണ്ടു്, അയാൾ വല്ല ഭടനോ ആയിരിക്കാമെന്നു കരുതി അവൾ ദേവാലയത്തിന്റെ നടയിൽ പ്രവേശിച്ചു് അയാൾ പോകുന്ന വഴിയിലേക്കു് സൂക്ഷിച്ചുനോക്കി. അശ്വാരൂഢനായിരിക്കുന്ന ആൾ ദീർഘകായനാണെന്നും, അയാളുടെ മുമ്പിൽ പെട്ടിപോലെ ഒരു സാധനം ഇരിപ്പുണ്ടെന്നും റാണിക്കു തോന്നാതിരുന്നില്ല. അല്പനേരം അയാൾ തന്റെ കുതിരയെ ദേവാലയത്തിന്റെ നടയിൽ നിർത്തി വിശ്രമിക്കുന്നതിനാരംഭിച്ചു. അപ്പോൾ അയാളെ നല്ലതിൻവണ്ണം കാണേണ്ടതിന്നു പൂനിലാവിന്റെ സഹായംകൊണ്ടു റാണിക്കു സാധിച്ചു. ആൾ അതികോമളനാണെന്നും, അദ്ദേഹം ദീർഘയാത്രയിൽ എന്നപോലെ വളരെ ക്ഷീണിച്ചിട്ടുണ്ടെന്നും റാണിക്കു ഉദ്ദേശിച്ചു. എന്നാൽ അയാളുടെ നയനങ്ങൾക്കു താൻ ഗോചരീഭവിക്കരുതെന്നു വിചാരിച്ചു് അവൾ ആ നടയിലുണ്ടായിരുന്ന മണ്ഡപത്തിന്റെ ഒരു വശത്തു മറഞ്ഞുനിന്നു. അല്പനേരം വിശ്രമിച്ചശേഷം അശ്വപതിനാൻ പിന്നെയും തന്റെ യാത്ര തുടർന്നു. അവൾ അദ്ദേഹത്തെ നല്ലതുപോലെ സൂക്ഷിച്ചു നോക്കി. അദ്ദേഹത്തിൽ അവൾ കണ്ടതു കുമാരസേനന്റെ രൂപം തന്നെയായിരുന്നു. പക്ഷേ സംശയം പിന്നെയും അവളിൽ കടന്നുകൂടാതിരുന്നില്ല. 'ഒരുത്തനെത്തന്നെ നിനച്ചിരുന്നാൽ വരുന്നതെല്ലാം അവനെന്നു തോന്നും' എന്നു പറയുന്നതു് എത്രയോ പരമാർത്ഥം! എന്തായാലും ഇനി പോയി ശയിക്കുക തന്നെയാണു നല്ലതെന്നു കരുതി അവൾ നിദ്രക്കാരംഭിച്ചു. പക്ഷേ അവൾക്കു അന്നത്തെ നിദ്ര ലേശംപോലും സ്വപ്നശൂന്യമായിരുന്നില്ല. അന്നു് അവൾ കണ്ടിട്ടുള്ള കാഴ്ചകൾ എല്ലാം അവളുടെ നയനങ്ങൾക്കു മുമ്പിൽ നില്ക്കുന്നതുപോലെ തോന്നി. അവളുടെ വിചാരങ്ങളെല്ലാം 'നസീം, മെഹർ, കുമാരസേനൻ, കരീം' എന്ന നാലു കേന്ദ്രങ്ങളിൽ മാറി മാറി സ്ഥിതിചെയ്തു. ആ വത്സരത്തിലെ മഹോത്സവം പല കാര്യങ്ങൾകൊണ്ടും ഏറ്റവും വിശേഷപ്പെട്ടതാണെന്നു അവൾക്കു തോന്നി. അഥവാ അപ്രകാരംതന്നെയല്ലാതിരിക്കുന്നതെങ്ങിനെ? അനേകനാളായി നിഗൂഢസ്ഥിതിയിൽ വർത്തിക്കപ്പെടുന്ന എന്തെല്ലാം സംഗതികളാണു് ആ മഹോത്സവംമൂലം പുറത്തു വന്നിട്ടുള്ളതെന്നു ആ സാധ്വി അറിയുന്നതെങ്ങിനെ? ഈ ലോകത്തിലെ രഹസ്യസംഭവങ്ങളൊന്നുംതന്നെ ചിരകാലം നിഗൂഢമായിരിക്കയില്ലെന്നും, ഒരിക്കൽ എല്ലാംകൂടി പുറത്തു വരാതെ കഴികയില്ലെന്നും അപ്രകാരം പുറത്തു വരുന്നതെല്ലാം വിശേഷസന്ദർഭങ്ങളിലാണെന്നും ആ വത്സരത്തിലെ മഹോത്സവം പിന്നീടു വ്യക്തമാക്കി.

ഇരുപത്തിരണ്ടാം അദ്ധ്യായം

മഹോത്സവഘോഷം കഴിഞ്ഞു് ആൾക്കൂട്ടം അല്പാല്പമായി കുറഞ്ഞുതുടങ്ങി. പടയൊഴിഞ്ഞ കളംപോലെ, അലയടങ്ങിയ കടൽപോലെ, യമുനാനദീതടം പ്രശാന്തമായിത്തീൎന്നു. പാതിരാവായതോടുകൂടി ഉത്സവത്തിന്റെ സകലചടങ്ങുകളും അവസാനിക്കുകയാൽ അന്യദിക്കുകളിൽനിന്നു ആഗതരായിട്ടുള്ളവർ ആ ദിവ്യസങ്കേതത്തിൽനിന്നു വിരതോത്സാഹരായി, മംഗളഗാനഗാനങ്ങളോടുകൂടി മെല്ലെമെല്ലെ പിന്തിരിഞ്ഞു നടന്നു. ഉത്സാഹം നശിച്ച ഉത്സവപ്രണയികൾ അടുത്ത വത്സരത്തെ മഹോത്സവത്തെ സ്വാഗതങ്ങളി ക്ഷണിച്ചുകൊണ്ടു, വിളൎത്തു വാടിയ മുഖങ്ങളോടുകൂടി സ്വഗൃഹങ്ങളിലേക്കു തിരിച്ചു. അംബികാദേവിയും പരിവാരങ്ങളും അന്തഃപുരത്തിൽ തിരിച്ചെത്തിയിട്ടു അധികനേരമായില്ല. സോഫി ഉത്സവം നടത്തി ക്ഷീണിച്ചു്, കുളിച്ചു്, ദൈവധ്യാനത്തിൽ തന്റെ ശിരസ്സിൽനിന്നു മഹോത്സവഭാരം തീൎന്നുവെന്നു കരുതി ദേവിയോടു യാത്രപറഞ്ഞു പിരിഞ്ഞു് അവളുടെ ഗൃഹത്തിൽ വന്നു. സെലിം ശയിക്കാറുള്ള മണിമാളികയിൽ പോയപ്പോൾ അദ്ദേഹം അവിടെയെങ്ങുംതന്നെ ഇല്ലാതിരുന്നതിനാലാണു, സാധാരണ മഹോത്സവരാത്രികളിലേപ്പോലെ, അവൾ കൊട്ടാരത്തിൽ തന്നെ നിദ്രക്കാരംഭിക്കാതിരുന്നതെന്നു് അപ്പോഴും അവളുടെ വിശ്വസ്തസഖിയായ ഷിറിക്കും മാത്രമേ അറിവുണ്ടായിരുന്നുള്ളു. അവൾ ഗൃഹത്തിൽ വന്നപ്പോൾ കാസിം ഗൃഹത്തിന്റെ പുറത്തുള്ള ഒരു ശിലാവിഗ്രഹംപോലെ ഇരിക്കുന്നുണ്ടായിരുന്നു. അയാൾ അവിടെനിന്നു അബാലിശസം പുറത്താരുമറിയപ്പാകരുതെന്നു സോഫി നേരത്തെതന്നെ നിൎദ്ദേശനാജ്ഞ പ്രസിദ്ധപ്പെടുത്തിയിരുന്നതിനെ ശിരസാവഹിച്ചു് ആ സാധു — അഥവാ മണ്ണാങ്കട്ട ഒരു തൂണിൽ ചാരി അയാളുടെ ശിരോലിഖിതത്തെ മാച്ചുന്നതിനെന്നപോലെ ഉറക്കംതൂങ്ങി ഇടയ്ക്കിടയ്ക്കു സ്തംഭത്തിൽ തലയടിച്ചുകൊണ്ടിരുന്നു. അയാൾ അപ്രകാരം ഇരിക്കുന്നതു കണ്ടതിൽവെച്ചു സോഫിക്കു ലേശവും സന്താപമുണ്ടായില്ലെങ്കിലും സന്തോഷം തോന്നിയതേയില്ല. അവൾ നേരെ ഗൃഹത്തിന്റെ അകത്തു പ്രവേശിച്ചു ഇങ്ങിനെ പറഞ്ഞു. "ഇനിയ്ക്കു ഉറക്കം തൂങ്ങിയാൽ പിടിച്ചു വലിച്ചു ഞാൻ പുറത്തെറിയും." ഇത്രയും കല്പിച്ചതിനു ശേഷം അവൾ പള്ളിയറക്കുള്ളിൽ പ്രവേശിച്ചു് അവളുടെ കൈ

ത്തിൽ ഉണ്ടായിരുന്ന കത്തിനെ നിവൃത്തി ഒന്നുരണ്ടു പ്രാവശ്യം വായിച്ചു. അതിന്റെ ശേഷം അവൾ ഇങ്ങിനെ പറഞ്ഞു. "ഇതു് ഇന്നു കൊണ്ടുപോയിട്ടു യാതൊരു ഫലവും ഉണ്ടായില്ലല്ലൊ. കൊള്ളാം. ഇതെന്റെ കൈയ്യിൽനിന്നു ഒരു ഭൃത്യൻ അന്നു പിടിച്ചു വാങ്ങിയില്ലായിരുന്നെങ്കിൽ ഞാൻ ഇതിനു മുമ്പെ ഒരു ശവത്തിനെ പറഞ്ഞയക്കുകയില്ലായിരുന്നോ? പക്ഷെ ദേവിയോടു നല്ലതുപോലെ പറഞ്ഞതിനു ശേഷമല്ലാതെ ഇതു് എഴുതിക്കാൻ നിവൃത്തിയില്ല. ഏതായാലും ഇന്നു ഇതു പെട്ടിയിൽതന്നെ ഇരിക്കട്ടെ. നാളെ ഇതു കൊണ്ടുപോകണം. പെട്ടിയിൽ എന്തെല്ലാം എഴുത്തുകളാണു് ഇരിക്കുന്നതെന്നു ഞാൻ നോക്കിയില്ലല്ലോ. എനിക്കു അറിവാനുള്ള എഴുത്തുകൾ പലതും അതിലുണ്ടു്. പക്ഷെ പല ഭാഷകളിലായതുകൊണ്ടു് അറിവാൻ നിവൃത്തിയില്ല. അവയിൽ ചിലതെല്ലാം നശിപ്പിക്കാറുമുണ്ടു്." ഇത്രയും പറഞ്ഞു് അവൾ വിളക്കെടുത്തുകൊണ്ടു വേറെ ഒരു മുറിയിലേക്കു് അവിടെ വെച്ചിരുന്ന പെട്ടി തുറക്കുവാനായി, ഉത്സാഹത്തോടുകൂടി യാത്രയായി. പക്ഷെ അതാ! നിരാശയുടെ തമോബാധ സോഫിയുടെ മുഖത്തുണ്ടാകുന്നു. അവൾ വെച്ചിരുന്ന പെട്ടി അവിടെ എങ്ങുംതന്നെ കാണുന്നില്ല. അവൾ ഓരോ മുറിയിലും, ഓരോമൂലയിലും, പെട്ടി അന്വേഷിച്ചു നടന്നുതുടങ്ങി; ഓരോ സ്ഥലത്തു ചെല്ലുമ്പോഴും നിരാശയും, അവളുടെ കാലിന്റെ വേഗതയും ഒരുപോലെ വർദ്ധിച്ചു. അതാ! അവൾ കാസിമിന്റെ അടുക്കലേക്കു കോപോന്മത്തയായിട്ടു പായുന്നു. സോഫിയുടെ പാദപ്രഹരത്തിന്റെ ശക്തികൊണ്ടു ഭൂകമ്പം നടക്കുന്നതുപോലെ തോന്നി. കാസിം ഉറക്കം തെളിഞ്ഞു് ഉത്സവബാഹുല്യത്തെ കല്പനാശക്തികൊണ്ടു സ്വപ്നം കണ്ടുകൊണ്ടിരുന്നതിനാൽ, ഭൂമി പിണങ്ങിയോടുന്നതായിരിക്കാമെന്നു ശങ്കിച്ചു വിരണ്ടു നിന്നു. അവൾ അയാളുടെ മുമ്പിൽ ചാടിവീണു് ഇങ്ങിനെ പറഞ്ഞു. "ഇപ്പോൾ പറയണം — പറയണം — വേഗം പറയണം — എന്റെ പെട്ടി എവിടെ? ഇപ്പോൾ പറയണം — വേഗം പെട്ടി തരണം. അല്ലെങ്കിൽ താനും ഞാനും ഇന്നു ശവമാണു. ദ്രോഹി! എവിടെയെന്റെ പെട്ടി?" സോഫിയുടെ ഇ വാക്കുകൾ കേട്ടു അല്പനേരത്തേക്കു പരിഭ്രമിച്ചു നിന്നുപോയ കാസിം മെല്ലെ പറഞ്ഞു:—

"ഇതെന്തു നാശമാണ്. നിങ്ങൾ ഈ പാതിരാത്രി ഓടിവന്നു് എന്നെ ഉപദ്രവിക്കുന്നതെന്താണു? നിങ്ങളല്ലേ ആകെ പറഞ്ഞ

യച്ചു പെട്ടി എടുപ്പിച്ചുകൊണ്ടു് പോയതു്. സന്ധ്യ കഴിഞ്ഞപ്പോൾ ഇവിടെ കൊട്ടാരത്തിലെ ഒരു ഭൃത്യൻ വന്നു എന്നോടു് ഇങ്ങിനെ പറഞ്ഞു. "ഇവിടെ കൊട്ടാരത്തിലെവക ഒരു പെട്ടിയിരിപ്പുണ്ടെന്നും, അതു് എടുത്തുതരുവാൻ സോഫി കൊച്ചമ്മ യമുനാതീരത്തിൽവെച്ചു പറഞ്ഞയച്ചിട്ടാണു് അയാൾ വന്നതെന്നും, ഉടൻ കൊടുത്തയക്കേണ്ടതാണെന്നും മറ്റും അയാൾ അറിയിച്ചു." കാസിം ഇത്രയും പറഞ്ഞപ്പോൾ സോഫിയുടെ മുഖം ചുവന്നു. അവളുടെ കണ്ണുകൾ നിറഞ്ഞു. അവൾ ഗർജ്ജിച്ചുതുടങ്ങി.

"എടോ കഴുതേ! ഞാൻ തന്റെ — പറഞ്ഞയച്ചിരുന്നോ? തന്നോടു ഞാൻ പറഞ്ഞോ പെട്ടി കൊടുത്തയക്കാൻ? നീ സർവ്വവും നശിപ്പിച്ചല്ലോ, ദ്രോഹി! ഇനി ഞാൻ എങ്ങോട്ടാണു് പോകുന്നതു്? ഇപ്പോൾത്തന്നെ എന്റെ പെട്ടി വാങ്ങിത്തരണം. വേഗം ഇറങ്ങി പൊയ്ക്കൊള്ളണം. പെട്ടി കിട്ടാതെ ഈ പെണ്ണു് ഇനി അടങ്ങുകയില്ല. സർവ്വേശ്വരാ! എന്നെ ഈ ദ്രോഹി ചതിച്ചല്ലോ. ഞാൻ എങ്ങോട്ടു് പോകും. ആരുടെ അടുക്കൽ ചോദിച്ചാലാണു് പരമാർത്ഥം അറിയുന്നതു്? എടോ! വേഗം പോയി എന്റെ പെട്ടി വാങ്ങിക്കൊണ്ടുവരണം. അല്ലെങ്കിൽ —" ഇത്രയും പറഞ്ഞു സോഫി അവളുടെ വസ്ത്രങ്ങളും ആഭരണങ്ങളും, വിളക്കും, പാത്രങ്ങളുമെല്ലാം വലിച്ചെറിഞ്ഞുതുടങ്ങി. കാസിം പിന്നീടും അവിടെത്തന്നെ നില്ക്കുന്നതുകണ്ടു് സോഫി വളരെ ഉച്ചത്തിൽ പറഞ്ഞു. "തന്നോടു് ഇറങ്ങിപ്പോകാനല്ലേ ഞാൻ പറഞ്ഞതു്? എന്റെ വീട്ടിൽ ഒരു നിമിഷം താമസിക്കരുതു്. ദ്രോഹി! ഉടൻ പോയി എന്റെ പെട്ടി കൊണ്ടുവരണം. അല്ലെങ്കിൽ നാളെ തന്നെ ഞാൻ തൂക്കിൽ കയറും" സോഫി ഇത്രയും പറഞ്ഞപ്പോൾ കാസിം പതുക്കെ ഉച്ചരിച്ചു:— "ഈ നട്ടപ്പാതിരായ്ക്കു ഞാൻ എവിടെപ്പോയാണു് പെട്ടി അന്വേഷിക്കേണ്ടതു്? ഞാൻ യാതൊന്നും കഴിച്ചിട്ടില്ല. ലേശവും ഉറങ്ങിയിട്ടുമില്ല. കഷ്ടം!

സോഫി:— എടാ ദ്രോഹീ! നീ ഉറങ്ങിയില്ലേ? മന്ദക്കഴുതേ! വേഗം പോയി എന്റെ പെട്ടി കൊണ്ടുവരണം. ഇറങ്ങി പൊയ്ക്കൊള്ളണം. പോ!"

സോഫിയുടെ ഉഗ്രതരമായ ഈ ശാസനകേട്ടു് യാതൊരു നിവൃത്തിയും ഇല്ലാതെ, "ഇതെല്ലാം എന്റെ വിധി തന്നെയാണു്. എന്റെ തലയിലെഴുത്തിങ്ങിനെയായല്ലോ. പെരുവഴിതന്നെ ആധാരമായി." എന്നുപറഞ്ഞു കരഞ്ഞുകൊണ്ടു രാജപാതയിലേക്കിറങ്ങി. അയാളുടെ ഉള്ളിൽ ഉണ്ടായിരുന്ന വിചാരങ്ങൾക്ക് എന്തെങ്കി

പ്പും പരിഹാരണം നിശ്ചയിക്കാൻ കഴിയുമെങ്കിൽ പരിണാമവും നിശ്ചയിക്കാൻ കഴിയും. ഇതിനുമുൻപു പല സന്ദർഭങ്ങളിലും തന്റെ ദാമ്പത്യജീവിതത്തിന്റെ നാരകീയാവസ്ഥ നല്ലതുപോലെ അയാൾ മനസ്സിലാക്കിയിട്ടുണ്ടെങ്കിലും, ഇന്നത്തെപ്പോലെ അതൊന്നും തന്റെ ദൌർബ്ബല്യമോ, സന്താപബാഹുല്യമോ അറിയിരുന്നില്ലെന്ന അയാൾക്കു തോന്നി. ഇന്നാണ് അതിന്റെ മൂർദ്ധന്യാവസ്ഥ പ്രത്യക്ഷമായതെന്നും യാതൊരു കുറവുമില്ലാതെ ഒരു ഭാര്യ, ഭർത്താവിനെ "അടിച്ചു പുറത്താക്കുന്ന" രീതിയെന്താണെന്ന ഇന്നുതന്നെയാണ് സ്വാനുഭവംകൊണ്ടു താൻ അറിഞ്ഞതെന്നും, ആ [illegible] വിചാരിച്ചു. താൻ രാപ്പകൽ ഒരുപോലെ അദ്ധ്വാനിച്ചു ധനം ആർജ്ജിച്ചു പുലർത്തുന്ന ഭാര്യ — സൌഖ്യത്തിലും ദുഃഖത്തിലും ഭർത്താവിനെ ഒരുപോലെ ഭക്തിപുരസ്സരം സ്നേഹിക്കേണ്ട ഭാര്യ — ഈ വിധത്തിൽ തനിക്കു സർപ്പോപദ്രവമായിത്തീർന്നതിൽ ഉളവായ സന്താപമെല്ലാം കൂടി ഒന്നിച്ചുയർന്ന ആ സാധുവിനെ വളരെ വിഷമിപ്പിച്ചു. തന്റെ സ്ഥിതിയിൽനിന്നും എളിയ ഒരു പെൺകുട്ടിയെ വിവാഹം ചെയ്തു താമസിച്ചിരുന്നെങ്കിൽ താൻ എത്രയോ ഭാഗ്യവാനാകുമായിരുന്നുവെന്നും, കേവലം സൌന്ദര്യത്തെയും പ്രൌഢിയേയും മാത്രം നോക്കി വിവാഹം ചെയ്തു അനർത്ഥങ്ങളെ വലിച്ചുവെച്ചതിന് താൻതന്നെയാണ് ഇന്ന ഉത്തരവാദിയെന്നും അയാൾ അറിയാതിരുന്നില്ല. എന്നുമാത്രമല്ല, സാധാരണയായി, സോഫിയെന്തെല്ലാംതന്നെ പറഞ്ഞിരുന്നാലും സസന്തോഷം അവയെല്ലാം, തന്റെ കർണ്ണങ്ങൾ സ്വാഗതമരുളി സ്വീകരിച്ചിരുന്നത്, വല്ലപ്പോഴെങ്കിലും സന്മനസ്സുണ്ടായി അവൾ ഒന്നു കടാക്ഷിച്ചെങ്കിലോ എന്നുള്ള സമാധാനംകൊണ്ടും ആശാബലംകൊണ്ടും ആയിരുന്നു. എന്നാൽ ഇയ്യിടെ കുറച്ചു ദിവസങ്ങളായി അവൾ തനിക്കു യാതൊരു സുഖവും നൽകുന്നില്ലെന്നും — പ്രത്യുത, ഒരു ഭർത്താവെന്നുള്ള നിലയിൽ തനിക്കു കരഗതമാവേണ്ട അവളിൽ തനിക്കുള്ള അവകാശത്തെയും അധികാരത്തെയും കൂടി അവൾ റദ്ദ് ചെയ്തുവെന്നും, തന്നെ ലവലേശം വകവെയ്ക്കാതെ അവൾ തന്നെ 'കൊതിപ്പിക്കുക' മാത്രമേ ചെയ്യുന്നുള്ളുവെന്നും ആ പാവം അറിഞ്ഞിരുന്നു. ഇന്നിതാ തന്റെ ദുരിതസൌധത്തിന്റെ പണി പൂർത്തിയായി. താഴികക്കുടവും സോഫിതന്നെ പ്രതിഷ്ഠിച്ചു കഴിഞ്ഞു. ഇന്നുമാത്രമാണ് കാസിമിന്റെ ഹൃദയത്തിൽ സോഫിയെപ്പറ്റി വെറുപ്പ് തോന്നിയിട്ടുള്ളത്. അഥവാ, അവൾ അയാളെ മടക്കി വിളിച്ചാൽ അയാളുടെ വെറുപ്പെല്ലാം തന്നെ മറിഞ്ഞ് പ്രേമമായി കലാശിക്കു

ത്തുകവിധത്തിൽ അയാളുടെ ഹൃദയം ബലവിഹീനമായിരുന്നില്ലേ?

ദാമ്പത്യമെന്നു പറയുന്നതു ഭൌമീയസൌഖ്യത്തിനു മാത്രം ആ സ്പദമാണെന്നു കരുതുന്ന മൂഢന്മാർ ലോകത്തിൽ ഉണ്ടായിരിക്കാം. എന്നാൽ അതിന്റെ പാവനമായ അവസ്ഥയെപ്പറ്റി ചിന്തിക്കുവാൻ കഴിയാത്ത സ്ത്രീപുരുഷന്മാർ കേവലം സന്താനവർദ്ധകയന്ത്രങ്ങളായിത്തീരാതെ, അതിൽ നിന്നു വിരമിച്ചു ജീവിക്കുകതന്നെയാണ് ഉത്തമം. വിവാഹം സംസാരത്തെ നിയന്ത്രിക്കുന്നു എന്നാകയാൽ അതു മായയെന്നോ, പേയെന്നോ മറായയെന്നോ പറയുവാൻ വളരെ സൂക്ഷിച്ചു വേണ്ടിയിരിക്കുന്നു. അതു് ഒരു സാമുദായികനിബന്ധനയെ നള്ളതിനാക്കാൻ ഒരു ഐതീയനിയമം എന്നു തന്നെ കരുതപ്പെടേണ്ടതാകുന്നു. വിവാഹത്തിന്റെ പരിശുദ്ധി ഒരിക്കലും അനാദരണീയമായി ഭവിക്കുന്നില്ല. എന്നാൽ ശരിയായ പരിചിന്തനം കൂടാതെ, ചില പരിതസ്ഥിതികളെപ്പറ്റി മാത്രം വിചാരിച്ചു നടത്തപ്പെട്ടിട്ടുള്ള പല വിവാഹങ്ങളും, അതിൽ ഏർപ്പെട്ടിട്ടുള്ളവരുടെ ഉൽകർഷത്തെയും ഉന്മനത്തെയും തടഞ്ഞു്, ഓജസ്സിനെയും തേജസ്സിനെയും കളഞ്ഞു, ജീവിതത്തെ തന്നെ അധഃപതിപ്പിച്ചിട്ടുള്ളതായി അറിയുന്നുണ്ടു്. അപ്രകാരം ഉള്ളവരിൽ ഒരാളായിരുന്നു കാസിം എന്നു പറയുന്നതിൽ വലിയ തെറ്റില്ല. പ്രേമം എന്ന അത്ഭുതഗുണത്തെപ്പറ്റി ഏതെങ്കിലും രീതിയിൽ അറിയാത്തവർ ഈ ലോകത്തിൽ വളരെ ഉണ്ടെന്നു തോന്നുന്നില്ല. ഒരു പക്ഷേ കാസിമിന്റെ കൂട്ടുകാർക്ക് അതിനു കഴിഞ്ഞുവെന്നുവരാം. ഇല്ല, അയാളും ഒരു രീതിയിൽ അതെന്താണെന്നറിഞ്ഞിട്ടുണ്ടു്. പരിശുദ്ധമായ പ്രേമത്തിന് ആധാരമായിരിക്കുന്ന ദാമ്പത്യത്തിന്റെ നിലയും വിലയും അറിയാതെ വിവാഹബന്ധത്തിൽ ഏർപ്പെട്ടു നട്ടംതിരിയുന്ന മനുഷ്യരെക്കൊണ്ടു സമുദായത്തിനും ലോകത്തിനും അപകർഷം മാത്രമാണുണ്ടാകുന്നതു്. വിവാഹം കൊണ്ടു സാധിക്കേണ്ടതു് എന്തെല്ലാമായിരുന്നാലും, അതിനെപ്പറ്റി പരിചിന്തനം ചെയ്യുവാൻ ഒരിക്കലെങ്കിലും പ്രാപ്തിയില്ലാത്ത വധൂവരന്മാർ, ലോകത്തെ ദുഷിപ്പിക്കാതെ തങ്ങളുടെ ബന്ധത്തെ ഇല്ലാതെയാക്കി സ്വാതന്ത്ര്യസിദ്ധിക്കുവേണ്ടി പരിശ്രമിക്കുന്നതു് ഒരു മാതിരി പുണ്യം തന്നെയായിരിക്കും. ഭർത്താവിനോടു പ്രേമമില്ലാത്ത ഭാര്യ ജ്ഞാനത്തെ ദുഷിപ്പിക്കുന്ന ഗ്രന്ഥം പോലെയോ, വർഷംകൊണ്ടു ഫലമില്ലാത്ത മരുഭൂമിപോലെയോ ഉപയോഗശൂന്യവും ഉപേക്ഷണീയവുമാകുന്നു. വധൂവരന്മാർ പരസ്പരം സ്നേഹിക്കണമെന്നു പറയുന്നതു സ്വാത്മാവിനെ സ്നേഹിക്കണമെന്നു പറയുന്നതിന്റെ പര്യായം മാത്രമാകുന്നു.

അപ്രകാരം ചെയ്യാൻ കഴിയാത്തവർ മറ്റൊരാളെ ഉപദ്രവിക്കാതെ കഴിഞ്ഞിരിക്കുന്നതു നരകത്തിലേക്കുള്ള "പാസ്പോർട്ട്" വാങ്ങാതിരിക്കുന്നതിനുള്ള ഉത്തമോപായമാണ്. കാസിമിനോടു സോദരപക്ഷവാത്സല്യത്തിൽ യാതൊരു പ്രിയവുമില്ലെന്ന് അയാൾക്കറിയാമായിരുന്നു. പക്ഷെ അയാൾ പിന്നീടെന്തുകൊണ്ടാണ് ഈ വിനാശബന്ധത്തിൽ ഏർപ്പെട്ടതെന്നും, എന്തുകൊണ്ടാണ് അതിനെ നിവാരിത്തിപ്പോരാനാരതെന്നും ഇന്നു നമ്മൾക്കറിവാൻ നിവൃത്തിയില്ല.

സംഘത്തിൽ നിന്നും ബഹിഷ്കൃതനായ കാസിം രാജപാതയിലേക്കിറങ്ങി ചുറ്റുമൊന്നു നോക്കി. അയാളുടെ ഭാഗ്യവിപര്യയത്തിനെപ്പററി ആലോചിക്കുന്തോറും ഹൃദയം സന്താപംകൊണ്ടു പൂർണ്ണമാകുകയും, കണ്ണിൽ നിന്നും തോരാതെ അശ്രു പ്രവഹിക്കുകയും ചെയ്തു. എങ്ങോട്ടാണു പോകേണ്ടതെന്നും, എവിടെപ്പോയിട്ടാണു പെട്ടി തേടിക്കൊണ്ടു വരേണ്ടതെന്നും അറിയാതെ ആ സാധു അല്പനേരം അവിടെ തന്നെ നിന്നു. എങ്കിലും തെരുവിൽ തന്നെ പോയി ശയിക്കാമെന്ന് അയാൾ തീർച്ചപ്പെടുത്തി. അയാൾ ഇങ്ങിനെ വിചാരിച്ചു.

"ഇതെല്ലാം ഒരാൾ കാണുന്നുണ്ടല്ലോ. അയാൾ തന്നെ അറിയട്ടെ. എന്റെ വിധിയിവിധത്തിലായല്ലോ. എല്ലാം തലയിലെഴുത്തു തന്നെയാണ്." ഇത്രയും പറഞ്ഞ് വീണ്ടും അയാൾ നടന്നു തുടങ്ങിയപ്പോൾ ഉത്സവാഘോഷം കഴിഞ്ഞ് ആളുകൾ കൂട്ടംകൂട്ടമായിപ്പോകുന്നത് അയാൾ കണ്ടു. അല്പദൂരം നടന്നപ്പോൾ, അയാളുടെ പിമ്പേ വരുന്നതിൽ ആരോ ഒരാൾ ഇങ്ങിനെ പറയുന്നത് അയാൾ കേട്ടു.

"എന്തുചെയ്യാം! ഇന്നു തെണ്ടിയിട്ടു യാതൊന്നും കിട്ടിയില്ല; രണ്ടു വെള്ളിനാണയം മാത്രം ലഭിച്ചു. നാളെ വായിൽ മണ്ണിടാതെ മാത്രം കഴിഞ്ഞു." ഇപ്രകാരം പറയുന്ന ആൾ ആരാണെന്നറിവാനുള്ള ഉൽക്കണ്ഠയോടുകൂടി കാസിം തിരിഞ്ഞു നിന്നു. അപ്പോൾ കണ്ടതു ഹാക്കിമിനെ ആയിരുന്നു. ഹാക്കിം കാസിമിനെ കണ്ട ഉടൻ അത്ഭുതത്തോടുകൂടി ചോദിച്ചു:—

"യജമാനൻ ഈ പാതിരയ്ക്ക് എവിടെപ്പോകുന്നു? ഹാക്കിമിനു വല്ലതും തരണേ! ഇന്നൊന്നും കിട്ടിയില്ല. ഒരു പക്ഷെ കൊട്ടാരത്തിലേക്കായിരിക്കാം, അല്ലേ?" ഇതുകേട്ട കാസിം ദയനീയമായ സ്വരത്തിൽ പറഞ്ഞു.

"എടോ ഞാൻ ഇന്നേക്കാൾ കഷ്ടസ്ഥിതിയിലായി തീർന്നു. എനിക്ക് തന്നെയും ഇന്ന് ഒരു ഗതിയുമില്ല. കിടക്കാൻ കൂടി സ്ഥലമി

ല്ലാതെ ഞാൻ വലഞ്ഞു. എന്റെ ഇതിഹാസത്തെപ്പററി ആലോചിച്ചാൽ ഞാൻ വളരെ ധന്യൻ തന്നെയാണ്."

ഹാകിം — എന്തു്? യജമാനനു ഭ്രാന്തുണ്ടോ? അവിടുന്ന് എന്താണ് ഈ പ്രകാരം പറയുന്നതു്? ഹാകിം വേണ്ടതുതരാമല്ലോ. പക്ഷെ കിടക്കാൻ ഹാകിമിന്റെ മടിയല്ലാതെ വേറെ സ്ഥലമില്ല. ആകട്ടെ, എന്താണിപ്പോൾ അവിടേക്കു വന്നിട്ടുള്ള ആപത്തു്? അതു ഞാൻ കേൾക്കട്ടെ.

കാസിം — അതെല്ലാം ഇനി പറഞ്ഞതുകൊണ്ടു എന്തുഫലം? 'മരം അറിഞ്ഞു വേണം കൊടിയിടാൻ' എന്നു പറയുന്നതു വളരെ പരമാർത്ഥമാണ്. ഞാൻ ഇതെല്ലാം ആദ്യം തന്നെ ആലോചിക്കേണ്ടതായിരുന്നു. ഇത്രയും കാലം ദേഹാദ്ധ്വാനം ചെയ്തു് എല്ലാവരുടെയും അടിയും തൊഴിയും ഏററു തിരിപ്പാററിയിട്ടു നമ്മൾക്കു് അവസാനം ഇങ്ങിനെയായല്ലോ? എന്തു ചെയ്യാം? എല്ലാം വിധിതന്നെയാണ്. ഞാൻ കണ്ടില്ല തരം. അവർ ഇതെല്ലാം അനുഭവിക്കാതെ പോകുമോ?

ഹാകിം — ഇപ്പോൾ ആരാണ് അവിടത്തെ ശത്രുവായിത്തീർന്നിട്ടുള്ളതു. ഹാകിമിനു ബന്ധുക്കളായിട്ടാരുമില്ലെങ്കിലും ശത്രുക്കളും ആരും തന്നെയില്ല. അവിടുത്തെ ദ്രോഹിച്ച ശത്രു ആരാണു?

കാസിം — ഒരു പുരുഷന്റെ വലിയ ശത്രു അവന്റെ ഭാര്യയല്ലാതെ മററാരാണു? ഇഹത്തിലും പരത്തിലും അവൾതന്നെയാണല്ലോ ഏററവും ഭയപ്പെടേണ്ട ശത്രു. എനിക്കും അങ്ങിനെ തന്നെ. നമ്മുടെ വിധിതന്നെയാണു.

ഹാകിം — അയ്യോ! സോഫിയയോ? അവർ എത്ര നല്ല സ്ത്രീയാണ്! എനിക്കപ്പോഴും വല്ലതുമൊക്കെ തരാതിരിക്കയില്ല. പക്ഷെ നിങ്ങൾ തമ്മിൽ 'അങ്ങിനെയിങ്ങിനെ'യാണെന്നു ഞാൻ അറിഞ്ഞില്ല. കാരണമെന്താണു?

കാസിം — അങ്ങിനെയൊന്നും പറയേണ്ട കാര്യമില്ല. ഒരു പെട്ടി അവിടെ വെച്ചിരുന്നു! അതു — എന്തിനു പറയുന്നു, നമ്മുടെ തലയിലെഴുത്തു ഇങ്ങിനെയായല്ലോ?

ഹാകിം — എന്താ! പെട്ടിക്കകത്തുനിന്നും വല്ല സാധനവും പോയോ? അങ്ങിനെയാണെങ്കിൽ കൊള്ളാമല്ലോ. ഇപ്പോൾ ഇങ്ങിനെയും തുടങ്ങിയോ?

കാസിം — എന്നാൽ സമാധാനമുണ്ടായിരുന്നല്ലോ. പെട്ടിതന്നെയും ഇപ്പോൾ അവിടെയില്ല. എല്ലാം വിധിതന്നെയാണു.

ഹാക്കിം — എന്റെ ഷെരീഫാ! അവിടെനിന്നും പെട്ടി അറിയാതെ മോഷ്ടിച്ചതെങ്ങിനെയാണ്? എല്ലാം വളരെ രസകരമായിരിക്കുന്നുവല്ലോ.

കാസിം — എടോ അറിയാതെ മോഷ്ടിച്ചാൽ തരക്കേടില്ലല്ലോ! അറിഞ്ഞുമോഷ്ടിച്ചതല്ലേ സങ്കടം. എല്ലാം തലയിലെഴുത്തുതന്നെയാണ. സംശയമില്ല.

ഹാക്കിം — അറിഞ്ഞു മോഷ്ടിച്ചെന്നോ! ഞാൻ ഇതിനു മുൻപു ഇങ്ങിനെ കേട്ടിട്ടില്ല. ഇതാശ്ചര്യമായിട്ടാണ.

കാസിം — അതേ! ഇതാശ്ചര്യമായിട്ടാണ് ഞാൻ അവിടെയിരിക്കുമ്പോൾ ഒരു ദ്രോഹി കയറിവന്നു ഭൂപാലി പറഞ്ഞയച്ച പെട്ടി കൊടുത്തയക്കാനെന്നു അറിയിച്ചു. ഞാൻ അതു വിശ്വസിച്ചു. എന്തുചെയ്യാം? വിധിതന്നെയാണ.

ഹാക്കിം — എടാ ദ്രോഹി! ചക്രവർത്തിയുടെ കാലത്തു് ഞാൻ ഇങ്ങിനെ കേട്ടിട്ടില്ല. എന്നിട്ട്?—

കാസിം — അവന്റെ ഉടുപ്പും, മട്ടും, നോട്ടവും മറ്റും കണ്ടാൽ പച്ച പരമാർത്ഥിയാണെന്ന് അക്ബർചക്രവർത്തിക്കുകൂടി തോന്നാതിരിക്കയില്ല. അത്രക്ക് ഉണ്ണിസ്ലൂത്വം ഉണ്ടായിരുന്നു. എല്ലാം വിധിതന്നെയല്ലേ?

ഹാക്കിം — എടാ ഉണ്ണിസ്ലൂവേ! ഈ പാപത്തിനു വഴിയാധാരമാക്കിയ പരമദ്രോഹി എവിടെപ്പോയി?

കാസിം — അതെനിക്ക നിശ്ചയമുണ്ടായിരുന്നെങ്കിൽ ഞാൻ അവനെ കൊന്നിട്ടെങ്കിലും പെട്ടി വാങ്ങുമായിരുന്നല്ലോ. പോകട്ടെ. ഹാക്കിം, ആ ഉത്സവത്തിനിടയിലെങ്ങാനും അവനെ കണ്ടുവോ? വിധിതന്നെയാണ്!

ഹാക്കിം — ഞാൻ പലരും പെട്ടിയുമായി നടക്കുന്നതു കണ്ടു. പക്ഷെ അതെല്ലാം മോഷ്ടിച്ചിട്ടുള്ള പെട്ടികളാണെന്നു ഒരു പെട്ടിയിലും എഴുതി കണ്ടില്ല, പക്ഷെ മോഷ്ടിച്ചവർ അങ്ങിനെ ചെയ്യുമോ?

കാസിം — നീ ഒരു മൂഢനാണല്ലോ. മോഷ്ടിച്ചവർ പെട്ടിയിൽ അതെഴുതിക്കൊണ്ടു നടക്കുമോ?

ഹാക്കിം — അല്ല — ഹാക്കിമിനു പിന്നെ ഇതൊക്കെ അറിയാമോ? പിന്നെ അന്വേഷിക്കാമെന്നല്ലാതെ ഞാൻ അവനെ കണ്ടിരുന്നെങ്കിൽ വിടുമോ? അവൻ കല്യാദ്രോഹിയല്ലേ?

കാസിം — ഹാക്കിം അവിടെയെങ്ങാനും അവനെ കാണുന്നപക്ഷം ഉടനെ എന്റെ അടുക്കൽ കൊണ്ടുവരണം. ഇല്ലെങ്കിൽ എന്റെ ക

ധ വളരെ പരവശമാണു. തിരിച്ച് ഇനി അങ്ങോട്ട് പെട്ടികൂടാതെ പോകുന്നതെങ്ങിനെയാണ്? അവിടെ ചെല്ലുമ്പോൾ സോഫി ഇന്നുതന്നെ എന്റെ കഥ കഴിക്കും.

ഹാക്കിം—അയ്യോ! അവിടുന്ന് ഇത്ര ഭയപ്പെടുന്നതെന്തിനാണ്? അവൾ ഒരു പെണ്ണല്ലേ? വല്ലതും പറഞ്ഞാൽ ഹാക്കിമിനെപ്പോലെ ചെയ്യണം. ഒന്നുരണ്ടു നല്ല കുണുക്കിനു കിട്ടുമ്പോൾ പിന്നെ മിണ്ടുകില്ല. പെണ്ണുങ്ങളെ ഭയപ്പെട്ടാൽ പിന്നെ ജീവിക്കുന്നതെങ്ങിനെ?

കാസിം—ഹാക്കിം! അങ്ങിനെയൊന്നും പറയരുതേ! ഞാൻ വല്ലതും മിണ്ടിയാൽ ഉടൻ എന്നെ ദ്രോഹിച്ചുകളയും. അവൾക്കു കൊട്ടാരത്തിൽ വലിയ സേവയാണ്! നമ്മുടെ വായും മൂടും.

ഹാക്കിം—ഇങ്ങിനെ വളംവെച്ചു കൊടുത്തിട്ടു വേണം തല്ലു വാങ്ങിക്കാൻ! കഷ്ടം! ഹാക്കിം ആയിരിക്കേണ്ടിയിരുന്നു! ഇന്നു സോഫിയുടെ കഥ കഴിയുമായിരുന്നു. വേറെ എത്ര പെണ്ണുങ്ങൾ കിടക്കുന്നു! ഇങ്ങിനെയൊക്കെ ഭയപ്പെടുന്നതുതന്നെ അബദ്ധമല്ലേ? രണ്ടു കൊടുക്കണം. അതു മതി.

കാസിം—അതെങ്ങിനെയാണ്. എന്നോടു കയർത്തുതുടങ്ങുമല്ലോ. അതാണു ഭയം. എല്ലാം തലയിലെഴുത്തുതന്നെയാണ്. സംശയമില്ല.

ഹാക്കിം—അതു ഞാൻ പറഞ്ഞുതരാം. ഇന്ന് ഇപ്പോൾതന്നെ അങ്ങോട്ടു കയറിച്ചെല്ലണം. അവൾ വല്ലതും പറയുമ്പോൾ അതിന്റെ ഇരട്ടി അങ്ങോട്ടു പറയണം. പിന്നേയും അവൾ പറഞ്ഞാൽ ഒരു പിച്ചാത്തി നിവർത്തിക്കൊണ്ട് അവളുടെ അടുക്കൽ ചെല്ലണം. എല്ലാം ഭാവിക്കയേ പാടുള്ളു. ഇതാണു ഹാക്കിം ഭാര്യയോടു പെരുമാറുന്ന രീതി. അതുപോലെതന്നെ പെരുമാറിയാൽ മതി. പിന്നെ ഒരുതരത്തിലും സങ്കടമുണ്ടാകയില്ല.

കാസിം—ശരിയാണ്. ഇനിമുതൽ ഞാൻ ഹാക്കിം പറഞ്ഞതുപോലെ പ്രവർത്തിക്കുവാൻ തീർച്ചപ്പെടുത്തി. എനിക്കു ഇനി എന്തായാലും അങ്ങിനെതന്നെ ചെയ്യാതെ കഴികയില്ല. നീ പറഞ്ഞതു പരമാർത്ഥമാണ്. ചവുട്ടിയാൽ കടിക്കാത്ത പാമ്പുണ്ടോ? ഞാൻ ഇത്രയും നാളൊക്കെ ക്ഷമിച്ചു. ഇനി എനിക്ക് ക്ഷമിക്കാൻ സാധിക്കയില്ല. ഇതിൽ കൂടുതൽ സങ്കടമെന്താണു വരുവാനുള്ളത്? എന്നാൽ ഞാൻ ഉടൻതന്നെ പോകട്ടെ.”

കാസിം ഇത്രയും പറഞ്ഞപ്പോൾ ഹാക്കിമിനു വളരെ സന്തോഷമുണ്ടായി. "എന്നാൽ ഹാക്കിം പറഞ്ഞതുപോലെ"യെന്നു യാത്ര ചൊല്ലിക്കൊണ്ട് അയാൾ തെരുവിലേക്കുതന്നെ പോകയുംചെയ്തു. ഹാക്കിമിന്റെ വാക്കുകൾ കേട്ട്, എന്താണ്ടു ചിലതൊക്കെ തീരുമാനിച്ചുറച്ച്, ധൈര്യം അവലംബിച്ചുകൊണ്ടു കാസിം തിരിച്ചു നടന്നു. അയാൾ ഗൃഹത്തിന്റെ വാതുക്കൽ എത്തി. അപ്പോൾ സോഫി അവിടെ ഇരിക്കുന്നതായി കണ്ടു. അവളുടെ മുഖം വിഷാദഭാവത്തെ പ്രകടിപ്പിച്ചു. കാസിം ഗൌരവത്തോടുകൂടി ഗൃഹത്തിനുള്ളിലേക്കു കടന്നുചെന്നു. അയാളെ കണ്ട ഉടൻ സോഫി പറഞ്ഞുതുടങ്ങി:—

"എടാ ദ്രോഹി! എവിടെ എന്റെ പെട്ടി? പെട്ടി കൊണ്ടുവന്നില്ലേ?" സോഫിയുടെ ഈ പരുഷവചനങ്ങൾ കേട്ട ഉടനെ, തന്റെ ചുണ്ടു കടിച്ച്, കണ്ണുകൾ മിഴിച്ച്, കാസിം ഒന്ന് അലറി. "എടീ ദ്രോഹി! നിന്നെ ഞാൻ ഇന്നുതന്നെ കത്തികൊണ്ടു കൊല്ലുന്നുണ്ട്." കാസിം ഇപ്രകാരം പറയുന്നതു കേട്ടപ്പോൾ സോഫി പരിഭ്രമിക്കാതിരുന്നില്ല. ഇതുവരെ തന്നോടു പറഞ്ഞിട്ടില്ലാത്തവിധം ഗർജ്ജിച്ച കാസിമിനോടു പിന്നീടു ഒരക്ഷരംപോലും പറയുവാൻ സോഫിയുടെ തഴമ്പുപിടിച്ച നാവിനുകൂടി ധൈര്യമുണ്ടായില്ല. അവൾ യാതൊരു ചേഷ്ടയും കാണിക്കാതെ അവിടെത്തന്നെ നിന്നു. കാസിം ഗൃഹത്തിനുള്ളിൽ പ്രവേശിച്ചഉടൻതന്നെ, ഹാക്കിമിന്റെ ഉപദേശം അനുസരിച്ച് ഒരു പിച്ചാത്തി കൈയ്യിലാക്കി നിവർത്തി പിടിച്ചുകൊണ്ട് സോഫിക്ക് അഭിമുഖമായി നിന്നു. അവൾ കാസിമിനെ ഭയപ്പെടുന്നതായിരുന്നു. എന്നു മാത്രമല്ല, അയാൾ തന്നെ ഉപദ്രവിച്ചേക്കുമെന്നും അവൾ ഭയപ്പെട്ടു. അയാളെ ഒന്നുകൂടി ശകാരിച്ചാൽ കൊള്ളാമെന്നു സോഫിക്കു വളരെ ആഗ്രഹമുണ്ടായിരുന്നെങ്കിലും അതിനൊന്നും അവൾ പ്രാപ്തയായില്ല. കമറുദ്ദീൻസ്വാമിയുടെ അടുക്കൽ നാക്കു നീട്ടിക്കൊണ്ടു ചെന്നപ്പോൾ കിട്ടിയ അനുഭവം അനുസ്മരിക്കുവാൻ സോഫിക്കു ലഭിച്ച ഈ സന്ദർഭം അവളെ അത്യധികമായി വേദനപ്പെടുത്തി. എന്നാൽ ഇനി നല്ലതു പരോപദ്രവമില്ലാത്ത ബാഷ്പപ്രവാഹംതന്നെയാണെന്നു തീർച്ചപ്പെടുത്തി ആ വിശാലാക്ഷി മുറ്റു കരഞ്ഞുതുടങ്ങി. തന്റെ ഭാര്യ കരയാൻ തുടങ്ങിയാൽ ഹാക്കിം എന്തൊന്നു ചെയ്യുവാനുള്ളതെന്നു കാസിമിനെ ധരിപ്പിക്കാതിരുന്നതിന്റെ അന്തർവൈചിത്ര്യം ആ സാധുവിനു മനസ്സിലായതു അപ്പോൾമാത്രമാണ്.

അതുകൂടി അയാളിൽനിന്നു മനസ്സിലാക്കിയിരുന്നെങ്കിൽ, വേണ്ടതു പ്രവർത്തിക്കാമെന്നും കാസിം കരുതാതിരുന്നില്ല. സാധാരണയായി സോഫി പൌരുഷമില്ലാത്ത മോഹനത്തിനു ഇരയാറില്ലാത്തതുകൊണ്ട്, അന്നത്തെ ഈ സംരംഭത്തെ നിവാരണംചെയ്യാനുള്ള വിദ്യകളൊന്നുംതന്നെ അയാൾ പരിശീലിച്ചിട്ടില്ല. എന്നാൽ ഇതിൽ സോഫി വിജയിനിയാകാതിരുന്നുമില്ല. കാസിമിന്റെ ഹൃത്തട്ടിൽ ഹാക്കിമിന്റെ വാക്കുകൾ തല്ക്കാലാവശ്യത്തിനു തൊട്ടുതേച്ചിരുന്ന പൌരുഷമെല്ലാം, സോഫിയുടെ ബാഷ്പപ്രവാഹം നല്ലതുപോലെ കലക്കിയൊഴുക്കിക്കളഞ്ഞു. അയാളുടെ മിഥ്യാകോപം അയാളിൽനിന്നും യാത്രപറഞ്ഞു പിരിഞ്ഞു. ഏതെങ്കിലും വിധത്തിൽ സോഫിയെ സമാധാനിപ്പിക്കാമെന്നു കരുതി കാസിം ഇങ്ങിനെ പറഞ്ഞു:—

"ഞാൻ പെട്ടിയെപ്പറ്റി അന്വേഷിച്ചു. നാളെത്തന്നെ പെട്ടി ഇവിടെ കൊണ്ടുവരും. എന്തിനാണു വെറുതെ എന്നെ ശകാരിച്ചതു്? അതിന്റെ അനുഭവമാണിതെല്ലാം."

കാസിമിന്റെ സാന്ത്വനങ്ങൾ കേട്ടിട്ടും സോഫിയ്ക്കു യാതൊരു സമാധാനവും ഉണ്ടായില്ല. അവൾ പിന്നെയും അണമുറിഞ്ഞ നദിപോലെ, തള്ള മരിച്ച പിള്ളപോലെ, അപ്പൻ തല്ലിയ കുട്ടിപോലെ, ബാഷ്പപ്രവാഹത്തെ തുടർന്നു. കാസിമിനു സോഫിയുടെ അശ്രുപ്രവാഹത്തിൽ നിലയില്ലാതെയായി. അയാൾ എന്തായാലും ഇന്നിനി സുഖമായുറങ്ങുകയില്ലെന്നു കരുതി അവിടെ ഇരുന്നുതന്നെ രാത്രി വെളുപ്പിക്കുവാൻ തീർച്ചപ്പെടുത്തി. സോഫിയും, വല്ലതരത്തിലും പ്രഭാതമാകണേ എന്നു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. രണ്ടു ശിലാവിഗ്രഹങ്ങൾപോലെ ഇരുപേരും അവിടെ മൌനമായിട്ടു് ഇരുന്നെങ്കിലും കാസിം ഇടക്കിടക്കു "ഇതെല്ലാം വിധിയാ"ണെന്നു പറയാതിരുന്നില്ല.

ഇനി ഹാക്കിമിന്റെ സ്ഥിതിയെന്താണെന്നു നോക്കാം. അയാൾ കാസിമിനു വേണ്ട ഉപദേശങ്ങൾ കൊടുത്ത ശേഷം പോയതു തെരുവിലേക്കാണെന്നു പറഞ്ഞുവല്ലോ. തെരുവിന്റെ മറുഭാഗത്തുകൂടി യമുനാതീരത്തിലേക്കു പുറപ്പെട്ടു. നദീതടത്തിൽ എത്തിയതിനുശേഷം തന്റെ ഗതിയെ വേറെ ഒരു വഴിക്കു തിരിച്ച് അയാൾ ഒരു വിശാലമായ മന്ദിരത്തിന്റെ വാതുക്കലെത്തി. അഥവാ യാചകന്മാർ കാണുന്നിടമെല്ലാം കിടപ്പിടമാണല്ലോ! മന്ദിരത്തിന്റെ പുറത്തുണ്ടായിരുന്ന ആരാമത്തിൽ, പ്രവേശിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എല്ലാംതന്നെ അടഞ്ഞിരുന്നെങ്കിലും, ആ ദാരിദ്ര്യഭൂതം ഉയരമായ കരിങ്കൽമതിലിന്റെ ഉപരികയറി പതുക്കെ ആരാമത്തിൽ പ്രവേശിച്ചു. ആൾപാർപ്പില്ലാതെ കിടക്കുന്ന കെട്ടിടങ്ങളിൽ ഭിക്ഷക്കാർ വിശ്രമിക്കു

കയെന്നുള്ളതു് അത്യന്തമോ നീതിക്കും ന്യായത്തിനും വിരുദ്ധമാണെന്നു കരുതാറില്ലാത്തതുകൊണ്ടു ഒരു പക്ഷേ യാചകൻ ആ നിർജ്ജനഗൃഹത്തെ, തന്റെ പള്ളിമേടയായി കരുതുന്നതാവാം. എന്നാൽ അതു നിർജ്ജനഗൃഹമാണെന്നു കരുതുന്നതെങ്ങിനെ? അവിടെ ആരോ പാർക്കുന്നുണ്ടു്. പക്ഷേ ആരാണെന്നറിവാൻ ഇപ്പോൾ സാദ്ധ്യമല്ല. വിശാലമായ ആ മന്ദിരത്തിനുള്ളിൽ ആരോ വർത്തമാനം പറഞ്ഞു രസിക്കുന്നതുപോലെ തോന്നുന്നു!!

പാളയും പട്ടിണിയുമായി കഴിയുന്ന പിച്ചതെണ്ടിക്കു് അവിടെ എന്തു കാര്യമാണുള്ളതു്? അഥവാ അവിടെനിന്നും വല്ല സാധനവും മോഷ്ടിച്ചുകൊണ്ടുപോയി ജീവിതം സുഖകരമാക്കാമെന്നു അയാൾ വിചാരിക്കുന്നതാവാം! അയാൾ ഏകദേശം ഒരു മണിക്കൂർ നേരം അവിടെത്തന്നെ നിന്നു. മോഷ്ടിക്കുന്നതിനു യാതൊരു തരവും ഇല്ലാതെയിട്ടായിരിക്കാം, അയാൾ അകത്തേക്കു പ്രവേശിച്ച രീതിയിൽ തന്നെ പിറുപിറുത്തുകൊണ്ടു പുറത്തേക്കിറങ്ങിയതു്. ആ മന്ദിരത്തിനുള്ളിൽനിന്നും ഇറങ്ങി നേരെ, അയാൾ വീണ്ടും തെരുവിലേക്കുള്ള രാജപാതയിൽ പ്രവേശിച്ചു കൊട്ടാരത്തെ ലക്ഷ്യമാക്കി നടന്നു. തെരുവിന്റെ ഒരു പ്രധാനഭാഗത്തു കൊട്ടാരത്തിലേക്കുള്ള ഗോപുരത്തിന്റെ മറുവശത്തുള്ള ഒരു ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടത്തിൽ കയറി യാചകൻ തന്റെ ഭാണ്ഡവും തലയ്ക്കുവെച്ചു ശയിച്ചു. അല്പനേരം കഴിഞ്ഞപ്പോൾ ആ ഗോപുരവാതുക്കലേക്കു് ആരോ ത്വരയോടുകൂടി വരുന്നുണ്ടെന്നു മനസ്സിലാക്കി അയാൾ തലപൊക്കി ആവതോളം സൂക്ഷിച്ചു നോക്കി. ചന്ദ്രിക നല്ലതുപോലെ തെളിഞ്ഞിരുന്നതിനാൽ അയാൾക്കു, രാജപാതയിൽക്കൂടി നടന്നു ഗോപുരവാതുക്കൽ എത്തുന്ന ആഗതനെ ശരിയായി കാണുന്നതിനു സാധിച്ചു. അയാൾ കോമളനായ ഒരു യുവാവാണെന്നു ഫാക്കിറിനു മനസ്സിലായി. ആഗതൻ ഗോപുരത്തിൽ വന്നു, തന്റെ കയ്യിൽ ഉണ്ടായിരുന്ന താക്കോൽകൊണ്ടു് ഒരു ഗൂഢകവാടത്തെ തുറന്നു കോട്ടയ്ക്കുള്ളിൽ പ്രവേശിച്ചു. ഇപ്രകാരം അസമയത്തു, ഏകാകിയായി, ഗൂഢമാർഗ്ഗത്തിൽക്കൂടി കൊട്ടാരത്തിനകത്തു പ്രവേശിച്ച ആൾ ആരായിരിക്കാമെന്നു പല സംശയങ്ങൾക്കു വകയുണ്ടെങ്കിലും, ഇതെല്ലാം, കണ്ടുകൊണ്ടു കിടക്കുന്ന ഫാക്കിറിനു ലേശവും അത്ഭുതമുണ്ടായിരുന്നില്ല. അഥവാ, പിച്ചതെണ്ടി നടക്കുന്നവനു യാതൊന്നിലും അതിശയമുണ്ടാകുവാൻ കാരണമില്ലല്ലോ!

മഹോത്സവത്തിന്റെ വേറെ ഒരു ഭാഗത്തെ കാണിച്ചുകൊണ്ടു് ആ രാത്രി ഇങ്ങിനെ മെല്ലെമെല്ലെ പ്രഭാതത്തിലേക്കു ചരിച്ചു.

——— :൦: ———

ഇരുപത്തിമൂന്നാം അദ്ധ്യായം.

അക്ബർ പാദുഷായും സെലിം രാജകുമാരനും തമ്മിൽ ഏ
റ്റവും രഹസ്യമായി ഒരു കൂടിക്കാഴ്ച നടന്നതിനെപ്പറ്റി അറിയാവു
ന്നവർ കൊട്ടാരത്തിൽതന്നെയും അധികംപേർ ഉണ്ടായിരുന്നില്ല.
എന്നാൽ ഏതിനാണു ചക്രവർത്തി രാജകുമാരനുമായി കൂടിക്കാഴ്ച ന
ടത്തിയതെന്നും മറ്റുമുള്ള സംഗതികളെപ്പറ്റി പലരും പലവിധ
ത്തിലും സംസാരിക്കുന്നുണ്ട്. അന്തേവാസികളും പാർശ്വവർത്തികളും ആ
യ പരിചാരികമാർക്കും ദാസന്മാർക്കും അറിയാൻ കഴിയാത്ത രഹസ്യ
ങ്ങൾ ഒന്നുംതന്നെ രാജകൊട്ടാരത്തിൽകൂടിയും നടക്കുക പതിവില്ല
ന്ന നിശ്ചയമുള്ളവർ അത്തരക്കാരുടെ അഭിപ്രായത്തെ ബഹുമാന
പൂർവ്വം സ്വീകരിക്കയും ആദരിക്കുകയും ചെയ്യുന്നു. ചിലർ കുമാരനെ
ഏതോ ഒരു യുദ്ധയാത്രക്കായി നിയോഗിക്കാനാണ് ചക്രവർത്തി ആ
ലോചിച്ചതെന്നും, മറ്റു ചിലർ, അദ്ദേഹത്തെ ഗൗരവമായി ശാസി
ക്കാനാണെന്നും, വേറെ ചിലർ, രാജ്യഭരണം അദ്ദേഹത്തെ ഏല്പിക്കു
ന്നതിനുവേണ്ടി ആലോചിക്കാനാണെന്നും ദൈവജ്ഞന്മാരെപ്പോലെ അഭി
പ്രായപ്പെട്ടു. മഹോത്സവാഘോഷത്തിന്റെ പിറ്റേദിവസംതന്നെ ഈ
അഭിപ്രായങ്ങളെല്ലാം ഒരുപോലെ പ്രാധാന്യത്തോടുകൂടി പ്രചരിച്ചു.
എന്നാൽ അന്നുമുതൽ ഈവക അഭിപ്രായങ്ങൾക്കും പുറമെ ഏററ
വും ശക്തിയായ മറെറാരു വർത്തമാനം പൌരാവലിയുടെ ഹൃദയ
ത്തെ ആകർഷിച്ചു. കുമാരൻ ദുർവൃത്തനാണെന്നും, തന്മൂലം സംശ
യം ബാധിച്ച ചക്രവർത്തി അദ്ദേഹത്തെ രാജസ്ഥാനത്തിൽനിന്നും
ബഹിഷ്കൃതനാക്കുവാൻ തീരുമാനിച്ചുവെന്നും ചില കിംവദന്തികൾ
ആപണങ്ങളുടെ ചില മുക്കുകളിലും, ആരാമങ്ങളുടെ ചില മൂലകളി
ലും, അന്തഃപുരത്തിന്റെ ചില മുറികളിലും മെല്ലെമെല്ലെ പൊന്തി
ച്ചുരിച്ചു. എന്തായാലും അന്നേദിവസം കുമാരന്റെ സ്ഥിതിയെന്താ
ണെന്നു നമുക്കു നോക്കാം.

അന്ന്, ഉദ്ദേശം മദ്ധ്യാഹ്നമാകുന്നതുവരെ കുമാരൻ അന്തഃപുര
ത്തിൽതന്നെ ഉണ്ടായിരുന്നു. പതിവുപോലെ അംബികാകുമാരിയു
മൊന്നിച്ചു അല്പനേരം സല്ലപിച്ചതിനുശേഷം കുമാരൻ അദ്ദേഹത്തി
ന്റെ സ്വകാര്യമുറിയിലേക്കു പോയി. അവരുടെ സ്വൈരസല്ലാപ
ത്തിനിടയിൽ ദേവി കുമാരനോട് ഉപാലംഭരൂപത്തിൽ ഉപയോഗി
ച്ചിരുന്ന ചില വാക്കുകളെ അദ്ദേഹം വീണ്ടും വീണ്ടും ഓർത്തു ആലോ
ചിക്കയും സങ്കടപ്പെടുകയും ചെയ്തു. ഒരു മഹാസാമ്രാജ്യപതി ഏ

ന്ന നിലയിൽ തന്നെ ഉപദേശിക്കുന്നതിനു തയ്യാറായ ആ ചാരിത്ര ശാലിനിയുടെ മനോനൈർമ്മല്യത്തെപ്പററി വിചാരിച്ചാണു് അദ്ദേഹം സമാധാനം പ്രാപിച്ചതു്. എന്നാൽ ഇപ്രകാരം തൻെറമാതിരി തന്നെ ഉപദേശിക്കേണ്ട രീതിയിൽ താൻ പെരുമാറിപ്പോയല്ലോ എന്നായിരുന്നു അദ്ദേഹത്തിൻെറ പശ്ചാത്താപം. കുമാരൻ അന്തഃപുരത്തിൽനിന്നും ഇറങ്ങി കുറച്ചുനേരം ആരാമത്തിലുള്ള മണ്ഡപത്തിൽ തന്നെ വിശ്രമിച്ചു. എന്തായാലും അദ്ദേഹത്തിനു വലിയ സമാധാനക്കേടൊന്നുംതന്നെ ഉണ്ടായിരുന്നില്ലെന്നുള്ളതു മുഖഭാവം വ്യക്തമാക്കി. എങ്കിലും സ്വതേ ധീരനായ കുമാരൻ തൻെറ വികാരങ്ങളെല്ലാം ഹൃദയത്തിൽതന്നെ അടക്കി പ്രസന്നത ഭാവിക്കാതിരുന്നില്ല. പക്ഷെ, ഹൃദയമാകുന്ന പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന സംഗതികളുടെ യഥാർത്ഥസാരത്തെ സംഗ്രഹിച്ചിട്ടുള്ള അനുബന്ധമാകുന്ന മുഖമെന്നതിൽ യാതൊരു സംശയവുമില്ല. അദ്ദേഹം ഭാവിച്ചിരുന്ന പ്രസന്നത ഇടപ്പെട്ടില്ല. അദ്ദേഹം ശാന്തനായിതന്നെ നടിക്കുകയും, അവസരങ്ങളിലെല്ലാം സന്തോഷസൂചകങ്ങളായ ചില ഭാവഭേദങ്ങൾ മുഖത്തു് അങ്കുരിക്കുകയും ചെയ്തു. ഏകദേശം സന്ധ്യാസമയംവരെ അദ്ദേഹം ആരാമത്തിൽതന്നെ വിശ്രമിച്ചു. രാജകുമാരൻെറ പ്രീതിയെ കാംക്ഷിച്ചിരുന്ന ചില സേവകന്മാർ, അവിടെ അന്വേഷിച്ചു വന്നു കുശലപ്രശ്നങ്ങൾ ചെയ്യാതെയുമിരുന്നില്ല. കൊട്ടാരത്തിലെ പ്രസിദ്ധഗായകന്മാരിൽ ചിലർ അവിടെ വന്നു്, വീണക്കമ്പികളിൽനിന്നും പിഴിച്ചെടുത്ത സംഗീതപീയൂഷത്തെ അദ്ദേഹത്തിൻെറ കർണ്ണരന്ധ്രങ്ങളിൽകൂടി ഒഴുക്കാതെയുമിരുന്നില്ല. പക്ഷെ ഹൃദയം ദുഃഖത്തിലും വികാരപരമ്പരകളിലുംകൂടി തപ്തമായി ചരിക്കുമ്പോൾ ബാഹ്യേന്ദ്രിയങ്ങൾ എത്രതന്നെ രസിച്ചാലും, അതു ശാശ്വതമായ മനശ്ശാന്തിക്കു ഉതകുന്നില്ലെന്നു് അദ്ദേഹത്തിൻെറ തൽക്കാലസ്ഥിതി ഉദാഹരിച്ചു.

ആരാമത്തിൽനിന്നും സന്ധ്യയോടുകൂടി അദ്ദേഹം സ്വന്തം വിശ്രമമന്ദിരത്തിൽ വന്നു. പലതും വിചാരിച്ചുകൊണ്ടു് അദ്ദേഹം അവിടെ ശയിക്കുമ്പോൾ, സോഫി വളരെ വേഗത്തിൽ ആ മുറിക്കളിൽ പ്രവേശിച്ചു. അദ്ദേഹം അനേകദിവസങ്ങളായിട്ടു്, സോഫിയോടുള്ള തൻെറ പഴയ പെരുമാററങ്ങളെല്ലാംതന്നെ നിർത്തിവെച്ചിരിക്കയാണെങ്കിലും, അന്നു് അവളെ ഒരു പുഞ്ചിരികൊണ്ടു് സ്വാഗതമരുളി സന്തോഷിപ്പിച്ചു. ഇതിനുമുൻപു് കണ്ടതിലും പ്രൗഢയും അവൾ, അവിടെ രാജ്ഞിയുടെ പ്രതിനിധിയെന്ന നിലയിൽ ആഗതയായ

പ്പോഴെല്ലാംതന്നെ നിഷ്ഠുരണം മടക്കി അയച്ച രാജകുമാരൻ അന്ന സോത്സവഘോഷം തന്റെ സാന്നിദ്ധ്യത്തെ അഭ്യർത്ഥിച്ചതെന്തുകൊണ്ടാണെന്നു സോഫി അത്ഭുതപ്പെടാതിരുന്നില്ല. കുമാരൻ തൂവിയ പുഷ്പവൃഷ്ടി, അവളിൽ അനാഗതമായി സ്ഥിതിചെയ്തിരുന്ന കാമസാമ്രാജ്യത്തിന്റെ ഇരുട്ടറകളിൽക്കൂടി വെള്ളം വീശിയതുപോലെ അവൾക്കു തോന്നി. അവൾ യാതൊരൌദാസീന്യതയും കൂടാതെ മണിമണ്ഡപത്തിനടുത്തുചെന്നു. അവൾ അടുക്കുന്തോറും അദ്ദേഹത്തിന്റെ ഉത്സാഹം വർദ്ധിക്കുന്നതുപോലെ അവൾ ആഹ്ലാദിച്ചു. അവൾ ഇപ്രകാരം മന്മൊഴിചെയ്തു:—

“ഇന്നു നബീറ വന്നില്ലായിരിക്കും. അവിടേക്കു ഒരു വലിയ വല്ലായ്മ ഉള്ളതുപോലെ തോന്നുന്നുവല്ലോ. ബാക്കിയുള്ളവരൊക്കെ പിരിയവരായില്ലേ? ഇതെല്ലാം നമ്മുടെ നിർഭാഗ്യമെന്നല്ലാതെ വല്ലതും പറയുവാനുണ്ടോ? മാതളയെയാതലിയ മാവിന്റെ ചുവട്ടിൽ ആരാമം കാത്തുനില്ക്കുമോ എന്നു പറഞ്ഞിട്ടുള്ളതു പരമാർത്ഥം തന്നെയാണ്.”

സെലിം— നീ ഇന്നു ഇതുവരെത്തന്നെ വന്നില്ലല്ലോ. ഇന്നു അന്തഃപുരത്തിലും നീ വരാതിരുന്നതെന്താണ്. ഇപ്പോൾ എവിടെ നിന്നാണ് വരുന്നതു. മെഹറയെ നീ കണ്ടില്ലേ?

സോഫി— എന്തിനു പറയുന്നു! എന്റെ ദൗർഭാഗ്യത്തെപ്പറ്റി പറഞ്ഞതുകൊണ്ടെന്തുഫലം? ഇന്നലെ ഉത്സവത്തിരക്കിൽ എന്റെ പെട്ടിയും ആഭരണങ്ങളുമെല്ലാം ആരോ ഒരുവൻ മോഷ്ടിച്ചുകൊണ്ടുപോയി. ഇതുവരെ അന്വേഷിച്ചിട്ടും യാതൊരു ഫലവും ഉണ്ടായില്ല. ഒരു തടിയൻ അവിടെ പോത്തുപോലെ കിടന്നുറങ്ങുന്നുണ്ടായിരുന്നു. ഞാൻ അയാളോടു ചോദിച്ചപ്പോൾ എന്നെ പിച്ചാത്തി എടുത്തു കുത്തിക്കൊല്ലുവാൻ ഭാവിച്ചു. ഭാഗ്യവശാൽ പരിചാരകന്മാരുണ്ടായിരുന്നില്ലെങ്കിൽ സോഫി പിന്നീടു ഇങ്ങോട്ടു വരികയും ഇല്ല. എനിക്കു ചക്രവർത്തി തന്ന മാലയും മറ്റും തന്നിട്ടില്ല.

സെലിം— നീ എന്തെല്ലാം അനാവശ്യങ്ങളാണ് പറയുന്നതു? ആരാണ് മോഷ്ടിച്ചതെന്നറിയാതെ വല്ലതും പറഞ്ഞതുകൊണ്ട് എന്തുഫലം? ഇനി അതിനെപ്പറ്റി പറയേണ്ട.

സോഫി— അവിടുന്ന് ഇങ്ങിനെ പറഞ്ഞാൽ ബാക്കിയുള്ളവർ വിശ്വസിക്കും. ഞാൻ അവിടെ ചിലതു ചോദിക്കണമെന്നുദ്ദേശിക്കയാണ്. ചക്രവർത്തി തിരുമേനി ഇന്നാൾ അന്വേഷിച്ചതെന്തിനാണ്? ആളുകൾ പലതരത്തിൽ പറയുന്നല്ലോ. ഇതിനെല്ലാം കാരണം ആ കൈഫറും നബീറയും തന്നെയാണ്. തിരുമേനിക്കു അതു തീരെ രസമല്ല.

സെലിം—നീ അതൊന്നും പറയേണ്ടാ. സൌഖ്യവും സുഖക്കേടുമെല്ലാം ഞാൻ നോക്കിക്കൊള്ളാം. നിനക്ക് അവരെപ്പറ്റി യാതൊന്നും പറയേണ്ട കാര്യമില്ല. ആകട്ടെ നീ ഇവിടെയിരുന്ന് ഒന്നു വീശുക. ഞാൻ അല്പം ആശ്വസിക്കട്ടെ."

കുമാരൻ ഇത്രയും പറഞ്ഞ ഉടനെ സൗന്ദര്യശാലിനിയായ ആ കുമാരി അവിടെയിരുന്ന സ്വർണ്ണപ്പിടിയോടുകൂടിയ താലവൃന്തമെടുത്ത് സെലിമിനെ വീശിത്തുടങ്ങി. സോഫിയുടെ ഉരുണ്ടുകൊഴുത്ത കൈത്തണ്ടകൊണ്ട് ഇടം വലം വീശുന്ന താലവൃന്തത്തിന്റെ അഗ്രഭാഗത്തുനിന്നും വീജനം ചെയ്ത മന്ദമാരുതൻ സെലിമിനെ വളരെ ആശ്വസിപ്പിച്ചു. അല്പനേരത്തേക്ക് അദ്ദേഹം യാതൊന്നും മിണ്ടാതെതന്നെ കിടന്നു. സോഫിയുടെ ആഗമനത്തോടുകൂടി അദ്ദേഹത്തിന്റെ വിശാലഹൃദയത്തിന്റെ ഏതാനും ചില ഭാഗങ്ങൾ ആശ്വസിച്ചുവും, ആഹ്ളാദിക്കയും ചെയ്തിരുന്നെങ്കിലും പൂർണ്ണമായ മനസ്സമാധാനം അദ്ദേഹത്തിനു ലഭിച്ചില്ല. ഇടക്കിടക്ക് മാതാവിന്റെ ആജ്ഞകളോടിടകലർന്ന്, സോഫിയുടെ കടാക്ഷശരങ്ങളും പുഞ്ചിരിപ്പാലൊളിയും സെലിമിന്റെ ദേഹത്തെ ആശ്ലേഷിക്കുന്നുണ്ടായിരുന്നു. ഇതെല്ലാം കരുതലോടുകൂടിത്തന്നെയാണ് അവർ പ്രയോഗിച്ചതെങ്കിലും അദ്ദേഹത്തിൽ യാതൊരിളക്കവും ഉണ്ടാക്കിയില്ല. എങ്കിലും നിരാശയാകാതെ സോഫി പറഞ്ഞു. "ഇന്നലെ മുഴുവൻ ഉറക്കമിളച്ചതുകൊണ്ട് എനിക്ക് നേരത്തെ ഉറക്കം വരുന്നുണ്ട്." ഇതുകേട്ട ഉടനെ സെലിം പറഞ്ഞു. "ശരിയാണ്! ഒരു പക്ഷേ നീ വീശി വിഷമിച്ചിരിക്കാം; എന്നാൽ മതി. നിർത്തുക. നീ പോയി നദീറയെ, ആരുമറിയാതെ ഇങ്ങോട്ട് പറഞ്ഞയക്കുക. അവൾ ഇപ്പോൾ ആരാമത്തിലെ മണ്ഡപത്തിൽ ഉണ്ടായിരിക്കും. ഉറക്കമിളച്ചതല്ലേ? നേരത്തേപ്പോയി ഉറങ്ങുക." രാജകുമാരന്റെ ഈ വാക്കുകൾ സോഫിയെ എത്രമാത്രം ഞെട്ടിപ്പിച്ചുവെന്ന് പറയുവാൻ സാദ്ധ്യമല്ല. താൻ എന്തിനെ ഉദ്ദേശിച്ചു ഉറക്കംവരുന്നുവെന്ന് പറഞ്ഞുവോ, അതിനെ മറച്ചുവെച്ച് ആ ഭാഗ്യം തന്റെ വിരോധത്തിനും അസൂയയ്ക്കും പാത്രമായ സ്ത്രീക്ക് നൽകുവാനായി സെലിം തീരുമാനിച്ചതിന്റെ ഗൗരവം സപത്നീത്വത്തെപ്പറ്റി, അനുഭവിച്ചും അല്ലാതെയും, അറിഞ്ഞിട്ടുള്ളവർക്ക് മാത്രമേ ഗ്രഹിക്കുവാൻ സാധിക്കയുള്ളൂ. അല്പനേരത്തേക്ക് സോഫിയുടെ കരം അവൾ അറിയാതെതന്നെ ചലനമില്ലാത്തതായിത്തീർന്നു. അവൾ ഇപ്രകാരം തന്റെ നിരാശയെ വ്യക്തമാക്കുവാൻ ശ്രമിച്ചു:—

'തിരുമേനി! ഞാൻ അത്യന്തമേ പറഞ്ഞുവല്ലൊ, അവിടേക്ക് ഈ കാര്യം അത്ര പിടിക്കയില്ലെന്ന്. അപ്പോൾതന്നെ എന്നെ യാത്രയാക്കിയിരുന്നെങ്കിൽ ഞാൻ നസീറയെ വളരെ നേരത്തെ പറഞ്ഞയക്കുമായിരുന്നു. എങ്കിലും ഇത്രയും നേരമെങ്കിലും ഇവിടെ നില്ക്കാൻ അനുവദിച്ചതുതന്നെ ഭാഗ്യമാണ്". സോഫി നിരസഭാവത്തോടുകൂടി ഇത്രയും പറഞ്ഞപ്പോൾ രാജകുമാരനു ദ്വേഷ്യമാണുണ്ടായത്. എങ്കിലും തല്കാലം അവളെ മുഷിപ്പിക്കുന്നതുകൊണ്ടു പല വിഷമങ്ങളുമുണ്ടെന്നു വിചാരിച്ചു സെലിം സാവധാനത്തിൽ പറഞ്ഞു. "സോഫി! നിന്റെ ദ്വേഷ്യം ശരിക്കലും നീ അറിയാത്തതു അൽഭുതകരം തന്നെയാണ്. ഞാൻ നിന്നെ എത്രയോ പ്രാവശ്യം ഉപദേശിച്ചിട്ടുണ്ട്. അതുകൊണ്ടെന്തു ഫലം? ഓരോ പ്രാവശ്യം നീ ഇവിടെ വരുമ്പോൾ ഓരോ തരത്തിൽ ചീത്ത പറയുന്നുണ്ട്. നിനക്കു സ്വാതന്ത്ര്യം നല്കിയതു നാശമായിത്തീർന്നു. ചെറുതെയല്ല ദേവി നിന്നെ ശാസിച്ചതു്. ഞാൻ ഒരു ക്രൂരനായിരുന്നെങ്കിൽ നിന്നെ ഈ ഉടവാൾകൊണ്ടു കൊല്ലുമായിരുന്നു. ഞാൻ നിന്നെ പിന്നീടു കണ്ടുകൊള്ളാം. നീ വേഗം പോയി നസീറയെ ഇങ്ങോട്ടു പറഞ്ഞയക്കുക. എനിക്ക് അവളെ കണ്ടു പലതും സംസാരിക്കേണ്ടതായിട്ടുണ്ടു. പക്ഷെ അതു ആരുംതന്നെ അറിയരുത്. എന്നാൽ വേഗം പോവുക" സെലിം ഇത്രയും പറഞ്ഞു മണിമഞ്ചത്തിൽനിന്നും എഴുന്നേറ്റു് ആ മുറിയിൽതന്നെ സാവധാനം ഉലാത്തി തുടങ്ങി. സോഫിക്ക രാജകുമാരന്റെ വാക്കുകൾ ഒന്നുംതന്നെ രസിച്ചില്ല. എന്നുമാത്രമല്ല രാജകുമാരനോടു തോന്നിയ ദേഷ്യത്തിൽ കൂടുതൽ ദ്വേഷ്യം അവൾക്കു നസീറയോടു തോന്നാതിരുന്നില്ല. പക്ഷെ ഒരു രീതിയിലും തന്റെ കോപത്തെ അവിടെ പ്രദർശിപ്പിക്കുവാൻ കഴിയാതിരുന്നതു കാരണം അവൾ, "അവിടത്തെ കല്പനപോലെ; ഞാൻ അവളെ തന്നെ പറഞ്ഞയക്കാം" എന്നു പറഞ്ഞു് അവിടെനിന്നും പുറത്തേക്കിറങ്ങി. എന്തായാലും സോഫിക്ക തന്റെ ഉപദേശം, തീരെ രസിച്ചില്ലെന്നു സെലിമിന് അറിയാമായിരുന്നെങ്കിലും, താൻ അത്രയും പറഞ്ഞതു നന്നായില്ലെന്ന് അദ്ദേഹം സ്വയം അഭിനന്ദിക്കാതിരുന്നില്ല. സോഫി മന്ദിരത്തിൽ നിന്നു പുറത്തിറങ്ങി നേരെ പോയതു് ആരാമത്തിലേക്കായിരുന്നു. അവൾ ഇങ്ങിനെ വിചാരിച്ചു..

'ഞാൻ ഇന്നു ദേവിയെ കാണാൻ പോയില്ല. എഴുത്തു് ഇന്നു തന്നെ കൊടുത്തു കാര്യങ്ങൾ പറയണം. പക്ഷെ ദേവി, നസീറയെ വളരെ കാര്യമായിട്ടാണു കരുതുന്നതു്. അതുകൊണ്ടു ഞാൻ പറയുന്ന

ള്ള വിശ്വസിക്കയില്ല. പക്ഷെ ഇപ്പോൾ വിശ്വസിപ്പിക്കാൻ വേണ്ടതെല്ലാമുണ്ടല്ലോ. നജീറയെ കമാരന്റെ അടുക്കലേക്ക പറഞ്ഞയക്കാം. എന്നിട്ട ദേവിയുടെ കയ്യിൽ എഴുത്തു കൊടുത്തു വിവരം പറയാം. ദേവി എന്നെ അവിശ്വസിക്കുന്നെങ്കിൽ ഉടൻതന്നെ ഇവിടെ വിളിച്ചുകൊണ്ടുവന്ന സംഗതികൾ കാണിക്കാമല്ലോ. അതുകൊണ്ട് ഇപ്പോൾ സകലസംഗതികളും നിവൃത്തിക്കുവാൻ സൌകര്യമുണ്ട്."

ഇപ്രകാരം വിചാരിച്ചു തീരുമാനിച്ചുകൊണ്ട്, സോഫി ആരാമത്തിൽ ചെന്നു. ആരാമത്തിന്റെ ഒരു ഭാഗത്തു, മണ്ഡപത്തിന്റെ പുറകുവശത്തായി, നിർമ്മലമായ ആകാശത്തിൽ ഉദിച്ചുയരുന്ന ചന്ദ്രനെ നോക്കി, പ്രകൃതിയുടെ നൈസർഗ്ഗികമായ സൌന്ദര്യത്തെപ്പററി ഓർത്ത് അതിശയിച്ചുകൊണ്ടും ആനന്ദിച്ചുകൊണ്ടും 'അനാക്കളി' അവിടെ ഇരിക്കുന്നു. പാവനവും പ്രശാന്തവും, സ്നിഗ്ദ്ധവും കോമളവുമായ വദനചന്ദ്രന്റെ ശോഭ സാക്ഷാൽ ചന്ദ്രനെ കൂടി ലജ്ജിപ്പിക്കുന്നതുകവിധത്തിൽ ഉജ്ജ്വലമായിരിക്കുന്നു. ശിശുത്വത്തിന്റെ നൈർമ്മല്യവും, ബാല്യത്തിന്റെ പ്രസരിപ്പും, യൌവനത്തിന്റെ പ്രകാശവും താരുണ്യത്തിന്റെ ഉജ്ജ്വലതയും, പ്രൌഢതയുടെ ഗാംഭീര്യവും, വാർദ്ധക്യത്തിന്റെ പ്രശാന്തതയും എല്ലാം ഒത്തിച്ചു ചേർന്ന അവളിൽ കളിയാടി. വിനീതയായ ആ പെൺകുട്ടിയുടെ പരിശുദ്ധിതിക വെണ്ണിലാവുപോലെ ആരാമത്തിലെ തൈതെന്നൽ സൌരഭസംശുദ്ധിയോടുകൂടി പുഷ്പലതാവല്ലികളെ പരിരംഭണം ചെയ്തു തത്തിക്കളിച്ചു. പാൽക്കടലിൽ ലോകത്തെ ആറാടിക്കുന്ന പൂനിലാവു, വിവിധപുഷ്പങ്ങൾ ഇടതിങ്ങി പരിലസിക്കുന്ന പൂവനം, കോമളയായ യുവതി, ഉൽകൃഷ്ടമായ നിരീക്ഷണം, പരിശുദ്ധമായ വിചാരം—ഇതെല്ലാംകൂടി ഒത്തുചേർന്നു പ്രശോഭിക്കുന്ന ദൃശ്യങ്ങൾ ലോകത്തിൽ ഏററവും ദുർല്ലഭങ്ങളാകുന്നു. സോഫി തന്റെ അടുക്കലേക്ക വരുന്നുണ്ടെന്നും, ദിവ്യലോകത്തിൽ ആ ബാലസ്വാതന്ത്ര്യം അനുഭവിക്കുന്ന നജീറ അറിഞ്ഞതേയില്ല. അവൾ നജീറയുടെ അടുക്കൽ ചെന്നപ്പോൾ ആ പാവം പെട്ടെന്ന് ഒന്നു ഞെട്ടിപ്പോയി. ഒരു സംഗതിയിൽ തന്നെ മനസ്സ് ലയിച്ചിരിക്കുമ്പോൾ അതിൽനിന്നും പെട്ടന്നു, മറെറാന്നിലേക്ക അതിനെ തിരിക്കുമ്പോൾ മനുഷ്യൻ ഞെട്ടി ഉണരുന്നതു സാധാരണമാണ. സോഫിയാണ തന്റെ അടുക്കൽ നില്ക്കുന്നതെന്ന് അറിഞ്ഞതോടുകൂടെത്തന്നെ നജീറ അവിടെനിന്നും എഴുന്നേററ് ഏററവും വിനീതയായി ചോദിച്ചു:—

“ഞാൻ അല്പനേരം ഒന്ന് വിശ്രമിക്കാമെന്നു കരുതി ഇവിടെ ഇരുന്നതാണ്. അന്തഃപുരത്തിൽ ഇന്നു കണ്ടില്ലല്ലോ. ഒരു പക്ഷേ അങ്ങോട്ടുതന്നെ പോരുകയായിരിക്കാം.”

സോഫി:—നിനക്കു ഭാഗ്യം വന്നതിനെപ്പറ്റി അറിയിക്കാൻ ഇങ്ങോട്ട് വന്നതാണ്. രാജകുമാരൻ നിന്നെ അന്വേഷിച്ചുകൊണ്ട് സ്വകാര്യമുറിയിൽതന്നെ ഇരിക്കുന്നു. അങ്ങോട്ട് എളുപ്പം ചെല്ലണം. നദീറാ! അനാർക്കലീ! അനാർക്കലീ! നദീറാ! നദീറാ! നദീറാ! അനാർക്കലീ! അനാർക്കലീ! എന്നുതന്നെ ജപിച്ചുകൊണ്ട് അവിടെ നടക്കുകയാണ്. കൊച്ചുപെൺകുട്ടിയല്ലേ? ഭാഗ്യം വരണമെങ്കിൽ ഇങ്ങിനെതന്നെ വരണം. ഞാൻ പറഞ്ഞതൊന്നും നേരമ്പോക്കായിട്ടു കരുതേണ്ട. വേഗം അങ്ങോട്ടു ചെല്ലണം എന്നോടു പറഞ്ഞയച്ചതാണ്.”

സോഫി സ്വതസ്സിദ്ധമായ വാക്പ്രൗഢിയോടുകൂടി ഇപ്രകാരം പറയുന്നതു കേട്ട് അല്പമൊന്നു ലജ്ജിച്ചുപോയ നദീറ, സോഫി തന്നെ അധിക്ഷേപിക്കുകയാണെന്നു കരുതി പറഞ്ഞുതുടങ്ങി.

“എന്നെ എന്തിനാണ് കുമാരൻ അന്വേഷിക്കുന്നത്?”

സോഫി:—എടീ നിന്നോടു ഞാൻ ഇനി തെളിയിച്ചു പറയണമോ? കേട്ടോളൂ. സലിം രാജകുമാരൻ; മനോഹരമായ രാത്രി; ആരുംതന്നെ ഇല്ലാത്ത സ്വകാര്യമുറി; പുഷ്പതല്പം വിരിച്ചിട്ടുള്ള [illegible]; കുളിർമയുള്ള കാറ്റ്; നല്ല ചന്ദ്രിക; അദ്ദേഹത്തിന് ഏറ്റവും പ്രിയമുള്ള അവസരം. ഈ ഘട്ടത്തിൽ നിന്നെപ്പോലെയുള്ള ഉണ്ണികളെ അന്വേഷിക്കുന്നത് എന്തിനാണെന്നു ചോദിച്ചാൽ,

“പെൺകുട്ടികൾക്കമ്മട്ടിലുള്ളതായ കർമ്മം കഷ്ടം!”

എന്നു പറയുവാൻ മാത്രമേ എന്നെക്കൊണ്ടു സാധിക്കയുള്ളൂ. നീ വേഗം അങ്ങോട്ട് ചെല്ലണം. അല്ലെങ്കിൽ—” സോഫി ഇത്രയും പറഞ്ഞു അർദ്ധോക്തിയിൽ വിരമിച്ചപ്പോൾ നദീറ കോപത്തോടുകൂടി പറഞ്ഞു.

“ആ കർമ്മമെല്ലാം നിങ്ങൾക്കും ആകാമല്ലോ. വിശേഷിച്ചും നിങ്ങൾ അതു നടത്തിത്തുടങ്ങിയിട്ട് കാലവും കുറെ ആയില്ലേ? ഞാൻ അതു ഇനിയും തുടങ്ങിയിട്ടില്ല.” നദീറ, താൻ വിചാരിക്കാതെ തന്നെ പറഞ്ഞുപോയ ഉത്തരത്തിന്റെ നിശിതത്വത്തെപ്പറ്റി അത്ര മാത്രം ഓർത്തുമില്ല. നദീറയുടെ പ്രത്യുത്തരം, സാധാരണരീതിയെ അതിക്രമിച്ചുവെന്നു സോഫി അറിയാതിരുന്നില്ല. പക്ഷേ അപ്പോഴും പല്ലു കാട്ടുകമാത്രമേ ചെയ്തുള്ളൂ. ശേഷം പിന്നെയും പറഞ്ഞു:—

"കൊച്ചമ്മ കോപിക്കയും മറ്റും വേണ്ട. എന്നോട് പറഞ്ഞതു് ഞാൻ അറിയിച്ചു. ഞാൻ പറഞ്ഞതു് കള്ളമാണോ സത്യമാണോ എന്നു അവിടെത്തന്നെ ചെന്നു നോക്കണം. മനസ്സുണ്ടെങ്കിൽ പോകണം. ഇല്ലെന്നു പറഞ്ഞാൽ ആ വിവരം ഞാൻ അവിടെ ചെന്ന് ഉണർത്തിച്ചുകൊള്ളാമായിരുന്നു. ഇതു് കളിയും മറ്റുമല്ല. തിരുമനസ്സിലെ ആജ്ഞയാണ്" സോഫി സഗൌരവം ഇത്രയും പറഞ്ഞു കേട്ടപ്പോൾ, ഒരുപക്ഷെ വല്ല സംഗതിയും പറയുവാൻ നസീം തന്നെ ആലോചിക്കുന്നുണ്ടാവാമെന്നും, അങ്ങിനെയാണെങ്കിൽ സമയം വൈകാതെത്തന്നെ അദ്ദേഹത്തെ ചെന്നു കാണണമെന്നും തീർച്ചപ്പെടുത്തി അവൾ പറഞ്ഞു.

"ഈ വിവരം ആദ്യം തന്നെ പറയേണ്ടതുപോലെ പറഞ്ഞിരുന്നെങ്കിൽ ഞാൻ ഇപ്പോൾ അവിടെ ചെല്ലുമായിരുന്നു. പകരം നിങ്ങൾ എന്നെ മനഃപൂർവ്വം അധിക്ഷേപിക്കണമെന്നാണ് ഉദ്ദേശിച്ചതു." ഇത്രയും പറഞ്ഞു നസീം പള്ളിക്കു നേരെ നടന്നുതുടങ്ങി. നസീം അങ്ങോട്ടു തന്നെ പോകുന്നതായി കണ്ടു ചാരിതാർത്ഥ്യത്തോടും, എന്നാൽ ഭയത്തോടുംകൂടി സോഫി കുറച്ചു നേരം അവിടെത്തന്നെ നിന്നു. അവളുടെ അത്യന്തം ചഞ്ചലമായ നയനങ്ങളിൽ നിന്നും കത്തിച്ചു ചാടിയ നോട്ടങ്ങൾ ആരാമത്തിലെ സകല പുഷ്പങ്ങളെയും ചുട്ടുകരിക്കത്തക്കവണ്ണം ചൂടുള്ളതായിരുന്നു. താൻ വിചാരിച്ചതുപോലെ തന്നെ നസീം രാജകുമാരന്റെ അടുക്കലേക്ക് തന്നെയാണ് പോകുന്നതെന്നും, അവിടെ ചെന്നു കഴിഞ്ഞാൽ ഭാണ്ഡത്തിലുള്ള കർമ്മത്തിനു" ആലോചിക്കാതിരിക്കയില്ലെന്നും, തത്സമയം അംബികാദേവിയെ തന്റെ കൈയ്യിലുള്ള കത്തു സഹിതം വിവരം ധരിപ്പിക്കാമെന്നും, ദേവി അതിൽ വെച്ചു നസീമിനെ വെറുക്കാനുള്ള പക്ഷം ഉടൻ താനേ കവിതത്തിൽ കൂട്ടിക്കൊണ്ടു വന്ന് എല്ലാം തന്നെ ധരിപ്പിക്കാമെന്നും അവൾ ഉറച്ചു കഴിഞ്ഞു. എന്തായാലും കുറച്ചു നേരം കൂടി അവിടെത്തന്നെ വിശ്രമിക്കാമെന്നു നിശ്ചയിച്ചു കുമാരി സോഫി, നസീം ഇരുന്ന മണ്ഡപത്തിൽ ഇരുന്നു. ഓരോരോ പ്രകൃതിരമണീയതയും ഉള്ള വിമോഹം മൂലമോ എന്നു തോന്നുമാറു ചന്ദ്രിക പൊട്ടുന്നതിനാൽ മന്ദനന്റെ വിലാസവും പൊട്ടിനടക്കാൻ വിലച്ചു; അവിടെയെങ്ങും ഒരു തമോബാധ ഉണ്ടായി. ഉദ്ദേശം അരനാഴികയോളം അവിടെ തന്നെ വിശ്രമിച്ചതിനുശേഷം അവൾ അന്തഃപുരത്തിലേക്ക് യാത്രയായി. മന്ഥര കൈകേയിയുടെ അടുക്കൽ 'തലയിണമന്ത്രം' ഓതിയ കഥ ഉണ്ട് ആരെങ്കിലും അവിശ്വസിക്കുന്നെങ്കിൽ സോഫി അതു

പുരത്തിൽ ചെന്ന് അംബികാദേവിയോട് ഓതിയ “ശേലയിണമന്ത്രം” എത്രമാത്രം നാശകരവും കൊട്ടാരത്തിൽ പലതരടസ്സവും ദേവിയെ നിരാശാസമ്പൂർണ്ണമാക്കുന്നതിനുമാത്രം അനുയോജ്യവും ആയിരുന്നുവെന്ന് അതിന്റെ അനന്തരഫലങ്ങൾ മേലിൽ സ്പഷ്ടമായി വ്യക്തമാകുന്നതാണ്.

സോഫി അന്തഃപുരത്തിൽ ചെന്ന ഉടൻ തന്നെ അംബികാദേവിയുടെ മണിയറയിലേക്കാണ് പോയതു്. ദേവി, തത്സമയം പള്ളിനിദ്രകൊള്ളുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്യുകയായിരുന്നു. ദിവ്യമായ ആ മണിയറയിൽ, നിശ്ചിതസമയത്തിനു ശേഷം പരിചാരികമാർ തന്നെയും പ്രവേശിക്കുവാൻ അനുവാദമില്ലായിരുന്നതിനാൽ സോഫി പുറത്തു തന്നെ നിന്നതേയുള്ളു. അല്പനേരം ചുററിപ്പററി അവിടെ തന്നെ നിന്നപ്പോൾ, ഏതോ ആവശ്യം പ്രമാണിച്ചു ദേവി പുറത്തു വന്നു. അപ്പോൾ അകാരണമായി, സോഫി അവിടെ നില്ക്കുന്നതു കണ്ടു ദേവി ഇപ്രകാരം ചോദിച്ചു. “ഇന്നു സോഫി എന്താണ് ഇവിടെ കാത്തു നില്ക്കുന്നതു്? നീ അകത്തു വരിക.” ദേവി ഇത്രയും പറഞ്ഞപ്പോൾ സോഫി മണിയറയിൽ പ്രവേശിച്ചു. ദേവി മഞ്ചത്തിൽ ഉപവേശിച്ചപ്പോൾ, സോഫി, ദേവിയുടെ ആജ്ഞകൂടാതെ തന്നെ “പൊൻപിടിയണിക്കുളിർതാലവൃന്തത്താൽ” വീശിത്തുടങ്ങി. ഇതിനു മുൻപ് ഒരിക്കലും ഈ വിധത്തിലുള്ള മനോധർമ്മപ്രചാരത്തെ നിരീക്ഷിക്കുന്നതിനു സന്ദർഭം ലഭിച്ചിട്ടില്ലാത്ത ദേവി സന്തോഷത്തോടുകൂടി ഒന്നു ചിരിച്ചു.

“ആകട്ടെ. നിനക്കു പോകുന്നതിനു സമയമായില്ലേ? ഇന്നലെ ഉറക്കമിളച്ചതാണല്ലോ.” ദേവിയുടെ അനുകമ്പാപൂർണ്ണമായ മൊഴികൾ കേട്ടു സോഫി പറഞ്ഞു തുടങ്ങി. “തിരുമേനി! അടിയനെ രക്ഷിക്കണേ! അന്തഃപുരത്തിൽ ഇത്രമാത്രം ധിക്കാരം പ്രവർത്തിക്കുമെന്ന് ആരറിഞ്ഞു! കണ്ടില്ലേ ആ നളിനി പ്രവർത്തിച്ചതു്? ഇപ്രകാരമായാൽ തിരുമേനിയുടെ സ്ഥിതിയെന്താണെന്ന് ഓർത്തിട്ടാണ് അടിയന്റെ പരിഭ്രമം.”

സോഫി ഏതും തൊടാതെ ചിലതു പറയുന്നതു കേട്ടു, ഉടൻ കാര്യമൊന്നും മനസ്സിലാക്കുവാൻ കഴിയാതെ ദേവി ശാന്തയായി ചോദിച്ചു:—

“നീ പറയുന്നതൊന്നും എനിക്കു മനസ്സിലായില്ല. ഇന്നു നീ എന്തുകൊണ്ടാണ് അന്തഃപുരത്തിൽ വരാതെ ഇരുന്നതു്? നളിനി എന്തു പ്രവർത്തിച്ചുവെന്നാണ് നീ പറയുന്നതു്? എല്ലാം വ്യക്തമായിപ്പറയുക. ഞാൻ കേൾക്കട്ടെ. നളിനി എന്തു പ്രവർത്തിച്ചു?

സോഫി — തിരുമേനി! അടിയൻ ഈ കള്ളന്മാരെല്ലാം കണ്ടുപിടിക്കു
വാൻ പോയതല്ലേ? എഴുത്തു കൈയ്യിൽ കിട്ടാൻ വളരെ വിഷമി
ച്ചു. എന്റെ കൈയ്യിൽ വന്നതും അതു പോയ്പ്പോയതാണ്? അത്
അവിടെ കാണിക്കണമെന്നു വിചാരിച്ചാണ് അടിയൻ ഇത്രയും പാ
ടുപെട്ടത്. എവിടെയോ ഒളിച്ചിരിക്കുന്ന ശത്രു കൊച്ചുതമ്പുരാട്ടി
യെ വശപ്പെടുത്തിയില്ലേ? എന്തു ചെയ്യും, ഈ പ്രകാരമായാൽ? ക
ഷ്ടം! കഷ്ടം!!"

ദേവി — എന്ത്! നീ ഭ്രാന്തു പറയുന്നോ? കൊച്ചുതമ്പുരാട്ടിയെ നശീറ
വശപ്പെടുത്തിയോ? രാജകുമാരനെ പരിചാരിക വശപ്പെടുത്തിയിരിക്കയാ
ണ്? ചക്രവർത്തിയോടു വല്ല കള്ളവും പറഞ്ഞെത്തിച്ചുവോ?

സോഫി — എന്തിനു പറയുന്നു. പക്ഷേ അവൾ പാവമാണ്. അത്ര
യം വളരെ ഇഷ്ടമാണ്. എങ്കിലൊന്നും തന്നെ അറിഞ്ഞു
കൂടാ. അവൾ ഇവിടെ കൊട്ടാരത്തിൽ വന്നതു മുതൽ കൊട്ടാ
രത്തിൽകൂടി സഞ്ചരിച്ചുവരികയാണ്! അതും പോകട്ടെ, അവൾ
രാജകുമാരനെ മോടിയിട്ടു മയക്കി കളഞ്ഞില്ലേ? രത്നമാലയും
മുദ്രാകവും മറ്റും കൊടുത്തു തൃപ്തിപ്പെടുത്തിയതിനാൽ പലതും ഇ
ങ്ങിനെയായിത്തീർന്നതിൽ അടിയൻ അത്ഭുതപ്പെടുകയാണ്!

ദേവി — എന്ത്! അങ്ങിനെ കുമാരനെ മയക്കിയെന്നോ? രാജകുമാരൻ
ഒരു പരിചാരികയുടെ മായാവലയിൽ കുടുങ്ങിയെന്നാണോ സോഫി
പറയുന്നത്? ഛേ! അതു ഒരിക്കലും വിശ്വസനീയമല്ല. അങ്ങി
നെ ഉണ്ടാകയില്ല. നീ അവളോട് അസൂയകൊണ്ട് ഇങ്ങിനെ
പറയുന്നതാണ്! ഞാൻ ഒരിക്കലും വിശ്വസിക്കയില്ല. കടിഞ്ഞൂ
ലത്തിൽ പേരു കേട്ടവരെല്ലാം നശീറയെന്ന എനിക്കു നിശ്ചയ
മുണ്ട്. നീ എന്തിനാണ് അസംബന്ധങ്ങളെല്ലാം പറയുന്നത്?

സോഫി — തിരുമേനി അടിയനെ അവിശ്വസിക്കുന്നു. എന്നാൽ ശ
രിയായ ലക്ഷ്യം എന്റെ പക്കൽതന്നെ ഉണ്ട്. പക്ഷേ അതു ഏ
റ്റവും രഹസ്യം തന്നെയാണ്. നശീറ തിരുമേനിയെ വശീകരിച്ചു.

ദേവി — നീ എന്തു ഭ്രാന്തു പറയുന്നു! നശീറക്കു മന്ത്രമോ, ദിവ്യൗഷധ
മോ മറ്റോ ഉണ്ടോ?

സോഫി — അതു തന്നെയാണ് അടിയന്റെ സംശയം. അവൾ ഒ
രു "ജിൻ" തന്നെയാണ്. ഇപ്രകാരം കൊട്ടാരത്തെ അപമാന
ത്തിൽ ഉൾപ്പെടുത്തുമെന്നു ആരറിഞ്ഞു? ചക്രവർത്തി കൂടിയും
ഇതൊന്നും അറിഞ്ഞിട്ടില്ല. കുമാരനെ വിളിച്ചു ശാസിച്ചു. പ
ക്ഷേ അതിന്റെ രഹസ്യം എനിക്കു മാത്രമേ അറിവാൻ കഴിഞ്ഞി

ട്ടില്ല. ദേവി ഖിന്നതയും, നിന്ദയും, ഭയവുംകൊണ്ടാണ് ഇതുവരെ ഒന്നും അറിയാതെയും വിശ്വസിക്കാതെയും ഇരുന്നത്. ഇന്നിതാ സകലതും വെളിവായി. ഒരു പരിചാരിക കാരണം കൊട്ടാരത്തെപ്പറ്റിയും അന്തഃപുരത്തെപ്പറ്റിയും മറ്റും എന്തെല്ലാം അപവാദങ്ങളാണ് പൌരന്മാർ ഇന്നലെ മഹോത്സവഘോഷത്തിനിടയിൽ അന്യോന്യം ചെന്നിരുന്നു പറഞ്ഞത്? ഇതെല്ലാം കേട്ടപ്പോൾ അടിയൻതന്നെയും ലജ്ജിച്ചു തല താഴ്ത്തിക്കളഞ്ഞു. എന്തുചെയ്യാം! തിരുമേനി സോഫി പറഞ്ഞതു വിശ്വസിക്കുന്നില്ലെങ്കിൽ ഈ കത്തിനെ വായിച്ചു നോക്കുവാൻ ദയവുണ്ടാകണം. അടിയന്റെ നാരിയോട് അസൂയ ഉണ്ടായിട്ടല്ലാ ഇതു സമർപ്പിക്കുന്നതെന്നും, പ്രത്യുത, അവളോടു സ്നേഹവും, അടിയന്റെ ചോറിനോടു നന്ദിയും ഉള്ളതുകൊണ്ടാണെന്നും അവിടുന്നു ധരിക്കണം. എന്റെ തിരുമേനികളെ സ്നേഹിക്കേണ്ടതു എന്റെ കടമയാണ്" ഇത്രയും പറഞ്ഞു സോഫി തന്റെ കൈവശമുണ്ടായിരുന്ന കത്തിനെ അംബികാദേവിയുടെ കയ്യിൽ കൊടുത്തു. ഏറ്റവും വിവശയായ കവിൾത്തടത്തിൽ പ്രേമോജ്ജ്വലമായ കോപാവേശത്തോടുകൂടി കണ്ഠത്തിൽനിന്നും ചാടി പുറപ്പെടുന്ന ദേവി കത്തുവാങ്ങി ഇപ്രകാരം വായിച്ചുതുടങ്ങി.

"മാതംഗി! ഇതാ! ഇന്നു സേവകന്റെ ഭാഗ്യോദയമായി. ഞാൻ നിന്റെ നാമത്തെപ്പറ്റി വിചാരിച്ചു സേവിക്കാത്ത ഒരു മാത്രയും ഇല്ല. പ്രേമം എന്താണെന്നു എനിക്കു മനസ്സിലായി. ഞാനൊ കള്ളി! ഇന്നുതന്നെ ആരാമത്തിൽ വരണം. മണ്ഡപത്തിലെ ദീപങ്ങൾ നേരത്തെതന്നെ അണയുന്നതാണ്. മനോമാല്യത്തെ മാറയിൽ അണിഞ്ഞതിനുശേഷം മറന്നുപോയതു നന്നായില്ല. ഭവതിക്കു ഓരായിരം ചുംബനം സേവകൻ വിനീതനായി അർപ്പിക്കുന്നു. പറഞ്ഞതുപോലെ, എന്ന ഭവതിയുടെ സേവകൻ"

ദേവിയുടെ സർവാംഗങ്ങളുംകൊണ്ടു പതറി. ദേവി ക്രോധാവേശത്താൽ ആ കത്തിനെ നുള്ളുപോലെ ഞെരിച്ചു. ഹാ! പ്രേമലീലവിലാസേ! നിന്റെ പുണ്യകാലം കഴിഞ്ഞുപോയി. ഇതാ! ഈ കണ്ണീർ നിന്നെ നശിപ്പിക്കത്തക്കവണ്ണം പുരളുന്നതാണ്! ഇതു നാരിയുടെ ബാഷ്പമല്ല. ഇപ്രകാരം ഭാഗ്യഹീനയായ നീ അന്നുതന്നെ നശിച്ചിരുന്നെങ്കിൽ എന്തെല്ലാം അനർത്ഥങ്ങൾ കൂടാതെ കഴിയുമായിരുന്നു! ഹാ! ലീലാവതി! ഏതൊരു സൌഭാഗ്യസ്ഥിരതയെ നീ പരമാനന്ദത്തെ, അല്ലെങ്കിൽ സ്വർഗ്ഗസുഖത്തെ പ്രാപിച്ചിരുന്നുവോ, ആ പ്രേമപ്ര

ധരമല്ലാ, ഇപ്പോൾ നിന്നെ നശിപ്പിക്കുന്നതെന്നു നീ നല്ലതുപോലെ മനസ്സിലാക്കണം. നിന്റെ കഷ്ടകാലപ്രളയം അതാ ആവിർഭവിച്ചുകഴിഞ്ഞു. നീ നശിക്കാറായി. ക്ഷമയുടേയും ശാന്തിയുടേയും വിളനിലമായ ദേവിയുടെ ഹൃത്തട്ട ഇതുകൊണ്ട് ചുട്ടുപഴുത്തു. ദേവി വീണ്ടും വീണ്ടും ആ കത്തിനെ വായിച്ചു. പക്ഷെ അതു, സെലിം നസീറയെഴുതിയിട്ടുള്ളതാണോ എന്ന സംശയം, അനേകകാലമായി സെലിമിന്റെ സ്വഭാവചാഞ്ചല്യത്തെപ്പറ്റി നല്ലതുപോലെ അറിയാമെങ്കിലും, നസീറയെപ്പറ്റി ദേവിക്കു തോന്നിയിട്ടുള്ള നിർമ്മലവാത്സല്യം മൂലം പ്രബലമായി ഭവിച്ചു. എങ്കിലും അതിൽ അനാക്കുളിയെന്ന സംബോധന തന്റെ കഷ്ടകാലത്തെ പററിയുള്ള വർണ്ണനങ്ങൾപോലെ തെളിഞ്ഞു ശോഭിക്കുന്നവയായിരുന്നു. ഇതിനും പുറമെ, രത്നമാല്യത്തെപ്പററി കത്തിൽ പ്രസ്താവിച്ചിരുന്ന ഭാഗങ്ങൾ ദേവിയെ അസഹ്യപ്പെടുത്തി. ഇതിനുമുമ്പ് ഒരു സായംകാലത്തിൽ, നസീറ രത്നമാല്യത്തെ കുമാരന്റെ ഛായാപടത്തിൽ അലങ്കരിച്ചിരുന്നതുകണ്ട് സെലിമിനോടു സംശയമേറിതയായി ദേവി അതിനെപ്പററി ചോദിച്ചുവെങ്കിലും, ഇപ്പോൾ ഇതാ സകലതും ആ കത്തിൽനിന്നുതന്നെ മനസ്സിലാക്കുവാൻ വിഷമമില്ലാതായി എന്നു മാത്രമല്ല, അതു സെലിംതന്നെ എഴുതിയിട്ടുള്ളതാണെന്നു അതിൽതന്നെ തെളിയിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ഈവക കാരണങ്ങളാൽ, സോഫി പറഞ്ഞതു ഒരു പക്ഷെ പരമാർത്ഥംതന്നെ ആയിരിക്കാമെന്നു ദേവി തീരുമാനിച്ചു. ദേവിയുടെ മുഖം, അകാലത്തു ഉദിച്ചുപൊങ്ങുന്ന കാർമേഘനിരകളാൽ, ആകാശംപോലെ കറുത്തിരുന്നു. വിശാലമായ നയനങ്ങളിൽനിന്നും ചെന്തീപ്പൊരി പറക്കുന്നതുപോലെ സോഫിക്കു തോന്നി. ദേവിയെ, ഇത്ര കോപാക്രാന്തയായിട്ടു ഇതിനുമുമ്പ് ഒരിക്കലും താൻ കണ്ടിട്ടില്ലെന്നും, അനേകതവണയും ദേഷ്യപ്പെട്ടപ്പോഴും ദേവിയുടെ മുഖം ഇതുപോലെ ചുവന്നിട്ടില്ലെന്നുംകണ്ട് സോഫി ഉള്ളുകൊണ്ട് ആഹ്ലാദിച്ചു. പല ആവൃത്തിയും എഴുത്തിനെ വായിച്ചശേഷം, ദേവി തന്റെ നാസാഗ്രത്തിൽ അരുണാംഗുലിയാൽ പവിഴമണി ചാർത്തികൊണ്ട് ഉച്ചരിച്ചു:—

“എന്തു! സെലിം രാജകുമാരൻ നസീറയെഴുതിയ കത്താണോ എന്റെ കയ്യിൽ ഇരിക്കുന്നതു”? ഹോ! കൃതഘ്നിതമേ! നിന്നെ ഞാൻ ഇന്നുതന്നെ അവളോടൊന്നിച്ചു കാരാഗൃഹത്തിൽ അടച്ചു നശിപ്പിക്കുന്നുണ്ട്. കുമാരൻ മെഹറിനെ സ്നേഹിക്കയും ആദരിക്കയും ചെയ്യുന്നതു ക്ഷമിക്കുവാൻ എന്റെ ചാരിത്ര്യം എന്നെ അനുവദിച്ചുള്ള ഒരു

റിനെപ്പറ്റി നല്ലതുപോലെ എനിക്കറിയാവുന്നതുകൊണ്ടാണ്. ഇപ്പോൾ ഞാൻ കേൾക്കുന്നതു പരമാർത്ഥമാണെങ്കിൽ അംബികാദേവിയുടെ അന്തഃപുരവാസത്തിന്റെ അന്തിസമയം ആഗതമായിരുന്നതു തീർച്ചതന്നെ — തർക്കമില്ല. ഹാ! ഇതിൽ കൂടുതൽ എന്തപരാധമാണ് കുമാരൻ ചെയ്യേണ്ടതു്! ഇതിൽ എന്തു അപമാനമാണ് മുഗൾരാജസ്ഥാനത്തിൽവന്നു ചേരുവാനുള്ളതു? ഇതിൽ കൂടുതൽ എന്തപരാധമാണ് അന്തഃപുരത്തെയും, സാമ്രാജ്യത്തെയും ആസകലം ബാധിക്കുവാനുള്ളതു? കഷ്ടം! കുമാരന്റെ ദുശ്ചരിതം അതിരുകടന്നു പ്രവഹിച്ചു തുടങ്ങിയെന്നു അദ്ദേഹം അറിയുന്നില്ലല്ലോ? ചക്രവർത്തി വിളിച്ചു ശാസിച്ചുവെന്നും മറ്റും പറയുന്നതെല്ലാം ഇതിനെപ്പറ്റി അറിഞ്ഞിട്ടായിരിക്കാം. എന്നാൽ എന്തുകൊണ്ട് അദ്ദേഹം അവരെ നിഷ്കാസനം ചെയ്തില്ല! ആകട്ടെ ഞാൻതന്നെ അതു ചെയ്തുകൊള്ളാം! രാജപുത്രസ്ത്രീകൾ അപമാനത്തെയും അപവാദത്തെയും മരണത്തെക്കാൾ ഭയപ്പെടുന്നവരെന്നു മുഗൾവംശജന്മാർക്ക് അറിവുള്ളതാണല്ലോ. ഇതെല്ലാം ഞാൻതന്നെ വെച്ചുകൊടുത്തിട്ടുള്ള വളംകൊണ്ട് വളർന്നിട്ടുള്ളതാണ്! മെഹറിനെപ്പറ്റി അറിയാവുന്നതുകൊണ്ട് മാത്രമാണ് ഞാൻ "കണ്ടില്ല, കേട്ടില്ല" എന്നു കരുതി കണ്ണടച്ചും ചെവി പൊത്തിയതും എന്ന് അദ്ദേഹത്തിന് അറിവുള്ളതാണ്. ദുഷ്ടേ! ദ്രോഹി! നിന്നെ ഓമനിച്ചതിന്റെ ഫലം നീ തിന്നുകഴിഞ്ഞല്ലോ! നിന്നെ ഞാൻ ഇന്നുതന്നെ നശിപ്പിക്കുന്നതു്. — നോക്കുക — എന്തെഴുതാണ് ഈ എഴുതിയിരിക്കുന്നതു! എനിക്കുകൂടിയും ഈ തരത്തിൽ ഒരു കത്തെഴുതുവാൻ കുമാരൻ തുനിഞ്ഞിട്ടില്ല"

ഇത്രയും പറഞ്ഞുകൊണ്ടു് ദേവി അല്പനേരം മൌനത്തിൽതന്നെ ഇരുന്നു. തന്റെ കൈവശം ഉണ്ടായിരുന്ന കത്തിലെ "നൂറുന്നാരിറാണി" കത്തയച്ചതിന് തെളിവ് സിദ്ധിക്കുന്നതായിരുന്നെങ്കിലും അതു നശിപ്പിച്ചാൽ പരമാർത്ഥം തെളിയിക്കാൻ സാധിച്ചില്ലെങ്കിലോ എന്നു കരുതി മാത്രമാണ് ദേവി അതിനെ ഉപേക്ഷിയാതിരുന്നതു്. അന്തരാ കളങ്കവുമില്ലാതെ ഭർത്താവിനെ സ്വജീവനെപ്പോലെതന്നെ സ്നേഹിക്കുന്ന ആ സാദ്ധ്വി — താപിക്കുന്നവരായ സങ്കടത്തെ അടക്കുന്നതിനു, ഇത്രയും ധീരയായിരുന്നെങ്കിലും, അപ്പോൾ അശക്തയായിരുന്നു! ഹാ! പ്രേമമേ! ചാപല്യമേ! നിന്നെ ദൈവം സൃഷ്ടിച്ചപ്പോൾ ഈ വിധത്തിലുള്ള അനർത്ഥങ്ങൾക്ക് നീ കാരണമാകുമെന്നു സ്രഷ്ടാവ് അറിഞ്ഞിരിക്കയില്ല.

തന്റെ ഭർത്താവു് അന്യസ്ത്രീകളെ ദർശിക്കുന്നതുപോലും സ
ഹധർമ്മസാധ്വികൾക്ക മരണത്തോടുതുല്യമായിരിക്കെ, അദ്ദേഹം ഒരു
പരിചാരികയുടെ അടിമയാണെന്നുള്ള വിവരം, മര്യാദവിധ
ത്തിൽ ലേഖനംചെയ്തു് ഉറപ്പിക്കുന്നപക്ഷം, അതിൽവെച്ചു് ഒരു പ
തിവ്രതക്കുണ്ടാകാവുന്ന വൈരാഗ്യബുദ്ധി,— സന്താപവേദനാദി,— മനഃ
ക്ഷോഭം— കോപം, കരിക്കലും, അന്യായമോ, സഹനീയമോ ആയി
ത്തീരുന്നതല്ല. അതും പോകട്ടെ; ഒരു സാമ്രാജ്യത്തെ—ഭാരതഖണ്ഡ
ത്തെ മുഴുവൻ പിടിച്ചടക്കി ഒരു ചെങ്കോലിൻകീഴിൽ ഭരിക്കപ്പെടുന്ന
മുഗൾസാമ്രാജ്യത്തെ, ഭാവിയിൽ യശസ്സോടുകൂടി വാണു പ്രജകളിൽ
ബദ്ധമമതയെയും, ഭയത്തെയും സ്നേഹത്തെയും ഉൽകൃഷ്ടപ്രവൃത്തി
കൾകൊണ്ടു് ഉളവാക്കേണ്ട രാജകുമാരൻ,— സാമ്രാജ്യാധിപന്മാരിൽ
പരമോന്നതൻ എന്ന പ്രശസ്തിക്കു് അർഹനായി, അകളങ്കയശസ്സു നാ
നാദിഗന്തങ്ങളിലും പ്രചരിപ്പിച്ചു വിജയിക്കുന്ന മഹാനായ അക
ബർപാദുഷായുടെ സീമന്തപുത്രൻ—തന്നിൽ നിന്നും എത്രയോ താ
ഴ്ന്നു, നിലയും വിലയും ഇല്ലാത്ത ഒരു ബാലികയിൽ, ഉദയംപോ
തം ഇല്ലാതെ, ഉടയോനും ഉത്തരവാദിയും ഇല്ലാതെ, ഉൽകൃഷ്ടതയും
ഉന്നതിയും ചേരാതെ, എവിടെയോ അലഞ്ഞു തിരിഞ്ഞു, ഒടുവിൽ,
എന്തോ അല്പ ഭാഗ്യംകൊണ്ടു കൊട്ടാരത്തിലെ ഏറ്റവും താഴ്ന്ന
ദാസിപദത്തിൽ എത്തിച്ചേർന്ന ബാലികയിൽ—മാനവും മതിയും മറ
ന്നു്, അന്ധനായി, അഭിനിവിഷ്ടനായി, അവളുടെ ദാസനെന്ന
നിലയിൽ എത്ര നീചപദത്തിനും തയ്യാറായി, ജീവിതകല്പദ്രുമത്തെ
അസ്ഥാനപ്രേമപ്രവാഹത്താൽ ഉന്മൂലനം ചെയ്യാൻ നിശ്ചയിച്ചിരി
ക്കുന്നുവെന്നു് പരമസാധ്വിയും, മനോഹരിയും, ചാരിത്രശാലിനിയും
വിദുഷിയും വിവേകശീലയും ആയ രാജ്ഞി അറിയുന്നപക്ഷം, ആ
ഉൽകൃഷ്ടതയിൽ ഉണ്ടാകാവുന്ന സങ്കടത്തിന്റെ ഗതിയെ നിശ്ചയിക്കു
വാൻ ശ്രമിക്കുന്നതു്, ഭൂകാലത്തെപ്പറ്റിയുള്ള അനന്തതാരങ്ങളെയും, അ
ന്തരീക്ഷത്തിലുള്ള ഉൽക്കകളെയും എണ്ണിയും അളന്നും യഥാക്രമം, നിർ
ണ്ണയം ചെയ്യാൻ സാധിക്കുന്നവർക്കുപോലും നിരാശാജനകമായി പ
രിണമിക്കുന്നതാണു്. ഇപ്രകാരം ഭയമേറിയും, അതിരില്ലാത്തതും അ
തിദുസ്സഹവുമായ ദുഃഖാബ്ധിയിലാണു് ആ പരമസാധ്വി കത്തു
വായിച്ചതിനു ഉടൻതന്നെ ഉടലും ഉയിരും ചേർന്നു വീണുപോയതു.
പക്ഷേ ഇതിലൊക്കെ ഒടുവിൽ കാരണം ചുരുക്കുന്നതു
ലോകപരിചയവും പ്രേമപരിചയവും ഉള്ള വായനക്കാർ അവരുടെ തി
ട്ടപ്പെടുത്തിക്കൊള്ളട്ടെ സാദൃശ്യം, നിലയും, ഐശ്വര്യവും,

ആയ നഫീസയിലെന്തു കുററമാണുള്ളതു? ദുർവൃത്തനാണെങ്കിലും, യ
ഥാൎത്ഥപ്രേമാലയത്തിൽ തന്റെ സകല വിടത്വവും ബലിവെ
ച്ചൊഴിഞ്ഞ് ആത്മപ്രേമത്തെ ആരാധിക്കുവാൻ പ്രേരിതനായ രാജ
കുമാരൻ എന്തു തെററാണു ചെയ്തിട്ടുള്ളതു? തന്റെ പ്രാണനാഥൻ അ
പരപ്രേമത്തെ ആരാധിക്കുന്നവനെന്നു അറിഞ്ഞു കോപിച്ച സാദ്ധ്വി
യായ അംബികാദേവി എന്തു തെററു പ്രവൎത്തിച്ചു? വാസ്തവത്തിലു
ണ്ടായ കാൎയ്യത്തെ, അസൂയ കൊണ്ടെങ്കിലും ഉള്ളതുപോലെ അറിയി
ക്കേണ്ടവരെ അറിയിച്ചു, വിശ്വസ്തയായ പരിചാരികയെന്ന നില
യിൽ സോഫിതന്നെയും എന്തു കുററമാണു ചെയ്തിട്ടുള്ളതു? ഇത്ത
രത്തിൽ ആലോചിച്ചാൽ ഓരോരുത്തരും അവനവന്റെ ചുമതല മാ
ത്രമേ നിൎവ്വഹിച്ചിട്ടുള്ളുവെന്ന് വിധിക്കാൻ ന്യായമുണ്ടു. പക്ഷെ ആ
രോ ഇതിൽ കുററക്കാരായിട്ടുണ്ടു? സംശയമില്ല. മനുഷ്യവൎഗ്ഗത്തിൽ
ഉൾപ്പെട്ട ദൃശ്യശക്തികളൊന്നുംതന്നെ കുററക്കാരല്ലെങ്കിൽ ദിവ്യവ
ൎഗ്ഗത്തിൽ ഉൾപ്പെട്ട അദൃശ്യശക്തി കുററഭാരം വഹിക്കേണ്ടതാണ്. അ
പ്രകാരമാണെങ്കിൽ ആ ശക്തിയേതാണ്? അതു പ്രേമം തന്നെ
നഫീസയുടെ പ്രേമം — രാജകുമാരന്റെ പ്രേമം — അംബികാദേവിയുടെ
പ്രേമം — സോഫിയുടെ പ്രേമംതന്നെയാണെന്നു പറയാം. ആ സ്ഥി
തിക്ക് അതുതന്നെ കുററത്തിനുള്ള ശിക്ഷ അനുഭവിച്ചുകൊള്ളട്ടെ!
നാം വിചാരിച്ചാൽ അതിനെ തടുക്കുവാൻ കഴികയില്ലല്ലോ!

അംബികാദേവി അല്പനേരം ആലോചനാബ്ധിയിൽ ആമഗ്ന
യായിരിക്കുന്നതു കണ്ടു സോഫി പൊടുന്നനെ അന്ധാളിക്കാതിരുന്നി
ല്ല. എന്തെല്ലാം ദൂഷ്യങ്ങളിരുന്നാലും, അവിവേകങ്ങൾ പ്രവൎത്തിക്കു
വാൻ പ്രേരിതമായിരുന്നാലും സ്ത്രീഹൃദയം പെട്ടെന്നു കരുണക്കു വ
ശംവദമായിഭവിക്കാതിരിക്കയില്ലയെന്നുള്ളതു നിശ്ചയമാണ്. പക്ഷെ ദുർ
ബ്ബുദ്ധികൾക്കു കരുണയുണ്ടാകുന്നതുംമറ്റും, അസ്ഥാനത്തും, അകാല
ത്തും, അപഥത്തിലുമാകയാൽ അതുകൊണ്ടു വലിയ പ്രയോജനമു
ണ്ടാകുന്നില്ലയെന്നു പറയാം. സോഫി തന്റെ ദൌർബ്ബല്യമെന്നു ശ
ങ്കിച്ചു അനുകമ്പാലാഞ്ഛനം മനസ്സിൽനിന്നും മറഞ്ഞു ഉടൻതന്നെ
ദേവി എന്താണിനി ചെയ്വാൻ പോകുന്നതെന്നു അറിവാനുള്ള ഉൽ
കണ്ഠയോടുകൂടി അവിടെ നിന്നു. ദേവി വീണ്ടും കത്ത് ഒന്നുകൂ
ടി വായിച്ചു. ഭർത്തൃസ്നേഹം വളരെയുള്ള സ്ത്രീയായിരുന്നെങ്കിൽ, ദേ
വി, ഒരുപക്ഷെ മെഹറിനെപ്പോലെതന്നെ നഫീസയേയും കരുതിയെ
ങ്കിൽ, തന്റെ ആശകളെല്ലാം നശിക്കുമെന്നു കരുതി സോഫി ഇങ്ങി

ന്നു പറഞ്ഞു. "ദേവി! അവിടുന്നു ക്ഷമിക്കണം. ഞാൻ നേരത്തേതന്നെ ഇതിനെപ്പററി ശങ്കിക്കാതിരുന്നില്ല. അവൾക്ക് സൌന്ദര്യമുള്ളതുകാരണം എന്തെങ്കിലും കുമാരൻ അനുരാഗത്തിൽ ചാടുമെന്നു ഞാൻ വളരെ നേരത്തേതന്നെ ഉദ്ദേശിച്ചു. പക്ഷേ തിരുമുമ്പിൽ ഉണർത്തിച്ചാൽ അടിയനെപ്പററി വല്ലതും ശങ്കിച്ചെങ്കിലോ എന്നു കരുതി ഇതുവരെ അറിയിക്കാതിരുന്നതാണ്. അവിടുന്നു അടിയൻെറ കുററത്തെ പൊറുക്കണം." സോഫി പറയുന്നതു കേട്ട ദേവി വീണ്ടും ഇപ്രകാരമരുളി. "സോഫി! നീ വളരെ സമർത്ഥയായവളാണ്. നീ നന്ദിയുള്ളവളുമാണ്. നിന്നോടു ഞാൻ വളരെ കടപ്പെട്ടിരിക്കുന്നു. ഇന്നെങ്കിലും നീ ഇതു് അറിയിച്ചതു് എത്ര നന്നായി! നിനക്കു ഞാൻ നല്ല സമ്മാനങ്ങൾ തരുന്നുണ്ട്. ആകട്ടെ. ആ സ്വാമിദ്രോഹി ഇപ്പോൾ എവിടെ? ഞാൻ അവളെ ഇന്നുതന്നെ നല്ല പാഠം പഠിപ്പിച്ചേക്കാം. രാജകുമാരൻ എവിടെയാണു വിശ്രമിക്കുന്നതു്?" ദേവി, രോഷാകുലയായി ശക്തിസ്വരൂപിണിയെപ്പോലെ ഉജ്ജ്വലയായി ഇത്രയും അരുളിയപ്പോൾ സോഫി പതുക്കെ പറഞ്ഞു. "തിരുമേനി! അടിയൻ എന്തിനാണു പറയുന്നതു്? അവൾ ഇന്നു നേരത്തേതന്നെ —" ഇത്രയും പറഞ്ഞു സോഫി അർദ്ധോക്തിയിൽ വിരമിച്ചു. ഉടൻ ദേവി സോൽകണ്ഠം തുടർന്നു "എന്ത്! സകലതും വിശദമായിപ്പറയുക. അവൾ ഇന്നു നേരത്തേതന്നെ എവിടെ പോയി?

സോഫി—"അടിയനു പറയുവാൻ വളരെ മടിയുണ്ട്. അവൾ ഇന്നു നേരത്തേതന്നെ കുമാരൻെറ മണിയറയിലേക്ക്—" വീണ്ടും സോഫി അർദ്ധോക്തിയിൽ വിരമിച്ചപ്പോൾ അക്ഷമയായി ദേവി ചോദിച്ചു. "നീ ഉടൻ പറയുക. അവൾ മണിയറയിലേക്കു പോയയോ? ഹേ! വാസ്തവമോ?"

സോഫി—"അവിടുന്നു സോഫിയെ ഇനിയും അവിശ്വസിക്കുന്നെങ്കിൽ, മണിയറവരെ എഴുന്നള്ളിയാൽ എല്ലാം ദൃഢമായിതന്നെ കണ്ടറിയാം. അവൾ അവിടെ ഉണ്ട്." സോഫി ഇത്രയും പറഞ്ഞു തീരുന്നതിനുമുമ്പു, ദേവി തൻെറ ആഭരണങ്ങളെല്ലാംതന്നെ അവിടെ അഴിച്ചുവെച്ചതിൻെറ ശേഷം, മണിയറയിൽനിന്നും പുറത്തേക്കിറങ്ങി. സോഫി, ദേവിയെ പിന്തുടർന്നു. തോഴിയോടുകൂടി നടക്കുമ്പോൾ ആഭരണങ്ങളുടെ ശിഞ്ജിതംകൂടി ഉണ്ടാകരുതെന്നു കരുതിയാണു ദേവി അവയെല്ലാംതന്നെ അഴിച്ചുവെച്ചതു്. യാതൊരു ശബ്ദവും ഉണ്ടാക്കാതെ സോഫിയോടൊരുമിച്ചു് അവൾ

കരീമേവി സെലിം രാജകുമാരന്റെ സ്വകാര്യമന്ദിരത്തിന്റെ വാതുക്കലെത്തി. ആ വാതിൽ ചാരിയിരുന്നതല്ലാതെ ബന്ധിക്കപ്പെട്ടിരുന്നില്ല. നാനാവൎണ്ണങ്ങളോടുകൂടിയ സ്ഫാടികപ്പാളികളാൽ വിനിൎമ്മിതമായിരുന്ന ജാലകങ്ങൾ എല്ലാംതന്നെ അടച്ചിരുന്നുവെങ്കിലും, അകത്തു ദീപ്തിപൂരത്തെ ചൊരിഞ്ഞുകൊണ്ടു് കത്തുന്ന സ്വൎണ്ണദീപങ്ങൾ പ്രകാശിക്കുന്നതിന്റെ വെളിച്ചം വാതിൽപഴുതിൽക്കൂടിയും, സ്ഫടികവാതായനങ്ങളിൽക്കൂടിയും പുറത്തേക്ക വ്യാപിക്കുന്നുണ്ടായിരുന്നു. സ്വാഫി പറഞ്ഞതനുസരിച്ച് മേവി വാതിൽപഴുതിൽക്കൂടി അകത്തേക്ക നോക്കി. അപ്പോൾ അവർ കണ്ട കാഴ്ചയെന്തായിരുന്നുവെന്നു സൎവ്വവും നിരീക്ഷിക്കുന്ന സൎവ്വശക്തനെന്നെയും ശരിയായി പറയുവാൻ സാദ്ധ്യമാകയില്ല.

അകത്തുള്ള മണിമഞ്ചത്തിൽ സെലിം രാജകുമാരൻ ഇരിക്കുന്നു. അദ്ദേഹത്തിന്റെ അങ്കതലത്തിൽ, അംബികയുടെ പ്രതിമയായയെന്നപോലെ, ഗളിതോത്തരീയത്തോടുകൂടി നളീറ, മന്ദഹസിച്ചുകൊണ്ടു് ഉപവേശിച്ചിരിക്കുന്നു. ചെങ്കോൽ വഹിക്കേണ്ട വലത്തുകൈസ്കന്ധം, ആ തനുവിഗ്രഹത്തിന്റെ മാൎത്തട്ടിനെ മെല്ലമെല്ലെ തലോടുന്നു. ഇടത്തുകൈയ്കൊണ്ടു് അവളുടെ പൂൎവ്വഭാഗം താങ്ങി, ചാരുക്കസാലയിലെന്നപോലെ ചാരിക്കിടക്കുന്ന നളീറയെ, സെലിം ആ ശ്ലേഷഹസ്തത്തിന്റെ അസ്ഥികളെ കെട്ടി ക്രമേണ ഉയൎത്തുമ്പോൾ, അത്യധികമായി ആഹ്ലാദിപ്പിക്കുന്നു. അവളുടെ വദനപങ്കജത്തിൽ ലജ്ജയുടെ ചില രേഖകൾ, രാഗത്തോടുകൂടിതന്നെ തെളിഞ്ഞുകൊണ്ടിരിക്കുന്നു. ഒരു പൈതലിനെ എന്നപോലെ സെലിം ഓമനിക്കുന്ന അവളുടെ ആയതമായനയനങ്ങൾ ഇടക്കിടയ്ക്കു കൂമ്പിയും, മന്ദം മന്ദം പുഞ്ചിരി തൂകിയും, സെലിം തന്റെ കരംകൊണ്ടു സാമ്രാജ്യാധിപന്റെ ചക്രവൎത്തിത്വത്തെ അവളുടെ കപോലങ്ങളിൽ സ്ഥാപിക്കുവാൻ ശ്രമിക്കുന്നതിനെ മുദ്രവളയണിഞ്ഞുംപോലെ ലോലമായ കൈയ്ത്താർകൊണ്ടു തട്ടിത്തുകൊണ്ടും, പരമാനന്ദസിന്ധുവിൽ തള്ളിക്കയറുന്ന ആശ്ലേഷതരംഗങ്ങളിൽ അകവും പുറവും ഒരുപോലെ മജ്ജനം ചെയ്തിട്ടും, ശാന്തയായി, സുകുമാരിയായി, തന്റെ സകല പരിതസ്ഥിതികളും വിസ്മരിച്ചു രാജകുമാരന്റെ കാന്തയെപ്പോലുള്ള സകല സൌഖ്യങ്ങളും അനുഭവിച്ചുകൊണ്ടു, മുഗൾസാമ്രാജ്യസിംഹാസനത്തിൽ സ്ഥിതനാകേണ്ട പുരുഷന്റെ അങ്കതലംസിംഹാസനമാക്കി വിജയിക്കുന്ന നളീറയെ—തന്റെ പരിചാരികയെ—ക

ന്നു ദേവി അല്പനേരത്തേക്കു കണ്ണടച്ചു അചഞ്ചലയായി നിന്നുപോയി. മനുഷ്യഹൃദയത്തിൽ അനേക വിചാരങ്ങൾ ക്ഷോഭിച്ചുയർന്നു അവയുടെ പരമകാഷ്ഠയെ പ്രാപിച്ചാൽപിന്നെ നിശ്ചലത്വം ഉണ്ടാകുമെന്നുള്ളതു പരമാർത്ഥമാകുന്നു. തന്റെ നയനങ്ങൾക്കു മുമ്പിൽ ആവിർഭൂതമായ കാഴ്ച പ്രേമപ്രദർശനമാണെന്നു ദേവിക്കറിയാമായിരുന്നെങ്കിലും ഏതോ ഒരു സ്വാതന്ത്ര്യം ദേവിയെ വളരെ വിഷമിപ്പിച്ചു. തന്റെ ഹൃദയം വീണ്ടും, അതിനു നഷ്ടമായ ജാഗ്രതാവസ്ഥയെ പ്രാപിച്ചപ്പോൾ "എന്താണു താൻ ചെയ്യേണ്ടു" എന്നുള്ള ആലോചന ദേവിയിൽ ഉണ്ടായി. ബന്ധിക്കപ്പെട്ടിട്ടില്ലാത്ത കവാടത്തെ ഉടൻതന്നെ തട്ടിത്തുറന്നു് അകത്തു പ്രവേശിച്ചു, നസീറയെ അവളുടെ പ്രേമാസനത്തിൽനിന്നും തള്ളി താഴെ ഇട്ടു, രണ്ടു പാദങ്ങൾകൊണ്ടും ചവിട്ടിക്കൊല്ലുന്നതിനാണു ആദ്യം ദേവി ആലോചിച്ചതു്. ഉടൻതന്നെ ആ വിവേകശാലിനി തന്റെ ആലോചനയുടെ മറുപുറത്തെപ്പറ്റിയും ഓർക്കാതിരുന്നില്ല. ഈ നിമിഷംവരെ തന്റെ ഭർത്താവിന്റെ യാതൊരാഗ്രഹത്തിനും, സുഖത്തിനും പ്രതിബന്ധമാകാതെ അദ്ദേഹത്തിന്റെ ഇച്ഛാനുസരണം ഏതു ദുരവസ്ഥയേയും സഹിക്കുന്നതിനുള്ള മനഃസ്ഥിതിയോടുകൂടി, യഥാർത്ഥപാതിവ്രത്യധർമ്മത്തെ അനുഷ്ഠിച്ചുപോരുന്ന താൻ, പൊടുന്നനെ കയറിച്ചെല്ലുന്നതു്, കേവലം അക്ഷമയായി, അവിവേകം പ്രവർത്തിച്ചാൽ അതിൽവെച്ചു അദ്ദേഹത്തിനുണ്ടാകാവുന്ന അനിഷ്ടത്തെപ്പറ്റി വിചാരിച്ചപ്പോൾ, ഒരിക്കലും താൻ അകത്തു പ്രവേശിക്കുന്നതു നന്നല്ലെന്നും, ക്ഷമയാണു താൻ ഇന്നുവരെ പാലിച്ചതും ഇനിയും പാലിക്കേണ്ടതുമെന്നും, അതുതന്നെയാണു് ഉത്തമസ്ത്രീയുടെ ലക്ഷണമെന്നും, തന്റെ സന്താപങ്ങളെല്ലാം താൻതന്നെ സഹിക്കേണ്ടതാണെന്നും ദേവി അറിയാതിരുന്നില്ല. ദേവിയുടെ സ്ത്രീത്വം അവരെ മുൻപോട്ടു നയിപ്പിക്കുമ്പോൾ ഭർത്തൃസ്നേഹം അവരെ പുറകോട്ടു പിടിച്ചുതള്ളി. ദേവിയുടെ സ്ത്രീസഹജമായ ഭർത്തൃസ്വാതന്ത്ര്യം അവരെ മുൻപോട്ടു കുതിപ്പിച്ചപ്പോൾ അവരുടെ ക്ഷമ അവരെ പുറകോട്ടുതന്നെ ആട്ടി ഓടിച്ചു. നസീറയുടെ പരിചാരികാത്വം രാജ്ഞീത്വമായപ്പോൾ ദേവിയുടെ രാജ്ഞീത്വം അവരെ പരിചാരികാത്വത്തിലേക്കു നയിപ്പിച്ചു. ഏകദേശം അര നാഴികയോളം സമയം ദേവി അവിടെത്തന്നെ നിന്നു. അപ്പോൾ കേട്ടതു താഴെപ്പറയുന്ന സംഭാഷണമാണ്.

നസീ — തിരുമേനി! അവിടേക്കു വളരെ ക്ഷീണമുണ്ട്. നിദ്രാരംഭിച്ചുകഴിഞ്ഞാൽ പിന്നെ അടിയൻ പൊയ്ക്കൊള്ളാമായിരുന്നു. ഇ

പ്രകാരം ഇവിടെ അധികസമയം ഇരിക്കാൻ നിവൃത്തിയില്ല. ക
ളിച്ചു കളിച്ചു തിരയിൽ അകപ്പെട്ടാൽ മുങ്ങിച്ചത്തുപോകും.

സെലിം—എന്തു! ഇന്നു എനിക്കു ശയനം ഇവിടെത്തന്നെ ആണ്. നി
നക്ക് ഉറക്കം വരുന്നുണ്ടായിരിക്കാം. ആകട്ടെ നിന്റെ അമ്മ
നിന്നോട്, അവരുടെ മരണദിവസം ഒരു കഥ പറഞ്ഞുവെന്നും,
അതിലെ ഒരു സ്ത്രീയെപ്പോലെ തന്നെയാണ് ഇന്നത്തെ നിന്റെ
സ്ഥിതിയെന്നും മറ്റും നീ പറഞ്ഞല്ലോ. ഏതാണ് ഈ "ശ്രീല"

നസീം—അതൊന്നും എനിക്കറിവാൻ പാടില്ല. അതു ഒരു കഥയാ
ണ്. ഉമയ്യൻ ചക്രവർത്തിയുടെ മകളാണെന്നു മാത്രമേ ഞാൻ
ഓർക്കുന്നുള്ളു. എനിക്കു പോകുവാൻ സമയമായി.

സെലിം—ആകട്ടെ നിന്നെ ഞാൻ വിവാഹം ചെയ്യട്ടെ! പക്ഷെ ഇ
ന്നു അതൊന്നും സാധിക്കയില്ല.

നസീം—അവിടുന്നു എന്തിനാണ് അപ്രാപ്യസ്ഥാനത്തേക്കു എന്നെ
എടുത്തുപൊക്കുന്നതു്? ദേവി ഇതറിഞ്ഞാൽ പിന്നെ—മെഹർ അ
റിഞ്ഞാൽ പിന്നെ—എന്റെ ജീവിതവും നശിക്കും. അഥവാ! പി
താവു് എന്നെ കൊല്ലും. സംശയമില്ല. ഞാൻ എന്തിനാണു ദു
ഷ്കൃത്യങ്ങൾക്കു പ്രേരിപ്പിക്കുന്നതു്?

സെലിം—നീ എന്തു മൂഢയാണ്! ദേവി നീ വിചാരിക്കുന്നതുപോ
ലെ അസൂയയുള്ളവളല്ല. ഞാൻ ദേവിയെ യഥാർത്ഥത്തിൽ ആ
രാധിക്കുന്നുണ്ടു്. എന്റെ ആഗ്രഹങ്ങൾക്കൊന്നുംതന്നെ ദേവി
ഇന്നുവരെ വിപരീതമായി പ്രവർത്തിച്ചിട്ടില്ല. അവൾ വളരെ പ
തിഭക്തിയും പാതിവ്രത്യം ആണ്. അപ്രകാരമുള്ള മനസ്ഥിതി
യോടെ ഒരു സ്ത്രീയിലും ഉണ്ടാകയില്ലെന്നും എനിക്കു വളരെ നിശ്ച
യമുണ്ട്. പക്ഷെ ദേവിയെ ഞാൻ ഒരു കാലത്തും വിട്ടുപിരികയു
യില്ല. അതുകൊണ്ടുതന്നെയാണ് ഇന്നു അതു സാദ്ധ്യമല്ലെന്നു
ഞാൻ പറഞ്ഞതു്. മെഹർ എന്തിനാണു കോപിക്കുന്നതു്; അ
വൾ നിന്നെപ്പോലെ തന്നെയല്ലേ? അവൾക്കു എന്നിൽ ഞാൻ
നൽകിയ അവകാശമല്ലാതെ മറ്റെന്താണുള്ളതു്? ആകട്ടെ, എ
ന്തായാലും പിതാവിന്റെ മരണം കഴിഞ്ഞാൽ അന്നു നിങ്ങൾ മൂ
വരും ഒരേ സ്ഥിതിയിൽ സെലിമിന്റെ പ്രേമഭാജനങ്ങളായിരി
ക്കും. ഞാൻ നിന്നെ ആരാധിക്കുന്നതു്, മെഹറിന്റെ രൂപലാവ
ണ്യവും ദേവിയുടെ മനസ്ഥിതിയും ഒത്തുചേർന്നു നിന്നിൽ കാണു
ന്നതുകൊണ്ടാണ്. അതുകൊണ്ടു നിനക്കു അവരുടെ രണ്ടുപേരു
ടെയും സ്ഥാനം എന്നിൽ ഉണ്ടു്. ആകട്ടെ ആ ദീപം എന്നെ
വല്ലാതെ ശല്യപ്പെടുത്തുന്നുവല്ലോ.

നദീറ — അതുകൊണ്ടെന്തു വേണം? അവിടത്തെ ശല്യപ്പെടുത്തുന്നതു വേറെ ദീപമാണ്. ഈ ദീപം വേറെ പലരേയും ശല്യപ്പെടുത്തുന്നതാവാം. അതവിടെ തെളിഞ്ഞു പ്രശോഭിക്കട്ടെ.

സെലിം — കഷ്ടം! അതിന്റെ നാളം നോക്കുക. എന്നെ നോക്കി ഹസിക്കുന്നതോ?

നദീറ — വാസ്തവമാണ്. എന്നെ നോക്കിയാണ് ഹസിക്കുന്നതു. പരമാർത്ഥംതന്നെ.

സെലിം — നീ അതിനെ അണെക്കുക. എനിക്ക് ഉറക്കം വരുന്നു. അല്ലെങ്കിൽ ഞാൻതന്നെ അണെക്കാം."

സെലിം ഇത്രയും പറഞ്ഞു, നദീറയെ ഒരു ദിവ്യകുസുമത്തിനെ എന്നപോലെ എടുത്തു ശയ്യയിൽ ഇരുത്തിയ ശേഷം ആ മുറിയിൽ ഉണ്ടായിരുന്ന ദീപപംക്തിയെ അണെക്കാൻ ശ്രമിച്ചു. നദീറ അതിനെ തടുത്തുകൊണ്ടു സെലിമിന്റെ രസിക്കാത്ത രീതിയിൽ പലതും പറഞ്ഞെങ്കിലും ഉദ്ദേശം സാധിക്കാൻ അവളുടെ മൊഴികൾക്കു കഴിഞ്ഞില്ല. "ക്ഷുത്താൾക്ഷുത്തിക്കുട്ടിന്റെ ക്ഷുത്തടിക്കൊഴാവഫലം" തന്റെ ഹൃദയത്തിലെന്നതുപോലെ അവിടെയെല്ലാം ബാധിച്ചതു കണ്ടു, ദേവി തന്റെ പാദപല്ലവങ്ങളെ പുറകോട്ടുതന്നെ വലിച്ചു. ഇതെല്ലാം കണ്ടും കേട്ടും അറിഞ്ഞ ആ പരമസാധ്വി അനല്പമായ ഖേദത്തോടുകൂടി ഇങ്ങിനെ വിചാരിച്ചു:—

"കഷ്ടം! ചാപല്യമേ! നിന്റെ ദുർവൃത്തി ആരെത്തന്നെ അധഃപതിപ്പിക്കയില്ല! ഉൽകൃഷ്ടാദർശങ്ങൾക്കു വിളനിലമായിരിക്കേണ്ട രാജസ്ഥാനം, സന്മാർഗ്ഗനിഷ്ഠകളിൽനിന്നു വ്യതിചലിച്ചു നിർല്ലജ്ജരീതിയിൽ ദുഷ്പ്രവൃത്തികൾക്ക് ആവാസമായിത്തീർന്നാൽ ലോകത്തിൽപിന്നെ ധർമ്മവും ന്യായവും, നീതിയും സത്യവും ഉണ്ടാകുന്നതെങ്ങിനെ? സാധാരണക്കാരാണെങ്കിൽ രാജാവിനു ഉപദേശിക്കാം; ശാസിക്കാം; ശിക്ഷിക്കാം. രാജാവുതന്നെയാണെങ്കിൽ ആരാണ് ഉപദേശിക്കുവാൻ!; ആരാണു ശാസിക്കുവാൻ! ആരാണു ശിക്ഷിക്കുവാനുള്ളതു്! എന്തായാലും എപ്പോഴും ക്ഷമതന്നെയാണു നല്ലതെന്നും, തല്ക്കാലം ആ സമയത്തു കയറിച്ചെന്നു വല്ലതും പറയുകയോ പ്രവർത്തിക്കയോ ചെയ്താൽ സകല സംഗതികളും പരസ്യമായിത്തീരുമെന്നും, അപ്രകാരം പരസ്യമായാൽ ഇതിനുമുമ്പു കേട്ടിട്ടുള്ള കിംവദന്തികളെല്ലാം പരമാർത്ഥമാണെന്നു വിചാരിച്ചു പൌരന്മാർ അപവദിക്കുമെന്നും, അതിലും വിശേഷിച്ചു കുമാരനെ തല്ക്കാലം ലജ്ജിപ്പിക്കാതിരിക്കേണ്ടതു തന്റെ കടമയാണെന്നും തീരുമാനിച്ചു, ശാന്തയായിട്ടെങ്കിലും ദുഃഖപി

ത്തയായി, അംബികാകുമാരി ദേവി, സാവധാനത്തിൽ ആ മന്ദിരത്തിന്റെ വാതുക്കൽനിന്നും തിരിച്ചു തന്റെ അന്തഃപുരത്തിലേക്കു നടന്നു. സോഫിയും ദേവിയോടൊന്നിച്ചുതന്നെ ഉണ്ടായിരുന്നു. ദേവി സോഫിയോടിങ്ങിനെ പറഞ്ഞു:—

“സർവ്വേശ്വരാ! ഞാൻ കാണേണ്ടതെല്ലാം കണ്ടുകഴിഞ്ഞു. പക്ഷെ എന്തു ചെയ്യാം! ഇപ്പോൾതന്നെ ഞാൻ അകത്തു കയറി വല്ലതും ചോദിച്ചാൽ അതു് എല്ലാ സ്ഥലത്തും പരസ്യമാകും. അപ്രകാരമായാൽ അതു രാജകുമാരന്റെ പേരിനെ മലിനപ്പെടുത്തുമെന്നു എനിക്കറിയാം. അതുകൊണ്ടു എല്ലാംതന്നെ രഹസ്യമായിരിക്കട്ടെ. നീ തന്നെയും ഇതൊന്നും പുറത്തു പറയരുതു്. കളിയായിട്ടുപോലും പരിചാരികമാരെ അറിയിക്കരുതു്. അതു് വലിയ തെറ്റാണ്. നാളെ പ്രഭാതമായാൽ ഞാൻതന്നെ വേണ്ടതു രഹസ്യമായി പ്രവർത്തിച്ചുകൊള്ളാം. ഈ എഴുത്തു് എന്റെ കൈവശംതന്നെ ഇരിക്കട്ടെ” ഇത്രയും പറഞ്ഞു ദേവി അന്തഃപുരത്തിൽ പ്രവേശിച്ചു, സോഫിയെ യാത്രയാക്കി. സോഫി വളരെ ചാരിതാർത്ഥ്യത്തോടുകൂടി അന്തഃപുരത്തിൽനിന്നും സ്വഗൃഹത്തിലേക്കു പോയി.

കൊട്ടാരത്തിന്റെ ഗോപുരം കടന്നപ്പോൾ, നേരം വളരെ അതിക്രമിച്ചിരുന്നുവെങ്കിലും, ഹാക്കിം ഹുക്കയും പിടിച്ചുകൊണ്ടു് അവിടെ ഇരിക്കുന്നതായി സോഫി കണ്ടു. സോഫിയെ കണ്ട ഉടൻതന്നെ അയാൾ അവളുടെ പുറകെകൂടി. അയാൾ പറഞ്ഞു. “എന്റെ കൊച്ചമ്മേ. ഞാൻ പെട്ടി അന്വേഷിച്ചുപോയതിനെപ്പറ്റി ഒന്നും പറയേണ്ട. യോഗീശ്വരനെ പിടിച്ചുകൊണ്ടു വരുവാൻ ഞാൻ പറഞ്ഞിട്ടുണ്ടു്. പക്ഷെ അതെല്ലാം ചുരുക്കപ്രയത്നങ്ങളാണ്. പിടികിട്ടുകില്ല. ഒരുപക്ഷെ അയാൾതന്നെ ആയിരിക്കാം പെട്ടിയും കൊണ്ടുപോയതു്.”

സോഫി— പെട്ടി പോയിയെന്നു തന്നോടാരാണു പറഞ്ഞതു്? താൻ അതിനെപ്പറ്റി അന്വേഷിച്ചുവോ? പെട്ടി പോയാലും തരക്കേടില്ല. എഴുത്തു് എന്റെ കൈയ്യിൽ ഉണ്ടായിരുന്നു.”

ഹാക്കിം— ഞാൻ പെട്ടിയുള്ള വീട്ടിലെല്ലാം കയറിനോക്കി, പെട്ടി ഇരുന്ന അറയും ഒരു ഇട്ടും നൂക്ക തന്നില്ല. അതു കാരണം ഹാക്കിമിനു ഇന്നു പട്ടിണിയായി. അതുകൊണ്ടു എഴുത്തു് എന്നു പറഞ്ഞതു് എന്തന്നാണ്. കൊച്ചമ്മ വല്ലതും തന്നാൽ ഹാക്കിമിനാണു്.

സോഫി— ഇന്നു എനിക്കു നല്ല ദിവസമാണ്. നിനക്കു ഞാൻ വല്ലതും തരാം. ഇന്നല്ലേ കള്ളം തെളിഞ്ഞതു്! അവളുടെ പുഞ്ചി

യും കൌശലവും രാജ്ഞീസ്ഥാനവും എല്ലാം നാളെ ഈ തെരു
വിൽ കാണാം. ഫാക്കിം നോക്കിക്കൊൾക!

ഫാക്കിം — എന്താണു കൊച്ചമ്മ പറഞ്ഞതെന്നു മനസ്സിലായില്ല. ആ
രാണ്?

സോഫി — അതു പറയാനുണ്ടോ. ആ അനാക്കുളീയുണ്ടല്ലോ; അവ
ളും രാജകുമാരനും കൂടി — നീ പറഞ്ഞതു ശരിയായി. അവളു
ടെ വയററിൽ മുള്ളമ്പന്നി ഉണ്ടെന്നു നീ പറഞ്ഞില്ലേ. അതു നാ
ളെ കാണാം. രാജകുമാരനും അവളുംകൂടി — എന്തിനു പറയുന്നു?
എല്ലാം ദേവി ചെന്നുകണ്ടു. പക്ഷെ നീ ഇതൊന്നും പുറത്തു പറ
യരുത്. പിച്ചക്കാരന് ഇതിലൊന്നും കാര്യമില്ല. നീ അറിയരു
കൊണ്ടു ഞാൻ പറഞ്ഞതാണ്. ദേവിയും ഞാനും അവിടെനിന്നു
ഒളിച്ചുപോയി

ഫാക്കിം — എടി ദ്രോഹി! എന്താണീക്കൊച്ചമ്മ! ഞാൻ കണ്ടിട്ടി
ല്ല. എന്തോ?

സോഫി — എവിടെയോ കിടന്ന തെണ്ടിയാണ്! നിനക്കു ചോദ്യം വേ
ണമെങ്കിൽ —

ഫാക്കിം — ങ് — ങ് — എന്നാൽ ഫാക്കിമിനു പൊണ്ടാട്ടികൾ രണ്ട്!
രണ്ടുംകൂടി ശണ്ഠ കൂട്ടുമ്പോൾ നമ്മുടെ മണ്ട പൊളിയും. പക്ഷെ ഒ
ന്നുമുള്ളപ്പോൾ നമ്മളോട് എപ്പോഴും വഴക്കു പിടിക്കും. രണ്ടു
പേരുണ്ടെങ്കിൽ വഴക്കെല്ലാം അവർ തമ്മിൽ കഴിച്ചുകൊള്ളും. ന
മുക്കു സ്വൈരവും ഉണ്ടാകും.

പിന്നെയും വർത്തമാനങ്ങൾ പറഞ്ഞുകൊണ്ടു സോഫി, ഫാക്കിം ഒരുമിച്ചു അവളുടെ ഗൃഹത്തിലേക്കു പോയി. സോഫി ഫാക്കിമിനു അന്നേരാത്രി വയറുനിറയെ ഭക്ഷണം കൊടുത്തു.

ഇരുപത്തിനാലാം അദ്ധ്യായം

പിറ്റെ ദിവസം സൂൎയ്യൻ വളരെ നേരത്തെ ഉദിച്ചുവെന്നു ഒരു കൂട്ടരും, അതിനെയല്ല വളരെ താമസിച്ചാണ് ഉദിച്ചതെന്നു മറെറാരു കൂട്ടരും, കൎമ്മസാക്ഷിയെ ശപിച്ചുകൊണ്ടു ശയനഗൃഹങ്ങളിൽനിന്നും പുറത്തു വന്നു. എന്നാൽ ഇനി സൂൎയ്യൻ ഉദിക്കയേ വേണ്ടയെന്ന് അംബികാദേവി പ്രാൎത്ഥിക്കാതിരുന്നില്ല. പക്ഷെ ലോകബന്ധുവായ ഭഗവാൻ അന്നും പതിവുപോലെ ഉദിച്ചുയൎന്നു. സാധാരണയായി പ്രഭാതത്തിൽ ദേവിയുടെ അൎച്ചനയ്ക്കു വേണ്ട കുസുമങ്ങളെ പറിച്ച് അന്തഃപുരത്തിൽ എത്തിക്കാറുള്ളതു നസീറയായിരുന്നതിനാൽ, അന്നും അവൾ നല്ലനല്ല പൂക്കൾ പറിച്ചു തന്റെ കൈവശമുണ്ടായിരുന്ന കുസുമമഞ്ജൂഷയിൽ ശേഖരിച്ചു. പതിവിനു വിപരീതമായി, അന്നു പനിനീർപ്പൂക്കൾ പറിച്ചപ്പോൾ, അവയുടെ തണ്ടിലുണ്ടായിരുന്ന കണ്ടകംകൊണ്ട്, അവളുടെ മൃദുലകോമളമായ അംഗുലിയുടെ അഗ്രഭാഗങ്ങളു, സ്വാഭാവികമുള്ള അരുണനിറം, രക്തപ്പൊടിപ്പു തുവി ഇരട്ടിച്ചു. എന്നിട്ടും രക്തംകൊണ്ടു പൂക്കൾ അശുദ്ധമാകുമെന്നു കരുതി കൈവിരൽ തുടച്ചു വീണ്ടും പൂക്കൾ പറിച്ചതിനുശേഷം, മഞ്ജൂഷയുംകൊണ്ട്, അവൾ അന്തഃപുരത്തിലേക്കു പോയി. അവിടത്തെ വെൺമതിൽ സൂൎയ്യപ്രകാശമേറ്റു, അവളെ ഇളിച്ചുകാണിക്കുന്നതുപോലെ പ്രശോഭിച്ചു. ദേവി നിദ്രയിൽ നിന്നും ഉണൎന്നിട്ടില്ലെന്നു മനസ്സിലാക്കിയ നസീറ, മണിയറവാതുക്കൽനിന്നും അല്പം മാറി ഇരുന്നു. അപ്പോൾ ഭോജനശാലയിൽനിന്നും സോഫി അവളുടെ അടുക്കലേക്കു വരുന്നുണ്ടായിരുന്നു. നസീറയെ കണ്ട ഉടനെ, "എന്തെല്ലാമാണു! കോളായിരുന്നു!! കൊള്ളാമെടി! നിന്റെ ഭാഗ്യം! ആരും അറിഞ്ഞതേയില്ല" എന്നു പറഞ്ഞു.

നസീറ— നിങ്ങൾക്കു കോളായിരുന്നോ? എന്നാൽ എനിക്കും ആ പ്രകാരം തന്നെ. എന്തിനാണ് അനാവശ്യം പറയുന്നതു! നിങ്ങൾക്കു ചീത്തപറയുവാൻ വിരുതുണ്ട്. എനിക്കതില്ല.

സോഫി— നിനക്കു ചീത്തപ്രവൎത്തിക്കുവാൻ വിരുതേറും! എനിക്കും അറിഞ്ഞുകൂടാ. ഏതായാലും മതി. എല്ലാം ഭംഗിയായി. നസീറയ്ക്ക് ആയിരം ചുംബനം ഇതാ ദേവി മണിയറയിൽ ഒരു കടലാസ്സിൽ പൊതിഞ്ഞു വെച്ചിട്ടുണ്ട്. വേഗം ചെന്ന് അതു വാങ്ങിക്കൊള്ളണം.

സോഫിയുടെ ഈ വാക്കുകളിൽ അന്തർഭവിച്ചിരുന്ന അർത്ഥം എന്താണെന്നു നസീറക്കു മനസ്സിലായില്ല. ആ സമയം, തലേരാത്രി നടന്നിട്ടുള്ള സംഭവങ്ങളെല്ലാം സോഫി അറിഞ്ഞിട്ടുണ്ടെന്നോ, സെലിം തനിക്കു തന്നിട്ടുള്ള എഴുത്തു അംബികാദേവിയുടെ കയ്യിൽ ഇരിപ്പുണ്ടെന്നോ അറിഞ്ഞില്ല. അതുകൊണ്ടു തന്നെയാണ് അവൾ സധീരം സോഫിയോടു ഉത്തരം പറഞ്ഞതു്. സോഫി നസീറയോട് ഇപ്രകാരമെല്ലാം പറഞ്ഞതിന്നുശേഷം വീണ്ടും ഭോജനശാലയിൽ പ്രവേശിച്ചു. അവിടെ ഒരു അററത്തു കമറോദ്ദീൻ, മുഗൾസാമ്രാജ്യത്തേക്കാൾ വിസ്തൃതമായ തന്റെ ഉദരസാമ്രാജ്യത്തെ കരം കൊണ്ടു നല്ലതുപോലെ ഭരിക്കുന്നുണ്ടായിരുന്നു. സോഫി അദ്ദേഹത്തെ കണ്ട ഉടൻ തന്നെ പുറകോട്ടു മാറി ഒതുങ്ങിനിന്നു. അവളെ കണ്ടപ്പോൾ കമറോദ്ദീൻ തന്റെ ദന്തങ്ങളെല്ലാം പുറത്തുകാണിച്ചുകൊണ്ട് "സോഫി— ഫി— ഫ്ലീം- ഫ്രീം" എന്നു ശബ്ദിച്ചു. തന്റെ കർണ്ണങ്ങൾക്കു ഏററവും പരിചിതങ്ങളായിരുന്ന ഈ അക്ഷരങ്ങൾ കേട്ടതിൽ വെച്ച് അവൾക്കു യാതൊരു ഇളക്കവും ഉണ്ടായിരുന്നില്ല. സ്വാമി അവിടെനിന്നും എഴുന്നേററു. കമറോദ്ദീൻ അവിടെനിന്നും എഴുന്നേററപ്പോൾ സോഫിയുടെ കുഴഞ്ഞു വേദനയെടുത്തു തുടങ്ങി. അയാൾ പതുക്കെ നടന്നുവന്നു. സോഫിയോടു പറഞ്ഞു. "എന്തെല്ലാമാണു! കുറച്ചു പലഹാരം തിന്നരുതേ! പാലു കുടിക്കരുതേ! ഇവിടെയിരിക്കരുതേ! വർത്തമാനം പറയരുതേ! സുമതേ!" സോഫി കമറോദ്ദീന്റെ വർത്തമാനം കേട്ട് അല്പനേരം അവിടെ നിന്നു.

സോഫി തന്റെ അടുക്കൽ നിന്നും പോയതിന്നുശേഷം നസീറ അവിടെനിന്നും എഴുന്നേററു മണിയറവാതുക്കൽ ചെന്നു നിൽപായി. ദേവി മണിയറ തുറന്ന ഉടൻതന്നെ, നസീറ പൂക്കളെ അവിടെ ഉണ്ടായിരുന്ന പൂജാമണ്ഡപത്തിൽ വെയ്ക്കുന്നതിന്നായി അകത്തു പ്രവേശിച്ചു. നസീറയെ തന്റെ കണ്ണിന്നു മുമ്പിൽ കണ്ട ഉടനെ ദേവിയുടെ ക്ഷമാശക്തി നശിച്ചു. പൂക്കൾ മണ്ഡപത്തിൽ വെച്ചതിന്നു ശേഷം, തിരിഞ്ഞു വാതുക്കലേക്കു പോകുവാൻ അവൾ ആരംഭിക്കെ "എടീ ദ്രോഹി! നിന്നോട് ആരു പറഞ്ഞു മണിയറയിൽ പ്രവേശിക്കുവാൻ" എന്നു ഇടിനാദംപോലെ ഒരു ശബ്ദം അംബികാദേവിയിൽനിന്നും പുറത്തു വന്നതായി, വേപഥുഗാത്രിയായിനിന്നു നസീറ ശ്രവിച്ചു. ദേവി പറഞ്ഞു:—"എടീ നീ സ്വാമിദ്രോഹിയാണ്! നിന്നെ ഇതിന്നുള്ളിൽ കയററിയതാണു നാശമായിത്തീർന്നതു! വേഗം പുറമാക്കം

പറയണം. ഇന്നലെ നീ എവിടെ ആയിരുന്നു? നീ രാജകുമാരനെ എ
പ്രകാരം വശീകരിച്ചു? വേഗം പറയാത്ത പക്ഷം ഇനി നിന്റെ
ഗതി ഇരുട്ടറയിലേക്കാണെന്നു നല്ലപോലെ ഓർമ്മിക്കണം. നീ കുമാര
ന്റെ ഛായാപടത്തിൽ മാല അണിയിച്ചതിന്റെ അർത്ഥം ഇപ്പോൾ
വ്യക്തമായി."

ഇതിനു മുമ്പു ഒരിക്കലും തന്നെ കഠിനവാക്കുകൾകൊണ്ടു
കൂടി ശാസിച്ചിട്ടില്ലാത്ത ദേവി — നളിനേ! എന്നു മുഴുവനും വിളിച്ചി
ട്ടില്ലാത്ത ദേവി, ഇത്ര കഠിനമായി തന്നെ തന്നെ ശാസിക്കുവാൻ തീ
രുമാനിച്ചതിൽ നളിന ലേശവും അത്ഭുതപ്പെട്ടില്ല. ദേവി സംഗ
തികളെല്ലാം മനസ്സിലാക്കിയിട്ടുണ്ടെന്നും, അതുകൊണ്ടുതന്നെയാണു
സോദരി അധിക്ഷേപിച്ചതെന്നും, ഉദ്ദേശിച്ചു യാതൊരു കള്ളവും പറ
യാതെ അവൾ ഇപ്രകാരം പറഞ്ഞു:—

"ദേവി! അടിയൻ അപരാധിനിയാണ്. ശിക്ഷ വിധിച്ചു ക
ഴിഞ്ഞാൽ അതു്, അടിയൻ തിരുമനസ്സിനു വേണ്ടി അനുഭവിച്ചുകൊ
ള്ളാം. ഞാൻ ഇന്നലെ കൊച്ചുതിരുമനസ്സിലെ ആജ്ഞയനുസരി
ച്ചു സ്വകാര്യമന്ദിരത്തിലേക്കു പോയിരുന്നു. അടിയൻ അപരാധി
നിയാണ്. കൂടുതൽ യാതൊന്നും തന്നെ അവിടെ ഉണർത്തിക്കുവാനി
ല്ല." നളിന ഇത്രയും പറഞ്ഞപ്പോൾ കോപം അടക്കുവാൻ കഴി
യാതെ ദേവി അവളെ ഒന്നു പ്രഹരിച്ചു. എന്നു മാത്രമല്ല, കോപ
ത്തോടുകൂടി മണിമണ്ഡപത്തിൽ ഉപവേശിച്ചുകൊണ്ടു "ആരവി
ടെ" എന്നു് ഉച്ചത്തിൽ വിളിച്ചു. ഉടൻതന്നെ രണ്ടു പരിചാരിക
മാർ തിരുമുമ്പിൽ ഹാജരായി. അവരെ കണ്ടപ്പോൾ ദേവി ഇങ്ങിനെ
പറഞ്ഞു.

"അന്തഃപുരംകാവൽക്കാരിൽ രണ്ടുഷണ്ഡന്മാർ ഇവിടെവരാൻ
പറയട്ടെ. ഇവളെ ഇപ്പോൾ തന്നെ കൊണ്ടുപോയി ശിക്ഷിക്കട്ടെ."
ദേവി ഈ വാക്കുകൾ പറഞ്ഞിട്ടും നളിന യാതൊരു ഭാവഭേദവും പ്ര
ദർശിപ്പിച്ചില്ല; അവൾ കരഞ്ഞില്ല. അവൾക്കു എന്തെങ്കിലും ഖേദം ഉ
ള്ളതായും കാണികൾക്കു തോന്നിയില്ല. ദേവിയുടെ ആജ്ഞക്കു എ
തിരായി പ്രവർത്തിക്കുവാൻ ചക്രവർത്തി തന്നെയും ഇടയാകില്ലെന്നും,
ദേവിയുടെ ശാസനയും ശിക്ഷയും യഥാർത്ഥത്തിൽ അതുപോലെ തന്നെ
നടക്കുമെന്നും നളിനക്കു നിശ്ചയമുണ്ടായിട്ടും അവൾ ദേവിയോടു ത
ന്റെ അപരാധം പൊറുക്കണമെന്നാകട്ടെ, തനിക്കു ശിക്ഷ നൽക
രുതെന്നാകട്ടെ യാചിച്ചില്ല. താൻ ചെയ്തുപോയതു ഒരു വമ്പിച്ച
കുറ്റമാണെന്നും, അതിനുള്ള കഠിനശിക്ഷ താൻ അനുഭവിക്കേണ്ട

താണെന്നും അവർ നേരത്തെ തന്നെ അറിഞ്ഞിട്ടുള്ളതാണ്. എന്നാൽ അവളിൽ ഒരു ആഗ്രഹം മാത്രം ശേഷിച്ചിരുന്നു. തന്നെ ഷണ്ഡന്മാർ വല്ലതരത്തിലും കൊണ്ടുപോയി ഹിംസിക്കുന്നതിനു മുമ്പു സെലിം രാജകുമാരനെ ഒരു നോക്കുകൂടി കാണണമെന്നും, അവസാനയാത്ര പറഞ്ഞു പിരിയണമെന്നും അവർ ഏറ്റവും ഉൽക്കണ്ഠയോടുകൂടി ആഗ്രഹിച്ചു.

ആജ്ഞപ്രകാരം രണ്ടു ഷണ്ഡന്മാർ, കാലദൂതന്മാരെപ്പോലുള്ള ഭയങ്കരസ്വരൂപത്തോടുകൂടി, ദേവിയുടെ മുമ്പിൽ ആഗതരായി ഉപചരിച്ചു നിന്നു. അവരോടു ദേവി കല്പിച്ചു. "നിങ്ങൾ ഈ ദ്രോഹിയെക്കൊണ്ടുപോയി കരച്ഛേദം ചെയ്യണം. അവളെ കൊല്ലുക മാത്രം ചെയ്യരുതു. ഉടൻ കൊണ്ടുപോകട്ടെ. ഇന്നത്തെ എന്റെ ആഗ്രഹം ഇതു മാത്രമാണ്." ദേവി ഇത്രയും പറഞ്ഞു നജീറയെ ഒന്നു നോക്കി. അവർ കരയുന്നില്ല; അവളുടെ മുഖഭാവം ഭേദപ്പെട്ടിട്ടില്ല. ഹാ! പാവനബാലികേ! അപരാധിനിയെങ്കിലും നീ അസാമാന്യധീരതന്നെ. സംശയമില്ല. നീ ഒന്നു കരയുക: ഒരു പക്ഷേ നിന്റെ ദിവ്യമായ ബാഷ്പകണം ദേവിയെ അലിയിക്കാതിരിക്കയില്ല. പക്ഷേ അവൾ കരയുന്നില്ല. ഇതാ ഇപ്പോഴാണ നജീറ, പുരോഹിതന്റെ വാക്കുകളെപ്പറ്റി ഓർത്തതു്. രാജകോപത്തിനു പാത്രമാകാതെ സൂക്ഷിക്കണമെന്ന് അദ്ദേഹം അവളോടു പറഞ്ഞിരുന്നതു് അവളുടെ സ്മൃതിപഥത്തിൽ തെളിഞ്ഞു പ്രകാശിച്ചു. അപ്പോൾ ആ മോഹനനയനങ്ങൾ ഒന്നു കലങ്ങി.

ഷണ്ഡന്മാർ നജീറയെ ബന്ധിച്ചു സോത്സാഹം മണിയറയിൽ നിന്നും പുറത്തേക്കു കൊണ്ടുപോയി. ഇപ്പോൾ ഒരുപക്ഷേ അവൾ കരയുന്നുണ്ടാവാം.

"കേഴുക കേഴുക! കേഴമാൻ കണ്ണാളേ!
കേഴുവോർക്കാശ്വാസമേകം ദൈവം"

നജീറയെ ഷണ്ഡന്മാർ കൊണ്ടുപോയി അല്പനേരം കഴിഞ്ഞപ്പോൾ സെലിം രാജകുമാരൻ ദേവിയുടെ മണിയറയിൽ വന്നു. പതിവുപോലെ മണിയറയിൽ പ്രവേശിച്ചപ്പോൾ, ദേവി ബാഷ്പധാരി പ്രവഹിപ്പിച്ചുകൊണ്ടു മണിമഞ്ചത്തിൽ ഇരിക്കുന്നുണ്ടായിരുന്നു. അവിടെയുള്ള പരിചാരികമാരെല്ലാം, (ദാസഹി ഒഴിച്ചു) കരയുന്നുണ്ട്. പെട്ടെന്നു് അന്ധാളിച്ചു, കുമാരൻ ദേവിയോടു ചോദിച്ചു. "എന്താണ്! അന്തഃപുരത്തിൽ ആർക്കാണ് അപകടം പിണഞ്ഞതു്? എല്ലാവ



(Copyright)

"നിങ്ങൾ ഈ ദ്രോഹിയെ കൊണ്ടുപോയി [illegible] ചെ-
യ്യണം. അവന്റെ [illegible] ചെയ്യണം."

(356)

ന്നും കരഞ്ഞുകൊണ്ടിരിക്കുന്നുവല്ലൊ?" കുമാരൻ ഇത്രയും ചോദിച്ച പ്പോൾ അടുക്കൽ നിന്നിരുന്ന ഒരു പരിചാരിക, അധികം സംഗതി കൾ വിശദമായി അറിവാൻ കഴിഞ്ഞിരുന്നില്ലെങ്കിലും, പ്രഭാത ത്തിൽ അവിടെ നടന്ന സംഭവങ്ങൾ ഒരു വിധത്തിൽ അദ്ദേഹ ത്തെ പറഞ്ഞു ധരിപ്പിച്ചു. "നളിനിയെ ഷണ്ഡന്മാർ ബന്ധിച്ചുകൊ ണ്ടുപോയി; കല്പന അനുസരിച്ചാണ്" എന്ന് അവൾ പറഞ്ഞ് തീ രുന്നതിനു മുമ്പ്, ഇടിമിന്നൽ പായുന്നതിലും വേഗത്തിൽ കുമാ രൻ ഗർജ്ജിച്ചുകൊണ്ട് അന്തഃപുരത്തിൽനിന്നു പുറത്തേക്ക ചാടി. തന്റെ അരക്കെട്ടിൽ ഉണ്ടായിരുന്ന ഖഡ്ഗത്തെ വലിച്ചെടുക്കുന്ന ശബ്ദം കേട്ടതന്നെ അന്തഃപുരം ഒന്നു ഞെട്ടി; ദേവി വിറച്ചുനി ന്നു; ഷണ്ഡന്മാർ നളിനിയെ ഉപദ്രവിക്കുന്നതിനു മുമ്പ് അവിടെച്ചെ ന്ന് അവളെ രക്ഷിക്കണമെന്നുദ്ദേശിച്ചു, സിംഹം രാജകുമാരൻ അ ന്തഃപുരത്തിന്റെ പുറത്തേക്ക ചാടി, കുതിച്ചു പാഞ്ഞു ഷണ്ഡന്മാരു ടെ പാളയത്തിലെത്തി. അതുസമയം നളിനിയെ ഒരൊറ്റ സ്ഥലത്തു കിടത്തി ഷണ്ഡന്മാർ എല്ലാവരുംകൂടി, അവളുടെ ചുറ്റും ഇരുന്ന് അ വളെ ഉപദ്രവിക്കുവാൻ ആരംഭിക്കയായിരുന്നു. അവൾ മോഹിത യായി കിടക്കുന്നു. ധാരാളം കണ്ണീർ വാർന്ന ലക്ഷണം അവളുടെ ക വിൾത്തടങ്ങളിലുണ്ട്. അവളുടെ കവിൾത്തടം പതിഞ്ഞിരുന്ന സ്ഥല ത്തു ധാരാളം ബാഷ്പം വീണ് അവിടം നനഞ്ഞിട്ടും ഉണ്ട്. രാജകുമാ രൻ ഖഡ്ഗം ഉയർത്തിപ്പിടിച്ചുകൊണ്ടു കുതിച്ചു വരുന്നതു കണ്ടു ഷണ്ഡ ന്മാർ നളിനിയെ വിട്ടു, പരിഭ്രമിച്ച് ഒതുങ്ങിനിന്നു. അദ്ദേഹം ഇപ്ര കാരം കല്പിച്ചു. "ഇന്നുമുതൽ ഈ ദ്രോഹകൃത്യത്തിന് ഒരുമ്പെട്ട ദ്രോ ഹികളാരും അന്തഃപുരത്തിൽ പ്രവേശിച്ചുകൂടായെന്നു നാം വിരോ ധിക്കുന്നു. തോന്നിയപ്പോൾ തന്നെ അവളെ ഈ കഠാരികൊണ്ടു കൊ ല്ലുന്നുണ്ട്." ഷണ്ഡന്മാരുടെ പാളയത്തിൽനിന്നും അന്തഃപുരത്തിലേ ക്ക അധികം ദൂരമില്ലായിരുന്നതുകൊണ്ടു, കുമാരൻ നളിനിയെ താങ്ങി യെടുത്തുകൊണ്ടു ക്ഷണനേരത്തിൽ, ദേവിയുടെ മണിയറയിൽ പ്രവേശിച്ചു. ദേവി ഭയംകൊണ്ടും സങ്കടം കൊണ്ടും, തന്റെ ദു ഷ്ടതയെപ്പററി പശ്ചാത്തപിച്ചുകൊണ്ടും, കുമാരന്റെ പാദങ്ങളിൽ പ്ര ണമിച്ചു ഇപ്രകാരം അറിയിച്ചു:—

"പ്രാണനാഥ! ഈ സന്ദർഭത്തിൽ സ്ത്രീസഹജമായ കോപംകൊ ണ്ട് ആ നിർദ്ദോഷയെ ശിക്ഷിക്കുവാൻ പറഞ്ഞതിന് എനിക്ക മാപ്പു ത രണം. ഇനിമുതൽ, നളിനി എന്നെപ്പോലെ തന്നെ ജീവിച്ചു കാണ

വാനാണു ഞാൻ ആഗ്രഹിക്കുന്നതു്. അവിടത്തെ, ഒരിക്കൽപോലും വഞ്ചിച്ചിട്ടില്ലാത്ത ഭാൎയ്യയെന്ന നിലയിലും, അവിടത്തെ സുഖത്തെ മാത്രം കാംക്ഷിക്കുന്ന ധൎമ്മപത്നിയെന്ന നിലയിലും, എനിക്കു വന്നുപോയ അറിവില്ലായ്മയെ ക്ഷമിച്ചു് ഒരു സാധുവിനെ പരിചരിക്കുവാനുള്ള അവകാശം നൽകുമാറാകണേ! പെട്ടെന്നുണ്ടായ അസ്വാസ്ഥ്യം നിമിത്തം സ്വബോധംവിട്ടു ഷണ്ഡന്മാരോടു് ആജ്ഞാപിച്ചുപോയതാണു്. അവിടുന്നു് എന്റെ ഈ അപരാധത്തെ ക്ഷമിക്കണേ!" ഇത്രയും പറഞ്ഞു ദേവി നിൎഗ്ഗളമായ അശ്രുപ്രവാഹത്താൽ കുമാരന്റെ പാദപങ്കജത്തെ കഴുകി തന്റെ വാർകുന്തലാൽ തുടച്ചു. ദേവിയുടെ ഈ വാക്കുകൾ രാജകുമാരന്റെ കോപത്തെ ശമിപ്പിച്ചു. അദ്ദേഹം ദേവിയെ പിടിച്ചെഴുന്നേൽപ്പിച്ചു മഞ്ചത്തിൽ ഇരുത്തി. ദേവിയാകട്ടെ മോഹിതയായി നെറീമിന്റെ മടിയിൽ കിടക്കുന്ന ആ ബാലികയെ തന്റെ മടിയിലേക്കു എടുത്തു കിടത്തി. പരിചാരികമാരിൽ പലരും അവിടെ വന്നു വിശറുകയും മറ്റു് ഉപചാരങ്ങൾ ചെയ്യുകയും ചെയ്തു. രാജകുമാരന്റെ കണ്ണിൽനിന്നു ബാഷ്പം പ്രവഹിച്ചു തുടങ്ങി. ഏകദേശം ഒരു നാഴിക കഴിഞ്ഞപ്പോൾ നസീം തന്റെ അക്ഷികളെ തുറന്നു. അവളുടെ കണ്ണുകൾ പതിഞ്ഞതു അംബികാദേവിയുടെ മുഖത്താണു്. തൽക്ഷണം അവൾ അങ്കത്തിൽനിന്നും ചാടി എഴുന്നേറ്റു. ദേവി, ഉടൻതന്നെ അവളുടെ പാദങ്ങളിൽ വീണു യാചിച്ചു "അല്ലയോ നിരപരാധിനിയായ ബാലികേ! നിർമ്മലേ! നിന്നെ ഞാൻ കഠിനമായി ശാസിച്ചതിനും, അകാരണമായി ശിക്ഷിച്ചതിനും എനിക്കു മാപ്പുതരുക." ദേവി തന്റെ കാക്കൽ വീഴുമെന്നു നസീം ശങ്കിച്ചിരുന്നേയില്ല. ദേവി അപ്രകാരം ചെയ്തു ഉടൻതന്നെ നസീം ദേവിയുടെ പാദങ്ങളിൽ പതിച്ചുകൊണ്ടു പറഞ്ഞു:—

"തിരുമേനി! അവിടുന്നു യാതൊരു കുറവും ചെയ്തില്ലല്ലോ. അപരാധിനി ഞാൻ തന്നെയാണു്. അവിടുന്നു എന്റെ ചാപല്യങ്ങൾ പൊറുക്കേണം" ഇത്രയും മാത്രം ഗൽഗദസ്വരത്തിൽ ഉച്ചരിച്ചു. ദേവി ഉടൻതന്നെ നസീമയെ അവിടെനിന്നും എഴുന്നേൽപ്പിച്ചു മണിമഞ്ചത്തിൽ ഇരിക്കുവാൻ ആജ്ഞാപിച്ചു. അവൾ അവിടെ ഇരുന്നില്ല. ദേവി ഇപ്രകാരം പറഞ്ഞു. "ഞാൻ മഹാപാപിയാണു. സാധുവായ നിന്നെ യാതൊരു കാരണവും കൂടാതെ ഉപദ്രവിക്കുവാൻ ആജ്ഞ നൽകിയ നാവു ഛേദിക്കപ്പെടേണ്ടതു തന്നെയാണു്.

ഹാ! നസീറേ! കുമാരൻ അപ്പോൾ വന്നതു എത്ര നന്നായി. അല്ലെങ്കിൽ ഇന്നു എന്റെ കഥ തീരുമായിരുന്നല്ലോ? അവർ നിന്നെ വല്ലതും ഉപദ്രവിച്ചോ?" ദേവി ഇത്രയും പറഞ്ഞു നസീറയുടെ ദേഹത്തെ തലോടിത്തുടങ്ങി. നസീറ പറഞ്ഞു:—

"തിരുമേനി! അവർ ഒന്നും തന്നെ ഉപദ്രവിച്ചതായി അടിയൻ അറിയുന്നില്ല. ഈ മണിയറയിൽനിന്നും പുറത്തേക്കിറങ്ങിയപ്പോൾതന്നെ അടിയന്റെ സ്വാത്മബോധം എല്ലാം നശിച്ചു. ഉണർന്നപ്പോൾ ഞാൻ ഇവിടെയിരിക്കുന്നതായിട്ടാണു കണ്ടതു്. ഞാൻ അപരാധിനി തന്നെയാണ്. സംശയമില്ല.

ദേവി—നസീറേ! ഇന്നു മുതൽ നീ എന്നോടൊപ്പം തന്നെയാണെന്നു വിചാരിക്കുക. നീ കേവലം ഒരു പരിചാരിക എന്ന നിലയിൽ ഞാൻ കരുതിപ്പോന്ന കാലം കഴിഞ്ഞിരിക്കുന്നു. ഇനിമുതൽ അന്തഃപുരത്തിലെ യാതൊരുവക രഹസ്യവും നീ എടുക്കുന്നതിൽ എനിക്കിഷ്ടമില്ല. ഞാൻ ചെയ്തതെല്ലാം ക്ഷമിക്കണം. നമ്മൾ രണ്ടുപേരും കൂടി ഒന്നിച്ചു ഇവിടെത്തന്നെ ശയിക്കാം. കുമാരൻ അന്തഃപുരത്തിൽ എഴുന്നള്ളുമ്പോൾ നിനക്കു സ്വകാര്യമുറിയിൽപ്പോകയും ചെയ്യാം. ഇതാ! ഈ കത്താണ് ഇവിടെ നടന്ന അനർത്ഥങ്ങൾക്കെല്ലാം കാരണം.

ഇത്രയും പറഞ്ഞു് അംബികാദേവി തന്റെ കൈവശം ഉണ്ടായിരുന്ന കത്തിനെ നസീറയെ ഏൽപ്പിച്ചപ്പോൾ, അതു, സെലീംതന്നെ ഏൽപ്പിച്ചതും തന്റെ കൈയ്യിൽനിന്നും നഷ്ടപ്പെട്ടതുമാണെന്ന് അവൾക്കു മനസ്സിലായി. സെലീംരാജകുമാരൻ നസീറയുടെ കൈയ്യിൽനിന്നും കത്തിനെ വാങ്ങി ഇങ്ങിനെ പറഞ്ഞു.

"നല്ലയോ അനർത്ഥബീജത്തെ അങ്കുരിപ്പിച്ച കത്തേ! നീ എന്റെ കൈകൊണ്ടു് ഇവിടെ വെച്ചുതന്നെ നശിപ്പിക്കപ്പെടേണ്ടതാണ്." ഇത്രയും പറഞ്ഞു ആ കത്തിനെ നുറുക്കി പുറത്തെറിഞ്ഞു കളഞ്ഞു. പാപബീജങ്ങളെ ചുട്ടു കരിച്ചാലും അതു വീണ്ടും മുളച്ചുവരുന്നതായി കേട്ടിട്ടുണ്ട്. അതുപോലെ ഈ കത്തു് ഇനിയും ലോകത്തിനു സന്താപത്തെ നൽകാതെ അവിടെ തന്നെ കിടന്നു നശിക്കുവാൻ സർവ്വേശ്വരൻ കടാക്ഷിക്കട്ടെ!

ദേവി നസീറയെ യഥാർത്ഥമായി സ്നേഹിക്കുന്നുണ്ടെന്നു മനസ്സിലാക്കിയപ്പോൾ സെലീം വളരെ സന്തോഷിച്ചു. നസീറ കാല്ക്കൽ നമസ്ക

ഷിയുടെ അടുക്കൽ നിന്നതിനു ശേഷം വിശ്രമിക്കുന്നതിനായി അന്തഃ
പുരത്തിലേക്കു പോയി. നദീറ പോയിക്കഴിഞ്ഞതിനു ശേഷം സെലിം
ദേവിയോടു് ഇങ്ങിനെ പറഞ്ഞു:—

“ജീവനാഥേ! നീ ഇന്ന പ്രകാരത്തിലും ക്ലേശിച്ചിരിക്കണം. അ
തിനെല്ലാം ഞാൻതന്നെ കാരണക്കാരനാകുന്നെന്നു് എനിക്കറിയാം. അ
തെല്ലാം നീ ക്ഷമിക്കുക. ഞാൻ ചെയ്ത അപരാധങ്ങൾ ഉത്തമസ്ത്രീയാ
യ ഭവതി ക്ഷമിക്കുമെന്നും, ഭവതി എന്റെ ആഗ്രഹങ്ങൾക്കു പ്രതി
കൂലമായി ഒരിക്കലും പ്രവൃത്തിക്കയില്ലെന്നും എനിക്കു നിശ്ചയമു
ണ്ടു്. ഞാൻ ഭവതിയോടു പരമാർത്ഥം പറയാം. അതു നീ കേൾക്കു
ക. അന്നൊരിക്കൽ ഞാൻ ഭവതിയെ കാണാനായി ഗ്രീഷ്മഗൃഹത്തിൽ
പ്രവേശിച്ചപ്പോൾ തന്നെയാണു മനമാകെയും പോയതു്. പതിവു
ഒരു വിവരം മറഞ്ഞു് എന്നോടു ചോദിച്ചപ്പോൾ എന്റെ ജീവനെ
യും മാനത്തെയും രക്ഷിച്ചതു ഈ നദീറതന്നെയാണ്. അന്നുമുതൽ
അവളോടു് എനിക്കു പ്രേമം തോന്നിത്തുടങ്ങി. ഞാനങ്ങനെ ചെയ്ത
സാഹസത്തെ നിന്ദിക്കുന്നതു പുരുഷധർമ്മമാണോ? എന്നു മാത്രമ
ല്ല യാതൊരുപകാരവുമില്ലാതെ ഒരു സുന്ദരിയെ ആരാണ് ഉപേക്ഷി
ക്കുന്നതു്? എന്നാൽ ഇതുവരെ ഈ കാര്യത്തെ ഞാൻ ഭവതിയിൽ
നിന്നും മറച്ചുവെച്ചതു് എനിക്കു ഭവതിയുടെ പേരിൽ ഉള്ള ആദര
വുകൊണ്ടും ഭയംകൊണ്ടുമാണെന്നു നിശ്ചയം ധരിക്കാം. നീ
അതുകൊണ്ടു് എന്റെ അപരാധങ്ങളെ ക്ഷമിക്കണം.”

ദേവി—പ്രാണനാഥാ! അവിടത്തെ ആഗ്രഹത്തിനു ഞാൻ ഒരിക്കലും
വിപരീതയല്ല. എന്നാൽ ലോകാപവാദം എവിടെയും ഭയപ്പെടേണ്ട
താണ്. അതിലും വിശേഷിച്ചു പ്രജകൾക്കു മാതൃകയായിരിക്കേണ്ട
രാജാവു് വിഷയാസക്തനായി, സ്ത്രീലോലുപനായി, നടക്കുന്നുവെ
ന്നു പൗരന്മാർ അറിഞ്ഞുകഴിഞ്ഞാൽ പിന്നെ അതിൽക്കൂടുതൽ
ഭീകരമായ മാനഹാനി എന്താണു രാജസ്ഥാനത്തിനു വരുവാനു
ള്ളതു്? എന്നുമാത്രമല്ല, ദേവിയെക്കൂടി അവിടുന്നു കാണാതെ
ന്നു വിവാഹണം നിരോധിച്ച ചക്രവർത്തി ഈ പരമാർത്ഥമെല്ലാം
അറിഞ്ഞാൽ പിന്നെ എന്തുതന്നെ സംഭവിക്കയില്ല. ഏതായാലും
ഈ വിവരം അങ്ങുതന്നെ പുറത്തു പറഞ്ഞുകൂടായെന്നു ഞാൻ ആ
ജ്ഞാപിച്ചുകൊള്ളും. നദീറയെപ്പറ്റി എനിക്കു അത്യന്തം വാ
ത്സല്യവും പ്രേമവും ഉണ്ടു്. അവൾ പരിശുദ്ധശീലയും, സൗന്ദര്യത്തി
ന്റെ സങ്കേതം തന്നെയുമാണ്. പക്ഷേ കുലവും നിലയും അറിയാതെ

യുള്ള പ്രേമം കൊലക്കൂട്ടി കാരണമായിത്തീരുന്നു. എന്നുമാത്രമല്ല, ആ സാധുവിന്റെ ജീവിതം വളരെ ക്ലേശകരമായിത്തീരുവാനും വഴിയുണ്ടു. കാമസംതൃപ്തിക്കായി, നിഷ്കളങ്കകളായ ബാലികകളെ പഞ്ചാരവാക്കുകൾകൊണ്ടു മയക്കി, ആഗ്രഹനിവൃത്തി വന്നതിനുശേഷം എണ്ണയുടെ കയ്പൻപോലെ, പെരുവഴിയിൽ വലിച്ചെറിഞ്ഞു ജീവിക്കുന്നവർക്കു എന്തു പുണ്യമാണു ഈ ലോകത്തിലും പരലോകത്തിലും ഉള്ളതു? ഇതെല്ലാം പാപകരങ്ങളായ പ്രവൃത്തികളല്ലേ? എനിക്കു നളിനിയോടും, മൈഥിലിയോടും, ഇനിവേറെയാരെയെങ്കിലും അവിടുന്നു സ്നേഹിക്കുന്നുണ്ടെങ്കിൽ അവരോടും, യാതൊരു ദ്വേഷവും അസൂയയും ഇല്ല. അവിടത്തെ ആനന്ദമെല്ലാം എന്റെ ആനന്ദം തന്നെയാണു. അതിൽ, അവിടുന്നു ഒരു കാര്യത്തിലും സംശയിക്കയുംവേണ്ട. ഇതൊന്നുംകൊണ്ടും അംബികയ്ക്കു അവിടത്തോടുള്ള പ്രേമത്തിനു കുറവും വരുന്നതല്ല. പക്ഷേ അവിടത്തെ ധർമ്മപത്നി എന്ന നിലയിൽ ഇതെല്ലാം എന്റെ കടമയാണല്ലോ. ഭർത്താവിന്റെ സുഖത്തെ ഹനിക്കുന്ന ഭാര്യ പതിവ്രതയല്ലെന്നു എനിക്കറിയാം. എന്നാൽ ഞാൻ ആ ഒരു ദിവ്യപദവിയിൽ ജീവിക്കണമെന്നു മാത്രമാണു ഈ ജന്മത്തിൽ ആഗ്രഹിക്കുന്നതു. അവിടത്തെ ഒരു സന്താനത്തെക്കണ്ടു മരിക്കണമെന്നു മാത്രമേ എനിക്കു ആശയുള്ളു. അതിനുള്ള ഭാഗ്യം എതുസ്ത്രീക്കു ഉണ്ടായാലും അവരും എന്നെക്കാളും പുണ്യശാലിനി തന്നെയാണു്!!" ഇത്രയും പറഞ്ഞു ദേവികരഞ്ഞുതുടങ്ങി. രാജകുമാരൻ ദേവിയുടെ ബാഷ്പപൂരത്തെ തുടച്ചുകൊണ്ടു സമാശ്വസിപ്പിച്ചു:—

"പ്രാണനാഥേ! ഞാൻ ചെയ്തിട്ടുള്ള അപരാധങ്ങളും പൊറുക്കുക. നളിനിയും മൈഥിലിയും എന്റെ ജീവിതസഹചാരിമാരാണെന്നു എനിക്കറിയാം. ഞാൻ യാതൊരു ദുർമ്മാർഗ്ഗത്തിനും ഇനിയില്ല. അവർ എന്റെ സ്വഭാവത്തെ വളരെ സംസ്കരിച്ചു. എന്തോ അവർ വശീകരിച്ചിട്ടുള്ളതു് ആ രീതിയിലാണു. ആകട്ടെ ആ കഥ നിനക്കു എവിടെ നിന്നു ലഭിച്ചു?

ദേവി—ഞാനതു പറഞ്ഞാൽ അവിടുന്നു ആരെയും തെറ്റിദ്ധരിക്കയില്ലെന്നു വാക്കുതരണം. ആ രാത്രിയിൽ നിന്നും ദേവകി അല്ല കണ്ടു ഉള്ളതു എന്നോടു എൽപിച്ചു. അവൾ എന്നെ ഏൽപിച്ചതു അവളു

ടെ അസൂയകൊണ്ടായിരിക്കാം. ഏതായാലും എന്റെ ക്ഷമാപ
ണതി ഇതുകൊണ്ടുതന്നെയാണെന്നു എനിക്കു മനസ്സിലായി.'' ദേവി ഇ
ത്രയും പറഞ്ഞപ്പോഴും സെലിമിന്റെ മുഖഭാവം പകർന്നില്ല.
സോഫിയുടെ അസൂയയെപ്പററി നേരത്തെതന്നെ അറിഞ്ഞിട്ടുള്ള
സെലിം, ദേവിയോടുള്ള അതിപ്രണയം നിമിത്തം, തല്ക്കാലം ത
ന്റെ ശത്രുവായതിനെ ഒടുക്കിക്കൊണ്ടു പറഞ്ഞു. "അവൾ ഇങ്ങി
നെയെല്ലാം ചെയ്യുമെന്നു എനിക്കറിയാം. അവൾ സ്വല്പം ചിത്ത
യാണെന്നു കമാൻഡർ ഒരിക്കൽ എന്നോടു പറഞ്ഞിട്ടുള്ളതു
ഞാൻ ഇന്നും ഓർക്കുന്നു. എന്തുകൊണ്ടാണ് അയാൾ അങ്ങി
നെ പറഞ്ഞതെന്നു എനിക്കു മനസ്സിലായില്ല. അതു ഞാൻ പിന്നീ
ട് അറിഞ്ഞുകൊള്ളാം. പക്ഷെ ഒരു പാവം ഇവിടെനിന്നും പോയ
തിലാണു എനിക്കു സങ്കടം. അയാൾ എവിടെയാണെന്നു അറി
യാമോ?''

ദേവി—അയാൾ എവിടെ പോയിരിക്കയാണ്? എന്താണ് അയാളെ
പ്പററിയും ചില രഹസ്യങ്ങളുണ്ടെന്നു അവിടുന്നു പറഞ്ഞതു?

സെലിം—അതൊന്നും എനിക്കറിവാൻ കഴിഞ്ഞിട്ടില്ല. അയാൾ ഒരു
വിദേശയോദ്ധാവാണെന്നു മാത്രമേ എനിക്കറിയാം. അയാളുടെ പതിന
ഞ്ചാമത്തെ വയസ്സിൽ ഞങ്ങളുടെ സേനയിൽ ചേർന്നതാണ്. പിതാവി
ന്റെ യുദ്ധങ്ങൾ മിക്കതും ജയിപ്പിച്ചുകൊടുത്തിട്ടുള്ളതു കമാൻഡർ
തന്നെയാണെന്ന് അദ്ദേഹം പറയുകയുണ്ടായി. അതുകൊണ്ടു ത
ന്നെയാണ് അദ്ദേഹത്തിനു അയാളിൽ വളരെ വിശ്വാസമുണ്ടായി
രുന്നതെന്നു പറയാം. പക്ഷെ എന്തുകൊണ്ടാണ് അതെല്ലാം വിസ്മ
രിച്ചു, അദ്ദേഹം അയാളെ നിഷ്കാസനം ചെയ്തിട്ടുള്ളതെന്നു അറി
വില്ല.

ദേവി—ഭരണത്തെപ്പററി സകലതും ശുദ്ധമായി മനസ്സിലാക്കിയിട്ടുള്ളവ
നാണെന്നു ചക്രവർത്തി നിശ്ചയിച്ചിട്ടു അയാൾ രാജ്യതന്ത്രം ഉപ
ദേശിക്കാത്തതുകൊണ്ട് ഉണ്ടായിട്ടുള്ള കോപമായിരിക്കണം അയാ
ളെ ബഹിഷ്കരിക്കാനുള്ള കാരണമെന്നു ഞാൻ അറിഞ്ഞു.

സെലിം—അങ്ങിനെയാണെങ്കിൽ അയാൾ രക്ഷിച്ചതു നമ്മളെത്ത
ന്നെയാണല്ലോ. അയാൾ ഒരു ധീരൻതന്നെ; സംശയമില്ല.
തന്റെ ഉദ്യോഗത്തെ വകവെയ്ക്കാതെ അന്യന്റെ സ്വത്തു കാക്ക
ന്നവനാണല്ലോ ഉത്തമലക്ഷണം. കമാൻഡറുടെ ചില പാരമ്പ

ണ്ട്. ആ ഗ്രാമപ്രദേശത്തിലെ പുരോഹിതനും, ശിവപ്രസാദ് യോഗിയും അയാളുടെ വിശ്വാസപാത്രങ്ങളാണ്! അതിൽവെച്ചും ചക്രവർത്തിക്ക വിരോധമുണ്ടായിരിക്കണം. യോഗീശ്വരനെ കണ്ടാൽ ഉടനെ നിഗ്രഹിക്കണമെന്നാണ് പിതാവിന്റെ ആജ്ഞ. കുമാരസേനന് ആജ്ഞയെ ലംഘിക്കാനെ ഗത്യന്തരമില്ലെന്നും എന്നോട പറഞ്ഞു.

മെഹി— ആ യോഗീശ്വരൻ എന്റെ പിതൃമാതുലനാണെന്ന എനിക്കറിയാം. പിതാവ് എവിടെ വെച്ചാണ് നിര്യാണം പ്രാപിച്ചതെന്നും മറ്റും അദ്ദേഹത്തോട ചോദിച്ചിരുന്നെങ്കിൽ അറിയാമായിരുന്നു.

സെലിം— മെഹറിയുടെ പിതാവിനെ ബഹിഷ്കരിച്ചതു ചക്രവർത്തി തന്നെയാണ്. അതിനുള്ള കാരണം മെഹറിയുടെ മാതാവിനെ സൈന്യങ്ങൾകൊണ്ട് സഹായിച്ചിട്ടുള്ളതായിരിക്കണം. ആമെർ നഗരം പിടിച്ചടക്കുവാൻ പിതാവ് ഇരുപതു സംവത്സരക്കാലത്തോളം ബദ്ധശ്രദ്ധനായിരുന്നു. പ്രഭാകരസിംഹനെ ആഫ്ഗാൻ രാജ്യത്തിലേക്ക ബഹിഷ്കരിച്ചതിനുശേഷം അയാൾ അവിടെ ഒരു കുലസ്ത്രീയെ വിവാഹം ചെയ്തുവെന്നും, ആ സ്ത്രീ ഉലുഖൻ ചക്രവർത്തിയുടെ പൌത്രിയായിരുന്നുവെന്നും മറ്റും ഒരു കഥ ഞാൻ കേട്ടിട്ടുണ്ട്. ഇതെല്ലാം പേർസ്യയിൽ നടന്നിട്ടുള്ളതാണെന്നാണ് എന്റെ അറിവ്. ആ സ്ത്രീയിൽ പ്രഭാകരസിംഹന് ഒരു പുത്രി ഉണ്ടായിരുന്നുവെന്നും ഒരു കിംവദന്തി ഉണ്ട്. എന്തായാലും ഇതിന്റെ ഒന്നും പരമാർത്ഥം എനിക്കറിവില്ല. കുമാരസേനൻ ഉണ്ടായിരുന്നെങ്കിൽ സകലവും അന്വേഷിച്ചറിഞ്ഞുകൊള്ളുമായിരുന്നു. അതെല്ലാം പോകട്ടെ. എനിക്കിന്ന ചക്രവർത്തിയെ മുഖം കാണിക്കേണ്ട ദിവസമാണ്. അങ്ങോട്ട പോകുവാൻ സമയമായി.

മെഹി— ഇന്നാൾ എന്തിനാണ് ചക്രവർത്തി കൂടിക്കാഴ്ച നടത്തിയത്? അതിലെന്തോ ചില രഹസ്യങ്ങൾ അന്വേഷിച്ചിട്ടുണ്ടെന്നാണ് ജനസംസാരം.

സെലിം— അതിൽ വിശേഷിച്ചു കാര്യങ്ങളൊന്നുമില്ല. കുമാരസേനനെ തൊണ്ണൂറുദിവസത്തെ അവധിനൽകി കൊട്ടാരത്തിൽനിന്നും ബഹിഷ്കരിച്ചുവെന്നും, മറ്റും എന്നെ അറിയിച്ചു. ഇതിനും പുറമെ, ഷീയർഖാനെ ഞാൻ വധിപ്പിച്ചുവെന്നും, നൂർ_മഹാളെ ഞാൻ എവിടെയോ താമസിപ്പിച്ചിട്ടുണ്ടെന്നും മറ്റും അദ്ദേഹം എന്റെമേ

ഒരാ മനസ്സിലാക്കിയതിനെപ്പറ്റി എന്നോട് ഗുരുതരമായി ചോദിച്ചു. മെഹറിന്റെ താമസത്തെപ്പററിയും ശാസിക്കാതിരുന്നില്ല. ഇതൊന്നുംതന്നെ ഞാൻ സമ്മതിച്ചിട്ടില്ല. ഷിയർഖാനെ ഞാൻ കാരാഗൃഹത്തിൽ അടച്ചിട്ടില്ലെന്നും, നൂർ—മഹറിനെ നാലഞ്ചുസംവത്സരങ്ങളോളമായി ഞാൻ കാണാറില്ലെന്നും, മെഹർ കൊട്ടാരത്തിലെങ്ങുംതന്നെ ഇല്ലെന്നും, അവളെ ഞാൻ കാണാറില്ലെന്നും തന്നെയാണ് ചക്രവർത്തിയെ ധരിപ്പിച്ചിട്ടുള്ളത്. അദ്ദേഹം എന്റെ വാക്കുകളെ വിശ്വസിക്കുമെന്ന് ഞാൻ ആശിക്കുന്നില്ല. എന്തായാലും ഇന്ന് ഒന്നുകൂടി പോയി കാണണം. അപ്പോൾ വിവരങ്ങൾ അറിയാം.

'ലൈലി—എന്നാൽ അവിടുന്ന് ഇന്നുതന്നെ പിതാവിനെ കാണണം. അല്ലെങ്കിൽ ആരോഗ്യം ക്ഷയപ്പെടും, തെറ്റിദ്ധരിക്കയും ചെയ്യും.”

ലൈലിയുടെ അഭിപ്രായമനുസരിച്ച് രാജകുമാരൻ, “ആകട്ടെ” എന്നു പറഞ്ഞ് ആരാമത്തിലേക്ക് പോയി. ലൈലി ആരാമത്തിന്റെ ഒരു ഭാഗത്തു ഇരിക്കുകയായിരുന്നു. തനിക്ക് അന്തഃപുരത്തിനുള്ളിൽ സംഭവിച്ച കഷ്ടകാലത്തെയും, അതിനെ നിവാരണം ചെയ്ത ഭാഗ്യോദയത്തെയുംപറ്റി വിചാരിച്ചും സന്തോഷിച്ചും, ശ്ലാഘിച്ചും, സങ്കടപ്പെട്ടും, ശപിച്ചും, ആശ്വസിച്ചും അവൾ സമയം പോയതറിഞ്ഞില്ല. രാജകുമാരി എത്രയും വാത്സല്യത്തോടുകൂടി മടിയിൽതന്നെ, അവരുടെ പരിധിയിൽ ആധിരോഹണം ചെയ്യിച്ചതെല്ലാം എന്തോ കെട്ടുകിനാവുപോലെ അവൾക്കു തോന്നി. അവളുടെ ഹൃദയം ഇനിയും അതിന്റെ പ്രശാന്തതയെ പ്രാപിച്ചിട്ടില്ല. കുമാരൻ വന്നതുകണ്ട് അവൾ അവിടെ ഉപചാരത്തോടുകൂടി എഴുന്നേറ്റുനിന്നു. അവളുടെ മുഖത്തു പ്രസന്നഭാവം തെളിഞ്ഞു. സലിം ലൈലിയെ കണ്ട ഉടൻതന്നെ ഒന്നു പുഞ്ചിരിതൂകി. ഏതോ ഒരു വിദ്യുച്ഛക്തി വ്യാപിച്ചതുപോലെ അവർ രണ്ടുപേരും അല്പനേരത്തേക്കു നിശ്ശബ്ദരായി നിന്നുപോയി. കുമാരൻ ലൈലിയോടു പറഞ്ഞു:—“ലൈലീ! നീ ഇനിമുതൽ ആ ഗൃഹമുറിയിൽതന്നെ പാർത്തുകൊള്ളുക. മെഹർ അവിടെ താമസമില്ല. അവൾ താമസം മാറിയതിനുശേഷം ആ മുറിയൊഴിഞ്ഞുതന്നെ കിടക്കുകയാണ്. അതുകൊണ്ട് ഇനിമുതൽ നീ അവിടെതന്നെ താമസിക്കാം. അതുതന്നെയുമല്ല ലൈലീ, ഞാൻ ചക്രവർത്തിയെ മുഖം കാണിക്കണമെന്ന് ഉദ്ദേശിക്കയാണ്. ലൈലി നിന്റെ പക്ഷം കാര്യമായിത്തന്നെ കരുതുന്നു. അവൾ ചെ

ളെന്നറിയാതെ കോപംകൊണ്ട് അപ്രകാരമെല്ലാം ചെയ്തുപോയതാണെ ന്നു എന്നോട് പറഞ്ഞു. എന്നാൽ നീ അവളോടൊന്നും പൊറുത്തുകൊള്ളുക" സെലിം ഇത്രയും പറഞ്ഞശേഷം അദ്ദേഹത്തിന്റെ സ്വകാര്യമന്ദിരത്തിലേക്ക് പോയി. നദീറ അദ്ദേഹത്തിനോട് യാതൊന്നുംതന്നെ പറഞ്ഞില്ല. അവൾക്ക് അന്നേദിവസം പതിവിൽ കൂടുതൽ ലജ്ജയും ഭയവും ഉണ്ടായിരുന്നു. തനിക്ക് അനർഹമായ ആ പദത്തെ അലങ്കരിക്കുന്നതിന് ഭാഗ്യം സിദ്ധിച്ചതിനെപ്പറ്റിയും, ആ സംഗതികളെല്ലാംതന്നെ അന്തഃപുരിയിൽ പരിചാരം അവൾ കേൾക്കേയും കേൾക്കാതെയും പറഞ്ഞിട്ടുള്ളതിനെപ്പറ്റിയും വിചാരിച്ച് അവളുടെ ഹൃദയം സന്തോഷിക്കയും സന്തപിക്കയും ചെയ്തു. ഭക്ഷണസമയവേളയിൽ ഹക്കിം ഭാഗ്യം പറഞ്ഞപ്പോൾ ഒരു സ്ത്രീ തനിക്ക് ശത്രുവായിട്ടുണ്ടെന്നും, എല്ലാം സൂക്ഷിച്ചുകൊള്ളണമെന്നും പറഞ്ഞിട്ടുള്ളത് ഇപ്പോൾ എത്രയോ പരമാർത്ഥമായി കലാശിച്ചുവെന്നു കരുതി ആ സാധ്വി ഹകിമിന്റെ വൈശിഷ്ട്യത്തെപ്പറ്റി അഭിനന്ദിച്ചു. പക്ഷേ ഇനിമുതൽ തന്റെ പെരുമാറ്റങ്ങൾക്കൊക്കെ മെച്ചപ്പെടുത്തണമെന്നും അവൾ ഉദ്ദേശിച്ചു. രാജകുമാരനോട്, അവൾക്ക് അയാളുടെ ജീവനോടുള്ളതിനേക്കാൾ ഉപരിയും അപരിമേയവും ഒരു പ്രേമമുണ്ടെന്നുള്ള ബോധം അവളെ കൃതാർത്ഥയാക്കിയെങ്കിലും മറ്റുള്ളവരെ ആരാധിക്കുവാൻ മനസ്സുഴിഞ്ഞാരംഭിച്ചാൽ ഈ ലോകജീവിതം ഒരിക്കലും സുഖകരമാകയില്ലെന്നും അവൾ പഠിച്ചു കഴിഞ്ഞു. രാജകുമാരനോട് തനിക്കുള്ള വേഴ്ച ഒരിക്കലും അദ്ദേഹത്തിന്റെ സ്ഥിതിക്കു യോജിച്ചതല്ലെന്നും, ഇനിയും താൻ അദ്ദേഹത്തിന്റെ പ്രേമചാപല്യങ്ങൾക്ക് വശപ്പെട്ടാൽ അതിനെപ്പറ്റി ചക്രവർത്തി അറിയാതിരിക്കയില്ലെന്നും അപ്രകാരം അറിഞ്ഞു കഴിഞ്ഞാൽ അനർത്ഥമാണെന്നും നിശ്ചയംതന്നെയെന്നും അവൾ ശങ്കാരഹിതയായിരുന്നില്ല. അതുകൊണ്ട് ഇനി മുതൽ രാജകുമാരൻ തന്റെ അടുക്കൽ ആഗതനാകുമ്പോൾ, അദ്ദേഹത്തോട് തനിക്കുള്ള ഉദാരാനുരാഗത്തെ പ്രത്യക്ഷമാക്കരുതെന്നും, പറഞ്ഞതുപോലുള്ള സംഭവങ്ങൾ ഇനിയും ആവർത്തിക്കപ്പെട്ടാൽ, അതു കൊട്ടാരത്തെയും സെലിമിനെയും ചക്രവർത്തിയെത്തന്നെയും അപമാനഗർത്തത്തിൽ ആഴ്ത്തിക്കളയുമെന്നും അവൾ ഉദ്ദേശിച്ചു. തന്മൂലം താൻ ഇനി മുതൽ "തോമലെക്കമുമ്പുള്ള" നദീറയായിത്തന്നെ ജീവിക്കേണ്ടതാണെന്നും അവൾ തീരുമാനിച്ചുറച്ചു. ഒടുവിൽ അവൾ ഇപ്രകാരം പറഞ്ഞു. "എന്റെ അപരാധം അക്ഷന്തവ്യംതന്നെ. സംശയമില്ല.

കൊട്ടാരത്തിൽ എന്റെ വില എന്താണ്? അദ്ദേഹത്തിന്റെ നില എന്താണ്? അതൊന്നും ചിന്തിക്കാതെ അദ്ദേഹത്തിന്റെ പ്രേമത്തിന കീഴടങ്ങിയ ഞാൻ അദ്ദേഹത്തെത്തന്നെ അധഃപതിപ്പിക്കയല്ലേ ചെയ്തത്! അദ്ദേഹം എന്നെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നുണ്ട്. ഞാൻ അദ്ദേഹത്തെയും അതുപോലെ സ്നേഹിക്കുന്നു. പക്ഷേ അനുചിതമായ ഈ ഗാഢാനുരാഗത്തെപ്പറ്റി അറിയുന്നവർ വളരെ ചുരുക്കമാണ്. ഇന്നലെ വരെ എനിക്ക് കൊട്ടാരത്തിൽ എത്രയോ പവിത്രമായ ബഹുമതിയും, എത്രയോ ആശ്വാസജനകമായ ഉന്നതിയും ഉണ്ടായിരുന്നു! ഇന്ന് ഞാൻ കേവലം സോഫിയേക്കാൾ ദുഷ്ടയായി. അദ്ദേഹത്തിന്റെ പ്രേമത്തിന് പാത്രമായ ഞാൻ എപ്രകാരം ആ സുഭഗനെ വേർപിരിഞ്ഞിരിക്കും? എപ്രകാരം ഞാൻ അദ്ദേഹത്തിന്റെ ആഗ്രഹങ്ങളെ തിരസ്കരിക്കും? രാജശാസനയേക്കാൾ ശക്തി പ്രേമശാസനക്കാണെന്നു പറയുന്നതു പരമാർത്ഥംതന്നെയാണ്. എന്തായാലും ഇനിമുതൽ, രാജകുമാരൻ രാജ്യഭരണം കയ്യേൽക്കുന്നതു വരെ അദ്ദേഹത്തിൽനിന്നും എന്റെ പ്രേമത്തെ മറച്ചുവെയ്ക്കുന്നതാണു നല്ലത്! അപ്രകാരമല്ലെങ്കിൽ പിതൃതുല്യനായ ആ പുരോഹിതൻ പറഞ്ഞിട്ടുള്ളതുപോലെ കൊട്ടാരത്തിൽനിന്നും എനിക്കു വെട്ടകിട്ടാതിരിക്കയില്ല. ദേവി എനിക്കു സസന്തോഷം സ്വാഗതമരുളുന്നുണ്ടെങ്കിലും, ഞാൻ ഇനിമുതൽ അപ്രകാരമുള്ള സ്വാതന്ത്ര്യത്തെ അനുഭവിച്ചാൽ അതു അനർത്ഥകാരണമാകാതിരിക്കുന്നതെങ്ങിനെ? സോഫി ഇന്നുമുതൽ എന്നെ അപായപ്പെടുത്തുവാൻ ശ്രമിക്കാതിരിക്കയില്ല. ഹാത്തിമയെ വഴിയാധാരമാക്കിയ അമോഘനാഥനെയും ഈ സോഫിയേക്കാൾ എത്രയോ ഭേദം! ഞാൻ കൊട്ടാരത്തിൽ ദേവിയോടൊരുമിച്ചു താമസിക്കുന്നതായാൽ സോഫിക്ക് എന്നോടുള്ള വൈരം വർദ്ധിക്കും. എന്നു മാത്രമല്ല, അവൾ അതിനെപ്പറ്റി എന്തെങ്കിലും രീതിയിൽ ചക്രവർത്തിയെ അറിയിക്കാതിരിക്കുകയും ഇല്ല. അംബികാദേവിയുടെ ദാസിയായ ഞാൻ ഇന്നു മുതൽ അവരോടൊപ്പം പെരുമാറുന്നത് ശരിക്കും വിഹിതമല്ലാത്തതുകൊണ്ടു, രാജകുമാരൻ നിശ്ചയിച്ചതുപോലെ ആ ഗൃഹവാടിയിൽ തന്നെ താമസിക്കുകയാണു നല്ലതു. ഇനി മുതൽ സ്വന്തം നാഗകുമാരൻ രാജകുമാരനോടും, ദാസിനളിനി, ദാസിയായും ഇരിക്കുന്നതാണെങ്കിൽ കൊട്ടാരത്തിൽ എന്റെ ദാമ്പത്യസംഗതികൾ ഒന്നായും അതു ലോകരൊട്ടുക്ക് അറിയാതിരിക്കയില്ല. ആ സ്ഥിതിക്ക് ഇവ രണ്ടു സംഭവങ്ങളും ചക്രവർത്തി

അറിഞ്ഞു കഴിഞ്ഞാൽ പിന്നെ ഇവളുടെ സ്ഥിതിയെന്തു്! ദേവിയെ
ന്നതുപോലെ ചക്രവൎത്തിക്കും എന്നെ വളരെ കാൎയ്യമാണു്. പക്ഷേ
ഈ രീതിയിൽത്തന്നെ എന്റെ ജീവിതത്തെ തുടൎന്നാൽ ചക്രവൎത്തി
യുടെ ശിക്ഷക്കു ഞാൻ പാത്രമാകേണ്ടിവരും. ദേവിയുടെ ആജ്ഞയെ
നിരാകരിക്കുവാൻ രാജകുമാരനു ശക്തി ഉണ്ടായതുപോലെ ചക്രവ
ൎത്തിയുടെ ആജ്ഞയെ ലംഘിക്കുവാൻ, കുമാരനെന്നല്ല, ഈ ലോക
ത്തിൽ ആരും തന്നെ പ്രാപ്തനല്ല. ഞാൻ എല്ലാം കാണുന്നു; പ്ര
വൎത്തിക്കാത്ത പക്ഷം അനൎത്ഥങ്ങൾ എന്തെല്ലാമായിരിക്കുമെന്നു മ
നസ്സിലായിക്കഴിഞ്ഞു. വിവേകം മനുഷ്യനു നൽകപ്പെട്ടിട്ടുള്ളതിന്റെ
ഉദ്ദേശം, അതിനെ ഉപയോഗിച്ചു് ആപത്തുകളെ ദൂരീകരിക്കുവാനാ
ണു്. ആ സ്ഥിതിക്കു ഞാൻ ആപത്തുകളിലേക്കാണു കുതിച്ചു ചാടു
ന്നതെന്നു് ഇനിയെങ്കിലും മനസ്സിലാക്കാതെ കഴികയില്ല. മാതാവി
ന്റെ മരണമൊഴികളും, പുരോഹിതന്റെ ഉപദേശങ്ങളും, ഞാൻ
പലപ്പോഴായി കണ്ടിട്ടുള്ള ദുസ്സ്വപ്നങ്ങളും എന്റെ ജീവിതത്തിന്റെ
അപകടങ്ങളെ ദ്യോതിപ്പിക്കുന്ന ദൃഷ്ടാന്തങ്ങളായി പരിഗണിക്ക
പ്പെടേണ്ടവയാണു്. ഞാൻ ആരാണു്? കേവലം ഒരു പരിചാരികമാ
ത്രം! ഞാൻ നില്ക്കുന്നതെവിടെ? അതിശ്രേഷ്ഠനും, അനേകം രാജാക്ക
ന്മാരെ ഒരേ നോട്ടംകൊണ്ടു് അധഃപതിപ്പിച്ചു് സാമ്രാജ്യം മുഴുവനും
അടക്കി ഭരിക്കുന്ന അക്ബർപാദുഷായുടെ കൊട്ടാരത്തിൽ! ഞാൻ
സ്നേഹിക്കുന്നതാരെയാണു്? ആ ചക്രവൎത്തിയുടെ സീമന്തപുത്രനെ
ത്തന്നെ! ഛേ! മനസ്സേ!! നീ അവിവേകം പ്രവൎത്തിക്കുന്നുവോ? നി
ലക്കു നില്ക്കുവാൻ കഴിയാത്തതിന്റെ ദോഷമാണിതെല്ലാമെന്നു പ്ര
ത്യേകിച്ചും പറയേണ്ടതില്ല. അനാഥയായി, നിരാശ്രയയായി അ
ന്തഃപുരത്തിൽ വന്നു ചേൎന്നപ്പോൾ ഉടൻ തന്നെ എന്റെ മേൽ
കരുണതോന്നി, ശത്രുക്കളിൽ നിന്നും എന്നെ ഏറ്റവും വിശ്വസി
ച്ചു്, എന്റെ സകലസൌഭാഗ്യങ്ങളേയും കാംക്ഷിക്കുന്ന ദേവി അം
ബികാകുമാരിറാണിയുടെ പ്രാണനാഥനെ സ്നേഹിക്കുന്ന ഞാൻ എ
ത്രയോ നീചതരമായ സ്വാമിദ്രോഹമാണു ചെയ്യുന്നതു്! കഷ്ടം! അദ്ദേ
ഹത്തിന്റെ മുഖത്തു പ്രേമത്തോടുകൂടി നോക്കുന്നതു തന്നെയും ദേവി
യെ വഞ്ചിക്കുന്നതിനു സമമായിരിക്കെ, അതൊന്നും കരുതാതെ അ
ദ്ദേഹത്തിന്റെ ധൎമ്മപത്നിയെന്ന നിലയിൽ ഇന്നലെ പെരുമാറിയ
തെല്ലാം തന്നെ ദേവിയെ ചതിപ്പെടുത്തുന്നതുതന്നെയാണു്. പ
ക്ഷെ ഇതിനെല്ലാം കാരണം ആ കണ്ണു മാത്രമാണല്ലോ. സോഫി
യുടെ ഉപദേശം അതുപ്രകാരം അകപ്പെട്ടുപോയതിലുള്ള അ

ഇതുതന്നെയായിരിക്കും. ദേവി, എത്രയോ സുശീലയും, പതിവ്രതയുമാണ്! പെട്ടെന്നുണ്ടായ കോപംകൊണ്ട് അവർ എന്നെ ഹിംസിച്ചിരുന്നെങ്കിൽ ഞാൻ ഭാഗ്യവതിയാകുമായിരുന്നു! എന്തായാലും ഇനി എങ്കിലും ഞാൻ വളരെ സൂക്ഷിച്ചിരിക്കേണ്ടതാണ്. ലൌകികരീതികളിൽ പരസ്പരച്ചേർച്ചയില്ലാത്ത യുവതീയുവാക്കന്മാർ, അവരുടെ പ്രേമം, ആന്തരമായി എത്രതന്നെ ദൃഢപ്പെട്ടിരുന്നാലും, ലോകത്തിൽ പല ദുഃഖിതങ്ങളും അനുഭവിക്കേണ്ടതായിവരും. പക്ഷേ രാജസ്ഥാനത്തെ അപമാനത്തിൽ ആഴ്ത്തിക്കളയുന്ന പ്രേമമാണ് എനിക്കുള്ളതെങ്കിൽ ഞാൻ വളരെ പാപിയും വധശിക്ഷക്കുകൂടി അർഹയും ആണ്. ദേവിയെ ചെന്നു കണ്ട്, അനുവാദം വാങ്ങി ഗൃഹവാസത്തിലേക്ക് തന്നെ പോകാം" ഇപ്രകാരം നസീറ വിചാരിച്ചുകൊണ്ടും മേലാൽ ചെയ്യേണ്ടതായ പലതും തീരുമാനിച്ചുകൊണ്ടും ആരാമത്തിൽ നിന്നും അന്തഃപുരത്തിലേക്ക് നടന്നു.

നസീറയെ കണ്ട ഉടൻ ഒന്നു മന്ദഹസിച്ചുകൊണ്ട്, ദേവി, അവളെ ഉപചരിക്കുവാൻ ആരംഭിച്ചു. ദേവിയുടെ ഉദ്യമത്തെ തടുത്തുകൊണ്ടു നസീറ പറഞ്ഞു:—

"തിരുമേനി! അപരാധിനിയായ അടിയനെ ശിക്ഷിക്കേണ്ടതു അവിടത്തെ കടമയാണ്. അവിടുന്നു പ്രീതിയോടുകൂടി എനിക്ക് നൽകിയ സ്വാതന്ത്ര്യം എന്നെ ശിക്ഷിക്കുന്നതിൽ കൂടുതൽ വേദനിപ്പിക്കുന്നു. എന്നാൽ എനിക്ക് മറ്റൊരു കാര്യം ഉണർത്തിക്കുവാനുണ്ട്. ഇന്നു മുതൽ ഞാൻ അവിടത്തെ പഴയ നസീറയായി തന്നെ പെരുമാറുവാൻ കനിഞ്ഞനുവദിക്കണം. അതു തന്നെയാണ് എനിക്ക് ഏറ്റവും ഇഷ്ടം. അപ്രകാരമുള്ള പദവിയിൽ മാത്രമേ ഇരിക്കാൻ ആഗ്രഹമുള്ളു. ഇനി മുതൽ അവിടത്തെ ജീവിതപരിശുദ്ധിയെ പ്രേമത്തോടുകൂടി നോക്കുകയോ, പ്രേമചാപല്യത്തിന് അടിമപ്പെട്ട രാജകുടുംബത്തെ അപമാനത്തിൽ ആഴ്ത്തുകയോ, ഉണ്ടാകയില്ലെന്ന്—" നസീറ ഇത്രയും പറഞ്ഞു പ്രതിജ്ഞ ചെയ്യുവാനായി ആരംഭിക്കുന്നതിനു മുൻപ് ദേവി നസീറയുടെ അടുക്കൽ ചെന്ന് അവളുടെ വലതുകരത്തെ തന്റെ വലതു കരാംബുജം കൊണ്ടു പൊത്തിപ്പിടിച്ചു. ദേവിയുടെ മുഖകമലം ചുവന്നു; നയനങ്ങൾ അശ്രുപൂർണ്ണങ്ങളായി. ദേവി സഗദ്ഗദം ചൊല്ലി—

"ഞാൻ കേട്ടു! നീ അപ്രകാരം പ്രതിജ്ഞ ചെയ്യരുത്. അതു എന്നെ കൊല്ലുന്നതിനു തുല്യമാണ്. ഞാൻ എന്തൊരു [illegible]

ച്ചാണു നിന്നെ എന്നോടൊപ്പം കരുതുന്നതു്, അതു നീ കഠിനമായ പ്രതിജ്ഞകൊണ്ടു പ്രതിരോധിക്കുന്ന പക്ഷം എൻെറ ആഗ്രഹം നശിക്കയില്ലേ? എൻെറ ജീവിതം മുഴുവനും പ്രാണനാഥൻെറ പ്രീതിക്കുവേണ്ടി മാത്രം വിനിയോഗിക്കുന്ന സ്ഥിതിക്കു് അദ്ദേഹത്തിനു് എന്തെങ്കിലും ഒരു സ്ത്രീയിൽ പ്രേമമുണ്ടായാൽ ആ സ്ത്രീയെ അല്ലാ, ആ പ്രേമത്തെ ആരാധിക്കേണ്ടതു് ഉത്തമസ്ത്രീയുടെ കടമയല്ലേ? നീ ഇപ്രകാരം പ്രതിജ്ഞ ചെയ്താൽ അതിൽവെച്ചു സങ്കടം ആർക്കാണുണ്ടാകുന്നതു്? രാജകുമാരനു തന്നെയാണല്ലോ. അദ്ദേഹത്തെ സങ്കടപ്പെടുത്തുന്നതിനു പകരം നീ എന്നെ വധിച്ചാലും എനിക്കു ലേശവും സങ്കടമില്ല. അതുകൊണ്ടു നീ അപ്രകാരം പ്രതിജ്ഞ ചെയ്യരുതെന്നു നിൻെറ ദാസിയെന്ന നിലയിൽകൂടി യാചിക്കുവാൻ ഞാൻ മടിക്കുന്നില്ല.”
ദേവി ഇത്രയും പറഞ്ഞു വിരമിച്ചപ്പോൾ നഷീറ ഇപ്രകാരം സമാശ്വസിപ്പിച്ചു:—

“ദേവി! തിരുമേനിയുടെ പ്രേമത്തിനു ഞാൻ പാത്രമായിരിക്കാം. എന്നാൽ അതിലുണ്ടാകാവുന്ന ഗൌരവഫലങ്ങളെപ്പറ്റി ആലോചിക്കുന്തോറും എനിക്കു വളരെ ഭയമാണുണ്ടാകുന്നതു്. ഇവിടെ നടക്കുന്ന സംഗതികളെല്ലാം തന്നെ ഒന്നൊഴിയാതെ കൊട്ടാരത്തിൽ ധരിപ്പിക്കുന്നതിനു് പലരും ശ്രമിക്കുന്നുണ്ടാകും. ആ സ്ഥിതിക്കു ഞാൻ കേവലം ദാസിയെന്ന നിലവിട്ടു വല്ലതും പെരുമാറിയാൽ അതിൻെറ അനുഭവം എല്ലാവർക്കും ക്ലേശമാണു്. അതുകൊണ്ടുമാത്രമാണു് ഞാൻ ഇപ്രകാരം അറിയിച്ചിട്ടുള്ളതു്. എന്തായാലും ഇനിമുതൽ ഞാൻ മെഹർ താമസിച്ചിരുന്ന ഗൂഢമുറിയിൽ പാർത്തുകൊള്ളുവാൻ അവിടുന്നു അനുവദിച്ചാൽ മതി. അപ്രകാരമാണെങ്കിൽ ചക്രവർത്തി സംഗതികൾ അറിയാതിരിക്കുമല്ലോ. അദ്ദേഹം അറിയുന്നപക്ഷം അനന്തരഫലം എന്തായിരിക്കുമെന്നു ഊഹിക്കുവാൻകൂടി ബാക്കിയുള്ളവർക്കു പ്രാപ്തിയില്ല. കേവലം പരിചാരികാസ്ഥിതിയിൽ കഴിഞ്ഞുകൂടുന്ന ഒരു ബാലികയായ ഞാൻ പ്രവർത്തിച്ചിട്ടുള്ളതെല്ലാംതന്നെ അക്രമങ്ങളാണു്. പക്ഷേ അതിൽ ഞാൻ മാത്രമല്ല കുറ്റക്കാരിയെന്നു ഓർക്കുമ്പോഴാണു് എനിക്കു സമാധാനമുള്ളതു്. അതുകൊണ്ടു ആ ഗൂഢമുറിയിൽ താമസിക്കുവാൻ എന്നെ അനുവദിക്കണം.”

നഷീറയുടെ അപേക്ഷയെ സമ്മതിച്ചുകൊണ്ടു ദേവി അരുളി:—
നീ പറഞ്ഞതു് പരമാർത്ഥമാണു്. നീ ഇനിമുതൽ ആ ഗൂഢമുറിയിൽ തന്നെ പാർത്തുകൊൾക. ആഹാരവും മറ്റും ഞാൻ അവിടെ കൊടുത്തയച്ചുകൊള്ളാം. ഇനി വല്ലപ്പോഴും മാത്രം ഇവിടെ വന്നാൽമതി!

നിനക്കു അവിടത്തെ താമസം സുഖമായിത്തീരുവാൻ ഞാൻ പ്രാൎത്ഥി ക്കുന്നു. നീ രാജകുമാരനോടു ഒരിക്കലും വിരോധമായിരിക്കരുതു്. അ ദ്ദേഹത്തെ സങ്കടപ്പെടുത്തുന്നതു എന്നെ കൊല്ലുന്നതിനു തുല്യമാണെ ന്നു നീ വിചാരിക്കണം. നിന്നെ ഞാൻ ഒരിക്കലും ശപിക്കുവാൻ ആ ഗ്രഹിക്കുന്നില്ല. നീ എന്നെ ശപിക്കരുതെന്നാണ് എന്റെ അപേ ക്ഷ. എന്നാൽ നീ അതൊന്നുതന്നെ പൊറുത്തുകൊള്ളുക.''

നദീറ ദേവിയുടെ അടുക്കൽനിന്നു യാത്രപറഞ്ഞു പിരിഞ്ഞതി നുശേഷം, നേരെ, മേജർ പാൎത്തിരുന്ന ഗുഹമുറിയിലേക്കു പോയി അവൾക്കു ആ മുറിയിൽ പ്രവേശിക്കുന്നതിനുള്ള മാൎഗ്ഗം നല്ല നിശ്ചയ മില്ലായിരുന്നുവെങ്കിലും ഇതിനുമുൻപു് കന്നമണ്ഡപ്രവേശം പോയിട്ടു ള്ള ഉദ്ദേശംകൊണ്ടു ഒരു വിധത്തിൽ വഴി തെറ്റാതെ ആ മുറിയുടെ വാതുക്കൽ എത്തി. അവിടെ ചെന്ന ഉടൻതന്നെ കൃത്രിമഭിത്തിയിൽ ഘടിപ്പിക്കപ്പെട്ടിരുന്ന ഒരു ഭിത്തിയിൽ അവൾ അറിയാതെ സ്പൎശിക്ക യും, പൊടുന്നനവേ, ആ ഭിത്തി തുറക്കുകയും, അവൾ ഒരു ഇരുട്ടു മു റിയിൽ അകപ്പെടുകയും ചെയ്തു! അവൾ ആ മുറിയിൽ അകപ്പെട്ട ആ മാത്രയിൽതന്നെ അതിന്റെ ഭിത്തികളെല്ലാം വീണ്ടും ബന്ധിക്ക പ്പെട്ടു. ഭയങ്കരമായ ഇരുട്ടുമുറിയിൽനിന്നു പുറത്തേക്കു പോരുന്നതിനു അവൾ വളരെ ശ്രമിച്ചുവെങ്കിലും യാതൊരു ഫലവും ഉണ്ടായില്ല. ആൾപ്പാൎപ്പില്ലാത്ത ഇരുട്ടറയിൽ കിടന്നു ഉറക്കെ കരഞ്ഞിരുന്നാൽ തന്നെയും, വനരോദനംപോലെ അതു വിഫലമാകയേയുള്ളുവെന്നു ആ സാധ്വി അറിഞ്ഞിരിക്കയില്ല. നദീപ്രവാഹത്തിൽ അകപ്പെട്ടുപോ യാൽ മനുഷ്യൻ ഒരു വയ്ക്കോൽത്തുരുമ്പുകൂടി പ്രാണരക്ഷക്കുള്ള ഉപായ മാണെന്നു കരുതുമാറു ധൈൎയ്യംകൊള്ളുമല്ലോ!

ഇരുപത്തഞ്ചാം അദ്ധ്യായം

യമുനാതീരത്തിൽ അനേകം വിശിഷ്ടമന്ദിരങ്ങൾ പരിലസിക്കുന്നുണ്ട്. ചക്രവൎത്തിക്കും പരിവാരങ്ങൾക്കും വേനൽക്കാലങ്ങളിൽ സുഖവാസത്തിനായും, മറ്റു് ആഘോഷാവസരങ്ങളിൽ താമസിക്കുന്നതിനായും നിൎമ്മിതങ്ങളായിട്ടുള്ള ഈ ഹൎമ്മ്യങ്ങളിൽ പലതും ആൾപാൎപ്പില്ലാതെ പരിരക്ഷിക്കപ്പെട്ടു പോരുന്നതാണു. അനാഥാലയങ്ങളിൽ സാധാരണയായി കണ്ടുവരാറുള്ള നിരാശ്രയത്വം ഈ കെട്ടിടങ്ങളിൽ ഒന്നിനേയും ബാധിച്ചിരുന്നില്ല. ചക്രവൎത്തിയുടെ പ്രത്യേകാജ്ഞയേയും നിശ്ചയവും അനുസരിച്ചു അവയിൽ മിക്കതും കേടുപാടു പോക്കി പരിരക്ഷിക്കുന്നതിനു ഉദ്യോഗസ്ഥന്മാർ നിയമിതരായിട്ടും ഉണ്ട്. എങ്കിലും അലസതയുടേയും അനാസ്ഥയുടേയും കാരണ്യം കൊണ്ട് ഏറെ നാളായി മനുഷ്യവൎഗ്ഗത്തിന്റെ ശ്വാസമാരുതൻകൂടി ഏൽക്കുന്നതിനു ഭാഗ്യമില്ലാത്തവയായി തീൎന്നിട്ടുള്ള ഒന്നുരണ്ടു കെട്ടിടങ്ങൾ നദീതീരത്തിൽ നിന്നും കുറച്ചു അകലെ ഉണ്ടായിരുന്നു. ഇവയുടെ ദുരവസ്ഥ കണ്ടാൽ, മനുഷ്യസ്ഥാനവും ആയി യാതൊരു ബന്ധവുമില്ലാത്തവയായിരുന്നുവെന്നു ഊഹിക്കുവാനും വിഷമമുണ്ടായിരുന്നില്ല. അക്ബർ ചക്രവൎത്തി സിംഹാസനസ്ഥനാകുന്നതിന്നു എത്രയോ കാലം മുമ്പു — മുഗൾ സാമ്രാജ്യം തന്നെയും സ്ഥാപിക്കുന്നതിന്നു എത്രയോ വത്സരങ്ങൾക്കു മുമ്പു — അവിടെ സ്ഥിതി ചെയ്യുന്ന ആ രണ്ടു കെട്ടിടങ്ങളും, ആർ പണിയിച്ചിട്ടുള്ളതാണെന്നോ, എന്താവശ്യത്തിന്നു വേണ്ടി നിൎമ്മിക്കപ്പെട്ടിട്ടുള്ളതാണെന്നോ ആൎക്കും തന്നെ അറിവില്ല. അവയുടെ നിൎമ്മാണരീതിയെപ്പറ്റി നിരീക്ഷിക്കുന്നതായാൽ ഉദ്ദേശം 400 സംവത്സരങ്ങൾക്കു മുമ്പു ഭാരതത്തിൽ പ്രചരിച്ചിരുന്ന ശില്പസമ്പ്രദായത്തെയാണു് അവ അനുകരിച്ചിരുന്നതെന്നു ചരിത്രപണ്ഡിതന്മാൎക്കു അറിവാൻ കഴിയുന്നതാണ്. അനേകവൎഷകാലമായി ആൾ പാൎപ്പില്ലാതെ, ദിവാന്ധഗോത്രത്തിലുള്ള ചില ജന്തുക്കൾക്കു സവാരി ചെയ്യുവാനും സല്ലപിക്കുവാനും വേണ്ടി ഒഴിഞ്ഞിട്ടിരിക്കുന്ന ഈ കെട്ടിടങ്ങളിൽ ഒന്നിൽ കുറച്ചുദിവസങ്ങളായി ആരോ പാൎക്കുന്നുണ്ടായിരുന്നതിന്റെ ചില ലക്ഷണങ്ങൾ പ്രത്യക്ഷമാകാതിരുന്നില്ല. അവയെ ചുററി പണിയിക്കപ്പെട്ടിട്ടുള്ള കരിങ്കൽമതിൽ അഴുക്കുകളൊന്നു തുടച്ചു വൃത്തിയാക്കിയിട്ടുള്ളതായും, അതിനുള്ളിൽ പുതുതായി ഒരു ആരാമം നിൎമ്മിച്ചിട്ടുള്ളതായും, അതിനും പുറമേ ചില

ഒപ്പോൾ വളരെ ദീപ്തിമത്തുകളായ പിശാചുക്കൾ, രാത്രി കാലങ്ങളിൽ എരിയുന്നതായും പലരും കണ്ട് അത്ഭുതപ്പെട്ടിട്ടുണ്ട്. എന്നു മാത്രമല്ല, ചില സമയങ്ങളിൽ ചില സ്ത്രീകളും ശാന്ത്യമായും, അവിടെ വളരെ ആരവത്തോടും വണക്കത്തോടുംകൂടി അങ്ങിങ്ങ് വന്നെത്തി നില്ക്കുന്നു. നദീതടത്തിൽ നിന്നും അല്പംഉള്ളിലേ സ്ഥിതി ചെയ്തിരുന്നതുകൊണ്ടു കുറച്ചു നാളത്തേക്ക്, അവിടെ ആൾപ്പാർപ്പുള്ളതായി ആരും തന്നെ അറിഞ്ഞിരുന്നില്ല. അപ്രകാരമറിഞ്ഞപ്പോൾ പലരും പല വിധത്തിലും സംസാരിച്ചു തുടങ്ങി. ആ കെട്ടിടം ഒരു *ബങ്കാളബ്രാഹ്മണന്റെ വകയായിരുന്നുവെന്നും, അദ്ദേഹത്തിന്റെ വംശത്തിൽ പെട്ടവരിൽ ആരോ ചിലരാണ് അവിടെ താമസിക്കുന്നതെന്നും, ചിലർ പറഞ്ഞു പരത്തി. വേറെ ചിലർ, അവിടെ താമസിക്കുന്നതു മനുഷ്യരല്ലെന്നും, മനുഷ്യർ അപ്രകാരമുള്ള കെട്ടിടങ്ങളിൽ താമസിക്കയില്ലെന്നും, ഏതോ ചില ഭൂതപ്രേതങ്ങൾ രാത്രി സമയത്ത് അവിടെ വരികയാണെന്നും പറയാതിരുന്നില്ല.

മുൻപ്രസ്താവിക്കപ്പെട്ടിട്ടുള്ള ഈ കെട്ടിടത്തിന് അല്പം കിഴക്കമാറി, രാജപാതയിൽ നിന്നും ഒഴിഞ്ഞ്, ഒരു വലിയ വെൺപറമ്പ് ഒരു കാലത്തു ശ്മശാനമായിരുന്നു. ഇന്നും അതു് അത്യാവശ്യസമയങ്ങളിൽ ഒരു ശ്മശാനത്തിന്റെ ആവശ്യങ്ങളെ നിറവേറ്റുന്നുണ്ട്. ബ്രിട്ടീഷ്സാമ്രാജ്യം ഹിന്ദുരാജാക്കന്മാരാൽ ഭരിക്കപ്പെട്ടിരുന്ന കാലത്തു, ബ്രാഹ്മണരുടെ ആവശ്യത്തിലേക്കായി പട്ടണത്തിനടുത്തു, നദീതീരത്തിൽ, ഒരു ശ്മശാനം വേണമെന്നു നിശ്ചയിച്ച് അക്കാലംമുതൽ ഒഴിച്ചിടപ്പെട്ടിട്ടുള്ള വെൺപറമ്പാണ് ഈ പ്രദേശം. ഇന്നും ചിലപ്പോഴെല്ലാം, അനാഥപ്രേതങ്ങളെയും, വഴികളിലും തെരുവുകളിലും കിടന്നു ജീവിതയാത്ര അവസാനിപ്പിച്ചു പോയവരുടെ "പ്രപഞ്ചപ്പട്ടതൊണ്ടു" കളെയും അടക്കം ചെയ്യുന്നതിന് ഈ പ്രദേശം ഉപയുക്തമായിരുന്നു. തന്മൂലം സാധാരണ ജനങ്ങൾ ഈ ദുരിതസങ്കേതത്തെ കാണുന്നതിനുപോലും കാംക്ഷിച്ചിരുന്നില്ല. പക്ഷെ, ഈ പറമ്പിന് അടുത്തുതന്നെ, ഇയ്യിടെ ഒരു ചെറിയ പുരവെച്ചു ആരോ പാർക്കുന്നുണ്ടെന്നുള്ളതിലേക്ക പല ലക്ഷ്യങ്ങളും അവിടെ കാണുന്നുണ്ട്. ചുടലമാട, ചുടലഭൂതം, എന്നിത്യാദി ചുടല വർഗ്ഗത്തിൽ ഉൾപ്പെട്ട വല്ല അദൃശ്യരൂപികളും, തങ്ങളുടെ അവകാശത്തെ പ്രസ്പഷ്ടമാക്കുന്നതിനു വേണ്ടി, സ്ഥിരതാമസം ഉറപ്പിച്ചു അവിടെ പാർക്കുന്നതായിരിക്കാം. അല്ലാതെ ചുടലക്കളത്തിൽ പുരവെച്ച് അവിടെ പാർക്

വാൻ മനുഷ്യരാരുംതന്നെ കൊതിക്കയില്ല; നിശ്ചയം. അവിടെ പാ-
ർക്കുന്നതാരാണ്? അയാളുടെ ആകൃതിയെന്ത്? പെരുമാറ്റങ്ങൾ എ-
ന്തെല്ലാം? എന്നു നമുക്കൊന്നു സൂക്ഷിക്കാം. ഏതായാലും ആൾ
അസാധാരണനായ ഒരുത്തനാണ്. അവിടെ അതിദീർഘകായനായ ഒ-
രു വിരൂപി മാത്രമേ താമസമുള്ളു. മനുഷ്യരൂപത്തിലുള്ള അംഗങ്ങ-
ളെല്ലാംതന്നെ യഥാസ്ഥാനങ്ങളിൽ അയാൾക്കും ഉണ്ട്. അവ-
യിൽ കൂടുതലായി ഒന്നുംതന്നെ കാണാറുമില്ല. ഏകദേശം അമ്പതു വ-
യസ്സ് പ്രായം തോന്നിക്കുന്ന ആ ആൾ ഒരു ചെറിയ ബാലനെപ്പോ-
ലെ ആയാസമുള്ളവനാണ്. അയാളുടെ വേഷം ഏതാണ്ടു മനുഷ്യ
വേഷത്തോടു ഒക്കെയല്ലാതെ, അതുപോലെ തന്നെയായിരുന്നുവെ-
ന്നു തീർത്തു പറവാൻ നിവൃത്തിയില്ല. മനുഷ്യരിൽതന്നെ ചിലർ, കീ-
റിയതും മുഷിഞ്ഞതുമായ വസനങ്ങൾ ധരിക്കയില്ലെന്നു നിർബ്ബന്ധമുള്ള
പോലെ ഇയ്യാൾക്കു മറെറാരു നിർബ്ബന്ധമുണ്ടായിരുന്നതുപോലെ തോ-
ന്നുന്നു. അയാളുടെ നിർബ്ബന്ധം, താൻ മരിക്കിലും കീറാത്തതും മു-
ഷിയാത്തതുമായ വസ്ത്രങ്ങൾ ഉടുക്കുകയില്ലായെന്നതായിരുന്നുവെന്നു
തോന്നത്തക്കവണ്ണം, അയാളുടെ വസ്ത്രങ്ങളെല്ലാംതന്നെ കീറിപ്പറിഞ്ഞും
കരിപുരണ്ടുംഇരുന്നു. അയാളുടെ കൈയ്യിൽ എപ്പോഴും ഒരു ദണ്ഡവും
ഉണ്ടും കാണാറുണ്ട്. ദണ്ഡത്തിനുകുറു ഭ്രമാണം മൂന്നവരം നീ-
ണ്ടിയിട്ടുള്ള മരത്തിരി, അതിനെ അത്രക്കു ഭദ്രമായിട്ടാണ് ഈ കിഴ-
വൻ സൂക്ഷിക്കുന്നതു്. നല്ല ഉറപ്പുള്ള ഏതോ വൃക്ഷത്തിന്റെ സാര-
മായ ഒരു ഭാഗത്തെ പ്രസ്പഷ്ടമാക്കത്തക്ക രീതിയിൽ, ദണ്ഡു വളരെ
നീളവും വണ്ണവും ഉള്ളതായിരുന്നു. വിരൂപികളിൽ ഒന്നാം സ്ഥാ-
നത്തിന് അർഹനായ ഈ മനുഷ്യശരീരി, കളിക്കുക, പല്ലുതേക്കുക, ഉ-
റങ്ങുക, ആഹാരം കഴിക്കുക, ചിരിക്കുക, വർത്തമാനം പറയുക, — എ-
ന്നിത്യാദി മനുഷ്യസാധാരണമായ പ്രവൃത്തികളുമായി ഒരു കാലത്തും
ബന്ധിക്കപ്പെട്ടിട്ടില്ലെന്നും അത്തരം പ്രവൃത്തികൾ ലോകത്തിൽ വരു-
ന്നതിനു മുമ്പ് മനുഷ്യർ എപ്രകാരം ജീവിച്ചിരുന്നുവെന്നു കാ-
ണിക്കുന്നതിലേക്കായി ഒരു ഉദാഹരണം പോലെയാണ് താൻ
ജീവിക്കുന്നതെന്നും; തോന്നത്തക്ക വിധത്തിൽ ഒരു കാലത്തും
അയാൾ ജോലിയൊന്നിലും ഏർപ്പെട്ടിരുന്നതായിട്ടറിയുന്നില്ല. എ-
ന്നാൽ ശ്വാസോച്ഛ്വാസം ചെയ്യുക, കണ്ണു നിമീലനം ചെയ്യുക, എന്നി-
ങ്ങനെ പ്രവൃത്തികൾ ചെയ്തിരുന്നതായി ചിലപ്പോൾ അയാളുടെ പുര-
യുടെമേൽകൂടെ ശ്വാസവേഗത്താൽ, നെടുവീർപ്പു വിടുമ്പോൾ, ഉത്തേജ-
നം ചെയ്യപ്പെട്ടിരുന്നതിൽനിന്നും അറിവാൻ കഴിഞ്ഞിരുന്നു. ഒരു

ണുക, മുള്ളുക, ചുഴക്കുക, കക്കുക എന്നിത്യാദി മൃഗങ്ങളുടെ ചില ശബ്ദങ്ങൾ അയ്യാളിൽ നിന്നും സദാപി പുറപ്പെട്ടുകൊണ്ടിരുന്നുവെന്നുതന്നെ പറയാം.

ഇനി അയ്യാളുടെ പുരയെന്നു പറയുന്നത് എന്താണെന്നു നോക്കാം. പ്രേതങ്ങളെ ചുട്ടെരിച്ചതിനുശേഷം ശ്മശാനങ്ങളിൽ ശേഷിക്കപ്പെടാറുള്ള തടിക്കഷണങ്ങളെല്ലാംതന്നെ കൊണ്ടുവന്നു ഒരു കൂട്ടുണ്ടാക്കി ഓലകൾകൊണ്ടും ചില വസ്ത്രഖണ്ഡങ്ങൾകൊണ്ടുംകൂടി, നാലുവശങ്ങളിലും കറുത്ത മണ്ണുകൂട്ടി മോടിപിടിപ്പിച്ചിട്ടുള്ളതായിരുന്നു അയ്യാളുടെ ഗൃഹം. അതിനുള്ളിൽ നാലു കരികൽക്കഷണങ്ങളും, അടുപ്പിന്റെ ആകൃതിയിൽ നിക്ഷേപിക്കപ്പെട്ടിരുന്ന ആ കല്ലുകളുടെ നടുക്കു ഒരു വലിയ ഗ്രഹംപോലെയുള്ള അളുവും, എരിഞ്ഞ ചില തടിക്കഷണങ്ങളും, മണ്ണുകൊണ്ടായി നറുങ്ങിയ ഒരു മൺപാത്രവും, ഒരു കെട്ടു ഗോതമ്പു പക്കാലും, രണ്ടു മൂന്നു അസ്ഥിക്കഷണങ്ങളും, ഒരു ഉലക്കാക്കഴലും, ഒരു വശത്തു കറുത്ത കരിയും, വേറെ ഒരു വശത്തു കറുത്ത ചാരവും ആ ഗൃഹത്തിന്റെ പ്രധാനഭാഗങ്ങളായി പരിലസിച്ചു. ഈ വക സാമഗ്രികളോടുകൂടി, ചുടലസാമ്രാജ്യാധിപനായി അവിടെ വസിക്കുന്ന പണ്ടാരം അറുകല പകൽ മിക്കപ്പോഴും അവിടെത്തന്നെ കാണുക പതിവാണ്. ഉറക്കമില്ലാത്ത ഒരു ജന്തു ആഹാരവുമായിപ്പിണങ്ങിപ്പിരിഞ്ഞിട്ടു അനേകശതാബ്ദം കഴിഞ്ഞതുപോലെ അയ്യാളുടെ ദേഹത്തിന്റെ കാണാവുന്ന ഭാഗങ്ങളെല്ലാം അസ്ഥിബന്ധത്താൽ പ്രസ്പഷ്ടമായിരുന്നു. നേരം സന്ധ്യയായിക്കഴിഞ്ഞാൽ ദണ്ഡും മണ്ഡവും മേന്തി ചുടലനാഥൻ അവിടെനിന്നും ഇറങ്ങും. ഇറങ്ങിക്കഴിഞ്ഞാൽപ്പിന്നെ എങ്ങോട്ടാണു പോകുന്നതെന്നു ആർക്കും ഒരു നിശ്ചയവും ഇല്ല. ചിലപ്പോഴെല്ലാം രാത്രിയിൽത്തന്നെ തിരിച്ചു വരികയും ചെയ്യും. വന്നാൽ ഉടൻതന്നെ തന്റെ പ്രേമഭാജനമായ ഉലക്കാമേവിയെ മടിയിലിരുത്തി താലോലിക്കയും ചുംബിക്കയും, ഹൃദയംഗമമായി ആശ്ലേഷിക്കയും ചെയ്യാതിരിക്കയില്ല. ഇടക്കിടക്കു ഒന്നുരണ്ടു ചുമയും ഉണ്ടായിരുന്നേക്കാം. ചില രാത്രികളിൽ ഈ ജന്തു ചുമയ്ക്കുന്ന ശബ്ദംകേട്ടു റാലിയിൽ കളിച്ചുകൊണ്ടിരുന്നവർ ഭയപ്പെട്ടതായും; അറുകലയുടെ അലർച്ചയാണെന്നു നിശ്ചയിച്ചു അവർ കളിക്കാതെ തന്നെ ഓടി രക്ഷപ്രാപിച്ചതായും കേട്ടിട്ടുണ്ട്. അതിൽപിന്നിട്ടു രാത്രിയായിക്കഴിഞ്ഞാൽപ്പിന്നെ അവിടെ എങ്ങുംതന്നെ ആളുകൾ ഇരിക്കയോ, കളിക്കുകയോ ചെയ്യാറു പതിവില്ല. ഈ ജന്തു അവിടെ താമസം തുടങ്ങി

യത്തിൽ പിന്നീട് ആളുകൾ ആ വഴിയെ നടക്കുകതന്നെയും ചുരുക്കമായിത്തീർന്നു. പലരും അയാളെ രാജപാതകളിലും മറ്റും അസമയത്തു കണ്ടിട്ടുണ്ടെന്നും, അയാൾ ചുടലമാടൻതന്നെയാണെന്നും കണ്ടിട്ടുള്ളവരെല്ലാം പറഞ്ഞു പരത്തി. ആഗ്രായിൽ ചുടലനാഥൻ പ്രത്യക്ഷമായിരിക്കുന്നുവെന്ന സാമ്രാജ്യത്തിന്റെ മുക്കിലും മൂലയിലും കൂടി ഒരു വർത്തമാനം പരന്നു. കുറെദിവസങ്ങൾക്കു മുമ്പുവരെ, ഇയ്യാൾ പകലെല്ലാംതന്നെ അവിടെ ഉണ്ടായിരിക്കാറില്ലെന്നും, അതൊന്നെല്ലാം ചില രാത്രികാലങ്ങളിൽ മാത്രമേ അവിടെ വന്നിരുന്നുള്ളുവെന്നും, എന്നാൽ ഇപ്പോഴാകട്ടെ, പകൽ മിക്കപ്പോഴും അവിടെ കാണാറുണ്ടെന്നും ചില യഥാർത്ഥവാദികൾ അധികൃതസ്ഥാനങ്ങളിൽകൂടിയും അറിയിച്ചു. ഒരു ദിവസം ഇയ്യാൾ അവിടെ ഇരിക്കുമ്പോൾ ചിലരെല്ലാം കൂടി അവിടെ വന്നു അയാളുടെ പരമാർത്ഥസ്ഥിതി അറിയണമെന്നു തീർച്ചപ്പെടുത്തി. അപ്പോഴല്ലേ കള്ളി പുറത്തായുള്ളു!

അയാൾ ചുടലമാടനും മറ്റും ആയിരുന്നില്ല. അയാൾ പാവപ്പെട്ട ഒരു യാചകനാണ്. താമസിക്കാൻ എങ്ങും സ്ഥലം കിട്ടാത്തതുകൊണ്ടു, അവിടെ വന്നു താമസിച്ചുപോയതാണെന്നുംമറ്റും അയാൾ വന്നവരോടു സമാധാനം പറഞ്ഞു. എന്തായാലും ഇയ്യാൾ മനുഷ്യവർഗ്ഗത്തിൽതന്നെ ഉൾപ്പെട്ടവനാണെന്നറിഞ്ഞപ്പോൾ ആളുകൾക്കെല്ലാം അല്പം സമാധാനവുമായി. ഫാക്കിമിനെപ്പറ്റി അറിയാത്തവർ ആരുംതന്നെ ആഗ്രായിൽ ഇല്ല. ആഗ്രാപട്ടണത്തിലെ യാചകസംഘത്തിന്റെ തലയാളായ ഫാക്കിംതന്നെയായിരുന്നു ചുടലനാഥനായി താമസിച്ചിരുന്നതെന്നറിഞ്ഞപ്പോൾ ആഗ്രായിൽ എല്ലാവരും വളരെ സന്തോഷിച്ചു. അയാളുടെ ധൈര്യത്തെപ്പറ്റി വളരെ പുകഴ്ത്തിപ്പറയുകയും ചെയ്തു. ഫാക്കിമിന്റെ സ്ഥിരതാമസം എവിടെയാണെന്നു നിശ്ചയമില്ലാത്തവരെല്ലാംതന്നെ ഈ ഭയങ്കരസ്ഥലം ഒരിക്കലെങ്കിലും സന്ദർശിക്കാതിരുന്നിട്ടില്ല. പക്ഷെ ആളുകൾ തന്റെ താമസത്തെപ്പറ്റി അറിഞ്ഞതിനുശേഷം ഫാക്കിം ചുടലയിലേക്കുള്ള ഗമനം ഏറെക്കുറെ നിർത്തിവെച്ചിരിക്കയാണ്.

ആദ്യം നാം വിവരിച്ച നിർജ്ജനപ്രദേശത്തിൽ ആളും വെട്ടവും മറ്റും കണ്ടുതുടങ്ങിയപ്പോൾ ഫാക്കിമിനു തന്നെയും അൽഭുതവും ഭയവും ഉണ്ടാകാതിരുന്നില്ല. അയാൾ തന്റെ ദിനവൃത്തിക്കുവേണ്ടി ആഹാരം തേടുന്നതിനു ഒരു വേഷം കൂടി ഉണ്ടായല്ലോ എന്നു കരുതി വളരെ സന്തോഷിച്ചുവെങ്കിലും, ഇതുവരെ അവിടെ കയറി യാതൊന്നും യാചിച്ചിട്ടില്ല. ഒരു ദിവസം രാത്രി, യാചകർ തന്റെ വ

സന്ധിയിൽ നിന്നും ഇറങ്ങി ആ മന്ദിരത്തെ ലക്ഷ്യമാക്കി നടന്നു. പതുക്കെപ്പതുക്കെ നടന്നു, ആ കെട്ടിടത്തിന്റെ മുൻവശത്തുണ്ടായിരുന്ന മതിൽക്കെട്ടിന്റെ അടുക്കൽ അല്പനേരം നിന്നു. അപ്പോൾ, ബന്ധിക്കപ്പെട്ടിരുന്ന വാതിൽ തുറന്നു ഒരു സ്ത്രീ പുറത്തേക്കു പോകുന്നതായി അയാൾ കണ്ടു. ഹാക്കിം അവളോടു ഇപ്രകാരം ചോദിച്ചു:—

“അമ്മേ! ഹാക്കിമിനു വല്ലതും തരണേ! വിശന്നുപ്രാണൻ പോകുന്നു! കൊച്ചമ്മേ! ആരാണു ഇവിടെ താമസം?

സ്ത്രീ— എടാ നാശമേ! മുക്കിലും മൂലയിലും പോയി താമസിച്ചാലും തെണ്ടികൾ അവിടെയൊക്കെ ചെല്ലും. ഇവിടെത്താമസം ബങ്കളത്തുകാരാണു. അകത്തേക്കു ചെല്ലണം. വല്ലതും തരും. സൂക്ഷിച്ചുവേണം ചെല്ലുവാൻ. നിന്റെ ഈ കീറിയ തുണിയും മറ്റും അവിടെ കൊണ്ടുകാണിക്കരുതു. അവർക്കു ദേഷ്യം വരും! മര്യാദക്കു നിന്നാൽ വല്ലതും കിട്ടിയെന്നും വരും. അതൊട്ടു മാറിനില്ലു. നീ അടുക്കൽ വരുമ്പോൾ എന്തൊരു ദുർഗ്ഗന്ധമാണു വരുന്നതു?

ഹാക്കിം— ഹാക്കിം പാവമല്ലേ. കാലുപൊട്ടി കണ്ണുപൊട്ടി നടക്കുന്ന പിച്ചക്കാരനു വാസനക്കു വകയുണ്ടോ? വല്ല തരത്തിലും ഇങ്ങിനെ തന്നെ കഴിഞ്ഞു കൂടിയാൽ മതിയായിരുന്നു. അല്ലാതെ, നമ്മൾക്കു എന്താണു അഹങ്കാരമുള്ളതു? ഇങ്ങിനെ തെണ്ടിത്തെണ്ടി നടന്നാൽ വല്ലതും കിട്ടും.”

ഇത്രയും പറഞ്ഞു ഹാക്കിം ആ മതിൽക്കെട്ടിനുള്ളിൽ പ്രവേശിച്ചു. ആ മന്ദിരത്തിനകത്തു ആരോ ശബ്ദിക്കുന്നുണ്ടായിരുന്നു. വീണാനാദംപോലുള്ള ഒരു സ്വരം ആ മന്ദിരത്തിനുള്ളിൽ മാറ്റൊലിക്കൊണ്ടു. ഹാക്കിം അവിടെനിന്നു ഇങ്ങിനെ പറഞ്ഞു തുടങ്ങി:—

“അമ്മേ! പാവപ്പെട്ട യാചകനു വല്ലതും തരണേ! ഹാക്കിം ഗരീബാണേ!” ഈ വിളികേട്ടു ഒരു സ്ഫടികവാതായനം തുറന്നു, പൂനിലാവു വീശി പുറത്തേക്കു നോക്കിക്കൊണ്ടു ഒരു ചന്ദ്രമുഖി ഇങ്ങിനെ പറഞ്ഞു:— ‘ഇത്രകാലത്തെ തന്നെ ധർമ്മത്തിനു വന്നാൽ കൊള്ളാം. നീ ഈ മൂലയിൽ എങ്ങിനെ വന്നുചേർന്നു” ഇതുകേട്ടു ഹാക്കിം ഒന്നാള്ളുപോലെ ചിരിച്ചു.

“കൊച്ചമ്മേ! ഹാക്കിം ഇങ്ങിനെയൊക്കെ നടന്നാൽ അല്ലാതെ വല്ലതും കിട്ടുമോ? ഹാക്കിമിനു കൈ നോക്കാനും മറ്റും വശമുണ്ടു. അതെല്ലാം പറയാം. പക്ഷെ ഹാക്കിമിന്റെ [illegible] [illegible].” ഹാക്കിം ഇത്രയും പറഞ്ഞപ്പോൾ അകത്തുനിന്നും വീണ്ടും ചോദ്യമുണ്ടായി. ‘എന്നാൽ നീ ഇങ്ങോട്ടു കയറി വരിക. എന്റെ

കൈയ്യു ഒന്നു നോക്കു. നിന്റെ സാമർത്ഥ്യം ഞാൻ അറിയട്ടെ. ശരിയായി പറഞ്ഞാൽ നിനക്കു ഞാൻ നല്ല ധർമ്മം തരുന്നതാണു."

ആ സുകുമാരിയുടെ വാക്കുകൾ കേട്ടു ഹാക്കിം അകത്തേക്കു കടന്നുചെന്നു. തത്സമയം ചേതോഹരാംഗിയായ ഒരു തരുണി വിശിഷ്ടവസ്ത്രാഭരണങ്ങളാൽ അലംകൃതയായി പുറത്തുവന്നു. അവരെ കണ്ടാനന്ദിച്ചുകൊണ്ടു ഹാക്കിം കുറച്ചു നേരം നിന്നു. ആ സ്ത്രീ തന്റെ കോമളമായ വലത്തു കൈയ്യു കാണിച്ചു കൊടുത്തു. ഉടനെ തന്നെ ഹാക്കിം അവളുടെ രണ്ടുകൈയ്യും നീട്ടണമെന്നു പറയുകയും, ആ സുന്ദരി തന്റെ കൈയ്യുരണ്ടും നീട്ടി കാണിക്കയും ചെയ്തു. ഉടൻതന്നെ രണ്ടു കണ്ണുകളും മിഴിച്ചു, ശിരസ്സു ഉന്മത്താലുപോലെ ആട്ടി, ഒന്നു ചിരിച്ചുകൊണ്ടു ഹാക്കിം പറഞ്ഞു:—

"ഹാക്കിംകണ്ടിട്ടുള്ള കൈകളിൽവെച്ചു ഇത്ര ഭാഗ്യം തികഞ്ഞിട്ടുള്ള കൈരേഖകൾ ഒന്നും ഇതേവരെ കണ്ടിട്ടില്ല. അവിടുന്നു വളരെ സൗഭാഗ്യവതിയാണെന്നുതന്നെ പറഞ്ഞാൽപോരാ. ചക്രവർത്തിനിതന്നെയാണു്. ശംഖ്, ചക്രം, മത്സ്യം, എന്നുവേണ്ട എന്തെല്ലാം വിശിഷ്ടരേഖകളാണു് കൈയ്യിലുള്ളതു്? പക്ഷെ അവിടുത്തേക്കിപ്പോൾ കഷ്ടകാലമാണു്. അതൊക്കെ പോകാതെ കഴികയില്ല. അവിടുന്നു ഒരു രാജകന്യകയാണു് തർക്കമില്ല. അതിൽ സംശയിക്കയേവേണ്ട. പക്ഷെ ഇപ്പോൾ അവിടുന്നു ബന്ധനത്തിൽ പാർക്കുന്നതുപോലെ ഇരിക്കുന്നല്ലോ. ഞാൻ ഇതുപോലെ ഒന്നാണു് കൈകൾ ഇതിനുമുൻപ് കണ്ടിട്ടുണ്ടു്. അവിടുത്തെ ഒരു സോദരിയുണ്ടു്." ഇത്രയും പറഞ്ഞപ്പോൾ തരുണി ചോദിച്ചു:—"അവളിപ്പോൾ ജീവിച്ചിരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എവിടെയാണു്? അതറിയട്ടെ ആദ്യം"

ഹാക്കിം:—(കുറച്ചു ആലോചിച്ചിട്ടു്) ഉണ്ടു്. മരിക്കാൻ വഴിയില്ല. ആ രേഖ തെളിഞ്ഞുതന്നെയാണിരിക്കുന്നതു്. അതു നടുവിൽവെച്ചു മുറിയാൻ ഭാവിച്ചിരുന്നു. അതുകൊണ്ടു മരിക്കേണ്ടതായിരുന്നു എന്നുവേണം പറയുവാൻ. പക്ഷെ മുറിഞ്ഞിട്ടില്ല, തെളിഞ്ഞിട്ടുണ്ടുതാനും. അതിനാൽ ജീവിച്ചിരിപ്പുണ്ടു്. തർക്കമില്ല.

തരുണി:—ആകട്ടെ. അവൾ എവിടെ ജീവിച്ചിരിക്കുന്നുവെന്നും, അവളുടെ സ്ഥിതിയെന്താണെന്നും ഉടൻ പറയണം. എന്നാൽ നീ സമർത്ഥനാണെന്നു ഞാൻ പറയാം.

ഹാക്കിം:—ഇതെല്ലാം പറയാൻ ഞാൻ യോഗിയും മറ്റും അല്ല. പിന്നെ, നോക്കട്ടെ ഭാഗ്യരേഖയോടു വളരെ അടുത്തുതന്നെ

സഹോദരരേഖയുടെ അറ്റം കിടക്കുന്നതുകൊണ്ടും, അതിന്റെ അവസാനം നല്ലതുപോലെ തെളിഞ്ഞിട്ടുള്ളതുകൊണ്ടും പറയേണ്ടതു്, സഹോദരി അവിടുത്തെ അടുക്കൽതന്നെ ജീവിച്ചിരിപ്പുണ്ടെന്നാണ്. പിന്നെ, ആ സഹോദരരേഖ, യോഗരേഖയിൽ ചേൎന്നതുകൊണ്ട്, ആ സ്ത്രീ ഇപ്പോൾ ഏതെങ്കിലും ഒരു യോഗിയുടെ കൂടെയോ, ദേവാലയത്തിലോ മറ്റോ താമസിക്കണം. അല്ലെങ്കിൽ അങ്ങിനെ വരികയില്ല.

തരുണി:—ആട്ടെ, അവൾക്കു ഭൎത്താവുണ്ടോ? എനിക്കു ഭൎത്താവുണ്ടോ എന്നുകൂടി പറയുക!

ഹാക്കിം:—ഇതൊക്കെ പറഞ്ഞാൽ ഹാക്കിമിനു എന്തു തരും? അല്ലാതെ ഹാക്കി ഇതൊന്നും ആരോടും പറയുക പതിവില്ല. നല്ല കാലം തന്നെ.

തരുണി:—നിനക്കു ഞാൻ വലുതായ വിലപിടിച്ച സ്വൎണ്ണമാല തരും. നീ പറഞ്ഞാൽ മാത്രം തരും:—

ഹാക്കിം:—എന്നാൽ ഹൂർ...ർ...ർ...ഡിം. അവിടുത്തെ സഹോദരരേഖയുടെ ഒരു ഭാഗത്തു ഭൎത്തൃരേഖ കാണുന്നുണ്ടു്. ആ ഭൎത്തൃരേഖയോടു ചേൎന്നാണ്, സഹോദരിയുടെ ഭൎത്തൃഭാഗ്യത്തെപ്പറ്റി പറയേണ്ട രേഖ തെളിഞ്ഞിരിക്കുന്നതു. പക്ഷെ ഈ രണ്ടു രേഖകളും ഭാഗ്യരേഖയിൽ ഇനിയും ചേൎന്നിട്ടില്ല. അതിൽനിന്നും വിചാരിക്കേണ്ടതു രണ്ടുപേരും ഓരോ വിശിഷ്ടന്മാരെ ഭൎത്താക്കന്മാരായി ഹൃദയംകൊണ്ടു വരിച്ചിട്ടുണ്ടെന്നല്ലാതെ, അവർ ഭൎത്താക്കന്മാരായിക്കഴിഞ്ഞിട്ടില്ലെന്നാണ്. എന്നുമാത്രമല്ല, ഭൎത്തൃരേഖകൾ രണ്ടും ഒന്നിച്ചു ചേൎന്നുകൊണ്ടു അവർതമ്മിൽ ചില ബന്ധങ്ങളുള്ളതായും തോന്നുന്നു. അതിൽ, അവിടുത്തെരേഖയുടെ അവസാനത്തിൽ ഒരു ചക്രം കാണുന്നതുകൊണ്ടു അവിടുത്തെ ഭൎത്താവു ഒരു ചക്രവൎത്തിയായിരിക്കണം. മറേറരേഖയിൽ ഒരു കുന്തം കാണുന്നതിനാൽ സഹോദരിയുടെ ഭൎത്താവായിത്തീരുന്ന ആൾ സേനാനായകനായും വരും. ഇത്രയും പറഞ്ഞാൽ പോരെ. ഹാക്കിമിനു വല്ലതും തരണേ! പോകട്ടെ."

ഹാക്കിമിന്റെ കൈനോട്ടം വളരെ യഥാൎത്ഥമായിത്തന്നെ കലാശിച്ചുവെന്നു ആ തരുണി ഉദ്ദേശിച്ചു് അയാൾ പറഞ്ഞതെല്ലാം വളരെ കണിശമായിരിക്കാമെന്നും അവൾ കരുതാതിരുന്നില്ല. കേവലം ഒരു യാചകനായ ഹാക്കിമിനു രേഖാശാസ്ത്രം വളരെ ഭംഗിയായി അറിയാമെന്നു, തന്നോടു ഭവിഷ്യൽഫലങ്ങളെപ്പറ്റി പറഞ്ഞതിൽനിന്നുതന്നെ അവൾ മനസ്സിലാക്കി ഹാക്കിം തന്റെ ജോലി

നിൎത്തിയ ഉടൻതന്നെ അകത്തുചെന്നു്, ആ തരുണി ഒരു സ്വൎണ്ണമാല എടുത്തുകൊണ്ടു വന്നു ഹാക്കിമിനു കൊടുത്തു. അതു കൈയ്യിൽ കിട്ടിയപ്പോൾ വളരെ സന്തോഷിച്ചു ഹാക്കിം യാത്രപറഞ്ഞു പിരിയുകയും ചെയ്തു.

ആ മന്ദിരത്തിൽ അധിവസിക്കുന്ന തരുണി ആരായിരിക്കാമെന്നുള്ള ആശങ്ക ഇപ്പോൾ ആൎക്കുംതന്നെ ഉണ്ടായിരിക്കയില്ല. സെലിംരാജകുമാരന്റെ പ്രേമത്തിനു് ഭാജനമായിരുന്ന "മെഹർ" അന്തഃപുരത്തിൽനിന്നും മാറി ഇപ്പോൾ അവിടെ താമസിക്കയാണു്. ആ സുന്ദരിയുടെ കൈപ്പുടത്തെ നോക്കിയാണു് ഹാക്കിം ഭാഗ്യംപറഞ്ഞതു്. എന്നാൽ അയാൾ പറഞ്ഞിട്ടുള്ള സംഗതികളുടെ യാഥാൎത്ഥ്യത്തെപ്പററി നമ്മളെപ്പോലെതന്നെ മെഹറിനും യാതൊരു നിശ്ചയവും ഉണ്ടായിരുന്നില്ല. അവൾ, അയാളുടെ ഓരോ വാക്കും ശ്രദ്ധിച്ചിരുന്നു. തന്റെ സഹോദരി ജീവിച്ചിരിപ്പുണ്ടെന്നു പറഞ്ഞതിൽ സത്യമുള്ളതായി മെഹറിനു തോന്നിയില്ല. എന്തുകൊണ്ടെന്നാൽ താൻ കണ്ടിട്ടില്ലാത്ത ഒരു സോദരി തനിക്കുണ്ടായിരുന്നുവെന്നും, തന്നെക്കാൾ ഇളയതായിരുന്ന ആ ബാലികയെ ചെറുപ്പത്തിൽതന്നെ അപഹൃത്യ ചില ദുരാത്മാക്കളെന്നും മെഹറിന്റെ മാതാവു പറഞ്ഞു് അവൾക്കറിവുണ്ടായിരുന്നു എന്നു മാത്രമല്ല, ജീവിച്ചിരിപ്പുണ്ടെങ്കിൽതന്നെയും, തന്റെ അടുക്കൽതന്നെ അവൾ ഉണ്ടെന്നു പറഞ്ഞതിൽ എന്തു അൎത്ഥമാണുള്ളതെന്നും, അങ്ങിനെയായിരുന്നെങ്കിൽ താൻ ഒരിക്കലെങ്കിലും അവളെപ്പററി കേൾക്കാതിരിക്കുവാൻ എന്തു ന്യായമാണുള്ളതെന്നും മെഹർ വിചാരിച്ചു് ഇപ്രകാരം പലതും വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ രാജകുമാരന്റെ കുതിരയുടെ കുളമ്പടികേട്ടു. അവൾ വഴിയിലേക്കു ഉററുനോക്കിക്കൊണ്ടുനിന്നു. ഉടൻതന്നെ വാതിൽതുറന്നു അദ്ദേഹം അകത്തു പ്രവേശിച്ചു. രാജകുമാരൻ അന്നു പതിവിൽ വളരെ നേരത്തെ വന്നതുകണ്ടു മെഹർ അത്ഭുതപ്പെട്ടു. അവൾ ചോദിച്ചു:—

"ഇന്നു പകൽസമയത്തുതന്നെ ഇങ്ങോട്ടു പോന്നതെന്താണു്? രാജപക്ഷ പിതാവു ഇതെല്ലാം അറിഞ്ഞെങ്കിൽ പല വിഷമങ്ങളും അനുഭവിക്കേണ്ടിവരുമല്ലോ. ആകട്ടെ, അവിടുന്നു ഇന്നു വളരെ ക്ഷീണിച്ചിട്ടുണ്ടു്. തരക്കില്ല, ദേഹം വളരെ വിയൎത്തിരിക്കുന്നു. ഇന്നു പതിവിൽ കൂടുതൽ ക്ലേശമെന്താണു?"

സെലിം—ഇന്നു പലതും സംഭവിച്ചു. ഞാൻ ഇന്നു നസീറയെ മരണത്തിൽനിന്നും രക്ഷിച്ചു. അവളുടെ കഥ ഇന്നുതന്നെ കഴിയുമായിരുന്നു. പക്ഷെ എല്ലാം നേരെയായി.

മെഹർ—നദീറയെ ആരാണ് ഉപദ്രവിച്ചത്? അവൾ വളരെ നിഷ്കളങ്കയാണല്ലോ.

സെലിം—അതെ! ദേവി ചിലതെല്ലാം അറിഞ്ഞു. ഞാൻ നിന്നോട പരമാർത്ഥം പറഞ്ഞിട്ടില്ല. നീ എന്നോട വിരോധപ്പെടുകയില്ലെങ്കിൽ പറയാം.

മെഹർ—അവിടത്തോട മെഹറിനുള്ള ബന്ധം ഇത്ര നീചമാണോ? എന്തു സംഗതിയും പറയുന്നതിന സകലസ്വാതന്ത്ര്യങ്ങളും ഉള്ള സ്ഥിതിക്ക ഉടൻതന്നെ പറയുന്നപക്ഷം ഇവൾക്ക അത്രക്ക സന്തോഷമേ ഉണ്ടാകയുള്ളൂ. നിശ്ചയം.

സെലിം—എന്നാൽ ഞാൻ പറയാം. ഞാൻ നദീറയെ സ്നേഹിക്കുന്നു. അവളെ ഞാൻ ഹൃദയംഗമമായി സ്നേഹിക്കുന്നുവെന്നുതന്നെ പറയാം. അവൾ എന്നെ എന്നും സ്നേഹിക്കയും ചെയ്യും! ഞാൻ ഇതെല്ലാം പറഞ്ഞതുകൊണ്ട മെഹർ അന്യഥാ ശങ്കിക്കേണ്ട. അവളെപ്പോലെ സരസയായിട്ട വേറെ ഒരുവൾ എവിടെയെങ്കിലുമുണ്ടെങ്കിൽ അതു മെഹർമാത്രമാണ്. എനിക്ക അവളോടുള്ള പ്രേമം അപരിമേയമായതുകൊണ്ട മെഹറും ദേവിയും എന്നോട കോപിക്കരുതെന്നാണ എന്റെ എളിയ അപേക്ഷ. എന്നെ വെറുക്കരുത്. ഞാൻ ഇത്രയും പറഞ്ഞു ദേവി അക്രമം പ്രവർത്തിക്കാൻ തുനിഞ്ഞതുകൊണ്ടാണ.

മെഹർ—അവിടുന്ന പറഞ്ഞതെല്ലാം എനിക്ക മനസ്സിലായി. എനിക്ക് അതിൽ യാതൊരു കല്പിതത്തിനും അവകാശമില്ലല്ലോ. എന്റെ സ്വന്തമാണെന്ന തീർച്ചപ്പെട്ടതിനുശേഷം ഞാൻ ഉടമസ്ഥാവകാശം ഭാവിച്ചാൽ മതിയല്ലോ. അവളെങ്കിലും അവിടത്തോടൊന്നിച്ച ഭാഗ്യം അനുഭവിച്ചാൽ മതി. എനിക്ക അതെല്ലാം എന്നും സന്തോഷപ്രദം തന്നെയാണ്. അപകടങ്ങൾ യാതൊന്നുംതന്നെ ഉണ്ടാകാതെ സൂക്ഷിക്കേണ്ടതു വിവേകമുള്ളവരുടെ ചുമതലയാണ്. എന്നെ സംബന്ധിച്ചുതന്നെയും ചക്രവർത്തി വളരെ ഗൌരവമായി നിരോധനാജ്ഞകൾ കല്പിച്ചിരിക്കുമ്പോൾ പിന്നെ കേവലം ഒരു പരിചാരികയിൽ അവിടുന്ന അനുരക്തനായിയെന്ന അറിയുന്നപക്ഷം വളരെ കോപിക്കുമെന്നു തീർച്ചയാണ്. അവിടുന്ന രണ്ടു സംഗതികൾ സൂക്ഷിക്കേണ്ടതായിട്ടുണ്ട്. ഒന്നാമതു അവിടത്തെ കാര്യം; രണ്ടാമതു ആ സാധുവിന്റെ ജീവിതം; ഇതു രണ്ടും അവിടുന്ന പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. അവൾ എറെവും സുഭഗയും സുശീലയുമാണെന്ന എനി

കറിയാം. അവിടേയ്ക്കു അവളിൽ അനുരാഗമുണ്ടായതു് പൂർവ്വോചിതം തന്നെയാണെന്നു സമ്മതിക്കാം. പക്ഷെ അപകടങ്ങളിൽ അകപ്പെടാതെ സൂക്ഷിച്ചില്ലെങ്കിൽ ഇനിമുതൽ മൂന്നുപേർ വിധവകളായിത്തീരുന്നതാണു്. മൂന്നുപേർ ഉന്മത്തപ്രായരാകും; അല്ല മൂന്നുപേർ മരിക്കും. അവിടത്തെ സൌഖ്യത്തെ മാത്രമാണു് ഞാൻ ആഗ്രഹിക്കുന്നതു്. അവിടത്തെ സൌഖ്യത്തെയും യശസ്സിനേയും പട്ടമഹിഷിയായ ദേവി ആഗ്രഹിക്കുന്നുണ്ടാവാം. അവിടത്തെ പ്രേമത്തെ മാത്രമായിരിക്കും നദീറ ആഗ്രഹിക്കുന്നതു്. അതു കൊണ്ടു് ഞാൻ ഇത്രയും പറഞ്ഞതിൽവെച്ചു മറ്റൊന്നും ശങ്കിക്കേണ്ട. ആലോചനയില്ലാതെ പ്രവർത്തിക്കപ്പെടുന്ന സംഗതികളെല്ലാം, അപഥത്തിൽകൂടി ചരിച്ചു, അപകടത്തിൽ കലാശിച്ചിട്ടുള്ളതായിട്ടു മാത്രമെ അറിവുള്ളൂ. വിശേഷിച്ചും സോഫി അവിടെയുള്ള കാലത്തോളം ഒന്നുംതന്നെ ഭദ്രമായിരിക്കയില്ല—അവിടുന്നു എന്തുകൊണ്ടാണു് ഇന്നു നദീറയെ രക്ഷിച്ചുവെന്നു പറഞ്ഞതു്?

സെലിം—ഞാൻ നദീറയും ഒന്നിച്ചു മണിയറയിൽ സല്ലപിച്ചുകൊണ്ടിരുന്നതു ദേവി കണ്ടിരിക്കും. ഞാൻ അവളെ ഏൽപിച്ചിരുന്ന ഒരു കത്തു് എങ്ങിനെയോ സോഫിയുടെ കയ്യിൽ അകപ്പെട്ടു. അതു അവർ ദേവിയെ ഏൽപിച്ചു. പ്രഭാതത്തിൽ, ഞാൻ അന്തഃപുരത്തിൽ ഇല്ലായിരിക്കെ, ദേവി നദീറയെ ഷണ്ഡന്മാർ മുഖാന്തിരം ഉപദ്രവിക്കാൻ ആജ്ഞാപിച്ചു. പക്ഷെ ഞാൻ ചെന്നു രക്ഷിച്ചു. അതുകൊണ്ടു് അപകടമുണ്ടായില്ല.

മെഹർ—വളരെ നന്നായി! ആ പാവമെന്തു പിഴച്ചു! അവളെ വല്ല തരത്തിലും ഉപദ്രവിച്ചിട്ടുണ്ടോ? എനിക്കു അവളെ കണ്ടാൽ കൊള്ളാമെന്നു വളരെ ആഗ്രഹമുണ്ടു്. അവളെ ഇങ്ങോട്ടു പറഞ്ഞയച്ചാൽ ഞങ്ങൾ ഒന്നിച്ചിവിടെത്തന്നെ താമസിച്ചു കൊള്ളാമായിരുന്നു.

സെലിം—അവൾ ഇനിമുതൽ ഭവതി പാർത്തിരുന്ന ഗൃഹമുറിയിൽത്തന്നെ താമസിച്ചു കൊള്ളുവാനാണു് ഞാൻ ആജ്ഞാപിച്ചിട്ടുള്ളതു്. അവൾ എന്റെ ജീവനേയും മാനത്തെയും ഒരിക്കൽ രക്ഷിച്ചു. ഞാൻ അവളെയും രക്ഷിച്ചു. അവളുടെ ഹൃദയം പരിശുദ്ധി തികഞ്ഞതാണെന്നു എനിക്കു നിശ്ചയമുണ്ടു്. പിതാവു് അവൾക്കു നൽകിയ നാമം വളരെ അനുചിതം തന്നെയാണു്. 'അനാർക്കലി'യെന്നു അദ്ദേഹം കല്പിച്ചതു് എത്രയോ പരമാർത്ഥം!! അവൾ

പരിചാരികയായതുകൊണ്ട് എന്തു കുറവാണുള്ളത്? അവളെ
പ്പോലെ സുശീലയും സുന്ദരിയുമായ ഒരു ബാലിക ഇവിടെയില്ല.

മെഹർ — പരമാർത്ഥമാണ്. എനിക്ക് അവളെ കണ്ട നാൾമുതൽ വ
ളരെ കാര്യമാണ്. അന്നുതന്നെ ഞാൻ അവളുടെ ഭാവി ഈ രീതി
യിൽത്തന്നെ ആകുമെന്നു കരുതിയതുമാണ്. ആകട്ടെ ഇന്നു ഇവി
ടെ ഒരു കൈനോട്ടക്കാരൻ വന്നിരുന്നു. അയാൾ വളരെ വിശി
ഷ്ടനാണ്. അയാൾ എന്നോട് പല രഹസ്യസംഗതികളും പറ
ഞ്ഞു. എന്റെ സോദരി ഒരുവൾ ജീവിച്ചിരിപ്പുണ്ടെന്നും മറ്റും പ
റഞ്ഞതിൽ ഞാൻ വളരെ അത്ഭുതപ്പെട്ടു.

സെലിം — നീ അവളെ കണ്ടിട്ടില്ലെന്നല്ലേ എന്നോടു പറഞ്ഞിട്ടുള്ളത്?
അവൾ എത്രയോ കാലത്തിന് മുമ്പ് നിര്യാണമടഞ്ഞിരി
ക്കുന്നു.

മെഹർ — ഒരുപക്ഷേ ഈ നദീറ അവൾ തന്നെയായിരിക്കാമോ?

സെലിം — നീ എന്തുഭ്രാന്താണിപ്പറയുന്നത്! പേർഷ്യയിൽ ജനിച്ചു
വളർന്ന പെൺകുട്ടി നിന്റെ സോദരിയാകുന്നതെങ്ങിനെ! പക്ഷേ
ഇപ്പോൾ നിന്റെ സോദരിയായിത്തീരും.

മെഹർ — ശരി! ഇപ്പോൾ സോദരിയായല്ലോ. എന്നാലെങ്കിലും എ
നിക്കവളെയൊന്നു കാണാമല്ലോ! പാവത്തിനെ ചക്രവർത്തി ഉപ
ദ്രവിക്കാതിരിക്കണമെന്നു മാത്രമേ എനിക്കു പ്രാർത്ഥനയുള്ളൂ.
ഹാക്കിം വളരെ സമർത്ഥനാണ്. അവൻ പറഞ്ഞിട്ടുള്ളതെല്ലാം
ഞാൻ വിശ്വസിക്കുന്നു.

സെലിം — ഏതാണ് ഹാക്കിം! അവന്റെ തൊഴിലെന്താണ്? അവൻ
ഈ മുറിയിൽ വന്നുചേർന്നതെങ്ങിനെ!

മെഹർ — അതുതന്നെയാണ് അതിശയം! അവൻ എങ്ങിനെയോ
ഒക്കെയോ ഇവിടെ വന്നുചേർന്നു. അവനെക്കണ്ടാൽ ഒരു യാച
കനെപ്പോലെ—അല്ല, അതിലും കഷ്ടം!—ദരിദ്രനാണ്! ഞാൻ സ
മ്മാനം കൊടുത്തു. അവൻ ഒരു രസികനാണ്. ഞാൻ ചക്രവ
ർത്തിനിയാകുമെന്നാണ് പറഞ്ഞിട്ടുള്ളത്!

സെലിം — ആ കാര്യം അയാൾ പറയേണ്ട. അതു പറയേണ്ടത് ഞാൻ
തന്നെയാണ്.

മെഹർ — പാർത്തിമയുടെ ഭർത്താവു ചക്രവർത്തിയുടെ സേനാനായക
നാണെന്നും അയാൾ പറയാതിരുന്നില്ല. പക്ഷേ അതുമാത്രമേ വി
ശ്വസിക്കാൻ നിവൃത്തിയില്ലാതുള്ളൂ.

സെലിം — വേണ്ട. എല്ലാംതന്നെ വിശ്വസിച്ചു കൊള്ളുക. ആകാണ് നാശം! അവൾ ജീവിച്ചിരിക്കുന്നില്ലെന്ന ഞാൻ ആദ്യം തന്നെ പറഞ്ഞില്ല! മരിച്ചുപോയ ആൾക്ക് ഭാവിയിൽ, ഒന്നാമയിരിക്കുമെന്ന് നിന്നോടു പറഞ്ഞിട്ടുള്ള ഒസികന്റെ സമ്മാനത്തിന് അർഹൻ തന്നെയാണ്. എത്രയെല്ലാം വിവേകമുണ്ടായിരുന്നാലും സ്ത്രീകളുടെ ദോഷമാണിതെല്ലാം. ഭാഗ്യത്തെപ്പറ്റി പറയാൻ തയ്യാറായി വന്നാൽ സ്ത്രീകളെക്കൊണ്ടു സാധിക്കുവാൻ പാടില്ലാത്ത സംഗതികളില്ല. ഇതെല്ലാം അബദ്ധമാണെന്ന് എനിക്കു മനസ്സിലായി. ഞാൻ ഈ ശാസ്ത്രങ്ങളിലൊന്നും അത്ര വിശ്വസിക്കുന്നില്ല. ഇതിന്റെ പച്ചകളും പറഞ്ഞാൽ പിന്നെ വിശ്വസിക്കുന്നതെങ്ങിനെ? കൈനോട്ടക്കാരെ വിശ്വസിക്കുന്ന പെണ്ണുങ്ങൾ ദുർബ്ബലകൾ തന്നെയാണ് —"

മെഹർ — ശരിയാണ്! കൈനോട്ടക്കാരെ വിശ്വസിക്കുന്ന പെണ്ണുങ്ങളെ വിശ്വസിക്കുന്ന ആണുങ്ങൾ ബലിഷ്ഠന്മാരുമാണ്! ബുദ്ധിമതി! ശാസ്ത്രത്തിൽ തെറ്റില്ലെന്നാണ് ഞാൻ പഠിച്ചത്.

സെലിം — വെറിയോടു വർത്തമാനംപറഞ്ഞു വിഡ്ഢിയാകുവാൻ എന്തോ കൊണ്ടു സാദ്ധ്യമല്ലെന്നു പറഞ്ഞേക്കാം.

മെഹർ — അതെല്ലാം പോകട്ടെ, ഇനി നാവിടേയ്ക്ക് വിചാരങ്ങൾ വളരെ വലിച്ചുണ്ടല്ലോ വന്നത്! മെഹിയും, നസീറയും, ഞാനും — പിന്നെ ആരെല്ലാമോ — ആർക്കറിയാം! ഇത്രയും പുറത്തു വന്നിട്ടുണ്ട്.

സെലിം — നീ എന്തെല്ലാം ഭ്രാന്താണ് പറയുന്നത്! സെലിം ഇപ്പോൾ എത്രയോ മെച്ചപ്പെട്ടുവെന്ന നീ അറിയുന്നില്ലല്ലോ! ഞാൻ കേവലം ഒരു വിഡ്ഢിയാണെന്ന നീ വിചാരിക്കുന്നുണ്ടോ! ഇതിനൊക്കെയെല്ലാം സംഭവിച്ചുവെന്നല്ലാതെ, ഇതെല്ലാം എന്റെ സ്വഭാവദൂഷ്യം കൊണ്ടാണെന്ന് ഞാൻ ലേശവും കരുതുന്നില്ല. സംഭവിച്ചതെല്ലാം പോകട്ടെ. ഇനി സൂക്ഷിച്ചാൽ മതിയല്ലോ.

മെഹർ — പരമാർത്ഥമാണ്! എനിക്ക് അതിലെല്ലാം വളരെ സമാധാനമുണ്ട്. പക്ഷെ ആ സോഫിയെപ്പറ്റി വിചാരിക്കുമ്പോൾ മാത്രമേ എനിക്കു സംശയങ്ങൾ ഉണ്ടാകുന്നുള്ളൂ. അവൾ അത്രക്ക് ദുഷ്ടയാണ്."

അവർ തമ്മിൽ ഇപ്രകാരം വർത്തമാനം പറഞ്ഞുകൊണ്ടു കുറച്ചു സമയം അവിടെ തന്നെ ഇരുന്നു. മെഹറിന്നോടുള്ള സെലിമിന്റെ

പെരുമാററം ഒരു പ്രത്യേകരീതിയിലായിരുന്നുവെന്ന് ഇതിനുമുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. അംബികാകുമാരിയെ, വാസ്തവത്തിൽ സെലിം ഭയപ്പെട്ടിരുന്നുവെന്നു തന്നെ പറയാം. എന്നാൽ മെഹറിനോട് അദ്ദേഹം പെരുമാറിയിരുന്നത് ഒരു സഖിയോടെന്നപോലെയായിരുന്നു. നദീറയോടുള്ള സെലിമിന്റെ രീതികൾ ഇവയിൽ നിന്നും വ്യത്യാസപ്പെട്ടിരുന്നു. വെറും ഒരു ദാസിയെപ്പോലെ അദ്ദേഹം സ്നേഹിക്കയും കാമിക്കയും ചെയ്തിരുന്നുവെന്ന് അദ്ദേഹത്തിന്റെ പെരുമാററം വ്യക്തമാക്കി. മെഹറിനും ദേവിക്കും, സലിമിൽ ഉണ്ടായിരുന്ന സ്വാതന്ത്ര്യങ്ങളൊന്നും നദീറ, ഒരിക്കലും അനുഭവിക്കുവാൻ ആഗ്രഹിച്ചിരുന്നില്ല. അതിനുള്ള ധൈര്യവും അവളിൽ ഉണ്ടായിരുന്നില്ല. ഇവർ മൂവരെയും അതിശയിച്ചു തന്റെ പ്രേമഭാജനങ്ങളായി ജീവിക്കേണ്ടിവരുന്ന ദുഃഖത്തിൽ സെലിം സന്തോഷവും പിന്നാവുകണ്ടു കൊണ്ടാണിരിക്കുന്നത്. ഒരുകാലം വരെ വിശ്വമല്ലെന്ന് അദ്ദേഹം ഉദ്ദേശിച്ചിരുന്നെങ്കിൽ, അതു് അദ്ദേഹത്തിനു തന്റെ പിതാവിന്റെ മരണത്തിൽ ഉണ്ടായിരുന്ന വെറുപ്പുകൊണ്ടല്ലായെന്നും, അവരോടുള്ള പ്രേമത്തിന്റെ ശക്തികൊണ്ടാണെന്നും പറയാവുന്നതാണ്. പക്ഷെ ഈശ്വരനിശ്ചയങ്ങൾക്കും, നിർഭ്ഭാഗ്യങ്ങൾക്കും, എല്ലാ സൗഖ്യങ്ങളെയും കീഴടക്കാതെ നിവൃത്തിയില്ല. ലോകരാജ്യം മുതല്ലേ, ദൈവനീതിക്ക് അധീനനാകാതെയുള്ള ഒരു രാജാവും ജീവിച്ചിരുന്നതായും അറിവില്ല. ആരായാലെന്തു്? സെലിമിനും സർവ്വേശ്വരനിശ്ചയങ്ങളെ ധിക്കരിക്കുവാൻ കഴിയുമോ?

മെഹറിന്റെ അടുക്കൽനിന്നും, രാജകുമാരൻ നേരെ അന്തഃപുരത്തിലേക്ക് യാത്രയായി. അന്തഃപുരത്തിൽ ചെന്നപ്പോൾ ദേവി നദീസ്നാനത്തിനു പോയിരിക്കയാണെന്ന് അദ്ദേഹം മനസ്സിലാക്കി. സോഫി അവിടെത്തന്നെ നില്പുണ്ടായിരുന്നു. സോഫിയുടെ മുഖപ്രസന്നത നിശ്ശേഷം നശിച്ചിരിക്കുന്നു. അവൾക്ക് എന്തോ കടുത്തായ അപകടം പിണഞ്ഞതുപോലെ വ്യാകുലതയുടെ വികലത അവളുടെ മുഖത്തു പടർന്നുപിടിച്ചിട്ടുണ്ട്. അവളെ കണ്ടപ്പോൾ സെലിം ഗൗരവഭാവത്തിൽ ചോദിച്ചു:—

"സോഫീ! നിന്റെ അസൂയ അതിരു കടന്നുപോയി. നീ എന്തിനാണ് ഞാൻ എഴുതിയ കത്തിനെ ദേവിയുടെ കൈവശം ഏല്പിച്ചതു്? നീ എന്തിനാണ് ദേവിയോട് അനാവശ്യസംഗതികൾ പറഞ്ഞതു്? ഇതെല്ലാം നല്ലതല്ലെന്നു നീ ഓർമ്മിച്ചു കൊള്ളണം. പ

ക്ഷെ ഞാൻ നിന്നോടുള്ള വാത്സല്യത്തെ മറന്ന ശിക്ഷിക്കുവാൻ ഉദ്ദേശിക്കാത്തതു നിൻെറ ഭാഗ്യമെന്ന മാത്രം കരുതിയാൽ മതി.” സോഫി കുമാരൻെറ വാക്ശരമാരത്തിന്ന എതിരായി തൻെറ കടാക്ഷശരം തെരുതെരെ അയച്ചു തുടങ്ങി. അവൾ പറഞ്ഞു:—

“തിരുമേനി! അടിയൻ യാതൊരു കുറ്റവും ചെയ്തിട്ടില്ല. എഴുത്തു നാംബികാദേവിക്കു് എഴുതിയിട്ടുള്ളതായിരിക്കാമെന്നും, ഒരു പക്ഷെ ദേവിയുടെ കൈയ്യിൽനിന്നും അതു നഷ്ടപ്പെട്ടതായിരിക്കാമെന്നും കരുതിയാണ ഞാൻ അതിനെ അന്തഃപുരത്തിൽതന്നെ ഏല്പിച്ചതു! അതിൽ എനിക്ക യാതൊരു ദുരുദ്ദേശ്യവും ഉണ്ടായിരുന്നില്ല. പക്ഷെ എൻെറ കഷ്ടകാലംകൊണ്ടു് ഇങ്ങിനെയെല്ലാം സംഭവിച്ചുവെന്നേയുള്ളു.”

സെലിം—ആകട്ടെ; നിന്നോടു ഞാൻ അധികം വർത്തമാനം പറയണമെന്ന വിചാരിക്കുന്നില്ല. എനിക്ക നിൻെറ യാതൊരു സമാധാനവും കേൾക്കയും വേണ്ട. ഞാൻ മൂഢനാണെന്നു് ഒരു പക്ഷെ ധരിക്കുന്നുണ്ടാവാം. അതിനുള്ള പരിഹാരം എനിക്കു് അറിവാൻ കഴിയാതെയിട്ടല്ല ഞാൻ ക്ഷമിച്ചിരിക്കുന്നതു്. പക്ഷെ ഉപകാരസ്മരണ ഉത്തമന്മാർക്കു് ഉചിതം തന്നെയാണല്ലൊ.” ഇത്രയുംപറഞ്ഞു സെലിം സ്വകാര്യമുറിയിലേക്ക യാത്രയായി.

സെലിം തൻെറ അടുക്കൽനിന്നും കോപാവേശത്തോടുകൂടിയാണ പോയതെന്നും, അദ്ദേഹം തൻെറ ഉദ്ദേശങ്ങളെല്ലാം തന്നെ മനസ്സിലാക്കിക്കഴിഞ്ഞുവെന്നും, ഇനി നദിറയെ അന്തഃപുരംകൊണ്ടു ഒരിക്കലും മോചിക്കുവാൻ സാധിക്കയില്ലെന്നും സോഫി അറിയാതിരുന്നില്ല. അവൾ അന്തഃപുരത്തിൽനിന്നും ഇറങ്ങി ആരാമത്തിലെ മണ്ഡപത്തിൽ ചെന്നിരുന്നു. അവളുടെ ഹൃദയം എപ്രകാരം ക്ഷോഭിച്ചിരുന്നുവെന്ന പ്രത്യേകിച്ച പറയേണ്ടതില്ലല്ലൊ. എങ്കിലും അവളിൽ ഒരു പ്രത്യേകതരത്തിലുള്ള—സന്തോഷം—വിജയം—ഉണ്ടാകാതിരുന്നില്ല. അതിൻെറ കാരണമെന്താണെന്ന ക്രമേണ അറിയാവുന്നതാണു്. സോഫി അവിടെ ഇരുന്നു് അല്പനേരം കഴിഞ്ഞപ്പോൾ സോഫിയുടെ വിശ്വസ്തസഖിയും അന്തഃപുരത്തിലെ മറ്റൊരു പരിചാരികയും ആയ ശമ്സിയ്യ അവിടെ ആഗതയായി. അവൾ സോഫിയോടു ചോദിച്ചു:—

“എന്താണു കരിക്കുകൊണ്ടു ഇല്ലേ! കൊള്ളാം. അവൾ അവിടെ അങ്ങനെ കിടക്കട്ടെ. ഭിത്തിയിടുക്കിൽ വെച്ചിരുന്നതു ശരിയായിട്ടാണോ പി

ണോ? അല്ലങ്കിൽ നവം ഓടിക്കളയും. ഗ്രന്ഥമുറിയിൽതന്നെ പാൎക്കട്ടെ!

സോഫി—അവളെ വിളിച്ച രാജകുമാരൻ പറയുന്നതെല്ലാം ഞാൻ കേട്ടതല്ലേ? അതു കൊണ്ടാണ നേരത്തേപോയി ഭിത്തികളെല്ലാം ശരിയാക്കി വെക്കുവാൻ സാധിച്ചതു.

ശർമ്മിഷ്ഠ—ആമുറി എന്തിനേയുള്ളതാണ?

സോഫി—ഗ്രന്ഥമുറിയുടെ ഒരു വശത്താണ ഇതൊന്ന സ്ഥിതിചെയ്യുന്നതു. രണ്ടിന്റെയും ഭിത്തി ഒന്നതന്നെ. പക്ഷെ ആ ഭിത്തികളെല്ലാം വലിച്ചു മാറുന്നതിന്ന ഒരു യന്ത്രം അവിടെ ഇരിപ്പുണ്ട. ഇവൾ അങ്ങോട്ടു ചെല്ലുമെന്നറിഞ്ഞ ഉടനെ ഞാൻ അവിടെച്ചെന്ന ഭിത്തികളെല്ലാം വലിച്ചുവെച്ചു. ആരെങ്കിലും അതിൽ തൊട്ടാൽ—കാലിന്റെ ശബ്ദം പതിഞ്ഞാൽ മതി—ഉടനെ ഭിത്തിളകും. ആളു നടുവിലുള്ളിൽ അകപ്പെടുന്നതാണു, മറ്റു ഭിത്തികളും നാലു വശത്തും വന്ന അടയുകയും ചെയ്യും!

ശർമ്മിഷ്ഠ—വളരെ നന്നായി! ആകട്ടെ എന്തിനാണ ഈ കടലാസ്സുതുണ്ടുകളെല്ലാം ചേൎത്തുവെച്ചു നോക്കുന്നതു? ഇതാരാണു കീറിക്കളഞ്ഞതു?

സോഫി—എന്തിന പറയുന്നു! ഇതല്ലേ എന്നെ വലച്ച കള്ളത്തരം! എന്തു ചെയ്യാം. ഒരു പെണ്ണുകാരണം നമ്മൾക്കാണ സങ്കടം. സുഖമനുഭവിക്കാനെല്ലാം അവളും ദുഃഖമനുഭവിക്കാനെല്ലാം ഇവളും പാത്രമായിത്തീൎന്നു. ശവത്തിനെ കൊല്ലാൻ കൊണ്ടുപോയിട്ടും കണ്ടില്ലേ ദേവിയുടെ മടിയിൽകയറി ഇരുന്നതു! ഇതെല്ലാം എന്തിന പറയുന്നു. ആണുങ്ങൾക്കു കാൎയ്യത്തിലില്ലാത്തതിന്റെ ഫലമാണിതെല്ലാം എന്നു സമാധാനപ്പെടുകയല്ലേ നല്ലതു? അല്ലെങ്കിൽ ചക്രവൎത്തി ഇതെല്ലാം അന്വേഷിക്കേണ്ടതല്ലേ? ഒരിക്കലറിയും!

ശർമ്മിഷ്ഠ—അയ്യോ! പതുക്കെ പറയണേ! തിരുമേനി ഇവിടെയെങ്ങാനും കാണും! കുറച്ചു മുമ്പു നളിനിയെ അന്വേഷിച്ച അന്തഃപുരത്തിൽ വന്നിരുന്നു. പക്ഷെ അവളെ കാണാനാണെന്നിരുന്നോ? ദേവി സ്നാനത്തിന്ന പോകാൻനേരത്തും അന്വേഷിക്കാതിരുന്നില്ല. അതു് ആരുമറിയാതെ ഇവിടുന്നു പൊയ്ക്കൊള്ളും.

സോഫി—അവിടെ കിടന്നു ഇലാതുപോയെങ്കിൽ ആഗ്രാപ്പള്ളിയിൽ എന്റെ പേൎക്ക ഒരു നേൎച്ച പ്രത്യേകം കഴിക്കുന്നതാണ. ദേവി തന്നെ ഉള്ളിൽ ചേൎത്തുവെച്ചുകൊണ്ട അവളെ കൊന്നുകള

ആരാണെന്നു നീ പറഞ്ഞുതരണം. ഞാൻ വേറെ വല്ലതും പറഞ്ഞുകൊള്ളാം. നമ്മൾ രണ്ടുപേരും എല്ലായിടത്തും അന്വേഷിച്ചുവെന്ന് എല്ലാവരും അറിയുകയും വേണം; അത്ര മതി.

ശർമ്മിഷ്ഠ — ശരിയാണ്. എല്ലാ മുറിയിലും നമ്മൾ കയറി നോക്കണം. ഇപ്പോൾ തന്നെ കൊട്ടാരത്തിലുള്ളവരെല്ലാം അന്വേഷണങ്ങൾ തെരുതെരെ നടത്തുന്നുണ്ട്. ദേവിയുടെ കല്പന അനുസരിച്ച് സകലയിടങ്ങളിലും നോക്കി. പക്ഷെ ആരെയും കണ്ടില്ല.

സോഫി — ഗുഹാമുറിയിൽ നോക്കിയില്ലേ?

ശർമ്മിഷ്ഠ — ദേവി തനിയെ തന്നെയാണ് പോയി നോക്കിയത്. പക്ഷെ കണ്ടില്ല.

സോഫി — രാജകുമാരൻ ഇതൊന്നും അറിഞ്ഞില്ലേ? ഉവ്വെങ്കിൽ നന്നായി.

ശർമ്മിഷ്ഠ — രാജകുമാരൻ സേനകളെ പരിശോധിക്കുന്നതിനായി നേരത്തെതന്നെ കുതിരപ്പുറത്തു കയറി കോട്ടയ്ക്കു വെളിയിൽ പോയതാണ്. തിരിച്ച് ഇപ്പോഴെ വരുന്നുള്ളു. ഒരു പക്ഷെ ആരും പറഞ്ഞിരിക്കയില്ല.

സോഫി — ചക്രവർത്തി അതിനെ അന്വേഷിച്ചതെന്തിനാണ്? വല്ല ശിക്ഷകളോ മറ്റോ കൊടുക്കാനായിരിക്കാം. ഇന്നു കാലത്തു തന്നെ അതിന്റെ കഥ കഴിയേണ്ടതായിരുന്നു. ഇപ്പോൾ എല്ലാം ശരിയായി.

ശർമ്മിഷ്ഠ — ശരിയാണ്. ഇനി എല്ലാം അങ്ങിനെതന്നെ! ചക്രവർത്തി ഒരു പക്ഷെ വല്ലതും കല്പിക്കാനുദ്ദേശിച്ചിരിക്കാം. അദ്ദേഹം യാതൊന്നും അറിഞ്ഞിട്ടില്ല.

സോഫി — ഇല്ലായിരിക്കാം. അതും നിശ്ചയിക്കുവാൻ പാടില്ല. കണ്ടില്ലേ കുമാരസേനനെ ആട്ടി ഓടിച്ചത്. ധിക്കാരികൾക്കെല്ലാം പറ്റുന്നതിങ്ങിനെയാണ്!

ശർമ്മിഷ്ഠ — ശരിയാണ്. ഞാൻ ഇതെല്ലാം കേട്ട് വളരെ അത്ഭുതപ്പെട്ടു. അയാൾ ചക്രവർത്തിയുടെ സ്നേഹിതനായിരുന്നുവല്ലോ? സമർത്ഥനും ആണ്. അല്ലേ?

സോഫി — സമർത്ഥനൊക്കെത്തന്നെയാണ്! പോയതു വളരെ നന്നായി. അയാൾ മഹാ ചതിയനാണ്! അതു നിങ്ങൾക്കൊന്നും തന്നെ അറിഞ്ഞുകൂട. എനിക്ക് അതെല്ലാം നല്ലതുപോലെ അറിയാം. അയേഷയുടെ ഭർത്താവായിരുന്ന ആനന്ദസിംഹനെ കൊന്നത് ഇയ്യാളാണെന്ന് ഹരിഹരൻ അയാൾ എന്നോട് പറഞ്ഞിട്ടുണ്ട്.

ശൎമ്മിഷ്ഠ — അമ്മയപ്പോ എവിടെയാണ്? അതിനെപ്പററിയാണല്ലോ ഞാ യാലും അന്വേഷിക്കുന്നതു്.

സോഫി — അമ്മയപ്പോ മരിച്ചിട്ടു് എത്രയോ കാലമായി! അതെല്ലാം ഞാൻ അവളെ ധരിപ്പിച്ചിട്ടുണ്ടു്. അമ്മയുടെ അമ്മയെപ്പററി അന്വേഷിക്കണമെന്നു ഞാൻ പറഞ്ഞതാണു്. പക്ഷെ ആരുവക വെപ്പ്രാളമാണ്! മരിച്ചയാൾ തിരിച്ചുവരുമോ?

ശൎമ്മിഷ്ഠ — അതു ശരിയാണു്. പക്ഷെ നമുക്കു നസീറയെ അന്വേഷിച്ചു പുറവും പോയി നോക്കണം. നമ്മൾ പോയി നോക്കിയില്ലെങ്കിൽ നമ്മളെ സംശയിക്കും."

ശൎമ്മിഷ്ഠയുടെ അഭിപ്രായം സ്വീകരണീയമാണെന്നു കരുതി സോഫി, ശൎമ്മിഷ്ഠയുമൊരുമിച്ചു് അന്തഃപുരത്തിലും ഭോജനശാലയിലും നസീറയെ അന്വേഷിച്ചു നടക്കയും, അവരോടു ചോദിക്കുന്നവരോടും ചോദിക്കാത്തവരോടുമെല്ലാം "നസീറ ചത്തുപോയി" എന്നു പറഞ്ഞു പരത്തുകയും ചെയ്തു. അംബികാദേവി നദീതീരത്തിൽ നിന്നും തിരിച്ചെഴുന്നള്ളിയപ്പോഴും കൊട്ടാരത്തിൽ പടൎന്നു പിടിച്ചിരുന്ന വൎത്തമാനം അറിയാതിരുന്നില്ല. ദേവിക്കുണ്ടായിരുന്ന കുണ്ഠിതം എത്രയോ ശക്തിമത്തായിരുന്നുവെന്നു പറഞ്ഞറിയിക്കുവാൻ സാദ്ധ്യമല്ല. താൻ അന്നു പ്രഭാതത്തിൽ നസീറയെ ശോധിക്കുവാൻ ആരംഭിച്ചതിനെപ്പററിയും രാജകുമാരൻ അതിനെ തടുത്തു നസീറയെ രക്ഷിച്ചതിനെപ്പററിയും, നസീറ തന്നോടു പ്രതിജ്ഞ ചെയ്യാൻ ആരംഭിച്ചതിനെപ്പററിയും മററും ദേവി പൊരുന്നനവേ വിചാരിച്ചു സങ്കടപ്പെട്ടു. ദേവി തത്സമയം തന്നെ, അവിടെ കേട്ട വൎത്തമാനത്തെ രാജകുമാരനോടു് അറിയിക്കുവാനായി, ഒരു ഭൃത്യനെ യാത്രയാക്കി. ആ ക്ഷണം കൊണ്ടു കൊട്ടാരവും അന്തഃപുരവുമെല്ലാം, "നസീറ മരിച്ചുപോയി" എന്ന വൎത്തമാനം പരന്നു, സമാധാനരഹിതമായി ഭവിച്ചു. നോക്കുക സോഫിയുടെ "നയം" — അഥവാ ജയം!

ഇരുപത്താറാം അദ്ധ്യായം

നളിനിയും മരിച്ചു; ഷഡാനന്ദസ്വാമിയും, നദീതടത്തിൽവെച്ചു വർത്തമാനം പറഞ്ഞു പിരിഞ്ഞതിനുശേഷം ഫാത്തിമ ദേവാലയത്തിൽ വന്നുചേർന്നതായും ആ രാത്രിതന്നെ അവൾ ഒരു അശ്വാരൂഢനെ കണ്ടതായും ഇതിനുമുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ സംഭവങ്ങൾക്കുശേഷം ഒരുദിവസം, ഫാത്തിമയും പുരോഹിതനും തമ്മിൽ ഒരു സംഭാഷണം നടന്നു. സംഭാഷണമദ്ധ്യത്തിൽ പുരോഹിതനിപ്രകാരം ചോദിച്ചു:—

“ഫാത്തിമേ! ഈയിടെ ഞാൻ ഇല്ലാതിരുന്ന അവസരത്തിൽ ആരെങ്കിലും ഇവിടെ വന്നിരുന്നുവോ? എന്നെപ്പററി അന്വേഷിച്ചെങ്കിൽ നീ എന്താണ് പറഞ്ഞിട്ടുള്ളതു?” പുരോഹിതന്റെ ഈ വാക്കുകൾകേട്ടു ഫാത്തിമ അല്പനേരം പരിഭ്രമിച്ചുനിന്നു. എങ്കിലും എന്തോ ഓർമ്മിച്ചു ഗ്രഹിച്ചതുപോലെ അവൾ പുരോഹിതനെ ഇപ്രകാരമറിയിച്ചു:—“ഇവിടെ വിശേഷിച്ചുതന്നെ വന്നതായി അറിയുന്നില്ല. എന്നാൽ ഇന്നാൾ ഉച്ചക്കു ഞാൻ ആ മണ്ഡപത്തിൽ ശയിക്കുമ്പോൾ ഒരാൾ ധൃതഗതിയായി എന്റെ അടുക്കൽവന്നു “പുരോഹിതൻ ഇവിടെ ഉണ്ടോ” എന്നു ചോദിച്ചു. “ഇല്ല” എന്നു ഞാൻ പറഞ്ഞു. ഉടനെ അയാൾ ഇവിടെനിന്നു പോകയും ചെയ്തു. എന്തിനാണ് അന്വേഷിച്ചതെന്നു എനിക്കു നിശ്ചയമില്ല. എന്നോടു മറെറാന്നും അയാൾ ചോദിച്ചുമില്ല. ഇതാണ് അന്നത്തെ സംഭവം.” ഫാത്തിമയുടെ വാക്കുകൾകേട്ടു പുരോഹിതൻ ജിജ്ഞാസയോടുകൂടി തുടർന്നു:—“ആകട്ടെ, അയാളുടെ നിറമെന്താണ്? എത്ര പൊക്കമുണ്ട്? ഇതിനുമുമ്പ് നീ അയാളെ കണ്ടിട്ടുണ്ടോ?”

ഫാത്തിമ—അയാളെ ഞാൻ നല്ലതിൻവണ്ണം കണ്ടില്ല. എങ്കിലും സുമുഖനായ ഒരു ഒത്തയാൾ ആണെന്നു പറയാം. അയാളെ ഇതിനുമുമ്പ് ഒരുപക്ഷെ കണ്ടിരിക്കാം.

പുരോ—നിന്റെ പഴയ കഥകളെപ്പററിയും ചരിത്രങ്ങളെപ്പററിയും ഞാൻ പറഞ്ഞിട്ടുള്ളതല്ലാതെ നീ പുതുതായിട്ടു വല്ലതും ഗ്രഹിച്ചിട്ടുണ്ടോ? അമ്മയെപ്പററിയോ സഹോദരിയെപ്പററിയോ നിനക്കു വല്ലതും അറിയാമോ? നീ നിന്റെ ചരിത്രത്തെപ്പററി വല്ലവരോടും പറഞ്ഞിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരോടാണ്? എന്തിനാണ് പറഞ്ഞതു? വേഗം പറയു.

ഫാത്തിമ—എന്റെ ചരിത്രങ്ങളെല്ലാം ഞാൻ അവിടുന്നുതന്നെ പറഞ്ഞറിഞ്ഞിട്ടുള്ളതാണ്! അല്ലാതെ മറ്റാരുംതന്നെ എന്നോടു പറഞ്ഞിട്ടില്ല. ഞാൻ ആ ചരിത്രങ്ങളിൽ ചിലതെല്ലാം നസീറയെ ധരിപ്പിച്ചിട്ടുണ്ട്. അവറ്റം എന്റെ അപകടങ്ങളെപ്പററി കേട്ടാൻ ഇഷ്ടമുള്ളവളായിരുന്നതിനാലാണ് അവയെല്ലാം പറയുവാൻ ഞാൻ നിർബ്ബന്ധിതയായത്. അതിൽ വല്ല തെററുമുണ്ടെങ്കിൽ അവിടുന്നു സദയം ക്ഷമിക്കണം.'' ഫാത്തിമ ഇത്രയും പറഞ്ഞപ്പോറ്റം പുരോഹിതന്റെ മുഖഭാവം മേദപ്പെട്ടു. എങ്കിലും അവളോട് അദ്ദേഹത്തിനുണ്ടായിരുന്ന വാത്സല്യാതിരേകംകൊണ്ട് തനിക്കുണ്ടായിരുന്ന വല്ലായ്മയെ വ്യക്തമാക്കാതിരിക്കുവാൻ അദ്ദേഹം ശ്രമിച്ചു. എങ്കിലും ഫാത്തിമ തനിക്ക നൽകിയ ഉത്തരം ലേശവും തൃപ്തിയായില്ലെന്ന അദ്ദേഹം സൂചിപ്പിക്കാതിരുന്നില്ല. അദ്ദേഹം പറഞ്ഞു ''ഫാത്തിമേ! രഹസ്യവൃത്താന്തങ്ങറ്റം അന്യന്മാരുടെ ചെവിയിൽ ചായിക്കൊടുത്താൽ അതിൽനിന്നും ഉണ്ടാകാവുന്ന അപകടങ്ങളെപ്പററി വിചാരിക്കേണ്ടതിന്ന നീ അശക്തയായിത്തീന്നു. അതിൽ ഞാൻ അത്ഭുതപ്പെടുന്നതേയുള്ളു. നിന്നോടുതന്നെയും ഞാൻ സകല സംഗതികളും വ്യക്തമായിപ്പറഞ്ഞിട്ടില്ല. ഒരു സംഗതിയെപ്പററിയും ഇപ്പോറ്റം നീ പുറത്തു പറയരുതെന്നും, അപ്രകാരം പറഞ്ഞാൽ പല വലിയ കലാപങ്ങറ്റക്കും അതു കാരണമാകുമെന്നും ഞാൻ നിന്നോടു പറഞ്ഞിട്ടില്ലേ? ആ സ്ഥിതിക്ക നീ നസീറയോട് ഇത്രയും പറഞ്ഞതു, പുറത്തറിയുന്നുവെങ്കിൽ നിന്റെ ഇവിടത്തെ ജീവിതം അവസാനിക്കുമെന്നു നീ എന്തുകൊണ്ടറിയുന്നില്ല? നീയും സൌന്ദര്യയും ഇന്നു ചക്രവത്തിയുടെ മുമ്പിൽ വലിയ തെററുകാരാണെന്നു നീ എന്തുകൊണ്ട് അറിയുന്നില്ല. അയേഷ, ചക്രവത്തിയുടെ ഗുരുപാദരെ, ദ്രോഹത്തിന്നിരവെച്ചു കൊന്നുവെങ്കിലും, പഴിയെല്ലാം നിങ്ങളിലാണ് ചുമത്തിയിരിക്കുന്നതു്. അതുകൊണ്ട് അന്നേദിവസം മുതൽ നിങ്ങളും നിങ്ങളുടെ കുടുംബത്തിന്റെ മററ് അംഗങ്ങളും സാമ്രാജ്യത്തിൽ എവിടെയെങ്കിലും പാക്കുന്നതായിട്ടറിഞ്ഞാൽ ചക്രവത്തിയുടെ ആജ്ഞ അനുസരിച്ചു നിഗ്രഹിച്ചു കൊള്ളണമെന്നു അനുചരന്മാരെ അറിയിച്ചിട്ടുള്ളതായും ഞാൻ നിന്നോടു പറഞ്ഞിട്ടില്ലേ? പിന്നെ എന്തുകൊണ്ടാണ് നീ അതെല്ലാം കൊട്ടാരത്തിൽ പരിചാരികയായി നില്ക്കുന്ന നസീറയെ അറിയിച്ചിട്ടുള്ളതു? പിതാവിന്റെ ആജ്ഞ അനുസരിച്ചു ജയപ്പൂർ രാജ്യത്തെ ആക്രമിക്കുവാനായി

സെലിം മുഗൾസേനയോടൊരുമിച്ചു പുറപ്പെട്ടപ്പോൾതന്നെ അ
ദ്ദേഹം പറഞ്ഞിട്ടുള്ളതു ആ രാജ്യം മുഴുവനും അഗ്നിക്കിരയാക്കി
കൊള്ളണമെന്നായിരുന്നു. ആയതുകൊണ്ടു് കറവാളികൾ ആ
രെല്ലാമെന്നു തെളിയുന്നതുവരെ നിന്നെപ്പറ്റിയോ മറ്റുവല്ലവരേ
യും പറ്റിയോ പുറത്തറിയിക്കുന്നതു അപകടങ്ങൾക്കു കാരണമാ
ണെന്നു എനിക്കറിവുണ്ടു്. നീ ഇപ്പോൾ സകലവും കുഴപ്പത്തിലാ
ക്കിത്തീർത്തു.

ഹാത്തിമ — നസീറയോടു പറഞ്ഞതുകൊണ്ടു യാതൊരുവിധത്തിലും
അപകടമുണ്ടാകയില്ലെന്നാണു് എൻ്റെ ഉറച്ചവിശ്വാസം. അവൾ
എന്നെപ്പറ്റി ആരോടും പറയുകയില്ല. രാജകുമാരനോടു് എൻ്റെ
കാര്യത്തെപ്പറ്റി യാതൊന്നും പറയരുതെന്നും ഞാൻ പ്രത്യേകം
പറഞ്ഞിട്ടുണ്ടു.'

പുരോ — ഇതാണു സ്ത്രീബുദ്ധിയുടെ ദൌർബല്യം! അവൾ നിന്നെ
ദ്രോഹിക്കാൻവേണ്ടി പറയുമെന്നല്ല ഞാൻ പറഞ്ഞതിൻ്റെ സാ
രം. എന്തെങ്കിലും സന്ദർഭത്തിൽ നിന്നോടുള്ള വാത്സല്യംകൊ
ണ്ടോ ബുദ്ധിമാന്ദ്യംകൊണ്ടോ രാജകുമാരനോടു വല്ലതും പറഞ്ഞു
വെന്നുവരാം. ഇതൊന്നും നസീറയുടെ കുറ്റമാണെന്നു നീ കരുതരു
തു്. കുമാരസേനൻകൂടി നിൻ്റെ താമസത്തെപ്പറ്റി അറിയരുതെ
ന്നായിരുന്നു എൻ്റെ മോഹം. പക്ഷെ അതു സാധിച്ചില്ല എന്നാൽ
അതിൽ എനിക്കു ആശ്വാസത്തിനു പല മാർഗ്ഗങ്ങളുമുണ്ടു. നസീ
റയും ഒരുപക്ഷെ യാതൊന്നും പുറത്തു പറകയില്ലായിരിക്കാം. പ
ക്ഷെ അവൾക്കു ആഗ്രാകൊട്ടാരത്തിലോ അന്തഃപുരത്തിലോ ഉള്ള
പരിചയം വളരെ ദൂരമാണു്. ഇവിടെ നടക്കുന്ന രഹസ്യങ്ങൾ
യാതൊന്നുംതന്നെ അവൾക്കറിഞ്ഞുകൂട. ആ സ്ഥിതിക്കു നസീറ
പറയുന്നതുതന്നെയും സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു. ഇനി മുതൽ നീ
ഈ ദേവാലയത്തിൻ്റെ മുൻവശത്തേക്കുതന്നെയും വരാതിരിക്ക
ണം. ഞാൻ നസീറയെ ഇവിടെ നിന്നു മാറ്റിയതിൻ്റെ ഉദ്ദേശം
തന്നെയും നിനക്കറിവാൻ കഴിഞ്ഞിട്ടില്ല. നിൻ്റെ ചരിത്രമെല്ലാം
അവൾ അറിഞ്ഞേക്കുമെല്ലോ എന്നുള്ള ഭയം എനിക്കു വളരെ ഉ
ണ്ടായിരുന്നു. പക്ഷെ ഞാൻതന്നെ മൂഢനായിത്തീർന്നുവെന്നു സമ്മ
തിക്കാം. ഇനിമുതൽ ആരെങ്കിലും നിന്നെപ്പറ്റിയോ എന്നെപ്പ
റ്റിയോ അന്വേഷിച്ചാൽ നീ പുറത്തിറങ്ങി വരേണ്ട കാര്യമില്ല.
ഞാൻ എല്ലായ്പോഴും ഇവിടെ ഉണ്ടായിരിക്കയില്ല. അതുകൊണ്ടാ
ണു ഇനിയെങ്കിലും അബദ്ധങ്ങൾ ഉണ്ടാകരുതെന്നു പ്രത്യേകം പ

റയുന്നതു്? ഞാൻ പുറത്തിറങ്ങി സഞ്ചരിക്കുമ്പോൾ നിന്നെപ്പററി പല വർത്തമാനവും കേൾക്കാറുണ്ടു. നീ ഇവിടെ ഉണ്ടെന്നുള്ള വിവരം സേനാപതിയോ മററോ അറിഞ്ഞാൽ പിന്നെ നിൻെറയും എൻെറയും ജീവിതം ക്ലേശസമ്പൂർണ്ണമാകുന്നതാണു്. എപ്പോഴും സൂക്ഷിച്ചിരിക്കേണ്ട കാലമാണു നമുക്കിപ്പോഴുള്ളതെന്നു് ഞാൻ ഇനി പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അനേകസംഗതികളുടെ പരമാൎത്ഥം അറിയേണ്ടതായിട്ടാണിരിക്കുന്നതു. അതെല്ലാം താമസിയാതെ വെളിയിൽ വന്നു കൊള്ളും." പുരോഹിതൻ ഇപ്രകാരം തൻെറ വർത്തമാനം പറഞ്ഞു നിൎത്തിയപ്പോൾ ഫാത്തിമയുടെ ഹൃദയത്തിൽ ഒരു മിന്നൽ പാഞ്ഞു. തൻെറ താമസത്തെപ്പററി കുമാരസേനൻകൂടി അറിയരുതെന്നും മററും പുരോഹിതനു അനുഗ്രഹമുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിൻെറ ഉദ്ദേശം സഫലമായില്ലെന്നു പറഞ്ഞപ്പോൾ ഫാത്തിമ, താൻ നഷീറവശം കുമാരസേനനെ എല്പിച്ച കത്തിനെപ്പററി വിചാരിക്കാതിരുന്നില്ല. ചൊടുന്നനവേ ചെയ്തുപോയ അബദ്ധത്തെപ്പററി അവൾ കൂടുതലായി പരിതപിക്കയും ചെയ്തു. അവർതമ്മിൽ പിന്നെയും ഓരോ വർത്തമാനങ്ങൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, ഒരു അശ്വഭടൻ ഏററവും വ്യഗ്രതയോടുകൂടി ദേവാലയത്തിൻെറ വാതുക്കലെത്തിനിന്നു. അയാൾ തൻെറ കുതിരപ്പുറത്തുനിന്നും അവിടെ ഇറങ്ങി ദേവാലയത്തിൻെറ ഉള്ളിൽ പ്രവേശിച്ചു പുരോഹിതനെ വന്ദിച്ചു. അദ്ദേഹം ചോദിച്ചു:—"നിങ്ങൾ എന്താണു വിഷമപ്പെട്ടു ഇങ്ങോട്ടു വരുന്നതു? എന്തു പരവശതയാണു നിങ്ങൾക്കു വന്നിട്ടുള്ളതു?" പുരോഹിതൻ ഇത്രയും ചോദിച്ചപ്പോൾ ആഗതൻ സോൽക്കണ്ഠം പറഞ്ഞു "കൊട്ടാരത്തിൽ നിന്നും നഷീറ എന്നൊരു പരിചാരികയെ കാണാനില്ല. അവിടെയെല്ലാം ബഹളമായിരിക്കുന്നു. ചക്രവർത്തിയും പരിവാരങ്ങളും വഴിയേ തിരക്കിപ്പോയിരിക്കയാണു. രാജകുമാരൻ ഈ വർത്തമാനങ്ങളെല്ലാം അറിഞ്ഞിരിക്കണം. ഏതോ ഇടഞ്ഞുവെച്ചിട്ടുള്ള ഭേദിയാണു. ഇവിടെയെല്ലാം ഉണ്ടോ എന്നു അന്വേഷിച്ചറിയുവാൻ കല്പനയായിരിക്കുന്നു." ഭടൻെറ ഈ വർത്തമാനം പുരോഹിതനെയും ഫാത്തിമയെയും എത്രമാത്രം ഭയപ്പെടുത്തിയെന്നും, ചൊടുന്നനവേ എത്രമാത്രം പരിഭ്രമിപ്പിച്ചുവെന്നും പ്രത്യേകിച്ചു പറയേണ്ടതാവശ്യമില്ല. ഫാത്തിമയുടെ ഹൃദയം വെന്തുരുകിത്തുടങ്ങി. പുരോഹിതൻെറ ഹൃദയത്തിൽ കൊള്ളിയാൻ വെട്ടിയതുപോലെ തോന്നി. എങ്കിലും അദ്ദേഹം ധൈര്യസമേതം [illegible]ത്തിൽ പറഞ്ഞു. "എന്തു! നഷീറ കൊട്ടാരത്തിൽ

ഇല്ലല്ലോ പറയുന്നതു? അവൾ ഇങ്ങോട്ടു വന്നിട്ടില്ല. ഒരു പക്ഷെ കാസിമിന്റെ ഗൃഹത്തിൽ ഉണ്ടോ എന്നു അന്വേഷിക്കുക. ആ പാവം പിന്നെ എവിടെ പോയിരിക്കും? നിങ്ങൾ വേഗം എവിടെയെങ്കിലും പോയി അന്വേഷിക്കണം. ഇവിടെ വന്നിട്ടില്ല. ഞാനും അന്വേഷിക്കാം'' പുരോഹിതൻ പറഞ്ഞ ഈ വാക്കുകൾ കേട്ടയുടൻതന്നെ ആഗതൻ തന്റെ അശ്വത്തെ രാജപാതയിലേക്ക തന്നെ തിരിച്ചു, തളയറ്റുകൂടി പാഞ്ഞു, ക്ഷണനേരം കൊണ്ടു ദൃഷ്ടി പഥത്തിൽ നിന്നും മറഞ്ഞു. ഫാത്തിമയെ സന്തോഷപ്പെടുത്തിയതിനുശേഷം പുരോഹിതനും, ദേവാലയത്തിൽ നിന്നും പുറത്തേക്കിറങ്ങി. തന്റെ ജീവിതത്തിൽ അന്നത്തേപ്പോലെ ഒരു കറുത്ത ദിവസം ഒരിക്കലും ആഗതമായിട്ടില്ലെന്നു ഫാത്തിമക്കുതോന്നി. നബീറയെപ്പറ്റിയാതൊരു അപകട സംഭവവും ഫാത്തിമ അറിഞ്ഞിട്ടില്ല. പെട്ടെന്നു അദൃശ്യയായ നബീറ എവിടെപ്പോയിരിക്കാമെന്നു ഫാത്തിമ ആലോചിച്ചുനോക്കി. അവളുടെ ബുദ്ധിയുടെ പ്രസരിപ്പും, ഉത്സാഹവും, എല്ലാം നശിച്ചു കഴിഞ്ഞു. തന്റെ അടുക്കൽ ഏറ്റവും വിശ്വസ്തയായി രണ്ടു ദിവസങ്ങൾക്ക മുൻപുവരെ പെരുമാറിപ്പോന്ന ആ നിർമ്മല ബാലികക്ക ആരിൽ നിന്നാണു അപകടം സംഭവിച്ചിട്ടുള്ളതെന്നും ഫാത്തിമക്കു ഊഹിക്കുവാൻ കഴിഞ്ഞില്ല. ഒരു പക്ഷെ ദേവി മുഖാന്തിരം അവളെ അപകടപ്പെടുത്തിയിരിക്കാമോ എന്നും ഫാത്തിമ ശങ്കിച്ചു. അപ്രകാരം സംഭവിക്കാൻ പല ന്യായങ്ങളുമുണ്ടെന്നും അവൾ ഊഹിച്ചു. സെലിം രാജകുമാരനു നബീറയോടുള്ള പ്രേമത്തെപ്പറ്റി ഫാത്തിമക്കു നബീറയിൽ നിന്നും തന്നെ അറിവുള്ളതുകൊണ്ടു, ദേവി ആ വിവരം അറിഞ്ഞിട്ടുണ്ടെങ്കിൽ ഏതെങ്കിലും രീതിയിൽ അവളെ ദ്രോഹിക്കാൻ ശ്രമിച്ചിരിക്കാമെന്നു ഫാത്തിമയുടെ സ്ത്രീബുദ്ധി തീർച്ചപ്പെടുത്തി. പക്ഷെ അതിനു വഴിയില്ലെന്നു ഉടൻ തന്നെ അവൾ അറിയാതെയുമിരുന്നില്ല. ദേവി നബീറയെ അപകടപ്പെടുത്തിയിട്ടുണ്ടെങ്കിൽ പിന്നെ ദേവി എന്തിനാണു അവളെപ്പറ്റി അന്വേഷിക്കുവാൻ ഭടന്മാരെ നിയോഗിച്ചിട്ടുള്ളതു? ദേവി പറഞ്ഞയച്ചിട്ടു വന്നതാണെന്നാണല്ലൊ ആ ഭടൻ ഇവിടെ അറിയിച്ചതു? ആ സ്ഥിതിക്കങ്ങിനെ ശങ്കിക്കുവാനും ന്യായമില്ല. അല്ലെങ്കിൽ ഒരു പക്ഷെ സോഫിയായിരിക്കുമോ ഇതിനെല്ലാം കാരണം? അവൾക്ക നബീറയോടു വിരോധമുണ്ടെന്നു നബീറ തന്നെ പറഞ്ഞിട്ടുണ്ടല്ലൊ?'' അതിനും

പ്പാതെ റാക്കിം അന്നു കൈയ്നോക്കികൊണ്ടു അവൾക്കു വിരോധിയായി ഒരു സ്ത്രീയുണ്ടെന്നും, അതു പ്രത്യേകം സൂക്ഷിക്കണമെന്നും മറ്റും ഫാത്തിമ കേൾക്കെ തന്നെ പറഞ്ഞിട്ടുള്ളതിനെ പറ്റിയും അവൾ ഓൎക്കാതിരുന്നില്ല. ഇപ്രകാരം പലവിധ ചിന്തകളോടുകൂടി ഫാത്തിമ വളരെ വിഷമിച്ചു സമയം ചിലവഴിച്ചു. അവളുടെ വിചാരങ്ങളെല്ലാം ആപൽഘട്ടങ്ങളെ ലക്ഷ്യമാക്കി ചരിച്ചുതുടങ്ങി. അവൾ തോരാതെ കണ്ണീർ വാൎത്തു. തനിക്കു ഏതെങ്കിലും രീതിയിൽ പുറത്തിറങ്ങി സഞ്ചരിക്കാമായിരുന്നെങ്കിൽ നസീറയെ കണ്ടു പിടിക്കാൻ കഴിയുമെന്നും അവൾ അഭിമാനിച്ചു. പക്ഷെ അതിനെല്ലാം ഇപ്പോൾ അവൾ അപ്രാപ്തയാണ്! അവളുടെ ആഗ്രായിലെ താമസം ഏറ്റവും ഗൂഢമാണെന്നും, അതു പുറത്തറിയുന്ന പക്ഷം ഉണ്ടാകാവുന്ന അനൎത്ഥങ്ങൾ അനിവാൎയ്യവും അപകടത്തിലേക്കു തള്ളിപ്പിക്കുന്നവയും ആണെന്നും പുരോഹിതൻ വീണ്ടും അറിയിച്ചിരിക്കെ ഇനി പുറത്തിറങ്ങി സഞ്ചരിക്കുന്നതു വളരെ സൂക്ഷിച്ചു വേണമെന്നും അവൾ ഓൎക്കാതിരുന്നില്ല. എന്നാൽ അവളെ അതികഠിനമായി ഞെട്ടിപ്പിച്ച സംഗതി വേറെയൊന്നായിരുന്നു. അക്ബർ ചക്രവൎത്തിയുടെ ഗുരുവിനെ അദ്ദേഹത്തിന്റെ ഗൃഹത്തിനുള്ളിൽ വെച്ചു അഗ്നിക്കിരയാക്കി ഹനിച്ചതു ജയപ്പൂർ രാജ്ഞിയും മകളും കൂടിയാണെന്നു, ചക്രവൎത്തി ധരിച്ചിട്ടുണ്ടെന്നും, എന്നാൽ വാസ്തവസംഗതി അറിവാൻ കഴിയാതെ ചക്രവൎത്തി ഇന്നും, ആ വംശത്തിലുൾപ്പെട്ട ഒരു കുഞ്ഞിനെപ്പോലും ജീവിച്ചിരിപ്പാൻ അനുവദിക്കയില്ലെന്നും പുരോഹിതനിൽനിന്നും കേട്ടറിഞ്ഞപ്പോൾ മുതൽ ഫാത്തിമയുടെ ഹൃദയം വളരെ വേദനപ്പെട്ടുതുടങ്ങി. അപ്രകാരം ഹനിച്ചതു തന്റെ പിതാവിന്റെ ഒരോമന പുത്രിയായ ആയേഷയും അവളുടെ മാതാവായ നസീറയുംകൂടിയാണെന്നും, അവരെ ആ പ്രവൃത്തി ചെയ്യുവാൻ പ്രേരിപ്പിച്ചതു ഗുരുവിന്റെ ദുരാശയശംസിച്ച് എന്തും പ്രവൎത്തിക്കുവാൻ മടിയില്ലാത്ത ചക്രവൎത്തി, ഒരുപക്ഷെ, ഗുരു ജീവിച്ചിരിക്കുന്നെങ്കിൽ, ജയപ്പൂർ രാജ്യത്തെ സ്വാതന്ത്ര്യമായി ഭരിച്ചുകൊള്ളുന്നതിനു, ഗുരുപുത്രിയുടെ സഹോദരന്മാരായ തന്നേയും തന്റെ മറ്റു ബന്ധുക്കളേയും അനുവദിച്ചേക്കില്ലായെന്നു കരുതിയായിരിക്കണമെന്നും ഫാത്തിമ ഉദ്ദേശിച്ചു. തന്റെ പിതാവു തന്റെ മാതാവിനെ വിവാഹം ചെയ്യുന്നതിനുമുമ്പു നസീറിൽ അദ്ദേഹത്തിന് ആയേഷാ എന്നൊരു പുത്രി ഉണ്ടായിട്ടുണ്ടെന്നും, ജയപ്പൂർ രാജ്യം കൈക്കലാക്കി

അവരെ രാജ്ഞീപദത്തിലേയ്ക്കുയർത്തുവാൻവേണ്ടിയാണ് അദ്ദേഹം തന്റെമാതാവിനെ വിവാഹം ചെയ്തു രാജ്യഭാരകാര്യാന്വേഷണങ്ങളും നിർവ്വഹിച്ചിട്ടുള്ളതെന്നും അവർ പുരോഹിതന്റെ അടുക്കൽനിന്നും കേട്ടിട്ടുള്ളതും ഇപ്പോൾ പരമാർത്ഥമാണെന്നു തീർച്ചപ്പെടുത്തി. ഈ കൂട്ടത്തോടെ ഇവയെല്ലാംകൂടി വിചാരിക്കുന്തോറും അവളുടെ ബുദ്ധി മന്ദിക്കുകയും, അവൾക്കറിയാവുന്ന പരമാർത്ഥങ്ങൾകൂടി ധൂമപടലത്തിനുള്ളിലുള്ള അഗ്നി സ്ഫുലിംഗങ്ങൾപോലെ പലപ്പോഴും അവ്യക്തമായും, തമോവൃതമായും പാറിപ്പറക്കുകയും ചെയ്തു. മനുഷ്യജീവിതത്തിലെ വൈരുദ്ധ്യങ്ങളും വ്യാകുലതകളും രസകരമാണെന്നു വാദിക്കുന്ന തത്വജ്ഞാനികൾകൂടിയും ഇത്തരം അവസ്ഥാഭേദങ്ങൾ ആഗതമാകുമ്പോൾ ജീവിതം ക്ലേശസമ്പൂർണ്ണമാകയാൽ ഉപേക്ഷണീയമെന്നു കരുതുന്ന സ്ഥിതിക്കു രാജ്ഞിമകൾ, അന്നത്തെ സംഭവങ്ങളും അന്നത്തെ ചരിത്രവും, എത്രമാത്രം ദുഃഖദായകമായിരിക്കുന്നുവെന്നു പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. എങ്കിലും ഏറെക്കാലമായി, മതവിഷയകമായ മനനപഠനങ്ങളിൽകൂടി ധൈര്യത്തെ സമാധാനയുക്തമാക്കി ചരിപ്പിച്ചുപോന്ന ആ യുവതി പ്രശാന്തതയെ പ്രാപിക്കുവാൻ ശ്രമിച്ചു. അവളുടെ സമാധാനം ഏതാണ്ട് ഇപ്രകാരമായിരുന്നു. "എല്ലാം തന്നെ ദൈവനിശ്ചയങ്ങളാണല്ലോ. അവർ പരിശുദ്ധയായതുകൊണ്ട് യാതൊരപകടത്തിനും വഴിയില്ല. അഥവാ അപകടമുണ്ടാകുകയാണെങ്കിൽ തന്നെയും അവർ പുണ്യശാലിനിയുമാണ. പക്ഷേ അവളുടെ ജീവിതം ഈ രീതിയിൽ കലാശിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. അല്ലെങ്കിൽ അവളെപ്പോലുള്ള നിഷ്കളങ്കകൾക്കാണല്ലോ, കാപട്യത്തിനും വഞ്ചനക്കും, അധർമ്മത്തിനും അന്യായത്തിനും വിളനിലമായ ഈ ലോകം ദുരിതപ്രദമായിരിക്കുന്നത്. എന്തായാലും അവർ പുണ്യശാലിനിയാണ്, ഭാഗ്യവതിയാണ് — തർക്കമില്ല. അവളുടെ ജീവിതം ഇളപ്രായത്തിൽ തന്നെ അവസാനിക്കണമെന്നാണോ ദൈവനിശ്ചയം! എന്തിനാണു ഞാൻ അനാവശ്യവിചാരങ്ങളെ പുലർത്തിക്കൊണ്ടു വരുന്നതു? ഒരിക്കലും അങ്ങിനെ സംഭവിക്കയില്ല. അവർ സുഖമായിട്ടാണിരിക്കുന്നതെന്ന് എന്തുകൊണ്ടു ഞാൻ കരുതുന്നില്ല? ഹാ! മനസ്സേ! നീ എപ്പോഴും ആപത്തിനെപ്പറ്റി മാത്രം ശങ്കിക്കുന്നവളല്ലോ! എന്തുകൊണ്ടാണു നീ അതിന്റെ മറുപുറത്തെപ്പറ്റി ആലോചിക്കാത്തതു? എന്തായാലും അവളെപ്പറ്റി അറിയാതെ ഇന്നു ഞാൻ ആഹാരം കഴിക്കുന്നതെങ്ങിനെ? എ

നിക്ക നിദ്രയുണ്ടാകുന്നതെങ്ങിനെ? ഹാ! നജീറേ! സോമീ! നിൻ
റ്റെ! നീ വേഗം ഇങ്ങോട്ടു വരുക.'' ഫാത്തിമ ഇപ്രകാരമെല്ലാം
വിചാരിച്ചുകൊണ്ടു സമയം കഴിച്ചുകൂട്ടി. ഇനി നമുക്കു പുരോ
ഹിതന്റെ ചെറുപ്പകാലം മുതൽക്കേ ലൗകിക ജീവിതത്തിന്റെ
പോക്ക് എവിടേക്കായിരുന്നുവെന്ന് നോക്കാം.

മിഥ്യാസുഖങ്ങളെപ്പറ്റി മനസ്സിലാക്കി,— ജ്ഞാനംകൊണ്ടും ഭ
ക്തികൊണ്ടും അനശ്വരമായതിനെപ്പറ്റി മാത്രം വിചാരിച്ച്, ന
ശ്വരമായ യാതൊന്നിനെപ്പറ്റിയും വിചാരിക്കാതെയും മോഹിക്കാതെ
യും ജീവിതംനയിച്ചുകൊണ്ടുപോകുന്ന പുരോഹിതൻ— അയഥാർത്ഥ വ
സ്തുക്കളുടെ നിലയും വിലയും, മറ്റും മായയും, ജ്ഞാനശക്തിയോപാദാ
നോളമനംകൊണ്ടു, നല്ലതുപോലെ മനസ്സിലാക്കിയിട്ടുള്ള തത്വസമ്പാ
ദകൻ— ശ്രീയേയും സ്ത്രീയേയും ബലശത്രുക്കളായി ഗണിച്ച സർവ്വ
ശ്വര ലീലകളെപ്പറ്റിയും രീതികളെപ്പറ്റിയും മറ്റും ചിന്തിക്കുന്ന
ത്യാഗിവര്യൻ— ലോകവ്യാപാരങ്ങളിലൊന്നിലുംതന്നെ ഇടപെടാതെ
ജീവിക്കുന്ന മതാചാര്യൻ, കേവലം ഒരു പരിചാരികയായ നജീറ,
രാജഗൃഹത്തിൽനിന്നും അന്തർദ്ധാനം ചെയ്തിരിക്കുന്നുവെന്ന വർത്തമാ
നം കേട്ടു, ഒരു ലൗകികനെപ്പോലെ, സന്താപചിത്തനായി,
വർദ്ധിച്ച ഉൽക്കണ്ഠയോടുകൂടി രാജപാതയിലേക്ക് അന്വേഷണാർത്ഥം
പോകുന്നതു കണ്ടാൽ മതാചാര്യന്മാരെന്നും പുറന്ന് നടക്കുന്ന ഇക്കൂ
ട്ടരെല്ലാം മഹാവഞ്ചകന്മാരെന്നല്ലാതെയെന്താണു പറയേണ്ടതു? സ
ന്യാസി, എത്രമാത്രത്തിൽ ഉൾപ്പെട്ടാലും താപസനാണ്; സ്ത്രീയെ
പ്പറ്റി അന്വേഷിക്കേണ്ട കാര്യം സന്യാസിക്കില്ല. അതിലും വിശേ
ഷിച്ച് രാജസ്ഥാനവുമായി യാതൊരു ബന്ധവും ഇല്ലാത്ത സന്യാസി
ക്ക അന്തഃപുരത്തിലെ പരിചാരികാ അന്തർദ്ധാനം ചെയ്തതിനെപ്പ
റ്റി അന്വേഷിക്കേണ്ട കാര്യമെന്താണുള്ളതു? അല്ലെങ്കിൽ, ലോ
കപ്രകൃതി രഹസ്യവും പ്രകൃതിപാരസ്യവുമാകുന്നെന്ന് ഇതിനു മുമ്പും പ
റഞ്ഞിട്ടുണ്ടല്ലോ. ആ സ്ഥിതിക്ക സന്യാസിമാർക്കും, ലോകവ്യാപാര
ങ്ങളിൽ ചേരിയുടെ സ്ഥാനമുണ്ടെന്നു വിചാരിക്കുന്നതാണ് ഉത്തമം.—
കഥ എങ്ങിനെയായി?— ആർക്കറിയാം!!

പുരോഹിതൻ മൈതാനത്തിൽ നിന്നും പുറത്തേക്കിറങ്ങി നേ
രെ പോയതു കാസിമിന്റെ ഗൃഹത്തിലേക്കായിരുന്നു. അദ്ദേഹം അ
വിടെ ചെല്ലുന്നതിനു മുമ്പേ തന്നെ വഴിയിൽവെച്ചു ഹാക്കിമിനെ
കണ്ടു. ഹാക്കിമിനെ പലപ്പോഴും കണ്ടിട്ടുണ്ടെന്നല്ലാതെ, ഇതുവരെ,
അവർ തമ്മിൽ വിശേഷിച്ചു വർത്തമാനങ്ങൾ യാതൊന്നും പറഞ്ഞി

ട്ടില്ല. യാചകനും സന്യാസിയും തമ്മിൽ വലിയ വ്യത്യാസങ്ങളൊ
ന്നും തന്നെയില്ലെന്നു യാചകന്റെ കുടിലിൽ നിന്നും സന്യാസിയു
ടെ ആശ്രമത്തിലേക്കുള്ള ദൂരം ഇത്രമാത്രമാണെന്നും, ഹാക്കിം അദ്ദേഹ
ത്തെ കാണുമ്പോഴെല്ലാം വേദാന്തികസിദ്ധാന്തത്തോടുകൂടി തന്നെ
പറയാറു പതിവുണ്ട്. അന്നും പതിവുപോലെ പുരോഹിതനെ കണ്ട
ഉടനെ ഹാക്കിം പറഞ്ഞു തുടങ്ങി:—"ഇന്നു ഹാക്കിമിനു വല്ലതും ത
രണം. ഇന്നു കൊട്ടാരത്തിൽ നിന്നും പിച്ചക്കാരനു യാതൊന്നും കി
ട്ടാൻ വഴിയില്ല. അവിടെ കുഴപ്പം ബഹളമാണ്. നമ്മൾ തമ്മിൽ
വളരെ വ്യത്യാസങ്ങളൊന്നും തന്നെയില്ലല്ലോ. എന്തു ചെയ്യാം! ഒരു
പെണ്ണുവന്നു താമസിച്ചതു് എന്തു പൊതുകാട്ടിലോ പന്തു കിടക്കുന്ന
പോലല്ലേ സോഫി കൊച്ചമ്മ പറഞ്ഞതു്. ഹാക്കിം തെണ്ടി തുട
ങ്ങിയിട്ടു വളരെ കൊല്ലങ്ങളായി. ഇതിനെയൊന്നും ഇതിനു മുൻപു
കേട്ടിട്ടില്ല. വെളുത്ത പെണ്ണായിരിക്കാം. എന്നാൽ കറുത്ത മുറിയിൽ
കാണും. കൊട്ടാരത്തിലെ നീതികളാണു് ഇക്കാലത്തു് ഇതെല്ലാം!
ഹാക്കിമിനു വല്ലതും തന്നാൽ പോരല്ലോ ഉള്ളതായിരുന്നു. വരവു തന്നി
തലയിൽ കയറി" ഹാക്കിമിന്റെ ഈ വർത്തമാനം കേട്ടു പുരോഹി
തൻ തന്റെ ഗതി നിർത്തി അവിടെ നിന്നു് ഉൽക്കണ്ഠയോടെ ചോ
ദിച്ചു:—

"നീ പറഞ്ഞതൊന്നും മനസ്സിലായില്ലല്ലോ. നേരിയായെന്തോ ക
ഴിച്ചതു്?

ഹാക്കിം—എന്തു പിറയാ ആരുകറിയാം. കുമാരസ്വാമി കൊട്ടാരത്തി
ന്റെ അടുക്കൽ ചെന്നിരുന്നുവെന്നും അപ്പോൾ ശ്രമിച്ചു പറഞ്ഞു
വെന്നും. എന്തോ! ആർക്കറിയാം വിധിയെല്ലാം കൊട്ടാരത്തിലും
വിധി തന്നെയാണ്. തലയിലെഴുത്തു് അമർത്തി ഒന്നാകെ ചെ
യ്യുമ്പോൾ മാറ്റത്തു പോകുമോ? അതെല്ലാം അങ്ങിനെ തന്നെ!

പുരോ—ആകട്ടെ. താൻ എന്തെല്ലാമാണു കേട്ടതു്? ഒന്നു വിസ്തരിച്ചു
പറയൂ; ഞാൻ കേൾക്കട്ടെ.

ഹാക്കിം—എന്റെ തിരുമേനി! ലോകമെല്ലാം മായയാണെന്നു പറ
യുന്ന നിങ്ങൾക്കൊക്കെ കൊച്ചുപെണ്ണുങ്ങളുടെ കാര്യമന്വേഷിച്ചി
ട്ടു് എന്തു കാര്യമാണുള്ളതു്? അള്ളാവിനെപ്പറ്റി വിചാരിച്ചാൽ
പുണ്യമുണ്ടല്ലോ. ഹാക്കിമിനു പിന്നെ അതൊന്നും സാധിക്കയില്ല.
വല്ല പടിക്കലും ചെല്ലുമ്പോൾ മാത്രമേ അള്ളാവിനെപ്പറ്റി ഓർ
ക്കുവാൻ സൌകര്യമുള്ളു. നിങ്ങൾക്കങ്ങിനെയൊന്നുമല്ലല്ലോ. ഇതെ
ല്ലാം തങ്ങൾ ചെയ്യുന്നതു പോലെയാണ്. അനുഭവിക്കാതെ ക
ഴിയുമോ?

പുരോ — എന്ത്! ഞാൻ ചെയ്യുന്നതു പോലെയോ! നീ എന്ത് അസംബന്ധം പറയുന്നു?

ഹാകിം — അല്ലാ, തങ്ങൾ എന്ത് പറഞ്ഞാൽ അപ്പോഴവൻ എന്താണ് ഹാകിം പറഞ്ഞതു്.

പുരോ — അവൾ എവിടെയാണെന്ന് നീ അറിഞ്ഞില്ലേ? ഉണ്ടെങ്കിൽ എന്നോടു പറയു.

ഹാകിം — അയ്യോ! നമ്മൾ ഇങ്ങിനെ തെണ്ടിയും തിരിഞ്ഞും വല്ല തെരുവിലും കിടന്ന് കഴിച്ചു കൊള്ളട്ടെ. എന്തിനാണ് ഹാകിമിനെ ഇങ്ങിനെയൊക്കെ ഉപദ്രവിക്കുന്നതു്.

പുരോ — ഞാൻ ഉപദ്രവിക്കയില്ല. വല്ല സംഗതിയും അറിഞ്ഞെങ്കിൽ എന്നോടു പറഞ്ഞാൽ കൊള്ളാമായിരുന്നു. അല്പം സമാധാനത്തിന് വകയുണ്ട്. അത്രയുള്ളൂ.

ഹാകിം — ആ സോഫിക്കാപ്പിരി അതെല്ലാം പറയും. ഇപ്പോൾ കൊട്ടാരത്തിൽ നിന്നും അവിടെ വന്നു ചേർന്നിട്ടുണ്ട്. ലോകത്തിലുള്ളവരുടെ എല്ലാം ജാതകം അവിടെ ഇരിപ്പുണ്ടല്ലോ. ഒന്നുമില്ലാത്ത ഹാകിമിൻെറ ജാതകംകൂടി അവിടെയാണിരിക്കുന്നതു്.

പുരോ — എന്നാൽ ഞാൻ അങ്ങോട്ടു പോകട്ടെ. നീ നാളെ ദേവാലയത്തിൽ വന്നാൽ നിറയെ ആഹാരം തരാം. ഇപ്പോൾ എൻെറ കൈവശം യാതൊന്നും തന്നെയില്ല.” ഇത്രയും പറഞ്ഞ് അദ്ദേഹം സത്വരം സോഫിയുടെ ഗൃഹത്തിലേക്ക നടന്നു. പുരോഹിതൻ പടികടന്നു അകത്തു പ്രവേശിക്കുന്നതു കണ്ട് കാസിം എഴുന്നേററ് അദ്ദേഹത്തെ ഉപചരിച്ചു. സോഫി അന്നു ചിരിച്ചുകൊണ്ടുതന്നെ അദ്ദേഹത്തിന് സ്വാഗതമരുളി. സോഫിയുടെ മുഖം സുപ്രസന്നമായിരുന്നുവെങ്കിലും കാസിമിൻെറ മുഖം വല്ലാതെ ഇരുണ്ടിരുന്നു. പുരോഹിതൻ അവരോട് ഇങ്ങിനെ ചോദിച്ചു:— “ഇന്നു ചില വർത്തമാനങ്ങൾ കേട്ടല്ലോ. എന്താണതെല്ലാം പരമാർത്ഥമാണോ?” പുരോഹിതൻെറ ചോദ്യം കേട്ട ഉടനെ കാസിം കരഞ്ഞുതുടങ്ങി. ഉടനെ സോഫി ചിരിച്ചു. അവൾ ഇങ്ങിനെ പറഞ്ഞു:— “എന്തിനു പറയുന്നു! ഇങ്ങിനെയൊക്കെ വരണം! അവളോട് ഞാൻ അന്നുതന്നെ പറഞ്ഞതാണ കൊട്ടാരത്തിൽ സൂക്ഷിച്ചു പെരുമാറണമെന്ന്! അല്ലെങ്കിൽ ദ്രോഹിക്കാൻ പലരുമുണ്ടാകുമെന്ന് അറിയാൻ പാടില്ലെങ്കിൽ പറഞ്ഞു കൊടുത്താലും? ഇപ്പോൾ അനുഭവിച്ചു തന്നെ അറിഞ്ഞു.” സോഫിയുടെ

ഈ സമാധാനത്തിന്റെ അൎത്ഥം മനസ്സിലാകാതെ പുരോഹിതൻ വീണ്ടും ചോദിച്ചു:—"എനിക്ക് യാതൊന്നും മനസ്സിലായില്ല. നസീറ എവിടെയോ ഒളിച്ചുകിടക്കുന്നുവെന്നാണ് അറിഞ്ഞിട്ടുള്ളത്. അതു വാസ്തവമാണോ? അല്ലെങ്കിൽ എന്തിനെ സംഭവിച്ചുവെന്നറിഞ്ഞാൽ കൊള്ളാം."

സോഫി— എന്താണു പറയുന്നു! അവൾ സെലിം രാജകുമാരനെ വശീകരിച്ചുവെന്ന് അംബികാദേവിയറിഞ്ഞു. ദേവി ഉടനെ തന്നെ ചണ്ഡന്മാർവശം അവളെ ഏല്പിച്ചു കൊന്നുകളയുവാൻ ആജ്ഞാപിച്ചു. പ്രഭാതത്തിൽ തന്നെ അവർ അവളെ ഏതോ ചെളിക്കുളത്തിൽ ഇട്ടു ചവുട്ടി കൊന്നുകളയുകയല്ലേ ചെയ്തതു്. രാജകല്പനയ്ക്ക് നീക്കമുണ്ടോ? എന്തു ചെയ്യാം. നിവൃത്തിയില്ലാഞ്ഞാൽ ഇങ്ങിനെയൊക്കെ സംഭവിക്കും. പക്ഷെ നല്ലൊരു പെൺകുട്ടി—എന്തു ചെയ്യാം!

പുരോ— അയ്യോ! അങ്ങിനെയാണെങ്കിൽ ദേവി സ്വല്പം ചിന്തയാണല്ലൊ! ദേവിയെപ്പറ്റി പൌരന്മാൎക്കുള്ള നല്ല അഭിപ്രായമെല്ലാം ഇപ്പോൾ നീങ്ങും. സംശയമില്ല. ദേവിക്കു വളരെ ധൈൎയ്യവും, വിദ്യയുമുണ്ടെന്നു സാമ്രാജ്യത്തിലെങ്ങും നല്ല അഭിപ്രായമാണുള്ളതു. ഇങ്ങിനെയായാൽ ആ നല്ല പേര് കെടാതിരിക്കുന്നതെങ്ങിനെ?

സോഫി—അതിൽ ദേവിയെ കുറ്റപ്പെടുത്താനില്ല. ഇതെല്ലാം ആരായാലും ചെയ്തുപോകുന്നതല്ലേ? പക്ഷെ ദേവിയും അത്ര നല്ലതും മറ്റുമല്ല വളരെ ദുഷ്ടയാണ്. പക്ഷെ നമ്മൾക്കതു വല്ലതും പറയാമോ? നമ്മുടെ വായ്മൂടിക്കളയുകല്ലേ; എന്നുമാത്രമല്ല ഇപ്പോളത്തെ കൊട്ടാരത്തിലെ കാൎയ്യമെല്ലാം വളരെ കഷ്ടമാണ്. അയ്യോ മരിച്ചുപോയിരുന്നതു മുതൽ ചക്രവൎത്തിക്കുടിയും ആരംഭിച്ചാണ പെരുമാറുന്നതു! കുമാരസേനനെ ചക്രവൎത്തി നാടുകടത്തി കളഞ്ഞില്ലേ? പാവം! ഇപ്പോൾ വിന്ധ്യപൎവ്വതത്തിനപ്പുറത്തെങ്ങാനോ ജീവിക്കുകയാണ്! നസീറ ഇങ്ങിനെയും പോയി. പിന്നെ നമ്മളെ സംബന്ധിച്ചിടത്തോളം, ഞാൻ കണ്ണിലും ചോരാതെ നമ്മുടെ കാൎയ്യം എന്നു പറഞ്ഞു കഴിഞ്ഞിരിക്കയാണ.

പുരോ—അതു ശരിയാണ. കുമാരസേനനെ നാടുകടത്തിയതെന്തിനാണ്? ഇതാരറിഞ്ഞു? ചക്രവൎത്തിയുടെ കാൎയ്യങ്ങളൊന്നും തന്നെ ആൎക്കും നിശ്ചയമില്ല. അദ്ദേഹം ഇന്നു ദില്ലിക്ക് പോയതെന്തിനാണെന്നറിയാമോ?

സോഫി — ദില്ലിക്ക പോയിയെന്നറിയാം. മറെറാന്നും അറിഞ്ഞുകൂടാ. ഇനി നസീർ ചത്തുപോയിയെന്നറിയുമ്പോൾ ഉണ്ടാകുന്ന കഴ്ച്ച കണ്ടറിയേണ്ടതാണ്. അസാക്കളി! എന്നും പറഞ്ഞു കരയുന്നതു കാണിച്ചു തരാം. ഇതെല്ലാം നന്നല്ലന്നറിയാനാമോണോ?

പുരോ — രാജകുമാരൻ ഇതൊന്നും അറിഞ്ഞില്ലേ? ഒരുപക്ഷേ അവിടെ ഇല്ലായിരിക്കാം!

സോഫി — അറിഞ്ഞു! അറിഞ്ഞു! കുറച്ചു നേരമേ ആയുള്ളൂ. അറിഞ്ഞ ഉടനെ നെഞ്ചത്തു കൈകൊണ്ടു വെച്ചു ലജ്ജയില്ലാതെ കിടന്നു നിലവിളിക്കുന്നു. അത്ഭുതമാണ്! ദേവി കൊന്നു കളഞ്ഞുവെന്നു പറയുമോ? ചത്തതു ഇനി ജീവിച്ചുവരികയും മറ്റും ഇല്ല.

പുരോ — അദ്ദേഹം അവളുടെ ശവം കാണാനെങ്കിലും ആഗ്രഹിച്ചില്ലന്നോ! വളരെ സ്നേഹമാണെങ്കിൽ അങ്ങിനെയൊക്കെ ആഗ്രഹിക്കാതിരിക്കുമോ? നിശ്ചയമായും അവളുടെ മൃതശരീരമെങ്കിലും കാണാതിരിക്കയില്ല.

സോഫി — മൃതശരീരം ഉടൻതന്നെ യമുനാനദിയിൽ ഒഴുക്കി കളഞ്ഞില്ലേ! ഇനി അതു കാശിയിൽ ചെന്നു തപ്പിയാൽ മതി. അദ്ദേഹത്തിനു അങ്ങിനെയൊന്നും സ്നേഹമില്ല. കാര്യം കാണാനുള്ള സ്നേഹം മാത്രമല്ലാതെ ഇക്കൂട്ടർക്കുണ്ടോ? അതു കഴിഞ്ഞാൽ പിന്നെ കണ്ടാലും പിടികിട്ടാത്ത ഒരു വകയാണത്. സ്നേഹമുണ്ടായിരുന്നെങ്കിൽ പിന്നെ ഇങ്ങിനെയൊക്കെ വരുമായിരുന്നോ? എല്ലാവർക്കും ഇതുതന്നെയാണു ഗതി. ഇനി ഒരു മെഹറിനെ എവിടെയോ കുടിവെച്ചിട്ടുണ്ടു. ആ പ്രേതത്തിന്റെ താമസം ഏതു ഗുഹയിലാണെന്നു ആർക്കും നിശ്ചയമില്ല. അതു ഇതിനേക്കാൾ അസത്താണു! അതിനും ഗതി ഇതുതന്നെയാണു; സംശയമില്ല. എവിടെയോ ചത്തുകിടക്കുന്നുണ്ടെന്നു ഒരിക്കൽ കേൾക്കാം. ഇവറ്റകളുടെ എല്ലാം അനുഭവം ഇപ്രകാരമല്ലാതെ വരുമോ? പുരുഷന്മാരെ വേണം സ്ത്രീകൾ സ്നേഹിക്കുവാൻ! പക്ഷെ നമ്മൾക്കിതെല്ലാം പറഞ്ഞിട്ടെന്തു കാര്യം! എല്ലാം കലാശിച്ചു. ഇപ്പോൾ അനുഭവം കൊണ്ടു ഞാൻ പറഞ്ഞിട്ടുള്ളതെല്ലാം ശരിയാണെന്നു മനസ്സിലായിരിക്കണം.

പുരോ — ഞാൻ ഇതു കേട്ടപ്പോൾ വളരെ സങ്കടപ്പെട്ടു. പക്ഷെ ഞാൻ അവളോടു ഇതെല്ലാം വളരെ മുമ്പെതന്നെ പറഞ്ഞിട്ടുള്ളതാണ. ഇതെല്ലാം ഇപ്പോൾ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ അവൾ [illegible]

സോഫി— ഇതെന്തൽഭുതമാണു! ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നോ! കൊള്ളാം! എന്നാൽ ചത്തവരൊക്കെ ജീവിച്ചുവരും. ഇവർക്കു ജീവിക്കാമെങ്കിൽ ആർക്കാണു ജീവിക്കാൻ പാടില്ലാത്തതു?

പുരോ— അതെ! ചത്തവരൊക്കെ ജീവിക്കുമെന്നാണു എനിക്കുതോന്നുന്നതു. അങ്ങിനെ പല കഥകളും നമ്മൾ കേട്ടിട്ടില്ലേ?

സോഫി— അതെല്ലാം പള്ളിയിലെ കഥകളാണു. അതു ഇവിടെ എങ്ങും തന്നെ പതിവില്ല.

പുരോ— എന്തോ ആർക്കറിയാം? പള്ളിയിലും പുറത്തുമെല്ലാം ജീവിച്ചുവരും. അധികം താമസമില്ല.

സോഫി— എനിക്കു ഈ പഴങ്കഥയൊന്നും കേൾക്കേണ്ട. ഞാൻ കൊട്ടാരത്തിലേക്കു പോകട്ടെ. നേരമായി!"

സോഫി ഇത്രയും പറഞ്ഞു കൊട്ടാരത്തിലേക്കു യാത്രയായി.

സോഫി പോയിക്കഴിഞ്ഞ ഉടനെ കാസിമിനോടായിട്ടു പുരോഹിതൻ ചോദിച്ചു. "റജീന എവിടെ കിടക്കുന്നുവെന്നാണു സോഫി പറഞ്ഞതു? നിങ്ങൾക്കു അതിനെപ്പറ്റി വല്ലതും അറിയാമോ? ഇവിടെ യാതൊന്നും പറഞ്ഞിട്ടില്ലായിരിക്കാം. എന്താണു നിങ്ങൾ മിണ്ടാതെ നില്ക്കുന്നതു?

കാസിം— തിരുമേനി! എല്ലാം വിധിതന്നെയാണു! എനിക്കു അതിനെ പറ്റിയാതൊന്നും അറിവാൻ കഴിഞ്ഞിട്ടില്ല. പരമാർത്ഥം പറഞ്ഞാൽ ആദ്രോഹിതന്നെയായിരിക്കണം ഇതിനെല്ലാം കാരണം. ഞങ്ങൾ തമ്മിൽ കുറച്ചുദിവസങ്ങളായിട്ടു അത്ര രസമല്ല. എനിക്കു ഈ നാശത്തിനെ വല്ലതരത്തിലും ഒഴിക്കണമെന്നു മാത്രമേ ഉദ്ദേശമുള്ളു. പണ്ടുള്ളപ്പോഴില്ലേ?

പുരോ— നിങ്ങൾ പിന്നെ എന്തിനാണു ഈ സ്ത്രീയെ വിവാഹം ചെയ്തതു?

കാസിം— തലയിലെഴുത്തുതന്നെ. അവിടുന്നു അതൊന്നും എന്നോടു ചോദിക്കരുതു. ഞാൻ ആ വിവരമെല്ലാം ഇതിനു മുൻപു യോഗീശ്വരനോടു മാത്രമേ പറഞ്ഞിട്ടുള്ളു. ഇവൾ പെഷ്വാറിൽ താമസിക്കുന്ന കാലം ഞാൻ ഇവളുടെ സൌന്ദര്യം കണ്ടു കൊതിച്ചു വിവാഹം ചെയ്തുപോയതാണു. ഇവൾ ഇത്ര ചീത്തയാണെന്നു അന്നറിഞ്ഞില്ല!

പുരോ— നിങ്ങൾ തമ്മിൽ പിണങ്ങിയതെന്തുകൊണ്ടാണു! അവൾ ദുഷ്ടയാണോ?

കാസിം — അതൊന്നും എനിക്കറിഞ്ഞുകൂടാ. ഗുണങ്ങളൊന്നും അവർക്കില്ല. ദോഷങ്ങളെല്ലാംതന്നെ ഉണ്ടു. ഇതാണു അവളുടെ സ്വഭാവം. അവർതന്നെ നദീറയെ ദ്രോഹിച്ചിട്ടുണ്ടു. ഒരുപക്ഷേ അവർ കൊട്ടാരത്തിൽ തന്നെ വല്ല സ്ഥലത്തും കിടന്നുപുഴുത്തിട്ടുണ്ടാവാം. അവർ ഇതെല്ലാം അനുഭവിക്കാതെ കഴിയുമോ? എല്ലാം മറഞ്ഞു ഒക്കെ മറന്നു. എല്ലാംവിധിതന്നെയാണേ! ഇന്നാൾ"

പുരോ — ഇന്നാൾ എന്താണു? കാസിം ഒന്നും ഇതാ പറയുന്നില്ലല്ലോ! എല്ലാം പറയണം.

കാസിം — പെട്ടി ആരോ കൊണ്ടുപോയിയെന്നു പറഞ്ഞില്ലേ? അന്നു എന്തോ ഇവിടെ നിന്നും ഒട്ടി ഓടിച്ചതല്ലേ? അതെല്ലാം ഇവർ അനുഭവിക്കാതെ കഴിയുമോ! ഒക്കെ തലയിലെഴുത്തു തന്നെയാണു"

കുറച്ചുസമയംകൂടി, ഓരോ വർത്തമാനങ്ങൾ പറഞ്ഞുകൊണ്ടു പുരോഹിതൻ കാസിമിന്റെ ഗൃഹത്തിൽതന്നെ ഇരുന്നു. അതിനു ശേഷം, അവിടെനിന്നും ഇറങ്ങി കൊട്ടാരത്തിന്റെ ഗോപുരദ്വാരത്തിലേക്ക് യാത്രയായി. അവിടെ, ഭടന്മാർ പാളയമടിച്ചു പാർക്കുന്ന ഒരു പ്രത്യേകസ്ഥലത്തുചെന്നു അദ്ദേഹം അല്പസമയം വിശ്രമിച്ചു. ആഗ്രായിലെ പരിശുദ്ധദേവാലയത്തിലെ പുരോഹിതനും, ഒരു നല്ല വിദ്വാനും, തപോധനനുമായിരുന്ന അദ്ദേഹത്തെ കണ്ടപ്പോൾ, ഭടന്മാരെല്ലാവരും വിനീതരായെഴുന്നേറ്റു അദ്ദേഹത്തെ ഉപചരിച്ചു. അദ്ദേഹം അവരിൽ ഒരാളെ വിളിച്ചു ഇപ്രകാരം ചോദിച്ചു:– "നിങ്ങൾ ഇന്നു നടന്ന സംഭവത്തെപ്പറ്റി അറിഞ്ഞിട്ടുണ്ടായിരിക്കാം. ആരാണു നദീറയെ മറിച്ചതു്? ചക്രവർത്തി ഇന്നു എന്തൊക്കെയാണു എഴുന്നള്ളിയിരിക്കുന്നതു്? ഇതെല്ലാം നിങ്ങൾക്കറിയാമെന്നുദ്ദേശിച്ചു് ഞാൻ ചോദിക്കുന്നതാണു്.

ഭടൻ — ഞങ്ങളിലാരുംതന്നെ ആ സാധുവിനെ ഉപദ്രവിച്ചിട്ടില്ല. അന്നു ദേവാലയത്തിൽവച്ചു കണ്ടപ്പോൾ ചില നേരമ്പോക്കുകൾ പറഞ്ഞെന്നല്ലാതെ അതിൽ പിന്നീടു ഞങ്ങളുടെ ഒരു സോദരിയെപ്പോലെയാണു ഞങ്ങൾ അവളെ കരുതിവരുന്നതു്. ചണ്ഡന്മാരാണു അവളെ കൊണ്ടുപോയതെന്നും അവർ അവളുടെ കൈകൾ ഛേദിച്ചുവെന്നും പറയുന്നുണ്ടു്. ചിലർ പറയുന്നതു കമാൻ ഉടനെ മരിച്ചു എന്നുമാണു്. പിന്നെ ചിലർ പറഞ്ഞിട്ടുള്ളതു സോഫി കൊന്നുകളഞ്ഞുവെന്നാണു്. സോഫി പറഞ്ഞു

നഗരി യമുനാനദിയിൽ ചാടി എന്നു കളഞ്ഞെന്നാണ്. ഏതാ
യാലും ഇപ്പോൾ കാണാനില്ല. ചക്രവർത്തി ഇവിടെ ഇല്ലാതി
രിക്കുന്നതു വളരെ നന്നായി. രാജകുമാരൻ കുതിരപ്പടകളെ ചു
റ്റും അയച്ചിട്ടുണ്ട്. ആരും ഇതുവരെ തിരിച്ചുവന്നിട്ടില്ല. ഏതാ
യാലും അവിടുന്ന് കൊട്ടാരത്തിന്റെ അകത്തേക്കു ചെന്നാൽ പ
രമാർത്ഥമറിയാം. അവിടെ നടക്കുന്നതെല്ലാം ഞങ്ങൾ അറിയു
ന്നതെങ്ങിനെ? ചക്രവർത്തിയുടെ യാത്രതന്നെയും വളരെ രഹ
സ്യമാണ്. പതിവുപോലെയുള്ള ആഡംബരങ്ങളൊന്നും ഇത്ത
വണ ഉണ്ടായില്ല. ഒരു പക്ഷേ ഉടൻ തിരിച്ചുവരുമെന്നും അറി
യുന്നുണ്ട്. വന്നുകഴിഞ്ഞാൽ പിന്നെ എന്താണാവോ സംഭവിക്കു
ന്നതു്? ഇന്നു ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്തെല്ലാം കേൾ
ക്കാമായിരുന്നു. ചക്രവർത്തി ഉണ്ടായിരുന്നെങ്കിൽ ഒരു നിമിഷം
കൊണ്ടു പരമാർത്ഥം പുറത്തുവരുമായിരുന്നല്ലോ"

ഉടൻ ഇത്രയും പറഞ്ഞപ്പോൾ "എന്നാൽ ഞാൻ ഒന്നു കൊ
ട്ടാരത്തിനുള്ളിൽ പോയി, വിവരമറിഞ്ഞുകൊണ്ടു തിരിച്ചുവരാം" എ
ന്നു യാത്രപറഞ്ഞു പുരോഹിതൻ സെലിംരാജകുമാരന്റെ കൊട്ടാരത്തി
ന്റെ മുൻവശമുള്ള ഗോപുരവാതുക്കൽകൂടി മതിൽക്കെട്ടിനുള്ളിൽ പ്ര
വേശിച്ചു.

ഇരുപത്തൊമ്പതാം അദ്ധ്യായം.

അംബികാദേവി നസീറയുടെ അന്തൎദ്ധാനത്തെപ്പററി കേട്ട ഉടൻതന്നെ ഒരു പരിചാരകനോടു സെലിം രാജകുമാരനെ വിവരം ധരിപ്പിക്കണമെന്നാജ്ഞാപിച്ചതായി പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അയാൾ പോയതിന്നുശേഷം ദേവി, കണ്ണീർ വാൎത്തുകൊണ്ടു മണിമഞ്ചത്തിൽ പ്രവേശിച്ചു ശയിച്ചു. ദേവി ഇപ്രകാരം വിചാരിച്ചു "കഷ്ടം! ദുഷ്കാലം ഇനിയും നീങ്ങിയില്ലല്ലൊ. അവളെപ്പററി എനിക്കുണ്ടായിരുന്ന സകലവിധസംശയങ്ങളും അസ്തമിച്ചുകഴിഞ്ഞു. ഞാൻ ചെയ്തുപോയ അപരാധത്തെ പൊറുക്കണമെന്നു അവളോടു ഞാൻ ഒരു ദാസിയെപ്പോലെ യാചിച്ചു, പക്ഷെ എന്തുഫലം! അവൾ ഇഹലോകം നിൎമ്മലയും ലോകത്തിലെ യാതൊരു വസ്തുവും അറിവാൻ സാധിച്ചിട്ടില്ലാത്തവളുമാണ്. അതുകൊണ്ടുതന്നെയാണ എന്റെ അടുക്കൽ വന്നു, ഇവിടുത്തെ അവൾ കുമാരനോടു യാതൊരുവിധത്തിലും പ്രേമമുണ്ടെന്നു, ഒരിക്കലും ഇല്ലെന്നു പറഞ്ഞതു്. ഒരു പക്ഷെ സ്വാത്മനാശത്തെപ്പററി നേരത്തെതന്നെ ആലോചിച്ചിട്ടായിരിക്കാം അവൾ ഇപ്രകാരം പ്രവൃത്തിച്ചിട്ടുള്ളതു്! ഈ വിവരമറിഞ്ഞിരുന്നെങ്കിൽ ഞാൻ അവളെ എന്റെ മണിയറയിൽനിന്നു പുറത്തു പറഞ്ഞയക്കുകയില്ലായിരുന്നു. ഇനി ഇതെല്ലാം പറഞ്ഞിട്ടു എന്തു കാൎയ്യസാദ്ധ്യമാണുള്ളതു്? സൎവ്വേശ്വരാ! കുമാരൻ ഇതിനെപ്പററി അറിഞ്ഞുകഴിഞ്ഞാൽ ഞാൻമൂലം നസീറ മൃതയായിയെന്നു ധരിക്കാതിരിക്കയില്ല. അദ്ദേഹം നിശ്ചയമായും എന്നെ ഇന്നുതന്നെ വധിക്കും. പാവം! ഞാൻ മരിക്കുന്നതിൽ എനിക്കു സങ്കടമില്ല. ഞാൻ ആ ശിക്ഷക്കു അൎഹതന്നെയാണു്. ആ സാധു നസീറ അദൃശ്യയായതു് ഞാൻ മൂലമാണല്ലൊ. ഹാ! ഞാൻ എന്തെല്ലാം സമാധാനങ്ങൾ അവളോടു പറഞ്ഞു. അവയൊന്നുംതന്നെ അവൾ ശ്രദ്ധിച്ചില്ല. ഞാൻ, കേവലം സ്വാൎത്ഥതല്പരയും, ദുഷ്ടയുമാണെന്നു അവൾ ധരിച്ചിട്ടുണ്ടാവാം. അല്ലെങ്കിൽ, ഞാൻ പറഞ്ഞതൊന്നും വകവെക്കാതെ അവൾ മൃതിയുടെ വക്ത്രത്തിലേക്കു കുതിച്ചുചാടിയതെന്തിനാണ്? ഹാ! സോദരീ! നീ എന്നെ വേർപെട്ടു എവിടെപ്പോയിരിക്കുന്നു? ഇന്നുവരെ ഭൎത്താവിന്റെ അപ്രീതിക്കു യാതൊരുതരത്തിലും പാത്രമാകാതെ സന്തോഷിയായി ജീവിച്ചതുകൊണ്ടു എന്തു ഫലം? ഞാൻ അറിയാതെതന്നെ എന്നെ മഹാപാപത്തിൽ ആഴ്ത്തിക്കളഞ്ഞുവല്ലൊ! ദൈവമേ! ഇനി ഞാൻ ജീവിക്കുന്നതെന്തിനു? അല്ലെങ്കിൽ എന്റെ ജീവിതം കുമാരൻ അവിടെ വരുന്നതുവരെയല്ലാതെ നീളുകയില്ലല്ലൊ".

ദേവി ഏവംവിധങ്ങളായ ചിന്തകളോടുകൂടി അവിടെത്തന്നെ കിടന്നു. ഇനി നമുക്കു സെലിമിന്റെ സ്ഥിതിയെന്താണെന്നു നോക്കാം. പരിചാരകൻ കുമാരന്റെ സ്വകാര്യമന്ദിരത്തിൽ ചെന്നപ്പോൾ അദ്ദേഹംഎന്തോഎഴുതിക്കൊണ്ടിരിക്കുകയായിരുന്നു. അയാൾ ഇതു കണ്ടു കുറച്ചുനേരം പുറത്തുതന്നെ നിന്നുവെങ്കിലും, ഒടുവിൽ ധൈര്യമവലംബിച്ച് അകത്തു പ്രവേശിച്ചപ്പോൾ രാജകുമാരൻ അയാൾ ഒതുങ്ങി നില്ക്കുന്ന വശത്തേക്കു തന്റെ മുഖം തിരിച്ച്; അയാൾ അവിടെ വന്നത് എന്തിനായിട്ടാണെന്നു ചോദിച്ചു. ചോദ്യത്തിനു ശരിയായ സമാധാനം പറയുവാനാകാതെ ആ ദാസൻ ഇത്രയും മാത്രം ഭയത്തിൽ അറിയിച്ചു—'തിരുമേനി! ദേവി അറിയിച്ചിരിക്കുന്നു നസീറ—' ഇത്രയും പറഞ്ഞ് അയാൾ അശോകതയിൽ വിതുമ്പി കരഞ്ഞുതുടങ്ങി. കുമാരൻ പരിഭ്രമചിത്തനായി, സിംഹാസനത്തിൽനിന്നും ചാടി എഴുന്നേറ്റു വീണ്ടും ചോദിച്ചു.—"എടാ മൂഢാ. എന്താണു സംഗതിയെന്നുടൻ പറയുക. നസീറ എവിടെ?—"കുമാരന്റെ ഈ വാക്കുകളുടെ ബാഹ്യപ്രകടനശബ്ദവും, വിറച്ചുകൊണ്ടുനിന്ന പരിചാരകനെ നിലം പതിപ്പിച്ചു. ഉടനെ അദ്ദേഹം മന്ദിരത്തിൽനിന്നും ആരാമത്തിലേക്കു ദ്രുതഗതിയായി നടന്നു.

ആ ആരാമത്തിൽ നിന്നിരുന്ന ഒരു ഭടൻ 'നസീറ കൊട്ടാരത്തിലേക്കുതന്നെ ഇല്ലെന്നും, അന്വേഷിച്ചതിൽ സ്വാത്മനാശംചെയ്തുവെന്ന് അറിഞ്ഞു എന്നും, ഒരുവിധത്തിൽ വളരെ നേരംകൊണ്ടു പറഞ്ഞു മനസ്സിലാക്കി. ഇതു കേട്ട ഉടനെ അദ്ദേഹം ചോദിച്ചു. 'നീ പറഞ്ഞത് ഞാൻ കേട്ടില്ല, വ്യക്തമായിപ്പറയുക. അവൾ മരിച്ചുപോയെങ്കിൽ എവിടെ കിടക്കുന്നു? എങ്ങിനെ മരിച്ചു? ആരാണുകൊന്നതു? എപ്പോഴാണു മരിച്ചതു്'? ഇന്നു അന്തഃപുരം മുഴുവൻ ഞാൻ നശിപ്പിക്കുന്നുണ്ടു' കുമാരന്റെ ഈ വാക്കുകൾക്കു ഉത്തരം പറയുവാൻ ഭടൻ തയ്യാറാവുന്നതിനുമുമ്പുതന്നെഅദ്ദേഹംഅന്തഃപുരത്തിനകത്തു് എത്തിക്കഴിഞ്ഞു. മണിമഞ്ചത്തിൽ വികാരസമ്പൂർണ്ണയായി; ബാഷ്പധാരാവിലാംഗിയായി ശയിക്കുന്ന ദേവി, പുറത്തു കാലടികളുടെ ശബ്ദം കേട്ടു ഉടനെ അസുപ്രാണൻ പരിത്യജിച്ചു. അവിടെനിന്നും എഴുന്നേറ്റു കുമാരൻ വേപഥുഗാത്രനായി അകത്തു പ്രവേശിച്ചപ്പോൾ ദേവി അദ്ദേഹത്തിന്റെ പാദതലത്തിൽ പതിച്ചുകഴിഞ്ഞു! ഹാ! പ്രണയശാലി! സാദ്ധ്വി! യഥാർത്ഥഭർത്തൃഭക്തിയുടെ മുമ്പിൽ ഏതു വജ്രഹൃദയമാണു അഗ്നിജ്വാലയിൽ നവനീതംപോലെ അലിയാത്തതു്? ഏതു കോപിഷ്ഠനാണ് പ്രശാന്തനാകാത്തതു്? ഏതു കഠോരിയുടെ വാൾത്തലയാണു മടങ്ങാത്തതു്?

ദേവി കാൽക്കൽ പതിച്ച സമയം രാജകുമാരന്റെ കോപത്തിൽ സാരമായ ഒരു ഭാഗം നശിക്കാതിരുന്നില്ല. അദ്ദേഹം ചോദിച്ചു 'അംബികേ! നസീറ എവിടെയാണ്? ഞാൻ അറിഞ്ഞതു പരമാർത്ഥമോ? എനിക്ക ആ ശരീരത്തെ എങ്കിലും ഒന്നു കണ്ടാൽ കൊള്ളാമെന്നുണ്ടു. സെലിമിനും ഇതാ ഇന്നു യാത്രയാകാറായി.'

സെലിമിന്റെ ഈ വാക്കുകൾ ദേവിയുടെ സന്താപത്തെ വർദ്ധിപ്പിച്ചു. ആ സാധ്വി പതുക്കെ പറഞ്ഞു.—"തിരുമേനി! ഇതിൽ അടിയൻ നിരപരാധിനിയാണു. നസീറ എന്റെ അടുക്കൽനിന്നു പോയ വിവരം മാത്രമേ എനിക്കറിവുള്ളു. അവൾ എവിടെയാണെന്നു ഞാൻ കൊട്ടാരം മുഴുവനും അന്വേഷിച്ചു. പക്ഷെ എനിക്ക യാതൊന്നും അറിവാൻ കഴിഞ്ഞില്ല. അവിടുന്നു ക്ഷമിക്കണം. മെഹറിന്റെ ഉറക്കമുറിയിൽ പോയി താമസിക്കുവാൻ എന്നോടു അനുവാദം ചോദിച്ചിരുന്നതുകൊണ്ടു അവിടെ ഉണ്ടായിരിക്കാമെന്നു കരുതി ഞാൻ അന്വേഷിച്ചു. പക്ഷെ ആ മുറി തുറന്നിട്ടുകൂടിയില്ല. സ്നാനത്തിനായി നദീതീരത്തിലേക്ക ഞാൻ പോയ അവസരം മുതൽക്കുതന്നെ ഇവിടെ എല്ലാം അന്വേഷിക്കുന്നുണ്ടു. പക്ഷെ ഒരു ഫലവും ഉണ്ടായില്ല." ദേവി ഇത്രയും പറഞ്ഞ ഉടനെ കുമാരൻ അവിടെനിന്നുകൊണ്ടു ഉച്ചത്തിൽ പറഞ്ഞു:—

"ആരവിടെ? അശ്വഭടന്മാർ നസീറയെ ആഗ്രാ മുഴുവനും തിരയട്ടെ; യമുനാതീരത്തിലും ദേവാലയത്തിലും എല്ലാം ഉടൻപോയി അന്വേഷിക്കട്ടെ."

കുമാരന്റെ ആജ്ഞ കേട്ട ഉടനെ അനേകം അശ്വഭടന്മാർ നാനാദിക്കുകളിലേക്കും യാത്രയായി. അദ്ദേഹം നിശ്ശബ്ദനായി കുറച്ചു നേരംകൂടി അവിടെനിന്നു. ഭടന്മാരെ നിയോഗിച്ചശേഷം കുമാരൻ അന്തഃപുരത്തിൽനിന്നും പുറത്തുവന്നു. ഭോജനശാല, സഭാശാല, സംഗീതശാല, മണ്ഡപങ്ങൾ എന്നിവകളിലെല്ലാം അദ്ദേഹം അനേകം പരിചാരികമാരും, അംബികാദേവിയും ഒരുമിച്ചു നസീറയെപ്പറ്റി അന്വേഷിച്ചു. ഓരോ സ്ഥലങ്ങളിൽ ചെല്ലുമ്പോഴും അവിടെ എല്ലാം അദ്ദേഹത്തിന്റെ ചുടുകണ്ണുനീർ പ്രവഹിക്കാതിരുന്നില്ല. അന്വേഷിക്കുന്തോറും അദ്ദേഹത്തിന്റെ നിരാശ വർദ്ധിച്ചുവന്നു. ഒരു സ്ഥലത്തുനിന്നും ഇറങ്ങുമ്പോൾ നസീറ മറ്റൊരു സ്ഥലത്തുണ്ടായിരിക്കാമെന്നു ഉദ്ദേശിച്ചു. അദ്ദേഹത്തിന്റെ സമാധാനം തീരെ നശിച്ചിരുന്നു. ഒടുവിൽ പരിചാരികമാരെല്ലാം പോകുവാൻ ആജ്ഞാപിച്ചതിനുശേ

യം അദ്ദേഹം ദേവിയോടായിട്ടു ചോദിച്ചു:—“അംബികേ! നീ പരമാൎത്ഥം പറയുക. നീ അവളെ ഉപദ്രവിക്കുവാൻ വല്ലതും ആജ്ഞാപിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ നീ ദയവുചെയ്തു മൃതശരീരത്തെ എങ്കിലും എനിക്കൊന്നു കാണിക്കുക. ഞാൻ അതു കണ്ടെങ്കിലും ആശ്വസിക്കട്ടെ.” സെലിമിന്റെ ഈ വാക്കുകൾ ദേവിക്ക കഠോരമായിരുന്നു. അവർ ഗദ്ഗദത്തോടുകൂടി പറഞ്ഞു:—“പ്രിയമകനേ! ഇന്നുവരെ അവിടത്തെ അനിഷ്ടത്തിന്ന പാത്രമായിട്ടില്ലാത്ത ഞാൻ അപ്രകാരം പ്രവൃത്തിച്ചിട്ടുണ്ടെന്നു വിശ്വസിക്കുന്നപക്ഷം അവിടുന്നു ഉടൻതന്നെ ഈ മഹാപാപിയെ കഠാരികൊണ്ടു കുത്തിക്കൊല്ലണം. എന്നാൽ അടുത്ത ജന്മത്തിലെങ്കിലും എനിക്ക പാപമോചനമുണ്ടാകുമല്ലൊ.” ഇത്രയും പറയുവാൻ മാത്രം ശക്തയായിരുന്ന ദേവി തോരാതെ ബാഷ്പം പ്രവഹിപ്പിച്ചുതുടങ്ങി. അതുകണ്ടു സെലിം ഇങ്ങിനെ പറഞ്ഞു:—“ദേവീ! ഇന്നത്തെ ദിവസം എന്റെ ജീവിതത്തിൽ എറ്റവും പ്രധാനമായിട്ടുള്ളതാണ്. സംശയമില്ല. ഹാ! ഞാൻ എന്തു പറയട്ടെ! ഇനി എവിടെ നോക്കാനാണ്. ഇവിടെ എല്ലാം സ്ഥലങ്ങളും നാം നോക്കിയതല്ലെ?” കുമാരൻ ഇങ്ങിനെ പറഞ്ഞു നിൎത്തിയപ്പോൾ ഒരു പരിചാരിക അവിടെവന്നു ഇങ്ങിനെ അറിയിച്ചു: “സോഫി നദീറയെ അന്വേഷിച്ചു പോയിരുന്നു പക്ഷെ—” അവൾ ഇത്രയും പറഞ്ഞു നിൎത്തിയപ്പോൾ സോഫിതന്നെ അവിടെ ആഗതയായി. സെലിം സോഫിയോടു ക്രോധാവേശത്തോടുകൂടി ചോദിച്ചു:—“എടീ ദുഷ്ടേ! നീ നദീറയെ എവിടെ കൊണ്ടുപോയി കൊന്നു? ഉടൻ പറയണം. അല്ലെങ്കിൽ നിന്നെ ഇന്നുതന്നെ ഈ ഉടവാൾകൊണ്ടു കൊല്ലുന്നുണ്ട്.” കുമാരന്റെ ഗൎജ്ജനംകേട്ടു അല്പനേരത്തേക്ക യാതൊന്നും ഉച്ചരിക്കാതെ നിന്നുപോയ സോഫി പറഞ്ഞു: “അടിയൻ അവളെ കണ്ടില്ല. അവിടുന്നു ഈ നിരപരാധിനിയെ രക്ഷിക്കണം. ഉച്ചയോടുകൂടി യമുനാതീരത്തിലേക്ക പോയിയെന്നു ഞാൻ അറിഞ്ഞു. പക്ഷെ എങ്ങോട്ടു പോയിയെന്നു അറിവില്ല. നദിയിൽ ചാടി പ്രാണത്യാഗം ചെയ്തു കളഞ്ഞുവെന്നാണറിയുന്നത്. ഇതാണ് പരമാൎത്ഥം. അല്ലാതെ അടിയൻ ഇതിൽ യാതൊന്നുംതന്നെ അറിഞ്ഞില്ല. പക്ഷെ എന്തുചെയ്യാം! അവിടുന്നു സോഫിയെ കൊല്ലുന്നെങ്കിൽ അതും അടിയന്റെ പുണ്യം തന്നെയാണ്” സോഫിയുടെ ഈ വാക്കുകൾ കേട്ടപ്പോൾ രാജകുമാരന്ന കോപത്തേക്കാൾ സങ്കടമാണുണ്ടായത്. അദ്ദേഹം പെട്ടെന്നു മോഹിതനായി നിലംപതിച്ചു. രാജകുമാരൻ മോഹാലസ്യത്തോടുകൂടി താഴെ വീണപ്പോൾ അന്തഃപുരത്തിലുള്ളവരെല്ലാവരും മാറത്തടിച്ചു കരഞ്ഞുതുടങ്ങി. സോഫിയും

കരയാതിരുന്നില്ല. പക്ഷേ നക്രബാഷ്പം പ്രവഹിപ്പിക്കുന്നതിന് കഠിനതരമായ കാലമായി വൈദഗ്ദ്ധ്യമുണ്ടായിരുന്ന ആ സ്ത്രീക്ക അന്നേദിവസം തന്റെ പരിശീലനത്തിന്റെ പരിധിയെറയാണെന്ന പ്രസ്പഷ്ടമാക്കുവാൻ കഴിഞ്ഞു. അല്പനേരം ചുററിപ്പററി അവിടെ നിന്നതിനു ശേഷം അവൾ സ്വഗൃഹത്തിലേക്ക പോകയും ചെയ്തു. ഈ സമയത്താണ് അവൾ ഹാക്കിമിനെ കണ്ടതും, വിവരങ്ങൾ ധരിപ്പിച്ചിട്ടുള്ളതുമെന്ന വായനക്കാർ ഓർക്കുമല്ലോ.

മോഹാലസ്യനായി രാജകുമാരൻ അധികനേരം കിടന്നു. പരിചാരകന്മാരും, കൊട്ടാരം ചികിത്സകന്മാരും അവിടെവന്നു പലതും അഭിപ്രായപ്പെട്ടുതുടങ്ങി. ദേവി, കുമാരന്റെ ശിരസ്സിനെ തന്റെ അങ്കതലത്തിൽ വെച്ചുകൊണ്ട് കരയുന്നു. ദേവിയേയും കുമാരനേയും ഒരുപോലെ ശോചനീയമായ അവസ്ഥയിൽ കണ്ട് പരിഭ്രമിക്കാത്തവരോ, പരിചരിക്കാത്തവരോ ആരുംതന്നെ കൊട്ടാരത്തിലുണ്ടായിരുന്നില്ല. ചികിത്സകന്മാരെല്ലാംതന്നെ, രാജകുമാരന് അപായമൊന്നും പററിയിട്ടില്ലെന്നു ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടുവെങ്കിലും, ദേവിയുടെ സ്ഥിതി അവരിലും പല ആശങ്കകൾ ഉളവാക്കി. കൊട്ടാരത്തിന്റെ ഓരോ മുക്കിലും മൂലയിലും, മൂക്കിൽ വിരൽ വെച്ചുകൊണ്ട് ചിലർനിന്നു ഒട്ടുതായി മൂളുന്നുണ്ട്. രാജകുമാരന് ആലസ്യമാണെന്നുള്ള വിവരം യാതൊരു വിധത്തിലും പുറത്തറിഞ്ഞു പോകരുതെന്ന് അധികൃതന്മാർ ആജ്ഞാപിക്കാതിരുന്നില്ല. പക്ഷേ അകത്തുനിന്നും പുറത്തേക്കിറങ്ങുന്നവരിലാരുംതന്നെ അതിനെപ്പററി പറയാതെ ഗോപുരംവിട്ട നീങ്ങിയില്ല. ഓരോരുത്തരും അന്യരോടു സംഗതി പറയുമ്പോൾ ഇതെല്ലാം രഹസ്യമാണെന്നു പറയുമെങ്കിലും അനേകരഹസ്യങ്ങൾ ചേർന്നു ഒരു പരസ്യമായിത്തീർന്നു. കൊട്ടാരത്തിനകത്തു വലിയ ബഹളമായി. ഒരുക്കൂട്ടർ പനിനീർകൊണ്ടു വരുമ്പോൾ, മറെറാരുക്കൂട്ടർ ചന്ദനം കൊണ്ടുവരുകയും, ഒരു തരക്കാർ ദിവ്യൗഷധം കൊണ്ടുവരുമ്പോൾ മറെറാരു തരക്കാർ ചില ഉപദേശങ്ങൾ കൊണ്ടുവരികയും ചെയ്തു. അംബികാദേവി അനങ്ങുന്നില്ല. ഇടക്കിടക്ക് കുംഭോദരൻ മാത്രം ക്ലീം-ഹ്രീം-എന്നൊക്കെ ആരും കേൾക്കാത്ത വിധത്തിൽ "പൊടിപൊടിക്കുന്നു"ണ്ടായിരുന്നു. അംബികാദേവിയുടെ ജീവൻമാത്രം പോയില്ലെന്നല്ലാതെ ഈ ലോകത്തിലെ യാതൊരു സംഗതിയും അറിയുന്നില്ല. കൊട്ടാരത്തിൽ ഉൾപ്പെട്ട ഭിഷഗ്വരന്മാരെല്ലാവരും "പഠിച്ചപണി പതിനെട്ടും" നോക്കിയിട്ടും കുമാരന്റെ ആലസ്യത്തിനു യാതൊരു ഭേദവും ഉണ്ടായില്ല

ഹാ! ഭാരതസര്‍വ്വസ്വമേ! അവിടുന്നു പ്രേമത്തിന്റെ നില എ
ന്താണെന്നു സ്വാതന്ത്ര്യവുംകൂടി പരിത്യജിച്ചു പ്രസ്പഷ്ടമാക്കുകയാണോ
ചെയ്യുന്നതു്? അങ്ങിനെയാണെങ്കിൽ ലോകചരിത്രത്തിൽ അവിടേ
യ്ക്കുള്ള സ്ഥാനം എന്നും ആരാധനീയമാണ്. സംശയമില്ല. കേവ
ലം ഒരു പരിചാരികയിൽ തന്റെ ജീവനിൽ ഉപരിയായ പ്രേമ
ത്തെ കണ്ട് ആരാധിച്ച ഒരാൾ തന്നെയാണു യോഗിവര്യന്റെ പ്രേ
മവൈശിഷ്ട്യത്തെ വ്യക്തമാക്കിയതു്. ഒരു പക്ഷെ, അവിടുന്നു ഒ
രു കാലത്തു പ്രതാപത്തിന്റെയും ഐശ്വര്യത്തിന്റെയും രാജകീയാ
ഡംബരങ്ങളുടെയും പ്രാബല്യതകൊണ്ടു തന്റെ യൌവ്വന സുഖാനുഭ
വങ്ങളുടെ നീതിയോടുകൂടിയ അതിരിനെ അതിലംഘിച്ചിരിക്കാം.
എന്നാൽ ഇയ്യിതാ! ലോകം അവയെല്ലാം വിസ്മരിച്ച് അവിടത്തെ
മഹത്വത്തെപ്പററി അറിയുന്നതിനും അവിടത്തെ അത്യാദർശമായ ഗു
ണഗണങ്ങളെ ആരാധിക്കുന്നതിനും ഒരുങ്ങുന്നുവെന്നു വിചാരിക്കുക.
സെലിംരാജകുമാരനിൽ ഇതുവരെ നാം വല്ല ദോഷവും ആരോപിച്ചിട്ടു
ണ്ടെങ്കിൽ, വായനക്കാർ, സദയം അതെല്ലാം ക്ഷമിച്ച് ആ മ
നുഷ്യനിൽ ഉണ്ടായിരുന്ന പ്രേമവൈശിഷ്ട്യത്തെ "പകവെച്ചു കൊ
ടുക്കുവാനെ"ങ്കിലും, ഈ ഘട്ടത്തിൽ തയ്യാറാകണമെന്നു, ഗ്രന്ഥകാ
രൻ ഹൃദയംഗമമായി അപേക്ഷിച്ചുകൊള്ളുന്നു. യുഗാന്തരംകൊണ്ടു
കൂടിയും ജീവിതലക്ഷ്യത്തെ ദർശിക്കുവാൻ കഴിയാത്തവർ ഒരു മാത്ര
കൊണ്ട് എത്തിയോ, വൈശിഷ്ട്യത്തിന്റെ ഏററവും ഉയൎന്ന പ
ടിയെ പ്രാപിച്ചിട്ടുള്ളതായി ലോകചരിത്രം നമ്മളെ പഠിപ്പിക്കുന്നു
ണ്ട്. സെലിംരാജകുമാരന്റെ ജീവിതചരിത്രത്തിൽ, ഈ ദിവസം,
ഒരു നവീനാദ്ധ്യായത്തെ രചിക്കയാണു ചെയ്തിട്ടുള്ളതു്. മനുഷ്യനിൽ
ഉള്ള ദോഷങ്ങളെല്ലാം, അദൃശ്യങ്ങളും അവിചാരിതങ്ങളുമായ ചില
സംഭവങ്ങൾകൊണ്ടു പൊടുന്നനവെ മാറിയിട്ടുള്ളതായും, അവർ അ
ങ്ങിനെയുള്ളവർ, പിൻകാലങ്ങളിൽ ഏററവും വിശിഷ്ടന്മാരായും മ
ഹത്തുക്കളായും തീൎന്നിട്ടുള്ളതായും നാം അറിയുന്നുണ്ട്. ദുർവൃത്തി
യിൽതന്നെ ജീവിതം നയിച്ചിട്ടുള്ളവരിൽ പലരും, അനന്തരകാല
ങ്ങളിൽ, ലോകത്തെ സൽപഥത്തിൽകൂടി ചരിപ്പിക്കുവാൻ വേണ്ട
മാർഗ്ഗങ്ങളെ നിർദ്ദേശിച്ചിട്ടുള്ളതായും നാം അറിയാതിരിക്കുന്നില്ല. വാ
ത്മീകിയുടെ—ആദികവിയും, കവിഗുരുവും, ഈശതുല്യനുമായ
ശ്രീവാത്മീകിയുടെ ജീവിതമെങ്ങിനെയുള്ളതായിരുന്നുവെന്നാണിതാ
ത്തവം നമ്മെ പഠിപ്പിക്കുന്നതു്? അക്ഷരജ്ഞാനംപോലും ഇല്ലാ
തിരുന്ന കിരാതൻ—പിന്നീട് ലോകത്തിലുള്ള അജ്ഞാനത്തെ നിശ്ശേ

ഷം നശിപ്പിക്കത്തക്കവണ്ണം ഉജ്ജ്വലമായ തത്വദീപത്തെ ഉളവാക്കുന്നതിനു പര്യാപ്തമായ ലോകഗുരുസ്ഥാനത്തിൽ ഇന്നും — ലോകാവസാനംവരെ എന്നും — പ്രശോഭിക്കുന്നതിനുള്ള മഹത്വത്തെ നേടിയ ആ ക്ഷണനേരംകൊണ്ടാണ്. എന്തുവേണ്ട പൌരാണികകാലം മുതൽ ഇന്നുവരെ ലോകം പഠിപ്പിച്ചിട്ടുള്ള പാഠങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ള ഒന്നാണ ഇതെന്നു പ്രകൃതത്തിൽ പ്രസ്താവിക്കേണ്ടിവന്നതു് അക്ഷമന്മാരായ വായനക്കാർ ക്ഷമിക്കണമെന്നു് അഭ്യർത്ഥിച്ചുകൊള്ളട്ടെ.

മോഹിതനായി കിടന്ന സെലിംരാജകുമാരനെ അദ്ദേഹത്തിന്റെ ആലസ്യത്തിൽനിന്നും ഉണർത്തുന്നതിനു പലരും ശ്രമിച്ചുവെങ്കിലും അതെല്ലാം തന്നെ വിഫലമാകുകയാണ ചെയ്തതു്. എല്ലാവരും വളരെ കുണ്ഠിതഭാവത്തിൽ — ചിലർ മന്ത്രിച്ചും — ചിലർ ഉറക്കെ കരഞ്ഞും — ചിലർ ശിലപോലെ നാചഞ്ചലമായി നിന്നും — ചിലർ കണ്ണീർ മാത്രം ചൊരിഞ്ഞും — കരഞ്ഞൊലരനം മറ്റും നാസികാജലത്തെ വിസർജനം ചെയ്തും — അങ്ങിനെ നിരുത്സാഹരായി, നിഃസ്പൃഹരായി, നില്ക്കുമ്പോൾ, ആശ്രമദേവാലയത്തിലെ പുരോഹിതൻ അവിടെ കയറിവന്നു. മുന്നദ്ധ്യായത്തിന്റെ അവസാനത്തിൽ പുരോഹിതൻ ഭടന്മാരോടു വർത്തമാനം പറഞ്ഞതിന്റെ ശേഷം കൊട്ടാരത്തിലേക്കു പോന്നിട്ടുള്ളതായി പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹം കയറിവന്നപ്പോൾ കൊട്ടാരത്തിലെ സ്ഥിതിഗതികളെല്ലാം മാറിയിരിക്കുന്നതായി അറിഞ്ഞു. സോഫി അവിടെ നിൽപുണ്ടായിരുന്നു. നാംബികാദേവി നിദ്രാവശയായിട്ടിരിക്കയാണ്. രാജകുമാരൻ ആലസ്യത്തിൽനിന്നും വിമുക്തനാകുന്നതിനു മുമ്പുതന്നെ ദേവിയുടെ നിര്യാണം സംഭവിച്ചേക്കുമൊ എന്നു് അന്തഃപുരവാസികൾ ഭയപ്പെട്ടു. ചികിത്സകന്മാരുടെ ശുശ്രൂഷകൊണ്ടും മന്ത്രതന്ത്രങ്ങൾകൊണ്ടും ഫലമില്ലെന്നു മനസ്സിലാക്കിയ പുരോഹിതൻ അവിടെ നിന്നിരുന്ന ജനങ്ങളെ മാറ്റി രാജകുമാരന്റെ സമീപത്തെത്തി, കുറച്ചു നിർമ്മലജലം കൊണ്ടുവരുവാൻ ആജ്ഞാപിച്ചു. ജലം കൊണ്ടുവന്നപ്പോൾ, അദ്ദേഹം ഏതോ വിശിഷ്ടമന്ത്രംകൊണ്ടു് ആ ജലത്തെ സചേതനമാക്കി, കുമാരന്റെ മുഖകമലത്തിൽ തളിച്ചു് ഉഷഃകാലത്തിലെ ഹിമബിന്ദുക്കളെ ചാർത്തി. അല്പനേരം കഴിഞ്ഞപ്പോൾ എല്ലാവരുടേയും പ്രാർത്ഥനയ്ക്കിടക്കു് അദ്ദേഹം നസീരെ! അനാർക്കലി!? എന്നു ഉച്ചരിച്ചുകൊണ്ടു നയനങ്ങൾ തുറന്നു പുരോഹിതന്റെ വൈശിഷ്ട്യവും, രാജകു

മാരന്റെ നയനങ്ങളോടൊന്നിച്ചുതന്നെ സജീവമായി പ്രത്യക്ഷപ്പെട്ടു. പരിചാരകന്മാരും, ശുശ്രൂഷകന്മാരും, ഭിഷഗ്വരന്മാരും, ഭടന്മാരും എല്ലാം—സംതൃപ്തരായിട്ടു അങ്ങിങ്ങു മാറിനിന്നു. സെലിം സാവധാനത്തിൽ അവിടെനിന്നെഴുനേല്ക്കുവാൻ ഭാവിച്ചു. അദ്ദേഹത്തിന്റെ ശ്രമത്തെ തടയുന്നതിനായി ദേവിയുടെ കരങ്ങൾ മുതിർന്നുവെങ്കിലും, കുമാരൻ ധൃടതി എഴുനേറ്റു ഇങ്ങിനെ ചോദിച്ചു:—"അശ്വഭടന്മാർ നസീറയെ അന്വേഷിച്ചതിനു ശേഷം തിരിച്ചുവരുവാൻ സമയമായില്ലേ? ഹാ! നസീറേ! നീ എവിടെയാണെന്നു പറയുക. ഞാൻ നിന്നെ കാണാത്തപക്ഷം—" ഇത്രയും പറഞ്ഞു് അദ്ദേഹം അവിടെ നില്ക്കുന്നവരെല്ലാവരും പോകുവാൻ ആജ്ഞാപിച്ചു. പുരോഹിതൻ മാത്രം അവിടെ ശേഷിച്ചു. ദേവി പുരോഹിതനെ സൂക്ഷിച്ചു നോക്കുന്നുണ്ടായിരുന്നെങ്കിലും അദ്ദേഹം അവരെ കണ്ട ഭാവംകൂടി നടിച്ചില്ല. സെലിം വീണ്ടും തുടർന്നു. ഹാ! നസീറേ! പ്രാണനാഥേ! ദില്ലിസാമ്രാജ്യത്തേക്കാൾ സെലിം ഭവതിയെയാണു കൂടുതൽ സ്നേഹിക്കുന്നതെന്നു് അറിവുണ്ടായിട്ടും, നീ എന്നോടു പറയാതെ എവിടെയാണു പോയിരിക്കുന്നതു്? ഇത്രയും പറഞ്ഞു സെലിം മുമ്പോട്ടു നടന്നപ്പോൾ പുരോഹിതൻ അവിടെ നില്ക്കുന്നതു കണ്ടു് അദ്ദേഹത്തോടു ചോദിച്ചു. "നസീറയിവിടെനിന്നും ദേവാലയത്തിൽ വന്നിട്ടുള്ളതായി അറിവുണ്ടോ?"

പുരോ:—തിരുമേനി! അടിയൻ അവളെ കണ്ടിട്ടുതന്നെയും വളരെ ദിവസം കഴിഞ്ഞു. ഇന്നു അശ്വഭടൻ ദേവാലയത്തിൽ വന്നതിനു ശേഷമാണു ഞാൻ ഈ ദുരവസ്ഥയെപ്പറ്റി അറിഞ്ഞതു. എന്നാൽ അവൾ ഇവിടെത്തന്നെ ഉണ്ടായിരിക്കണമെന്നാണു് എന്റെ ഊഹം. അല്ലാതെ വരുവാൻ യാതൊരു ന്യായവും ഇല്ല. ഇവിടെ ഇതു മുറികളിൽ നോക്കിയാൽ മതി" പുരോഹിതൻ സെലിം രാജകുമാരനോടു് ഇപ്രകാരം വർത്തമാനം പറഞ്ഞുകൊണ്ടു് നിന്നപ്പോൾ ഒരു പരിചാരിക വളരെ വേഗത്തിൽ ഓടിവന്നു ഇപ്രകാരം അറിയിച്ചു. "തിരുമേനി! അതാ! അവിടെ ആരാമത്തിൽനിന്നും കൊട്ടാരത്തിലേക്കുള്ള പാതയുടെ അടുക്കലുള്ള ഏതോ ഒരു മുറിയിൽ ഒരു ശബ്ദംകേൾക്കുന്നുണ്ടു്. ആരോ കരയുന്നതുപോലെയാണു് ഞാൻ കേട്ടതു്. വഴി നിശ്ചയമില്ലാത്തതുകൊണ്ടു് ഞാൻ അകത്തേക്കു പ്രവേശിച്ചില്ല" പരിചാരിക ഇത്രയും പറഞ്ഞപ്പോഴേക്കും രാജകുമാരൻ, ശഫദർ പാർത്തിരുന്ന മുറിയിലേക്കുള്ള ദ്രുത

മാർഗ്ഗത്തിലേക്ക ശരംപോലെ വേഗത്തിൽ പാഞ്ഞു. അദ്ദേഹം ആ ഗൂഢപാതയിൽ എത്തിയപ്പോഴത്തന്നെ — "അമ്മെ — ദേവി — തിരുമേനി — ഹാ ഫാത്തിമേ! — ഞാൻ ഇതാ ഇവിടെക്കിടന്നുതന്നെ ചാകും — എന്നെ ആരോ കൊല്ലാൻ വരുന്നുണ്ടു് — തർക്കമില്ല —" എന്നു് ഇടക്കിടക്കനിർത്തിയും, ചിലപ്പോൾ ഉറക്കെയും, ചിലപ്പോൾ പതുക്കെയും, ആരോ പറയുന്നതായി ശ്രവിച്ചു. ശബ്ദംകേട്ടഉടനെ കുമാരൻ മെഹർ ഇരുന്നിരുന്ന മുറിയിൽ കയറി — "റോഷീദേ! — അനാർക്കലീ! — ഓമനേ!" എന്നു പല പ്രാവശ്യവും വിളിച്ചു. അതുസമയം അതിനടുത്തുണ്ടായിരുന്ന ഒരു മുറിയിൽനിന്നും "അയ്യോ: ഞാൻ ഈ ഇരുട്ടറയിലാണ്. എന്നെ രക്ഷിക്കണെ" എന്നു വീണ്ടും ഒരു ശബ്ദംകേട്ടു. ശബ്ദംവരുന്നസ്ഥലം എതാണെന്നു ശ്രദ്ധിച്ചു കുമാരൻ പെട്ടെന്നു ആ മുറിയിലുണ്ടായിരുന്ന ഒരു കവാടത്തെ പാദാഗ്രംകൊണ്ടു ഭേദിച്ചു അകത്തു പ്രവേശിച്ചു. ഒരൊറ്റമാത്രകൊണ്ടു് സ്ഫടികവിനിർമ്മിതമായിരുന്ന ഒരു ഭിത്തി പൊട്ടിത്തകർന്നു ചില്ലുകൾ അവിടെ എല്ലാം വിതറി. അകത്തു പ്രവേശിച്ചതിനുശേഷം അദ്ദേഹം ഒരു ഗൂഢസോപാനത്തിൽകൂടി കീഴ്പ്പോട്ടു ഇറങ്ങി. അപ്പോൾ അർദ്ധനഗ്നയായി, കണ്ണീരിൽ ആറാടി, വാടിത്തളർന്നു, മിണ്ടുവാൻകൂടി ശക്തിയില്ലാതെ, ആ ഇരുട്ടറയുടെ ഒരു ഭാഗത്തു് — ആ സാധ്വി ശ്വാസവേഗത്തോടുകൂടി ശയിക്കുന്നുണ്ടായിരുന്നു.

"ഹാ, മൺകുടത്തിലെരിയുന്ന മണിപ്രദീപം
ഭീമശ്മശാനഭുവിനട്ട രസാലപോതം
ധൂമത്തിൽവെച്ചമലർ, കുപ്പയിലിട്ട സാള-
ഗ്രാമം, ഗ്രഹപ്പിഴയിൽ മങ്ങിയെഴുന്ന ഭാഗ്യം —"

പോലെ ആ കല്ലറയിൽ ശയിക്കുന്ന ബാലികയെ താങ്ങി എടുത്തു കൊണ്ടുവരുവാനും, മണിമഞ്ചത്തിൽ കിടത്തി, അശ്രുബിന്ദുക്കൾ തളിച്ചു അവളെ കുളിർമപ്പെടുത്തി ജാഗ്രദവസ്ഥയിലേക്ക നയിക്കുവാനും സെലിം രാജകുമാരന് ഒരു മാത്രയിൽ കൂടുതൽ സമയം വേണ്ടിവന്നില്ല! പുരോഹിതന്റെ മന്ത്രം ഒരു നിമിഷംകൊണ്ടു് രാജകുമാരന്റെ ആലസ്യം നശിപ്പിച്ചെങ്കിൽ, ആ സമയത്തിന്റെ അയുതാംശംകൊണ്ടു മരിച്ചുപോയ നദീറയെ സെലിം രാജകുമാരൻ വീണ്ടും "ഉണർവ്വോടു"കൂടിയ ആത്മാവുള്ളവളാക്കിത്തീർത്തു. ഹാ! പ്രേമമേ നിന്നെക്കാൾ വലിയ മാന്ത്രികൻ ആരാണ്! മൃതശരീരത്തെക്കൂടി സജീവിതമാക്കിത്തീർക്കുന്നവല്ലോ! അല്ലെങ്കിൽ, യമന്റെ കൈയ്യിൽ

അകപ്പെട്ട ജീവനെ വീണ്ടും സത്യവാനിലേക്ക കൊണ്ടുവന്ന നീ—യഥാൎത്ഥസ്വരൂപം—ഭാരതീയൎക്ക് ഒരിക്കലും അത്ഭുതകരമായി ട്ടുള്ളതല്ലല്ലോ. ഇതുകൊണ്ടുതന്നെയായിരിക്കാം നിന്നെ ആൎയ്യതനൈ ന്ന വിശേഷിപ്പാൻ കൊണ്ടാടുന്നുള്ളൂ"

നസീറായെ മെഹറിന്റെ മുറിയിൽ കിടത്തി, കുമാരൻ പ്രേമ ശുശ്രൂഷ ആരംഭിച്ച നിമിഷത്തിൽതന്നെ കൊട്ടാരത്തിലും അന്തഃ പുരത്തിലും ഉള്ള സകലരും അകത്തു ഒന്നു കാണുവാൻ ഉല്ക്കണ്ഠയോ ടുകൂടി അവിടെ വന്നു. എന്നാൽ അംബികാദേവിയും പുരോഹിതനും അല്ലാതെ വേറെ ആരുംതന്നെ ആരാമത്തിൽകൂടിയും നില്ക്കരുതെന്നു ള്ള കുമാരന്റെ ആജ്ഞയനുസരിച്ചു എല്ലാവരും താന്താങ്ങളുടെ സ്ഥലങ്ങളി ലേക്ക യാത്രയായി. ഒടുവിൽ ദേവിയും അന്തഃപുരത്തിലേക്ക പോയി. പുരോഹിതൻ അനല്പമായ ആഹ്ലാദത്തോടുകൂടി, നസീറയുടെ "അ ന്നത്തെ" നിലയെപ്പറ്റി വിചാരിച്ചു ചരിതാൎത്ഥനായി യാത്ര പ റഞ്ഞു പിരിഞ്ഞു. എല്ലാവരും അവിടെനിന്നു പോയതിനുശേഷം രാജകുമാരൻ നസീറയുടെ, ചെറിതായി ചുരുണ്ടു കവിൾത്തടങ്ങളിൽകൂടി പാറിപ്പറന്നിരുന്ന കാൎകൂന്തലിനെ, തന്റെ കൈകൊണ്ട് ഒതു ക്കി, അവളുടെ നയനങ്ങളിൽനിന്നും പതിക്കുന്ന ബാഷ്പത്തെ തുടച്ചു കൊണ്ടു ചോദിച്ചു:—

"അനാൎക്കളി, ആരാണ് നിന്നെ ഈ ഇരുട്ടറയിൽ അടച്ചത്? നീ എന്തുകൊണ്ടാണ് ഉറക്കെ നിലവിളിക്കാഞ്ഞത്. ദേവി ഇവിടെ വന്നു അന്വേഷിച്ചപ്പോഴും നിന്റെ ശബ്ദം കേട്ടില്ലല്ലോ. ഞാൻ ഈ വിവരം ഇപ്പോഴെങ്കിലും ഗ്രഹിച്ചില്ലായിരുന്നെങ്കിൽ നീ ഇന്നുതന്നെ മരിച്ചുപോകുമായിരുന്നില്ലേ! നീ വളരെ ക്ഷീണിച്ചിട്ടുണ്ട്. ഇതിനു ള്ളിൽ വന്ന സംഗതിയെന്താണെന്ന് പറയുക. ഞാൻ കേൾക്കട്ടെ"

നസീ:—ഇത് ആരുടേയും കുറ്റമല്ല. ഞാൻ തനിയെ അകപ്പെട്ടു പോയതാണ്. ഈ ഭിത്തിയിലുള്ള വാതിൽ ഞാൻ തുറക്കുവാൻ ആരംഭിച്ചു. ഉടനേതന്നെ അതു തുറക്കുകയും ഞാൻ അതിനുള്ളിൽ അകപ്പെടുകയും ചെയ്തതാണ്. കുറെ അധികനേരമായി വെ ളിച്ചവും കാറ്റും ഇല്ലാതെ അവിടെ കിടന്നതുകൊണ്ടും എനിക്ക അല്പം ക്ഷീണമുണ്ട്. പക്ഷെ അതെല്ലാം ഇപ്പോൾ പോയി; സം ശയമില്ല.

സെലിം:—നീ അതിനുള്ളിലുണ്ടെന്നറിഞ്ഞിരുന്നെങ്കിൽ ഈ ബഹള ങ്ങളൊന്നുംതന്നെ ഉണ്ടാവുകയില്ലായിരുന്നു. കൊട്ടാരത്തിലും അ

ന്തഃപുരത്തിലും എല്ലാം നീ മരിച്ചുപോയിരിക്കുന്നുവെന്നാണ് വ
ർത്തമാനം. ഞാനും അതു വിശ്വസിച്ചുപോയി. ഹാ! ഞാൻതന്നെ
യും ഇപ്പോൾ മൃതനാകുമായിരുന്നു. നീ യമുനാനദിയിൽ ചാടി
പ്രാണത്യാഗം ചെയ്തുവെന്നും ചിലർ പറയാതിരുന്നില്ല.

നദീറ — എന്തോ! ഇനി അങ്ങിനെയും ഉണ്ടായിരിക്കാം. ഇതെല്ലാം
ദൈവനിശ്ചയങ്ങളാണല്ലോ. എല്ലാം സഹിക്കേണ്ടതു് നമ്മുടെ
കടമയാണ്.

സെലിം — അതെ! അതിൽതന്നെ ചിലതെല്ലാം മനുഷ്യനിശ്ചയങ്ങളു
മാണ്. സകലവും ദൈവംതന്നെ ചെയ്യുന്നുവെന്നു വന്നാൽ ദൈ
വം വളരെ വിഷമിക്കുമല്ലോ. പലതെയും മനുഷ്യനും അറി
യേണ്ടതാണ്. അതെല്ലാം പോകട്ടെ! നമുക്ക് അന്തഃപുരത്തി
ലേക്കു പോകാം. നിനക്ക് അവിടെ വിശ്രമിക്കാമല്ലോ. ദേവി
നിന്നെ പരിചരിച്ചുകൊള്ളും. വളരെ സങ്കടപ്പെട്ടിരിക്കയാണ്.
നിന്നെ കാണാതിരുന്നാൽ എന്താകുമോ കസ്തൂരിതം ദേവിക്കുണ്ടെ
ന്നു നീ അറിയുന്നില്ലേ?

നദീറ — അവിടുന്ന് അതു മാത്രം അരുളരുതു്. ഇന്നലെവരെ ഞാൻ
ശുശ്രൂഷിച്ചിരുന്ന ദേവി — സെലിം രാജകുമാരന്റെ പട്ടമഹിഷി
ഇന്ന് [illegible] പരിചരിക്കാൻ തുടങ്ങിയാൽ രാജ
സദസ്സിനെന്നും അസഹനീയമായ പരിഹാസത്തിനു പാത്രമാ
കാതിരിക്കുന്നതെങ്ങിനെ? ആ മഹാപാപത്തിനു ഇനിയൊരുപക്ഷം
എന്റെ സ്ഥിതിക്കുയോഗ്യം? എത്രയായാലും ഞാൻ പരിചാരിക
തന്നെയാണ്. ദേവി എന്നും മായതിരുന്നേ! ഞങ്ങൾ തമ്മിലുള്ള
ബന്ധം എന്താണെന്നു വിചാരിക്കുവാൻ എനിക്കു നല്ലതുപോലെ
കഴിയും. അവിടത്തെ അനുരാഗം എന്നെ സൌഭാഗ്യവതിയാ
ക്കി. പക്ഷേ അതൊരിക്കലും രാജ്ഞിയുടെ മഹത്വത്തെ ഇല്ലാ
തെയാക്കുന്നില്ല. ഞാൻ ഇന്നത്തെപോലെ എന്നും ആ മഹതി
യുടെ ദാസിതന്നെയാണ്. അതുകൊണ്ട് ഒരിക്കലും അവിടുന്നു
എന്നെ അങ്ങോട്ടു പോവാൻ ആജ്ഞാപിക്കരുതു്. ഇതിനും പുറ
മെ എനിക്ക് വേറെ ഒരപേക്ഷകൂടി ഉണ്ട്. ഞാൻ അതു പറയു
ന്നതുകൊണ്ട് എന്നെ തെറ്റിദ്ധരിക്കയില്ലെന്നു അവിടുന്നു പ്രതി
ജ്ഞ ചെയ്യണം. എന്നാൽ മാത്രമേ ഞാൻ അതു് അവിടെ അ
റിയിക്കുകയുള്ളൂ.”

നദീറ ഇത്രയും പറഞ്ഞ ഉടനെ സെലിം മന്ദസ്മിതത്തോടുകൂടി
അവളെ അനുഗ്രഹിച്ചു പറഞ്ഞു. “അനാർക്കലി! നീ ഒരു ബാലിക

യെപ്പോലെ സംസാരിക്കേണ്ടവളല്ലേ? ആകട്ടെ, ഞാൻ പ്രത്യേകിച്ച് എന്തിനാണ പ്രതിജ്ഞ ചെയ്യുന്നത്? നീ എന്തുതന്നെ പറഞ്ഞിരുന്നാലും എനിക്ക വിരോധം തോന്നേണ്ട കാലം കഴിഞ്ഞിട്ടില്ലേ? ഇനിയും നീ എന്തിനാണ് അനാവശ്യസംശയങ്ങളെ പുലർത്തിക്കൊണ്ടു പോകുന്നത്. എന്തുതന്നെയായാലും എന്നോട് പറയുക. ഞാൻ എപ്പോഴും ഭവതിയുടെ ദാസനാണ്."

നദീറ— അവിടുന്ന പ്രേമത്തിന്റെ മായകൊണ്ട് അവിടത്തെ മഹത്വത്തെപ്പറ്റി അറിയുന്നതിന് അപ്രാപ്തനായിരിക്കയാണ്. സംശയമില്ല. എന്നാൽ ഞാൻ പറയാം. അവിടുന്ന മുഗൾസാമ്രാജ്യത്തെ ഭരിക്കേണ്ട മഹാനല്ലേ? എത്രയോ ലക്ഷം പ്രജകളുടെ പിതാവാണ ഭവാനെന്ന അവിടുന്ന നിശ്ചയമായും മറക്കാതെ കഴിയുമോ? ഞാൻ ആരാണ്! കേവലം ഒരു ദാസിയല്ലേ! അവിടത്തെ നിർമ്മലപ്രേമത്തിന ഞാൻ എപ്പോഴും വശംവദയായവളാണ്. അവിടത്തെ യശസ്സിനോ, മഹത്വത്തിനോ വല്ല ഹാനിയും വന്നാൽ അതിന ഞാൻ കാരണക്കാരിയാകുമല്ലോ.

സെലിം— എനിക്ക ഈ വേദാന്തമൊന്നും കേൾക്കേണ്ട. ഞാൻ നിന്നോട് എത്രയോ പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. നീ ഈ വക സംഗതികളെപ്പറ്റി സംസാരിക്കേണ്ടതായിട്ടില്ലെന്ന! എന്റെ നിലയും വിലയും നിന്നോടുള്ള പ്രേമംകൊണ്ട നശിക്കത്തക്കവയാണെങ്കിൽ അവയെല്ലാം എന്നെ വിട്ടുപൊയ്ക്കൊള്ളട്ടെ. അത്ര പൊള്ളയായ മഹത്വത്തെ ഞാൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല; ആരാധിക്കുന്നില്ല, സ്മരിക്കുന്നുമില്ല. നിർമ്മലപ്രേമത്തിന ദാസനാകുന്നതു നീചത്വമാണെങ്കിൽ, ആ നീചത്വത്തിന്റെ അഗ്രിമസ്ഥാനത്തെ അലങ്കരിക്കുവാനാണ ഞാൻ ആഗ്രഹിക്കുന്നത്. നീ എന്താണ പ്രത്യേകിച്ച പറയാനുണ്ടെന്ന പറഞ്ഞത്? ഇതുതന്നെയാണോ? എങ്കിൽ ഇനി എനിക്കതു കേൾക്കേണ്ട.

നദീറ— തിരുമേനി! അടിയൻ ഇതെല്ലാം ആദ്യംതന്നെ പറഞ്ഞതാണല്ലോ. എനിക്ക, മരിക്കുന്നതിലോ അപരാധിയാകുന്നതിലോ ലേശവും സങ്കടമില്ല. ഞാൻ മാത്രം അതിൽ ഉത്തരവാദിയായാൽ മതി. എന്നെ സംബന്ധിച്ച ഞാൻ മാത്രമേയുള്ളൂ. എന്നാൽ, മഹാരാജാവേ! അവിടത്തെ നില എന്താണ്? ഇയ്യുള്ളവൾക്ക് അതിനെപ്പറ്റി വിചാരിക്കുമ്പോൾതന്നെയും ഭയമാകുന്നു.

സെലിം— സ്ത്രീകൾ ദുർബ്ബലകളാണെന്നോ അബലകളാണെന്നോ പ

ക്കു പറയുന്നതു ശരിതന്നെയാണ്. അപ്രകാരമല്ലാതെ ഒരു സ്ത്രീ
യെ മാത്രമേ കണ്ടിട്ടുള്ളു. ദേവിക്കുട്ടിയും അബലയാണെന്നു പ്രത്യ
ക്ഷപ്പെട്ടുകഴിഞ്ഞു. പക്ഷെ മേരി അങ്ങിനെയല്ല.

നളീറ— പരമാൎത്ഥമായിരിക്കാം; ഞാൻ ഇക്കാൎയ്യത്തിൽ അബലത
ന്നെയാണ്. പക്ഷെ ഭാവിയെപ്പററി വിചാരിക്കുന്നതിനും പറയു
ന്നതിനുമുള്ള സാമൎത്ഥ്യം മാത്രമാണ് സ്ത്രീകളുടെ ദൌൎബ്ബല്യമെന്നു
ഞാൻ ഉദ്ദേശിക്കുന്നു. പുരുഷന്മാരെക്കാൾ ഭാവിയെപ്പററിയുള്ള
വിചാരം സ്ത്രീകൾക്കാണ്. വരാൻ പോകുന്നതിനെപ്പററി ശരി
യായി നിരൂപിക്കുവാൻ അവൎക്കു കഴിയും. ഏതു പുരാണത്തിൽ
നോക്കിയാലും, പുരുഷന്മാർ അപഥത്തിൽ ചരിക്കാൻ തുടങ്ങുന്നതി
നു മുമ്പുതന്നെ സ്ത്രീ അതിനെപ്പററി അറിയാതിരിക്കുന്നില്ലെന്നു മ
നസ്സിലാക്കുവാൻ സാധിക്കുന്നതാണ്. പക്ഷെ ഞാൻ ഇത്രയും പ
റഞ്ഞതുകൊണ്ട് അവിടുന്നു എന്നെ ശപിക്കുന്നുണ്ടാവാം. പ്രാണ
നാഥ! ഹാ! ഞാൻ എന്താണു പറഞ്ഞുപോയത്?! ഇതാ! ഇ
തെന്റെ ദൌൎബ്ബല്യംതന്നെയാണ്. അവിടുന്നു ക്ഷമിക്കണേ!
ഏതെല്ലാം രീതിയിലുള്ള ദൌൎബ്ബല്യം എനിക്കുണ്ടായാലും അവി
ടത്തെ ധൎമ്മം എന്നെ അധീനയാക്കുന്നില്ല. അവിടത്തെ സ്പൎശ
നം എന്നെ പുണ്യസമ്പൂൎണ്ണയാക്കുന്നുണ്ട്. അവിടത്തെപ്പററിയു
ള്ള വിചാരം എന്നെ എപ്പോഴും സാദ്ധ്വീപഥത്തിലേക്കു നയിക്കു
ന്നുണ്ട്. ഞാൻ അതുകൊണ്ടു വളരെ ഭാഗ്യവതിതന്നെയാണ്.
എന്നാൽ വിശിഷ്ടവും നിൎമ്മലവും ആയ പ്രേമം ഈ ലോകത്തി
ലെ പാഴ്മണ്ണിൽ തഴച്ചുവളരുന്നതായിട്ടറിയുന്നില്ല. ദിവ്യമായി
ട്ടുള്ളതിന്റെ ഫലപുഷ്ടി ദിവ്യലോകത്തിലാണല്ലോ. അതുകൊ
ണ്ടു മാത്രമാണ് എനിക്കു ആശങ്കകളുള്ളത്. അതുകൊണ്ടുതന്നെ
യാണ് ഞാൻ ഇത്രയും പറഞ്ഞതും. സകലതും അറിയുന്ന ദേവ
ന്റെ, ഈ അറിവില്ലാത്ത ഞാൻ ഒന്നുംതന്നെ പറഞ്ഞു ധരിപ്പിക്കേ
ണ്ടതായിട്ടില്ല. അതുകൊണ്ടു ഞാൻ അറിവില്ലാതെ പറഞ്ഞിട്ടു
ള്ളതെല്ലാം അവിടുന്നു ക്ഷമിക്കണം. തിരുമേനി! എത്രയോ സൌ
ഭാഗ്യവതികൾ അവിടത്തെ ധൎമ്മപ്പെണ്ണിലും പുണ്യമത്ത ആകൎഷി
ക്കുവാൻ കൊതിക്കുന്നു! ആ സ്ഥിതിക്കു എന്നേക്കാൾ സൌഭാഗ്യ
വതിയായിട്ടു ഈ ലോകത്തിൽ ആരാണുള്ളത്?”

നളീറ ഇത്രയും പറഞ്ഞപ്പോഴേക്കും അവളുടെ നയനങ്ങൾ അ
ശ്രുപൂൎണ്ണങ്ങളായിതീൎന്നു. അതാ! അവളുടെ സന്തോഷബാഷ്പം അതി
നകടന്നു പ്രവഹിക്കുന്നു. ഇപ്രകാരമുള്ള ബാഷ്പവൎഷം ലോകത്തിൽ

വല്ലപ്പോഴും മാത്രമേ ഉണ്ടാകുന്നുള്ളു. പരമാനന്ദമേ! നിന്റെ സാന്നിദ്ധ്യം ലോകത്തിൽ സർവ്വസാധാരണമാകാത്തതു വലിയ ഭാഗ്യമാണ്. അപ്രകാരമാണെങ്കിൽ ലോകവ്യാപാരം നിന്നുപോകുമെന്നു നിസ്സംശയം പറയാവുന്നതാണ്!

നസീറയും സെലിംരാജകുമാരനും, അല്പസമയംകൂടി, ആ മണിമന്ദിരത്തിൽ വർത്തമാനം പറഞ്ഞുകൊണ്ടും, പരസ്പരം ആശ്വസിപ്പിച്ചുകൊണ്ടും കഴിച്ചുകൂട്ടി. ഇനി, നമുക്ക് അന്തഃപുരത്തിലെ സ്ഥിതിയെന്താണെന്നു നോക്കാം.

നസീറയെ ഇരുട്ടറയിൽ നിന്നും രാജകുമാരൻ രക്ഷിച്ചുവെന്നും മറ്റുമുള്ള വർത്തമാനം അന്തഃപുരത്തിൽ ക്ഷണനേരം കൊണ്ടു പ്രചരിച്ചു. നസീറ മരിച്ചുപോയിയെന്നും, നസീറയുടെ ശവശരീരം യമുനയിൽക്കൂടി ഒഴുകിപ്പോകുന്നതു കണ്ടുവെന്നും മറ്റും പറഞ്ഞു പരത്തിയ ആളുകൾ അന്തിച്ചു ചെന്നു നിന്ന്, അവരാരും അറിയാത്ത ഭാവത്തിൽ നസീറയെ പുകഴ്ത്തിത്തുടങ്ങി. ഇരുട്ടറയിൽ നിന്നും ശബ്ദം കേട്ടുവെന്നു രാജകുമാരനോടുണർത്തിച്ച പരിചാരികയ്ക്കു മേറി പല സമ്മാനങ്ങളും കൊടുത്തു. അവൾ സമ്മാനങ്ങളും വാങ്ങി പുറത്തേക്കിറങ്ങി ആരാമത്തിൽ വന്നപ്പോൾ സോഫി അവിടെ നില്പുണ്ടായിരുന്നു. പരിചാരികയെ കണ്ട ഉടൻ തന്നെ "നിന്നെപ്പോലെ ഭാഗ്യവതികൾ ആരാണ് ഈ ലോകത്തിലുള്ളത്" എന്നു ഉറക്കെയും, "ദ്രോഹി, ദ്രോഹി-നീയല്ലേ എന്നെ ചതിച്ചത്?" എന്നു പതുക്കെയും ഉച്ചരിച്ചു. സോഫിയുടെ അനുമോദനം മാത്രം ശ്രവിച്ച് അവൾ തന്റെ ഭാഗ്യാതിരേകത്തെപ്പറ്റി സ്വയം അഭിനന്ദിച്ചുകൊണ്ടു "എന്തു ചെയ്യാം! കൊച്ചുകുഞ്ഞല്ലേ! പാവം! ഞാൻ അവിടെ ചെന്നപ്പോൾ അകത്തു കിടന്നു മൂളുന്നതു കേട്ടു. ഞാൻ അതു പറഞ്ഞില്ലായിരുന്നെങ്കിൽ അത് അവിടെ കിടന്നു ചത്തു ചീഞ്ഞു പോകുമായിരുന്നല്ലോ." ഇത്രയും പറഞ്ഞ് അവൾ മുൻപോട്ടു നടന്നു. സോഫിയുടെ മുഖത്തിന്റെ പ്രസന്നതയെല്ലാം ക്ഷണനേരം കൊണ്ടു നശിച്ചിരുന്നു. അവൾ അവിടെ തന്നെ നിന്നു. സോഫി അല്പനേരം അവിടെ ഞെരങ്ങിക്കൊണ്ടു നിന്നപ്പോൾ ശമ്മിസ്സ അവിടെ ആഗതയായി. ഇവൾ, കമാലസേനൻ കൊട്ടാരത്തിലുണ്ടായിരുന്നപ്പോൾ അദ്ദേഹത്തിന്റെ വിശ്വസ്തദാസിയായിരുന്നു. തന്മൂലം പല അപവാദങ്ങൾക്കും അവൾ കേന്ദ്രമായി വർത്തിക്കാതിരുന്നില്ല. എന്നു മാത്രമല്ല, ശമ്മിസ്സ, സോഫിയുടെ സ്വഭാവത്തിന്റെ രഹസ്യം, വളരെക്കാലം കൊണ്ടു പഠിച്ചു ശീലിച്ചു, ശിഷ്യസ്ഥാനം സ്വീകരിച്ചിട്ടുള്ളവളുമാണ്.

അവരോട് സോഫി എന്തെങ്കിലും ചോദിച്ചാൽ എല്ലാം ശരിയാ
ണെന്നല്ലാതെ ഇന്നുവരെ മറുത്തു പറഞ്ഞിട്ടില്ല. ശർമ്മിഷ്ഠയോടങ്ങനെ
ഉടനെ സോഫി പറഞ്ഞു:—"കണ്ടില്ലേ, ശവം ജീവിച്ചത്! നാശം!
എത്ര പ്രാവശ്യം ഇല്ലായാൻ പോയതാണ്! പിന്നെയും പൊട്ടിത്തഴ
ച്ചു വരികയല്ലേ ചെയ്യുന്നതു! എന്തുചെയ്യാം! ലോകത്തിന്റെ സ്ഥി
തിയിങ്ങിനെയായാൽ വളരെ വിഷമിക്കും"

ശർമ്മിഷ്ഠ—വളരെ ശരിയാണ. എല്ലാം ശരിയാണ. ആ ദുഷ്ട ഇ
തൊന്നും പറയാതിരുന്നാൽ മതിയായിരുന്നു! പക്ഷെ അവൾക്ക
സമ്മാനവും കിട്ടി. പിന്നെ എന്തുവേണം! യമുനായിൽകൂടി ഒഴു
കിപ്പോകുന്നതെന്നു നമ്മൾ പറഞ്ഞതു ശരിയാകുമായിരുന്നു. പ
ക്ഷെ എന്തുചെയ്യാം! കാലം!

സോഫി—ഇനി നമ്മൾ വളരെ സൂക്ഷിക്കണം. സെലിമിനു നമ്മ
ളോട് കുറച്ചുകാലമായിട്ട അത്ര രസമല്ല. മുൻപൊക്കെ എന്നെ
കണ്ടാൽ എന്തെല്ലാം പറയുമായിരുന്നു! നമ്മൾ തമ്മിൽ പെരു
മാറുന്നതു പോലെയല്ലേ അദ്ദേഹം എന്നോട് പെരുമാറിയിട്ടുള്ളതു!
എന്തെല്ലാം പ്രവൃത്തിക്കാറുണ്ട്! ഇപ്പോൾ അതെല്ലാം പോയില്ലേ?
ഇതെല്ലാം ആ ദ്രോഹി കാരണമാണ്. സംശയമില്ല.

ശർമ്മിഷ്ഠ—എല്ലാം വളരെ ശരിയാണ. കഷ്ടം! എന്തുചെയ്യാം! ഇ
വൾ ഉള്ളിടത്തോളം കാലം നമ്മളുടെ എല്ലാം വായിൽ മണ്ണടി
ച്ചതു തന്നെ. ആദ്യം തന്നെ അതിന്റെ തല നുള്ളിക്കളയേണ്ട
തായിരുന്നു.

സോഫി—എന്റെ മണ്ടബുദ്ധിയല്ലേ ഇതിനെല്ലാം കാരണം. അന്നു
തെണ്ടിത്തിരിഞ്ഞു, ഒരു കീറിയ മുണ്ടുചുറ്റി വന്നു കേറിയപ്പോൾ
തന്നെ ആട്ടിയോടിച്ചിരുന്നെങ്കിൽ ഇവൾ കൊട്ടാരത്തിന്റെ മ
തിൽക്കെട്ടുപോലും കാണുകയില്ലായിരുന്നു. കണ്ടില്ലേ,

"കൊററിനു ഴക്കരി കാണാതിരുന്നവൾ
കൊററക്കുടചൂടും റാണിയായി"—എന്തുചെയ്യാം! ഈ വലിയ
വരുടെ—ഈ നിർഗ്ഗുണന്മാരുടെ—സ്നേഹമെല്ലാം ഇത്തരത്തിലാണ.
പക്ഷെ സോഫി അനുഭവിച്ചതുപോലെ സുഖം ഈ ആഗ്രായിലെ
ന്നല്ല, മുഗൾസാമ്രാജ്യത്തിൽ തന്നെയും ആരും അനുഭവിച്ചി
ട്ടില്ല; ഇനി അനുഭവിക്കയുമില്ല.

ശർമ്മിഷ്ഠ—വളരെ വളരെ ശരിയാണ്. വാസ്തവമാണ. പരമാർത്ഥ
മാണ. സത്യമാണ. ഇതുപോലെ ഒരു പെണ്ണു ഈ കൊട്ടാരത്തി

കറുപ്പ് വെളുത്ത ചുവ
ന്ന പൂവമ്പഴം പോലെ [illegible]ണ്ടു. പിന്നെ കാലിന്റെ അടി
വരെ തലമുടിയുണ്ടു. ഇതെല്ലാം നമ്മൾക്കും ഒരു കാലത്തുണ്ടായി
രുന്നില്ലേ? എന്നെ കണ്ടിട്ടില്ലേ! പത്തുപേര പിടിച്ചാൽ ഒതുങ്ങാ
ത്ത തലമുടി എനിക്കുണ്ടായിരുന്നില്ലേ.

ശഷ്ഠിഷ്ഠ — എല്ലാം ശരിയാണ്! സത്യം കള്ളമല്ല. എത്ര തലമുടി
യുണ്ടായിരുന്നു! പന്തോ! നൂറുപേരപിടിച്ചാൽ ഒതുങ്ങിയിട്ടില്ലാത്ത
തല്ലേ തലമുടി! പിന്നെ അവളുടെ കണ്ണ് അല്പം കൂടി നീണ്ടു ന
ല്ലതു പോലെ കറുത്തതാണ്! അക്കപ്പാടെ കൊഴുത്തു ഉരുണ്ടാണി
രിക്കുന്നതു. ചെറിയ മുഖമാണു. ഇതൊന്നുമല്ലാതെ ഞാൻ യാ
തൊന്നും കണ്ടില്ലേ! ഇതൊക്കെയാണോ സൌന്ദര്യം! കഷ്ടം!
എന്തു ചെയ്യാം!

സോഫി — അതുതന്നെയാണു ഞാൻ പറയുന്നതു്. ഇതെല്ലാം കണ്ടു
ഭ്രമിക്കാനാരാണു ഇനിയുന്നതു്? ഇങ്ങിനെയായാൽ അന്തഃപുര
ത്തിലുള്ളവർ തെണ്ടുകയല്ലേ നിവൃത്തിയുള്ളു. നീ വേറെ ഒരുകൂട്ടം
കേട്ടില്ലേ! എനിക്കതന്നെ അതു പുറത്തുപറയാൻ നാണമുണ്ട്.
അവൾക്കിപ്പോൾ — എന്തിനു പറയുന്നു? അംബികാദേവിക്ക ഭാ
ഗ്യം സിദ്ധിച്ചില്ല. ഇവൾക്കതും കിട്ടുമെന്നാണു എനിക്കു തോ
ന്നുന്നതു്. ഇപ്പോൾ കാണാം, തെണ്ടിപ്പെണ്ണിന്റെ സന്താനം
അക്ബർചക്രവർത്തിയുടെ പൌത്രസ്ഥാനത്തു വരുന്നതു്. ഇതിൽ
കൂടുതൽ അപമാനം വല്ലതും വരാനുണ്ടോ?

ശഷ്ഠിഷ്ഠ — പരമാർത്ഥം വളരെ ശരിയാണ്. അയ്യോ അങ്ങിനെയാ
ണോ. അതുകൊണ്ടായിരിക്കാം പെണ്ണിനു ഇയ്യിടെ ചില ഭാവ
ഭേദങ്ങൾ ഉണ്ടായിരിക്കുന്നതു്. കഷ്ടം കഷ്ടം. അയ്യ യ്യ യ്യ യ്യ യ്യ
യ്യോ. — ഓ — എനിക്കു കേൾക്കണ്ട — വേണ്ടാ.

സോഫി — നീ ഒന്നൊന്നും അറിഞ്ഞില്ലേ. നമ്മൾക്കിങ്ങനെ പറ
ഞ്ഞാൽ മതി. ഇങ്ങിനെ ഉണ്ടായതുകൊണ്ടു അപമാനം മയന്നി
ട്ടു കത്തിച്ചുതുകളയാനാണു അവൾ ഇങ്ങനെ അനോഷിച്ചുപോ
യതെന്നു പറയണം. ഇതൊന്നും ആരുംതന്നെ അറിഞ്ഞിട്ടില്ലെ
ന്നാണു അവളുടെ ഭാവം. സോഫി ഇതും ഇതിന്റെ അപ്പുറത്തും
പോയി അറിഞ്ഞിട്ടുള്ളവളാണ്.

ടം..

വം! ആ

സോഫി — അതിനു..

നൊക്കെ ഇരുന്നാൽ ഇതൊക്കെ.. ... സ്ത്രീകളായാൽ കാ
ര്യമൊക്കെ തന്റേടം വേണം! അല്ലെങ്കിൽ പറയുന്ന അബദ്ധമാ
ണിത്.

ശർമ്മിഷ്ഠ — വളരെ വളരെ ശരിയാണ്. നിങ്ങൾ ഇതെല്ലാം ദേവി
യോട് പറയാതിരുന്നതു എന്തുകൊണ്ടാണ്. കാര്യമൊക്കെ പറ
ഞ്ഞിരുന്നെങ്കിൽ ദേവി അവളെ നല്ലപാഠം പഠിപ്പിക്കുമായിരുന്ന
ല്ലോ.

സോഫി — പിന്നെ! പറയാത്ത കാര്യമാണ്! ഇന്നുകാലത്തു കണ്ടതെ
ല്ലാം ഞാൻ പറഞ്ഞിട്ടുണ്ടായവയല്ലേ. ആർക്കാണ നഷ്ടം. ദേവിത
ന്നെ പിച്ചതെണ്ടി നടക്കേണ്ടിവരും. കാണാം —"

ശർമ്മിഷ്ഠ — ശരിയാണ്. വളരെ പരമാർത്ഥമാണ്. ചക്രവർത്തി ഇ
തൊന്നുംതന്നെ അറിഞ്ഞിട്ടില്ലായിരിക്കും. ഉണ്ടെങ്കിൽ ഇവളെ
വച്ചേക്കുമോ?

സോഫി — അതുപറഞ്ഞാൽ അവിടുന്നും പോകണം. ആ മുതുമുള
കനല്ലേ ഇതിനെല്ലാം കാരണം. പൂപറിക്കാനയച്ച പെണ്ണിനെ
പ്പററി ശ്ലോകമെഴുതിയതും മറവുമാണ്! എല്ലാം ശരിതന്നെ.
നമ്മൾക്ക ഇതുവല്ലതും പുറത്തുപറയാമോ? തലവീശിക്കളയുമല്ലോ.

ശർമ്മിഷ്ഠ — ശരി. വളരെ ശരി. രാജാക്കന്മാർ ഇങ്ങനെ തുടങ്ങിയാൽ
പിന്നെ ബാക്കിയുള്ളവരുടെ സ്ഥിതിയെന്താണ്. അല്ലെങ്കിൽ ഈ
കൊട്ടാരത്തിൽ എത്ര എത്ര നല്ല നല്ല പിള്ളേരുണ്ട്!

സോഫി — പക്ഷെ ചക്രവർത്തി ഈ കഥയൊന്നും അറിഞ്ഞിട്ടില്ല. അ
റിഞ്ഞാൽപിന്നെ കമലസേനന്റെ അനുഭവമാണ്! അറിയാ
തിരിക്കയുമില്ല. ഇന്നല്ലെങ്കിൽ നാളെ, നിശ്ചയം!

ശർമ്മിഷ്ഠ — ശരി. വളരെ വളരെ ശരി. ചക്രവർത്തിയെ ഒന്നറിയിക്ക
ണം. അന്നത്തെ എഴുത്തിന്റെ തുണ്ടുകൾ എവിടെയാണ്? അതു
അവിടെ ഏല്പിച്ചാൽ മതിയല്ലോ. അദ്ദേഹം സകലതുമറിഞ്ഞു
കൊള്ളും. അതുതന്നെയാണ നല്ലത്. പക്ഷെ വളരെ സൂക്ഷി
ക്കണം. ആൾ സിംഹമാണ്.

സോഫി — അതൊന്നും സോഫിയോട് പറയുകയില്ല. ഞാൻ അവ
ളെ വെറുതെ വിടുമോ? ഇപ്പോൾ അവൾക്ക നല്ലകാലമാണ്.

ളുതന്നെയായിരുന്ന ... റഞ്ഞ കംഗന്നാം.

സോഫിയും ശർമ്മിഷ്ഠയും കൂടി ഇപ്രകാരം നളിനിയുടെ ജാതകനി
ർണ്ണയം ചെയ്തുകൊണ്ടു അവിടെ ഇരുന്നു. അന്യന്റെ അഭ്യുദയത്തിൽ
അസൂയയുള്ളവർ, ലോകത്തിൽ, ഉണ്ടായിരിക്കുക സാധാരണമാണു.
മഹർഷിശ്രേഷ്ഠനായ നാരദന്റെ സ്വഭാവം തന്നെയും അസൂയാദോഷി
ക്കു ഏറ്റവും തൃപ്തികരമായിരുന്നുവെന്നു പുരാണങ്ങൾ വിളിച്ചു പറ
യുമ്പോൾ, സിദ്ധികളും മുക്തികളും വഴിനേടിയിട്ടില്ലാത്ത മനുഷ്യനിൽ
ആ ദോഷം കൂടികൊള്ളുന്നതിൽ അതിശയിക്കാനില്ല. പരദൂഷണം
പാപകരമാണെന്നു അറിയാത്തവർ ലോകത്തിൽവളരെ ചുരുക്കമാണു.
എന്നാൽ ആ കൃത്യത്തിൽനിന്നും വിരമിച്ചിട്ടുള്ളവർ, വിദ്വാന്മാരിൽ
തന്നെയും വളരെ അപൂർവ്വമാണെന്നു പറയുന്നതിൽ തെറ്റില്ല. എ
ന്നാൽ പരദൂഷണത്തിൽ എന്താണു സൌഖ്യമുള്ളതെന്നു ചോദി
ച്ചാൽ അതിനും ചില സമാധാനങ്ങൾ പറയുവാനുണ്ടു. അസൂയക്കു
പാത്രമായിട്ടുള്ളവരെല്ലാം മഹത്വമുള്ളവരായിട്ടാണു അറിയപ്പെടുന്ന
തു. അസൂയക്കു വൈശിഷ്ട്യത്തിനോടും ഉൽകർഷത്തിനോടും മാത്ര
മേ വിരോധം ഉണ്ടാകുന്നുള്ളൂ. ഫാകിറിനെപ്പറ്റി, അസൂയാദോഷിയാ
യ സോഫിക്കുതന്നെയും വിരോധമുണ്ടായിരുന്നില്ല. നേരമറിച്ചു രാ
ജകുമാരനോടും, ദേവിയോടും, നളിനിയോടും, മെഹറിനോടും അവൾ
ക്കു എപ്പോഴും ആന്തരമായിട്ടു വിരോധമുണ്ടായിരുന്നുവെന്ന പരമാ
ർത്ഥം അസൂയയുടെ ലക്ഷ്യമെന്താണെന്നു വ്യക്തമാക്കുന്നുണ്ടല്ലോ. ഈ
നിലയിൽ ആലോചിച്ചാൽ മനുഷ്യജീവിതത്തിന്റെ രീതിതന്നെയും
ഭേദപ്പെടുത്തുവാൻ അസൂയക്കു കഴിയുമെന്നു അറിയാവുന്നതാണു. പ
രദൂഷണത്തിലുള്ള സൌഖ്യം സ്വദോഷങ്ങളെ മറയ്ക്കുക എന്നതാകു
ന്നു. ദോഷബാഹുല്യമായ ചിത്തത്തിലാണു അസൂയാബീജം മുളച്ചുവളരു
ന്നതു. അതിലും വിശേഷിച്ചു പരകാര്യത്തെപ്പറ്റി അന്വേഷിക്കു
ന്നവർ വാസ്തവത്തിൽ സമാധാനരഹിതരാകുന്നുവെന്നു അവർ ഒരി
ക്കലും അറിയുന്നില്ല. ഒരാൾ വെളുത്ത വസ്ത്രം ധരിക്കുമ്പോഴും, ഭംഗി
യായി സംസാരിക്കുമ്പോഴും, വയർ നിറയെ ആഹാരം കഴിക്കുമ്പോ
ഴും, ഐശ്വര്യത്തിൽ ജീവിക്കുമ്പോഴും, മഹത്വത്തോടുകൂടി പ്രവർത്തി

സൂത്ര—

കാമകി ഛാ—

ഭ ജയിച്ച മഹേ—

ശിഷ്യയായി, മഹത്വത്തെ— — — — ആശങ്കയും ചെയ്യും.

പശ്ചാത്താപം അസൂയയുടെ സന്താനമാണെന്ന അറിയുന്നതു, പറയാനുള്ളതെല്ലാം പറഞ്ഞും പ്രവൃത്തിക്കാനുള്ളതെല്ലാം പ്രവൃത്തിച്ചും കഴിയുമ്പോൾ മാത്രമാണ! മനുഷ്യരിൽതന്നെ പലജാതിക്കാരുള്ളതുപോലെ അസൂയയിലും പലജാതികളുണ്ട. അതിൽ, ഒരു ജാതി, എപ്പോഴും മൌനം അവലംബിച്ചു, ലോകം മുഴുവനും ദുഃഖമാണെന്നും പറഞ്ഞു, മുക്കിലും മൂലയിലും ചെന്നിരുന്ന, അന്യന്റെ അഭ്യുദയം കണ്ടു ഗത്യന്തരമില്ലാതെ തന്നെത്തന്നെശപിച്ചുവെണ്ണീറായി ചാമ്പലായിത്തീരുന്നു. മറ്റൊരു ജാതി അസൂയ അതിലും രസകരമാണ. മഹത്വത്തെ കാണുമ്പോൾ അതു പുഞ്ചിരിച്ചു മുഖാമുഖം ഭംഗിയായി വർത്തമാനം പറയും. പക്ഷെ ഈ വെളുത്ത മറയെല്ലാം, തരം വരുമ്പോൾ നീക്കി, ഘോരമായ ദംഷ്ട്രകളെ വെളിയിലാക്കി അസൂയയുടെ ഉള്ളു സ്വരൂപത്തെ മാറ്റി, സാക്ഷാൽ രൂപത്തെ, പ്രത്യക്ഷമാക്കും. മൂന്നാമത്തെ ജാതി വളരെ ഭയങ്കരവും, ജാതിയിൽ "ശൂദ്രൻ"മാണ. അതിന്ന എപ്പോഴും ഉത്സാഹമാണ. അകത്തും പുറത്തും അതു ഒരുപോലെ സ്വരൂപത്തെ മാച്ചുവെച്ചു കൃത്രിമരൂപത്തെ വെളിവാക്കും. ഉൽകൎഷമുള്ളവരെ കണ്ടാൽ, അതുനേരെതന്നെ, "എനിക്ക നിന്നോട വിരോധമുണ്ടെ"ന്ന പറയുകയും ചെയ്യും! ഇവയിൽ മൂന്നാമത്തെ അസൂയയെയാണ സോഫി ആരാധിച്ചിരുന്നതെന്നുള്ള പരമാൎത്ഥം സോഫിയുടെ സ്വഭാവത്തെ ആദ്യന്തം നിരീക്ഷിച്ചിട്ടുള്ളവൎക്ക നിഷ്പ്രയാസം അറിവാൻ കഴിയുന്നതാണ. അവൾ അന്നു തന്റെ ഉപദൈവതമായ അസൂയയെ ആരാധിച്ചു തൃപ്തിപ്പെട്ടിരിക്കണം.

(ഒന്നാംവാള്യം കഴിഞ്ഞു.

കേരള സാഹിത്യ
അക്കാദമി